# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

### 2016 ഫെബ്രുവരി 24, ബുധൻ

# ഔദ്യോഗിക റിപ്പോർട്ട്

# വാല്യം 161—നമ്പർ 11

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

2016 ഫെബ്രുവരി 24, ബുധൻ

സ്പീക്കർ

**ശ്രീ. എൻ. ശക്തൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. പാലോട് രവി**

സെക്രട്ടറി

**ശ്രീ. പി. ഡി. ശാരംഗധരൻ**

ചീഫ് എഡിറ്റർ

**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. ഉമ്മൻ ചാണ്ടി |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | ശ്രീ. പി. കെ. അബ്ദു റബ്ബ് |
| റവന്യൂവും കയറും വകുപ്പുമന്ത്രി | : | ശ്രീ. അടൂർ പ്രകാശ് |
| പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. എ. പി. അനിൽ കുമാർ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. അനൂപ് ജേക്കബ് |
| ഊർജ്ജ വകുപ്പുമന്ത്രി | : | ശ്രീ. ആര്യാടൻ മുഹമ്മദ് |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. കെ. ബാബു |
| സഹകരണവും ഖാദി-ഗ്രാമവ്യവസായവും വകുപ്പുമന്ത്രി | : | ശ്രീ. സി. എൻ. ബാലകൃഷ്ണൻ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | : | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീമതി പി. കെ. ജയലക്ഷ്മി |
| ഗ്രാമവികസനവും സാംസ്കാരികവും ആസൂത്രണവും നോർക്കയും വകുപ്പുമന്ത്രി | : | ശ്രീ. കെ. സി. ജോസഫ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. പി. ജെ. ജോസഫ് |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | : | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | : | ശ്രീ. മഞ്ഞളാംകുഴി അലി |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | : | ശ്രീ. കെ. പി. മോഹനൻ |
| പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ഡോ. എം. കെ. മുനീർ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | : | ശ്രീ. രമേശ് ചെന്നിത്തല |
| തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി | : | ശ്രീ. ഷിബു ബേബി ജോൺ |
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. ശിവകുമാർ |
| വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ |

## ഉള്ളടക്കം

*പേജ്*


**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ : 1

2. അടിയന്തരചോദ്യം : 27

3. രേഖാമൂലം നൽകിയ ഉത്തരങ്ങൾ : 30

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ : 30

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ : 72

**II തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിട്ട തൊണ്ണൂറ്റിമൂന്നാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം : 338

**III റൂളിംഗ്**

**IV അടിയന്തരപ്രമേയം** : 339

പാമൊലിൻ കേസ്—

ശ്രീ രാജു എബ്രഹാം

(അവതരണാനുമതി നിഷേധിച്ചു.)

**V ശ്രദ്ധ ക്ഷണിക്കൽ**

സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടത്തിലെ വ്യവസ്ഥകളുടെ ലംഘനം— : 356

ശ്രീ. എം ഉമ്മർ

**VI മേശപ്പുറത്തുവച്ച കടലാസുകൾ**

**VII റിപ്പോർട്ട് സമർപ്പണം**

**VIII ധനകാര്യം**

വോട്ട് ഓൺ അക്കൗണ്ട് - വോട്ടെടുപ്പും ചർച്ചയും : 366

**IX സമയം വേവ് ചെയ്യുന്നത് സംബന്ധിച്ച്**

**X നിയമനിർമ്മാണകാര്യം**

1. 2016-ലെ കേരള ധനവിനിയോഗ ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും : 368

2. 2016-ലെ കേരള ധനകാര്യ ബില്ലിന്റെ അവതരണം : 370

**XI മുഖ്യമന്ത്രിയുടെ പ്രമേയം**

**നിയമനിർമ്മാണകാര്യം (തുടർച്ച)**

3. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും : 372

(i) 2015-ലെ കേരള നഗര-ഗ്രാമാസൂത്രണ ബിൽ : 372

(ii) 2016- ലെ കേരള ഭൂനികുതി (ഭേദഗതി) ബിൽ : 519

(iii) 2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ബിൽ : 522

4. 2016-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും : 563

**XII പ്രത്യേക പരാമർശം**

ശ്രീ. ടി. എൻ. പ്രതാപൻ, എം.എൽ.എ.യ്ക്ക് നേരെയുണ്ടായ ആക്രമണം : 570

**XIII ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

അംഗപരിമിതരുടെ സെൻസസ് റിപ്പോർട്ട് : 572

**XIV അറിയിപ്പ്**

**XV അവകാശലംഘന പ്രശ്നങ്ങൾ**

(i) അനുമതി നിഷേധിച്ചവ : 574

(ii) പരിഗണനയിലിരിക്കുന്നവ : 574

**XVI പ്രമേയം**

സഭ അനിശ്ചിതകാലത്തേക്ക് പിരിയുന്നത് സംബന്ധിച്ച് : 574

**XVII അവലോകനം**

**അനുബന്ധം**

1. നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) മേശപ്പുറത്തുവച്ച പ്രസംഗം : 581

2. 19-2-2016-ാം തീയതിയിലെ ചോദ്യോത്തരങ്ങൾ : 587

3. 22-2-2016-ാം തീയതിയിലെ ചോദ്യോത്തരങ്ങൾ : 769

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

*2016 ഫെബ്രുവരി 24, ബുധൻ*


വാല്യം 161] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 11


പതിമൂന്നാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനം 2016 ഫെബ്രുവരി മാസം 24-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

### I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളന കാലത്തേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.....ഓർഡർ.......

(അഴിമതി ആരോപണ വിധേയരായ മന്ത്രിമാർ രാജിവയ്ക്കണമെന്ന ആവശ്യവുമായി പ്ലക്കാർഡുകൾ ഉയർത്തിപ്പിടിച്ച് പ്രതിപക്ഷാംഗങ്ങൾ എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

.....പ്ലീസ്.....പ്ലീസ്....ഓർഡർ.....ഓർഡർ...ചോദ്യം നമ്പർ *301 .....

### പരിസ്ഥിതി സംരക്ഷണാവബോധം വളർത്തൽ

1 (*301) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റ്റി. യു. കുരുവിള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളർന്നുവരുന്ന തലമുറയിൽ പരിസ്ഥിതി സംരക്ഷണാവബോധം വളർത്തിയെടുക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം;

(ബി) ഇക്കോ കേഡറ്റ് കോർപ്സ് പദ്ധതി വിജയകരമായി നടപ്പിലാക്കി വരുന്നുണ്ടോ;

(സി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് എത്രത്തോളം കഴിഞ്ഞിട്ടുണ്ട്;

(ഡി) വിദ്യാർത്ഥികളിലും പൊതുസമൂഹത്തിലും പരിസ്ഥിതി സംരക്ഷണാവബോധം വളർത്തിയെടുക്കുന്നതിന് അനുയോജ്യമായ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ,

(എ) വളർന്നുവരുന്ന തലമുറയിൽ പരിസ്ഥിതി സംരക്ഷണാവബോധം വളർത്തിയെടുക്കുന്നതിനായി സാമൂഹ്യ വനവൽക്കരണ വിഭാഗം മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. എല്ലാ വർഷവും പരിസ്ഥിതി ദിനമായ ജൂൺ 5-ന് പൊതുജന പങ്കാളിത്തത്തോടെയുള്ള വൃക്ഷവൽക്കരണ പരിപാടിയായ 'ഹരിത കേരളം' എന്ന പദ്ധതി നടപ്പാക്കിവരുന്നു. ത്രിതല പഞ്ചായത്തുകൾ, വിദ്യാർത്ഥികൾ, യുവജന സംഘടനകൾ, മതസ്ഥാപനങ്ങൾ, രാഷ്ട്രീയപാർട്ടികൾ എന്നിവയുടെ പങ്കാളിത്തത്തോടെയുള്ള പരിപാടിയാണ് സംഘടിപ്പിച്ചിട്ടുള്ളത്. ഹരിതകേരളം പദ്ധതിയുടെ കുടക്കീഴിൽ നടപ്പാക്കുന്ന ഒന്നുമുതൽ 9 വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി എന്റെ മരം പദ്ധതി, ഹയർ സെക്കണ്ടറി തലം മുതൽ കോളേജ് തലം വരെയുള്ള വിദ്യാർത്ഥികളെ ഉൾപ്പെടുത്തി നമ്മുടെ മരം പദ്ധതി, ചുമട്ടുത്തൊഴിലാളികളുടെ പങ്കാളിത്തത്തോടും സഹകരണത്തോടുംകൂടി വഴിയോരത്തണൽ പദ്ധതി എന്നിവ നടപ്പാക്കുന്നു.

2. പരിസ്ഥിതി അവബോധം വളർത്താനും ആഗോള താപനം ചെറുക്കാനും ലക്ഷ്യം വച്ചുകൊണ്ട് 2014 ജൂൺ 5-ന് 19.55 ലക്ഷം തൈകൾ ഒരുമണിക്കൂർ സമയത്തിനുള്ളിൽ നട്ടുപിടിപ്പിച്ചുകൊണ്ട് ഹരിതശ്രീ പദ്ധതി നടപ്പിലാക്കി.

3. ഓരോ വർഷവും ഒക്ടോബർ 2 മുതൽ സ്കൂൾ കോളേജ് വിദ്യാർത്ഥി കളെയും പൊതുജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് നടപ്പാക്കുന്ന വന്യജീവി വാരാഘോഷം പദ്ധതിയുടെ ഭാഗമായി സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് വനം വന്യജീവി സംരക്ഷണം, പരിസ്ഥിതി കാത്തുസൂക്ഷിക്കൽ എന്നിവ സംബന്ധിച്ച് വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുകയും അതുവഴി പരിസ്ഥിതി സംരക്ഷണ അവബോധം നൽകിവരികയും ചെയ്യുന്നു.

4. ഓരോ പഞ്ചായത്തിലും ജൈവ വൈവിദ്ധ്യ സംരക്ഷണത്തിനായി പ്രവർത്തിക്കുന്നവരിൽനിന്നും തെരഞ്ഞെടുക്കുന്ന ഒരു വ്യക്തിക്ക് പ്രകൃതി മിത്ര അവാർഡ് നൽകിവരുന്നു.

5. ജൈവവൈവിദ്ധ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വിവിധ വ്യക്തികളെയും/സംഘടനകളെയും കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി രൂപീകരിച്ചിട്ടുള്ള സിറ്റിസൺ കൺസർവേറ്റർ പ്രോഗ്രാം.

6. അങ്ങാടിക്കുരുവികളുടെ സംരക്ഷണത്തിനായി കവലകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ ചുമട്ടുതൊഴിലാളികൾ, പത്രപ്രവർത്തകർ എന്നിവരെ ഉൾപ്പെടുത്തി നടത്തിപ്പോരുന്ന കുരുവിക്കൊരു കൂട് പദ്ധതി.

7. പ്രകൃതി സംരക്ഷണത്തിന് ഭാവി തലമുറയെ (സ്കൂൾ വിദ്യാർത്ഥികൾ) സജ്ജമാക്കുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെ രൂപീകരിച്ച ഇക്കോ കേഡറ്റ് കോർപ്പ്സ്.

8. വിദ്യാർത്ഥികളിൽ പക്ഷിനിരീക്ഷണത്തിലും ചിത്രശലഭ നിരീക്ഷണത്തിലും താൽപ്പര്യം വളർത്തുന്നതിനായുള്ള ബഡ്ഡിംഗ് ബേഡേഴ്സ് പദ്ധതി.

9. ലഭ്യമായ സ്വകാര്യഭൂമികളിലും പൊതുസ്ഥലങ്ങളിലും ചെറുവനങ്ങൾ സൃഷ്ടിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് നടപ്പാക്കിവരുന്ന കുട്ടിവനം പദ്ധതി

10. വരും തലമുറയ്ക്ക് ഔഷധ സസ്യങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് അവബോധം വളർത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള ഹെർബൽ ഗാർഡൻ.

11. തുറസ്സായ സ്ഥലങ്ങൾ ഹരിതാഭമാക്കുന്നതിനുവേണ്ടിയും വംശനാശ ഭീഷണി നേരിടുന്ന ചിലയിനം വൃക്ഷങ്ങൾ സംരക്ഷിക്കുന്നതിനും ലക്ഷ്യമിട്ടു കൊണ്ടുള്ള "നക്ഷത്രവനം" പദ്ധതി.

12. കാലാവസ്ഥാ വ്യതിയാനം, ഖരമാലിന്യം എന്നിവ ഉയർത്തുന്ന ഭീഷണിയിൽനിന്നും രക്ഷ നേടാനായി പൊതുജനപങ്കാളിത്തത്തോടുകൂടിയുള്ള പ്രകൃതി പരിപാലകൻ പദ്ധതി.

13. വനം വന്യജീവി സംരക്ഷണത്തെക്കുറിച്ചും പ്രകൃതി സംരക്ഷണത്തെക്കുറിച്ചും വിദ്യാർത്ഥികളിലും യുവാക്കളിലും അവബോധം വളർത്തുന്നതിനായുള്ള പഠന ക്യാമ്പുകൾ സംഘടിപ്പിച്ചുവരുന്നു.

14. വിദ്യാർത്ഥികളിലും പൊതുജനങ്ങളിലും വനത്തെയും വന്യജീവികളെയും സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം ഉൾപ്പെടുത്തി ഫോറസ്റ്റ് ഇൻഫർമേഷൻ ബ്യൂറോയുടെ നേതൃത്വത്തിൽ നടത്തുന്ന പ്രദർശന സ്റ്റാളുകൾ.

15. വനദർശനം പ്രോത്സാഹിപ്പിക്കുന്നതിനായി പൊതുജനങ്ങൾ, വിദ്യാർത്ഥികൾ എന്നിവർക്കായി ഗ്രീൻ പാസ്പോർട്ട് പദ്ധതി.

ശ്രീ. വി. ശിവൻകുട്ടി: സർ, .......(മൈക്ക് ഓഫ്)........

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയട്ടെ.

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ,

(ബി) ഉണ്ട്.

(സി) പ്രകൃതി സംരക്ഷണ അവബോധം വളർത്തി ഉത്തരവാദപ്പെട്ട പ്രകൃതി പരിപാലകരാകാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്.

ആദ്യഘട്ടത്തിൽ ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കാസർഗോഡ് എന്നീ 5 ജില്ലകളിൽ നിന്നുള്ള 50 സ്കൂളുകളിലെ 1000 വിദ്യാർത്ഥികളെ ഇക്കോ കേഡറ്റുകളായി തെരഞ്ഞെടുത്തു. തുടർ നടപടികൾ പുരോഗമിച്ചുവരുന്നു.

ശ്രീ. എ. കെ. ബാലൻ : സർ, .......(മൈക്ക് ഓഫ്)........

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞുകഴിയട്ടെ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ,

(ഡി) നടപ്പിലാക്കാവുന്നതാണ്. സ്കൂൾ തലത്തിൽ 1000 ഫോറസ്ട്രി ക്ലബ്ബുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 14 ജില്ലകളിലും ഡിസ്ട്രിക്ട് ഫോറസ്ട്രി എക്സ്റ്റൻഷൻ & ഇൻഫർമേഷൻ സെന്റർ (ഡി.എഫ്.ഇ.ഐ.സി.) ശക്തിപ്പെടുത്തുന്ന നടപടിയും പുരോഗമിക്കുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട എ. കെ. ബാലൻ, അങ്ങ് എന്താണ് പറഞ്ഞത്?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഇന്നിവിടെ അടിയന്തരപ്രമേയമായി അവതരിപ്പിക്കുന്ന വിഷയം വളരെ പ്രധാനപ്പെട്ടതായതിനാൽ ചോദ്യോത്തരവേള സസ്പെൻഡ് ചെയ്ത് അടിയന്തരപ്രമേയം എടുക്കേണ്ടതാണ്. ഇത് സാധാരണ രീതിയിലുള്ള ഒരു അടിയന്തരപ്രമേയമല്ല. ഇത് സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കറുടെ അഭിപ്രായം അറിയാൻ ആഗ്രഹമുണ്ട്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട എ. കെ. ബാലൻ, ചോദ്യോത്തരവേള സസ്പെൻഡ് ചെയ്ത് അടിയന്തരപ്രമേയം എടുക്കാറുണ്ടോ? ചോദ്യോത്തര സമയം കഴിഞ്ഞതിനുശേഷം അടിയന്തരപ്രമേയം എടുക്കാം. ദയവായി അംഗങ്ങൾ ഇരിക്കണം.

(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിൽ ഇരുന്നു.)

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഇന്ന് ഏറ്റവും കൂടുതൽ ഗൗരവമായി കേരളം വിലയിരുത്തുന്ന പരിസ്ഥിതി സംരക്ഷണ പ്രശ്നങ്ങൾ .............

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, ......(മൈക്ക് ഓഫ്)........

<u>മി. സ്പീക്കർ</u>: ചോദ്യോത്തരസമയം കഴിയട്ടെ.............. ശ്രീ. ഇ. പി. ജയരാജൻ, ഇത് ചോദ്യോത്തരസമയമാണ്, ഇത് കഴിയട്ടെ.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, പരിസ്ഥിതി സംരക്ഷണത്തിന്റെ വിവിധ സാഹചര്യങ്ങളെക്കുറിച്ചും ഗവൺമെന്റ് നടപ്പാക്കുന്ന കർമ്മപരിപാടികളെക്കുറിച്ചും ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇന്ന് വളരെ ഗൗരവത്തോടെ കണക്കിലെടുക്കേണ്ട ഒരു പ്രശ്നമെന്ന നിലയിൽ ഇക്കാര്യത്തിൽ മുൻകരുതലോടുകൂടി ഗവൺമെന്റ് സ്വീകരിക്കുന്ന നല്ല നടപടികളെ പ്രത്യേകം സ്വാഗതം ചെയ്യുകയാണ്. വിദ്യാർത്ഥി സമൂഹം മുതൽ ഗവൺമെന്റ് സ്വീകരിക്കുന്ന നിലപാടുകൾവരെ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ആഗോള താപനത്തിന്റെ സങ്കീർണ്ണമായ സാഹചര്യങ്ങൾ ഇന്ന് കേരളം ചർച്ച ചെയ്യുകയാണ്. രാഷ്ട്രീയ അഭിപ്രായ വ്യത്യാസമില്ലാതെ ഗൗരവമായി കണക്കിലെടുക്കേണ്ട പ്രശ്നമെന്ന

നിലയിൽ ഇക്കാര്യത്തിൽ മുൻകരുതൽ നടപടികൾ എന്ന നിലയിൽ ഗവൺമെന്റ് സ്വീകരിക്കുന്ന കാര്യങ്ങളിൽ ........... 'മരം ഒരു വരം' എന്ന നിലയിൽ അനുഗ്രഹീതമായി കണക്കാക്കപ്പെടുന്ന നമ്മുടെ സംസ്ഥാനത്ത് ഇന്ന് മരങ്ങൾ നഷ്ടപ്പെടുന്നതിന്റെയും പ്രകൃതിയെ ചൂഷണം ചെയ്യുന്നതിന്റെയും പേരിലുള്ള ഗുരുതരമായ സ്ഥിതിവിശേഷങ്ങൾ കടന്നുവരികയാണ്. ഇതിന് ഗവൺമെന്റ് സ്വീകരിക്കുന്ന നടപടികൾ - സാമൂഹ്യവനവൽക്കരണം ഒരു പദ്ധതിയെന്ന നിലയിൽ ഗവൺമെന്റ് പറയുന്നു, എന്നാൽ ഇത് എത്രമാത്രം വിജയിക്കുന്നുണ്ടെന്ന് ഗവൺമെന്റ് വിലയിരുത്തിയിട്ടുണ്ടോ? പലപ്പോഴും ഇതെല്ലാം ചടങ്ങുകളായി മാറ്റപ്പെടുന്ന സാഹചര്യങ്ങൾ പല കാലഘട്ടങ്ങളിലും സംഭവിച്ചിട്ടുണ്ട്. ക്രമപ്പെടുത്താൻ കഴിയുന്ന വിധത്തിൽ സംസ്ഥാനത്തിന്റെ പാതയോരങ്ങളിൽ ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുക, റോഡുകളുടെ ഇരുവശങ്ങളും മനോഹരമാക്കാൻ കഴിയുന്നവിധത്തിലുള്ള നടപടികൾ സ്വീകരിക്കുക തുടങ്ങിയ കാര്യങ്ങൾക്ക് മുൻഗണന കൊടുത്തുകൊണ്ടുള്ള ഒരു കർമ്മ പരിപാടി ആവിഷ്കരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ; ഇതിനായി എന്തെങ്കിലും നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ; നമ്മുടെ സംസ്ഥാനത്തിന്റെ ഭാവിയെ മുൻനിർത്തി വ്യവസ്ഥാപിതമായ നിലയിൽത്തന്നെ ഇത് ക്രമപ്പെടുത്തി മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കുന്ന സാഹചര്യമുണ്ടാക്കുമോ; പരിസ്ഥിതി സംരക്ഷണത്തിനുവേണ്ടി ഇത്തരത്തിലുള്ള കർമ്മ പരിപാടിക്ക് ഗവൺമെന്റ് രൂപം നൽകുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഗവൺമെന്റ് കർമ്മ പരിപാടിക്ക് രൂപം നൽകുക മാത്രമല്ല ചെയ്യുന്നത്, ജനങ്ങളെ ബോധവൽക്കരിച്ച് അവരെക്കൂടി ഇതിന്റെ ഭാഗമാക്കി മാറ്റുകയാണ് ചെയ്യുന്നത്. ഇക്കാര്യത്തിൽ അതിനാവശ്യമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ഇൻഡ്യയിൽ വൃക്ഷാവരണം ഏറ്റവും കൂടുതലുള്ള സംസ്ഥാനം കേരളമാണ്. 48 ശതമാനമാണ് കേരളത്തിലെ വൃക്ഷാവരണം. കേരളത്തിലെ ഫോറസ്റ്റ് ഏരിയ 21.8 ശതമാനമാണ്. ഇത് രണ്ടും സൂചിപ്പിക്കുന്നത് ഇക്കാര്യത്തിൽ കേരളം വളരെ മുന്നിലാണ് എന്നാണ്. പക്ഷേ വളരെ കോൺഷ്യസായി മുന്നോട്ടുപോയില്ലെങ്കിൽ നമുക്കിത് നിലനിർത്താൻ കഴിയില്ല. എപ്പോൾ വേണമെങ്കിലും ഇത് നഷ്ടപ്പെടാൻ സാധ്യതയുള്ളതാണ്. അതുകൊണ്ട് ഈ സെൻസിറ്റീവ് മേഖലയിൽ വളരെ സൂക്ഷിച്ച് മുന്നോട്ടുപോകണമെന്നാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. ശ്രീ. മോൻസ് ജോസഫ് ചോദിച്ച ചോദ്യം വളരെ പ്രസക്തമാണ്. അദ്ദേഹം പറഞ്ഞത്, ഒരിക്കൽ ഈ നടപടികൾ സ്വീകരിക്കുകയും അതിനെ വേണ്ടവിധം പരിപാലിക്കാതിരിക്കുകയും ചെയ്താൽ ആ നടപടിക്ക് ഫലമുണ്ടാകില്ല എന്നുമാത്രമല്ല അതിൽ നമ്മൾ പരാജയപ്പെടുകയും ചെയ്യും. അങ്ങനെയുണ്ടാകാതിരിക്കാനുള്ള നടപടികളാണ് സ്വീകരിക്കുന്നത്.

ഇത് അടിക്കടി മുന്നോട്ടുപോകത്തക്കവിധത്തിൽ എല്ലാ ഗവൺമെന്റുകളും ഒരുപോലെ ശ്രമിച്ചതുകൊണ്ടാണ് കേരളത്തിൽ 48 ശതമാനം വൃക്ഷാവരണം നിലനിർത്താൻ കഴിയുന്നത്.

ശ്രീ. മോൻസ് ജോസഫ്: സർ, പരിസ്ഥിതി സംരക്ഷണത്തിന്റെ ഗൗരവം കണക്കിലെടുത്ത് പ്രകൃതിയെ സംരക്ഷിക്കുന്നതുപോലെതന്നെ സുപ്രധാനമാണ് ജനങ്ങളുടെ സംരക്ഷണവും നിലനിൽപ്പും. കസ്തൂരിരംഗൻ, ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടുകളെത്തുടർന്ന് ഇതിന് പ്രതികൂലമായ ഒരു സ്ഥിതിവിശേഷം കേരളത്തിലുണ്ടായത് സംബന്ധിച്ച് നമ്മുടെ നിയമസഭയും ചർച്ച ചെയ്തതാണ്. പരിസ്ഥിതിയുമായി ബന്ധപ്പെട്ടുള്ള സംരക്ഷണത്തിന്റെ പേരിൽ കാലങ്ങളായി താമസിക്കുന്ന ജനവിഭാഗങ്ങൾ കുടിയൊഴിപ്പിക്കപ്പെടുന്ന ആശങ്കയുണ്ടാവുകയും ജനങ്ങൾക്ക് നേരിടേണ്ടിവന്ന ഭീഷണിയെത്തുടർന്ന് വളരെ വൈകാരികമായ സ്ഥിതിവിശേഷം കേരളത്തിന്റെ മലയോരമേഖലകളിൽ സംജാതമാവുകയും ചെയ്തു. ഈ പ്രശ്നം പരിഹരിക്കുവാൻ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഗവൺമെന്റ് ഭരണകക്ഷി-പ്രതിപക്ഷ അഭിപ്രായ സമന്വയത്തോടെ കേരളത്തിൽ സ്വീകരിച്ച നല്ല നിലപാടുകൾ ഇവിടെ നിലനിൽക്കുകയാണ്. പക്ഷേ ഇന്നും ആശങ്കാജനകമായ സാഹചര്യങ്ങൾ തുടരുകയാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; കസ്തൂരിരംഗൻ, ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടുകളെത്തുടർന്ന് ജനങ്ങൾക്കുണ്ടായ ആശങ്കകൾ മാറ്റിയെടുക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ ജനങ്ങൾക്ക് സുരക്ഷിതത്വം നൽകാൻ ഗവൺമെന്റിന് കഴിയുമോ; പരിസ്ഥിതി സംരക്ഷിക്കാനും ജനങ്ങളെ സംരക്ഷിക്കാനും കഴിയുന്ന വിധത്തിലുള്ള സംയോജിതമായ ഒരു പാക്കേജ് എന്ന നിലയിലാണ് കേരളം ഇക്കാര്യത്തിൽ മുന്നോട്ടുവന്നത്; ആ നിലപാട് നടപ്പാക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മെമ്പർ ചോദിച്ച ചോദ്യം വളരെ കറക്ടാണ്. കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ 123 വില്ലേജുകളിലായി 9993.7 സ്ക്വയർ കിലോമീറ്ററാണ് ഇ.എസ്.എ. ആയി മാർക്ക് ചെയ്തിട്ടുള്ളത്. അതിൽ നിന്ന് 4 വില്ലേജുകളുടെ 154.35 സ്ക്വയർ കിലോമീറ്റർ കുറച്ച് 9839.3 സ്ക്വയർ കിലോമീറ്റർ ഇ.എസ്.എ. ആയി കണ്ടെത്തിയിരിക്കുകയാണ്. ഇവിടത്തെ പ്രധാനപ്പെട്ട പ്രശ്നം, 119 വില്ലേജുകളാണ് ഇ.എസ്.എ. ആയി കണ്ടെത്തിയിട്ടുള്ളത്. അതിൽ ചില വില്ലേജുകളിൽ പട്ടണ പ്രദേശങ്ങൾ ഉൾക്കൊള്ളുന്നുണ്ടെങ്കിലും അവിടെ വനപ്രദേശങ്ങളുമുണ്ട്.

ഉദാഹരണത്തിന് കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടനുസരിച്ച് 20 ശതമാനം വനപ്രദേശമുള്ള ഒരു വില്ലേജ് ഇ.എസ്.എ. ആയി മാറ്റണമെന്നുള്ളതാണ്. നമുക്കതിനോട് യോജിക്കാൻ കഴിയില്ല. കാരണം 80 ശതമാനം മനുഷ്യവാസമുള്ളതും, ഇ.എസ്.എ. ആയി ഉൾപ്പെടുത്താൻ കഴിയാത്തതുമായ പ്രദേശങ്ങളുണ്ടെങ്കിലും 20 ശതമാനം വനപ്രദേശമുണ്ടെങ്കിൽ അതുകൂടി ഇ.എസ്.എ. വില്ലേജായി ചേർക്കണമെന്നാണ് റിപ്പോർട്ട്. കേരള ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. ആ നിലപാട് കർശനമായി പാലിക്കണമെന്നതന്നെയാണ് ഗവൺമെന്റിന്റെ അഭിപ്രായം. കേന്ദ്ര മന്ത്രിമാരെയും പ്രധാനമന്ത്രിയെയും മുഖ്യമന്ത്രി ഇക്കാര്യത്തിൽ കേരളത്തിന്റെ അഭിപ്രായം അറിയിച്ചിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ നിലപാടിൽനിന്നും പിറകിലോട്ടുപോകുന്ന പ്രശ്നമില്ല. ആവശ്യപ്പെട്ട എല്ലാ നടപടികളും ചെയ്തതിനോടൊപ്പം ജനസൗഹൃദവും ജനതാൽപ്പര്യവും പരിഗണിച്ചുമാത്രമെ സംസ്ഥാന ഗവൺമെന്റ് ഇക്കാര്യത്തിൽ തീരുമാനമെടുക്കുകയുള്ളൂ. കേരള ഗവൺമെന്റിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, പ്രകൃതി സംരക്ഷണവുമായി ബന്ധപ്പെട്ട് ഗവൺമെന്റും നോൺ ഗവൺമെന്റൽ ഓർഗനൈസേഷൻസും വിദ്യാർത്ഥികളും റസിഡന്റ്സ് അസോസ്സിയേഷനുകളുമെല്ലാം വളരെ സജീവമായി രംഗത്ത് വന്നുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടം തന്നെയാണിത്. സാമൂഹിക വനവൽക്കരണം പോലുള്ള പദ്ധതികൾ ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യുന്നുണ്ട്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ സാമൂഹിക വനവൽക്കരണം പോലുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഉദ്യോഗസ്ഥരും സാമൂഹിക രംഗത്തുള്ളവരും വിദ്യാർത്ഥികളും ഇതുമായി ബന്ധപ്പെട്ട് രംഗത്ത് വരാറുണ്ട്. അത്തരം സന്ദർഭങ്ങളിൽ അനേകായിരം വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്ന സാഹചര്യങ്ങളുണ്ടായിട്ടുമുണ്ട്. ഇതുവരെയുള്ള കണക്കെടുത്തുനോക്കിയാൽ ലക്ഷക്കണക്കിന് വൃക്ഷത്തൈകളാണ് വഴിയോരങ്ങളിലും മറ്റും വച്ചുപിടിപ്പിച്ചിട്ടുള്ളത്. എന്നാൽ വൃക്ഷത്തൈകൾ വച്ചുപോകുന്നതിന് പിറകെ അവ നശിച്ചുപോവുകയാണ് ചെയ്യുന്നത്. അപൂർവ്വം സ്ഥലങ്ങളൊഴിച്ചാൽ മറ്റ് സ്ഥലങ്ങളിൽ വച്ചുപിടിപ്പിക്കുന്ന വൃക്ഷത്തൈകൾ പരിപാലിക്കുന്നതിനുള്ള നടപടികൾ കാര്യമായി നടക്കുന്നില്ല. വൃക്ഷത്തൈകൾ വയ്ക്കുന്നതുകൊണ്ടുമാത്രം സാമൂഹിക വനവൽക്കരണമോ പ്രകൃതി സംരക്ഷണ കാര്യങ്ങളോ ഗൗരവമായ നിലയിൽ കൊണ്ടുപോകാൻ കഴിയില്ല. അതുകൊണ്ട് ഇനിയെങ്കിലും നടുന്ന വൃക്ഷത്തൈകൾ തുടർന്ന് പരിപാലിച്ചു കൊണ്ടുപോകുന്നതിനുള്ള ഗൗരവകരമായ നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഈ വിഷയത്തെ സംബന്ധിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ചതാണ്. സമൂഹത്തെ ബോധവൽക്കരിച്ചുകൊണ്ടുമാത്രമെ ഇക്കാര്യത്തിൽ മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. വൃക്ഷത്തൈകൾ നടുന്ന കുഴികൾ പട്ടുകുഴികളായി പോകുന്നുവെന്നുള്ളതാണ് പരക്കെയുള്ള ആക്ഷേപം. അത് ഒഴിവാക്കുന്നതിനായി സംരക്ഷിതവലയംകൂടി ഉണ്ടാക്കാൻ ശ്രമിക്കുകയാണ്. അതിനായാണ് ഇക്കോ കേഡറ്റ്സിനെ കണ്ടെത്തുന്നത്. ഒരു വിദ്യാലയത്തിൽ നിന്ന് 100 കുട്ടികൾ ചേരത്തക്കവിധത്തിൽ ഇക്കോ കേഡറ്റ്സിന്റെ പ്രവർത്തനം വ്യാപിപ്പിക്കുകയാണ്. അതോടൊപ്പം ഇക്കോ ക്ലബ്ബുകൾ എല്ലാ സ്ഥലത്തും രൂപീകരിക്കാൻ ശ്രമിക്കുകയാണ്. ഒരു വർഷംകൊണ്ട് ഇതെല്ലാം പൂർത്തിയാകുമെന്ന് പറയുന്നില്ല. സാവകാശം ഈ ദിശയിൽ നീങ്ങിയാൽ വൃക്ഷത്തൈകളെല്ലാം സംരക്ഷിച്ചുപോകാൻ സാധിക്കും. കഴിഞ്ഞ പ്രാവശ്യം വച്ചിട്ടുള്ള മരങ്ങളിൽ പലതും നന്നായി സംരക്ഷിച്ചുകൊണ്ടുപോകാൻ സാധിച്ചിട്ടുണ്ടെന്നാണ് എന്റെ അനുഭവത്തിൽ നിന്നും മനസ്സിലാകുന്നത്. 100 ശതമാനം വിജയമെന്ന് പറയുന്നില്ല. എന്നാൽ പഴയതിനെക്കാൾ വ്യത്യസ്തമായി മുന്നോട്ടുപോകാൻ കഴിഞ്ഞത് സൊസൈറ്റി അനുകൂലമായി ചിന്തിച്ചുവെന്നുള്ളതുകൊണ്ടാണ്. തണൽ വളരുന്നതിന് വേണ്ടി 'ഭൂമിക്കൊരു കുട' പദ്ധതി പോലുള്ള നിരവധി പദ്ധതികളിലൂടെ ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് മാധ്യമങ്ങൾ ശ്രമിക്കുകയും സഹായിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ ഇഫക്ട് ഈ പദ്ധതിയുടെ വിജയത്തിലുമുണ്ട്.

<u>ശ്രീ. സി. എഫ്. തോമസ്</u>: സർ, മരം വച്ചുപിടിപ്പിക്കുന്ന പല പദ്ധതികളെക്കുറിച്ചും അങ്ങ് ഇവിടെ പറഞ്ഞു. എന്നാൽ വച്ചുപിടിപ്പിച്ച മരങ്ങളുണ്ടോ, അവ സംരക്ഷിച്ചുകൊണ്ടുപോകുന്നതിന് തുടർ സംരക്ഷണം സാധിക്കുന്നുണ്ടോ തുടങ്ങിയ കാര്യങ്ങളിൽ ഇപ്പോഴും പൂർണ്ണവിജയം നേടാൻ സാധിച്ചുവെന്ന് പറയാൻ സാധിക്കില്ല. എല്ലാ കാര്യങ്ങളും ഡിപ്പാർട്ട്മെന്റ് ചെയ്യുന്നുവെന്നുള്ളത് മാറ്റി പ്രാദേശിക-സ്വയംഭരണ സ്ഥാപനങ്ങളായ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്ത് തുടങ്ങിയ സ്ഥാപനങ്ങളെക്കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തി അവരുടെ പ്രവർത്തനത്തിന്റെ ഫലമായി പരിസ്ഥിതി സംരക്ഷണം നടത്തി ഈ മേഖല ഡീസെൻട്രലൈസ് ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് നല്ല പ്രൊപ്പോസലാണ്. അതുതന്നെയാണ് നമ്മൾ ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നതും. 'എന്റെ മരം', 'നമ്മുടെ മരം' 'വഴിയോരത്തണൽ' തുടങ്ങിയവയെല്ലാം സമൂഹത്തിൽ

വിവിധ രംഗത്ത് പ്രവർത്തിക്കുന്ന ആളുകളുടെ മാസ്പാർട്ടിസിപ്പേഷനോടുകൂടി നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളാണ്. 'വഴിയോരത്തണൽ' എന്ന പദ്ധതിയിൽ ചുമട്ടുതൊഴിലാളികളെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇക്കോ കേഡറ്റ്സ് കോർപ്സ് പദ്ധതിയിൽ, പഠിക്കുന്ന കുട്ടികളെ പരിശീലിപ്പിക്കുന്നതിനായി അവരുടെ സർവ്വീസ് കൂടി ഉൾക്കൊള്ളുകയാണ്. കുട്ടികളെയെല്ലാം ബന്ധിപ്പിച്ച് അവർക്ക് സംരക്ഷിക്കാൻ കഴിയത്തക്കവിധത്തിൽ, കുട്ടികൾക്ക് കൗതുകകരമായി കൊണ്ടുപോകാൻ സാധിക്കുന്ന രീതിയിൽ 'കുട്ടിവനം' എന്ന പദ്ധതി ആവിഷ്കരിച്ചിരിക്കുകയാണ്. അതോടൊപ്പം ഹെർബൽ ഗാർഡൻ ഉണ്ടാക്കുന്നതിനെപ്പറ്റിയും ആലോചിക്കുന്നുണ്ട്. അക്കേഷ്യമരം നട്ടുപിടിപ്പിച്ചതിനുശേഷം അത് വെട്ടിക്കളയുന്നതിനെക്കുറിച്ചായി സമൂഹത്തിന്റെ ചിന്ത. എന്നാൽ ഹെർബൽ ഗാർഡനായാൽ അത് നമുക്ക് പ്രയോജനപ്പെടുകയും ചെയ്യും. ആയുർവേദ ഉൽപ്പന്നങ്ങൾ നന്നേ കുറഞ്ഞുവരുന്ന കേരളത്തിൽ ഹെർബൽ ഗാർഡൻ ഡെവലപ് ചെയ്താൽ ജനങ്ങൾക്ക് ഗുണകരമാകുകയും നമ്മുടെ സ്വന്തം ചികിത്സാ രീതിയായ ആയുർവേദത്തിന് പ്രൊട്ടക്ഷനാകുകയും ചെയ്യും. ആ രൂപത്തിൽ അങ്ങ് സൂചിപ്പിച്ചതുപോലെ ഡൈവേഴ്സിഫിക്കേഷൻ ഈ രംഗത്ത് കൊണ്ടുവന്ന് വൃക്ഷങ്ങളെ സംരക്ഷിച്ചു പോകുന്നതിനാണ് ശ്രമിക്കുന്നത്.

ശ്രീ. റ്റി. യു. കുരുവിള: സർ, പ്രകൃതി സംരക്ഷണത്തിന്റെ പ്രാധാന്യം വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും പകർന്നു നൽകുന്നതോടൊപ്പം പഞ്ചായത്ത്-കുടുംബശ്രീ-തൊഴിലുറപ്പ് പദ്ധതികളിൽ ഉൾപ്പെടുത്തി തരിശുനിലങ്ങളിലും മറ്റും കായ്ഫലമുള്ള നാടൻ മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനെക്കുറിച്ചും വനസംരക്ഷണത്തിന് ആദിവാസി വിഭാഗത്തിനായി പ്രത്യേക പദ്ധതി നടപ്പാക്കുന്നതിനെക്കുറിച്ചും ആലോചിക്കുമോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പുതിയ ചെടി നട്ട് മരമായി വളരുന്നതിന് കാലതാമസമെടുക്കും. എന്നാൽ നിലനിൽക്കുന്ന മരങ്ങൾ നിലനിർത്തിപ്പോവുക യെന്നുള്ളത് മറ്റൊരു ഭാഗമാണ്. രണ്ട് സമീപനമാണ് ഇതിന്മേൽ സ്വീകരിച്ചിട്ടുള്ളത്- ഒന്ന്, പുതിയ മരങ്ങൾ നട്ടുപിടിപ്പിക്കുക, രണ്ട്, ഉള്ള മരങ്ങൾ കേടില്ലാതെ നിലനിർത്തുക. മെയിൻ റോഡുകൾ വികസിപ്പിക്കുമ്പോൾ മരങ്ങൾ വെട്ടിമാറ്റണമെന്ന ആവശ്യം തിരുവനന്തപുരം പട്ടണത്തിൽ തന്നെ വളരെ ചർച്ച ചെയ്യപ്പെട്ടതാണ്. ആ സാഹചര്യത്തിലാണ് ഒരു മരം വെട്ടുമ്പോൾ പത്ത് മരം നടുന്നതിനുള്ള നടപടിയെടുക്കണമെന്ന പ്രതിവിധി കണ്ടെത്തിയത്. ഈ ഫോർമുല പൊതുവെ

അംഗീകരിക്കപ്പെട്ടിരിക്കുകയാണ്. അങ്ങനെ പരസ്പരം യുദ്ധം നടത്താതെ എല്ലാവരുടെയും സംരക്ഷണത്തോടെ കണ്ണിലെ കൃഷ്ണമണിപോലെ മരങ്ങളെ കാത്തുസൂക്ഷിക്കണ മെന്നതാണ് ഗവൺമെന്റ് നിലപാട്.

ശ്രീ. എ. കെ. ബാലൻ: സർ, 50 സെന്റും ഒരു ഏക്കറും രണ്ട് ഏക്കറുമുള്ള ആയിരക്കണക്കിന് പാവപ്പെട്ട കർഷകർക്ക് ഇക്കോളജിക്കലി ഫ്രെജയിൽ ലാന്റായി പ്രഖ്യാപിച്ചതുകാരണം അവരുടെ കയ്യിലുള്ള തീറാധാരം വച്ച് 5 സെന്റ് ഭൂമി പോലും വിൽക്കാൻ സാധിക്കുന്നില്ല; കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുന്നില്ല; എല്ലാം ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ കയ്യിലാണ്. ഇതിന്റെ ഭാഗമായി exemption കിട്ടാൻ വേണ്ടി പതിനായിരക്കണക്കിന് അപേക്ഷകൾ ലഭിച്ചിട്ടും ഫോറസ്റ്റ് വകുപ്പിന്റെ ഭാഗത്തുനിന്നും ന്യായമായ ഒരു ഇടപെടലും ഇല്ലാത്തതുകൊണ്ട് പല കർഷകരും ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. ആത്മഹത്യ അല്ലാതെ വേറെ വഴിയില്ലെന്നാണ് എന്റെ മണ്ഡലത്തിലെ രണ്ടര ഏക്കർ വസ്തുവുള്ള വേലായുധൻ എന്നയാൾ തന്നിരിക്കുന്ന മെമ്മോറാണ്ടത്തിൽ എഴുതിയിരിക്കുന്നത്. ഈ വസ്തു ഇ.എഫ്.എൽ.-ൽ വരുന്നതല്ലെന്നും വിട്ടുകൊടുക്കണമെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞിട്ടും ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് കർഷകരെ വട്ടം തിരിക്കുകയാണ്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പാവപ്പെട്ട കർഷകരെ രക്ഷിക്കുന്നതിനുവേണ്ടി എന്തെങ്കിലും നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഗവൺമെന്റിന്റെ നിലപാട് നേരത്തെതന്നെ പറഞ്ഞിട്ടുണ്ട്. രണ്ടേക്കറിന് മുകളിലുള്ള സ്ഥലത്തിന് ഇ.എഫ്.എൽ. നിലനിർത്തേണ്ടതില്ലാ യെന്നുള്ള നിലപാട് നേരത്തെ എടുത്തിട്ടുണ്ട്. എം.എൽ.എ.മാരുടെ ഒരു സമിതി രൂപീകരിക്കുകയും ആ സമിതി ഇക്കാര്യത്തെക്കുറിച്ച് ചർച്ച ചെയ്യുകയും ആ സമിതി എടുത്ത തീരുമാനം അവരെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. കർഷകരുടെ ഈ വിഷമത്തെ സംബന്ധിച്ച് നിവേദനങ്ങൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിതലത്തിൽ ഇതിനെക്കുറിച്ച് രണ്ടുമൂന്നുപ്രാവശ്യം യോഗം ചേർന്നിട്ടുണ്ട്. അങ്ങ് പറഞ്ഞത് ഏത് പർട്ടിക്കുലർ കേസ്സാണെന്ന് എനിക്കറിയില്ല. ആ കേസ്സും ഇതുപോലെതന്നെ ഈ പരിധിക്കകത്തുൾപ്പെടുത്തിക്കൊണ്ട് മുന്നോട്ടുപോകാൻ കഴിയണം. ഗവൺമെന്റല്ല ഇതിനകത്തെ പ്രധാനപ്പെട്ട കക്ഷി. സത്യം പറഞ്ഞാൽ ഇതൊരു ക്വാസി ജുഡീഷ്യൽ ബോഡിപോലെ വർക്ക് ചെയ്യുകയാണ്.

താഴെത്തലത്തിൽ നിന്നെടുക്കുന്ന തീരുമാനം പ്രോസസ്സ് ചെയ്തുകഴിഞ്ഞാൽ ഇ.എഫ്.എൽ. കസ്റ്റോഡിയനാണ് പിന്നീട് അതിനെക്കുറിച്ച് ഫൈനൽ തീരുമാനമെടുക്കുന്നത്. കസ്റ്റോഡിയൻ എടുക്കുന്ന തീരുമാനത്തിന്മേൽ അപ്പീൽ നൽകേണ്ടത് ഹൈക്കോടതിയിലാണ്. ഈ നിലയിലാണ് അത് മുന്നോട്ട് പോകുന്നത്. അതുകൊണ്ട് ഗവൺമെന്റ് എന്നുള്ള നിലയിൽ ഇതിന്റെ തലപ്പത്തിരിക്കുന്ന ആളുകൾക്ക് ഇതിനകത്ത് റോൾ വളരെ കുറവാണ്. അങ്ങുപറഞ്ഞ നിർദ്ദേശം വളരെ ശരിയാണ്. ആളുകളുടെ മനസ്സിൽ ഒരു അനിശ്ചിതത്വം സൃഷ്ടിക്കുന്ന നടപടിയുണ്ടാകാൻ പാടില്ല. കേരളത്തിൽ ആ സാഹചര്യം ഒഴിവാക്കുന്നതിന് വേണ്ടിയാണ് പരമാവധി നമ്മൾ ശ്രമിച്ചിട്ടുള്ളത്. അങ്ങുപറഞ്ഞ പ്രത്യേകമായ കാര്യം എഴുതിത്തന്നാൽ അതും പരിശോധിക്കാവുന്നതാണ്.

ശ്രീ. സി. പി. മുഹമ്മദ്: സർ, പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ പ്രധാനമായും ഊന്നൽ നൽകേണ്ടത് ജലാശയങ്ങളുടെ സംരക്ഷണത്തിനാണ്. കേരളത്തിന്റെ അഭിമാനമായ, ഏക ശുദ്ധജല തടാകമായ ശാസ്താംകോട്ട തടാകം അധികം വൈകാതെ വറ്റിപ്പോകുമെന്ന റിപ്പോർട്ട് കണ്ടു. ആയിരക്കണക്കിന് കുളങ്ങളുണ്ടായിരുന്നത് നികത്തപ്പെട്ടു. പാലക്കാട് ജില്ലകളിൽ മാത്രം ആയിരക്കണക്കിന് കുളങ്ങളുണ്ടായിരുന്നു. ഈയിടെ പാലക്കാട് രേഖപ്പെടുത്തിയ ചൂട് 39.5 ഡിഗ്രി സെൽഷ്യസ്സാണ്. ആഗോളതാപനം ലോകവ്യാപകമായി അങ്ങേയറ്റം ഉയർന്നു കൊണ്ടിരിക്കുകയാണ്. കേരളം, ഒരറ്റം മുതൽ മറ്റേയറ്റംവരെ സമുദ്രതീരമുള്ള ഒരു സംസ്ഥാനമായതുകൊണ്ട് ഇതുപോലെ ചൂട് മുന്നോട്ടുപോയിക്കഴിഞ്ഞാൽ സമുദ്ര നിരപ്പുയരുമെന്ന കാര്യത്തിൽ നമുക്കാണ് കൂടുതൽ ആശങ്കയുണ്ടാകേണ്ടത്. അതുകൊണ്ട് നമ്മുടെ നദികളും കായലുകളും കുളങ്ങളും ജലാശയങ്ങളും സംരക്ഷിക്കുന്നതിനുള്ള സമഗ്രമായ ഒരു പരിപാടി സംസ്ഥാന ഗവൺമെന്റ് ആവിഷ്കരിക്കുമോ; നദികൾക്ക് ഒരു അതോറിറ്റി മാത്രം പോരാ, പ്രധാനപ്പെട്ട നദികൾക്കുമാത്രമായി പ്രത്യേകം അതോറിറ്റി രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് ചോദ്യം ആരംഭിച്ചത് ശാസ്താംകോട്ട തടാകത്തെക്കുറിച്ചാണ്. ശാസ്താംകോട്ട തടാകം അതിവിശിഷ്ടമായ തടാകമാണെന്ന കാര്യം എല്ലാവർക്കുമറിയാവുന്നതാണ്. ആ തടാകത്തിന്റെ ഏറ്റവും അടിത്തട്ടിലുള്ള മണലും ചരലുമാണ് യഥാർത്ഥത്തിൽ അതിലെ വെള്ളത്തെ ശുദ്ധീകരിക്കുന്നത്.

യഥാർത്ഥത്തിൽ ആ തടാകത്തിന്റെ ചുറ്റുപാടും മറ്റുചില പ്രശ്നങ്ങളുമുണ്ട്. ആ പ്രശ്നങ്ങൾ വിശദീകരിച്ച് ഞാൻ സിറ്റ്യുവേഷൻ വഷളാക്കാൻ ആഗ്രഹിക്കുന്നില്ല. ആ തടാകത്തെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടി ജനങ്ങളുടെകൂടി സഹായത്തോടുകൂടി നടക്കുന്നുണ്ട്. ശ്രീ. തെന്നല ബാലകൃഷ്ണപിള്ള അദ്ധ്യക്ഷനായുള്ള ഒരു പ്രാദേശിക കമ്മിറ്റി വളരെ ആക്ടീവായി ഇക്കാര്യത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഗവൺമെന്റും വളരെ നന്നായി സഹകരിക്കുന്നുണ്ട്. ആ തടാകത്തെ സംരക്ഷിക്കുന്നതിനുവേണ്ടി നമ്മൾ പരമാവധി ശ്രമിക്കുന്നുണ്ട്. ആ തടാകത്തിൽനിന്നുള്ള വെള്ളമാണ് ഒരുകാലത്ത് കൊല്ലം പട്ടണത്തിൽ കുടിവെള്ളമായി ഉപയോഗിച്ചിരുന്നത്. അതുകൊണ്ട് ആ തടാകത്തെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അങ്ങ് രണ്ടാമതായി പറഞ്ഞത് പൊതുവായ ഒരു പ്രശ്നമായ ജലാശയങ്ങളുടെ സംരക്ഷണമാണ്. ജലാശയങ്ങളുടെയും നദികളുടെയും സംരക്ഷണമൊക്കെ കേരളം ദൈവത്തിന്റെ സ്വന്തം നാടായി നിലനിൽക്കണമെങ്കിൽ ആവശ്യംതന്നെയാണ്. പക്ഷെ വലിയ സാമ്പത്തിക ഭാരമുണ്ടാക്കുന്ന ഒരു പ്രോസസ്സാണിത്. ഏതായാലും ഗവൺമെന്റ് ഒരു റിവർ അതോറിറ്റി രൂപീകരിക്കുകയും ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി അതിനുവേണ്ടിയുള്ള നടപടികളെടുക്കുകയും ചെയ്തിട്ടുണ്ട്. ആ നടപടികളുമായി മുന്നോട്ടുപോകുന്നതാണ്. ഗവൺമെന്റ് സ്റ്റെപ്പ് ബൈ സ്റ്റെപ്പായി ഇക്കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നുണ്ട്. അങ്ങ് പറഞ്ഞ അവസാന പോയിന്റിലെ കാര്യങ്ങളോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. കാരണം, ശുദ്ധജല തടാകങ്ങളും നദികളും സംരക്ഷിക്കപ്പെട്ടുവെങ്കിൽമാത്രമേ കേരളത്തിന്റെ പരിസ്ഥിതി പൂർണ്ണമായും നിലനിർത്താൻ കഴിയുകയുള്ളൂ. അതിന് കൂട്ടായ യത്നം ആവശ്യമാണ്.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, അങ്ങിവിടെ പറഞ്ഞ മാധവ് ഗാഡ്ഗിൽ, കസ്തൂരി രംഗൻ, ഉമ്മൻ വി. ഉമ്മൻ തുടങ്ങിയ കമ്മിറ്റികളുടെ റിപ്പോർട്ടുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ, ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നിലപാടുകളും ഗവൺമെന്റ് കൊടുത്തിട്ടുള്ള റിപ്പോർട്ടുകളും, ഏറ്റവും അവസാനമായി ഉമ്മൻ വി. ഉമ്മൻ കമ്മിറ്റി റിപ്പോർട്ട് കൊടുത്തുവെങ്കിലും അത് കേന്ദ്രം ഏതാണ്ട് തള്ളിക്കളഞ്ഞുവെന്ന് പറഞ്ഞ വാർത്തകളാണ് ഈ കഴിഞ്ഞ ദിവസങ്ങളിലൊക്കെ വന്നത്. ജനങ്ങളെ ആശ്വസിപ്പിക്കുന്നതിന് വേണമെങ്കിൽ ഗവൺമെന്റിന്റെ നിലപാട് ഇതാണ് എന്ന് നമുക്ക് ആവർത്തിച്ച് നിയമസഭയ്ക്കുള്ളിൽ പ്രഖ്യാപിക്കാം. പക്ഷെ, ജനങ്ങളുടെ പ്രശ്നം പരിഹരിക്കപ്പെടുന്നില്ലായെന്ന ഗുരുതരമായ സ്ഥിതിവിശേഷം നിലനിൽക്കുകയാണ്. ഇപ്പോൾ വീടുവയ്ക്കുന്നതുമായി ബന്ധപ്പെട്ട് സർട്ടിഫിക്കറ്റിനായി പഞ്ചായത്ത്

ഓഫീസിലും വില്ലേജ് ഓഫീസിലുമൊക്കെ ചെല്ലുമ്പോൾ എൻ.ഒ.സി. നൽകാൻ സാധിക്കില്ലായെന്നുപറഞ്ഞ് ആളുകളെ മടക്കി അയയ്ക്കുന്ന ഗുരുതരമായ സാഹചര്യം വീണ്ടും കേരളത്തിലുണ്ടാകുന്ന ഒരു സ്ഥിതിവിശേഷമാണ് ഇപ്പോഴുള്ളത്. ഇ.എഫ്.എൽ.-മായി ബന്ധപ്പെട്ട് ചോദിച്ച ചോദ്യത്തിനും ഗവൺമെന്റിന്റെ നിലപാട് ഇതാണ് എന്നുപറയുമ്പോൾ ആ ഗവൺമെന്റിന്റെ നിലപാടുകൾ ജനങ്ങൾക്കുവേണ്ടി ക്വാസി ജുഡീഷ്യൽ ബോഡികളെ ബോധ്യപ്പെടുത്തുന്നതടക്കമുള്ള വിഷയത്തിൽ വിജയിക്കുന്ന കാര്യത്തിൽ ഗവൺമെന്റിന് പലപ്പോഴും കഴിയാതെ വരുന്നുണ്ട്. ജനങ്ങളെ സംരക്ഷിക്കണമെന്ന് ഗവൺമെന്റിന് വലിയ ആഗ്രഹമുണ്ട്, പക്ഷെ ആ ആഗ്രഹം നടപ്പിലാക്കുന്ന കാര്യത്തിൽ ഗവൺമെന്റൊരു സമ്പൂർണ്ണ പരാജയമായി മാറുകയാണ്. അതിനിടയിലാണ് ഇപ്പോൾ പശ്ചിമഘട്ട സംരക്ഷണവുമായി ബന്ധപ്പെട്ട പുതിയ പ്രോജക്ട് നമ്മൾ ഏറ്റെടുത്തിരിക്കുന്നത്. അതുകൂടിയാകുമ്പോൾ കേരളത്തിലെ പശ്ചിമഘട്ടത്തിൽ ജീവിക്കുന്ന ആളുകൾക്ക് ചലിക്കാൻ കഴിയാത്തവിധം പശ്ചിമഘട്ടം ഉപേക്ഷിച്ച് മറ്റേതെങ്കിലും സ്ഥലത്തേയ്ക്ക് പോകേണ്ടിവരും. ശ്രീ. സി. പി. മുഹമ്മദ് പറഞ്ഞതുപോലെയാണെങ്കിൽ താഴേയ്ക്ക് ഇറങ്ങിവരാമെന്ന് വിചാരിച്ചാൽ അവിടെ കടലുകൊണ്ടുപോകുമെന്നുള്ള ഒരു സ്ഥിതിയാണുള്ളതെങ്കിൽ സ്വാഭാവികമായി ഒന്നുമല്ലാത്ത ത്രിശങ്കുവിലായിരിക്കും പശ്ചിമഘട്ടത്തിൽ ജീവിക്കുന്ന ആളുകളുടെ അവസ്ഥ എന്നുള്ളതുകൊണ്ട് ഈ വിഷയത്തിൽ ക്രിയാത്മകമായി ഇടപെടുന്നതിനും ആളുകളുടെ ആശങ്കകൾ ദൂരീകരിക്കുന്നതിനും ഏറ്റവും കുറഞ്ഞത് ആളുകൾക്ക് വീടുവയ്ക്കുന്നതിന് ആവശ്യമായ അനുവാദം നൽകുന്ന കാര്യത്തിലെങ്കിലും ഗവൺമെന്റ് ഇടപെടുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഗവൺമെന്റിന്റെ നിലപാട് വളരെ ഖണ്ഡിതമായി അറിയിച്ചിട്ടുണ്ട്. ഇന്ത്യാഗവൺമെന്റ് ഏത് നിലപാടെടുത്താലും കേരളത്തിന്റെ പൊസിഷൻ ഇതാണ്. ഇതിൽ കേരളത്തിലെ ജനങ്ങളുടെ പൂർണ്ണ പിന്തുണയുണ്ട്. ഞാൻ ഒരു കണക്കുപറയാം. ഇന്ത്യാ ഗവൺമെന്റ് പറയുന്നത് ഒരു വില്ലേജ് ഇ.എസ്.എ., നോൺ-ഇ.എസ്.എ. എന്നിങ്ങനെ വിഭജിക്കണമെന്നാണ്. കേരളത്തിൽ അത് പ്രായോഗികമല്ല. 11 കോടി ജനസംഖ്യയുള്ള മഹാരാഷ്ട്രയിൽ 43942 വില്ലേജുകളുണ്ട്. ഒരു വില്ലേജിലെ ജനസംഖ്യ 2557 ആണ്. എന്നാൽ മൂന്നുകോടി മുപ്പത്തിയെട്ടുലക്ഷം ജനസംഖ്യയുള്ള കേരളത്തിൽ ആകെ വില്ലേജുകളുടെ എണ്ണം 1665-ഉം ഒരു വില്ലേജിലെ ജനസംഖ്യ 20052-ഉം ആണ്. ഇതാണ് പ്രശ്നം. മഹാരാഷ്ട്രയിൽ ഒരു വില്ലേജിലെ ജനസംഖ്യ 2557.33 ആണെങ്കിൽ കേരളത്തിൽ

അത് 20052 ആണ്. 20000 ജനങ്ങൾ വസിക്കുന്ന സ്ഥലം പൂർണ്ണമായും ഇ.എസ്.എ. ആക്കണമെന്നുപറഞ്ഞാൽ എങ്ങനെ ഒരു ഗവൺമെന്റിന് അനുകൂലിക്കാൻ കഴിയും? ഈ കണക്കുകളുടെ അടിസ്ഥാനത്തിലാണ് കേന്ദ്രത്തിൽ വാദിച്ചിട്ടുള്ളത്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കേന്ദ്ര പരിസ്ഥിതി വകുപ്പുമന്ത്രിയെക്കണ്ട് അദ്ദേഹത്തെ കൺവിൻസ് ചെയ്യിക്കുകയും അദ്ദേഹം ഇക്കാര്യങ്ങളോട് പോസിറ്റീവായി റിയാക്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഞങ്ങളുടെ വാദഗതികളോട് അവർ യോജിച്ചതായിട്ടാണ് മനസ്സിലാക്കുന്നത്. അതിനുശേഷം ഉദ്യോഗസ്ഥരുമായി ചർച്ചകൾ നടത്തി. ഉദ്യോഗസ്ഥതല അവസാനവട്ടചർച്ചയ്ക്കുശേഷം സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായമാരായുന്നതിനുവേണ്ടി വീണ്ടും അവർ കത്തെഴുതുമെന്നാണ് പറഞ്ഞിട്ടുള്ളത്. അങ്ങനെയൊരു കത്ത് ഇതുവരെ എത്തിയിട്ടില്ല. ഏതായാലും ഇക്കാര്യത്തിൽ ഗവൺമെന്റ് എടുത്ത ഖണ്ഡിതമായ നിലപാടിന് കേരളത്തിലെ ജനങ്ങളുടെ പൂർണ്ണ പിന്തുണയുണ്ടെന്നാണ് എന്റെ വിശ്വാസം.

ശ്രീ. സി. മോയിൻകുട്ടി: വിദ്യാർത്ഥികളിലടക്കം പരിസ്ഥിതി അവബോധം നൽകുന്നതിനാവശ്യമായ നിരവധി പദ്ധതികളും പരിപാടികളും ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്. സാമൂഹ്യ-രാഷ്ട്രീയ സംഘടനകളെ മാത്സര്യ ബുദ്ധിയോടുകൂടി ഈ രംഗത്ത് സജീവമാക്കുന്നതിന് എന്തൊക്കെ പരിപാടികളാണ് ഈ ഗവൺമെന്റ് ആസൂത്രണം ചെയ്തിട്ടുള്ളത്; അവർക്ക് എന്ത് പ്രോത്സാഹനം ഈ രംഗത്ത് നൽകാൻ സാധിക്കും, ഈ രംഗത്ത് അവരുടെ കൂട്ടായ്മ കൊണ്ടുവരുന്നതിന് എന്തെങ്കിലും സംവിധാനമുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, മെയിൻ ചോദ്യത്തിനുള്ള മറുപടിയിൽ ഞാൻ ഇക്കാര്യത്തെക്കുറിച്ച് പറഞ്ഞിരുന്നു. വീണ്ടും വായിക്കണ്ടായെന്ന് കരുതിയാണ് ഞാൻ പറയാത്തത്. മാത്രമല്ല ഉത്തരം ഞാൻ മേശപ്പുറത്ത് വയ്ക്കാം; അങ്ങേയ്ക്കിത് പരിശോധിച്ചുനോക്കാം, 18 ഇന പദ്ധതികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇ.എസ്.എ.-യിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ കേരളത്തിന്റെ പ്രത്യേകത ശരിയായ വിലയിരുത്തലാണ്. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായ സ്ഥിതി കേരളത്തിലുണ്ട്. ഉമ്മൻ വി. ഉമ്മൻ കമ്മിറ്റി റിപ്പോർട്ട് കേന്ദ്ര പരിസ്ഥിതി വകുപ്പ് അംഗീകരിക്കുന്നില്ലെന്ന വാർത്ത പുറത്തുവന്നതോടുകൂടി ആ മേഖലയിൽ അസ്വസ്ഥജനകമായ അന്തരീക്ഷം വന്നിട്ടുണ്ട്. ഗോവയിലുള്ള ഒട്ടനവധി പ്രദേശങ്ങൾ ഒഴിവാക്കിയെടുക്കാൻ ഗോവ സർക്കാരിന് കഴിഞ്ഞു. എന്തുകൊണ്ട്

നമ്മുടെ സർക്കാരിനതു കഴിഞ്ഞില്ലെന്ന ചോദ്യമാണ് ഇപ്പോൾ ഉയർന്നുവരുന്നത്. ഒരു വില്ലേജിനുള്ളിൽ മറ്റൊരു പ്രദേശം ഉൾപ്പെടുത്താൻ കഴിയില്ലെന്ന നിലപാടാണ് കേന്ദ്ര പരിസ്ഥിതി വകുപ്പ് സ്വീകരിച്ചിരിക്കുന്നതെന്നാണ് അറിയുന്നത്. നിയമസഭ, പ്രമേയം പാസ്സാക്കിയത് തോട്ടം മേഖലകൾ, വീടുകൾ ഇവ ഒഴിവാക്കിക്കൊണ്ടുള്ള തീരുമാനം വരണമെന്നായിരുന്നു. അത് അംഗീകരിക്കാൻ കേന്ദ്ര പരിസ്ഥിതി വകുപ്പ് തയ്യാറാകുന്നില്ല. ഈ സാഹചര്യത്തിൽ ഇനിയെന്ത് ചെയ്യണമെന്നും ഇതിനുള്ള പരിഹാരമെന്താണെന്നത് സംബന്ധിച്ചും സംസ്ഥാനസർക്കാരിന് എന്തെങ്കിലും നിർദ്ദേശമുണ്ടോ?

(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, അങ്ങ് പറഞ്ഞത് ശരിയായിട്ടുള്ള കാര്യമാണ്. ഉമ്മൻ വി. ഉമ്മൻ കമ്മിറ്റി റിപ്പോർട്ടെന്നുപറയുന്നത് ഉദ്യോഗസ്ഥരുടെ കമ്മിറ്റി റിപ്പോർട്ടല്ല. അത് ബഹുജനങ്ങളുടെ സഹകരണത്തോടുകൂടി ഉണ്ടാക്കിയ റിപ്പോർട്ടാണ്. അവിടെയുള്ള പഞ്ചായത്ത് പ്രസിഡന്റ്, വില്ലേജ് ഓഫീസർ, സർവ്വേ ഓഫീസർ മറ്റ് ബന്ധപ്പെട്ട ആളുകൾ തുടങ്ങിയ എല്ലാപേരുടെയും അംഗീകാരത്തോടുകൂടി അവിടെയുണ്ടാക്കിയ cadastral map ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും പരിശോധിച്ചാണ് കൊടുത്തിട്ടുള്ളത്. അങ്ങനെയാണ് 123 വില്ലേജ് എന്നുള്ളത് 119 വില്ലേജായി ചുരുങ്ങിയത്. ആ 119 വില്ലേജിനകത്ത് ഒരു വില്ലേജ് ഒരു യൂണിറ്റായി എടുക്കണം. അതിനകത്ത് ഇ.എസ്.എ. ആയും നോൺ ഇ.എസ്.എ. ആയും ഡിവൈഡ് ചെയ്യാൻ കഴിയില്ല എന്നാണ് പറയുന്നത്. ഉദാഹരണത്തിന് കട്ടപ്പന വില്ലേജ് എടുത്താൽ കട്ടപ്പന വില്ലേജിൽ മുനിസിപ്പാലിറ്റിയുണ്ട്. അതിന്റെ തൊട്ടപ്പുറത്ത് ചെറിയ വനപ്രദേശമുണ്ടാകാം. കസ്തൂരിരംഗൻ റിപ്പോർട്ടിനകത്ത് പറയുന്നത് 20 ശതമാനമെങ്കിലും അവിടെ വനപ്രദേശമുണ്ടെങ്കിൽ കട്ടപ്പന പട്ടണം കൂടി ഇ.എസ്.എ. ആക്കും എന്നുപറയുന്നതിനോട് ഒരു ഗവൺമെന്റിന് എങ്ങനെ യോജിക്കാൻ കഴിയും. അത് അപ്പുറത്തും ഇപ്പുറത്തുമുള്ളവർക്ക് ഒരിക്കലും യോജിക്കാൻ സാധ്യമല്ല. ആ വിയോജിപ്പ് നമ്മൾ പറഞ്ഞിരിക്കുകയാണ്. അതിനോട് ഞങ്ങൾ യോജിക്കുന്ന പ്രശ്നവുമില്ല. ഇതിന്റെ തുടർനടപടിയെക്കുറിച്ച് പറയുകയാണെങ്കിൽ അതൊരു പ്രോസസ്സിൽ നിൽക്കുകയാണ്. കേരള ഗവൺമെന്റിന്റെ ഒപ്പീനിയൻ അറിയാൻ വേണ്ടി കേന്ദ്രമന്ത്രി കേരള മുഖ്യമന്ത്രിക്ക് കത്തെഴുതുമെന്നാണ് അന്നത്തെ യോഗത്തിൽ അവർ പ്രഖ്യാപിച്ചത്. പക്ഷെ നമ്മുടെ നിലപാട് ഇതുതന്നെയായിരിക്കും. അർത്ഥശങ്കയ്ക്കിടയില്ലാതെ പറയാം, ഈ നിലപാടിനകത്തുനിന്ന് ഒരിഞ്ചുപോലും കേരള ഗവൺമെന്റ് മാറുന്ന പ്രശ്നമേയില്ല. നമുക്ക് ഒറ്റക്കെട്ടായിനിന്ന് കേരളത്തിന്റെ ഈ പൊതുതാല്പര്യം സംരക്ഷിക്കണം. അതിന് എല്ലാവരും യോജിക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, നമുക്ക് ഒറ്റക്കെട്ടായി നിൽക്കാം. പക്ഷെ ഈ ഗവൺമെന്റ് എന്താണ് ചെയ്യാൻ പോകുന്നതെന്നറിയണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇന്ത്യാ ഗവൺമെന്റിനെ ബോധ്യപ്പെടുത്താൻ കഴിയുന്ന എല്ലാ നടപടികളും നടത്തും. അവർക്ക് ബോധ്യപ്പെടണം. അല്ലാതെ സാധ്യമല്ല. കാരണം കേരളത്തിലെ ജനജീവിതത്തെ അനിശ്ചിതത്വത്തിൽ കൊണ്ടിടാൻ ആർക്കെങ്കിലും കഴിയുമോ? അതുകൊണ്ട് നിയമപരമായി എല്ലാ വശങ്ങളിലും കേരള ജനതയുടെയും കേരള ഗവൺമെന്റിന്റെയും എല്ലാ മാർഗ്ഗങ്ങളും ഉപയോഗിച്ച് അവരെ ബോധ്യപ്പെടുത്താൻ ശ്രമിക്കും.

ശ്രീ. ബെന്നി ബെഹനാൻ : സർ, ഇവിടത്തെ ചോദ്യം പരിസ്ഥിതി സംരക്ഷണ അവബോധമാണ്. ഈ അവബോധം വളർത്തേണ്ടത് വളർന്നുവരുന്ന തലമുറയിലാണ്. ഇന്ത്യയുടെ സംസ്കാരത്തിലും, പാരമ്പര്യത്തിലും ആചാരങ്ങളിലും പരിസ്ഥിതി സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ഒട്ടേറെ കാര്യങ്ങളുണ്ട്. ഉദാഹരണത്തിന്, നമ്മുടെ സർപ്പക്കാവ് ഉൾപ്പെടെയുള്ളവ. പക്ഷെ അതൊരു അന്ധവിശ്വാസമല്ല, അതിനൊരു ശാസ്ത്രീയ ബോധമുണ്ട്. അതുപോലെതന്നെ മഹാത്മാഗാന്ധിയുടെ രാഷ്ട്രീയ ചിന്തകളും ആദർശങ്ങളുമൊക്കെ പരിസ്ഥിതിയുമായി ഇണങ്ങിച്ചേർന്നിട്ടുള്ളതാണ്. അതുകൊണ്ട് നമ്മുടെ പാരമ്പര്യത്തിലും ആചാരങ്ങളിലും അടങ്ങിയിരിക്കുന്ന കാര്യങ്ങൾ അതിന്റെ അന്ധവിശ്വാസങ്ങൾ മാറ്റി ശാസ്ത്രീയാവബോധവും മഹാത്മാഗാന്ധിയെപ്പോലെയുള്ള രാഷ്ട്രീയ നേതാക്കന്മാരുടെ ആശയങ്ങളും ഉൾപ്പെടുത്തി സിലബസ്സുകളുണ്ടാക്കി ആ സിലബസ്സുകൾ വരുംതലമുറയ്ക്ക് പരിസ്ഥിതി അവബോധം വളർത്തുന്നതിനുവേണ്ടി നടപ്പാക്കാൻ തയ്യാറാകുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അങ്ങ് പറഞ്ഞ നിർദ്ദേശം വളരെ വിലപ്പെട്ടതാണ്. നമ്മുടെ കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിനുവേണ്ടി ഒരു പദ്ധതിതന്നെ വനം വകുപ്പിന്റെ കീഴിലുണ്ട്. അതെല്ലാം നമുക്ക് സംരക്ഷിച്ച പോരണം. കാരണം, അത് ആത്യന്തികമായി പരിസ്ഥിതി സംരക്ഷണത്തിലാണ് നിൽക്കുന്നത്. നമ്മുടെ നക്ഷത്രവനം പദ്ധതിക്കകത്ത് തെരഞ്ഞെടുക്കുന്ന വൃക്ഷ ഇനങ്ങളെല്ലാം ലക്ഷണമൊത്ത വൃക്ഷങ്ങളാണ്. ഇതെല്ലാംകൂടി ചേരുമ്പോൾ അത് നന്നായി മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കും. സിലബസ്സിൽ ചേർക്കണമെന്ന അഭിപ്രായപ്രകടനം നടത്താൻ മാത്രമേ ഞങ്ങൾക്ക് കഴിയൂ. പക്ഷെ ഫൈനൽ തീരുമാനമെടുക്കേണ്ടത് വിദ്യാഭ്യാസ വകുപ്പാണ്. ഞങ്ങളുടെ അഭിപ്രായം സ്വാഭാവികമായും ഇത് സിലബസ്സിൽ ചേർക്കണമെന്നുള്ളതാണ്.

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, ഇത് ബാധിക്കുന്ന പ്രദേശത്തെ ജനങ്ങളടക്കം കേരളത്തിലെ മുഴുവൻ ജനങ്ങളും സർക്കാരിന്റെ കൂടെനിൽക്കുക യാണെന്നാണ്. വാസ്തവത്തിൽ അത് ശരിയല്ല. ഇവിടെ കൊടുത്തിരിക്കുന്ന റിപ്പോർട്ട് എങ്ങനെ നടപ്പിലാക്കുമെന്നത് ഗൗരവത്തോടുകൂടി കാണേണ്ടതുണ്ട്. ഒരു പഞ്ചായത്തിൽ 20 മുതൽ 120 വരെ കേന്ദ്രങ്ങൾ ഇ.എസ്.എ. എന്ന് രേഖപ്പെടുത്തിക്കൊടുത്തിരിക്കുകയാണ്. 5 കി. മീറ്റർ ആണ് ഇ.എസ്.എ.യുടെ അപ്പുറത്തേയ്ക്കും ഇപ്പുറത്തേയ്ക്കും അതിന്റെ എല്ലാ സൈഡിലേയ്ക്കും സംരക്ഷണ മേഖലയായി കൊടുക്കേണ്ടത്. ഇവിടെ കുമിളി - മൂന്നാർ റോഡിന്റെ രണ്ട് സൈഡിലേയ്ക്കുമുള്ള പ്രദേശങ്ങൾ, കേരള ഗവൺമെന്റ് തീരുമാനിച്ചതനുസരിച്ച് ഒരു കി.മീറ്റർ വീതം രണ്ട് സൈഡിലോട്ടുമെടുത്താൽ എത്ര ആയിരം കൃഷിക്കാരെ അത് ബാധിക്കും. അതുപോലെ ഇടയ്ക്കെല്ലാം റോഡുകൾ കിടക്കുകയാണ്. റോഡുകൾ, തോടുകൾ, ആറ്, ചതുപ്പ്, പാറക്കെട്ടുകൾ തുടങ്ങി 120 കേന്ദ്രം ഒരു പഞ്ചായത്തിൽ മാത്രം ഇ.എസ്.എ. എന്ന് രേഖപ്പെടുത്തിക്കൊടുത്തിട്ട് ഏതടിസ്ഥാനത്തിലാണ് ഇത് നടപ്പാക്കാൻ കഴിയുക. അതുകൊണ്ട് ഗവൺമെന്റ് വെറുതെ വാചകമടിച്ചിട്ട് കാര്യമില്ല, നിങ്ങൾ ഇത് പഠിച്ചിട്ടില്ല, ഇത് പ്രായോഗികമായി നടപ്പാക്കാൻ നിങ്ങളെക്കൊണ്ടുകഴിയുന്ന കാര്യമല്ല, നിങ്ങൾ ഇവിടെ പറഞ്ഞുകൊണ്ടിരിക്കുന്നത് തികച്ചും വഞ്ചനാപരമായ കാര്യമാണ്. ഇതിന് നിങ്ങൾ കടുത്ത വിലകൊടുക്കേണ്ടി വരും. അതുസംബന്ധിച്ചാണ് നിങ്ങൾ മറുപടി പറയേണ്ടത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ചോദ്യോത്തര സമയത്ത് കടുത്ത വിലകൊടുക്കേണ്ടിവരുമെന്ന് പറഞ്ഞാൽ ഞാൻ എന്തു മറുപടിയാണ് പറയേണ്ടത്. അതിന് വേറെ മറുപടിയൊന്നുമില്ല. കേരളം രക്ഷപ്പെടാനുള്ള മാർഗ്ഗമാണ് നമ്മൾ നോക്കുന്നത്. Cadastral map ഉണ്ടാക്കിയത് ഏകപക്ഷീയമായിട്ടല്ല. അവിടത്തെ പഞ്ചായത്ത് പ്രസിഡന്റും ജനപ്രതിനിധികളുമായി ആലോചിച്ചില്ലേ; സൈറ്റ് ഇൻസ്പെക്ഷൻ നടത്തിയില്ലേ; അതിനുശേഷം cadastral map-ന്റെ കരട് പ്രസിദ്ധീകരിച്ചില്ലേ; ആ കരടിനെക്കുറിച്ചുള്ള ആക്ഷേപം കേട്ടില്ലേ; അതിനുശേഷമല്ലേ ഫൈനൽ തീരുമാനം വന്നത്? ആ cadastral map ആണ് അവിടെ കൊടുത്തത്. ഇവിടെ നടത്തേണ്ട പ്രോസസ്സ് എല്ലാം നടത്തിയതിനുശേഷമാണ് കേന്ദ്ര ഗവൺമെന്റിന് കൊടുത്തത്. ഇന്ത്യാ ഗവൺമെന്റ് നമ്മുടെ ഈ നിലപാട് അംഗീകരിക്കും എന്നതാണ് നമുക്ക് തന്നിട്ടുള്ള ഉറപ്പ്. ആ ഉറപ്പിന്മേലുള്ള പ്രതീക്ഷയിലാണ് നമ്മൾ കാത്തിരിക്കുന്നത്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : സർ, പരിസ്ഥിതി സംരക്ഷണത്തിൽ നമ്മൾ ഏറെ മുന്നിലാണ്. കഴിഞ്ഞ കാലങ്ങളെ അപേക്ഷിച്ചുനോക്കുമ്പോൾ നമ്മുടെ വനവിസ്തൃതി വളരെ വർദ്ധിച്ചിട്ടുണ്ട്. പക്ഷെ മലയോര മേഖലയിൽ വന സംരക്ഷണ അധികൃതരും പ്രാദേശിക ജനങ്ങളും തമ്മിലുള്ള ഏറ്റുമുട്ടലുകൾ കൂടിക്കൂടിവരികയാണ്. മലയോര മേഖലകളിലെ ഏറ്റുമുട്ടൽ ശക്തമാകുന്നതിനുള്ള ഒരു പ്രധാനപ്പെട്ട കാരണം വനഭൂമിയും റവന്യൂ ഭൂമിയും വേർതിരിക്കുന്ന കാര്യത്തിൽ നമ്മൾ ഇപ്പോഴും വളരെ പിറകിലാണെന്നതാണ് പലയിടത്തും ജോയിന്റ് വെരിഫിക്കേഷൻ നടത്തേണ്ടതുണ്ട് എന്നുപറയുകയും എന്നാൽ ജോയിന്റ് വെരിഫിക്കേഷൻ നടത്തുന്നതിന് യാതൊരു വിധത്തിലുള്ള നടപടികളും സ്വീകരിക്കാതിരിക്കുയുമാണ് ചെയ്യുന്നത്. മണ്ണാർക്കാട് താലൂക്കിൽ 418 കർഷകർക്ക് ഭൂമി കൊടുക്കാൻ ജോയിന്റ് വെരിഫിക്കേഷന്റെ അടിസ്ഥാനത്തിൽ തീരുമാനിച്ചെങ്കിലും ഇതുവരെ പട്ടയം കൊടുത്തിട്ടില്ല. 5-6 വർഷമായി അത് പെൻഡിംഗിലാണ്. പരിസ്ഥിതി സംരക്ഷിക്കുന്നതോടൊപ്പം തന്നെ ഇ.എഫ്.എൽ.-ന്റെ കാര്യം പറഞ്ഞല്ലോ. ഇത് അനധികൃതമായതാണ്, വിട്ടുകൊടുക്കണമെന്ന് കോടതി വിധിപോലുമുണ്ട്. എം.എൽ.എ.മാരെ ഉൾപ്പെടുത്തി കമ്മിറ്റി ഉണ്ടാക്കി. പക്ഷെ ഒന്നു രണ്ടുതവണയാണ് ആ കമ്മിറ്റി കൂടിയത്. അപേക്ഷകൾ ക്ഷണിക്കാനും അതിൽ ചേരാനുമുള്ള താല്പര്യവും വനം വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. ഈ കാര്യത്തിൽകൂടി അങ്ങയുടെ ശ്രദ്ധയുണ്ടാകണം. അതിനെക്കുറിച്ചൊരു വിശദീകരണവും ലഭ്യമാക്കണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, അങ്ങ് പറയുന്ന പ്രത്യേകമായിട്ടുള്ള കാര്യമെന്താണെന്നുള്ളത് എഴുതിത്തന്നാൽ അതിനെക്കുറിച്ച് ആലോചിക്കാം. പൊതുവായിട്ടുള്ള കാര്യമെടുത്താൽ സൗഹൃദമായിട്ടുള്ള രൂപത്തിൽ കൊണ്ടുപോകാനുള്ള ശ്രമമാണ് നമ്മൾ നടത്തുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷം കൊടുത്തിരിക്കുന്ന പട്ടയത്തിന്റെ കണക്ക് പറയേണ്ടത് റവന്യൂ വകുപ്പുമന്ത്രിയാണ്. അതുകൊണ്ട് ഞാൻ അത് പറയുന്നില്ല. പക്ഷെ ഏത് കാലഘട്ടത്തുമുള്ളതിനെക്കാൾ കൂടുതൽ പട്ടയം ഈ ഗവൺമെന്റ് കൊടുത്തിട്ടുണ്ട്. ഒരു കാര്യം ഉറപ്പിച്ചുപറയാം. 1-1-1977 എന്നത് cut of date ആണ്. അതിനുമുമ്പുണ്ടായിരുന്ന കുടിയേറ്റക്കാരെല്ലാം പട്ടയത്തിന് അർഹരാണ്. അതിനുവേണ്ടിയുള്ള പ്രോസസ്സാണ് നമ്മൾ നടത്തിക്കൊണ്ടിരിക്കുന്നത്. അർഹരായവർക്ക് ആ പട്ടയം ലഭിക്കുന്നതിനുവേണ്ടി ജോയിന്റ് വെരിഫിക്കേഷൻ വേണം. അതിനുവേണ്ടിയുള്ള ജോയിന്റ് വെരിഫിക്കേഷനാണ് നടന്നിട്ടുള്ളത്. ഏതെങ്കിലും ഒറ്റപ്പെട്ട കേസിൽ ജോയിന്റ് വെരിഫിക്കേഷൻ നടക്കാത്തതുണ്ടെങ്കിൽ അവിടെ ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയാക്കി അവർക്ക് പട്ടയം കൊടുക്കാനുള്ള നടപടിയുണ്ടാകണമെന്ന് നിർദ്ദേശം കൊടുക്കും.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, പരിസ്ഥിതി സംരക്ഷണാവബോധം വളർത്തുന്നതു സംബന്ധിച്ച ചോദ്യമാണ് ഇവിടെ ഉന്നയിച്ചിട്ടുള്ളത്. ഒരു പ്രധാനപ്പെട്ട പ്രശ്നം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ വേണ്ടിയാണ് ഞാൻ ഈ ചോദ്യം ചോദിക്കുന്നത്. കാസർഗോഡ് കാഞ്ഞങ്ങാടിൽ 29 കി. മീ. കെ.എസ്.റ്റി.പി. പാത നിർമ്മാണത്തിന് 28 മരങ്ങൾ മാത്രം മുറിച്ചുമാറ്റാനുള്ള അനുമതിയുണ്ടെന്നാണ് മനസ്സിലാക്കുന്നത്. വനങ്ങൾ സംരക്ഷിക്കേണ്ടതിനെക്കുറിച്ച് പറഞ്ഞപ്പോൾ, പുതിയ വനവൽക്കരണത്തിനുള്ള പദ്ധതിയും നിലവിലുള്ള മരങ്ങൾ സംരക്ഷിക്കുന്നതിനുള്ള പദ്ധതിയുമാണ് ഇവിടെ തുടർന്നുവരുന്നതെന്നും അങ്ങ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. 28 മരങ്ങൾ മാത്രം മുറിച്ചുമാറ്റാൻ അനുമതിയുള്ളപ്പോൾ റോഡിനിരുവശത്തുമുള്ള 700-ൽപ്പരം മരങ്ങൾ മുറിച്ചുമാറ്റിയതായാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. പരിസ്ഥിതി സംരക്ഷണാവബോധത്തെ കുറിച്ച് ചർച്ച ചെയ്യുമ്പോൾ ക്രമവിരുദ്ധമായി മരങ്ങൾ വെട്ടിവീഴ്ത്തി ശവപ്പറമ്പ് പോലെയാക്കി മാറ്റിയ അവസ്ഥയെക്കുറിച്ച് അന്വേഷിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് പറഞ്ഞ കാര്യം പരിശോധിക്കാം ഇത്തരം കാര്യങ്ങൾക്കായി ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമടങ്ങുന്ന ഒരു ട്രീ കമ്മിറ്റിയുണ്ട്. മരം വെട്ടി മാറ്റണമെങ്കിൽ ആ ട്രീ കമ്മിറ്റിയുടെ മുമ്പിൽ അപേക്ഷ നൽകി അനുമതി വാങ്ങിക്കണം. നേരത്തെ ഇവിടെപ്പറഞ്ഞതുപോലെ, അലിഖിതമായ ഒരു സാഹചര്യമുണ്ട്-ഒരു മരം മുറിക്കുമ്പോൾ പത്ത് മരം വയ്ക്കണമെന്നുള്ളതാണ്. എന്തായാലും അങ്ങ് പറഞ്ഞ പ്രത്യേകമായ കാര്യം എന്താണെന്ന് പരിശോധിക്കാം. ഈ നിയമങ്ങൾ പാലിക്കാതെയാണ് ചെയ്തിട്ടുള്ളതെങ്കിൽ അതിനെ സംബന്ധിച്ച് എന്ത് നടപടി വേണമെന്നുള്ളത് പരിശോധിക്കാം.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, പരിസ്ഥിതി പരിരക്ഷിക്കണമെങ്കിൽ മനുഷ്യൻ വേണം. ഊരാച്ചുണ്ട്, പനങ്ങാട്, ഉണ്ണിക്കുളം പഞ്ചായത്തുകളിലെ കർഷകരുടെ നികുതി അടയ്ക്കാത്തതുസംബന്ധിച്ച് ഫോറസ്റ്റുദ്യോഗസ്ഥരും കർഷകരും തമ്മിലുള്ള തർക്കത്തെക്കുറിച്ച് വളരെ വിശദമായ ഒരു യോഗം നടന്നിരുന്നു. ആ യോഗത്തിൽ ഒരു തീരുമാനവും വന്നിരുന്നതാണ്. എന്നാൽ കർഷകർ നികുതി അടയ്ക്കാൻ പോയപ്പോൾ ഉത്തരവ് കിട്ടിയിട്ടില്ല എന്നാണ് പറയുന്നത്. എത്രയുംപെട്ടെന്ന് ഉത്തരവിറക്കാൻ കഴിയുമോ അതോ അവരെ വഞ്ചിക്കുന്ന തരത്തിലാകുമോ എന്നു പറഞ്ഞാൽ കൊള്ളാം. അങ്ങ് കൂടി പങ്കെടുത്ത യോഗമാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഊരാച്ചുണ്ട് പ്രശ്നത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ അങ്ങും ഞാനും പങ്കെടുത്തിരുന്നു. ആ യോഗത്തിൽ ചില തീരുമാനമെടുത്തിട്ടുണ്ട്. ആ മിനിറ്റ്സ് അപ്രൂവ് ചെയ്തുവന്നാലുടൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ആ യോഗത്തിലെ തീരുമാനങ്ങൾ നടപ്പാക്കുന്നതാണ്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, സാമൂഹ്യവനവൽക്കരണത്തിന്റെ ഭാഗമായി വനം വകുപ്പും ഫിഷറീസ് വകുപ്പും ചേർന്നുകൊണ്ട് തീരദേശത്ത് വനവൽക്കരണം നടപ്പാക്കുക എന്ന ലക്ഷ്യത്തോടെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒട്ടേറെ മരങ്ങൾ വച്ചുപിടിപ്പിച്ചിരുന്നു. ആ മരങ്ങൾ വച്ചുപിടിപ്പിക്കുന്നത് പ്രായോഗികമല്ല എന്നൊക്കെയുള്ള അഭിപ്രായങ്ങൾ അന്നത്തെ മാധ്യമങ്ങളിൽ വന്നിരുന്നു. സാമൂഹ്യവനവൽക്കരണ പരിപാടിയുടെ ഭാഗമായി അന്ന് വച്ചുപിടിപ്പിച്ച മരങ്ങളുടെ സ്ഥിതിയെന്താണ്? തീരദേശത്ത് സാമൂഹ്യവനവൽക്കരണ പരിപാടി ഇപ്പോൾ നിലവിലുണ്ടോ? ഈ സർക്കാരിന്റെ കാലഘട്ടത്തിൽ എവിടെയെങ്കിലും അത് നടപ്പാക്കിയിട്ടുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, 2005-ൽ ഞാൻ വനം വകുപ്പ് മന്ത്രിയായിരുന്നപ്പോൾ ആരംഭിച്ച പദ്ധതിയാണത്. ഇപ്പോഴും ആ മരങ്ങളൊക്കെ വളരെ ഭംഗിയായി നിൽക്കുന്നത് കാണാം. പ്രത്യേകിച്ച് ശ്രീ. സി. ദിവാകരന്റെ നിയോജകമണ്ഡലത്തിന്റെ ഒരു ഭാഗത്തുള്ള തീരദേശം മുഴുവൻ മരം വച്ചുപിടിപ്പിച്ചു. അവിടെ ആ മരങ്ങളെല്ലാം ഇപ്പോഴും നന്നായി നിൽക്കുന്നുണ്ട്. വച്ചുപിടിപ്പിച്ച മുഴുവൻ മരങ്ങളും അതേപടി നിൽക്കുന്നുവെന്ന് ഞാൻ അവകാശപ്പെടുന്നില്ല. എങ്കിലും തീരദേശത്തെ തീരവനം പദ്ധതി കുഴപ്പമില്ലാതെ നന്നായി മുന്നോട്ടുപോകുന്നുണ്ട്.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, കേരളത്തിൽ 21 ശതമാനം വനമാണെന്നും 48 ശതമാനം വൃക്ഷാവരണമാണെന്നും ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. എന്നിട്ടും കേരളത്തിൽ പരിസ്ഥിതി പ്രശ്നങ്ങളുണ്ടാവുകയാണ്-കാലംതെറ്റിയ മഴ, മഴക്കാലത്തെ വേനൽ. എന്റെ നിയോജകമണ്ഡലത്തിലെ നെല്ലിയാമ്പതിയിൽ നല്ല സ്വാദുള്ള ഓറഞ്ചുണ്ടായിരുന്നു, എന്നാൽ അതിപ്പോഴില്ല. അതുപോലെ മുതലമട, തെക്കേ ഇന്ത്യയിലെ മാംഗോ സിറ്റി എന്നാണ് അറിയപ്പെടുന്നത്. കാലം തെറ്റി മഴ പെയ്യുന്നതുമൂലം മാവ് പൂക്കുന്നില്ല. അത്തരം ഒരു പ്രതിസന്ധി കേരളത്തിൽ ഉടലെടുക്കുന്ന അവസരത്തിൽ ഇവിടത്തെ നെൽവയലുകൾ മുഴുവൻ നികത്താനാണ് ഈ ഗവൺമെന്റ് തീരുമാനിച്ചത്. അത്തരത്തിൽ എടുത്ത തെറ്റായ തീരുമാനം പിൻവലിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചാണ് അങ്ങിവിടെ പറഞ്ഞത്. കേരളത്തിന്റെ പ്രത്യേകതകൾ വച്ച് കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് സ്റ്റഡി ചെയ്യുന്നതിനായി ഇവിടെയൊരു ഇൻസ്റ്റിറ്റ്യൂട്ടുണ്ട്, അവർ അത് പരിശോധിക്കുന്നുണ്ട്. യു.ജി.സി.യുടെ സഹായത്തോടുകൂടി റിസർച്ച് വർക്കും അവർ നടത്തുന്നുണ്ട്. അത് ഭംഗിയായി കൊണ്ടുപോകാം. അങ്ങയുടെ ചോദ്യത്തിന്റെ രണ്ടാം ഭാഗം, അങ്ങയുടെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ടതാണ്. അത് എന്താണെന്നുള്ളത് പരിശോധിച്ചതിനുശേഷം മറുപടി പറയാം.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് പൊതുവായി ചർച്ച ചെയ്യുമ്പോൾ, മരം വച്ചുപിടിപ്പിക്കുന്നതിനെക്കുറിച്ചാണ് കൂടുതലും സംസാരിക്കുന്നത്. യഥാർത്ഥത്തിൽ പരിസ്ഥിതി സംരക്ഷണത്തിൽ മരങ്ങളോടൊപ്പം പ്രാധാന്യമുള്ള സൂക്ഷ്മജീവികളുണ്ട്. മണ്ണിലുള്ള ലക്ഷക്കണക്കിന് മൈക്രോബുകൾ പരിസ്ഥിതി സംരക്ഷണത്തിന് വലിയ സംഭാവനയാണ് നൽകുന്നത്. ഇതെല്ലാം പരസ്പരം ഒന്നിച്ചുചേർന്ന് സന്തുലിതമായി നിൽക്കണമെങ്കിൽ ഏറ്റവും പ്രധാനപ്പെട്ടത് നീർത്തടങ്ങൾ സംരക്ഷിക്കുക എന്നുള്ളതാണ്. പരിസ്ഥിതി സംരക്ഷണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട അടിസ്ഥാന ഘടകം നീർത്തട സംരക്ഷണമാണ്. വന നീർത്തടമെന്നും സമതല നീർത്തടമെന്നും അതിൽതന്നെ മാക്രോ, മൈക്രോ നീർത്തടങ്ങൾ എന്നും നിരവധി നീർത്തടങ്ങളുണ്ടെന്ന് അങ്ങേയ്ക്കറിയാം. ഇത്തരത്തിലുള്ള നീർത്തടങ്ങൾ പരസ്പരപൂരകമായി നിലനിർത്തത്തക്കവിധത്തിൽ നിലവിലുള്ള നീർത്തടസംരക്ഷണ നിയമം കുറേക്കൂടി ശക്തമാക്കിക്കൊണ്ട് നീർത്തടങ്ങളെ പരിപാലിക്കാനുള്ള നിയമമെടുക്കുമോ? ഇപ്പോൾ കുറച്ചുനാളുകളായി നീർത്തടസംരക്ഷണ നിയമത്തിൽ കുറേ ഡൈല്യൂഷൻസ് വരുത്തിയതായി കാണുന്നുണ്ട്. ആ രീതിയിൽ നീർത്തടനിയമത്തെ ഇല്ലാതാക്കുന്ന രീതിയിലേയ്ക്ക് പോകാനാണോ നീർത്തടപരിപാലനം കുറേക്കൂടി ശക്തമാക്കി പരിസ്ഥിതി സന്തുലനം ശാസ്ത്രീയമായി നിലനിർത്താനുള്ള ശ്രമം നടത്തുമോ എന്നാണ് ചോദിക്കാനുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സൂക്ഷ്മാണുക്കളുടെ സംരക്ഷണത്തെ സംബന്ധിച്ചാണ് അങ്ങ് പറഞ്ഞത്. സൂക്ഷ്മാണുക്കളുടെ സംരക്ഷണത്തിനുവേണ്ടി നീർത്തട സംരക്ഷണം വേണമെന്നുള്ളത് തന്നെയാണ് ഗവൺമെന്റിന്റെയും നിലപാട്. ആ നിലപാടിനകത്ത് ഒരു വ്യത്യാസവുമില്ല. അതുസംബന്ധിച്ച് നിയമം പാസ്സാക്കി, ആ ആക്ട് കേരളത്തിൽ പ്രാബല്യത്തിൽ നിൽക്കുകയാണ്. ആ ആക്ട് നിൽക്കുന്നിടത്തോളംകാലം അതിനെക്കുറിച്ച് ഒരു പുനർചിന്തനം ആവശ്യമില്ല എന്നുള്ളതാണ് നിലപാട്.

ശ്രീ. കെ. എം. ഷാജി: സർ, യഥാർത്ഥത്തിൽ 100 ഏക്കർ വനഭൂമിയെക്കാൾ പ്രധാനമാണ് ഒരു ഏക്കർ കണ്ടൽവനമെന്നാണ് ശാസ്ത്രം പറയുന്നത്. തീരദേശസ്കൂളുകളിലെ കുട്ടികളെ കേന്ദ്രീകരിച്ചുകൊണ്ട് കണ്ടൽവനങ്ങൾ വച്ചുപിടിപ്പിക്കാൻ ഒരു പ്രത്യേക പാക്കേജ് നടപ്പാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് പറഞ്ഞത് വളരെ പ്രധാനപ്പെട്ട പ്രൊപ്പോസലാണ്. കണ്ണൂരിൽ 100 ഏക്കർ കണ്ടൽവനങ്ങൾ ഗവൺമെന്റ് ഏറ്റെടുത്തു, ഇപ്പോൾ അവിടെ 400 ഏക്കർ കൂടി എറ്റെടുത്ത് വനപ്രദേശമാക്കി ഡിക്ലയർ ചെയ്യുകയാണ്. അത് റിസർവ് വനമായി വന്നുകഴിഞ്ഞാൽ പിന്നീട് ഡീഫോറസ്റ്റേഷന് സാധ്യമല്ല. അതുകൊണ്ട് ആ നിലപാട് എടുത്തിരിക്കുകയാണ്. മാത്രമല്ല ആദ്യമായിട്ടാണ് ഈ കണ്ടൽക്കാടുകൾ വനത്തിന്റെ ഭാഗമാക്കിമാറ്റിയത്. അതുവഴി കണ്ടൽവനങ്ങളുടെ വനവിസ്തൃതി വർദ്ധിച്ചിട്ടുണ്ട്.

ശ്രീ. കെ. രാജു: സർ, വനവൽക്കരണത്തിന്റെ ഭാഗമായി അക്കേഷ്യ, യൂക്കാലിപ്റ്റസ് തുടങ്ങിയ മരങ്ങൾ വച്ചുപിടിപ്പിക്കുന്ന ഏർപ്പാട് വനം വകുപ്പ് ഇപ്പോഴും നടത്തുന്നുണ്ട്. യഥാർത്ഥത്തിൽ അക്കേഷ്യയും യൂക്കാലിപ്റ്റസുമൊക്കെ കൃഷി ചെയ്യുന്നതുമൂലം പരിസ്ഥിതിക്ക് വലിയ ദോഷം വരുന്നുവെന്നുമാത്രമല്ല ആ പ്രദേശത്തെ തന്നെ മുഴുവൻ വെള്ളവും ഊറ്റിക്കൊണ്ടുപോവുകയാണ്. സമീപപ്രദേശങ്ങളിൽ ഒരു കൃഷിയും ചെയ്യാൻ സാധിക്കാത്ത സ്ഥിതിയുണ്ടായിരിക്കുകയാണ്. അതുകൊണ്ട് വനംവൽക്കരണത്തിന്റെ ഭാഗമായി അക്കേഷ്യ, യൂക്കാലിപ്റ്റസ് തുടങ്ങിയ മരങ്ങൾ വച്ചുപിടിപ്പിക്കുന്ന നടപടി നിർത്തണം. അങ്ങനെയുള്ള പ്ലാന്റേഷനുകളിൽ അവ വെട്ടിമാറ്റി മനുഷ്യർക്ക് പ്രയോജനമുള്ള പ്ലാവ്, മാവ് തുടങ്ങിയ ഫലവൃക്ഷങ്ങൾ കൃഷി ചെയ്യുവാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വനവൽക്കരണത്തിന്റെ ഭാഗമായി വിതരണം ചെയ്യുന്ന തൈകളുടെ ലിസ്റ്റിനകത്ത് അക്കേഷ്യയും യൂക്കാലിപ്റ്റസുമില്ല. അതിന്റെ അർത്ഥം കേരളത്തിൽ അക്കേഷ്യയും യൂക്കാലിപ്റ്റസുമില്ലെന്നല്ല. എച്ച്.എൻ.എല്ലിൽ ഫയർവുഡായി യൂക്കാലിപ്റ്റസാണ് ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. കാപ്റ്റീവ് പ്ലാന്റേഷൻ എന്നുള്ള നിലയിൽ കുറേ സ്ഥലത്ത് അവർ പ്ലാന്റേഷൻ നടത്തുന്നുണ്ട്. ഇപ്പോൾ അക്കേഷ്യയോട് പൊതുവേ ആളുകൾക്കും താല്പര്യമില്ല,

അത് വെട്ടിമാറ്റുകയാണ് ചെയ്യുന്നത്. എന്നാൽ റോഡരികത്ത് പലയിടത്തുമുണ്ട്. ഒരു കാലഘട്ടത്തിൽ വനവൽക്കരണത്തിന്റെ ഭാഗമായി വച്ചുപിടിപ്പിച്ചതാണ്, പക്ഷേ പരീക്ഷണത്തിൽ നിന്ന് അത് വെള്ളം കൂടുതൽ ഊറ്റുന്നു എന്ന് കണ്ടെത്തിയതായിട്ടുള്ള വിദഗ്ദ്ധ അഭിപ്രായങ്ങൾ വന്നിട്ടുണ്ട്. വനം വകുപ്പ് വിതരണം ചെയ്യുന്ന വൃക്ഷത്തൈകളുടെ ഇനത്തിൽ ഇത് രണ്ടും ചേർത്തിട്ടില്ല.

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, നേരത്തെ ചോദിച്ച ചോദ്യത്തിന്റെ വേറൊരു ഭാഗം ഞാൻ ചോദിക്കുകയാണ്. ധാരാളം മരങ്ങൾ റോഡിന്റെ സൈഡുകളിലും മറ്റ് സ്ഥലങ്ങളിലുമൊക്കെ വച്ചുപിടിപ്പിക്കുന്നുണ്ട്. മുമ്പ് വച്ചുപിടിപ്പിച്ച മരങ്ങൾ ഇപ്പോൾ പലതും അടർന്നുവീണു, പൊട്ടിവീണുകൊണ്ടിരിക്കുകയാണ്. എന്റെ മണ്ഡലത്തിൽ രണ്ട് പേർ, ഒരു വഴിയാത്രക്കാരനും ശ്രീകൃഷ്ണാ കോളേജിൽ കലോത്സവം നടന്നുകൊണ്ടിരിക്കുമ്പോൾ ഒരു കുട്ടിയും മരം പൊട്ടിവീണു മരിച്ചിരുന്നു. ഇതെല്ലാം പഴയ മട്ടി മരങ്ങളാണ്, ഇതിന്റെയുള്ളിൽ പോടാണ്, ഇത് അറിയാൻ പറ്റുന്നില്ല. അതുകൊണ്ട് മരം വച്ചുപിടിപ്പിക്കുന്നതോടൊപ്പം തന്നെ വച്ചുപിടിപ്പിക്കുന്ന മരം ഏതാണെന്ന കാര്യത്തിൽ ധാരണയുണ്ടാകണം. ആര്യവേപ്പ്, പുളിമരം പോലെയുള്ള വേരോട്ടമുള്ള മരങ്ങൾ വേണം വച്ചുപിടിപ്പിക്കാൻ. അതല്ലാതെ, വേര് തീരെ പടരാത്ത മരങ്ങൾ വച്ചുപിടിപ്പിച്ചാൽ ചെറിയ കാറ്റടിക്കുമ്പോൾ മരം വീണ് ആളുകൾ മരിക്കുകയാണ്. മരം പൊട്ടിവീണ് മരിച്ച ആളുകൾക്ക് നഷ്ടപരിഹാരം കൊടുക്കുന്നതിനുവേണ്ടി എന്തെങ്കിലും സംവിധാനത്തെ കുറിച്ച് ആലോചിക്കുമോ; ഭാവിയിലെങ്കിലും അക്കേഷ്യ, യൂക്കാലിപ്റ്റസ് പോലെ ഒരു ഗുണവുമില്ലാത്ത വെള്ളമെല്ലാം വലിച്ചൂറ്റുന്ന ചുറ്റുവട്ടത്തുള്ള എല്ലാ ചെടികളെയും ഉണക്കുന്ന തരത്തിലുള്ള മരങ്ങൾ വച്ചുപിടിപ്പിക്കാതെ ഇതുപോലുള്ള ഔഷധ മരങ്ങൾ നടാൻ ഇടപെടൽ നടത്തുമോ; അതിനാവശ്യമായ തീരുമാനം എടുക്കുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അങ്ങ് പറഞ്ഞ പ്രൊപ്പോസൽ നമുക്ക് അംഗീകരിക്കാവുന്നതാണ്. ജീവന് ഹാനികരമായ മരങ്ങൾ വെട്ടിമാറ്റുന്നതിന് വേണ്ടിയുള്ള നിർദ്ദേശം ഗവൺമെന്റിൽ നിന്നു പോയിട്ടുണ്ട്. അതനുസരിച്ച് ചില സ്ഥലങ്ങളിൽ അതെല്ലാം വെട്ടിമാറ്റിയിട്ടുണ്ട്. അങ്ങ് പറഞ്ഞ പർട്ടിക്കുലർ കേസ് മാധ്യമത്തിൽ ഞാൻ വായിച്ചതാണ്. അതിൽ ഗവൺമെന്റിന് കൊടുക്കാവുന്ന കോമ്പൻസേഷനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ തീരുമാനം

എടുത്തിട്ടുള്ളതാണ്. അതെല്ലാം നമ്മൾ ചെയ്യുന്നതാണ്. മരങ്ങൾ വച്ചു പിടിപ്പിക്കുന്നതിനകത്ത് നേരത്തെ പറഞ്ഞതുപോലുള്ള മരങ്ങളല്ല കൊടുക്കുന്നത്. ഞാൻ ഇവിടെ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾക്കകത്ത് ഈ മരങ്ങൾ ഉൾപ്പെടുന്നതല്ല. അതിനർത്ഥം ഈ മരങ്ങൾ കേരളത്തിൽ ഇല്ലായെന്നുള്ളതല്ല, കേരളത്തിൽ അതുണ്ടാകാം. പക്ഷെ, നമ്മൾ വച്ചുപിടിപ്പിക്കാൻ ആഗ്രഹിക്കുന്ന മരങ്ങൾ ഇതാണ്. മാത്രമല്ല അതിനൊരു റൈഡർ കൂടി ഞാൻ ചേർക്കുന്നു. കേരളത്തിലെ റോഡുകളുടെ സൈഡിൽ വയ്ക്കുന്ന മരങ്ങൾ ചെറിയ ഇല വരുന്ന മരങ്ങളായിരിക്കണം. തമിഴ്നാട്ടിലെ റോഡുകളൊന്നും മഴക്കാലത്ത് ചീത്തയാകുന്നില്ല. കാരണം, പുളി പോലുള്ള ചെറിയ ഇലകളുള്ള മരങ്ങളാണ് വയ്ക്കുന്നത്. അതേസമയം, കേരളത്തിൽ വെള്ളം കുത്തനെ ഒരു പോയിന്റിൽ സ്ഥിരമായി വീഴത്തക്ക വിധത്തിലുള്ളതായതിനാൽ ഇലകളുള്ള മരം വന്നാൽ റോഡുകൾ തകരും. മരം വളരും, റോഡ് തകരും. ഈ രണ്ട് സാഹചര്യങ്ങൾ വരാതിരിക്കാൻ വേണ്ടിയാണ് നമ്മൾ മരങ്ങൾക്കകത്ത് തന്നെ സെലക്ടീവാകാൻ ശ്രമിക്കുന്നത്. അങ്ങനെ സെലക്ടീവായിട്ടുള്ള മരങ്ങളാണ് നമ്മൾ കൊടുക്കുന്നത്. അങ്ങ് ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കണമെന്ന് പറഞ്ഞു. നമ്മൾ വിതരണം ചെയ്യുന്ന ലിസ്റ്റിനകത്ത് ഫലവൃക്ഷങ്ങളുമുണ്ട്.

<u>ശ്രീ. എം. ചന്ദ്രൻ</u> : സർ, വനം വകുപ്പുദ്യോഗസ്ഥരും മലയോരപ്രദേശത്ത് താമസിക്കുന്ന ജനങ്ങളും തമ്മിൽ നിത്യേന അതിർത്തി തർക്കങ്ങളുടെ ഭാഗമായി ഏറ്റുമുട്ടൽ നടക്കുന്നുണ്ട്. വനം വകുപ്പ് സർവ്വേ നടത്തി അതിന്റെ അതിർത്തി നിശ്ചയിച്ച് കഴിഞ്ഞാൽ ദിവസേനയുള്ള ഏറ്റുമുട്ടൽ ഒഴിവാക്കാൻ കഴിയും. ഒരു റോഡ് നന്നാക്കാനോ ഇലക്ട്രിസിറ്റി ലൈൻ കൊണ്ടുപോകാനോ തീരുമാനിച്ചാൽ അത് ഞങ്ങളുടെ സ്ഥലമാണെന്ന് പറഞ്ഞു വനം വകുപ്പ് ഇടപെടും. ഒരു ചെടി വെട്ടിയാൽ കേസ്സെടുക്കും. ഇങ്ങനെ മലയോരത്തെ ജനങ്ങളും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥരും തമ്മിൽ ദിവസേന എറ്റുമുട്ടൽ നടന്നുകൊണ്ടിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ അത് ഒരു നിത്യസംഭവമായി മാറിയിരിക്കുകയാണ്. അതുകൊണ്ട് അങ്ങ് മുൻകയ്യെടുത്ത് ഒരു സർവ്വേ നടത്തി വനത്തിന്റെ അതിർത്തി നിശ്ചയിക്കണം. എന്നാൽ ബാക്കിയുള്ള സ്ഥലം ഒഴിവായികിട്ടുകയും മലയോര ജനതയ്ക്ക് സംരക്ഷണം ലഭിക്കുകയും ചെയ്യും. അതിനൊരു നടപടി സ്വീകരിക്കുമോ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അങ്ങ് പറഞ്ഞതുപോലെ വനവിസ്തൃതി തീരുമാനിക്കുന്നതിനുവേണ്ടി നമ്മുടെ കയ്യിൽ ഗൂഗിൾ മാപ്പുണ്ട്. ആ ഗൂഗിൾ

മാപ്പിനകത്ത് കണ്ടിരിക്കുന്ന അതിർത്തി അനുസരിച്ച് ജണ്ടയിടുക എന്നുള്ളതാണ് നമ്മൾ ചെയ്യേണ്ടത്. ജണ്ട നമ്മൾ ഏറെക്കുറെ ഇട്ട് വരികയാണ്. പക്ഷെ, ചില സ്ഥലങ്ങളിൽ മുഴുവനായിട്ടില്ല. അങ്ങ് സൂചിപ്പിച്ച പ്രശ്നം ആ സ്ഥലങ്ങളിലായിരിക്കാം. നമ്മുടെ കയ്യിൽ അതിർത്തിയില്ലായെന്ന് പറയുന്നത് ശരിയല്ല. ഈ ഗ്ലഗിൾ മാപ്പുവച്ച് അതിർത്തിയെ ഐഡന്റിഫൈ ചെയ്യാൻ പറ്റുന്ന എല്ലാ മാർഗ്ഗങ്ങളുമുണ്ട്. ബാക്കി അവശേഷിക്കുന്ന സ്ഥലത്തുകൂടി ജണ്ടയിടാനുള്ള ശ്രമം നടത്തുന്നുണ്ട്.

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, വനത്തിനകത്തുനിന്ന് വന്യമൃഗങ്ങൾ മനുഷ്യാവാസകേന്ദ്രങ്ങളിലേയ്ക്ക് വരുന്നതിന്റെ പ്രധാനപ്പെട്ട കാരണം മൃഗങ്ങൾക്കാവശ്യമായുള്ള ഭക്ഷണപദാർത്ഥങ്ങളും വെള്ളവും കിട്ടാതെ വരുമ്പോഴാണ്. വനത്തിനകത്തുതന്നെ അതിനാവശ്യമായ സൗകര്യവും അല്ലെങ്കിൽ അതിന്റെ ലഭ്യതക്കുറവിനുള്ള കാരണം എന്താണെന്ന് അന്വേഷിക്കേണ്ടത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. നമ്മൾ ചെയ്യുന്നത്, വനത്തിൽ നിന്ന് മൃഗങ്ങൾ ഇറങ്ങി വരുമ്പോൾ മൃഗങ്ങൾക്കെതിരായി നിലപാടെടുക്കുന്നതിനെക്കുറിച്ച് ആലോചിക്കുകയാണ്. എന്തുകൊണ്ടാണ് മൃഗങ്ങൾ വനത്തിൽ നിന്ന് പുറത്തേയ്ക്ക് വരുന്നതിനെപ്പറ്റിയുള്ള ശരിയായ പഠനം നടത്തി അതിന് നടപടിയെടുക്കാനുള്ള കാര്യമാണ് ഗവൺമെന്റ് ചെയ്യേണ്ടത്. അതിന് എന്തെങ്കിലും തീരുമാനം എടുക്കുന്നുണ്ടോ; അങ്ങനെ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ? അതുപോലെ ഇവിടെ നേരത്തെ സൂചിപ്പിച്ച അക്കേഷ്യ, യൂക്കാലി പോലുള്ള മരങ്ങൾ വളരെ വ്യാപകമായി വയനാട് പോലുള്ള ജില്ലയിൽ വനങ്ങൾക്കകത്തുതന്നെ ധാരാളം വച്ചുപിടിപ്പിച്ചിരിക്കുകയാണ്. ഇത് സ്വാഭാവികമായുള്ള അവിടത്തെ വനത്തിന്റെ പരിസ്ഥിതിയെ തകർക്കുന്നതാണ്. അതുകൊണ്ട് അവിടെ നട്ടുപിടിപ്പിച്ചിരിക്കുന്ന അക്കേഷ്യ, യൂക്കാലിപ്റ്റസ്, സുബാബുൾ പോലെയുള്ള മരങ്ങൾ പരിപൂർണ്ണമായി മുറിച്ചുമാറ്റി സ്വാഭാവിക വനത്തിനുതകുന്ന മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; മൃഗങ്ങൾ പുറത്തേയ്ക്ക് വരാതിരിക്കാൻ വേണ്ടിയുള്ള എന്തൊക്കെ മെഷേഴ്സാണ് ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ പെർമിസ്സീവായിട്ടുള്ള captive plantation-ൽ നിൽക്കുന്ന യൂക്കാലിറ്റ്സ്സിന്റെ കാര്യത്തിൽ നമുക്ക് തീരുമാനിക്കാൻ കഴിയില്ല. കാരണം ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ അനുവാദത്തോടുകൂടി ഇവിടെ എച്ച്.എൻ.എൽ. വച്ചുപിടിപ്പിച്ചിട്ടുള്ള ചില സ്ഥലങ്ങളുണ്ട് അതാണ് പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്ന്. അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ വനത്തിനകത്ത് മൃഗങ്ങൾക്ക് സഞ്ചരിക്കാൻ പറ്റുന്നതുപോലെ തന്നെ കുടിക്കാൻ വെള്ളം കിട്ടണം, കഴിക്കാൻ ഭക്ഷണം കിട്ടണം. ഇക്കാര്യങ്ങളൊക്കെ ഉണ്ടാകണം. കുടിക്കാൻ വെള്ളം കിട്ടുന്നതിനുവേണ്ടി ശ്രീ. കെ. ബി. ഗണേഷ് കുമാർ, വനം വകുപ്പുമന്ത്രി ആയിരുന്ന കാലത്ത് ട്രഞ്ച് കുഴിക്കുകയും ചില സ്ഥലങ്ങളിൽ കുളങ്ങൾ കുഴിക്കുകയും തടയണകളൊക്ക ഉണ്ടാക്കുകയും ചെയ്തിരുന്നു. അതെല്ലാം വിജയകരമായിരുന്നു. അപ്പോൾ വനത്തിനുള്ളിൽ തന്നെ മൃഗങ്ങൾക്ക് നിൽക്കാനും വെള്ളം കുടിക്കാനും സാധിക്കും. പ്രധാനപ്പെട്ട പ്രശ്നം വേറെയാണ്. ഒന്ന്, ഇപ്പോൾ വനത്തിലുള്ള വന്യജീവികളുടെ എണ്ണം പെരുകുകയാണ്. മൃഗങ്ങളുടെ എണ്ണം പെരുകുന്നതുകൊണ്ട് വന്യജീവികൾ വനത്തിന് പുറത്തേയ്ക്ക് വരുന്നുവെന്നുള്ളത് യാഥാർത്ഥ്യമാണ്. രണ്ട്, വനത്തിന് തൊട്ടുപുറത്ത് വന്യജീവികളെ ആകർഷിക്കത്തക്ക വിധത്തിലുള്ള പൈനാപ്പിൾ, ചക്ക പോലുള്ള കൃഷി നടക്കുന്നുണ്ട്. ചക്ക പഴുക്കുമ്പോൾ വരുന്ന മണം കേട്ട് ആനകൾ വരുന്നുണ്ട്. അതാണ് പ്രശ്നം. അതുകൊണ്ടാണ് ഈ പ്രശ്നങ്ങളാണുള്ളത്. അത് ഐഡിന്റിഫൈ ചെയ്ത് ആ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കാൻ ശ്രമിക്കാം.

## 2. അടിയന്തര ചോദ്യം

(അഴിമതി സർക്കാർ രാജിവയ്ക്കണമെന്ന ആവശ്യവുമായി പ്രതിപക്ഷാംഗങ്ങൾ എഴുന്നേറ്റുനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

## വിദേശജോലിക്ക് പത്താം ക്ലാസ്സ് പാസ്സായിരിക്കണമെന്ന പുതിയ നിബന്ധന

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) വിദേശരാജ്യങ്ങളിൽ ജോലി തേടി പോകണമെങ്കിൽ പത്താം ക്ലാസ്സ് പാസ്സാകണമെന്നും ബാങ്ക് ഗ്യാരണ്ടി നൽകണമെന്നുള്ള വ്യവസ്ഥകൾ അവിദഗ്ദ്ധ തൊഴിൽരഹിതരിൽ കേന്ദ്ര സർക്കാർ അടിച്ചേൽപ്പിക്കുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൊഴിൽരഹിതരായ ചെറുപ്പക്കാർ ഗൾഫ് നാടുകളിലും മറ്റും തൊഴിലെടുത്തു നേടുന്ന വിദേശപ്പണത്തെ ആശ്രയിക്കുന്ന സംസ്ഥാനം എന്ന നിലയിൽ കേരളത്തെ പ്രസ്തുത തീരുമാനം ഗുരുതരമായി ബാധിക്കുന്നതാണെന്ന കാര്യം ഗൗരവപൂർവ്വം കണക്കിലെടുത്തിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ സംസ്ഥാനത്തിന്റെ പ്രതിഷേധം കേന്ദ്ര സർക്കാരിനെ അറിയിക്കാനും പരിഹാരം തേടാനും അടിയന്തര നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ,

(എ-സി) ഉണ്ട്. വിദേശ രാജ്യങ്ങളിൽ വീട്ട് ജോലിക്കായി മാത്രം സ്ത്രീ തൊഴിലാളികളെ നിയോഗിക്കാൻ ഉദ്ദേശിക്കുന്ന തൊഴിൽ ഉടമ അതാത് ഇന്ത്യൻ എംബസി നിഷ്കർഷിക്കുന്ന ബാങ്ക് ഗ്യാരന്റി നൽകണമെന്ന വ്യവസ്ഥ നിലവിലുണ്ട്. പത്താം ക്ലാസ്സ് വിദ്യാഭ്യാസ യോഗ്യത നേടിയിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾക്ക് വിദേശ തൊഴിൽ തേടുന്നതിന് ഇ.സി.ആർ. രാജ്യങ്ങളിൽ എമിഗ്രേഷൻ ക്ലിയറൻസ് ആവശ്യമാണ്. കേന്ദ്ര സർക്കാരിന്റെ എമിഗ്രേഷൻ ആക്ടിലാണ് ഈ വ്യവസ്ഥയുള്ളത്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ ഇവിടെ ഉന്നയിക്കുന്ന ചോദ്യം നമ്മുടെ സംസ്ഥാനത്തെയും അതുപോലെ ഗൾഫ് നാടുകളിൽ പോയി ജോലി ചെയ്യുന്ന നമ്മുടെ സഹോദരന്മാരെയുംക്കുറിച്ചുമാണ്. അവരെക്കുറിച്ചുള്ള പ്രശ്നത്തിൽ ഇങ്ങനെ ബഹളമുണ്ടാക്കാനാണ് താൽപ്പര്യമെങ്കിൽ ഏതെങ്കിലുമൊരു ഗൾഫുകാരനോ, അവരുടെ കുടുംബത്തിലെ ഏതെങ്കിലും അംഗമോ ഇവർക്ക് വോട്ട് കൊടുക്കുമോ? ഇവർ ആരും ഇനി ഈ സഭയിലേയ്ക്ക് വരില്ല. അത്രയും ഗൗരവമായ പ്രശ്നമാണ് ഞാൻ ഉന്നയിക്കുന്നത്. അതുപോലും ശ്രദ്ധിക്കാൻ ഇവർക്ക് താൽപ്പര്യമില്ലെങ്കിൽ ഇവർ സഭയിലേയ്ക്ക് വരുന്നതിന്റെ അർത്ഥം എന്താണെന്നാണ് എനിക്ക് ചോദിക്കാനുള്ളത്. എന്റെ ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ഉത്തരം പറഞ്ഞത് നേരത്തെ ഇവിടെയുണ്ടായിരുന്ന നിയമമാണെന്നാണ്. പക്ഷെ, കേന്ദ്ര ഗവൺമെന്റ് പത്താം ക്ലാസ് പാസ്സാകാത്തവർ വിദേശത്തേയ്ക്ക് ജോലിക്ക് പോകേണ്ടതില്ലായെന്ന തീരുമാനമാണ് എടുത്തിട്ടുള്ളത്. നമുക്കറിയാം ഖത്തറിലും കുവൈറ്റിലും ആയിരക്കണക്കിന് തൊഴിലവസരങ്ങളാണ് തുറന്നിട്ടിരിക്കുന്നത്. കുവൈറ്റിൽ നടന്നുകൊണ്ടിരിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് ലക്ഷക്കണക്കിന് തൊഴിലാളികളെ വേണ്ടിവരുമെന്നും ഇതിൽ ഏറിയ പങ്കും ഇന്ത്യയിൽ നിന്ന്

റിക്രൂട്ട് ചെയ്യാനാണ് തീരുമാനിച്ചിരിക്കുന്നതെന്നും കുവൈറ്റ് സർക്കാരിന്റെ പ്രതിനിധികൾ കഴിഞ്ഞ ദിവസം മാധ്യമങ്ങളിലൂടെ വ്യക്തമാക്കിയിരിക്കുന്നു. അതുപോലെ 2022-ലെ ലോക ഫുട്ബോൾ മത്സരം നടക്കാനിരിക്കുന്നത് ഖത്തറിലാണ്. അവിടെയും തൊഴിൽ സാധ്യതകൾ പതിന്മടങ്ങ് വർദ്ധിച്ചിട്ടുണ്ട്. പക്ഷെ, കേന്ദ്ര ഗവൺമെന്റിന്റെ പുതിയ നിയമം വഴി പത്താം ക്ലാസ് പാസ്സാകാത്ത അവിദഗ്ദ്ധരായ തൊഴിലാളികൾക്ക് അവിടെ പോകാൻ പറ്റില്ല. വിദേശങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങളുമായി പോകുന്ന തൊഴിലാളികൾക്ക് എമിഗ്രേഷൻ ക്ലിയറൻസ് ലഭിക്കുവാൻ തൊഴിലുടമകൾക്ക് ബാങ്ക് ഗ്യാരന്റി നൽകണമെന്നും തൊഴിലുടമയുടെ സ്പോൺസർഷിപ്പ് ഡിക്ലറേഷൻ ഇന്ത്യൻ എംബസ്സി അറ്റസ്റ്റ് ചെയ്തവർക്കേ പെർമിറ്റ് നൽകുവെന്നുമുള്ള സർക്കാരിന്റെ കടുംപിടിത്തം മുഖ്യമായും ബാധിക്കുന്നത് കേരളീയരെയാണെന്ന് നമുക്ക് എല്ലാവർക്കും അറിയാവുന്നതാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് വിദേശ തൊഴിൽ ഉടമകൾക്ക് ആവശ്യമില്ലാത്ത പത്താം ക്ലാസ് വിജയം ഇവിടെ വേണമെന്ന് കേന്ദ്ര സർക്കാർ നിർബന്ധം പിടിക്കരുതെന്ന് കേന്ദ്രത്തോട് പറയണ മെന്നാണ്. അതുപോലെ വിദേശ രാജ്യങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള കമ്പി വളയ്ക്കാനും സിമന്റും മെറ്റലും ചേർക്കാനും പത്താം ക്ലാസ് പാസ്സാകണമെന്ന് അവിടെയുള്ള ഭരണകൂടങ്ങൾക്കും തൊഴിൽദാതാക്കൾക്കും നിർബന്ധമില്ലെങ്കിൽ കേന്ദ്ര സർക്കാർ എന്തിനാണ് വാശി പിടിക്കുന്നതെന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>) : സർ, ബഹുമാനപ്പെട്ട മെമ്പർ എൻ. എ. നെല്ലിക്കുന്ന് പറഞ്ഞ കാര്യത്തിൽ എസ്.എസ്.എൽ.സി. പാസ്സാകാത്തവർക്ക് പോകാൻ പാടില്ലായെന്ന വ്യവസ്ഥയില്ല. എസ്.എസ്.എൽ.സി. പാസ്സാകാത്തവർക്ക് എമിഗ്രേഷൻ ക്ലിയറൻസ് വേണമെന്നാണ് വ്യവസ്ഥ. എസ്.എസ്.എൽ.സി. വേണമെന്ന് പറഞ്ഞിരിക്കുന്നത് ഒരു പ്രത്യേക ഉദ്ദേശ്യത്തോടുകൂടിയാണ്. കാരണം, കുറച്ചെങ്കിലും അറിവ് ഉണ്ടായിരിക്കണം. അല്ലെങ്കിൽ അങ്ങനെ കൊണ്ടുപോകുന്നവരെ ചൂഷണം ചെയ്യുമെന്നതിന്റെ പേരിലാണ്. അതുകൊണ്ട് നല്ല ഉദ്ദേശ്യത്തോടുകൂടിയാണ് അവർ ഈ നിയമം വച്ചിട്ടുള്ളത്. ഏതായാലും ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യം കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# 3. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പദ്ധതികൾ നടപ്പാക്കുന്നതിലെ വീഴ്ചകൾ

2(*302) ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പദ്ധതികൾ അനിയന്ത്രിതമായി നീണ്ടുപോയിട്ടുള്ളതുമൂലം കേന്ദ്ര സഹായ പദ്ധതികൾ ഉൾപ്പെടെ ഈ സർക്കാരിന്റെ കാലത്ത് ലാപ്സായി പോയിട്ടുണ്ടോ ; വിശദമാക്കാമോ;

(ബി) ഇതുമൂലം പുതിയ പദ്ധതികൾ നേടിയെടുക്കുന്നതിൽ വീഴ്ചകൾ സംഭവിച്ചിട്ടുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) കേന്ദ്ര സഹായ പദ്ധതികൾ ഉൾപ്പെടെ ഒരു പദ്ധതിയും ഈ സർക്കാരിന്റെ കാലത്ത് ലാപ്സായി പോയിട്ടില്ല.

(ബി) പുതിയ പദ്ധതികൾ നേടിയെടുക്കുന്നതിൽ വീഴ്ചകൾ സംഭവിച്ചിട്ടില്ല.

### പ്രധാന പശ്ചാത്തല വികസന പദ്ധതികൾക്കായുള്ള തുക

3 (*303) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാന പശ്ചാത്തല വികസന പദ്ധതികൾക്കായുള്ള തന്നാണ്ടിലെ ബജറ്റ് നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തിയിട്ടുണ്ടോ; ബഡ്ജറ്റ് പ്രസംഗത്തിലെ നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു;

(ബി) ഇതിനായി വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനം ഇതിനകം പദ്ധതികൾക്കായി പിൻവലിച്ചിട്ടുണ്ട്; വകയിരുത്തിയ തുക എത്ര;

(സി) പൊതുവിപണിയിൽ നിന്നും ഇതിനായി എത്ര കോടി രൂപ കണ്ടെത്തുകയുണ്ടായി; ലക്ഷ്യം എന്തായിരുന്നു; കേരള അടിസ്ഥാന സൗകര്യ വികസന ഫണ്ട് ബോർഡിന് മൂലധനമായി ഇതിനകം എത്ര തുക സർക്കാർ നല്കുകയുണ്ടായി;

(ഡി) ബോർഡിൽ നിന്ന് ഓരോ പദ്ധതിക്കും വേണ്ടി ഇതിനകം പിൻവലിച്ച തുക എത്ര?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) പ്രധാന പശ്ചാത്തല വികസന പദ്ധതികൾക്കായി നടപ്പു സാമ്പത്തിക വർഷം 2000 കോടി രൂപ വകയിരുത്തിയിരുന്നതിൽ നാളിതുവരെ 769.53 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 456.05 കോടി രൂപ ഇതിനകം ചെലവഴിച്ചിട്ടുമുണ്ട്. ഇതിൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിക്കായി 150 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ കൊച്ചി മെട്രോയ്ക്ക് 219.06 കോടി രൂപയും കൊല്ലം-ആലപ്പുഴ ബൈപ്പാസിന്റെ നിർമ്മാണത്തിന് 70 കോടി രൂപയും കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ഷെയർ വാങ്ങിയ ഇനത്തിൽ 142 കോടി രൂപയും കണ്ണൂർ ഇന്റർനാഷണൽ എയർ പോർട്ടിന് വേണ്ടി 59.81 കോടി രൂപയും ഇതുകൂടാതെ തലസ്ഥാന നഗര വികസന പദ്ധതിക്ക് 7.52 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ നാഷണൽ ഗെയിംസിന്റെ വിവിധ പദ്ധതികൾക്ക് 120.47 കോടി രൂപയും അനുവദിച്ചു.

(ബി) പ്രധാന പശ്ചാത്തല വികസന പദ്ധതികൾക്കായി നടപ്പുവർഷം മൊത്തം വകയിരുത്തിയിട്ടുള്ള 2000 കോടി രൂപയിൽനിന്നും 769.53 കോടി രൂപ അനുവദിച്ചതിൽ 456.05 കോടി രൂപ ഡിസംബർ 31 വരെ ചെലവഴിച്ചിട്ടുണ്ട്. അതായത് മൊത്തം തുകയുടെ 22.8 ശതമാനം ചെലവഴിച്ചു.

(സി) തന്നാണ്ടിലെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ പ്രകാരമുള്ള പ്രധാന പശ്ചാത്തല വികസന പദ്ധതികൾക്കായി കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് മുഖേന പൊതു വിപണിയിൽനിന്നും ഇതുവരെ തുകയൊന്നും സ്വരൂപിച്ചിട്ടില്ല. 2015-16 ബഡ്ജറ്റിൽ "5475-00-800-92 (പ്ലാൻ)-മുഖ്യ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ" എന്ന ശീർഷകത്തിൽ 2000 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ

ഘടനയും പ്രവർത്തനവും പരിഷ്കരിക്കുന്ന നടപടികൾ പുരോഗമിക്കുകയാണ്. ടി തുക കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് മുഖേന ചെലവഴിക്കേണ്ട സാഹചര്യം ആയിട്ടില്ലാത്തതിനാൽ പ്രസ്തുത തുക സംസ്ഥാന ത്തിന്റെ മുഖ്യ അടിസ്ഥാന വികസന പദ്ധതികളുടെ സർക്കാർ വിഹിതമായി ആവശ്യാനുസരണം വിനിയോഗിച്ചുവരുന്നു.

(ഡി) കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിൽ നിന്നും ടി പദ്ധതികൾക്കായി ഇതിനകം തുകയൊന്നും പിൻവലിച്ചിട്ടില്ല.

## ക്രൈം റിക്കാർഡ്സ് ബ്യൂറോ

4 (*304) ശ്രീ. കെ. അച്ചുതൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ പ്രവർത്തന ത്തിന് കർമ്മപദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) ഉണ്ട്. എക്സൈസ് വകുപ്പിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന കേസ്സുകളെയും കുറ്റവാളികളെയും പറ്റിയുള്ള വിവരങ്ങൾ ശേഖരിച്ച് സൂക്ഷിക്കുക, സംസ്ഥാനത്തെ കുറ്റകൃത്യങ്ങളുടെയും കുറ്റവാളികളുടെയും സ്ഥിതിവിവരക്കണക്ക് തയ്യാറാക്കി സൂക്ഷിക്കുന്നതിനും എക്സൈസ് വകുപ്പിൽ ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ സുഗമവും ഫലപ്രദവുമായ പ്രവർത്തനത്തിനുവേണ്ടിയുമായി ഒരു വെബ് ബേസ്ഡ് ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ നിർമ്മിക്കുക, പ്രതിമാസ എൻഫോഴ്സ്മെന്റ് വിവരങ്ങൾ ശേഖരിച്ച് സൂക്ഷിക്കുക, ക്രൈം രജിസ്ട്രേഷൻ, അന്വേഷണം, അന്തിമ റിപ്പോർട്ട് എന്നിവയുമായി ബന്ധപ്പെട്ട സർക്കുലറുകൾ സൂക്ഷിക്കുക, അബ്കാരി/ എൻ.ഡി.പി.എസ്. കേസ്സുകളുടെയും കുറ്റവാളികളുടേയും വിവരങ്ങളുടെ സംശയ നിവാരണ കേന്ദ്രമായി പ്രവർത്തിക്കുക, കീഴ്ഓഫീസുകൾ സന്ദർശിച്ച് പെന്റിംഗ്

കേസ്സുകളുടെ അന്വേഷണ നടപടികൾ, ചാർജ് ഷീറ്റിംഗ് തുടങ്ങിയവ പരിശോധിക്കുകയും നിരീക്ഷിക്കുകയും ചെയ്യുക തുടങ്ങിയ കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്.

(ബി) എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്യുന്ന അബ്കാരി, എൻ.ഡി.പി.എസ്. കേസ്സുകളെ സംബന്ധിച്ച എല്ലാ വിവരങ്ങളും ഉടനടി ലഭ്യമാക്കുക, എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നിരീക്ഷിക്കുക, കേസ്സുകളുടെ അന്വേഷണത്തെ സഹായിക്കുക, കേസ്സുകളുടെ തത്സ്ഥിതി അറിയിക്കുക, മേജർ കേസ്സുകളുടെ വിവരം, സ്ഥിരം കുറ്റവാളികളുടെ വിവരം, പിടിച്ചെടുത്ത തൊണ്ടിസാധനങ്ങളുടെ വിവരം തുടങ്ങിയ വിവരങ്ങൾ ഉടനടി ലഭ്യമാക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. ടി ലക്ഷ്യങ്ങൾ നേടുന്നതിനായി വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകളുടെ വിവരങ്ങളും സ്ഥിരം കുറ്റവാളികളുടെ വിവരങ്ങളും ശേഖരിച്ചുകൊണ്ടും കേസ്സുകളുടെ അന്വേഷണങ്ങളിലും മറ്റും ഉദ്യോഗസ്ഥരെ സഹായിക്കുന്നതിനായി ആവശ്യമായ വിവരങ്ങൾ നൽകിക്കൊണ്ടും കേസ്സുകളുടെ രജിസ്ട്രേഷൻ, കേസ്സ് അന്വേഷണം, അന്തിമ റിപ്പോർട്ട് എന്നിവ സംബന്ധിച്ചുള്ള സർക്കുലറുകൾ സൂക്ഷിച്ചുകൊണ്ടും പ്രതിമാസ എൻഫോഴ്സ്മെന്റ് വിവരങ്ങൾ ശേഖരിച്ചുകൊണ്ടും കീഴ് ഓഫീസുകൾ സന്ദർശിച്ച് പെന്റിംഗ് കേസ്സുകളുടെ അന്വേഷണ നടപടികൾ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിക്കൊണ്ടും എക്സൈസ് ക്രൈം റിക്കോർഡ്സ് ബ്യൂറോ പ്രവർത്തിച്ചുവരുന്നു.

(സി) എക്സൈസ് വകുപ്പ് കണ്ടുപിടിച്ച കുറ്റകൃത്യങ്ങളുടെ സ്ഥിതിവിവരക്കണക്ക് സൂക്ഷിക്കുന്നതിനും ഉടനടി ലഭ്യമാക്കുന്നതിനുമായി കേസ്സുകളുടെ വിവരം കീഴ് ഓഫീസുകളിൽനിന്നും ശേഖരിച്ച് സൂക്ഷിച്ചുവരുന്നു. കേസ്സന്വേഷണം സംബന്ധിച്ച് ഉദ്യോഗസ്ഥരെ സഹായിക്കുന്നതിനുവേണ്ടി കേസ്സുകളുടെ രജിസ്ട്രേഷൻ, കേസ്സ് അന്വേഷണം, അന്തിമറിപ്പോർട്ട് എന്നിവ സംബന്ധിച്ചുള്ള സർക്കുലറുകൾ സൂക്ഷിച്ചു വരുന്നു. പ്രതിമാസ എൻഫോഴ്സ്മെന്റ് വിവരങ്ങൾ, പോലീസ് വകുപ്പിൽനിന്നും ലഭിക്കുന്ന അബ്കാരി/എൻ.ഡി.പി.എസ്. കേസ്സുകളുടെ മാസാവലോകന സ്റ്റേറ്റുമെന്റ് എന്നിവയും ശേഖരിച്ച് സൂക്ഷിച്ചുവരുന്നു. കീഴ് ഓഫീസുകൾ സന്ദർശിച്ച് പെൻഡിംഗ് കേസ്സുകളുടെ അന്വേഷണം, അന്വേഷണ നടപടിക്രമങ്ങൾ എന്നിവ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. എക്സൈസ് ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ സുഗമവും ഫലപ്രദവുമായ പ്രവർത്തനത്തിന് നാഷണൽ ഇൻഫൊർമാറ്റിക് സെന്ററിന്റെ സഹായത്തോടുകൂടി ഒരു വെബ് ബേസ്ഡ് ക്രൈം മാനേജ്മെന്റ് ആപ്ലിക്കേഷൻ സോഫ്റ്റ്വെയർ നിർമ്മിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്.

## "നികുതി വെട്ടിപ്പ് തടയുന്നതിനുള്ള കർമ്മ പദ്ധതി"

5 (*305) ശ്രീ. ലൂഡി ലൂയിസ് :

ശ്രീ. സണ്ണി ജോസഫ് :

ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതിവെട്ടിപ്പ് തടയുന്നതിന് എന്തെല്ലാം കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) നികുതി വെട്ടിപ്പ് തടയുന്നതിനായി വിവിധ വകുപ്പുകൾ സ്വീകരിച്ചു വരുന്ന നടപടികൾ ചുവടെ പറയുന്നു:

(1) വാണിജ്യ നികുതി വകുപ്പ്:

റിട്ടേൺ സ്കൂട്ടിനി കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിനായി കേന്ദ്രീകൃതമായ Datamining Cell-ന്റെ പ്രവർത്തനം വിപുലീകരിച്ചു. ഇവർ എല്ലാ ജില്ലകളിലെയും Selected files Scrutiny-ക്ക് വിധേയമാക്കുകയും ആയതിൽ പ്രഥമദൃഷ്ട്യാ കുഴപ്പങ്ങൾ കണ്ടെത്തുന്ന കേസ്സുകൾ നികുതി നിർണ്ണയത്തിനും വിശദമായ പരിശോധനയ്ക്കുമായി നികുതി നിർണ്ണയ അധികാരി, ഇന്റലിജൻസ് വിംഗ് എന്നിവയ്ക്ക് അയച്ചുകൊടുക്കാറുണ്ട്. നികുതി വെട്ടിപ്പ് തടയുന്നതിനായി നികുതി നിർണ്ണയം ഊർജ്ജിതമാക്കി റിട്ടേൺ സ്കൂട്ടിനി ശക്തമാക്കി. ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റ് പരീക്ഷണാടിസ്ഥാനത്തിൽ അമരവിളയിൽ ഇതിനകം നടപ്പാക്കിയിട്ടുണ്ട്. ഇത് മറ്റ് പ്രമുഖ അതിർത്തി ചെക്ക്പോസ്റ്റുകളിൽ താമസിയാതെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സി.സി.റ്റി.വി. ക്യാമറ സംവിധാനം എല്ലാ അതിർത്തി ചെക്ക്പോസ്റ്റുകളിലും നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

അന്യസംസ്ഥാനങ്ങളിൽനിന്നും കേരളത്തിനകത്തേയ്ക്കുവരുന്ന ചരക്കുകളുടെ വിശദാംശങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

ഇതുപ്രകാരം സംസ്ഥാനത്തിനകത്തേയ്ക്കുവരുന്ന സാധനങ്ങൾ വ്യാപാരികൾ അവരുടെ റിട്ടേണിൽ കാണിച്ചിട്ടുണ്ടോ എന്നുള്ളത് പെട്ടെന്ന് ഒത്തുനോക്കാൻ കഴിയും. ആഡംബര നികുതി, കാർഷികാദായ നികുതി, മണിലെന്റേഴ്സ് നിയമം എന്നിവയിലുള്ള റിട്ടേണുകളും ഓൺലൈനാക്കി.

നികുതിവെട്ടിപ്പ് പ്രകടമായനുഭവപ്പെടുന്ന സെക്ടറുകളിൽ ഇന്റലിജൻസ് വിംഗ് വിശദാംശങ്ങൾ ശേഖരിച്ചശേഷം കട പരിശോധന ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇന്റലിജൻസ് വിംഗിനോട് കട പരിശോധനയുമായി ബന്ധപ്പെട്ട ക്രൈം ഫയലുകൾ പെട്ടെന്ന് തീർപ്പാക്കി അസസ്സ്മെന്റ് വിംഗിന് നൽകാൻ നിർദ്ദേശം നൽകി. ട്രെയിൻ, ലക്ഷ്വറി ബസ് എന്നിവയിലൂടെയുള്ള അനധികൃത ചരക്ക് വ്യാപനം ഫലപ്രദമായി തടയുന്നതിനായി ഈ മേഖലയിൽ പരിശോധന ശക്തിപ്പെടുത്തിയിട്ടുണ്ട്. റവന്യൂ റിക്കവറിയിൽ കിടക്കുന്ന തുകകൾ കാലവിളംബം കൂടാതെ പിരിച്ചെടുക്കുന്നതിനായി ജില്ലാ കളക്ടർമാരുടെ യോഗം വിളിച്ചുചേർത്ത് നിർദ്ദേശം നൽകുകയുണ്ടായി. വകുപ്പുതല റവന്യൂ റിക്കവറി നടപടികൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. യാതൊരു നിബന്ധനയുമില്ലാതെ നൽകിയിട്ടുള്ള സർക്കാർ സ്റ്റേകളും പിൻവലിച്ചിട്ടുണ്ട്. ഇതിനുപുറമെ നികുതി നിർണ്ണയ വ്യവസ്ഥ കാര്യക്ഷമമാക്കുന്നതിനായി ആഡിറ്റ് അസസ്സ്മെന്റ് വിംഗ് പുനഃസ്ഥാപിച്ചിട്ടുണ്ട്.

കൂടാതെ അന്യസംസ്ഥാനങ്ങളിൽ നിന്നും സ്വന്തം ആവശ്യത്തിനെന്ന പേരിൽ വിവിധ കെട്ടിട സാമഗ്രികൾ കൊണ്ടുവരുന്നതിന്റെ ദുരുപയോഗം തടയുന്നതിനും അതിന്റെ ആധികാരികത ഉറപ്പുവരുത്തുന്നതിനുമായി മുൻകൂട്ടി അനുവാദം വാങ്ങേണ്ട സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

(2) <u>എക്സൈസ് വകുപ്പ്</u>:

എക്സൈസ് വകുപ്പുവഴി നൽകുന്ന എല്ലാ ലൈസൻസുകൾക്കും പെർമിറ്റുകൾക്കും മുൻകൂറായി ഫീസ്/നികുതി ഈടാക്കിയശേഷമാണ് അനുമതി നൽകുന്നത്. കെ.എസ്.ബി.സി., കൺസ്യൂമർ ഫെഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന എഫ്.എൽ.1 ഷോപ്പുകളുടെ റെന്റൽ തുക ഒഴിച്ച് മറ്റെല്ലാ ലൈസൻസ്/റെന്റൽ ഫീസുകളും മുൻകൂറായി വാങ്ങിയശേഷമാണ് ലൈസൻസുകളുടെ കാലാവധി ദീർഘിപ്പിച്ചുനൽകുന്നത്. എഫ്.എൽ. 1 ഷോപ്പുകളുടെ ആകെ റെന്റൽ തുകയുടെ 50% ഓരോ വർഷത്തേയ്ക്കും ലൈസൻസ് നൽകുന്ന സമയത്തും ബാക്കി 50% എട്ട് തുല്യ ഗഡുക്കളായി ജൂലൈ മുതൽ ഫെബ്രുവരി വരെയും ഒടുക്കിവരുന്നു.

എക്സൈസ് റവന്യു ചോർന്നുപോകാൻ സാധ്യതയുള്ള വ്യാജമദ്യ വിൽപ്പന, അയൽ സംസ്ഥാനങ്ങളിൽനിന്നുള്ള അനധികൃത സ്പിരിറ്റ് കടത്ത് എന്നിവ തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കുന്നു. അതിർത്തി പ്രദേശങ്ങളിൽ കൂടുതൽ പട്രോളിംഗ് നടത്തിവരികയുമാണ്. അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹന പരിശോധന നടത്തുന്നുണ്ട്. എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും എക്സൈസ് ഇന്റലിജൻസ് വിഭാഗവും അതിർത്തി പ്രദേശത്ത് പ്രത്യേക പരിശോധനകൾ നടത്തിവരുന്നുണ്ട്. ചെക്ക്പോസ്റ്റുകൾ മറികടന്ന് പുതിയ വഴികളിലൂടെ സ്പിരിറ്റ് കള്ളക്കടത്ത് നടത്തുവാൻ സാധ്യതയുള്ള റോഡുകളിൽ വാഹന പരിശോധന കർശനമാക്കിയിട്ടുള്ളതും ദേശീയ പാതകളിൽ വാഹനപരിശോധന നടത്തി വരുന്നതുമാണ്. ഇത്തരം കർശനമായ എൻഫോഴ്സ്മെന്റ് പ്രവർത്തനത്തിലൂടെ അനധികൃത മദ്യത്തിന്റെ വിപണനം തടയുകയും തൻമൂലം നികുതി നഷ്ടം ഒഴിവാക്കുകയും ചെയ്യുന്നു. ലൈസൻസ് സ്ഥാപനങ്ങളിൽ കൃത്യമായ ഇടവേളകളിൽ പരിശോധനകൾ നടത്തുകയും സാമ്പിളുകൾ ശേഖരിച്ച് രാസപരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നു. ഈ നടപടികൾമൂലം ലൈസൻസ് സ്ഥാപനങ്ങളിൽ അനധികൃത മദ്യം വിൽക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുകയും തന്മൂലം നികുതി ചോർച്ച ഒഴിവാക്കാനും കഴിയുന്നുണ്ട്.

(3) <u>ഗതാഗത വകുപ്പ്</u>:

നികുതി വെട്ടിപ്പ് തടയുന്നതിനായി ആധുനിക സോഫ്റ്റ്‌വെയറാണ് വകുപ്പിൽ ഉപയോഗിക്കുന്നത്. വാഹനങ്ങളുടെ സീറ്റിംഗ് കപ്പാസിറ്റി കുറച്ചുകാണിച്ചുള്ള നികുതി വെട്ടിപ്പ് തടയുന്നതിനായി വാഹന പരിശോധന കർശനമാക്കിയിട്ടുണ്ട്. പർച്ചേസ് വാല്യൂ കുറച്ച് കാണിച്ചുള്ള തട്ടിപ്പിനെതിരെ മോട്ടോർ വാഹന വകുപ്പിന്റെ ആഭ്യന്തര പരിശോധനാ വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്. ചെക്ക് പോസ്റ്റുകളിലും പരിശോധന കർശനമാക്കിയിട്ടുണ്ട്. മാത്രമല്ല, നികുതി കുടിശ്ശികയുള്ള പരമാവധി വാഹനങ്ങൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചുവരുന്നു. വകുപ്പിലെ ഓഫീസുകളിൽ എല്ലാ ബുധനാഴ്ചകളും നികുതി പിരിവ് പ്രവർത്തനത്തിന് മാത്രമായി വേർതിരിച്ച് ഡിമാന്റ് നോട്ടീസുകൾ അയയ്ക്കുക, റവന്യൂ റിക്കവറി നടപടികൾ എടുക്കുക, നികുതി അടയ്ക്കാതെ റോഡിൽ ഉപയോഗിക്കുന്ന വാഹനങ്ങൾ പിടിച്ചെടുക്കുക തുടങ്ങിയ ജോലികൾ ചെയ്തുവരുന്നുണ്ട്.

(ബി) നികുതി വെട്ടിപ്പ് പൂർണ്ണമായി തടഞ്ഞുകൊണ്ട് സാമ്പത്തിക വിഭവ സമാഹരണം പരമാവധി ഉയർത്തുകയും അതിലൂടെ സംസ്ഥാന സർക്കാരിന്റെ വികസന ക്ഷേമപ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കുകയും ചെയ്യുക എന്നതാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) ഭരണ തലത്തിൽ സ്വീകരിച്ച നടപടികൾ ചോദ്യം (എ)-യുടെ മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്.

## വിവാഹ ധനസഹായം

6 (*306) ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും പെൺമക്കൾക്ക് വിവാഹ ധനസഹായത്തിന് അപേക്ഷിക്കേണ്ട മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള സർക്കുലർ മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡ് 28-7-2015-ൽ പുറപ്പെടുവിച്ചിരുന്നോ;

(ബി) ഉണ്ടെങ്കിൽ പുതുക്കിയ സർക്കുലർ പ്രകാരമുള്ള മാനദണ്ഡങ്ങളും മുമ്പ് ഉണ്ടായിരുന്ന മാനദണ്ഡങ്ങളും തമ്മിലുള്ള വ്യത്യാസം എന്തെന്ന് വ്യക്തമാക്കാമോ;

(സി) പുതിയ സർക്കുലർ പ്രകാരമുള്ള മാനദണ്ഡങ്ങൾ മൽസ്യതൊഴിലാളി കൾക്ക് വിവാഹ ധനസഹായത്തിന് തക്ക സമയത്ത് അപേക്ഷിക്കാൻ ബുദ്ധിമുട്ട് ഉണ്ടാക്കുന്നു എന്ന വസ്തുത കണക്കിലെടുത്ത് അത് പിൻവലിക്കാൻ ആവശ്യമായ നിർദ്ദേശം മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന് നൽകാൻ തയ്യാറാകുമോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള മാനദണ്ഡം

വിവാഹം നിശ്ചയിച്ച എന്ന് തെളിയിക്കുന്ന സംഘടനകളുടെയോ, സ്ഥാപനങ്ങളുടെയോ, ഭാരവാഹികളിൽനിന്ന് ലഭിച്ച സർട്ടിഫിക്കറ്റ് അസ്സലും കൂടെ വിവാഹ ക്ഷണക്കത്തും സമർപ്പിക്കുന്നു.

ഭേദഗതി വരുത്തിയ മാനദണ്ഡം

വിവാഹം നിശ്ചയിച്ച എന്ന് തെളിയിക്കുന്ന മതസംഘടകളുടെയോ, സ്ഥാപനങ്ങളുടേയോ, ഭാരവാഹികളിൽനിന്ന് ലഭിച്ച സർട്ടിഫിക്കറ്റിന്റെ അസ്സലും/ വിവാഹം രജിസ്റ്റർ ചെയ്തു എന്ന് തെളിയിക്കുന്നതിലേയ്ക്കായി കോർപ്പറേഷൻ/

മുനിസിപ്പാലിറ്റി/ പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽനിന്നുള്ള സർട്ടിഫിക്കറ്റിന്റെ അസ്സലും, കൂടെ വിവാഹ ക്ഷണക്കത്തും സമർപ്പിക്കേണ്ടതാണ്. തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ രജിസ്ട്രേഷൻ ലഭിച്ചതിനുശേഷം മാത്രമേ അർഹതയുള്ള അപേക്ഷകൾക്ക് ധനസഹായം അനുവദിക്കുകയുള്ളൂ.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**മദ്യവിമുക്ത കേരളം**

7 (*307) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :

ശ്രീ. എൻ. ഷംസുദ്ദീൻ :

ശ്രീ. പി. കെ. ബഷീർ :

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ മദ്യനയം നടപ്പാക്കിത്തുടങ്ങിയ ശേഷം മദ്യ വില്പനയിലും, മദ്യപാനവുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളിലും ഉണ്ടായിട്ടുള്ള മാറ്റം സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ കണ്ടെത്തലുകൾ വിശദമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്‌ലെറ്റുകൾ ഘട്ടം ഘട്ടമായി അടച്ചു പൂട്ടുന്ന നടപടി ഉണ്ടാക്കിയ പ്രതികരണം വിലയിരുത്തിയിട്ടുണ്ടോ;

(ഡി) മദ്യവിമുക്ത കേരളമെന്ന ലക്ഷ്യം നേടാൻ ഇതോടൊപ്പം എല്ലാ തലത്തിലും ബോധവത്ക്കരണ നടപടികൾ ഊർജ്ജിതമാക്കുമോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) ഉണ്ട്.

(ബി) മദ്യത്തിന്റെ ഉപഭോഗം ഘട്ടംഘട്ടമായി കുറച്ചുകൊണ്ടുവരികയാണ് സർക്കാരിന്റെ പ്രഖ്യാപിത നിലപാട്. പുതിയ മദ്യനയം സർക്കാർ നടപ്പിലാക്കിയതിനുശേഷം

വിദേശ മദ്യത്തിന്റെ ഉപഭോഗത്തിൽ കുറവുണ്ടായിട്ടുണ്ട്. 2013-14 മുതൽ 2015-16 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻവഴിയുള്ള വിദേശമദ്യത്തിന്റെ വില്പനയുടെ കണക്ക് ചുവടെ ചേർക്കുന്നു:

കെയ്സുകളുടെ എണ്ണം (ലക്ഷത്തിൽ)

| വില്പന (കെയ്സുകളിൽ) | 2013-14 | 2014-15 | 2015-16 (ജനുവരി വരെ) |
|---|---|---|---|
| ഇന്ത്യൻ നിർമ്മിത വിദേശ മദ്യം | 240.67 | 220.58 | 167.77 |
| ബിയർ | 107.96 | 95.59 | 122.04 |

പുതിയ മദ്യനയം നടപ്പാക്കുന്നതിന്റെ ഭാഗമായി ശക്തമായ എൻഫോഴ്സ്മെന്റ് നടപടികളാണ് എക്സൈസ് വകുപ്പ് സ്വീകരിച്ചിട്ടുള്ളത്. പുതിയ മദ്യനയം നടപ്പാക്കിയശേഷം മുൻവർഷങ്ങളെക്കാൾ അധികം അബ്കാരി കേസ്സുകളാണ് ടി പ്രവർത്തനത്തിലൂടെ കണ്ടെത്തിയിട്ടുള്ളത്. 2013 മുതൽ 2015 വരെയുള്ള വർഷങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അബ്കാരി കേസ്സുകളുടെ കണക്ക് ചുവടെ ചേർക്കുന്നു:

| *വർഷം* | *അബ്കാരി കേസുകളുടെ എണ്ണം* | *അറസ്റ്റ് ചെയ്യപ്പെട്ട പ്രതികളുടെ എണ്ണം* |
|---|---|---|
| 2013 | 12,933 | 12,641 |
| 2014 | 13,676 | 13,127 |
| 2015 | 15,973 | 15,092 |

എഫ്.എൽ. 3 ലൈസൻസുകൾ നിർത്തലാക്കിയതും ബിവറേജസ് കോർപ്പറേഷന്റെ 78 എഫ്.എൽ. 1 വിദേശമദ്യ ഔട്ട്ലെറ്റുകൾ നിർത്തലാക്കിയതും അനധികൃത മദ്യവില്പന വർദ്ധിക്കുവാൻ ഇടയാക്കും എന്നതിനാൽ എക്സൈസ് വകുപ്പ് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവ് ഉൾപ്പെടെയുള്ള തീവ്ര എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഫലമായി അബ്കാരി കുറ്റകൃത്യങ്ങൾ ഫലപ്രദമായി അമർച്ച ചെയ്യുന്നതിനും കൂടുതൽ നിയമലംഘകരെ നിയമത്തിന് മുമ്പിലേയ്ക്ക് കൊണ്ടുവരുന്നതിനും സാധിച്ചിട്ടുണ്ട്.

(സി) മദ്യത്തിന്റെ ഉപഭോഗം ഘട്ടംഘട്ടമായി കുറച്ചുകൊണ്ടുവരികയാണ് സർക്കാരിന്റെ പ്രഖ്യാപിത നിലപാട്. പുതിയ മദ്യനയത്തിന്റെ ഭാഗമായി ബിവറേജസ് കോർപ്പറേഷൻ/കൺസ്യൂമർഫെഡ് എന്നിവയുടെ 78 എഫ്.എൽ. 1 വിദേശമദ്യ ഔട്ട്ലെറ്റുകൾ നിർത്തലാക്കിയിട്ടുള്ളതാണ്. മദ്യത്തിന്റെ ഉപഭോഗം കുറച്ചുകൊണ്ടുവരിക എന്ന സർക്കാരിന്റെ പ്രഖ്യാപിത നിലപാട് സാധൂകരിക്കുന്ന രീതിയിൽ മദ്യത്തിന്റെ ഉപഭോഗം കുറഞ്ഞതായി കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ വഴിയുള്ള വിദേശമദ്യ വില്പനയുടെ കണക്കുകൾ സൂചിപ്പിക്കുന്നു.

വിദേശമദ്യവില്പനയിൽ 2013-14 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2014-15-ൽ 20.09 ലക്ഷം കെയ്സുകളുടെ കുറവാണ് കെ.എസ്.ബി.സി. വഴിയുള്ള മദ്യവില്പനയിൽ ഉണ്ടായിട്ടുള്ളത്. 2015-16-ൽ ഏപ്രിൽ മുതൽ ജനുവരി വരെയുള്ള വില്പന 167.77 ലക്ഷം കെയ്സ് മാത്രമാണ്. 2015-16 സാമ്പത്തിക വർഷത്തിൽ 2014-15-നെ അപേക്ഷിച്ച് മദ്യവില്പനയിൽ കുറവുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ആയതിനാൽ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യത്തിന് അനുസൃതമായി മദ്യവില്പനയിലും ഉപഭോഗത്തിലും കുറവുവരുന്ന പ്രവണതയാണ് കണ്ടുവരുന്നത്.

(ഡി) ലഹരി വസ്തുക്കൾമൂലമുള്ള ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളിൽ ബോധവത്ക്കരണം നടത്തുന്നതിനും "മദ്യവിമുക്തകേരളം" എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുമായി ഊർജ്ജിതമായ ബോധവത്കരണ പ്രവർത്തനങ്ങളാണ് സംസ്ഥാനതലത്തിൽ എക്സൈസ് വകുപ്പ് നടപ്പിലാക്കി വരുന്നത്. ബോധവത്കരണ പ്രവർത്തനങ്ങളുടെ പ്രചരണാർത്ഥം ലഹരിവിരുദ്ധ സെമിനാറുകൾ, ലഹരിവിരുദ്ധ ബോധവത്കരണ ക്ലാസ്സുകൾ, ലഹരിവിരുദ്ധ ബോധവത്കരണ സ്റ്റാളുകൾ, ഘോഷയാത്ര, കൂട്ടയോട്ടം, ഉപന്യാസ മത്സരം, പ്രസംഗ മത്സരം, ഡോക്യുമെന്ററി പ്രദർശനം, ലഹരിവിരുദ്ധ ആശയങ്ങൾ അടങ്ങിയ ക്വിസ് പ്രോഗ്രാം, സ്കൂൾ-കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ വഴിയുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ, ആദിവാസി-പിന്നോക്ക മേഖലകളിലെ പ്രത്യേക പദ്ധതി പ്രകാരമുള്ള ബോധവത്കരണ പരിപാടികൾ, കെ.എസ്.ആർ.ടി.സി. ബസ്സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ എന്നിവിടങ്ങളിലെ സി.സി.ടി.വി.വഴിയുള്ള ബോധവത്കരണം, റെയിൽവേ സ്റ്റേഷനുകളിലെ

ബോധവത്കരണ അനൗൺസ്മെന്റ്, ദൃശ്യ-ശ്രാവ്യ-അച്ചടി മാധ്യമങ്ങളിലൂടെയുള്ള ബോധവത്കരണം, സംസ്ഥാന തലത്തിൽ ബോധവത്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തുന്നതിനായി എക്സൈസ് ഉദ്യോഗസ്ഥർക്ക് ബോധവത്കരണ പരിശീലന ക്ലാസ്സ് തുടങ്ങി വിവിധ പരിപാടികളാണ് ഇതിനോടനുബന്ധിച്ച് എക്സൈസ് വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്. കെ.എസ്.ബി.സി.യുടെ സാമൂഹ്യപ്രതിബദ്ധതാ ഫണ്ട് ഉപയോഗിച്ച് ലഹരിക്കടിമപ്പെട്ടവരെ ചികിത്സിക്കുന്നതിനായി ലഹരിവിമുക്ത ചികിത്സാ കേന്ദ്രങ്ങൾക്ക് ധനസഹായം നൽകിവരുന്നുണ്ട്. കൂടാതെ പുനർജ്ജനി-2030-നോടനുബന്ധിച്ച് 'സുബോധം' എന്ന പേരിൽ പ്രത്യേക ബോധവത്കരണ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്. മദ്യവും മറ്റ് ലഹരി വസ്തുക്കളും ഉപയോഗിക്കുന്നതുമൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ, സാമ്പത്തിക നഷ്ടം എന്ന വിഷയത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം മേധാവിയായിരുന്ന ഡോ. കെ. വിജയകുമാറിന്റെ നേതൃത്വത്തിൽ പഠനം പൂർത്തിയാക്കി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

**പരിസ്ഥിതി നാശം ഒഴിവാക്കുന്നതിനുള്ള നടപടി**

8 (*308) ശ്രീ. പുരുഷൻ കടലുണ്ടി :

പ്രൊഫ. സി. രവീന്ദ്രനാഥ് :

ശ്രീമതി കെ. കെ. ലതിക :

ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരിസ്ഥിതിക ഘടനയുടെയും ആവാസ വ്യവസ്ഥയുടെയും നിലനില്പിന് തന്നെ ഭീഷണി ഉയർത്തുന്നതിനിടയാക്കിയിട്ടുള്ള സർക്കാർ നിലപാടുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് തിരുത്താൻ പരിസ്ഥിതി വകുപ്പ് മുൻകൈ എടുക്കുമോ;

(ബി) സംസ്ഥാനത്ത് പരസ്പരം ബന്ധപ്പെട്ടു നില്ക്കുന്നതായ മലമ്പ്രദേശവും സമതലങ്ങളും തീരദേശവും കാടും പുഴകളും വയലും ചതുപ്പുകളും കായലുകളും തുടങ്ങി ഭൂരൂപങ്ങളെല്ലാം വൻതോതിൽ നാശത്തിന് വിധേയമായിക്കൊണ്ടിരിക്കുക യാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഫിനാൻസ് ബില്ലിലെ നിർദ്ദേശമനുസരിച്ചുള്ള ഫീസ് അടച്ച് നെൽവയൽ നികത്തൽ ക്രമപ്പെടുത്തുവാനുള്ള തീരുമാനത്തിൽ നിന്നും പിന്തിരിയാൻ വകുപ്പ് ആവശ്യപ്പെടുമോ;

(ഡി) കരിങ്കൽ ഖനനത്തിലെ ചട്ടലംഘനങ്ങൾ തടയാനും വനഭൂമി പതിച്ച് നൽകുന്നതിലെ നിയമലംഘനങ്ങൾക്കും നദീതീര കയ്യേറ്റങ്ങൾക്കും വനനശീകരണത്തിനും എതിരെ അടിയന്തര നടപടി സ്വീകരിക്കുമോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) പരിസ്ഥിതിയുടെ നിലനിൽപ്പിന് ഭീഷണിയുണ്ടാകുന്ന നിലപാട് സ്വീകരിക്കുക എന്നത് സർക്കാർ നയമല്ല.

(ബി) സംസ്ഥാനത്തെ ചില മലയോര പ്രദേശങ്ങളിൽ അനധികൃത പാറഖനനം, കുന്നിടിച്ച് മണ്ണെടുക്കൽ, ചില പുഴകളിൽനിന്നും അനധികൃതമായി മണൽ ഖനനം നടത്തുക, പുഴ കയ്യേറി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുക, കായൽ നികത്തൽ, കായൽ കയ്യേറ്റം എന്നിവ സംബന്ധിച്ച ഒറ്റപ്പെട്ട സംഭവങ്ങൾ ഈ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നെൽവയൽ നികത്തുന്നത് ഏത് ആവശ്യത്തിലേയ്ക്കായാലും അത് പാരിസ്ഥിതിക ശോഷണം തന്നെയാണ്. നെൽവയൽ നികത്തുകവഴി ഉണ്ടാകുന്ന പാരിസ്ഥിതികമാറ്റം പുനഃസ്ഥാപിക്കുന്നതിനോ ടി പ്രദേശത്തെ ആവാസവ്യവസ്ഥയ്ക്കുണ്ടായ നഷ്ടം നികത്തുന്നതിനോ പരിമിതികൾ ഉണ്ട്. ആയതുകൊണ്ട് ഉദ്ദേശ്യലക്ഷ്യം എന്തുതന്നെയായാലും നെൽവയൽ നികത്തരുത് എന്നതാണ് പരിസ്ഥിതി വകുപ്പിന്റെ നിലപാട്.

(ഡി) കരിങ്കൽ ഖനന ചട്ടങ്ങൾ ലംഘിക്കുന്നവർക്കെതിരെ നടപടിയെടുക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി കേരള മൈനർ മിനറൽ കൺസഷൻ റൂൾ 2015 വ്യവസായ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. കേരള ലാന്റ് അസൈൻമെന്റ് (റഗുലറൈസേഷൻ ഓഫ് ഒക്കുപ്പേഷൻ ഓഫ് ഫോറസ്റ്റ് ലാന്റ് പ്രയർ ടു 1-1-1977) സ്പെഷ്യൽ റൂൾസ് 1993 പ്രകാരമാണ് വനം കയ്യേറ്റങ്ങൾ ക്രമീകരിക്കുവാനുള്ള കേന്ദ്രാനുമതി ലഭിച്ചിരിക്കുന്നത്. ഇതുപ്രകാരം വനനശീകരണം തടയുന്നതിനും അനധികൃത മരംമുറി, വ്യാജവാറ്റ്, കഞ്ചാവുകൃഷി എന്നിവ തടയുന്നതിനും

വനനശീകരണം സംഭവിച്ച മേഖലകളിൽ വനവത്കരണം നടപ്പാക്കുന്നതിനും വനംവകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നദീതീര കയ്യേറ്റങ്ങൾക്കെതിരെ 2001-ലെ നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണ നിയമവും അനുബന്ധചട്ടങ്ങളും പ്രകാരം റവന്യൂ വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു.

## റവന്യൂ കമ്മി

9 (*309) ശ്രീ. കെ. രാധാകൃഷ്ണൻ :

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :

ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം തന്നാണ്ടിൽ സംസ്ഥാനത്തിന്റെ റവന്യൂ കമ്മി കുറയ്ക്കാൻ അനുവദിച്ച തുക വക മാറ്റി ചെലവഴിച്ചിട്ടുണ്ടോ;

(ബി) ഈ തുക ലഭിക്കുന്നത് ഏതെങ്കിലും നിബന്ധനകൾക്ക് വിധേയമായിട്ടായിരുന്നുവോ; എങ്കിൽ നിബന്ധനകൾ വിശദമാക്കാമോ;

(സി) ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള ധനദൃഢീകരണ ലക്ഷ്യം എന്തായിരുന്നു; നിലവിൽ റവന്യൂ കമ്മി എത്ര?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം തന്നാണ്ടിൽ സംസ്ഥാനത്തിന്റെ റവന്യൂ കമ്മി കുറയ്ക്കാൻ അനുവദിച്ച തുക വകമാറ്റി ചെലവഴിച്ചിട്ടില്ല.

(ബി) അല്ല.

(സി) ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള ധനദൃഢീകരണ ലക്ഷ്യം (ധനക്കമ്മി, കടബാദ്ധ്യത, പലിശ തിരിച്ചടവ് എന്നിവ GSDP-യുടെ ശതമാനത്തിൽ) താഴെ വിവരിക്കുന്ന രീതിയിൽ സംസ്ഥാനം കൈവരിക്കേണ്ടതുണ്ട്:

| ഇനം | 2015-16 | 2016-17 | 2017-18 | 2018-19 | 2019-20 |
|---|---|---|---|---|---|
| | ജി.എസ്.ഡി.പി. ശതമാനത്തിൽ | | | | |
| ധനക്കമ്മി | 3.00 | 3.00 | 3.0 | 3.00 | 3.00 |
| കടബാധ്യത | 31.34 | 30.84 | 30.40 | 30.01 | 29.67 |
| പലിശ തിരിച്ചടവ് | 15.70 | 15.01 | 14.37 | 13.78 | 13.23 |

നിലവിൽ 2015-16 സാമ്പത്തിക വർഷത്തിലെ റവന്യൂ കമ്മി പുതുക്കിയ എസ്റ്റിമേറ്റ് (Revised Estimate) പ്രകാരം 10814.49 കോടി രൂപയാണ്.

**കുറ്റകൃത്യങ്ങളിലെ ഇരകൾക്ക് നഷ്ടപരിഹാരം**

10 (*310) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
ശ്രീ. എം. എ. വാഹീദ്
ശ്രീ. ലൂഡി ലൂയിസ്
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റകൃത്യങ്ങളിലെ ഇരകൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ & ബി) ഉണ്ട്. Victim Compensation Scheme-2014 സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് 24-2-2014 തീയതിയിലെ സ. ഉ. (കയ്യെഴുത്ത്) നമ്പർ 37/2014/ആഭ്യന്തരം പ്രകാരം സർക്കാർ ഭരണാനുമതി നൽകുകയുണ്ടായി.

ഒരു ക്ഷേമ പദ്ധതി എന്ന നിലയിലാണ് സർക്കാർ പ്രസ്തുത പദ്ധതി ആരംഭിച്ചിരിക്കുന്നത്. കുറ്റകൃത്യങ്ങളിൽ ഇരയാകുന്നവർക്ക്/ആശ്രിതർക്ക്, കുറ്റകൃത്യത്തിന്റെ പരിണിതഫലമായി നഷ്ടം/പരിക്ക് സംഭവിക്കുകയും അവർക്ക് പുനരധിവാസം ആവശ്യമായി വരികയും ചെയ്യുന്ന സാഹചര്യത്തിൽ നഷ്ടപരിഹാരം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായുള്ള ഫണ്ട് താഴെ കാണിച്ചിരിക്കുന്ന മാർഗ്ഗങ്ങളിലൂടെ കണ്ടെത്താനാണ് തീരുമാനിച്ചിരിക്കുന്നത്:

I. വാർഷിക ബഡ്ജറ്റിൽ വകയിരുത്തപ്പെടുന്ന തുക.

II. Cr. P.C. സെക്ഷൻ 357 അനുസരിച്ച് പിഴ ഇനത്തിൽ ഈടാക്കുന്ന തുക.

III. സംഘടനകളിൽനിന്നും വ്യക്തികളിൽനിന്നും ദേശീയവും അന്തർദ്ദേശീയവുമായ ചാരിറ്റബിൾ സൊസൈറ്റികളിൽനിന്നും ലഭിക്കുന്ന സംഭാവനകളും പിരിവുകളും.

IV. വിവിധ സ്വകാര്യ, പൊതുമേഖലാ സ്ഥാപനങ്ങളുടെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ടിൽനിന്നുമുള്ള സംഭാവനകൾ.

ഈ സ്കീമിന്റെ നിയന്ത്രണവും, ഭരണവും ഒപ്പം പുരോഗതി വിലയിരുത്തുന്നതിനുമായി ആഭ്യന്തര വകുപ്പിനെയാണ് 'Nodal Department' ആയി തീരുമാനിച്ചിരിക്കുന്നത്. ഫണ്ട് വിനിയോഗിക്കുന്നതിനുള്ള ചുമതല 'Member Secretary, Kerala State Legal Services Authority'-ക്കാണ് നൽകിയിരിക്കുന്നത്.

(സി) പദ്ധതിക്ക് ഭരണാനുമതി നൽകിക്കഴിഞ്ഞു. ടി പദ്ധതിയുടെ നടത്തിപ്പിനായി 10-8-2015-ലെ സർക്കാർ ഉത്തരവ് 7284/2015/ധന. പ്രകാരം ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുകയിൽനിന്നും ചീഫ് കൺട്രോളിംഗ് ഓഫീസറായ സ്റ്റേറ്റ് പോലീസ് മേധാവി 30 ലക്ഷം രൂപ Kerala State Legal Services Authority-ക്ക് കൈമാറിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം നഷ്ടപരിഹാരം നൽകിത്തുടങ്ങിയിട്ടുണ്ട്.

## കുട്ടികളുടെ ഇടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം

11 (*311) ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ. എം. വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികളുടെ ഇടയിൽ ലഹരി വസ്തുക്കളുടെ ഉപയോഗം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കുട്ടികളിൽ ലഹരി വസ്തുക്കളുടെ ഉപയോഗം കുറയ്ക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ലഹരി വസ്തുക്കളുടെ ഉപയോഗം കുറയ്ക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) സംസ്ഥാനത്ത് 18 വയസ്സിന് താഴെയുള്ള കുട്ടികളുടെ ഇടയിൽ ലഹരി വസ്തുക്കളുടെ ഉപയോഗം നേരിയ തോതിൽ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുട്ടികൾ ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് 2014-ൽ 46 കേസ്സുകളും 2015-ൽ 54 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2013, 2014, 2015 എന്നീ വർഷങ്ങളിലായി 111 പ്രതികളെ അറസ്റ്റു ചെയ്യുകയും 182.6 ഗ്രാം കഞ്ചാവ് ബീഡിയും 2695.4 ഗ്രാം കഞ്ചാവും പിടിച്ചെടുത്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 8 പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്.

(ബി) ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ്, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്റ്റുഡന്റ്സ് പ്രൊട്ടക്ഷൻ ഗ്രൂപ്പ്, ജനമൈത്രി പോലീസ് തുടങ്ങി വിവിധതരം പദ്ധതികളിലൂടെയും, KP Act, COTPA Act തുടങ്ങിയ നിയമ നടപടികളിലൂടെയും ജനങ്ങളെ, പ്രത്യേകിച്ച് വിദ്യാർത്ഥി സമൂഹത്തെ ബോധവത്കരിച്ചും മറ്റുമുള്ള നടപടികൾ ഭരണതലത്തിൽ സ്വീകരിച്ചുവരുന്നു. സർക്കാരിന്റെയും കേരളാ പോലീസിന്റെയും സംയുക്ത പദ്ധതിയായ ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതി സ്കൂൾ പരിസരങ്ങളിലെ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗ വിൽപ്പന വിപണനത്തെ ചെറുക്കുന്നതിന് വളരെയധികം സഹായിക്കുന്നുണ്ട്. ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതിയുമായി ബന്ധപ്പെട്ട് 12-7-2015-ൽ ഉണർവ് എന്ന പേരിൽ ബോധവത്കരണ പരിപാടിക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

മയക്കുമരുന്ന് കേസ്സുകളിൽ, വിദഗ്ദ്ധരായ പോലീസ് സേനാംഗങ്ങളെ ഉൾപ്പെടുത്തി സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ സപ്പോർട്ട് ടീമിന്റെ ആഭിമുഖ്യത്തിൽ ആന്റി നർക്കോട്ടിക് സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. പോലീസ്, എക്സൈസ്, റവന്യൂ, റയിൽവേ തുടങ്ങിയവരുടെ സംയോജിത നേതൃത്വത്തിൽ, KANSAF-ന്റെ പ്രവർത്തനം കൂടുതൽ ഊർജ്ജിതപ്പെടുത്തി മയക്കുമരുന്ന്, പാൻമസാല എന്നിവ കടത്തുന്നവർക്കും വിൽപ്പന നടത്തുന്നവർക്കും വിപണനം നടത്തുന്നവർക്കുമെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സ്കൂൾ പി.ടി.എ. കമ്മിറ്റി, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്, സ്കൂൾ ജാഗ്രതാ സമിതികൾ എന്നിവരുമായി സംസാരിച്ച് സ്കൂൾ പരിസരങ്ങളിലെ കടകളിൽ ലഹരി പദാർത്ഥങ്ങൾ വിൽപ്പന നടത്തുന്നുണ്ടോയെന്ന് അന്വേഷിച്ചുവരുന്നു.

(സി) വിദ്യാലയങ്ങളിൽ ആഭ്യന്തര വകുപ്പും വിദ്യാഭ്യാസ വകുപ്പും ചേർന്ന് നിരോധിത ഉൽപ്പന്നങ്ങളുടെ വിൽപ്പന സംബന്ധിച്ച വിവര ശേഖരണത്തിന് ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതിയുടെ സ്കൂൾ ലെവൽ മോണിറ്ററിംഗ് കമ്മിറ്റി, ഷാഡോ പോലീസ്, സ്കൂൾ ജാഗ്രതാ സമിതി, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകൾ എന്നിവർക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സ്കൂൾ, കോളേജ് ക്യാമ്പസുകളുടെ 100 മീറ്റർ ചുറ്റളവിലുള്ള സ്ഥലങ്ങളിൽ കഞ്ചാവ്, മയക്കമരുന്ന്, പാൻ മസാല, പുകയില ഉൽപ്പന്നങ്ങൾ, അശ്ലീല മാഗസിനുകൾ/സി.ഡി.കൾ എന്നിവയുടെ വിൽപ്പന കർശനമായി നിരോധിക്കുകയും നിരന്തരം റെയ്ഡുകൾ നടത്തി ഇത്തരം ഉത്പന്നങ്ങൾ പിടിച്ചെടുക്കുകയും കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

## സംസ്ഥാന പോലീസിലെ വനിതാ പ്രാതിനിധ്യം

12 (*312) ശ്രീ. പി. സി. വിഷ്ണുനാഥ് :

ശ്രീ. സണ്ണി ജോസഫ് :

ശ്രീ. കെ. മുരളീധരൻ :

ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിൽ വനിതാ പ്രാതിനിധ്യം ഉയർത്തുന്നതിനായി കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ലോക്കൽ പോലീസിലെയും ആംഡ് റിസർവ്വിലെയും മൊത്തം അംഗബലത്തിന്റെ 10 ശതമാനമായി വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെ അംഗബലം വർദ്ധിപ്പിക്കുവാൻ സർക്കാർ തലത്തിൽ തീരുമാനിച്ചിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന അവസരത്തിൽ കേരളാ പോലീസിലെ വനിതാ പ്രാതിനിധ്യം 6 ശതമാനത്തിൽ താഴെയായിരുന്നു. പോലീസ് വകുപ്പിൽ സ്ത്രീകളുടെ

അംഗസംഖ്യ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 25-8-2014-ലെ സ. ഉ. (കൈ.) നമ്പർ 169/14/ആഭ്യന്തരം പ്രകാരം 250 വനിതാ സിവിൽ പോലീസ് ഓഫീസർമാരുടെയും നേരിട്ടുള്ള നിയമനത്തിനായി 60 വനിതാ എസ്.ഐ.മാരുടെയും തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. 485 ഒഴിവുകൾ വനിതാ സിവിൽ പോലീസ് ഓഫീസർ തസ്തികയിലേക്ക് നിയമന ശിപാർശ നൽകുന്നതിനായി കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുള്ളതും നിയമന ശിപാർശകൾ ലഭിച്ചിട്ടുള്ളതുമാണ്. കൂടാതെ, രണ്ടുഘട്ടമായി പോലീസ് വകുപ്പിൽ 350 വനിതാ സിവിൽ പോലീസ് ഓഫീസർമാരുടെ തസ്തികകൾ, 175 എണ്ണം നടപ്പുസാമ്പത്തികവർഷത്തിലും (2015-16), 175 എണ്ണം അടുത്ത സാമ്പത്തിക വർഷമാദ്യവും (2016-17) സൃഷ്ടിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി) വനിതാ പോലീസ് ഉദ്യോഗസ്ഥരെ പോലീസ് സ്റ്റേഷനുകളിൽ നിയമിക്കുന്നതുവഴി സ്ത്രീകൾക്കും കുട്ടികൾക്കും പോലീസ് സ്റ്റേഷനുകളിൽ ചെന്ന് അവരുടെ പരാതികൾ പറയുന്നതിന് ഏറെ സഹായകമായി തീരുന്നതാണ്. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന്, സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ കൃത്യമായി അന്വേഷിച്ച് കുറ്റവാളികൾക്കെതിരെ നടപടി സ്വീകരിക്കേണ്ടത് വളരെ അത്യാവശ്യമാണ്. ഇക്കാര്യത്തിൽ പോലീസ് സദാ ജാഗരൂകരായിരിക്കേണ്ടതും സ്ത്രീകളുടെ സാന്നിദ്ധ്യമുള്ള സ്ഥലങ്ങളിൽ പ്രത്യേകിച്ച് പൊതുസ്ഥലങ്ങൾ, തീരപ്രദേശങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, ആരാധനാലയങ്ങൾ എന്നിവിടങ്ങൾ രാത്രി വൈകിയും നിരീക്ഷണ വിധേയമാക്കുന്നതിനും വനിതാ പോലീസ് സേനാംഗങ്ങളുടെ സാന്നിധ്യം ഉറപ്പുവരുത്തേണ്ടതുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്ക് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ടുള്ള പദ്ധതികളാണ് ആവിഷ്കരിച്ചുവരുന്നത്.

(സി) കേരള പോലീസിലെ വനിതാ പ്രാതിനിധ്യം ഉയർത്തുന്നതിനായി 25-8-2014 തീയതിയിലെ സർക്കാർ ഉത്തരവ് (കൈ.) നമ്പർ 169/14/ആഭ്യന്തരം പ്രകാരം നേരിട്ടുള്ള നിയമനത്തിനായി 60 വനിതാ സബ്ഇൻസ്പെക്ടർമാരുടെയും 250 വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. 485 തസ്തികകളിൽ വനിതാ പോലീസ് കോൺസ്റ്റബിൾ ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകുന്നതിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നിയമന ശിപാർശ പി.എസ്.സി.-യിൽ നിന്നും ലഭിച്ചിട്ടുള്ളവർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

കൂടാതെ, രണ്ടു ഘട്ടമായി പോലീസ് വകുപ്പിൽ 350 വനിതാ സിവിൽ പോലീസ് ഓഫീസർമാരുടെ തസ്തികകൾ, 175 എണ്ണം നടപ്പു സാമ്പത്തിക വർഷത്തിലും (2015-16), 175 എണ്ണം അടുത്ത സാമ്പത്തിക വർഷമാദ്യവും (2016-17) സൃഷ്ടിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പുതുതായി 6 വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചു. നിലവിൽ 8 വനിതാ പോലീസ് സ്റ്റേഷനുകളുടെ ചുമതല വനിതാ സബ് ഇൻസ്പെക്ടർമാർക്കാണ്.

## ചെക്ക് പോസ്റ്റുകളിലെ ഓൺലൈൻ-ഡെലിവറി നോട്ട് സംവിധാനം

13 (*313) ശ്രീ. പി. എ. മാധവൻ :

ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. വർക്കല കഹാർ :

ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെക്ക് പോസ്റ്റുകളിൽ ഓൺലൈൻ-ഡെലിവറി നോട്ട് സംവിധാനം നടപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) ഓൺലൈൻ ഡെലിവറി നോട്ട് സംവിധാനം ഒക്ടോബർ 2012 മുതൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഓൺലൈൻ സംവിധാനത്തിലൂടെ വ്യാപാരിക്ക് ഡെലിവറി നോട്ട് ആവശ്യമുള്ള അതേസമയംതന്നെ ഡൗൺലോഡ് ചെയ്യാവുന്നതാണ്. ഇതിലൂടെ നികുതി വകുപ്പിന് അപ്പപ്പോൾതന്നെ ചരക്ക് നീക്കം സംബന്ധിച്ച വിവരം ലഭ്യമാകുകയും അതുവഴി നികുതി ചോർച്ച തടയുന്നതിനും സാധ്യമാകുന്നു. ഇതിലൂടെ, ഒരു ഡെലിവറി നോട്ട് ഉപയോഗിച്ച് ഒന്നിൽക്കൂടുതൽ ട്രാൻസ്പോർട്ട് നടത്തുക തുടങ്ങിയ ദുരുപയോഗം ഫലപ്രദമായി തടയാൻ ഉപകരിക്കും.

(സി) നികുതി വകുപ്പിന്റെ KVATIS സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും ഓൺലൈൻ ഡെലിവറി നോട്ട് നിർബന്ധമാക്കി വാണിജ്യ നികുതി കമ്മീഷണർ സർക്കുലർ പുറപ്പെടുവിക്കുകയും ചെയ്തുവെങ്കിലും പ്രായോഗിക ബുദ്ധിമുട്ടുകൾ വ്യാപാരികൾ ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് ചില സാധനങ്ങൾക്ക് ഓപ്ഷൻ അനുവദിച്ചിട്ടുണ്ട്.

## മത്സ്യത്തൊഴിലാളികളുടെ പ്രതിശീർഷ വരുമാനം

14 (*314) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :

ശ്രീ. ബാബു എം. പാലിശ്ശേരി :

ശ്രീ. കെ. ദാസൻ :

ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ പ്രതിശീർഷ വരുമാനം കുറഞ്ഞ് വരുന്നത് തടയാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ വികസനത്തിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നയസമീപനങ്ങൾ പ്രതികൂലമായിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്താമോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് തയ്യാറാക്കുന്ന ഗ്രോസ് ഡൊമസ്റ്റിക് പ്രോഡക്ട് കണക്ക് പ്രകാരം സംസ്ഥാന മത്സ്യത്തൊഴിലാളികളുടെ പ്രതിശീർഷ വരുമാനം വർദ്ധിച്ചുവരികയാണ്. മത്സ്യത്തിന്റെ വിലയിലുണ്ടായ വർദ്ധനവ് ഇതിനൊരു കാരണമാണ്. പക്ഷേ ഓരോ വർഷവും ഇത് സംസ്ഥാന ആളോഹരി വരുമാനത്തിന്റെ പകുതി മാത്രമാണ്.

കഴിഞ്ഞ നാലുവർഷക്കാലയളവിലെ മത്സ്യത്തൊഴിലാളികളുടെ പ്രതിശീർഷ വരുമാനം സംബന്ധിക്കുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| *വർഷം* | *പ്രതിശീർഷ വരുമാനം (രൂപയിൽ)* |
|---|---|
| 2011-12 | 34711 |
| 2012-13 | 36931 |
| 2013-14 | 50491 |
| 2014-15 | 61538 |

മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക ഉന്നമനത്തിനായി സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മീനാകുമാരി കമ്മിറ്റി റിപ്പോർട്ട്, സെയ്ദാറാവു കമ്മിറ്റി റിപ്പോർട്ട്, ഡോ. അയ്യപ്പൻ കമ്മിറ്റി, തീരദേശ പരിപാലന നിയമം എന്നീ വിഷയങ്ങളിലെ കേന്ദ്ര സർക്കാരിന്റെ സമീപനം മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ഇത് പരിഹരിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## ആർ.ടി.ഒ., ജോയിന്റ് ആർ.ടി.ഒ. ഓഫീസുകളിലെ ഏജന്റുമാരുടെ അംഗീകാരം

15 (*315) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ആർ.ടി.ഒ., ജോയിന്റ് ആർ.ടി.ഒ. ഓഫീസുകളിലെ ഏജന്റുമാർക്ക് അംഗീകാരം നൽകുന്നതുകൊണ്ട് എന്തെല്ലാം പ്രയോജനങ്ങളാണ് ഉണ്ടാകുന്നതെന്ന് വ്യക്തമാക്കുമോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിൽനിന്നും പൊതുജനങ്ങൾക്ക് സേവനങ്ങൾ ലഭ്യമാകുന്നതിന് ഏജന്റുമാരുടേയും ഇടനിലക്കാരുടേയും സഹായം ആവശ്യമില്ല. അതുകൊണ്ടുതന്നെ ഇവർക്ക് അംഗീകാരം നൽകുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## ലീഗൽ സർവ്വീസസ് അതോറിറ്റി വഴി അദാലത്തുകൾ

16 (*316) ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി വിഷ്ണുനാഥ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ സർവ്വീസ് അതോറിറ്റി വഴി അദാലത്തുകൾ നടത്തുന്നതിന് എന്തെല്ലാം കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) എല്ലാ ജില്ലകളിലും ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികളും എല്ലാ താലൂക്കുകളിലും താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികളും ഹൈക്കോടതിയിലെ കേസ്സുകൾക്കുവേണ്ടി ഹൈക്കോടതി ലീഗൽ സർവ്വീസസ് കമ്മിറ്റിയും സംസ്ഥാന അടിസ്ഥാനത്തിൽ കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയും രൂപവൽക്കരിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങൾ ആഴ്ചതോറും അദാലത്തുകൾ നടത്തിവരുന്നു. 2015 മുതൽ ദേശീയ ലോക് അദാലത്തിന് പുതിയ സ്കീം നിലവിൽ വരികയും അപ്രകാരം എല്ലാ മാസവും രണ്ടാം ശനിയാഴ്ചകളിൽ, നിർദ്ദിഷ്ട വിഷയങ്ങളിൽ ദേശീയ ലോക് അദാലത്തുകൾ നടത്തിവരുന്നു. കൂടാതെ എല്ലാ വിഷയങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് ഡിസംബർ മാസത്തിൽ ഒരു ദേശീയ ലോക് അദാലത്തും നടത്തിവരുന്നു. കൂടാതെ സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള മൊബൈൽ അദാലത്ത് വാഹനംവഴി സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും അദാലത്തുകൾ സംഘടിപ്പിക്കുന്നുണ്ട്. ഇതിനുപരിയായി നാഷണൽ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ തീരുമാനപ്രകാരം 12-12-2015-ൽ കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ നേതൃത്വത്തിൽ സംസ്ഥാന സർക്കാരിന്റെ സഹകരണത്തോടുകൂടി കേരളത്തിലും ദേശീയ ലോക് അദാലത്ത് വിജയകരമായി നടത്തുകയുണ്ടായി. കൂടാതെ, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകൾക്കായി

തിരുവനന്തപുരത്തും ആലപ്പുഴ, കോട്ടയം, ഇടുക്കി, തൃശ്ശൂർ ജില്ലകൾക്കായി എറണാകുളത്തും പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകൾക്കായി കോഴിക്കോട്ടും പബ്ലിക് യൂട്ടിലിറ്റി സർവ്വീസ് കേസ്സുകൾക്കുവേണ്ടി സ്ഥിരം ലോക് അദാലത്തുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) കോടതികളിൽ നിലവിലുള്ളതും കോടതിയിൽ ഇതുവരെ ഫയൽ ചെയ്യാത്തതുമായ ഒത്തുതീർപ്പിലൂടെ പരിഹരിക്കാവുന്ന എല്ലാ തർക്കങ്ങൾക്കും അദാലത്തുകൾ വഴി നിയമ പിൻബലത്തോടെയുള്ള പരിഹാരം ഉണ്ടാക്കുക എന്നതാണ് അദാലത്തുകൾ വഴി കൈവരിക്കാനുദ്ദേശിക്കുന്നത്.

(സി) അദാലത്തുകൾ സംഘടിപ്പിക്കുന്നത് കേരള ലീഗൽ സർവ്വീസസ് അതോറിറ്റിയും അതിന്റെ കീഴിലുള്ള സ്ഥാപനങ്ങളുമാണ്. സർക്കാരിന്റെ വിവിധ വകുപ്പുകൾ അദാലത്തിന്റെ വിജയത്തിനായി സഹകരിച്ചുവരുന്നു. നിലവിലുള്ള അദാലത്തുകൾക്ക് പുറമെ നാഷണൽ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ തീരുമാനപ്രകാരം 12-12-2015-ൽ കേരളത്തിലും ദേശീയ ലോക് അദാലത്ത് വിപുലമായ രീതിയിൽ സംഘടിപ്പിക്കുകയുണ്ടായി. ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികൾ, താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികൾ എന്നിവയുമായി ബന്ധപ്പെട്ട് പ്രസ്തുത തീയതിയിൽ നടത്തിയ ദേശീയ അദാലത്തിന്റെ വിജയത്തിനായി എല്ലാ സേവനങ്ങളും സഹകരണങ്ങളും നൽകണമെന്ന് സംസ്ഥാനത്തെ എല്ലാ വകുപ്പുകൾക്കും ചീഫ് സെക്രട്ടറിയുടെ 3-12-2015-ലെ 26701/എച്ച്1/2015/നിയമം എന്ന സർക്കുലർ പ്രകാരം നിർദ്ദേശിക്കുകയുണ്ടായി. കൂടാതെ സംസ്ഥാനത്തെ വിവിധ കോടതികളിൽ ഭൂമി ഏറ്റെടുക്കൽ കേസ്സുകളിലെ വിധി നടത്ത് ഹർജികൾ, 100 കോടി രൂപയിൽ അധികരിക്കാതെ അദാലത്തിൽ തീർപ്പാക്കുന്നതിന് അനുവാദവും നൽകുകയുണ്ടായി.

## ഭരണ പരിഷ്കരണ ശിപാർശകളുടെ നടത്തിപ്പും തുടർനിർവ്വഹണവും

17 (*317) <u>ശ്രീ. എം. എ. ബേബി</u> :
<u>ശ്രീ. ജി. സുധാകരൻ</u> :
<u>ശ്രീ. വി. ശിവൻകുട്ടി</u> :
<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളിതുവരെയുള്ള ഭരണ പരിഷ്കരണ ശിപാർശകളുടെ നടത്തിപ്പും തുടർ നിർവ്വഹണവും സർക്കാർ കാലോചിതമായി അവലോകനം ചെയ്തിട്ടുണ്ടോ ; എങ്കിൽ എപ്പോൾ ; അവലോകനത്തിലെ കണ്ടെത്തലുകൾ വിശദമാക്കാമോ ;

(ബി) ഇല്ലെങ്കിൽ നിരീക്ഷണത്തിന്റെയും അവലോകനത്തിന്റെയും കാലോചിതമായ നിർവ്വഹണത്തിന്റെയും അഭാവം ജനകീയ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിൽ വീഴ്ചയ്ക്ക് കാരണമായിട്ടുള്ളതായി അറിയാമോ ;

(സി) ഭരണത്തിൽ പൗര സമൂഹത്തോട് എത്രത്തോളം ഉത്തരവാദിത്വം പുലർത്താൻ കഴിഞ്ഞിട്ടുണ്ട് വിശദമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) 1957-ൽ ഇ. എം. എസ്. നമ്പൂതിരിപ്പാട് ചെയർമാനായും, 1965-ൽ എം. കെ. വെള്ളോടി ഐ. സി. എസ്സിന്റെ നേതൃത്വത്തിലും, 1997-ൽ ഇ. കെ. നായനാർ ചെയർമാനായും മൂന്ന് ഭരണ പരിഷ്കാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഇതിൽ മൂന്നാം ഭരണ പരിഷ്കാര കമ്മീഷന്റെ ശിപാർശകൾ സർക്കാർ പരിഗണിച്ചു വരുന്നു. ഭരണം സുതാര്യമായും വേഗത്തിലും നീതിപൂർവ്വവും ആക്കുന്നതിനായി മൂന്നാമത് ഭരണ പരിഷ്കാര കമ്മിറ്റി സമർപ്പിച്ച 15 റിപ്പോർട്ടുകളിൽ 1, 2, 3, 4, 6, 7, 8, 10, 11, 12, 13 നമ്പരുകളായുള്ള 11 റിപ്പോർട്ടുകളിലെ മിക്ക ശിപാർശകളും സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഇതിൽ സർക്കാരിന്റെ വിവിധ വകുപ്പുകളിൽ തുടർനടപടികൾ സ്വീകരിച്ച/ സ്വീകരിച്ചുവരുന്ന ശിപാർശകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

സിവിൽ സർവ്വീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നത് ഉൾപ്പെടെയുള്ള ശിപാർശകളടങ്ങിയ പത്താം ശമ്പള കമ്മീഷന്റെ രണ്ടാം ഘട്ട റിപ്പോർട്ട് പരിശോധിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിനായി 20-1-2016-ലെ സ. ഉ. (അച്ചടി) നമ്പർ 7/2016/ധന. പ്രകാരം ചീഫ് സെക്രട്ടറി ചെയർമാനായും പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യ എക്സ്പെൻഡിച്ചർ) കൺവീനറായും അഡീഷണൽ ചീഫ് സെക്രട്ടറി (ആഭ്യന്തരം), അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം), സെക്രട്ടറി (പൊതുഭരണ വകുപ്പ്), സെക്രട്ടറി (ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്), ഡയറക്ടർ ജനറൽ (ഐ.എം.ജി.) എന്നിവർ അംഗങ്ങളായും ഉള്ള കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പൗരസമൂഹത്തോട് പൂർണ്ണ ഉത്തരവാദിത്വം പുലർത്താൻ കഴിഞ്ഞിട്ടുണ്ട്. 2012-ൽ നിലവിൽ വന്ന സേവനാവകാശ നിയമം, തുടർന്ന് നിരവധി ഇ-ഗവേണൻസ് പദ്ധതികൾ, സർക്കാർ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനുതകുന്ന വിവിധ പരിശീലന പരിപാടികൾ എന്നിവ അതിന് സഹായകമായി പ്രവർത്തിച്ചിട്ടുണ്ട്.

**ജയിലുകളിലെ വീഡിയോ കോൺഫറൻസിംഗ് സംവിധാനം**

18 (*318) ശ്രീമതി കെ. കെ. ലതിക :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എം. ഹംസ :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിലുകളെയും കോടതികളെയും ബന്ധിപ്പിച്ചുള്ള വീഡിയോ കോൺഫറൻസിംഗ് സംവിധാനം നിലവിൽ പ്രവർത്തിക്കുന്നുണ്ടോ;

(ബി) പ്രസ്തുത സംവിധാനം നടപ്പിലാക്കിയതോടെ തടവുകാരെ കോടതിയിൽ ഹാജരാക്കുന്നതിന് പോലീസ് അകമ്പടി ഒഴിവാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ;

(സി) എത്ര കോടതികളെയും ജയിലുകളേയും വീഡിയോ കോൺഫറൻസിംഗ് സംവിധാനം വഴി കൂട്ടി ഇണക്കാൻ കഴിഞ്ഞിട്ടുണ്ട്;

(ഡി) തടവുകാർക്ക് ജയിലിലെ കോൺഫറൻസിംഗ് കേന്ദ്രത്തിലിരുന്നു കൊണ്ട് കോടതി വിസ്താരത്തിൽ പങ്കെടുക്കാൻ സാധ്യമായിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;

(ഇ) ജയിലിന് പുറത്ത് വച്ച് തടവുകാരെ സ്വാധീനിക്കുന്ന തരത്തിലുള്ള നിയമ വിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് പ്രസ്തുത സംവിധാനം മുഖേന സാധ്യമാകുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) വീഡിയോ കോൺഫറൻസിംഗ് സംവിധാനം നിലവിൽ തിരുവനന്തപുരം, എറണാകുളം, കണ്ണൂർ ജില്ലകളിൽ പ്രവർത്തിക്കുന്നു.

(ബി) റിമാന്റ് നീട്ടൽ മാത്രമേ നിലവിലെ വീഡിയോ കോൺഫറൻസിംഗ് സംവിധാനം വഴി നടത്തുന്നുള്ളൂ. വിസ്താരം വേണ്ട തടവുകാരെ പോലീസ് അകമ്പടിയിൽ തന്നെ ഇപ്പോഴും കോടതിയിൽ ഹാജരാക്കുന്നുണ്ട്.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) പ്രതികളെ കോടതികളിൽ എത്തിച്ചുമാത്രമേ വിസ്താരം നടത്തുന്നുള്ളൂ. റിമാന്റ് ദീർഘിപ്പിക്കൽ പോലുള്ളവയ്ക്ക് മാത്രമേ വീഡിയോ കോൺഫറൻസിംഗ് സംവിധാനം നിലവിൽ ഉപയോഗിക്കുന്നുള്ളൂ.

(ഇ) സാധ്യമാകും.

**പ്രോജക്റ്റ് സാറ്റർഡേ**

19 (*319) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ 'പ്രോജക്റ്റ് സാറ്റർഡേ' പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ) :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 'സാറ്റർഡേ പ്രോഗ്രാം' എന്ന പേരിൽ ഒരു പ്രത്യേക പരിപാടി വനം വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഓഫീസ് നടപടിക്രമങ്ങൾ ഊർജ്ജിതപ്പെടുത്തി ഫയലുകളിൽ തീരുമാനമെടുത്ത് എല്ലാ ആഴ്ചയിലേയും അവസാന പ്രവർത്തി ദിവസത്തിൽ (ശനിയാഴ്ച) പരമാവധി ഫയലുകൾ തീർപ്പ് കൽപ്പിക്കുക, ജീവനക്കാർക്ക് നല്ല അന്തരീക്ഷത്തിലിരുന്ന് ജോലി ചെയ്യുന്നതിനുള്ള അവസരം നൽകുക, ഓഫീസും പരിസരവും ചിട്ടയായും വെടിപ്പായും സൂക്ഷിക്കുക എന്നിവയായിരുന്നു സാറ്റർഡേ പ്രോഗ്രാമിന്റെ മുഖ്യ ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

(സി) 'സാറ്റർഡേ പ്രോഗ്രാം' നടപ്പിലാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി എല്ലാ ഓഫീസ് മേധാവികൾക്കും കർശന നിർദ്ദേശം നൽകുകയും ആഴ്ചതോറും നടത്തിയ അവലോകന യോഗത്തിൽ അതാത് ആഴ്ചയിലെ പുരോഗതി വിലയിരുത്തുകയും ചെയ്തിരുന്നു. കൂടാതെ ഓരോ ജില്ലകളിലേയും ഓഫീസുകൾ പരിശോധിച്ച് പ്രസ്തുത ഓഫീസുകളിൽ നടപ്പിലാക്കിയ പദ്ധതിയുടെ പുരോഗതി വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ വനം വകുപ്പാസ്ഥാനത്തുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ/ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്ക് ചുമതല നൽകിയിരുന്നു. അപ്രകാരം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ ഓരോ ജില്ലയിലേയും ഡിവിഷൻ/റെയ്ഞ്ച് ഓഫീസുകളിലെ പദ്ധതി നടത്തിപ്പിന്റെ പുരോഗതി പരിശോധിച്ച് സമർപ്പിച്ച റിപ്പോർട്ടുകൾ വിലയിരുത്തി തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പദ്ധതികൾക്ക് സാങ്കേതിക സമിതിയുടെ അനുമതി**

20 (*320) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ഡോ. കെ. ടി. ജലീൽ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തു കോടി രൂപയ്ക്ക് മുകളിലുള്ള പദ്ധതികൾക്കും സാങ്കേതിക സമിതിയുടെ പരിശോധനയും അനുമതിയും വേണ്ടെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) പദ്ധതി നടത്തിപ്പിലെ കാലതാമസത്തെ മുൻനിർത്തിയുള്ള ഈ തീരുമാനം കെടുകാര്യസ്ഥതയേയും അഴിമതിയേയും പ്രോത്സാഹിപ്പിക്കുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സാങ്കേതിക സമിതിയുടെ അനുമതി വേണമെന്ന നിബന്ധന ഏർപ്പെടുത്തിയിരുന്നത് ഏത് സാഹചര്യത്തിലായിരുന്നു; ഈ സാഹചര്യത്തിന് ഇപ്പോൾ മാറ്റം വന്നിട്ടുണ്ടോ;

(ഡി) സാങ്കേതിക പരിശോധനമൂലമാണ് പദ്ധതി നടത്തിപ്പിൽ കാലതാമസം വരുന്നതെന്ന നിഗമനം ആരുടെതാണെന്ന് വെളിപ്പെടുത്താമോ;

(ഇ) പദ്ധതികൾക്ക് സാങ്കേതിക പരിശോധനയും അനുമതിയും വേണ്ടെന്നു വച്ചത് സാങ്കേതിക വിദഗ്ധരുടെ ശിപാർശയെ തുടർന്നാണോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ & ബി) തീരുമാനിച്ചിട്ടുണ്ട്. 16-1-2016-ലെ ജി. ഒ. (പി.) നമ്പർ 6/2016/ധന. ഉത്തരവ് പ്രകാരം വിവിധ എഞ്ചിനീയറിംഗ് വകുപ്പുകളിലെ ചീഫ് എഞ്ചിനീയർമാർക്ക് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾക്ക് സാങ്കേതികാനുമതി അനുവദിക്കുന്നതിന് സാങ്കേതികാനുമതി ഭരണാനുമതിയിൽ അധികരിക്കാൻ പാടില്ലായെന്നും പ്രവൃത്തിയുടെ സ്വഭാവത്തിലും ഘടകങ്ങളിലും വ്യത്യാസം വരാൻ പാടില്ല എന്നുമുള്ള വ്യവസ്ഥയിൽ പൂർണ്ണമായ സാമ്പത്തിക അധികാരം അനുവദിച്ചിട്ടുണ്ട്. ഇപ്രകാരം സാങ്കേതികാനുമതി അനുവദിക്കുന്നത് വിവിധ തലങ്ങളിലുള്ള സാങ്കേതിക ഉദ്യോഗസ്ഥരുടെ കൂലങ്കഷമായ പരിശോധനയുടെ അടിസ്ഥാനത്തിൽ മാത്രമാണ് എന്നതിനാൽ അഴിമതിയുടെ സാധ്യത വിരളമാണ്.

(സി-ഇ) സാങ്കേതികാനുമതി നൽകുന്നതിന് സാമ്പത്തിക പരിധി നിശ്ചയിച്ചിട്ടില്ലായിരുന്നതിനാൽ അത് വളരെയധികം വർദ്ധിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടപ്പോഴാണ് 10-12-2003-ലെ ജി. ഒ. (പി.) 656/2003/ധന. ഉത്തരവ് പ്രകാരം കമ്മിറ്റി സംവിധാനം ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചത്. എന്നാൽ നിർമ്മാണപ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിലെ സാങ്കേതികാനുമതി അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സങ്കീർണ്ണവും വിവിധ തട്ടുകളിൽ സൂക്ഷ്മപരിശോധന ആവശ്യമുള്ളതുമായ ഒരു പ്രക്രിയയാണ്. നിലവിലുള്ള കമ്മിറ്റി സംവിധാനത്തിൽ പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിലുള്ള സാങ്കേതിക കൃത്യത ഉറപ്പുവരുത്തുന്നതിന് പ്രായോഗികമായ പല പരിമിതികളും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കമ്മിറ്റി സംവിധാനത്തിൽ എല്ലാ അംഗങ്ങൾക്കും എസ്റ്റിമേറ്റിന്റെ സാങ്കേതിക കൃത്യത സൂക്ഷ്മമായി വിലയിരുത്താൻ പ്രായോഗികമായി കഴിയില്ല. മാത്രമല്ല ഇത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കാലതാമസമുളവാക്കുകയും ചെയ്യുന്നു. ഈ വിഷയം ചീഫ് എഞ്ചിനീയർമാർ ആവശ്യപ്പെട്ടതനുസരിച്ച് ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി, ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരുമായും ചീഫ് എഞ്ചിനീയർമാരുമായും ചീഫ് ടെക്നിക്കൽ എക്സാമിനറുമായും വിശദമായി ചർച്ച ചെയ്യുകയും സാങ്കേതികാനുമതി നൽകുന്നതിനുള്ള അധികാരം സാമ്പത്തിക പരിധിയില്ലാതെ ചീഫ് എഞ്ചിനീയർമാർക്ക് അനുവദിക്കുന്നതാണ് ഉചിതമെന്ന തീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. ഈ തീരുമാനത്തിന്റെ അടിസ്ഥാന ത്തിലാണ് മന്ത്രിസഭയുടെ അംഗീകാരത്തോടെ 16-1-2016-ലെ ജി. ഒ. (പി.) നമ്പർ 6/2016/ധന. ഉത്തരവ് പുറപ്പെടുവിച്ചത്. പദ്ധതികൾക്ക് സാങ്കേതിക പരിശോധനയും അനുമതിയും ഒഴിവാക്കിക്കൊണ്ടല്ല മറിച്ച് സാങ്കേതികാനുമതി നൽകുന്നതിനുള്ള പൂർണ്ണ അധികാരം ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർമാർക്ക് നൽകിക്കൊണ്ടാണ് ഉത്തരവ് പുറപ്പെടുവിച്ചത്.

## ചെക്ക്പോസ്റ്റുകളിൽ പരിശോധന കാര്യക്ഷമമാക്കാൻ കർമ്മ പദ്ധതി

21 (*321) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിജ്യ വകുപ്പിന്റെ ചെക്ക്പോസ്റ്റുകളിൽ പരിശോധന കാര്യക്ഷമമാക്കാൻ എന്തെല്ലാം കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) സംസ്ഥാനത്തെ 50 ചെക്ക്പോസ്റ്റുകളിൽ ഇ-ഡിക്ലറേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അമരവിള ചെക്ക്പോസ്റ്റ് സംയോജിത ചെക്ക്പോസ്റ്റാക്കി മാറ്റിയിട്ടുണ്ട്. വാളയാർ, മഞ്ചേശ്വരം, മുത്തങ്ങ തുടങ്ങിയ ചെക്ക്പോസ്റ്റുകൾ സംയോജിത ചെക്ക്പോസ്റ്റുകളാക്കി മാറ്റാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ചെക്ക്പോസ്റ്റുകളിലൂടെ കടന്നുവരുന്ന വാഹനങ്ങൾ ഇന്റലിജൻസ് വിഭാഗം തുടർപരിശോധനകൾ നടത്താറുണ്ട്.

(ബി) ഇ-ഡിക്ലറേഷൻ നടപ്പാക്കിയതിലൂടെ വാഹന പരിശോധന സുഗമമാക്കുന്നതിനും ബില്ലുകൾ പരിശോധിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്താൻ എടുത്തിരുന്ന കാലതാമസം ഒഴിവാക്കുന്നതിനും സാധിക്കുന്നു. ഇപ്രകാരം സംസ്ഥാനത്തിനകത്തേയ്ക്ക് വരുന്ന ചരക്കുകളുടെ വിശദാംശങ്ങൾ ഓട്ടോമാറ്റിക്കായി ഡീലർമാരുടെ ഫോൾഡറിൽ വരുമെന്നതിനാൽ നികുതി നിർണ്ണയ അധികാരിക്ക് വ്യാപാരി ഫയൽ ചെയ്യുന്ന റിട്ടേണുമായി ഒത്തുനോക്കുന്നതിനും അതുവഴി നികുതി വെട്ടിപ്പ് തടഞ്ഞ് വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു.

(സി) സംയോജിത ചെക്ക്പോസ്റ്റ് സംവിധാനം പ്രധാന ചെക്ക്പോസ്റ്റുകളിൽ നടപ്പിലാക്കി പരിശോധന കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്ന കാര്യം ധനകാര്യ വകുപ്പ്, അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു കമ്മിറ്റി പരിശോധിച്ചു വരികയാണ്.

## ആരാധനാലയങ്ങൾ കേന്ദ്രീകരിച്ച് നിയമവിരുദ്ധ പ്രവർത്തനങ്ങൾ

22 (*322) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചില ആരാധനാലയങ്ങളോടനുബന്ധിച്ചുള്ള സ്ഥലങ്ങൾ വർഗ്ഗീയസംഘടനകൾ കായിക പരിശീലനങ്ങൾക്കും പണപ്പിരിവിനും മറ്റുമായി ദുർവിനിയോഗം ചെയ്തുവരുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയം രഹസ്യാന്വേഷണ വിഭാഗം സർക്കാരിനെ അറിയിക്കാറുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ദേശസുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങളായിട്ടും പ്രസ്തുത നിയമവിരുദ്ധ പ്രവർത്തകർക്കെതിരെ നിയമാനുസൃതം കേസ്സെടുക്കാൻ തയ്യാറാകാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) രഹസ്യാന്വേഷണ വിഭാഗത്തിന്റെ റിപ്പോർട്ടുകൾ പരസ്യമാക്കുന്നത് ഉചിതമല്ല.

(സി) ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

(ഡി) വിഷയം ശ്രദ്ധയിൽപ്പെട്ടാൽ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

## വ്യാപാര സമുച്ചയ പദ്ധതി

23 (*323) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ വ്യാപാര സമുച്ചയ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) ടിക്കറ്റേതര വരുമാനം വർദ്ധിപ്പിച്ച് കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തികശേഷി കഴിയുന്നത്ര കൂട്ടുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

കെ.എസ്.ആർ.ടി.സി.യും കെ.റ്റി.ഡി.എഫ്.സി.യും ചേർന്നുള്ള സംരംഭങ്ങളിൽ ബി.ഒ.റ്റി. കാലയളവിൽ വ്യാപാരസമുച്ചയത്തിലെ കടമുറികൾ വാടകയ്ക്ക് നൽകുന്നതുവഴി ലഭിക്കുന്ന വരുമാനത്തിൽ ചെലവ് കഴിച്ചുള്ള തുകയുടെ 50% കെ.എസ്.ആർ.ടി.സി.-ക്ക് ലഭിക്കുന്നതാണ്. ബി.ഒ.റ്റി. കാലാവധി കഴിഞ്ഞാൽ പദ്ധതി പൂർണ്ണമായും കെ.എസ്.ആർ.ടി.സി.-ക്ക് കൈമാറുന്നതാണ്.

(സി) G. O. (Ms.) No. 46/07/Tran. dated 5-11-2007, G. O. (Ms.) No. 5/2010/Tran. Dated 23-1-2010 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരമാണ് കെ.റ്റി.ഡി.എഫ്.സി. ബസ് ടെർമിനൽ പ്രോജക്ടുകൾ ബി.ഒ.റ്റി. അടിസ്ഥാനത്തിൽ ഏറ്റെടുത്തിട്ടുള്ളത്.

കെ.എസ്.ആർ.ടി.സി. നേരിട്ട് നടപ്പിലാക്കുന്ന പ്രോജക്ടുകൾക്ക് പ്രാരംഭ പ്രവൃത്തികൾക്കായി പ്ലാൻ ഫണ്ടിൽ ലഭ്യമാകുന്ന ഒരു നിശ്ചിത തുക വകയിരുത്തുകയും ഓരോ പ്രോജക്ടിലും ബാക്കി തുക സമാഹരിക്കുന്നതിനായി വ്യാപാരാവശ്യത്തിന് സ്ഥലം വേണമെന്നുള്ളവരിൽനിന്നും ടെണ്ടർ/ലേലം നടപടികൾ നടത്തി പലിശ രഹിത നിക്ഷേപം സ്വീകരിച്ചും പദ്ധതി നിർവ്വഹണം നടത്തിവരുന്നു.

## പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ

24 (*324) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ പ്രസിഡന്റ് ഒപ്പ് വെക്കാതെ തിരിച്ചയച്ച സാഹചര്യത്തിൽ സംസ്ഥാന സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ബിൽ അനിശ്ചിതത്വത്തിലായതിനാൽ ബില്ലിൽ ശിപാർശ ചെയ്ത സമാശ്വാസ സഹായത്തിലെ ഒരു ഭാഗം ഇടക്കാലാശ്വാസമെന്ന നിലയിൽ പ്രഖ്യാപിക്കാൻ തയ്യാറാണോ; വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ & ബി) 2011-ലെ ദേശീയ ഹരിത ട്രിബ്യൂണൽ ആക്ടിൽ വിഭാവന ചെയ്തിട്ടുള്ള നിയമവുമായി പ്രസ്തുത ബില്ലിലെ വ്യവസ്ഥകൾ പൊരുത്തപ്പെടുന്നില്ലെന്നും മറ്റും ചൂണ്ടിക്കാട്ടി ബിൽ പിൻവലിക്കുവാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയം നിർദ്ദേശിക്കുകയും തുടർന്ന് ബിൽ മടക്കി അയയ്ക്കുകയും ചെയ്തിരുന്നു. ഇത്തരത്തിൽ തിരികെ അയച്ചതിലെ ന്യൂനതകൾ ചൂണ്ടിക്കാട്ടി പ്രസ്തുത ബിൽ രാഷ്ട്രപതിയുടെ അംഗീകാരത്തിനായി 19-9-2015-ൽ വീണ്ടും അയയ്ക്കുകയുണ്ടായി. എന്നാൽ ബില്ലിൽ "I withhold assent from this Bill" എന്ന് രേഖപ്പെടുത്തി ബഹുമാനപ്പെട്ട രാഷ്ട്രപതി പ്രസ്തുത ബിൽ തിരികെ അയയ്ക്കുകയായിരുന്നു. ഇക്കാര്യം സർക്കാർ നിയമസഭയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. പ്ലാച്ചിമട കൊക്കകോള ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി എന്ത് മാർഗ്ഗം സ്വീകരിക്കാമെന്ന് സർക്കാർ നിയമ വിദഗ്ദ്ധരുമായി കൂടിയാലോചിച്ച് വരികയാണ്.

**സർക്കാരിന്റെ വാർഷിക പദ്ധതികൾ**

25 (*325) ശ്രീ. എ. പ്രദീപ്കുമാർ :

ശ്രീ. പി. കെ. ഗുരുദാസൻ :

ശ്രീ. കെ. സുരേഷ് കുറുപ്പ് :

ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന് വാർഷിക പദ്ധതികൾ ഏതെങ്കിലും വർഷം, പൂർണ്ണമായും നടപ്പിലാക്കുവാൻ സാധ്യമായിട്ടുണ്ടോ; പിന്നിട്ട അഞ്ച് വാർഷിക പദ്ധതികളുടെയും നിർവ്വഹണങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തി വിശദമാക്കാമോ;

(ബി) മേൽ പദ്ധതികളുടെ കാലയളവിൽ, ലക്ഷ്യമിട്ടിരുന്ന ഓരോ വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കും നീക്കിവച്ചിരുന്ന തുകയും, പിൻവലിക്കപ്പെട്ട തുകയും പദ്ധതികളുടെ നിജസ്ഥിതിയും സംബന്ധിച്ച് വിശദമാക്കാമോ;

(സി) പദ്ധതി ചെലവിൽ മൂലധന നിക്ഷേപ ശതമാനം കുറയാനിടയായ സാഹചര്യങ്ങൾ വിശദമാക്കാമോ;

(ഡി) പദ്ധതികളുടെ രൂപകല്പന ഏപ്രിൽ മേയ് മാസങ്ങളിൽ തന്നെ പൂർത്തിയാക്കിയിട്ടുണ്ടോ; പദ്ധതി നിർവ്വഹണ ശൈലിയിൽ ഏത് നിലയിലുള്ള മാറ്റങ്ങൾ വരുത്തുകയുണ്ടായി;

(ഇ) പദ്ധതി നിർവ്വഹണവും പദ്ധതി ചെലവും അപ്പപ്പോൾ നിരീക്ഷിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ; എങ്കിൽ പ്ലാനിംഗ് ബോർഡ് ഏറ്റവും ഒടുവിൽ നടത്തിയ നിരീക്ഷണങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) ഈ സർക്കാരിന്റെ കഴിഞ്ഞ അഞ്ച് വാർഷിക പദ്ധതികളുടെ ചെലവ് 2016-17-ലെ ബഡ്ജറ്റ് രേഖകൾ പ്രകാരം താഴെ പറയുന്ന വിധത്തിലാണ്:

(രൂപ കോടിയിൽ)

| വർഷം | പദ്ധതി അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| 2011-12 | 12010 | 11758.90 | 97.91 |
| 2012-13 | 14010 | 14731.92 | 105.15 |
| 2013-14 | 17000 | 14901.29 | 87.65 |
| 2014-15 | 20000 | 15567.26 | 77.84 |
| 2015-16 ജനുവരി 31 വരെ | 20000 | 9605.74 | 48 |

(ബി) വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് വിഹിതം ഒരുമിച്ച് വകയിരുത്തുന്ന രീതി 2013-14 മുതൽ ആരംഭിച്ചിട്ടുണ്ട്.

പ്രസ്തുത പദ്ധതികളിൽ നിലവിലുള്ളവ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഈ ഇനത്തിൽ, വർഷം തിരിച്ചുള്ള വിഹിതവും 8-2-2016 വരെയുള്ള ചെലവും താഴെ പറയുന്നു:

(രൂപ കോടിയിൽ)

| *വർഷം* | *വകയിരുത്തിയ തുക* | *ചെലവഴിച്ച/ പിൻവലിച്ച തുക* | *ശതമാനം* |
|---|---|---|---|
| 2013-14 | 846.03 | 234 | 23.66 |
| 2014-15 | 1225 | 921 | 75.18 |
| 2015-16 | 2000 | 307.87 | 15.39 |

(സി) റവന്യൂ പദ്ധതിക്ക് മുൻതൂക്കം നൽകിയാണ് വാർഷിക പദ്ധതി കാലാകാലങ്ങളായി തയ്യാറാക്കിവരുന്നത്. ഇതുകാരണമാണ് പദ്ധതി ചെലവിൽ മൂലധന നിക്ഷേപ ശതമാനം കുറയാനിടയായത്.

(ഡി) സംസ്ഥാന വാർഷിക പദ്ധതികളുടെ രൂപകൽപ്പന അതാത് വകുപ്പുകൾ പൂർത്തിയാക്കിവരുന്നു. ഇതിനായി 2016-17 വാർഷിക പദ്ധതിയിൽ ഗ്രീൻ ബുക്ക് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പ് വേഗത്തിലാക്കുന്നതിന് സഹായകമായി 2016-17-ൽ കൂടുതൽ പ്രാധാന്യമർഹിക്കുന്നതും വേഗത്തിൽ നടപ്പാക്കാൻ കഴിയുന്നതുമായ പദ്ധതികളെ ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഇ) ഉണ്ട്. 2015-16 വാർഷിക പദ്ധതിയുടെ 2016 ജനുവരി 31 വരെയുള്ള ചെലവ് വിശദാംശങ്ങൾ *അനുബന്ധമായി ചേർത്തിരിക്കുന്നു.

**സംസ്ഥാന ഇന്നൊവേഷൻ കൗൺസിൽ**

26 (*326) ശ്രീ. പി. കെ. ബഷീർ :

ശ്രീ. പി. ഉബൈദുള്ള :

ശ്രീ. കെ. എൻ. എ. ഖാദർ :

ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഇന്നൊവേഷൻ കൗൺസിലിന്റെ പുനഃസംഘടന ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കൗൺസിലിന്റെ ഇതുവരെയുള്ള പ്രവർത്തനഫലമായുള്ള നേട്ടങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) കൗൺസിലിന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കാൻ ആവശ്യമായ വിദഗ്ദ്ധരുടെ സേവനം പരമാവധി ഉപയോഗപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) സംസ്ഥാന ഇന്നൊവേഷൻ കൗൺസിലിന്റെ കാലാവധി ഓഗസ്റ്റ് 2017 വരെയുണ്ട്.

(ബി) (1) പഠന കാലത്തുതന്നെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി ഇന്നൊവേഷൻ കൗൺസിലിന്റെ കരടുരേഖ പ്രകാരം ഒരു സ്റ്റാർട്ട്-അപ് നയം എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല സ്വീകരിച്ചു. സംസ്ഥാനത്ത് മറ്റ് സർവ്വകലാശാലകളിലും ഈ നയം വ്യാപിപ്പിക്കുവാൻ കൗൺസിൽ നടപടി സ്വീകരിച്ചുവരുന്നു.

(2) സംസ്ഥാന ഇന്നൊവേഷൻ കൗൺസിലിന്റെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനും പ്രാദേശിക പ്രശ്നങ്ങൾക്ക് നൂതന പരിഹാരങ്ങൾ കണ്ടെത്തുന്നതിനും നൂതന ആശയങ്ങളുടെ പ്രോത്സാഹനത്തിനും സമാഹരണത്തിനുമായി, ജില്ലാ കളക്ടർമാർ നേതൃത്വം നൽകുന്ന ജില്ലാ ഇന്നൊവേഷൻ കമ്മിറ്റികൾ എല്ലാ ജില്ലകളിലും രൂപീകരിച്ച് പ്രവർത്തിക്കുന്നു.

(3) വിദ്യാർത്ഥികളുടെ ക്രിയാത്മകശേഷികളെ പരിപോഷിപ്പിക്കാനായി ഓരോ ജില്ലയിലും സ്കൂൾ/കോളേജ് തലത്തിൽ ഇതുവരെ 668 ഇന്നൊവേഷൻ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(4) പേറ്റന്റ് ലഭിച്ചവർക്കും, പേറ്റന്റിനായി രജിസ്റ്റർ ചെയ്തവർക്കും പേറ്റന്റുകൾ വാണിജ്യവത്ക്കരണം സാധ്യമാക്കുന്നതിനായി മാർഗ്ഗനിർദ്ദേശങ്ങൾ, സർക്കാർ/ബാങ്ക്/സംരംഭതലങ്ങളിൽ ലഭിക്കാവുന്ന സഹായങ്ങൾ എന്നിവയെക്കുറിച്ച് വിവരങ്ങൾ പങ്കുവയ്ക്കുക, ഇതിനാവശ്യമായ സഹായങ്ങൾ ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന ഇന്നൊവേഷൻ മീറ്റ് 2015-16 സംഘടിപ്പിച്ചു.

(5) വിദ്യാർത്ഥികളുടെയും സാധാരണ ജനങ്ങളുടെയും പുതിയ ആശയങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അവരുടെ കണ്ടുപിടുത്തങ്ങൾക്ക് ശാസ്ത്രീയമായ സ്ഥിരീകരണം ഉറപ്പുവരുത്താനും സംസ്ഥാനത്തെ ശാസ്ത്രസാങ്കേതിക സ്ഥാപനങ്ങളിലെയും സർവ്വകലാശാലകളിലെയും ഗവേഷണ സ്ഥാപനങ്ങളിലേയും സർവ്വകലാശാല കളിലെയും ലബോറട്ടറി സംവിധാനങ്ങൾ, ലൈബ്രറികൾ എന്നിവ തുറന്നു കൊടുക്കുന്നതിന് ഉതകുംവിധം ഒരു നയരൂപീകരണത്തിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(6) തെങ്ങിൽനിന്നും നീര ഉത്പാദിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് 2015-16, 2016-17 ബഡ്ജറ്റിൽ തുക ഉൾപ്പെടുത്തിയത് കൗൺസിലിന്റെ പ്രവർത്തനഫലമായാണ്.

(സി) പരിഗണനയിലുണ്ട്.

## മോട്ടോർ വാഹനനിയമത്തിലെ വ്യവസ്ഥകളും നിയന്ത്രണങ്ങളും

27 (*327) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരത്തിൽ വാഹനമോടിക്കുന്നവർ നിലവിലെ മോട്ടോർ വാഹന നിയമത്തിലെ വ്യവസ്ഥകളും നിയന്ത്രണങ്ങളും പാലിക്കാൻ വൈമനസ്യം കാണിക്കുകയും അതുമൂലമുള്ള അപകടങ്ങളിൽ നിരപരാധികൾക്ക് ജീവഹാനിയുൾപ്പെടെ സംഭവിക്കുന്ന സ്ഥിതിവിശേഷം തുടരുകയും ചെയ്യുന്ന സാഹചര്യത്തിൽ പുതിയ ഏതെങ്കിലും പരിഹാര നടപടിയെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; എങ്കിൽ അതെന്തെന്ന് വിശദീകരിക്കാമോ;

(ബി) നിയമങ്ങളും നിബന്ധനകളും നടപ്പാക്കണമെന്ന നിർദ്ദേശങ്ങൾ അവഗണിക്കപ്പെടുകയും അവ നടപ്പാക്കാൻ ശ്രമിക്കുന്ന ഉദ്യോഗസ്ഥരുടെ മേൽ സമ്മർദ്ദവും ഭീഷണിയും ഉണ്ടാവുകയും ചെയ്യുന്ന സാഹചര്യം നേരിടാൻ എന്തെങ്കിലും പരിഷ്കാരം നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) കേരളത്തിൽ റോഡപകടങ്ങൾ കുറയ്ക്കുന്നതിനും, പൊതുജനങ്ങൾ റോഡ് ഗതാഗത നിയമങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുമായി "ശുഭയാത്ര 2015" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ട്രാഫിക് നിയമങ്ങൾ കർശനമായി

നടപ്പിലാക്കുക, ട്രാഫിക് പ്രവൃത്തികൾ ചെയ്യുക, ട്രാഫിക് ബോധവൽക്കരണം നടത്തുക എന്നീ കാര്യങ്ങൾ ഈ പദ്ധതിയിലൂടെ നടപ്പിലാക്കിവരുന്നു. സുരക്ഷിതമായ റോഡ് യാത്ര ഉറപ്പാക്കിക്കൊണ്ട് സംസ്ഥാനത്തെ റോഡുകൾ അപകടരഹിതമാക്കുക എന്നുള്ളതാണ് ഈ പദ്ധതികൊണ്ട് മുഖ്യമായും ഉദ്ദേശിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ ട്രാഫിക് സംബന്ധമായ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇരുചക്രമുൾപ്പെടെയുള്ള വാഹനങ്ങൾ ഓടിക്കുന്നവർ അവശ്യം അറിഞ്ഞിരിക്കേണ്ടതും പാലിക്കേണ്ടതുമായ നിയമങ്ങളേയും വസ്തുതകളേയും കുറിച്ച് ഇവരെ ബോധവത്ക്കരിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി ആവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇത്തരത്തിലുള്ള സാഹചര്യം നേരിടാനുള്ള പരിഷ്കാരങ്ങൾ നടപ്പാക്കുന്നുണ്ട്. ഈ വഴിക്കുള്ള ഒരു പുതിയ കാൽവയ്പായി ചേർത്തല-മണ്ണുത്തി, മണ്ണുത്തി-മഞ്ചേശ്വരം നാഷണൽ ഹൈവേയിലും തൃശ്ശൂർ, പാലക്കാട്, കണ്ണൂർ ജില്ലകളിലുമായി 201 നിരീക്ഷണ ക്യാമറാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. നിയമലംഘകരെ ക്യാമറ സംവിധാനത്തിലൂടെ കണ്ടെത്തി അവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയാണ് ഈ സംവിധാനത്തിലൂടെ ചെയ്തുവരുന്നത്. 'തേർഡ് ഐ' എന്ന സംവിധാനത്തിലൂടെ കുറ്റകൃത്യങ്ങൾ ക്യാമറയിൽ പകർത്തി തെളിവായി സ്വീകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. ഈ രീതിയിൽ തെളിവുകൾ സഹിതം കുറ്റകൃത്യങ്ങൾ രേഖപ്പെടുത്തുകയും നടപടി സ്വീകരിക്കുകയും ചെയ്യുന്നതുമൂലം ഉദ്യോഗസ്ഥരുടെമേലുള്ള സമ്മർദ്ദവും ഭീഷണിയും ഒഴിവാക്കുന്നതാണ്.

## സ്വകാര്യ ഭൂമിയിൽ മരം വച്ചുപിടിപ്പിക്കുന്ന പദ്ധതി

28 (*328) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ഭൂമിയിൽ മരം വച്ചുപിടിപ്പിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) സംസ്ഥാനത്തെ സ്വകാര്യ ഭൂമികളിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി 2012 വർഷം മുതൽ നടപ്പിലാക്കി വരുന്നുണ്ട്. 17-2-2012-ലെ ജി.ഒ. (ആർറ്റി.) നമ്പർ 99/12/വനം, 29-9-2012-ലെ ജി.ഒ. (ആർറ്റി.) 486/12/വനം എന്നിവ പ്രകാരമാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. തേക്ക്, ചന്ദനം, മഹാഗണി, ആഞ്ഞിലി, പ്ലാവ്, ഈട്ടി, കമ്പകം, കുമ്പിൾ, കുന്നിവാക, തേമ്പാവ് എന്നിങ്ങനെ പത്തിനം വൃക്ഷത്തൈകൾ നട്ടു പാലിക്കുന്നവർക്ക് തൈകളുടെ എണ്ണം അനുസരിച്ച് മൂന്ന് തലങ്ങളിലായാണ് ധനസഹായം നൽകുന്നത്. 50 തൈകൾ മുതൽ 200 തൈകൾ വരെ തൈ ഒന്നിന് 50 രൂപ നിരക്കിലും, 201 മുതൽ 400 എണ്ണം തൈകൾക്ക് തൈ ഒന്നിന് 40 രൂപ നിരക്കിലും, 401 മുതൽ 625 എണ്ണം തൈകൾക്ക് തൈ ഒന്നിന് 30 രൂപ നിരക്കിലുമാണ് ധനസഹായം നൽകുന്നത്.

കൂടാതെ സ്വകാര്യ ഭൂമിയിൽ വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിനായി വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടുകൂടി "എന്റെ മരം", "നമ്മുടെ മരം" എന്നീ പദ്ധതി കളിലൂടെ വിവിധയിനം വൃക്ഷത്തൈകൾ സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്. പൊതുജനങ്ങൾ, മതസംഘടനകൾ, എൻ.ജി.ഒ. എന്നിവരുടെ പങ്കാളിത്തത്തോടെയും വിവിധയിനം വൃക്ഷത്തൈകൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നു.

(ബി) സ്വകാര്യ ഭൂമിയുടെ ശോഷിച്ചുവരുന്ന ജൈവവൈവിധ്യം സംരക്ഷിക്കുന്ന തിനോടൊപ്പം വൃക്ഷാവരണം, തടിയുൽപ്പാദനം എന്നിവ വർദ്ധിപ്പിക്കുകയും സർവ്വസാധാരണമായി ഉപയോഗിക്കുന്ന തടിയിനങ്ങളിൽ സ്വയം പര്യാപ്തത കൈവരിക്കുകയും അതുവഴി ഭൂവുടമകൾക്ക് അധികവരുമാനം ലഭ്യമാക്കുന്നതിനിടയാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണിത്. നിലവിലുള്ള വിളകളുടെ വിലയിൽ ഇടയ്ക്കിടെയുണ്ടാകുന്ന വ്യതിയാനങ്ങളെ വൃക്ഷം വളർത്തൽ മുഖേന ചെറുക്കുന്നതിന് കർഷകരെ സഹായിക്കുക, വൃക്ഷം വളർത്തലിനെ മറ്റൊരു കാർഷികവൃത്തിയാക്കുവാൻ കർഷകരെ പ്രോത്സാഹിപ്പിക്കുക, ഇതുവഴി സ്വകാര്യ കൈവശസ്ഥലങ്ങളെ ഹരിതാഭമാക്കുക, ജൈവവൈവിധ്യം പരിപോഷിപ്പിക്കുക, ആവാസ വ്യവസ്ഥാസേവനങ്ങൾ വർദ്ധിച്ച അളവിൽ ജനങ്ങൾക്ക് ലഭ്യമാക്കുക എന്നിവ കൂടാതെ, ആഗോളതാപനത്തെയും കാലാവസ്ഥാ വ്യതിയാനത്തെയും ചെറുത്ത് അതിന്റെ ദൂഷ്യഫലങ്ങൾ ലഘൂകരിക്കുകയെന്നതും ഈ പദ്ധതി മുഖേന ലക്ഷ്യമിടുന്നുണ്ട്.

(സി) എല്ലാ വർഷവും ഓഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിൽ മാധ്യമങ്ങളിൽ ഇതിനായുള്ള പരസ്യം പ്രസിദ്ധീകരിച്ച് എല്ലാ ജില്ലകളിലും അപേക്ഷകൾ ക്ഷണിക്കുകയും ബന്ധപ്പെട്ട സോഷ്യൽ ഫോറസ്ട്രി വിഭാഗം റെയ്ഞ്ച് ഓഫീസർ നിശ്ചിത പ്രൊഫോർമയിൽ അപേക്ഷകൾ സ്വീകരിച്ച് ആയതിന്മേൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ സ്ഥലപരിശോധന നടത്തി പരിശോധനാ റിപ്പോർട്ടും അപേക്ഷയും ജനപ്രതിനിധികളുൾപ്പെടെയുള്ള പഞ്ചായത്തുതല കമ്മിറ്റിയുടെ വിലയിരുത്തലിനുശേഷം ശിപാർശകളോടെ ജില്ലാതല കമ്മിറ്റിക്ക് നൽകുകയും സോഷ്യൽ ഫോറസ്ട്രി വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ കൺവീനറായുള്ള ജില്ലാതല കമ്മിറ്റി ആയവ പരിഗണിച്ച് ധനസഹായം തീരുമാനിച്ച് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് 'അക്കൗണ്ട് പേയീ' ചെക്കായി തുക അപേക്ഷകന് നൽകുകയും ചെയ്യുന്നു.

**റോഡപകടങ്ങൾ**

29 (*329) <u>ശ്രീ. റ്റി. യു. കുരുവിള</u> :
<u>ശ്രീ. മോൻസ് ജോസഫ്</u> :
<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u> :
<u>ശ്രീ. സി.എഫ്.തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യപിച്ചും അലക്ഷ്യമായും ട്രാഫിക്ക് നിയമങ്ങൾ പാലിക്കാതെയും വാഹനമോടിച്ച് അപകടമുണ്ടാക്കുന്നത് തടയാൻ സ്വീകരിച്ച നടപടികളും മുൻ കരുതലുകളും എന്തെല്ലാം; വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം അപകടത്തിൽപ്പെടുന്ന ആളുകളെ അടിയന്തരമായി ആശുപത്രിയിലെത്തിക്കുന്നതിലെ കാലതാമസംമൂലം ഇവർ മരണപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം അപകടമരണങ്ങൾ ആവർത്തിക്കാതിരിക്കാനും റോഡപകടങ്ങൾ ഇല്ലാതാക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>) :

(എ) മദ്യപിച്ചും അലക്ഷ്യമായും ട്രാഫിക് നിയമങ്ങൾ പാലിക്കാതെയും വാഹനമോടിച്ചുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി കർശന വാഹന പരിശോധന നടത്തിവരുന്നുണ്ട്. മദ്യപിച്ച് വാഹനമോടിക്കുന്നവരെ കണ്ടെത്തുന്നതിനായി ആൽക്കോ മീറ്റർ, ബ്രീത്ത് അനലൈസർ എന്നിവ ഉപയോഗിച്ച് പരിശോധനകൾ നടത്തുകയും മദ്യപിച്ചും അലക്ഷ്യമായും ട്രാഫിക് നിയമങ്ങൾ പാലിക്കാതെയും

വാഹനമോടിക്കുന്നവർക്കെതിരെ 279 IPC 118 (e) KP Act 184, 185 MV Act എന്നീ വകുപ്പുകൾ പ്രകാരം കേസ്സുകൾ രജിസ്റ്റർ ചെയ്ത് കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. മദ്യപിച്ചോ അലക്ഷ്യമായോ വാഹനമോടിച്ച് അപകടമുണ്ടാക്കി മറ്റ് യാത്രക്കാരുടെ മരണത്തിന് കാരണമാകുകയോ ഗുരുതര പരിക്കേൽപ്പിക്കുകയോ ചെയ്യുന്നവരുടേയും ഒന്നിൽ കൂടുതൽ തവണ മദ്യപിച്ച് വാഹനമോടിച്ചവരുടേയും ഡ്രൈവിംഗ് ലൈസൻസ് സസ്പെന്റ്/റദ്ദ് ചെയ്യുന്നതിനായി ബന്ധപ്പെട്ട ആർ.റ്റി.ഒ.മാർക്ക് റിപ്പോർട്ട് സമർപ്പിച്ചുവരുന്നു. ഇതിനുപുറമെ ട്രാഫിക്/ഹൈവേ/ റഡാർ യൂണിറ്റുകളുടെ സേവനം ലഭ്യമാക്കിയും പ്രധാന റോഡുകളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചും സ്പീഡ് റഡാർ, ഇന്റർസെപ്റ്റർ വാഹനങ്ങൾ, ഹൈവേ പട്രോളിംഗ് എന്നിവയുടെ സഹായത്താൽ കർശന വാഹന പരിശോധന നടത്തിവരുന്നു. റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി റോഡ് സുരക്ഷാ സന്ദേശ ബോധവത്കരണ പരിപാടികൾക്കായി ട്രാഫിക് ഇലക്ട്രോണിക് പാർക്ക് വാഹനം ഉൾപ്പെടുത്തിക്കൊണ്ട് ബോധവത്കരണ ക്ലാസ്സുകൾ വിവിധ സന്നദ്ധ സംഘടന കളുടെ ആസ്ഥാനങ്ങളിലും, സ്കൂളുകൾ, കോളേജുകൾ, പൊതുമേഖലാ ആസ്ഥാനങ്ങൾ, റസിഡൻസ് അസ്സോസിയേഷൻ ആസ്ഥാനങ്ങൾ എന്നിവിടങ്ങളിലും നടത്തിവരുന്നു. ഗതാഗത വകുപ്പുമായും പൊതുമരാമത്ത് വകുപ്പുമായും ചേർന്ന് റോഡ് സുരക്ഷാ പദ്ധതിയും നടത്തിവരുന്നു.

റോഡപകടങ്ങൾ കുറയ്ക്കുന്നതിനും പൊതുജനങ്ങൾ റോഡ് ഗതാഗത നിയമങ്ങൾ പാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനുമായി "ശുഭയാത്ര 2015" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുമുണ്ട്.

(ബി & സി) അപകടമരണങ്ങൾ ആവർത്തിക്കാതിരിക്കുവാനും റോഡപകടങ്ങൾ ഇല്ലാതാക്കുവാനും ആഭ്യന്തരം, ഗതാഗതം, ആരോഗ്യം എന്നീ വകുപ്പുകൾ സംയുക്തമായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

മദ്യപിച്ച് വാഹനമോടിക്കുന്നവരെ ആൽക്കോമീറ്റർ ഉപയോഗിച്ച് കണ്ടുപിടിച്ച് 279 ഐ.പി.സി. ആന്റ് 185 ഓഫ് എം.വി. ആക്ട് പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിക്കുന്നുണ്ട്. മദ്യപിച്ച് വാഹനമോടിച്ചാൽ തനിക്കും മറ്റുള്ളവർക്കും അപകടമുണ്ടാകാനുള്ള സാധ്യതകളെക്കുറിച്ച് ബോധവത്കരണ ക്ലാസ്സുകൾ/ ലഘുലേഖകൾ/മാധ്യമങ്ങളിലൂടെയുള്ള പ്രചരണം എന്നിവ നടത്തിവരുന്നുണ്ട്. കൂടാതെ സ്പീഡ് റഡാർ, ഇന്റർസെപ്റ്റർ എന്നിവ ഉപയോഗിച്ചും വാഹന വേഗതാ പരിധി പരിശോധിച്ചുവരുന്നു. അമിത വേഗതാ നിയന്ത്രണത്തിനായി സ്പീഡ് ബ്രേക്കറുകൾ, സ്പീഡ് റഡാർ എന്നിവയും ബ്ലാക്ക് സ്പോട്ടുകളായ സ്ഥലങ്ങൾ കണ്ടുപിടിച്ച് റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി നോഡൽ ഏജൻസിയായ കെൽട്രോണിന്റെ സഹായത്തോടെ ബ്ലിങ്കർ ലൈറ്റുകളും ട്രാഫിക് സിഗ്നൽ ലൈറ്റുകളും സ്ഥാപിച്ചിട്ടുണ്ട്.

## 2016-17 വർഷത്തെ വാർഷിക പദ്ധതി

30 (*330) ശ്രീ. എം. ഉമ്മർ :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. കെ. എം. ഷാജി :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തെ വാർഷിക പദ്ധതിയിൽ മുൻഗണന ഏതൊക്കെ മേഖലകൾക്കാണെന്ന് വ്യക്തമാക്കുമോ;

(ബി) തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് നീക്കിവയ്ക്കുന്ന തുക നിർദ്ദിഷ്ട പദ്ധതികൾക്ക് യഥാസമയം ചെലവിടുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഏതെങ്കിലും മുൻകൂർ നിർദ്ദേശങ്ങൾ രൂപപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പദ്ധതി പ്രവർത്തനങ്ങൾ മുൻകൂട്ടി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) 2016-17 വാർഷിക പദ്ധതിയിലെ മുൻഗണനാ മേഖലകൾ താഴെ പറയുന്നവയാണ്:

വിള സംരക്ഷണം, മൃഗസംരക്ഷണം, മത്സ്യബന്ധനം, വലുതും ഇടത്തരവുമായ ജലസേചനം, ചെറുകിട ജലസേചനം, ഊർജ്ജ വികസനം, ഇടത്തരവും വലുതുമായ വ്യവസായം, റോഡുകളും പാലങ്ങളും, വിവര സാങ്കേതിക വിദ്യയും ഇ-ഗവേണൻസും, വനവും വന്യജീവിയും, വിദ്യാഭ്യാസം, തൊഴിലും തൊഴിലാളി ക്ഷേമവും, പട്ടികജാതി/ പട്ടികവർഗ്ഗ വികസനം, സാമൂഹ്യനീതി, വൈദ്യ ശുശ്രൂഷയും പൊതുജനാരോഗ്യവും, ശുദ്ധജല വിതരണവും ശുചിത്വവും, നഗരവികസനം.

(ബി) ഉണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നീക്കിവയ്ക്കുന്ന തുക പദ്ധതികൾക്ക് യഥാസമയം ചെലവിടുന്നതിന് ഉതകുന്ന വിധത്തിലാണ് 2016-17 വർഷത്തെ പുതുക്കിയ പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത മാർഗ്ഗരേഖ (സ. ഉ. (എംഎസ്.) നമ്പർ 4/2016/തസ്വഭവ. തീയതി 4-1-2016)-യിൽ പദ്ധതി തുക ചെലവഴിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. (www.Isgkerala.gov.in)

(സി) ഇതിനായി 2016-17 വാർഷിക പദ്ധതിയിൽ ഗ്രീൻ ബുക്ക് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പ് വേഗത്തിലാക്കുന്നതിന് സഹായകമായി 2016-17-ൽ കൂടുതൽ പ്രാധാന്യം അർഹിക്കുന്നതും വേഗത്തിൽ നടപ്പിലാക്കാൻ കഴിയുന്നതുമായ പദ്ധതികളെ ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പത്താം ശമ്പള കമ്മീഷൻ രണ്ടാംഘട്ട റിപ്പോർട്ട്

1 (3089) ശ്രീ. പി. തിലോത്തമൻ :

ശ്രീ. കെ.രാജു :

ശ്രീമതി ഗീതാ ഗോപി :

ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം ശമ്പള കമ്മീഷൻ രണ്ടാം ഘട്ട റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

(ബി) രണ്ടാം ഘട്ട റിപ്പോർട്ടിലെ പ്രധാന നിഗമനങ്ങളും ശിപാർശകളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) വെള്ളക്കരം വർദ്ധിപ്പിക്കണമെന്ന ശിപാർശ ഉണ്ടായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ശിപാർശയിന്മേലുള്ള തീരുമാനം എന്താണെന്ന് വെളിപ്പെടുത്തുമോ?

#### ഉത്തരം

(എ & ബി) പത്താം ശമ്പളക്കമ്മീഷന്റെ രണ്ടാംഘട്ട റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു. രണ്ടാംഘട്ട റിപ്പോർട്ടിലേതുൾപ്പെടെയുള്ള ശിപാർശകൾ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി 20-1-2016-ലെ സ. ഉ. (അച്ചടി) നമ്പർ 7/2016/ധന. പ്രകാരം ചീഫ് സെക്രട്ടറി ചെയർമാനായും പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യ എക്സ്പെന്റീച്ചർ) കൺവീനറായും അഡീഷണൽ ചീഫ് സെക്രട്ടറി (ആഭ്യന്തരം), അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം), സെക്രട്ടറി (പൊതുഭരണ വകുപ്പ്), സെക്രട്ടറി (ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്), ഡയറക്ടർ ജനറൽ (ഐ.എം.ജി.) എന്നിവർ അംഗങ്ങളായും ഉള്ള കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ചുള്ള പത്താം ശമ്പളക്കമ്മീഷന്റെ രണ്ടാംഘട്ട റിപ്പോർട്ടിൽ വെള്ളക്കരം വർദ്ധിപ്പിക്കണമെന്ന ശിപാർശ ഉൾപ്പെട്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഫയലുകൾ വൈകിപ്പിക്കുന്നത് തടയാനുള്ള നടപടി

2 (3091) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗസ്ഥർ ഫയലുകളിൽ നടപടി വൈകിപ്പിക്കുന്നതുമൂലം ഉത്തരവുകൾ വൈകുന്നതും അകാരണമായി ഫയലുകൾ സെക്ഷനുകളിൽ നിന്നും മറ്റ് സെക്ഷനുകളിലേയ്ക്ക് മാറ്റി കാലതാമസം വരുത്തുന്നതും ഒഴിവാക്കുവാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വ്യക്തമാക്കുമോ;

(ബി) മണ്ഡലം ആസ്തി വികസന പദ്ധതിയടക്കം വിവിധ പദ്ധതികളിലൂടെ മണ്ഡലങ്ങളിലെ വികസന പ്രവർത്തനങ്ങൾക്ക് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ ഫയലുകളായി സെക്രട്ടേറിയറ്റിലെ വിവിധ സെക്ഷനുകളിൽ എത്തുമ്പോൾ അകാരണമായി വച്ച് താമസിപ്പിച്ച് ഇപ്രകാരമുള്ള വികസന പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നതും ഫയലുകളിൽ കാലതാമസം വരുത്തുന്നതും ഉത്തരവുകളിൽ തെറ്റായ വിവരങ്ങൾ ഉൾപ്പെടുത്തി കാലതാമസം വരുത്തുന്നതും സംബന്ധിച്ച് സർക്കാരിന് പരാതികൾ ലഭിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ;

(സി) ഇത്തരം വിഷയങ്ങളിൽ ഒരിക്കൽ പരാതി നൽകി എന്ന കാരണത്താൽ തുടർന്നുള്ള എല്ലാ ഫയലുകളും വച്ച് താമസിപ്പിച്ച് പരാതിക്കാരെ അവഹേളിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മേൽപറഞ്ഞ തരത്തിലുള്ള സംഭവങ്ങളിൽ എം.എൽ.എ.മാർ അടക്കം നൽകിയിട്ടുള്ള പരാതികളിൽ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജനങ്ങൾക്ക് സർക്കാർ സേവനങ്ങൾ കാലതാമസം കൂടാതെ ലഭ്യമാക്കണമെന്നുള്ളതാണ് സർക്കാർ നയം. സർക്കാർ സേവനങ്ങൾ വേഗത്തിലും കാര്യക്ഷമമായും ജനങ്ങളിലെത്തിക്കുവാൻ കമ്പ്യൂട്ടർവത്ക്കരണം, ഡി.ഡി.എഫ്.എസ്., ഇ-ഗവേണൻസ്, ഇ-ഫയലിംഗ്, ഇ-ടെന്ററിംഗ്, ഐഡിയാസ്, ഫ്രണ്ട്സ്/അക്ഷയ, ഇ-ഓഫീസ് തുടങ്ങിയ ആധുനിക സംവിധാനങ്ങൾ വ്യാപകമാക്കിക്കൊണ്ടിരിക്കുകയാണ്. കൂടാതെ പഞ്ചദിനചട്ടം, സേവനാവകാശ നിയമം എന്നിവ കർശനമായി പാലിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഓരോ വകുപ്പും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരേയും പങ്കെടുപ്പിച്ചുകൊണ്ട് വകുപ്പുതലത്തിൽ ചർച്ച ചെയ്ത് ഫയൽ

കെട്ടിക്കിടക്കാതിരിക്കുന്നതിനും അപേക്ഷകൾ, പരാതികൾ എന്നിവയിൻമേലുള്ള നടപടികൾ വേഗത്തിലാക്കി സമയബന്ധിതമായി തീർപ്പാക്കുന്നതിനും തീർപ്പാക്കാൻ അവശേഷിക്കുന്ന ഫയലുകളെ സംബന്ധിച്ച് അവലോകനം ചെയ്യുവാനും മൂന്ന് മാസത്തിലൊരു ദിവസം ഫയൽ അദാലത്തിനായി മാറ്റി വയ്ക്കുന്നതിനും എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി-ഡി) വിവരം ശേഖരിച്ചുവരുന്നു.

**ഫയലുകളുടെ മുൻഗണനാക്രമം**

3 (3093) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ എത്തുന്ന ഫയലുകളിൽ മുൻഗണനാക്രമം തെറ്റിച്ച് നടപടികളെടുക്കുന്നതുമായി ബന്ധപ്പെട്ട എത്ര പരാതികൾ നിലവിലുണ്ടെന്ന് പറയാമോ;

(ബി) ഇത്തരം പരാതികളിൽ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) പൊതുജനങ്ങൾക്ക് സർക്കാർ സേവനം കാലതാമസം കൂടാതെ ലഭ്യമാക്കണമെന്നുള്ളതാണ് സർക്കാർ നയം. ഫയലുകളുടെ മുൻഗണന നിശ്ചയിക്കുന്നത് ആയത് ലഭിക്കുന്ന തീയതിയും സമയവും മാത്രം കണക്കാക്കിയല്ല. മറിച്ച് അതിലടങ്ങിയിരിക്കുന്ന വിഷയത്തിന്റെ പ്രാധാന്യം അനുസരിച്ചാണ്. പൊതുജനങ്ങളുമായി ബന്ധപ്പെട്ടതും അല്ലാത്തതുമായ നൂറുകണക്കിന് ഫയലുകൾ, അപേക്ഷകൾ, പരാതികൾ സെക്രട്ടേറിയറ്റ് വകുപ്പുകളിൽ ദിനംപ്രതി ലഭിക്കാറുണ്ട്. അവയിൽ ആവശ്യം, സത്വരം, അടിയന്തരം, അന്നുതന്നെ നടപടി സ്വീകരിക്കേണ്ടവ എന്നിങ്ങനെ സമയബന്ധിതമായി ചെയ്യേണ്ട വിഷയങ്ങളും ഉണ്ടാവാറുണ്ട്. ഇത്തരം സാഹചര്യ ങ്ങളിൽ പ്രാധാന്യം കുറഞ്ഞ വിഷയങ്ങളേക്കാളുപരി അടിയന്തര വിഷയങ്ങൾക്ക് മുൻഗണന നൽകി നടപടി സ്വീകരിക്കേണ്ടതായി വരും. ഏതെങ്കിലും വകുപ്പിൽ ഫയലുകൾ മുൻഗണനാക്രമം തെറ്റി കൈകാര്യം ചെയ്യുന്നു എന്നുള്ള പരാതി ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും വകുപ്പുകളിൽ ലഭിക്കുന്ന എല്ലാ ഫയലുകളിലും പരാതികളിലും അപേക്ഷകളിലും എത്രയും വേഗത്തിൽതന്നെ നടപടി സ്വീകരിച്ച് തീർപ്പാക്കുവാനും പഞ്ചദിനചട്ടം, സേവനാവകാശം എന്നിവ കർശനമായി പാലിക്കുവാനും എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## പേഴ്സണൽ സ്റ്റാഫിന്റെ സ്പെഷ്യൽ റൂൾസ്

4 (3094) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്ത്രിമാരുടെയും മറ്റും പേഴ്സണൽ സ്റ്റാഫിൽ ബോർഡ്/കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നുള്ള ജീവനക്കാരെ നിയമിക്കുന്നത് ഏത് രീതിയിലായിരിക്കണമെന്നാണ് സ്പെഷ്യൽ റൂളിൽ വിവക്ഷിക്കുന്നത്;

(ബി) പേഴ്സണൽ സ്റ്റാഫിൽ നിയമിക്കുന്ന ബോർഡ്/കോർപ്പറേഷൻ ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കാൻ സ്പെഷ്യൽ റൂൾസിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ ;

(സി) പേഴ്സണൽ സ്റ്റാഫിൽ നിയമിക്കപ്പെട്ടവർക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയും നിയമിക്കപ്പെടുന്ന തസ്തികയും കണക്കിലെടുത്ത് ആ തസ്തികയുടെ മിനിമം ശമ്പളമെങ്കിലും നൽകുകയെന്ന സാമാന്യ ചട്ടം ഇവരുടെ കാര്യത്തിൽ ബാധകമാണോ; ഇല്ലെങ്കിൽ മിനിമം ശമ്പളമെങ്കിലും ഉറപ്പാക്കാൻ ചട്ടത്തിൽ ആവശ്യമായ ഭേദഗതി ഈ സർക്കാരിന്റെ കാലാവധി മുതൽ മുൻകാലപ്രാബല്യത്തിൽ വരുത്തുമോ?

ഉത്തരം

(എ & ബി) സ്പെഷ്യൽ റൂൾസിലെ ചട്ടം 4 പ്രകാരം, ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് ഈ നിയമനങ്ങൾ.

(സി) പേഴ്സണൽ സ്റ്റാഫിലെ നിയമനങ്ങൾക്ക് സ്പെഷ്യൽ റൂൾസാണ് ബാധകമായിട്ടുള്ളത്. ആയതിന്റെ വെളിച്ചത്തിലുള്ള ആനുകൂല്യങ്ങൾ മാത്രമേ നൽകാൻ സാധിക്കുകയുള്ളൂ.

## പേഴ്സണൽ സ്റ്റാഫംഗങ്ങളുടെ പെൻഷൻ

5 (3095) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും സർവ്വീസ് പെൻഷൻകാരുടെയും ശമ്പളവും പെൻഷനും പരിഷ്കരിച്ച സാഹചര്യത്തിൽ മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫംഗങ്ങളായിരുന്നവരുടെ പെൻഷൻ പരിഷ്കരിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ പെൻഷൻ പരിഷ്കരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉത്തരവ് ഇറക്കിയിട്ടില്ല.

(ബി) നടപടികൾ സ്വീകരിക്കുന്നതാണ്.

**മന്ത്രിസഭാ യോഗം**

6 (T* 3096) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2015 ഡിസംബർ 17-ന് ചേർന്ന മന്ത്രിസഭാ യോഗത്തിന്റെ പ്രധാന തീരുമാനങ്ങൾ എന്തൊക്കെയായിരുന്നു എന്നറിയിക്കുമോ?

ഉത്തരം

2015 ഡിസംബർ 17-ൽ പ്രത്യേക മന്ത്രിസഭാ യോഗമാണ് ഉണ്ടായിരുന്നത്. പ്രസ്തുത മന്ത്രിസഭാ യോഗം 50 ഇനങ്ങളിൽ തീരുമാനമെടുക്കുകയുണ്ടായി.

**മാവേലിക്കര മണ്ഡലത്തിൽ ചുനക്കര പഞ്ചായത്തിലെ**
**മേരി തോമസിന്റെ അപേക്ഷ**

7 (3097) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ചുനക്കര പഞ്ചായത്തിലെ സ്ഥിരതാമസക്കാരിയായ മേരി തോമസ്, പുത്തൻ വീട്ടിൽ, കോവല്ലൂർ P. O. എന്ന വ്യക്തി, ഐ.എ.വൈ. (IAY) പദ്ധതിയിൽ അനുവദിച്ച തുകയുടെ 3-ാം ഗഡു ലഭ്യമാക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് ജനസമ്പർക്ക പരിപാടിയിൽ അപേക്ഷ നൽകിയിട്ടും നടപടി സ്വീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പരാതിക്കാരിയുടെ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) പ്രസ്തുത വ്യക്തിക്ക് ഐ.എ.വൈ.(IAY) പദ്ധതിയുടെ 3-ാം ഗഡു നൽകാത്തതിന്റെ കാരണം വിശദമാക്കുമോ ?

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ & ബി) ശ്രീമതി മേരി തോമസ്, പുത്തൻവീട്ടിൽ, കോവല്ലൂർ പി. ഒ., മാവേലിക്കര എന്ന വ്യക്തിയുടെ അപേക്ഷയിന്മേൽ ആലപ്പുഴ ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർ, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ) ആലപ്പുഴ, ഗ്രാമവികസന കമ്മീഷണറേറ്റിലെ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ എന്നിവരെ പ്രത്യേകം പ്രത്യേകമായി നിയോഗിച്ച് മൂന്ന പ്രാവശ്യം അന്വേഷണം നടത്തുകയും ടി ഉദ്യോഗസ്ഥരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരിയായ ശ്രീമതി മേരി തോമസിന് മറുപടി നൽകിയിട്ടുമുണ്ട്.

(സി) ആലപ്പുഴ ജില്ലയിൽ ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തിലെ 2013-14-ലെ ഐ.എ.വൈ. ഗുണഭോക്താവായ ശ്രീമതി മേരി തോമസ് ഐ.എ.വൈ. പദ്ധതി പ്രകാരം 1,60,000 രൂപ കൈപ്പറ്റി വീടുനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ടി ഗുണഭോക്താവ് നിർമ്മിച്ച വീടിന്റെ വിസ്തീർണ്ണം 1053 sqf. (98.04 $m^2$) ആണ്. 2013-14 വർഷത്തിലെ ഐ.എ.വൈ. വീടുകളുടെ പരമാവധി തറ വിസ്തീർണ്ണം 82.5 $m^2$ ആയാണ് സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുണ്ടായിരുന്നത്. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുമായി ഏർപ്പെട്ടിട്ടുള്ള കരാർ പ്രകാരം 82.5 m2 പരിധിക്കകത്തുള്ള വീട് നിർമ്മിക്കുന്നതിന് ടി ഗുണഭോക്താവ് ബാധ്യസ്ഥയാണ്. എന്നാൽ ശ്രീമതി മേരി തോമസ് നിർമ്മിച്ചിരിക്കുന്ന വീടിന്റെ തറ വിസ്തീർണ്ണം സർക്കാർ അനുവദിച്ചിട്ടുള്ള പരമാവധി തറ വിസ്തീർണ്ണമായ 82.5 $m^2$-നും മുകളിലായതിനാലാണ് ടി ഗുണഭോക്താവിന് തുടർഗഡു ധനസഹായം അനുവദിക്കാതിരുന്നത്. ടി വിവരം ശ്രീമതി മേരി തോമസിനെ രേഖാമൂലം അറിയിച്ചിട്ടുണ്ട്.

## പ്ലാച്ചിമട കൊക്കകോള നഷ്ടപരിഹാര ട്രിബ്യൂണൽ ബിൽ

8 (3099) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാച്ചിമട കൊക്കകോള നഷ്ടപരിഹാര ട്രിബ്യൂണൽ ബില്ലിന് പകരം ഭേദഗതി ചെയ്ത വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട് പുതിയ ബില്ല് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതു സംബന്ധിച്ച കാര്യങ്ങൾ കേന്ദ്രസർക്കാരിന്റെ ബന്ധപ്പെട്ട മന്ത്രാലയങ്ങളിൽനിന്നും അനുകൂലമായി നേടിയെടുക്കുന്നതിൽ പരാജയപ്പെടാൻ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഈ വിഷയത്തിൽ കേരള ജനതയ്ക്കെതിരെയുള്ള തീരുമാനം വരാൻ ഇടയായത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഡി) കമ്പനിയുടെ പ്രവർത്തനംമൂലം നഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ട് ഇതിലേക്കായി പ്രത്യേക ട്രിബ്യൂണൽ രൂപീകരിക്കാതെ തന്നെ സിവിൽ കോടതികളെ സമീപിക്കാനുള്ള അവസരം ഉണ്ടാക്കിക്കൊടുത്തു കൊണ്ടും കേസ് ഫയൽ ചെയ്യുന്നതിനുള്ള കാലതാമസം ഒഴിവാക്കിക്കൊണ്ടും പുതിയൊരു ബിൽ കൊണ്ടുവരുന്നതിന് തടസ്സമുണ്ടോ; വിശദാംശം നൽകുമോ ?

ഉത്തരം

(എ-സി) കേരള നിയമസഭ പാസ്സാക്കിയ 'പ്ലാച്ചിമട കൊക്കകോള വിക്ടിംസ് റിലീഫ് ആന്റ് കോമ്പൻസേഷൻ സ്പെഷ്യൽ ട്രിബ്യൂണൽ ബിൽ 2011', ഭരണഘടനയുടെ ആർട്ടിക്കിൾ 201 പ്രകാരം ബഹുമാനപ്പെട്ട ഗവർണർ 29-3-2011-ൽ ബഹു. രാഷ്ട്രപതിയുടെ അംഗീകാരത്തിനായി അയച്ചിരുന്നു. എന്നാൽ ദേശീയ ഹരിത ട്രിബ്യൂണൽ ആക്ടിൽ വിഭാവന ചെയ്തിട്ടുള്ള നിയമവുമായി പ്രസ്തുത ബില്ലിലെ വ്യവസ്ഥകൾ പൊരുത്തപ്പെടുന്നില്ലെന്നും മറ്റും ചൂണ്ടിക്കാട്ടി ബിൽ പിൻവലിക്കുവാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയം നിർദ്ദേശിക്കുകയും തുടർന്ന് ബിൽ മടക്കി അയയ്ക്കുകയും ചെയ്തിരുന്നു. ഇത്തരത്തിൽ തിരികെ അയച്ചതിലെ ന്യൂനത ചൂണ്ടിക്കാട്ടി പ്രസ്തുത ബിൽ രാഷ്ട്രപതിയുടെ അംഗീകാരത്തിനായി 19-9-2015-ൽ വീണ്ടും അയയ്ക്കുകയുണ്ടായി. എന്നാൽ ബില്ലിൽ "I withhold assent from this Bill" എന്ന് രേഖപ്പെടുത്തി ബഹുമാനപ്പെട്ട രാഷ്ട്രപതി പ്രസ്തുത ബിൽ തിരികെ അയയ്ക്കുകയായിരുന്നു. ഇക്കാര്യം സർക്കാർ നിയമസഭയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) പ്ലാച്ചിമട കൊക്കകോള ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി എന്തുമാർഗ്ഗം സ്വീകരിക്കാമെന്ന് സർക്കാർ നിയമവിദഗ്ദ്ധരുമായി കൂടിയാലോചിച്ചുവരികയാണ്.

**സർക്കാർ ഓഫീസുകളുടെ സൗകര്യം വർദ്ധിപ്പിക്കൽ**

9 (3101) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിൽ നിലവിലുള്ള സൗകര്യങ്ങൾ മതിയെന്ന് കരുതുന്നുണ്ടോ, വിവിധ സേവനങ്ങൾക്കെത്തുന്ന ജനങ്ങൾക്കും ജോലി ചെയ്യുന്ന ജീവനക്കാർക്കും എല്ലാവിധ സൗകര്യങ്ങളും ഓഫീസുകളിൽ ഉണ്ടെന്ന് ഉറപ്പുവരുത്താറുണ്ടോ;

(ബി) പകൽ മുഴുവൻ ഓഫീസിലിരുന്ന് ജോലിചെയ്യുന്ന ജീവനക്കാർക്ക് പ്രാഥമിക സൗകര്യങ്ങൾ പോലുമില്ലാത്തതും വൈദ്യുതി കണക്ഷനും കുടിവെള്ള കണക്ഷനും ഇല്ലാത്തതുമായ എത്ര ഓഫീസുകൾ ഉണ്ടെന്ന് പറയാമോ; ജില്ലതിരിച്ചുള്ള വിവരങ്ങൾ നൽകാമോ;

(സി) വില്ലേജ് ഓഫീസുകൾ, സബ് രജിസ്ട്രാർ ഓഫീസുകൾ, ട്രഷറി ഓഫീസുകൾ, താലൂക്ക് ഓഫീസുകൾ പോലെ പൊതുജനങ്ങൾ എത്തുന്ന ഓഫീസുകളിൽ ജനങ്ങൾക്ക് കാത്തിരിക്കാനും കുടിവെള്ളം കിട്ടാനുമുള്ള സൗകര്യങ്ങളെങ്കിലും ഉണ്ടോ എന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി അതിന് സംവിധാനം ഒരുക്കുമോ;

(ഡി) പൊടിപിടിച്ചതും ഫയലുകൾ വൃത്തിയായി സൂക്ഷിക്കുവാനുള്ള സംവിധാനങ്ങളില്ലാത്തതും ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന സാഹചര്യങ്ങൾ ഉള്ളതുമായ ഓഫീസുകളുടെ ഇപ്രകാരമുള്ള അവസ്ഥ മാറ്റിയെടുക്കുവാൻ എന്തെങ്കിലും നടപടികൾ ഈ സർക്കാർ നടപ്പിലാക്കിയിട്ടുണ്ടോ എന്ന് പറയാമോ?

<u>ഉത്തരം</u>

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം**

10 (3102) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> :
<u>ശ്രീ. വി. ശിവൻകുട്ടി</u> :
<u>ശ്രീമതി പി. അയിഷാ പോറ്റി</u> :
<u>ശ്രീ. സി. കെ സദാശിവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വകുപ്പുകളിലും അനുബന്ധ സ്ഥാപനങ്ങളിലും സർക്കാർ ചെലവിൽ അനുവദിച്ചിരിക്കുന്ന വാഹനങ്ങൾ ദുരുപയോഗം ചെയ്യപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വാഹനങ്ങൾ ദുരുപയോഗം ചെയ്യുന്നത് അവസാനിപ്പിക്കാമോ;

(ബി) ജനസേവനത്തിന്റെ ഭാഗമായി ഏതൊക്കെ ആവശ്യങ്ങൾക്ക് ആർക്കൊക്കെ സർക്കാർ വാഹനങ്ങൾ ഉപയോഗിക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ വ്യവസ്ഥകളുടെ ലംഘനങ്ങൾ കണ്ടുപിടിക്കുന്നതിനും ദുരുപയോഗം കണ്ടെത്തി റിപ്പോർട്ട് ചെയ്യപ്പെട്ട കേസ്സുകളിൽ നിയമാനുസൃത നടപടികൾ കൈക്കൊള്ളുന്നതിനും ലോഗ്ബുക്ക് നിർബന്ധമാക്കുന്നതിനും തയ്യാറാകാത്തതെന്തുകൊണ്ടാണ്;

(സി) സർക്കാർ വകുപ്പുകളിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലേയും വാഹനങ്ങൾ മന്ത്രിമാരുടെയും മറ്റും ആവശ്യങ്ങൾക്കുപയോഗിക്കുന്നത് അവസാനിപ്പിക്കാൻ ഉദ്ദേശ്യമുണ്ടോ; ഒരേ സമയം ഒന്നിൽ കൂടുതൽ സർക്കാർ വാഹനം ഉപയോഗിക്കുന്ന മന്ത്രിമാരും ഗവ.സെക്രട്ടറിമാരും ആരൊക്കെയാണ്?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ വകുപ്പുകളിലും അനുബന്ധ സ്ഥാപനങ്ങളിലും വാഹനങ്ങൾ ദുരുപയോഗം ചെയ്യപ്പെടുന്നത് സംബന്ധിച്ച് ലഭിക്കുന്ന പരാതികളിന്മേൽ അന്വേഷണം നടത്തി പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വാഹന ദുരുപയോഗം തടയുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 24-2-2003 തീയതിയിലെ 113/2003/ധന. നമ്പർ സർക്കാർ (കൈ.) ഉത്തരവ്, സർക്കുലർ നമ്പർ 41/2008/ധന. തീയതി 2-8-2008, 20-2-2010 തീയതിയിലെ 293/2010/ധന. നമ്പർ സർക്കാർ (അച്ചടി) ഉത്തരവ് എന്നിവയിലൂടെ വാഹന ദുരുപയോഗം തടയുന്നതിന് കർശന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ഇത് സംബന്ധിച്ച് സമഗ്രമായ ഒരു ഉത്തരവ് പുറപ്പെടുവിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

**ജനസമ്പർക്ക പരിപാടി**

11 (3103) <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്കപരിപാടിയുടെ നടത്തിപ്പിനായി എത്ര രൂപയാണ് ചെലവഴിച്ചതെന്നും പ്രസ്തുത പരിപാടിയിലൂടെ എത്ര അപേക്ഷകളാണ് ലഭിച്ചതെന്നും വർഷവും ജില്ലയും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) അപേക്ഷകളിൽ എത്ര എണ്ണം സാമ്പത്തിക ആനുകൂല്യങ്ങൾക്ക് (ചികിത്സാ ചെലവ് ഉൾപ്പെടെ) വേണ്ടിയുള്ളതായിരുന്നു; വർഷവും ജില്ലയും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; ഇതിൽ എത്ര അപേക്ഷകൾക്ക് സാമ്പത്തിക സഹായം അനുവദിച്ചു;

(സി) സാമ്പത്തിക സഹായം ഒഴിച്ചുള്ള എത്ര അപേക്ഷകൾ ഇതിനകം തീർപ്പാക്കിയെന്ന് വർഷവും ജില്ലയും തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ജനസമ്പർക്ക പരിപാടികളുടെ നടത്തിപ്പിനായി ജില്ലാ തലത്തിൽ ചെലവായ തുകയും അക്ഷയയ്ക്കും സി-ഡിറ്റിനും നൽകിയ തുകയും വിവര പൊതുജന സമ്പർക്ക വകുപ്പ് മുഖേന ചെലവഴിച്ച തുകയും ഉൾപ്പെടെ നാളിതുവരെ ആകെ 20,96,33,807 രൂപ ചെലവഴിച്ചിട്ടുണ്ട്. അക്ഷയയ്ക്കും സി-ഡിറ്റിനും നൽകിയ

തുകയും വിവര-പൊതുജന സമ്പർക്ക വകുപ്പ് മുഖേന ചെലവഴിച്ച തുകയും ഒഴികെ ജില്ലാ തലത്തിൽ ചെലവായ തുകയും അപേക്ഷകളുടെ എണ്ണവും വർഷവും ജില്ല തിരിച്ച് അനുബന്ധം ഒന്നിൽ* ചേർത്തിരിക്കുന്നു.

(ബി) അനുബന്ധം രണ്ടിൽ* ചേർത്തിരിക്കുന്നു.

(സി) അനുബന്ധം മൂന്നിൽ* ചേർത്തിരിക്കുന്നു.

**ജനസമ്പർക്ക പരിപാടിയിലെ പരാതിക്കുള്ള പരിഹാരം**

12 (3105) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരണപ്പെട്ട അച്ഛനും അമ്മയും എടുത്ത ലോണിന് ജാമ്യം നൽകിയ കിടപ്പാടം ജപ്തി ചെയ്യരുതെന്ന് കാണിച്ച് വൈക്കം താലൂക്കിൽ മുട്ടുചിറ വില്ലേജിൽ വാലാച്ചിറ കരയിൽ കുമാരി ദിവ്യ മുഖ്യമന്ത്രിയുടെ ജനസമ്പർക്കപരിപാടിയിൽ ലോൺ എഴുതി തള്ളണമെന്നുകാണിച്ച് രണ്ട് പ്രാവശ്യം നൽകിയിരുന്ന പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ആയതിന്റെ ഫയൽ നമ്പർ വ്യക്തമാക്കാമോ; ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ; കടുത്തുരുത്തി സഹകരണ ബാങ്ക് ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

ഉത്തരം

(എ) കുമാരി ദിവ്യ ജനസമ്പർക്ക പരിപാടികളിൽ നൽകിയ രണ്ട് പരാതികളും കോട്ടയം ജില്ലയിലെ സഹകരണ വകുപ്പ് ജോയിന്റ് രജിസ്ട്രാർക്ക് (ജനറൽ) നൽകുകയും അവയിൽ ഒന്നാമത്തേതിന് വായ്പ തീർക്കുന്നപക്ഷം 68,600 രൂപ പലിശയിനത്തിൽ ഇളവ് നൽകാമെന്നും രണ്ടാമത്തെ പരാതിക്ക് പലിശയിനത്തിൽ 9846 രൂപ ഇളവ് നൽകാമെന്നും കോട്ടയം ജില്ലാ കളക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

(ബി) പരാതികളുടെ ഫയൽ നമ്പർ യഥാക്രമം KTXQ 208297, ML 505460 എന്നിവയാണ്. പ്രസ്തുത വായ്പയിൽ മുതലിനത്തിൽ 59,376 രൂപയും പലിശയും പിഴപ്പലിശയുമായി 71,970 രൂപയും ഉൾപ്പെടെ 1,31,346 രൂപ അടയ്ക്കുവാനുണ്ട്. മുതലിനത്തിലുള്ള 59,376 രൂപ അടയ്ക്കുകയാണെങ്കിൽ പലിശയിളവ് നൽകാമെന്ന് ബാങ്ക് അറിയിച്ചിട്ടുണ്ട്. ജപ്തി നടപടികൾ ഒഴിവാക്കിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1437/2018.

## ഭരണ പരിഷ്കാരം നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ

13 (3106) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണപരിഷ്കാരം നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) സേവനാവകാശം നടപ്പാക്കിയതോടുകൂടി ജനങ്ങൾക്ക് വേഗം സേവനങ്ങൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(സി) താഴെ തട്ടിലുള്ള സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് പ്രത്യേക മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുമോയെന്ന് അറിയിക്കുമോ;

(ഡി) ജീവനക്കാർക്ക് ആവശ്യത്തിനുള്ള ഭൗതിക സാഹചര്യം ഓഫീസുകളിൽ ഏർപ്പെടുത്തുമോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 1957-ൽ ഇ.എം.എസ്. നമ്പൂതിരിപ്പാട് ചെയർമാനായും 1965-ൽ എം. കെ. വെള്ളോടി ഐ.സി.എസ്.ന്റെ നേതൃത്വത്തിലും 1997-ൽ ഇ. കെ. നായനാർ ചെയർമാനായും മൂന്ന് ഭരണ പരിഷ്കാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഇതിൽ മൂന്നാം ഭരണപരിഷ്കാര കമ്മീഷന്റെ ശിപാർശകൾ സർക്കാർ പരിഗണിച്ചുവരുന്നു. ഭരണം സുതാര്യമായും വേഗത്തിലും നീതിപൂർവ്വവും ആക്കുന്നതിനായി മൂന്നാമത് ഭരണപരിഷ്കാര കമ്മിറ്റി സമർപ്പിച്ച 15 റിപ്പോർട്ടുകളിൽ 1, 2, 3, 4, 6, 7, 8, 10, 11, 12, 13 നമ്പരുകളായുള്ള 11 റിപ്പോർട്ടുകളിലെ മിക്ക ശിപാർശകളും സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഇതിൽ സർക്കാരിന്റെ വിവിധ വകുപ്പുകളിൽ തുടർനടപടികൾ സ്വീകരിച്ച/സ്വീകരിച്ചു വരുന്ന ശിപാർശകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പൊതുജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ ലഭ്യമാക്കുന്നതിനും അഴിമതി കുറയ്ക്കുന്നതിലേയ്ക്കും കേരള സംസ്ഥാന സേവനാവകാശ നിയമം, 2012 നടപ്പിലാക്കിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് വേഗത്തിൽ സേവനങ്ങൾ ലഭ്യമാക്കുന്നതിന് സേവനാവകാശ നിയമം 3-ാം വകുപ്പ് പ്രകാരം ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനും സേവനാവകാശ ചട്ടം 4 പ്രകാരം സേവനത്തിന് അർഹതയുള്ള ഒരാളുടെ അപേക്ഷ ലഭിക്കുന്നതിന്മേൽ നിയുക്ത ഉദ്യോഗസ്ഥനോ, പ്രാധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അതത് സംഗതിപോലെ അപേക്ഷകന്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കൈപ്പറ്റ് രസീത് നൽകേണ്ടതാണെന്നും സേവനം നൽകുന്നതിനാവശ്യമായ ഏതെങ്കിലും രേഖ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ലാത്തപക്ഷം ആയത് കൈപ്പറ്റ് രസീതിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണെന്നും വകുപ്പുകൾക്ക്/ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സേവനാവകാശ നിയമം, 2012 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള വകുപ്പുകൾ/സ്ഥാപനങ്ങൾ അവ പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ സേവനാവകാശ ചട്ടം 6 പ്രകാരം നോട്ടീസ് ബോർഡിൽ എഴുതി പ്രദർശിപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സിവിൽ സർവ്വീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നത് ഉൾപ്പെടെയുള്ള ശിപാർശകളടങ്ങിയ പത്താം ശമ്പള കമ്മീഷന്റെ രണ്ടാംഘട്ട റിപ്പോർട്ട് പരിശോധിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിനായി 20-1-2016-ലെ സ. ഉ. (അച്ചടി) നമ്പർ 7/2016/ധന. പ്രകാരം ചീഫ് സെക്രട്ടറി ചെയർമാനായും പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യ എക്സ്പെന്റിച്ചർ) കൺവീനറായും അഡീഷണൽ ചീഫ് സെക്രട്ടറി (ആഭ്യന്തരം), അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം), സെക്രട്ടറി (പൊതുഭരണ വകുപ്പ്), സെക്രട്ടറി (ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്), ഡയറക്ടർ ജനറൽ (ഐ.എം.ജി.) എന്നിവർ അംഗങ്ങളായും ഉള്ള കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്ക് ആവശ്യത്തിനുള്ള ഭൗതിക സാഹചര്യം ഏർപ്പെടുത്തിവരുന്നു.

**മന്ത്രിമാരുടെ ആവശ്യാർത്ഥം വാങ്ങിയ വാഹനങ്ങൾ**

14 (3107) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മന്ത്രിമാരുടെ ആവശ്യാർത്ഥം എത്ര വാഹനങ്ങൾ വാങ്ങുകയുണ്ടായി;

(ബി) ഈ ഇനത്തിൽ ഖജനാവിൽ നിന്ന് എത്ര തുക ചെലവാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മന്ത്രിമാരുടെ ആവശ്യാർത്ഥം 23 വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) ഈ ഇനത്തിൽ ഖജനാവിൽനിന്ന് 3,05,63,045 രൂപ ചെലവായിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

15 (3108) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവായതു പ്രകാരം എത്ര തുക വിതരണം ചെയ്യാൻ ബാക്കിയുണ്ടെന്ന് ജില്ല അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത തുക വിതരണം ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവായവർക്ക് എപ്പോൾ തുക വിതരണം ചെയ്യാൻ സാധിക്കുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ)

| *ജില്ല* | *തുക* |
|---|---|
| തിരുവനന്തപുരം | 4,69,18,804 |
| കൊല്ലം | 1,88,39,500 |
| പത്തനംതിട്ട | 3,45,71,000 |
| ആലപ്പുഴ | 1,51,99,500 |
| കോട്ടയം | 5,00,00,000 |
| ഇടുക്കി | 4,24,85,000 |
| എറണാകുളം | 7,00,00,000 |
| തൃശ്ശൂർ | 1,27,94,000 |
| പാലക്കാട് | 3,76,46,473 |
| മലപ്പുറം | 5,36,57,718 |
| കോഴിക്കോട് | 2,88,11,500 |
| വയനാട് | 50,00,000 |
| കണ്ണൂർ | 98,50,000 |
| കാസർഗോഡ് | 3,37,67,005 |
| **ആകെ** | **45,95,40,500** |

(ബി & സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധന സഹായത്തിനായി ലഭിക്കുന്ന അപേക്ഷകളുടെ ബാഹുല്യവും ഫണ്ടിന്റെ അപര്യാപ്തതയുംമൂലം ഉത്തരവ് പുറപ്പെടുവിച്ചുകഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്തുപറഞ്ഞു കൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

## ക്ലാസ്സ് IV , ക്ലാസ്സ് III തസ്തികകളിലേക്കുള്ള നിയമനപ്രായപരിധി

16 (3109) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരള സർക്കാർ ജോലികളിൽ ക്ലാസ്സ് IV, ക്ലാസ്സ് III എന്നീ തസ്തികകളിലേക്ക് പി.എസ്.സി.വഴി അപേക്ഷിക്കുന്നതിനുള്ള കുറഞ്ഞ പ്രായപരിധി ഉയർത്തുവാൻ ആലോചിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

## കുടുംബ കോടതികളിലെ വിവാഹമോചന കേസ്സുകൾ

17 (3110) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കുടുംബ കോടതികളിൽ 2015 ജനുവരി മുതൽ ഡിസംബർ വരെ എത്ര വിവാഹ മോചന കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്താമോ?

ഉത്തരം

ലഭ്യമായ കണക്കനുസരിച്ച് 2015 വർഷത്തിൽ കുടുംബ കോടതികളിൽ 19028 വിവാഹമോചന കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**അനാവശ്യ വ്യവഹാരങ്ങൾ ഒഴിവാക്കൽ**

18 (3111) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. എം. എ. വാഹീദ് :

ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനാവശ്യ വ്യവഹാരങ്ങൾ ഒഴിവാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് അനാവശ്യ വ്യവഹാരങ്ങൾ ഒഴിവാക്കുന്നതിന് 3-12-2011 തീയതിയിലെ സ. ഉ. (അച്ചടി) നമ്പർ 12/2011/നിയമം പ്രകാരം സംസ്ഥാന വ്യവഹാരനയം രൂപീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന വ്യവഹാരനയത്തിന്റെ പ്രധാന ലക്ഷ്യം സംസ്ഥാന സർക്കാരിനെ കൂടുതൽ കാര്യക്ഷമവും ഉത്തരവാദിത്വവുമുള്ള വ്യവഹാരിയാക്കി മാറ്റുകയും സർക്കാർ കക്ഷിയായുള്ള കേസ്സുകൾ തീർപ്പാക്കുന്നതിനുള്ള ശരാശരി കാലാവധി പതിനഞ്ച് വർഷത്തിൽനിന്നും മൂന്ന് വർഷമായി കുറയ്ക്കുക എന്നതുമാണ്. എ.ഡി.ആർ. സംവിധാനങ്ങളായ മീഡിയേഷൻ, ആർബിട്രേഷൻ തുടങ്ങിയവ വഴി വിഷയങ്ങൾ വ്യവഹാരങ്ങൾ കൂടാതെ ഒത്തുതീർപ്പാക്കുക എന്നതും ഇതിൽ ലക്ഷ്യമിടുന്നു. കൂടാതെ കേസ്സുകളുടെ നടത്തിപ്പ് ഏകോപിതമായും സമയബന്ധിതമായും പൂർത്തിയാക്കുകയും ശരിയായ കേസ്സുകൾ ഫലപ്രദമായി നടത്തുകയും അനാവശ്യ വ്യവഹാരങ്ങൾ പ്രോത്സാഹിപ്പിക്കാതിരിക്കുകയും വഴി സംസ്ഥാന ഖജനാവിന് കേസ് നടത്തിപ്പിൽ വരുന്ന ഭീമമായ ചെലവ് ലഘൂകരിക്കുകയും ചെയ്യുക എന്നതുമാണ്.

(സി) സംസ്ഥാന വ്യവഹാരനയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി താലൂക്ക് അടിസ്ഥാനത്തിലും ജില്ലാ അടിസ്ഥാനത്തിലും ഓരോ എംപവേർഡ് കമ്മിറ്റി വീതം രൂപീകരിച്ചിട്ടുണ്ട്. ഇവയുടെ റിപ്പോർട്ടുകളും നിർദ്ദേശങ്ങളും പരിശോധിച്ച് വേണ്ട നടപടികളും നിർദ്ദേശങ്ങളും നൽകുന്നതിനുവേണ്ടി സംസ്ഥാനതല എംപവേർഡ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റികൾ മാസത്തിൽ ഒരു തവണയെങ്കിലും യോഗം ചേരണമെന്ന് വ്യവഹാരനയത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും കമ്മിറ്റികൾ കൂടുകയും സർക്കാർ കക്ഷിയായിട്ടുള്ള കേസ്സുകളുടെ നടത്തിപ്പ് വിശകലനം ചെയ്യാറുമുണ്ട്. സംസ്ഥാന വ്യവഹാരനയം നടപ്പിലാക്കുന്നതിനായി വിവിധ വകുപ്പുകളിൽ ഇപ്പോൾ ജോലി ചെയ്യുന്ന ലാ ആഫീസർമാരെ നിയമ (നോഡൽ) ആഫീസർമാരായി ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിൽ പതിനൊന്ന് ജില്ലകളിൽ നിയമ (നോഡൽ) ആഫീസർമാരെ നിയമിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽക്കൂടി നിയമ (നോഡൽ) ആഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഒറ്റപ്പാലം കോർട്ട് കോംപ്ലക്സ്

19 (3112) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലത്ത് കോർട്ട് കോപ്ലക്സ് ആരംഭിക്കുന്നതിന് എന്നാണ് തീരുമാനിച്ചത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) പ്രസ്തുത കോംപ്ലക്സ് നിർമ്മാണത്തിനായി ഈ സർക്കാർ എത്ര തുക വകയിരുത്തി; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ-സി) ഒറ്റപ്പാലത്ത് കോർട്ട് കോംപ്ലക്സ് ആരംഭിക്കുന്നതിന് 925 ലക്ഷം രൂപയുടെ ഭരണാനുമതി 31-3-2012-ലെ ജി. ഒ. (ആർടി.) 565/2012/PWD. പ്രകാരം നൽകിയിട്ടുണ്ട്. പുതിയ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച പ്ലാൻ ഹൈക്കോടതിയുടെ പരിഗണനയിലാണ്.

## കെ.പി.എസ്.സി.യുടെ പ്രവർത്തന വീഴ്ചകൾ പരിഹരിക്കുന്നതിന് നടപടി

20 (3115) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.പി.എസ്.സി.യുടെ പ്രവർത്തനം സാമ്പത്തിക പ്രതിസന്ധിയും മെമ്പർമാരുടെ തമ്മിലടിയുംമൂലം കാര്യക്ഷമമല്ലാതിരിക്കുന്നത് പരിശോധിച്ചുവോ; എങ്കിൽ കെ.പി.എസ്.സി.യുടെ പ്രവർത്തന വീഴ്ചകൾ എന്തെല്ലാം എന്നും ഇതു പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ;

(ബി) പരീക്ഷാ സെന്ററുകൾക്ക് നൽകുന്ന യൂട്ടിലിറ്റി ചാർജ്ജ്, ഇൻവിജിലേറ്റർമാരുടെ പ്രതിഫലം, കായികക്ഷമതാ/പ്രായോഗിക പരീക്ഷ നടത്തുന്ന ജീവനക്കാരുടെ പ്രതിഫലം എന്നിവയിൽ നാളിതുവരെ കൊടുത്തു തീർക്കുവാനുള്ള തുക എത്ര വീതം എന്നു വ്യക്തമാക്കുമോ;

(സി) ചോദ്യപേപ്പർ അച്ചടി, കെട്ടിടങ്ങളുടെ വാടക, വാഹന ഇന്ധനത്തിന് നൽകുവാനുള്ള തുക എന്നീ ഇനങ്ങളിൽ നാളിതുവരെ നൽകാനുള്ള കുടിശ്ശിക എത്ര വീതം എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ കാലയളവിൽ ഓരോവർഷവും പി.എസ്.സി. ആവശ്യപ്പെട്ട ബഡ്ജറ്റ് തുക, സർക്കാർ നൽകിയ വിഹിതം എന്നിവയെത്രയെന്ന് വ്യക്തമാക്കുമോ ;

(ഇ) കെ.പി.എസ്.സി. അപേക്ഷ ക്ഷണിക്കുകയും പരീക്ഷ/ഇന്റർവ്യൂ എന്നിവ നടത്തിയശേഷം റിസൾട്ട് പ്രഖ്യാപിക്കാത്ത തസ്തിക സംബന്ധിച്ച വിശദാംശങ്ങളും പരീക്ഷയോ ഇൻറർവ്യൂവോ നടത്താനുള്ളവ സംബന്ധിച്ചുമുള്ള വിശദാംശങ്ങളും ലഭ്യമാക്കുമോ;

(എഫ്) കെ.പി.എസ്.സി.യെ ബഹു. സുപ്രീംകോടതി വിവരാവകാശ പരിധിയിൽ ഉൾപ്പെടുത്തിയതിനുശേഷം ഇതുമായി ബന്ധപ്പെട്ട് കെ.പി.എസ്.സി. എന്തൊക്കെ നടപടികൾ സ്വീകരിച്ചു ; വിശദാംശം വ്യക്തമാക്കുമോ?

### ഉത്തരം

(എ) കെ.പി.എസ്.സി.യിൽ പ്രതിസന്ധികളൊന്നും നിലവിലില്ല.

(ബി) യൂട്ടിലിറ്റി ചാർജ്ജ്, ഇൻവിജിലേറ്റർമാരുടെ പ്രതിഫലം, കായികക്ഷമതാ/ പ്രായോഗിക പരീക്ഷ നടത്തുന്ന ജീവനക്കാരുടെ പ്രതിഫലം എന്നീ ആവശ്യങ്ങൾക്ക് നാളിതുവരെ മൂന്നുകോടി ഇരുപത്തി നാല് ലക്ഷത്തി എൺപതിനായിരം രൂപ (Rs. 3,24,80,000) കുടിശ്ശികയായി നൽകാനുണ്ട്.

(സി) ചോദ്യപേപ്പർ അച്ചടി ഇനത്തിൽ നാളിതുവരെ Rs. 48,61,235 (നാൽപ്പത്തി എട്ട ലക്ഷത്തി അറുപത്തൊന്നായിരത്തി ഇരുന്നൂറ്റി മുപ്പത്തി അഞ്ച്) രൂപയും കെട്ടിടങ്ങളുടെ വാടക കുടിശ്ശികയായി Rs. 5,93,846 (അഞ്ച് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി എണ്ണൂറ്റി നാൽപ്പത്തി ആറ്) രൂപയും നൽകുവാനുണ്ട്. വാഹനങ്ങൾക്ക് ഇന്ധനം നിറയ്ക്കുന്ന വകയിൽ കുടിശ്ശിക നിലവിലില്ല.

(ഡി) 2012-13 മുതൽ 2016-17 വരെയുള്ള സാമ്പത്തിക വർഷങ്ങളിലേയ്ക്ക് കമ്മീഷൻ സർക്കാരിനോട് ആവശ്യപ്പെട്ട ബഡ്ജറ്റ് തുകയും സർക്കാർ അനുവദിച്ച ബഡ്ജറ്റ് വിഹിതവും താഴെക്കൊടുത്തിരിക്കുന്നു:

| *സാമ്പത്തിക വർഷം* | *ആവശ്യപ്പെട്ട ബഡ്ജറ്റ് തുക* | *അനുവദിച്ച ബഡ്ജറ്റ് തുക* |
|---|---|---|
| 2012-13 | Rs. 1,16,04,00,000 | Rs. 89,68,02,000 |
| 2013-14 | Rs. 1,43,24,00,000 | Rs. 1,08,32,25,000 |
| 2014-15 | Rs. 1,93,93,00,000 | Rs. 1,26,07,15,000 |
| 2015-16 | Rs. 2,61,26,25,000 | Rs. 1,30,15,58,000 |
| 2016-17 | Rs. 2,28,35,16,000 | Rs. 1,59,08,30,000 |

(ഇ) 31-12-2015-ലെ കണക്ക് പ്രകാരം പരീക്ഷ/ഇന്റർവ്യൂ എന്നിവ പൂർത്തിയായി റാങ്ക് പട്ടിക പ്രസിദ്ധീകരിക്കാനായി 42 തസ്തികകൾ ഉണ്ട്. പരീക്ഷ കഴിഞ്ഞ് ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ചതും റാങ്ക് പട്ടിക പ്രസിദ്ധീകരിക്കാത്തതുമായി 363 തസ്തികകളും പരീക്ഷ കഴിഞ്ഞ് ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കാത്തതായി 1016 തസ്തികകളും വിജ്ഞാപനം പുറപ്പെടുവിച്ച് പരീക്ഷ നടത്തുന്നതിലേയ്ക്കായി 1291 തസ്തികകളും ഉണ്ട്.

(എഫ്) കെ.പി.എസ്.സി.-യിൽ ആസ്ഥാന/മേഖല/ജില്ലാ ഓഫീസുകളിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, അസിസ്റ്റന്റ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, അപ്പീൽ അധികാരി എന്നിവരെ നിയമിച്ചിട്ടുണ്ട്. ബഹു. സുപ്രീംകോടതിയുടെ 4-2-2016-ലെ വിധി പ്രകാരം പി.എസ്.സി. നടത്തുന്ന വിവരണാത്മക പരീക്ഷകളുടെ ഉത്തരക്കടലാസുകളുടെ പകർപ്പ് നൽകണമെന്ന് ഉത്തരവായിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ ഇ-ഗവേണൻസ്

21 (3117) ശ്രീ. എ. റ്റി. ജോർജ് :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. പി. എ. മാധവൻ :

ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ ഇ-ഗവേണൻസ് നടപ്പാക്കാൻ എന്തെല്ലാം കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട് ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ ഇ-ഗവേണൻസ് നടപ്പിലാക്കിയത് മൂന്ന് ഘട്ടങ്ങളായാണ്. ഒന്നാമത്തെ ഘട്ടത്തിൽ തെരഞ്ഞെടുപ്പ് പ്രക്രിയ കമ്പ്യൂട്ടർവത്ക്കരിക്കുന്നതിന്റെ ഭാഗമായി; CMC വഴി REACT എന്ന സോഫ്റ്റ്‌വെയർ തയ്യാറാക്കുകയും, ഒ.എം.ആർ. വാല്യുവേഷൻ ആരംഭിക്കുകയും, അഡ്മിഷൻ ടിക്കറ്റ് സംബന്ധമായ എൻക്വയറി കമ്പ്യൂട്ടർവത്ക്കരിക്കുകയും 2003-ൽ കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റ് ആരംഭിക്കുകയും ചെയ്തു. രണ്ടാം ഘട്ടത്തിൽ വൈഡ് ഏരിയ നെറ്റ്‌വർക്ക് (WAN) ഉപയോഗിച്ച് ആസ്ഥാന ഓഫീസിലെ പ്രവർത്തനങ്ങളെ ജില്ലാ മേഖലാ ഓഫീസുകളുമായി ബന്ധിപ്പിക്കുന്നതിനായി REACT സോഫ്റ്റ്‌വെയർ നവീകരിച്ച് i-REACT എന്ന സോഫ്റ്റ്‌വെയർ തയ്യാറാക്കുകയും സെക്ഷൻ തലത്തിൽ കമ്പ്യൂട്ടർവത്ക്കരണം നടപ്പിലാക്കുകയും സ്വന്തമായി സെർവറുകൾ ഡാറ്റാബേസിനായി തയ്യാറാക്കുകയും ചെയ്തു. 2007 ജനുവരി മുതൽ ഓൺലൈൻ അപേക്ഷകൾ സ്വീകരിക്കുകയും വെബ്മെയിൽ സംവിധാനം ആവിഷ്ക്കരിക്കുകയും ചെയ്തു. മൂന്നാം ഘട്ടത്തിൽ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ പൂർണ്ണമായും കമ്പ്യൂട്ടർവത്ക്കരിച്ച് വിജ്ഞാപനം നടന്ന് ഒരു വർഷത്തിനുള്ളിൽ റാങ്ക് പട്ടിക പുറത്തിറക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 2010-ൽ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. 2011-ൽ M-Governance ആരംഭിച്ചത് വഴി

ഉദ്യോഗാർത്ഥികൾക്ക് മൊബൈൽ ഫോണിൽ മെസേജുകൾ നൽകാൻ കഴിയുന്നു. ഒറ്റത്തവണ രജിസ്ട്രേഷൻ 1-1-2012-ൽ ആരംഭിച്ചു. 2012-ൽ ഡിപ്പാർട്ടുമെന്റൽ ടെസ്റ്റിന് ഒ.എം.ആർ. മൂല്യനിർണ്ണയം ആരംഭിച്ചു. കൂടാതെ ഉദ്യോഗാർത്ഥികൾക്ക് അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്യാൻ സാധിക്കുന്ന വിധത്തിൽ കമ്പ്യൂട്ടർവത്ക്കരണം പുരോഗമിച്ചിട്ടുണ്ട്. C-DIT-ന്റെ സഹകരണത്തോടെ 7-9-2013 മുതൽ ഓൺലൈൻ പരീക്ഷ നടത്തിവരുന്നു. തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം എന്നിവിടങ്ങളിലായി മൂന്ന് ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ പി.എസ്.സി. ആരംഭിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിലുണ്ടാകുന്ന ഒഴിവുകൾ കാലവിളംബം കൂടാതെ പി.എസ്.സി.-യെ അറിയിക്കുന്നതിനായി e-vacancy എന്ന സോഫ്റ്റ്‌വെയറും ആരംഭിച്ചിട്ടുണ്ട്. തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ വേഗത്തിലും സുതാര്യവുമാക്കാനാണ് പി.എസ്.സി.യിൽ ഇ-ഗവേണൻസ് നടപ്പിലാക്കിവരുന്നത്.

(സി) സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതം ഉപയോഗിച്ചാണ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസുകളിൽ കമ്പ്യൂട്ടർവത്ക്കരണം നടത്തിവരുന്നത്. കോഴിക്കോട് ജില്ലയിൽ ഓൺലൈൻ പരീക്ഷാ കേന്ദ്രം സ്ഥാപിക്കുന്നതിനായി സിവിൽ & ഇലക്ട്രിക് വർക്കുകൾക്ക് തുക അനുവദിക്കുന്നതിനായി ടി പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനാവശ്യമുള്ള എസ്റ്റിമേറ്റ് സഹിതം പ്രൊപ്പോസൽ സമർപ്പിക്കുവാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## വനിതാ എക്സൈസ് ഗാർഡുമാരുടെ റാങ്ക് ലിസ്റ്റ്

22 (3118) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ എക്സൈസ് ഗാർഡുമാരുടെ റാങ്ക് ലിസ്റ്റ് എന്നു നിലവിൽ വന്നു എന്നും എത്ര പേരാണ് ഉൾപ്പെട്ടിട്ടുള്ളതെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ റാങ്ക് ലിസ്റ്റിൽ നിന്നും ആർക്കെങ്കിലും നിയമനത്തിന് ശിപാർശ നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ നിയമനം വൈകുവാനുണ്ടായ കാരണം വ്യക്തമാക്കുമോ;

(ഡി) വനിതാ എക്സൈസ് ഗാർഡുമാരുടെ നിയമനത്തിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങളുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി)

| *ജില്ല* | *റാങ്ക് പട്ടിക നിലവിൽ വന്ന തീയതി* | *റാങ്ക് പട്ടികയിൽ ഉൾപ്പെട്ടവരുടെ എണ്ണം* | *17-2-16 തീയതി വരെ നിയമന ശിപാർശ ചെയ്യപ്പെട്ടവരുടെ എണ്ണം* |
|---|---|---|---|
| തിരുവനന്തപുരം | 4-5-2015 | 72 | 3 |
| കൊല്ലം | 4-5-2015 | 33 | 1 |
| പത്തനംതിട്ട | 4-5-2015 | 41 | 1 |
| ആലപ്പുഴ | 4-5-2015 | 26 | 1 |
| കോട്ടയം | 4-5-2015 | 49 | 2 |
| ഇടുക്കി | 4-5-2015 | 75 | 3 |
| എറണാകുളം | 4-5-2015 | 56 | 4 |
| തൃശ്ശൂർ | 4-5-2015 | 29 | ഇല്ല |
| പാലക്കാട് | 4-5-2015 | 47 | 2 |
| മലപ്പുറം | 4-5-2015 | 74 | ഇല്ല |
| വയനാട് | 4-5-2015 | 60 | ഇല്ല |
| കോഴിക്കോട് | 4-5-2015 | 61 | 1 |
| കണ്ണൂർ | 4-5-2015 | 62 | 1 |
| കാസർഗോഡ് | 4-5-2015 | 46 | 1 |

റാങ്ക് ലിസ്റ്റിൽനിന്നും 20 പേർക്ക് നൽകിയിട്ടുള്ളതാണ്.

(സി) നിയമനം വൈകിയിട്ടില്ല.

(ഡി) ഇല്ല.

## വിവിധ വകുപ്പുകളിലെ ഒഴിവുകൾ

23 (3120) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ ഒഴിവുകൾ നികത്താത്തതുമൂലം നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽനിന്നും നിയമനങ്ങൾ വേണ്ടത്ര നടക്കുന്നില്ലായെന്നത് പരിശോധിക്കുമോ;

(ബി) നിയമനം നടത്താതെ റാങ്ക് ലിസ്റ്റിന്റെ കാലാവധി കൂട്ടുന്നതുകൊണ്ട് ഉദ്യോഗാർത്ഥികൾക്ക് പ്രയോജനമില്ലായെന്നത് ഗൗരവമായി കാണുന്നുണ്ടോ;

(സി) സാമൂഹ്യനീതി വകുപ്പിൽ സി.ഡി.പി.ഒ.മാരായി അപ്പോയ്ന്റ്മെന്റ് ഓർഡർ അയച്ചിട്ടും എത്താതെ എൻ.ജെ.ഡി. ആയവർ എത്രയെന്നും അവർ ഏത് റിസർവേഷൻ കാറ്റഗറിയിൽപ്പെട്ടവരാണെന്നും പ്രസ്തുത എൻ.ജെ.ഡി.ക്ക് പകരമായി നിയമന ഓർഡർ അയച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രസ്തുത ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) റാങ്ക് ലിസ്റ്റിന്റെ കാലാവധി കൂട്ടുന്നത് ടി റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ട ധാരാളം ഉദ്യോഗാർത്ഥികൾക്ക് ഗുണം ചെയ്യുന്നുണ്ട്.

(സി) സാമൂഹ്യനീതി വകുപ്പിൽ ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ തസ്തികയിലേയ്ക്ക് എൻ.ജെ.ഡി. ഒഴിവുകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

**ഏകജാലക സംവിധാനം**

24 (3123) <u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> :
<u>ശ്രീ. പി. എ. മാധവൻ</u> :
<u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. വർക്കല കഹാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.വഴിയുള്ള നിയമനങ്ങൾക്ക് ഉദ്യോഗാർത്ഥികൾക്ക് വേണ്ട വിവരങ്ങൾ ഏകജാലക സംവിധാനംവഴി ലഭ്യമാക്കാൻ എന്തെല്ലാം കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട് ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>ഉത്തരം</u>

(എ) www.keralapsc.gov.in എന്ന മേൽവിലാസത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റ് നിലവിലുണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനങ്ങളെപ്പറ്റിയുള്ള സമഗ്ര വിവരങ്ങൾ ഇതിൽ ലഭ്യമാണ്. ടി വിവരങ്ങൾ കാലികമായ പുതുക്കലിന് വിധേയമാക്കുന്നുണ്ട്.

(ബി & സി) കമ്മീഷന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ പൊതു ഉദ്യോഗാർത്ഥികൾക്കും പൊതു സമൂഹത്തിനും കാലവിളംബം കൂടാതെ ലഭ്യമാക്കുക, അതുവഴി സുതാര്യത, കാര്യക്ഷമത, വേഗത എന്നിവ ഉറപ്പുവരുത്തുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഇതുകൂടാതെ വ്യക്തിഗത വിവരങ്ങൾ നൽകുന്നതിനായി Call Centre പ്രവർത്തിച്ചുവരുന്നുണ്ട്.

**റാങ്ക് ലിസ്റ്റുകളിൽനിന്നുള്ള നിയമനങ്ങൾ**

25 (3124) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

26-5-2015-ന് നിലവിൽ വന്ന എസ്.ഐ. (കെ.സി.പി.), എസ്.ഐ. (ആംഡ് പോലീസ് ബറ്റാലിയൻ), എക്സൈസ് ഇൻസ്പെക്ടർ, അസിസ്റ്റന്റ് ജയിലർ ഗ്രേഡ് I എന്നീ റാങ്ക് ലിസ്റ്റുകളിൽ നിന്നും ഏഴ് മാസമായിട്ടും നിയമനങ്ങൾ നടക്കാത്ത സാഹചര്യത്തിൽ പ്രസ്തുത റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

യൂണിഫോംഡ് തസ്തികകളിൽ വാർഷിക സെലക്ഷന്റെ ഭാഗമായി 26-5-2015-ന് നിലവിൽ വന്ന എസ്.ഐ. (കെ. സി. പി.), എസ്.ഐ. (ആംഡ് പോലീസ് ബറ്റാലിയൻ), എക്സൈസ് ഇൻസ്പെക്ടർ, അസിസ്റ്റന്റ് ജയിലർ ഗ്രേഡ് I എന്നീ തസ്തികകളുടെ റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കുവാൻ പബ്ലിക് സർവ്വീസ് കമ്മീഷൻ തീരുമാനിച്ചിട്ടില്ല.

**വികലാംഗ ഉദ്യോഗാർത്ഥികൾക്ക് നിയമനം**

26 (3125) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ, അർദ്ധ സർക്കാർ വകുപ്പുകളിൽ വികലാംഗ വിഭാഗത്തിൽപ്പെട്ട എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വികലാംഗ വിഭാഗത്തിൽപ്പെട്ടവർക്ക് 3% സംവരണം എന്നത് നിയമനങ്ങളിൽ പാലിക്കപ്പെടുന്നുണ്ടോ എന്ന് വിശദമാക്കുമോ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം പ്രസ്തുത വിഭാഗങ്ങളിൽ പെട്ടവർക്ക് സ്ഥിരനിയമനം നൽകാറുണ്ടോ; സ്ഥിരനിയമനം നൽകുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം പ്രസ്തുത വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ; ഇതിൽ എത്ര പേർക്ക് സ്ഥിരനിയമനം നൽകിയിട്ടുണ്ടെന്നും സ്ഥിരപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികളും വിശദമാക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## സൂപ്പർന്യൂമററി തസ്തികയിൽ ജോലി ലഭിച്ച വികലാംഗരായ ഉദ്യോഗാർത്ഥികളുടെ സർവ്വീസ് റെഗുലറൈസേഷൻ

27 (3126) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14-ൽ സൂപ്പർ ന്യൂമററി തസ്തികയിൽ ജോലി ലഭിച്ച വികലാംഗരായ ഉദ്യോഗാർത്ഥികളുടെ സർവ്വീസ് റെഗുലറൈസേഷൻ ചെയ്ത് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇവരുടെ സർവ്വീസ് റെഗുലറൈസ് ചെയ്ത് നൽകാത്തതിനാൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യാതിരിക്കുന്നതും വാർഷിക ഇൻക്രിമെന്റുകൾ ലഭിക്കാത്തതുമായ പ്രശ്നം പരിഹരിക്കുന്നതിനായി സർക്കാർ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്. 18-5-2013-ലെ സ.ഉ. (പി.) നമ്പർ 40/13/സാ.നീ.വ. നമ്പർ ഉത്തരവ് പ്രകാരം പുനർ/സ്ഥിര നിയമനം ലഭിച്ച അംഗപരിമിതരുടെ സർവ്വീസ് ആനുകൂല്യങ്ങൾ 3-2-2016-ലെ സ. ഉ. (പി.) 01/16/സാ.നീ.വ. നമ്പർ ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്.

## സോഷ്യൽ എഡ്യൂക്കേഷൻ ലക്ചറർ നിയമനം

28 (3127) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ വികസന വകുപ്പിലെ സോഷ്യൽ എഡ്യൂക്കേഷൻ ലക്ചറർ ഗ്രേഡ്- 2 തസ്തികയിലെ എത്ര ഒഴിവുകളാണ് ഇതുവരെ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിൽ തസ്തിക മാറ്റം വഴിയുള്ള നിയമനത്തിന് എത്ര പേർ അപേക്ഷകരായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത തസ്തികയിലെ റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ നിയമനം നടത്തുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഗ്രാമവികസന വകുപ്പിലെ സോഷ്യൽ എഡ്യൂക്കേഷൻ ലക്ചറർ ഗ്രേഡ് 2 തസ്തികയിലെ 3 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി & സി) വിവരം ശേഖരിച്ചുവരുന്നു.

## വയനാട്ടിലെ എൽ.ഡി. ടൈപ്പിസ്റ്റിന്റെ പ്രതീക്ഷിത ഒഴിവുകൾ

29 (T* 3128) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേക്ക് 2016 ഡിസംബർ വരെ എത്ര പ്രതീക്ഷിത ഒഴിവുകളാണ് ഉണ്ടാവുകയെന്ന് മാസം തിരിച്ച് വിവരം ലഭ്യമാക്കാമോ;

(ബി) നിലവിൽ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) ഒഴിവുകൾ യഥാസമയം പി.എസ്.സി.യെ അറിയിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) വയനാട് ജില്ലയിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേക്ക് 2016 ഡിസംബർ വരെയുള്ള കാലയളവിലേക്ക് ഒരു ഒഴിവ് മാത്രമാണ് പ്രതീക്ഷിത ഒഴിവായി പി.എസ്.സി.യിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ആയത് 1-3-2016-ൽ നിലവിൽ വരുന്ന സിവിൽ സപ്ലൈസ് വകുപ്പിൽനിന്നും എഴുതി അറിയിക്കപ്പെട്ട ഒഴിവാണ്.

(സി) നിലവിലുള്ളതും 2016-ലെ പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി.-യെ അറിയിക്കാൻ എല്ലാ നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## കാസർഗോഡ് ജില്ലയിലെ എക്സൈസ് ഗാർഡ് നിയമനം

30 (3129) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ എക്സൈസ് ഗാർഡുമാരെ നിയമിക്കുന്നതിന് കേരളാ പി.എസ്.സി.വഴി റാങ്ക് ലിസ്റ്റ് തയ്യാറാക്കി മാസങ്ങൾ കഴിഞ്ഞിട്ടും ഒരു ഉദ്യോഗാർത്ഥിക്കും നിയമനം നൽകാൻ കഴിയാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

3-8-2015-ന് നിലവിൽ വന്ന കാസർഗോഡ് ജില്ലയിലെ സിവിൽ എക്സൈസ് ഓഫീസർ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനത്തിനായി നാല് ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.യിൽനിന്നും നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്.

## സൂപ്പർവൈസറി തസ്തികകളുടെ സ്റ്റാന്റർഡൈസേഷൻ

31 (3130) ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 16-9-1985-ലെ ജി. ഒ. (പി.) 515/85/ധന. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ക്ലാർക്ക് തസ്തികകൾക്ക് ആനുപാതികമായി ഏതെല്ലാം വകുപ്പുകളിൽ സൂപ്പർവൈസറി തസ്തികകൾ സ്റ്റാന്റർഡൈസേഷൻ നടത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതുമൂലമുള്ള സാമ്പത്തിക ബാദ്ധ്യത ജീവനക്കാരന് രണ്ട് ഇൻക്രിമെന്റ് എന്നതിൽ അധികം ഉണ്ടാകുമോ എന്ന് വ്യക്തമാക്കുമോ;

(സി) സ്റ്റാന്റർഡൈസേഷൻ നടപ്പാക്കുന്നതുകൊണ്ട് ബന്ധപ്പെട്ട വകുപ്പിന്റെ കാര്യക്ഷമത വർദ്ധിക്കുമെന്ന് കരുതുന്നുണ്ടോ;

(ഡി) പ്രസ്തുത ഉത്തരവിൽ പറഞ്ഞിട്ടുള്ള മാനദണ്ഡം എല്ലാ വകുപ്പുകളിലും ബാധകമാണോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 16-9-1985-ലെ ജി. ഒ. (പി.) 515/85/ധന. നമ്പർ ഉത്തരവിലെ സൂപ്പർവൈസറി തസ്തികകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ശമ്പള പരിഷ്കരണം ബാധകമായ എല്ലാ വകുപ്പുകൾക്കും ബാധകമായിരുന്നു. ഈ മാനദണ്ഡങ്ങൾ ഏതെല്ലാം വകുപ്പുകളിൽ നടപ്പിലാക്കിയിട്ടുണ്ടെന്നുള്ള വിവരം വകുപ്പുമേധാവികളിൽനിന്നും ശേഖരിച്ചുവരുന്നു.

(ബി) താഴ്ന്ന തസ്തികയിൽനിന്നും സൂപ്പർവൈസറി തസ്തികയിലേയ്ക്ക് സമയബന്ധിത ഹയർഗ്രേഡ് ലഭിക്കാതെ നേരിട്ട് ഉദ്യോഗക്കയറ്റം ലഭിക്കുന്നവരുടെ ശമ്പളം കെ.എസ്.ആർ. ഭാഗം I ചട്ടം 28 എ പ്രകാരം നിർണ്ണയിക്കുമ്പോൾ ഏറ്റവും കുറഞ്ഞത് രണ്ട് ഇൻക്രിമെന്റുകളുടെയും താഴ്ന്ന തസ്തികയിൽ ലഭിച്ചിരുന്ന ശമ്പളം വളരെ താഴ്ന്നതാണെങ്കിൽ രണ്ടിൽ കൂടുതൽ ഇൻക്രിമെന്റുകളുടെയും ബാധ്യതയുമുണ്ടാകാവുന്നതാണ്.

(സി) ഉണ്ട്.

(ഡി) 16-9-1985-ലെ ജി. ഒ. (പി.) നമ്പർ 515/85/ധന. ഉത്തരവ് ബാധകമായ എല്ലാ വകുപ്പുകൾക്കും ബാധകമാണ്.

**ക്ഷേമ സംഘടനകളുടെ മേൽനോട്ട നിയന്ത്രണം**

32 (3131) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൃദ്ധ/വികലാംഗ/സ്ത്രീകൾ/കുട്ടികൾ തുടങ്ങി ഒന്നേകാൽ ലക്ഷത്തോളം പേർ താമസിച്ചുവരുന്ന ക്ഷേമസ്ഥാപനങ്ങളുടെ മേൽനോട്ട നിയന്ത്രണത്തിന് ജില്ലാടിസ്ഥാനത്തിൽ ഓഫീസർ ഓഫ് ദി ബോർഡും അനുബന്ധ ജീവനക്കാരും ഇല്ലാത്തത് പരിഹരിക്കുന്നതിനായി ജില്ലാ സാമൂഹ്യനീതി ഓഫീസർമാരെ ആക്ട് പ്രകാരം ഓഫീസർ ഓഫ് ദി ബോർഡ് എന്നുകൂടി ഡെസിഗ്നേറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുവാൻ മുഖ്യമന്ത്രി അദ്ധ്യക്ഷനായ സംസ്ഥാനതല സമിതി തീരുമാനമെടുത്തിരുന്നുവോ;

(ബി) എങ്കിൽ, കാലതാമസം കൂടാതെ ഇതുസംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ക്ഷേമസ്ഥാപനങ്ങളുടെ മേൽനോട്ട നിയന്ത്രണത്തിന് ജില്ലാ സാമൂഹ്യനീതി ഓഫീസർമാരെ ഓഫീസർ ഓഫ് ദി ബോർഡായി ഡെസിഗ്നേറ്റ് ചെയ്യുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ

അദ്ധ്യക്ഷതയിൽ ചേർന്ന സംസ്ഥാനതല അവലോകന സമിതി യോഗം തീരുമാനിച്ചിരുന്നു. മേൽ തീരുമാനത്തിന്റെയടിസ്ഥാനത്തിൽ (10046/സി1/14/സാ.നീ.വ. ഫയലിൽ) നടപടി സ്വീകരിച്ചുവരുന്നു.

## മലപ്പുറത്തെ സ്റ്റാഫ് നഴ്സ് ഗ്രേഡ് II റാങ്ക് ലിസ്റ്റ്

33 (3132) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് II തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ ഈ റാങ്ക് ലിസ്റ്റ് പ്രകാരമുള്ള നിയമന നില വിശദമാക്കാമോ;

(ബി) ഈ തസ്തികയിലേക്ക് അവസാനമായി എത്ര ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും എന്ത് തുടർനടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) നിലവിലുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിലുണ്ട്. 22-1-2014-ന് നിലവിൽ വന്ന റാങ്ക് പട്ടികയിൽനിന്നും 18-1-2016 വരെ 91 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) മലപ്പുറം ജില്ലയിൽ അവസാനമായി മൂന്ന് ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുകയും അവരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

(സി) 21-1-2017-ൽ അവസാനിക്കും.

## 2016-ൽ കാലാവധി അവസാനിക്കുന്ന പി.എസ്.സി. ലിസ്റ്റുകൾ

34 (3133) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31-1-2016-ൽ കാലാവധി അവസാനിക്കുന്ന ഏതെല്ലാം തസ്തികകളുടെ പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അവയിൽ ഓരോ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര വീതം നിയമനങ്ങൾ നടത്തുകയുണ്ടായി; വ്യക്തമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ വിരമിച്ച സംസ്ഥാന സർക്കാർ ജീവനക്കാരുടെ ആകെ എണ്ണം എത്ര; ഇതേ കാലയളവിൽ വിവിധ വകുപ്പുകളിൽ നിന്നാകെ പി.എസ്.സി.യെ അറിയിച്ച ഒഴിവുകളുടെ എണ്ണമെത്ര; വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ ഏതെല്ലാം വകുപ്പുകളിൽ എത്ര തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്; അവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; ഇതേ കാലയളവിൽ ഏതെല്ലാം വകുപ്പിൽ ഏതെല്ലാം തസ്തികകൾ നിർത്തലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) 31-1-2016-ൽ കാലാവധി അവസാനിക്കുന്ന റാങ്ക് പട്ടികകൾ ഒന്നുംതന്നെ ഇല്ല.

(സി) ഈ സർക്കാരിന്റെ കാലയളവിൽ വിരമിച്ച സംസ്ഥാന സർക്കാർ ജീവനക്കാരുടെ എണ്ണം ഏകദേശം 60904 ആണ്. 31-12-2015 വരെ വിവിധ വകുപ്പുകളിൽനിന്നും പി.എസ്.സി.യെ അറിയിച്ച ഒഴിവുകളുടെ എണ്ണം 143284 ആണ്.

(ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**ചികിത്സാ ധനസഹായം**

35 (3135) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ചികിത്സാ ധനസഹായത്തിനുവേണ്ടിയുള്ള അപേക്ഷയിന്മേൽ കണ്ണൂർ ജില്ലാ കളക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ട് അയച്ച ശ്രീ. അനിൽകുമാൻ ടി. വി., കരിവെള്ളൂർ വില്ലേജ് (നമ്പർ 581/വിഐപി/സി.എം./2015), ശ്രീ. പി. ഗോപാലൻ, പെരിങ്ങത്ത്, ആലപ്പടമ്പ് വില്ലേജ് (നമ്പർ 5234/വിഐപി/സി.എം/2015) എന്നിവർക്ക് ചികിത്സാ ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുണ്ടോ ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ധനസഹായത്തിന് ഉത്തരവായിട്ടില്ലെങ്കിൽ, ജില്ലാ കളക്ടറുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ലഭിച്ചിട്ടില്ലെങ്കിൽ ആയതിനുള്ള കാരണം വിശദമാക്കാമോ?

ഉത്തരം

(എ) ശ്രീ. അനിൽകുമാർ ടി. വി., കരിവെള്ളൂർ വില്ലേജ് (നമ്പർ 581/വി.ഐ.പി./സി.എം./2015) എന്നയാൾക്ക് 25-11-2015-ലെ ജി. ഒ. (ആർറ്റി.) നമ്പർ 6263/15/റവ. എന്ന ഉത്തരവ് പ്രകാരം ക്രമ നമ്പർ 10 ആയി 40,000 രൂപ അനുവദിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

ശ്രീ. പി. ഗോപാലൻ, പെരിങ്ങത്ത്, ആലപ്പടമ്പ് വില്ലേജ് (നമ്പർ 5234/വി.ഐ.പി./സി.എം./2015) എന്ന ആളിന്റെ കേസ്സിൽ ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭിച്ചതായി കാണുന്നില്ല. റിപ്പോർട്ട് ലഭിച്ചാലുടൻ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ബാധകമല്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി പ്രകാരമുള്ള ശ്രീമതി ശാന്തമ്മയുടെ അപേക്ഷ

36 (3136) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്കിൽ കരീപ്ര വില്ലേജിൽപ്പെട്ട വാക്കനാട് രജനീഷ് മന്ദിരത്തിൽ ശാന്തമ്മയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം അനുവദിച്ചത് (9128/DRF/CM/14) എന്നാണ്; എത്ര രൂപയാണ് അനുവദിച്ചത്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുക ശാന്തമ്മയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടോ; എന്നാണ് ലഭ്യമാക്കിയത് എന്നറിയിക്കുമോ;

(സി) തുക ലഭ്യമാക്കിയിട്ടില്ലെങ്കിൽ കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ; തുക അടിയന്തരമായി ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) 16-12-2015-ലെ സ. ഉ. (സാധാ.) നമ്പർ 6676/15/റവ. പ്രകാരം കൊല്ലം ജില്ല, വാക്കനാട്, മുളവൂർക്കോണം, രജനി മന്ദിരത്തിൽ ശ്രീമതി ശാന്തമ്മയ്ക്ക് ടിയാളുടെ മകൻ അപകടമരണപ്പെട്ടതിന് ആശ്വാസ ധനസഹായമായി 1,00,000 രൂപ (ഒരു ലക്ഷം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

37 (3137) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും എത്ര രൂപ, എത്ര പേർക്കായി അനുവദിച്ചിട്ടുണ്ട്; അനുവദിച്ചതിൽ എത്ര പേർക്ക് എത്ര രൂപ വീതം സർക്കാർ ഉത്തരവായി; ഉത്തരവായതിൽ എത്രപേർക്ക് എത്ര രൂപയുടെ ചെക്ക് വിതരണം ചെയ്തു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) തുക അനുവദിച്ചുകൊണ്ട് നൽകിയ ചെക്ക് അക്കൗണ്ടിൽ പണമില്ലാതെ മടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര രൂപയുടെ ചെക്കാണ് മടങ്ങിയത്; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) എത്ര അപേക്ഷകളിന്മേൽ തീരുമാനമെടുക്കാൻ ബാക്കിയുണ്ട്; ഏതു തീയതിവരെ ലഭിച്ച അപേക്ഷകളിന്മേൽ തീരുമാനമെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 482375 പേർക്ക് 30-11-2015 വരെ 651,23,18,033 രൂപ (അറുന്നൂറ്റിയമ്പത്തൊന്ന് കോടി ഇരുപത്തിമൂന്ന് ലക്ഷത്തി പതിനെട്ടായിരത്തി മുപ്പത്തിമൂന്ന് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. തുക വിതരണം ചെയ്തവരുടെ വിവരങ്ങൾ ലഭ്യമാക്കുന്നത് പ്രായോഗികമല്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) അർഹരായ എല്ലാ അപേക്ഷകർക്കും തുക അനുവദിച്ചിട്ടുണ്ട്.

**കേരള ഷോളയാറിൽ ലഭിക്കേണ്ട വെള്ളം**

38 (3138) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം കേരള ഷോളയാറിൽ ലഭിക്കേണ്ട വെള്ളം ഈ വർഷം തമിഴ്നാട് നൽകിയിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(ബി) ചാലക്കുടിപ്പുഴയിലെ വേനൽക്കാല ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി കരാർ പ്രകാരം ജലം ലഭ്യമാക്കുന്നതിനും കേരള ഷോളയാറിൽ നിന്നും ജലം താഴേക്ക് കൃത്യമായി ലഭ്യമാക്കുന്നതിനും ഷോളയാറിൽ നിന്നും ലഭിക്കുന്ന ജലം ഉപയോഗിച്ച് പെരിങ്ങൽക്കുത്തിൽ നിന്നും ആവശ്യമായ അളവിൽ പരമാവധി ജലനിർഗമനം ഉറപ്പുവരുത്തുന്നതിനും ആവശ്യമായ ഇടപെടലുകളും നടപടികളും സർക്കാർ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പറമ്പിക്കുളം-ആളിയാർ പദ്ധതി (പി.എ.പി.) കരാർ പ്രകാരം ചാലക്കുടി നദീതടത്തിൽനിന്നും ഓരോ ജലവർഷവും 12.3 ടി.എം.സി. ജലം കേരളത്തിന് ലഭിക്കേണ്ടതും പ്രസ്തുത ജലവിഹിതം കേരള ഷോളയാർ പവർഹൗസിൽ അളന്ന് പുറത്തുവിടേണ്ടതുമാണ്. നടപ്പ് ജലവർഷത്തിൽ (2015-16) 15-2-2016 വരെ 5856.94 എം.സി.എഫ്.റ്റി. ജലം കേരള ഷോളയാറിൽ വൈദ്യുതോല്പാദനത്തിനുശേഷം പെരിങ്ങൽക്കുത്തിലേയ്ക്ക് ഒഴുക്കിവിട്ടിട്ടുണ്ട്. കൂടാതെ ഉപയോഗയോഗ്യമായ 3849 എം.സി.എഫ്.റ്റി. ജലം കേരള ഷോളയാർ റിസർവോയറിൽ ലഭ്യമാണ്. ശേഷിക്കുന്ന 2594.06 എം.സി.എഫ്.റ്റി. ജലം 2016 ജൂൺ 30 വരെയുള്ള

കാലയളവിൽ ലഭിക്കേണ്ടതാണ്. (Own catchment yield + Tamil Nadu release). ഇക്കാലയളവിൽ പവർഹൗസ് 1 പ്രവർത്തിപ്പിക്കുകയില്ലെന്നും ജലം കേരള ഷോളയാറിലേക്ക് ലഭ്യമാക്കാമെന്നും 96-ാമത് സംയുക്ത ജല ക്രമീകരണ സമിതി (JWRB) യോഗത്തിൽ തമിഴ്നാട് അധികൃതർ അറിയിച്ചിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നടപ്പ് ജലവർഷ(2015-16)ത്തിന്റെ തുടക്കം മുതൽക്കുതന്നെ കേരള സർക്കാരും കേരള ജലസേചന വകുപ്പും കേരള സംസ്ഥാന വൈദ്യുതി ബോർഡും കേരള ഷോളയാറിൽ കരാർ വ്യവസ്ഥകൾ പാലിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് തമിഴ്നാട്ടിലെ ബന്ധപ്പെട്ട അധികാരികൾക്ക് കത്ത് നൽകിയിട്ടുണ്ട്. കൂടാതെ 2016 ജനുവരി മാസം 19-ന് നടന്ന 96-ാമത് സംയുക്ത ജല ക്രമീകരണ സമിതി (JWRB) യോഗത്തിൽ; നടപ്പ് (2015-16) ജലവർഷത്തിൽ കേരള ഷോളയാറിൽ തമിഴ്നാട് നടത്തിയ കരാർ ലംഘനങ്ങൾ കേരളത്തിന്റെ പ്രതിനിധികൾ ചൂണ്ടിക്കാട്ടുകയും അതിന്മേൽ കേരളത്തിന്റെ കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും നടപ്പ് ജല വർഷത്തിന്റെ ശേഷിക്കുന്ന കാലയളവിൽ പി.എ.പി. കരാർ വ്യവസ്ഥകൾ നിർബന്ധമായും പാലിക്കണമെന്ന് ശക്തമായി ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കരാർ പ്രകാരം കേരളത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കുന്നതിന് കേരളത്തിന്റെ പ്രതിനിധികളുടെ നിർദ്ദേശംകൂടി പരിഗണിച്ച് സാദ്ധ്യമായ നടപടികൾ സ്വീകരിക്കാമെന്ന് തമിഴ്നാട് അധികൃതർ പ്രസ്തുത യോഗത്തിൽ അറിയിച്ചിട്ടുണ്ട്. നടപ്പ് ജല വർഷത്തിന്റെ ശേഷിക്കുന്ന കാലയളവിൽ പി.എ.പി. കരാർ വ്യവസ്ഥകൾ പ്രകാരമുള്ള ജലം ലഭ്യമാക്കുന്നതിനുവേണ്ടി സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കണമെന്നുള്ളതാണ് സർക്കാർ നിലപാട്.

കേരള ഷോളയാറിൽ ലഭ്യമായ ജലത്തിൽനിന്നും വൈദ്യുതോല്പാദനത്തിന് ശേഷം പെരിങ്ങൽക്കുത്തിലേയ്ക്ക് ജലം ലഭ്യമാക്കുന്നതിനും പെരിങ്ങലിലെ വൈദ്യുതോല്പാദനത്തിനുശേഷം ചാലക്കുടിപ്പുഴയിലേക്ക് ജലം ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത് കേരള സംസ്ഥാന വൈദ്യുതി ബോർഡാണ്. പി.എ.പി. കരാർ പ്രകാരം കേരളത്തിന് ലഭിക്കേണ്ടുന്ന ജലവിഹിതം ലഭ്യമാക്കുന്നത് സംബന്ധിച്ച് സംസ്ഥാന വൈദ്യുതി ബോർഡ് ലഭ്യമാക്കിയ നിർദ്ദേശങ്ങൾ തമിഴ്നാട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും ഇക്കാര്യത്തിലുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിന് ജാഗ്രത പുലർത്തുവാൻ

സംസ്ഥാന വൈദ്യുതി ബോർഡിനോട് അഭ്യർത്ഥിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് സംസ്ഥാന വൈദ്യുതി ബോർഡ് അറിയിച്ചിട്ടുണ്ട്.

**പറമ്പിക്കുളം-ആളിയാർ പദ്ധതി**

39 (3139) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ പദ്ധതിപ്രകാരം 2005-06 മുതൽ 2014-15 വരെ ഓരോ വർഷവും തമിഴ്നാട്ടിൽ നിന്നും കേരളത്തിന് ലഭിക്കുന്ന വെള്ളത്തിന്റെ അളവ് എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) 2015-16 വർഷത്തിൽ PAP കരാർ പ്രകാരം കേരളത്തിന് ലഭിച്ച വെള്ളമെത്ര; ഈ ജലവർഷത്തിന് ഇനി ലഭിക്കുമെന്ന് ഉറപ്പുള്ള വെള്ളമെത്ര;

(സി) 2005-06 മുതൽ 2014-15 വരെയുള്ള കാലഘട്ടത്തിലെ വാട്ടർ അക്കൗണ്ട്സ് (PAP) ലഭ്യമാക്കാമോ?

ഉത്തരം

(എ) പറമ്പിക്കുളം-ആളിയാർ പദ്ധതി (പി.എ.പി.) പ്രകാരം 2005-06 ജലവർഷം മുതൽ 2014-15 ജലവർഷം വരെ കേരളത്തിന് ഓരോ ജലവർഷവും ലഭിച്ച ജലത്തിന്റെ അളവ് സംബന്ധിച്ച വിവരങ്ങൾ അനുബന്ധം ഒന്നിലെ പട്ടികയിൽ (പട്ടിക ഒന്ന്)* ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ലോവർ നീരാർ ഡാമിന്റെയും പറമ്പിക്കുളം, പെരുവാരിപ്പള്ളം, തുണക്കടവ് എന്നീ ഡാമുകളുടെയും വൃഷ്ടിപ്രദേശത്തുള്ള ജലം ഒരുമിച്ച് കണക്കാക്കി 16500 എം.സി.എഫ്.റ്റി.ക്ക് അധികമായി വന്ന 695 എം.സി.എഫ്.റ്റി. ജലം 2005-06 ജലവർഷത്തിലും 2500 എം.സി.എഫ്.റ്റി. ജലം 2007-08 ജലവർഷത്തിലും കേരളത്തിന് അർഹതപ്പെട്ടതായി. ഇത് തുടർന്നുള്ള ജലവർഷങ്ങളിൽ കേരളത്തിന് മണക്കടവ് വിയറിൽ; അനുബന്ധം രണ്ടായി ചേർത്തിട്ടുള്ള പട്ടികയിൽ (പട്ടിക രണ്ട്)* സൂചിപ്പിച്ചിട്ടുള്ള വിധം ഗഡുക്കളായി ലഭിച്ചുവരുന്നു.

(ബി) നടപ്പ് ജലവർഷ(2015-16)ത്തിൽ 15-2-2016 വരെ 5135 എം.സി.എഫ്.റ്റി. ജലം മണക്കടവ് വിയറിൽ ലഭ്യമായിട്ടുണ്ട്. ശേഷിക്കുന്ന 2115 എം.സി.എഫ്.റ്റി. ജലം 2016 ജൂൺ 30 വരെയുള്ള കാലയളവിൽ തമിഴ്നാട് ലഭ്യമാക്കേണ്ടതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

96-ാമത് സംയുക്ത ജല ക്രമീകരണ സമിതി (JWRB) യോഗത്തിലെ തീരുമാനമനുസരിച്ച് 2000 എം.സി.എഫ്.റ്റി. ജലം മാർച്ച് 31 വരെയുള്ള കാലഘട്ടത്തിൽ തമിഴ്നാട് ലഭ്യമാക്കുന്നതാണ്. ചാലക്കുടി നദീതടത്തിൽനിന്നും ഓരോ ജലവർഷവും 12.3 ടി.എം.സി. ജലം കേരളത്തിന് അവകാശപ്പെട്ടതാണ്. നടപ്പ് ജലവർഷ (2015-16) ത്തിൽ 15-2-2016 വരെ 5856.94 എം.സി.എഫ്.റ്റി. ജലം കേരള ഷോളയാറിൽ വൈദ്യുതോല്പാദനത്തിനുശേഷം പെരിങ്ങൽക്കുത്തിലേയ്ക്ക് ഒഴുക്കിവിട്ടിട്ടുണ്ട്. കൂടാതെ ഉപയോഗയോഗ്യമായ 3849 എം.സി.എഫ്.റ്റി. ജലം കേരള ഷോളയാർ റിസർവോയറിൽ ലഭ്യമാണ്. ശേഷിക്കുന്ന 2594.06 എം.സി.എഫ്.റ്റി. ജലം 2016 ജൂൺ 30 വരെയുള്ള കാലയളവിൽ ലഭ്യമാക്കേണ്ടതാണ്. (Own catchment yield+Tamil Nadu release) കേരള ഷോളയാറിലേയ്ക്ക് ലഭ്യമായിട്ടുള്ള ജലം എത്തിക്കാമെന്നും ഈ കാലയളവിൽ പവർഹൗസ് 1 പ്രവർത്തിപ്പിച്ച് ജലം പറമ്പിക്കുളത്തേക്ക് കൊണ്ടുപോവുകയില്ലെന്നും ഒടുവിൽ കൂടിയ സംയുക്ത ജല ക്രമീകരണ യോഗത്തിൽ തമിഴ്നാട് അറിയിച്ചിട്ടുണ്ട്. കരാർ പ്രകാരമുള്ള ജലവിഹിതം നിർബന്ധമായും ലഭ്യമാക്കണമെന്ന് 19-1-2016-ൽ കൂടിയ 96-ാമത് സംയുക്ത ജല ക്രമീകരണ സമിതി (JWRB) യോഗത്തിൽ കേരളം ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്. പെരിയാർ നദീതടത്തിലെ നീരാർ വിയറിൽനിന്നുള്ള ജലം മുഴുവനും ഒക്ടോബർ 1 മുതൽ ജനുവരി 31 വരെ കേരളത്തിലേക്ക് തിരിച്ചുവിടേണ്ടതാണ്. ഈ ജലത്തിന്റെ അളവ് കരാറിൽ നിജപ്പെടുത്തിയിട്ടില്ല. നടപ്പ് ജലവർഷ(2015-16)ത്തിൽ 1131.49 എം.സി.എഫ്.റ്റി. ജലം ഇത്തരത്തിൽ കേരളത്തിന് ലഭ്യമായിട്ടുണ്ട്.

(സി) 2005-06 ജലവർഷം മുതൽ 2014-15 ജലവർഷം വരെയുള്ള കാലയളവിലെ പറമ്പിക്കുളം-ആളിയാർ പദ്ധതി (പി.എ.പി.)യുടെ Water Accounts-ന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. (അനുബന്ധം മൂന്ന് മുതൽ പന്ത്രണ്ടുവരെ)*

**വിലസ്ഥിരതാ ഫണ്ട്**

40 ( T*3140) ശ്രീ. എ. കെ. ശശീന്ദ്രൻ

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിലസ്ഥിരതാ ഫണ്ടിൽ നിന്ന് ഇതുവരെ എത്ര തുക റബ്ബർ കർഷകർക്ക് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഉത്തേജക പാക്കേജുകൾ ലക്ഷ്യം നേടാൻ കഴിയാതിരിക്കുന്നത് മുംബൈ, ചെന്നൈ എന്നീ നഗരങ്ങളിലെ ടയർ ലോബികളുടെ ഇടപെടലുകൾ കൊണ്ടാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ടയർ ലോബികളുടെ ഇടപെടലുകളെ മറികടക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി പ്രകാരം 17-2-2016 വരെ 472472 സെയിൽസ് ബില്ലുകളിലായി 118.50 കോടി രൂപ സബ്സിഡിയിനത്തിൽ റബ്ബർ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ടയർ ലോബികളുടെ ഇടപെടലുകൾ ഉണ്ടായതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ലാത്തതിനാൽ ഇക്കാര്യത്തിൽ നടപടികൾക്ക് പ്രസക്തിയില്ല.

## ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിൽ ധനകാര്യ വിഭാഗത്തിന്റെ പരിശോധന

41 (3141) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ പരിശോധനാ വിഭാഗം ഏതെങ്കിലും ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിൽ പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ അത് ഏതെല്ലാം ജില്ലകളിലെന്ന് വ്യക്തമാക്കുമോ;

(ബി) പരിശോധന നടന്ന ഓഫീസുകളിൽ സാമ്പത്തിക ക്രമക്കേടുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ ക്രമക്കേട് നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും ശിക്ഷാ നടപടികൾ ശിപാർശ ചെയ്തിട്ടുണ്ടോ;

(സി) പ്രസ്തുത ശിപാർശയുടെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത ഓഫീസുകളിൽ ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ പ്രവൃത്തികൾ ചെയ്തത് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എല്ലാ ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിലും ധനകാര്യ പരിശോധനാ വിഭാഗം പരിശോധന നടത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. മലപ്പുറം, വയനാട്, കാസർഗോഡ് ജില്ലകളിലാണ് പരിശോധന നടത്തിയത്.

(ബി) ഉണ്ട്. നടപടിക്രമങ്ങൾ പാലിക്കാതെ അച്ചടി ജോലികൾ ഒരു ഏജൻസിക്ക് നൽകിയത്, വർക്ക് ഓർഡർ കൊടുത്ത എണ്ണത്തിൽനിന്നും കുറവായി അച്ചടിച്ചത്, കണക്കിൽപ്പെടാത്ത പണം ഓഫീസിൽ സൂക്ഷിച്ചത് എന്നീ ക്രമക്കേടുകളാണ് മലപ്പുറം ജില്ലയെ സംബന്ധിച്ച് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. വയനാട്, കാസർഗോഡ് ജില്ലകളിൽ നടത്തിയ പരിശോധന പൂർത്തിയായിട്ടില്ല.

(സി) റിപ്പോർട്ട് തയ്യാറാക്കി വരുന്നതേയുള്ളൂ. റിപ്പോർട്ടിന്റെ അംഗീകാരത്തിന് വിധേയമായി മാത്രമേ ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

(ഡി) മലപ്പുറം ജില്ലാ ഇൻഫർമേഷൻ ഓഫീസിനെ സംബന്ധിക്കുന്ന റിപ്പോർട്ടിൽ ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ പ്രവൃത്തികൾ ചെയ്തത് സംബന്ധിച്ച ക്രമക്കേടുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിൽ പരിശോധന നടത്തുവാൻ ധനകാര്യ പരിശോധനാ വിഭാഗത്തിൽനിന്നും നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

### ബഡ്ജറ്റിലെ വൻകിട പ്രോജക്ടുകൾക്കുള്ള വിഹിതം

42 (3142) <u>ഡോ. ടി. എം. തോമസ് ഐസക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കപ്പെട്ട വൻകിട പ്രോജക്ടുകൾക്കായി മാറ്റിവച്ചിരുന്ന 2000 കോടി രൂപയിൽ എത്ര തുക നാളിതുവരെ ചെലവഴിച്ചു;

(ബി) ഏതെല്ലാം പ്രോജക്ടുകൾക്കാണ് തുക നീക്കിവച്ചിരുന്നത്; അതിൽ ഏതിനെല്ലാം തുക ചെലവഴിച്ചു;

(സി) അടിസ്ഥാന സൗകര്യ വികസനത്തിനായി രൂപീകരിച്ച ബോർഡുവഴി 2015-16 സാമ്പത്തിക വർഷത്തിൽ എത്ര തുക സ്വരൂപിക്കാൻ കഴിഞ്ഞിട്ടുണ്ട്; ഇല്ലെങ്കിൽ സർക്കാർ പ്രഖ്യാപിച്ച വൻകിട പദ്ധതികൾക്ക് തുക കണ്ടെത്താൻ മറ്റ് മാർഗ്ഗം സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) മുഖ്യ അടിസ്ഥാന വികസന പദ്ധതികൾക്കായി വകയിരുത്തിയ പൊതുവിഹിതത്തിൽനിന്നും 31-12-2015 വരെയുള്ള കാലയളവിൽ 422.22 കോടി രൂപ വിവിധ പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്. വിവിധ പദ്ധതികൾക്ക് 2015-16 വർഷം അനുവദിച്ച തുക, 31-12-2015 വരെ ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ അടങ്ങുന്ന സ്റ്റേറ്റ്മെന്റ് അനുബന്ധമായി* ചേർക്കുന്നു.

(സി) അടിസ്ഥാന സൗകര്യ വികസനത്തിനായി രൂപീകരിച്ച ബോർഡ് വഴി 2015-16 സാമ്പത്തികവർഷത്തിൽ തുകയൊന്നും സ്വരൂപിച്ചിട്ടില്ല. കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ ഘടനയും പ്രവർത്തനവും പരിഷ്കരിക്കുന്ന നടപടികൾ പുരോഗമിക്കുകയാണ്. ഈ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് വൻകിട പദ്ധതികൾക്കാവശ്യമായ ധനസമാഹരണ മാർഗ്ഗങ്ങൾ തേടുന്നതാണ്.

**സർക്കാർ പദ്ധതികൾ**

43 (3143) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന കണ്ണൂർ എയർ പോർട്ട്, കൊച്ചി മെട്രോ, സ്മാർട്ട് സിറ്റി, വിഴിഞ്ഞം തുറമുഖം, ഇൻഫോ പാർക്ക്, ടെക്നോ പാർക്ക് എന്നീ പദ്ധതികളുടെ നിലവിലെ അവസ്ഥ, ഇവയ്ക്കായി അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പദ്ധതിയുടെ റൺവേയുടെയും ടെർമിനൽ ബിൽഡിംഗിന്റെയും നിർമ്മാണം യഥാക്രമം 75-ഉം 62-ഉം ശതമാനം ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. കൊച്ചി മെട്രോയുടെ ആദ്യഘട്ടത്തിന്റെ നിർമ്മാണം ഏകദേശം 82 ശതമാനവും രണ്ടാം ഘട്ടത്തിന്റെ നിർമ്മാണം ഏകദേശം 34 ശതമാനവും ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. ട്രയൽ റണ്ണിനുള്ള ജോലികൾ പുരോഗമിച്ചു വരികയാണ്. വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പുരോഗമിച്ചുവരുന്നു. മറ്റ് അടിസ്ഥാന വികസന പദ്ധതികളും പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. പ്രസ്തുത പദ്ധതികൾക്ക് 2011-12 മുതൽ 2015-16 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

(തുക കോടി രൂപയിൽ)

| പദ്ധതി | അനുവദിച്ച തുക | ചെലവഴിച്ച തുക (31-12-2015 വരെ) |
|---|---|---|
| കണ്ണൂർ എയർപോർട്ട് | 403.65 | 370.93 |
| കൊച്ചി മെട്രോ | 1268.03 | 1159.95 |
| സ്മാർട്ട് സിറ്റി | 23.63 | 18.63 |
| ഇൻഫോ/ടെക്നോ പാർക്ക് | 543.64 | 464.03 |
| വിഴിഞ്ഞം തുറമുഖം | 671.55 | 521.53 |

**സി-ആപ്റ്റ്**

44 (3145) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ആപ്റ്റിൽ അച്ചടി യന്ത്രങ്ങൾ വാങ്ങിയതിലെ അഴിമതി സംബന്ധിച്ച് ധനകാര്യ പരിശോധനാ വിഭാഗം പരിശോധന നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സി-ആപ്റ്റിൽ ലോട്ടറി അച്ചടിക്കായി വേരിബിൾ ഡാറ്റാ പ്രിന്റർ, ഡിജിറ്റൽ ഡ്യൂപ്ലിക്കേറ്റർ എന്നീ രണ്ട് പ്രിന്റിംഗ് മെഷീനുകൾ വാങ്ങിയതുമായി ബന്ധപ്പെട്ടുള്ള ക്രമക്കേട് സംബന്ധിച്ച ആരോപണത്തിന്മേൽ ധനകാര്യ പരിശോധനാ വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ട്.

(ബി) റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

## കെ.എസ്.എഫ്.ഇ.യിലെ നിയമനം

45 (3146) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ എന്റർപ്രൈസസ് റവന്യൂ റിക്കവറി വിഭാഗത്തിൽ റവന്യൂ വകുപ്പിൽനിന്നും വിരമിച്ച എത്ര ജീവനക്കാർ ജോലി ചെയ്തുവരുന്നെന്നും ഇവർ എത്ര വർഷങ്ങളായി ജോലി ചെയ്യുന്നെന്നും പേരു സഹിതം വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ അറുപതു വയസ്സ് കഴിഞ്ഞവരെയും വർഷങ്ങളായി ജോലി ചെയ്യുന്നവരെയും പിരിച്ചുവിട്ട് കെ.എസ്.എഫ്.ഇ.യിൽ നിന്നോ, പി.എസ്.സി.യിൽ നിന്നോ നിയമനം നടത്താൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകാമോ?

ഉത്തരം

(എ) കെ.എസ്.എഫ്.ഇ.യുടെ റവന്യൂ റിക്കവറി വിഭാഗത്തിൽ റവന്യൂ വകുപ്പിൽനിന്നും വിരമിച്ച 16 ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. അവരുടെ വിവരം താഴെ കൊടുക്കുന്നു:

| ക്രമ നമ്പർ | പേര് | ജോലി ചെയ്തുവരുന്ന കാലയളവ് | ജോലി ചെയ്യുന്ന ഓഫീസ് |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | പുഷ്പാംഗദൻ ബി. | ജനുവരി 2008 മുതൽ | സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാരുടെ ഓഫീസ്, തിരുവനന്തപുരം |
| 2 | പ്രതാപചന്ദ്ര ബാബു | ഒക്ടോബർ 2015 മുതൽ | സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാരുടെ ഓഫീസ്, തിരുവനന്തപുരം |
| 3 | ശ്രീകാന്തൻ കെ. | ജനുവരി 2015 മുതൽ | സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാരുടെ ഓഫീസ്, തിരുവനന്തപുരം |
| 4 | ആർ. വരദരാജൻ | ഒക്ടോബർ 2012 മുതൽ | സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാരുടെ ഓഫീസ്, നെയ്യാറ്റിൻകര |
| 5 | എം. കൃഷ്ണൻകുട്ടി | സെപ്റ്റംബർ 2007 മുതൽ | സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാരുടെ ഓഫീസ്, നെയ്യാറ്റിൻകര |

| 1 | 2 | 3 | 4 |
|---|---|---|---|
| 6 | കെ. ശിവാനന്ദൻ | മാർച്ച് 2008 മുതൽ | സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാരുടെ ഓഫീസ്, നെയ്യാറ്റിൻകര |
| 7 | എം. കുഞ്ഞാപ്പി | ഡിസംബർ 2015 മുതൽ | സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാരുടെ ഓഫീസ്, നെയ്യാറ്റിൻകര |
| 8 | പ്രസന്നചന്ദ്രൻ നായർ എം. | ഒക്ടോബർ 2010 മുതൽ | സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാരുടെ ഓഫീസ്, നെയ്യാറ്റിൻകര |
| 9 | സുരേന്ദ്രൻ പിള്ള ആർ. | ജൂലൈ 2009 മുതൽ | സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാരുടെ ഓഫീസ്, കൊല്ലം |
| 10 | സദാശിവൻ പിള്ള കെ. | ഏപ്രിൽ 2010 മുതൽ | സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാരുടെ ഓഫീസ്, കൊല്ലം |
| 11 | ഇ. എൻ. കരുണാകര പണിക്കർ | ഏപ്രിൽ 2009 മുതൽ | സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാരുടെ ഓഫീസ്, കോട്ടയം |
| 12 | സി. പി. ജോസ് | ഫെബ്രുവരി 2002 മുതൽ | സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാരുടെ ഓഫീസ്, തൃശ്ശൂർ |
| 13 | സ്വാമിനാഥൻ | ഒക്ടോബർ 2014 മുതൽ | സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാരുടെ ഓഫീസ്, പാലക്കാട് |
| 14 | ജയചന്ദ്രൻ ടി. | ഫെബ്രുവരി 2002 മുതൽ | സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാരുടെ ഓഫീസ്, കോഴിക്കോട് |
| 15 | വി. വി. രാഘവൻ | ജൂലൈ 2000 മുതൽ | സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാരുടെ ഓഫീസ്, കണ്ണൂർ |
| 16 | ശിവാനന്ദൻ പി. വി. | സെപ്റ്റംബർ 2007 മുതൽ | സ്പെഷ്യൽ ഡെപ്യൂട്ടി തഹസിൽദാരുടെ ഓഫീസ്, ആലപ്പുഴ |

(ബി) റവന്യൂ വകുപ്പിൽനിന്നും വിരമിച്ച ജീവനക്കാർക്ക് ലാന്റ് സർവ്വേയിലുള്ള പരിചയവും പ്രാവീണ്യവും ഉപയോഗപ്പെടുത്തുന്നതിന് വേണ്ടിയാണ് ഇവരെ കെ.എസ്.എഫ്.ഇ.യിൽ നിയോഗിച്ചിട്ടുള്ളത്. കെ.എസ്.എഫ്.ഇ.യിൽ നിന്നോ പി.എസ്.സി. വഴിയോ നിയമനം നടത്തുന്ന വിഷയം പരിശോധിക്കുന്നതാണ്.

**കെ.എസ്.എഫ്.ഇ.യിലെ ഒഴിവുകൾ**

46 (T*3147) ശ്രീ. എം. പി. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 489/2011 (ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ) പ്രകാരം നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്ന് കെ.എസ്.എഫ്.ഇ.യിലെ ഒഴിവ് റിപ്പോർട്ട് ചെയ്ത തീയതി, എണ്ണം എന്നിവ വ്യക്തമാക്കുന്ന 2011 ജനുവരി 1 മുതൽ 2015 ഡിസംബർ 31 വരെയുള്ള വിശദവിവരം വർഷം തിരിച്ച് നൽകുമോ ;

(ബി) 2016 ജനുവരി 1 മുതൽ ജനുവരി 25 വരെ കെ.എസ്.എഫ്.ഇ. എത്ര ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(സി) 12-12-2014 തീയതിയിലെ ആദ്യ നിയമന ശിപാർശയ്ക്കുശേഷം എത്ര ഒഴിവുകൾ കെ.എസ്.എഫ്.ഇ.യിൽനിന്ന് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തു എന്ന് വ്യക്തമാക്കാമോ ;

(ഡി) 5-12-2015-നുശേഷം കെ.എസ്.എഫ്.ഇ. റിപ്പോർട്ട് ചെയ്ത ഒഴിവിൽ പി.എസ്.സി. നിയമന ശിപാർശ നൽകാനുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ഇ) കാറ്റഗറി നമ്പർ 489/11 പ്രകാരമുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് 2011 മുതൽ 2016 ജനുവരി 26 വരെ ഒരു ഒഴിവുപോലും റിപ്പോർട്ട് ചെയ്യാത്ത സ്ഥാപനത്തിന്റെ പേര് നൽകാമോ ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ) പി.എസ്.സി.ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്തതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു:

| 1-1-2011 മുതൽ 31-12-2011 വരെ | | |
|---|---|---|
| ക്രമ നമ്പർ | റിപ്പോർട്ട് ചെയ്ത തീയതി | ഒഴിവുകളുടെ എണ്ണം |
| 1 | 31-1-2011 | 147 |
| 2 | 25-3-2011 | 90 |
| 3 | 16-5-2011 | 2 |
| 4 | 31-5-2011 | 189 |
| 5 | 12-7-2011 | 9 |
| 6 | 22-8-2011 | 1 |
| 7 | 30-9-2011 | 96 |
| 8 | 9-12-2011 | 1 |
| 9 | 23-11-2011 | 81 |

| 1-1-2012 മുതൽ 31-12-2012 വരെ | | |
|---|---|---|
| ക്രമ നമ്പർ | റിപ്പോർട്ട് ചെയ്ത തീയതി | ഒഴിവുകളുടെ എണ്ണം |
| 1 | 6-2-2012 | 58 |
| 2 | 21-6-2012 | 76 |
| 3 | 30-6-2012 | 68 |
| 4 | 1-9-2012 | 3 |
| 5 | 5-11-2012 | 214 |

| 1-1-2013 മുതൽ 31-12-2013 വരെ | | |
|---|---|---|
| ക്രമ നമ്പർ | റിപ്പോർട്ട് ചെയ്ത തീയതി | ഒഴിവുകളുടെ എണ്ണം |
| 1 | 24-5-2013 | 212 |

| 1-1-2014 മുതൽ 31-12-2014 വരെ | | |
|---|---|---|
| ക്രമ നമ്പർ | റിപ്പോർട്ട് ചെയ്ത തീയതി | ഒഴിവുകളുടെ എണ്ണം |
| 1 | 19-2-2014 | 114 |
| 2 | 13-5-2014 | 185 |
| 3 | 20-11-2014 | 50 |

| 1-1-2015 മുതൽ 31-12-2015 വരെ | | |
|---|---|---|
| ക്രമ നമ്പർ | റിപ്പോർട്ട് ചെയ്ത തീയതി | ഒഴിവുകളുടെ എണ്ണം |
| 1 | 24-4-2015 | 78 |
| 2 | 4-7-2015 | 192 |

(ബി) പ്രസ്തുത കാലയളവിൽ 65 NJD ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

(സി) പ്രസ്തുത തീയതിക്കുശേഷം NJD ഉൾപ്പെടെ 335 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത കാലയളവിൽ റിപ്പോർട്ട് ചെയ്ത 65 NJD ഒഴിവുകളിലേയ്ക്ക് പി.എസ്.സി. നിയമന ശിപാർശ നൽകാനുണ്ട്.

(ഇ) കാറ്റഗറി നമ്പർ 489/11 പ്രകാരമുള്ള റാങ്ക് ലിസ്റ്റിൽനിന്ന് തൃശ്ശൂർ കോർപ്പറേഷൻ, കെ.എം.സി.എസ്. ഇലക്ട്രിക്കൽ വിംഗ്, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, കേരളത്തിലെ വികസന അതോറിറ്റികൾ എന്നിവിടങ്ങളിൽ നിന്നും ഒരു ഒഴിവും റിപ്പോർട്ട് ചെയ്തിട്ടില്ല.

## എം.എൽ.എ. ആസ്തി വികസന ഫണ്ട്

47 (3148) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന ഫണ്ട് കൈകാര്യം ചെയ്യുന്ന സെക്രട്ടറിയേറ്റിലെ വിദ്യാഭ്യാസ വകുപ്പ് (എം) സെക്ഷനിലെ അമിത ജോലിഭാരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് വർക്ക് സ്റ്റഡി നടത്തി ഒരു സെക്ഷൻകൂടി അനുവദിക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അമിത ജോലിഭാരം ഉണ്ടോയെന്ന് കണ്ടെത്തുന്നതിനായി സെക്രട്ടേറിയറ്റിലെ പൊതു വിദ്യാഭ്യാസ വകുപ്പിലെ (എം) സെക്ഷനുൾപ്പെടെയുള്ള എല്ലാ സെക്ഷനുകളിലും ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് ഒരു ത്വരിത പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി പഠന റിപ്പോർട്ട് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പരിഗണനയിലാണ്.

## എം.എൽ.എ.മാരുടെ ആസ്തിവികസന ഫണ്ട്

48 (3149) <u>ശ്രീ. എളമരം കരീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടിലൂടെ എത്ര പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് നിയോജക മണ്ഡലാടിസ്ഥാനത്തിൽ കണക്ക് വിശദീകരിക്കുമോ;

(ബി) ഓരോ സാമ്പത്തികവർഷവും എത്ര പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്നുള്ള കണക്ക് നിയോജക മണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(സി) സാങ്കേതിക തടസ്സങ്ങൾ ഉന്നയിച്ച് വിവിധ മണ്ഡലങ്ങളിലായി എത്ര പദ്ധതികൾക്ക് അംഗീകാരം നൽകാതെ കിടപ്പുണ്ടെന്നുള്ള കണക്ക് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) ആസ്തി വികസന പദ്ധതി ആരംഭിച്ച 2012-13 സാമ്പത്തികവർഷം മുതൽ 2015-16 സാമ്പത്തികവർഷം വരെ ടി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതിക്കായി നിർദ്ദേശിക്കപ്പെട്ടതും ധനാനുമതി നൽകിയതുമായ പ്രവൃത്തികളുടെ നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധമായി* ചേർത്തിരിക്കുന്നു. ഭരണാനുമതി നൽകുന്ന പ്രവൃത്തികൾ നടപ്പിലാക്കുന്നത് ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികളാണ്.

(സി) പൂർണ്ണമായും ആസ്തി വികസന പദ്ധതിയുടെ മാനദണ്ഡങ്ങൾ പാലിക്കാതെ ഭരണവകുപ്പ് ശിപാർശ ചെയ്യുന്ന പ്രവൃത്തികൾക്ക് ധനാനുമതി നൽകാറില്ല. ഇപ്രകാരം നിരസിക്കുന്ന പ്രവൃത്തികളുടെ വിവരം സൂക്ഷിക്കുന്ന പതിവ് നിലവിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പഴയ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചിരുന്നതും നടപ്പാക്കിയതുമായ വികസന പ്രവർത്തനങ്ങൾ

49 (3150) <u>ശ്രീമതി ജമീലാ പ്രകാശം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12, 2012-13, 2013-14, 2014-15, 2015-16 എന്നീ സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചിരുന്ന വികസന പദ്ധതികൾ ഏതെല്ലാം; അവ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) ആ പദ്ധതികളിൽ ഏതൊക്കെ പദ്ധതികളുടെ പ്രവർത്തനം ആരംഭിച്ചു;

(സി) ആ പദ്ധതികൾക്ക് വേണ്ടി നാളിതുവരെ എന്തു തുക ചെലവഴിച്ചു എന്നും ആ പദ്ധതികളുമായി ബന്ധപ്പെട്ട് എന്തൊക്കെ പ്രവർത്തനങ്ങൾ നടന്നു എന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 2011-12 മുതൽ 2015-16 വരെയുള്ള സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കൽ ചുവടെ ചേർക്കുന്നു:

| *വർഷം* | *പദ്ധതി അടങ്കൽ* |
|---|---|
| 2011-12 | 12010.00 |
| 2012-13 | 14010.00 |
| 2013-14 | 17000.00 |
| 2014-15 | 20000.00 |
| 2015-16 | 20000.00 |

ഓരോ വർഷവും നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച ബഡ്ജറ്റ് എസ്റ്റിമേറ്റും ചെലവിന്റെ മുൻവർഷത്തെ കണക്കുകളും പദ്ധതികളുടെ വിശദമായ കുറിപ്പുകളും അതാതു വർഷങ്ങളിലെ വാർഷിക പദ്ധതി എന്ന രേഖയിൽ നിയമസഭയ്ക്ക് മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

(ബി) ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന മിക്ക പദ്ധതികളും ഭരണാനുമതി നേടുകയും പൂർത്തിയാക്കപ്പെട്ടതുമാണ്. ചിലത് നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ച് വരുന്നു. ഭരണ വകുപ്പുകളിൽ നിന്ന് നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് പ്രഖ്യാപിച്ച മിക്ക പദ്ധതികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ബഡ്ജറ്റിലെ പ്രഖ്യാപനങ്ങളിൽ ഭരണാനുമതി നൽകിയ പദ്ധതികൾ വിവിധ ഭരണവകുപ്പുകളിൽനിന്നും ശേഖരിച്ചത് അനുബന്ധം 1* ആയി ചേർക്കുന്നു.

(സി) 2011-12 മുതൽ 2015-16 വരെയുള്ള വർഷങ്ങളിൽ പദ്ധതി ചെലവുകൾക്കായി വകയിരുത്തിയതും ചെലവഴിച്ചതുമായ തുക സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 2-ൽ* ചേർക്കുന്നു.

## ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് വകുപ്പ് വഴി നടപ്പിലാക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതികൾ

50 (3151) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ ബഡ്ജറ്റുകളിലൂടെയും ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് വകുപ്പ് വഴി നടപ്പിലാക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതികളിലും പരിപാടികളിലും അതത് വർഷങ്ങളിൽ പൂർണ്ണമായും നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ലാത്തവ ഏതെല്ലാമാണ്; ഓരോ ബഡ്ജറ്റ് പ്രസംഗത്തിലെയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലായി ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് വകുപ്പിന് വകയിരുത്തപ്പെട്ട പദ്ധതി തുകയും അതത് വർഷം യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും ചെലവഴിക്കാൻ കഴിയാതിരുന്ന തുകയും എത്രയാണ്; വകയിരുത്തിയ തുകയുടെ എത്ര ശതമാനം പിൻവലിച്ചു; ഇതിൽ ഇപ്പോൾ ട്രഷറി അക്കൗണ്ടിൽ ബാക്കി നിൽപ്പുള്ള തുക എത്ര;

(സി) ഓരോ വർഷവും റീ-അപ്രോപ്രിയേഷൻവഴി വക മാറ്റി ചെലവഴിച്ചിരുന്ന തുക എത്ര വീതമായിരുന്നു; വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി അനുവദിച്ച നൽകിയ തുകയുടെയും അവയുടെ ചെലവിന്റെയും സ്റ്റേറ്റ്മെന്റ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾക്ക് തുക അനുവദിച്ച് ലഭ്യമാക്കുന്ന മുറയ്ക്ക് വിനിയോഗം നടത്തുന്നു. അതാത് സാമ്പത്തിക വർഷം പൂർണ്ണമായും വിനിയോഗിക്കാത്ത തുക തൊട്ടടുത്ത സാമ്പത്തിക വർഷത്തെ ആദ്യ ക്വാർട്ടറിൽ വിനിയോഗിക്കുന്നുണ്ട്. ഗ്രാമ വ്യവസായ ബോർഡ് ഓരോ വർഷവും ശിപാർശ ചെയ്ത പദ്ധതികൾ ബഡ്ജറ്റ് തുക ഉപയോഗിച്ച് പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് അനുവദിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിവരങ്ങൾ ചോദ്യം 'എ'യുടെ അനുബന്ധമായി ചേർത്തിരിക്കുന്നു. 2013-14 വർഷത്തിൽ പീഡിതവും പ്രവർത്തന രഹിതവുമായ ഗ്രാമ വ്യവസായ സഹകരണ സംഘങ്ങളുടെയും ചാരിറ്റബിൾ സ്ഥാപനങ്ങളുടെയും പുനരുദ്ധാരണം എന്ന പദ്ധതിക്ക് അനുവദിച്ച 25 ലക്ഷം രൂപ ചെലവഴിച്ചിട്ടില്ല. പ്രവർത്തനം മന്ദീഭവിച്ച ഗ്രാമ വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി ഗ്രാന്റ് നൽകുന്നതിന് അനുവദിച്ചതാണ് ടി തുക. ഇപ്രകാരം 2 ലക്ഷം രൂപ വരെ ഒരു സംഘത്തിന് പരമാവധി ഗ്രാന്റ് ലഭിക്കും. എന്നാൽ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് ഗ്രാന്റായി നൽകുന്ന തുകയുടെ 50 ശതമാനത്തിന് തുല്യമായ തുക പ്രസ്തുത സംഘം ബാങ്കിൽ നിന്ന് വായ്പ എടുത്തിരിക്കണം എന്ന ഒരു നിബന്ധനയുണ്ട്. എന്നാൽ പ്രവർത്തനം മന്ദീഭവിച്ച സഹകരണ സംഘങ്ങൾക്ക് ബാങ്കുകൾ വായ്പ നൽകാൻ തയ്യാറാകാത്തതിനാലാണ് കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന് ടി 25 ലക്ഷം രൂപ വിനിയോഗിച്ച് ഗ്രാന്റ് വിതരണം ചെയ്യാൻ കഴിയാഞ്ഞത്. ഇപ്പോൾ ഈ വ്യവസ്ഥയിൽ ഇളവ് വരുത്തിയ സാഹചര്യത്തിൽ ഗ്രാന്റ് വിതരണം ആരംഭിച്ചിട്ടുണ്ട്. വകയിരുത്തിയ തുകയിൽ ഇതൊഴികെ എല്ലാ തുകയും പിൻവലിച്ചു. ട്രഷറിയിൽ തുക ബാക്കി നില്പില്ല.

(സി) റീ-അപ്രോപ്രിയേഷൻ മുഖേന 2012-13 വർഷത്തിൽ ഖാദി മേഖലയുടെ ആധുനികവല്ക്കരണത്തിനായി 96 ലക്ഷം രൂപ അനുവദിച്ചിരുന്നു. ടി തുക ആധുനികവല്ക്കരണത്തിനായി ചെലവഴിച്ചു. ബോർഡിന് അനുവദിച്ച തുക റീ-അപ്രോപ്രിയേഷനിലൂടെ വകമാറ്റി ചെലവഴിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കേരള സംസ്ഥാന ഫിനാൻഷ്യൽ എന്റർപ്രൈസസ്

51 (3152) ശ്രീ. വി. എസ്. സുനിൽ കുമാർ :

ശ്രീ. മുല്ലക്കര രത്നാകരൻ :

ശ്രീ. ഇ. കെ. വിജയൻ :

ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഫിനാൻഷ്യൽ എന്റർപ്രൈസസിന്റെ എത്ര ശാഖകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്; എല്ലാ ശാഖകളിലും കൂടി എത്ര വരിക്കാരുണ്ട്; പ്രതിവർഷം മൊത്തം എത്ര കോടി രൂപയുടെ ബിസിനസ്സ് നടത്തുന്നുണ്ട്; വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ നാലര വർഷത്തിനുള്ളിൽ സമ്മാന പദ്ധതികൾ, ചിട്ടി ക്യാമ്പയിൻ മേളകൾ, ഉപകരണങ്ങൾ വാങ്ങൽ, കോർ ബാങ്കിംഗിനും മറ്റുമുള്ള കരാറുകൾ എന്നിവയ്ക്കായി മൊത്തം എത്ര കോടി രൂപ ചെലവായി; ഓരോന്നിനും എത്ര വീതം;

(സി) കമ്പനി നിയമപ്രകാരം നിയമപരമായി പൂർത്തീകരിക്കേണ്ട ഇന്റേണൽ ആഡിറ്റ് പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) സമ്മാന പദ്ധതിയിൽ സമ്മാനങ്ങൾ വാങ്ങിയതിലും മറ്റുമായി വൻ അഴിമതികൾ നടന്നിട്ടുള്ളതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം അഴിമതികൾ കണ്ടെത്തുന്നതിനും ഇല്ലാതാക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ?

### ഉത്തരം

(എ) കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിന്റെ 543 ശാഖകളാണ് (31-1-2016-ലെ കണക്കുപ്രകാരം) പ്രവർത്തിക്കുന്നത്. അതുപ്രകാരം കെ.എസ്.എഫ്.ഇ.ക്ക് 1,414.54 കോടി രൂപ ചിട്ടി സലയും 1697640 വരിക്കാരുമുണ്ട്. 31-1-2016 പ്രകാരമുള്ള ബിസിനസ്സ് ടേൺ ഓവർ 28,541 കോടി രൂപയാണ്. ഈ സാമ്പത്തികവർഷം (31-1-2016 വരെ) ചെയ്ത ചിട്ടി ബിസിനസ്സ് 340.75 കോടി രൂപയാണ്.

(ബി) 2011-12 മുതൽ 2014-15 വരെ സമ്മാന പദ്ധതികൾ, ചിട്ടി ക്യാമ്പയിൻ മേളകൾ എന്നിവയ്ക്കായി 26,79,53,886 (ഇരുപത്താറ് കോടി എഴുപത്തൊമ്പത് ലക്ഷത്തി അമ്പത്തിമൂവായിരത്തി എണ്ണൂറ്റി എൺപത്താറ്) രൂപ ചെലവായിട്ടുണ്ട്. 2011-12 മുതൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് ഇതുവരെയായി 23,24,76,492 (ഇരുപത്തിമൂന്ന് കോടി ഇരുപത്തിനാല് ലക്ഷത്തി എഴുപത്താറായിരത്തി നാനൂറ്റി തൊണ്ണൂറ്റി രണ്ട്) രൂപ ചെലവായിട്ടുണ്ട്. കോർ ബാങ്കിംഗിനുള്ള കരാറിനത്തിൽ 'Nest' എന്ന കമ്പനിക്ക് ഇതുവരെയും 1,99,68,393 (ഒരു കോടി തൊണ്ണൂറ്റിയൊമ്പത് ലക്ഷത്തി അറുപത്തിയെണ്ണായിരത്തി മൂന്നൂറ്റി തൊണ്ണൂറ്റിമൂന്ന്) രൂപ ചെലവായിട്ടുണ്ട്. മേൽ കാണിച്ചിട്ടുള്ള ഇനങ്ങൾക്കായി ആകെ 52,03,98,771 (അമ്പത്തിരണ്ട് കോടി മൂന്ന് ലക്ഷത്തി തൊണ്ണൂറ്റിയെണ്ണായിരത്തി എഴുന്നൂറ്റി എഴുപത്തിയൊന്ന്) രൂപ ചെലവായിട്ടുണ്ട്.

(സി) പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) സമ്മാന പദ്ധതിയെപ്പറ്റി ഒരുതരത്തിലുള്ള ആക്ഷേപവും ശ്രദ്ധയിൽ പെട്ടിട്ടില്ല.

## ഹൗസ് ബിൽഡിംഗ് അഡ്വാൻസ്

52 (3153) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൗസ് ബിൽഡിംഗ് അഡ്വാൻസ് അനുവദിച്ചു കിട്ടിയ ജീവനക്കാർക്ക് പ്രസ്തുത തുക കൊണ്ട് വീട് പണി പൂർത്തിയാക്കാൻ കഴിയാതെ വരുന്നതും ആധാരം ഗവൺമെന്റിലേയ്ക്ക് രജിസ്റ്റർ ചെയ്യപ്പെടുന്നതിനാൽ മറ്റ് ലോണുകളൊന്നും ലഭ്യമാവാത്ത സ്ഥിതി നിലനിൽക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എച്ച്.ബി.എ. അനുവദിച്ചു കിട്ടുന്നതിന് സർക്കാരിലേക്ക് രജിസ്റ്റർ ചെയ്തു നല്കിയ ആധാരങ്ങൾ വെച്ച് വസ്തുവിന്റെ വാല്യൂ അടിസ്ഥാനത്തിൽ മറ്റ് ലോണുകൾ (ഹൗസിംഗ്) എടുക്കുന്നതിന് അനുമതി നല്കുന്ന കാര്യം പരിശോധിച്ച് നടപടിയെടുക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) 31-7-1991-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 436/91/ധന., 22-7-1999-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 1610/99/ധന., 11-2-2008-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 76/08/ധന., 18-2-2013-ലെ സർക്കാർ

ഉത്തരവ് (അച്ചടി) നമ്പർ 87/2013/ധന. എന്നീ ഉത്തരവുകൾക്ക് വിധേയമായി സർക്കാരിലേയ്ക്ക് രജിസ്റ്റർ ചെയ്തുനൽകിയ ആധാരങ്ങൾ വച്ച് അടിസ്ഥാന ശമ്പളത്തിന്റെ 100 ഇരട്ടിവരെ (പരമാവധി 25 ലക്ഷം രൂപ) സെക്കന്റ് മോർട്ട്ഗേജായി അംഗീകൃത ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ഹൗസിംഗ് ലോണുകൾ എടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

## കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്

53 (3154) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ ബഡ്ജറ്റിലും കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് വഴി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികളിലും പരിപാടികളിലും അതത് വർഷം പൂർണ്ണമായും നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ലാത്തവ എത്ര; അത് ഏതൊക്കെയാണ്; ഓരോ ബഡ്ജറ്റ് പ്രസംഗത്തിലെയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ചു ബഡ്ജറ്റുകളിലായി പ്രസ്തുത ബോർഡിനായി വകയിരുത്തപ്പെട്ട പദ്ധതി തുകയും അതത് വർഷം യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും, ചെലവഴിക്കാൻ കഴിയാതിരുന്ന തുകയും എത്രയാണ്; വകയിരുത്തിയ തുകയുടെ എത്ര ശതമാനം പിൻവലിച്ചു; ഇതിൽ ഇപ്പോൾ ട്രഷറി അക്കൗണ്ടിൽ ബാക്കി നിൽപ്പുള്ള തുക എത്ര;

(സി) ഓരോ വർഷവും റീ-അപ്രോപ്രിയേഷൻവഴി വകമാറ്റി ചെലവഴിച്ചിരുന്ന തുക എത്രവീതമായിരുന്നു; വിശദമാക്കാമോ?

ഉത്തരം

(എ) 2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ടിലെയും ആക്ട് പ്രകാരം രൂപീകരിക്കപ്പെട്ടിട്ടുള്ള 2013-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതിയിലെയും വ്യവസ്ഥകൾ പ്രകാരമാണ് ഈ ക്ഷേമനിധി ബോർഡ് പ്രവർത്തിച്ചുവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള ബഡ്ജറ്റ് പ്രസംഗങ്ങളിൽ ഈ ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്നതിനായുള്ള പ്രത്യേക പ്രഖ്യാപനങ്ങളൊന്നും ഉൾപ്പെടുത്തിയിട്ടില്ല.

(ബി) സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ട് വ്യവസ്ഥകൾ പ്രകാരം ഓരോ വർഷവും ക്ഷേമനിധിയിൽ അംശദായമായി ലഭിക്കുന്ന തുകയുടെ 2%-ത്തിന്

തുല്യമായ തുകയാണ് സർക്കാർ ഗ്രാന്റായി നൽകേണ്ടത്. നാളിതുവരെ പദ്ധതിയിനത്തിൽ തുക ഉൾപ്പെടുത്തിയിരുന്നില്ല. എന്നാൽ നോൺ പ്ലാൻ ഇനത്തിൽ താഴെ പറയുംപ്രകാരം സർക്കാരിൽ നിന്നും തുക അനുവദിച്ചു നൽകിയിട്ടുണ്ട്. (ഡിമാന്റ് നമ്പർ 17-2205-00-102-31) (നോൺ പ്ലാൻ):

| | |
|---|---|
| 2011-12 | 90,00,000 രൂപ (സാംസ്കാരിക ബമ്പർ ലോട്ടറിയിലൂടെ പിരിഞ്ഞുകിട്ടിയ തുകയുടെ അറ്റാദായത്തിൽ നിന്നുള്ള വിഹിതം-ക്ഷേമനിധി കെട്ടിപ്പടുക്കുന്നതിനായി നൽകിയ സഹായം) |
| 2011-12 | 10 ലക്ഷം രൂപ (സാംസ്കാരിക ബമ്പർ ലോട്ടറിയിലൂടെ പിരിഞ്ഞുകിട്ടിയ തുകയുടെ അറ്റാദായത്തിൽ നിന്നുള്ള വിഹിതം-ബോർഡിന്റെ പ്രാരംഭ ചെലവുകൾക്ക് നൽകിയ സഹായം) |
| 2012-13 | 51,40,000 രൂപ (സാംസ്കാരിക ബമ്പർ ലോട്ടറിയിലൂടെ പിരിഞ്ഞുകിട്ടിയ തുകയുടെ അറ്റാദായത്തിൽ നിന്നുള്ള വിഹിതം-ക്ഷേമനിധി കെട്ടിപ്പടുക്കുന്നതിനായി നൽകിയ സഹായം) |
| 2014-15 | 6 ലക്ഷം രൂപ (എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ കണ്ടെത്തുന്നതിനായി നൽകിയത്) |
| 2014-15 | 2 കോടി രൂപ (സെസ്സ് വരുമാനം ലഭിക്കുമ്പോൾ തിരികെ അടയ്ക്കണമെന്ന വ്യവസ്ഥയിൽ സർക്കാർ അനുവദിച്ചത് ) |
| 2015-16 | 25 ലക്ഷം രൂപ (ഭരണപരമായ ചെലവുകൾക്കുള്ള ബഡ്ജറ്റ് വിഹിതം) |
| ആകെ | 3,82,40,000 (മൂന്ന് കോടി എൺപത്തി രണ്ട് ലക്ഷത്തി നാല്പതിനായിരം) രൂപ |

ബോർഡിന് നൽകുന്ന തുക സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയം മുഖാന്തരം ട്രഷറിയിൽനിന്നും പിൻവലിച്ച് സർക്കാർ അനുമതിയോടെ എസ്.ബി.ടി.യിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിൽ നിക്ഷേപിച്ച ശേഷമാണ് ഇടപാടുകൾ നടത്തി വരുന്നത്. ഇതുമായി ബന്ധപ്പെട്ട സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ടിൽ ഇനി 1,000 രൂപയാണ് നീക്കിയിരിപ്പുള്ളത്. 2013 ജനവരി മാസം മുതൽ ക്ഷേമനിധി പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകിവരുന്നതിനാൽ സർക്കാർ ക്ഷേമനിധിക്കായി അനുവദിച്ച തുക പൂർണ്ണമായും ചെലവഴിച്ചുകഴിഞ്ഞു.

(സി) റീ-അപ്രോപ്രിയേഷൻ വഴി തുക വകമാറ്റി ചെലവഴിച്ചിട്ടില്ല. എന്നാൽ ബോർഡിന്റെ ഭരണപരമായ ദൈനംദിന ആവശ്യങ്ങൾക്കായി ക്ഷേമനിധി കെട്ടിപ്പടുക്കുന്നതിനായി സർക്കാർ അനുവദിച്ചുനൽകിയ മേൽ പരാമർശിക്കപ്പെട്ട തുകയിൽനിന്നും 20 ലക്ഷം രൂപ ബോർഡ് തീരുമാനപ്രകാരം ചെലവഴിച്ചിട്ടുണ്ട്.

## ആസ്തി വികസന പദ്ധതി

54 (3155) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പല്ലാരിമംഗലം ഖാദി സൗഭാഗ്യയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഫണ്ട് ഡെപ്പോസിറ്റ് ചെയ്തിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കുള്ള തുക വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ ഡെപ്പോസിറ്റ് ചെയ്യാത്തത് ധനകാര്യ വകുപ്പിൽനിന്നും ഫണ്ട് ലഭ്യമാക്കാത്തത് കൊണ്ടാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിക്കുള്ള തുക ആസ്തി വികസന പദ്ധതിയിൽനിന്നും അടിയന്തരമായി ലഭ്യമാക്കുന്നതിനും പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് ഡെപ്പോസിറ്റ് ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ;

(ഡി) ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾക്ക് തുക ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ-സി) എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പല്ലാരിമംഗലം ഖാദി സൗഭാഗ്യയ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിലേയ്ക്ക് 4851-105-97-LAC-ADS (NP) എന്ന ശീർഷകത്തിൽ ഡിസംബർ 2015-ലെ SDG-യിൽ ടോക്കൺ പ്രൊവിഷൻ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത വിവരം വ്യവസായ വകുപ്പിനെ അറിയിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ പുരോഗതിക്കനുസരിച്ച് ശിപാർശ ലഭിക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതാണ്.

(ഡി) ആസ്തിവികസന പദ്ധതി പ്രകാരം 2012-13 സാമ്പത്തികവർഷം മുതൽ ഒരു സാമ്പത്തികവർഷം ഒരു നിയോജകമണ്ഡലത്തിന് 5 കോടി എന്ന കണക്കിൽ മൊത്തം 705 കോടി രൂപയാണ് പ്രതിവർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. പ്രവൃത്തി നിർവ്വഹണത്തിനായി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അതാത് വകുപ്പിന്റെ ബഡ്ജറ്റ് ശീർഷകത്തിൽ ഫണ്ട് വകയിരുത്തുന്നു. ടി ശീർഷകത്തിൽ ഫണ്ട് അപര്യാപ്തമാണെന്ന് ധനകാര്യ വകുപ്പിനെ അറിയിക്കുന്ന മുറയ്ക്ക് പ്രസ്തുത ശീർഷക ത്തിൽ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ യഥാസമയം സ്വീകരിക്കുന്നുണ്ട്.

പൊതുമരാമത്ത് വകുപ്പ്, ഇറിഗേഷൻ, ഹാർബർ എഞ്ചിനീയറിംഗ് എന്നീ വകുപ്പുകൾക്ക് പ്രവൃത്തിയുടെ ബില്ലുകൾ ലഭിക്കുന്ന മുറയ്ക്ക് സംസ്ഥാനതല സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഫണ്ട് അനുവദിച്ചുവരുന്നു. ഇതുകൂടാതെ അംഗീകൃത ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് ഫണ്ട് അനുവദിക്കുന്നതിനായി ജി. ഒ. (പി.) നമ്പർ 213/15/ധന. തീയതി 5-6-2015 ഉത്തരവ് പുറപ്പെടുവിക്കുകയും കാലതാമസമില്ലാതെ ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

## നാലാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ട തുക

55 (3156) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാലാം ധനകാര്യ കമ്മിഷൻ ശിപാർശ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ട തുക കമ്മിഷൻ നിർദ്ദേശിച്ച തരത്തിലാണോ 2015-16 സാമ്പത്തിക വർഷത്തിൽ നൽകിയതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ വ്യത്യാസം വരുത്തിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം നിയമസഭയെ അറിയിച്ചിട്ടുണ്ടോ;

(സി) വ്യത്യാസം വരുത്തിയതുമൂലം സംസ്ഥാനത്തിന്റെ റവന്യൂ കമ്മിയിലും ധനകമ്മിയിലും എന്തെങ്കിലും കുറവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) നാലാം ധനകാര്യ കമ്മിഷൻ ശിപാർശ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ട തുക കമ്മീഷൻ നിർദ്ദേശിച്ച തരത്തിൽനിന്നും ചില വ്യത്യാസങ്ങൾ വരുത്തിയാണ് 2015-16 സാമ്പത്തിക വർഷത്തിൽ നൽകിയിട്ടുള്ളത്.

(ബി) ഉണ്ട്. ഇക്കാര്യം നിയമസഭയെ അറിയിക്കുന്നതാണ്.

(സി) 2015-16 സാമ്പത്തിക വർഷത്തെ അക്കൗണ്ടന്റ് ജനറലിന്റെ അന്തിമ കണക്കുകൾ ലഭ്യമാകുന്ന മുറയ്ക്കേ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നാലാം ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ച തരത്തിൽനിന്നും വരുത്തിയ വ്യത്യാസം കാരണം സംസ്ഥാനത്തിന്റെ റവന്യൂ കമ്മിയിലും ധനകമ്മിയിലും ഉണ്ടാകാനിടയുള്ള വ്യത്യാസം വ്യക്തമാകുകയുള്ളൂ.

## വിവിധ വ്യവസായ മേഖലകളിലേക്ക് വകയിരുത്തപ്പെട്ട തുക

56 (3157) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഉള്ള ബഡ്ജറ്റുകളിൽ ചെറുകിട വ്യവസായങ്ങൾ, ഗ്രാമ-ചെറുകിട വ്യവസായങ്ങൾ, കൈത്തറി യന്ത്രത്തറി വ്യവസായങ്ങൾ, കയർ വ്യവസായങ്ങൾ, ഖാദി ഗ്രാമവ്യവസായങ്ങൾ, കശുവണ്ടി വ്യവസായങ്ങൾ എന്നിവയ്ക്കായി നീക്കിവച്ച തുകയും വിനിയോഗിച്ച തുകയും സാമ്പത്തികവർഷം അടിസ്ഥാനത്തിൽ പ്രത്യേകം വിശദീകരിക്കാമോ;

(ബി) ഏതെങ്കിലും മേഖലയിൽ വകയിരുത്തിയ തുക വിനിയോഗിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത രംഗങ്ങളിൽ മാറ്റിവയ്ക്കപ്പെട്ട തുക പര്യാപ്തമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

## നികുതി ഇളവ്

57 (3159) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിന് ശേഷം ഇതുവരെ ഏതെല്ലാം വ്യവസായങ്ങൾക്കാണ് നികുതി ഇളവ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) നികുതി ഇളവ് നൽകുവാൻ ഉണ്ടായ കാരണം എന്താണെന്ന് വിശദമാക്കാമോ;

(സി) നികുതി ഇളവ് നൽകിയതുകൊണ്ട് ഖജനാവിൽ നിന്നും നാല് വർഷം കൊണ്ട് എത്ര രൂപ നഷ്ടപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) കേരള മൂല്യ വർദ്ധിത നികുതി നിയമത്തിൻകീഴിൽ വ്യവസായങ്ങൾക്ക് യാതൊരുവിധ നികുതി ഇളവും അനുവദിച്ചിട്ടില്ല.

കൊച്ചി റിഫൈനറിയുടെ വിപുലീകരണം നടപ്പിലാക്കുന്നതിന് ഗണ്യമായ നിക്ഷേപ തുക ആവശ്യമായതിനാൽ സംസ്ഥാന സർക്കാരിന്റെ പിന്തുണ ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (BPCL) ആവശ്യപ്പെടുകയുണ്ടായി. അതനുസരിച്ച് വ്യവസായ വകുപ്പിൽനിന്നും പുറപ്പെടുവിച്ച ജി. ഒ. (എംഎസ്.) നമ്പർ 49/2014/ID. തീയതി 8-5-2014 പ്രകാരം പ്രസ്തുത പ്രോജക്ടിനായി KGST/VAT/CST ഇനങ്ങളിൽ അവർ സർക്കാരിൽ അടയ്ക്കുന്ന തുക പലിശരഹിത വായ്പയായി അവർക്ക് നൽകാൻ ഉത്തരവ് നൽകിയിട്ടുണ്ട്. ഈ തുക 15 വർഷത്തിനുശേഷം അവർ സർക്കാരിൽ തിരികെ ഒടുക്കേണ്ടതുമാണ്.

**ജനറൽ ഒബ്ലിഗേഷൻ ബോണ്ട് മുഖേന കടമെടുത്ത തുക**

58 (3160) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനറൽ ഒബ്ലിഗേഷൻ ബോണ്ട് മുഖേന 2011-12 മുതൽ 2015-16 വരെയുള്ള സാമ്പത്തികവർഷങ്ങളിൽ ഓരോ വർഷവും എത്ര തുക കടമെടുത്തിട്ടുണ്ട്;

(ബി) ഇങ്ങനെ കടമെടുത്ത തുക ഏതെല്ലാം ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്;

(സി) ജനറൽ ഒബ്ലിഗേഷൻ ബോണ്ട് മുഖേന വിവിധ ഘട്ടങ്ങളിലായി കടമെടുത്ത തുകയിൽ 2016-17 മുതൽ 2020-21 വരെയുള്ള വർഷങ്ങളിൽ കൊടുത്തു തീർക്കേണ്ട തുകയുടെ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് മുഖേന ജനറൽ ഒബ്ലിഗേഷൻ ബോണ്ടിലൂടെ 2011-12 മുതൽ 2015-16 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി ധനസമാഹരണം നടത്തിയിട്ടില്ല.

(ബി & സി) മേൽ ചോദ്യത്തിനുള്ള ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

## ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിലെ പരിശോധന

59 (3161) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ധനകാര്യ പരിശോധനാ വിഭാഗം ഏതെല്ലാം ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിലാണ് 2015-16 സാമ്പത്തികവർഷം പരിശോധന നടത്തിയത്; എന്തെല്ലാം ന്യൂനതകളാണ് കണ്ടെത്തിയത്; ആയത് ഏതെല്ലാം ജില്ലകളിൽ ആണെന്ന് അറിയിക്കാമോ?

ഉത്തരം

മലപ്പുറം, വയനാട്, കാസർഗോഡ് ജില്ലകളിൽ പരിശോധന നടത്തിയിട്ടുണ്ട്. നടപടിക്രമങ്ങൾ പാലിക്കാതെ അച്ചടി ജോലികൾ ഒരു ഏജൻസിക്ക് നൽകിയത്, വർക്ക് ഓർഡർ കൊടുത്ത എണ്ണത്തിൽനിന്നും കുറവായി അച്ചടിച്ചത്, കണക്കിൽപ്പെടാത്ത പണം ഓഫീസിൽ സൂക്ഷിച്ചത് എന്നീ ക്രമക്കേടുകളാണ് മലപ്പുറം ജില്ലയെ സംബന്ധിച്ച് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. പ്രസ്തുത റിപ്പോർട്ട് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വയനാട്, കാസർഗോഡ് ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിൽ നടത്തിയ പരിശോധന പൂർത്തിയായിട്ടില്ല.

## റബ്ബർ സംഭരണം പദ്ധതി

60 (T*3164) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബറിന്റെ വിലത്തകർച്ചയെ തുടർന്ന് പ്രഖ്യാപിച്ച റബ്ബർ സംഭരണം പദ്ധതിയിലൂടെ എത്ര കർഷകർക്കാണ് ഗുണം ലഭിച്ചത്;

(ബി) എത്ര തുകയാണ് ചെലവിട്ടത്; പ്രസ്തുത പദ്ധതിയിലൂടെ റബ്ബറിന്റെ വില എത്രയായിട്ടാണ് ഉയർന്നത്; വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുക എന്ന

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉദ്ദേശ്യത്തോടുകൂടിയാണ് 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം' നടപ്പിലാക്കിയിട്ടുള്ളത്. ഇത് ഒരു റബ്ബർ സംഭരണ പദ്ധതിയല്ല. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കുന്നതിനായി 2015-16 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ 300 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൻകീഴിൽ ഇതുവരെ 347342 റബ്ബർ കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 17-2-2016 വരെ 472472 സെയിൽസ് ബില്ലുകളിലായി 118.50 കോടി രൂപ സബ്സിഡിയിനത്തിൽ റബ്ബർ കർഷകർക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

**ധനകാര്യ പരിശോധനാ വിഭാഗത്തിലെ നിയമനം**

61 (3165) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ധനകാര്യ പരിശോധനാ വിഭാഗത്തിൽ നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് മിനിമം സേവന കാലയളവ് എത്രയാണ്; എന്തിന്റെ അടിസ്ഥാനത്തിലാണ് ധനകാര്യ പരിശോധനാ വിഭാഗത്തിൽ ജീവനക്കാരെ നിയമിക്കുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

ധനകാര്യ പരിശോധനാ വിഭാഗത്തിൽ നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് മിനിമം സേവന കാലയളവ് നിശ്ചയിച്ചിട്ടില്ല. ധനകാര്യ പരിശോധനാ വിഭാഗത്തിൽ ജീവനക്കാരെ നിയമിക്കുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ ഇല്ല.

**ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പ്രവർത്തനം**

62 (3166) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ പരിശോധനാ വിഭാഗത്തിൽ നിയമിക്കപ്പെടുന്നതിനായി ജീവനക്കാരുടെ മിനിമം സേവന കാലയളവ് എത്രയെന്നറിയിക്കുമോ; നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് നിശ്ചിത സേവന കാലയളവ് പൂർത്തിയാക്കണമെന്ന് മുൻകാലങ്ങളിൽ തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത തീരുമാനത്തിന് വിപരീതമായി പ്രസ്തുത വിഭാഗത്തിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; ഇങ്ങനെ ജീവനക്കാരെ നിയമിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ; ഭാവിയിൽ ഇത്തരം നിയമനങ്ങൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ധനകാര്യ പരിശോധനാ വിഭാഗം തയ്യാറാക്കി സമർപ്പിക്കുന്ന റിപ്പോർട്ടുകൾ അംഗീകാരം നൽകുന്നതിന് ഉത്തരവാദപ്പെട്ട ഉയർന്ന ഉദ്യോഗസ്ഥർ മാസങ്ങളോളം കാലതാമസം വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് അംഗീകരിക്കുന്നതിന് കാലതാമസം വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഡി) റിപ്പോർട്ടുകൾ അംഗീകരിക്കാൻ കാലതാമസം വന്നതുകാരണം ശിക്ഷാ നടപടികൾക്ക് വിധേയരാവേണ്ട ഉദ്യോഗസ്ഥർ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ള എത്ര കേസ്സുകൾ 2014-15 മുതൽ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) ധനകാര്യ പരിശോധനാ വിഭാഗത്തിൽ നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് മിനിമം സേവന കാലയളവ് ഇല്ല. നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് നിശ്ചിത സേവന കാലയളവ് പൂർത്തിയാക്കണമെന്ന് മുൻകാലങ്ങളിൽ തീരുമാനമെടുത്തിട്ടില്ല. ആയതിനാൽ നിശ്ചിത കാലയളവ് പൂർത്തിയാക്കണമെന്ന തീരുമാനത്തിന് വിപരീതമായി ധനകാര്യ പരിശോധനാ വിഭാഗത്തിൽ ജീവനക്കാരെ നിയമിക്കാനുള്ള സാഹചര്യം ഉണ്ടായിട്ടില്ല.

(സി) ധനകാര്യ പരിശോധനാ വിഭാഗം തയ്യാറാക്കി സമർപ്പിക്കുന്ന റിപ്പോർട്ടുകൾ അംഗീകാരം നൽകുന്നതിന് ഉത്തരവാദപ്പെട്ട ഉയർന്ന ഉദ്യോഗസ്ഥർ മാസങ്ങളോളം കാലതാമസം വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) റിപ്പോർട്ടുകൾ അംഗീകരിക്കാൻ കാലതാമസം വരാത്തതിനാൽ ആരുംതന്നെ ശിക്ഷാ നടപടികൾക്ക് വിധേയരായിട്ടില്ല.

**കാരുണ്യ ബെനവലന്റ് ഫണ്ട്**

63 (3167) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചികിത്സയ്ക്ക് ചെലവായ തുക കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നുള്ള സഹായത്തിനായി അപേക്ഷിച്ചവരിൽ ഏതു മാസം വരെയുള്ള രോഗികൾക്കാണ് റീഫണ്ട് നൽകിയത്; വിശദാംശം നൽകുമോ;

(ബി) മംഗലാപുരം ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്ക് കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്ന് ചികിത്സാ ധനസഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പരിയാരം മെഡിക്കൽ കോളേജിൽ കാരുണ്യ ബെനവലന്റ് ഫണ്ടിൽ ഉൾപ്പെടുത്തി എത്ര രൂപ ഇതുവരെ ചികിത്സയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്; എത്ര രൂപ കുടിശ്ശികയായിട്ടുണ്ട്;

(ഡി) കുടിശ്ശിക എത്രയും വേഗം കൊടുത്തുതീർക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) അപേക്ഷ സമർപ്പിച്ചവരിൽ മതിയായ ബില്ലുകളും രേഖകളും സമർപ്പിച്ചിട്ടുള്ള രോഗികളിൽ 2015 ജൂലൈ മാസം വരെയുള്ള അപേക്ഷകർക്ക് റീഫണ്ട് നൽകിയിട്ടുണ്ട്.

(ബി) കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും സംസ്ഥാനത്തിന് പുറത്തുള്ള ആശുപത്രികളിലേയ്ക്ക് ധനസഹായം നൽകുന്നതാണ്. മംഗലാപുരം/കോയമ്പത്തൂർ ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്കുകൂടി കാരുണ്യ ബെനവലന്റ് സ്കീമിൽ ആനുകൂല്യം അനുവദിക്കുന്നതാണ്.

(സി) പരിയാരം മെഡിക്കൽ കോളേജിൽ കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും 31-1-2016 വരെ 92,28,14,399 രൂപ (തൊണ്ണൂറ്റിരണ്ട് കോടി ഇരുപത്തിയെട്ട് ലക്ഷത്തി പതിനാലായിരത്തി മുന്നൂറ്റി തൊണ്ണൂറ്റിയൊമ്പത് രൂപ) അനുവദിച്ചിട്ടുണ്ട്. 16-2-2016 വരെ ലഭിച്ചിട്ടുള്ള 5039 അപേക്ഷകർക്ക് 55,57,61,286 രൂപ (അമ്പത്തഞ്ച് കോടി അമ്പത്തേഴ് ലക്ഷത്തി അറുപത്തോരായിരത്തി ഇരുനൂറ്റി എൺപത്താറ് രൂപ) കുടിശ്ശികയായി നൽകാനുണ്ട്.

(ഡി) കുടിശ്ശിക എത്രയും വേഗം തീർക്കുന്നതിനായി ജനുവരി 2016 മുതൽ ഭാഗ്യക്കുറി വകുപ്പിൽനിന്നും പ്രത്യേകം ജീവനക്കാരെ നിയോഗിച്ച് ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

## കേന്ദ്രഗവൺമെന്റ് സ്കീമുകൾ

64 (3168) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. ബി. സത്യൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രഗവൺമെന്റ് സ്കീമുകൾ നേടിയെടുക്കുന്നതിലും സമയബന്ധിതമായി നടപ്പിൽ വരുത്തുന്നതിലും സംസ്ഥാനം പരാജയപ്പെട്ടിട്ടുണ്ടോ: എങ്കിൽ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) കേന്ദ്രഗവൺമെന്റ് സ്കീമുകൾക്കുള്ള ഫണ്ട് ശരിയായ രീതിയിൽ ചെലവഴിച്ചിട്ടിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ: ഇല്ലെങ്കിൽ തുടർന്നുള്ള ഗഡുക്കൾ ലഭിക്കാനിടയുണ്ടോ;

(സി) യഥാസമയം നടപ്പിലാക്കിയിട്ടില്ല എന്ന കാരണത്താൽ ഏതെങ്കിലും പദ്ധതികൾക്ക് കേന്ദ്ര സർക്കാർ അനുവദിച്ചിരുന്ന ഫണ്ട് തിരികെ നൽകേണ്ടതായി വന്നിട്ടുണ്ടോ ; എങ്കിൽ അവ ഏതെല്ലാം എന്ന് വകുപ്പ് തിരിച്ച് വെളിപ്പെടുത്താമോ;

(ഡി) കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ ഓരോ വർഷവും ഏതെല്ലാം വകുപ്പുകൾ, കേന്ദ്ര സ്കീമുകൾ പ്രകാരമുള്ള തുക ലാപ്സാക്കുകയുണ്ടായിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**കേന്ദ്ര സർക്കാരിനോട് കേരളം ഉന്നയിച്ച ആവശ്യങ്ങൾ**

65 (3169) ശ്രീ. എം. എ. ബേബി :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. ദാസൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രബഡ്ജറ്റിന് മുന്നോടിയായി കേന്ദ്രസർക്കാർ വിളിച്ചുചേർത്ത സംസ്ഥാന ധനകാര്യമന്ത്രിമാരുടെ യോഗത്തിൽ സംസ്ഥാനം ഉന്നയിച്ച ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു; വിശദമാക്കാമോ;

(ബി) കേന്ദ്ര സർക്കാർ നേരത്തെ പ്രഖ്യാപിച്ചിരുന്നതും ഇതുവരെ നടപ്പിലാക്കിയിട്ടില്ലാത്തതുമായ പദ്ധതികൾ നടപ്പിലാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ടോ; അവ ഏതൊക്കെയായിരുന്നു;

(സി) സംസ്ഥാനം ഇന്ന് പ്രധാനമായും നേരിടുന്ന എന്തെല്ലാം പ്രശ്നങ്ങൾ പ്രസ്തുത യോഗത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി എന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പ്രശ്നങ്ങളിൽ കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നുള്ള പ്രതികരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) സംസ്ഥാനത്ത് നിന്നും ആരെല്ലാം പ്രസ്തുത യോഗത്തിൽ പങ്കെടുക്കുകയുണ്ടായി; ക്ഷണിക്കപ്പെട്ടിരുന്നവർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ - ഇ) 2016-17 കേന്ദ്രബഡ്ജറ്റിന് മുന്നോടിയായി കേന്ദ്ര സർക്കാർ വിളിച്ചുചേർത്ത സംസ്ഥാന ധനകാര്യമന്ത്രിമാരുടെ യോഗത്തിൽ മുഖ്യമന്ത്രിക്ക് നേരിട്ട് പങ്കെടുക്കുവാൻ സാധിക്കാത്തതിനാൽ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. അലോക് ഷീൽ കേരളത്തിന്റെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള വിശദമായ മെമ്മോറാണ്ടം പ്രസ്തുത യോഗത്തിൽ സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനം ഇപ്പോൾ നേരിടുന്ന സുപ്രധാന വിഷയമായ റബ്ബറിന്റെ വിലയിടിവ് പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ, ക്ഷീര കർഷക സഹകരണ സംഘങ്ങളെ വരുമാന നികുതിയുടെ പരിധിയിൽനിന്ന് ഒഴിവാക്കുക, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ സാമ്പത്തിക ഭദ്രതയ്ക്ക് വേണ്ടി ഇൻകം ടാക്സ് ആക്ടിന്റെ ബന്ധപ്പെട്ട സെക്ഷനുകളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുക തുടങ്ങിയവയാണ് ധനമന്ത്രിമാരുടെ യോഗത്തിൽ സമർപ്പിച്ച നിർദ്ദേശങ്ങളിൽ പ്രധാനപ്പെട്ടവ. കൂടാതെ കേന്ദ്ര ബഡ്ജറ്റിൽ പരിഗണിക്കുന്നതിനായി സംസ്ഥാന സർക്കാർ വിവിധ വകുപ്പുകൾ മുഖാന്തരം കേന്ദ്രസർക്കാരിന് സമർപ്പിച്ച പ്രധാന നിർദ്ദേശങ്ങൾ അനുബന്ധമായി* ചേർക്കുന്നു. സംസ്ഥാനത്തിന്റെ വിവിധ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി മുഖ്യമന്ത്രിയും മറ്റ് സംസ്ഥാന മന്ത്രിമാരും പ്രധാനമന്ത്രിയെയും കേന്ദ്ര ധനകാര്യമന്ത്രിയെയും മറ്റ് മന്ത്രിമാരെയും നേരിട്ടുകണ്ടും കത്തിലൂടെയും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിവരുന്നുണ്ട്. ഇവയ്ക്കെല്ലാം അനുകൂലമായ പ്രതികരണമാണ് കേന്ദ്ര മന്ത്രിമാരിൽനിന്നും ലഭിച്ചിട്ടുള്ളത്. ഇവയ്ക്കായി അനുകൂലമായ നിർദ്ദേശങ്ങൾ കേന്ദ്ര ബഡ്ജറ്റിൽ പ്രതിഫലിക്കും എന്ന് പ്രതീക്ഷിക്കുന്നു.

**സേവനാവകാശ നിയമം**

66 (3170) <u>ശ്രീ. കെ. ശിവദാസൻ നായർ</u> :
<u>ശ്രീ. സി. പി. മുഹമ്മദ്</u> :
<u>ശ്രീ. വി. റ്റി. ബൽറാം</u> :
<u>ശ്രീ. ആർ. സെൽവരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറികളിൽ സേവനാവകാശ നിയമം നടപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ട്രഷറികളിൽനിന്ന് നൽകുന്ന 45 സേവനങ്ങൾ സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി ഗസറ്റ് വിജ്ഞാപനം ചെയ്തിട്ടുണ്ട്. ട്രഷറികളിൽ നിന്ന് നൽകുന്ന പ്രധാനപ്പെട്ട എല്ലാ സേവനങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സേവനങ്ങളും അവ നൽകുന്നതിനുള്ള സമയ പരിധിയും ഉൾപ്പെടെ എല്ലാ വിശദാംശങ്ങളും അടങ്ങിയ ബോർഡുകൾ എല്ലാ ട്രഷറികളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. ട്രഷറി വകുപ്പിലെ വിവിധ തലത്തിലുള്ള ജീവനക്കാർക്ക് ഘട്ടംഘട്ടമായി IMG മുഖാന്തരം സേവനാവകാശ നിയമം സംബന്ധിച്ചുള്ള ട്രെയിനിംഗ് നൽകിവരികയാണ്.

(ബി) നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ മികച്ച സേവനം ഇടപാടുകാർക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യമാണ് കൈവരിക്കാനുദ്ദേശിക്കുന്നത്.

(സി) നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ സേവനങ്ങൾ ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനായി എല്ലാ ട്രഷറികളിൽനിന്നും മാസാവലോകന റിപ്പോർട്ട് ലഭ്യമാക്കി വിലയിരുത്തുന്നുണ്ട്.

**പരിസ്ഥിതി വകുപ്പ് വഴി നടപ്പിലാക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതികൾ**

67 (3171) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ ബഡ്ജറ്റുകളിലൂടെയും പരിസ്ഥിതി വകുപ്പ് വഴി നടപ്പിലാക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതികളിലും പരിപാടികളിലും അതത് വർഷങ്ങളിൽ പൂർണ്ണമായും നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ലാത്തവ എത്ര; അവ ഏതൊക്കെയാണ്; ഓരോ ബഡ്ജറ്റ് പ്രസംഗത്തിലേയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് ബഡ്ജറ്റുകളിലായി പരിസ്ഥിതി വകുപ്പിന് വേണ്ടി വകയിരുത്തപ്പെട്ട പദ്ധതി തുകയും അതത് വർഷം യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും ചെലവഴിക്കാൻ കഴിയാതിരുന്ന തുകയും എത്രയാണ്; വകയിരുത്തിയ തുകയുടെ എത്ര ശതമാനം പിൻവലിച്ചു; ഇതിൽ ഇപ്പോൾ ട്രഷറി അക്കൗണ്ടിൽ ബാക്കി നിൽപ്പുള്ള തുക എത്ര;

(സി) ഓരോ വർഷവും റീ-അപ്രോപ്രിയേഷൻവഴി വകമാറ്റി ചെലവഴിച്ചിരുന്ന തുക എത്ര വീതമായിരുന്നു; വിശദമാക്കാമോ?

ഉത്തരം

(എ) പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കുന്നതിന് 2011-12-ൽ പ്രഖ്യാപിച്ച കരിമ്പുകോണം മേച്ചിറക്കുളം പദ്ധതി 2014-15-ലും, 2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച നഗരപരിസ്ഥിതി മെച്ചപ്പെടുത്തൽ പദ്ധതി 2015-ലും പൂർത്തിയാക്കി. കൂടാതെ 2014-15-ൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന് കീഴിൽ പൊതു ബയോമെഡിക്കൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തുക എന്ന പദ്ധതിക്ക് സംസ്ഥാന വിഹിതമായി 3 കോടി രൂപ പ്രഖ്യാപിച്ചതിൽ ഒരുകോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. പദ്ധതി ആരംഭിക്കുന്നതിന് ബോർഡ് Expression of Interest (EoI) ക്ഷണിച്ചിരുന്നു. ഇതിന് 3 ഏജൻസികൾ താല്പര്യം അറിയിച്ചിരുന്നെങ്കിലും പ്രസ്തുത ഏജൻസികൾ എൻവയോൺമെന്റൽ ക്ലിയറൻസ് ഹാജരാക്കാത്തതിനാൽ ഫണ്ട് വിനിയോഗിക്കാൻ സാധിച്ചിട്ടില്ല. കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് ജൈവ വൈവിധ്യ സംരക്ഷണം എന്ന പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) അനുബന്ധമായി* ഉള്ളടക്കം ചെയ്യുന്നു.

(സി) പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് ഡയറക്ടറേറ്റ് 2013-14-ൽ മുപ്പത് ലക്ഷം രൂപ 3435-04-104-97 എന്ന ശീർഷകത്തിൽ വകമാറ്റി ചെലവഴിച്ചിട്ടുണ്ട്.

## ഈടില്ലാതെ വിദ്യാഭ്യാസ വായ്പ

68 (3172) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈടില്ലാതെ വിദ്യാഭ്യാസ വായ്പ ലഭിക്കുന്നതിനായി ബാങ്ക്/ സാമ്പത്തിക സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് സ്റ്റുഡന്റ്സ് ലോൺ ഗ്യാരണ്ടി ഫണ്ട് സ്വരൂപിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) വായ്പ എടുത്ത വിദ്യാർത്ഥികൾക്കോ, ബാങ്കുകൾക്കോ പ്രസ്തുത ഫണ്ടിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) നിലവിൽ ഈടില്ലാതെ വിദ്യാഭ്യാസ വായ്പ സാമ്പത്തിക സ്ഥാപനങ്ങൾ അനുവദിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ബാങ്കുകൾ എത്ര രൂപ ഇതുവരെ വിദ്യാഭ്യാസ വായ്പയായി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; എത്ര രൂപ ഇതുവരെ തിരിച്ചടച്ചിട്ടുണ്ട്; തിരിച്ചടയ്ക്കാത്തതിനാൽ നിയമനടപടികൾ സ്വീകരിച്ച എത്ര കേസ്സുകൾ ഉണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) സി.ജി.എഫ്.എസ്.ഇ.എൽ. എന്ന പേരിൽ കേന്ദ്രസർക്കാർ ഒരു ഗ്യാരണ്ടി ഫണ്ട് രൂപവത്ക്കരിക്കുന്നുണ്ട്. അതിന്റെ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.

(സി) നിലവിൽ ഐ.ബി.എ. സ്കീം മുഖേന മെറിറ്റ് ക്വാട്ടയിൽ അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് നാല് ലക്ഷം രൂപ വരെ ഈടില്ലാതെ വായ്പ നൽകുന്നുണ്ട്.

(ഡി) സംസ്ഥാനത്തെ ബാങ്കുകളിൽ 2015 സെപ്റ്റംബർ മാസം വരെ വിദ്യാഭ്യാസ വായ്പ അനുവദിച്ചതിൽ 9,98,198 ലക്ഷം രൂപ ബാക്കി നിൽക്കുന്നുണ്ട്. തിരിച്ചടയ്ക്കാത്തതിനാൽ നിയമനടപടികൾക്ക് വിധേയമായ അക്കൗണ്ടുകളുടെ ജില്ല തിരിച്ചുള്ള കണക്ക്, എത്ര രൂപ തിരിച്ചടച്ചിട്ടുണ്ട് എന്നീ വിവരങ്ങൾ സംസ്ഥാനതല ബാങ്കിംഗ് സമിതിയുടെ പക്കൽ ലഭ്യമല്ലെന്നറിയിച്ചിട്ടുണ്ട്.

## സാമ്പത്തിക പ്രതിസന്ധി

69 (3173) <u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഈ വർഷം എത്ര കോടി രൂപ കടം എടുത്തിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുന്നുവെങ്കിൽ ആയത് മറികടക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2015-16 സാമ്പത്തികവർഷത്തിൽ അക്കൗണ്ടന്റ് ജനറലിന്റെ മാസാടിസ്ഥാനത്തിലുള്ള കണക്കുകൾ പ്രകാരം 31-12-2015 വരെ സർക്കാർ 12,371.69 കോടി (തനി) രൂപ കടമെടുത്തിട്ടുണ്ട്.

(ബി) നിലവിൽ സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയൊന്നും തന്നെ നേരിടുന്നില്ല. നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ച കൈവരിക്കാൻ കഴിയാത്തതിനാൽ നേരിയ തോതിൽ സാമ്പത്തിക ഞെരുക്കം നേരിടുന്നുണ്ട്.

നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ നികുതിയിനങ്ങൾ കാലോചിതമായി പരിഷ്കരിക്കുകയും നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കുടിശ്ശികയിന്മേൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ ഉപാധിരഹിത സ്റ്റേകളും പിൻവലിച്ചു. ഒരു ലക്ഷത്തിൽ കൂടുതൽ തുകയ്ക്ക് സ്റ്റേ അനുവദിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുമന്ത്രിയും ധനമന്ത്രിയും മുഖേന മുഖ്യമന്ത്രിക്ക് ഫയൽ സർക്കുലേറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ചെലവ് ചുരുക്കൽ ഉത്തരവുകളും കർശനമായി പാലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

പദ്ധതികളുടെ ഫണ്ട് വിനിയോഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സുഗമമായ പദ്ധതി നിർവ്വഹണത്തിനും 23-2-2015-ലെ സ. ഉ. (പി.) നമ്പർ 48/2015/ധന. പ്രകാരം നടപ്പിലാക്കിയ സമ്പ്രദായമാണ് ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിംഗ് (ELA). ഈ പരിഷ്കരണത്തിലൂടെ സർക്കാർ നൽകുന്ന ഫണ്ടുകൾ വിനിയോഗിക്കപ്പെടാതെ ദീർഘകാലം ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കുവാനും ഫണ്ട് വിനിയോഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുവാനും സാധിക്കും.

മരാമത്ത് പണികൾ ഏറ്റെടുത്തുനടത്തുന്ന കരാറുകാർക്ക് കുടിശ്ശിക തുക മാറി നൽകുന്നതിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് ബാങ്കുകൾ മുഖേന ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം ആവിഷ്കരിച്ചിട്ടുണ്ട്. ഇതുപ്രകാരം ബാങ്കുകൾ കരാറുകാരുടെ ചെക്ക് ഡിസ്കൗണ്ട് ചെയ്തശേഷം തുക കരാറുകാർക്ക് നൽകുന്നു. ഇപ്രകാരം ഡിസ്കൗണ്ട് ചെയ്യുന്ന തുക കാലതാമസം കൂടാതെ ലഭിക്കുന്നതുകൊണ്ട് കരാറുകാർക്ക് മറ്റ് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്താൻ കഴിയുന്നുവെന്ന നേട്ടമുണ്ട്.

ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിനുവേണ്ടി സർക്കാർ സ്വീകരിച്ച ഈ നടപടികൾ ഫലപ്രാപ്തിയിലെത്തുന്നതേയുള്ളൂ.

**സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം**

70 (3174) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വാഹനങ്ങൾ ഉദ്യോഗസ്ഥർ ദുരുപയോഗം ചെയ്യുന്നത് തടയുന്നതിന് ധനകാര്യ പരിശോധനാ വിഭാഗം പരിശോധന നടത്താറുണ്ടോ;

(ബി) എങ്കിൽ 2015 ജനുവരി മുതൽ നടത്തിയ പരിശോധനകളിൽ, വാഹന ദുരുപയോഗം നടത്തിയവർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടികൾ, ഈടാക്കിയ പിഴ, മറ്റ് നടപടികൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) സർക്കാർ വാഹന ദുരുപയോഗത്തിന് നിലവിൽ നിശ്ചയിച്ചിരിക്കുന്ന പിഴ എത്രയാണ്; പ്രസ്തുത പിഴ വർദ്ധിപ്പിച്ച് വാഹന ദുരുപയോഗം തടയുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) വാഹന ദുരുപയോഗം ആവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പരിശോധന നടത്താറുണ്ട്.

(ബി) 2015 ജനുവരി മുതൽ നടത്തിയ പരിശോധനകളിൽ വാഹന ദുരുപയോഗം നടത്തിയവർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടികൾ, ഈടാക്കിയ പിഴ, മറ്റ് നടപടികൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധത്തിൽ* കാണാവുന്നതാണ്.

(സി) 24-2-2003-ലെ സ. ഉ. (എംഎസ്.) നമ്പർ 113/03/ധന. അനുസരിച്ച് വാഹന ദുരുപയോഗം കണ്ടെത്തിയാൽ പ്രസ്തുത വാഹനം, കഴിഞ്ഞ ഒരു കലണ്ടർ വർഷത്തിൽ ഏറ്റവും കൂടുതൽ ദൂരം യാത്ര ചെയ്ത മാസത്തെ ഇന്ധന ചെലവ് കണക്കാക്കുകയും ആയതിന്റെ പകുതി തുക പിഴ ഇനത്തിൽ ഈടാക്കുന്നതുമാണ്.

പിഴത്തുക വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച തീരുമാനമെടുത്തിട്ടില്ല. എന്നാൽ വാഹനങ്ങളുടെ ദുരുപയോഗം തടയുന്നത് സംബന്ധിച്ച് സമഗ്രമായ ഒരു ഉത്തരവ് പുറപ്പെടുവിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) വാഹന ദുരുപയോഗം ആവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

## ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും നടപ്പാക്കാൻ കഴിയാതെ പോയതുമായ പദ്ധതികൾ

71 (3175) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ സാമ്പത്തിക വർഷത്തെയും ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും എന്നാൽ നടപ്പാക്കാൻ കഴിയാതെ പോയതുമായ പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ച പദ്ധതികൾ പൂർണ്ണമായി നടപ്പിലാക്കാൻ സാധിക്കാതെ പോയ സാഹചര്യം വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള ബഡ്ജറ്റുകളിൽ നിരവധി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. അവയിൽ ഒട്ടുമിക്ക സുപ്രധാന പദ്ധതികളും ഇതിനോടകം തന്നെ നടപ്പിലാക്കിയിട്ടുണ്ട്. ചില പദ്ധതികൾ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ച് വരുന്നു. ദീർഘകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കേണ്ട ചില പദ്ധതികളും ഇതിൽ ഉൾപ്പെടുന്നു. ഭരണാനുമതി, സാങ്കേതികാനുമതി, പാരിസ്ഥിതികാനുമതി, ഭൂമി ഏറ്റെടുക്കൽ തുടങ്ങിയ കാരണങ്ങളാൽ ചില പദ്ധതികൾ ഇതുവരെയും നടപ്പിലാക്കൻ കഴിഞ്ഞിട്ടില്ല. വിവിധ വകുപ്പുകളിൽനിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ സാമ്പത്തിക വർഷത്തെയും ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും എന്നാൽ പൂർണ്ണമായും നടപ്പാക്കാൻ കഴിയാതെ പോയതുമായ പദ്ധതികളുടെ വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

## നടപ്പിലാക്കിയ പദ്ധതികൾ

72 (3176) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14, 2014-15 സാമ്പത്തികവർഷങ്ങളിലെ ബഡ്ജറ്റ് പ്രസംഗങ്ങളിൽ അഞ്ച് കോടി രൂപയിൽ കൂടുതൽ ചെലവ് പ്രതീക്ഷിക്കുന്ന എത്ര പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു; അവ ഏതെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ ഓരോ സാമ്പത്തിക വർഷത്തിലും എത്ര എണ്ണം നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 2013-14, 2014-15 ബഡ്ജറ്റ് പ്രസംഗങ്ങളിൽ പ്രഖ്യാപിച്ച 5 കോടി രൂപയിൽ കൂടുതൽ തുക ചെലവ് വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ പ്രഖ്യാപിച്ചതിൽ ഒട്ടുമിക്ക പദ്ധതികളും ഇതിനോടകം നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ചില പദ്ധതികളുടെ നിർവ്വഹണം വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരികയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഇവയിൽ ദീർഘകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കേണ്ടതും ഉൾപ്പെടുന്നുണ്ട്. സാങ്കേതിക കാരണങ്ങൾ കൊണ്ട് ചില പദ്ധതികളുടെ നിർവ്വഹണം ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കുന്ന മുറയ്ക്ക് ആ പദ്ധതികളും ആരംഭിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## ഫിനാൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് നേരിട്ടുള്ള നിയമനം

73 (3177) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിവിഷണൽ അക്കൗണ്ടന്റുമാരുടെ പ്രൊമോഷൻ തസ്തികയായ ഫിനാൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്ക് നേരിട്ട് നിയമനം നടത്തുന്നത് ഡിവിഷണൽ അക്കൗണ്ടന്റുമാരുടെ പ്രൊമോഷനെ ബാധിക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശമ്പള കമ്മിഷൻ റിപ്പോർട്ടിൽ ഫിനാൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ നേരിട്ടുള്ള നിയമനം നിർത്തലാക്കാൻ ശിപാർശ ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശമ്പള കമ്മീഷൻ റിപ്പോർട്ടിൽ ഫിനാൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലെ നേരിട്ടുള്ള നിയമനം നിർത്തലാക്കാൻ ശിപാർശ ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത നിർദ്ദേശത്തെക്കുറിച്ച് ശമ്പള പരിഷ്കരണ ഉത്തരവിൽ പരാമർശിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

## ഇലക്ട്രോണിക് ലഡ്ജർ അക്കൗണ്ടിൽ മാറ്റിയ തുക

74 (3179) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തികവർഷത്തിൽ ഇലക്ട്രോണിക് ലഡ്ജർ അക്കൗണ്ടിൽ മാറ്റിയ തുക എത്രയാണ്; പ്രസ്തുത തുകയിൽ നടപ്പുസാമ്പത്തിക വർഷത്തിൽ ജനുവരി 31 വരെ ചെലവഴിച്ച തുക എത്രയാണ്;

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ ഇലക്ട്രോണിക് ലഡ്ജർ അക്കൗണ്ടിൽ മാറ്റിയ തുക റവന്യൂ കമ്മിയിലും ധനക്കമ്മിയിലും കടബാധ്യതയിലും എത്ര വ്യത്യാസം വരുത്തി; ഇലക്ട്രോണിക് ലഡ്ജർ അക്കൗണ്ടിൽ മാറ്റിയ തുകയ്ക്ക് തുല്യമായ തുക 2015-16 ബഡ്ജറ്റിൽ പ്രത്യേകം വകയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) 2014-15 സാമ്പത്തികവർഷത്തിൽ ഇലക്ട്രോണിക് ലഡ്ജർ അക്കൗണ്ടിൽ മാറ്റിയ തുക വിനിയോഗിച്ച് എത്ര പദ്ധതികൾക്ക് 2015-16 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്;

(ഡി) നടപ്പ് സാമ്പത്തിക വർഷത്തിലും ഇലക്ട്രോണിക് ലഡ്ജർ അക്കൗണ്ട് തുടരുന്നുണ്ടോ; എങ്കിൽ 2016 ജനുവരി 31 വരെ ഇതിലേക്ക് തുക മാറ്റിയിട്ടുണ്ടോ; എങ്കിൽ തുക ഏത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2014-15 സാമ്പത്തികവർഷം 1602.29 കോടി രൂപ ഇലക്ട്രോണിക് ലഡ്ജർ അക്കൗണ്ടിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ഈ തുകയിൽ നടപ്പ് സാമ്പത്തിക വർഷം വിവിധ വകുപ്പുകൾ ഇതേവരെ സമർപ്പിച്ച ശിപാർശകളുടെ അടിസ്ഥാനത്തിൽ 1112.81 കോടി രൂപ ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) 2014-15 സാമ്പത്തികവർഷം ലഡ്ജർ അക്കൗണ്ടിലേയ്ക്ക് മാറ്റിയ തുക റവന്യൂ കമ്മിയിലും ധന കമ്മിയിലും കടബാധ്യതയിലും എത്ര വ്യത്യാസം വരുത്തിയെന്ന് തിട്ടപ്പെടുത്തിയിട്ടില്ല. ലഡ്ജർ അക്കൗണ്ട് ഉൾപ്പെടെയുള്ള സ്പിൽ ഓവർ പദ്ധതികൾക്ക് റവന്യൂ വിഭാഗത്തിൽ 1000 കോടി രൂപയുടെ പൊതുവിഹിതവും മൂലധന വിഭാഗത്തിൽ 1700 കോടി രൂപയുടെ പൊതുവിഹിതവും 2015-16-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(സി) ഭരണാനുമതി ലഭിച്ചിരുന്ന പദ്ധതികൾക്ക് വേണ്ടിയുള്ള വിഹിതം മാത്രമാണ് ലഡ്ജർ അക്കൗണ്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. പുതിയ പദ്ധതികൾക്ക് ഭരണാനുമതി നൽകാൻ ടി വിഹിതം ഉപയോഗിച്ചിട്ടില്ല.

(ഡി) നടപ്പ് സാമ്പത്തികവർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും തുകകൾ ഒന്നുംതന്നെ 2016 ജനുവരി 31 വരെ ലഡ്ജർ അക്കൗണ്ടിലേയ്ക്ക് മാറ്റിയിട്ടില്ല.

## കാഞ്ഞിരപ്പള്ളി നിയോജക മണ്ഡല ആസ്തി വികസന സ്കീം

75 (3180) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 മുതൽ 2015-16 വരെ നിയോജകമണ്ഡല ആസ്തി വികസന സ്കീമിൽ കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലേയ്ക്ക് നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികൾ ഏതൊക്കെ; ഇതിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത സ്കീമിൽ ഫോക്‌ലോർ ഗ്രാമത്തിന് കെട്ടിടം നിർമ്മിക്കുന്നതിലേക്ക് സാംസ്കാരിക വകുപ്പിന് ഒന്നേകാൽ (1.25) കോടി രൂപ കൈമാറിയിട്ടുണ്ടോ;

(സി) നിയോജകമണ്ഡല ആസ്തി വികസന സ്കീമിൽ പൊതുമരാമത്ത് വകുപ്പിന് ഏതൊക്കെ പ്രവൃത്തികൾക്കുള്ള തുക കൈമാറുവാനുണ്ട്;

(ഡി) നിലവിൽ നിയോജകമണ്ഡല ആസ്തി വികസന സ്കീമിന്റെ ഫണ്ട് മറ്റ് വകുപ്പുകൾക്ക് കൈമാറുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

ഉത്തരം

(എ) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിൻ കീഴിൽ 2011-12 മുതൽ 2015-16 വരെ ധനാനുമതി നൽകിയ പ്രവൃത്തികളുടെ ലിസ്റ്റ് ഇതോടൊപ്പം* ചേർക്കുന്നു. ഇവയ്ക്കുള്ള ഭരണാനുമതി ബന്ധപ്പെട്ട ഭരണ വകുപ്പുകളിൽ നിന്നാണ് പുറപ്പെടുവിക്കുന്നത്. കൂടാതെ, രണ്ട് പ്രവൃത്തികൾ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(ബി) പദ്ധതിക്കുള്ള അനുമതി നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തി ആയതിനാൽ സംസ്ഥാനതല സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ LoC മുഖാന്തരം തുക അനുവദിക്കുന്നതാണ്.

(സി) പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ടെണ്ടർ ചെയ്ത് പ്രവൃത്തികൾ ആരംഭിച്ചശേഷം പുരോഗതിയനുസരിച്ച് ലഭ്യമാക്കുന്ന ബില്ലുകൾ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ LoC മുഖാന്തരം മാറി നൽകുന്നുണ്ട്.

(ഡി) ആസ്തി വികസന പദ്ധതിക്കായി വിവിധ വകുപ്പുകൾക്ക് വിവിധ ശീർഷകങ്ങളിലായി തുക വകയിരുത്തിയിട്ടുണ്ട്. പദ്ധതികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ഫണ്ട് അനുവദിച്ചുവരുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പദ്ധതിച്ചെലവിലെ മൂലധന നിക്ഷേപ ശതമാനം

76 (T*3181) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള ഓരോ വർഷത്തെയും പദ്ധതിച്ചെലവിലെ മൂലധന നിക്ഷേപ ശതമാനം എത്രയെന്ന് അറിയിക്കാമോ ;

(ബി) ഇതേ കാലയളവിൽ ആകെ മൂലധന നിക്ഷേപം എത്രയെന്ന് അറിയിക്കാമോ ?

ഉത്തരം

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2011-12 മുതൽ 2014-15 വരെയുള്ള ഓരോ വർഷത്തേയും മൂലധനച്ചെലവും പദ്ധതി ചെലവും പദ്ധതി ചെലവിൽ മൂലധന ചെലവിന്റെ ശതമാനവും ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| വർഷം | 2011-12 | 2012-13 | 2013-14 | 2014-15 |
|---|---|---|---|---|
| മൂലധന ചെലവ് | 3360.88 | 3414.56 | 3390.21 | 3550.48 |
| പദ്ധതി ചെലവ്** | 7577.68 | 9218.57 | 9511.56 | 10069.03 |
| പദ്ധതി ചെലവിൽ മൂലധന ചെലവിന്റെ ശതമാനം | 44.35% | 37.04% | 35.64% | 35.26% |

## ആൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെന്റ് ഫണ്ട്

77 (3182) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെൻറ് ഫണ്ട് സ്വരൂപണം കൊണ്ടുദ്ദേശിക്കുന്നതെന്താണ്;

(ബി) വികസന പ്രവർത്തനങ്ങൾക്കായി ആൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെൻറ് ഫണ്ട് സ്വരൂപിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണ്; പ്രസ്തുത ഫണ്ട് വഴി നാളിതുവരെ എത്ര തുക സ്വരൂപിക്കുകയുണ്ടായി?

---

* T മാറ്റിവച്ച ചോദ്യത്തിനെ സൂചിപ്പിക്കുന്നു.

(** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കെ.എസ്.ഇ.ബി. ഒഴികെ)

## ഉത്തരം

(എ) SEBI(s)-യുടെ AIF റെഗുലേഷൻ 2012 വകുപ്പ് 2(1)(ബി) അനുസരിച്ച് ട്രസ്റ്റ്, കമ്പനി, ബോഡി, കോർപ്പറേറ്റ് അല്ലെങ്കിൽ ലിമിറ്റഡ് ലയബിലിറ്റി പാർട്ണർഷിപ്പ് രൂപത്തിലുള്ളതും നിലവിൽ സെബി ഫണ്ട് മാനേജ്മെന്റ് റെഗുലേഷൻ പരിധിയിൽ വരാത്തതും (മ്യൂച്ചൽ ഫണ്ട്, കളക്ടീവ് ഇൻവെസ്റ്റ്മെന്റ് സ്കീം റെഗുലേഷൻ എന്നിവ പോലെ) അല്ലെങ്കിൽ മറ്റ് മേഖലാ റെഗുലേറ്റർമാരുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ വരാത്തതുമായ ഏതൊരു സ്വകാര്യ സമാഹരണ ഇൻവെസ്റ്റ്മെന്റ് ഫണ്ടും (ഇന്ത്യയിൽ അല്ലെങ്കിൽ വിദേശത്ത് നിന്നോ) എന്നതാണ് ആൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെന്റ് ഫണ്ടിന്റെ നിർവ്വചനം. അടിസ്ഥാന സൗകര്യവികസനത്തിനാവശ്യമായ ഫണ്ട് സ്വരൂപിക്കുന്നതിന് ഈ മാർഗ്ഗം അവലംബിക്കാവുന്നതാണ്.

(ബി) വികസന പ്രവർത്തനങ്ങൾക്കായി ആൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെന്റ് ഫണ്ട് സ്വരൂപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല.

## വിമുക്തഭടൻമാർക്കുള്ള സമയബന്ധിത ഹയർ ഗ്രേഡ്

78 (3183) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 14-9-2015-ലെ സർക്കാർ ഉത്തരവ്(പി) നമ്പർ 408/2015/ധന. പ്രകാരം ഏത് തീയതി മുതലാണ് സർവ്വീസിലുള്ളതും വിരമിച്ചതുമായ വിമുക്തഭടൻമാർക്ക് സമയബന്ധിത ഹയർ ഗ്രേഡിന് അർഹതയുള്ളത്;

(ബി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് തുടങ്ങിയ വിവിധ സർക്കാർ വകുപ്പുകളിൽ സർജെന്റ്, അസിസ്റ്റന്റ് സെക്യൂരിറ്റി ഓഫീസർ, തുടങ്ങിയ തസ്തികകളിൽ നിന്ന് വിരമിച്ച വിമുക്തഭടൻമാർക്ക് ഈ ഉത്തരവ് പ്രകാരം അവർക്ക് അർഹതപ്പെട്ടിരുന്ന സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇത് സംബന്ധിച്ച് വകുപ്പിൽ നിന്ന് ധനകാര്യ വകുപ്പിനോട് സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്പഷ്ടീകരണം അടിയന്തരമായി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ഈ ഉത്തരവ് പ്രകാരം ഇപ്പോൾ സർവ്വീസിലുള്ള വിമുക്തഭടൻമാർക്ക് മാത്രമേ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിച്ചുവരുന്നുള്ളൂവെന്നും ആയതിനാൽ വിരമിച്ചവർക്ക് അർഹതപ്പെട്ട സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ സത്വര നടപടി സ്വീകരിക്കുന്നില്ലായെന്നുമുള്ള കാര്യം പരിഗണിച്ച് വിരമിച്ചവർക്ക് കൂടി അർഹതപ്പെട്ട സമയബന്ധിത ഹയർ ഗ്രേഡ് നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) മുൻകാല വാർ/മിലിട്ടറി സർവ്വീസുള്ള സംസ്ഥാന സർക്കാർ ജീവനക്കാർക്ക് സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സിവിൽ അപ്പീൽ നമ്പർ 3136/2015-ൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 25-3-2015-ലെ വിധിയെ തുടർന്ന് പുറപ്പെടുവിച്ച 14-9-2015-ലെ ജി. ഒ (പി.) നമ്പർ 408/2015/ഫിൻ. സർക്കാർ ഉത്തരവ് പ്രകാരമുള്ള ആനുകൂല്യം ടി കേസ്സുകളിലെ കക്ഷികൾക്ക് പുറമെ ടി ഉത്തരവിന്റെ തീയതിയായ 14-9-2015-ൽ സംസ്ഥാന സർക്കാർ സർവ്വീസിലുള്ളവരും 14-9-2015-ന് ശേഷം സർവ്വീസിൽ പ്രവേശിക്കുന്നവരുമായ വിമുക്തഭടന്മാരായ സംസ്ഥാന സർക്കാർ ജീവനക്കാർക്ക്, ടി ജീവനക്കാർ സർവ്വീസിൽ പ്രവേശിച്ച തീയതിയിൽ ലഭിക്കാൻ അർഹതയുണ്ട്. 14-9-2015-ന് മുമ്പ് സംസ്ഥാന സർക്കാർ സർവ്വീസിൽനിന്ന് വിരമിച്ച വിമുക്തഭടന്മാരായ ജീവനക്കാർക്ക് ടി ഉത്തരവിന്റെ ആനുകൂല്യം ലഭിക്കുവാൻ അർഹതയില്ല.

(ബി) 14-9-2015-ലെ ജി. ഒ. (പി.) നമ്പർ 408/2015/ഫിൻ. സർക്കാർ ഉത്തരവിന്റെ ആനുകൂല്യത്തിന് അർഹരായവർ ആരൊക്കെയാണെന്ന് പിരിവ് 'എ' ചോദ്യത്തിനുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച് ആരോഗ്യവകുപ്പ് ആവശ്യപ്പെട്ടിരുന്ന സ്പഷ്ടീകരണം ധനകാര്യ വകുപ്പ് നൽകിയിട്ടുണ്ട്.

(ഡി) 14-9-2015-ന് മുമ്പ് സംസ്ഥാന സർക്കാർ സർവ്വീസിൽ നിന്ന് വിരമിച്ച വിമുക്തഭടന്മാരായ ജീവനക്കാർക്ക് ടി ഉത്തരവിന്റെ ആനുകൂല്യം ലഭിക്കുവാൻ അർഹതയില്ല. സർക്കാരിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് ഇത്തരക്കാർക്കുകൂടി ടി ഉത്തരവിന്റെ ആനുകൂല്യം അനുവദിച്ച് നൽകാൻ കഴിയുകയില്ല.

## കോൺട്രാക്ടർമാർക്കുള്ള കുടിശ്ശിക

79 (3184) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 സാമ്പത്തികവർഷത്തിൽ സർക്കാർ കോൺട്രാക്ടർമാർക്ക് നൽകേണ്ടതും എന്നാൽ കൊടുക്കാത്തതുമായ തുക എത്രയാണ്; ഇതുമൂലം റവന്യൂ കമ്മിയിലും ധനക്കമ്മിയിലും കടബാധ്യതയിലും ഉണ്ടായ വ്യത്യാസം എത്രയാണെന്ന് വിശദമാക്കാമോ;

(ബി) നടപ്പുസാമ്പത്തികവർഷത്തിൽ ജനുവരി 31 വരെ സർക്കാർ കോൺട്രാക്ടർമാർക്ക് നൽകേണ്ട തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിൽ പൊതുമരാമത്ത് (റോഡ്, പാലം) വിഭാഗത്തിൽ 2015 മാർച്ച് 31 വരെ 364.5 കോടി രൂപയും ജലവിഭവവകുപ്പിൽ 25.25 കോടി രൂപയും ചേർത്ത് ആകെ 389.75 കോടി രൂപ നൽകുവാനുണ്ട്. ഇതിൽ ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റംവഴി 2016 ഫെബ്രുവരി 18 വരെ 213.76 കോടി രൂപ കരാറുകാർക്ക് നൽകിയിട്ടുണ്ട്. ഇതുമൂലം റവന്യൂകമ്മി, ധനക്കമ്മി, പൊതുകടം എന്നിവയിലുണ്ടായ വ്യത്യാസം തിട്ടപ്പെടുത്തിയിട്ടില്ല.

(ബി) ഭരണ വകുപ്പിൽനിന്നും ധനകാര്യ വകുപ്പിൽ ലഭിച്ച നിർദ്ദേശമനുസരിച്ച് നിലവിൽ 1140.29 കോടി രൂപ പൊതുമരാമത്ത് (റോഡ്, കെട്ടിടം) വകുപ്പ്, ജലസേചനവകുപ്പ് എന്നിവയിലെ കരാറുകാർക്ക് കൊടുത്തു തീർക്കാനുണ്ട്. പ്രസ്തുത തുകയിൽ 48.28 കോടി രൂപ ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം വഴി കരാറുകാർക്ക് നൽകിയിട്ടുണ്ട്.

## കരുതൽ 2015 പദ്ധതി

80 (3185) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുതൽ 2015 പദ്ധതിയുടെ ഭാഗമായി ആലപ്പുഴ ജില്ലയ്ക്കുവേണ്ടി ഏതെല്ലാം പദ്ധതികളാണ് പ്രഖ്യാപിച്ചിരുന്നത്;

(ബി) പ്രഖ്യാപിച്ച പദ്ധതികളിൽ ഏതെല്ലാം നടപ്പിലാക്കി; ഇതിനായി എന്തു തുക ചെലവഴിച്ചു; വ്യക്തമാക്കാമോ;

(സി) ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാനുള്ളത്; ഇവയ്ക്ക് എന്തു തുകയാണ് അനുവദിച്ചിട്ടുള്ളത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ആലപ്പുഴ ജില്ലയ്ക്കുവേണ്ടി പ്രഖ്യാപിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. 133.19 കോടി രൂപയുടെ സംരക്ഷണ പ്രവർത്തനം
2. ആർ. ബ്ലോക്കിലെ ഭൂമി വീണ്ടും കർഷകർക്ക്
3. കോമളപുരം മില്ലിന് 5.9 കോടി രൂപ
4. കെ.എസ്.ഡി.പി.യിൽ നിന്ന് കൂടുതൽ മരുന്ന് വാങ്ങും.
5. മലബാർ സിമന്റ്സ് തുറക്കാൻ നടപടി
6. ഭൂ-ഭവന രഹിതർക്കായി ഭവനഭാരതം
7. ചെങ്ങന്നൂർ വികസനത്തിന് വിദഗ്ദ്ധ സമിതി
8. ഫിഷറീസ് ഭവന പദ്ധതി നിബന്ധനയിൽ ഇളവ്
9. ടെക്നിക്കൽ സ്കൂൾ പ്രവേശനം എല്ലാവർക്കും
10. പുറക്കാട് 20 കുടുംബങ്ങൾക്ക് മൂന്ന് സെന്റും വീടും
11. കായംകുളം കായലിലെ ചീനവലകൾ ഒഴിവാക്കും.
12. കായംകുളം പൊഴിയിലെ മണ്ണ് നീക്കാൻ 50 ലക്ഷം
13. പടക്കനിർമ്മാണ തൊഴിലാളികൾക്ക് സഹകരണസംഘം
14. 50 മെതിയന്ത്രം കൂടി വാങ്ങും
15. പമ്പിംഗ് സബ്സിഡി കുടിശ്ശിക ഉടൻ നൽകും.
16. നെല്ല് സംഭരണം.
17. കയർത്തൊഴിലാളി സഹകരണത്തോടെ തൊണ്ടുസംഭരണം
18. മുണ്ടയ്ക്കൽ പാലം നിർമ്മാണം

(ബി & സി) പ്രസ്തുത പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് വിവിധതലങ്ങളിൽ നടപടിക്രമങ്ങൾ പുരോഗമിക്കുന്നു.

## ആദായ നികുതി വകുപ്പ് ഫോം 24G ഇ-ഫയൽ ചെയ്യുന്ന PAO/DTO/CDDO.മാർ

81 (3186) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദായ നികുതി വകുപ്പ് നോട്ടിഫിക്കേഷൻ നമ്പർ 41/2010 തീയതി 31-5-2010 പ്രകാരം സംസ്ഥാനത്ത് ഫോം 24G ഇ-ഫയൽ ചെയ്യുന്ന PAO/DTO/CDDO-മാർ ഏതൊക്കെ; സാമ്പത്തികവർഷം തിരിച്ച് താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് മറുപടി നൽകാമോ; (a) 2010-2011 മുതൽ 2015-16 ഡിസംബർ വരെ ഫോം 24G സ്റ്റേറ്റ്മെന്റ് പ്രിപ്പറേഷൻ ഇനത്തിൽ ഓരോ PAO/DTO/CDDO-മാർ ചെലവാക്കിയ തുക എത്ര: (Regular and Corrections) (b) ഫോം 24G Upload ചെയ്യുന്നതിന് 2010-11 മുതൽ 2015-16 ഡിസംബർ വരെ ചെലവായ തുക എത്ര; (Regular and Corrections) (c) a, b പിരിവുകൾക്കായി TIN-FC-കളെ നിലവിലും ആശ്രയിക്കുന്ന PAO/DTO/CDDO-മാർ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) കേരള സംസ്ഥാനത്ത് ശമ്പളം/ശമ്പളേതരം (24Q/26Q) ഇനത്തിൽ ആദായ നികുതി കുറവ് ചെയ്യുന്ന Deductor/DDO-മാരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ; (PAO/DTO/CDDO-മാർ ഇ-ഫയൽ ചെയ്യുന്ന ഫോം 24G യിൽ ഉൾപ്പെടുന്ന Deductor/DDO-മാർ) (a) ഓരോ Deductor/DDO-മാരും നാളിതുവരെ (24Q/26Q) e-TDS Quarterly Statement Upload ചെയ്യുന്നതിനായി ചെലവാക്കിയ തുക എത്ര; (Regular/Corrections) സാമ്പത്തിക വർഷം തിരിച്ച് വിശദമാക്കാമോ; (b) ഓരോ Deductor/DDO-മാരും e-TDS Quarterly (Statement/return) Prepare ചെയ്യുന്നതിനായി നാളിതുവരെ ചെലവാക്കിയ തുക എത്ര; സാമ്പത്തിക വർഷം തിരിച്ച് വിശദമാക്കാമോ; (c) b പിരിവിന് TIN-FC ആശ്രയിക്കുന്ന Deductor/DDO-മാർ എത്രയെന്ന് അറിയിക്കുമോ;

(സി) സംസ്ഥാനത്തെ ഏതൊക്കെ PAO/DTO/CDDO-മാർ TIN-FC-കളെ ആശ്രയിക്കാതെ ഫോം 24G Prepare ചെയ്ത് Online ആയി TIN Website-ലേക്ക് Upload ചെയ്യുന്നുണ്ട്; അതിനുള്ള ട്രെയിനിംഗ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ട്രെയിനിംഗ് നൽകിയ വകുപ്പ്; ഏതൊക്കെ വകുപ്പുകൾക്ക് ട്രെയിനിംഗ് നൽകിയെന്ന് അറിയിക്കുമോ;

(ഡി) സംസ്ഥാനത്തെ ഏതൊക്കെ വകുപ്പുകൾ TIN-FC-കളെ ആശ്രയിക്കാതെ ത്രൈമാസ സ്റ്റേറ്റ്മെന്റായ 24Q/26Q തയ്യാറാക്കുന്നുണ്ട്; ഇപ്രകാരം സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നുണ്ടെങ്കിൽ അതിനുള്ള ട്രെയിനിംഗ് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ട്രെയിനിംഗ് നൽകിയ വകുപ്പ്; ഏതൊക്കെ വകുപ്പുകളിലെ എത്ര ജീവനക്കാർക്ക് ട്രെയിനിംഗ് നൽകിയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**മഹിളാ പ്രധാൻ ഏജന്റുമാരുടെ വേതന കുടിശ്ശിക**

82 (3187) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹിളാ പ്രധാൻ ഏജന്റുമാരുടെ എത്ര മാസത്തെ വേതനം കുടിശ്ശികയുണ്ട്; ആയത് എന്നേക്ക് കൊടുത്തുതീർക്കും; ഈ വേതനം മാസം തോറും കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇവരുടെ കമ്മീഷൻ ഈ സർക്കാരിന്റെ കാലത്തുതന്നെ 1% വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത ഏജന്റുമാരുടെ ക്ഷേമനിധി എല്ലാ ജീവനക്കാരെയും ഉൾക്കൊള്ളിച്ചുകൊണ്ട് നടപ്പാക്കുമോ; ക്ഷേമനിധിയിൽ അടച്ച തുകയുടെ വിവരം അറിയുന്നതിന് അംഗങ്ങൾക്ക് അവസരം നൽകുമോ; ഇവർക്ക് പാസ്സ് ബുക്ക് ലഭ്യമാക്കി തുക കൃത്യമായും അക്കൗണ്ടിൽ എത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുമോ;

(സി) മഹിളാ പ്രധാൻ ഏജന്റുമാരുടെ പെൻഷൻ കാലോചിതമായി പരിഷ്കരിക്കുമോ; ഇപ്പോൾ എത്ര തുകയാണ് കുറഞ്ഞ പെൻഷനായി ലഭിക്കുന്നത് ; ഇവർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുമോ?

ഉത്തരം

(എ) മഹിളാപ്രധാൻ, എസ്.എ.എസ്. ഏജന്റുമാർക്ക് അധിക സേവനത്തിനുള്ള പ്രതിഫലമാണ് നൽകിവരുന്നത്. ആറ് മാസത്തെ പ്രതിഫലം കുടിശ്ശികയുണ്ട്. ഇതിൽ രണ്ട് മാസത്തെ പ്രതിഫലം വിതരണം ചെയ്യാനുള്ള നടപടി പുരോഗമിക്കുന്നു. മഹിളാ പ്രധാൻ ഏജന്റുമാരുടെ അധിക സേവനത്തിനുള്ള പ്രതിഫലം ഓരോ മാസത്തെയും കളക്ഷൻ വിവരങ്ങൾ ശേഖരിച്ച് പരിശോധിച്ചശേഷമാണ് എത്ര തുക

നൽകണമെന്ന് കണക്കാക്കുന്നത്. അതുകൊണ്ട് അതാത് മാസം പ്രതിഫലം കൊടുക്കുവാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ട്. ഏജന്റുമാരുടെ കമ്മീഷൻ കേന്ദ്ര ഗവൺമെന്റാണ് നൽകുന്നത്. ആയതിനാൽ വർദ്ധനവ് സംബന്ധിച്ച് കേന്ദ്രഗവൺമെന്റാണ് തീരുമാനമെടുക്കുന്നത്.

(ബി) 65 വയസ്സിന് താഴെയുള്ള എല്ലാ ഏജന്റുമാരേയും ഉൾക്കൊള്ളിച്ചു കൊണ്ട് ക്ഷേമനിധി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ക്ഷേമനിധിയിൽ അടച്ച തുകയുടെ വിവരം അറിയുന്നതിന് നിലവിൽ അവസരമുണ്ട്. പാസ്ബുക്ക് ലഭ്യമാക്കുന്നതിനും തുക കൃത്യമായും അക്കൗണ്ടിൽ എത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) മഹിളാപ്രധാൻ ഏജന്റുമാരുടെ പെൻഷൻ പരിഷ്കരണം നിലവിൽ പരിഗണനയിലില്ല. ഇപ്പോൾ 600 രൂപയാണ് കുറഞ്ഞ പെൻഷനായി ലഭിക്കുന്നത്. ഏജന്റുമാർക്കായി മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് സൗകര്യവും ക്യാൻസർ ചികിത്സാ പദ്ധതിയും നിലവിലുണ്ട്. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നിലവിൽ പരിഗണനയിലില്ല.

## വിൽപ്പന നികുതി റിട്ടേൺ

83 (3188) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൊത്തക്കച്ചവടക്കാരും ചില്ലറ വിൽപ്പനക്കാരുമായ വ്യാപാരികൾക്ക് വിൽപ്പന നികുതി റിട്ടേൺ ഓൺലൈനായി ഫയൽ ചെയ്യുന്നതിന് നിർദ്ദേശിച്ചിട്ടുള്ള ഫോം നമ്പർ 10 ജെ ഉപയോഗിക്കുമ്പോൾ ചില്ലറ വില്പനക്കാർക്ക് നികുതി റിട്ടേൺ ഫയൽ ചെയ്യുന്നതിന് ബുദ്ധിമുട്ടനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് പരിഹരിക്കുന്നതിനായി ഫോം 10 ജെ. എ, ബി. എന്നീ രണ്ട് ഫോമുകളാക്കി ബാധകമല്ലാത്ത കോളങ്ങൾ ഒഴിവാക്കി ചില്ലറവിൽപ്പനക്കാർക്കും മൊത്തക്കച്ചവടക്കാർക്കും പ്രത്യേകം പ്രത്യേകം ഉപയോഗിക്കാവുന്നവിധം ലളിതവൽക്കരിക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ & ബി) വ്യാപാരികൾ നികുതി റിട്ടേൺ സമർപ്പിക്കുമ്പോൾ കിട്ടുന്ന കൈപ്പറ്റ് രസീതാണ് 10 ജെ ഫോം. ചില്ലറ വിൽപ്പനക്കാർക്ക് നികുതി റിട്ടേൺ സമർപ്പിക്കുന്നതിന് ബുദ്ധിമുട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കാർഷികാദായ നികുതി**

84 (T*3189) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കാർഷികാദായ നികുതി ഒഴിവാക്കുന്നത് സംബന്ധിച്ച തീരുമാനം ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം വർഷങ്ങളിൽ ഇക്കാര്യത്തിൽ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി എന്നറിയിക്കാമോ?

ഉത്തരം

(എ & ബി) ഉണ്ട്. കേരള ധനകാര്യനിയമം 2013 മുഖേന കാർഷികാദായ നികുതി നിയമത്തിൽ വരുത്തിയ ഭേദഗതി പ്രകാരം കമ്പനികൾ ഒഴികെയുള്ള എല്ലാവരെയും 1-4-2013 മുതൽ കാർഷികാദായ നികുതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ 2016-17 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിന്റെ 432-ാം ഖണ്ഡികയിൽ എല്ലാ കമ്പനികളെയും 2016-17 സാമ്പത്തികവർഷത്തിൽ കാർഷികാദായ നികുതിയിൽ നിന്നും ഒഴിവാക്കുന്നതായി പ്രഖ്യാപിച്ചിട്ടുണ്ട്.

**ആലപ്പുഴ ജില്ലാ ലോട്ടറി ഓഫീസിലെ ലോട്ടറി വിതരണം**

85 (3190) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലാ ലോട്ടറി ഓഫീസിൽ ചെറുകിട കച്ചവടക്കാർക്ക് ലോട്ടറി നൽകുന്നില്ല എന്നത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ;

(ബി) 2016 ജനുവരി 4-ാം തീയതി ജില്ലാ ലോട്ടറി ഓഫീസിൽ നിന്ന് ആർക്കെല്ലാം ലോട്ടറി നൽകി; പട്ടിക ലഭ്യമാക്കാമോ; ഈ ദിവസം ലോട്ടറി ലഭിച്ചില്ല എന്നത് സംബന്ധിച്ച് ആരെങ്കിലും പരാതി നൽകിയിട്ടുണ്ടോ; പരാതിയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിരുന്നോ; വിശദമാക്കാമോ?

ഉത്തരം

(എ) ആലപ്പുഴ ജില്ലാ ഭാഗ്യക്കുറി ഓഫീസിൽ നിന്നും ചെറുകിട ഏജന്റുമാർക്ക് ആവശ്യത്തിന് ടിക്കറ്റ് ലഭ്യമാകുന്നില്ലെന്നും, ചില വൻകിട ഏജന്റുമാർക്ക് മാത്രമാണ്

---

* T മാറ്റിവച്ച ചോദ്യത്തിനെ സൂചിപ്പിക്കുന്നു.

ടിക്കറ്റ് നൽകുന്നതെന്നുമുള്ള, ഏജന്റുമാർ ഒപ്പിട്ട ഒരു പരാതി കേരള ലോട്ടറി വ്യാപാരി സമിതി യൂണിയൻ സെക്രട്ടറി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 6-11-2015-ന് ഭാഗ്യക്കുറി വകുപ്പ് അഡീഷണൽ ഡയറക്ടർ ആലപ്പുഴ ജില്ലാ ഭാഗ്യക്കുറി ഓഫീസിൽ പ്രാഥമിക അന്വേഷണം നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്മേൽ ആലപ്പുഴ ജില്ലാ ഭാഗ്യക്കുറി ഓഫീസറോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. ആലപ്പുഴ ജില്ലാ ഭാഗ്യക്കുറി ഓഫീസിൽ നിന്നും ചെറുകിട കച്ചവടക്കാർക്ക് ലോട്ടറി ടിക്കറ്റ് കൂടുതൽ ലഭിക്കുന്നില്ലെന്ന പരാതി ലഭിച്ചതിനെ തുടർന്ന് മേജർ ഏജന്റുമാർ എടുക്കുന്ന ടിക്കറ്റുകളിൽ കുറവ് വരുത്തി പരാതിക്കാർക്ക് ടിക്കറ്റുകൾ നൽകി പരാതി പരിഹരിച്ച് വരികയാണ്.

(ബി) 4-1-2016-ലെ Sales Report അനുബന്ധമായി ചേർത്തിട്ടുണ്ട്.* 4-1-2016-ന് ആലപ്പുഴ ജില്ലാ ഭാഗ്യക്കുറി ഓഫീസിൽ നിന്ന് ടിക്കറ്റ് ലഭിച്ചില്ലെന്നത് സംബന്ധിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല.

## കാരുണ്യ ബെനവലന്റ് സ്കീം

86 (3191) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. കെ.അജിത് :
ശ്രീ. വി. ശശി :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് സ്കീം പ്രകാരം അനുമതി ലഭിച്ച അപേക്ഷകരിൽ എത്ര പേർക്ക് ധനസഹായം നൽകുവാനായി ഈ സാമ്പത്തിക വർഷം ഇനി എത്ര തുക വേണ്ടിവരുമെന്ന് അറിയിക്കാമോ ;

(ബി) കാരുണ്യ പദ്ധതിയിൽ അക്രെഡിറ്റ് ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളും ഡയാലിസിസ് സെന്ററുകളും എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

(സി) ആശുപത്രികൾ നൽകുന്ന ക്ലെയിം റിപ്പോർട്ടുകൾ പരിശോധന നടത്തി തുക അനുവദിക്കുന്നതിന് കാലതാമസം ഉണ്ടാകുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിനായി എന്ത് നടപടികൾ സ്വീകരിക്കും;

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുകയുടെ കാരുണ്യ ടിക്കറ്റുകൾ വിറ്റഴിഞ്ഞു; ഇതിൽ ബെനവലന്റ് ഫണ്ടിലേയ്ക്ക് മാറ്റിയ തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) അനുമതി ലഭിച്ച അപേക്ഷകരിൽ സർക്കാർ ആശുപത്രിതലത്തിൽ 49382 അപേക്ഷകളിലും സ്വകാര്യ ആശുപത്രികളുടെ 1973 അപേക്ഷകളിലും റീ-ഇംപേഴ്സ്മെന്റ് ഇനത്തിൽ 565 അപേക്ഷകളിലും പ്രത്യേകാനുമതി പ്രകാരമുള്ള 378 അപേക്ഷകളിലും തുക അനുവദിക്കാനുണ്ട്. അപേക്ഷകൾ പരിശോധനയുടെ വിവിധഘട്ടങ്ങളിലാണ്. പരിശോധന തീരുന്ന മുറയ്ക്ക് മാത്രമേ ഓരോ ഇനത്തിനും എത്ര തുക വേണ്ടിവരുമെന്ന് കണക്കാക്കാൻ കഴിയുകയുള്ളൂ.

(ബി) കാരുണ്യ പദ്ധതിയിൽ 75 സ്വകാര്യ ആശുപത്രികളും 29 ഡയാലിസിസ് സെന്ററുകളും അക്രഡിറ്റ് ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്. കുടിശ്ശിക എത്രയും വേഗം തീർക്കുന്നതിനായി ജനുവരി 2016 മുതൽ സംസ്ഥാന ഭാഗ്യക്കുറി വകുപ്പിൽ നിന്നും പ്രത്യേകം ജീവനക്കാരെ നിയോഗിച്ച് ചികിത്സാധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

(ഡി) 2014-15 സാമ്പത്തിക വർഷത്തിൽ കാരുണ്യ, കാരുണ്യ പ്ലസ് ഭാഗ്യക്കുറികളിൽ നിന്നുള്ള വിറ്റുവരവ് 1377,20,15,500 (ആയിരത്തി മുന്നൂറ്റി എഴുപത്തിയേഴ് കോടി ഇരുപത് ലക്ഷത്തി പതിനയ്യായിരത്തി അഞ്ഞൂറ്) രൂപയാണ്. കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ഭാഗ്യക്കുറികളുടെ വിറ്റുവരവിൽ നിന്നും ചെലവ് കഴിഞ്ഞുള്ള അറ്റാദായമാണ് കാരുണ്യ ബെനവലന്റ് ഫണ്ടിന് കൈമാറുന്നത്. ഈ ഇനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 200 കോടി രൂപ കാരുണ്യ ബെനവലന്റ് ഫണ്ടിന് കൈമാറിയിട്ടുണ്ട്.

## കാരുണ്യ ബെനവലന്റ് സ്കീം

87 (3192) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ള ആശുപത്രികൾ ഏതെല്ലാമാണെന്ന് പറയാമോ;

(ബി) ഈ പദ്ധതിയിൽ ഉൾപ്പെട്ട ആശുപത്രികൾക്ക് നിശ്ചിത കാലാവധിക്കുള്ളിൽ തുക അനുവദിക്കുന്നതിൽ വീഴ്ചവന്ന സാഹചര്യം എന്താണെന്ന് പറയാമോ;

(സി) കാരുണ്യ ഭാഗ്യക്കുറി ടിക്കറ്റ് വിൽപ്പനയിലൂടെ ഉയർന്ന ലാഭമുണ്ടായിട്ടും ആ തുക ചികിത്സാപദ്ധതിക്ക് കൈമാറാതിരിക്കുകയും അതുകാരണം രോഗികൾക്ക് കൃത്യമായി ചികിത്സ ലഭിക്കാതിരിക്കുവാനുമുള്ള സാഹചര്യം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ വിദഗ്ദ്ധ ചികിത്സാ സൗകര്യങ്ങളുള്ള എല്ലാ സർക്കാർ ആശുപത്രികളിലും, പരിയാരം സഹകരണ മെഡിക്കൽ കോളേജ്, ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ എന്നിവിടങ്ങളിലും കാരുണ്യ ചികിത്സാ പദ്ധതി പ്രകാരം ചികിത്സ ലഭ്യമാണ്. കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ സഹായത്തോടെ സംസ്ഥാനത്തെ 27 ജില്ല/താലൂക്ക് ആശുപത്രികളിൽ കൂടി സംസ്ഥാന ആരോഗ്യവകുപ്പ് ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പദ്ധതിപ്രകാരം അക്രഡിറ്റേഷൻ നടത്തിയിട്ടുള്ള സ്വകാര്യ ആശുപത്രികൾ, സ്വകാര്യ ഡയാലിസിസ് സെന്ററുകൾ, 27 ജില്ല/താലൂക്ക് ആശുപത്രി എന്നിവയുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) 14 ജില്ലകളിൽ നിന്നും ലഭിക്കുന്ന ആയിരക്കണക്കിന് അപേക്ഷകൾ യഥാസമയം പ്രോസസ് ചെയ്ത് പരിശോധിക്കുന്നതിന് മതിയായ സ്ഥിരം ജീവനക്കാർ ഇല്ലാതിരുന്നതുകൊണ്ടാണ് ധനസഹായം വിതരണം ചെയ്യുന്നതിന് കാലതാമസം നേരിട്ടിട്ടുള്ളത്. എന്നാൽ ജനുവരി 2016 മുതൽ ഭാഗ്യക്കുറി വകുപ്പിൽ നിന്നും ഇതിനായി പ്രത്യേകം ജീവനക്കാരെ നിയോഗിച്ച് ചികിത്സാ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

(സി) കാരുണ്യ ബെനവലന്റ് ഫണ്ട് അഡ്മിനിസ്ട്രേറ്റർ ആവശ്യപ്പെടുന്ന മുറയ്ക്ക് കാരുണ്യ, കാരുണ്യ പ്ലസ് ഭാഗ്യക്കുറികളുടെ അറ്റാദായത്തിൽ നിന്നും ചികിത്സാപദ്ധതിക്ക് തുക കൈമാറിയിട്ടുണ്ട്.

## കാരുണ്യ ബെനവലന്റ് സ്കീമിൽ കൊട്ടാരക്കര താലൂക്കിൽ നൽകിയ ചികിത്സാസഹായം

88 (3193) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് സ്കീമിൽപ്പെടുത്തി കൊല്ലം ജില്ലയിൽ ആകെ നൽകിയ ചികിത്സാസഹായം എത്രയാണെന്ന് വെളിപ്പെടുത്താമോ;

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കൊട്ടാരക്കര താലൂക്കിൽ പ്രസ്തുത സ്കീമിൽപ്പെടുത്തി എത്ര രോഗികൾക്ക് സഹായം അനുവദിക്കുകയും തുക വിതരണം ചെയ്യുകയും ചെയ്തു; എത്ര തുകയാണ് ആകെ നൽകിയത്;

(സി) പ്രസ്തുത താലൂക്കിൽപ്പെട്ട എത്ര അപേക്ഷകൾ നടപടിയാകാതെയും സഹായം അനുവദിക്കാതെയും കിടപ്പുണ്ടെന്നും അനുവദിച്ചതിൽ എത്ര പേർക്ക് തുക വിതരണം ചെയ്യാനുണ്ടെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കാരുണ്യ ബെനവലന്റ് സ്കീമിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിൽ 29-11-2015 വരെ 80.91 കോടി രൂപ ചികിത്സാ സഹായമായി അനുവദിച്ചിട്ടുണ്ട്.

(ബി & സി) താലൂക്കടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമല്ല.

**കാരുണ്യ ബെനവലന്റ് ഫണ്ട്**

89 (3194) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാരുണ്യ ബെനവലന്റ് ഫണ്ട് വഴി എത്ര രോഗികൾക്ക് ചികിത്സ നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിവഴി 29-11-2015 വരെ 115758 രോഗികൾക്ക് ചികിത്സ നൽകിയിട്ടുണ്ട്.

**കാരുണ്യാ ചികിത്സാ പദ്ധതിപ്രകാരം അനുവദിച്ച തുക കിട്ടാത്തത് സംബന്ധിച്ച്**

90 (3195) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാരുണ്യാ ചികിത്സാ പദ്ധതി പ്രകാരം അപേക്ഷ നൽകിയിരുന്ന ശ്രീ. ടോം ജോർജ്, കോലത്തുംകുന്നേൽ, പൊന്നൂർകര, തൃശ്ശൂർ എന്ന വ്യക്തിക്ക് കാരുണ്യാ ചികിൽസാ പദ്ധതിപ്രകാരം തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ തുക എത്രയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തുക അനുവദിക്കുന്നതിനുണ്ടായ

കാലതാമസം എന്തെന്ന് വ്യക്തമാക്കാമോ; ഈ തുക എന്നേക്ക് വിതരണം ചെയ്യും എന്നറിയിക്കാമോ; പ്രസ്തുത രോഗി മരണമടഞ്ഞതിനെത്തുടർന്ന് പ്രസ്തുത തുക ഇനി ലഭിക്കുമോ; വിശദമാക്കുമോ?

ഉത്തരം

കീമോതെറാപ്പി ചികിത്സയ്ക്ക് ആർ.സി.സി./കെ.എം.എസ്.സി.എൽ. റേറ്റ് അനുസരിച്ച് നൽകുന്ന പരമാവധി ധനസഹായമായ രണ്ടുലക്ഷം രൂപയിൽ നിന്നും ശ്രീ. ടോം ജോർജിന് സമാശ്വാസ ചികിത്സാ ധനസഹായമായി അനുവദിച്ചിരുന്ന 5,000 രൂപ കഴിച്ച് ബാക്കി വരുന്ന 1,95,000 (ഒരു ലക്ഷത്തി തൊണ്ണൂറ്റിയയ്യായിരം) രൂപയിൽ നിജപ്പെടുത്തി അനുവദിക്കാൻ തീരുമാനമെടുത്തിരുന്നു. എന്നാൽ തുക അനുവദിക്കുന്നത് സംബന്ധിച്ച് ആവശ്യപ്പെട്ടിരുന്ന ചികിത്സാരേഖകളും ഡോക്ടർ സാക്ഷ്യപ്പെടുത്തിയിട്ടുള്ള ബില്ലുകളും രോഗിയോട് ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നത് പൂർണ്ണമായി ലഭിച്ചിരുന്നില്ല. ടി രേഖകൾ പൂർണ്ണമായി ഹാജരാക്കുന്ന മുറയ്ക്ക് പരിശോധിച്ച് അർഹമായ തുക അനുവദിക്കുന്നതാണ്. രോഗി മരണമടഞ്ഞെങ്കിലും ഡെത്ത് സർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതാണ്.

## അംഗപരിമിതരായ ലോട്ടറി വിൽപ്പനക്കാർക്ക് സർവ്വീസ് ടാക്സ് ഒഴിവാക്കൽ

91 (3196) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട ലോട്ടറി വിൽപ്പനക്കാരായ അന്ധരും വികലാംഗരും ഉൾപ്പെടെയുള്ളവർ സർവ്വീസ് ടാക്സ് നൽകണമെന്ന പുതിയ വ്യവസ്ഥ അംഗപരിമിതരായ ലോട്ടറി വിൽപ്പനക്കാരെ പ്രതിസന്ധിയിലാക്കിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രധാന ലോട്ടറി ഏജന്റുമാർക്ക് പഴയ നിരക്കിൽ തന്നെയാണ് ടിക്കറ്റുകൾ നൽകുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അംഗപരിമിതർ ഉൾപ്പെടെയുള്ളവർക്ക് ഏർപ്പെടുത്തിയ സർവ്വീസ് ടാക്സ് പിൻവലിയ്ക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) അംഗപരിമിതരായ ലോട്ടറി വിൽപ്പനക്കാർക്കായി ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) സേവനനികുതി പൂർണ്ണമായും കേന്ദ്രസർക്കാരിന്റെ അധികാര പരിധിയിൽപ്പെടുന്നതാണ്. ഈ സാഹചര്യത്തിൽ ഒരു പ്രത്യേക വിഭാഗക്കാരെ മാത്രമായി സേവനനികുതിയിൽ നിന്ന് ഒഴിവാക്കുന്നതിന് കഴിയില്ല.

(ബി) ലോട്ടറി ടിക്കറ്റ് വിൽപ്പനയിന്മേലുള്ള ഡിസ്കൗണ്ടിൽ വ്യത്യാസമൊന്നും വരുത്തിയിട്ടില്ല. എല്ലാ ലോട്ടറി ഏജന്റുമാരിൽ നിന്നും ടിക്കറ്റുകളുടെ മൊത്തം മുഖവിലയുടെ 1.5 ശതമാനം സേവനനികുതിയായി ഈടാക്കുന്നുണ്ട്. സേവന നികുതിയെന്നത് കേന്ദ്ര സർക്കാർ നയമായതിനാൽ നിലവിലെ സാഹചര്യത്തിൽ ഒരു പ്രത്യേക വിഭാഗക്കാർക്ക് മാത്രമായി ഇത് ഒഴിവാക്കാനാകില്ല.

(സി) അംഗപരിമിതരായ ലോട്ടറി വിൽപ്പനക്കാരുടെ ഉപയോഗത്തിനായി വേണ്ട മാറ്റങ്ങൾ വരുത്തിയ സ്കൂട്ടർ വായ്പാടിസ്ഥാനത്തിൽ വിതരണം ചെയ്യുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പദ്ധതി നടപ്പിലാക്കുന്നതാണ്.

**ലോക്കൽ ഫണ്ട് ഓഡിറ്റ് കാര്യക്ഷമമാക്കാനുള്ള പദ്ധതി**

92 (3197) <u>ശ്രീ. പി. എ. മാധവൻ</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. ഷാഫി പറമ്പിൽ</u> :
<u>ശ്രീ. എം. പി. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്കൽ ഫണ്ട് ഓഡിറ്റ് കാര്യക്ഷമമാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കമ്പ്യൂട്ടർവത്ക്കരണത്തിന്റെ ഭാഗമായി എയിംസ് സോഫ്റ്റ്‌വെയർ ഒന്നാം ഘട്ടം വകുപ്പിൽ പൂർണ്ണതോതിൽ നടപ്പിലാക്കിയിട്ടുണ്ട്. സോഫ്റ്റ്‌വെയറിന്റെ രണ്ടാം ഘട്ടം 2016 ഏപ്രിൽ 1 മുതൽ നിലവിൽ വരുന്നതാണ്. ഡയറക്ടറേറ്റിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ത്വരിതപ്പെടുത്തുന്നതിനായി ഇ-ഓഫീസ് സംവിധാനം

നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. വകുപ്പ് ഓഡിറ്റ് ചെയ്യുന്ന എല്ലാ മേഖലകളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഓഡിറ്റ് മാന്വൽ തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മെച്ചപ്പെട്ട അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കി വകുപ്പിന്റെ ഏതാനും ജില്ലാകാര്യലയങ്ങൾ നവീകരിക്കാൻ 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടുണ്ട്.

(ബി) ഓഡിറ്റ് പ്രക്രിയ കാര്യക്ഷമമാക്കുകയും ഓഡിറ്റ് കാലതാമസവും കുടിശ്ശികയും കുറയ്ക്കുകയുമാണ് സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിന്റെ പ്രധാന ലക്ഷ്യം. ജില്ലാ കാര്യാലയ നവീകരണത്തിലൂടെ പ്രസ്തുത ഓഫീസിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് കമ്പ്യൂട്ടർവത്ക്കരണത്തിന് അനുയോജ്യമായ രീതിയിൽ നെറ്റ് വർക്കിംഗ്, ഇലക്ട്രിഫിക്കേഷൻ എന്നിവ ഉൾപ്പെടെ നവീകരിക്കാൻ സാധിക്കും. ഓഡിറ്റ് മാന്വൽ തയ്യാറാക്കുന്നതിലൂടെ ഓഡിറ്റ് വകുപ്പിന്റെ കാര്യക്ഷമതയും ഓഡിറ്റിന്റെ നിലവാരവും ഉയർത്താൻ സാധിക്കും.

(സി) എയിംസ് സോഫ്റ്റ്‌വെയറിന്റെ മൂന്നാം ഘട്ടം വികസിപ്പിക്കുന്നതിനും ഓഡിറ്റ് ഡയറക്ടറേറ്റിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനും വകുപ്പിന്റെ പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലാ കാര്യാലയങ്ങൾ നവീകരിക്കുന്നതിനും സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ലോകബാങ്ക് സഹായത്തോടെ ഓഡിറ്റ് മാന്വൽ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു ലെയ്സൺ ടീം രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

**കെ.എസ്.എഫ്.ഇ. ജീവനക്കാര്യം**

93 (3198) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യിൽ കഴിഞ്ഞ വർഷം ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ നിന്ന് ജോലി രാജിവച്ചവർ എത്രയെന്ന് വിശദമാക്കുമോ ;

(ബി) കെ.എസ്.എഫ്.ഇ.-യിൽ നിലവിൽ ജോലി നോക്കുന്ന വിമുക്തഭടൻമാരുടെ വിശദവിവരം, പേര്. എണ്ണം, ജോലി നോക്കുന്ന ബ്രാഞ്ച്, തസ്തിക എന്നിവ തരം തിരിച്ച് നൽകാമോ ;

(സി) കെ.എസ്.എഫ്.ഇ.-യിൽ ഓഫീസ് അറ്റൻഡന്റ് തസ്തികകൾ രൂപീകരിക്കുന്നതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ; ഇതുസംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ വർഷം 87 പേർ കെ.എസ്.എഫ്.ഇ. ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ നിന്നും രാജി വച്ചിട്ടുണ്ട്.

(ബി) കെ.എസ്.എഫ്.ഇ.യിൽ നിലവിൽ ജോലി നോക്കുന്ന വിമുക്തഭടന്മാരുടെ എണ്ണം 632 ആണ്. ഇതിന്റെ വിശദവിവരങ്ങൾ ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ആറുമാസത്തിലൊരിക്കൽ നടത്തപ്പെടുന്ന ബിസിനസ്സ് പുനരവലോകനങ്ങളുടെ അടിസ്ഥാനത്തിലാണ് കെ.എസ്.എഫ്.ഇ.-യിൽ ഓഫീസ് അറ്റൻഡന്റ് തസ്തികകൾ രൂപീകരിക്കുന്നത്. കാലാകാലങ്ങളിൽ കമ്പനി മാനേജ്മെന്റും ജീവനക്കാരുടെ യൂണിയൻ പ്രതിനിധികളുമായി ഏർപ്പെടുന്ന ഉടമ്പടിയുടെ അടിസ്ഥാനത്തിലും പ്രൊഡക്റ്റിവിറ്റി കൗൺസിലിന്റെ പഠന റിപ്പോർട്ടിന്റെ വെളിച്ചത്തിലുമാണ് ഇത് നിർണ്ണയിക്കുന്നത്. ഇതുസംബന്ധിച്ച് പ്രത്യേക ഉത്തരവില്ല.

**ഗ്രാമ കോടതികൾ**

94 (3200) <u>ശ്രീ. സി. ദിവാകരൻ</u> :
<u>ശ്രീ. കെ. രാജു</u> :
<u>ശ്രീ. വി. ശശി</u> :
<u>ശ്രീ. കെ. അജിത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ കോടതികൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെണ്ണം; അവ എവിടെയെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഗ്രാമ കോടതികൾ സ്ഥാപിക്കുന്നതിന് കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപയെന്ന് വ്യക്തമാക്കുമോ;

(സി) ഗ്രാമ കോടതികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ യഥാസമയം പൂർത്തിയാക്കാൻ കഴിഞ്ഞില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര സമയത്തിനുള്ളിൽ പ്രസ്തുത പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) സംസ്ഥാനത്ത് 30 ബ്ലോക്ക് പഞ്ചായത്തുകളിൽ ഗ്രാമന്യായാലയങ്ങൾ ആരംഭിക്കുന്നതിന് 1-3-2011-ലെ സ. ഉ. (കൈ.) നമ്പർ 86/11/ആഭ്യന്തരം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. 2-2-2016 തീയതിയിലെ സ. ഉ. (കൈ) നമ്പർ 39/16/ആഭ്യന്തരം പ്രകാരം ഗ്രാമന്യായാലയങ്ങൾ സ്ഥാപിക്കുവാൻ 1-3-2011-ലെ ഉത്തരവ് പ്രകാരം നിശ്ചയിച്ച നാല് സ്ഥലങ്ങളിൽ മാറ്റം വരുത്തി ഉത്തരവായിട്ടുണ്ട്. സർക്കാർ ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.* ആയതിൽ കൊല്ലം ജില്ലയിൽ ചടയമംഗലത്ത് 20-2-2016-ന് സംസ്ഥാനത്തെ ആദ്യത്തെ ഗ്രാമന്യായാലയം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) 2008-ലെ ഗ്രാമന്യായാലയാസ് ആക്ട് പ്രകാരം കേന്ദ്ര സർക്കാർ ഗ്രാമ ന്യായാലയങ്ങൾ സ്ഥാപിക്കുന്നതിനായി അനാവർത്തന ചെലവിനത്തിൽ 18 ലക്ഷം രൂപ വഹിക്കുന്നതാണ്. കൂടാതെ ആവർത്തന ചെലവിനത്തിൽ 6.4 ലക്ഷം രൂപ ശമ്പളത്തിനായി കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരുമായി മൂന്ന് വർഷത്തേയ്ക്ക് പങ്കിടുന്നതാണ്.

(സി) ഗ്രാമന്യായാലയം സ്ഥാപിക്കുന്നതിന് അനുയോജ്യമായ കെട്ടിടം ലഭിക്കുന്ന മുറയ്ക്ക് ഗ്രാമന്യായാലയങ്ങൾ പ്രവർത്തനം ആരംഭിക്കുന്നതാണ്.

**മനുഷ്യാവകാശ കമ്മീഷൻ**

95 3202. ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യാവകാശ കമ്മീഷനിൽ നിലവിലുള്ള ഓഫീസ് അറ്റൻഡന്റ് തസ്തികയിലേക്ക് ഡെപ്യൂട്ടേഷൻ നിയമനം നടത്തുന്നതിലേക്കായി സർക്കാരിന്റെ പരിഗണനയിലുള്ള 13949/H3/2015/Law നമ്പർ ഫയലിൽ നാളിതുവരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഡെപ്യൂട്ടേഷൻ ഫയലിൽ എന്നത്തേക്ക് അന്തിമ ഉത്തരവുണ്ടാവുമെന്ന് വ്യക്തമാക്കാമോ;

(സി) മനുഷ്യാവകാശ കമ്മീഷനിൽ നിലവിലുള്ള ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നടത്താതിരിക്കുന്നത് ഓഫീസ് പ്രവർത്തനങ്ങളെ ബാധിച്ചിട്ടുള്ളതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) സർക്കാർ വിഷയം പരിശോധിച്ചു വരികയാണ്. അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ബി) ആയതിൽ സർക്കാർ തീരുമാനം എടുക്കുന്ന മുറയ്ക്ക് അന്തിമ ഉത്തരവ് ഉണ്ടാക്കുന്നതാണ്.

(സി) മനുഷ്യാവകാശ കമ്മീഷന്റെ ഓഫീസ് പ്രവർത്തനങ്ങളെ ബാധിച്ചിട്ടില്ല.

**ഭവനപദ്ധതിപ്രകാരം പണി പൂർത്തിയാക്കാത്ത വീടുകൾ**

96 (3203) ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഭവന പദ്ധതി പ്രകാരം പണി പൂർത്തിയാക്കാത്ത ആകെ വീടുകളുടെ എണ്ണം എത്ര; ആയത് പൂർത്തീകരിക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഭവന പദ്ധതി പ്രകാരം ഓരോ വീടിനും അനുവദിച്ച തുക എത്ര; ചെലവഴിക്കാതെ ബാക്കി നിൽക്കുന്ന തുക എത്ര; വ്യക്തമാക്കാമോ;

(സി) ഓരോ വീടിനും അനുവദിച്ച തുക അപര്യാപ്തമായതിനാൽ വീട് പൂർത്തീകരിക്കാൻ സാധിക്കാതെവന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**ഭവന പദ്ധതികൾ**

97 (3204) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ എത്ര പേർക്ക് സർക്കാർ പദ്ധതികളിലൂടെ പാർപ്പിടം നല്കി; ഇപ്പോഴും പാർപ്പിടം ഇല്ലാത്ത കുടുംബങ്ങൾ എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ദുർബല വിഭാഗങ്ങൾക്കായി പ്രത്യേകം നടപ്പിലാക്കിയ ഭവന പദ്ധതികൾ ഏതൊക്കെയാണ്; പ്രസ്തുത പദ്ധതിയിൽ എത്രപേർ ഗുണഭോക്താക്കളായിട്ടുണ്ട്; വിശദമാക്കാമോ;

(സി) ലക്ഷംവീട് കോളനികളുടെ വികസനത്തിനായി നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വിശദാംശം അനുബന്ധം I* ആയി ചേർത്തിരിക്കുന്നു.

(ബി) വിശദാംശം അനുബന്ധം II* ആയി ചേർത്തിരിക്കുന്നു.

(സി) ലക്ഷംവീട് കോളനികളുടെ വികസനത്തിനായി ഭവന നിർമ്മാണ ബോർഡ് പ്രത്യേകമായ പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല. എന്നാൽ 1972-1976 കാലഘട്ടത്തിൽ നിർമ്മിച്ച ലക്ഷംവീടുകളുടെ പുനർനിർമ്മാണത്തിനായി സർക്കാർ അനുവദിച്ചിട്ടുള്ള സബ്സിഡി വിതരണം ബോർഡ് മുഖേന ചെയ്തുവരുന്നു. 2191 പേർ ടി പദ്ധതിയിൽ ഗുണഭോക്താക്കളായിട്ടുണ്ട്. കൂടാതെ ലക്ഷംവീടുകളുടെ മേൽക്കൂര പുതുക്കിപ്പണിയുന്നതിന് 10,000 രൂപ സർക്കാർ സബ്സിഡി വിതരണം ചെയ്തിട്ടുണ്ട്. 772 പേർ ടി പദ്ധതിയിൽ ഗുണഭോക്താക്കളായിട്ടുണ്ട്. നിലവിൽ തദ്ദേശ സ്വയംഭരണ വകുപ്പുമുഖേനയാണ് എം.എൻ. ലക്ഷംവീട് പുനർ നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നത്.

**ഭവന പദ്ധതികൾക്കായി ധനസമാഹരണം**

98 (3205) <u>ശ്രീ. ബെന്നി ബെഹനാൻ</u> :
<u>ശ്രീ. ജോസഫ് വാഴയ്ക്കൻ</u> :
<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> :
<u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന പദ്ധതികൾക്കായി ധനസമാഹരണം നടത്താൻ എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ഇതിനുവേണ്ടി തേടാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) നിലവിലുള്ള വിവിധ വകുപ്പുകളുടെ ഭവന നിർമ്മാണ പദ്ധതികൾ ഏകോപിപ്പിക്കാൻ നടപടികൾ എടുക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഭവന നിർമ്മാണ വകുപ്പ് മുഖേന ഭവന പദ്ധതികൾക്കായി ധനസമാഹരണം നടത്താൻ കർമ്മപദ്ധതികൾ ഒന്നുംതന്നെ ആവിഷ്കരിച്ചിട്ടില്ല. എന്നാൽ പെട്രോൾ, ഡീസൽ ഇവയുടെമേൽ ലിറ്ററിന് ഒരു രൂപ നിരക്കിൽ അധിക വിൽപ്പന നികുതി ചുമത്തിയിട്ടുണ്ട്. പ്രസ്തുത അധിക വിൽപ്പന നികുതിയുടെ 50 ശതമാനം തുക "എല്ലാവർക്കും വീട്" പദ്ധതിക്കായി മാറ്റി വയ്ക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) കേന്ദ്രസഹായങ്ങൾ തേടുവാൻ നിലവിൽ ഉദ്ദേശിച്ചിട്ടില്ല.

(സി) ഭവന രഹിതരും താഴ്ന്നവരുമാനക്കാരുമായ കേരളത്തിലെ എല്ലാവർക്കും മൂന്ന് വർഷത്തിനുള്ളിൽ 1.72 ലക്ഷം വീടുകൾ ലഭ്യമാക്കുകയെന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനായി "എല്ലാവർക്കും വീട്" എന്ന സമഗ്ര ഭവന പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി ചീഫ് സെക്രട്ടറി ചെയർമാനും ഭവന നിർമ്മാണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറും വിവിധ വകുപ്പു സെക്രട്ടറിമാർ അംഗങ്ങളായും ഉൾപ്പെട്ട ഒരു എംപവേർഡ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത എംപവേർഡ് കമ്മിറ്റിയുടെ നിയന്ത്രണത്തിൻകീഴിൽ വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതികളെല്ലാം ഏകോപിപ്പിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

**വൈക്കം നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ**

99 (3206) <u>ശ്രീ. കെ. അജിത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഭവനനിർമ്മാണ ബോർഡുവഴി വൈക്കം നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമെന്നും ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ഭവന നിർമ്മാണ വകുപ്പിന്റെ കീഴിൽ എം.എൻ. ലക്ഷം വീട് പുനരുദ്ധാരണ പദ്ധതി വഴി വൈക്കം നിയോജക മണ്ഡലത്തിൽ എത്ര വീടുകളുടെ പുനരുദ്ധാരണം കഴിഞ്ഞ 5 വർഷക്കാലയളവിൽ നടപ്പാക്കിയിട്ടുണ്ടെന്നും ഇതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) ഭവന നിർമ്മാണ വകുപ്പിന്റെ കീഴിൽ കഴിഞ്ഞ 5 വർഷത്തിനിടയിൽ വൈക്കം നിയോജക മണ്ഡലത്തിൽ അനുവദിച്ച ഏതെല്ലാം പ്രവൃത്തികളാണ് ഇനിയും പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**വിദേശ മലയാളികൾ സംസ്ഥാനത്തെത്തിച്ച വിദേശനാണ്യം**

100 (3207) ശ്രീ. എൻ .എ. നെല്ലിക്കുന്ന് :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികൾ ഈ വർഷം ഇന്ത്യയിലെത്തിച്ച വിദേശ നാണ്യത്തിൽ വിദേശ മലയാളികളുടെ പങ്കാളിത്തം എത്രത്തോളമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ വിദേശ മലയാളികൾ സംസ്ഥാനത്തെത്തിച്ച വിദേശ നാണ്യത്തിൽ എത്രത്തോളം തുക പ്രത്യുല്പാദനമേഖലയിൽ നിക്ഷേപിക്കപ്പെട്ടിട്ടുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വിദേശ മലയാളികൾ എത്തിക്കുന്ന വിദേശനാണ്യം ഫലപ്രദമായി കാർഷിക, വ്യാവസായിക മേഖലകളിൽ നിക്ഷേപിക്കുന്നതിനും, തദ്ദേശീയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സമഗ്രപദ്ധതി തയ്യാറാക്കുമോ?

ഉത്തരം

(എ) കേരളത്തിലെ വിദേശ നാണ്യ ബാങ്ക് ഡെപ്പോസിറ്റ് 2015 സെപ്റ്റംബർ 30-ലെ റിപ്പോർട്ടുകൾ പ്രകാരം 2,17,283 കോടി രൂപയാണ്. ഇത് കേരളത്തിലെ

മൊത്തം ബാങ്ക് നിക്ഷേപത്തിന്റെ 35.89 ശതമാനമാണ്. കേരളത്തിനും പുറത്തുള്ള ബാങ്കുകളിലും ഇത്തരം നിക്ഷേപം ഉണ്ടായേക്കാം. കേന്ദ്ര സർക്കാരിനുമാത്രമേ ഇക്കാര്യത്തിൽ വ്യക്തത വരുത്തുവാൻ കഴിയുകയുള്ളൂ.

(ബി) പ്രത്യുല്പാദന മേഖലയിലെ പ്രവാസി നിക്ഷേപം സംബന്ധിച്ച പഠനങ്ങൾ നടത്തിയിട്ടില്ല. കഴിഞ്ഞ അഞ്ചുവർഷത്തിൽ കെ.എസ്.ഐ.ഡി.സി.-യുടെ വായ്പാ/ഓഹരി മൂലധന സഹായത്തോടെ വിദേശ മലയാളികൾ പ്രൊമോട്ടർമാരായിട്ടുള്ള 1439.42 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(സി) കാർഷിക/കാർഷികേതര മേഖലകളിൽ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും അതുവഴി തദ്ദേശീയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സർക്കാർ വിവിധ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് എന്ന പദ്ധതിയിൻകീഴിൽ മടങ്ങി വരുന്ന പ്രവാസികൾക്ക് കാർഷിക വ്യവസായ പദ്ധതികൾ ആരംഭിക്കുന്നതിന് മൂലധന/പലിശ സബ്സിഡിയോടെ വായ്പ ലഭ്യമാക്കി വരുന്നുണ്ട്.

**റബ്ബർ വിലസ്ഥിരതാ പദ്ധതി**

101 (T*3208) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. അജിത് :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നടപ്പാക്കിയ വിലസ്ഥിരതാ പദ്ധതിയിലൂടെ ചെറുകിട റബ്ബർ കർഷകർക്ക് എത്ര രൂപ ഉറപ്പാക്കുന്നതിനാണ് തീരുമാനിച്ചിരുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

റബ്ബർ വിലസ്ഥിരതാ പദ്ധതിയിലൂടെ ചെറുകിട റബ്ബർ കർഷകർക്ക് കിലോയ്ക്ക് 150 രൂപ നിരക്കിൽ വില ഉറപ്പാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## റബ്ബറിന്റെ വിലത്തകർച്ച

102 (T*3209) ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. സാജു പോൾ :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിലത്തകർച്ചയിൽ നിന്നും റബ്ബർ കർഷകരെ രക്ഷിക്കാനായി ഈ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇതിനായി ഓരോ ഘട്ടത്തിലും നടത്തിയ പ്രഖ്യാപനങ്ങളും അവയിന്മേൽ സ്വീകരിച്ച നടപടികളും നേട്ടങ്ങളും വിശദമാക്കുമോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും റബ്ബർ സംഭരണത്തിനായി പ്രഖ്യാപിച്ച തുകയും നീക്കിവെച്ച തുകയും എത്ര വീതമായിരുന്നു; സംഭരണ ലക്ഷ്യവും നേട്ടവും വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് റബ്ബറിന്റെ ഏറ്റവും കൂടിയ ഉല്പാദനം ഏത് വർഷത്തിലായിരുന്നു; അത് എത്രയായിരുന്നു; നിലവിൽ എത്ര?

ഉത്തരം

(എ & ബി) സ്വാഭാവിക റബ്ബറിന് വില താഴ്ന്നനിന്ന സാഹചര്യത്തിൽ സ. ഉ. (എംഎസ്.) നമ്പർ 56/2014/കൃഷി തീയതി 25-2-2014 പ്രകാരമാണ് റബ്ബർ സംഭരണം ആരംഭിച്ചത്. ടി പദ്ധതിപ്രകാരം സംഭരണ ഏജൻസികളായ റബ്ബർമാർക്കും മാർക്കറ്റ്ഫെഡുമാണ് റബ്ബർ സംഭരിച്ചിട്ടുള്ളത്. ഇതിനായി 2013-14-ൽ നാല് കോടി രൂപയും 2014-15-ൽ പന്ത്രണ്ട് കോടി രൂപയും ഉൾപ്പെടെ ആകെ പതിനാറ് കോടി രൂപ പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്.

റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി സർക്കാർ 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം' നടപ്പിലാക്കി. ഈ പദ്ധതി

*T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് നിശ്ചയിക്കുന്ന ദൈനംദിന വിലസൂചികയും (Daily reference price) തമ്മിലുള്ള വില വ്യത്യാസം റബ്ബർ ബോർഡിലെ ഫീൽഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ വിൽപ്പന ബില്ലിന്റെ അടിസ്ഥാനത്തിൽ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകി വരുന്നു. ഈ പദ്ധതിയിൻകീഴിൽ RSS IV, RSS V, Latex എന്നീ തരം റബ്ബറുകൾക്കാണ് സബ്സിഡി നൽകിവരുന്നത്. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കുന്നതിനായി 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 300 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൻകീഴിൽ ഇതുവരെ 347342 റബ്ബർ കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 17-2-2016 വരെ 472472 സെയിൽസ് ബില്ലുകളിലായി 118.50 കോടി രൂപ സബ്സിഡിയിനത്തിൽ റബ്ബർ കർഷകർക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. റബ്ബർ ഉല്പാദന പ്രോത്സാഹന പദ്ധതി നടപ്പിലാക്കിയതിലൂടെ റബ്ബറിന്റെ വിലത്തകർച്ചമൂലം കർഷകർ റബ്ബർ കൃഷി ഉപേക്ഷിക്കുന്ന പ്രവണത തടയാൻ കഴിഞ്ഞിട്ടുണ്ട്.

(സി) സംസ്ഥാനത്ത് റബ്ബറിന്റെ ഏറ്റവും കൂടിയ ഉല്പാദനം 2012-13 വർഷത്തിലാണ്. 2012-13 വർഷത്തിലെ റബ്ബർ ഉല്പാദനം 800050 ടണ്ണാണ്.

മുൻ വർഷത്തിൽ (2014-15) 507700 ടൺ റബ്ബർ ഉല്പാദിപ്പിക്കുകയുണ്ടായി.

**സർക്കാർ കലണ്ടറിലെ ബാങ്ക് ഒഴിവുകൾ**

103 (3210) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ലെ സർക്കാർ കലണ്ടറിൽ ബാങ്ക് ഒഴിവുകൾ പ്രത്യേകമായി സൂചിപ്പിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ ഇതര കലണ്ടറുകളിൽ രണ്ടാം ശനിയാഴ്ചയും (ഗവൺമെന്റ് & റിസർവ് ബാങ്ക് നിയന്ത്രണത്തിലുള്ളവ) നാലാം ശനിയാഴ്ചയും ( റിസർവ് ബാങ്ക് നിയന്ത്രണത്തിലുള്ള) ബാങ്കുകൾക്ക് പുതുതായി പ്രഖ്യാപിച്ചിട്ടുള്ള അവധി ദിനങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അടുത്ത വർഷം അച്ചടിക്കുന്ന സർക്കാർ കലണ്ടറുകളിൽ മേൽപ്പറഞ്ഞ അവധി ദിനങ്ങൾ പ്രത്യേകമായി അച്ചടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വിശേഷദിനങ്ങളിലെ ബാങ്ക് അവധിദിനങ്ങൾ മുൻവർഷങ്ങളിലേതു പോലെ 2016-ലെ കലണ്ടറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വരും വർഷങ്ങളിൽ ഈ ആവശ്യം പരിഗണിക്കാവുന്നതാണ്.

**വിമാനക്കമ്പനി**

104 (T*3211) ശ്രീ. എം. എ. ബേബി :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എ. പ്രദീപ്കുമാർ :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അധികാരമേറ്റയുടനെ സംസ്ഥാനത്തിന്റെ സ്വന്തം വിമാനക്കമ്പനി സ്ഥാപിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നോ; വിശദാംശങ്ങൾ നൽകാമോ;

(ബി) വിമാനക്കമ്പനി സ്ഥാപിക്കുന്നതിലേക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം;

(സി) കമ്പനിയുടെ ആദ്യ വിമാനം എന്ന് പറപ്പിക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്; തുടർ നടപടികളുടെ പര്യവസാനം അറിയിക്കാമോ; പ്രഖ്യാപനം യാഥാർത്ഥ്യമായോ?

ഉത്തരം

(എ - സി) പ്രവാസിമലയാളികൾ പ്രത്യേകിച്ച് ഗൾഫ് മേഖലയിൽ തൊഴിൽ ചെയ്യുന്ന പ്രവാസി മലയാളികളുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ കണക്കിലെടുത്ത് സർക്കാരിന്റെ പങ്കാളിത്തത്തോടെ ഒരു ബഡ്ജറ്റ് എയർലൈൻ മുഖാന്തരം കുറഞ്ഞ ചെലവിലുള്ള യാത്രാസൗകര്യം ഏർപ്പെടുത്തണമെന്ന ഉദ്ദേശ്യലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ 'എയർ കേരള' എന്ന പദ്ധതി എയർ കേരള ഇന്റർ നാഷണൽ സർവ്വീസ് കമ്പനി മുഖേന നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ കമ്പനിയുടെ ബോർഡ്, ഏണസ്റ്റ് & യംഗ് എന്ന കൺസൾട്ടന്റ് സമർപ്പിച്ച പദ്ധതി

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

റിപ്പോർട്ടിനെ അടിസ്ഥാനമാക്കി അന്താരാഷ്ട്ര മേഖലയിൽ പ്രവർത്തിക്കാൻ കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചശേഷം എയർകേരള എയർലൈൻ സർവ്വീസ് ആരംഭിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. സംസ്ഥാനത്ത് മൂന്ന് പ്രധാന വിമാനത്താവളങ്ങളായ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എയർപോർട്ടുകളും ദക്ഷിണേന്ത്യയിലെ മറ്റു വിമാനത്താവളങ്ങളായ കോയമ്പത്തൂർ, മധുര, തൃച്ചി, ബാംഗ്ലൂർ, ചെന്നൈ വിമാനത്താവളങ്ങളും ബന്ധിച്ചാണ് പദ്ധതി വിഭാവന ചെയ്തിരിക്കുന്നത്. കേന്ദ്രസർക്കാരിന്റെ നിലവിലുള്ള നിബന്ധനകൾ പ്രകാരം അന്താരാഷ്ട്ര സർവ്വീസുകൾ നടത്തുന്നതിന് കുറഞ്ഞത് അഞ്ച് കൊല്ലത്തെ ആഭ്യന്തര മേഖലയിലെ പരിചയവും, 20 വിമാനങ്ങളും കമ്പനിക്കാവശ്യമാണ്. കമ്പനിക്ക് പ്രവർത്തനം ആരംഭിക്കാൻ ഈ വ്യവസ്ഥകൾ ഇളവ് ചെയ്ത് നൽകണമെന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്രവ്യോമയാന മന്ത്രാലയത്തിന്റെ മറുപടി ലഭ്യമായെങ്കിൽ മാത്രമേ മറ്റുകാര്യങ്ങളിൽ തീരുമാനമെടുക്കാൻ കഴിയൂ. അന്തർദ്ദേശീയ വ്യോമയാന മേഖലയിലെ ദീർഘകാല പ്രവൃത്തി പരിചയം കണക്കിലെടുത്ത് സിയാലിന്റെ നേതൃത്വത്തിൽ 'AIR KERALA' എന്ന പേരിൽ International Budget Airline അനുവദിക്കുന്നതിന് ആവശ്യമായ ഇളവുകളും അനുമതിയും നൽകുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രത്തോട് നിരന്തരമായി ആവശ്യപ്പെട്ടുവരുന്നു.

**ബാർ തൊഴിലാളികളുടെ സംരക്ഷണം**

105 (3212) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യനയത്തിന്റെ ഭാഗമായി തൊഴിൽ നഷ്ടപ്പെട്ട ഫോർ സ്റ്റാർ, ത്രീ സ്റ്റാർ ബാറുകളിലെ എല്ലാ തൊഴിലാളികളെയും സംരക്ഷിക്കുന്നതിന് സാദ്ധ്യമായിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇവരുടെ പുനരധിവാസത്തിന് വിദേശ മദ്യഷോപ്പുകൾ വഴി വിൽക്കുന്ന മദ്യത്തിന്മേൽ എത്ര ശതമാനം സെസ്സ് ചുമത്തിയിരുന്നു; ഇതുവഴി ഇതിനകം സമാഹരിച്ച വരുമാനം എത്രയാണ്; ഈ തുക പുനരധിവാസത്തിന് വിനിയോഗിച്ചിട്ടുണ്ടോ;

(സി) തൊഴിൽ നഷ്ടപ്പെട്ടവർ എത്രയായിരുന്നു; എന്തെല്ലാം നിലയിലുള്ള നഷ്ടപരിഹാരമാണ് തീരുമാനിക്കപ്പെട്ടിരുന്നത്?

<u>ഉത്തരം</u>

(എ) മദ്യനയത്തിന്റെ ഭാഗമായി അടച്ചുപൂട്ടിയ ബാർ ഹോട്ടലുകളിലെ എല്ലാ തൊഴിലാളികൾക്കും ജോലി നൽകണമെന്ന വ്യവസ്ഥയിന്മേലാണ് ടി ഹോട്ടലുകൾക്ക് എഫ്.എൽ-11 ബിയർ/വൈൻ പാർലർ ലൈസൻസ് അനുവദിച്ചു നൽകിയത്.

(ബി) തൊഴിലാളികളുടെ പുനരധിവാസത്തിനായി മദ്യവിൽപ്പനയിന്മേൽ അഞ്ച് ശതമാനം സെസ്സ് ചുമത്തിയിട്ടുണ്ട്. ഈയിനത്തിൽ ഇതിനകം (ഡിസംബർ 2015 വരെ) മുന്നൂറ്റിയമ്പത് കോടി എൺപത്തിയെട്ട് ലക്ഷം രൂപ സമാഹരിച്ചിട്ടുണ്ട്. ഈ തുകയിൽ നിന്നും അടച്ചുപൂട്ടിയ ബാർ ഹോട്ടലുകളിലെ 5851 തൊഴിലാളികൾക്ക് ആദ്യ ഗഡു സമാശ്വാസധനമായി 5,000 രൂപാ വീതവും 5809 തൊഴിലാളികൾക്ക് രണ്ടാം ഗഡു സമാശ്വാസധനമായി 10,000 രൂപാ വീതവും ആത്മഹത്യ ചെയ്ത മൂന്ന് രജിസ്റ്റേർഡ് തൊഴിലാളികളുടെ ആശ്രിതർക്ക് രണ്ടുലക്ഷം രൂപാ വീതവും വിതരണം ചെയ്തിട്ടുണ്ട്.

(സി) അടച്ചുപൂട്ടിയ ബാർ ഹോട്ടലുകളിൽ 6966 രജിസ്റ്റേർഡ് തൊഴിലാളികളുണ്ടായിരുന്നുവെന്നാണ് നാളിതുവരെ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. അടച്ചുപൂട്ടിയ ബാർ ഹോട്ടലുകളിലെ തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് കൂടി വേണ്ടിയാണ് അത്തരം ഹോട്ടലുകളിൽ ബിയർ/വൈൻ പാർലറുകൾ അനുവദിച്ചത്. ടി ഹോട്ടലുകളിലെ രജിസ്റ്റേർഡ് തൊഴിലാളികൾക്ക് സമാശ്വാസധനമായി ആദ്യഗഡു 5,000 രൂപയും രണ്ടാം ഗഡു 10,000 രൂപയും ഇതിനകം തന്നെ നൽകിയിട്ടുണ്ട്. കൂടാതെ ആത്മഹത്യ ചെയ്ത രജിസ്റ്റേർഡ് തൊഴിലാളികളുടെ ആശ്രിതർക്ക് രണ്ട് ലക്ഷം രൂപ വീതം ഇതിനകം ആറ് ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്.

## സ്കൂൾ പാഠ്യപദ്ധതി

106 (3213) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ.എസ്.ശബരീനാഥൻ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പാഠ്യപദ്ധതിയിൽ ലഹരി മരുന്ന് ബോധവല്ക്കരണ പാഠങ്ങൾ ഉൾപ്പെടുത്തുന്നതിന് വിദ്യാഭാസ വകുപ്പുമായി ചേർന്ന് കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

### ഉത്തരം

(എ) ലഹരി വിരുദ്ധ ആശയങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി എസ്.സി.ഇ.ആർ.ടി.-യുടെ ശിപാർശപ്രകാരം സ്കൂൾ കരിക്കുലം കമ്മിറ്റി തീരുമാനം അനുസരിച്ച് 2014-15 അദ്ധ്യയന വർഷത്തിൽ 1, 3, 5, 7, 11 ക്ലാസ്സുകളിൽ ലഹരിവിരുദ്ധ ആശയങ്ങൾ അടങ്ങിയ പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. 2015-16 അദ്ധ്യയനവർഷത്തിൽ 2, 4, 6, 8, 12 ക്ലാസ്സുകളിലും 2016-17 അദ്ധ്യയന വർഷം 9, 10 ക്ലാസ്സുകളിലും ലഹരി വിരുദ്ധ ആശയങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ലഹരി വസ്തുക്കളുടെ ഉപയോഗംമൂലമുണ്ടാകുന്ന ദൂഷ്യവശങ്ങളേയും ആരോഗ്യ പ്രശ്നങ്ങളേയും കുറിച്ച് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുക, അതിലൂടെ ലഹരി വിമുക്തമായതും ആരോഗ്യപൂർണ്ണവുമായ ഒരു പുതുതലമുറയെ വാർത്തെടുക്കുക എന്നിവയാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യം വയ്ക്കുന്നത്.

(സി) സ്കൂൾ തലങ്ങളിൽ പാഠ്യവിഷയത്തിൽ ലഹരി വിരുദ്ധ ബോധവൽകരണ ആശയങ്ങൾ അടങ്ങിയ പാഠഭാഗം ഉൾക്കൊള്ളിക്കുന്നതിന്റെ ഭാഗമായി എസ്.സി.ഇ.ആർ.ടി.യുടെ ശിപാർശ പ്രകാരം സ്കൂൾ കരിക്കുലം കമ്മിറ്റി തീരുമാനമനുസരിച്ച് 7, 8 ക്ലാസ്സുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. വരുന്ന അദ്ധ്യയന വർഷത്തിൽ 9, 10 ക്ലാസ്സുകളിലും ലഹരി വിരുദ്ധ ആശയങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നുണ്ട്. കൂടാതെ ഹയർ സെക്കണ്ടറി ഇംഗ്ലീഷ് പാഠപുസ്തകത്തിലും ഫസ്റ്റ് ഇയർ ഹോം സയൻസിലും ലഹരിവിരുദ്ധ ആശയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ലഹരിവിരുദ്ധ സന്ദേശം സ്കൂൾ വിദ്യാർത്ഥികളിൽ എത്തിക്കുന്നതിന് അദ്ധ്യാപകർക്കുവേണ്ടി "അതിജീവനം" എന്ന കൈപ്പുസ്തകം എസ്.സി.ഇ.ആർ.ടി.യിലൂടെ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്.

### അബ്കാരി നിയമപ്രകാരം രജിസ്റ്റർ ചെയ്ത കേസ്സുകൾ

107 (3214) <u>ഡോ. കെ. ടി. ജലീൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ സംസ്ഥാനത്ത് അബ്കാരി നിയമപ്രകാരം എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ കാലയളവിൽ അനധികൃത സ്പിരിറ്റ് കടത്തിൽ ഏർപ്പെട്ട എത്ര വാഹനങ്ങൾ പിടിച്ചെടുത്തിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) ഈ കാലയളവിൽ ഇത്തരം വാഹനങ്ങളിൽ നിന്നും എത്ര ലിറ്റർ സ്പിരിറ്റാണ് പിടിച്ചെടുത്തിട്ടുള്ളത് ; ജില്ല, റേഞ്ച്, ചെക്ക്പോസ്റ്റ് എന്നിവ തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(ഡി) ഈ കാലയളവിൽ ഇത്തരം കേസ്സുകളിൽ എത്ര പേർ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്; വ്യക്തമാക്കുമോ;

(ഇ) 2014-15, 2015-16 സാമ്പത്തിക വർഷത്തിൽ ഇവ ഓരോന്നും എത്ര വീതമെന്ന് പ്രത്യേകം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ സംസ്ഥാനത്ത് അബ്കാരി നിയമപ്രകാരം 63686 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| *ജില്ല* | *കേസ്സുകളുടെ എണ്ണം* |
|---|---|
| തിരുവനന്തപുരം | 6099 |
| കൊല്ലം | 6686 |
| പത്തനംതിട്ട | 3800 |
| ആലപ്പുഴ | 5180 |
| കോട്ടയം | 4133 |
| ഇടുക്കി | 2555 |
| എറണാകുളം | 5945 |
| തൃശ്ശൂർ | 4863 |
| പാലക്കാട് | 5074 |
| മലപ്പുറം | 4797 |
| കോഴിക്കോട് | 4424 |
| വയനാട് | 2239 |
| കണ്ണൂർ | 5151 |
| കാസർഗോഡ് | 2703 |
| ആകെ | ** Expression is faulty ** |

(ബി) ഈ കാലയളവിൽ അനധികൃത സ്പിരിറ്റ് കടത്തിൽ ഏർപ്പെട്ട 145 വാഹനങ്ങൾ പിടിച്ചെടുത്തിട്ടുണ്ട്.

(സി) ഈ കാലയളവിൽ ഇത്തരം വാഹനങ്ങളിൽ നിന്നും 1,05,291 ലിറ്റർ സ്പിരിറ്റാണ് പിടിച്ചെടുത്തിട്ടുള്ളത്. ജില്ല, റേഞ്ച്, ചെക്ക്പോസ്റ്റ് എന്നിവ തിരിച്ചുള്ള വിവരം അനുബന്ധം ആയി ചേർക്കുന്നു.*

(ഡി) ഇത്തരം സ്പിരിറ്റ് കേസ്സുകളിൽ ആലപ്പുഴ ഡിവിഷനിൽ നാല് പേരും എറണാകുളം ഡിവിഷനിൽ രണ്ടുപേരും പാലക്കാട് ഡിവിഷനിൽ മൂന്ന് പേരും ശിക്ഷിക്കപ്പെട്ടിട്ടുണ്ട്. ബാക്കിയുള്ള കേസ്സുകൾ കോടതിയുടെ പരിഗണനയിലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) 2014-15 വർഷത്തിൽ എറണാകുളം ഡിവിഷനിൽ രണ്ടുപേരും പാലക്കാട് ഡിവിഷനിൽ രണ്ട് പേരും ശിക്ഷിക്കപ്പെട്ടിട്ടുണ്ട്. 2015-16 വർഷത്തിൽ പാലക്കാട് ഡിവിഷനിൽ ഒരാൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്. ബാക്കിയുള്ള കേസ്സുകൾ കോടതിയുടെ പരിഗണനയിലാണ്.

## വ്യാജമദ്യ കേസ്സുകൾ

108 (3215) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യാജമദ്യം ഉൽപ്പാദിപ്പിച്ചതിനും കൈകാര്യം ചെയ്തതിനും ഓരോ വർഷവും എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ;

(സി) പ്രസ്തുത വകുപ്പിൽ ഏതെല്ലാം തസ്തികകളിലായി എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) എക്സൈസ് വകുപ്പിന്റെ പ്രവർത്തനം എല്ലാ മാസവും താലൂക്ക്/ജില്ലാ/മേഖല/ സംസ്ഥാനതലത്തിൽ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുകൂട്ടി വിലയിരുത്തുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

(ബി)

| *ജില്ല* | *2011* | *2012* | *2013* | *2014* | *2015* | *2016* |
|---|---|---|---|---|---|---|
| *1* | *2* | *3* | *4* | *5* | *6* | *7* |
| തിരുവനന്തപുരം | 144 | 135 | 108 | 89 | 96 | 12 |
| കൊല്ലം | 65 | 61 | 35 | 34 | 73 | 9 |
| പത്തനംതിട്ട | 34 | 47 | 26 | 23 | 35 | 12 |
| ആലപ്പുഴ | 66 | 106 | 123 | 121 | 68 | 6 |
| കോട്ടയം | 1 | 12 | 7 | 14 | 22 | 4 |
| ഇടുക്കി | 18 | 28 | 17 | 28 | 52 | 10 |
| എറണാകുളം | 8 | 9 | 4 | 9 | 10 | 1 |
| തൃശ്ശൂർ | 42 | 30 | 32 | 51 | 53 | 13 |

| *1* | *2* | *3* | *4* | *5* | *6* | *7* |
|---|---|---|---|---|---|---|
| പാലക്കാട് | 145 | 166 | 153 | 140 | 140 | 18 |
| മലപ്പുറം | 51 | 61 | 31 | 19 | 51 | 15 |
| കോഴിക്കോട് | 169 | 185 | 166 | 153 | 409 | 98 |
| വയനാട് | 42 | 50 | 71 | 66 | 88 | 15 |
| കണ്ണൂർ | 48 | 70 | 45 | 49 | 28 | 6 |
| കാസർഗോഡ് | 166 | 240 | 180 | 219 | 243 | 56 |
| ആകെ | 999 | 1200 | 998 | 1015 | 1368 | 275 |

(സി) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

**കാസർഗോഡ് ജില്ലയിൽ എക്സൈസ് ഗാർഡുമാരുടെ റാങ്ക് ലിസ്റ്റ്**

109 (3216) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ എക്സൈസ് ഗാർഡിന്റെ റാങ്ക് ലിസ്റ്റ് നിലവിൽ വന്ന് മാസങ്ങൾ കഴിഞ്ഞിട്ടും എക്സൈസ് വകുപ്പിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണവും എക്സൈസ് വകുപ്പിൽ നിയമന നിരോധനം നിലവിലുണ്ടോയെന്നും വ്യക്തമാക്കാമോ?

ഉത്തരം

3-8-2015-ന് നിലവിൽ വന്ന കാസർഗോഡ് ജില്ലാ സിവിൽ എക്സൈസ് ഓഫീസർ റാങ്ക് ലിസ്റ്റിൽനിന്നും നിയമനത്തിനായി നാല് ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. നിയമന നിരോധനം സർക്കാർ നയമല്ല.

**സ്വീപ്പറായി ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മിനിമം വേതനം**

110 (3217) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ഔട്ട്ലെറ്റുകളിൽ സ്വീപ്പർമാരായി ജോലി ചെയ്തുവരുന്ന തൊഴിലാളികൾക്ക് നിലവിൽ ഏത് നിരക്കിലാണ് വേതനം നൽകിവരുന്നതെന്ന് വിശദമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇവർക്ക് മണിക്കൂർ അടിസ്ഥാനത്തിൽ മിനിമം വേതനം ലഭ്യമാക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) മാനുഷിക പരിഗണനയിൽ പ്രസ്തുത തൊഴിലാളികൾക്ക് മിനിമം ശമ്പളം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ കീഴിലുള്ള ഔട്ട്‌ലെറ്റുകളിലെ ശുചീകരണ ജോലിക്ക് പ്രാദേശികമായി ഷോപ്പ് ഇൻ ചാർജ്ജിന്റെ ഉത്തരവാദിത്വത്തിൽ നിയോഗിക്കുന്ന തൊഴിലാളികൾക്ക് മുനിസിപ്പൽ പ്രദേശത്ത് മണിക്കൂറിൽ 40 രൂപയും പഞ്ചായത്ത് പ്രദേശത്ത് മണിക്കൂറിൽ 36 രൂപയും നൽകി വരുന്നു. കൂടാതെ ടി ശുചീകരണ ജോലികൾ കർശനമായും പരമാവധി ഒരു മണിക്കൂറായി നിജപ്പെടുത്തിയിട്ടുമുണ്ട്.

(ബി) എച്ച്.ആർ.എം.പി. 6198/2014-ാം നമ്പർ പെറ്റീഷനിലെ 2014 നവംബർ മാസം 17-ാം തീയതിയിലെ നടപടിക്രമത്തിൽ മണിക്കൂർ അടിസ്ഥാനത്തിൽ മിനിമം വേതനം ലഭ്യമാക്കണമെന്ന് മനുഷ്യാവകാശ കമ്മീഷനിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ടി തീയതിക്ക് മുമ്പ് തന്നെ മിനിമം വേതനം ലഭ്യമാക്കിയിരുന്നു.

(സി) കെ.എസ്.ബി.സി.യിൽ മിനിമം വേതന ചട്ടപ്രകാരമുള്ള കൂലിയാണ് കോർപ്പറേഷന്റെ ചില്ലറ വില്പനശാലകളിലെ ശുചീകരണ തൊഴിലാളികൾക്ക് നൽകുന്നത്.

**തുറമുഖം വഴിയുള്ള ചരക്കുനീക്കം**

111 (3218) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖങ്ങൾ വഴിയുള്ള ചരക്കുനീക്കത്തിന്റെ ചാർജ്ജ് നിശ്ചയിക്കുന്നത് ആരാണ് എന്ന് വ്യക്തമാക്കാമോ;

(ബി) കൊച്ചി തുറമുഖം വഴിയുള്ള ചരക്കുനീക്കത്തിന് ചാർജ്ജ് കൂടുതലാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ ചാർജ്ജ് വീണ്ടും വർദ്ധിപ്പിക്കുന്നതിനുള്ള നീക്കം നടക്കുന്നതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരത്തിൽ ചാർജ്ജ് അടിക്കടി വർദ്ധിപ്പിക്കുന്നത് ഈ തുറമുഖം വഴിയുള്ള ചരക്കുനീക്കത്തെ ബാധിക്കുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കാമോ;

(ഇ) തുറമുഖങ്ങൾവഴിയുള്ള ചരക്കുനീക്കം പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളത്തിലെ നോൺ മേജർ തുറമുഖങ്ങൾ വഴിയുള്ള ചരക്കുനീക്കത്തിന്റെ നിരക്ക് നിശ്ചയിക്കുന്നത് കേരള സർക്കാരും തുറമുഖ വകുപ്പും ചേർന്നാണ്. മേജർ തുറമുഖങ്ങളിലെ ചരക്കുനീക്കത്തിന്റെ നിരക്ക് നിശ്ചയിക്കുന്നത് കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയത്തിനുകീഴിലുള്ള താരിഫ് അതോറിറ്റി ഫോർ മേജർ പോർട്ട്സ് (TAMP) ആണ്.

(ബി) കൊച്ചിൻ പോർട്ട്സ് വഴിയുള്ള ചരക്ക് നീക്കത്തിന് ചാർജ് കൂടുതലാണെന്ന പരാതികളൊന്നും തന്നെ തുറമുഖവകുപ്പിൽ ലഭിച്ചിട്ടില്ല.

(സി & ഡി) 10-7-2013 മുതൽ 31-3-2015 വരെ പ്രാബല്യത്തിൽ വരത്തക്കവിധമാണ് അവസാനമായി നിരക്ക് പുതുക്കിയത്. ഇക്കാര്യത്തിന് തീരുമാനമെടുക്കേണ്ടത് താരിഫ് അതോറിറ്റി ഫോർ മേജർ പോർട്ട്സ് (TAMP) ആണ്.

(ഇ) കേരളത്തിലെ നോൺ മേജർ തുറമുഖങ്ങൾ വഴിയുള്ള ചരക്കുനീക്കം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കോസ്റ്റൽ ഷിപ്പിംഗിന് ഇൻസെന്റീവ് ഏർപ്പെടുത്തിയിട്ടുണ്ട്.

**വിഴിഞ്ഞം തുറമുഖം**

112 (3219) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാകുന്നതോടുകൂടി നികുതിയിനത്തിൽ എത്രമാത്രം വരുമാനമാണ് പ്രതീക്ഷിക്കുന്നത്;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് മുഖേന എത്രപേർക്ക് ജോലി നല്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(സി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് അടിസ്ഥാനമേഖലയിൽ എത്ര തുകയുടെ വികസന പ്രവർത്തനങ്ങളാണ് നടക്കുന്നത്;

(ഡി) ചെറു തുറമുഖങ്ങളുടെ നവീകരണത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നിർമ്മാണഘട്ടത്തിലും നിർവ്വഹണ ഘട്ടത്തിലും പ്രത്യക്ഷ-പരോക്ഷ നികുതിയിനത്തിലൂടെ ഗണ്യമായ വരുമാനം സംസ്ഥാന സർക്കാരിന് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നതിനനുസരിച്ച് മാത്രമേ ഇതുസംബന്ധിച്ച കൃത്യമായ കണക്കെടുപ്പ് നടത്തുവാനാകൂ.

(ബി) പദ്ധതിയുടെ നിർമ്മാണഘട്ടത്തിലും നടത്തിപ്പുഘട്ടത്തിലും നേരിട്ടുള്ള തൊഴിലവസരങ്ങൾ കൂടാതെ അനേകം തൊഴിലവസരങ്ങൾ പരോക്ഷമായി സൃഷ്ടിക്കപ്പെടും. തുറമുഖത്തിനോടനുബന്ധിച്ച് അനുബന്ധ വ്യവസായങ്ങളായ കണ്ടെയ്നർ ഹാൻഡ്‌ലിംഗ്, ലോജിസ്റ്റിക് എന്നിവ വളരും. ഒരു തുറമുഖത്തിന്റെ വരവോടുകൂടി അത് സൃഷ്ടിക്കുന്ന സാമ്പത്തിക പുരോഗതിയിലും ഉൽപ്പാദന ക്ഷമതയുടെ വർദ്ധനവിലും ആകൃഷ്ടരായി നിരവധി പുതിയ വ്യവസായ സംരംഭങ്ങൾ പദ്ധതി പ്രദേശത്ത് ഉണ്ടാകുന്നതുമൂലം നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും. നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നതനുസരിച്ച് മാത്രമേ തൊഴിൽ ലഭ്യതയുടെ കണക്കെടുപ്പ് നടത്തുവാനാകൂ.

(സി) പദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് അടിസ്ഥാന മേഖലയിൽ താഴെപ്പറയുന്ന തുകയുടെ വികസന പ്രവർത്തനങ്ങളാണ് നടക്കുന്നത്;

1. പി.പി.പി. ഘടകം ഉൾപ്പെട്ട നിർമ്മാണ പ്രവർത്തനം - 5552 കോടി രൂപ
2. ബാഹ്യ അടിസ്ഥാനസൗകര്യങ്ങളായ ഭൂമി, വെള്ളം, വൈദ്യുതി, റെയിൽ - 2148 കോടി രൂപ

3. പോർട്ട് എസ്റ്റേറ്റ് ഡെവലപ്പ്മെന്റ് തുറമുഖത്തിന്റെ ഒപ്പം തന്നെ തുറമുഖത്തിന് സമീപമുള്ള പ്രദേശങ്ങളുടെ സമഗ്രമായ വികസനം ലക്ഷ്യമാക്കിയുള്ള തുറമുഖേതര പ്രവർത്തനം. ഇതിന് ആവശ്യമായ തുക പൂർണ്ണമായി ചെലവഴിക്കുന്നത് കൺസഷണയർ ആണ്.

(ഡി) ചെറുതുറമുഖങ്ങളുടെ നവീകരണത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു:

1. **വിഴിഞ്ഞം തുറമുഖം**

തുറമുഖ നവീകരണവുമായി ബന്ധപ്പെട്ട് വിഴിഞ്ഞം സീവേർഡ് പുലിമുട്ടിന്റെ പുനരുദ്ധാരണത്തിനായി 408 ലക്ഷം രൂപയുടെ ഭരണാനുമതിപ്രകാരം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 520 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതുപ്രകാരം ലീവേർഡ് പുലിമുട്ടിന് മുമ്പിലുള്ള വാർഫ് എക്സ്റ്റൻഷൻ പ്രവൃത്തി പുരോഗമിക്കുന്നു. 1035 ലക്ഷം രൂപയുടെ ഭരണാനുമതിപ്രകാരം സീവേർഡ് ഭാഗത്തെ വാർഫ് എക്സ്റ്റൻഷൻ പ്രവൃത്തി ഏർപ്പാടാക്കിയിട്ടുണ്ട്. വിഴിഞ്ഞം തുറമുഖത്ത് ട്രാൻസിറ്റ് ഷെഡ് പുനരുദ്ധാരണപ്രവൃത്തി പുരോഗമിക്കുന്നു. കൂടാതെ സീവേർഡ്, ലീവേർഡ് വാർഫുകളിൽ ടയർ ഫെൻഡർ സ്ഥാപിക്കൽ, ഷെൽട്ടർ റൂം നിർമ്മാണം എന്നിവ ഏർപ്പാടാക്കിവരുന്നു. വിഴിഞ്ഞത്ത് ചാനൽ മാർക്കിംഗ് ബോയകൾ സ്ഥാപിക്കുന്നതിനായി ലഭിച്ച ടെണ്ടർ സർക്കാരിന്റെ പരിഗണനയിലാണ്.

2. **വലിയതുറ തുറമുഖം**

വലിയതുറ പോർട്ട് ഗോഡൗൺ നവീകരിക്കുന്നതിന് പ്രവൃത്തി ആരംഭിച്ചു. വലിയതുറ പിയറിന്റെ സൈഡ്‌വാൾ നിർമ്മാണം ഏർപ്പാടാക്കിവരുന്നു.

3. **തങ്കശ്ശേരി തുറമുഖം**

തങ്കശ്ശേരി പോർട്ടിന്റെ നവീകരണത്തിനായി കേന്ദ്രസർക്കാർ ASIDE സ്കീമിൽ അംഗീകരിച്ച 12.8 കോടി രൂപയുടെ ഭരണാനുമതിയിൽ ഉൾപ്പെടുത്തി 62.5 മീറ്റർ നീളത്തിൽ വാർഫ്, കണ്ടെയ്നർ യാർഡ്, പള്ളിത്തോട്ടം-വാടി റോഡ് എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു.

തങ്കശ്ശേരി കാർഗോ ബർത്ത് രണ്ടാംഘട്ട വികസനത്തിനായി 338.25 ലക്ഷം രൂപയുടെ ഭരണാനുമതിയിൽ ഉൾപ്പെടുത്തി കസ്റ്റംസ് ഇലക്ട്രോണിക് ഡാറ്റ സർവ്വീസ് സെന്റർ, കണ്ടെയ്നർ യാർഡ്, ഇലക്ട്രിഫിക്കേഷൻ, ഓവർഹെഡ് ടാങ്ക്, ഗ്രൗണ്ട് ലെവൽ സമ്പ്, ലേലപ്പുര, വർക്കേഴ്സ് റസ്റ്റ് റൂം, ടോയ്‌ലെറ്റ് ബ്ലോക്ക്, അൺലോഡിംഗ് ഏരിയ എന്നിവ നിർമ്മിച്ചു. പോർട്ട് ഏരിയയ്ക്ക് ചുറ്റുമതിലും നിർമ്മിച്ചു. 100 ടൺ കപ്പാസിറ്റിയുള്ള വെയ്ബ്രിഡ്ജ് സ്ഥാപിച്ചു. തുറമുഖത്തിന്റെ മൂന്നാം ഘട്ടവികസനവുമായി ബന്ധപ്പെട്ട് നാഷണൽ ഹൈവേയുമായി ബന്ധപ്പെടുത്തി കൊല്ലം പോർട്ടിൽ നിന്ന് കൊച്ചുപിലാമൂട് ജംഗ്ഷൻ വരെയുള്ള റോഡിന്റെ നിർമ്മാണത്തിനായി പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. കാർഗോ-കം-പാസഞ്ചർ ടെർമിനലിന്റെ നിർമ്മാണത്തിനായി 20 കോടി രൂപയുടെ ഭരണാനുമതി നൽകിയത് പ്രകാരം പ്രവൃത്തി ഏർപ്പാടാക്കിവരുന്നു. കൂടാതെ തുറമുഖ നവീകരണത്തിനായി 80 ലോക്കർ മുറികളുടെ നിർമ്മാണം, 290 ലക്ഷം രൂപയുടെ ഭരണാനുമതി പ്രകാരം പള്ളിത്തോട്ടം മുതൽ വാടി വരെയുള്ള റോഡിന്റെ പുനരുദ്ധാരണം എന്നിവ ക്രമീകരിച്ചിട്ടുണ്ട്.

4. **അഴീക്കൽ തുറമുഖം**

അഴീക്കൽ തുറമുഖത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് 270.20 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയ പദ്ധതിയിൽ 226 മീറ്റർ നീളത്തിൽ കേബിൾ ഡക്ട്, കൺട്രോൾ മുറി, നദീതീര സംരക്ഷണ പ്രവൃത്തികൾ, വാർഫിന്റെ പുറകിലുള്ള യാർഡ് ഫില്ലിംഗ്, ചുറ്റുമതിൽ, വൈദ്യുതീകരണം എന്നീ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കോമ്പൗണ്ട് വാൾ പൂർത്തീകരിച്ചു. കേബിൾ ഡക്ടിന്റെ നിർമ്മാണം, നദീതീര സംരക്ഷണ പ്രവൃത്തി, യാർഡ് ഫില്ലിംഗ്, പേവിംഗ് എന്നീ ഘടകങ്ങൾ 86 ശതമാനം പൂർത്തീകരിച്ചു. തുറമുഖ നവീകരണത്തിനായി നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി വെയർഹൗസ് നിർമ്മിക്കുന്നതിന് 891.36 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അഴീക്കൽ തുറമുഖത്ത് ഒരു ഷിപ്പ് ബിൽഡിംഗ് സെന്റർ നിർമ്മിക്കുന്നതിലേയ്ക്കായി പഠനം നടത്തി വരുന്നു. കൂടാതെ കൊടുങ്ങല്ലൂർ തുറമുഖത്ത് 10000 കേവ് ഭാരമുള്ള വെസ്സലുകൾ അടുപ്പിക്കാനുതകുന്ന രീതിയിൽ 160 X 16 m വാർഫ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

5. **പൊന്നാനി തുറമുഖം**

പൊന്നാനി തുറമുഖം പി.പി.പി. മോഡലിൽ വികസിപ്പിക്കുന്നതിന് M/s. മലബാർ പോർട്ട്സ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി ലീസ് എഗ്രിമെന്റ് ഒപ്പുവച്ചു കഴിഞ്ഞു. പോർട്ട് ഉദ്യോഗസ്ഥർക്കായുള്ള ക്വാർട്ടേഴ്സ് നിർമ്മാണം ഏർപ്പാടാക്കി വരുന്നു.

6. **ബേപ്പൂർ തുറമുഖം**

ബേപ്പൂർ/കോഴിക്കോട് തുറമുഖത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള അനുബന്ധ പ്രവൃത്തികൾക്കായി 160.55 ലക്ഷം രൂപയുടെ ഭരണാനുമതി പ്രകാരം 8 പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി ഏർപ്പാടാക്കിയിട്ടുണ്ട്. ഇതിൽ കോഴിക്കോട് പോർട്ട് ഓഫീസ് പരിസര വികസനം, ബേപ്പൂർ പോർട്ട് വാർഫിൽ ടയർ ഫെൻഡർ സ്ഥാപിക്കൽ, ഇലക്ട്രോണിക് വേയ്ബ്രിഡ്ജ് സ്ഥാപിക്കൽ എന്നിവ പൂർത്തീകരിച്ചു. വാർഫിനോട് ചേർന്നുള്ള യാർഡ്, റീസർഫസിംഗ് എന്നിവ പുരോഗമിക്കുന്നു. മറ്റു പ്രവൃത്തികളായ സെക്യൂരിറ്റി ചെക്കിംഗ് റൂം, റെസ്റ്റ് റൂം, വാച്ച് ടവർ എന്നിവ ഏർപ്പാടാക്കിയിട്ടുണ്ട്. കൂടാതെ 160 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയത് പ്രകാരം ബേപ്പൂർ തുറമുഖത്തിലെ ഫേഷ്യാവാൾ പുനരുദ്ധാരണ പ്രവൃത്തികളും 62.5 ലക്ഷം രൂപയുടെ ഭരണാനുമതിപ്രകാരം യാർഡ് ബലപ്പെടുത്തൽ പ്രവൃത്തികളും ഏർപ്പാടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ബേപ്പൂർ തുറമുഖത്ത് വാർഫ് നിർമ്മിക്കുന്നത് സംബന്ധിച്ച് പരിസ്ഥിതി ആഘാത പഠനം ഐ.ഐ.റ്റി ചെന്നൈ നടത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ബേപ്പൂരിൽ union Territory of Lakshadweep-നായി Dedicated Berth സ്ഥാപിക്കുന്നതിന് ലക്ഷദ്വീപുമായി ലീസ് എഗ്രിമെന്റ് ഒപ്പുവച്ചു.

7. **ആലപ്പുഴ തുറമുഖം**

ആലപ്പുഴ തുറമുഖത്ത് മറീന നിർമ്മാണം, ബീച്ച് സൗന്ദര്യവൽക്കരണം, അടിസ്ഥാനസൗകര്യ വികസനം എന്നിവ പി.പി.പി. മോഡലിൽ നടപ്പിലാക്കുന്നതിന് ഡിലോയിറ്റ് എന്ന കൺസൾട്ടന്റ് സമർപ്പിച്ച ആർ.എഫ്.പി., കൺസഷൻ എഗ്രിമെന്റ്, ഡി.പി.ആർ. എന്നിവ സർക്കാർ പരിഗണനയിലാണ്. കൂടാതെ ആലപ്പുഴ തുറമുഖത്ത് പാസഞ്ചർ ടെർമിനൽ നിർമ്മിക്കുന്നതിന് മുന്നോടിയായുള്ള ഇ.ഐ.എ. സ്റ്റഡി കിറ്റ്കോയുടെ നേതൃത്വത്തിൽ നടന്നുവരുന്നു.

ചെറുകിട തുറമുഖങ്ങൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചു. ഇതിന്റെ ഭാഗമായി ആദ്യ നടപടി എന്ന നിലയ്ക്ക് വിഴിഞ്ഞം, കൊല്ലം, അഴീക്കൽ, ബേപ്പൂർ എന്നീ തുറമുഖങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ തീരുമാനിച്ചു. തുറമുഖങ്ങളിൽ കണ്ടെയ്നർ മുതലായവ കൈകാര്യം ചെയ്യുന്നതിന് ആവശ്യമായ നവീന ഉപകരണങ്ങളിൽപ്പെട്ട ക്രെയിനുകൾ, ഫോർക്ക് ലിഫ്റ്റുകൾ, റീച്ച് സ്റ്റാക്കറുകൾ മുതലായവ വാങ്ങി സ്ഥാപിച്ചു. തുറമുഖങ്ങളിൽ ഷിപ്പിംഗ് പ്രവർത്തനങ്ങൾക്കാവശ്യമായ 750 HP ടഗ്ഗ് ഒരെണ്ണം വാങ്ങി കമ്മീഷൻ ചെയ്തിട്ടുണ്ട്. പുതിയ 2000 HP ടഗ്ഗ് രണ്ടെണ്ണം വാങ്ങുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അഴീക്കൽ, ബേപ്പൂർ തുറമുഖങ്ങളിൽ വെസ്സൽ ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം സ്ഥാപിച്ചുകഴിഞ്ഞു. പോർട്ടുകളിലെ ബെയിസിനിലും ചാനലിലും ആഴം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 20 കോടി രൂപ ചെലവാക്കി ഒരു കട്ടർ സക്ഷൻ ഡ്രെഡ്ജർ വാങ്ങിയിട്ടുണ്ട്. കൂടാതെ തുറമുഖങ്ങളിലെ ഷിപ്പിംഗ് പ്രവർത്തനങ്ങൾ സുഗമമായി നടപ്പിലാക്കാൻ നാല് പട്രോൾ-കം-പൈലറ്റ് ബോട്ടുകൾ വാങ്ങുന്നതിനായുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.

## രാമന്തളി നടപ്പാലം നിർമ്മാണം

113 (3220) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ്-കണ്ണൂർ ജില്ലകളെ ബന്ധിപ്പിക്കുന്ന രാമന്തളി നടപ്പാലം നിർമ്മാണം സംബന്ധിച്ച നടപടി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും പ്രസ്തുത പാലത്തിന്റെ പണി എന്നാരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

### ഉത്തരം

കാസർഗോഡ് ജില്ലയിലെ രാമന്തളി വലിയപറമ്പ നടപ്പാലത്തിന്റെ നിർമ്മാണത്തിന് 750 ലക്ഷം രൂപയുടെ ഭരണാനുമതി നബാർഡ് RIDF-XVI-ൽ ഉൾപ്പെടുത്തി സർക്കാരിൽ നിന്നും നൽകിയിരുന്നു.

അതനുസരിച്ച് പ്രവൃത്തിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ച സാഹചര്യത്തിൽ സ്ഥലം എം.എൽ.എ, പഞ്ചായത്ത് അധികൃതർ, മറ്റു ജനപ്രതിനിധികൾ എന്നിവർ ഇടപെടുകയും നടപ്പാലത്തിനുപകരം ഒരു സിംഗിൾ ലെയിൻ ബ്രിഡ്ജാണ് ആവശ്യമെന്ന് അറിയിക്കുകയുമുണ്ടായി.

അതനുസരിച്ച് ടി ബ്രിഡ്ജിന്റെ 22 കോടി രൂപ വരുന്ന പുതുക്കിയ പ്രൊപ്പോസൽ RIDF-XXI-ൽ ഉൾപ്പെടുത്തി നബാർഡിന്റെ അംഗീകാരം ലഭ്യമാക്കുവാൻ കഴിയുമോയെന്ന കാര്യം പരിശോധിച്ചു വരുന്നു.

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി**

114(3221) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി പ്രവർത്തനങ്ങൾക്കായി സംസ്ഥാന ഗവൺമെന്റ് നാളിതുവരെ ആകെ എത്ര തുക ചെലവഴിച്ചുവെന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം ആവശ്യങ്ങൾക്കായി എത്ര തുക വീതം ചെലവഴിക്കുകയുണ്ടായെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾക്കായി 2011-12 സാമ്പത്തികവർഷം മുതൽ 2015-16 വരെ എത്ര തുക വീതം ഓരോ വർഷവും സംസ്ഥാന സർക്കാർ വിഹിതമായി ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 646 കോടി രൂപ ചെലവഴിച്ചു.

(ബി) വിഴിഞ്ഞം പദ്ധതിക്കായി ചെലവഴിച്ച തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| *ക്രമ നമ്പർ* | *വിവരങ്ങൾ* | *തുക (കോടിയിൽ)* |
|---|---|---|
| 1 | ഭൂമി ഏറ്റെടുക്കൽ | 538 |
| 2 | അടിസ്ഥാന സൗകര്യ വികസനം | |
| | (a) വെള്ളം | 7 |
| | (b) വൈദ്യുതി | 51 |
| | (c) റെയിൽ | 4 |
| 3 | പദ്ധതിക്കായുള്ള സാങ്കേതിക പഠനങ്ങൾ, പാരിസ്ഥിതികാഘാത പഠനങ്ങൾ, ലീഗൽ കൺസൾട്ടൻസി, അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ | 46 |
| | ആകെ | 646 |

(സി) വിഴിഞ്ഞം പദ്ധതി പ്രവർത്തനങ്ങൾക്കായി 2011-12 സാമ്പത്തിക വർഷം മുതൽ 2015-16 വരെ ഓരോ വർഷവും സംസ്ഥാന സർക്കാർ വിഹിതമായി ചെലവഴിച്ച തുക താഴെ പറയും വിധമാണ്:

| *ക്രമനമ്പർ* | *സാമ്പത്തിക വർഷം* | *തുക (കോടിയിൽ)* |
|---|---|---|
| 1 | 2011-12 | 228.32 |
| 2 | 2012-13 | 69.14 |
| 3 | 2013-14 | 229.66 |
| 4 | 2014-15 | 19.18 |
| 5 | 2015-16 | 10.46 |
| | മൊത്തം | 556.76 |

**വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങൾ**

115 (3222) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് നടത്തിയ അനുബന്ധ വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; അടിയന്തരമായി എത്ര പേർക്ക് തൊഴിൽ നൽകുവാൻ സാധിച്ചിട്ടുണ്ട്;

(ബി) കേരളത്തിലെ മറ്റേതെങ്കിലും തുറമുഖ വികസനവുമായി ബന്ധപ്പെട്ട് പുതിയ വികസന പദ്ധതി ആരംഭിക്കുവാൻ സാധിച്ചിട്ടുണ്ടോ?

ഉത്തരം

(എ) വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയ അനുബന്ധ വികസന പ്രവർത്തനങ്ങൾ താഴെപ്പറയുന്നവയാണ്:

1. വെള്ളം

3.3 എം.എൽ.ഡി.ശേഷിയുള്ള പ്ലാന്റ് നിർമ്മാണം പൂർത്തിയാക്കി കമ്മിഷൻ ചെയ്തു. ഇതിൽനിന്നും തദ്ദേശീയരുടെ കുടിവെള്ള ആവശ്യങ്ങളും നിർവ്വഹിക്കപ്പെടുന്നു.

2. വൈദ്യുതി

പ്രസരണശൃംഖലയുടെ നിർമ്മാണം പുരോഗമിക്കുന്നു.

യന്ത്രവൽകൃത ഡ്രെഡ്ജിംഗും ബ്രേക്ക് വാട്ടറിലേക്കുള്ള റോഡുമാണ് നിലവിൽ നടക്കുന്ന മുഖ്യ നിർമ്മാണ പ്രവർത്തനങ്ങൾ. അതിന് അനുപാതമായി 197 പേർക്ക് നിർമ്മാണമേഖലയിൽ തൊഴിൽ ലഭിക്കുന്നുണ്ട്. ഈ മേഖലയിൽ നിർമ്മാണം പുരോഗമിക്കുന്നതനുസരിച്ച് തൊഴിലവസരങ്ങൾ കൂടുന്നതാണ്. തുറമുഖ നടത്തിപ്പുമായി ബന്ധപ്പെട്ട തൊഴിലവസരങ്ങൾ, അനുബന്ധ വികസന രംഗത്തുള്ള തൊഴിലവസരങ്ങൾ ഇവ തുറമുഖം പ്രാവർത്തികമാകുന്ന മുറയ്ക്ക് ലഭ്യമാകും.

(ബി) തുറമുഖ വികസനത്തിന്റെ ഭാഗമായി തുറമുഖങ്ങളിൽ കൂടിയുള്ള കയറ്റിറക്കുമതി പ്രവർത്തനങ്ങൾ സൗകര്യപ്രദമാക്കുന്നതിനുള്ള എല്ലാവിധ ആധുനിക സജ്ജീകരണങ്ങളും ഏറെക്കുറെ ഏർപ്പെടുത്തുകയും കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ കേരളത്തിലെ തുറമുഖങ്ങളിലൂടെ പാസഞ്ചർ സർവ്വീസ് നടത്തുന്നതിന് ആവശ്യമായ നടപടികളും പൊന്നാനി തുറമുഖം പി.പി.പി. മോഡലിൽ വികസിപ്പിക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കൊല്ലം പോർട്ടിൽ ഒരു സിമന്റ് ടെർമിനൽ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശത്തിന് അംഗീകാരം നൽകിയിട്ടുമുണ്ട്.

## വക്കം-അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കായിക്കരപാലത്തിന്റെ എസ്റ്റിമേറ്റ്

116 (3223) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വക്കം - അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കായിക്കര പാലം നിർമ്മാണത്തിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റിൻമേൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) എത്ര തുകയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്നും നിർമ്മാണ പ്രവർത്തനം ആരംഭിക്കുവാൻ കാലതാമസം നേരിടുന്നതിന് കാരണമെന്തെന്നും വിശദമാക്കാമോ?

### ഉത്തരം

(എ & ബി) വക്കം-അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കായിക്കര പാലം നിർമ്മിക്കുന്നതിന് 1925 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് (2012 എസ്.ഒ.ആർ. പ്രകാരം) നബാർഡ് ധനസഹായ പദ്ധതിയിലുൾപ്പെടുത്തുന്നതിന്

നടപടി സ്വീകരിച്ചു. എന്നാൽ ടി പ്രവൃത്തിയുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലം പഞ്ചായത്ത് അധികാരികൾ ഏറ്റെടുത്ത് ലഭ്യമാക്കിയില്ല. പഞ്ചായത്ത് സ്ഥലം ലഭ്യമാക്കിയാലുടൻ തന്നെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നബാർഡിന്റെ ധനസഹായപദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**ഹാർബർ എഞ്ചിനീയറിംഗ് കാര്യക്ഷമമാക്കുന്നതിന് പദ്ധതി**

117 (3224) ശ്രീ. കെ. അച്ചുതൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാർബർ എഞ്ചിനീയറിംഗ് ശക്തിപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും കർമ്മപദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഹാർബർ എഞ്ചിനീയറിംഗ് മേഖല ശക്തിപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും കർമ്മപദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. തീരദേശ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കിക്കൊണ്ട് മത്സ്യബന്ധന തുറമുഖങ്ങളുടെ വികസനം, മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളുടെ വികസനം, തീരദേശ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണം/നവീകരണം എന്നിവ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി തൃശ്ശൂർ ഒഴികെ തീരദേശമുള്ള എല്ലാ ജില്ലകളിലും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയ ങ്ങളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൊല്ലത്തും ബേപ്പൂരും (കോഴിക്കോട്) ഗവേഷണ പഠന കേന്ദ്രങ്ങൾ, ഗുണനിലവാര പരിശോധനാ കേന്ദ്രങ്ങൾ എന്നിവയുമായുള്ള ഇൻവെസ്റ്റിഗേഷൻ സബ് ഡിവിഷൻ കാര്യാലയങ്ങളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

തുറമുഖ-ഫിഷറീസ്-ടൂറിസം വകുപ്പുകളുടെ സർവ്വീസ് വകുപ്പായ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഇപ്പോൾ തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന തീരദേശ മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുള്ള സർവ്വീസ് വകുപ്പായും പ്രവർത്തിച്ചുവരുന്നു.

പദ്ധതി പ്രവൃത്തികളുടെ പുരോഗതി നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമായി ഐ-പ്രൊമിസ് പ്രോഗ്രാം നടപ്പിലാക്കിയതിനുപുറമേ എസ്റ്റിമേറ്റുകൾ കുറ്റമറ്റ രീതിയിലും വേഗത്തിലും തയ്യാറാക്കുന്നതിന് പ്രൈസ് സോഫ്റ്റ്‌വെയർ നടപ്പിലാക്കിവരുന്നു. കൂടാതെ ഈ വകുപ്പിന്റെ മാനുവൽ പരിഷ്കരിക്കുന്ന നടപടികൾ നടന്നുവരുന്നു. മാത്രവുമല്ല അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിൽ എസ്റ്റിമേറ്റ് തുക വരുന്ന പ്രവൃത്തികൾ ഇ-ദർഘാസ് മുഖേനയാക്കിയതുവഴി വളരെ കുറഞ്ഞ സമയത്തിനുള്ളിൽ മത്സരസ്വഭാവമുള്ള ഓഫറുകൾ ലഭിക്കുവാനിടയാക്കി ഇവയൊന്നും കൂടാതെ ഇഫക്ടീവ് മാനേജ്മെന്റ് ഇൻ ലെറ്റർ ഓഫ് ക്രെഡിറ്റ് ഇഷ്യൂവൽ സംവിധാനം ഏർപ്പെടുത്തിയതുവഴി യഥാസമയത്തിനും മുൻഗണനാ ക്രമത്തിലും കരാറുകാർക്ക് പേയ്മെന്റ് ശിപാർശ ചെയ്യുവാനും സാധിക്കുന്നു.

(ബി) തീരദേശ മേഖലയുടെ സമഗ്രമായ വികസനവും ഉന്നമനവും കൈവരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) പദ്ധതികൾ യഥാസമയം നടപ്പിലാക്കുവാൻ എല്ലാ മാസവും വിവിധതലങ്ങളിൽ അവലോകനയോഗങ്ങൾ നടത്തി പ്രശ്നങ്ങൾ പരിഹരിച്ച് നിശ്ചിത കാലാവധിക്കുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ഓലക്കീൽക്കടവ് പാലം**

118 (3225) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പയ്യന്നൂർ മണ്ഡലത്തിലെ രാമന്തളി ഗ്രാമപഞ്ചായത്തിനെയും കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി ഗ്രാമപഞ്ചായത്തിനെയും ബന്ധിപ്പിക്കുന്ന തീരദേശ മേഖലയിലെ ജനങ്ങൾക്ക് ഉപകാരപ്രദമായ ഓലക്കീൽക്കടവ് പാലം നിർമ്മിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രാഥമിക പഠനം നടത്തുന്നതിനായി 10 ലക്ഷം രൂപ ചെലവ് വരുന്ന ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് അനുമതിക്കായി 10-7-2013-ന് സർക്കാരിൽ സമർപ്പിച്ചിരുന്നുവെങ്കിലും ഇതുവരെ ഭരണാനുമതി ലഭിച്ചിട്ടില്ല. 11-7-2014-ലെ സബ്മിഷന് മറുപടിയായി ബഹു. മന്ത്രി പ്രസ്തുത എസ്റ്റിമേറ്റിന് ഉടനെ അനുമതി നൽകാമെന്ന് പറഞ്ഞിരുന്നു. ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) കണ്ണൂർ ജില്ലയിലെ പയ്യന്നൂർ മണ്ഡലത്തിലെ രാമന്തളി ഗ്രാമപഞ്ചായത്തിലെ ഓലക്കീൽക്കടവിൽ പാലം പണിയുന്നതിന്റെ പ്രാഥമിക പഠനം നടത്തുന്നതിനായി പത്ത് ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ സമർപ്പിച്ചിരുന്നു. എന്നാൽ ടി പദ്ധതിക്ക് നബാർഡിന്റെ അംഗീകാരം കിട്ടിയിട്ടില്ലാത്തതിനാൽ പ്രസ്തുത പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന്റെ ചെലവ് RIDF ശീർഷകത്തിൽ വഹിക്കുവാൻ കഴിയുകയില്ല. ആയതിനാൽ ഈ ചെലവ് ഉചിതമായ മറ്റ് ശീർഷകത്തിൽ (non-plan) നിന്നും കണ്ടെത്തുവാൻ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുന്നതാണ്.

## ഭൂരഹിതരും-ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്കുള്ള ഫ്ലാറ്റ്

119 (3226) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരും-ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഫ്ലാറ്റ് നിർമ്മാണത്തിന് കർമ്മ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഭൂരഹിതരും ഭവനരഹിതരുമായ തെരഞ്ഞെടുക്കപ്പെടുന്ന 450 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം കണ്ടെത്തി ഫ്ലാറ്റ് നിർമ്മിച്ച് നൽകുന്ന ഭൂരഹിത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന പദ്ധതിക്ക് 2014-15 സാമ്പത്തിക വർഷം 48.75 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഭൂരഹിത/ഭവനരഹിരായ 450 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് അവരുടെ ആവാസവ്യവസ്ഥയെ പ്രതികൂലമായി ബാധിക്കാത്ത തരത്തിലും ഭൂമിയുടെ ലഭ്യതക്കുറവ് പരിഗണിച്ചും ഫ്ലാറ്റ് പോലുള്ള സുരക്ഷിത പാർപ്പിടം ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

(സി) ഭൂരഹിത മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവനപദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ തിരുവനന്തപുരം വലിയതുറയിൽ തിരുവനന്തപുരം നഗരസഭ വിട്ടുനൽകിയ 42.45 സെന്റ് സ്ഥലത്ത് 32 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടിയുള്ള ഫ്ലാറ്റ് നിർമ്മാണം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ആരംഭിക്കുകയും ഇതിൽ എട്ട് ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണം പൂർത്തിയായ എട്ട് ഫ്ലാറ്റുകളിലേയ്ക്കുള്ള ഗുണഭോക്താക്കളെ ജില്ലാതല മാനേജ്മെന്റ് കമ്മിറ്റി നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കുകയും ടിയാളുകൾക്ക് ഫ്ലാറ്റ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മറ്റു സ്ഥലങ്ങളിൽ ഫ്ലാറ്റ് നിർമ്മിക്കുന്നതിന് വേണ്ട സ്ഥലം കണ്ടെത്തി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**ഭവനങ്ങളുടെ അറ്റകുറ്റപ്പണി**

120 (3227) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. പി. എ. മാധവൻ</u> :
<u>ശ്രീ. ആർ. സെൽവരാജ്</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ ഭവനങ്ങളുടെ അറ്റകുറ്റപ്പണിക്ക് കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ ഭവന അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകുന്നതിനായി ഈ സർക്കാരിന്റെ കാലത്ത് 13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ്, സംയോജിത മത്സ്യഗ്രാമവികസന പദ്ധതി (2013-14), മത്സ്യമേഖലയുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും

(2015-16) എന്നിവയിൽ ഉൾപ്പെടുത്തി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. 13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് മുഖേന 1000 മത്സ്യത്തൊഴിലാളി ഭവനങ്ങളും സംയോജിത മത്സ്യഗ്രാമവികസന പദ്ധതി പ്രകാരം 1000 മത്സ്യത്തൊഴിലാളി ഭവനങ്ങളുടെയും മത്സ്യമേഖലയുടെ അടിസ്ഥാന സൗകര്യവികസനവും മാനവശേഷി വികസന പദ്ധതിപ്രകാരം 3800 മത്സ്യത്തൊഴിലാളി ഭവനങ്ങളും അറ്റകുറ്റപ്പണി നടത്തി നവീകരിക്കുന്നതിനുള്ള ധനസഹായമാണ് നൽകുന്നത്. മേൽപ്പറഞ്ഞതു കൂടാതെ 13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് മുഖേനയുള്ള കോളനി നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുത്ത ഫിഷർമെൻ കോളനികളിലെ 921 മത്സ്യത്തൊഴിലാളി ഭവനങ്ങൾ അറ്റകുറ്റപ്പണി നടത്തുന്നതിനും ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) മത്സ്യത്തൊഴിലാളികളുടെ ഭവനങ്ങളുടെ കാലപ്പഴക്കത്താലുള്ള ജീർണ്ണത പരിഹരിച്ച് സുരക്ഷിത ജീവിതസാഹചര്യം ഒരുക്കുക എന്നതാണ് ഉദ്ദേശ്യലക്ഷ്യം. ഇങ്ങനെ ഭവനങ്ങൾ അറ്റകുറ്റപ്പണി നടത്തി ശക്തിപ്പെടുത്തുന്നതിനായി യൂണിറ്റിന് 50,000 രൂപ വീതമാണ് അനുവദിക്കുന്നത്.

(സി) മേൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ തുക ബന്ധപ്പെട്ട ജില്ലാ ഫിഷറീസ് ഓഫീസർക്ക് സമയബന്ധിതമായി അനുവദിക്കുകയും നിർവ്വഹണത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും പദ്ധതിപ്രവർത്തന പുരോഗതികൾ ഡിപ്പാർട്ട്മെന്റ്/സർക്കാർ തലത്തിൽ എല്ലാ മാസത്തിലും വിലയിരുത്തുകയും ചെയ്യുന്നു.

## മത്സ്യത്തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി മുഖേന ധനസഹായം

121 (3228) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ധനസഹായം ലഭിക്കാൻ എന്തെല്ലാം കർമ്മപദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ - സി) ഫിഷറീസ് വകുപ്പ് മുഖേന മത്സ്യത്തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയൊന്നും നടപ്പാക്കുന്നില്ല.

## മീൻപിടിത്തത്തിനിടയിൽ മരിക്കുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് ധനസഹായം

122 (3229) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മീൻപിടിത്തത്തിനിടയിൽ മരിക്കുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് ധനസഹായത്തിന് കർമ്മപദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) സംസ്ഥാനത്ത് മീൻപിടിത്തത്തിനിടയിൽ മരിക്കുന്ന മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് (ആശ്രിതർക്ക്) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേനയും മത്സ്യഫെഡ് മുഖേനയും താഴെപ്പറയുന്ന പദ്ധതികൾപ്രകാരം ധനസഹായം നൽകി വരുന്നുണ്ട്:

1. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിപ്രകാരം അപകട മരണത്തിനും മത്സ്യബന്ധനത്തിനിടയിൽ കാണാതാകുന്നവരുടെ ആശ്രിതർക്കും 5,00,000 രൂപ ധനസഹായം നൽകി വരുന്നു.

2. മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ മത്സ്യത്തൊഴിലാളികൾ മരണപ്പെടുന്ന സന്ദർഭങ്ങളിൽ അവരുടെ ആശ്രിതർക്ക് ആശ്വാസ ധനസഹായമായി 50,000 രൂപ നൽകിവരുന്നു. കൂടാതെ ആം ആദ്മി ബീമാ യോജന പദ്ധതിപ്രകാരം അപകടമരണത്തിന് 75,000 രൂപയും സ്വാഭാവിക മരണത്തിന് 30,000 രൂപയും ധനസഹായം നൽകുന്നു.

3. നിർദ്ദിഷ്ട പ്രീമിയം തുക അടച്ച് പദ്ധതിയിൽ അംഗങ്ങളാകുന്ന മത്സ്യത്തൊഴിലാളികൾക്ക് മത്സ്യഫെഡ് മുഖേന നിലവിലുള്ള ഇൻഷ്വറൻസ് പദ്ധതിപ്രകാരം അപകടമരണത്തിന് 5 ലക്ഷം രൂപയും മരണാനന്തര ചടങ്ങുകൾക്കായി 2,500 രൂപയും മരിച്ച മത്സ്യത്തൊഴിലാളിയുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായമായി പരമാവധി 10,000 രൂപയും (ഒരാളിന് 5,000 രൂപ വീതം) വ്യവസ്ഥകൾക്ക് വിധേയമായി നൽകിവരുന്നു. ടി പദ്ധതിയിൽ അംഗമായിട്ടുള്ളവർക്ക് അപകടത്തിൽ അംഗവൈകല്യം സംഭവിച്ചാൽ അതിന്റെ ശതമാനം അനുസരിച്ച് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്.

4. മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായിട്ടുള്ള മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനിടയിൽ ഹൃദയാഘാതം, ഉയർന്ന് രക്തസമ്മർദ്ദം, മസ്തിഷ്കാഘാതം എന്നിവമൂലം മരിച്ചാൽ അവ ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടാത്തതിനാൽ അവരുടെ ആശ്രിതർക്ക് മത്സ്യഫെഡ് ചെയർമാന്റെ ദുരിതാശ്വാസനിധിയിൽ നിന്നും നിബന്ധനകൾക്ക് വിധേയമായി ഒരു ലക്ഷം രൂപ വീതം ധനസഹായം നൽകുന്നു.

(ബി) സമൂഹത്തിന്റെ താഴെത്തട്ടിലുള്ള മത്സ്യത്തൊഴിലാളി വിഭാഗത്തിന്റെ സാമൂഹ്യപുരോഗതിയും സുരക്ഷിതത്വവും ഉറപ്പുവരുത്തുകയെന്ന ഉദ്ദേശ്യലക്ഷ്യത്തോടെയാണ് ടി പദ്ധതികൾ നടപ്പിലാക്കി വരുന്നത്.

(സി) മത്സ്യബന്ധനത്തിനിടയിൽ മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ഇൻഷ്വറൻസ് ധനസഹായം നൽകുന്നതിനായി കാലാകാലങ്ങളിൽ ഇൻഷ്വറൻസ് പുതുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

കേരളാ സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് ഡിപ്പാർട്ടുമെന്റുമായി ചേർന്ന് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി 17-12-2015 മുതൽ ഒരുവർഷത്തേയ്ക്ക് പുതുക്കിയിട്ടുണ്ട്. നിലവിൽ മത്സ്യത്തൊഴിലാളികൾക്കായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ആം ആദ്മി ബീമായോജന പദ്ധതിയുടെ കാലാവധി 10-4-2016 വരെയുണ്ട്. മത്സ്യഫെഡ് മുഖേന നടപ്പ് സാമ്പത്തികവർഷം (2015-16) യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് നടപ്പിലാക്കുന്ന ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതിക്ക് 2016 മാർച്ച് വരെ പ്രാബല്യമുണ്ട്.

**തീരദേശ മാലിന്യനിർമ്മാർജ്ജനത്തിന് പദ്ധതി**

123 (3230) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തീരദേശ മാലിന്യ നിർമ്മാർജ്ജനത്തിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

തീരദേശ മാലിന്യ നിർമ്മാർജ്ജനത്തിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി 2012-13-ൽ ഉൾപ്പെടുത്തി കൊല്ലം കോർപ്പറേഷനിലെ തങ്കശ്ശേരിയിൽ തുമ്പൂർമൂഴി മാതൃകയിലുള്ള എയറോബിക് ബിന്നുകൾ സ്ഥാപിക്കുന്നതിന് 20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതി നിർവ്വഹണത്തിനായി കൊല്ലം കോർപ്പറേഷന് പദ്ധതി തുക കൈമാറുകയും ചെയ്തു. കൂടാതെ സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി 2013-14-ൽ ഉൾപ്പെടുത്തി അടിമലത്തുറയിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി 28.50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പദ്ധതിക്കായി സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതാണ്.

എന്നാൽ വ്യക്തിഗത മാലിന്യ നിർമ്മാർജ്ജനത്തിലൂടെ ശുചിത്വമായ സാമൂഹിക അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി മത്സ്യത്തൊഴിലാളികൾക്ക് ടോയ്‌ലെറ്റ് നിർമ്മിക്കുന്നതിനുള്ള ധനസഹായം അനുവദിക്കുന്നതിനായി വിവിധ പദ്ധതികൾ ഫിഷറീസ് വകുപ്പ് മുഖേനയും തീരദേശ വികസന കോർപ്പറേഷൻ മുഖേനയും നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ തീരദേശ വികസന കോർപ്പറേഷൻ മുഖേന തീരദേശ മേഖലയിൽ പബ്ലിക് ടോയ്‌ലെറ്റുകളും നിർമ്മിച്ച് നൽകുന്നുണ്ട്.

**വ്യക്തിഗത ടോയ്‌ലെറ്റ് നിർമ്മാണ ധനസഹായ പദ്ധതി**

| *ക്രമ നമ്പർ* | *പദ്ധതിയുടെ പേര്* | *യൂണിറ്റുകളുടെ എണ്ണം* |
|---|---|---|
| 1 | 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് മാതൃകാ മത്സ്യഗ്രാമം യൂണിറ്റ് കോസ്റ്റ് 20,000 രൂപ | 5450 |
| 2 | 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് യൂണിറ്റ് കോസ്റ്റ് 17,500 രൂപ | 2762 |
| 3 | സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി യൂണിറ്റ് കോസ്റ്റ് 17,500 രൂപ | 3013 |
| 4 | മത്സ്യമേഖലയുടെ അടിസ്ഥാന സൗകര്യവികസനവും മാനവശേഷി വികസനവും യൂണിറ്റ് കോസ്റ്റ് 17,500 രൂപ | 3600 |
| | **ആകെ** | ** Expressio |

**n is faulty**
******

മേൽപ്പറഞ്ഞവ കൂടാതെ തീരദേശ വികസന കോർപ്പറേഷൻ മുഖേന സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുക്കപ്പെട്ട മത്സ്യഗ്രാമങ്ങളിൽ 3525 എണ്ണം വ്യക്തിഗത ടോയ്‌ലെറ്റ് നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

**പബ്ലിക് ടോയ്‌ലെറ്റുകൾ**

| *ക്രമ നമ്പർ* | *പദ്ധതിയുടെ പേര്* | *യൂണിറ്റുകളുടെ എണ്ണം* |
|---|---|---|
| 1 | സംയോജിത മത്സ്യഗ്രാമവികസന പദ്ധതി (2012-13) (2013-14) (2014-15) | 34 |
| 2 | മത്സ്യമേഖലയുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും (2015-16) | 1 |
| | **ആകെ** | **35** |

**തീരദേശ കുടുംബങ്ങൾക്ക് കുടിവെള്ളം**

124 (3231) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ കുടുംബങ്ങൾക്ക് കുടിവെള്ളം ഉറപ്പാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) കുടിവെള്ളം ഉറപ്പാക്കിയിട്ടില്ലാത്ത എത്ര കുടുംബങ്ങൾ നിലവിലുണ്ട്; വിശദാംശം നല്കുമോ?

<u>ഉത്തരം</u>

(എ) തീരദേശ കുടുംബങ്ങൾക്ക് കുടിവെള്ളം ഉറപ്പാക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ മത്സ്യഗ്രാമങ്ങളിൽ ഏകദേശം 93.1388 കോടി രൂപയുടെ 82 കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതിൽ 31 എണ്ണം പൂർത്തീകരിച്ച് പ്രവർത്തനസജ്ജമായിക്കഴിഞ്ഞു.

(ബി) 2010 സാമ്പത്തികവർഷത്തിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ് നടത്തിയ സർവ്വേപ്രകാരം 9 തീരദേശ ജില്ലകളിലെ ഏകദേശം 29000 വീടുകൾക്ക് കുടിവെള്ള ആവശ്യകത കണ്ടെത്തിയിരുന്നു. ഫിഷറീസ്

വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന വിവിധ കുടിവെള്ള പദ്ധതിയിലൂടെ സംസ്ഥാനത്തെ മത്സ്യഗ്രാമങ്ങളിലെ ഏകദേശം 70 ശതമാനം കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## വൈക്കം നിയോജകമണ്ഡലത്തിലെ മത്സ്യബന്ധന തുറമുഖ വകുപ്പുകളുടെ പ്രവർത്തനം

125 (3232) <u>ശ്രീ. കെ. അജിത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മത്സ്യബന്ധന തുറമുഖ വകുപ്പിനുകീഴിൽ എന്തെല്ലാം പദ്ധതികളാണ് വൈക്കം നിയോജകമണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ളതെന്നും ഇതിനായി എത്ര കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) വൈക്കം നിയോജകമണ്ഡലത്തിൽ മത്സ്യബന്ധനവകുപ്പ് വഴി നടപ്പാക്കിയ പദ്ധതികളിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണെന്നും ഇതിനായി എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) മത്സ്യബന്ധന വകുപ്പ് വഴി വൈക്കം നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികളിൽ ഏതെല്ലാം പദ്ധതികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും പൂർത്തീകരിക്കാനുള്ളതെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) <u>ഫിഷറീസ് വകുപ്പ്</u>: ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈക്കം നിയോജകമണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

1. ഭവന നിർമ്മാണ പദ്ധതി
2. ഭവന പുനരുദ്ധാരണ പദ്ധതി
3. സാനിറ്റേഷൻ പദ്ധതി
4. ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി
5. ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ സമാശ്വാസ പദ്ധതി
6. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്ന പദ്ധതി എന്നിവയാണ്.

ഇതിനായി ആകെ 6,18,16,438 രൂപ (ആറ് കോടി പതിനെട്ടുലക്ഷത്തി

പതിനാറായിരത്തി നാന്നൂറ്റിമുപ്പത്തെട്ട് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. മത്സ്യമേഖലയുടെ അടിസ്ഥാനസൗകര്യ വികസനവും മാനവശേഷി വികസനവും എന്നതിൽപ്പെടുത്തി 2015-16 സാമ്പത്തികവർഷം വൈക്കം കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനായി 13.88 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി ലഭിക്കുകയും പദ്ധതി നിർവ്വഹണത്തിനായി ടി തുക കേരള വാട്ടർ അതോറിറ്റിക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന വൈക്കം നിയോജകമണ്ഡലത്തിൽ താഴെപ്പറയുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകി നടപ്പിലാക്കി വരുന്നു:

1. സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി 2014-15

<u>വൈക്കം മത്സ്യഗ്രാമം</u>

| *പദ്ധതി* | *അടങ്കൽ തുക (ലക്ഷത്തിൽ)* | *ചെലവഴിച്ച തുക (ലക്ഷത്തിൽ)* |
|---|---|---|
| കുടിവെള്ളം | 98.00 | 98.00 |
| വൈദ്യുതീകരണം | 42.09 | 42.09 |
| ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (2 എണ്ണം) | 16.00 | ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു |
| പബ്ലിക് ടോയ്‌ലെറ്റ് | 24.00 | ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു |
| ജീവനോപാധി സഹായം | 18.00 | ഗുണഭോക്തൃ തെരഞ്ഞെടുപ്പ് പുരോഗമിക്കുന്നു |

1. ആധുനിക മത്സ്യമാർക്കറ്റ് നിർമ്മാണ പദ്ധതിയിലുൾപ്പെടുത്തി ദേശീയ മത്സ്യ വികസന ബോർഡിന്റെ 90 ശതമാനം ധനസഹായത്തോടെ 162.24 ലക്ഷം രൂപ അടങ്കൽ തുകയിൽ വൈക്കം ആധുനിക മത്സ്യമാർക്കറ്റ് നിർമ്മിക്കുവാൻ ഭരണാനുമതി ലഭിക്കുകയും പദ്ധതി പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാകുകയും ചെയ്തു. നാളിതുവരെ 144.22 ലക്ഷം രൂപ ചെലവഴിച്ചു.

2. 2014-15 സാമ്പത്തിക വർഷത്തിൽ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി തലയാഴം അങ്കണവാടി നിർമ്മാണം - 20 ലക്ഷം രൂപ

ചെമ്പ് തോട് പുനരുദ്ധാരണം - 65 ലക്ഷം രൂപ

പദ്ധതികൾ ടെണ്ടർ ചെയ്ത് വർക്ക് ആരംഭിച്ചു.

ഫിർമവഴി നടപ്പിലാക്കിയ പദ്ധതികൾ

| *ക്രമ നമ്പർ* | *പദ്ധതി* | *ചെലവഴിച്ച തുക* |
|---|---|---|
| 1 | കുട്ടനാട് പാക്കേജ്-വെർമി കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കൽ | 17.67 ലക്ഷം |
| 2 | കുട്ടനാടൻ ജലാശയങ്ങളിൽ ആറ്റുകൊഞ്ച്, കരിമീൻ കുഞ്ഞ് നിക്ഷേപിക്കൽ | 20.32 ലക്ഷം |

## ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈക്കം നിയോജകമണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 21 തീരദേശ റോഡുകളുടെ നിലവാരമുയർത്തുന്ന പ്രവൃത്തികൾ നടപ്പാക്കിവരുന്നു. ഇതിനായി 922 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 7 റോഡുകളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. 11 റോഡുകളുടെ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ഒരു റോഡിനുള്ള പ്രവൃത്തി ഏർപ്പാടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. രണ്ട് റോഡ് പ്രവൃത്തികൾ മറ്റ് ഏജൻസികൾ ഏറ്റെടുത്ത് നടപ്പിലാക്കി. ഇതിനായി 279 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം വൈക്കം നിയോജകമണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് നടപ്പാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ

1. ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി ഭവനനിർമ്മാണ പദ്ധതി
2. മത്സ്യത്തൊഴിലാളി സമ്പാദ്യ സമാശ്വാസ പദ്ധതി.

ഇതിനായി ആകെ രണ്ടുകോടി എണ്ണായിരത്തി അറുന്നൂറ്റി നാൽപ്പത്തിയഞ്ച് രൂപ ചെലവഴിച്ചിട്ടുണ്ട്.

ഫിർമവഴി നടപ്പാക്കിയ രണ്ട് പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതികളാണ്.

<u>ഹാർബർ എഞ്ചിനീയനിംഗ് വകുപ്പ്</u>: വൈക്കം നിയോജകമണ്ഡലത്തിൽ മത്സ്യബന്ധന വകുപ്പുവഴി കേന്ദ്രാവിഷ്കൃത പദ്ധതികളൊന്നും തന്നെ ഈ വകുപ്പുമുഖേന നടപ്പിലാക്കിയിട്ടില്ല.

(സി) <u>പൂർത്തീകരിച്ച പദ്ധതികൾ</u>: ഫിഷറീസ് വകുപ്പ് വൈക്കം

നിയോജകമണ്ഡലത്തിൽ 2011-12 വർഷം മുതൽ 2014-15 വർഷം വരെ നടപ്പാക്കിയ ഉത്തരം (എ)പ്രകാരമുള്ള പദ്ധതികളെല്ലാം തന്നെ പൂർത്തീകരിച്ചിട്ടുള്ളതാണ്.

ഫിർമവഴി നടപ്പിലാക്കിയ രണ്ട് പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന വൈക്കം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ

**പൂർത്തീകരിച്ച പദ്ധതികൾ**

| *പദ്ധതി* | *അടങ്കൽ തുക (ലക്ഷത്തിൽ )* |
|---|---|
| വൈക്കം ആധുനിക മത്സ്യമാർക്കറ്റ് നിർമ്മാണം | 162.24 |

**പൂർത്തീകരിക്കാനുള്ള പദ്ധതികൾ**

| *പദ്ധതി* | *അടങ്കൽ തുക (ലക്ഷത്തിൽ)* |
|---|---|
| കുടിവെള്ളം | 98.00 |
| വൈദ്യുതീകരണം | 42.09 |
| ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ (2 എണ്ണം) | 16.00 |
| പബ്ലിക് ടോയ്‌ലെറ്റ് | 24.00 |
| ജീവനോപാധി സഹായം | 18.00 |
| തലയാഴം അങ്കണവാടി നിർമ്മാണം | 20.00 |
| ചെമ്പ്തോട് പുനരുദ്ധാരണം | 65.00 |

എന്നാൽ 2015-16 വർഷം നേരിട്ട് മത്സ്യബന്ധന വകുപ്പ് വഴി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു:

1. ഭവന നിർമ്മാണ പദ്ധതി
2. ഭവന പുനരുദ്ധാരണ പദ്ധതി
3. സാനിറ്റേഷൻ പദ്ധതി
4. ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞു നിക്ഷേപിക്കുന്ന പദ്ധതി

5. വൈക്കം കുടിവെള്ള പദ്ധതി

6. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്ന പദ്ധതി എന്നിവ പൂർത്തീകരിച്ചുവരുന്നു.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് : ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുവഴി വൈക്കം നിയോജകമണ്ഡലത്തിൽ തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഏർപ്പാടാക്കിയ റോഡുകളിൽ പൂർത്തിയാക്കിയതും, പൂർത്തിയാക്കാനുള്ളതും പുരോഗമിക്കുന്നതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

**പൂർത്തീകരിച്ച പ്രവൃത്തികൾ**

| *ക്രമ നമ്പർ* | *പ്രവൃത്തിയുടെ പേര്* | *ഭരണാനുമതി തുക* |
|---|---|---|
| *1* | *2* | *3* |
| 1 | മാട്ടുങ്കൽ മട്ടപ്പള്ളി റോഡ് | 27.00 |
| 2 | കോട്ടച്ചിറമുക്കിൽ റോഡ് നിർമ്മാണം | 21.00 |
| 3 | കാട്ടിൽക്കുന്ന് - പാലക്കരി ഫിഷ് ഫാം റോഡ് | 46.00 |
| 4 | നക്കംതുരുത്ത് എരുമ്പുഴിക്കര റോഡിന്റെ നിർമ്മാണം | 21.00 |
| 5 | ചെമ്പനാകരി - ഓൾഡ് ജട്ടി - കുളങ്ങര റോഡ് | 24.00 |
| 6 | ചാത്തനാട് -തറവട്ടം റോഡ് | 37.00 |
| 7 | അംബികാമാർക്കറ്റ് -സാമിക്കല്ല് റോഡിന്റെ നിർമ്മാണം | 88.00 |
| | **പുരോഗമിച്ചുവരുന്ന പ്രവൃത്തികൾ** | |
| 1 | മടത്തിൽപറമ്പ്-കരിയാർ റോഡ് വാർഡ് നമ്പർ 13 | 14.00 |
| 2 | പ്ലാക്കോട്ടം-മാട്ടുങ്കൽ റോഡ് - വാർഡ് നമ്പർ 12 | 58.00 |
| 3 | പടിക്കൽക്കുളം-കൊച്ചുപറമ്പ്-മൂഴിക്കോട് റോഡിന്റെ നിർമ്മാണം | 40.00 |
| 4 | ജെട്ടി-കണവള്ളി-പുത്തൻതറ റോഡിന്റെ നിർമ്മാണം | 43.00 |
| 5 | ചെമ്പിലരയൻ-തൈലം പറമ്പ് റോഡ് | 36.50 |
| 6 | ചെമ്പങ്ങാടി-ചെമ്പകശ്ശേരി റോഡ് | 92.00 |
| 7 | പഴത്തുവെളി-പട്ടശ്ശേരി റോഡ് | 92.00 |
| 8 | പ്രിയദർശിനി-മൂളങ്കരി റോഡ് | 80.00 |

| | | |
|---|---|---|
| 9 | മാത്തച്ചൻ മണിപ്പാടം ഉദയനാപുരം പഞ്ചായത്ത് | 30.5 |
| 10 | എഴുമാലിൽ നാനാടം റോഡ് ഉദയനാപുരം പഞ്ചായത്ത് | 33.00 |
| 11 | ശ്രീമുരുകാ ഒൻപത്-കം-റോഡ് ഉദയനാപുരം പഞ്ചായത്ത് | 30.00 |

**ഏർപ്പാടാക്കാനുള്ള പ്രവൃത്തികൾ**

| *1* | *2* | *3* |
|---|---|---|
| 1 | ചെമ്പുഗ്രാമപഞ്ചായത്തിൽ പാലക്കരി ഫിഷ് ഫാം ചെമ്പുവാലേൽ റോഡ് | 41.00 |

**ഫിഷറീസ് മേഖലയെ ശക്തിപ്പെടുത്തൽ**

126 (3233) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എം. പി.വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫിഷറീസ് മേഖലയെ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഫിഷറീസ് മേഖലയെ ശക്തിപ്പെടുത്താൻ 2011-12 വർഷം 62 പദ്ധതികളും 2012-13 വർഷം 42 പദ്ധതികളും 2013-14 വർഷം 54 പദ്ധതികളും 2014-15 വർഷം 44 പദ്ധതികളും നടപ്പിലാക്കുകയും 2015-16 വർഷം 34 പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു.

(ബി)

1. സംസ്ഥാന തീരദേശ മേഖലയുടെ വികസനം
2. മത്സ്യത്തൊഴിലാളികൾക്ക് താമസയോഗ്യമായ വീട്, ശുദ്ധമായ കുടിവെള്ളം, വൈദ്യുതി, ശുചിത്വം, ശൗചാലയം എന്നിവ ലഭ്യമാക്കൽ
3. ഭൂരഹിത/ഭവനരഹിത കുടുംബങ്ങൾക്ക് വ്യക്തിഗത ഭവന

നിർമ്മാണം സ്ഥലം വാങ്ങി ഫ്ലാറ്റ് നിർമ്മിക്കൽ

4. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ നാടൻ വള്ളങ്ങളും എഞ്ചിനുകളും ഇൻഷ്വർ ചെയ്യുക.

5. സമ്പാദ്യ സമാശ്വാസ പദ്ധതിയിലൂടെ പഞ്ഞ മാസത്തിൽ ആഴക്കടൽ/ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് സഹായം നൽകുക.

6. മത്സ്യത്തൊഴിലാളികളെ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിലൂടെ കേരള സംസ്ഥാന മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ഇൻഷ്വർ ചെയ്യുക.

7. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനോപാധികൾ വാങ്ങുന്നതിനുള്ള ബാങ്ക് വായ്പയ്ക്ക് സബ്സിഡി നൽകുക.

8. നാടൻ വള്ളങ്ങളുടെ ആധുനികവത്കരണത്തിലൂടെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 10 എച്ച്.പി.ക്ക് താഴെയുള്ള ഓട്ട്ബോർഡ് മോട്ടോറുകൾ വാങ്ങുന്നതിന് സബ്സിഡി നൽകുക.

9. സംസ്ഥാനത്ത് 10 ടെക്നിക്കൽ ഹൈസ്കൂളുകളിൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യമായി വിദ്യാഭ്യാസവും ഭക്ഷണവും മറ്റ് സൗകര്യങ്ങളും നൽകുക.

10. മത്സ്യവും മത്സ്യ ഇതര ഉത്പന്നങ്ങളും ആരോഗ്യകരവും ശുചിത്വപൂർണ്ണവുമായ അന്തരീക്ഷത്തിൽ കച്ചവടം നടത്തുന്നതിന് മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുക.

11. തീരമൈത്രി പദ്ധതിയിലൂടെ മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് വൈവിദ്ധ്യമാർന്ന ജീവനോപാധി രീതികൾ ഉറപ്പുവരുത്തുക.

12. മത്സ്യ സമൃദ്ധി പദ്ധതിയിലൂടെ തുറസ്സായ ജലാശയങ്ങളിലും റിസർവോയറുകളിലും കേജ് കൃഷി, അലങ്കാര മത്സ്യങ്ങളുടെയും അക്വേറിയം സസ്യങ്ങളുടെയും ഉത്പാദനം, മുത്തുച്ചിപ്പി കൃഷി, മത്സ്യകർഷക ക്യാമ്പുകളുടെ ശക്തിപ്പെടുത്തൽ.

(സി) ഓരോ സാമ്പത്തികവർഷവും പദ്ധതി ആസൂത്രണം ചെയ്ത് പ്ലാനിംഗ് ബോർഡിന് സമർപ്പിക്കുന്നു. പ്ലാനിംഗ് ബോർഡ് അംഗീകരിച്ച പദ്ധതികൾ ബഡ്ജറ്റിൽ ഉൾപ്പെടുത്തുകയും പുതിയ പദ്ധതികൾ വർക്കിംഗ് ഗ്രൂപ്പ്/സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിച്ച് ഭരണാനുമതി നൽകുകയും ചെയ്യുന്നു. ഭരണാനുമതി

നൽകിയ പദ്ധതികൾ ജില്ലാ ഓഫീസർമാർ/ഏജൻസികൾവഴി നടപ്പിലാക്കുകയും ചെയ്യുന്നു. പദ്ധതി അവലോകനം ഫിഷറീസ് ഡയറക്ടർ തലത്തിലും സെക്രട്ടറി തലത്തിലും വകുപ്പുമന്ത്രി തലത്തിലും നടത്തുന്നു.

## ഫിഷറീസ് വകുപ്പിൽ വിവിധ തസ്തികകളിലെ നിയമനം

127 (3234) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.ഇ.ജി.പി. സ്കീമിൽ ഉൾപ്പെടുത്തി ഫിഷറീസ് വകുപ്പിൽ എത്ര ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിച്ചിട്ടുണ്ട് എന്നത് ജില്ലാ അടിസ്ഥാനത്തിൽ വിശദമാക്കാമോ; ഇവരുടെ സേവന വേതന വ്യവസ്ഥകൾ വ്യക്തമാക്കാമോ;

(ബി) വകുപ്പിൽ ടൈപ്പിസ്റ്റുകളുടെ സേവനം ലഭ്യമുള്ളപ്പോൾ കരാർ നിയമനം നടത്തിയത് കേന്ദ്ര ഫണ്ടിന്റെ ദുർവിനിയോഗമാണ് എന്ന ആക്ഷേപം ഉയർന്നു വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സർക്കാരിന് ഇക്കാര്യത്തിലുള്ള വിശദീകരണം എന്തെന്ന് വ്യക്തമാക്കാമോ;

(സി) ഫീഷറിസ് വകുപ്പിൽ ഹൗസിംഗ്, റിപ്പയർ സ്കീമുകൾ നടത്തുന്നതിനായി കരാർ അടിസ്ഥാനത്തിൽ എത്ര പ്രോജക്ട് അസിസ്റ്റന്റുമാരെ നിയമിച്ചിട്ടുണ്ട് എന്നത് ജില്ലാ അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; ഇവരുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) 2014-15 വർഷത്തെ അപേക്ഷിച്ച് ഈ സാമ്പത്തികവർഷം (2015-16) ഇവരുടെ സേവനം ഉപയോഗപ്പെടുത്തി പദ്ധതി നിർമ്മണം എത്ര മാത്രം വർദ്ധിപ്പിക്കാൻ കഴിഞ്ഞു എന്നതും എത്ര ശതമാനം എന്നതും ജില്ല തിരിച്ച് വിശദമാക്കുമോ?

ഉത്തരം

(എ) ഫിഷറീസ് വകുപ്പിൽ എൻ.ഇ.ജി.പി. സ്കീമിൽ ഉൾപ്പെടുത്തി പതിനാല് ജില്ലകളിലും ഡയറക്ടറേറ്റിലുമായി 15 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിച്ചിട്ടുണ്ട്. പ്രതിമാസം 7,500 രൂപ നിശ്ചിത വേതനക്രമത്തിൽ 10 മാസം വീതം കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് ആകെ 11,25,000 രൂപയുടെ ഫണ്ട് കൃഷി വകുപ്പ് ഡയറക്ടർ അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാർ അംഗീകരിച്ച എൻ.ഇ.ജി.പി. പദ്ധതി പ്രകാരമാണ് ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിച്ചിട്ടുള്ളത്.

(സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്ന* പ്രോജക്ട് അസിസ്റ്റന്റുമാരുടെ പ്രവർത്തനം ജില്ലാ തലത്തിൽ വിലയിരുത്താറുണ്ട്.

(ഡി) 2014-15 വർഷത്തെ അപേക്ഷിച്ച് നടപ്പ് സാമ്പത്തിക വർഷം 4990 പുതിയ ഭവനങ്ങളും 3800 ഭവന അറ്റകുറ്റപ്പണികളും 3600 ടോയ്‌ലെറ്റുകളും നിർമ്മിക്കുന്നതിനുള്ള പദ്ധതി പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ ഈ സാമ്പത്തിക വർഷം (1/2016) NFWF പദ്ധതി വിഹിതത്തിന്റെ 62 ശതമാനവും Basic Infrastructure Facilities & Human Development of Fisherfolk പദ്ധതി വിഹിതത്തിന്റെ 90 ശതമാനവും ചെലവ് ചെയ്യാൻ കഴിഞ്ഞു. ഇത് പ്രോജക്ട് അസിസ്റ്റന്റുമാരുടെ സേവനത്തിന്റെകൂടി ഫലമായി വിലയിരുത്താവുന്നതാണ്.

## വിഴിഞ്ഞം തുറമുഖപദ്ധതി

128 (3235) <u>ശ്രീമതി ജമീലാ പ്രകാശം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖപദ്ധതിയുടെ പുനരധിവാസവും നഷ്ടപരിഹാരവും സംബന്ധിച്ച് 2015 നവംബർ മാസം 11, 12 തീയതികളിൽ മന്ത്രിയുടെ ചേമ്പറിൽ ഒരു യോഗം ചേർന്നിരുന്നോ; ആരെയൊക്കെയാണ് ആ യോഗത്തിലേക്ക് ക്ഷണിച്ചിരുന്നത്;

(ബി) യോഗം സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത യോഗത്തിൽ പദ്ധതി പ്രദേശത്തെ ജനപ്രതിനിധികളെ ക്ഷണിച്ചിരുന്നോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ഡി) വിഴിഞ്ഞം തുറമുഖപദ്ധതിയുടെ കവാടമായി കരുതപ്പെടുന്ന മുല്ലൂർ പ്രദേശത്തെ എല്ലാ കട്ടമരത്തൊഴിലാളികളെയും ചിപ്പിയും ശംഖും കല്ലറാളും ശേഖരിക്കുന്ന മത്സ്യത്തൊഴിലാളികളെയും പ്രസ്തുത യോഗത്തിലേക്ക് ക്ഷണിക്കാതിരുന്നതിന്റെ കാരണം വിശദമാക്കാമോ;

(ഇ) പ്രസ്തുത യോഗത്തിൽ കൈക്കൊണ്ട തീരുമാനം എന്തായിരുന്നു; ആയത് നടപ്പിലാക്കുന്നതിന് സ്വീകരിച്ച തുടർനടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2015 നവംബർ മാസം 11, 12 തീയതികളിൽ തുറമുഖ വകുപ്പുമന്ത്രിയുടെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ചേമ്പറിലും സൗത്ത് കോൺഫറൻസ് ഹാളിലും യോഗം ചേർന്നിരുന്നു. പദ്ധതിമൂലം തൊഴിൽ നഷ്ടപ്പെടാവുന്ന കരമടി, ചിപ്പി, ലോബ്സ്റ്റർ തൊഴിലാളികളെയും റിസോർട്ടുകളിലെയും ചെറുകിട വ്യാപാര സ്ഥാപനങ്ങളിലെയും ജീവനക്കാരെയുമാണ് യോഗത്തിലേക്ക് ക്ഷണിച്ചിരുന്നത്.

(ബി) യോഗനടപടിക്കുറിപ്പിന്റെ പകർപ്പ് അനുബന്ധം * ആയി വച്ചിട്ടുണ്ട്.

(സി) ഇല്ല. നഷ്ടപരിഹാര തുക സംബന്ധിച്ച് തൊഴിൽ നഷ്ടം സംഭവിക്കാൻ സാധ്യതയുള്ളവരുടെ അഭിപ്രായം അറിയാനാണ് പ്രസ്തുത യോഗം വിളിച്ചത്.

(ഡി) മേൽവിലാസം ലഭ്യമായിരുന്ന എല്ലാ കട്ടമരത്തൊഴിലാളികളെയും ചിപ്പിയും ശംഖും കല്ലുറാളും ശേഖരിക്കുന്ന മത്സ്യത്തൊഴിലാളികളെയും യോഗത്തിലേക്ക് ക്ഷണിച്ചിരുന്നു.

(ഇ) യോഗനടപടിക്കുറിപ്പിന്റെ പകർപ്പ് അനുബന്ധം* ആയി വച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച അനന്തര നടപടികൾ ജില്ലാകളക്ടർ ചെയർമാനായ ജീവനാഘാത നിർണ്ണയ സമിതിയുടെ അപ്പീൽ കമ്മിറ്റി (Appeal Committee to Livelihood Impact Appraisal Committee) എടുത്തുവരുന്നു. LIAC തയ്യാറാക്കിയ റിപ്പോർട്ടിന്മേൽ ലഭ്യമായ 18000-ത്തിൽപ്പരം ആക്ഷേപങ്ങൾ LIAC Appeal Committee പരിശോധിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

## കോഴിക്കോട് ജില്ലയിലെ മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണവും സാനിറ്റേഷൻ യൂണിറ്റ് അനുവദിക്കലും

129 (3236) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതി പ്രകാരം എത്ര വീടുകൾ അനുവദിച്ചു എന്ന് വ്യക്തമാക്കാമോ; ആയതിന്റെ മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; ഇതിൽ കൊയിലാണ്ടിയിൽ അനുവദിച്ച വീടുകൾ എത്ര; എത്ര രൂപ അനുവദിച്ചു; സർക്കാർ ക്വാട്ടയിൽ ഭവന നിർമ്മാണത്തിന് അർഹരായവരുടെ പേരും വിലാസവും വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് വർഷക്കാലം മത്സ്യത്തൊഴിലാളി ഭവന അറ്റകുറ്റപ്പണി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയ്ക്ക് എത്ര വീടുകൾ അനുവദിച്ചു എന്നതും കൊയിലാണ്ടി മണ്ഡലത്തിൽ എത്രപേർക്ക് അനുവദിച്ചു എന്നതും വ്യക്തമാക്കാമോ; മൊത്തം എത്ര തുക ഇതിനായി അനുവദിച്ചു എന്നത് വർഷം തിരിച്ച് വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ അഞ്ച് വർഷക്കാലം മത്സ്യത്തൊഴിലാളി സാനിറ്റേഷൻ പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയ്ക്ക് എത്ര സാനിറ്റേഷൻ യൂണിറ്റ് അനുവദിച്ചു എന്നത് വ്യക്തമാക്കാമോ; ഇതിൽ കൊയിലാണ്ടി മണ്ഡലത്തിൽ എത്രപേർക്ക് നൽകി എന്നത് വ്യക്തമാക്കുമോ; മൊത്തം എത്ര രൂപ അനുവദിച്ചു എന്നത് വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ഡി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന തണൽ പദ്ധതി അനുസരിച്ച് ഏത് വർഷം വരെ കോഴിക്കോട് ജില്ലയിൽ ഗുണഭോക്താവിന് ആനുകൂല്യം നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; പ്രസ്തുത കുടിശ്ശിക എത്ര ഉണ്ട് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഫിഷറീസ് വകുപ്പുമുഖേന കോഴിക്കോട് ജില്ലയിൽ ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതി പ്രകാരം ആകെ 1194 വീടുകൾ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ മണ്ഡലം തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

കൊയിലാണ്ടി മണ്ഡലത്തിൽ 2012-13-ൽ 85 വീടും 2013-14-ൽ 19 വീടും 2014-15-ൽ 48 വീടും 2015-16-ൽ 68 വീടുകളുമായി ആകെ നാളിതുവരെ 220 വീടുകൾ നൽകിയിട്ടുണ്ട്.

സർക്കാർ ക്വാട്ടയിൽ ഭവന നിർമ്മാണത്തിന് അർഹരായവരുടെ പേരും വിലാസവും ചുവടെ ചേർക്കുന്നു:

ഭവന നിർമ്മാണ പദ്ധതി 2012-13

| *ക്രമ നമ്പർ* | *പേരും വിലാസവും* |
|---|---|

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| 1 | 2 |
|---|---|
| 1 | ഷാജി, ചെറിയമങ്ങാട്, കൊയിലാണ്ടി |
| 2 | ബാബു, വലിയപുരയിൽ, കൊയിലാണ്ടി |
| 3 | ഹമീദ്, സായ്വിന്റെ കാട്ടിൽ, മേലടി |

| *1* | *2* |
|---|---|
| 4 | ബാബു, പുളിക്കൽ, വിരുന്നുകണ്ടി |
| 5 | ഖാലിദ്, ചാലിൽ പറമ്പ്, വലിയമങ്ങാട് |
| 6 | കണാരൻ, ചാരുമ്മൽ മീത്തൽ, പയ്യോളി |
| 7 | സുനിൽകുമാർ, പുത്തൻപള്ളി, കൊല്ലം |
| 8 | ശിവദാസൻ, കടപ്പുറം താരമ്മൽ, അയനിക്കാട് |
| 9 | ബാലകൃഷ്ണൻ, കടപ്പുറം പറമ്പിൽ, അയനിക്കാട് |
| 10 | ഷമീർ, സായ്വിന്റെ കാട്ടിൽ, പയ്യോളി |
| 11 | ദേവി, പയ്യോളി, കൊയിലാണ്ടി |
| 12 | നിസ്സാർ, പീടികകി, ചേമഞ്ചേരി |
| 13 | കിഷോർ, അരയന്റെ പറമ്പിൽ, കൊല്ലം |
| 14 | നാസ്സർ, മുഖാമിക്കി, കൊയിലാണ്ടി |
| 15 | സുജിത്ത്, പുത്തൻ കടപ്പുറത്ത്, കൊയിലാണ്ടി |
| 16 | സന്തോഷ്, തണ്ണിമുഖത്ത്, കൊയിലാണ്ടി |

(ബി) കഴിഞ്ഞ അഞ്ച് വർഷക്കാലം മത്സ്യത്തൊഴിലാളി ഭവന അറ്റകുറ്റപ്പണി പദ്ധതിപ്രകാരം കോഴിക്കോട് ജില്ലയിൽ 286 വീടുകൾ അറ്റകുറ്റപ്പണി ചെയ്യുന്നതിനുള്ള ധനസഹായം അനുവദിച്ചു.

കൊയിലാണ്ടി മണ്ഡലത്തിൽ 28 പേർക്ക് ധനസഹായം അനുവദിച്ചു. ഇതിനായി മൊത്തം അനുവദിച്ച തുക താഴെ ചേർക്കുന്നു:

| *വർഷം* | *അനുവദിച്ച തുക* |
|---|---|
| 2013-14 | 58.0328 ലക്ഷം രൂപ |
| 2014-15 | 8 ലക്ഷം രൂപ |

| | |
|---|---|
| 2015-16 | 75 ലക്ഷം രൂപ |

(സി) കഴിഞ്ഞ അഞ്ച് വർഷക്കാലം മത്സ്യത്തൊഴിലാളി സാനിറ്റേഷൻ പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയ്ക്ക് 839 സാനിറ്റേഷൻ യൂണിറ്റുകൾ അനുവദിച്ചു.

ഇതിൽ കൊയിലാണ്ടി മണ്ഡലത്തിൽ 343 പേർക്ക് ധനസഹായം അനുവദിച്ചു. ഇതിനായി മൊത്തം അനുവദിച്ച തുക ചുവടെ ചേർക്കുന്നു:

| *വർഷം* | *അനുവദിച്ച തുക* |
|---|---|
| 2012-13 | 28.025 ലക്ഷം രൂപ |
| 2013-14 | 25.025 ലക്ഷം രൂപ |
| 2014-15 | 52.05 ലക്ഷം രൂപ |
| 2015-16 | 26.25 ലക്ഷം രൂപ |

(ഡി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡുമുഖേന നടപ്പിലാക്കി വരുന്ന പദ്ധതിയനുസരിച്ച് ബയോമെട്രിക് കാർഡ് ലഭിച്ചിട്ടുള്ളവരും ബയോമെട്രിക് കാർഡിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളവരും ടി കാർഡിനായി വിവര ശേഖരണം നടത്തിയിട്ടുള്ളവരും പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളാണ്. ആയതുപ്രകാരം ഒന്നും രണ്ടും ഗഡുക്കൾ കോഴിക്കോട് ജില്ലയിലെ അർഹരായ മത്സ്യ/ അനുബന്ധത്തൊഴിലാളികൾക്ക് വിതരണം ചെയ്തു കഴിഞ്ഞു. (മൂന്നാം ഗഡു 2015-16-ലായി) 12820 പേർക്ക് നാളിതുവരെ 1,73,07,000 രൂപ വിതരണം ചെയ്തിട്ടുണ്ട്. ബാക്കിയുള്ള ഗുണഭോക്താക്കൾക്ക് 3,08,31,300 രൂപ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു.

മത്സ്യത്തൊഴിലാളികൾ സമർപ്പിച്ച അക്കൗണ്ട് നമ്പറിലുള്ള തെറ്റുമൂലവും ആറ് മാസത്തിൽ കൂടുതൽ കാലം ബാങ്ക് അക്കൗണ്ട് ഓപ്പറേറ്റ് ചെയ്യാത്തതുമൂലം തുക നിക്ഷേപിക്കുമ്പോൾ തുക ബാങ്കിൽ നിക്ഷേപിക്കാൻ സാധിക്കാതെ വരുന്നുണ്ട്. ടി ന്യൂനതകൾ പരിഹരിച്ചും ഈ പദ്ധതിക്കായി ഇതുവരെ അപേക്ഷ സമർപ്പിക്കാത്തവരിൽ നിന്ന് അപേക്ഷ സ്വീകരിച്ച് തുക നൽകുന്നതിനായുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**മത്സ്യത്തൊഴിലാളി കുട്ടികൾക്കുള്ള ആനുകൂല്യങ്ങൾ**

130 (3237) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ യഥാസമയം നൽകാറുണ്ടോ;

(ബി) പതിനൊന്നാം ധനകാര്യകമ്മീഷൻ, ഫിഷറീസ് സ്കൂളുകളുടെ നവീകരണത്തിനായി അനുവദിച്ച തുക എത്ര ; ഇതിൽ 31-1-2015-നകം ചെലവഴിച്ച തുക എത്ര;

(സി) പ്രസ്തുത തുകയിൽ നിന്നും മറ്റു സ്കൂളുകൾക്ക് ആനുകൂല്യം അനുവദിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദവിവരം ലഭ്യമാക്കുമോ;

(ഡി) ഇപ്രകാരം മറ്റു സ്കൂളുകൾക്ക് തുക അനുവദിച്ചെങ്കിൽ ആയത് മത്സ്യത്തൊഴിലാളി സമൂഹത്തോടുചെയ്യുന്ന അനീതിയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇപ്രകാരം തുക അനുവദിച്ച ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഇല്ലെങ്കിൽ ഇവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നൽകി വരുന്നുണ്ട്.

(ബി-ഇ) പതിനൊന്നാം ധനകാര്യകമ്മീഷൻ, ഫിഷറീസ് സ്കൂളുകളുടെ നവീകരണത്തിനായി തുക അനുവദിച്ചിട്ടില്ല.

## മത്സ്യത്തൊഴിലാളികളുടെ ക്ഷേമം

131 (3238) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(ബി) മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ പഠനം, മത്സ്യബന്ധനത്തിനിടെ

മരണപ്പെട്ടവരുടെ ആശ്രിതരുടെ ക്ഷേമം എന്നിവയ്ക്കായി നടപ്പാക്കിയ പദ്ധതികളുടെ പ്രയോജനം ഗുണഭോക്താക്കൾക്ക് യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി ഫിഷറീസ് വകുപ്പ് മുഖേന ചെലവഴിച്ച തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

| *വകുപ്പ്/ഏജൻസി* | *ചെലവഴിച്ച തുക (ലക്ഷത്തിൽ )* |
|---|---|
| ഫിഷറീസ് വകുപ്പ് | 50389.79 |
| കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് | 25076.00 |
| മത്സ്യഫെഡ് | 59104.05 |
| കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ | 47337.03 |
| സൊസൈറ്റി ഫോർ അസിസ്റ്റന്റ്സ് ടു ഫിഷർ വിമൺ (സാഫ്) | 1948.02 |

(ബി) മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് നൽകുന്ന അതേ നിരക്കിലും മാതൃകയിലും നൽകിവരുന്നു. സമയബന്ധിതമായും സുതാര്യമായും പദ്ധതി നടപ്പിലാക്കുന്നതിനായി 2016 ഏപ്രിൽ മുതൽ മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം ഇ-ഗ്രാന്റ്സ് മുഖേന നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ആം ആദ്മി ബീമായോജന പദ്ധതി പ്രകാരമുള്ള ഇൻഷ്വറൻസ് പദ്ധതി എൽ.ഐ.സി.യുമായി സഹകരിച്ചാണ് നടപ്പിലാക്കുന്നത്. ടി പദ്ധതി പ്രകാരമുള്ള ധനസഹായം ആശ്രിതർക്ക് ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുകയാണ് ചെയ്യുന്നത്.

ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതിയുടെ ക്ലെയിം ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട രേഖകളെല്ലാം പൂർണ്ണമായി സമർപ്പിച്ച് ഇൻഷ്വറൻസ് കമ്പനി പ്രസ്തുത അപേക്ഷയിൽ തീർപ്പ് കൽപ്പിച്ച് ആശ്രിതർക്കുള്ള ധനസഹായം ഫിഷറീസ് ഓഫീസർമാർ മുഖേന ചെക്കായി നൽകിവരുന്നു. ഇത് സമയബന്ധിതമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നുണ്ട്.

**മത്സ്യത്തൊഴിലാളികൾക്ക് ടോയ്‌ലെറ്റുകൾ നിർമ്മിച്ചുനൽകൽ**

132 (3239) ശ്രീ. അൻവർ സാദത്ത് :
ശ്രീ. വർക്കല കഹാർ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് ടോയ്‌ലെറ്റുകൾ നിർമ്മിച്ച് നൽകാൻ കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളികൾക്ക് ടോയ്‌ലെറ്റുകൾ നിർമ്മിക്കുന്നതിനുള്ള ധനസഹായം അനുവദിക്കുന്നതിനായി വിവിധ പദ്ധതികൾ ഫിഷറീസ് വകുപ്പ് മുഖേനയും തീരദേശ വികസന കോർപ്പറേഷൻ മുഖേനയും നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ തീരദേശ വികസന കോർപ്പറേഷൻ മുഖേന തീരദേശ മേഖലയിൽ പബ്ലിക് ടോയ്‌ലെറ്റുകളും നിർമ്മിച്ച് നൽകുന്നുണ്ട്.

1. വ്യക്തിഗത ടോയ്‌ലെറ്റ് നിർമ്മാണ ധനസഹായ പദ്ധതി

| *ക്രമ നമ്പർ* | *പദ്ധതിയുടെ പേര്* | *യൂണിറ്റുകളുടെ എണ്ണം* |
|---|---|---|
| 1 | 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് മാതൃകാ മത്സ്യഗ്രാമം യൂണിറ്റ് കോസ്റ്റ് 20,000 രൂപ | 5,450 |
| 2 | 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് യൂണിറ്റ് കോസ്റ്റ് 17,500 രൂപ | 2,762 |
| 3 | സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി യൂണിറ്റ് കോസ്റ്റ് 17,500 രൂപ | 3,013 |
| 4 | മത്സ്യമേഖലയുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും യൂണിറ്റ് കോസ്റ്റ് 17,500 രൂപ | 3,600 |
| | **ആകെ** | **14,825** |

മേൽപ്പറഞ്ഞത് കൂടാതെ തീരദേശ വികസന കോർപ്പറേഷൻ മുഖേന സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുക്കപ്പെട്ട മത്സ്യഗ്രാമങ്ങളിൽ 3,525 എണ്ണം വ്യക്തിഗത ടോയ്‌ലെറ്റ് നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.

2. പബ്ലിക് ടോയ്‌ലെറ്റുകൾ

| *ക്രമ നമ്പർ* | *പദ്ധതിയുടെ പേര്* | *യൂണിറ്റുകളുടെ എണ്ണം* |
|---|---|---|
| 1 | സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി (2012-13) | 34 |

| | | |
|---|---|---|
| | (2013-14)(2014-15) | |
| 2 | മത്സ്യ മേഖലയുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും (2015-16) | 1 |
| | **ആകെ** | **35** |

(ബി) തീരദേശ മേഖല അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നമായ ശുചിത്വം ഉറപ്പുവരുത്തുന്നതിനായി വ്യക്തിഗത ടോയ്‌ലെറ്റുകൾ നിർമ്മിക്കുന്നതിനുള്ള ധനസഹായവും പബ്ലിക് ടോയ്‌ലെറ്റുകൾ നിർമ്മിക്കുന്നതിനുമുള്ള പദ്ധതികളും ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. ഇതിനാവശ്യമായ തുക ബന്ധപ്പെട്ട ഓഫീസർമാർക്കും തീരദേശ വികസന കോർപ്പറേഷനും സമയബന്ധിതമായി അനുവദിക്കുകയും പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി ഫിഷറീസ് വകുപ്പ് തലത്തിലും സർക്കാർ തലത്തിലും വിലയിരുത്തുകയും ചെയ്യുന്നു.

**പത്തനംതിട്ടയിലെ വിമാനത്താവളം**

133 (3240) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ല കേന്ദ്രീകരിച്ച് സ്വകാര്യ കമ്പനി വിമാനത്താവളം നിർമ്മിക്കുന്നത് സംബന്ധിച്ച് സർക്കാരിന് റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ; ഈ നീക്കത്തിന് എന്തെങ്കിലും അനുമതി നൽകിയിട്ടുണ്ടോ;

(ബി) ആറൻമുള വിമാനത്താവള സംരംഭത്തിന് മേൽപ്പറഞ്ഞ നീക്കം ഏതെങ്കിലും തരത്തിലുള്ള വിഘാതം സൃഷ്ടിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) ഇല്ല.

(സി) ആറന്മുള വിമാനത്താവളത്തിന് കേന്ദ്ര പ്രതിരോധ മന്ത്രാലയം നൽകിയ എൻ.ഒ.സി. പിൻവലിച്ചതിന്റെ അടിസ്ഥാനത്തിൽ ആറന്മുള വിമാന പദ്ധതിക്ക് നൽകിയ "In Principle" അംഗീകാരം പിൻവലിച്ചതായി കേന്ദ്ര

വ്യോമയാന മന്ത്രാലയം അറിയിച്ചിട്ടുണ്ട്. കേന്ദ്രവനം-പരിസ്ഥിതി മന്ത്രാലയവും മറ്റ് നിയമപരമായ ഏജൻസികളും നിഷ്കർഷിക്കുന്ന എല്ലാ നിബന്ധനകളും പാലിക്കുകയാണെങ്കിൽ പദ്ധതി അനുവദിക്കാവുന്നതാണെന്നാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്.

## ഇൻലാന്റ് നാവിഗേഷൻ കാര്യക്ഷമമാക്കുന്നതിന് കർമ്മപദ്ധതി

134 (3241) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻലാന്റ് നാവിഗേഷൻ കാര്യക്ഷമമാക്കുന്നതിന് കർമ്മപദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ & ബി) 590 കിലോമീറ്റർ നീളമുള്ള പടിഞ്ഞാറൻ തീരദേശ പാതയുടെ 422 കിലോമീറ്റർ ഭാഗം സംസ്ഥാന ജലപാതയിൽ ഉൾപ്പെടുന്നു. 168 കിലോമീറ്റർ ഭാഗം (കൊല്ലം-കോട്ടപ്പുറം) ദേശീയ ജലപാത-3 ആകുന്നു. തിരുവനന്തപുരം ജില്ലയിലെ കോവളം മുതൽ കൊല്ലം വരെയും തൃശ്ശൂർ ജില്ലയിലെ കോട്ടപ്പുറം മുതൽ കാസർഗോഡ് ജില്ലയിലെ നീലേശ്വരം വരെയുമുള്ള ഭാഗങ്ങളിൽ സംസ്ഥാന ജലപാതയുടെ നിലവാരത്തിലും അളവുകളിലും പ്രവൃത്തികൾ നടത്തി നവീകരിച്ച് വരികയാണ്. ഇതിനായി 12-ാം ധനകാര്യ കമ്മീഷൻ, 13-ാം ധനകാര്യ കമ്മീഷൻ, നബാർഡ്, സ്റ്റേറ്റ് ഫണ്ട് എന്നീ ഫണ്ടുകളിൽ നിന്നുള്ള തുകയാണ് വിനിയോഗിച്ചുകൊണ്ടിരിക്കുന്നത്. പദ്ധതി നടപ്പിലാക്കുന്നതിനായി നിലവിലുള്ള ജലപാതയുടെ ആഴം കുറഞ്ഞിട്ടുള്ളത് പുനഃസ്ഥാപിക്കുക, വശങ്ങൾ സംരക്ഷിക്കുക, ജലപാതയുടെ കുറുകേയുള്ള നിർമ്മിതികൾ ആവശ്യമനുസരിച്ച് പുനർനിർമ്മിക്കുക, നിർദ്ദിഷ്ട വീതിയിൽ കുറവുവന്ന സ്ഥലങ്ങളിൽ വീതി പുനഃസ്ഥാപിക്കുന്നതിന്

ആവശ്യമായ നടപടികൾ നടത്തി വീതി നിലനിർത്തുക എന്നീ നടപടികളാണ് സ്വീകരിച്ചു വരുന്നത്.

കൂടാതെ കോട്ടപ്പുറം-നീലേശ്വരം ജലപാത കാസർഗോഡ് വരെ നീട്ടുന്നതിനുള്ള പ്രാരംഭ നടപടികളും സ്വീകരിച്ചുവരുന്നു.

മേൽ സൂചിപ്പിച്ചിട്ടുള്ള വികസന പ്രവർത്തനങ്ങളുടെ ഫലമായി 74.18 കിലോ മീറ്റർ നീളമുള്ള കോവളം-കൊല്ലം ജലപാതയിൽ ഏകദേശം 25 കിലോമീറ്ററും 347 കിലോമീറ്റർ നീളമുള്ള കോട്ടപ്പുറം-നീലേശ്വരം ജലപാതയിൽ ഏകദേശം 195 കിലോമീറ്റർ ദൂരവും ഗതാഗതയോഗ്യമാണ്. മറ്റു മാർഗ്ഗങ്ങളിൽ കൂടിയുള്ള ഗതാഗതം മൂലമുണ്ടാകുന്ന (ഉദാഃ റെയിൽ, റോഡ് മുതലായവ) മലിനീകരണം ഒഴിവാക്കുക, പരിസ്ഥിതിക്ക് അനുയോജ്യമായ ഗതാഗതം സാധ്യമാക്കുക, തിരക്ക് കുറയ്ക്കുക, ഇന്ധനക്ഷമത കാര്യക്ഷമമാക്കുക, ടൂറിസം മേഖലയുടെ വികസനം ഉറപ്പാക്കുക, അപകടകരമായ വസ്തുക്കളുടെ സുരക്ഷിതമായ നീക്കം എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

(സി) ഉൾനാടൻ ജലഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനായി Rs.1/ടൺ/കി.മീ. നിരക്കിൽ സബ്സിഡി/ഇൻസെന്റീവ് അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

കൂടാതെ ദേശീയ ജലപാതയിലൂടെയുള്ള ബാർജുകളുടെ നീക്കം സുഗമമാക്കുന്നതിനായി ഉദ്യോഗമണ്ഡലിലും ചവറയിലും സ്ഥിരം ബർത്തും മറ്റ് അനുബന്ധ സൗകര്യങ്ങളും നിർമ്മിക്കുന്നതിനായി 150 ലക്ഷം രൂപയും, കോവിൽ തോട്ടം പാലം നിർമ്മാണത്തിന് KMML-ന്റെ വിഹിതമായ തനത് എസ്റ്റിമേറ്റിന്റെ 50 ശതമാനം തുക KMML-ന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നമുറയ്ക്ക് സർക്കാരിലേയ്ക്ക് ഈടാക്കുന്നതാണെന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ അനുവദിച്ചും സർക്കാർ ഉത്തരവായിട്ടുണ്ട്.

## പോലീസ് കസ്റ്റഡി മർദ്ദനം

135 (3242) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നെയ്യാറ്റിൻകര പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 1423/2015 കേസ് പ്രകാരം കസ്റ്റഡിയിൽ ഇരിക്കെ പോലീസ് സ്റ്റേഷനിൽ വച്ച് വളരെ ക്രൂരമായി ദേഹോപദ്രവം ചെയ്തു എന്ന് സത്യൻ മകൻ ശ്രീ. വിപിൻ ജോസിന്റെ പരാതിയെ സംബന്ധിച്ച് തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവി അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) അന്വേഷണ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ എന്തെല്ലാമാണ്;

(സി) ശ്രീ. വിപിൻ ജോസ് സമർപ്പിച്ച പരാതി ശരിയാണെന്ന് അന്വേഷണ റിപ്പോർട്ട് പ്രകാരം ബോധ്യപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ ഉത്തരവാദികൾക്കെതിരെ ശിക്ഷാ നടപടികൾ കൈക്കൊള്ളുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി & സി) നെയ്യാറ്റിൻകര പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 1423/2015 u/s 294(b) 506(1) 332 & 34 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസ്സിലേയ്ക്ക് അറസ്റ്റ് ചെയ്ത് പോലീസ് കസ്റ്റഡിയിൽ സൂക്ഷിച്ചിരുന്ന പരാതിക്കാരനായ വിപിൻ ജോസ്, ടിയാന്റെ സുഹൃത്ത് കമലാസനൻ, മകൻ മുരുകൻ എന്നിവരെ പരിശോധിച്ച നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെയും തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെയും ഡോക്ടർമാർ നൽകിയ സർട്ടിഫിക്കറ്റുകൾ പരിശോധിച്ചതിൽ ടിയാന്മാർക്ക് പോലീസ് സ്റ്റേഷനിൽ വച്ച് ദേഹോപദ്രവം ഏറ്റിരിക്കാൻ ഏറെ സാധ്യത ഉണ്ടെന്നും, സാഹചര്യ തെളിവുകളിൽ നിന്നും പരാതിക്കാർ ആരോപിക്കുന്ന തരത്തിൽ കഠിനമായിട്ടല്ലെങ്കിലും ദേഹോപദ്രവം ഏറ്റിട്ടുണ്ടാകാമെന്നും പ്രസ്തുത പരാതിയിന്മേൽ അന്വേഷണം നടത്തിയ തിരുവനന്തപുരം റൂറൽ ജില്ലാ ക്രൈംബ്രാഞ്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട് എസ്.എച്ച്.ഒ. ശ്രീകുമാരൻ നായർ, അഡീഷണൽ എസ്.ഐ. സനോജ് എന്നിവരെ നെയ്യാറ്റിൻകര പോലീസ് സ്റ്റേഷനിൽ നിന്നും സ്ഥലം മാറ്റിയിട്ടുള്ളതും വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് ടി പോലീസ് ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. ഇതിനുപുറമേ നെയ്യാറ്റിൻകര പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 1423/2015 കേസ് പുനരന്വേഷണം നടത്തുവാൻ തിരുവനന്തപുരം റൂറൽ നാർക്കോട്ടിക് സെൽ ഡിവൈ.എസ്.പി.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**പോലീസ് വാഹനങ്ങൾ**

136 (3243) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നാളിതുവരെ പോലീസിനായി എത്ര വാഹനങ്ങൾ വാങ്ങുകയുണ്ടായി; ആയതിന് എന്തു തുക ചെലവഴിച്ചു ; വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിനുള്ളിൽ എത്ര പോലീസ് വാഹനങ്ങൾ ലേലം നടത്തി; ആയതുവഴി എത്ര തുക ഖജനാവിൽ അടച്ചു;

(സി) നിലവിൽ എത്ര വാഹനങ്ങൾ ഉപയോഗശൂന്യമായി കിടപ്പുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ പോലീസ് വാഹനങ്ങൾ ഉൾപ്പെട്ട അപകടം നിമിത്തം എത്ര പേർ മരണപ്പെട്ടു; വിശദമാക്കുമോ;

(ഇ) ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ പോലീസ് പിടിച്ചെടുത്തതും കേസ്സിൽ ഉൾപ്പെട്ടതുമായ എത്ര വാഹനങ്ങൾ ലേലം ചെയ്തിട്ടുണ്ട്; ഇതിലൂടെ എന്തു തുക ലഭിച്ചു; വിശദമാക്കുമോ;

(എഫ്) ഇത്തരത്തിലുള്ള എത്ര വാഹനങ്ങൾ വിവിധ പോലീസ് സ്റ്റേഷനുകളിൽ നിലവിൽ കെട്ടിക്കിടക്കുന്നുണ്ട്; ഇവ ലേലം ചെയ്യുവാൻ എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2014 വിവിധതരം വാഹനങ്ങൾ പോലീസ് വകുപ്പിനായി വാങ്ങിയിട്ടുണ്ട്. ഇതിനായി ആകെ 52,86,32,592 രൂപ (അമ്പത്തിരണ്ട് കോടി എൺപത്തിയാറ് ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റി രണ്ട് രൂപ) ചെലവഴിച്ചിട്ടുണ്ട്.

(ബി) ഈ കാലയളവിൽ 526 വിവിധതരം വാഹനങ്ങളുടെ ലേലം നടത്തുകയും അതുവഴി 4,92,63,359 രൂപ (നാലു കോടി തൊണ്ണൂറ്റി രണ്ട് ലക്ഷത്തി അറുപത്തി മൂവായിരത്തി മുന്നൂറ്റി അമ്പത്തി ഒമ്പത് രൂപ) സർക്കാരിന് ലഭിച്ചിട്ടുള്ളതുമാണ്.

(സി) നിലവിൽ 1051 വിവിധതരം വാഹനങ്ങൾ ഉപയോഗശൂന്യമായി കിടപ്പുണ്ട്.

(ഡി) ഈ സർക്കാർ കാലയളവിൽ നാളിതുവരെ പോലീസ് വാഹനങ്ങൾ

ഉൾപ്പെട്ട അപകടം നിമിത്തം 25 പേർ മരണപ്പെടുകയുണ്ടായി.

(ഇ) കേസ്സിൽ ഉൾപ്പെട്ട വാഹനങ്ങൾ ലേലം ചെയ്യുവാൻ നിർവ്വാഹമില്ല. ടി വാഹനങ്ങൾ കോടതി തീർപ്പ് കൽപ്പിച്ചാൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. എന്നാൽ അവകാശികൾ ഇല്ലാത്തതും കേസ്സിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ 9967 വാഹനങ്ങൾ ലേലം ചെയ്തതുവഴി 5,32,90,763 (അഞ്ചുകോടി മുപ്പത്തി രണ്ട് ലക്ഷത്തി തൊണ്ണൂറായിരത്തി എഴുന്നൂറ്റി അറുപത്തിമൂന്ന് രൂപ) ലഭിച്ചിട്ടുണ്ട്.

(എഫ്) 23693 വിവിധതരം വാഹനങ്ങൾ പോലീസ് സ്റ്റേഷനുകളിൽ ഇപ്പോൾ സൂക്ഷിച്ചുവരുന്നുണ്ട്. ഇവയിൽ അവകാശികൾ ഇല്ലാത്തതും കേസ്സുകളിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ വാഹനങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കൊലപാതക കേസ്സുകൾ

137 (3244) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ട്; വിശദാംശം നൽകുമോ; ഇതിലെ കൺവിക്ഷൻ റേറ്റ് എത്രയാണെന്ന് വിശദമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് 1722 കൊലപാതകങ്ങൾ നടന്നിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* ഇതിലെ കൺവിക്ഷൻ റേറ്റ് 60.51 ആണ്.

## കാണാതായ കുട്ടികൾ

138 (3245) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യത്തിന്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന 2011 മുതൽ നാളിതുവരെ പോലീസ് നടത്തിയ അന്വേഷണത്തിന്റെ ഭാഗമായി കാണാതായതായി റിപ്പോർട്ട് ചെയ്തിട്ടുള്ള എത്ര കുട്ടികളെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പോലീസ് നടത്തിയ അന്വേഷണത്തിന്റെ ഭാഗമായി കാണാതായതായി റിപ്പോർട്ട് ചെയ്തിട്ടുള്ളവയിൽ 5787 കുട്ടികളെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. വിശദവിവരം ചുവടെ ചേർത്തിരിക്കുന്നു:

| *ജില്ല* | *കണ്ടെത്തിയ കുട്ടികൾ* | *ജില്ല* | *കണ്ടെത്തിയ കുട്ടികൾ* |
|---|---|---|---|
| തിരുവനന്തപുരം സിറ്റി | 340 | തൃശ്ശൂർ സിറ്റി | 141 |
| തിരുവനന്തപുരം റൂറൽ | 747 | തൃശ്ശൂർ റൂറൽ | 433 |
| കൊല്ലം സിറ്റി | 339 | പാലക്കാട് | 305 |
| കൊല്ലം റൂറൽ | 361 | മലപ്പുറം | 606 |
| പത്തനംതിട്ട | 229 | കോഴിക്കോട് സിറ്റി | 168 |
| ആലപ്പുഴ | 354 | കോഴിക്കോട് റൂറൽ | 250 |
| കോട്ടയം | 284 | വയനാട് | 165 |
| ഇടുക്കി | 230 | കണ്ണൂർ | 297 |
| എറണാകുളം സിറ്റി | 162 | കാസർഗോഡ് | 164 |
| എറണാകുളം റൂറൽ | 206 | റെയിൽവേയ്സ് | 6 |
| | | ആകെ | 5787 |

**ഈ സർക്കാർ അധികാരമേറ്റശേഷം നടന്ന കൊലപാതകങ്ങൾ**

139 (3246) <u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് നാളിതുവരെ എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ട്;

(ബി) ഇതിൽ കവർച്ച ചെയ്യലിന്റെ ഭാഗമായി നടന്ന കൊലപാതകങ്ങൾ

എത്ര; ഗുണ്ടാസംഘങ്ങൾ തമ്മിലുള്ള പകയുടെ ഭാഗമായി നടന്ന കൊലപാതകങ്ങൾ എത്ര ; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് നാളിതുവരെ 1722 കൊലപാതകങ്ങൾ നടന്നിട്ടുണ്ട്.

(ബി) ഇതിൽ കവർച്ച ചെയ്യലിന്റെ ഭാഗമായി 104 കൊലപാതകങ്ങളും ഗുണ്ടാസംഘങ്ങൾ തമ്മിലുള്ള പകയുടെ ഭാഗമായി 4 കൊലപാതകങ്ങളും നടന്നിട്ടുണ്ട്.

## യു.എ.പി.എ. ചുമത്തപ്പെട്ട കേസ്സുകൾ

140 (3247) ശ്രീ. സി. കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം യു.എ.പി.എ. ചുമത്തപ്പെട്ട ഏതെല്ലാം കേസ്സുകളിലെ ഏതെല്ലാം പ്രതികൾക്ക് യു.എ.പി.എ. നിലനിൽക്കുമ്പോഴും ജാമ്യം ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കാലയളവിൽ നടന്ന ഏതെല്ലാം രാഷ്ട്രീയകൊലപാതകക്കേസ്സുകളിൽ കൊലപാതകം സംബന്ധിച്ച ഗൂഢാലോചനകൂടി അന്വേഷിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇവയിൽ ഏതെല്ലാം കേസ്സുകളിൽ ആരെയെല്ലാം ഗൂഢാലോചന കുറ്റത്തിന് പ്രതി ചേർത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഓരോ കേസ്സിലും യു.എ.പി.എ. ചുമത്താൻ ഇടയായ സാഹചര്യം വിശദമാക്കാമോ?

ഉത്തരം

(എ) 22 യു.എ.പി.എ. കേസ്സുകളിലായി 45 പ്രതികൾക്ക് ജാമ്യം ലഭ്യമായിട്ടുണ്ട്. ഇതിൽ പല പ്രതികളും ഒന്നിലധികം കേസ്സുകളിൽ ഉൾപ്പെട്ടിട്ടുള്ളവരാണ്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 1. ക്രൈം നമ്പർ 780/14 കതിരൂർ പി.എസ്., കണ്ണൂർ

2. ക്രൈം നമ്പർ 165/15 കണ്ണവം പി.എസ്., കണ്ണൂർ

3. ക്രൈം നമ്പർ 364/15 കൊളവല്ലൂർ പി.എസ്., കണ്ണൂർ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) 1. ക്രൈം നമ്പർ 780/14 കതിരൂർ പി.എസ്., കണ്ണൂർ

വിക്രമൻ, ജിതേഷ് @ നമ്പിഡി ജിത, സി. പ്രകാശൻ, റ്റി.പി. പ്രഭാകരൻ, ഷിബിൻ, സുജിത് @അച്ചാർ, വിനോദ് @ വിനു @ അണ്ടൻ, റിജു, സിനിൽ, ബിജേഷ് പൂവാടൻ @ ബിജു, കൃഷ്ണൻ, രാമചന്ദ്രൻ, വിജേഷ് @മുത്തു, വിജേഷ് @ ജോർജ്ജ്കുട്ടി, മനോജ് @നായ്ക്കുട്ടി മനോജ്, ഷബിത്ത്, നിത് @ നിജിത്ത്, സിറാജ് @ കുറുക്കൻ സിറാജ്, പി.പി. റഹിം @ ജക്ക റഹീം, മധുസൂദനൻ, റിജേഷ് @ റിജു, മഹേഷ്, സുനിൽ കുമാർ @ സുന്ദുട്ടി, സജിലേഷ്, പി. ജയരാജൻ (ജില്ലാ സെക്രട്ടറി, സി.പി.ഐ.(എം), കണ്ണൂർ)

2. ക്രൈം നമ്പർ 165/15 കണ്ണവം പി.എസ്., കണ്ണൂർ

സജേഷ്, ശ്യാമപ്രസാദ്, പ്രജീഷ്, ഇഞ്ചിക്കണ്ടി നിശാന്ത്, ലിജിൻ, മണപ്പാട്ടി വിനീഷ്, രജീഷ്, നിഖിൽ, രഞ്ജയ് രമേശ്, രഞ്ജിത്ത്.

3. ക്രൈം നമ്പർ 364/15 കൊളവല്ലൂർ പി.എസ്., കണ്ണൂർ

ധനീഷ്, ജഗതി, രജിലേഷ്, ഷഫിൽ മുത്തു @ നിജീഷ്, ബിജിത്ത്, അഖിൽ, അക്കു വിജീഷ്, സുരേഷ്

(ഡി) 1. ക്രൈം നമ്പർ 780/14 കതിരൂർ പി.എസ്., കണ്ണൂർ

സംഭവ സ്ഥലത്ത് സ്ഫോടകവസ്തുക്കൾ ഉപയോഗിച്ച് സ്ഫോടനം നടത്തി ജനങ്ങളിൽ ഭീതിയും ഭീകരതയും സൃഷ്ടിച്ച് കൊലപാതകം നടത്തിയതായി പരാതി ലഭിച്ചതിനാൽ.

2. ക്രൈം നമ്പർ 165/15 കണ്ണവം പി.എസ്., കണ്ണൂർ

ഗൂഢാലോചന നടത്തി മാരകായുധങ്ങളായ ബോംബ്, വാൾ എന്നിവയുമായി സംഘം ചേർന്ന് സ്ഥലത്ത് മാരകമായ ബോംബ് എറിഞ്ഞ് ഭീകരാന്തരീക്ഷം സൃഷ്ടിച്ചും ജനങ്ങളെ സ്ഥലത്ത് നിന്ന് അകറ്റിയും കൊലപാതകം നടത്തിയതിനാൽ.

3. ക്രൈം നമ്പർ 364/15 കൊളവല്ലൂർ പി.എസ്., കണ്ണൂർ

പൊതുസ്ഥലത്ത് ബോംബ് എറിഞ്ഞ് പൊട്ടിച്ച് ഭീകരാന്തരീക്ഷം സൃഷ്ടിച്ച് കൊലപാതകം നടത്തിയതിനാൽ.

## സി. ബി. ഐ. ഏറ്റെടുത്ത കേസ്സുകൾ

141 (3248) <u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലത്ത് സി.ബി.ഐ. ഏറ്റെടുത്ത കേസ്സുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

കേസ്സുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

## കെ.എസ്.ആർ.ടി.സി. തിരുവല്ല ഷോപ്പിംഗ് കോംപ്ലക്സ്

142 (3249) ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. തിരുവല്ല ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് നടന്ന വിജിലൻസ് അന്വേഷണം പൂർത്തീകരിച്ചോ;

(ബി) പൂർത്തീകരിച്ചുവെങ്കിൽ അന്വേഷണ റിപ്പോർട്ടിന്മേൽ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. തിരുവല്ല ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നടത്തിയിട്ടില്ല. എന്നാൽ തിരുവല്ല കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിലെ അഴിമതി സംബന്ധിച്ച് ക്യു. വി.6/11/പി.റ്റി.എ. എന്ന നമ്പറായി നടത്തിയ സത്വരാന്വേഷണം പൂർത്തിയായി.

(ബി) അന്വേഷണ റിപ്പോർട്ടിന്മേൽ തുടർനടപടികൾ ആവശ്യമില്ല എന്ന വിജിലൻസ് ഡയറക്ടറുടെ ശിപാർശ, വിജിലൻസ് വകുപ്പ് അംഗീകരിക്കുകയും അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് അറിവിലേക്കായി 18-6-2013-ലെ 5818/എ 1/13/വിജ്. നമ്പർ കത്ത് പ്രകാരം ഗതാഗത വകുപ്പിന് നൽകി.

## ഹസീസ ഫൈറൂസ് കേസ്സന്വേഷണം

143 (3250) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂരിലെ നിറമരുതൂർ സ്വദേശിയായ കടവണ്ടി വളപ്പിൽ ഹസീസ ഫൈറൂസ് തിരൂർ കുട്ടായിയിലുള്ള ഭർതൃവീട്ടിൽ വച്ച് തീപ്പൊള്ളലേറ്റ് മരണപ്പെട്ട കേസ്സിന്റെ അന്വേഷണം ഏത് ഏജൻസിയാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ ഏജൻസി എന്നുമുതലാണ് ഈ കേസ്സിന്റെ ചുമതല ഏറ്റെടുത്തത് എന്നും ഈ കേസിന്റെ അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലൊണന്നും അറിയിക്കുമോ ;

(സി) ഇത് സംബന്ധിച്ച കുറ്റപത്രം തയ്യാറാക്കിയിട്ടുണ്ടോ; എന്നത്തേക്ക് കുറ്റപത്രം കോടതിയിൽ സമർപ്പിക്കാനാകുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) താനൂരിലെ നിറമരുതൂർ സ്വദേശി ഹസീസ ഫൈറൂസ് തീപ്പൊള്ളലേറ്റ് മരണപ്പെട്ടതുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ് 18-4-2013 മുതൽ ക്രൈംബ്രാഞ്ച് വിഭാഗം അന്വേഷണം നടത്തിവരുന്നു. {Cr. No. 63/CR/HHW-III/KKD/13 (തിരൂർ PS Cr.112/13)} കുറ്റപത്രം തയ്യാറാക്കിയിട്ടില്ല. വസ്തുതാ വിവരണ റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

## ഡോഗ് സ്ക്വാഡ് വിഭാഗം

144 (3251) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസ് ഡോഗ് സ്ക്വാഡ് വിഭാഗത്തിലെ ട്രെയിനിംഗ് കഴിഞ്ഞ ഹാന്റ്ലർമാരെ മറ്റ് ഡ്യൂട്ടികളിലേക്ക് മാറ്റി നിയമിക്കുന്നത് ഡോഗ് സ്ക്വാഡിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹാന്റ്ലർമാരെ മറ്റ് ഡ്യൂട്ടികളിൽനിന്നും ഒഴിവാക്കുന്നതിനും പോലീസിലെ ഡോഗ് സ്ക്വാഡ് വിഭാഗത്തിനെ കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) ഡോഗ് സ്ക്വാഡ് വിഭാഗത്തിലെ ട്രെയിനിംഗ് കഴിഞ്ഞ ഹാന്റ്ലർമാരെ മറ്റ് ഡ്യൂട്ടികളിലേക്ക് മാറ്റി നിയമിക്കാറില്ല.

## കേരള പോലീസിൽ മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗത്തിലെ ഒഴിവുകൾ

145 (3252) <u>ശ്രീ. എം. എ. വാഹീദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിൽ മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗത്തിൽ മെക്കാനിക് ഹവിൽദാർ, മോട്ടോർ ട്രാൻസ്പോർട്ട് സബ് ഇൻസ്പെക്ടർ എന്നീ തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇലക്ട്രീഷ്യൻ പോലീസ് കോൺസ്റ്റബിൾ, മെക്കാനിക്/ഫിറ്റർ എന്നീ തസ്തികകളിൽ യോഗ്യതയുള്ള പോലീസ് കോൺസ്റ്റബിൾമാരെ തസ്തികമാറ്റംവഴി നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള പോലീസിൽ മോട്ടോർ ട്രാൻസ്പോർട്ട് വിഭാഗത്തിൽ മെക്കാനിക് ഹവിൽദാർ, മോട്ടോർ ട്രാൻസ്പോർട്ട് സബ് ഇൻസ്പെക്ടർ എന്നീ തസ്തികകളിൽ നാല് ഒഴിവുകൾ വീതം നിലവിലുണ്ട്.

(ബി) മോട്ടോർ ട്രാൻസ്പോർട്ട് സബ് ഇൻസ്പെക്ടർമാരുടെ നാല് ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മെക്കാനിക് ഹവിൽദാർ തസ്തികയിലുള്ള 4 ഒഴിവുകളിലേക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇലക്ട്രീഷ്യൻ പോലീസ് കോൺസ്റ്റബിൾ, മെക്കാനിക് പോലീസ് കോൺസ്റ്റബിൾ/ഫിറ്റർ തസ്തികകളിൽ യോഗ്യതയുള്ള പോലീസ് കോൺസ്റ്റബിൾമാരെ തസ്തികമാറ്റംവഴി നിയമിക്കുവാൻ നിലവിലെ ചട്ടപ്രകാരം വ്യവസ്ഥയില്ല.

**വാഹന അപകടങ്ങൾ റിപ്പോർട്ട് ചെയ്യാൻ കർമ്മ പദ്ധതികൾ**

146 (3253) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹന അപകടങ്ങൾ റിപ്പോർട്ട് ചെയ്യാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) വാഹനാപകടങ്ങൾ നടന്നാൽ പോലീസ് കൺട്രോൾ റൂം, ക്രൈം സ്റ്റോപ്പർ, ഹൈവേ ജാഗ്രതാ സമിതികൾ, ഡ്രൈവേഴ്സ് യൂണിയനുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, റോഡ് സേഫ്റ്റി ക്ലബ്ബുകൾ എന്നിവയ്ക്കും വിവിധ സന്നദ്ധ സംഘടനകൾക്കും അപകട വിവരം റിപ്പോർട്ട് ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഹൈവേ പട്രോളിംഗ്, ട്രാഫിക് ഹെൽപ്പ് ലൈൻ എന്നിവിടങ്ങളിലേയ്ക്ക് ടോൾഫ്രീയായും, ഇ-മെയിൽ, വാട്ട്സ് ആപ്പ് തുടങ്ങിയ നൂതന മാധ്യമങ്ങൾ മുഖേനയും, 9846100100 എന്ന ഹൈവേ അലർട്ട് നമ്പരിലേയ്ക്കും 100, 1099, 1090 എന്നീ ടോൾഫ്രീ നമ്പരുകളിലേക്കും വാഹനാപകട വിവരങ്ങൾ റിപ്പോർട്ട് ചെയ്യാൻ പൊതുജനങ്ങൾക്ക് സൗകര്യമുണ്ട്.

(ബി) വാഹനാപകടം നടന്നാൽ വിവരം ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ ഉടൻ അറിയിക്കുക, പരിക്കേൽക്കുന്നവരെ കാലതാമസം കൂടാതെ ആശുപത്രിയിൽ എത്തിക്കുക, സുഗമമായ ഗതാഗതം ലഭ്യമാക്കി അവരുടെ ജീവൻ രക്ഷിക്കുക എന്നിവയെല്ലാം ഇതിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങളാണ്.

ഇത് നടപ്പിൽ വരുത്തുന്നതിനായി 108 ആംബുലൻസിന്റെയും പോലീസ് കൺട്രോൾ റൂം ഹൈവേ പോലീസ് വാഹനങ്ങളുടെയും സേവനം ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. മാത്രമല്ല, പരിക്കേൽക്കുന്നവരെ ആശുപത്രിയിൽ എത്തിക്കുന്നവർക്ക് അതിന് ചെലവാകുന്ന തുക നൽകുന്നതിനും, വാഹനാപകടത്തിൽപ്പെടുന്നവർക്ക് വാഹനത്തിന്റെ നാശനഷ്ടത്തിന് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക, പരമാവധി വേഗത്തിൽ പോലീസ് നിയമ സഹായം ലഭ്യമാക്കുക എന്നീ നടപടികൾ സ്വീകരിക്കുന്നുണ്ട്.

**നിയമ വിരുദ്ധപ്രവർത്തനങ്ങൾ ( തടയൽ) നിയമം**

147 (3254) <u>ശ്രീ. എളമരം കരീം</u> :
<u>ശ്രീ. ജെയിംസ് മാത്യു</u> :
<u>ശ്രീ. എ. പ്രദീപ്കുമാർ</u> :
<u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.എ.പി.എ. നിയമം, സംസ്ഥാനത്ത് രാഷ്ട്രീയമായും വൈരനിര്യാതന ബുദ്ധിയോടെയും ഉപയോഗപ്പെടുത്തുന്നതുമൂലം ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ കണക്കിലെടുത്തിട്ടുണ്ടോ; നിരപരാധികൾക്കെതിരെ യു.എ.പി.എ. നിയമം

ഉപയോഗിക്കുന്നത് ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കാമോ;

(ബി) നിയമവിധേയമായി പ്രവർത്തിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ നേതാക്കളെയും പ്രവർത്തകരെയും അമർച്ച ചെയ്യുന്നതിനായി, അവർക്കെതിരെ ഭീകരവിരുദ്ധ നിയമം ഉപയോഗിക്കുന്നത് അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) നിയമവ്യവസ്ഥകൾ ലംഘിച്ച്, കൊലപാതക കേസ്സുകളെപ്പോലും ഭീകരപ്രവർത്തനമായി വ്യാഖ്യാനിച്ച് യു.എ.പി.എ. പരിധിയിൽ കൊണ്ടുവന്നിട്ടുണ്ടോ;

(ഡി) ഇന്ത്യൻ പീനൽ കോഡിന്റെയും ക്രിമിനൽ പ്രൊസീജിയർ കോഡിന്റെയും പരിധിയിലുള്ള കുറ്റകൃത്യങ്ങളിൽ യു.എ.പി.എ. കൂടി ചുമത്തി കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നതായ എത്ര ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ട് ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) യു.എ.പി.എ. നിയമം സംസ്ഥാനത്ത് ഇത്തരത്തിൽ ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വ്യക്തികളുടെയും സംഘടിത ഗ്രൂപ്പുകളുടെയും കുറ്റകരമായ പ്രവർത്തനത്തിന്റെ സ്വഭാവമാണ് പ്രസ്തുത കുറ്റം ഏതു നിയമത്തിന്റെ പരിധിയിൽ വരുന്നു എന്ന് നിശ്ചയിക്കുന്നത്.

(സി) ചില കൊലപാതകങ്ങളിൽ യു.എ.പി.എ. ചുമത്തിയതിനെ ബഹു. ഹൈക്കോടതി ശരിവച്ചിട്ടുണ്ട്.

(ഡി) യു.എ.പി.എ.ക്കെതിരെ PFI, CPI (Maoist) തുടങ്ങിയ പല സംഘടനകളും പരാതി ഉന്നയിച്ചിട്ടുണ്ട്.

**ബാർ കോഴ**

148 (3255) <u>ശ്രീ. ഇ. പി. ജയരാജൻ</u>
<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>
<u>ശ്രീ. പി. ടി. എ. റഹീം</u>
<u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 ഡിസംബർ 31-ന് ചേർന്ന ബാറുടമ സംഘടനയുടെ യോഗത്തിൽ നടന്ന സംഭാഷണങ്ങളുടെ മൂന്ന് മണിക്കൂറോളം നീളുന്ന ശബ്ദരേഖ, അന്വേഷണത്തിന്റേയോ പരാതികളുടേയോ ഭാഗമായി വിജിലൻസിന് ലഭിച്ചിട്ടുണ്ടായിരുന്നുവോ;

(ബി) ഈ ശബ്ദരേഖയെ അടിസ്ഥാനമാക്കി ബാർകോഴ ഇടപാടും അന്വേഷണവുമായി ബന്ധപ്പെട്ട് വിജിലൻസ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പടുത്താമോ; ഈ ശബ്ദരേഖയുടെ ഏതെങ്കിലും ഒരു ഭാഗം മാത്രം വിജിലൻസ് ഡയറക്ടർ മാധ്യമങ്ങൾക്ക് നൽകുകയുണ്ടായോ; എങ്കിൽ ഏത് ഭാഗം;

(സി) ഈ ശബ്ദരേഖയുടെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണ ഉദ്യോഗസ്ഥനെതിരെ കേസ്സെടുത്തിട്ടുണ്ടോ; അതേ സി.ഡി.യിൽ ബാർ കോഴ ഇടപാടിൽ ബന്ധമുള്ളതായി പരാമർശമുള്ള മൂന്ന് മന്ത്രിമാർക്കും അഡ്വക്കേറ്റ് ജനറലിനുമെതിരെ കേസ്സെടുക്കുകയുണ്ടായോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത ശബ്ദരേഖയിൽ മന്ത്രിമാരായ ശ്രീ. കെ. ബാബു, രമേശ് ചെന്നിത്തല, ശ്രീ. പി. ജെ ജോസഫ്, ശ്രീ. കെ. എം. മാണി, അഡ്വക്കേറ്റ് ജനറൽ എന്നിവരുമായി ബന്ധപ്പെട്ട പരാമർശങ്ങൾ എന്തെല്ലാമായിരുന്നു; പ്രസ്തുത ശബ്ദരേഖയുടെ പൂർണ്ണരൂപം സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ശബ്ദരേഖകളടങ്ങിയ സി.ഡി. കോടതിയിൽ നിന്നും അന്വേഷണ ഉദ്യോഗസ്ഥന് ലഭിച്ചിട്ടുണ്ടായിരുന്നു. കൂടാതെ ശ്രീ. ബിജു രമേശ് 2015 ജനുവരിയിൽ അന്വേഷണ ഉദ്യോഗസ്ഥന് മുമ്പാകെയും ഹാജരാക്കിയിരുന്നു.

(ബി) ഈ ശബ്ദരേഖ നിയമപരമായ നടപടിക്ക് വിധേയമാക്കിയിട്ടുണ്ട്. കൂടാതെ ഈ ശബ്ദരേഖ ആർക്കും നൽകിയിട്ടില്ല.

(സി) അന്വേഷണ ഉദ്യോഗസ്ഥനെതിരെ കേസ്സെടുത്തിട്ടില്ല. നിയമസാധുത ഇല്ലാത്തതിനാൽ ഇതിന്റെ അടിസ്ഥാനത്തിൽ ആർക്കെതിരെയും കേസ്സെടുത്തിട്ടില്ല.

(ഡി) വിചാരണ കോടതി മുന്നിലുള്ള വിഷയമായതിനാൽ വിവരങ്ങൾ വെളിപ്പെടുത്താനോ, ശബ്ദരേഖയുടെ പൂർണ്ണരൂപം ഹാജരാക്കാനോ നിർവ്വാഹമില്ല.

**വനിതാ പോലീസ് വിഭാഗം**

149 (3256) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസിന്റെ വനിതാ വിഭാഗത്തിൽ എത്ര ഡിവൈ. എസ്. പി. തസ്തികകളാണ് നിലവിലുള്ളത്;

(ബി) വനിതാ പോലീസ് വിഭാഗത്തിൽ എസ്. ഐ., ഡിവൈ. എസ്. പി. തസ്തികകൾ സൃഷ്ടിക്കാൻ സ്റ്റേറ്റ് പോലീസ് ചീഫ് ഗവൺമെന്റിലേക്ക് പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കമോ;

(സി) 67505/കെ.2/ആഭ്യന്തരം/15 നമ്പർ ഫയലിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കമോ;

(ഡി) പ്രസ്തുത തസ്തികകൾ അടിയന്തരമായി സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന പോലീസിൽ വനിതാ ഡിവൈ.എസ്.പി.യുടെ ഒരു തസ്തികയാണ് നിലവിലുള്ളത്.

(ബി - ഡി) വനിതാ പോലീസ് വിഭാഗത്തിൽ ഡിവൈ.എസ്.പി. തസ്തിക സൃഷ്ടിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവി ശിപാർശ സമർപ്പിച്ചിട്ടുണ്ട്. ആയത് 67505/കെ2/2015/ആഭ്യന്തരം എന്ന ഫയലിൽ സർക്കാർ പരിശോധിച്ചു വരുന്നു.

**വനിതാ പോലീസ് സ്റ്റേഷനുകൾ**

150 (3257) <u>ശ്രീ. എം. പി. വിൻസെന്റ്</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. എ. റ്റി. ജോർജ്</u> :
<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് കർമ്മപദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി & സി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട സ്ത്രീകൾക്കും

കുട്ടികൾക്കും സംരക്ഷണം നൽകുന്ന കാര്യത്തിൽ കൂടുതൽ ശ്രദ്ധയും കരുതലും ഉണ്ടാകുന്നതിനും അവരുടെ പരാതികൾക്ക് അപ്പപ്പോൾ പരിഹാരം ഉണ്ടാകുന്നതിനും തിരുവനന്തപുരം റൂറൽ, കൊല്ലം റൂറൽ, പത്തനംതിട്ട, പാലക്കാട്, കോഴിക്കോട് റൂറൽ, വയനാട്, കാസർഗോഡ് എന്നിവിടങ്ങളിൽ വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ വകുപ്പുതലത്തിൽ പരിശോധിച്ചുവരുന്നു.

## ഉന്നതതസ്തികകളിലെ പോലീസ് ഉദ്യോഗസ്ഥർ

151 (3258) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ ഡി.ജി.പി., വിജിലൻസ് ഡയറക്ടർ, ഫയർഫോഴ്സ് ഡയറക്ടർ, ജയിൽ ഡി.ജി.പി. എന്നീ തസ്തികകളിൽ ആരെയെല്ലാമാണ് നിയമിച്ചിട്ടുള്ളത്; ഓരോരുത്തരുടെയും സേവന കാലം ഉൾപ്പെടെ വിശദമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ജില്ലാ പോലീസ് സൂപ്രണ്ടുമാരായി ഓരോ ജില്ലയിലും നിയോഗിക്കപ്പെട്ടവർ ആരൊക്കെയായിരുന്നു; ഓരോരുത്തരുടെയും സേവനകാലം ഉൾപ്പെടെ വിശദമാക്കാമോ?

### ഉത്തരം

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഡി.ജി.പി. ആയി നിയമിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| *ക്രമ നമ്പർ* | *പേര്* | *കാലയളവ്* |
|---|---|---|
| 1 | ശ്രീ. കെ. എസ്. ബാലസുബ്രഹ്മണ്യം, IPS | 31-8-2012 മുതൽ 31-5-2015 വരെ |
| 2 | ശ്രീ. ടി. പി. സെൻകുമാർ | 31-5-2015 മുതൽ തുടരുന്നു. |

ഈ സർക്കാരിന്റെ കാലയളവിൽ വിജിലൻസ് ഡയറക്ടറായി നിയമിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ വിവരങ്ങൾ അനുബന്ധം I-ആയും ഫയർഫോഴ്സ് മേധാവി ആയി നിയമിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ വിവരങ്ങൾ അനുബന്ധം II-ആയും

ജയിൽ ഡി.ജി.പി. ആയി നിയമിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ വിവരങ്ങൾ അനുബന്ധം III-ആയും കൊടുത്തിരിക്കുന്നു.*

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജില്ലാ പോലീസ് സൂപ്രണ്ടുമാരായി ഓരോ ജില്ലയിലും നിയമിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ വിവരങ്ങൾ അനുബന്ധം ബി ആയി കൊടുത്തിരിക്കുന്നു.*

## വിവിധ കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുടെ വിവരശേഖരണം

152 (3259) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016 ജനുവരി 31 വരെയുള്ള കാലയളവിൽ ലൈംഗിക കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുടെ വിവരശേഖരണം നടത്തിയിരുന്നോ; വിശദമാക്കാമോ;

(ബി) സദാചാര വിരുദ്ധ പ്രവൃത്തികളിൽ ഏർപ്പെട്ടവർ എത്ര; ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) സ്വഭാവ ദൂഷ്യത്തിന് അച്ചടക്ക നടപടി നേരിട്ടവർ എത്ര;

(ഡി) രഹസ്യാന്വേഷണ/വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശിക്ഷണ നടപടികൾ പൂർത്തീകരിച്ച് തിരികെ ജോലിയിൽ പ്രവേശനം നേടിയവർ എത്ര; വിശദ വിവരം വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016 ജനുവരി 31 വരെയുള്ള കാലയളവിൽ ലൈംഗിക കുറ്റകൃത്യങ്ങൾ ഉൾപ്പെടെയുള്ള എല്ലാ കുറ്റകൃത്യങ്ങളിലുംപെട്ട പോലീസ് ഉദ്യോഗസ്ഥരുടെ വിവരശേഖരണം നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) സദാചാര വിരുദ്ധ പ്രവൃത്തികളിൽ 73 പേർ ഏർപ്പെട്ടിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) സ്വഭാവദൂഷ്യത്തിന് നടപടി നേരിട്ടവർ 675.

(ഡി) രഹസ്യാന്വേഷണ/വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശിക്ഷണ നടപടികൾ പൂർത്തീകരിച്ച 10 പേർ തിരികെ ജോലിയിൽ പ്രവേശനം നേടിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കൊല്ലം റൂറൽ പോലീസ് ആസ്ഥാനമന്ദിരം നിർമ്മാണം**

153 (3260) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം റൂറൽ പോലീസ് ആസ്ഥാനമന്ദിരം നിർമ്മാണത്തിന്റെ പ്ലാനും എസ്റ്റിമേറ്റും തയ്യറാക്കിയിട്ടുണ്ടോ; പ്രസ്തുത നിർമ്മാണത്തിന്റെ അടങ്കൽ തുക എത്രയാണ്;

(ബി) നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ ഉദ്ദേശിക്കുന്നു; പ്ലാൻ, എസ്റ്റിമേറ്റ് എന്നിവയുടെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) കൊല്ലം റൂറൽ പോലീസ് ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിന് ആവശ്യമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുവാൻ കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിന്റെ തറക്കല്ലിടീൽ ആഭ്യന്തര മന്ത്രി നടത്തിയിട്ടുണ്ട്.

**പോലീസ് സേനയിലെ ഡ്രൈവർ തസ്തിക**

154 (3261) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിലെ ഡ്രൈവർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളാണുള്ളത്; ഈ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ആവശ്യത്തിന് ഡ്രൈവർമാർ ഇല്ലാത്തതുകാരണം ലൈസൻസുള്ള പോലീസുകാരെ ഈ ജോലിക്ക് നിയോഗിക്കുന്നത് ക്രമസമാധാനപാലനത്തിന്

ആവശ്യത്തിന് പോലീസുകാരില്ലാത്ത സാഹചര്യം സൃഷ്ടിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ തസ്തികയിൽ നിലവിലുണ്ടായിരുന്ന 483 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) വാഹനങ്ങളുടെ എണ്ണത്തിന് ആനുപാതികമായി പോലീസ് കോൺസ്റ്റബിൾ ഡ്രൈവർമാരുടെ തസ്തിക നിലവിലില്ലാത്തതിനാലാണ് നിശ്ചിത യോഗ്യതയുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് വാഹനം ഓടിക്കുന്നതിന് അനുമതി നൽകി വരുന്നത്. ഇതുമൂലം ക്രമസമാധാനപാലനത്തിന് പോലീസുകാർ ഇല്ലാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പോലീസ് കോൺസ്റ്റബിൾ ഡ്രൈവർമാരുടെ ദൗർലഭ്യം പരിഹരിക്കുന്നതിനുവേണ്ടി പോലീസ് കോൺസ്റ്റബിൾ ഡ്രൈവർമാരുടെ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള സംസ്ഥാന പോലീസ് മേധാവിയുടെ നിർദ്ദേശം സർക്കാരിന്റെ പരിശോധനയിലാണ്.

## പോലീസ് സ്റ്റേഷൻ

155 (3262) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ ആറ്റുകാൽ ഭഗവതി ക്ഷേത്രത്തിന് സമീപം പോലീസ് സ്റ്റേഷൻ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ ഏതുവരെയായി എന്ന് വിശദമാക്കുമോ;

(സി) ഇക്കാര്യത്തിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ - സി) ആറ്റുകാൽ ഭഗവതി ക്ഷേത്രത്തിനുസമീപം ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കുന്ന വിഷയം സർക്കാർ വിശദമായി പരിശോധിച്ചിരുന്നു. ക്ഷേത്രപരിസരത്ത് സ്ഥലം ലഭ്യമാകാത്തതിനാൽ ഇക്കാര്യത്തിൽ മേൽനടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല.

## ഇന്ത്യ റിസർവ് ബറ്റാലിയൻ

156 (3263) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിൽ ഇന്ത്യ റിസർവ് ബറ്റാലിയൻ സേനയുടെ എത്ര ബാച്ചുകൾ ട്രെയിനിംഗ് പൂർത്തിയാക്കി പാസ്സിംഗ് ഔട്ട് ആയിട്ടുണ്ട്; ഇവരുടെ ട്രെയിനിംഗ് കാലാവധി എത്ര മാസമാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഐ. ആർ. ബി. മൂന്നാമത്തെ ബാച്ചിന്റെ 9 മാസത്തെ ട്രെയിനിംഗ് പൂർത്തിയായോ ;എങ്കിൽ പാസ്സിംഗ് ഔട്ട് ഉടൻ നടത്തുമോയെന്ന് അറിയിക്കുമോ;

(സി) കഠിനമായ ആദ്യഘട്ട പരിശീലനം പൂർത്തിയാകുമ്പോൾ ശാരീരിക പ്രയാസങ്ങൾ അനുഭവപ്പെടുന്ന ട്രെയിനീസിന് അടുത്ത പരിശീലനത്തിൽ പങ്കെടുക്കാൻ സാധിക്കാതെ ബാച്ച് ഔട്ട് ആക്കുന്നത് ഒഴിവാക്കുന്നതിനായി ഇവരുടെ പാസ്സിംഗ് ഔട്ട് ഉടൻ നടത്തുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത രീതിയിൽ ബാച്ച് ഔട്ട് ആകുന്ന ട്രെയിനീസിന് വർഷം തോറും വിജ്ഞാപനം നടത്തി ഐ. ആർ. ബി. തെരഞ്ഞെടുപ്പ് നടക്കാത്തതിനാൽ ഇവരുടെ ഭാവി അനിശ്ചിതത്വത്തിൽ ആകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

### ഉത്തരം

(എ) കേരള പോലീസിൽ ഇന്ത്യ റിസർവ് ബറ്റാലിയൻ സേനയുടെ റെഗുലർ വിംഗ് 2 ബാച്ചുകളും കമാൻഡോ വിംഗ് 4 ബാച്ചുകളും ട്രെയിനിംഗ് പൂർത്തിയാക്കി പാസ്സിംഗ് ഔട്ട് ആയിട്ടുണ്ട്. ഇവരുടെ ട്രെയിനിംഗ് കാലാവധി 18 മാസമാണ്.

(ബി) ഐ.ആർ.ബി. മൂന്നാം ബാച്ചിന്റെ 9 മാസത്തെ ട്രെയിനിംഗ് പൂർത്തിയാക്കി പാസ്സിംഗ് ഔട്ട് 2014 നവംബർ 2-ന് നടന്നിട്ടുള്ളതാണ്. റെഗുലർ വിംഗിന്റെ മൂന്നാമത്തെ ബാച്ചിന്റെ 9 മാസത്തെ അടിസ്ഥാന പരിശീലനം പൂർത്തിയാക്കി രണ്ടാംഘട്ട അറ്റാച്ച്മെന്റ് പരിശീലനത്തിലാണ്. രണ്ടാംഘട്ട ട്രെയിനിംഗും പൂർത്തിയാകുന്ന മുറയ്ക്ക് പാസ്സിംഗ് ഔട്ട് പരേഡ് നടത്തുന്നതാണ്.

(സി) ബാച്ച് ഔട്ട് ആകുന്ന ട്രെയിനികൾക്ക് അടുത്ത ബാച്ചിനോടൊപ്പം പരിശീലനത്തിൽ പങ്കെടുക്കുവാൻ അവസരം നൽകാറുണ്ട്. ബാച്ച് ഔട്ട്

ഒഴിവാക്കുന്നതിനായി പാസ്സിംഗ് ഔട്ട് ഉടൻ നടത്തുന്നതിന് സാധിക്കുന്നതല്ല.

(ഡി) ഐ.ആർ.ബി.യിൽ ബാച്ച് ഔട്ട് ആയ എല്ലാ ട്രെയിനികൾക്കും അടുത്ത ബാച്ചിനോടൊപ്പം പരിശീലനം തുടരാൻ അവസരം ലഭിച്ചിട്ടുണ്ട്. നിലവിലും ഈ അവസരം നൽകിവരുന്നുണ്ട്. ഒഴിവുകൾ യഥാസമയം പി.എസ്.സി.യെ അറിയിക്കുകയും അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

**പോലീസ് ഉദ്യോഗസ്ഥരുടെ ഇൻഷ്വറൻസ് പദ്ധതി**

157 (3264) ശ്രീ. പി. സി. വിഷ്ണുനാഥ്
ശ്രീ. അൻവർ സാദത്ത്
ശ്രീ. ജോസഫ് വാഴയ്ക്കൻ
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ഉദ്യോഗസ്ഥർക്ക് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പോലീസ് ഉദ്യോഗസ്ഥർക്കായുള്ള ഇൻഷ്വറൻസ് പദ്ധതിക്ക് 1-2-2014 തീയതിയിലെ സർക്കാർ ഉത്തരവ് നമ്പർ 20/2014/ആഭ്യന്തരം പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഡ്യൂട്ടിക്കിടയിൽ അപകടത്തിൽപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് ഇൻഷ്വറൻസ് കമ്പനിവഴി സംസ്ഥാനത്തെ വിവിധ ആശുപത്രികളുമായി സഹകരിച്ച് വളരെ വേഗത്തിൽ മതിയായ വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിന് സഹായിക്കുന്നതിനും അപകടത്തിൽ മരണപ്പെടുന്നവരുടെ കുടുംബത്തിനും/ഗുരുതരമായ പരിക്ക് പറ്റുന്നവർക്കും മതിയായ ധനസഹായം ഉൾപ്പെടെ ലഭ്യമാകുന്ന തരത്തിലുള്ള

പോളിസിയാണ് വിഭാവന ചെയ്തിരിക്കുന്നത്.

(സി) ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികളിൽ നിന്നും ഇ-ടെണ്ടർ വഴി ടെണ്ടറുകൾ വകുപ്പുതലത്തിൽ ക്ഷണിച്ചിട്ടുണ്ട്. ഫെബ്രുവരി പതിനേഴാം തീയതി ടെണ്ടർ സമർപ്പിക്കുന്നതിനുള്ള അവസാന ദിവസമായും ഫെബ്രുവരി ഇരുപത്തിരണ്ടാം തീയതി ടെണ്ടർ തുറക്കുന്ന ദിവസമായും നിശ്ചയിച്ചിട്ടുണ്ട്.

**പോലീസ് ഉദ്യോഗസ്ഥരുടെ സ്വഭാവസവിശേഷതകൾ**

158 (3265) <u>ശ്രീ. സാജു പോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ഉദ്യോഗസ്ഥരുടെ സ്വഭാവസവിശേഷതകൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; ക്രിമിനൽ കേസ്സിൽ പ്രതികളായ എത്ര പോലീസുകാരുണ്ടെന്ന് തസ്തിക സഹിതം വ്യക്തമാക്കാമോ;

(ബി) പോലീസ് ഉദ്യോഗസ്ഥർ പൊതുസ്ഥലങ്ങളിൽ അച്ചടക്കം പാലിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പൊതുജനങ്ങളുമായി ബന്ധപ്പെടുമ്പോൾ അച്ചടക്കത്തോടെയും മാന്യമായും പെരുമാറാൻ കർശന നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) പോലീസ് ഉദ്യോഗസ്ഥരുടെ സ്വഭാവവും പ്രവർത്തനവും ജോലിയോടുള്ള പ്രതിബദ്ധതയും നിരീക്ഷിച്ച് വിലയിരുത്താറുണ്ട്. ക്രിമിനൽ കേസ്സിൽ പ്രതികളായ 836 പോലീസ് ഉദ്യോഗസ്ഥരുണ്ട്. തസ്തിക തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു:

| *DIG* | *SP* | *DySP/AC* | *CI/R/API* | *SI/RSI/APSI/SI(G)* | *ASI/RASI/APASI/ASI(G)* | *SCPO/WSCPO/SCPO(G)* | *CPO/WCPO* | *TOTAL* |
|---|---|---|---|---|---|---|---|---|
| 1 | 1 | 7 | 6 | 75 | 63 | 201 | 482 | 836 |

(ബി) പോലീസ് ഉദ്യോഗസ്ഥർ പൊതുസ്ഥലങ്ങളിൽ അച്ചടക്കം

പാലിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പൊതുജനങ്ങളുമായി ബന്ധപ്പെടുമ്പോൾ അച്ചടക്കത്തോടെയും മാന്യമായും പെരുമാറാൻ എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകിയിട്ടുള്ളതും ആയത് പാലിക്കുന്നുണ്ടോ എന്ന് നിരീക്ഷിച്ചുവരുന്നതുമാണ്. വാഹനങ്ങളുടെ പരിശോധന നടത്തുമ്പോൾ പോലീസ് ഉദ്യോഗസ്ഥർ പാലിക്കേണ്ട കർത്തവ്യങ്ങളെക്കുറിച്ചും പെരുമാറ്റ രീതിയെക്കുറിച്ചും സംസ്ഥാന പോലീസ് മേധാവി 2-6-2015-ലെ എക്സിക്യൂട്ടീവ് ഡയറക്ടീവ് നമ്പർ 07/2015 പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

## ജാസ്മി, സജ്ന, ഫാത്തിമ എന്നിവരുടെ ആത്മഹത്യ സംബന്ധിച്ച അന്വേഷണം

159 (3266) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ പുതിയകാവ്, ജാസ്മി മൻസിലിൽ സൈനുദ്ദീന്റെ മക്കളായ ജാസ്മി, സജ്ന, ജാസ്മിയുടെ മകൾ ഫാത്തിമ എന്നിവർ ആത്മഹത്യ ചെയ്യുവാനിടയായ സാഹചര്യത്തെ സംബന്ധിച്ചുള്ള ക്രൈംബ്രാഞ്ച് അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) കേസ്സിൽ ആരെയൊക്കെയാണ് പ്രതി ചേർത്തിട്ടുള്ളതെന്നും എത്ര പേരെയാണ് അറസ്റ്റ് ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ ;

(സി) കേസ്സന്വേഷണത്തിന്റെ മേൽനോട്ടം ആർക്കാണെന്നും അന്വേഷണം എന്നത്തേക്ക് പൂർത്തിയാകുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) കിളിമാനൂർ പുതിയകാവ്, ജാസ്മി മൻസിലിൽ സൈനുദ്ദീന്റെ മക്കളായ ജാസ്മി, സജ്ന, ജാസ്മിയുടെ മകൾ ഫാത്തിമ എന്നിവർ ആത്മഹത്യ ചെയ്യുവാൻ ഇടയായത് സംബന്ധിച്ച പേട്ട പി.എസ്. ക്രൈം 1420/2015, ക്രൈം 1422/2015 എന്നീ കേസ്സുകൾ ക്രൈം നമ്പർ Cr. No. 224/CR/HHW-I/15, Cr. No. 225/CR/HHW-I/2015 ആയി റീ നമ്പർ ചെയ്ത് 21-12-2015 മുതൽ ക്രൈംബ്രാഞ്ച് വിഭാഗം അന്വേഷിച്ചുവരുന്നു.

(ബി) പുതുക്കാട് മുസ്ലീം പള്ളിക്ക് സമീപം ലൈലാ മൻസിലിൽ ഷൗക്കത്തലി മകൻ നാസർ(45), ജാസ്മിന്റെ ഉമ്മയുടെ സഹോദരിമാരായ മഹർബാൻ, മുംതാസ് എന്നിവരെയാണ് Cr. No. 224/CR/HHW-I/15 എന്ന കേസ്സിൽ പ്രതി ചേർത്തിട്ടുള്ളത്.

മൂന്നുപേരേയും അറസ്റ്റ് ചെയ്തിട്ടുണ്ട്. മൂന്നുപേരും ഇപ്പോൾ സോപാധിക ജാമ്യത്തിലാണ്.

ടി മഹർബാൻ, മുംതാസ് എന്നിവരെ Cr. No. 225/CR/HHW-I/2015 കേസ്സിലും പ്രതി ചേർത്തിട്ടുണ്ട്. രണ്ടുപേരെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. രണ്ടുപേരും ഇപ്പോൾ സോപാധിക ജാമ്യത്തിലാണ്.

(സി) കേസ്സന്വേഷണത്തിന്റെ മേൽനോട്ടം ക്രൈംബ്രാഞ്ച് സി.ഐ.ഡി., എച്ച്.എച്ച്.ഡബ്ല്യൂ. I പോലീസ് സൂപ്രണ്ടിനാണ്. 21-12-2015 മുതൽ ക്രൈംബ്രാഞ്ച് വിഭാഗം കേസ് ഏറ്റെടുക്കുകയും അന്വേഷണം ഊർജ്ജിതമായി നടത്തിവരുകയും ചെയ്യുന്നുണ്ട്.

## ഇടുക്കി ദേവികുളം താലൂക്കിൽ ബോബൻ സ്കറിയയുടെ പരാതിയിന്മേൽ നടപടി

160 (3267) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിൽ ആനവിരട്ടി വില്ലേജിൽ പ്ലാമൂട്ടിൽ വീട്ടിൽ താമസക്കാരനായ ബോബൻ സ്കറിയ 6-12-2015-ന് നൽകിയ പരാതിയിൽ എന്ത് നടപടിയാണ് സ്വീകരിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് പ്രതികളെ ചോദ്യംചെയ്യുകയോ മറ്റോ ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) നടപടിയൊന്നും സ്വീകരിച്ചില്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 6-12-2015-ൽ ബഹു. ആഭ്യന്തര വകുപ്പുമന്ത്രിക്ക് നൽകിയ പരാതി 14-12-2015-ൽ മൂന്നാർ പോലീസ് സ്റ്റേഷനിൽ ലഭിച്ചിട്ടുള്ളതും ആയതിന്മേൽ അന്വേഷണം നടത്തി വരുന്നതുമാണ്. പരാതിയിൽ പറയുന്ന സംഭവം ക്രൈം 993/15 കേസ്സുമായി ബന്ധപ്പെട്ടിട്ടുള്ളതായതിനാൽ പ്രത്യേകം കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. ശ്രീ. ബോബൻ സ്കറിയയെ പോലീസ് സ്റ്റേഷനിലേക്ക് വിളിപ്പിച്ചെങ്കിലും ടിയാൻ ഹാജരായിട്ടില്ല.

(ബി & സി) പ്രതികളായി പറയുന്നവരെ അന്വേഷിച്ചതിൽ സ്ഥലത്തില്ലാത്തതിനാൽ ചോദ്യം ചെയ്യുന്നതിന് സാധിച്ചിട്ടില്ല. ടിയാൾക്കാരെ കണ്ടെത്തി ചോദ്യം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്.

## പോലീസ് സേനയ്ക്ക് ആവശ്യമായ സൗകര്യങ്ങൾ

161 (3268) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണ്ടാസംഘങ്ങളേയും മറ്റും തുടച്ചുനീക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ക്വട്ടേഷൻ സംഘങ്ങളെ അമർച്ച ചെയ്യുന്നതിന് ഷാഡോ പോലീസിന്റെ സേവനം ശക്തിപ്പെടുത്തുമോ;

(സി) പോലീസ് സ്റ്റേഷനുകളെ കൂടുതൽ ജനസൗഹൃദമാക്കുന്നതിന് പുതിയ നടപടികൾ സ്വീകരിക്കുമോ;

(ഡി) പോലീസ് സ്റ്റേഷനുകളിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുമോ;

(ഇ) പോലീസ് സേനയ്ക്ക് നിരന്തരമായ കായിക-മാനസിക പരിശീലനം നല്കുന്നതിന് നടപടികൾ ഉണ്ടാകുമോ?

ഉത്തരം

(എ) ഗുണ്ടാസംഘങ്ങളേയും മറ്റും തുടച്ചുനീക്കുന്നതിന് ഈ സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാപ്പ നിയമം ശക്തമായി ഇവർക്കെതിരെ പ്രയോഗിച്ച് കരുതൽ തടങ്കലിലാക്കിയും ഓപ്പറേഷൻ സുരക്ഷ, ഓപ്പറേഷൻ കുബേര എന്നീ പദ്ധതികളിലൂടെ സ്ഥിരം കുറ്റവാളികളെ നിരീക്ഷിച്ച് ആവശ്യമായ നിയമനടപടികൾ സ്വീകരിച്ചും വരുന്നു. കൂടാതെ സംഘടിത കുറ്റകൃത്യങ്ങളിലും സ്ഥിരമായി കുറ്റകൃത്യം ചെയ്യുന്നവരെയും കണ്ടെത്തി നിലവിലുള്ള നിയമം അനുസരിച്ച് കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പോലീസിന്റെ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിനോടൊപ്പം രഹസ്യ നിരീക്ഷണ സംവിധാനങ്ങളും ശക്തിപ്പെടുത്തുന്നതാണ്. ഇപ്രകാരം ഷാഡോ പോലീസിന്റെ സേവനം പരമാവധി ഉപയോഗപ്പെടുത്തി കേസ്സന്വേഷണത്തിനും മറ്റും അതിവേഗം തീർപ്പ് കൽപ്പിക്കുവാൻ സാധിച്ചുവരുന്നുണ്ട്.

(സി) ജനമൈത്രി സുരക്ഷാ പദ്ധതി നിലവിൽ വന്നതിനുശേഷം പോലീസ് സ്റ്റേഷനുകൾ കൂടുതൽ ജനസൗഹൃദമാണ്. കൂടാതെ റിസപ്ഷൻ സമ്പ്രദായവും വനിതാ/സീനിയർ സിറ്റിസൺ ഹെൽപ്പ് ഡെസ്കുകളും ആരംഭിച്ചിട്ടുണ്ട്.

(ഡി) പോലീസ് സ്റ്റേഷനുകളിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) പോലീസ് ഉദ്യോഗസ്ഥരുടെ ജോലിയുടെ സ്വഭാവവും അതിനെ തുടർന്നുള്ള മാനസിക സമ്മർദ്ദവുംമൂലം ആരോഗ്യ സംരക്ഷണം ലഭിക്കാതെ പോകുന്നത് ഒഴിവാക്കുന്നതിലേക്കായി കൃത്യമായ വ്യായാമ മുറകളും സ്ട്രെസ് മാനേജ്മെന്റും കൃത്യമായ ഇടവേളകളിലെ മെഡിക്കൽ പരിശോധനയും നടത്തുന്നതിന് ആവശ്യമായ നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

**സൈബർ കുറ്റകൃത്യം**

162 (3269) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫേസ്ബുക്കിലെ വ്യാജ പ്രൊഫൈൽ, ഇന്റർനെറ്റ് ദുരുപയോഗം എന്നിവയുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സൈബർ കുറ്റകൃത്യവുമായി ബന്ധപ്പെട്ട് അതീവ ഗുരുതരമായ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) മൊബൈൽ ഫോൺ ദുരുപയോഗവുമായി ബന്ധപ്പെട്ട് ഈ കാലയളവിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇവയിൽ ഹൈടെക് സെല്ലിന് അന്വേഷണം കൈമാറിയ കേസ്സുകൾ എത്ര;

(ഡി) ഈ രണ്ടു വിഭാഗത്തിൽപ്പെട്ട കേസ്സുകളിലും കുറ്റപത്രം സമർപ്പിച്ചവ എത്ര ; അന്വേഷണം പൂർത്തിയാകാത്തവ എത്ര ; ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫേസ്ബുക്കിലെ വ്യാജ പ്രൊഫൈൽ, ഇന്റർനെറ്റ് ദുരുപയോഗം എന്നിവയുമായി ബന്ധപ്പെട്ട് ജില്ലകളിൽ 1072 കേസ്സുകളും സൈബർ ക്രൈം പോലീസ് സ്റ്റേഷനിൽ 161 കേസ്സുകളും ഇതിനുപുറമേ കോപ്പി റൈറ്റ് ലംഘിച്ച് ഇന്റർനെറ്റിൽ മലയാളം സിനിമകൾ അപ്ലോഡ് ചെയ്തതുമായി ബന്ധപ്പെട്ട് ക്രൈംബ്രാഞ്ച് ആസ്ഥാനത്ത് 9 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) സൈബർ കുറ്റകൃത്യവുമായി ബന്ധപ്പെട്ട് അതീവ ഗുരുതരമായ

33 കേസ്സുകൾ ജില്ലകളിലും സൈബർ ക്രൈം പോലീസ് സ്റ്റേഷനിൽ 39 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) മൊബൈൽ ഫോൺ ദുരുപയോഗവുമായി ബന്ധപ്പെട്ട് ഈ കാലയളവിൽ ജില്ലകളിൽ 1775 കേസ്സുകളും സൈബർ ക്രൈം പോലീസ് സ്റ്റേഷനിൽ 14 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഹൈടെക് ക്രൈം എൻക്വയറി സെൽ എന്ന സ്ഥാപനം കേസ്സുകളുടെ അന്വേഷണത്തിൽ സാങ്കേതിക സഹായവും മറ്റും നൽകി വരികയാണ് ചെയ്തുവരുന്നത്. കേസ്സന്വേഷണത്തിനായി ഹൈടെക് ക്രൈം എൻക്വയറി സെല്ലിന് കൈമാറാറില്ല.

(ഡി) ജില്ലകളിൽ സൈബർ കുറ്റകൃത്യവുമായി ബന്ധപ്പെട്ട് കുറ്റപത്രം സമർപ്പിച്ചവ 302, അന്വേഷണം പൂർത്തിയാകാത്തവ 269, മൊബൈൽ ഫോൺ ദുരുപയോഗവുമായി ബന്ധപ്പെട്ട് കുറ്റപത്രം സമർപ്പിച്ചവ 1419, അന്വേഷണം പൂർത്തിയാകാത്തവ 204, ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.* ഇതിനുപുറമേ സൈബർ ക്രൈം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസ്സുകളിൽ 3 എണ്ണത്തിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. അന്വേഷണം പൂർത്തിയാകാത്തവ 150. ഇവയിൽ ഇന്റർനെറ്റ് അധിഷ്ഠിതമായ കുറ്റകൃത്യങ്ങളും സൈബർ കുറ്റകൃത്യങ്ങളും മൊബൈൽ ഫോണിന്റെ ദുരുപയോഗവും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്നിട്ടുള്ളതും തിരുവനന്തപുരം സൈബർ പോലീസ് സ്റ്റേഷനിലും ക്രൈംബ്രാഞ്ച് ആസ്ഥാനത്തും രജിസ്റ്റർ ചെയ്തിട്ടുള്ളവയുമായതിനാൽ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുവാൻ നിർവ്വാഹമില്ല.

## സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറിയിലെ നിയമനം

163 (3270) <u>ഡോ. ടി. എം. തോമസ് ഐസക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ 10 വർഷംമുമ്പ് സൃഷ്ടിച്ച അസിസ്റ്റന്റ് ഡയറക്ടർ (ഡി.എൻ.എ.), അസിസ്റ്റന്റ് ഡയറക്ടർ (മോളിക്യുലാർ ബയോളജി) എന്നീ തസ്തികകളിലേക്ക് യോഗ്യതയുള്ള നിരവധി അപേക്ഷകർ ഉണ്ടായിട്ടും ഇതുവരെ ആരെയും നിയമിക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിലെ ഡയറക്ടർ, ഈ തസ്തികകളിലേക്ക് ആരെയും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിയമിക്കരുതെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഫോറൻസിക് സയൻസ് ലബോറട്ടറിയിലെ അസിസ്റ്റന്റ് ഡയറക്ടർ (ഡി.എൻ.എ.), അസിസ്റ്റന്റ് ഡയറക്ടർ (മോളിക്യൂലാർ ബയോളജി) എന്നീ തസ്തികകളുടെ സ്പെഷ്യൽ റൂൾ രൂപീകരിക്കാത്തതുകൊണ്ടാണ് ടി തസ്തികയിൽ സ്ഥിര നിയമനം ഉണ്ടാകാത്തത്. ഈ തസ്തികകളുടെ സ്പെഷ്യൽ റൂൾ സർക്കാർ പരിശോധിച്ചുവരുന്നു. 11-1-2016-ലെ സ. ഉ. (സാധാ.) നമ്പർ 95/16/ആഭ്യന്തരം ഉത്തരവ് പ്രകാരം അസിസ്റ്റന്റ് ഡയറക്ടർ(ഡി.എൻ.എ.), അസിസ്റ്റന്റ് ഡയറക്ടർ (മോളിക്യൂലാർ ബയോളജി) എന്നീ തസ്തികകളിലേയ്ക്ക് രണ്ട് സയന്റിഫിക് അസിസ്റ്റന്റുമാർക്ക് Rule 31(a)(i) ഭാഗം II KS & SSR പ്രകാരം താൽക്കാലിക പ്രൊമോഷൻ നൽകി നിയമനം നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

## നിരീക്ഷണ ക്യാമറകൾ ഉപയോഗിച്ച് ട്രാഫിക് നിയമലംഘനത്തിന് പിഴ ഈടാക്കാൻ കർമ്മ പദ്ധതി

164 (3271) <u>ശ്രീ. പി. എ. മാധവൻ</u>
<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u>
<u>ശ്രീ. ജോസഫ് വാഴയ്ക്കൻ</u>
<u>ശ്രീ. ആർ. സെൽവരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരീക്ഷണ ക്യാമറകൾ ഉപയോഗിച്ച് ട്രാഫിക് നിയമലംഘനത്തിൽ പിഴ ഈടാക്കുന്നത് കൂടുതൽ കാര്യക്ഷമമാക്കാനായി, പുതുതായി കർമ്മ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) ഉണ്ട്. “Road Accident Prevention Strategy by Kerala Police”

എന്ന പേരിൽ ഒരു കർമ്മ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്." ഇതോടൊപ്പം 'ശുഭയാത്ര-2015' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഈ പദ്ധതിയിലൂടെ വിഭാവന ചെയ്യുന്ന ആട്ടോമാറ്റിക് ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം (Fully Automatic Traffic Enforcement System) വഴി കേരളത്തിൽ കൂടുതൽ അപകടങ്ങൾ ഉണ്ടാകുന്ന റോഡുകളിൽ ഘട്ടംഘട്ടമായി ക്യാമറകൾ സ്ഥാപിച്ച് അമിത വേഗത, റോഡ് സിഗ്നൽ തെറ്റിക്കൽ, സീറ്റ് ബെൽറ്റ്, ഹെൽമറ്റ് ഇവ ധരിക്കാതെ വാഹനം ഓടിക്കുക എന്നീ ട്രാഫിക് കുറ്റകൃത്യങ്ങൾ കണ്ടെത്തി നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നതാണ്. കൂടാതെ ഹാൻഡ് ഹെൽഡ് സ്പീഡ് റഡാർ (Hand Held Speed Radar) സംവിധാനവും ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നുണ്ട്. പ്രസ്തുത ഉപകരണം എല്ലാ പോലീസ് സ്റ്റേഷനുകളിലും ഹൈവേ പട്രോൾ വാഹനങ്ങളിലും നൽകുകയും അതുവഴി അമിത വേഗത നിയന്ത്രിക്കുക, അതുമൂലമുള്ള അപകടങ്ങൾ കുറയ്ക്കുക, നിയമലംഘകരിൽ നിന്നും പിഴ ഈടാക്കുക തുടങ്ങിയ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നതാണ്.

(സി) 2-5-2015-ലെ സർക്കാർ ഉത്തരവ് നമ്പർ ജി. ഒ. (ആർറ്റി.) നമ്പർ 1037/2015/ആഭ്യന്തരം പ്രകാരം "Road Accident Prevention Strategy by Kerala Police" എന്ന കർമ്മപദ്ധതി രൂപീകരിച്ചിട്ടുണ്ട്. ലഭ്യമായ ഫണ്ടുകൾ ഉപയോഗിച്ച് ശുഭയാത്രാ പദ്ധതിയിൽ വിഭാവന ചെയ്തിട്ടുള്ള വിവിധ ബോധവൽകരണ പ്രവർത്തനങ്ങളും എൻഫോഴ്സ്മെന്റ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങളും നടത്തിവരുന്നു.

## ആഭ്യന്തര വകുപ്പിൽ ക്യാന്റീൻ സൗകര്യം അനുവദിച്ചിട്ടുള്ളവർ

165 (3272) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തര വകുപ്പിലെ ഏതെല്ലാം വിഭാഗങ്ങൾക്കാണ് ക്യാന്റീൻ സൗകര്യം അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) മിനിസ്റ്റീരിയിൽ വിഭാഗം ജീവനക്കാർക്ക് പോലീസ് ക്യാന്റീൻ സൗകര്യം അനുവദിച്ചിട്ടുണ്ടോയെന്നും ഇത് സെൻട്രൽ പോലീസ് ക്യാന്റീൻ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടാണോ അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) ആഭ്യന്തര വകുപ്പിലെ പോലീസ് സേനാംഗങ്ങൾക്ക് പുറത്തുള്ളവർക്ക്

ക്യാന്റീൻ സൗകര്യം അനുവദിക്കുന്നതിന് ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചിരുന്നുവോ എന്നും ഇല്ലെങ്കിൽ അതിൻമേൽ എന്ത് തുടർനടപടികളാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ;

(ഡി) ആഭ്യന്തരവകുപ്പിനുകീഴിലെ അഗ്നിശമന സേന, ജയിൽ വകുപ്പിലെ ജീവനക്കാർ എന്നിവർക്ക് ക്യാന്റീൻ സൗകര്യം അനുവദിച്ചതുപോലെ മറ്റ് സേനാവിഭാഗങ്ങളിലെ ജീവനക്കാർക്കും ക്യാന്റീൻ സൗകര്യം ഏർപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ കേരള പോലീസ് എക്സിക്യൂട്ടീവ്, മിനിസ്റ്റീരിയൽ, ക്യാമ്പ് ഫോളോവർ, കേരളാ ഫയർ ഫോഴ്സ് എക്സിക്യൂട്ടീവ്, മിനിസ്റ്റീരിയൽ, ജയിൽ വകുപ്പ് എക്സിക്യൂട്ടീവ് എന്നീ വിഭാഗത്തിൽ ഉള്ളവർക്ക് പോലീസ് ക്യാന്റീൻ സേവനം നൽകുന്നുണ്ട്.

(ബി) ഉണ്ട്. സെൻട്രൽ പോലീസ് ക്യാന്റീനിന്റെ നടപടിക്രമങ്ങൾ പാലിച്ചു കൊണ്ടാണ് പോലീസ് മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് ക്യാന്റീൻ സൗകര്യം അനുവദിച്ചിട്ടുള്ളത്.

(സി) പോലീസ് സേനാംഗങ്ങൾക്ക് പുറത്ത് ഉള്ളവർക്ക് ക്യാന്റീൻ സൗകര്യം നൽകുന്നതിന് ധനകാര്യ വകുപ്പ് അനുമതി നൽകിയിരുന്നില്ല.

(ഡി) ഇതുസംബന്ധിച്ച് തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

**പോലീസിലെ ഡ്രൈവർമാരുടെ ഒഴിവുകൾ**

166 (3273) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസിൽ എത്ര വാഹനങ്ങൾ നിലവിലുണ്ട്; ഇവയിൽ പ്രവർത്തനക്ഷമമായ വാഹനങ്ങൾ എത്ര;

(ബി) ഇത്രയും വാഹനങ്ങൾ ഓടിക്കുന്നതിന് എത്ര പോലീസ് ഡ്രൈവർമാരെ ആവശ്യമുണ്ട്; ഇപ്പോൾ എത്ര പേരുണ്ട്; ഡ്രൈവർ ഡ്യൂട്ടി ചെയ്യുന്ന എത്ര പോലീസ് കോൺസ്റ്റബിൾമാരുണ്ട്;

(സി) 3657 ഡ്രൈവർമാരുടെ ആവശ്യം ഉണ്ടെന്ന് കാണിച്ച് ഡി.ജി.പി.

സർക്കാരിലേക്ക് 16-7-2015-ന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുസംബന്ധിച്ച് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) പോലീസ് ഡ്രൈവേഴ്സിന്റെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെപ്പോഴാണെന്നും റാങ്ക് ലിസ്റ്റിൽ എത്ര പേരുണ്ടെന്നും അതിൽ നിന്നും എത്ര പേരെ നിയമിച്ചു എന്നും അറിയിക്കുമോ;

(ഇ) ഡ്രൈവർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്; വാഹനങ്ങളുടെ എണ്ണത്തിനുസരിച്ച് ഡ്രൈവർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പോലീസിൽ നിലവിൽ ബോട്ടും മോട്ടോർ സൈക്കിളും ഉൾപ്പെടെ 7277 വാഹനങ്ങൾ ഉണ്ട്. ഇതിൽ പ്രവർത്തനസജ്ജമായ 6226 വാഹനങ്ങൾ ഉണ്ട്.

(ബി) പോലീസ് സേനയിൽ 2601 പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ തസ്തികകളാണ് നിലവിലുള്ളത്. പോലീസ് കോൺസ്റ്റബിൾ ഡ്രൈവർമാരുടെ 3657 തസ്തികകൂടി സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധനയിലാണ്. പോലീസ് സേനാംഗങ്ങൾക്ക് പരിശീലന കാലയളവിൽ വാഹനം ഓടിക്കുന്നതിനുള്ള പരിശീലനവും ലൈസൻസും ലഭ്യമാക്കി വരുന്നുണ്ട്. ആയതിനാൽ അത്യാവശ്യ ഘട്ടങ്ങളിൽ പോലീസ് കോൺസ്റ്റബിൾമാരുടെ സേവനം കൂടി ലഭ്യമാക്കാറുണ്ട്.

(സി) ഉണ്ട്. സർക്കാരിന്റെ പരിശോധനയിലാണ്.

(ഡി) വിവരം അനുബന്ധമായി ചേർക്കുന്നു.*

(ഇ) പോലീസ് കോൺസ്റ്റബിൾ ഡ്രൈവർമാരുടെ നിലവിലുണ്ടായിരുന്ന 483 ഒഴിവുകൾ പി.എസ്.സി.യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പോലീസ് കോൺസ്റ്റബിൾ ഡ്രൈവർമാരുടെ 3657 തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിശോധനയിലാണ്.

**പൂവച്ചൽ പഞ്ചായത്തിലെ ഡി. ജി. പ്രസാദിന്റെ കൊലപാതകം**

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

167 (3274) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂവച്ചൽ പഞ്ചായത്തിലെ പേഴക്കുട്, 'രാരീര'ത്തിൽ താമസിച്ചിരുന്ന ഡി. ജി. പ്രസാദിന്റെ കൊലപാതകം സംബന്ധിച്ച് ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ബി) ക്രൈം ബ്രാഞ്ച് അന്വേഷിക്കുന്ന (ക്രൈം നമ്പർ 410/2010) ഈ കേസ്സിന്റെ ഇപ്പോഴത്തെ അന്വേഷണ പുരോഗതി എന്താണ്?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഇതുസംബന്ധിച്ച് കരമന പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 152/2009 ആയി രജിസ്റ്റർ ചെയ്ത കേസ് ക്രൈംബ്രാഞ്ച് വിഭാഗത്തിന് കൈമാറുകയും ക്രൈം നമ്പർ 416/സി.ആർ/2010 ആയി ക്രൈംബ്രാഞ്ച് വിഭാഗം ഊർജ്ജിതമായ അന്വേഷണം നടത്തിവരികയും ചെയ്യുന്നു.

## വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ കർമ്മപദ്ധതി

168 (3275) <u>ശ്രീ. വർക്കല കഹാർ</u> :
<u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. ടി. എൻ. പ്രതാപൻ</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ബ്യൂറോ ആസ്ഥാനത്തും വിവിധ യൂണിറ്റുകളിലും സ്വീകരിക്കുന്ന പരാതികൾ പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുന്നതിലേക്കായി പബ്ലിക് വിജിൽ എന്നൊരു വെബ് ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ തയ്യാറാക്കി വരുന്നു. ഓരോ ജില്ലയിലെയും അഴിമതി നിരോധന വകുപ്പ് മേധാവികളുടെ മേൽവിലാസവും ടെലിഫോൺ നമ്പറുകളും എല്ലാ സർക്കാർ ഓഫീസുകളിലും പ്രദർശിപ്പിക്കുകയും പൊതുജനങ്ങളിൽ നിന്ന് പരാതികൾ സ്വീകരിക്കുന്നതിനായി ടോൾഫ്രീ നമ്പർ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇതിലൂടെ സോഷ്യൽ മീഡിയ വഴിയോ ടെലിഫോൺ മുഖാന്തരമോ ഉയർന്ന ഉദ്യോഗസ്ഥർക്ക് നേരിട്ട് ലഭിക്കുന്ന പരാതികൾ പൂർണ്ണമായും ഡിജിറ്റൽ ഫോർമാറ്റിലേക്ക് മാറ്റുകയും പരാതി പരിഹാരം വേഗത്തിൽ നടപ്പിലാക്കാൻ സാധിക്കുകയും ചെയ്യും. കൂടാതെ അന്വേഷണ പുരോഗതിയും ബന്ധപ്പെട്ട കാര്യങ്ങളും മുതിർന്ന ഉദ്യോഗസ്ഥർക്ക് വളരെ വേഗം ലഭ്യമാക്കാൻ ഇതിലൂടെ സാധിക്കും. പരാതിക്കാരന് തന്റെ പരാതിയിൽ സ്വീകരിച്ച നടപടിയും മറ്റും വെബ്സൈറ്റിലൂടെ അറിയുവാൻ സാധിക്കുകയും പരാതി നമ്പറും മറ്റു വിവരങ്ങളും ടിയാന്റെ മൊബൈൽ നമ്പറിലേക്ക് എസ്.എം.എസ്. ആയി അയച്ചു കൊടുക്കുവാനുള്ള നടപടികളും ഇതിന്റെ ഭാഗമായി നടപ്പിൽ വരുത്തുന്നുണ്ട്.

(സി) 1. ഇതിലേക്കായി മുഴുവൻ ഉദ്യോഗസ്ഥർക്കും ഔദ്യോഗിക ഇ-മെയിൽ നൽകുവാനുള്ള നടപടി പൂർത്തിയായി വരുന്നു.

2. അഴിമതി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുജന ബോധവൽക്കരണ ശ്രമങ്ങൾക്കായി എസ്.എം.എസ്. സംവിധാനം ഉപയോഗിക്കുവാനുള്ള നടപടികളും എടുത്തുവരുന്നു.

### മാഫിയകളുടെ ആക്രമണം

169 (3276) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ നാളിതുവരെ ക്വട്ടേഷൻ മാഫിയ, മണൽ മാഫിയ, പെൺവാണിഭ മാഫിയ, ക്വാറി മാഫിയ, മണ്ണ് മാഫിയ, സ്പിരിറ്റ് മാഫിയ, കഞ്ചാവ് മാഫിയ, ബ്ലേഡ് മാഫിയ, വസ്തു കച്ചവട മാഫിയ, മനുഷ്യക്കടത്ത്/

കുട്ടിക്കടത്ത് മാഫിയ, അന്യ സംസ്ഥാന തൊഴിലാളികളിലെ ക്രിമിനൽ മാഫിയ, സോളാർ തട്ടിപ്പുപോലുള്ള തട്ടിപ്പ് മാഫിയ എന്നിവ സംബന്ധിച്ച് ഓരോന്നിലും എത്ര കേസ്സുകൾ വീതം രജിസ്റ്റർ ചെയ്തു; വ്യക്തമാക്കുമോ;

(ബി) ഇത്തരം മാഫിയകളുടെ ആക്രമണത്തിൽ എത്ര പേർ ഇക്കാലയളവിനുള്ളിൽ കൊല്ലപ്പെട്ടു; വിശദാംശം വ്യക്തമാക്കുമോ;

(സി) വിവിധ മാഫിയകളിൽ ഉൾപ്പെട്ടവരും സഹായം ചെയ്തു കൊടുത്തതുമായി ബന്ധപ്പെട്ട് എത്ര പോലീസ് ഉൾപ്പെടെയുള്ള സർക്കാർ/അർദ്ധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ പ്രതികളായിട്ടുണ്ട്; അവർ ആരെല്ലാം; ഇവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(ഡി) മാഫിയകളുടെ ഭീഷണിയും ആക്രമണങ്ങളും ഇവരുടെ ഭീഷണിയിൽ ഭയന്ന് കുടുംബസമേതവും അല്ലാതെയും ആത്മഹത്യ ചെയ്യപ്പെട്ടതുമായി ബന്ധപ്പെട്ട് ഇക്കാലയളവിൽ രജിസ്റ്റർ ചെയ്ത കേസ്സുകൾ എത്ര; എത്ര കേസ്സുകളിൽ പ്രതികളെ പിടികൂടി എന്നും ഇനി എത്ര കേസ്സുകളിൽ പ്രതികളെ പിടികൂടാനുണ്ട് എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കലായളവിൽ നാളിതുവരെ ക്വട്ടേഷൻ സംഘങ്ങളുടെ ആക്രമണം സംബന്ധിച്ച് 21 കേസ്സുകളും അനധികൃത മണൽകടത്ത് സംബന്ധിച്ച് 25897 കേസ്സുകളും പെൺവാണിഭം സംബന്ധിച്ച് 43 കേസ്സുകളും അനധികൃത ക്വാറി നടത്തിപ്പ് സംബന്ധിച്ച് 146 കേസ്സുകളും സ്പിരിറ്റ് വിപണനം സംബന്ധിച്ച് 53 കേസ്സുകളും സ്പിരിറ്റ് കടത്ത് സംബന്ധിച്ച് 52 കേസ്സുകളും കഞ്ചാവ് സംഭരിക്കൽ സംബന്ധിച്ച് 103 കേസ്സുകളും കഞ്ചാവ് വിപണനം സംബന്ധിച്ച് 4833 കേസ്സുകളും കഞ്ചാവ് ഉല്പാദനം സംബന്ധിച്ച് 30 കേസ്സുകളും വസ്തു കച്ചവട തട്ടിപ്പ് സംബന്ധിച്ച് 326 കേസ്സുകളും മനുഷ്യക്കടത്ത് സംബന്ധിച്ച് 19 കേസ്സുകളും കുട്ടിക്കടത്ത് സംബന്ധിച്ച് 12 കേസ്സുകളും ഇതര സംസ്ഥാന തൊഴിലാളികൾ ഉൾപ്പെട്ടത് സംബന്ധിച്ച് 1740 കേസ്സുകളും സോളാർ തട്ടിപ്പ് പോലെയുള്ള മറ്റ് തട്ടിപ്പുകൾ സംബന്ധിച്ച് 105 കേസ്സുകളും അമിത പലിശക്കാർക്കെതിരെ 3649 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിനുപുറമെ ക്രൈംബ്രാഞ്ച് വിഭാഗത്തിൽ മനുഷ്യക്കടത്ത്/ കുട്ടിക്കടത്തുമായി ബന്ധപ്പെട്ട് അന്വേഷണത്തിലിരുന്ന 6 കേസ്സുകൾ സി.ബി.ഐ.യ്ക്ക് കൈമാറിയിട്ടുണ്ട്.

(ബി) ക്വട്ടേഷൻ സംഘങ്ങളുടെ ആക്രമണത്തിൽ 6 പേരും ഇതര സംസ്ഥാന തൊഴിലാളികളുടെ ആക്രമണത്തിൽ 54 പേരും ഈ സർക്കാരിന്റെ കാലയളവിൽ കൊല്ലപ്പെട്ടിട്ടുണ്ട്.

(സി) 'എ' പിരിവിന്റെ മറുപടിയിൽ പ്രതിപാദിക്കുന്ന കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടവരും സഹായം ചെയ്തു കൊടുത്തതുമായി ബന്ധപ്പെട്ട് പോലീസ് ഉൾപ്പെടെയുള്ള സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ ജീവനക്കാർ ആരൊക്കെയാണെന്നുള്ള വിവരം ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.* ഇതിനുപുറമെ ക്രൈംബ്രാഞ്ച് അന്വേഷണം നടത്തിയിരുന്ന (കേസ് സി.ബി.ഐ.യ്ക്ക് കൈമാറി) നെടുമ്പാശ്ശേരി മനുഷ്യകടത്തുമായി ബന്ധപ്പെട്ട് ഇമിഗ്രേഷൻ ഡ്യൂട്ടിയിലുണ്ടായിരുന്ന എസ്. ഐ. ശ്രീ. രാജു മാത്യു, സി.പി.ഒ.മാരായ ശ്രീ. പ്രശാന്ത് കുമാർ, ശ്രീ. അജീബ് എന്നിവരെ അറസ്റ്റ് ചെയ്തിട്ടുള്ളതും ഇവരെ സസ്പെന്റ് ചെയ്ത് വകുപ്പുതല നടപടികൾക്ക് വിധേയരാക്കിയിട്ടുള്ളതുമാണ്.

ഓൺലൈൻ പെൺവാണിഭവുമായി ബന്ധപ്പെട്ട് ക്രൈംബ്രാഞ്ച് അന്വേഷണം നടത്തുന്ന ഒരു കേസ്സിൽ അഞ്ചാം പ്രതിയായ ശ്രീ. വി. വി. ചന്ദ്രകുമാർ, കെ.എസ്.ആർ.ടി.സി.യിൽ കണ്ടക്ടർ തസ്തികയിൽ ജോലി നോക്കിവരുന്നു. ടിയാനെ അറസ്റ്റ് ചെയ്തിട്ടുള്ളതാണ്.

(ഡി) അമിത പലിശക്കാരുടെ ഭീഷണിയും ആക്രമണങ്ങളും ഇവരുടെ ഭീഷണി ഭയന്ന് ആത്മഹത്യ ചെയ്തതുമായി ബന്ധപ്പെട്ട് ഇക്കാലയളവിൽ 8 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 8 കേസുകളിലും പ്രതികളെ പിടികൂടിയിട്ടുണ്ട്.

## ഫോറൻസിക് സയൻസ് ലബോറട്ടറിയിലെ ഉദ്യോഗസ്ഥരുടെ പ്രൊമോഷൻ

170 (3277) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ സ്പെഷ്യൽ ചട്ടങ്ങളുടെ അഭാവത്തിൽ റൂൾ 31(a)(i) കെ.എസ്. & എസ്.എസ്.ആർ. പാർട്ട് II പ്രകാരം നിലവിൽ സർവ്വീസിലുള്ള എത്ര ഉദ്യോഗസ്ഥർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ടെന്നും, അവരുടെ പേരും ഏതൊക്കെ തീയതികളിൽ ആണ് പ്രൊമോഷൻ നൽകിയതെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ;

(ബി) ലബോറട്ടറിയുടെ ഡയറക്ടർക്ക് മേൽപ്പറഞ്ഞ ചട്ടപ്രകാരം പ്രൊമോഷൻ നൽകിയിട്ടുണ്ടോ എന്നും നൽകിയിട്ടുണ്ടെങ്കിൽ ഡയറക്ടറുടെ പേര്, പ്രൊമോഷൻ ലഭിച്ച തീയതി എന്നീ വിശദാംശങ്ങളും ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ വിശേഷാൽ ചട്ടങ്ങളുടെ അഭാവത്തിൽ ചട്ടം 31(a)(i) കെ.എസ്.&എസ്.എസ്.ആർ. പാർട്ട് II പ്രകാരം രണ്ട് പേർക്ക് താൽക്കാലിക പ്രൊമോഷൻ നൽകിയിട്ടുണ്ട്. ശ്രീ. അജീഷ് തെക്കട്ടവൻ, ശ്രീമതി ഷീജ എസ്., സയന്റിഫിക് അസിസ്റ്റന്റ് (ബയോളജി) എന്നിവർക്കാണ് 11-1-2016-ൽ അസിസ്റ്റന്റ് ഡയറക്ടർ(ഡി.എൻ.എ.), അസിസ്റ്റന്റ് ഡയറക്ടർ (മോളിക്യൂലാർ ബയോളജി) തസ്തികകളിൽ യഥാക്രമം താൽക്കാലിക പ്രൊമോഷൻ നൽകിയത്.

(ബി) ഉണ്ട്. ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ ബാലിസ്റ്റിക്സ്, സെറോളജി, ഡോക്യുമെന്റ്സ് (സിവിൽ) എന്നീ പുതിയ ഡിവിഷനുകൾ 19-10-1996-ലെ സ. ഉ. (കൈ) നമ്പർ 184/96/ആഭ്യന്തരം പ്രകാരം രൂപീകരിച്ചു. ഇതിനെ തുടർന്ന് 12-12-1996-ലെ സ. ഉ. (കൈ) നമ്പർ 5050/96/ആഭ്യന്തരം പ്രകാരം ബയോളജി, ഫിസിക്സ്, ഡോക്യുമെന്റ്സ് ഡിവിഷനിലെ സയന്റിഫിക് അസിസ്റ്റന്റ് തസ്തികകൾ അപ്ഗ്രേഡ് ചെയ്താണ് അസിസ്റ്റന്റ് ഡയറക്ടർ തസ്തികകൾ രൂപീകരിച്ചത്. ടി ഉത്തരവിൽ തന്നെ ശ്രീമതി പി. ജമീല, സയന്റിഫിക് അസിസ്റ്റന്റ് (ബയോളജി), ഡോ. കെ. പി. ജയകുമാർ, സയന്റിഫിക് അസിസ്റ്റന്റ് (ഡോക്യുമെന്റ്സ്) എന്നിവർക്ക് ചട്ടം 31(a)(i) പ്രകാരം അസിസ്റ്റന്റ് ഡയറക്ടർ (സെറോളജി), അസിസ്റ്റന്റ് ഡയറക്ടർ (ഡോക്യുമെന്റ്സ്-സിവിൽ) എന്നീ തസ്തികകളിലേക്ക് താൽക്കാലിക പ്രൊമോഷൻ നൽകി. ശ്രീമതി പി. ജമീല, ജോയിന്റ് ഡയറക്ടർ തസ്തികയിൽ 31-3-2010-ൽ സർവ്വീസിൽ നിന്നും വിരമിച്ചു. ഡോ. കെ. പി. ജയകുമാർ, ഡയറക്ടർ തസ്തികയിൽ സർവ്വീസിൽ തുടരുന്നു.

**സ്ത്രീപീഡന കേസ്സുകൾ**

171 (3278). ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രജിസ്റ്റർ ചെയ്ത സ്ത്രീപീഡന കേസ്സുകളുടെ കൺവിക്ഷൻ റേറ്റ് എത്രയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രജിസ്റ്റർ ചെയ്ത സ്ത്രീപീഡന

കേസ്സുകളുടെ കൺവിക്ഷൻ റേറ്റ് 19.12 ശതമാനമാണ്.

## കാസർഗോഡ് ജില്ലയിലെ ഒറ്റനമ്പർ ചൂതാട്ടം

172 (3279) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഒറ്റനമ്പർ ചൂതാട്ടം വ്യാപകമാണെന്ന മാധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ;

(സി) ഒറ്റ നമ്പർ ചൂതാട്ടവുമായി ബന്ധപ്പെട്ട എത്ര കേസ്സുകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജില്ലയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) എത്ര കേസ്സുകളിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട് എന്നും എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

## ജയിലുകളിലെ അസ്വാഭാവിക മരണങ്ങൾ

173 (3280) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ ജയിലുകളിൽ എത്ര അസ്വാഭാവിക മരണങ്ങൾ ഉണ്ടായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മരണങ്ങൾ സംഭവിക്കുന്നത് ഏത് സാഹചര്യത്തിലാണ് എന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത മരണങ്ങൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത മരണങ്ങളെ സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) 22 അസ്വാഭാവിക മരണങ്ങൾ നടന്നിട്ടുണ്ട്. ഇതിൽ 4 പേർ പരോളിലായിരിക്കെയാണ് മരണപ്പെട്ടിട്ടുള്ളത്.

(ബി) ഉണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മരണപ്പെട്ട യു. റ്റി. നമ്പർ 2076 ശ്രീധരൻ എന്ന തടവുകാരന്റെ ഭാര്യയ്ക്ക് 7-2-2014 തീയതിയിൽ 3,00,000 രൂപ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. മരണപ്പെട്ട ആർ. പി. നമ്പർ 9248 ബാലൻ എന്ന തടവുകാരന്റെ ആശ്രിതർക്ക് മനുഷ്യാവകാശ കമ്മീഷൻ ശിപാർശ ചെയ്ത നഷ്ടപരിഹാരത്തുക നൽകുന്നത് സംബന്ധിച്ചുള്ള ഫയൽ പരിശോധിച്ചുവരുന്നു. അസ്വാഭാവികമായി മരണപ്പെട്ട മറ്റ് തടവുകാരുടെ ആശ്രിതർക്ക് നഷ്ടപരിഹാരത്തുക അനുവദിച്ചിട്ടില്ല.

(ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**ഒറ്റയ്ക്ക് താമസിക്കുന്ന വയോജനങ്ങളെ സംബന്ധിച്ച വിവരം**

174 (3281) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേഷൻ പരിധിയിൽ ഒറ്റയ്ക്ക് താമസിക്കുന്ന വയോജനങ്ങളെ സംബന്ധിച്ച രജിസ്റ്റർ പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ടോ;

(ബി) പോലീസ് സ്റ്റേഷനിൽ ഈ രജിസ്റ്റർ സൂക്ഷിക്കാനുള്ള ചുമതല ആർക്കാണ്; ഇത് ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സ്റ്റേഷൻ പരിധിയിൽ ഒറ്റയ്ക്ക് താമസിക്കുന്ന വയോജനങ്ങളെ സംബന്ധിച്ച രജിസ്റ്റർ പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിക്കാനുള്ള സംവിധാനം നിലവിലുണ്ട്.

(ബി) പോലീസ് സ്റ്റേഷനിൽ ഈ രജിസ്റ്റർ സൂക്ഷിക്കാനുള്ള ചുമതല സ്റ്റേഷൻ ഹൗസ് ഓഫീസർക്കാണ്. ഇത് ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള ഉത്തരവ്

11-3-2010-ലെ സർക്കുലർ നമ്പർ 16/2010 ആയി സംസ്ഥാന പോലീസ് മേധാവി പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ഫോറൻസിക് ലബോറട്ടറിയിലെ അസിസ്റ്റന്റ് ഡയറക്ടർ നിയമനം**

175 (3282) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോറൻസിക് ലാബറട്ടറിയിലെ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേക്ക് തസ്തിക മാറ്റത്തിലൂടെയുള്ള നിയമനം സംബന്ധിച്ച്, ടി നിയമനം ചട്ടവിരുദ്ധമാണന്ന തെറ്റായ റിപ്പോർട്ട് സമർപ്പിച്ച് സർക്കാരിനെ തെറ്റിദ്ധരിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ച ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ ഉദ്യോഗസ്ഥർക്കുണ്ടായ വീഴ്ച കണക്കിലെടുത്ത് പ്രസ്തുത ഉത്തരവ് തിരുത്തി ശരിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ?

<u>ഉത്തരം</u>

(എ) ഫോറൻസിക് സയൻസ് ലബോറട്ടറിയിൽനിന്നും അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേയ്ക്ക് തസ്തികമാറ്റത്തിലൂടെ (By transfer) നിയമനം ചട്ടവിരുദ്ധമാണെന്ന് സംബന്ധിച്ച് ഒരു റിപ്പോർട്ടും സർക്കാരിലേക്ക് ലഭിച്ചിട്ടില്ല.

(ബി) ബാധകമല്ല.

**ചാത്തോത്ത് രാഘവന്റെ വീട്ടിലെ പോലീസ് അതിക്രമം**

176 (3283) <u>ശ്രീ. കെ. കെ. നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിണറായിയിലെ ചാത്തോത്ത് രാഘവൻ എന്നയാളുടെ വീട്ടിൽ രാത്രിയിൽ പോലീസ് കയറി വീട്ടുസാധനങ്ങളും വീടും അടിച്ചുപൊളിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിൽ എന്തൊക്കെ നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

**ബോർഡുകൾ സ്ഥാപിച്ചതുമൂലമുണ്ടായ അപകടങ്ങൾ**

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

177 (3284) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗതത്തിന് തടസ്സമായ രീതിയിൽ നിരത്തുകളിലും വശങ്ങളിലും ബോർഡുകൾ സ്ഥാപിക്കുന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ദൂരക്കാഴ്ച മറയ്ക്കുന്ന ഇത്തരം ബോർഡുകൾ കാരണം വാഹനാപകടങ്ങൾ ഉണ്ടാകുന്നത് പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) പരിശോധിച്ചിട്ടുണ്ട്. ഇത്തരത്തിൽ ബോർഡുകൾ സ്ഥാപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ ആയത് നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. മാത്രമല്ല, കുറ്റം ആവർത്തിക്കുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. കൂടാതെ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പിന് ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുമുണ്ട്.

## ബറ്റാലിയൻ, ആംഡ് റിസർവ് കോൺസ്റ്റബിൾമാരിലെ സീനിയോറിറ്റി

178 (3285) ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിൽ 1983-84 ബറ്റാലിയൻ പോലീസ് കോൺസ്റ്റബിൾ ബാച്ചും 1985 ആംഡ് റിസർവ് പോലീസ് കോൺസ്റ്റബിൾ ബാച്ചും തമ്മിലുള്ള സീനിയോറിറ്റി തർക്കം പരിഹരിച്ച് ലോക്കൽ വിഭാഗത്തിൽ സബ് ഇൻസ്പെക്ടർമാരായി പ്രോമോട്ട് ചെയ്തിട്ടുണ്ടോ;

(ബി) ഇതിനായി എസ്.ഐ.മാരുടെ സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ചാണോ നിയമനം നൽകിയത്; എങ്കിൽ എത്ര പേരെ അങ്ങനെ നിയമിച്ചു: പ്രസ്തുത എസ്.ഐ.മാരെ റഗുലറൈസ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേരെ;

(സി) 1-4-2011 മുതൽ എത്ര പേരെ നേരിട്ട് ലോക്കലിൽ എസ്.ഐ.മാരായി നിയമിച്ചു; 1-4-2011 മുതൽ എത്ര പേരുടെ പ്രമോഷൻ റഗുലറൈസ് ചെയ്ത് ലോക്കലിൽ എസ്.ഐ.മാരായി നിയമിച്ചു എന്നറിയിക്കുമോ ?

ഉത്തരം

(എ) എ.ആറും ബറ്റാലിയനും തമ്മിലുള്ള സീനിയോറിറ്റി തർക്കവുമായി ബന്ധപ്പെട്ട വിഷയത്തിൽ ജി. ഒ. (എംഎസ്.) 37/15/ആഭ്യന്തരം തീയതി 26-2-2015 സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ താല്കാലിക അപ്ഗ്രഡേഷൻ വഴി സബ് ഇൻസ്പെക്ടർമാരായി പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(ബി) ജി. ഒ. (എംഎസ്.) 37/15/ആഭ്യന്തരം തീയതി 26-2-2015 അടിസ്ഥാനത്തിൽ 3460 പേർക്ക് സബ് ഇൻസ്പെക്ടർ പോസ്റ്റുകളിൽ താൽക്കാലിക അപ്ഗ്രഡേഷൻ വഴി പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(സി) എസ്.ഐ.(ജി.ഇ.) വിഭാഗത്തിൽ 255 പേർക്കും എസ്.ഐ. (ഡി.എ.ആർ.) വിഭാഗത്തിലെ 45 പേർക്കും നിയമനം നൽകിയിട്ടുണ്ട് (ഇവർ കേരള സിവിൽ പോലീസ് വിഭാഗത്തിൽപ്പെടുന്നു). 1-4-2011 മുതൽ പ്രൊമോഷൻ നൽകി ലോക്കൽ എസ്.ഐ.മാരായി നിയമിച്ചവരെ റെഗുലറൈസ് ചെയ്തിട്ടില്ല.

**ഷിജിത്തിന്റെ സ്ഥലംമാറ്റം**

179 (3286) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. ടി. കുമാരൻ, തറമൽ (വീട്), മൊകേരി പി.ഒ., കക്കട്ടിൽ തന്റെ മകൻ ഷിജിത്ത് CPO 7534 (തൃശ്ശൂർ AR ക്യാമ്പ്)-ന്റെ സ്ഥലം മാറ്റം സംബന്ധിച്ച് ബഹു. ആഭ്യന്തര വകുപ്പുമന്ത്രിക്ക് നൽകിയ അപേക്ഷ സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥലമാറ്റം ഇതിനകം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) തൃശ്ശൂർ എ.ആർ. ക്യാമ്പിലെ സി.പി.ഒ. 7534 ശ്രീ. ഷിജിത്തിന് കോഴിക്കോട് ജില്ലയിലേക്ക് അന്തർജില്ലാ സ്ഥലംമാറ്റം നൽകണമെന്നാവശ്യപ്പെട്ടു കൊണ്ട് ടിയാന്റെ പിതാവ് ശ്രീ. ടി. കുമാരൻ സമർപ്പിച്ച അപേക്ഷ തൃശ്ശൂർ സിറ്റി ജില്ലാ പോലീസ് മേധാവിക്ക് റിപ്പോർട്ടിനായി അയച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് അനുസരിച്ച് 9-4-2012-ൽ സർവ്വീസിൽ പ്രവേശിച്ച ശ്രീ. ഷിജിത്ത് 5 വർഷം പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ അന്തർജില്ലാ സ്ഥലംമാറ്റത്തിന് നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥ പ്രകാരം യോഗ്യനല്ല എന്നു കണ്ട് സ്ഥലംമാറ്റം നൽകിയിട്ടില്ല.

**ഇലക്ട്രോണിക് രേഖകൾ**

180 (3287) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രോണിക് രേഖകളുമായി ബന്ധപ്പെട്ട തെളിവിനെപ്പറ്റിയുള്ള പ്രത്യേക വ്യവസ്ഥകൾ വിശദമാക്കാമോ;

(ബി) സോളാർ കേസ്സിൽ സരിതാ എസ്. നായരെ മൊഴിമാറ്റുന്നതിന് സ്വാധീനിക്കാൻ കെ.പി.സി.സി. ജനറൽ സെക്രട്ടറി ശ്രീ തമ്പാനൂർ രവി ശ്രമിച്ചത് സംബന്ധിച്ച് ഈ ശബ്ദരേഖയോടൊപ്പം ഉള്ള പരാതിയിൽ പോലീസ് കേസ് എടുത്ത് അന്വേഷണം ആരംഭിച്ചിട്ടുണ്ടോ; ശബ്ദരേഖയുടെ അടിസ്ഥാനത്തിൽ ശ്രീ തമ്പാനൂർ രവിക്കെതിരെ കേസ്സെടുക്കാനാവില്ലെന്ന നിലപാട് പോലീസ് സ്വീകരിച്ചിട്ടുണ്ടായിരുന്നുവോ; മൊഴി മാറ്റാൻ ഫോണിൽ പ്രേരിപ്പിക്കുന്നതും സ്വാധീനിക്കുന്നതും കുറ്റമാണോ എന്ന് വ്യക്തമാക്കുമോ;

(സി) ശ്രീ. കെ. എം. മാണി പ്രതിയായ ബാർ കോഴ സംബന്ധിച്ച അന്വേഷണ ഉദ്യോഗസ്ഥനായ എസ്. പി. ശ്രീ. സുകേശനെ പരാമർശിച്ചുകൊണ്ട് ഉള്ളതായി പറയപ്പെടുന്ന ഒരു ശബ്ദരേഖയുടെ അടിസ്ഥാനത്തിൽ, അദ്ദേഹത്തിനെതിരെ കേസ്സെടുത്ത് അന്വേഷണം വേണമെന്ന് വിജിലൻസ് ഡയറക്ടർ സർക്കാരിനോടാവശ്യപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിലുള്ള സർക്കാർ നിലപാട് എന്താണ്; ഇത് ഏത് നിയമവ്യവസ്ഥയുടെ അടിസ്ഥാനത്തിലാണെന്ന് വെളിപ്പെടുത്താമോ;

(ഡി) സർക്കാരിനെ പ്രീതിപ്പെടുത്താൻ കീഴ്ദ്യോഗസ്ഥനെ ബലിയാടാക്കുന്നതായുള്ള നടപടി വിജിലൻസ് മേധാവി സ്വീകരിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) Indian Evidence Act 65(b)-യിലാണ് ഇലക്ട്രോണിക് രേഖകളുമായി ബന്ധപ്പെട്ട തെളിവിനെപ്പറ്റിയുള്ള പ്രത്യേക വ്യവസ്ഥകൾ പ്രതിപാദിക്കുന്നത്.

(ബി) ഇത് സംബന്ധിച്ച് ലഭിച്ച നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ കേസ് എടുത്തിട്ടില്ല.

(സി) ശബ്ദരേഖയുടെ അടിസ്ഥാനത്തിൽ കേസ് എടുത്തിട്ടില്ല. ശബ്ദരേഖയിലൂടെ വെളിവായ ആരോപണങ്ങളെക്കുറിച്ചുള്ള അന്വേഷണത്തിനാണ് സർക്കാർ

ഉത്തരവിട്ടിട്ടുള്ളത്.

(ഡി) ഇല്ല.

## സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി

181 (3288) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് മേഖലയിലും അൺ എയ്ഡഡ് മേഖലയിലും പ്രവർത്തിക്കുന്ന സ്കൂളുകളിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി അനുവദിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകാമോ;

(ബി) ഇതിനായി അപേക്ഷ നൽകിയിട്ടുള്ള സ്കൂളുകൾ എത്രയാണ്; ഇത് സംബന്ധിച്ച വിശദാംശം നൽകാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് ഇറക്കിയിട്ടുള്ള ഉത്തരവിന്റെ പകർപ്പ് നൽകാമോ?

ഉത്തരം

(എ) ഉണ്ട്. 2014-15 അദ്ധ്യയനവർഷം വരെ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് എന്നീ വിഭാഗങ്ങളിലായി 430 സ്കൂളുകളിൽ എസ്.പി.സി. പദ്ധതി പ്രവർത്തിച്ചുവരുന്നു. ഇതിൽ 189 സർക്കാർ സ്കൂളുകളും 218 എയ്ഡഡ് സ്കൂളുകളും 23 അൺഎയ്ഡഡ് സ്കൂളുകളും ഉൾപ്പെട്ടിട്ടുണ്ട്.

നടപ്പ് അദ്ധ്യയന വർഷം (2015-16) സർക്കാർ പുതുതായി 103 സ്കൂളുകളിൽക്കൂടി പദ്ധതി അനുവദിച്ചിട്ടുണ്ട്. ഇതിൽ 48 സർക്കാർ സ്കൂളുകളും 51 എയ്ഡഡ് സ്കൂളുകളും 4 അൺഎയ്ഡഡ് സ്കൂളുകളും ഉൾപ്പെട്ടിട്ടുണ്ട്.

(ബി) നടപ്പ് അദ്ധ്യയനവർഷം (2015-16) പുതുതായി പദ്ധതി അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് സർക്കാർ/എയ്ഡഡ്/ അൺഎയ്ഡഡ് വിഭാഗങ്ങളിൽ നിന്നും 306 പുതിയ അപേക്ഷകൾ ലഭിക്കുകയുണ്ടായി. ഇതിൽ 165 എയ്ഡഡ് സ്കൂളുകളുടെയും 10 അൺഎയ്ഡഡ് സ്കൂളുകളുടെയും അപേക്ഷകൾ ഉൾപ്പെട്ടിട്ടുണ്ട്.

(സി) നടപ്പ് അദ്ധ്യയനവർഷം (2015-16) പുതുതായി എസ്.പി.സി. പദ്ധതി അനുവദിച്ച സ്കൂളുകളുടെ പട്ടിക അനുബന്ധം -I ഉള്ളടക്കം ചെയ്യുന്നു.*

## പെരുമ്പാവൂരിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ

182 (3289) ശ്രീ.സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ ടൗണിലെ ഗതാഗത കുരുക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പെരുമ്പാവൂരിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അനുവദിക്കുമോ ; വിശദവിവരം നൽകാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പെരുമ്പാവൂർ ട്രാഫിക് യൂണിറ്റ്, ട്രാഫിക് പോലീസ് സ്റ്റേഷൻ ആയി ഉയർത്തുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## പൊന്നാനിയിൽ കോസ്റ്റൽ പോലീസ് സ്റ്റേഷന്റെ ഉദ്ഘാടനം

183 (3290) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനിയിൽ പണിപൂർത്തിയാക്കിയ കോസ്റ്റൽ പോലീസ് സ്റ്റേഷന്റെ ഉദ്ഘാടനം നടത്തി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഇവിടേക്ക് ജീവനക്കാരുടെ തസ്തിക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം തസ്തികയിൽ എത്ര വീതമെന്ന് വിശദമാക്കുമോ;

(സി) ജീവനക്കാരെ നിയമിച്ച് എന്നേക്ക് തുറന്നു പ്രവർത്തിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ - സി) പൊന്നാനിയിൽ കോസ്റ്റൽ പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുന്നതിന് ആവശ്യമായ അംഗബലം അനുവദിക്കുന്നതിനുള്ള നടപടികൾ സർക്കാർ പരിശോധിച്ചുവരുന്നു.

## ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയിലെ മലിനീകരണ നിവാരണ പദ്ധതി സംബന്ധിച്ച പരാതി

184 (3291) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയിലെ 256 കോടി രൂപയുടെ മലിനീകരണ നിവാരണ പദ്ധതിയിൽ അഴിമതി ആരോപിച്ചുകൊണ്ട് ഏതെല്ലാം തീയതികളിൽ ലഭിച്ച ഏതെല്ലാം പരാതികളാണിപ്പോൾ അന്വേഷണ വിധേയമാക്കിയിട്ടുള്ളത്;

(ബി) എല്ലാ പരാതികളിലുമായി ആരോപണ വിധേയരായവർ എത്രയാണ്; അവർ ആരൊക്കെ; അവരുടെയെല്ലാം പേരിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

(സി) ആരുടെയെല്ലാം പേരിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നുണ്ട്; വിജിലൻസ് കേസ്സിൽ കുറ്റാരോപിതരായ വ്യക്തികൾ ആരൊക്കെ;

(ഡി) 28-8-2014-ൽ ബഹു. എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് തിരുവനന്തപുരം പുറപ്പെടുവിച്ച വിധി പ്രകാരം എല്ലാ ഹർജികളിലും പെട്ട കുറ്റാരോപിതരായ എല്ലാവർക്കും എതിരെ എഫ്.ഐ.ആർ. ഇട്ടിട്ടുണ്ടോ; നിലവിലുള്ള എഫ്.ഐ.ആർ.-ൽ എല്ലാ ഹർജികളിലും ആരോപിക്കപ്പെട്ട എല്ലാവരും ഉൾപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) ട്രാവൻകൂർ ടൈറ്റാനിയത്തിൽ മലിനീകരണ നിയന്ത്രണ പദ്ധതി നടപ്പിലാക്കുന്നതിൽ ക്രമക്കേടുണ്ടെന്നാരോപിച്ചുകൊണ്ട് ശ്രീ. സെബാസ്റ്റ്യൻ ജോർജ്ജ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നൽകിയ പരാതിയിന്മേൽ 6-6-2006-ലെ 10256/ബി1/2004/വിജി. നമ്പർ സർക്കാർ കത്തുപ്രകാരം വി.ഇ.30/2006/ എസ്.ഐ.യു. എന്ന നമ്പറിൽ വിജിലൻസ് അന്വേഷണം നടന്നുവരവെ, ശ്രീ. ജി. സുനിൽ കുമാർ, തിരുവനന്തപുരം വിജിലൻസ് കോടതിയിൽ സമർപ്പിച്ച CMP. 845/2006 നമ്പർ പരാതിയിൽ പ്രാഥമികാന്വേഷണം നടത്താൻ 8-11-2006-ൽ കോടതി ഉത്തരവിടുകയും തുടർന്ന് ടി പരാതികൂടി മേൽ വിജിലൻസ് അന്വേഷണത്തോടൊപ്പം ചേർത്ത് അന്വേഷിക്കുകയും ചെയ്തു. ഇതേ വിഷയത്തിൽ ശ്രീ. ജയൻ, തിരുവനന്തപുരം വിജിലൻസ് കോടതിയിൽ സമർപ്പിച്ച CMP. 802/2011 നമ്പർ ഹർജിയിൽ പ്രസ്തുത ആരോപണങ്ങൾകൂടി ചേർത്ത് അന്വേഷിക്കുവാൻ ഉത്തരവായതുപ്രകാരം അന്വേഷണ ഉദ്യോഗസ്ഥന് കൈമാറിയിരുന്നു. അന്വേഷണം പൂർത്തിയായി റിപ്പോർട്ട് 25-8-2013-ൽ കോടതിയിൽ സമർപ്പിച്ചു. റിപ്പോർട്ടിന്മേലുള്ള വാദത്തിനിടയിൽ ശ്രീ. സെബാസ്റ്റ്യൻ ജോർജ്ജ് CMP. 1348/2013 നമ്പറിൽ ഒരു ഹർജി കൂടി 7-11-2013-ൽ കോടതിയിൽ സമർപ്പിച്ചു.

(ബി) എല്ലാ പരാതികളിലുമായി താഴെപ്പറയുന്ന 13 പേർ ആരോപണ വിധേയരായിട്ടുണ്ട്:

(സി & ഡി)

1. ശ്രീ. ഈപ്പൻ ജോസഫ് (മുൻ മാനേജിംഗ് ഡയറക്ടർ, ടി.ടി.പി. ലിമിറ്റഡ്)
2. ശ്രീ. സന്തോഷ് കുമാർ (ചീഫ് മാനേജർ, മാർക്കറ്റിംഗ്, ടി.ടി.പി. ലിമിറ്റഡ്)
3. ശ്രീ. എം. എം. ഭാസ്കരൻ (എക്സിക്യൂട്ടീവ് ഡയറക്ടർ, ടി.ടി.പി. ലിമിറ്റഡ്)
4. ശ്രീ. തോമസ് മാത്യൂ (മുൻ ചീഫ് കൊമേഴ്സ്യൽ മാനേജർ, ടി.ടി.പി. ലിമിറ്റഡ്)
5. ശ്രീ. ബി. ഗോപകുമാരൻ നായർ (മുൻ ചീഫ് കൊമേഴ്സ്യൽ മാനേജർ, ടി.ടി.പി. ലിമിറ്റഡ്)
6. ശ്രീ. ഉമ്മൻ ചാണ്ടി, ബഹു. മുഖ്യമന്ത്രി
7. ശ്രീ. ടി. ബാലകൃഷ്ണൻ ഐ.എ.എസ്., മുൻ ചെയർമാൻ, ഡയറക്ടർ ബോർഡ്, ടി.ടി.പി. ലിമിറ്റഡ്, തിരുവനന്തപുരം
8. ശ്രീ. രമേശ് ചെന്നിത്തല, മുൻ കെ.പി.സി.സി. പ്രസിഡന്റ്
9. ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്, മുൻ വ്യവസായ വകുപ്പുമന്ത്രി
10. ശ്രീ. രാജീവൻ, പ്രൊപ്രൈറ്റർ, M/s. Grintex Enterprises
11. ശ്രീ. ഗംഗാധരൻ, ചീഫ് എഞ്ചിനീയർ (Rtd.) & Chief Project Manager, TTPL
12. ശ്രീ. ഡി. കെ. ഭാസു, General Manager, M/s. Meccon India Ltd.
13. ശ്രീ. സുജനപാൽ, മുൻമന്ത്രി, ആരോഗ്യ പരിസ്ഥിതി വകുപ്പ്.

വി.ഇ. 30/2006/എസ്.ഐ.യു.ന്റെ റിപ്പോർട്ടിന്മേൽ 3 പരാതികളിലും (CMP 845/2006, 802/2011) (ശ്രീ. സെബാസ്റ്റ്യൻ ജോർജ്ജ് മുഖ്യമന്ത്രിക്ക് നൽകിയ പരാതി) കേസ് എടുത്ത് അന്വേഷിക്കുവാൻ 28-8-2014-ൽ കോടതി ഉത്തരവിട്ടു.

ടി ഉത്തരവിനെതിരെ ആരോപണ വിധേയരായ ശ്രീ. ടി. ബാലകൃഷ്ണനും ശ്രീ. രമേശ് ചെന്നിത്തലയും ബഹു. ഹൈക്കോടതിയിൽ നൽകിയ ഹർജികളിന്മേൽ CMP. 845/2006-ലെ പ്രതികൾക്ക് എതിരെ കേസ് രജിസ്റ്റർ ചെയ്യാനാണ് കീഴ്കോടതിയുടെ ഉത്തരവെന്ന് ബഹു. ഹൈക്കോടതി ഉത്തരവിട്ടതിന്റെ അടിസ്ഥാനത്തിൽ CMP. 845/2006-ലെ ആരോപണവിധേയരായ താഴെപ്പറയുന്നവർക്ക് എതിരെ വി.സി.01/15/എസ്.ഐ.യു. നമ്പരായി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തു:

1. മാനേജിംഗ് ഡയറക്ടർ, ടി.ടി.പി. ലിമിറ്റഡ്
2. ശ്രീ. ഈപ്പൻ ജോസഫ് (മുൻ മാനേജിംഗ് ഡയറക്ടർ, ടി.ടി.പി. ലിമിറ്റഡ്)
3. ശ്രീ. സന്തോഷ് കുമാർ (ചീഫ് മാനേജർ, മാർക്കറ്റിംഗ്, ടി.ടി.പി. ലിമിറ്റഡ്)
4. ശ്രീ. എം. എം. ഭാസ്കരൻ (എക്സിക്യൂട്ടീവ് ഡയറക്ടർ, ടി.ടി.പി. ലിമിറ്റഡ്)
5. ശ്രീ. തോമസ് മാത്യൂ (മുൻ ചീഫ് കൊമേഴ്സ്യൽ മാനേജർ, ടി.ടി.പി. ലിമിറ്റഡ്)
6. ശ്രീ. ബി. ഗോപകുമാരൻ നായർ (മുൻ ചീഫ് കൊമേഴ്സ്യൽ മാനേജർ, ടി.ടി.പി. ലിമിറ്റഡ്)

## സിസ്റ്റമാറ്റിക് ഹെൽത്ത് അസസ്സ്മെൻറ് ഫോർ പോലീസ് പേഴ്സണൽ പദ്ധതി

185 (3292) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എച്ച്.എ.പി.പി. പദ്ധതി (സിസ്റ്റമാറ്റിക് ഹെൽത്ത് അസസ്സ്മെൻറ് ഫോർ പോലീസ് പേഴ്സണൽ) നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പോലീസ് ഉദ്യോഗസ്ഥരുടെ ആരോഗ്യ പരിപാലനത്തിനായി ആരംഭിച്ച പദ്ധതിയാണ് SHAPP. ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ എല്ലാ പോലീസ് ഉദ്യോഗസ്ഥരുടെയും ആരോഗ്യ പരിശോധന സംസ്ഥാനത്തെ ആരോഗ്യ വകുപ്പുമായി ചേർന്ന് നടത്തിവരുന്നു.

(സി) 6-3-2015 തീയതിയായി സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 774/2015/ആ.കു.വ. സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ SHAPP പദ്ധതിയുമായി ബന്ധപ്പെട്ട് പോലീസ് ഉദ്യോഗസ്ഥരുടെ 'Periodical Checkup' കൃത്യമായ ഇടവേളകളിൽ വകുപ്പുതലത്തിൽ നടത്തിവരുന്നു.

**കുറ്റാന്വേഷണവും തെളിവുശേഖരണവും**

186 (3293) <u>ശ്രീ. സി. കൃഷ്ണൻ</u> :

<u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> :

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> :

<u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റാന്വേഷണങ്ങളുടെ ഭാഗമായി പോലീസിന് തെളിവ് ശേഖരിക്കാൻ കഴിയാത്ത അവസ്ഥയുണ്ടോ; എങ്കിൽ വിശദമാക്കാമോ; അന്വേഷണങ്ങളെ പ്രതിരോധിച്ചിട്ടുള്ളതിന്റെ ഭാഗമായി പോലീസിന് അന്വേഷണം നടത്താൻ സാധിച്ചിട്ടില്ലാത്ത കേസ്സുകളുണ്ടോ; വിശദമാക്കാമോ;

(ബി) ഒരു വധക്കേസ്സിൽ പോലീസിന് തെളിവ് ശേഖരിക്കാനായില്ലെന്ന് പ്രോസിക്യൂഷൻ ഡയറക്ടർ ജനറൽ കോടതിയിൽ വെളിപ്പെടുത്തിയത് ആഭ്യന്തര വകുപ്പിന്റെ അറിവോടു കൂടിയാണോ; വിശദമാക്കാമോ;

(സി) ഏതെങ്കിലും കേസ്സിൽ തെളിവ് ശേഖരിക്കാൻ സാധിക്കുന്നില്ലെന്ന കാര്യം ഡി.ജി.പി. സർക്കാരിനെ അറിയിച്ചിട്ടുണ്ടോ;

(ഡി) ഏതെങ്കിലും കേസ്സിൽ ഇത്തരമൊരു വിവരം കോടതിയെ അറിയിക്കാൻ പ്രോസിക്യൂഷൻ ഡയറക്ടർ ജനറലിന് ആഭ്യന്തര വകുപ്പിൽ നിന്നും

നിർദ്ദേശം നല്കിയിട്ടുണ്ടോ; എങ്കിൽ ഏത് കേസ്സിൽ?

ഉത്തരം

(എ) കുറ്റാന്വേഷണങ്ങളുടെ ഭാഗമായി തെളിവ് ശേഖരിക്കാൻ കഴിയാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അന്വേഷണങ്ങളെ പ്രതിരോധിച്ചിട്ടുള്ളതിന്റെ ഭാഗമായി അന്വേഷണം നടത്താൻ സാധിച്ചിട്ടില്ലാത്ത കേസ്സുകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) കേസന്വേഷണവുമായി ബന്ധപ്പെട്ട് വിവരങ്ങൾ കേസ് ഡയറി പരിശോധിച്ച് ഓരോ കേസ്സിന്റെയും സ്വഭാവമനുസരിച്ച് കോടതിയിൽ പബ്ലിക്ക് പ്രോസിക്യൂട്ടർ ബോധിപ്പിക്കുന്ന വിഷയത്തിൽ ആഭ്യന്തര വകുപ്പ് സാധാരണ ഇടപെടാറില്ല.

(സി) കേസ്സിന്റെ തെളിവ് ശേഖരിക്കേണ്ടത് അന്വേഷണ ഉദ്യോഗസ്ഥന്റെ മാത്രം ചുമതലയാണ്. ആ വക കാര്യങ്ങളിൽ ആഭ്യന്തര വകുപ്പ് ഇടപെടാറില്ല. കേസന്വേഷണം പോലീസിന്റെ മാത്രം അധികാരപരിധിയിൽപ്പെട്ട വിഷയമായതിനാലും അന്വേഷണവുമായി ബന്ധപ്പെട്ട യാതൊരു കാര്യത്തിലും സർക്കാർ ഉൾപ്പെടെ യാതൊരു ബാഹ്യ ഇടപെടലുകൾക്കും നിയമം അനുവദിക്കാത്തതാണ്. ഈ വക കാര്യങ്ങൾ പ്രോസിക്യൂഷൻ ഡയറക്ടർ ജനറൽ റിപ്പോർട്ട് ചെയ്യേണ്ടതില്ല.

(ഡി) ഇല്ല. സാധാരണഗതിയിൽ കേസന്വേഷണവുമായി ബന്ധപ്പെട്ട വിവരങ്ങൾ പ്രോസിക്യൂഷൻ ഡയറക്ടർ ജനറലും പബ്ലിക്ക് പ്രോസിക്യൂട്ടർമാരും കേസ് ഡയറിയിൽ നിന്നുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലാകും നൽകുക. ആഭ്യന്തര വകുപ്പ് ഇടപെടാറില്ല.

**അഴിമതിക്കേസ്സുകൾ**

187 (3294) ശ്രീ. ജി. സുധാകരൻ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിമതിക്കെതിരെയുള്ള പ്രക്ഷോഭങ്ങളെ പോലീസിനെ ഉപയോഗിച്ച് നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അഴിമതി കേസ്സുകളിൽ കുറ്റക്കാർക്കെതിരെ മുഖം നോക്കാതെയും, നിയമാനുസൃതവും നടപടി സ്വീകരിക്കാതിരിക്കുന്നതാണ് പ്രക്ഷോഭണങ്ങൾക്ക് കാരണമാകുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാന മന്ത്രിമാർ ഇപ്പോൾ നേരിടുന്ന അഴിമതി ആരോപണങ്ങളും അന്വേഷണങ്ങളും ഏതൊക്കെയാണ്?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അഴിമതിക്കേസ്സുകളിൽ പോലീസ് നിയമാനുസൃതമായിട്ടാണ് നടപടി സ്വീകരിച്ചുവരുന്നത്.

(സി) (i) ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി ശ്രീ. അനൂപ് ജേക്കബിനെതിരെ, മൂവാറ്റുപുഴ താലൂക്കിൽ പഴം-പച്ചക്കറി സംഭരണശാലയ്ക്കുവേണ്ടി സപ്ലൈക്കോയ്ക്ക് ലീസിന് നൽകിയിരുന്ന സ്ഥലത്ത് കൂട്ടി ഇട്ടിരുന്ന, മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ വക കരിങ്കല്ല്, മന്ത്രിയുടെ ഒരു തൽപ്പര കക്ഷിക്ക് കുറഞ്ഞ തുകയ്ക്ക് ലേലം ഉറപ്പിച്ച് നൽകിയതിൽ അഴിമതിയുണ്ടെന്ന് കാണിച്ച് ശ്രീ. ഷാജു ജേക്കബ്, സെക്രട്ടറി നൽകിയ പരാതിയിന്മേൽ QV 14/15/CRE എന്ന സത്വരാന്വേഷണം നടന്നുവരുന്നു.

(ii) ശ്രീ. അടൂർ പ്രകാശ് 2004-2006 കാലയളവിൽ സിവിൽ സപ്ലൈസ് വകുപ്പ് കൈകാര്യം ചെയ്തിരുന്ന സമയത്ത് ശ്രീ. വി. രാജു(A2)(PS to Minister)-മായി ചേർന്ന് ഔദ്യോഗിക പദവി ദുർവിനിയോഗം ചെയ്ത്, AWD (Authorized Wholesale Dealer)-ക്ക് വേണ്ടി അപേക്ഷിച്ച ശ്രീ. അബ്ദുൾ റഹ്മാൻ എന്ന ആളിൽ നിന്നും 25 ലക്ഷം രൂപ കൈക്കൂലി ആവശ്യപ്പെട്ടു എന്ന ആരോപണവുമായി ബന്ധപ്പെട്ട് VC2/2008/NRK എന്ന കേസ് 20-2-2008-ൽ രജിസ്റ്റർ ചെയ്ത് നടത്തിവരുന്ന അന്വേഷണം അന്തിമഘട്ടത്തിലാണ്.

**കുറ്റകൃത്യങ്ങളുടെ എണ്ണം**

188 (3295) <u>ശ്രീ. സി. ദിവാകരൻ</u> :
<u>ശ്രീ. ജി. എസ്. ജയലാൽ</u> :
<u>ശ്രീ. ഇ. കെ. വിജയൻ</u> :
<u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുറ്റകൃത്യങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ അവസാനം പ്രസിദ്ധീകരിച്ച റിപ്പോർട്ട് എന്തായിരുന്നുവെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

കേരളത്തിൽ 2012-ൽ IPC വിഭാഗത്തിൽ 158989 കേസ്സുകളും SLL വിഭാഗത്തിൽ 352289 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2013-ൽ ഇത് യഥാക്രമം 176334 ഉം, 406848 ഉം 2014-ൽ ഇത് യഥാക്രമം 206789 ഉം 403576 ഉം ആകുന്നു. 2013-ൽ നിന്നും 2014-ൽ ഉള്ള വ്യതിയാനം IPC-യിൽ 17.27% വർദ്ധനവും SLL-ൽ 0.80% കുറവും കാണുന്നു. ഇതിൽ നിന്നും കുറ്റകൃത്യങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് ഉള്ളതായി കാണാം. 2015-ലെ റിപ്പോർട്ട് നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ പ്രസിദ്ധീകരിച്ചിട്ടില്ല.

**ക്രൈംബ്രാഞ്ചിന്റെ കർമ്മപദ്ധതികൾ**

189 (3296) <u>ശ്രീ. ലൂഡി ലൂയിസ്</u> :

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :

<u>ശ്രീ. ഹൈബി ഈഡൻ</u> :

<u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ക്രൈംബ്രാഞ്ചുകളുടെ പ്രവർത്തനത്തിന് എന്തെല്ലാം കർമ്മ പദ്ധതിയാണ് ആസൂത്രണം ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ & ബി) ജില്ലാ ക്രൈം ഡിറ്റാച്ച്മെന്റുകളുടെ പുനർനാമകരണം ചെയ്തുകൊണ്ട് കേസന്വേഷണം വേഗത്തിലും കുറ്റമറ്റ രീതിയിലും നടത്തുവാൻ ലക്ഷ്യമിട്ട് ജി. ഒ. (എംഎസ്.) നമ്പർ 124/2014/ആഭ്യന്തരം തീയതി 17-6-2014 പ്രകാരം ജില്ലാ ക്രൈംബ്രാഞ്ചുകൾ രൂപീകൃതമായി ജില്ലയിൽ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. അതാത് ജില്ലകളിൽ റിപ്പോർട്ടാകുന്ന സെൻസേഷണൽ കേസ്സുകളും സർക്കാർ,

സംസ്ഥാന പോലീസ് മേധാവി, ADGP Zones, IGP എന്നിവിടങ്ങളിൽ നിന്നും പുനരന്വേഷണങ്ങൾക്കായി പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ജില്ലാ ക്രൈംബ്രാഞ്ചുകൾ അത്തരം കേസ്സുകളുടെ അന്വേഷണങ്ങൾ ഏറ്റെടുത്ത് വേഗത്തിലും കുറ്റമറ്റ രീതിയിലും നടത്തിവരുന്നു. ഇതുവഴി സംസ്ഥാന ക്രൈംബ്രാഞ്ചുകളുടെ ജോലിഭാരം കുറയ്ക്കുന്നതിനും കഴിയും.

(സി) ജില്ലാ ക്രൈംബ്രാഞ്ച് പ്രവർത്തിക്കുന്നതിന് ഒരു എ.സി.പി./ഡിവൈ.എസ്.പി., 2 ഇൻസ്പെക്ടർമാർ, 14 എസ്.ഐ.മാർ, 14 എസ്.സി.പി.ഒ.മാർ, വനിതകളുൾപ്പെടെ 6 സി.പി.ഒ.മാർ എന്നിങ്ങനെ ഉദ്യോഗസ്ഥരെ പുനർവിന്യാസംവഴി കണ്ടെത്തി പ്രവർത്തനം കാര്യക്ഷമമാക്കാൻ എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## കുറ്റകൃത്യങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കാൻ കൈക്കൊണ്ട നടപടികൾ

190 (3297) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റകൃത്യങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കാനും, കുറ്റകൃത്യങ്ങളോട് ഒരു പൗരന്റെ കർത്തവ്യബോധത്തോടെ പെരുമാറാനും, കുറ്റകൃത്യങ്ങളിൽ നിന്നും അകറ്റി നിർത്താനും ഈ സർക്കാർ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) സാമൂഹ്യതിന്മകളോട് സമയോചിതമായി നിയമപരിധിയിൽ നിന്നും പ്രതികരിക്കുന്ന ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിനുപകരം സദാചാര പോലീസ് പോലെ ആരെയും അവഹേളിക്കുകയും ആക്രമിക്കുകയും ആരുടെയും സ്വൈര്യവും സ്വകാര്യവുമായ ജീവിതത്തിൽ ഏതുസമയത്തും കടന്നു ചെല്ലുകയും, സാമൂഹ്യ സദാചാരത്തിന്റെ പേരിൽ കുറ്റകൃത്യങ്ങൾ നടത്തുകയും അത്തരം സംഭവങ്ങളെ ചാനലുകളിലും മാധ്യമങ്ങളിലും കയറി ന്യായീകരിക്കുകയും ചെയ്യുന്ന പുതിയ പ്രവണതയ്ക്കെതിരെ എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം കേസ്സുകൾ എത്രയെണ്ണം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട് എന്ന് പറയാമോ, ഇതിലെ കുറ്റവാളികൾക്കെതിരെ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കുറ്റകൃത്യങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കാനും കുറ്റകൃത്യങ്ങളോട് ഒരു പൗരന്റെ കർത്തവ്യബോധത്തോടെ പെരുമാറാനും കുറ്റകൃത്യങ്ങളിൽ നിന്നും അകറ്റി നിർത്താനും കമ്മ്യൂണിറ്റി പോലീസിംഗ്, ജനമൈത്രി പോലീസ്, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, ക്ലീൻ കാമ്പസ് സേഫ് കാമ്പസ് തുടങ്ങിയ പദ്ധതികൾ വഴി ബോധവൽക്കരണ ക്ലാസുകളും സെമിനാറുകളും നടത്തിവരുന്നു.

(ബി) ഇത്തരം പ്രവണത ശ്രദ്ധയിൽപ്പെട്ടാൽ അത്തരക്കാർക്കെതിരെ നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് ശക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഇത്തരം 24 കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിലെ കുറ്റവാളികൾക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ക്രൈം നമ്പർ 56/2014(സി. പി. 18/15) കേസ്സിന്റെ അന്വേഷണ റിപ്പോർട്ട്

191 (3298) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ പള്ളിക്കൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 56/2014(സി പി 18/15) കേസ് ക്രൈംബ്രാഞ്ച് അന്വേഷിക്കുന്നതിനായി ഉത്തരവായിട്ടുണ്ടോ; എങ്കിൽ എന്നാണ് ഉത്തരവായത്;

(ബി) ക്രൈംബ്രാഞ്ച് അന്വേഷണത്തിന്റെ ഭാഗമായി നടത്തിയ നടപടികൾ എന്തെല്ലാമാണ്;

(സി) അന്വേഷണം പൂർത്തീകരിച്ച് റിപ്പോർട്ട് എന്നത്തേക്ക് നൽകാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി & സി) ബാധകമല്ല.

## പുതിയ ഫയർ സ്റ്റേഷനുകൾ അനുവദിക്കൽ

192 (3299) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) ഒരു ഫയർ സ്റ്റേഷൻ പോലുമില്ലാത്ത എത്ര അസംബ്ലി മണ്ഡലങ്ങൾ സംസ്ഥാനത്തുണ്ട്; വിശദവിവരം നൽകുമോ;

(ബി) ഒരു ഫയർ സ്റ്റേഷൻ പോലുമില്ലാത്ത മണ്ഡലങ്ങളിൽ ഫയർ സ്റ്റേഷനുകൾ അനുവദിക്കുവാൻ തയ്യാറാകുമോ; ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒരു ഫയർ സ്റ്റേഷൻ പോലുമില്ലാത്ത 35 അസംബ്ലി മണ്ഡലങ്ങൾ സംസ്ഥാനത്തുണ്ട്.

(1) തിരുവനന്തപുരം - 3 : ചിറയിൻകീഴ്, വട്ടിയൂർക്കാവ്, നേമം

(2) കോഴിക്കോട് - 6 : ബേപ്പൂർ, ഏലത്തൂർ, ബാലുശ്ശേരി, കുന്ദമംഗലം, കൊയിലാണ്ടി, കുറ്റ്യാടി

(3) കണ്ണൂർ - 4 : കല്ല്യാശ്ശേരി, ഇരിക്കൂർ, അഴീക്കോട്, ധർമ്മടം

(4) എറണാകുളം : വൈപ്പിൻ

(5) ഇടുക്കി : ഉടുമ്പൻചോല

(6) പാലക്കാട് - 4 : കോങ്ങാട്, തൃത്താല, പട്ടാമ്പി, നെന്മാറ

(7) തൃശ്ശൂർ - 4 : കയ്പമംഗലം, മണലൂർ, ചേലക്കര, ഒല്ലൂർ

(8) മലപ്പുറം - 8 : വണ്ടൂർ, മങ്കട, കൊണ്ടോട്ടി, തിരൂരങ്ങാടി, താനൂർ, തവനൂർ, കോട്ടക്കൽ, വള്ളിക്കുന്ന്

(9) കോട്ടയം - 4 : ഏറ്റുമാനൂർ, അരൂർ, കുട്ടനാട്, ആറന്മുള.

(ബി) ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിന്റെ ആധുനികവത്ക്കരണം**

193 (3300) ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. ജോസഫ് വാഴയ്ക്കൻ :

ശ്രീ. സണ്ണി ജോസഫ് :

ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് കാര്യക്ഷമമാക്കാനും ആധുനികവത്ക്കരിക്കാനും എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ - സി) സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമായ സ്ഥലങ്ങളിൽ പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് മുൻഗണന നൽകി വരുന്നു. കൂടാതെ അഗ്നിശമനസേനയുടെ നവീകരണത്തിന്റെ ഭാഗമായി എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് പഴയ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ഇപ്പോൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതും എന്നാൽ സ്വന്തമായി സ്ഥലം ലഭ്യമായിട്ടുള്ളതുമായ ഫയർ സ്റ്റേഷനുകളിൽ കെട്ടിടം നിർമ്മിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി 2015-16 സാമ്പത്തികവർഷത്തിൽ ആധുനിക വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനായി 27.28 കോടി രൂപയ്ക്ക് ഭരണാനുമതി ഉത്തരവ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികൾ പുരോഗമിച്ച് വരികയാണ്. കൂടാതെ അഗ്നിശമന സേനാംഗങ്ങളുടെ സുരക്ഷയ്ക്കും അപകടത്തിൽപ്പെടുന്നവരെ രക്ഷപ്പെടുത്തുന്നതിന് ഉതകുന്ന ആധുനിക വാഹനങ്ങളും അഗ്നിശമനരക്ഷാ പ്രവർത്തന ഉപകരണങ്ങളും വാങ്ങുന്നതിലേക്ക് രണ്ട് ഘട്ടങ്ങളിലായി 175.63 കോടി രൂപയുള്ള ശിപാർശയുടെ അടിസ്ഥാനത്തിൽ ആദ്യഘട്ടത്തിലേയ്ക്കായി 20 കോടി രൂപയുടെ ഭരണാനുമതി ഉത്തരവ് നൽകിയിട്ടുണ്ട്. സ. ഉ. (എംഎസ്.) നമ്പർ 231/2015/ആഭ്യന്തരം, തീയതി 9-11-2015 പ്രകാരം ഒറ്റത്തവണ അധിക കേന്ദ്ര ധനസഹായമായി 924 ലക്ഷം രൂപയ്ക്ക് ഏരിയൽ പ്ലാറ്റ്ഫോം ലാഡർ വാങ്ങുന്നതിന് ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. ഗതാഗതക്കുരുക്കുമൂലം അപകടസ്ഥലങ്ങളിലെത്താൻ കാലതാമസം വരുന്നുവെന്ന വസ്തുത പരിഗണിച്ച് അപകടസ്ഥലത്ത് ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ എത്തിച്ചേരുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം,

കൊച്ചി, കോഴിക്കോട് എന്നീ കോർപ്പറേഷനുകളിൽ സാറ്റലൈറ്റ് ഫയർ ഔട്ട് പോസ്റ്റുകൾ സ്ഥാപിക്കുന്നതിനുള്ള സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. നവീകരണത്തിന്റെ ഭാഗമായി കൂടുതൽ അഗ്നിശമന ഉപകരണങ്ങളും ആധുനിക വാഹനങ്ങളും വാങ്ങുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

വെള്ളത്തിൽ വീണുള്ള മരണം കൂടുതലും കുട്ടികളായതിനാൽ ഈ അപകടനിരക്ക് കുറയ്ക്കുന്നതിനായി 12 വയസ്സിനുമുകളിലുള്ള ആൺകുട്ടികൾക്ക് മിഷൻ 676-ൽ ഉൾപ്പെടുത്തി സൗജന്യമായി ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് വകുപ്പ് നീന്തൽ പരിശീലനം നൽകിവരുന്നു. കാട്ടുതീ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തി കാട്ടിൽ വസിക്കുന്ന ജനങ്ങൾക്ക് ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് വകുപ്പും വനം വകുപ്പും സംയുക്തമായി കാട്ടുതീ നിയന്ത്രിക്കുന്നതിനുള്ള പരിശീലനം നൽകിവരുന്നു. അഗ്നിശമന പ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാരുടെ സുരക്ഷയ്ക്കായി ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി നടപ്പിലാക്കി വരുന്നു.

## പരവൂർ ഫയർസ്റ്റേഷന് പുതിയ വാഹനവും ആധുനിക ഉപകരണങ്ങളും

194 (3301) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം ജില്ലയിൽ പരവൂർ ഫയർസ്റ്റേഷന് പുതിയ വാഹനവും ആധുനിക ഉപകരണങ്ങളും ലഭ്യമാക്കണമെന്ന ബഹു. ആഭ്യന്തര വകുപ്പ് മന്ത്രിയുടെ നിർദ്ദേശം ബന്ധപ്പെട്ട വകുപ്പ് ശ്രദ്ധിച്ചുവോ ; എങ്കിൽ മോശപ്പെട്ട സാഹചര്യം പരിഗണിച്ച് പുതിയ വാഹനവും ഉപകരണങ്ങളും ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

പരവൂർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന് 2009-ൽ ഒരു ജീപ്പ് അനുവദിക്കുകയും കൂടാതെ തുടർന്നുള്ള വർഷങ്ങളിൽ ചുവടെ ചേർത്തിരിക്കുന്ന അഗ്നിശമന രക്ഷാ ഉപകരണങ്ങളും അനുവദിച്ചിട്ടുണ്ട്:

| *ക്രമ നമ്പർ* | *ഉപകരണം* | *എണ്ണം* |
|---|---|---|
| 1 | ഫോം മേക്കിംഗ് ബ്രാഞ്ച് പൈപ്പ് | 2 |

| | | |
|---|---|---|
| 2 | ലൈഫ് ജാക്കറ്റ് | 5 |
| 3 | ലൈബ് ബോയ് | 5 |
| 4 | ചെയിൻസോ | 2 |
| 5 | കെമിക്കൽ ഹാൻഡ്ലിംഗ് ഗ്ലാസ് | 5 |
| 6 | ഗംബൂട്ട് | 12 |
| 7 | സേഫ്റ്റി ബെൽറ്റ് | 5 |
| 8 | സേഫ്റ്റി ഷൂസ് | 20 |
| 9 | സീറോ ടോർക്ക് നോസിൽ | 1 |
| 10 | ഡെലിവറി ഹോസ് | 4 |

പുതിയ വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്ന മുറയ്ക്ക് പരവൂർ സ്റ്റേഷനും അനുവദിച്ച് നൽകുന്നതാണ്.

**പുതുക്കാട് ഫയർ സ്റ്റേഷൻ**

195 (3302) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് ഫയർ സ്റ്റേഷൻ ആധുനികവത്കരിക്കുന്നതിനായി പുതിയ ഉപകരണങ്ങൾ വാങ്ങുവാൻ വേണ്ടിയുള്ള നിവേദനം ലഭ്യമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) നിവേദനത്തിൽ പറഞ്ഞിരുന്ന വാഹനം പ്രവർത്തന ക്ഷമമാക്കുകയും ജീപ്പ് ഒരെണ്ണം അനുവദിക്കുകയും ചെയ്തു. കൂടാതെ താഴെപ്പറയുന്ന അഗ്നിശമന രക്ഷാ ഉപകരണങ്ങളും വാഹനങ്ങളും വിതരണം ചെയ്തിട്ടുണ്ട്:

| *ക്രമ നമ്പർ* | *വാഹനങ്ങൾ/ഉപകരണങ്ങൾ* | *എണ്ണം* |
|---|---|---|
| 1 | ജീപ്പ് | 1 |
| 2 | വാട്ടർ ടെണ്ടർ | 1 |
| 3 | എയർ ലിഫ്റ്റിംഗ് ബാഗ് | 1 |

| | | |
|---|---|---|
| 4 | ഫോം മേക്കിംഗ് ബ്രാഞ്ച് പൈപ്പ് | 3 |
| 5 | ലൈഫ് ജാക്കറ്റ് | 5 |
| 6 | ലൈബ് ബോയ് | 5 |
| 7 | ചെയിൻസോ | 1 |
| 8 | കെമിക്കൽ ഹാൻഡ്‌ലിംഗ് ഗ്ലാസ് | 10 |
| 9 | ഗംബൂട്ട് | 20 |
| 10 | കെമിക്കൽ ഗ്ലഗിൾസ് | 5 |
| 11 | സേഫ്റ്റി ബെൽറ്റ് | 5 |
| 12 | സേഫ്റ്റി ഷൂസ് | 20 |
| 13 | സീറോ ടോർക്ക് നോസിൽ | 1 |
| 14 | ഡെലിവറി ഹോസ് | 4 |

മറ്റു വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്ന മുറയ്ക്ക് ടി സ്റ്റേഷന് അനുവദിക്കുന്നതാണ്.

**ഉടുമ്പൻചോല താലൂക്കിൽ ഫയർ സ്റ്റേഷൻ**

196 (3303) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫയർ ആന്റ് റസ്ക്യൂ സർവ്വീസ് സ്റ്റേഷൻ ഇല്ലാത്ത താലൂക്കുകൾ ഏതൊക്കെ ; വിശദാംശം നൽകാമോ ;

(ബി) എല്ലാ താലൂക്കുകളിലും ഓരോ മെയിൻ ഫയർ സ്റ്റേഷൻ അനുവദിക്കും എന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ ;

(സി) ഉടുമ്പൻചോല താലൂക്കിൽ ഫയർ സ്റ്റേഷൻ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ മെയിൻ ഫയർ സ്റ്റേഷൻ അനുവദിക്കാൻ സാധിക്കാതെ പോയ സാഹചര്യം വിശദീകരിക്കാമോ ?

<u>ഉത്തരം</u>

(എ) ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ഇല്ലാത്ത താലൂക്കുകളുടെ വിവരം ചുവടെ ചേർത്തിരിക്കുന്നു:

(1) കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് താലൂക്ക്

(2) പാലക്കാട് ജില്ലയിലെ പട്ടാമ്പി താലൂക്ക്

(3) മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി, കൊണ്ടോട്ടി താലൂക്കുകൾ

(4) കോട്ടയത്ത് മല്ലപ്പള്ളി താലൂക്ക്, കുട്ടനാട് താലൂക്ക്

(5) ഇടുക്കി ജില്ലയിൽ ഉടുമ്പൻചോല താലൂക്ക്

(ബി) ഇല്ല.

(സി) ഉടുമ്പൻചോല ആസ്ഥാനമായി നെടുങ്കണ്ടത്ത് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## അനധികൃത കെട്ടിടനിർമ്മാണത്തിന് ചട്ടവിരുദ്ധ സഹായം

197 (3304) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മുനിസിപ്പാലിറ്റി ടൗൺഹാൾ നിർമ്മാണത്തിനായി ഫണ്ട് നൽകിയവർക്ക് അനധികൃത കെട്ടിടനിർമ്മാണത്തിന് ചട്ടവിരുദ്ധമായി സഹായം ചെയ്യുന്ന എന്ന പരാതിയിൻമേൽ തൃശ്ശൂർ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തൃശ്ശൂരിന്റെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടിൽ, കുറ്റക്കാരായി കണ്ടെത്തിയിട്ടുള്ള ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ഈ ആരോപണത്തിന്മേൽ ശ്രീ. ബാബു ജോസഫ് പുത്തനങ്ങാടി ബഹു. തൃശ്ശൂർ എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് കോടതിയിൽ സി.എം.പി. 332/2015 നമ്പരായി ഫയൽ ചെയ്ത ഹർജിയിന്മേൽ ബഹുമാനപ്പെട്ട കോടതിയുടെ 28-2-2015-ലെ ഉത്തരവുപ്രകാരം QV 28/15/TSR എന്ന നമ്പരായി തൃശ്ശൂർ വിജിലൻസ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ഒരു ത്വരിതാന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും, താഴെ പറയുന്ന ശിപാർശകൾ സഹിതം റിപ്പോർട്ട് 8-12-2015-ന് ബഹുമാനപ്പെട്ട കോടതിയിൽ സമർപ്പിക്കുകയും ചെയ്തു.

1. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ നേരിട്ട് ടൗൺഹാൾ നിർമ്മാണ സ്ഥലം സന്ദർശിച്ച് ഉചിതമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

2. ലോക്കൽ സെൽഫ് ഗവൺമെന്റ് ഡിപ്പാർട്ട്മെന്റ്, ചീഫ് എഞ്ചിനീയറുടെ

ഓഫീസിൽ നിന്നും ഒരു ടീം ഉണ്ടാക്കി അന്യായത്തിൽ പരാമർശിച്ചിട്ടുള്ള കെട്ടിടങ്ങളുടെ പരിശോധന നടത്തി (ജില്ലാ ടൗൺ പ്ലാനർ പരിശോധിച്ചതൊഴികെ) ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. DTP Scheme അനുസരിച്ച് നിരവധി അവ്യക്തത നിലനിൽക്കുന്നതിനാൽ എത്രയും വേഗം വിശാലമായ സർവ്വേ നടത്തി മേഖലകൾ തരംതിരിച്ച് ഒരു പുതിയ സ്കീം ഉണ്ടാക്കുന്നതിനുള്ള നടപടി കൈക്കൊള്ളേണ്ടതാണ്.

4. ചാലക്കുടി മുനിസിപ്പാലിറ്റി മുൻ സെക്രട്ടറി ശ്രീ. സതീശൻ, നിലവിലെ സെക്രട്ടറി ശ്രീ. പി. കെ. സജീവ്, മുനിസിപ്പൽ എഞ്ചിനീയർ ശ്രീമതി ഷീജ എന്നിവർക്കെതിരെ അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കാത്തതിന് കർശന വകുപ്പുതല നടപടി കൈക്കൊള്ളേണ്ടതാണ്.

5. ബിൽഡിംഗ് ഇൻസ്പെക്ടർ ശ്രീ. നന്ദകുമാറിനെതിരെയും വകുപ്പുതല നടപടി സ്വീകരിക്കേണ്ടതാണ്.

റിപ്പോർട്ടിന്മേൽ ബഹുമാനപ്പെട്ട കോടതിയുടെ അന്തിമ തീരുമാനം ലഭിച്ചിട്ടില്ല.

**പാമൊലിൻ ഇറക്കുമതി കേസ്**

198 (3305) <u>ശ്രീമതി പി. അയിഷാ പോറ്റി</u> :
<u>ശ്രീ. ആർ. രാജേഷ്</u> :
<u>ശ്രീമതി കെ. കെ. ലതിക</u> :
<u>ശ്രീ. കെ. കെ. നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാമൊലിൻ ഇറക്കുമതി ചെയ്ത് ഖജനാവിന് നഷ്ടം ഉണ്ടാക്കിയ കേസ്സിൽ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ റിപ്പോർട്ടിലെയും ഇതിന്റെയടിസ്ഥാനത്തിൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി നടത്തിയ അന്വേഷണത്തിലെയും കണ്ടെത്തലുകൾ എന്തായിരുന്നു; വിശദമാക്കാമോ;

(ബി) പാമൊലിൻ ഇറക്കുമതിയിലെ കെടുകാര്യസ്ഥതയും അതുവഴി ഉണ്ടായ നഷ്ടവും സംബന്ധിച്ച കേസ്സിന്റെ വിചാരണ ഇപ്പോൾ നടക്കുന്നുണ്ടോ എന്നറിയിക്കാമോ;

(സി) കേസ് വിചാരണ ചെയ്യുന്നതിനെതിരെ വിജിലൻസ് കോടതിയിലും കേരള ഹൈക്കോടതിയിലും സർക്കാർ ഉയർത്തിയ തടസ്സവാദങ്ങൾ കോടതികൾ

അംഗീകരിക്കുകയുണ്ടായോ; വിശദമാക്കാമോ; ഇതിനെ ചോദ്യം ചെയ്തുകൊണ്ട് ക്രിമിനൽ റിവിഷൻ ഹർജി നൽകിയത് സർക്കാരിന്റെ ഏത് തീരുമാനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു; ഈ ഹർജിയിൽ തീരുമാനം ഉണ്ടായിട്ടുണ്ടോ;

(ഡി) പാമൊലിൻ ഇറക്കുമതി ചെയ്ത കാലഘട്ടത്തിലെ സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രി ആരായിരുന്നു; ഈ കേസ്സിൽ ആരുടെയെങ്കിലും വിടുതൽ ഹർജി വിചാരണ കോടതി അനുവദിക്കുകയുണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിജിലൻസ് നടത്തിയ അന്വേഷണത്തിലാണ് നഷ്ടം ഉണ്ടായതായി കണ്ടെത്തിയത്. സി.എ.ജി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി അന്വേഷണം നടത്തുകയും പാമൊലിൻ ഇറക്കുമതിയിൽ വീഴ്ചകൾ സംഭവിച്ചിട്ടുണ്ടെന്നും വിശദമായ അന്വേഷണം നടത്തണമെന്നും ശിപാർശ ചെയ്തിരുന്നു.

(ബി) കേസ് ഇപ്പോൾ തൃശ്ശൂർ വിജിലൻസ് കോടതിയുടെ പരിഗണനയിലാണ്. വിചാരണ ആരംഭിച്ചിട്ടില്ല.

(സി) വിജിലൻസ് കോടതിയിലും ഹൈക്കോടതിയിലും സർക്കാർ ഉയർത്തിയ തടസ്സവാദങ്ങൾ അംഗീകരിച്ചില്ല. ഇതിനെ ചോദ്യം ചെയ്തുകൊണ്ട് സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഫയൽ ചെയ്ത റിവിഷൻ ഹർജിയും കോടതി അംഗീകരിച്ചില്ല.

(ഡി) ശ്രീ. ഉമ്മൻ ചാണ്ടി ആയിരുന്നു പാമൊലിൻ ഇറക്കുമതി ചെയ്ത കാലഘട്ടത്തിലെ സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രി. ഈ കേസ്സിൽ ആരുടെയും വിടുതൽ ഹർജി വിചാരണ കോടതി അനുവദിച്ചിട്ടില്ല.

**ഓപ്പറേഷൻ കിച്ചടി**

199 (3306) <u>ശ്രീ. വി. എസ്. സുനിൽ കുമാർ</u> :
<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> :
<u>ശ്രീമതി ഗീതാ ഗോപി</u> :
<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ കിച്ചടി എന്ന പേരിൽ സർക്കാരാഫീസുകളിൽ വിജിലൻസ് റെയ്ഡുകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര റെയ്ഡുകൾ; അവ

ഏതെല്ലാം ആഫീസുകളിലാണെന്ന് വിശദമാക്കുമോ;

(ബി) ഇത്തരം റെയ്ഡുകളിലൂടെ ഏതെല്ലാം സർക്കാർ ആഫീസുകളിൽ ക്രമക്കേടുകൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്; അവ എന്തെല്ലാം; വ്യക്തമാക്കുമോ;

(സി) സർക്കാർ ആഫീസുകളെ സംബന്ധിച്ചുള്ള പൊതുജനങ്ങളുടെ പരാതി സ്വീകരിക്കുന്നതിനും പരിഹാരം കാണുന്നതിനുമായി എന്തെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ; എങ്കിൽ ആയത് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) അഴിമതി നിർമ്മാർജ്ജനം ചെയ്യാൻ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഒട്ടനവധി നടപടികൾ പ്രാവർത്തികമാക്കിയിട്ടുണ്ട്. ടോൾഫ്രീ നമ്പർ, ലൈറ്റനിംഗ് സ്ക്വാഡ്, യു.ട്യൂബ്, ട്വിറ്റർ, വാട്ട്സ് ആപ്പ്, ഫേസ് ബുക്ക് എന്നീ സംവിധാനങ്ങളിൽ കൂടി, നേരിട്ട് ഹാജരായി പരാതി നൽകാതെ തന്നെ, ഏതൊരു പൗരനും അഴിമതിയുണ്ടായാൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ അറിവിൽ കൊണ്ടുവരാവുന്നതാണ്. കൂടാതെ കേരളത്തിലെ തദ്ദേശഭരണ പ്രദേശങ്ങളിൽ 100% അഴിമതി വിമുക്ത പദ്ധതി നടത്തിപ്പും ഭരണ നിർവ്വഹണവും ലക്ഷ്യമിട്ടുകൊണ്ട് ജനപങ്കാളിത്തത്തോടെ, പരാതി സംസ്കാരത്തിൽ നിന്നും മാറി, കൂട്ടായ പ്രശ്നപരിഹാരം ലക്ഷ്യമിട്ടുകൊണ്ട് വിജിലന്റ് കേരള പദ്ധതി നടപ്പിലാക്കി വരുന്നു. ഈ ലക്ഷ്യപ്രാപ്തിയ്ക്കായി പ്രദേശത്തെ ഓരോരുത്തരും പരാതി പറയുന്നതിനുപകരം അഴിമതി വിരുദ്ധ പ്രവർത്തനത്തിന് പങ്കാളികളാകുക എന്നതാണ് വിജിലന്റ് കേരളയുടെ പ്രത്യേകത.

**വിജിലൻസ് വകുപ്പ് വിവരാവകാശത്തിന്റെ പരിധിയിൽ**

200 (3307) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവരാവകാശ നിയമപരിധിയിൽ നിന്നും വിജിലൻസ് വകുപ്പിനെ ഒഴിവാക്കിയിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിവരാവകാശ നിയമപരിധിയിൽ നിന്നും ഒഴിവാക്കിയിട്ടില്ല. എന്നാൽ ഈ ബ്യൂറോയിലെ Top Secret Section (T Section)-നെ 27-1-2016-ലെ G. O. (P) No. 7/2016/GAD. നമ്പർ പ്രകാരം വിവരാവകാശ നിയമം 2005-ന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

**വിജിലൻസ് സംവിധാനത്തേയും കേസ് അന്വേഷണത്തിലെ വീഴ്ചകളേയും സംബന്ധിച്ച് കോടതികളുടെ വിമർശനങ്ങൾ**

201 (3308) ശ്രീ. എ. കെ. ബാലൻ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിജിലൻസ് സംവിധാനത്തേയും കേസ് അന്വേഷണത്തിലെ വീഴ്ചകളേയും സംബന്ധിച്ച് കേരള ഹൈക്കോടതിയും വിജിലൻസ് കോടതികളും ഓപ്പൺ കോടതിയിൽ വാങ്മൂലം പരസ്യമായി നടത്തിയിട്ടുള്ള വിമർശനങ്ങൾ, മാധ്യമങ്ങൾ പി.ആർ.ഡി. വഴിയും കോടതികളിലെ സർക്കാർ ഭാഗം അഭിഭാഷകരിലൂടെയും റിപ്പോർട്ട് ചെയ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെടാറുണ്ടോ;

(ബി) പി.ആർ.ഡി. ശേഖരിക്കുന്ന ഇത്തരം വാർത്തകളുടെ ക്ലിപ്പിംഗ്സ് അതാത് ദിവസം ആഭ്യന്തര വകുപ്പ് മന്ത്രിക്ക് ലഭ്യമാക്കാറുണ്ടോ; ആയത് വിജിലൻസ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെടാറുണ്ടോ;

(സി) ബഹുമാനപ്പെട്ട കോടതികളുടെ വിമർശനങ്ങൾ കോടതി ഉത്തരവുകളിലൂടെയുള്ളവയോ, കോടതികൾ വാങ്മൂലം നല്കുന്നവയോ, ഏത് നിലയിലുള്ളതായാലും, അവ ഉൾക്കൊണ്ട് പ്രവർത്തിക്കാനുള്ള ജാഗ്രത ഉണ്ടാകുമോ; വിശദാംശം വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) കോടതി ഉത്തരവിലെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പത്രങ്ങളിൽ വരുന്ന വാർത്തകളിൽ ബഹു. മന്ത്രിമാരുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടവ പി.ആർ.ഡി. വകുപ്പിൽനിന്നും സ്കാൻ ചെയ്ത് സെക്രട്ടേറിയറ്റിലെ 'ഷെയേർഡ് നെറ്റ്‌വർക്കിൽ' ലഭ്യമാക്കുന്നുണ്ട്. ആയവ വിജിലൻസ് വകുപ്പിന് നേരിട്ട് ലഭ്യമാക്കുന്നില്ല.

(സി) കോടതി ഉത്തരവുകളിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സ്വീകരിക്കേണ്ട വിഷയങ്ങൾ ജാഗ്രതയോടെ നടപ്പിലാക്കി വരുന്നുണ്ട്.

## ട്രാവൻകൂർ ടൈറ്റാനിയം അഴിമതി

202 (3309) ശ്രീ. എ. കെ. ബാലൻ :
ശ്രീ. എളമരം കരീം :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയിലെ 256 കോടി രൂപയുടെ മലിനീകരണ നിവാരണ പദ്ധതിയിൽ അഴിമതിയും അധികാര ദുർവിനിയോഗവും മറ്റും ആരോപിച്ചുകൊണ്ടുള്ള ഹർജികളിൽ ആരോപിതരായിട്ടുള്ളവർ എത്ര; അവർ ആരൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) കുറ്റാരോപിതരിൽ എത്ര പേർക്കെതിരെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ട്; അവർ ആരൊക്കെ;

(സി) പരാതികളുടെയടിസ്ഥാനത്തിൽ എഫ്.ഐ.ആറിന്റെ പരിധിയിൽ ഇപ്പോഴും വരാത്ത കുറ്റാരോപിതർ ആരൊക്കെയാണ്;

(ഡി) കുറ്റാരോപിതരായ എല്ലാവരുടെയും പേരിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താതിരിക്കുന്നത് എന്തുകൊണ്ടാണ്;

(ഇ) 28-4-2014-ൽ ബഹു. എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, തിരുവനന്തപുരം പുറപ്പെടുവിച്ച ഉത്തരവ് എന്തായിരുന്നു; ഇതുപ്രകാരം കുറ്റാരോപിതരായ എല്ലാവരെയും എഫ്.ഐ.ആറിൽ ഉൾപ്പെടുത്തിക്കൊണ്ട് അന്വേഷണം നടത്തി റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ;

(എഫ്) ഏറ്റവും ഒടുവിൽ വിജിലൻസ് കോടതി പുറപ്പെടുവിച്ച നിർദ്ദേശം എന്തായിരുന്നു?

ഉത്തരം

(എ) നിലവിൽ സി.എം.പി. 845/2006 എന്ന ഹർജിയിൽ 6 ആരോപിതർ ഉണ്ട്.

1. മാനേജിംഗ് ഡയറക്ടർ ടി.ടി.പി. ലിമിറ്റഡ്
2. ശ്രീ. ഈപ്പൻ ജോസഫ് (മുൻ മാനേജിംഗ് ഡയറക്ടർ ടി.ടി.പി. ലിമിറ്റഡ്)

3. ശ്രീ. സന്തോഷ് കുമാർ (ചീഫ് മാനേജർ, മാർക്കറ്റിംഗ്, ടി.ടി.പി. ലിമിറ്റഡ്)

4. ശ്രീ. എം. എം. ഭാസ്കരൻ (എക്സിക്യൂട്ടീവ് ഡയറക്ടർ, ടി.ടി.പി. ലിമിറ്റഡ് )

5. ശ്രീ. തോമസ് മാത്യു (മുൻ ചീഫ് കൊമേഴ്സ്യൽ മാനേജർ, ടി.ടി.പി. ലിമിറ്റഡ് )

6. ശ്രീ. ഗോപകുമാരൻ നായർ, (മുൻ ചീഫ് കൊമേഴ്സ്യൽ മാനേജർ, ടി.ടി.പി. ലിമിറ്റഡ് )

(ബി) ഈ ആൾക്കാർക്കെതിരെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) എഫ്.ഐ.ആറിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടന്നുവരുന്നു.

(ഡി) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് അന്വേഷണം നടന്നുവരുന്നത്.

(ഇ) ആരോപണങ്ങളിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിക്കേണ്ടതാണെന്നാണ് ഉത്തരവ്. ടി ഉത്തരവിൽ ഭേദഗതി ചെയ്ത് ബഹുമാനപ്പെട്ട ഹൈക്കോടതി നൽകിയ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തത്.

(എഫ്) നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല.

## സംസ്ഥാനത്തെ ജയിലുകളിലെ തടവുകാർ

203 (3310) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ തടവുകാരായി എത്രപേരെ പാർപ്പിക്കാൻ സാധിക്കും; നിലവിൽ എത്ര പേരെ പാർപ്പിച്ചിരിക്കുന്നു; സ്ത്രീ/പുരുഷ എണ്ണം തരം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ എത്ര തടവുകാർ ജയിലുകളിൽ കൊല ചെയ്യപ്പെട്ടു ; എത്ര തടവുകാർ സെല്ലിൽ ആത്മഹത്യ ചെയ്തു; എത്ര തടവുകാർക്ക് അസ്വാഭാവിക മരണം സംഭവിച്ചു; എത്ര തടവുകാർ മാരകമായ അസുഖംമൂലം മരണപ്പെട്ടു ; സ്ത്രീ/പുരുഷ എണ്ണം തരംതിരിച്ച് വ്യക്തമാക്കുമോ;

(സി) നാളിതുവരെ എത്ര തടവുകാർ ജയിൽ ചാടി; അവർ ആരൊക്കെ; ഇതിൽ എത്ര പേരെ പിടികൂടി ; ഇനി എത്ര പേരെ പിടികൂടാനുണ്ട്; അവർ ആരെല്ലാം ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 5840 പുരുഷതടവുകാരേയും 317 സ്ത്രീ തടവുകാരേയും പാർപ്പിക്കാനുള്ള ശേഷിയുണ്ട്. 19-2-2016 -ലെ കണക്കനുസരിച്ച് സംസ്ഥാനത്തെ ജയിലുകളിൽ 7073 പുരുഷ തടവുകാരെയും 209 സ്ത്രീ തടവുകാരേയും പാർപ്പിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ജയിലുകളിൽ തടവുകാരാരും തന്നെ കൊലചെയ്യപ്പെട്ടിട്ടില്ല. ആകെ 204 തടവുകാർ മരണമടഞ്ഞിട്ടുണ്ട്. 22 തടവുകാരുടേത് അസ്വാഭാവിക മരണമാണ്. അതിൽ 12 തടവുകാർ സെല്ലിൽ ആത്മഹത്യ ചെയ്തതാണ്. മാരകമായ രോഗംമൂലം 10 തടവുകാർ മരണപ്പെട്ടു. മരണപ്പെട്ട 204 തടവുകാരിൽ 201 പുരുഷ തടവുകാരും 3 സ്ത്രീ തടവുകാരുമാണ്.

(സി) നാളിതുവരെ 38 പേർ തടവുചാടിയിട്ടുണ്ട്. ഇതിൽ 30 പേരെ പിടികൂടിയിട്ടുണ്ട്. ഇനി 8 തടവുകാരെ പിടികൂടാനുണ്ട്. ഇവരുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു.*

**ബാലൻ എന്ന തടവുകാരന്റെ മരണം**

204 (3311) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 മാർച്ച് 29-ാം തീയതി കോഴിക്കോട് ജില്ലാ ജയിലിൽവച്ച് റിമാൻറ് തടവുകാരനായിരുന്ന ബാലൻ എന്നയാൾ മരണപ്പെട്ടത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധമായ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു എന്ന് വ്യക്തമാക്കുമോ?

(ബി) മരണം സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷനിൽ കേസ് ഉണ്ടാവുകയോ വിധിയുണ്ടാവുകയോ ചെയ്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിധിയുടെ ചുരുക്കം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) വിധി പ്രകാരം ബന്ധുക്കൾക്ക് നഷ്ടപരിഹാരം നൽകുവാനുണ്ടോ; ഉണ്ടെങ്കിൽ ആയത് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്. കോഴിക്കോട് ജില്ലാ ജയിലിലെ ന്യൂബ്ലോക്കിന്റെ മുകളിലെ 5-ാം നമ്പർ സെല്ലിൽ ആയിരുന്ന ബാലനെ പാർപ്പിച്ചിരുന്നത്. മുകളിലത്തെ സ്റ്റെയർകേസിന് സമീപമുള്ള ബാൽക്കണിയുടെ ആൾമറയിൽ കൈകുത്തി നിൽക്കവെ കൈതെറ്റി താഴേക്ക് വീണ് മരണപ്പെടുകയാണ് ഉണ്ടായത്.

(ബി) മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസ്സെടുക്കുകയും നഷ്ടപരിഹാരം നൽകാൻ ഉത്തരവായിട്ടുമുണ്ട്.

(സി) നഷ്ടപരിഹാരമായി 3 ലക്ഷം രൂപ ടിയാന്റെ അവകാശികളായ പരാതിക്കാരനുൾപ്പെടെയുള്ളവർക്ക് നൽകുന്നതിനും ഇത്തരം സംഭവങ്ങൾ ഒഴിവാക്കാൻ ജയിലിൽ പാർപ്പിക്കുന്ന തടവുകാർക്ക് സംരക്ഷണവും സുരക്ഷിതത്വവും നൽകാൻ കെട്ടിടത്തിൽ ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി അപകടങ്ങൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കാനും വിധിയിൽ നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്, നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

**ജയിലുകളുടെ നവീകരണത്തിന് കർമ്മപദ്ധതി**

205 (3312) <u>ശ്രീ. വർക്കല കഹാർ</u> :
<u>ശ്രീ. ആർ. സെൽവരാജ്</u> :
<u>ശ്രീ. എം. പി. വിൻസെന്റ്</u>:
<u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിലുകളുടെ നവീകരണത്തിന് എന്തെല്ലാം കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അനുബന്ധമായി ചേർക്കുന്നു.*

(ബി) തടവുകാർക്ക് ആവശ്യമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക. തടവുകാരുടെ ബാഹുല്യംമൂലമുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുക, തടവുകാരുടെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മാനസികവും ശാരീരികവുമായ ക്ഷേമത്തിനും മനഃപരിവർത്തനത്തിനും അനുയോജ്യമായ സാഹചര്യം മെച്ചപ്പെടുത്തുക, ജയിൽ ശിക്ഷ കഴിഞ്ഞ് പുറത്തിറങ്ങുന്നവരെ സാമൂഹ്യജീവിതത്തിന് പര്യാപ്തരാക്കുക, ജയിലുകളുടെ സുരക്ഷ വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുവാൻ ഉദ്ദേശിക്കുന്നത്.

(സി) 2016-17 വർഷത്തെ ബഡ്ജറ്റിൽ ജയിലുകളുടെ നവീകരണത്തിനായി 12 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**ജയിലുകളിൽ വീഡിയോ കോൺഫറൻസിംഗ്**

206 (3313) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജയിലുകളിൽ വീഡിയോ കോൺഫറൻസിംഗ് സംവിധാനത്തിന് എന്തെല്ലാം കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ-സി) കേരളത്തിലെ 9 ജില്ലകളിൽ പുതുതായി വീഡിയോ കോൺഫറൻസിംഗ് സംവിധാനം സ്ഥാപിക്കുന്നതിനും, 5 ജില്ലകളിൽ (തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കണ്ണൂർ) പ്രവർത്തനക്ഷമമല്ലാത്ത പ്രസ്തുത സംവിധാനം റിപ്പയർ ചെയ്യുന്നതിനുമായി, 13-ാം ധനകാര്യകമ്മീഷൻ ധനസഹായമായി ലഭിച്ച 11.25 കോടി രൂപ ഉപയോഗിച്ച് നടപ്പിലാക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വീഡിയോ കോൺഫറൻസിംഗ് സംവിധാനം നടപ്പിൽ വരുത്തുന്നതിനുള്ള പ്രവൃത്തികളെല്ലാം തന്നെ C-DAC പോലുള്ള ഏതെങ്കിലും സർക്കാർ (Total Solution Provider) TSP-യെ ഏൽപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം അനുയോജ്യമായ TSP-യെ തെരഞ്ഞെടുത്ത് പ്രൊപ്പോസൽ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രതിദിനം എസ്കോർട്ടിനായി ഉപയോഗിക്കുന്ന 1500 മുതൽ 3000 വരെ പോലീസുകാരുടെ സേവനം ഒഴിവാക്കുവാൻ സാധിക്കുന്നതും, കോടതിയിൽ പോയി വരുന്ന തടവുകാർ മുഖാന്തരം ലഹരി വസ്തുക്കൾ ജയിലിൽ എത്തുന്നത് തടയാനും കോടതിയിൽ കൊണ്ടുപോകുന്ന വേളയിൽ തടവുകാർ രക്ഷപ്പെടുന്നത് ഒഴിവാക്കുന്നതിനും തടവുകാരുടെ സുരക്ഷ

കൂടുതൽ ഉറപ്പുവരുത്തുന്നതിനും ഈ സംവിധാനത്തിലൂടെ സാധിക്കുന്നുണ്ട്.

## പരിഷ്കരിച്ച ജയിൽ നിയമപ്രകാരമുള്ള ഡ്യൂട്ടി സമയം

207 (3314) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിഷ്കരിച്ച ജയിൽ നിയമപ്രകാരം സബ് ജയിൽ, സ്പെഷ്യൽ സബ് ജയിൽ, ജില്ലാ ജയിൽ, സെൻട്രൽ ജയിൽ, വനിതാ ജയിൽ, ഓപ്പൺ ജയിൽ എന്നിവിടങ്ങളിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ, ഡെപ്യൂട്ടി പ്രിസൺ ഓഫീസർ, ഗേറ്റ് കീപ്പർ, പ്രിസൺ ഓഫീസർ എന്നീ വിഭാഗം ജീവനക്കാർക്ക് രാത്രിയിലും പകലും നൽകുന്ന ഡ്യൂട്ടിക്രമവും സമയവും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഡെപ്യൂട്ടി പ്രിസൺ ഓഫീസർ, അസിസ്റ്റന്റ് പ്രിസൺ ഓഫീസർ , ഗേറ്റ് കീപ്പർ, പ്രിസൺ ഓഫീസർ എന്നീ തസ്തികകളിൽ ജോലി നോക്കുന്ന ജീവനക്കാർക്ക് ഒരു ദിവസം 12 മണിക്കൂറിലധികം തുടർച്ചയായി ഡ്യൂട്ടി നൽകുന്നുണ്ടോ; 8 മണിക്കൂർ ഡ്യൂട്ടി സമയം ജയിൽ വകുപ്പിൽ നിലവിലുണ്ടോ; 8 മണിക്കൂർ ഡ്യൂട്ടി ക്രമം നടപ്പിലാക്കുന്നതിന് എന്ത് തടസ്സമാണുള്ളത്;

(സി) 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ അപാകത പരിഹരിക്കുന്നതിന് ജയിൽ വകുപ്പിൽ നിന്നോ, സംഘടനകളിൽ നിന്നോ സർക്കാരിന് പ്രൊപ്പോസലുകളോ, നിവേദനങ്ങളോ ലഭിച്ചിട്ടുണ്ടോ;

(ഡി) ജയിൽ വകുപ്പിൽനിന്നും അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാരുടെ കൊഴിഞ്ഞുപോക്ക് അവസാനിപ്പിക്കുന്നതിനും ബ്രിട്ടീഷുകാർ ചിട്ടപ്പെടുത്തിയ ഡ്യൂട്ടിക്രമം പരിഷ്കരിക്കുന്നതിനും എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ & ബി) ജയിൽ നിയമപ്രകാരം ജയിലുകളിൽ ഡ്യൂട്ടിയുടെ സമയദൈർഘ്യം സംബന്ധിച്ച വ്യവസ്ഥകളില്ല. സബ് ജയിൽ, സ്പെഷ്യൽ സബ് ജയിൽ, ജില്ലാ ജയിൽ, സെൻട്രൽ ജയിൽ, വനിതാ ജയിൽ, ഓപ്പൺ ജയിൽ എന്നിവിടങ്ങളിൽ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ, ഡെപ്യൂട്ടി പ്രിസൺ ഓഫീസർ എന്നിവർക്ക് രാവിലെ 6.00 മുതൽ വൈകിട്ട് 6.00 വരെയും വൈകിട്ട് 6.00 മുതൽ രാവിലെ 6.00 വരെയുമായി 12.00 മണിക്കൂർ വീതമാണ് ഡ്യൂട്ടി നൽകുന്നത്. രാത്രി ഡ്യൂട്ടി നോക്കുന്ന ഉദ്യോഗസ്ഥർക്ക് ഡ്യൂട്ടിക്കിടയിൽ വിശ്രമവും അനുവദിക്കുന്നുണ്ട്. ഗേറ്റ്

കീപ്പർക്കും, പ്രിസൺ ഓഫീസർക്കും 8.00 മണിക്കൂർ ഡ്യൂട്ടിയാണ് നൽകുന്നത്. ഒഴിച്ചുകൂടാൻ പറ്റാത്ത ചില സാഹചര്യങ്ങളിൽ (മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ ഡ്യൂട്ടി, മെന്റൽ ഹോസ്പിറ്റൽ ഡ്യൂട്ടി) മാത്രം 12.00 മണിക്കൂറിൽ കൂടുതൽ സമയം ഡ്യൂട്ടി ചെയ്യേണ്ടി വരാറുണ്ട്.

(സി) ഉണ്ട്.

(ഡി) ഡ്യൂട്ടി ഏകീകരണം സംബന്ധിച്ച പ്രായോഗിക ബുദ്ധിമുട്ടുകൾ പരിശോധിച്ചശേഷം ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**ജയിലുകളിൽ കഴിയുന്ന മാനസിക രോഗികൾ**

208 (3315) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ ജയിലുകളിൽ മാനസിക രോഗം ആരോപിച്ച് വിചാരണ കൂടാതെ കഴിഞ്ഞുവരുന്നവർ എത്രയാണ് എന്ന് വ്യക്തമാക്കുമോ; ഇവരെ വിട്ടുതൽ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

കേരളത്തിലെ ജയിലുകളിൽ മാനസിക രോഗംമൂലം ദീർഘകാലമായി വിചാരണ കൂടാതെ 33 തടവുകാർ കഴിഞ്ഞുവരുന്നു. ഇവരുടെ വിഷയം ബഹു. ഹൈക്കോടതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

**ജീവപര്യന്തം തടവുകാരുടെ മോചനം**

209 (3316) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്ത് വർഷം ശിക്ഷ പൂർത്തിയാക്കിയ ജീവപര്യന്തം തടവുകാരെ വിട്ട് അയയ്ക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടം വരെയായി എന്ന് വ്യക്തമാക്കാമോ;

(ബി) 30-6-2014, 29-9-2015 എന്നീ തീയതികളിൽ കൂടിയ ജയിൽ ഉപദേശക സമിതി ശിപാർശ ചെയ്ത ജീവപര്യന്തം തടവുകാരുടെ മോചനം സംബന്ധിച്ച വിവരങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ജീവപര്യന്തം

തടവുകാരെ മോചിപ്പിച്ചിട്ടുണ്ട്;

(ഡി) സംസ്ഥാനത്തെ ജയിലുകളിൽ കഴിയുന്ന തടവുകാരുടെ വേതനം വർദ്ധിപ്പിച്ചിട്ട് എത്ര വർഷമായി; ആയത് വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്നുമുതൽ പ്രാബല്യത്തിൽ വരും; വിശദമാക്കുമോ?

ഉത്തരം

(എ) 14 വർഷം യഥാർത്ഥ ശിക്ഷ പൂർത്തിയാക്കിയവരുടെ അകാല വിടുതൽ ഇപ്പോൾ പരിശോധിച്ചുവരുന്നു.

(ബി) 30-6-2014-ൽ നെട്ടുകാൽത്തേരി തുറന്ന ജയിലിൽ കൂടിയ ജയിൽ ഉപദേശക സമിതി, മോചനത്തിന് ശിപാർശ ചെയ്ത 6 ജീവപര്യന്തം തടവുകാരെ, 14-1-2016-ലെ G. O. (Ms.) No. 11/2016/ആഭ്യന്തരം പ്രകാരവും, 29-9-2015 തീയതി നെട്ടുകാൽത്തേരി തുറന്ന ജയിലിൽ കൂടിയ ജയിൽ ഉപദേശക സമിതി മോചനത്തിന് ശിപാർശ ചെയ്ത 19 ജീവപര്യന്തം തടവുകാരെ 14-1-2016-ലെ G. O. (Ms.) No. 10/2016/ആഭ്യന്തരം പ്രകാരവും ജയിൽ മോചിപ്പിക്കുകയുണ്ടായി.

(സി) 134 തടവുകാരെ.

(ഡി) 8 വർഷത്തിനുമുകളിൽ, തടവുകാരുടെ വേതനം വർദ്ധിപ്പിക്കുന്ന വിഷയം പരിശോധിച്ചു വരുന്നു.

## ജയിലുകളിൽ സൗരോർജ്ജ പദ്ധതി

210 (3317) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. ജോസഫ് വാഴയ്ക്കൻ :

ശ്രീ. വി. ഡി. സതീശൻ :

ശ്രീ. പി. സി വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ സൗരോർജ്ജ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ

സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) സൗരോർജ്ജ സംവിധാനം സ്ഥാപിച്ചതുവഴി കെ.എസ്.ഇ.ബി. വൈദ്യുതി ഇല്ലാത്ത സമയങ്ങളിലും ജയിലുകളിൽ വൈദ്യുതി ഉറപ്പുവരുത്തിയതിലൂടെ ജയിൽ സുരക്ഷിതത്വം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ നാം നേരിടുന്ന ഊർജ്ജ പ്രതിസന്ധിക്ക് പരിഹാരം തേടുന്നതോടൊപ്പം തന്നെ ഇതുപോലുള്ള സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി പ്രകൃതി സൗഹാർദ്ദപരമായ ഊർജ്ജ രൂപങ്ങളിലേക്ക് മാറുകയെന്നതും പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളിൽപ്പെടുന്നു.

(സി) ജയിൽ വകുപ്പിൽ 13-ാം ധനകാര്യ കമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി വിവിധ ജയിൽ സ്ഥാപനങ്ങളിലായി 1062.60 കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

**വനം വകുപ്പിലെ താൽക്കാലിക ജീവനക്കാർ**

211 (3318) ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം വനം വകുപ്പിൽ ഏത് തീയതി വരെ താൽക്കാലികമായി ജോലി നോക്കിയിരുന്നവരെയാണ് സ്ഥിരപ്പെടുത്തിയത്;

(ബി) 10 വർഷത്തിന് മുകളിൽ താൽക്കാലിക സർവ്വീസുള്ളതും രഹസ്യ സ്വഭാവമുള്ള പല കേസ്സുകൾ കണ്ടെത്തുന്നതിന് ആത്മാർത്ഥമായി പരിശ്രമിച്ചിട്ടുള്ളതും പ്രതികളിൽ നിന്ന് ഭീഷണി നേരിടുന്നതുമായ ശ്രീ. ഷമീർ ഐ., പൂവച്ചലിനെ (വി. ജി. വിഭാഗം, വനം വകുപ്പ്) സ്ഥിരപ്പെടുത്തുന്നതിനുള്ള ശിപാർശ വനം വകുപ്പിൽനിന്നും ലഭിച്ചിട്ടുണ്ടോ; പ്രസ്തുത അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം 1-9-2013-ൽ 20 വർഷ ത്തിലേറെക്കാലമായി താൽക്കാലിക അടിസ്ഥാനത്തിൽ ദിവസവേതനത്തിൽ

ജോലി നോക്കി വരുന്നവരേയും, 8 വർഷത്തിലേറെക്കാലമായി ജോലി നോക്കിവരുന്ന 9 ആനപാപ്പാന്മാരേയും, പ്രത്യേക കേസ്സായി പരിഗണിച്ച് 1996 മുതൽ ജോലി നോക്കി വരുന്ന രണ്ടു പേരെയും പാമ്പുപിടുത്തക്കാരനായ ഒരാളേയും സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. തൽക്കാലം പരിഗണനയിലില്ല.

**വനം ദീപ്തി പദ്ധതി**

212 (3319) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'വനം ദീപ്തി' പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്. കൊല്ലം ജില്ലയിലെ പുനലൂർ ഡിവിഷനിൽപ്പെട്ട പത്തുപറ എന്ന സ്ഥലത്തെ 5 ഹെക്ടർ വന പ്രദേശത്തും, തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം ഡിവിഷനിൽപ്പെട്ട ഇളമ്പ്രക്കോട് എന്ന സ്ഥലത്തെ 25 ഹെക്ടർ വനപ്രദേശത്തും പൈലറ്റ് അടിസ്ഥാനത്തിൽ വനദീപ്തി പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

(ബി) ഏകവിളത്തോട്ടങ്ങൾമൂലമുണ്ടാകുന്ന ദൂഷ്യഫലങ്ങൾ ഒഴിവാക്കുന്നതിലേക്കായി തദ്ദേശീയ വൃക്ഷത്തൈകൾ ഉപയോഗിച്ച് സ്വാഭാവിക വനം പുനർജ്ജനിപ്പിക്കുക, ടി പ്രദേശത്തെ ജൈവ വൈവിധ്യ സംരക്ഷണം ഉറപ്പാക്കുക, ചുറ്റുമുള്ള പ്രദേശത്തെ മണ്ണ്-ജല സംരക്ഷണപ്രക്രിയയ്ക്ക് സഹായകരമാകുക, വന്യജീവികൾക്ക് യോജിച്ച ആവാസ വ്യവസ്ഥ ഒരുക്കുക. പൊതുജനങ്ങൾക്ക് വിശിഷ്യാ തദ്ദേശവാസികൾക്ക് വനത്തെ നേരിട്ട് അറിയാനും പ്രകൃതി പാഠനത്തിനുമുള്ള അവസരം ഒരുക്കുക, ഭാവിയിൽ ഇക്കോ ടൂറിസം സെന്ററാക്കി മാറ്റുക എന്നിവയാണ് വനദീപ്തി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) ജില്ലാതലത്തിൽ സാമൂഹ്യവൽക്കരണ വിഭാഗത്തിൽ നിലവിലുള്ള സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർ, റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാർ എന്നിവരുടെ സഹായത്തോടെ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ മുഖേനയാണ് ടെറിട്ടോറിയൽ വിഭാഗത്തിന്റെ കൈവശമുള്ള റിസർവ് വനപ്രദേശത്ത് പൈലറ്റ് അടിസ്ഥാനത്തിൽ ടി പദ്ധതി നടപ്പിലാക്കി വരുന്നത്.

## ശ്രീ. ജോസഫ് മാത്യു പെരുമ്പ്രായിൽ നൽകിയ പരാതി

213 (3320) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പിലെ കോട്ടയം ഡിവിഷനിൽപ്പെട്ട എരുമേലി റെയ്ഞ്ചിൽ 2013 മുതലുള്ള തേക്ക് റീപ്ലാന്റിംഗിലെ അഴിമതിയെക്കുറിച്ചും ആദിവാസികളെ ചൂഷണം ചെയ്യുന്നതിനെക്കുറിച്ചും ശ്രീ. ജോസഫ് മാത്യു പെരുമ്പ്രായിൽ, കുറ്റിപ്ലാങ്ങാട് പി. ഒ, കുട്ടിക്കൽ എന്ന ആൾ നല്കിയ പരാതിയിന്മേൽ എന്തു നടപടി സ്വീകരിച്ചു ;

(ബി) കൺവീനർ സിസ്റ്റത്തിൽ പണി നടക്കുന്നു എന്ന് രേഖകളിൽ കാണുകയും എന്നാൽ വനം വകുപ്പ് ഉദ്യോഗസ്ഥർ നേരിട്ട് പണം മുടക്കി മറ്റ് ആളുകളുടെ പേരിൽ ബില്ലുകൾ മാറുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്ലാന്റിംഗ് ജോലികളിലെ അഴിമതി കാരണം നട്ട തേക്കിൻതൈകളിൽ ഭൂരിപക്ഷവും നശിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) പരാതിയിൻമേൽ കോട്ടയം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മുഖാന്തരം അന്വേഷണം നടത്തി അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (സംരക്ഷണം) റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. എന്നാൽ മേൽ റിപ്പോർട്ടിൽ കാര്യങ്ങൾ വ്യക്തമല്ലാത്തതിനാൽ കൂടുതൽ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കാൻ 14-9-2015-ലെ 7480/ബി1/15/വനം നമ്പർ കത്ത് പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വിജിലൻസ്)-ന് നിർദ്ദേശം നൽകുകയുണ്ടായി. ഫോറസ്റ്റ്സ് വിജിലൻസിന്റെ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(ബി) ശ്രീ. ജോസഫ് മാത്യു പെരുമ്പ്രായിലിന്റെ പരാതിയിൽ കൺവീനർ സിസ്റ്റത്തിൽ പണി നടക്കുന്നു എന്ന് രേഖകളിൽ കാണുകയും എന്നാൽ വനം

വകുപ്പ് ഉദ്യോഗസ്ഥർ നേരിട്ട് പണം മുടക്കി മറ്റ് ആളുകളുടെ പേരിൽ ബില്ലുകൾ മാറുകയും ചെയ്യുന്നു എന്ന് ആരോപിച്ചിട്ടുണ്ടെങ്കിലും ഇതൊക്കെയും വാസ്തവ വിരുദ്ധമാണെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (സംരക്ഷണം)-ന്റെ അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിലുള്ള അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വിജിലൻസ്)-ന്റെ റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ആസ്തി വികസന ഫണ്ട്-റാന്നി നിയോജകമണ്ഡലം**

214 (3321) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി റാന്നി നിയോജക മണ്ഡലത്തിൽ എന്തൊക്കെ പദ്ധതികൾക്ക് റാന്നി-ഡി.എഫ്.ഒ., പെരിയാർ ടൈഗർ റിസർവ് മുഖേന തയ്യാറാക്കുന്നതിനായി എം.എൽ.എ. നിർദ്ദേശം നൽകിയിട്ടുണ്ട്;

(ബി) പദ്ധതികളും അവയ്ക്കായി നിർദ്ദേശിക്കപ്പെട്ട തുകയും എത്ര വീതമാണ്; ഇതിൽ ഏതൊക്കെ പദ്ധതികൾക്കാണ് ഭരണവകുപ്പിൽ നിന്നും അനുമതിയായിട്ടുള്ളത്;

(സി) ശബരിമല തീർത്ഥാടകർക്ക് പ്രയോജനപ്പെടുംവിധം നീലിമലയിൽ എ.ഡി.എഫ്. പദ്ധതിയിൽനിന്നും നിർമ്മിക്കാൻ ഉദ്ദേശിച്ച ഹെൽപ്പ് ഡെസ്കിന്റെ നിർമ്മാണത്തിൽ ഭരണാനുമതി എന്നാണ് ലഭിച്ചത്; ഈ പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ; എ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി മറ്റേതെങ്കിലും എം.എൽ.എ.-മാർക്ക് വനംവകുപ്പ് മുഖേന ഇത്തരം ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം പ്രവൃത്തികൾക്ക് എന്ന് വിശദമാക്കുമോ; ഈ പ്രവൃത്തികളുടെ തുക മുൻകൂറായി വനം വകുപ്പിന് നൽകിയിട്ടാണോ ടെണ്ടർ ചെയ്തത്; വിശദാംശം നൽകുമോ;

(ഡി) അടുത്ത ശബരിമല സീസണ് മുമ്പായി നീലിമലയിൽ ഹെൽപ്പ് ഡെസ്ക് സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റാന്നി നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് പദ്ധതിയിൽ

ഉൾപ്പെടുത്തി പ്രസ്തുത നിയോജകമണ്ഡലത്തിൽ പദ്ധതി തയ്യാറാക്കുന്നതിനായി ബഹു. റാന്നി എം.എൽ.എ. നിർദ്ദേശം നല്കിയിട്ടുള്ള പദ്ധതികൾ:

(i) **റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മുഖേന**

1. ചിറ്റാർ പഞ്ചായത്തിൽ തെക്കേക്കര വലിയമൺ മുതൽ കൊച്ചുമൺ വരെ 2 കിലോമീറ്റർ സൗരോർജ്ജ വൈദ്യുത വേലി നിർമ്മാണം.
2. വടശ്ശേരിക്കര ഗ്രാമ പഞ്ചായത്തിൽ മണിയാർ ഭാഗത്ത് 2 കിലോമീറ്റർ സൗരോർജ്ജ വൈദ്യുത വേലി നിർമ്മാണം.
3. ചിറ്റാർ ഗ്രാമ പഞ്ചായത്തിൽ കട്ടച്ചിറ മുതൽ നീലിപിലാവ് വരെ 1 കിലോമീറ്റർ സൗരോർജ്ജ വൈദ്യുതവേലി നിർമ്മാണം.
4. വലിയകാവ് പ്രൊപ്പോസ്ഡ് റിസർവിൽപ്പെട്ട മാരംകുളം-നിർമ്മലപുരം-മണ്ണാറത്തല കുരിശ്ശുകവല റോഡിന്റെ പുനരുദ്ധാരണം.
5. ളാഹ സത്രം പുനരുദ്ധാരണം.
6. പമ്പയിൽ ഡോർമിറ്ററി നിർമ്മാണം.

(ii) **പെരിയാർ ടൈഗർ റിസർവ് വെസ്റ്റ് ഡിവിഷൻ ഡെപ്യൂട്ടി ഡയറക്ടർ മുഖേന**

നീലിമലയിൽ ഒരു ഹെൽപ് ഡെസ്കിന്റെ നിർമ്മാണം

(ബി)

| *പദ്ധതി* | *നിർദ്ദേശിക്കപ്പെട്ട തുക (രൂപ)* | *ഭരണവകുപ്പിൽ നിന്നും അനുമതി ആയിട്ടുണ്ടോ* |
|---|---|---|
| 1. തെക്കേക്കര വലിയമൺ മുതൽ കൊച്ചുമൺ വരെ 2 കിലോമീറ്റർ സൗരോർജ്ജ വൈദ്യുത വേലി നിർമ്മാണം | 1,92,000 | പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല |
| 2. മണിയാർ ഭാഗത്ത് 2 കിലോമീറ്റർ സൗരോർജ്ജ വൈദ്യുത വേലി നിർമ്മാണം | 1,92,000 | പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല |
| 3. കട്ടച്ചിറ മുതൽ നീലിപിലാവ് വരെ 1 കിലോമീറ്റർ സൗരോർജ്ജ വൈദ്യുത വേലി നിർമ്മാണം | 97,000 | പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല |
| 4. മാരംകുളം-നിർമ്മലപുരം-മണ്ണാറത്തറ | 26,20,000 | പ്രൊപ്പോസൽ |

| | | | |
|---|---|---|---|
| | കുരിശുകവല റോഡിന്റെ പുനരുദ്ധാരണം. | | സർക്കാരിൽ ലഭ്യമായിട്ടില്ല |
| 5. | ളാഹ സത്രം പുനരുദ്ധാരണം | 30,00,000 | പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല |
| 6. | പമ്പയിൽ ഡോർമിറ്ററി നിർമ്മാണം | 56,40,000 | പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല |
| 7. | നീലിമലയിൽ ഒരു ഹെൽപ് ഡെസ്കിന്റെ നിർമ്മാണം. | 1,30,00,000 | ഭരണാനുമതി നല്കിയിട്ടുണ്ട്. |

(സി) ഈ പദ്ധതിക്ക് 3-8-2015-ൽ ഭരണാനുമതി നല്കിയിട്ടുണ്ട്. ടി ജോലിക്ക് മുൻകൂർ ഫണ്ട് ലഭിക്കുമെന്ന വിശ്വാസത്തിൽ ടെണ്ടർ ചെയ്യുകയും 1-10-2015 തീയതിയിൽ ടെണ്ടർ നടത്തുന്നതിന് ഗസറ്റ് നമ്പർ 36-ൽ ടെണ്ടർ പരസ്യം ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ ഫണ്ട് യഥാസമയം ലഭ്യമല്ലാതിരുന്നതിനാൽ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുവാൻ സാധിച്ചില്ല. 23-1-2016-ൽ ആണ് പെരിയാർ വെസ്റ്റ് ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസിയിലേക്ക് ഫണ്ട് ലഭ്യമാക്കുന്നതിന് ഉത്തരവ് നല്കിയത്.

<u>എ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി മറ്റ് എം.എൽ.എ.മാർക്ക് (2015-16-ൽ) ഭരണാനുമതി ലഭിച്ചതിന്റെ വിശദാംശങ്ങൾ.</u>

| *എം.എൽ.എ.യുടെ പേര്* | *ഭരണാനുമതി ലഭിച്ച തീയതി* | *ഭരണാനുമതി ലഭിച്ച പ്രവൃത്തിയുടെ പേര്* | *പ്രവൃത്തിയുടെ തുക മുൻകൂറായി വനം വകുപ്പിന് നല്കിയിട്ടാണോ ടെണ്ടർ ചെയ്തത്* |
|---|---|---|---|
| ബഹു. പുനലൂർ എം.എൽ.എ. ശ്രീ. കെ. രാജു | 4-6-2015 | തൊടിയിൽകണ്ടം-ഓലപ്പാറ വലിയ തോടിന് കുറുകെ ചപ്പാത്ത് നിർമ്മാണം | അല്ല. പ്രവൃത്തി ടെണ്ടർ നടത്തിയിട്ടില്ല |
| ബഹു. പുനലൂർ എം.എൽ.എ. ശ്രീ. കെ. രാജു | 6-7-2015 | അച്ചൻകോവിൽ-കഴുതുരുട്ടി റോഡിൽ ഫോറസ്റ്റ് ഭാഗം റോഡ് കോൺക്രീറ്റ് ചെയ്യൽ | അല്ല. ഫണ്ട് ലഭ്യമാകാതിരുന്നതിനാൽ ടെണ്ടർ നോട്ടിഫിക്കേഷൻ റദ്ദ് ചെയ്തു |

(ഡി) 2012-ൽ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ഇപ്പോഴത്തെ നിരക്കിൽ ജോലി പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത്

സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. മതിയാവാതെ വരുന്ന തുകയ്ക്ക് ഫണ്ട് കണ്ടെത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. അടുത്ത സീസണു മുമ്പ് ടി പ്രവൃത്തി പൂർത്തിയാക്കുവാൻ വേണ്ട നടപടി സ്വീകരിച്ചുവരുന്നു.

## വൈക്കം നിയോജകമണ്ഡലത്തിലെ വനം വകുപ്പിന്റെ പദ്ധതികൾ

215 (3322) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വനംവകുപ്പുവഴി ഏതെല്ലാം പദ്ധതികളാണ് വൈക്കം നിയോജക മണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ളതെന്നും ഇതിനായി എത്ര തുകയാണ് വകുപ്പുവഴി ചെലവഴിച്ചതെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ വനം വകുപ്പിന്റെ സാമൂഹ്യ വനവൽക്കരണ വിഭാഗത്തിലൂടെ വൈക്കം നിയോജക മണ്ഡലത്തിൽ വൃക്ഷവത്കരണ പരിപാടിയിലൂടെ എത്ര വൃക്ഷത്തൈകൾ വിതരണം ചെയ്തെന്നും കാവ് സംരക്ഷണ പദ്ധതിയിലൂടെ എത്ര കാവുകൾക്ക് എത്ര തുക വീതം ധനസഹായം നൽകിയെന്നും വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈക്കം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളും, അവയ്ക്കായി ചെലവഴിച്ച തുക സംബന്ധിച്ച വിവരവും ചുവടെ ചേർക്കുന്നു:

| വർഷം | നടപ്പാക്കിയ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) |
|---|---|---|
| 2011-12 | കുട്ടനാട് പാക്കേജ്<br>1. കാവുകൾക്ക് നല്കിയ ധനസഹായം<br>2. മെസ്സേജ് ബോർഡ് സ്ഥാപിക്കൽ (2 എണ്ണം)<br>ജൈവവൈവിധ്യ സംരക്ഷണം<br>കാവുകൾക്ക് നൽകിയ ധനസഹായം | 2,70,000<br><br>30,000<br><br>50,000 |
| 2012-13 | ജൈവവൈവിധ്യ സംരക്ഷണം<br>കാവുകൾക്ക് നൽകിയ ധനസഹായം<br>വനമിത്ര അവാർഡ്<br>സ്വകാര്യഭൂമിയിൽ മരം വച്ചുപിടിപ്പിക്കുന്നതിനുള്ള പ്രോത്സാഹന ധനസഹായം | 80,000<br><br><br>6,250 |

| | | |
|---|---|---|
| 2013-14 | കുട്ടനാട് പാക്കേജ് | |
| | 1. കാവുകൾക്ക് നല്കിയ ധനസഹായം | 85,000 |
| | 2. മെസ്സേജ് ബോർഡ് സ്ഥാപിക്കൽ (2 എണ്ണം) | 16,400 |
| | വെറ്റ് ലാന്റ് മാനേജമെന്റ് പദ്ധതി പ്രകാരം നടത്തിയ എൻട്രി പോയിന്റ് ആക്ടിവിറ്റി | |
| | വാട്ടർ പ്യൂരിഫൈർ വാങ്ങി നല്കിയത് | 60,200 |
| | സെപ്റ്റിക് ടാങ്ക് വാങ്ങി നല്കിയത് | 40,550 |
| | ബയോഗ്യാസ് പ്ലാന്റ് വാങ്ങി നല്കിയത് | 12,300 |
| | ജൈവവൈവിധ്യ സംരക്ഷണം | |
| | കാവുകൾക്ക് നൽകിയ ധനസഹായം | 40,000 |
| | കണ്ടൽക്കാട് വച്ചുപിടിപ്പിക്കുന്നതിന് നൽകിയ ധനസഹായം | 80,500 |
| 2014-15 | കുട്ടനാട് പാക്കേജ് | |
| | കാവുകൾക്ക് നല്കിയ ധനസഹായം | 1,49,000 |
| | ജൈവവൈവിധ്യ സംരക്ഷണം | |
| | കാവുകൾക്ക് നൽകിയ ധനസഹായം | 87,500 |
| | കണ്ടൽക്കാട് വച്ചുപിടിപ്പിക്കുന്നതിന് നൽകിയ ധനസഹായം | 1,14,000 |
| | മിഷൻ 676 | |
| | കുരുവിക്കൂട് ഉണ്ടാക്കി സ്ഥാപിക്കൽ | 10,000 |
| | നക്ഷത്ര വനം നിർമ്മിക്കൽ | 2,400 |

(ബി) വൈക്കം മണ്ഡലത്തിൽ വിതരണം ചെയ്ത വൃക്ഷത്തൈകളുടേയും, കാവുകൾക്ക് വിതരണം ചെയ്ത ധനസഹായത്തിന്റേയും വിവരങ്ങൾ ചുവടെ ചേർക്കുന്നു:

വൃക്ഷത്തൈകളുടെ വിതരണം

| *വർഷം* | *വിതരണം ചെയ്ത തൈകളുടെ എണ്ണം* |
|---|---|
| 2011-12 | 25000 |
| 2012-13 | 100000 |
| 2013-14 | 146000 |
| 2014-15 | 122125 |
| 2015-16 | 94315 |

കാവുകൾക്ക് നൽകിയ ധനസഹായം

| *വർഷം* | *പദ്ധതി* | *തുക* |
|---|---|---|
| 2011-12 | ജൈവവൈവിധ്യ സംരക്ഷണം (6 എണ്ണം) | 80,000 |
| | കുട്ടനാട് പാക്കേജ് (60 എണ്ണം) | 3,00,000 |

| | | |
|---|---|---|
| 2012-13 | ജൈവവൈവിധ്യ സംരക്ഷണം (5 എണ്ണം) | 1,00,000 |
| 2013-14 | ജൈവവൈവിധ്യ സംരക്ഷണം (4 എണ്ണം) | 70,000 |
| 2014-15 | ജൈവവൈവിധ്യ സംരക്ഷണം (4 എണ്ണം) | 56,000 |
| | കുട്ടനാട് പാക്കേജ് (37 എണ്ണം) | 1,11,000 |

## വനശ്രീ യൂണിറ്റുകളെ ശക്തിപ്പെടുത്താൻ പദ്ധതി

216 (3323) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. വി. ടി. ബൽറാം
ശ്രീ. ഹൈബി ഈഡൻ
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനശ്രീ യൂണിറ്റുകളെ ശക്തിപ്പെടുത്താൻ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) വന വികാസ ഏജൻസികളുടെ മേൽനോട്ടത്തിൽ വനവിഭവ ശേഖരണം, മൂല്യവർദ്ധന, വിപണനം എന്നീ പ്രവർത്തനങ്ങൾ വനസംരക്ഷണ സമിതികൾ, ഇക്കോഡെവലപ്പ്മെന്റ് കമ്മിറ്റികൾ എന്നിവയിലെ എല്ലാ അംഗങ്ങൾക്കും പ്രയോജനം ലഭിക്കത്തക്ക വിധത്തിൽ നിർവ്വഹിക്കുന്നതിന് വനശ്രീ യൂണിറ്റുകൾ പുനഃസംഘടിപ്പിച്ചു വരുന്നു. വനമേഖലകളിൽനിന്നും ശേഖരിച്ച തടിയേതര വനവിഭവങ്ങൾ സൂക്ഷിക്കുന്നതിനുള്ള ശേഖരണ കേന്ദ്രങ്ങൾ, സംസ്കരിച്ച് മൂല്യവർദ്ധനവ് നടത്തുന്നതിനുള്ള യന്ത്ര സംവിധാനങ്ങളോടുകൂടിയ പ്രോസസിംഗ് കേന്ദ്രങ്ങൾ, ഉൽപ്പന്ന-വിപണന കേന്ദ്രങ്ങൾ എന്നിവ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഏർപ്പെടുത്തുന്നതിനായി ദേശീയ ഔഷധസസ്യ ബോർഡിന്റെ ധനസഹായത്തോടെ 150 ലക്ഷം രൂപയുടെ ഒരു പദ്ധതി 2015-16-ൽ നടപ്പാക്കുന്നതിന് അനുമതി ആയിട്ടുണ്ട്.

(ബി) വനമേഖലകളിൽ നിന്നും ശേഖരിച്ച തടിയേതര വനവിഭവങ്ങൾ ദീർഘകാലം കേടുകൂടാതെ സൂക്ഷിക്കുവാനും യന്ത്രങ്ങളുടെ സഹായത്തോടുകൂടി

കൂടുതൽ കാര്യക്ഷമതയോടെ വിപണിയിലെ ആവശ്യാനുസരണം മൂല്യ വർദ്ധനവ് നടത്തി വിപണനത്തിന് സജ്ജമാക്കുവാനും അതുവഴി ആദിവാസികൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങളും വരുമാനവും ഉണ്ടാക്കുകയുമാണ് മേൽ സംവിധാനം വഴി ലക്ഷ്യമിടുന്നത്.

(സി)

1. വനശ്രീ യൂണിറ്റുകളുടെ മേൽനോട്ടത്തിനായി വനവികാസ ഏജൻസികളിൽ പ്രത്യേക കമ്മിറ്റികളെ ചുമതലപ്പെടുത്തി.
2. സംസ്ഥാന വനവികാസ ഏജൻസിയുടെ കീഴിൽ വനശ്രീ സെല്ലിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തി.
3. പ്രവർത്തനഫണ്ട് സമയത്തിന് ലഭ്യമാക്കുവാനായി വനവികാസ ഏജൻസിയിൽ റിവോൾവിംഗ് ഫണ്ട് രൂപീകരിച്ചു.
4. ശേഖരണം, മൂല്യവർദ്ധനവ്, വിപണനം എന്നിവയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഏർപ്പെടുത്തുവാൻ ദേശീയ ഔഷധസസ്യ ബോർഡിന്റേയും മറ്റ് വിവിധ സർക്കാർ ഏജൻസികളുടെയും ധനസഹായം ലഭ്യമാക്കി പദ്ധതികൾ നടപ്പിലാക്കി വരുന്നു.
5. വനശ്രീ വിഭവങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും പായ്ക്കിംഗ് മെച്ചപ്പെടുത്തുന്നതിനും മറ്റ് വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കുന്നത് സംബന്ധിച്ച വിദഗ്ദ്ധ പഠനം നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.
6. വനവിഭവ ശേഖരണത്തിൽ ഏർപ്പെടുന്ന ആദിവാസികൾക്ക് വിപണി വിലയുമായി ബന്ധപ്പെട്ട് പ്രതിഫലം ഉടനടി നൽകുവാൻ നടപടിയെടുത്തു.
7. വനശ്രീയുമായി ബന്ധപ്പെട്ട യൂണിറ്റുകളുടെ കണക്കുകൾ സമയബന്ധിതമായി ഓഡിറ്റ് ചെയ്യുവാൻ നടപടിയെടുത്തു.
8. വനശ്രീ വിഭവങ്ങൾ ഓൺലൈനായി വിൽക്കുന്നതിന് നടപടി ആരംഭിച്ചു.

**ശ്രീമതി എസ്. കുഞ്ഞമ്മയുടെ അപേക്ഷ**

217 (3324) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോറസ്റ്റ് റെയിഞ്ചറായി വിട്ടൂർ തടി ഡിപ്പോയിൽ ജോലി നോക്കുന്ന ശ്രീ. കെ. കൊച്ചുകോശിയുടെ അമ്മ കൊട്ടാരക്കര കിഴക്കേത്തെരുവിൽ തെക്കേവീട്ടിൽ എസ്. കുഞ്ഞമ്മ തന്റെ മകന് പ്രൊബേഷൻ ഡിക്ലയർ ചെയ്യാനും പ്രൊമോഷൻ നടപടികൾ ത്വരിതപ്പെടുത്താനും ആവശ്യപ്പെടുന്ന 7-1-2016-ലെ അപേക്ഷ വകുപ്പ് മന്ത്രിക്ക് ലഭിച്ചിട്ടുണ്ടോ;

(ബി) ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ശ്രീ. കൊച്ചുകോശി സർവ്വീസിനിടയിൽ എന്തെങ്കിലും കേസ്സിൽപ്പെടുകയും പ്രസ്തുത കേസ് തീർപ്പ് കൽപ്പിക്കുകയും ചെയ്തിട്ടുണ്ടോ;

(ഡി) ശ്രീ. കൊച്ചുകോശി തന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് അപേക്ഷ നൽകിയിട്ടുണ്ടോ;എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്; പ്രൊബേഷൻ ഡിക്ലയർ ചെയ്യാൻ എന്തെങ്കിലും നിയമ തടസ്സങ്ങൾ നിലവിലുണ്ടോ;

(ഇ) ഇല്ലെങ്കിൽ 31-5-2016-ൽ റിട്ടയർ ചെയ്യും എന്ന വസ്തുത പരിശോധിച്ചിട്ട് ശ്രീ. കൊച്ചുകോശിയുടെ പ്രൊബേഷൻ ഉടൻ ഡിക്ലയർ ചെയ്യാനും അദ്ദേഹത്തിന് ലഭിക്കാനുള്ള പ്രൊമോഷൻ സംബന്ധിച്ച നടപടികൾ ത്വരിതപ്പെടുത്താനും അടിയന്തര നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ & ബി) ഇല്ല.

(സി) റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ. കൊച്ചുകോശിയുടെ പേരിൽ 5 അച്ചടക്ക നടപടികൾ സ്വീകരിച്ചിരുന്നു. നിലവിൽ രണ്ട് കേസ്സുകളിൽ അച്ചടക്ക നടപടികൾ സ്വീകരിച്ച് വരുന്നു.

(ഡി & ഇ) ശ്രീ. കൊച്ചുകോശി പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിന് അഭ്യർത്ഥിച്ചിട്ടുണ്ട്. ടിയാന്റെ പേരിൽ അച്ചടക്കനടപടികൾ നിലനിൽക്കുന്നതിനാലും വർക്ക് ആന്റ് കോൺഡാക്ട് തൃപ്തികരമല്ലാത്തതിനാലുമാണ് പ്രൊബേഷൻ പ്രഖ്യാപിക്കാൻ സാധിക്കാത്തത്.

**ബേഡൂർ ഫോറസ്റ്റ് റോഡ്**

218 (3325) <u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ ബേഡൂർ ഫോറസ്റ്റ് റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

കാസർഗോഡ് ജില്ലയിലെ എളേരി റിസർവ് വനത്തിലൂടെ കടന്നുപോകുന്ന വെസ്റ്റ് എളേരി-ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡാണ് ബേഡൂർ-കമ്പല്ലൂർ റോഡ്. 3.2 കിലോമീറ്റർ നീളമുള്ള ഈ റോഡിന്റെ 1.560 കിലോമീറ്റർ കടന്നുപോകുന്നത് വനത്തിലൂടെയാണ്. വർഷങ്ങൾക്കുമുമ്പ് ടാർ ചെയ്ത ഈ റോഡിന് വളരെയധികം അറ്റകുറ്റപ്പണികൾ ആവശ്യമായതിനാൽ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് റോഡിന്റെ വീതി കൂട്ടാതെ അറ്റകുറ്റപ്പണി നടത്താവുന്നതാണെന്ന് 16-1-2015-ന് നോർതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിൽ നിന്നും പൊതുമരാമത്ത് വകുപ്പിനെ അറിയിച്ചിട്ടുള്ളതാണ്. ടി പ്രവൃത്തിക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതുമാകുന്നു. എന്നാൽ നാളിതുവരെയായിട്ടും ടി പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് ആരംഭിച്ചിട്ടില്ല എന്നറിയിച്ചിട്ടുണ്ട്.

**പുലിയുടെ ആക്രമണം**

219 (3326) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ കടപ്പാറയിലും സമീപപ്രദേശങ്ങളിലും പുലിയുടെ ആക്രമണം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രദേശങ്ങളിലെ വളർത്തുമൃഗങ്ങളെ പുലി കടിച്ചുകൊല്ലുന്നതായ പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) പ്രദേശവാസികളുടെ ഭീതി ഒഴിവാക്കാനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ഡി) പുലിയെ പിടികൂടി ഉൾക്കാട്ടിൽ വിടുന്നതിനായി വനം വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആലത്തൂർ നിയോജക മണ്ഡലത്തിലെ കടപ്പാറയിലും സമീപ പ്രദേശങ്ങളിലും പുലിയുടെ ആക്രമണം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ലഭിച്ചിട്ടുണ്ട്.

(സി & ഡി) പുലിയെ പിടികൂടാനുള്ള കൂടുകൾ സ്ഥാപിക്കാനും പിടികൂടി ഉൾവനത്തിൽ എത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

## സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരമുള്ള ശ്രീമതി സുമയുടെ അപേക്ഷ

220 (3327) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ തൃശ്ശൂർ സെൻട്രൽ സർക്കിളിന്റെ പരിധിയിൽ വരുന്ന ചാർപ്പ റെയിഞ്ചിൽ പാർട്ട് ടൈം സ്വീപ്പറായി ജോലി നോക്കി വരവെ 24-2-2010-ൽ അന്തരിച്ച റീനയുടെ മകൾ സുമയ്ക്ക് "സമാശ്വാസ തൊഴിൽദാന പദ്ധതി" പ്രകാരം ജോലി ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) വാഴച്ചാൽ ഗിരിജൻ കോളനി നിവാസിയും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട നിർധന കുടുംബാംഗവുമായ ശ്രീമതി സുമയുടെ അപേക്ഷ അടിയന്തരമായി പരിഗണിക്കുന്നതിനും 6 വർഷക്കാലമായി അപേക്ഷ നൽകി കാത്തിരിക്കുന്ന സുമയുടെ ന്യായമായ അവകാശം പരിഗണിച്ച് സമാശ്വാസ നിയമനം നൽകുന്നതിനും സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വനം വകുപ്പിൽ സേവനത്തിലിരിക്കെ അന്തരിച്ച റീനയുടെ മകൾ ശ്രീമതി സുമയ്ക്ക് "സമാശ്വാസ തൊഴിൽദാന പദ്ധതി" പ്രകാരം ജോലി ലഭ്യമാക്കുന്നതിന് ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ 6-4-2015-ൽ സമർപ്പിച്ച അപേക്ഷയിന്മേൽ തൃശ്ശൂർ ജില്ലാ കളക്ടറുടെ വിശദമായ അന്വേഷണ റിപ്പോർട്ട് 21-4-2015-ൽ സർക്കാർ ആവശ്യപ്പെട്ടിരിക്കുകയാണ്.

(ബി) ജില്ലാകളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

## അട്ടത്തോട്ടിൽ സ്കൂൾ

221 (3328) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല വനത്തിനുള്ളിലെ ആദിവാസി മേഖലയായ അട്ടത്തോട്ടിൽ ആദിവാസികൾക്കായി പുതിയ സ്കൂൾ പ്രവർത്തനം ആരംഭിച്ചത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) വനത്തിനുള്ളിൽ വിദ്യാഭ്യാസ വകുപ്പിന് സ്ഥലമില്ലാത്തതിനാൽ സ്കൂളിന് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നത് സംബന്ധിച്ച് വനം വകുപ്പിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ആരിൽനിന്ന്, എന്നാണ് അപേക്ഷ ലഭിച്ചിട്ടുള്ളത്; പ്രസ്തുത ഫയൽ ഇപ്പോൾ ആരുടെ പക്കലാണുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) സ്കൂളിന് ഭൂമി അനുവദിക്കുന്നതിന് എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്.

(സി) ഡെപ്യൂട്ടി ഡയറക്ടർ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് പത്തനംതിട്ടയിൽ നിന്ന് 22-12-2015-നാണ് അപേക്ഷ ലഭിച്ചിട്ടുള്ളത്. പ്രസ്തുത ഫയൽ ഇപ്പോൾ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ റാന്നിയുടെ പക്കലാണുള്ളത്.

(ഡി) സ്കൂളിന്റെ പ്രവർത്തനത്തിന് ആവശ്യമായ 0.50 ഹെക്ടർ വനഭൂമി വനാവകാശ നിയമപ്രകാരം ലഭ്യമാക്കണമെന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമി അനുവദിച്ചുകൊണ്ട് 16-2-2016-ൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ റാന്നി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിനാൽ ഭൂമി അനുവദിക്കുന്നതിന് ഇനി നടപടികൾ ഒന്നും പൂർത്തീകരിക്കുവാനില്ല.

## വന്യമൃഗങ്ങളിൽ നിന്നുള്ള സംരക്ഷണം

222 (3329) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) ആനകൾ അടക്കമുള്ള വന്യമൃഗങ്ങൾ വിള നശിപ്പിക്കുന്നതും അപകടങ്ങൾ വരുത്തുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് നിയന്ത്രിക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ കാസർഗോഡ് ജില്ലയിൽ വനം വകുപ്പിന് ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കാസർഗോഡ് ജില്ലയ്ക്ക് മാത്രമായി വനം വകുപ്പിന്റെ പ്രത്യേകസേനയെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ആനകൾ അടക്കമുള്ള വന്യമൃഗങ്ങൾ വിള നശിപ്പിക്കുന്നതും അപകടങ്ങൾ വരുത്തുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കാസർഗോഡ് ജില്ലയിൽ ഇത് നിയന്ത്രിക്കുന്നതിന് 2013-14 സാമ്പത്തിക വർഷത്തിൽ 13.5 കിലോമീറ്ററും, 2014-15 സാമ്പത്തിക വർഷത്തിൽ 23 കിലോമീറ്ററും സോളാർ ഫെൻസിംഗ് നിർമ്മിച്ചിട്ടുണ്ട്. 2015-16 വർഷത്തിൽ 18 കിലോമീറ്റർ സോളാർ ഫെൻസിംഗും, 3.60 കിലോമീറ്റർ വരുന്ന ആന പ്രതിരോധ മതിലും നിർമ്മിച്ചുവരുന്നുണ്ട്.

(സി) കാസർഗോഡ് ജില്ലയിൽ മാത്രമായി കാസർഗോഡ് റെയിഞ്ചിന് കീഴിൽ ഒരു റാപ്പിഡ് റെസ്പോൺസ് ടീം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**വനം വകുപ്പിൽ ജീവനക്കാർക്കായി കാന്റീൻ**

223 (3330) <u>ശ്രീ. കെ. അജിത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിലെ ജീവനക്കാർക്ക് സെൻട്രൽ കാന്റീൻ സൗകര്യം ലഭ്യമാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വനം വകുപ്പ് ജീവനക്കാർക്ക് കാന്റീൻ സൗകര്യം ലഭ്യമാക്കണമെന്നത് സംബന്ധിച്ച് ഇതുവരെ എന്തെല്ലാം നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) മറ്റ് സേനാവിഭാഗങ്ങളെപ്പോലെ വനം വകുപ്പിലെ ഫീൽഡ് വിഭാഗം

ജീവനക്കാർക്കും കാന്റീൻ സൗകര്യം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി & സി) ആഭ്യന്തര വകുപ്പിലെ ഉദ്യോഗസ്ഥർക്ക് അനുവദിച്ചിട്ടുള്ള സെൻട്രൽ ക്യാന്റീൻ സൗകര്യം വനം വകുപ്പിലെ ജീവനക്കാർക്കുകൂടി ലഭ്യമാക്കുന്നത് സംബന്ധിച്ച് ആഭ്യന്തര വകുപ്പിന്റെ അഭിപ്രായം തേടിയിട്ടുണ്ട്.

**കായൽ കയ്യേറ്റം**

224 (3331) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വക്കം, ചെറുന്നിയൂർ ഗ്രാമപഞ്ചായത്തുകളോട് ചേർന്നുള്ള കായൽ പ്രദേശങ്ങളിൽ വ്യാപകമായ കായൽ കയ്യേറ്റം നടക്കുന്നത് പരിസ്ഥിതി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) ഇത് സംബന്ധിച്ച് വകുപ്പിന്റെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) പരിസ്ഥിതി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി & സി) ബാധകമല്ല.

**ദേശീയ ഗെയിംസിൽ പങ്കെടുത്ത കായികതാരങ്ങൾ**

225 (3332) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയഗെയിംസിൽ പങ്കെടുത്ത് വാഗ്ദാനം ചെയ്ത ജോലി നാളിതുവരെ ലഭ്യമാകാത്ത പല കായികതാരങ്ങളും മറ്റ് സംസ്ഥാനങ്ങളിലെ കായികരംഗത്തേയ്ക്ക് മാറാനൊരുങ്ങുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മെഡൽ ജേതാക്കൾക്ക് ജോലി നൽകാൻ സർക്കാർ തീരുമാനിച്ചിരുന്നോ; എങ്കിൽ എത്ര പേർക്ക് ജോലി നൽകി ; ഇനി എത്ര പേർക്ക് ജോലി നൽകാനുണ്ട്;

(സി) ഗസറ്റഡ് തസ്തികയിൽ എത്ര പേർക്ക് ജോലി നൽകാൻ തീരുമാനിച്ചിട്ടുണ്ട്; വാഗ്ദാനം ചെയ്ത പ്രകാരമുള്ള ജോലി എല്ലാ മെഡൽ ജേതാക്കൾക്കും നൽകാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) ഇല്ല. 35-ാം ദേശീയ ഗെയിംസിൽ സംസ്ഥാനടീമിനുവേണ്ടി വ്യക്തിഗതയിനങ്ങളിൽ മെഡൽ നേടിയവരിലും ഗ്രൂപ്പിനങ്ങളിൽ സ്വർണ്ണമെഡൽ നേടിയവരിലും നിലവിൽ ജോലിയില്ലാത്തവർക്ക് സർക്കാർ ജോലി നൽകാനും ടീമിനങ്ങളിൽ വെള്ളി, വെങ്കലമെഡലുകൾ നേടിയവർക്ക് പൊതുമേഖലാ സ്ഥാപന ങ്ങളിൽ ജോലി നൽകുന്നതിന് ശിപാർശ ചെയ്യുന്നതിനും സർക്കാർ തീരുമാനിക്കുകയുണ്ടായി. ആയതുപ്രകാരം 68 കായികതാരങ്ങൾക്ക് വിവിധ വകുപ്പുകളിൽ ലോവർ ഡിവിഷൻ ക്ലർക്ക് തസ്തികകളിൽ നിയമനം നൽകുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഏതൊക്കെ വകുപ്പുകളിൽ നിയമനം നൽകണം എന്ന വിഷയം പരിശോധിച്ചു വരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലിക്കർഹരായവർക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(സി) നാലുപേർ. നിയമനനടപടികൾ നടന്നുവരുന്നു.

**സംസ്ഥാന-ജില്ലാ സ്പോർട്ട്സ് കൗൺസിലുകൾ മുഖേന നടപ്പാക്കിയ പദ്ധതികൾ**

226 (3333) <u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന-ജില്ലാ സ്പോർട്സ് കൗൺസിലുകൾ മുഖേന 2011 മുതൽ നടപ്പാക്കിയ പദ്ധതികളും പരിപാടികളും ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) വിവിധ ജില്ലകളിൽ ഈ കാലയളവിൽ പൂർത്തിയാക്കിയതും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതുമായ സ്പോർട്സ് കൗൺസിൽ മുഖേനയുള്ള നിർമ്മാണ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ;

(സി) സംസ്ഥാന-ജില്ലാ സ്പോർട്സ് കൗൺസിലുകൾക്ക് കീഴിൽ വാടക ലഭിക്കുന്ന എത്ര ഷോപ്പുകളും ഓഡിറ്റോറിയങ്ങളുമുണ്ടെന്നും ഓരോ ജില്ലയിലും ഇതു മുഖേന ലഭിക്കുന്ന തുക എത്രയാണെന്നും ജില്ല തിരിച്ച് അറിയിക്കുമോ;

(ഡി) വാടകയിനത്തിലും അഡ്വാൻസ് ഇനത്തിലും ലഭ്യമാകുന്ന തുക ഏതെല്ലാം അക്കൗണ്ടുകളിലാണ് അടയ്ക്കുന്നതെന്നും ഈ തുക വിനിയോഗിക്കുന്നതിനുള്ള ചുമതല ആർക്കാണെന്നും ഓരോ ജില്ലയിലും ലഭ്യമായ തുകയും വിനിയോഗിച്ച തുകയും എത്രയെന്നും വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ & ബി) സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ മുഖേന വിവിധ ജില്ലകളിൽ നടപ്പാക്കിയ പ്രധാന പദ്ധതികളും പരിപാടികളും താഴെ ചേർക്കുന്നു:

- കേരളത്തിൽ വച്ച് നടന്ന 35-ാം മത് ദേശീയ ഗെയിംസിനോടനുബന്ധിച്ച് കേരള ടീമിന്റെ തെരഞ്ഞെടുപ്പ്, കോച്ചിംഗ് ക്യാമ്പ്, പങ്കെടുക്കൽ എന്നിവ കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിലിന്റെ കീഴിലാണ് സംഘടിപ്പിച്ചത്. പരിശീലന ക്യാമ്പിലേയ്ക്ക്, ആവശ്യമായ കായിക ഉപകരണങ്ങൾ കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിൽ നൽകുകയുണ്ടായി. ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിലിലെ വിദഗ്ദ്ധ പരിശീലകർക്കുപുറമേ, സ്പോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യ, പോലീസ്, എക്സൈസ്, റെയിൽവേ, കെ.എസ്.ഇ.ബി., പോർട്ട് ട്രസ്റ്റ് തുടങ്ങിയ സ്ഥാപനങ്ങളിലെ പരിശീലകരുടെ സേവനവും വിനിയോഗിക്കുകയുണ്ടായി.
- 35-ാം ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വിജയിച്ച കായിക താരങ്ങൾക്കുള്ള ക്യാഷ് അവാർഡ് വിതരണം ചെയ്യുകയുണ്ടായി.
- 2010 മുതൽ സർക്കാർ സർവ്വീസിലേയ്ക്കുള്ള സ്പോർട്ട്സ് ക്വാട്ട നിയമനങ്ങൾ നടത്തുന്നതിന് ഓൺലൈൻ മുഖേന അപേക്ഷ ക്ഷണിച്ചിട്ടുണ്ട് (249 പേർക്ക്).
- മികച്ച കായിക താരങ്ങൾക്ക് നൽകുവാനുള്ള ക്യാഷ് അവാർഡ് വിതരണം ചെയ്യുകയുണ്ടായി.
- ദേശീയ സംസ്ഥാന മൽസരങ്ങൾ സംഘടിപ്പിക്കുന്നതിനും, ദേശീയ/മേഖലാ മൽസരങ്ങൾ സംസ്ഥാനത്ത് സംഘടിപ്പിക്കുന്നതിനും, പരിശീലന ക്യാമ്പിനും, മൽസരങ്ങളിൽ പങ്കെടുക്കുന്നതിനും കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിൽ ഗ്രാന്റ് നൽകിവരുന്നു. കൂടാതെ കായിക താരങ്ങൾക്ക് ആവശ്യമായ സ്പോർട്ട്സ് കിറ്റ്, ട്രാക്ക് സ്യൂട്ട്, കായിക ഉപകരണങ്ങൾ എന്നിവ കൗൺസിൽ നൽകിവരുന്നു.
- വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, തദ്ദേശഭരണ സ്ഥാപനങ്ങൾക്കും

സ്റ്റേഡിയം/കളിസ്ഥലം, നീന്തൽക്കുളം എന്നിവയുടെ നിർമ്മാണത്തിനും, നവീകരണത്തിനുമായി ധനസഹായം നൽകിവരുന്നു.

- കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിൽ ഏറ്റെടുത്ത പ്രധാന അടിസ്ഥാന സൗകര്യ നിർമ്മിതികൾ.
- ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിനോടനുബന്ധിച്ച് സിന്തറ്റിക് ട്രാക്ക് നിർമ്മാണത്തിനായി 4.99 കോടി രൂപയുടെ പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്.
- ആലപ്പുഴ സ്വിമ്മിംഗ് പൂൾ, പുനർ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
- തിരുവനന്തപുരം നന്ദിയോട് നീന്തൽക്കുളം നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്.
- കോട്ടയം ജില്ലയിൽ 1.65 ഏക്കർ സ്ഥലത്ത് മൾട്ടി പർപ്പസ് ഇൻഡോർ സ്പോർട്ട്സ് ഹാൾ 13,75,11,728 രൂപയുടെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു വരുന്നു. 28-2-2016-ന് ഉദ്ഘാടനം തീരുമാനിച്ചിരിക്കുന്നു.
- കോട്ടയം ചിങ്ങവനത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്ട്സ് സയൻസ് & അപ്ലൈഡ് റിസർച്ച് കേരളയുടെ ശിലാസ്ഥാപനം 2016 ഫെബ്രുവരി 23-ന് നടത്തുന്നതിന് നിശ്ചയിച്ചിരിക്കുന്നു.
- തിരുവനന്തപുരം പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ പൂങ്കോട് കുളത്തിൽ നീന്തൽ പരിശീലന കേന്ദ്രം.
- മലപ്പുറം കോട്ടപ്പടി മൈതാന നിർമ്മാണം.
- കോട്ടയം ജില്ലയിലെ സെന്റ് ആന്റണീസ് എച്ച്.എസ്.എസ്സിൽ സ്റ്റേഡിയം നിർമ്മാണം എന്നിവ ഏറ്റെടുത്തിട്ടുണ്ട്.

**കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിൽ ഏറ്റെടുത്ത മറ്റു പരിപാടികൾ**

- ഉക്രൈൻകാരനായ ഹൈ ജമ്പ് പരിശീലകൻ നിഖിതിൻ ഇവ്ഗിൻസും മുൻ ദേശീയ ഹൈ ജമ്പ് ചാമ്പ്യൻ അണ്ണാവിയും നേതൃത്വം നൽകിയ ഹൈ ജമ്പ് കാർണിവലും പരിശീലന കളരിയും 2011 ഡിസംബർ മാസം നടത്തുകയുണ്ടായി.
- കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിലിന്റെ ഔദ്യോഗിക വെബ്സൈറ്റ് 2011-12 ൽ പ്രവർത്തന സജ്ജമായി.

- "വിഷൻ കേരള പദ്ധതി" പ്രകാരം കേരളത്തിലെ 14 ജില്ലകളിലെ 91 സെന്ററുകളിലായി 2275 കുട്ടികൾക്ക് ഫുട്ബാളിൽ പരിശീലനം നൽകിയിരുന്നു.

- കേരളത്തിലെ സ്കൂളുകളിൽ 5 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ കായികക്ഷമത പ്രത്യേക ടെസ്റ്റുകളിലൂടെ വ്യക്തിഗതമായി പരിശോധിക്കുവാൻ ലക്ഷ്യമിടുന്ന സമ്പൂർണ്ണ കായികക്ഷമതാ പദ്ധതി കൗൺസിൽ നടത്തി വന്നിരുന്നു.

- ഏഷ്യൻ/കോമൺവെൽത്ത്/ഒളിമ്പിക്സ് എന്നീ രാജ്യാന്തര മത്സരങ്ങളിൽ മെഡൽ സാധ്യത ഉയർത്തുക എന്ന ഉദ്ദേശ്യത്തോടെ എലൈറ്റ് സ്കീം, വിവിധ ജില്ലകളിൽ കായിക ഇനങ്ങളിലായി 23 കേന്ദ്രീകൃത സ്പോർട്ട്സ് ഹോസ്റ്റലുകൾ കൂടാതെ 41 കോളേജ് സ്പോർട്ട്സ് ഹോസ്റ്റലുകൾ, 17 സ്കൂൾ സ്പോർട്ട്സ് ഹോസ്റ്റലുകൾ, 13 റൂറൽ സ്പോർട്ട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവ പ്രവർത്തിച്ച വരുന്നു.

- 14 ജില്ലകളിലായി വിവിധ കായിക ഇനങ്ങളിൽ 103 ഡേ ബോർഡിംഗ് സെന്ററുകൾ, 14 സ്പോർട്ട്സ് ട്രെയിനിംഗ് സെന്ററുകൾ എന്നിവ പ്രവർത്തിച്ച വരുന്നു.

- 147 മുൻകാല കായിക താരങ്ങൾക്ക് പ്രതിമാസം 1,100, 850, 600 രൂപ നിരക്കിൽ പെൻഷൻ നൽകി വരുന്നുണ്ട്.

- കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിൽ ഏർപ്പെടുത്തിയിട്ടുള്ള പരമോന്നത കായിക ബഹുമതിയായ ജി.വി.രാജ അവാർഡ് എല്ലാ വർഷവും നൽകി വരുന്നു. 3 ലക്ഷം രൂപയും ഫലകവും പ്രശംസാപത്രവും അടങ്ങുന്നതാണ് പ്രസ്തുത അവാർഡ്.

- 2014 വർഷം മുതൽ കായികരംഗത്തെ മികച്ച സംഭാവനകൾ പരിഗണിച്ച് ഒളിമ്പ്യൻ സുരേഷ് ബാബുവിന്റെ സ്മരണാർത്ഥം ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് ഏർപ്പെടുത്തുകയും, പ്രഥമ അവാർഡ് കേരളത്തിലെ ഏക ഒളിമ്പിക്സ് മെഡൽ ജേതാവായ അന്താരാഷ്ട്ര ഹോക്കി താരം ശ്രീ. മാനുവൽ ഫ്രെഡറിക്കിന് സമ്മാനിക്കുകയുണ്ടായി. 2 ലക്ഷം രൂപയും ഫലകവും പ്രശംസാപത്രവും അടങ്ങുന്നതാണ് അവാർഡ്.

- 2013 നവംബറിൽ ഓസ്ട്രേലിയയിലെ ന്യൂ കാസിലിൽ വച്ച് നടന്ന ഏഷ്യാ

പസഫിക് സ്പെഷ്യൽ ഒളിമ്പിക്സ് മൽസരത്തിൽ വിജയിച്ച കായിക താരങ്ങൾക്ക് സ്വർണ്ണം, വെള്ളി, വെങ്കല മെഡലുകൾക്ക് യഥാക്രമം 50,000 രൂപ, 30,000 രൂപ, 20,000 രൂപ ക്രമത്തിലും, പരിശീലകർക്കും, മാനേജർക്കും 25,000 രൂപ വീതവും, പങ്കെടുത്തവർക്ക് 10,000 രൂപ വീതവും ഉൾപ്പെടെ ആകെ 17,45,000 രൂപ കൂടാതെ കേരളീയ കായിക താരങ്ങളുടെയും, ഒഫിഷ്യൽസിന്റെയും യാത്രാചെലവിനായി 37,05,000 രൂപയും പാരിതോഷികമായി അനുവദിക്കുകയുണ്ടായി.

- സ്മൈൽ (Sports Minister's Infrastructure Leap towards Excellence) പദ്ധതി പ്രകാരം കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിൽ, നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് മുഖേന സ്റ്റേഡിയങ്ങളുടെ നിർമ്മാണം ഏറ്റെടുത്തിട്ടുണ്ട്.

- കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയം നടപ്പിലാക്കുന്ന "പൈക്ക" പഞ്ചായത്ത് യുവക്രീഡ ഖേൽ ഓർ അഭിയാൻ പദ്ധതിയിൽ ഉൾപ്പെടുത്തി 2011 മുതൽ സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ അനുവദിച്ച അടിസ്ഥാന സൗകര്യ വികസനത്തിനായിട്ടുള്ള അർഹമായ ഒറ്റത്തവണ പ്രാരംഭമൂലധന ഗ്രാന്റ് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

- കഴിഞ്ഞ എട്ടു വർഷമായി മുടങ്ങിക്കിടക്കുകയായിരുന്ന കോളേജ് ഗെയിംസ് മത്സരങ്ങൾ പുനരാരംഭിക്കുകയുണ്ടായി.

- ഇതിനു പുറമേ ജില്ലാ സ്പോർട്ട്സ് കൗൺസിലുകൾ മുഖേന നടപ്പാക്കിയ പദ്ധതികൾ/പരിപാടികൾ അനുബന്ധമായി ചേർക്കുന്നു.*

(സി & ഡി) അനുബന്ധമായി ചേർക്കുന്നു.*

**വാട്ടർ സ്പോർട്ട്സ് കേന്ദ്രം**

227 (3334) <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി ബിയ്യം കായലിൽ തുടങ്ങിയ വാട്ടർ സ്പോർട്സ് കേന്ദ്രം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഇപ്പോൾ പ്രവർത്തിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ കേന്ദ്രം പ്രവർത്തനരഹിതമായത് എന്തുകൊണ്ടാണ് എന്ന് വിശദമാക്കുമോ;

(ബി) സ്ഥിരമായി കോച്ചിനെ കിട്ടാൻ അടിയന്തരനടപടി സ്വീകരിക്കുമോ; മുടങ്ങിയ പരിശീലനം പുനരാരംഭിക്കാൻ ഈ വേനൽക്കാലത്തുതന്നെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്. യോഗ്യതയുള്ള ട്രെയിനറുടെ അഭാവത്തിലാണ് പൊന്നാനി ബിയ്യം കായലിലെ വാട്ടർ സ്പോർട്ട്സ് കേന്ദ്രത്തിൽ പരിശീലനം മുടങ്ങിയിട്ടുള്ളത്. സംസ്ഥാന സ്പോർട്ട്സ് കൗൺസിലിൽ വാട്ടർ സ്പോർട്ട്സ് ഇനത്തിൽ നിലവിലുള്ള 4 സ്ഥിരം കോച്ചുമാർ സ്പോർട്ട്സ് ഹോസ്റ്റലുകളിൽ ജോലി നോക്കിവരികയാണ്. അതുകൊണ്ട് ടി സെന്ററിലേയ്ക്ക് സ്ഥിരം കോച്ചിനെ നൽകാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ട്.

**കുന്നുംഭാഗം സ്പോർട്സ് സ്കൂൾ**

228 (3335) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി കുന്നുംഭാഗത്ത് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന സ്പോർട്സ് സ്കൂളിന് സർക്കാർ അനുമതി നല്കിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സ്കൂളിൽ 2016-17 അദ്ധ്യയന വർഷം തന്നെ കുട്ടികളെ പ്രവേശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) നിലവിലുള്ള സ്കൂൾ അതേ രീതിയിൽ തുടർന്നുകൊണ്ട് സ്പോർട്ട്സ് ഡിവിഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ദേശീയ ഗെയിംസ് വില്ലേജിന്റെ പ്രീ ഫാബ് ഹൗസിംഗ് യൂണിറ്റ് അനുവദിച്ചതനുസരിച്ച് കെട്ടിട നിർമ്മാണം എപ്പോഴത്തേക്ക് പൂർത്തിയാക്കുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കാഞ്ഞിരപ്പള്ളി കുന്നുംഭാഗം ഗവൺമെന്റ് ഹൈസ്കൂളിന്റെ 5.27 ഏക്കർ കോമ്പൗണ്ടിൽനിന്നും സ്പോർട്ട്സ് സ്കൂൾ സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലത്തിന് വിദ്യാഭ്യാസ വകുപ്പ് സ്പോർട്ട്സ് വകുപ്പിന് പെർമിസീവ് സാങ്ഷൻ നൽകുന്നതിന് 5-1-2014 ബഹു. ധനമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ

തീരുമാനിച്ചു. മെസ്സേഴ്സ് കിറ്റ്കോ തയ്യാറാക്കി നൽകിയ 9,91,50,000 രൂപ (ഒൻപത് കോടി തൊണ്ണൂറ്റിയൊന്ന് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം)യുടെ എസ്റ്റിമേറ്റ് കൗൺസിൽ സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി & സി) പരിശോധിക്കുന്നതാണ്.

(ഡി) ദേശീയ ഗെയിംസ് വില്ലേജിൽ നിന്നും 3 പ്രീ ഫാബ് യൂണിറ്റുകളാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. ആയത് ടി സ്കൂളിൽ എത്തിക്കുന്നതിന് 2 ലക്ഷം രൂപ കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിൽ അനുവദിക്കണമെന്ന് സ.ഉ. (സാധാ) നമ്പർ 46/16/കാ.യു.വ. പ്രകാരം സർക്കാർ ഉത്തരവായിരിക്കുന്നു. പ്രസ്തുത തുക നടപ്പ് സാമ്പത്തിക വർഷം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണം സംബന്ധിച്ച് നടപടി സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട സ്കൂൾ അധികൃതരാണ്.

## 35-ാം നാഷണൽ ഗെയിംസ്

229 (3336) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നടന്ന 35-ാം നാഷണൽ ഗെയിംസ് വൻ വിജയമാക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ;

(ബി) കൂടുതൽ ദേശീയ അന്തർ ദേശീയ കായിക മത്സരങ്ങൾ സംസ്ഥാനത്ത് നടത്തുന്നതിന് നടപടികൾ ഉണ്ടാകുമോ;

(സി) നാഷണൽ ഗെയിംസ് നടത്തിയതിലൂടെ എത്ര സ്റ്റേഡിയങ്ങളും മറ്റും മുതൽക്കൂട്ടായി എന്ന് വ്യക്തമാക്കുമോ ;

(ഡി) കേരളത്തിന്റെ കായിക പ്രതിഭകൾക്ക് മികച്ച പരിശീലനം ലഭിക്കുന്നതിന് നവീകരിക്കപ്പെട്ടതും പുതുതായി നിർമ്മിച്ചതുമായ സ്റ്റേഡിയങ്ങൾ വിട്ടുനൽകുന്നതിന് നടപടി ഉണ്ടാകുമോ?

ഉത്തരം

(എ) കേരളത്തിലെ 7 ജില്ലകളിലായി നടന്ന 35-ാം ദേശീയ ഗെയിംസിന്റെ വിജയകരമായ നടത്തിപ്പിനായി വിപുലമായ രീതിയിലുള്ള ആസൂത്രണവും മുന്നൊരുക്കങ്ങളുമാണ് നടത്തിയിരുന്നത്. ഇതിനുപുറമേ ദേശീയ ഗെയിംസ് ഓർഗനൈസിംഗ് കമ്മിറ്റിയും, പ്രത്യേക ചുമതലകൾ നൽകിക്കൊണ്ടുള്ള 22 സബ് കമ്മിറ്റികളും, ജില്ലാതല പ്രവർത്തനങ്ങൾ ഏകോപിച്ച് നടപ്പാക്കുന്നതിന്

7 ജില്ലാ തല സംഘാടക കമ്മിറ്റികളും രൂപീകരിച്ചിരുന്നു. കൂടാതെ ദേശീയ ഗെയിംസ് നടത്തിപ്പിനാവശ്യമായ കായിക ഉപകരണങ്ങൾ വാങ്ങുന്നതിനും, വിവിധ സേവനങ്ങൾ നിയമാനുസൃതമായി ലഭ്യമാക്കുന്നതിനുമായി പർച്ചേസ് കമ്മിറ്റിയും രൂപീകരിച്ചിരുന്നു. ബഹു. മുഖ്യമന്ത്രി ചെയർമാനായുള്ള ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി ദേശീയ ഗെയിംസിന്റെ തയ്യാറെടുപ്പ് സംബന്ധിച്ച് യഥാസമയം യോഗം ചേർന്ന് വിലയിരുത്തുകയും, ഗെയിംസ് സുഗമമായി നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും യുക്തമായ തീരുമാനങ്ങളും കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. ഗെയിംസിന്റെ വേദികളായി നിശ്ചയിക്കപ്പെട്ട സ്റ്റേഡിയങ്ങളുടെ നിർമ്മാണ/നവീകരണ പ്രവർത്തനങ്ങളും താൽക്കാലിക നിർമ്മിതികളും ഗെയിംസ് തുടങ്ങുന്നതിന് മുമ്പായി തന്നെ പൂർത്തീകരിക്കുകയും മത്സരങ്ങൾ നടത്തുന്നതിനായി വേദികൾ പൂർണ്ണമായും സജ്ജീകരിക്കുകയും ചെയ്തു. മത്സരങ്ങൾക്കാവശ്യമായ കായിക ഉപകരണങ്ങൾ അതാത് വേദികളിൽ മത്സരങ്ങൾ ആരംഭിക്കുന്നതിന് മുമ്പായി തന്നെ ലഭ്യമാക്കുന്നതിന് വേണ്ട ഏർപ്പാടുകൾ ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റ് നടത്തിയിരുന്നു. കായിക താരങ്ങൾക്കും ഒഫീഷ്യൽസിനും താമസിക്കുന്നതിനായി തിരുവനന്തപുരത്ത് വിപുലമായ രീതിയിൽ ഗെയിംസ് വില്ലേജ് ഉണ്ടാക്കുകയും മറ്റ് ജില്ലകളിൽ ഹോട്ടൽ മുറികൾ മുൻകൂറായി ബുക്ക് ചെയ്യുകയും ചെയ്തിരുന്നു. ഇവർക്ക് വേദികളിലേക്കും താമസസ്ഥലത്തേക്കും തടസ്സമില്ലാതെ യാത്ര ചെയ്യുന്നതിനായി വാഹന സൗകര്യം ഏർപ്പെടുത്തുകയുണ്ടായി. കായിക താരങ്ങൾക്കും ഒഫീഷ്യൽസിനും നല്ല രീതിയിൽ വൈവിധ്യമാർന്ന ഭക്ഷണം നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി. 7 ജില്ലകളിലെ വിവിധ വേദികളിലായി നടത്തിയ ദേശീയ ഗെയിംസ് മത്സരയിനങ്ങൾ തടസ്സം കൂടാതെയും പരാതിക്കിടവരാതെയും നടത്തുന്നതിനായും പൊതുജന പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനുമുള്ള നടപടിയും സ്വീകരിച്ചു. മത്സരങ്ങൾ സമയക്രമമനുസരിച്ച് നിശ്ചയിക്കപ്പെട്ട പ്രകാരം നടത്തുന്നതിനായി ടെക്നിക്കൽ ഒഫിഷ്യൽസിന്റെയും ഇതുമായി ബന്ധപ്പെട്ട വിദഗ്ധരുടെയും സേവനം മുൻകൂട്ടി ഉറപ്പു വരുത്തുകയുണ്ടായി. 35-ാം മത് ദേശീയ ഗെയിംസിനോടനുബന്ധിച്ച് കേരള ടീമിന്റെ തെരഞ്ഞെടുപ്പ്, കോച്ചിംഗ് ക്യാമ്പ്, പങ്കെടുക്കൽ എന്നിവ കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിലിന്റെ കീഴിലാണ് സംഘടിപ്പിച്ചത്. പരിശീലന ക്യാമ്പിലേക്ക് ആവശ്യമായ കായിക ഉപകരണങ്ങൾ കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിൽ നൽകുകയുണ്ടായി. ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിലിലെ വിദഗ്ധ പരിശീലകർക്കു പുറമേ സ്പോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യ, പോലീസ്,

എക്സൈസ്, റെയിൽവേ, കെ.എസ്.ഇ.ബി., പോർട്ട് ട്രസ്റ്റ് തുടങ്ങിയ സ്ഥാപനങ്ങളിലെ പരിശീലകരുടെ സേവനവും വിനിയോഗിക്കുകയുണ്ടായി.

35-ാം ദേശീയ ഗെയിംസിൽ കേരളം ചരിത്രനേട്ടമായ 162 മെഡലുകൾ കരസ്ഥമാക്കുകയും, സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനവും, ഓവറോളിൽ രണ്ടാം സ്ഥാനവും കരസ്ഥമാക്കുകയുമുണ്ടായി. ഗെയിംസിന്റെ വിജയത്തിനായി നടത്തിയ പ്രവർത്തനങ്ങൾ കാര്യക്ഷമമായിരുന്നു എന്നതിന്റെ തെളിവാണ് ഗെയിംസിന്റെ വൻവിജയവും അഭൂതപൂർവ്വമായ ജനപങ്കാളിത്തവും ബഹു. പ്രസിഡന്റ്, പ്രധാനമന്ത്രി, ഇന്ത്യൻ ഒളിമ്പിക്സ് അസോസിയേഷൻ അടക്കമുള്ളവരുടെ ഭാഗത്തു നിന്നുമുണ്ടായ അഭിനന്ദനപ്രവാഹവും.

(ബി) ദേശീയ ഗെയിംസിലൂടെ കൈവരിച്ച അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി ദേശീയ അന്തർദേശീയ കായികമത്സരങ്ങൾ നടത്തുന്നതിന് സംസ്ഥാനം സജ്ജമാണ്.

(സി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) ദേശീയ ഗെയിംസിനായി നവീകരിച്ചതും പുതുതായി നിർമ്മിച്ചതുമായ സ്റ്റേഡിയങ്ങളുടെ പരിപാലനത്തിനും മേൽനോട്ടത്തിനുമുള്ള ചുമതല കായിക യുവജനകാര്യാലയം, കേരള സംസ്ഥാന സ്പോർട്ട്സ് കൗൺസിൽ, വിവിധ സർക്കാർ സ്ഥാപനങ്ങൾ/ഏജൻസികൾ എന്നിവയിൽ നിഷിപ്തമാക്കിയിട്ടുണ്ട്.

കേരള സ്റ്റേറ്റ് സ്പോർട്ട്സ് കൗൺസിലിന്റെ ചുമതലയുള്ള താഴെപ്പറയുന്ന സ്റ്റേഡിയങ്ങളിലും നീന്തൽക്കുളത്തിലും കായിക താരങ്ങൾക്ക് പരിശീലനം നൽകി വരുന്നു:

1. ഇൻഡോർ സ്റ്റേഡിയം മുണ്ടയാട്, കണ്ണൂർ
2. ഡോ. അംബേദ്കർ നീന്തൽക്കുളം പിരപ്പൻകോട്, തിരുവനന്തപുരം.
3. വി.കെ.കെ. മേനോൻ ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട്.
4. ഹോക്കി സ്റ്റേഡിയം, ആലപ്പുഴ.

**മൂവിംഗ് തിയേറ്റർ**

230 (3337) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നൽകുമോ:

ഗ്രാമങ്ങളിൽ മിനിതിയേറ്റർ സ്ഥാപിക്കുന്നതിനും മൂവിംഗ് തിയേറ്റർ എന്ന ആശയം നടപ്പാക്കുന്നതിനും ചലച്ചിത്ര വികസന കോർപ്പറേഷൻ വഴിയോ ചലച്ചിത്ര അക്കാദമി വഴിയോ നീക്കം നടത്തിയിട്ടുണ്ടോ; എങ്കിൽ എവിടെയൊക്കെ യെന്നും, പദ്ധതിയുടെ വിശദാംശങ്ങളും വെളിപ്പെടുത്തുമോ?

ഉത്തരം

തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യമായ ഭൂമി പാട്ടത്തിന് നൽകുന്ന പ്രദേശങ്ങളിൽ പൊതു-സ്വകാര്യ പങ്കാളിത്ത മാതൃകയിൽ തിയേറ്ററുകൾ സ്ഥാപിക്കുന്ന പദ്ധതി കെ.എസ്.എഫ്.ഡി.സി. ആവിഷ്കരിച്ചിട്ടുണ്ട്. നല്ല സിനിമകൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി ചലച്ചിത്ര അക്കാദമി ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണ് ടൂറിംഗ് ടാക്കീസ് എന്ന സഞ്ചരിക്കുന്ന ചലചിത്ര പ്രദർശനങ്ങൾ. ഗ്രാമങ്ങളിലെ ജനങ്ങൾക്ക് നല്ല സിനിമകളെ പരിചയപ്പെടുത്തുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യം. ഇതിനായി കേരളത്തിലെ വിവിധ ഫിലിം സൊസൈറ്റികൾ, വിവിധ കലാ സാംസ്കാരിക സംഘടനകൾ, സ്കൂൾ-കോളേജ് ഫിലിം ക്ലബ്ബുകൾ എന്നിവരുടെ സഹകരണത്തോടെ സിനിമാ പ്രദർശനം നടത്തിവരുന്നു. കൂടാതെ അക്കാദമി സംഘടിപ്പിക്കുന്ന ചലച്ചിത്രമേളയുമായി ബന്ധപ്പെട്ട് കാസർഗോഡ് മുതൽ തിരുവനന്തപുരംവരെ ഒരു മാസത്തോളം നീണ്ടുനിൽക്കുന്ന സിനിമാപ്രദർശനവും നടത്തിവരുന്നു.

## കെ.എസ്.ആർ.ടി.സി-യിൽ 'സുരക്ഷിത സ്ത്രീ യാത്രാ' പദ്ധതി

231 (3338) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി.-യിൽ 'സുരക്ഷിത സ്ത്രീ യാത്രാ' പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ

സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ-സി) ഉണ്ട്. കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിലും യാത്രയ്ക്കിടയിൽ ബസ്സുകളിലും സ്ത്രീകളുടെ സുരക്ഷിതത്വത്തിനായി ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കി വരികയാണ്. കെ.എസ്.ആർ.ടി.സി.യുടെ എല്ലാ പ്രധാനപ്പെട്ട ബസ് സ്റ്റേഷനുകളിലും സ്ത്രീകൾക്കായി വിശ്രമമുറിയും പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. സ്ത്രീയാത്രക്കാർ രാത്രികാലങ്ങളിൽ ഒറ്റപ്പെട്ടു പോയാൽ സുരക്ഷിതരായി വിശ്രമിക്കാനായി കെട്ടിടത്തിന്റെ മുകളിലത്തെ നിലയിൽ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. രാത്രികാലങ്ങളിൽ യാത്രക്കാർ പ്രത്യേകിച്ച് സ്ത്രീകൾ അവർ ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ രാത്രി 8.00 മണി മുതൽ രാവിലെ 6.00 മണി വരെ എല്ലാത്തരം സർവ്വീസുകളും നിർത്തി അവരെ ഇറക്കേണ്ടതാണെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. റിസർവേഷൻ സൗകര്യമില്ലാത്ത സർവ്വീസുകളിലും 25 ശതമാനം സീറ്റുകൾ സ്ത്രീകൾക്ക് സംവരണം ചെയ്തിട്ടുണ്ട്. ഇത് മുതിർന്ന വനിതകൾക്കും കൈക്കുഞ്ഞുമായി കയറുന്ന അമ്മമാർക്കും സംവരണം ചെയ്തിട്ടുള്ള സീറ്റുകൾക്ക് പുറമെയാണ്. റിസർവേഷൻ സൗകര്യമുള്ള സൂപ്പർക്ലാസ്സ് സർവ്വീസുകളിൽ ഡ്രൈവറുടെ തൊട്ടുപിറകിലുള്ള 3 സീറ്റുകൾ സ്ത്രീകൾക്കു മാത്രമായി സംവരണം ചെയ്തിട്ടുണ്ട്. അതിനു പിറകിലുള്ള 9 സീറ്റുകൾ മുൻഗണനാക്രമത്തിൽ സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടുമുണ്ട്. ബസ് യാത്ര പുറപ്പെടുമ്പോൾ മുൻഗണനാക്രമത്തിലുള്ള സീറ്റുകളിൽ സ്ത്രീ യാത്രക്കാർ ഇല്ലായെങ്കിൽ പുരുഷന്മാർക്ക് ഉപയോഗിക്കാവുന്നതും, യാത്രയ്ക്കിടയിൽ സ്ത്രീ യാത്രക്കാർ കയറുമ്പോൾ അവർ ആവശ്യപ്പെട്ടാൽ പുരഷയാത്രക്കാർ സ്ത്രീകൾക്കായി ഒഴിഞ്ഞു കൊടുക്കേണ്ടതുമാണ്. കൂടാതെ സ്ത്രീ സുരക്ഷയുടെ ഭാഗമായി പരീക്ഷണാടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.യുടെ രണ്ട് ബസ്സുകളിൽ (സിൽവർ ജറ്റ്) നിരീക്ഷണ ക്യാമറ സ്ഥാപിച്ചിട്ടുണ്ട്.

## ഇ-ഗവേണൻസ് പദ്ധതി

232 (3339) ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ ഇ-ഗവേണൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി & സി) കെ.എസ്.ആർ.ടി.സി.യുടെ വിവിധ സേവനങ്ങൾ വേഗത്തിലും സൗകര്യപ്രദമായും പൊതുജനങ്ങൾക്ക് ലഭ്യമാക്കുക എന്നതും ജീവനക്കാരുടെ ജോലി ഭാരം ലഘൂകരിക്കുക എന്നതും ചെലവ് കുറച്ച് വരുമാന വർദ്ധനവുമാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.യുടെ 24 ഓൺലൈൻ റിസർവേഷൻ കൗണ്ടറുകൾ വഴി മുൻകൂർ ഓൺലൈൻ റിസർവേഷൻ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട് കൂടാതെ യാത്രക്കാർക്ക് ഓൺലൈൻ സംവിധാനം വഴി www.ksrtconline.com എന്ന വെബ്സൈറ്റ് മുഖേന ക്രെഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ്, ഇന്റർനെറ്റ് ബാങ്കിംഗ് മുഖേന ടിക്കറ്റ് മുൻകൂർ ബുക്ക് ചെയ്യാനുള്ള സൗകര്യവും ലഭ്യമാണ്. ജി.പി.എസ്. സംവിധാനം ഉപയോഗിച്ച് വാഹനങ്ങൾ നിരീക്ഷിക്കുന്നതിനായി എല്ലാ ബസ്സുകളിലും പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിനുള്ള ധാരണാപത്രം കെൽട്രോണുമായി ഒപ്പിട്ടിട്ടുണ്ട്. ആദ്യഘട്ടമായി കെ.എസ്.ആർ.ടി.സി.യുടെ തിരുവനന്തപുരം സിറ്റി, തിരുവനന്തപുരം സെൻട്രൽ എന്നീ ഡിപ്പോകളിലെ എല്ലാ ബസ്സുകളിലും (250) ജി.പി.എസ്. ഘടിപ്പിച്ച് ആയതിന്റെ പൂർണ്ണ തോതിലുള്ള പ്രവർത്തനം നിരീക്ഷിക്കുകയും അടുത്തഘട്ടം എന്ന നിലയിൽ കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ഡിപ്പോകളിലെ ദീർഘദൂര സർവ്വീസ് നടത്തുന്ന ബസ്സുകളിലും (110) ജി.പി.എസ്. ഉപകരണം ഘടിപ്പിച്ച് പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനോടനുബന്ധമായി പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റവും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

ഇ-ടെണ്ടറിംഗ് സംവിധാനവും കെ.എസ്.ആർ.ടി.സി.യിൽ നടപ്പിലാക്കിയിട്ടുണ്ട്.

ജീവനക്കാരുടെ ഹാജർ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ജീവനക്കാരുടെ ശമ്പളവും, പെൻഷനും മറ്റാനുകൂല്യങ്ങളും ബാങ്കുവഴി നൽകുന്നതിനുള്ള സംവിധാനം 2013 ജൂലൈ മുതൽ നടപ്പിലാക്കിയിട്ടുണ്ട്.

പൊതുജനങ്ങൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സ്മാർട്ട് കാർഡുപയോഗിച്ച് യാത്ര ചെയ്യുന്നതിനായി ഇ.ടി.എമ്മുമായി ബന്ധപ്പെടുത്തി ആർ.എഫ്.ഐ.ഡി. കാർഡ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു

വരുന്നു.

കെ.എസ്.ആർ.ടി.സി.യുടെ എല്ലാ ബസ്സുകളിലും ജി.പി.ആർ.എസ്. സംവിധാനമുള്ള ഇ.ടി.എമ്മുകൾ നടപ്പിലാക്കി.

മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭ്യമാക്കി കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിന്റെ ഭാഗമായി പരീക്ഷണാടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.യുടെ രണ്ടു സർവ്വീസുകളിൽ വൈഫൈ സംവിധാനം സജ്ജീകരിച്ചിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.യിലെ പ്രതിസന്ധി**

233 (3340) <u>ശ്രീ. ഇ. പി. ജയരാജൻ</u> :
<u>ശ്രീ. എളമരം കരീം</u> :
<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> :
<u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നയങ്ങൾ, കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനെ പ്രതിസന്ധിയിലാക്കിയിട്ടുള്ളതായി അറിയാമോ; കെ.എസ്.ആർ.ടി.സി.യുടെ വരവും ചെലവും തമ്മിലുള്ള അന്തരംകൂടി വരികയാണോ എന്നു പരിശോധിച്ചിട്ടുണ്ടോ;

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകേണ്ടതായ 1:2 അനുപാതത്തിലുള്ള മൂലധന വിഹിതം യഥാസമയം നൽകുന്നുണ്ടോ; പ്രസ്തുത ഇനത്തിൽ കോർപ്പറേഷന് അർഹമായ തുക എത്രയാണ്;

(സി) സൗജന്യപാസ്സ് ഉൾപ്പെടെയുള്ള മറ്റ് ഇനങ്ങളിൽ സർക്കാർ നൽകേണ്ടതായ തുക എല്ലാം നൽകിയിട്ടുണ്ടോ; കുടിശ്ശികയുണ്ടായിട്ടുണ്ടെങ്കിൽ അവ എത്രയാണ്;

(ഡി) സ്വകാര്യ ബസ്സുകാർക്ക് ദേശസാൽകൃത റൂട്ടുകളിൽ റൂട്ടുകൾ നിശ്ചയിച്ചു നൽകുന്നത് കെ.എസ്.ആർ.ടി.സി.യെ പ്രതികൂലമായി ബാധിക്കുമെന്നറിയാമോ;

(ഇ) മേൽപ്പറഞ്ഞ വിഷയങ്ങളിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ;

(എഫ്) ഡീസലിനും പെട്രോളിനും സർക്കാർ ഏർപ്പെടുത്തിയ സെസ്സും അധിക നികുതിയും കെ.എസ്.ആർ.ടി.സി.യെ പ്രതികൂലമായി ബാധിക്കുന്നതായി

അറിയാമോ?

<u>ഉത്തരം</u>

(എ) സർക്കാർ നയങ്ങൾമൂലം കെ.എസ്.ആർ.ടി.സി. പ്രതിസന്ധിയിൽ ആയിട്ടില്ല. കെ.എസ്.ആർ.ടി.സി.യിലെ വരവും ചെലവും തമ്മിലുള്ള അന്തരം കുടി വരികയാണ്. സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് ഉചിതവും സാധ്യവുമായ എല്ലാ സാമ്പത്തിക സഹായങ്ങളും സർക്കാർ നൽകി വരികയാണ്.

(ബി) RTC Act പ്രകാരം സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും കെ.എസ്.ആർ.ടി.സി.ക്ക് മൂലധന നിക്ഷേപമായി പരസ്പരം അംഗീകരിക്കുന്ന നിശ്ചിത അനുപാതത്തിൽ തുക അനുവദിക്കേണ്ടതുണ്ട്. സംസ്ഥാന സർക്കാർ എല്ലാ വർഷവും മൂലധന നിക്ഷേപമായി കെ.എസ്.ആർ.ടി.സി.ക്ക് തുക അനുവദിച്ചു വരുന്നുണ്ട്. എന്നാൽ കേന്ദ്ര സർക്കാർ 1992-നുശേഷം നാളിതുവരേയും സംസ്ഥാന സർക്കാർ മൂലധനമായി നിക്ഷേപിച്ചതിന് ആനുപാതികമായ നിക്ഷേപം നടത്തിയിട്ടില്ല.

(സി) സാമൂഹ്യ പ്രതിബദ്ധതായിനത്തിൽ താഴെപ്പറയുന്ന 2 വിഭാഗക്കാർക്ക് സൗജന്യ പാസ്സ് നൽകുന്നതിനുള്ള ബാധ്യത കോർപ്പറേഷന് തിരിച്ചു നൽകാമെന്ന് സർക്കാർ ഉറപ്പ് നൽകിയിട്ടുണ്ട്.

1. ബുദ്ധിമാന്ദ്യമുള്ള ആളുകൾക്കും അവരോടൊപ്പം യാത്ര ചെയ്യുന്ന ഒരാൾക്കും.
2. സെറിബ്രൽ പാൾസി രോഗിക്കും അവരോടൊപ്പം യാത്രചെയ്യുന്ന ഒരാൾക്കും

ഈ രണ്ട് വിഭാഗങ്ങൾക്ക് സൗജന്യം നൽകിയതിന് കെ.എസ്.ആർ.ടി.സി.യുടെ കണക്കുകൾ പ്രകാരം 14.84 കോടി രൂപയാണ് നഷ്ടമുണ്ടായിരിക്കുന്നത്.

എന്നാൽ സാമൂഹ്യബാധ്യതയിനത്തിൽ കെ.എസ്.ആർ.ടി.സി. കണക്കാക്കിയ തുകയ്ക്കും ഉപരിയായി ധനസഹായങ്ങൾ കെ.എസ്.ആർ.ടി.സി.ക്ക് താഴെപ്പറയും പ്രകാരം സർക്കാർ നൽകിയിട്ടുണ്ട്:

1. കെ.എസ്.ആർ.ടി.സി.ക്ക് ഓരോ വർഷവും നോൺ-പ്ലാൻ ഇനത്തിൽ ബഡ്ജറ്റിൽ സർക്കാർ ധനസഹായം വകയിരുത്താറുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ 180 കോടി രൂപ വകയിരുത്തുകയുണ്ടായി.

2. 31-3-2008 വരെയുള്ള വെഹിക്കിൾ ടാക്സ് കുടിശ്ശികയായ 622.83 കോടി രൂപ സർക്കാർ എഴുതിത്തള്ളുകയുണ്ടായി.

3. 1-4-2008 മുതൽ 31-3-2014 വരെ സർക്കാർ കെ.എസ്.ആർ.ടി.സി.ക്ക് അനുവദിച്ച് നൽകിയ വായ്പാത്തുകയായ 1090.75 കോടി രൂപ കെ.എസ്.ആർ.ടി.സി.യിൽ സർക്കാർ ഓഹരിയാക്കി മാറ്റുവാനും പലിശയും പിഴപ്പലിശയും എഴുതിത്തള്ളുവാനും തത്വത്തിൽ തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ബാധിക്കാനിടയുണ്ട്. എന്നാൽ കേരളത്തിലെ ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലോട്ടുള്ള സർവ്വീസുകൾ നടത്തുന്നതിനുള്ള അവകാശം കെ.എസ്.ആർ.ടി.സി.ക്ക് മാത്രമായി നിജപ്പെടുത്തുകയുണ്ടായി. അതിൻപ്രകാരം കെ.എസ്.ആർ.ടി.സി. ഇതിനകം 185 സ്വകാര്യ സൂപ്പർ ക്ലാസ്സ് റൂട്ടുകൾ ഏറ്റെടുത്ത് കഴിഞ്ഞിട്ടുണ്ട്.

(ഇ) കെ.എസ്.ആർ.ടി.സി.യെ പുനരുജ്ജീവിപ്പിച്ച് പൊതുമേഖലയിൽ നിലനിർത്തുക എന്നതാണ് സർക്കാർ നിലപാട്. അതിനുവേണ്ടി ഉചിതമായ സാമ്പത്തിക സഹായവും സർക്കാർ കോർപ്പറേഷന് നൽകിവരുന്നു. കൂടാതെ കോർപ്പറേഷന്റെ പുനരുജ്ജീവനത്തിനായി ഒരു പാക്കേജും നടപ്പാക്കിയിട്ടുണ്ട്. സൂപ്പർ ക്ലാസ്സ് സർവ്വീസുകൾ നടത്തുന്നതിനുള്ള അവകാശം കെ.എസ്.ആർ.ടി.സി.ക്ക് മാത്രമായി നിജപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(എഫ്) പ്രതികൂലമായി ബാധിക്കാറുണ്ട്. വിപണി വിലയ്ക്കാണ് കെ.എസ്.ആർ.ടി.സി.യും ഡീസൽ വാങ്ങുന്നത്.

## കെ.എസ്.ആർ.ടി.സി. കണ്ടക്ടർ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം

234 (3341) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. കണ്ടക്ടർ റാങ്ക് ലിസ്റ്റിൽ 2010-ൽ അഡ്വൈസ് ചെയ്ത എത്ര പേരെ നാളിതുവരെ നിയമിച്ചു;

(ബി) അഡ്വൈസ് ചെയ്തിട്ട് നാളിതുവരെ നിയമനം നൽകാത്ത എത്ര പേരുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ കണ്ടക്ടർമാരുടെ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) കെ.എസ്.ആർ.ടി.സി. കണ്ടക്ടർ റാങ്ക് ലിസ്റ്റിൽ 2010-ൽ അഡ്വൈസ് ചെയ്ത മുഴുവൻ ഉദ്യോഗാർത്ഥികൾക്കും നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

(സി) നിലവിൽ ഒഴിവുകളില്ല.

**കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ പൂജ**

235 (3342) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ഒക്ടോബർ മാസത്തിൽ കാസർഗോഡ് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ പ്രേതബാധ ഒഴിപ്പിക്കുന്നതിന്റെ പേരിൽ പൂജ നടത്തിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സംഭവം സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ആരുടെ നേതൃത്വത്തിലാണ് പൂജ സംഘടിപ്പിച്ചത്;

(ഡി) പ്രസ്തുത സംഭവം സംബന്ധിച്ച അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ആർക്കെതിരെയെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ 2015 ഒക്ടോബറിൽ നവരാത്രി ആഘോഷ ങ്ങളോടനുബന്ധിച്ച് പൂജ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഡി) ഉണ്ട്. ആയുധപൂജ നടത്തിയത് തെറ്റിദ്ധാരണാജനകമായി മാധ്യമങ്ങളിൽ വരുവാൻ ഇടയായ സാഹചര്യത്തെ സംബന്ധിച്ച് അന്വേഷണം നടത്തുകയും, ആയുധപൂജ പ്രേതബാധ ഒഴിപ്പിക്കുവാനെന്ന് വ്യാഖ്യാനിക്കത്തക്ക തരത്തിൽ വിപുലമായി നടത്തുകയും, ടി ആയുധപൂജയുടെ ദൃശ്യങ്ങൾ മാധ്യമങ്ങളിൽ

വരുവാൻ ഇടയായത് കോർപ്പറേഷന്റെ സൽപ്പേരിന് കളങ്കം വരുത്തുന്നതാകയാൽ യൂണിറ്റാഫീസർക്കും, പൂജനടത്തുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്ത ഉദ്യോഗസ്ഥനും താക്കീത് നൽകുകയും ചെയ്തിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-സർവ്വീസുകളും ജീവനക്കാരും

236 (3343) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ കെ.എസ്.ആർ.ടി.സി.യിൽ ഓരോ വർഷവും എത്ര പുതിയ ബസ്സുകൾ നിരത്തിലിറക്കി എന്നും ഓരോ വർഷവും സർവ്വീസ് നടത്തിയ ആകെ ബസ്സുകളുടെ എണ്ണവും വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഓരോ വർഷവും എത്ര പുതിയ ബസ്സുകൾ നിരത്തിലിറക്കി എന്നും ഓരോ വർഷവും സർവ്വീസ് നടത്തിയ ആകെ ബസ്സുകളുടെ എണ്ണവും വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം ഓരോ മാസവും റദ്ദാക്കിയ സർവ്വീസുകൾ എത്രയെന്ന് വ്യക്തമാക്കാമോ ;

(ഡി) കഴിഞ്ഞ സർക്കാരിന്റെ അവസാനവർഷം കെ.എസ്.ആർ.ടി.സി.യിൽ എത്ര ജീവനക്കാർ ഉണ്ടായിരുന്നു എന്ന് തസ്തിക തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ഇ) 2015 വർഷം കെ.എസ്.ആർ.ടി.സി.യിൽ എത്ര ജീവനക്കാർ ഉണ്ട്; തസ്തിക തിരിച്ച് വിശദീകരിക്കാമോ;

(എഫ്) 2015-16 വർഷം ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പിടിച്ചെടുത്ത എൽ.ഐ.സി. പ്രീമിയം, വായ്പാ ഗഡുക്കൾ, പെൻഷൻ കുടിശ്ശിക എന്നീ ഓരോ ഇനത്തിലും എത്ര തുക കെ.എസ്.ആർ.ടി.സി. നല്കാൻ ഉണ്ട്; വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) 212 JNNURM ഉൾപ്പെടെ 2937 ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്. വർഷം തിരിച്ചുള്ള ഇന വിവരം ചുവടെ ചേർക്കുന്നു:

| *വർഷം* | *RTC* | *ജൻറം* | *ആകെ* |
|---|---|---|---|

| | | | |
|---|---|---|---|
| 2006 | 29 | | 29 |
| 2007 | 257 | | 257 |
| 2008 | 832 | | 832 |
| 2009 | 812 | 15 | 827 |
| 2010 | 698 | 100 | 798 |
| 2011 | 97 | 97 | 194 |
| ആകെ | 2725 | 212 | 2937 |

ഓരോ വർഷവും സർവ്വീസ് നടത്തിയ ആകെ ബസ്സുകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| *വർഷം* | *പ്രതിദിന ശരാശരി എണ്ണം (KSRTC)* |
|---|---|
| 2006 | 3629 |
| 2007 | 3491 |
| 2008 | 3885 |
| 2009 | 4328 |
| 2010 | 4573 |

(ബി) 390 JNNURM ബസ്സുകൾ ഉൾപ്പെടെ 2161 ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്.

| *വർഷം* | *RTC* | *ജൻറം* | *ആകെ* |
|---|---|---|---|
| 2011 | 115 | 71 | 186 |
| 2012 | 541 | 29 | 570 |
| 2013 | 356 | 8 | 364 |
| 2014 | 56 | 0 | 56 |
| 2015 | 615 | 282 | 897 |
| 2016 | 88 | 0 | 88 |
| ആകെ | 1771 | 390 | 2161 |

ഓരോ വർഷവും സർവ്വീസ് നടത്തിയ ആകെ ബസ്സുകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| *വർഷം* | *പ്രതിദിന ശരാശരി എണ്ണം* | |
|---|---|---|
| | *KSRTC* | *KURTC* |
| 2011 | 4720 | 240 |
| 2012 | 4833 | 244 |
| 2013 | 4674 | 233 |
| 2014 | 4643 | 219 |
| 2015 | 4512 | 296 |

(സി) കെ.എസ്.ആർ.ടി.സി. പൂർണ്ണമായും ഒരു സർവ്വീസും റദ്ദാക്കിയിട്ടില്ല. ബസ്സിന്റേയും ജീവനക്കാരുടേയും കുറവുമൂലം വരുമാനം കുറവുള്ള ചില സർവ്വീസുകൾ ചില ദിവസങ്ങളിൽ റദ്ദാക്കാറുണ്ട്.

(ഡി) തസ്തിക തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർക്കുന്നു.*

(ഇ) 1/2016 പ്രകാരം 34939 ജീവനക്കാരുണ്ട്. തസ്തിക തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർക്കുന്നു.*

(എഫ്) നിലവിൽ കെ.എസ്.ആർ.ടി.സി. പെൻഷൻകാർക്ക് പെൻഷൻ കുടിശ്ശികയിനത്തിൽ തുകയൊന്നും തന്നെ നൽകാനില്ല. ജീവനക്കാരിൽ നിന്നും എൽ.ഐ.സി. പ്രീമിയം ഇനത്തിൽ 2015 ഒക്ടോബർ മാസം മുതൽ ഈടാക്കിയ തുകയായ 4.50 കോടി രൂപ എൽ.ഐ.സി.ക്ക് നൽകിയിട്ടില്ല. വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ജീവനക്കാർ എടുത്തിട്ടുള്ള വായ്പകളുടെ തിരിച്ചടവിലേയ്ക്കായി ശമ്പളത്തിൽ നിന്നും ഈടാക്കിയ തുകയായ 7.50 കോടി രൂപ (2015 ജൂൺ മാസം മുതൽ) ബന്ധപ്പെട്ട ധനകാര്യ സ്ഥാപനങ്ങൾക്ക് നൽകിയിട്ടില്ല.

**കെ.എസ്.ആർ.ടി.സി. ചെയിൻ സർവ്വീസ്**

237 (3344) ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂരിൽ നിന്നും പത്തനംതിട്ട-റാന്നി-എരുമേലിവഴി പൊൻകുന്നത്തേക്കും മുണ്ടക്കയത്തേയ്ക്കും കെ.എസ്.ആർ.ടി.സി. ചെയിൻ സർവ്വീസ് ആരംഭിക്കുമ്പോൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എത്ര ഷെഡ്യൂളുകളായിരുന്ന ഓരോ ഭാഗത്തേയ്ക്കും ഉണ്ടായിരുന്നതെന്ന് അറിയിക്കുമോ; ഇതിനായി എത്ര ബസ്സുകളാണ് വിവിധ ഡിപ്പോകളിൽ നിന്നും അനുവദിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ നിലവിൽ ഈ റൂട്ടുകളിൽ ദിവസേന എത്ര ഷെഡ്യൂളുകൾ ഉണ്ടെന്നും എത്ര ബസ്സുകൾ ഇതിനായി ഉപയോഗിക്കുന്നുണ്ടെന്നും വിശദമാക്കാമോ;

(സി) ലാഭകരമായി സർവ്വീസ് നടത്തിയിട്ടും ഷെഡ്യൂളുകൾ വെട്ടിക്കുറയ്ക്കാനിടയായ സാഹചര്യങ്ങൾ വ്യക്തമാക്കാമോ; ഷെഡ്യൂളുകൾ വെട്ടിക്കുറച്ചതുവഴി ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ട് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പുനലൂർ മുണ്ടക്കയം ചെയിൻ സർവ്വീസിന് 15 ഷെഡ്യൂളുകളാണ് ഉണ്ടായിരുന്നത്. പുനലൂർ നിന്നും 2-ഉം പൊൻകുന്നത്തുനിന്നും 7-ഉം പത്തനംതിട്ടയിൽ നിന്നും 6-ഉം എന്ന രീതിയിൽ സർവ്വീസ് നടത്തുന്നതിനാണ് അനുവാദം നൽകിയിരുന്നത്.

ടി ചെയിൻ സർവ്വീസിനായി പുനലൂർ ഡിപ്പോയ്ക്ക് 2-ഉം പൊൻകുന്നം ഡിപ്പോയ്ക്ക് 7-ഉം പത്തനംതിട്ടയ്ക്ക് 6-ഉം ബസ്സുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) ബസ്സിന്റെ കുറവുമൂലം പൊൻകുന്നം യൂണിറ്റിലെ ഒരു ഷെഡ്യൂൾ താൽക്കാലികമായി നിർത്തി വച്ചിട്ടുണ്ട്. അതോടൊപ്പം ഇതര യൂണിറ്റുകളിലും ബസ്സിന്റെ കുറവുമൂലം ചില ദിവസങ്ങളിൽ ചില ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുവാൻ കഴിയാറില്ല. ടി റൂട്ടിൽ അനുവദിച്ചിട്ടുള്ള 15 ഷെഡ്യൂളുകൾക്ക് 15 ബസ്സുകൾ അനുവദിച്ചിട്ടുണ്ട്.

(സി) ബസ്സിന്റെ കുറവുമൂലമാണ് ചില ദിവസങ്ങളിൽ ചില ഷെഡ്യൂളുകൾ നടത്തുവാൻ കഴിയാതിരിക്കുന്നത്. കൂടുതൽ ബസ് ലഭ്യമാകുന്ന മുറയ്ക്ക് സർവ്വീസ് പൂർണ്ണമായും നടത്തുവാൻ കഴിയുന്നതോടുകൂടി ജനങ്ങൾക്ക് ഉണ്ടാകുന്ന യാത്രാക്ലേശം പൂർണ്ണമായും പരിഹരിക്കുവാൻ കഴിയുമെന്ന് കരുതുന്നു.

## കെ.എസ്.ആർ.ടി.സി. കണ്ടക്ടർ നിയമനം

238 (3345) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. കണ്ടക്ടർ നിയമനത്തിന് അഡ്വൈസ് മെമ്മൊ ലഭിച്ച് ഒരു വർഷമായിട്ടും നിയമനം ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ; എത്രപേർക്ക് ഇനി നിയമനം ലഭിക്കാനുണ്ട് എന്നറിയിക്കാമോ;

(ബി) ഇവർക്ക് എന്ന് നിയമനം നൽകുമെന്നും എത്ര ഒഴിവുകളാണ് 2016 മാർച്ച് 31-നകം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ?

ഉത്തരം

(എ) 5-11-2011-ൽ റിസർവ് കണ്ടക്ടർമാരുടെ 8140 ഒഴിവുകൾ കെ.എസ്.ആർ.ടി.സി. കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിരുന്നു. കെ.എസ്.ആർ.ടി.സി.യിൽ ഡ്രൈവർമാരുടേയും, കണ്ടക്ടർമാരുടെയും ഒഴിവുകൾ നിശ്ചയിക്കുന്നതും ഓപ്പറേറ്റ് ചെയ്യുന്നതും പ്രാബല്യത്തിലുള്ളതുമായ ഷെഡ്യൂളുകൾക്ക് അനുസൃതമായിട്ടാണ്. ആയതനുസരിച്ച് കെ.എസ്.ആർ.ടി.സി.യിൽ 3808 റിസർവ് കണ്ടക്ടർമാരുടെ ഒഴിവുകളാണ് യഥാർത്ഥത്തിൽ ഉണ്ടായിരുന്നത്. ആയതിൽ തന്നെ 1257 എണ്ണം നേരത്തെ കമ്മീഷൻ അഡ്വൈസ് ചെയ്തവർ ജോലിക്ക് ചേരാതിരുന്നതുമൂലം ഉണ്ടായ ഒഴിവുകളാണ്. ഈ ഒഴിവുകളെ സംബന്ധിച്ച് നേരത്തെ തന്നെ കോർപ്പറേഷൻ പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിച്ചിരുന്നതുമാണ്. സ്ഥിരമായി ഓടിക്കുന്ന ഷെഡ്യൂളുകൾക്ക് പകരം പല കാരണങ്ങളാൽ ഒരിക്കലും ഓടിക്കാത്തതും സ്ഥിരമായി ക്യാൻസൽ ചെയ്യുന്നതുമായ ഷെഡ്യൂളുകളും, തുടർ വർഷങ്ങളിൽ തുടങ്ങാൻ സാധ്യതയുള്ള ഷെഡ്യൂളുകളും കണക്കിലെടുത്താണ് ഒഴിവുകളുടെ എണ്ണം നിർണ്ണയിച്ചതും ആയത് കമ്മീഷനെ അറിയിച്ചിട്ടുള്ളതും. കമ്മീഷൻ അഡ്വൈസ് ചെയ്തതും അഡ്വൈസ് ചെയ്തിട്ടും ജോലിക്ക് ചേരാതിരുന്നതുമായ ഒഴിവുകളും ഈ ഒഴിവുകളോടൊപ്പം കൂട്ടി തെറ്റായ രീതിയിൽ കണക്കെടുപ്പ് നടത്തിയതുമൂലം സംഭവിച്ച പിശകുമൂലമാണ് ഇത്രയും അധികം എണ്ണം ഒഴിവുകൾ കമ്മീഷനെ അറിയിക്കാനിടയായിട്ടുള്ളത്. തെറ്റായി റിപ്പോർട്ട് ചെയ്ത 8140 ഒഴിവുകളിലേക്ക് നിയമന ശിപാർശ നൽകരുതെന്നും യഥാർത്ഥത്തിൽ ഒഴിവുള്ള റിസർവ് കണ്ടക്ടർമാരുടെ 3808 തസ്തികകളിലേക്ക് മാത്രം നിയമന ശിപാർശ നൽകുവാൻ നടപടി സ്വീകരിക്കാവൂ എന്നും കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷനോട് കോർപ്പറേഷനും, ഗവൺമെന്റും അഭ്യർത്ഥിച്ചുവെങ്കിലും ആയത് നിരസിച്ചുകൊണ്ട് കമ്മീഷൻ 9300 പേർക്ക് നിയമന ശിപാർശ നൽകുകയാണുണ്ടായത്. അഡ്വൈസ് ലഭിച്ച 9300 പേരിൽ 8750 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. ബാക്കിയുള്ള 550 പേർക്ക് നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്.

(ബി) നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നിയമന ഉത്തരവ് നൽകുന്നതാണ്. 2016 മാർച്ച് 31-നകം റിപ്പോർട്ട് ചെയ്യാൻ ഒഴിവുകളൊന്നും ഇല്ല.

**കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻ കുടിശ്ശിക**

239 (3346) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻകാർക്ക് എത്ര മാസത്തെ പെൻഷൻ ഇനിയും നൽകുവാനുണ്ട്; കുടിശ്ശിക എന്നത്തേക്ക് കൊടുത്തുതീർക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) പെൻഷൻ മുടങ്ങുന്നതുകൊണ്ട് പലരും ബുദ്ധിമുട്ടിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;കുടിശ്ശികയില്ലാതെ പെൻഷൻ വിതരണം ചെയ്യുന്നതിന് സമഗ്രമായ നയം പ്രഖ്യാപിക്കുമോ?

ഉത്തരം

(എ & ബി) നിലവിൽ കെ.എസ്.ആർ.ടി.സി.യിൽ പെൻഷൻ കുടിശ്ശികയില്ല. കെ.എസ്.ആർ.ടി.സി.യിൽ 2015 ഏപ്രിൽ മാസം മുതൽ പെൻഷൻ കൃത്യമായി നൽകുന്നതിനായി പെൻഷൻ ഫണ്ട് രൂപീകരിക്കുകയുണ്ടായി. ഇതിനായി ഓരോ മാസവും കെ.എസ്.ആർ.ടി.സി. ട്രഷറിയിൽ നിക്ഷേപിക്കുന്ന തുകയ്ക്ക് ആനുപാതികമായ തുക Non Plan വിഹിതമായി (പ്രതിമാസം പരമാവധി 20 കോടി രൂപ) സർക്കാർ നൽകുവാനും തീരുമാനമെടുത്തിട്ടുണ്ട്. ഇത്തരത്തിൽ പെൻഷൻ ഫണ്ട് രൂപീകരിച്ചത് വഴി പെൻഷൻ കൃത്യമായി വിതരണം ചെയ്തു വരികയാണ്.

**കെ.എസ്.ആർ.ടി.സി.യിലെ എം-പാനൽ ജീവനക്കാർ**

240 (3347) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ എത്ര എം-പാനൽ ജീവനക്കാർ ജോലി ചെയ്തുവരുന്നുണ്ട് എന്ന് അറിയിക്കുമോ;

(ബി) ഇവരെ സ്ഥിരപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ;

(സി) പലർക്കും മറ്റൊരു ജോലിക്ക് അപേക്ഷിക്കുവാനുള്ള പ്രായപരിധി അധികരിച്ചിട്ടുള്ളതിനാൽ ഒരു മനുഷ്യാവകാശ പ്രശ്നമായി കണ്ട് ഇക്കാര്യത്തിൽ അടിയന്തരമായി നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 01/2016 പ്രകാരം കെ.എസ്.ആർ.ടി.സി.യിൽ 10871 എം-പാനൽ ജീവനക്കാർ ജോലി ചെയ്തു വരുന്നുണ്ട്.

(ബി & സി) നിലവിൽ കെ.എസ്.ആർ.ടി.സി.യിലേ ഭൂരിഭാഗം തസ്തികകളിലേക്കുമുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളതിനാൽ താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**റോഡ് സുരക്ഷാ അതോറിറ്റി**

241 (3348) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 കലണ്ടർ വർഷത്തിൽ സംസ്ഥാനത്ത് എത്ര വാഹനാപകടങ്ങൾ നടന്നിട്ടുണ്ട്; മരിച്ചവരുടെയും പരിക്കുപറ്റിയവരുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിവിധ വകുപ്പുകളുടെ ഏകോപനം ഇക്കാര്യത്തിൽ ഉണ്ടായിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) സംസ്ഥാന റോഡ് സുരക്ഷാ അതോറിറ്റി ഇക്കാര്യത്തിൽ എന്ത് സംഭാവനയാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) റോഡ് സുരക്ഷാ അതോറിറ്റിക്ക് അനുവദിച്ച തുക വകമാറ്റി ചെലവഴിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) 2015 കലണ്ടർ വർഷത്തിൽ 39014 വാഹനാപകടങ്ങൾ നടന്നിട്ടുണ്ട്. 4196 പേർ മരണമടയുകയും 43735 പേർക്ക് പരിക്കു പറ്റുകയുമുണ്ടായി.

(ബി) റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിനായി പോലീസ് വകുപ്പും മോട്ടോർ വാഹന വകുപ്പും സംയുക്തമായി പരിശോധനകൾ നടത്തിവരുന്നു. കൂടാതെ ഗുരുതര സ്വഭാവമുള്ള അപകടങ്ങളുടെ കണക്കുകൾ ശേഖരിക്കുകയും ആയതിന്റെ കാരണങ്ങളെപ്പറ്റി വിശദമായ അന്വേഷണം നടത്തിയും മൂന്നിലധികം വാഹനാപകടമരണങ്ങൾ

സംഭവിക്കുന്ന സ്ഥലങ്ങൾ ബ്ലാക്ക് സ്പോട്ട് ആയി അടയാളപ്പെടുത്തി ബന്ധപ്പെട്ട സബ് ഡിവിഷണൽ പോലീസ് ഓഫീസർ, ജോയിന്റ് ആർ.ടി.ഒ., പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ പരിശോധന നടത്തി ഈ സ്ഥലങ്ങളിൽ വാഹനാപകടം ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ചും വിദ്യാഭ്യാസ വകുപ്പും, മോട്ടോർ വാഹനവകുപ്പുമായി സഹകരിച്ച് ഡ്രൈവർമാർക്കും പ്രത്യേകിച്ച് സ്കൂൾ ബസ്സ് ഓടിക്കുന്ന ഡ്രൈവർമാർക്കും, കോളേജുകൾ, സ്കൂളുകൾ കേന്ദ്രീകരിച്ച് എസ്.പി.സി., എസ്.പി.ജി. കേഡറ്റുകൾ രൂപീകരിച്ച് കുട്ടികൾക്കും അദ്ധ്യാപകർക്കുവേണ്ടിയും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നുണ്ട്. സുരക്ഷാ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിന് വേണ്ടി ഹൈവേ ജാഗ്രതാ സമിതികൾ, റോഡ് സേഫ്റ്റി ക്ലബ്ബുകൾ എന്നിവ രൂപീകരിച്ചിട്ടുണ്ട്. പോലീസ്, പൊതുമരാമത്ത്, മോട്ടോർ വാഹനം, ആരോഗ്യം, വിദ്യാഭ്യാസം എന്നീ വകുപ്പുകൾ മുഖേനയും നാറ്റ്പാക്ക്, കെൽട്രോൺ തുടങ്ങിയ ഏജൻസികൾ മുഖേനയും കേരളാ റോഡ് സുരക്ഷാ അതോറിറ്റി റോഡ് സുരക്ഷാ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. കൂടാതെ റോഡ് സുരക്ഷാ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിന് ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളും ഉപയോഗപ്പെടുത്തുന്നുണ്ട്.

(സി) അനുബന്ധമായി ചേർക്കുന്നു.+

(ഡി) ഇല്ല.

## കേരള അർബൻ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

242 (3349) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.യു.ആർ.ടി.സി.യുടെ ലാഭനഷ്ടം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്രയാണ്;

(ബി) കെ.യു.ആർ.ടി.സി.യിൽ പുതിയ തസ്തികകൾ സൃഷ്ടിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(സി) കെ.എസ്.ആർ.ടി.സി.യിലെ ജീവനക്കാരെത്തന്നെ കെ.യു.ആർ.ടി.സി.യിൽ വിന്യസിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ;

(ഡി) പുതിയ തസ്തികകൾ സൃഷ്ടിക്കുവാനുള്ള തീരുമാനം ഈ കോർപ്പറേഷന് അധിക ബാധ്യത സൃഷ്ടിക്കുമെന്ന് കരുതുന്നുണ്ടോ;

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) കെ.യു.ആർ.ടി.സി.യുടെ നടത്തിപ്പിൽ കെ.എസ്.ആർ.ടി.സി.ക്ക് ഉണ്ടായതുപോലുള്ള അധികബാധ്യത ഉണ്ടാകാതിരിക്കാൻ ജാഗ്രത പുലർത്തുമോ ?

ഉത്തരം

(എ) 2013-14 വരെയുള്ള കണക്കുപ്രകാരം കെ.യു.ആർ.ടി.സി.യുടെ സഞ്ചിത നഷ്ടം 413.25 ലക്ഷം രൂപയാണ്. 2014-15 വർഷത്തെ കണക്കുകൾ പൂർത്തിയായി വരുന്നതേയുള്ളൂ.

(ബി) കെ.യു.ആർ.ടി.സി.യിൽ ആറ് മേഖലാ ഓഫീസർ, ഒരു വർക്ക്സ് മാനേജർ, ഒരു അക്കൗണ്ട്സ് ഓഫീസർ, ഒരു കമ്പനി സെക്രട്ടറി എന്നിങ്ങനെ ആകെ ഒൻപത് തസ്തികകൾ താൽക്കാലികമായി സൃഷ്ടിക്കുവാനും ടി തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനും 28-9-2015-ൽ കൂടിയ കെ.യു.ആർ.ടി.സി.യുടെ നാലാമത് ഡയറക്ടർ ബോർഡ് യോഗം തീരുമാനിച്ചിട്ടുണ്ട്.

(സി) ഇല്ല. ഇപ്പോൾ കെ.എസ്.ആർ.ടി.സി.യിലെ ജീവനക്കാരെ തന്നെയാണ് കെ.യു.ആർ.ടി.സി.ലും വിന്യസിച്ചിരിക്കുന്നത്.

(ഡി) ഉണ്ട്.

(ഇ) അധിക ബാധ്യത ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ്.

**വാഹന അപകടങ്ങൾ**

243 (3350) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് എത്ര വാഹനങ്ങൾ ഓരോ വർഷവും പുതുതായി രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) അപകടങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ പൊതുജനങ്ങൾക്ക് പ്രയോജനകരമായ പദ്ധതികൾ നിലവിലുണ്ടോയെന്ന് അറിയിക്കുമോ;

(സി) വാട്സ് ആപ്പ് വഴി പരാതികൾ സ്വീകരിക്കുന്ന സംവിധാനം നിലവിലുണ്ടോ; എങ്കിൽ മൊബൈൽ ഫോൺ നമ്പർ അറിയിക്കുമോ?

ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു.*

(ബി) വാഹന അപകടങ്ങൾ നടന്നാൽ പോലീസ് കൺട്രോൾ റൂം, ക്രൈം സ്റ്റോപ്പർ, ഹൈവേ ജാഗ്രതാ സമിതികൾ, ഡ്രൈവേഴ്സ് യൂണിയനുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, റോഡ് സേഫ്റ്റി ക്ലബ്ബുകൾ, എന്നിവയും മറ്റ് സന്നദ്ധ സംഘടനകൾക്കും അപകട വിവരം റിപ്പോർട്ട് ചെയ്യുന്നതിനായി ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിവരുന്നു. ഹൈവേ പട്രോളിംഗ് ട്രാഫിക് ഹെൽപ്പ് ലൈൻ എന്നിവിടങ്ങളിലേക്ക് ടോൾഫ്രീയായും ഇ-മെയിൽ, വാട്സ് ആപ്പ് തുടങ്ങിയ നൂതന മാധ്യമങ്ങൾ മുഖേനയും 9846100100 എന്ന ഹൈവേ അലർട്ട് നമ്പരിലേക്കും 100, 1099, 1090 എന്നീ ടോൾഫ്രീ നമ്പരുകളിലേക്കും വാഹനാപകട വിവരങ്ങൾ റിപ്പോർട്ട് ചെയ്യാൻ പൊതുജനങ്ങൾക്ക് സൗകര്യമുണ്ട്.

(സി) വാട്സ് ആപ്പ് വഴി പരാതി സ്വീകരിക്കുന്ന സംവിധാനം നിലവിലുണ്ട്. ബന്ധപ്പെട്ട അതാത് ജില്ലാ പോലീസ് മേധാവികൾ, സബ് ഡിവിഷണൽ പോലീസ് ഓഫീസർമാർ, ഇൻസ്പെക്ടർ ഓഫ് പോലീസ്, സ്റ്റേഷൻ ഹൗസ് ഓഫീസർമാർ എന്നിവരുടെ മൊബൈൽ ഫോണിലൂടെയും 9747001099 എന്ന നമ്പരിലൂടെയും പരാതികൾ അയയ്ക്കാൻ സംവിധാനമുണ്ട്. 8547639000 എന്ന നമ്പരിലാണ് മോട്ടോർ വാഹന വകുപ്പിൽ കേന്ദ്രീകൃതമായി പരാതികൾ സ്വീകരിക്കുന്നത്.

## ആലപ്പുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ഷെഡ്യൂളുകൾ

244 (3351) <u>ശ്രീ. ജി. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ബസ്സുകളുടെ കുറവുകാരണം ഷെഡ്യൂളുകൾ വെട്ടിക്കുറച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം ഷെഡ്യൂളുകളാണ് വെട്ടിക്കുറച്ചിട്ടുള്ളത് ; എത്ര ബസ്സുകളുടെ കുറവാണ് ഡിപ്പോയിലുള്ളത് ; വിശദമാക്കാമോ;

(ബി) ആലപ്പുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഡ്രൈവർമാരുടെയും കണ്ടക്ടർമാരുടെയും അനുവദനീയ തസ്തികകൾ എത്ര; നിലവിൽ എത്ര പേർ ജോലി ചെയ്യുന്നു; എത്ര ഒഴിവുകളുണ്ട്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ബസ്സുകളുടെ കുറവ് കാരണം ഒരു ഷെഡ്യൂളും പൂർണ്ണമായി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിർത്തലാക്കിയിട്ടില്ല. 106 ഷെഡ്യൂളുകൾ നടത്തുന്നതിനാണ് ആലപ്പുഴ യൂണിറ്റിന് അനുവാദം നൽകിയിട്ടുള്ളത്. ഇതിൽ പ്രതിദിനം ശരാശരി 81 ഷെഡ്യൂളുകൾ ആലപ്പുഴ നിന്നും നടത്തുന്നുണ്ട്. ബസ്സുകളുടെ കുറവ് കാരണം വരുമാനക്കുറവുള്ള ചില ഷെഡ്യൂളുകൾ ചില ദിവസങ്ങളിൽ നടത്തുവാൻ കഴിയാറില്ല.

നിലവിൽ സ്പെയർ ബസ്സുകൾ ഉൾപ്പെടെ ഒരു ഫാസ്റ്റ് പാസഞ്ചർ ബസിന്റേയും 16 ഓർഡിനറി ബസ്സുകളുടേയും കുറവുണ്ട്. പുതിയ ബസ്സുകൾ നിരത്തിലിറങ്ങുന്ന മുറയ്ക്ക് കുറവുള്ള ബസ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

(ബി) ആലപ്പുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഡ്രൈവർമാരുടെ 263 അനുവദനീയമായ തസ്തികകളും, കണ്ടക്ടർമാരുടെ 233 അനുവദനീയമായ തസ്തികകളും നിലവിലുണ്ട്. നിലവിൽ 218 സ്ഥിരം കണ്ടക്ടർമാരും 261 സ്ഥിരം ഡ്രൈവർമാരും ഉണ്ട്. കണ്ടക്ടർമാരുടെ 15 ഒഴിവുകളും ഡ്രൈവർമാരുടെ 2 ഒഴിവുകളും ഉണ്ട്.

## റദ്ദാക്കിയ ബസ്സ് സർവ്വീസുകൾ

245 (3352) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ ആറുമാസത്തിനുള്ളിൽ പാപ്പനംകോട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും, നേമം നിയോജക മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലേക്കുള്ള എത്ര ബസ്സ് സർവ്വീസുകൾ റദ്ദാക്കിയിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും റദ്ദാക്കിയതിനുള്ള കാരണം എന്താണെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

ഒരു സർവ്വീസും സ്ഥിരമായി റദ്ദാക്കിയിട്ടില്ല. റദ്ദാക്കിയ സർവ്വീസുകൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

## കൊട്ടാരക്കര ഡിപ്പോയിൽ നിന്നും പുതിയ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ

246 (3353) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര ഡിപ്പോയിൽ നിന്നും പുതിയ കെ.എസ്.ആർ.ടി.സി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള സാധ്യത ആരാഞ്ഞുകൊണ്ടുള്ള കൊട്ടാരക്കര നിയോജകമണ്ഡലം എം.എൽ.എ.യുടെ എത്ര കത്തുകൾ കെ.എസ്.ആർ.ടി.സി.യുടെ പരിഗണനയിൽ ഉണ്ട്;

(ബി) ഓരോ കത്തിലും സ്വീകരിച്ച തുടർ നടപടികൾ വിശദമാക്കുമോ;

(സി) എത്ര സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ടെന്നും സർവ്വീസുകൾ ആരംഭിക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 8 എണ്ണം.

(ബി) എല്ലാ കത്തുകളും പരിശോധനക്ക് വിധേയമാക്കിയിട്ടുണ്ട്. ബഹു. എം.എൽ.എ. ആവശ്യപ്പെട്ട ഒരു റൂട്ടിന്റെ സാധ്യതാപഠന റിപ്പോർട്ട് ലഭ്യമായിട്ടുണ്ടെങ്കിലും ബസ്സിന്റെ കുറവ് കാരണം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. ഇതര കത്തുകളിൽ ആവശ്യപ്പെട്ടിട്ടുള്ളത് ബസ്സുകളുടെ കുറവ് കാരണം നിർത്തി വച്ചിട്ടുള്ള ഷെഡ്യൂളുകളുടെ ട്രിപ്പുകളാണ്. ഇവ പുനഃക്രമീകരിച്ച് നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്.

(സി) 5.45-നുള്ള കൊട്ടാരക്കര-ഇടക്കോട്, 7.00 മണിക്കുള്ള കൊട്ടാരക്കര-കൊട്ടിയം എന്നീ രണ്ട് സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. ഇതര സർവ്വീസുകൾ പുനഃക്രമീകരിച്ച് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്.

## ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോ

247 (3354) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്തിരുന്ന ബസ്സുകൾ എത്രയെന്നും ഇതിനായി എത്ര ബസ്സുകൾ ഡിപ്പോയ്ക്ക് നൽകിയിരുന്നുവെന്നും എത്ര ജീവനക്കാരെ ഡിപ്പോയിൽ നിയമിച്ചിരുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) നിലവിൽ ഓപ്പറേറ്റ് ചെയ്യുന്ന ബസ്സുകൾ എത്രയെന്നും ഇതിലേയ്ക്ക് എത്ര ബസുകളും എത്ര ജീവനക്കാരെയും നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഡിപ്പോയിൽ ബസ്സുകളുടെയും ജീവനക്കാരുടെയും കുറവ്

നിമിത്തം ഷെഡ്യൂളുകൾ ക്യാൻസൽ ചെയ്യുന്ന വിവരം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിലേയ്ക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ചാത്തന്നൂർ ഡിപ്പോയിൽ ഫാസ്റ്റ്, ഓർഡിനറി, മിനി ബസ്സ് എന്നീ ഇനങ്ങളിൽ 50 ഷെഡ്യൂളുകളിലായി 56 ബസ്സുകൾ അനുവദിച്ചിട്ടുണ്ട്.

1-5-2011-ലെ കണക്ക് പ്രകാരം 171 കണ്ടക്ടർമാരെയും 128 ഡ്രൈവർമാരെയും 33 മെക്കാനിക്കുകളെയും ചാത്തന്നൂർ ഡിപ്പോയിൽ നിയമിച്ചിരുന്നു.

(ബി) നിലവിൽ 3 ജെൻറം സർവ്വീസ് ഉൾപ്പെടെ 62 ഷെഡ്യൂളുകളിലായി 60 ബസ്സുകൾ അനുവദിച്ചിട്ടുണ്ട്.

നിലവിൽ 154 കണ്ടക്ടർമാരേയും 137 ഡ്രൈവർമാരെയും 22 മെക്കാനിക്കുകളെയും നൽകിയിട്ടുണ്ട്.

(സി) മതിയായ യാത്രക്കാരെ ലഭിക്കാതെ വരുമാനക്കുറവുള്ള ഷെഡ്യൂളുകൾ ബസ്സിന്റെ കുറവുമൂലം പ്രസ്തുത ഡിപ്പോയിൽ താൽക്കാലികമായി റദ്ദാക്കാറുണ്ട്. നിലവിൽ സ്പെയർ ബസ്സുകൾ ഉൾപ്പെടെ 7 ഓർഡിനറി ബസ്സുകളുടെ കുറവുണ്ട്. പുതിയ ബസ്സുകൾ നിരത്തിലിറങ്ങുന്ന മുറയ്ക്ക് കുറവുള്ള ബസ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

ചാത്തന്നൂർ ഡിപ്പോയിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**അന്തർ സംസ്ഥാന ടൂറിസ്റ്റ് ലക്ഷ്വറി ബസ്സുകളുടെ അപകടം**

248 (3355) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാത്രികാലങ്ങളിൽ അന്തർസംസ്ഥാന സർവ്വീസ് നടത്തുന്ന ടൂറിസ്റ്റ് ലക്ഷ്വറി ബസ്സുകൾ അപകടത്തിൽപ്പെടുന്നത് വർദ്ധിച്ചുവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രാത്രി സർവ്വീസ് നടത്തുന്ന ബസ്സുകളിൽ രണ്ട് ഡ്രൈവർമാർ വേണമെന്ന മോട്ടോർ വാഹനചട്ടങ്ങളിലെ നിബന്ധന പലപ്പോഴും പാലിക്കപ്പെടുന്നില്ലെന്നത്

പരിശോധിച്ചിട്ടുണ്ടോ;

(സി) ഈ നിബന്ധന കർശനമായി പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്.

(സി) സ്വീകരിക്കുന്നുണ്ട്. മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ റോഡിൽ വാഹനപരിശോധന നടത്തുന്ന വേളയിൽ ഈ വിഷയം കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താറുണ്ട്.

## സൂപ്പർക്ലാസ്സ് പെർമിറ്റ് റൂട്ടുകൾ

249 (3356) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബസ്റൂട്ടുകളിൽ സൂപ്പർക്ലാസ്സ് പെർമിറ്റ് റൂട്ടുകളായി എത്രയെണ്ണമാണ് നിശ്ചയിച്ചിട്ടുള്ളത്; അവയേതൊക്കെ;

(ബി) പ്രസ്തുത റൂട്ടുകളിൽ സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് നിശ്ചയിച്ചുകൊണ്ട് എന്നാണ് സർക്കാർ ഉത്തരവായത്; ഈ ഉത്തരവ് സർക്കാർ പുനഃപരിശോധിച്ചിട്ടുണ്ടോ; അതിൻപ്രകാരം സ്വകാര്യ ബസ്സുകൾക്കും തുടർന്നും പെർമിറ്റ് അനുവദിച്ചിട്ടുണ്ടോ;

(സി) സർക്കാർ തീരുമാനം മാറ്റി സ്വകാര്യ ബസ്സുകൾക്ക് വീണ്ടും പെർമിറ്റ് നൽകാൻ തീരുമാനിച്ചത് എന്തുകൊണ്ട്; വ്യക്തമാക്കുമോ; ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും കോടതിയിൽ കേസ്സുണ്ടോ; കേസിൽ വിധി വന്നിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) സൂപ്പർ ക്ലാസ് റൂട്ടുകളിൽ പുതുതായി എത്ര റൂട്ടുകളിലാണ് കെ.എസ്.ആർ.ടി.സി. സർവ്വീസ് ആരംഭിക്കാത്തത്, കാരണം വ്യക്തമാക്കുമോ;

(ഇ) നിലവിൽ സൂപ്പർ ക്ലാസ്സ് പെർമിറ്റ് റൂട്ടുകളിൽ എല്ലാംതന്നെ സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. സർവ്വീസുകളുടെ സമാന്തരമായി സ്വകാര്യബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ടോ; ഇത് കെ.എസ്.ആർ.ടി.സി.യുടെ വരുമാനത്തെ ബാധിക്കാറില്ലേ; ഇത്തരം കേസ്സുകളിൽ എന്തു നിലപാടാണ് സ്വീകരിക്കുന്നത്?

<u>ഉത്തരം</u>

(എ) ബസ് റൂട്ടുകളെ സൂപ്പർ ക്ലാസ്സ് പെർമിറ്റ് റൂട്ടുകളായി തരം തിരിച്ചിട്ടില്ല. എന്നാൽ ബസ് സർവീസുകളിൽ ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ്, എക്സ്പ്രസ്, സൂപ്പർ എക്സ്പ്രസ്, ഡീലക്സ്, സൂപ്പർ ഡീലക്സ് എന്നീ സർവീസുകളെയാണ് സൂപ്പർ ക്ലാസ്സ് സർവീസുകൾ എന്ന് കണക്കാക്കുന്നത്. കെ.എസ്.ആർ.ടി.സി. ഇത്തരത്തിലുള്ള 1165 സർവീസുകൾ നടത്തിവരുന്നുണ്ട്. കൂടാതെ മുൻപ് പെർമിറ്റ് നല്കിയിട്ടുള്ളതും പെർമിറ്റ് കാലാവധി അവസാനിക്കാത്തതുമായ 49 സ്വകാര്യ സൂപ്പർക്ലാസ്സ് സർവീസുകളും സർവീസ് നടത്തി വരുന്നുണ്ട്.

(ബി & സി) ഓർഡിനറി ബസുകൾക്ക് 140 കിലോമീറ്റർ വരെ സർവ്വീസ് നടത്താം. മോട്ടോർ വാഹന ചട്ടങ്ങളിലെ ചില പഴുതുകൾ ഉപയോഗിച്ച് 70 കിലോമീറ്ററിന് മുകളിൽ റൂട്ട് ദൈർഘ്യമുള്ള സ്വകാര്യ ഓർഡിനറി പെർമിറ്റുകൾ ഫാസ്റ്റ്പാസഞ്ചർ മുതൽ മുകളിലോട്ടുള്ള സർവ്വീസുകളായി നിരവധി വർഷങ്ങളായി കൺവെർട്ട് ചെയ്തു വരികയായിരുന്നു. എന്നാൽ എല്ലാ സൂപ്പർ ക്ലാസ്സ് സർവീസുകളും മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് 100 പ്രകാരം നിക്ഷിപ്തമായ അധികാരം വിനിയോഗിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി.ക്ക് മാത്രമായി നിജപ്പെടുത്തിക്കൊണ്ട് എസ്.ആർ.ഒ. നമ്പർ 555/13 ആയി സംസ്ഥാന സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. സൂപ്പർ ക്ലാസ്സ് സർവീസുകൾ കെ.എസ്.ആർ.ടി.സി.ക്ക് മാത്രമായി നിജപ്പെടുത്തിയ സർക്കാർ വിജ്ഞാപനം ഇപ്പോഴും നിലനിൽക്കുകയാണ്. അതിൻപ്രകാരം ടി വിജ്ഞാപനം നിലവിൽ വരുന്നതിന് മുൻപ് സൂപ്പർക്ലാസ്സ് പെർമിറ്റ് ലഭ്യമായതും പെർമിറ്റ് കാലാവധി അവസാനിക്കാത്തതുമായ 49 സ്വകാര്യ സൂപ്പർ ക്ലാസ്സ് സർവീസ് പെർമിറ്റുകൾ ഒഴികെയുള്ള എല്ലാ പെർമിറ്റുകളും കെ.എസ്.ആർ.ടി.സി. ഏറ്റെടുക്കുകയുണ്ടായി. പെർമിറ്റ് തീരുന്ന മുറയ്ക്ക് അവയും കെ.എസ്.ആർ.ടി.സി. ഏറ്റെടുക്കുന്നതാണ്. സ്വകാര്യ ഓപ്പറേറ്റർമാർക്ക് പുതുതായി സൂപ്പർക്ലാസ്സ് പെർമിറ്റ് അനുവദിച്ചിട്ടില്ല. എന്നാൽ മുൻപ് സ്വകാര്യ സൂപ്പർക്ലാസ്സ് സർവീസ് ആയി ഓപ്പറേറ്റ് ചെയ്തിരുന്ന പെർമിറ്റുകൾ റൂട്ട് ദൈർഘ്യം കണക്കാക്കാതെ ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി സർവീസ് പെർമിറ്റ് ആക്കി മാറ്റുന്നതിന് അനുമതി നല്കിയിട്ടുണ്ട്. സ്വകാര്യ ഓപ്പറേറ്റർമാരുടെ അവശേഷിക്കുന്ന 49 സൂപ്പർ ക്ലാസ്സ് സർവീസ് പെർമിറ്റുകളും കാലാവധി തീരുന്ന മുറയ്ക്ക് ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി സർവീസ് ആയി മാറ്റുന്നതാണ്. ഇത് സംബന്ധിച്ച് സർക്കാർ

പുറപ്പെടുവിച്ച 20-8-2015-ലെ ഉത്തരവിനെതിരെ ബഹു. കേരള ഹൈക്കോടതിയിൽ കേസുകൾ നിലവിലുണ്ട്. അതിന്റെ വിധി വന്നിട്ടില്ല.

(ഡി) യാത്രക്കാരുടെ ആവശ്യം, ലാഭകരമായി സർവീസ് നടത്തുന്നതിന്റെ പ്രായോഗികവും സാമ്പത്തികവുമായ കാര്യങ്ങൾ തുടങ്ങിയ മാനദണ്ഡങ്ങൾ ക്കനുസൃതമായിട്ടാണ് കെ.എസ്.ആർ.ടി.സി. പുതുതായി സൂപ്പർ ക്ലാസ്സ് സർവീസുകൾ ആരംഭിക്കുന്നത്.

(ഇ) കെ.എസ്.ആർ.ടി.സി. ഏറ്റെടുത്ത സ്വകാര്യ മേഖലയിലെ സൂപ്പർക്ലാസ്സ് സർവീസുകൾ കെ.എസ്.ആർ.ടി.സി.ക്ക് നിലനിർത്തിക്കൊണ്ട് 20-8-2015-ലെ സർക്കാർ ഉത്തരവ് പ്രകാരം നേരത്തെ സ്വകാര്യ ഓപ്പറേറ്റർമാർ ഓപ്പറേറ്റ് ചെയ്തിരുന്ന സൂപ്പർക്ലാസ്സ് പെർമിറ്റുകൾ ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി സർവീസുകളായി കൺവെർട്ട് ചെയ്ത് നടത്തുവാനുള്ള അനുമതി നല്കിയിട്ടുണ്ട്. അവയും കെ.എസ്.ആർ.ടി.സി.ക്കൊപ്പം സർവീസ് നടത്തുന്നുണ്ട്. ഇത്തരം സർവീസുകൾ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റി അനുവദിച്ച നല്കിയ സമയക്രമം പ്രകാരമാണ് സർവീസ് നടത്തുന്നത്. നിലവിലുള്ള സമയക്രമംമൂലം കെ.എസ്.ആർ.ടി.സി-യുടെ വരുമാനത്തിൽ കുറവ് വരുന്നതായി കണ്ടതിനെത്തുടർന്ന് സമയം പുനഃക്രമീ കരിക്കുന്നതിനായി ബന്ധപ്പെട്ട ആർ.ടി.എ.കളിൽ കെ.എസ്.ആർ.ടി.സി. പരാതി നല്കി വരുന്നുണ്ട്. അവ ആർ.ടി.എ.കൾ പരിശോധിച്ച് നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

## കൊയിലാണ്ടിയിൽ കെ.എസ്.ആർ.ടി.സി. ചെയിൻ സർവ്വീസ്

250 (3357) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി പട്ടണത്തിൽ നിന്ന് കിഴക്കൻ ഉൾനാടൻ മലയോര മേഖലകളിലേയ്ക്ക് ആവശ്യത്തിന് ഗതാഗത സൗകര്യം ഇല്ലാത്തത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇതുമൂലം താലൂക്ക് ആസ്ഥാനത്ത് എത്തുന്ന ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊയിലാണ്ടി പട്ടണം കേന്ദ്രീകരിച്ച് കെ.എസ്.ആർ.ടി.സി. ചെയിൻ സർവ്വീസ് ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല. കൊയിലാണ്ടി പട്ടണത്തിൽ നിന്നും കിഴക്കൻ മലയോര മേഖലകളിലേക്ക് കെ.എസ്.ആർ.ടി.സി. ഇപ്പോൾ ആവശ്യത്തിന് സർവ്വീസുകൾ നടത്തി വരുന്നുണ്ട്. പുതിയ ബസ് ലഭ്യമാക്കുന്ന മുറയ്ക്ക് കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം കെ.എസ്.ആർ.ടി.സി. പരിശോധിക്കുന്നതാണ്.

(ബി) കൊയിലാണ്ടി വഴി നിലവിൽ കോഴിക്കോട്-കണ്ണൂർ റൂട്ടിൽ 20 മിനിട്ട് ഇടവേളകളിൽ കെ.എസ്.ആർ.ടി.സി ചെയിൻ സർവ്വീസുകൾ നടത്തി വരുന്നുണ്ട്. പുറമേ കൊയിലാണ്ടി-താമരശ്ശേരി റൂട്ടിൽ 5 ഷെഡ്യൂളുകളും ചെയിൻ സർവ്വീസായി നടത്തുന്നുണ്ട്. ബസ് ലഭ്യമാകുന്ന മുറയ്ക്ക് കൂടുതൽ സർവീസുകൾ ആരംഭിക്കുന്ന കാര്യം കെ.എസ്.ആർ.ടി.സി. പരിശോധിക്കുന്നതാണ്.

## കൊയിലാണ്ടിയിൽ കെ.എസ്.ആർ.ടി.സി.ക്ക് ഓപ്പറേറ്റിംഗ് സെന്റർ

251 (3358) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നഗരം കേന്ദ്രീകരിച്ച് കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ അനുവദിക്കണമെന്ന ആവശ്യം നിരന്തരമായി ഉയർന്നു വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ആവശ്യത്തിന് നിയമസഭാ സാമാജികനിൽ നിന്ന് ലഭിച്ച നിവേദനത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കാമോ;

(ബി) സെന്ററിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കാമെന്ന് കൊയിലാണ്ടി നഗരസഭ അറിയിച്ചിട്ടും സർക്കാരിന്റെ ഭാഗത്തു നിന്ന് അനുകൂല നടപടികൾ ഉണ്ടാകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കോഴിക്കോട് സോണൽ ഓഫീസർ ഈ വിഷയത്തിൽ സർവ്വേ നടത്തി സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിന്റെ വിശദാംശം ലഭ്യമാക്കാമോ; അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) ഉണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.യുടെ കത്തിന്റെ അടിസ്ഥാനത്തിൽ കൊയിലാണ്ടിയിൽ ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കുന്നത് സംബന്ധിച്ച് കെ.എസ്.ആർ.ടി.സി. സാധ്യതാപഠനം നടത്തിയിട്ടുണ്ട്. കൊയിലാണ്ടിയിൽ ഓപ്പറേറ്റിംഗ് സെന്റർ തുടങ്ങുന്നത് ഗുണകരമാകുമെന്നാണ് സാധ്യതാ പഠനത്തിലൂടെ

വെളിപ്പെട്ടത്. എന്നാൽ ഒരു ഓപ്പറേറ്റിംഗ് സെന്ററിന് ആവശ്യമായ സ്ഥലവും കെട്ടിടങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും, ബന്ധപ്പെട്ട നഗരസഭയോ, ഗ്രാമപഞ്ചായത്തോ ഒരുക്കി തന്നാലും തുടർ പ്രവർത്തന ചെലവുകൾക്ക് മാത്രമായി പ്രതിമാസം ശരാശരി 50 ലക്ഷം രൂപ കെ.എസ്.ആർ.ടി.സി.ക്ക് ചെലവ് വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ഒരു തരത്തിലുമുള്ള ബാധ്യതയും ഏറ്റെടുക്കാൻ കഴിയാത്തതിനാൽ കൊയിലാണ്ടിയിൽ ഓപ്പറേറ്റിംഗ് സെന്റർ തുടങ്ങുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയില്ല.

(സി) കോഴിക്കോട് സോണൽ ഓഫീസർ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. കോഴിക്കോട് സോണൽ ഓഫീസർ കെ.എസ്.ആർ.ടി.സി. ജനറൽ മാനേജർക്ക് സമർപ്പിച്ച കത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം* ചെയ്യുന്നു.

## സെക്രട്ടേറിയറ്റ് പടിക്കൽ അനിശ്ചിതകാല സത്യാഗ്രഹം

252 (3359) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ച് വർഷം സർവ്വീസുള്ള കെ.എസ്.ആർ.ടി.സി. എം-പാനൽ ജീവനക്കാർ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് സെക്രട്ടേറിയറ്റ് പടിക്കൽ അനിശ്ചിതകാല സത്യാഗ്രഹം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2012-ലെ കരാറിൽ ഇതുമായി ബന്ധപ്പെട്ട് എന്തു വ്യവസ്ഥയാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(സി) 2012-ലെ കരാർ അടിസ്ഥാനമാക്കി രണ്ട് മാസത്തിനുള്ളിൽ തീരുമാനമെടുക്കണമെന്ന കേരള ഹൈക്കോടതിയുടെ WP(c) No. 3225 of 2016 (c) ഉത്തരവ് നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) അഞ്ച് വർഷം പൂർത്തീകരിച്ച എം-പാനൽ ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യം ഒരു വർഷത്തിനുള്ളിൽ ചർച്ച ചെയ്ത് ഉചിതമായ തീരുമാനം എടുക്കുമെന്നതാണ് വ്യവസ്ഥ.

(സി) നിലവിൽ കെ.എസ്.ആർ.ടി.സി.യിലെ ഭൂരിഭാഗം തസ്തിക

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കളിലേക്കുമുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളതിനാൽ താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**കർണ്ണാടകത്തിലേക്ക് അന്തർ സംസ്ഥാന സർവ്വീസുകൾ**

253 (3360) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കർണ്ണാടകത്തിലേക്ക് എത്ര അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്. ; അതിൽ എത്രയെണ്ണം സർവ്വീസ് നടത്തുന്നു എന്ന് വ്യക്തമാക്കാമോ ;

(ബി) പുതുതായി അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കർണ്ണാടക സംസ്ഥാനവുമായി 2009-ൽ ഒപ്പുവച്ച അന്തർസംസ്ഥാന കരാറിൽ ഉൾപ്പെട്ട റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. പെർമിറ്റ് കരസ്ഥമാക്കുവാൻ ബാക്കി ഉണ്ടായിരുന്ന 17 റൂട്ടുകളിലെ പെർമിറ്റുകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കരസ്ഥമാക്കിയിട്ടുണ്ട്. ഇവയിൽ ചിലത് ചില ദിവസങ്ങളിൽ ബസ്സിന്റെ കുറവുമൂലം ഓപ്പറേറ്റ് ചെയ്യാറില്ല. എന്നാൽ ഒരു ഷെഡ്യൂളും സ്ഥിരമായി നിർത്തലാക്കിയിട്ടില്ല.

(ബി) തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ്, തെലുങ്കാന, ഗോവ എന്നീ സംസ്ഥാനങ്ങളിലെ വിവിധ ഭാഗങ്ങളിലേക്കും കേന്ദ്ര ഭരണപ്രദേശമായ പുതുച്ചേരിയിലേക്കും അന്തർസംസ്ഥാന സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരികയാണ്.

**ജോയിനിംഗ് സമയം നീട്ടാൻ ഉത്തരവ്**

254 (3361) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഡ്രൈവർ തസ്തികയിൽ നിയമന ഉത്തരവ് ലഭിച്ച ശ്രീ. എം. സജിത്ത്കുമാർ, മമ്മള്ളി ഹൗസ്, കീഴിൽ പി. ഒ., കോഴിക്കോട് എന്നയാൾ ജോയിനിംഗ് സമയം നീട്ടി ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആൾക്ക് സർവ്വീസിൽ ചേരുന്നതിന് അനുവാദം നൽകിക്കൊണ്ടുള്ള ഉത്തരവ് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) കെ.എസ്.ആർ.ടി.സി.യിൽ ഡ്രൈവർ ഗ്രേഡ് II തസ്തികയിലേക്ക് 18-4-2015-ലെ നിയമന ഉത്തരവ് ലഭിച്ച ശ്രീ. എം. സജിത്ത് കുമാർ പ്രവേശന സമയം നീട്ടി ലഭിക്കുന്നതിനായി കെ.എസ്.ആർ.ടി.സി.യിൽ സമർപ്പിച്ച അപേക്ഷ പരിശോധിച്ച് കെ.എസ്.ആർ.ടി.സിക്ക് അനുവദിക്കാവുന്ന 45 ദിവസത്തെ പ്രവേശന സമയം അനുവദിച്ച് നൽകിയിരുന്നു. എന്നാൽ ആരോഗ്യപരമായ കാരണങ്ങളുടെ അടിസ്ഥാനത്തിൽ യഥാസമയം ജോലിയിൽ പ്രവേശിക്കാൻ സാധിച്ചില്ലായെന്നും ജോലിയിൽ പ്രവേശിക്കാൻ അനുമതി നൽകണമെന്നും ആവശ്യപ്പെട്ട് ടിയാൻ 6-10-2015-ൽ ഒരു അപേക്ഷ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത അപേക്ഷ നിലവിലെ വ്യവസ്ഥകൾ പ്രകാരം നിയമനാധികാരി മുഖേനയോ നിശ്ചിത സമയപരിധിക്കുള്ളിലോ ആയിരുന്നില്ല സർക്കാരിൽ ലഭിച്ചിരുന്നത്. തുടർന്ന് ഇക്കാര്യത്തിലുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ നിയമനാധികാരിയായ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി.യോട് ആരായുകയും ആയത് 20-2-2016-ലെ കത്ത് പ്രകാരം സർക്കാരിന്റെ പരിഗണനയ്ക്കായി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധനയിലാണ്.

## തീവ്രപ്രകാശമുള്ള ഹെഡ് ലൈറ്റുകൾ

255T (3362) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈറേഞ്ച് പ്രദേശങ്ങളിലും മഞ്ഞുവീഴ്ചയുള്ള സ്ഥലങ്ങളിലും മോട്ടോർവാഹനങ്ങളിൽ ഉപയോഗിക്കുന്ന തീവ്രപ്രകാശമുള്ള ഹെഡ് ലൈറ്റുകൾ, ഹൈറേഞ്ച് അല്ലാത്ത പ്രദേശങ്ങളിലും വാഹനങ്ങളിൽ ഉപയോഗിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ഹെഡ് ലൈറ്റുകൾ ഉപയോഗിക്കുന്ന വാഹനങ്ങൾ കണ്ടെത്തുന്നതിന് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ;

(സി) ഇത്തരം ഹെഡ് ലൈറ്റുകൾ ഉപയോഗിക്കുന്നതുമൂലം എതിരേ വരുന്ന

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

വാഹനങ്ങൾ അപകടത്തിൽപ്പെടാനിടയുണ്ടെന്നതിനാൽ ഇക്കാര്യത്തിൽ ശക്തമായ നടപടി സ്വീകരിക്കുന്നതിന് തയ്യാറാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തീവ്ര പ്രകാശം പൊഴിക്കുന്നതും, നിയമവിരുദ്ധമായ ലൈറ്റുകൾ ഉപയോഗിക്കുന്നതുമായ വാഹനങ്ങൾ കണ്ടെത്തുന്നതിനായി രാത്രികാല ചെക്കിംഗ് സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ പകൽ സമയത്തും ചെക്കിംഗ് നടത്തുന്ന സമയത്തും വാഹനത്തിൽ നിയമവിരുദ്ധമായ ലൈറ്റുകൾ ഉപയോഗിക്കുന്നുണ്ടോ എന്നുള്ള കാര്യം പരിശോധിക്കാറുണ്ട്.

(സി) ശക്തമായ നടപടി സ്വീകരിക്കുന്നുണ്ട്.

**മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിലെ ജോലിഭാരം**

256 (3363) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിൽ നിലവിൽ നൽകുന്ന സേവനങ്ങൾ കുറ്റമറ്റ രീതിയിൽ നൽകാവുന്ന വിധം ജീവനക്കാർ ഉണ്ടോ എന്ന് പറയാമോ;

(ബി) ഡ്രൈവിംഗ് ലൈസൻസ്, വാഹനരജിസ്ട്രേഷൻ തുടങ്ങിയ നിരവധി ആവശ്യങ്ങൾക്ക് ഓഫീസുകളിലെത്തുന്നവരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ സർവ്വീസ് എളുപ്പമാക്കുന്നതിനും കുറ്റമറ്റതാക്കുന്നതിനും എന്തെല്ലാം സൗകര്യങ്ങളാണ് ഈ സർക്കാർ വർദ്ധിപ്പിച്ചത് എന്ന് പറയാമോ?

ഉത്തരം

(എ) ജീവനക്കാരുടെ പരിമിതിയുണ്ടെങ്കിലും സേവനങ്ങൾ കുറ്റമറ്റ രീതിയിൽ നൽകി വരുന്നുണ്ട്.

(ബി) ജനങ്ങൾക്ക് ഓഫീസുകളെ ആശ്രയിക്കുന്നതിനുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി ഓൺലൈൻ ആപ്ലിക്കേഷനും, ഇ-പേയ്മെന്റ് സംവിധാനവും മോട്ടോർ വാഹന വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ട്. വകുപ്പിന്റെ പ്രവർത്തനം മുഴുവനും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുള്ളതിനാൽ ജനങ്ങൾക്ക് വേഗത്തിൽ സേവനങ്ങൾ നൽകുവാൻ സാധിക്കുന്നുണ്ട്. ഓൺലൈൻ സേവനങ്ങൾ ഉപയോഗിക്കുവാൻ സാഹചര്യ

മില്ലാത്തവർക്കായി എല്ലാ ഓഫീസുകളിലും കുടുംബശ്രീയുടെ സഹായത്തോടെ ഇ-സേവാ കേന്ദ്രങ്ങൾ ആരംഭിക്കുന്നുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ആർ.ടി. ഓഫീസുകളിൽ പ്രസ്തുത പദ്ധതി ആരംഭിച്ചുകഴിഞ്ഞു.

## ഹോളോഗ്രാം പതിച്ച സ്മാർട്ട് നമ്പർ പ്ലേറ്റുകൾ നടപ്പിലാക്കുന്നതിന് നടപടി

257 (3364) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരേ നമ്പരിലും പെർമിറ്റിലും ഒന്നിലേറെ വാഹനങ്ങൾ നിരത്തിലിറക്കുന്ന തട്ടിപ്പുകൾ വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വ്യാജ നമ്പരുകൾ പ്രദർശിപ്പിച്ച് വാഹനങ്ങൾ ഓടിക്കുന്നതായ ക്രമക്കേട് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കാൻ ഹോളോഗ്രാം പതിച്ച സ്മാർട്ട് നമ്പർ പ്ലേറ്റുകൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വ്യാജ നമ്പരുകൾ പ്രദർശിപ്പിച്ച് വാഹനങ്ങൾ ഓടിക്കുന്നതായി 3 ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്.

1. MH 4 GC 8248 എന്ന വ്യാജ നമ്പറിലുള്ള വാഹനം മോട്ടോർ വാഹന വകുപ്പ് കസ്റ്റഡിയിലെടുത്ത് മൂവാറ്റുപുഴ പോലീസിന് തുടർ നടപടിക്കായി കൈമാറിയിട്ടുണ്ട്.
2. KL 06 G 8855 എന്ന യഥാർത്ഥ നമ്പരായ അന്തർ സംസ്ഥാന കോൺട്രാക്റ്റ് ക്യാരേജ് വാഹനം KA-01-AO-7857 എന്ന വ്യാജ നമ്പർ പ്രദർശിപ്പിച്ച് സർവീസ് നടത്തിയത് ശ്രദ്ധയിൽപ്പെട്ടതിനാൽ ടി വാഹനത്തിനെതിരെ കേസെടുത്ത് തൃപ്പൂണിത്തുറ മരട് പോലീസ് കസ്റ്റഡിയിൽ കൈമാറിയിട്ടുണ്ട്.

3. 7-1-2016-ന് വാളയാർ ചെക്ക് പോസ്റ്റിൽവച്ച് കെ. എ. 01 ഡി 3744 എന്ന കോൺട്രാക്ട് ക്യാരേജ് വാഹനം പിടിക്കുകയും, പോലീസിൽ ഏൽപ്പിക്കുകയും ചെയ്തു. വാഹനത്തിന്റെ ശരിയായ നമ്പർ കെ.എ. 01 എ.ഡി. 3726 ആണെന്ന് ചെക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്.

(സി) നമ്പർ പ്ലേറ്റിൽ (രജിസ്ട്രേഷൻ മാർക്ക്) കൃത്രിമങ്ങൾ കാണിച്ച് കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന പ്രവണത ഇല്ലാതാക്കാനായി അതിസുരക്ഷാ നമ്പർ പ്ലേറ്റുകൾ (High security Registration Plates) വാഹനങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ സംസ്ഥാന സർക്കാർ ക്ഷണിക്കുകയും തുടർ നടപടികൾ ആരംഭിക്കുകയും ചെയ്തുവെങ്കിലും ഇതിനെതിരെ M/s. Tonnjes Eastern Security Technologies, New Delhi ബഹു. സുപ്രീംകോടതി മുമ്പാകെ ഫയൽ ചെയ്ത സ്പെഷ്യൽ ലീവ് പെറ്റീഷൻ 13630-13631/2011-ൽ ബഹു. സുപ്രീംകോടതി 13-5-2011-ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ ദർഘാസ് നടപടികളിൽ 13-5-2011-ലെ സ്ഥിതി (Status quo) തുടരാൻ ഉത്തരവായിരുന്നു. ടി സ്പെഷ്യൽ ലീവ് പെറ്റിഷനുകളിൽ എതിർ സത്യവാങ്മൂലം ഫയൽ ചെയ്യുകയും തുടർന്ന് 11-1-2016-ൽ ബഹു. സുപ്രീംകോടതി പുറപ്പെടുവിച്ച ഉത്തരവു പ്രകാരം 2011 മുതൽ 2012 വരെ ബഹു. സുപ്രീംകോടതി അതിസുരക്ഷാ നമ്പർ പ്ലേറ്റ് നടപ്പാക്കുന്ന പദ്ധതി സംബന്ധിച്ച വിഷയത്തിൽ പുറപ്പെടുവിച്ച വിധികൾ അനുസരിച്ച് തീരുമാനം എടുക്കാൻ ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ചു വരികയാണ്.

## വടക്കഞ്ചേരി ഫയർ & റെസ്ക്യൂസ്റ്റേഷന് കെ.എസ്.ആർ.ടി.സി. വക ഭൂമി

258 (3365) <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കഞ്ചേരി ഫയർ & റെസ്ക്യൂ സ്റ്റേഷന് കെട്ടിടം പണിയുന്നതിന് വേണ്ടി കെ.എസ്.ആർ.ടി.സി. വടക്കഞ്ചേരി ഡിപ്പോയിൽനിന്നും ഭൂമി അനുവദിച്ചിട്ടുണ്ടോ; എന്നാണ് കെ.എസ്.ആർ.ടി.സി. തീരുമാനമെടുത്തത്; ഭൂമി കൈമാറുന്നതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഭൂമി കൈമാറുന്നതിന്റെ ഭാഗമായി റവന്യൂ വകുപ്പ് കെ.എസ്.ആർ.ടി.സി.ക്ക് ഭൂമി സറണ്ടർ ചെയ്യുന്നതിനുള്ള അപേക്ഷകൾ നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ കെ.എസ്.ആർ.ടി.സി. നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഭൂമി കൈമാറുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വടക്കഞ്ചേരിയിൽ കെ.എസ്.ആർ.ടി.സി.യുടെ സ്ഥലത്തു നിന്നും 50 സെന്റ് സ്ഥലം കെ.എസ്.ആർ.ടി.സി.യുടെ 20-12-2008-ലെ 347-ാം മത് ഭരണ സമിതി തീരുമാനത്തിന്റെ (അജണ്ട ഇനം നമ്പർ 217/08) അടിസ്ഥാനത്തിൽ ഫയർ & റെസ്ക്യൂ സ്റ്റേഷന് കൈമാറാൻ തീരുമാനം എടുക്കുകയുണ്ടായി.

പ്രസ്തുത വസ്തു സർക്കാർ പുറംപോക്ക് ഭൂമി അല്ലാത്തതിനാൽ കേരള ഭൂമി വിട്ടൊഴിയൽ നിയമപ്രകാരം റവന്യൂ വകുപ്പിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ കൈക്കൊണ്ടതിനുശേഷം മാത്രമേ വകുപ്പ് തലത്തിൽ ഭൂമി കൈമാറ്റ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

എത്രയും വേഗം ഭൂമി കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്.

(ബി) കേരള ഭൂമി വിട്ടൊഴിയൽ നിയമ പ്രകാരം കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമി ലാന്റ് റവന്യൂ വകുപ്പിലേക്ക് മാറ്റുന്നതിന് നിർദ്ദേശങ്ങൾ അടങ്ങിയ റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുന്നതിനായി ലാന്റ് റിലിങ്ക്വിഷ്മെന്റ് ഫോറം ആലത്തൂർ തഹസിൽദാർ 4-8-2015-ൽ കെ.എസ്.ആർ.ടി.സി.ക്ക് അയച്ചു കൊടുക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി സ്ഥലം അളന്ന് വ്യക്തത വരുത്തി അന്തിമ റിപ്പോർട്ട് 16-12-2015-ൽ കെ.എസ്.ആർ.ടി.സി.ക്ക് ലഭ്യമാക്കുകയും സർക്കാർ നിശ്ചയിക്കുന്ന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി ഫയർ & റെസ്ക്യൂ സർവ്വീസിന് സ്ഥലം കൈമാറുന്നതിനുള്ള സർക്കാർ ഉത്തരവ് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് 28-1-2016-ൽ ഗതാഗത വകുപ്പിന് കെ.എസ്.ആർ.ടി.സി.യുടെ റിപ്പോർട്ട് ലഭിക്കുകയുണ്ടായി. ഗതാഗത വകുപ്പ് പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് ഉന്നതതല ശിപാർശയോടെ ആവശ്യമായ ഉത്തരവ് ലഭ്യമാക്കുന്നതിലേക്കായി റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്.

(സി) സ്ഥലം കൈമാറുന്നതിനുള്ള വ്യവസ്ഥകളും നിബന്ധനകളും അടങ്ങുന്ന ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് സ്ഥലം കൈമാറുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

## കൊറ്റി-കോട്ടപ്പുറം ബോട്ട് സർവ്വീസ്

259 (3366) <u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ആയിറ്റയിൽ പ്രവർത്തിക്കുന്ന കൊറ്റി-കോട്ടപ്പുറം ബോട്ട് സർവ്വീസ് കാര്യക്ഷമമായി പ്രവർത്തിക്കാൻ വകുപ്പ് തലത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റൂട്ടിൽ ഇപ്പോൾ എത്ര ബോട്ടുകൾ സർവ്വീസ് നടത്തുന്നുവെന്ന്

വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കൊറ്റിയിൽനിന്നും കോട്ടപ്പുറത്തേയ്ക്ക് ബോട്ട് സർവീസ് നടത്തിയിരുന്നു. എന്നാൽ മാവിലേടം-ഓരുമുക്ക് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് കായലിൽ ബണ്ട് സ്ഥാപിച്ചിരുന്നതിനാൽ ടി സർവ്വീസ് മാവിലേടം വരെയായി കുറയ്ക്കുകയാണുണ്ടായത്. പാലം പണി പൂർത്തീകരിച്ച് ബണ്ട് നീക്കം ചെയ്തുവെങ്കിലും ജലപാതയിൽ ജലഗതാഗതത്തിന് ആവശ്യമായ ആഴം ഇല്ലാതെ വരികയും മൺതിട്ടകൾ രൂപപ്പെടുകയും ചെയ്തു. കൃത്യമായി മണ്ണ് നീക്കൽ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ലാത്തതിനാൽ ടി റൂട്ടിലൂടെ നിലവിൽ സുരക്ഷിതമായി സർവ്വീസ് നടത്തുവാൻ സാധ്യമല്ല. പ്രസ്തുത പ്രദേശങ്ങളിൽ ആവശ്യമായ ആഴം കൂട്ടുന്നതിനും ജെട്ടികൾ പുനഃനിർമ്മിക്കുന്നതിനും ഇൻലാന്റ് നാവിഗേഷൻ, ഇറിഗേഷൻ എന്നീ വകുപ്പുകൾ വഴി നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) രണ്ടു ബോട്ടുകൾ സർവ്വീസ് നടത്തുന്നു. ഒരു ബോട്ട് കൊറ്റി മുതൽ മാവിലേടം വരേയും മറ്റൊന്ന് കൊറ്റി മുതൽ പടന്ന വരേയും.

(3088, 3090, 3092, 3098, 3100, 3104, 3113, 3114, 3116, 3119, 3121, 3122, 3134, 3144, 3158, 3162, 3163, 3178, 3199, 3201 എന്നീ നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 AM]

## II തിരുത്തിയ ഉത്തരം

### നക്ഷത്ര ചിഹ്നമിട്ട 93-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, പതിമൂന്നാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ തൊണ്ണൂറ്റിമൂന്നിനു നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റുമെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

(സന്ദർശക ഗ്യാലറിയിലിരുന്ന് മുദ്രാവാക്യം വിളിച്ചവരെ സുരക്ഷാവിഭാഗം ജീവനക്കാർ പുറത്തേയ്ക്ക് പിടിച്ചുകൊണ്ടുപോകുകയും മുദ്രാവാക്യം വിളിച്ചതിൽ ഉൾപ്പെട്ടിരുന്ന കുട്ടിയെ സുരക്ഷാവിഭാഗം ജീവനക്കാർ മർദ്ദിച്ചുവെന്നാരോപിച്ച് പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസിന് സമീപം വന്നുനിന്ന് ബഹളം വയ്ക്കുകയും ഇക്കാര്യം പരിശോധിക്കാമെന്ന് സ്പീക്കർ അറിയിച്ചതിനെത്തുടർന്ന് അവരവരുടെ സീറ്റുകളിലേയ്ക്ക് തിരികെ പോകുകയും ചെയ്തു.)

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കുട്ടിയെ അടിക്കുകയാണ്. .....ബഹളം....

മി. സ്പീക്കർ: ആരാണ് അടിച്ചത്......ബഹളം....അത് ചെയർ അന്വേഷിക്കാം. .....ബഹളം.... ചെയർ അന്വേഷിക്കാം. .....ബഹളം.... നിങ്ങൾ ഒരു കാര്യം മനസ്സിലാക്കണം. നിയമസഭാ ഗ്യാലറി വെളിയിൽനിന്നും വരുന്ന ആളുകൾക്ക് മുദ്രാവാക്യം വിളിക്കാനുള്ള വേദിയല്ല. ദയവായി അംഗങ്ങൾ ഇതിനെ പ്രോത്സാഹിപ്പിക്കരുത്. ഇത് തെറ്റായ നടപടിയാണ്. ഇത് നിയമസഭാ അംഗങ്ങൾക്കുള്ള വേദിയാണ്. വെളിയിൽനിന്നും വരുന്ന ആളുകൾക്ക് മുദ്രാവാക്യം വിളിക്കാനുള്ള വേദിയല്ല നിയമസഭ. ദയവുചെയ്ത് നിങ്ങൾ ഇതിനെ പ്രോത്സാഹിപ്പിക്കരുത്. ഇത് വളരെ മോശമാണ്. ബഹുമാനപ്പെട്ട അംഗങ്ങളെല്ലാവരും അവരവരുടെ സീറ്റുകളിൽ ഇരുന്നാൽ മാത്രമേ അടിയന്തരപ്രമേയം എടുക്കാൻ കഴിയുകയുള്ളൂ.

(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിലേയ്ക്ക് തിരികെപ്പോയി)

## III റൂളിംഗ്

മി. സ്പീക്കർ: സന്ദർശക ഗ്യാലറിയിലിരുന്ന് മുദ്രാവാക്യം വിളിക്കുന്ന രംഗം ക്യാമറകൾ പകർത്തിയിട്ടുണ്ട്. ഒരു കാരണവശാലും ഇത് മാധ്യമങ്ങൾ പ്രക്ഷേപണം ചെയ്യാൻ പാടില്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

# IV അടിയന്തരപ്രമേയം

## പാമൊലിൻ കേസ്

മി. സ്പീക്കർ: ഖജനാവിന് കോടികൾ നഷ്ടം വരുത്തിയ പാമൊലിൻ ഇടപാട്, അന്ന് ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടിക്ക് അറിയാമായിരുന്നുവെന്ന തൃശ്ശൂർ വിജിലൻസ് കോടതിയുടെ നിരീക്ഷണത്തിനുശേഷവും അദ്ദേഹം മുഖ്യമന്ത്രി സ്ഥാനത്ത് തുടരുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ രാജു എബ്രഹാം, വി. എസ്. സുനിൽ കുമാർ, മാത്യു ടി. തോമസ്, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, 1991-92 കാലയളവിൽ കേരളത്തിൽ പാമൊലിൻ ഇറക്കുമതിയിലുണ്ടായ ക്രമക്കേടുകളെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തുന്നതിന് 389/B1-1996 പ്രകാരം 18-6-1996-ൽ സർക്കാർ ഉത്തരവായി. ആ വിജിലൻസ് അന്വേഷണത്തിന്റെ വെളിച്ചത്തിൽ വി.സി. 1/1997/SCT ആയി 21-3-1997-ൽ ഏഴുപേരുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്തു. എഫ്.ഐ.ആർ.-ൽ ഇന്നത്തെ മുഖ്യമന്ത്രിയും അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയുമായ ശ്രീ. ഉമ്മൻ ചാണ്ടി പ്രതിയായിരുന്നില്ല. അന്വേഷണത്തിനുശേഷം 23-3-2001-ൽ കുറ്റപത്രം സമർപ്പിക്കുക യുണ്ടായി. ഈ കുറ്റപത്രത്തിലും അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഇന്നത്തെ മുഖ്യമന്ത്രി പ്രതിയായിരുന്നില്ല. വിജിലൻസ് കോടതി മുമ്പാകെ അന്വേഷണം പൂർത്തിയാക്കി ഹാജരാക്കിയ കുറ്റപത്രത്തിൽ രണ്ടാം പ്രതിയായി പറഞ്ഞിരുന്ന സക്കറിയ മാത്യു ബഹുമാനപ്പെട്ട കോടതി മുമ്പാകെ നൽകിയ വിടുതൽ ഹർജി പരിഗണിച്ച കോടതി, ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടിക്കെതിരായി നാലാം പ്രതി ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾക്കുകൂടി തുടരന്വേഷണം നടത്തി റിപ്പോർട്ട് ഹാജരാക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതാണ്. ബഹുമാനപ്പെട്ട കോടതിയുടെ നിർദ്ദേശപ്രകാരം 173(8) Cr.PC പ്രകാരം കോടതി അനുമതിയോടുകൂടി തുടരന്വേഷണം നടത്തിയിട്ടുള്ളതാണ്. തുടരന്വേഷണം നടത്തി 13-5-2011-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരായി തെളിവുകളില്ലെന്ന് വിജിലൻസ് കോടതി മുമ്പാകെ ഫൈനൽ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ഈ റിപ്പോർട്ട് 8-8-2011-ൽ ബഹുമാനപ്പെട്ട തിരുവനന്തപുരം വിജിലൻസ് കോടതി

പരിഗണിച്ച് ചില കാര്യങ്ങളുടെമേൽ കൂടുതൽ അന്വേഷണം നടത്തണമെന്ന് നിർദ്ദേശിച്ച് ഫൈനൽ റിപ്പോർട്ട് മടക്കുകയുണ്ടായി. തുടർന്ന് തിരുവനന്തപുരം വിജിലൻസ് കോടതിയുടെ അപേക്ഷ പ്രകാരം ഈ കേസ് തിരുവനന്തപുരം വിജിലൻസ് കോടതിയിൽനിന്നും തൃശ്ശൂർ വിജിലൻസ് കോടതിയിലേയ്ക്ക് മാറ്റുകയുണ്ടായി. അതനുസരിച്ച് വിജിലൻസ് വിശദമായ തുടരന്വേഷണം നടത്തുകയും ബഹുമാനപ്പെട്ട തൃശ്ശൂർ വിജിലൻസ് കോടതി മുമ്പാകെ 7-1-2012-ൽ വിശദമായ ഫൈനൽ റിപ്പോർട്ടും ഫയൽ ചെയ്യുകയുണ്ടായി. 7-1-2012-ൽ വിജിലൻസ് സമർപ്പിച്ച ഫൈനൽ റിപ്പോർട്ട് ബഹുമാനപ്പെട്ട തൃശ്ശൂർ വിജിലൻസ് കോടതി വിശദമായി പരിശോധിക്കുകയും 24-5-2012-ൽ ഈ ഉത്തരവ് പ്രകാരം തുടരന്വേഷണ ഫൈനൽ റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത ഉത്തരവിൽ തൃശ്ശൂർ വിജിലൻസ് കോടതിതന്നെ ഈ കേസിലെ സൂക്ഷ്മമായ പരിശോധനയിൽ ശ്രീ. ഉമ്മൻ ചാണ്ടി (CW-23) നിയമവിരുദ്ധമായി യാതൊരു വിധത്തിലും പ്രവർത്തിച്ചിട്ടില്ലായെന്ന് പ്രത്യേകം എടുത്തുപറഞ്ഞിട്ടുണ്ട്. അതുകൊണ്ട് കുറ്റപത്രത്തിലെ ഒന്ന് മുതൽ ഏഴ് വരെയുള്ള മറ്റ് പ്രതികൾക്കെതിരായി വിചാരണ തുടരാവുന്നതാണെന്ന് കോടതി എടുത്തുപറഞ്ഞിട്ടുണ്ട്. ഈ ഉത്തരവിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഉൾപ്പെടെയുള്ളവർ സമർപ്പിച്ച അപ്പീൽ പരിഗണിച്ച് കോടതി കീഴ്ക്കോടതി വിധി ശരിവയ്ക്കുകയാണുണ്ടായത്. ഇതിനെതിരെ പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിച്ചു. പക്ഷേ ബഹുമാനപ്പെട്ട സുപ്രീംകോടതിയും പ്രതിപക്ഷനേതാവിന്റെ ആവശ്യം തള്ളിക്കളയുകയാണുണ്ടായത്. ശ്രീ. ഉമ്മൻ ചാണ്ടിയെ പ്രതിയാക്കണമെന്ന ആവശ്യം ബഹുമാനപ്പെട്ട സുപ്രീംകോടതിവരെ തള്ളിയ ഒരു കേസ്സാണിത്. അങ്ങനെയിരിക്കെ ഇക്കാര്യം പ്രസക്തമല്ലാത്ത ഒരു പ്രതിയുടെ ഡിസ്ചാർജ് പെറ്റീഷൻ തീരുമാനമെടുക്കുന്നതിനിടയിൽ നടത്തിയതായി പറയപ്പെടുന്ന ഒരു പരാമർശത്തിന് യാതൊരു പ്രാധാന്യവും കല്പിക്കേണ്ടതില്ല. അതിനാൽ ഇക്കാര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട യാതൊരു അടിയന്തര സാഹചര്യവുമില്ല.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, ഒരു കോടതി പരാമർശത്തിൽ യാതൊരു പ്രസക്തിയുമില്ല എന്നാണ് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇപ്പോൾ സഭയിൽ പ്രസ്താവന നടത്തിയിരിക്കുന്നത്. സുപ്രീംകോടതി ഉൾപ്പെടെയുള്ള കോടതികൾ ഈ കേസ് തള്ളിക്കളഞ്ഞതാണെന്നുള്ള ഒരു വാദമാണ്

ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി രണ്ടാമത് ഇവിടെ നടത്തിയത്. എല്ലാ കോടതികളും വളരെ വ്യക്തമായി പറഞ്ഞിരിക്കുന്ന കാര്യം, വിചാരണ ഘട്ടത്തിൽ തെളിവ് ലഭിക്കുകയാണെങ്കിൽ കൂടുതൽ പ്രതികളെ ഉൾപ്പെടുത്താം എന്നാണ്. അതിന്റെ പശ്ചാത്തലത്തിൽ തൃശ്ശൂർ വിജിലൻസ് കോടതി ഏപ്രിൽ മാസം വിചാരണ ആരംഭിക്കുകയാണ്. .....(ബഹളം)......... ശ്രീ. കെ. ശിവദാസൻ നായർ, അങ്ങ് ഒരു വക്കീൽ അല്ലേ. എന്തിനാണ് ഇത്രയും വികാരം കൊള്ളുന്നത്. ഇന്നലെ കോടതിയുടെ മുമ്പാകെ വന്ന വിടുതൽ ഹർജിയുമായി ബന്ധപ്പെട്ട് വളരെ ഗുരുതരമായ കണ്ടെത്തലുകളാണ് തൃശ്ശൂർ വിജിലൻസ് കോടതി നടത്തിയിരിക്കുന്നത്. അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടിക്ക് ഇതിൽ വ്യക്തമായ പങ്കുണ്ടെന്നാണ് കോടതി കണ്ടെത്തിയിരിക്കുന്നത്. ഇത് ലാഘവത്തോടെയാണോ കാണുന്നത്?

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഇത് എവിടെയാണ് കണ്ടെത്തിയത് ?

ശ്രീ. രാജു എബ്രഹാം: എവിടെ കണ്ടെത്തിയെന്നു ചോദിച്ചാൽ; 'Therefore what can be gathered from the initials of the Finance Minister is that he was aware of the notings made by his subordinates and he had no disagreement with it......' ഇതിന്റെ അർത്ഥമെന്താണ്? നിയമസഭയിൽ ഈ പ്രശ്നം ഇപ്പോൾ മാത്രമല്ല, പല സന്ദർഭങ്ങളിലും പ്രതിപക്ഷം ഉയർത്തിയിട്ടുള്ളതാണ്. ഈ കേസിനകത്ത് ശ്രീ. ഉമ്മൻ ചാണ്ടിക്ക് വ്യക്തമായ പങ്കുണ്ട് എന്ന വാദം ഉയർത്തിയ ഘട്ടങ്ങളിലെല്ലാം അതിനെ നിരർത്ഥകമായി തള്ളിക്കളയുന്ന സമീപനമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെയുള്ള ഭരണകക്ഷി നേതാക്കന്മാർ സ്വീകരിച്ചത്. ഞങ്ങൾ മാത്രമല്ല, ശ്രീ. എം. എം. ഹസ്സൻ ചെയർമാനായിട്ടുള്ള പബ്ലിക് അണ്ടർടേക്കിംഗ് കമ്മിറ്റി (PUC) ഈ ക്രമക്കേട് ആദ്യം തന്നെ സ്ഥിരീകരിച്ചു. ശ്രീ. എം. എം. ഹസ്സൻ ഈ ഇടപാടിൽ നാലുകോടി രൂപയുടെ നഷ്ടമുണ്ടായി എന്നാണ് കണ്ടെത്തിയത്. പിന്നീട് 2.32 കോടി രൂപയുടെ നഷ്ടമുണ്ടായി എന്നാണ് ക്ലാരിഫൈ ചെയ്തുവന്നത്. മറ്റൊരു കാര്യം, ശ്രീ. ടി. എച്ച്. മുസ്തഫ അന്നത്തെ ഭക്ഷ്യ വകുപ്പുമന്ത്രിയായിരുന്നല്ലോ; കോൺഗ്രസ്സ് നേതാവല്ലേ; അദ്ദേഹം അന്ന് നല്കിയ വിടുതൽ ഹർജിക്കകത്ത് ചൂണ്ടിക്കാട്ടിയത് ഉമ്മൻ ചാണ്ടിയെ ഒഴിവാക്കുകയാണെങ്കിൽ തന്നെയും ഒഴിവാക്കണം എന്നാണ്. അങ്ങനെയാണെങ്കിൽ ശ്രീ. ടി. എച്ച്. മുസ്തഫ എന്തുകൊണ്ട് പ്രതിയായി? അദ്ദേഹം ഈ ഫയലിൽ ഒപ്പിട്ടിട്ടുണ്ട്; ഉമ്മൻ ചാണ്ടി ഫയലിൽ ഒപ്പിട്ടിട്ടില്ല എന്ന വാദമാണ് നിരത്തിക്കൊണ്ടിരുന്നത്. ആ വാദമാണ് ഇന്നലെ തൃശ്ശൂർ വിജിലൻസ്

കോടതിയുടെ പരാമർശത്തിലൂടെ പൊളിഞ്ഞിരിക്കുന്നത്. അദ്ദേഹം ഇതിൽ വളരെ വ്യക്തമായി ഇനിഷ്യൽ ചെയ്തിട്ടുണ്ട് എന്നുപറഞ്ഞിട്ടും അതിന് അർത്ഥം പറയണം എന്ന രൂപത്തിലാണ് പറയുന്നത്. ഇത് എന്ത് സമീപനമാണ്? അന്നത്തെ കമ്മീഷണർ ശ്രീ. സക്കറിയ മാത്യു കൊടുത്തിരിക്കുന്നത് എന്തുപറഞ്ഞാണ്? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇത് കാണണം എന്നുപറഞ്ഞുകൊണ്ടാണ് ഈ ഫയൽ അവിടേക്ക് വിട്ടിരിക്കുന്നത്. ക്യാബിനറ്റ് നോട്ടല്ല, അഡ്മിനിസ്ട്രേറ്റീവ് നോട്ടാണ് കൊടുത്തിരിക്കുന്നത്. അതാണ് Out of Agenda-യായി ക്യാബിനറ്റിന്റെ പരിഗണനയിലേയ്ക്ക് വന്നത്. എത്ര ധൃതിപിടിച്ചാണ് കാര്യങ്ങൾ നീക്കിയതെന്ന് ആലോചിക്കേണ്ടതാണ്. അന്താരാഷ്ട്ര മാർക്കറ്റിൽ 392 ഡോളർ മാത്രം വിലയുണ്ടായിരുന്ന പാമോയിലാണ് 405 ഡോളർ വരെ ഉയർന്ന നിരക്കിൽ ഇവിടെ വാങ്ങാൻ തീരുമാനിച്ചത്. ഇത് ആധുനിക കേരളം കണ്ട ആദ്യത്തെ അഴിമതിയാണ്. ഇത് സോളാർ കേസ്സിന്റെയോ ബാർ കോഴ കേസ്സിന്റെയോ അത്രയും കോടികൾ വരുന്നില്ലെങ്കിൽപ്പോലും നല്ല അഴിമതി കേരളത്തിൽ എങ്ങനെ തുടങ്ങി വയ്ക്കാം എന്നുള്ളതിന്റെ തുടക്കം കുറിച്ചുകൊണ്ടുള്ളതാണ് ഈ പാമൊലിൻ അഴിമതി. കെ. കരുണാകരൻ മുഖ്യമന്ത്രി ആയിരുന്ന കാലഘട്ടങ്ങളിലും പാർലമെന്റ് മെമ്പർ ആയിരുന്ന കാലഘട്ടങ്ങളിലും ഈ കേസ് സംബന്ധിച്ച് ഒട്ടേറെ തടസ്സവാദങ്ങൾ ഉണ്ടായി. അങ്ങനെ തടസ്സവാദങ്ങൾ ഇല്ലായിരുന്നുവെങ്കിൽ ഈ കേസ് എത്രയോ മുമ്പുതന്നെ വരുമായിരുന്നു. ഇവിടെ പ്രധാനമായി ഉയരുന്ന ഒരു ചോദ്യം, ഈ കേസ്സിനകത്ത് തനിക്ക് ബന്ധമില്ലെങ്കിൽ, ഭയപ്പെടാനൊന്നുമില്ലെങ്കിൽ എന്തുകൊണ്ടാണ് 2005 നവംബറിൽ ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രി ആയപ്പോൾ ഈ കേസ് പിൻവലിക്കാൻ തീരുമാനിച്ചത്? 2013 സെപ്റ്റംബറിൽ ഈ കേസ് വീണ്ടും യു.ഡി.എഫ്. ഗവൺമെന്റ് പിൻവലിക്കാൻ തീരുമാനിച്ചു. ഈ കേസ് മുന്നോട്ടുപോയാൽ തനിക്ക് അപകടം പറ്റുമെന്ന് വളരെ വ്യക്തമായ ബോധ്യമുള്ളതുകൊണ്ടുമാത്രമാണ് ഈ കേസ് രണ്ടുതവണ പിൻവലിക്കാൻ ഗവൺമെന്റ് തീരുമാനമെടുത്തത്. എത്ര വിചിത്രമായ കാര്യങ്ങളാണ് ഇവിടെ നടക്കുന്നത്? ഏതെങ്കിലും ഒരു ജഡ്ജ് മാത്രമാണോ; ഹനീഫ, എം. ഭാസ്കരൻ, കെ. ഹരിഹരൻ, എസ്. എസ്. ഹസ്സൻ തുടങ്ങിയ ജഡ്ജിമാരാണ് ഈ കേസ് തുടരുവാനുള്ള തീരുമാനങ്ങളെടുത്തതെന്ന് നമ്മൾ കാണണം. അതുകൊണ്ടുതന്നെയാണ് ഈ കേസിന്റെ പ്രസക്തി ഓരോ ദിവസം കഴിയുന്തോറും കൂടിവരുന്നത്. ഈ കേസ് ഇല്ലാതാക്കാൻവേണ്ടി പടച്ചുവിട്ട വിജിലൻസ് റിപ്പോർട്ടിനെപ്പറ്റി ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ചു. 13-5-2011-ൽ വിജിലൻസ് ഉദ്യോഗസ്ഥൻ കൊടുത്ത റിപ്പോർട്ടിനകത്ത്

മുഖ്യമന്ത്രി തെറ്റൊന്നും ചെയ്തിട്ടില്ല. അദ്ദേഹത്തിന്റെ കീഴിലുള്ള ഉദ്യോഗസ്ഥനല്ലേ ഈ റിപ്പോർട്ട് കൊടുത്തിട്ടുള്ളത്. അതുസംബന്ധിച്ചുള്ള കാര്യങ്ങൾ കൂടുതൽ പറയാതിരിക്കുന്നതാണ് നല്ലത്. ഇവിടെ ധാർമ്മികതയുടെ പ്രശ്നമുണ്ട്. ധാർമ്മികമായ ഉത്തരവാദിത്വം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുണ്ട്. ആ ധാർമ്മികമായ ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് മുഖ്യമന്ത്രി ഈ സ്ഥാനത്ത് തുടരാൻ യോഗ്യനാണോ എന്ന് അദ്ദേഹംതന്നെ തീരുമാനിക്കേണ്ട പ്രശ്നമാണിത്. മുഖ്യമന്ത്രി ഈ ഫയലിൽ ഒപ്പിട്ടിട്ടുണ്ടെന്നും അദ്ദേഹത്തിന് ഇതിൽ പങ്കുണ്ടെന്നുമാണ് വിജിലൻസ് കണ്ടെത്തിയിരിക്കുന്നത്. സുപ്രീംകോടതി വിധിയെ സംബന്ധിച്ചുള്ള പരാമർശം ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെ നടത്തുകയുണ്ടായി. ഈ കേസ് പിൻവലിക്കുന്നത് സദുദ്ദേശ്യപരമല്ല എന്നുള്ള പരാമർശമാണ് സുപ്രീംകോടതി നടത്തിയത്. അതിനുശേഷമാണ് തുടർനടപടികൾക്കുവേണ്ടി കോടതി നിരീക്ഷണം നടത്തി ഈ കേസ് താഴെ പോയിട്ടുള്ളത്. ഏറ്റവും പ്രധാനപ്പെട്ട വെളിപ്പെടുത്തലാണ് ഇന്നലെ കോടതിയുടെ ഭാഗത്തുനിന്ന് വന്നിരിക്കുന്നത്. അവിടെയാണ് ശ്രീ. എം. എം. ഹസ്സൻ ചെയർമാനായിട്ടുള്ള പി.യു.സി. കമ്മിറ്റിയുടെ വിലയിരുത്തൽ ശരിയാണെന്നുള്ള കാര്യം തെളിയിക്കപ്പെട്ടിരിക്കുന്നത്. അഴിമതി നടന്നിട്ടുണ്ട്; അതിൽ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിക്ക് പങ്കുണ്ട് എന്ന കാര്യം അദ്ദേഹത്തിന് അറിയാവുന്നതുകൊണ്ടാണ് രണ്ടുതവണ ഈ കേസ് പിൻവലിക്കുവാനുള്ള തീരുമാനം ഗവൺമെന്റ് എടുത്തത്. എന്ത് ധാർമ്മികതയാണ്? ഒരു കേസ്സിനെ നേരിടാൻ ശക്തിയില്ലാത്ത ഒരു മുഖ്യമന്ത്രിയെയാണ് ഇന്ന് കേരളം കാണുന്നത്. തനിക്ക് ഇക്കാര്യത്തിൽ പങ്കില്ലായെന്ന് ബോധ്യമുണ്ടെങ്കിൽ അന്തസ്സോടുകൂടി ഈ കേസ് നടക്കട്ടെ എന്നല്ലേ പറയേണ്ടത്? സോളാർ കേസ്സിന്റെ പേരിൽ തൃശ്ശൂർ വിജിലൻസ് ജഡ്ജിയുടെ മുമ്പിൽ ശവപ്പെട്ടി എടുത്തുകൊണ്ട് പ്രതിഷേധം നടത്തി. ആ ജഡ്ജിയെ ശവപ്പെട്ടിയിലാക്കും എന്നല്ലായിരുന്നോ അവിടെ കൊടുത്ത സന്ദേശം; അത് കേവലം ആ കേസ്സിന്റെ പേരിൽ മാത്രമാണോ? ഒരിക്കലുമല്ല; പാമോയിൽ കേസ് വരുമെന്നറിഞ്ഞുകൊണ്ട് ആ ജഡ്ജിയെ ഭയപ്പെടുത്തുക എന്നുള്ള ഉദ്ദേശ്യത്തോടുകൂടിത്തന്നെയായിരുന്നു ഈ ജഡ്ജിക്കെതിരെ കോൺഗ്രസ്സ് പ്രവർത്തകരെ രംഗത്തിറക്കി ശവപ്പെട്ടി എടുത്തുകൊണ്ടുള്ള ഒരു പ്രകടനം നടത്തിച്ചത്. ഇത് കേരളം വളരെ ഞെട്ടലോടുകൂടിയല്ലേ കണ്ടത്? നീതിന്യായ വ്യവസ്ഥയെ ബഹുമാനിക്കുന്ന എന്തെങ്കിലും കാര്യങ്ങളുണ്ടായിരുന്നെങ്കിൽ ശ്രീ. വി. എസ്. അച്യുതാനന്ദനും ശ്രീ. വി. എസ്. സുനിൽ കുമാറും ഉൾപ്പെടെയുള്ള ആളുകൾ കൊടുത്തിട്ടുള്ള ഹർജികൾ, അത് മുന്നോട്ടുകൊണ്ടുപോകുകയും തന്റെ കൈകൾ ശുദ്ധമാണ് എന്ന് തെളിയിച്ചുകൊണ്ട് മുമ്പിലേക്ക് തെളിമയോടുകൂടി

വരികയും ചെയ്യുകയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടി ചെയ്യേണ്ടിയിരുന്നത്. അതിനുപകരം കോടതികളെ ഭീഷണിപ്പെടുത്താൻ ശ്രമിച്ചത്, ഇവിടെ മാത്രമല്ല ശ്രീ. ഹനീഫയ്ക്കെതിരെ നടന്നിട്ടുള്ള നീക്കങ്ങൾ മുതൽ ഏറ്റവും ഒടുവിൽ തൃശ്ശൂർ വിജിലൻസ് കോടതിയെ ഭയപ്പെടുത്തുന്നതുവരെയുള്ള സംഭവങ്ങൾ പരിശോധിക്കുമ്പോഴാണ് ഈ കേസിൽ സമ്മർദ്ദമുണ്ടാക്കാനുള്ള വ്യക്തമായ നീക്കം നടന്നിട്ടുണ്ട് എന്ന കാര്യം ഇവിടെ വെളിപ്പെടുന്നത്.

ഇവിടെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ധാർമ്മികതയുടെ പ്രശ്നം തന്നെയാണ്. ഒരു പൊതുപ്രവർത്തകനും രാഷ്ട്രീയ നേതാവിനും മിനിമം ഉണ്ടായിരിക്കേണ്ടത് ധാർമ്മികതയാണ്. ഇവിടെ ഔദ്യോഗികമായി പുറത്തുവന്നിട്ടില്ലാത്ത ഒരു വിവരമാണ് ഇന്നലത്തെ തൃശ്ശൂർ വിജിലൻസ് കോടതിയുടെ പരാമർശത്തിലൂടെ പുറത്തുവന്നിരിക്കുന്നത്. കെ. കരുണാകരൻ അന്തരിച്ചുപോയതുകൊണ്ട് കേസ്സിൽനിന്നും ഒഴിവായി. ഉദ്യോഗസ്ഥന്മാർ ചെയ്ത അതേ കുറ്റംതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും ചെയ്തിരിക്കുന്നുവെന്ന അതീവഗുരുതരമായ കണ്ടെത്തലാണ് ഈ അഴിമതിക്കേസിലൂടെ പുറത്തുവന്നിരിക്കുന്നത് എന്നുള്ളതാണ് പ്രധാന പ്രത്യേകത. അഴിമതിക്കെതിരായിട്ടുള്ള കാര്യങ്ങളാണ് കേരളവും രാജ്യവുമെല്ലാം ഇന്ന് ഏറ്റവും കൂടുതൽ ചർച്ച ചെയ്യുന്നത്. അഴിമതിയെ ഈ രാജ്യത്തെ ജനങ്ങൾ അംഗീകരിക്കുന്നില്ല. അഴിമതിക്കെതിരാണ് ഈ രാജ്യത്തെ പൊതുസമൂഹം. അഴിമതിക്കെതിരായിട്ടുള്ള പോരാട്ടമാണ് ഇന്ന് നാട്ടിലെങ്ങും ഉയർന്നുവന്നുകൊണ്ടിരിക്കുന്നത്. അഴിമതിക്കെതിരായിട്ടുള്ള പോരാട്ടം ഉയർത്തുന്ന സ്ഥലങ്ങളിലെല്ലാം അതിന്റെ പ്രതിഫലനം വന്നുകൊണ്ടിരിക്കുന്നു. അതുകൊണ്ടാണ് ഇവിടെ സംശുദ്ധമായ രാഷ്ട്രീയവും രാഷ്ട്രീയപ്രവർത്തകരുമാണ് വേണ്ടത് എന്നുള്ള കാര്യത്തിന്റെ പ്രസക്തി കൂടുതൽ ഉയർന്നുവരുന്നത്. ധാർമ്മികതയുടെ ഒരു അംശമെങ്കിലും ഉണ്ടെങ്കിൽ ഈ കോടതി പരാമർശത്തിന്റെ പശ്ചാത്തലത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ സ്ഥാനം വിട്ടൊഴിയണം എന്നുള്ളത് കേരളത്തിന്റെ മാത്രമല്ല കേരളത്തിലെ പൊതുസമൂഹം ഇന്ന് ഒരുപോലെ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന കാര്യമാണ്. അതുകൊണ്ടുതന്നെ ഈ പ്രശ്നം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ രണ്ട് പ്രധാനപ്പെട്ട കാര്യങ്ങളിൽ ഊന്നിനിന്നുകൊണ്ടാണ് സംസാരിച്ചത്. കോടതികളുടെ ജഡ്ജ്മെന്റും പരാമർശങ്ങളും തമ്മിൽ വ്യത്യാസമുണ്ട്. കോടതിയുടെ മുമ്പിൽ ഒരു കേസ് വരുമ്പോൾ, to elicit more information, ജഡ്ജിമാർ പലപ്പോഴും വിചാരണ വേളയിൽ അഭിപ്രായങ്ങളും സംശയങ്ങളും ചോദിക്കാറുണ്ട്, പരാമർശങ്ങൾ നടത്താറുമുണ്ട്.

അത് ആരോഗ്യപരമായ ഒരു കേസ്സിന്റെ ലോജിക്കൽ കൺക്ലൂഷനിലെത്താൻ വേണ്ടി ജഡ്ജിമാർ നടത്തുന്ന ഒരു പ്രവർത്തനമാണ്. കോടതിയിൽ വാദപ്രതിവാദങ്ങളാണ് നടക്കുന്നത്. തെളിവുകളുടെ അടിസ്ഥാനത്തിലാണ് ജഡ്ജ്മെന്റ് എഴുതുന്നത്. ജഡ്ജിയുടെ അത്തരത്തിലുള്ള ഏതെങ്കിലും ഒരു പരാമർശം, കൂടുതൽ വിവരങ്ങൾ അറിയാൻവേണ്ടിയാണെങ്കിൽ അതിനെ നമുക്ക് ജഡ്ജ്മെന്റായി കണക്കാക്കാൻ കഴിയില്ല. പക്ഷേ ഇന്ന് സംഭവിക്കുന്നത്, കോടതിയിൽ ഏതെങ്കിലും ഒരു പരാമർശം ജഡ്ജി നടത്തിയാൽ അതായിരിക്കും വാർത്തകളിൽ സ്ഥാനംപിടിക്കുന്നത്. ഇത് കോടതി വിധിയാണെന്ന് സാധാരണ ജനങ്ങൾ വിചാരിക്കും. കോടതി വിധിയെന്നുപറയുന്നത് ജഡ്ജ്മെന്റാണ്. ഇങ്ങനെ വരുന്ന വിധി മാത്രമേ ഗവൺമെന്റിന് നിയമപരമായി ബാധകമാകുന്നുള്ളൂ. അല്ലാതെയുള്ള പരാമർശങ്ങളൊന്നും ഗവൺമെന്റിന് ജഡ്ജ്മെന്റ് എന്നുള്ള നിലയിൽ കണക്കാക്കാൻ കഴിയില്ല എന്നുള്ളതാണ് ലീഗലായ വശം. ഇവിടെ ബഹുമാനപ്പെട്ട റാന്നി മെമ്പർ ശ്രീ. രാജു എബ്രഹാം പറഞ്ഞ കാര്യം ശരിയാണ്. Cr.PC 319-ൽ പറയുന്നത് Power to proceed against any other persons appearing to be guilty of offence: Where, in the course of any inquiry into, or trial of an offence, it appears from the evidence that any person not being the accused has committed any offence for which such person could be tried together with the accused, the Court may proceed against such person for the offence which he appears to have committed. വിശദമായി ഞാൻ വായിക്കുന്നില്ല. ഒരു കേസ്സിന്റെ വിചാരണ വേളയിൽ ഏതെങ്കിലും മതിയായ തെളിവുകളുണ്ടെങ്കിൽ ഏതൊരാളിനെയും ആ സന്ദർഭത്തിൽ പ്രതിയാക്കാവുന്നതാണ്. Cr.PC 319-ൽ അത് വ്യക്തമായി പറയുന്നുണ്ട്. നിങ്ങൾ പറഞ്ഞത് ഞാനും അംഗീകരിക്കുകയാണ്. ഇതേ കേസാണ് പി. വി. നരസിംഹറാവു പ്രധാനമന്ത്രിയായതിനുശേഷം ലഖുഭായ് പട്ടേൽ കേസ്സിൽ പി. വി. നരസിംഹറാവു ആദ്യം പ്രതിയായിരുന്നില്ല. വിചാരണ വേളയിൽ മതിയായ തെളിവുകൾ കണ്ടപ്പോൾ പി. വി. നരസിംഹറാവു എന്ന മുൻപ്രധാനമന്ത്രിക്കുനേരെ കോടതി കേസ്സെടുത്തു. അത് നിയമപരമായ നടപടിയാണ്. ഇവിടെ തൃശ്ശൂർ കോടതി എന്താണ് പറയുന്നത്..... തൃശ്ശൂർ കോടതിയിൽ ജസ്റ്റിസ് ഭാസ്കരന്റെ 2012 മേയ് 24-ലെ വിധിയിൽ പറയുന്നത് : 'There is no evidence, there is no material available suggesting the involvement of CW-23 (the then Finance Minister Shri. Oommen Chandy) in the Palmolin deal. In the further investigation report nothing could be brought to indicate the complicity of any other persons other than the persons already arrayed as accused.

Hence the further report file 7-1-2012 is accepted'. ഇതേ തൃശ്ശൂർ വിജിലൻസ് കോടതിയുടെ ജഡ്ജിയായ ഭാസ്കരൻ 2012 മേയ് 24-ലെ ജഡ്ജ്മെന്റിൽ, അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയായ ശ്രീ. ഉമ്മൻ ചാണ്ടിക്കെതിരായി ഒരു മെറ്റീരിയൽ എവിഡൻസും ഇല്ലാത്തതുകൊണ്ട് കോടതി ഈ റിപ്പോർട്ട് അംഗീകരിക്കുന്നു എന്ന് സംശയമില്ലാതെ പറയുകയാണ്.

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, സഭയിൽ ഒരു തെറ്റിദ്ധാരണ ഉണ്ടാക്കുന്ന രീതിയിലാണ് ഇവിടെ സംസാരിക്കുന്നത്. കാരണം ബഹുമാനപ്പെട്ട തൃശ്ശൂർ വിജിലൻസ് കോടതി ഈ റിപ്പോർട്ട് അംഗീകരിക്കുമ്പോൾത്തന്നെ വളരെ വ്യക്തമായിപ്പറയുന്ന കാര്യം-'If any evidence is forthcoming during the trial against anybody including CW-23.....' 'Including CW-23' എന്ന് സ്പെസിഫിക്കായി പറയുമ്പോൾ, ഇതിന്റെ വിചാരണ വേളയിൽ ആ റിപ്പോർട്ട് തള്ളിക്കളയുമ്പോൾത്തന്നെ, ഒരു തെളിവ് 23-ാം സാക്ഷിക്കെതിരെ ഉയർന്നുവന്നാൽ അയാൾ പ്രതിയാക്കപ്പെടുകതന്നെ ചെയ്യുമെന്നാണ്. വളരെ വ്യക്തമായി ഇന്ന് പറഞ്ഞിരിക്കുകയാണ്. അതായത് ഇതിൽ രണ്ട് പ്രതികളുണ്ട്. പ്രധാനപ്പെട്ട പ്രതിയെ കിട്ടിക്കഴിഞ്ഞു. നിങ്ങളെ രണ്ടുപേരെയും വിടണമെന്നുപറഞ്ഞാൽ അതിന്റെ അർത്ഥം CW-23-യുടെ ഉള്ളിലുള്ള കൺക്ലൂഷൻ വളരെ വ്യക്തമാക്കപ്പെട്ടിരിക്കുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല : ഞാനും അതുതന്നെയാണ് പറഞ്ഞത്. ഈ സ്റ്റേജിൽ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയായ ശ്രീ. ഉമ്മൻചാണ്ടിക്കെതിരെ മെറ്റീരിയൽ എവിഡൻസ് നിലവിലില്ല. അതുകൊണ്ട് റിപ്പോർട്ട് അംഗീകരിക്കുന്നു. CW-23 എന്നല്ല, ഏത് ഘട്ടത്തിലും മതിയായ തെളിവുകളുണ്ടെങ്കിൽ ആർക്കെതിരെ വേണമെങ്കിലും Cr.PC 319 അനുസരിച്ച് കേസ്സെടുക്കാം. അത് നിയമപരായ നടപടിയാണ്. ഇവിടെ തൃശ്ശൂർ കോടതി ട്രയൽ തുടങ്ങിയിട്ടില്ല. നിങ്ങൾ കേട്ടപാതി കേൾക്കാത്തപാതി വസ്തുതകൾ മനസ്സിലാക്കാതെ അടിയന്തരപ്രമേയം അവതരിപ്പിച്ചതാണ് ഇവിടത്തെ പ്രശ്നം. ഇത് രാജ്യത്തെ Law of the land ആണ്. നിലനിൽക്കുന്ന നിയമമനുസരിച്ച്, Cr. PC 319 അനുസരിച്ച് വിചാരണവേളയിൽ ഏതൊരാളിനെയും മതിയായ തെളിവുണ്ടെങ്കിൽ പ്രതിയാക്കാൻ കഴിയും. അതുകൊണ്ടാണ് ലഖുഭായ് പട്ടേൽ കേസ് ഞാൻ വിശദീകരിച്ചത്. വിജിലൻസ് കോടതിയിൽനിന്ന് തള്ളിയ കേസ്സുമായി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ശ്രീ. വി. എസ്. അച്യുതാനന്ദൻ സുപ്രീംകോടതിയിൽ പോയപ്പോൾ സുപ്രീംകോടതി പറഞ്ഞത്; 'Having heard the learned council of the parties at the length, we have no reason to interfere over the order impugned. The Special Leave Petition is

accordingly dismissed. We however, make it clear that this order or the order passed by the High Court shall not prevent the trial Court from adding any person not otherwise included in the charge sheet as an accused, provided the evidence added to the course of the trial. അത് നിയമപരമായി നിലനിൽക്കുന്ന നിയമങ്ങളുടെ അടിസ്ഥാനത്തിൽ സ്വീകരിക്കാവുന്ന നടപടി മാത്രമാണ്. മതിയായ തെളിവുണ്ടെങ്കിൽ വിചാരണവേളയിൽ ഏതൊരാളിനെയും പ്രതിയാക്കാം. പക്ഷെ, ഇവിടെ വിചാരണ തുടങ്ങിയിട്ടില്ല. തൃശ്ശൂർ വിജിലൻസ് കോടതിയിൽ വിചാരണ തുടങ്ങാനിരിക്കുന്നതേയുള്ളൂ. തുടങ്ങുന്നതിനുമുമ്പുതന്നെ ഇങ്ങനെയൊരു കൺക്ലൂഷനിലെത്തുന്നത് ശരിയല്ല. ബഹുമാനപ്പെട്ട തൃശ്ശൂർ കോടതിതന്നെ ഭാസ്കരൻ ജഡ്ജിയായിരുന്ന സമയത്ത് ശ്രീ. ഉമ്മൻ ചാണ്ടിക്കെതിരെ ഒരു തെളിവും ഇല്ലായെന്ന് പറഞ്ഞതാണ്, ബഹുമാനപ്പെട്ട സുപ്രീം കോടതി പറഞ്ഞതാണ്. ഹൈക്കോടതിയിൽ പരാമർശമുണ്ടായതാണ്. അതുകൊണ്ട് ഈ കേസിൽ ഇപ്പോൾ ശ്രീ. രാജു എബ്രഹാം ഉന്നയിച്ച വാദങ്ങളൊന്നും നിലനിൽക്കുന്നതല്ല. ശ്രീ. ഉമ്മൻ ചാണ്ടിയെ ഇതുവരെ പ്രതിയാക്കിയിട്ടില്ല. അതുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട യാതൊരാവശ്യവുമില്ല. തികച്ചും രാഷ്ട്രീയപ്രേരിതമായ, പുകമറയുണ്ടാക്കാൻവേണ്ടിയുള്ള പ്രതിപക്ഷത്തിന്റെ ശ്രമമാണിത്. അത് വിലപ്പോകില്ലെന്നുപറയാൻ ഞാൻ ആഗ്രഹിക്കുന്നു.

10.00 AM]

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കേരളത്തിലെ ഏറ്റവും സീനിയറായ രണ്ട് ഉദ്യോഗസ്ഥന്മാരെ ഒഴിവാക്കിക്കൊണ്ടുള്ള ..... (ബഹളം).....

(ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുന്നതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റിൽ നിന്ന് എഴുന്നേറ്റ് മുദ്രാവാക്യം വിളിച്ച് ബഹളം വച്ചുകൊണ്ടിരുന്നു.)

മി. സ്പീക്കർ: അടിയന്തരപ്രമേയം അവതരിപ്പിച്ചുകഴിഞ്ഞാൽ മറുപടി കേൾക്കണ്ടേ; അതിന് മറുപടി പറയാൻ അനുവദിക്കാതിരുന്നാൽ എങ്ങനെയാണ്; നിങ്ങൾ അവതരിപ്പിച്ച അടിയന്തരപ്രമേയത്തിന് മറുപടി പറയണ്ടേ; അതിന് അനുവദിക്കണ്ടേ? ഇത് ശരിയല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ മറുപടി പറയാൻ അനുവദിക്കണം. നിങ്ങൾ അവതരിപ്പിച്ച അടിയന്തരപ്രമേയത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് മറുപടി പറയാൻ അവസരം കൊടുക്കണം. ഇത് കാണിക്കുന്നത് ശരിയല്ല. അംഗങ്ങൾ ദയവായി ഇരിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ മറുപടി പറയാൻ അനുവദിക്കണം. ....(ബഹളം)...... നിങ്ങൾ മുഖ്യമന്ത്രിയെ മറുപടി

പറയാൻ അനുവദിക്കുന്നില്ലായെങ്കിൽ ചെയറിന് അടുത്ത നടപടിയിലേയ്ക്ക് പോകേണ്ടി വരും. ........(ബഹളം)....... സഭ നടത്തിക്കൊണ്ടുപോകാൻ ദയവായി നിങ്ങൾ സഹകരിക്കണം. ........(ബഹളം)....... സഭാനടപടികൾ നടത്തിക്കൊണ്ട് പോകാനുള്ള ഉത്തരവാദിത്വം ചെയറിനുണ്ട്. ഗവൺമെന്റ് ബിസിനസ്സ് നടത്തുവാനുള്ള ഉത്തരവാദിത്വം ചെയറിനുണ്ട്. നിങ്ങൾ അടിയന്തരപ്രമേയത്തിന് മറുപടി പറയാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അനുവദിക്കുന്നില്ലെങ്കിൽ ചെയർ അടുത്ത നടപടിയിലേയ്ക്കുപോകും. ......(ബഹളം)..... ഇത് മുഖ്യമന്ത്രിയെക്കുറിച്ച് നിങ്ങൾ പറഞ്ഞതാണ്. അദ്ദേഹത്തിന് മറുപടി പറയണം. മറുപടി പറയാൻ അനുവദിക്കണം. .....(ബഹളം)....

ശ്രീ. എ. കെ. ബാലൻ: സർ ....(മൈക്ക് ഓഫ്).... അടിയന്തര പ്രമേയത്തിനുള്ള മറുപടി ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞു. ഇനി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെയാണ് വിളിക്കേണ്ടത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ വിളിച്ചാൽ മതി. ...(ബഹളം)....

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കുകയും അതിനുശേഷം അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുകയും ചെയ്താൽ മാത്രമേ പ്രതിപക്ഷനേതാവിന് സംസാരിക്കാൻ സാധിക്കൂ. അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചിട്ടില്ല. ഗവൺമെന്റ് ഭാഗത്തുനിന്ന് പറയേണ്ട മറുപടി തീർന്നിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സംസാരിക്കാനുണ്ട്. അതിനുശേഷം അവതരണാനുമതി നിഷേധിച്ചാൽ മാത്രമെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് സംസാരിക്കാൻ സാധിക്കുകയുള്ളൂ. നിങ്ങൾക്ക് ഇതെല്ലാം അറിയാവുന്നതല്ലേ? .....(ബഹളം).... നിങ്ങൾ വെറുതേ പ്രശ്നം ഉണ്ടാക്കരുത്. സഹകരിക്കണം. സഭ നടത്തിക്കൊണ്ടുപോകണം. ഗവൺമെന്റ് ഭാഗത്തുനിന്നും പറയേണ്ട മറുപടി പറഞ്ഞിട്ടില്ല. അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയും. അതിനുശേഷം അവതരണാനുമതി നിഷേധിച്ചാലല്ലേ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് സംസാരിക്കാൻ സാധിക്കൂ; .....(ബഹളം)..... ചെയർ അടുത്ത നടപടികളിലേയ്ക്കുപോകും.

ശ്രീ. എ. കെ. ബാലൻ: സർ,...(മൈക്ക് ഓഫ്).... അടിയന്തര പ്രമേയത്തിനുള്ള നോട്ടീസ് കൊടുത്തത് ആഭ്യന്തര വകുപ്പുമന്ത്രിക്കാണ്. അദ്ദേഹം മറുപടി പറഞ്ഞുകഴിഞ്ഞു. ഇനി അങ്ങ് അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിച്ച എന്നുപറഞ്ഞാൽ മതി. അടുത്ത നടപടി ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെ വിളിക്കുക എന്നുള്ളതാണ്. .......(ബഹളം)......

<u>മി. സ്പീക്കർ</u>: ചെയർ calling attention-ലേയ്ക്ക് പോകും..... (ബഹളം).... ബഹുമാനപ്പെട്ട മുഖ്യമന്ത്രി അങ്ങേയ്ക്ക് സംസാരിക്കാൻ സാധിക്കുമോ? യെസ്.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, കേരളത്തിലെ ഏറ്റവും മുതിർന്ന രണ്ടുദ്യോഗസ്ഥന്മാരെ പാമൊലിൻ കേസിൽനിന്നും ഒഴിവാക്കിക്കൊണ്ടുള്ള തൃശ്ശൂർ വിജിലൻസ് കോടതി തീരുമാനത്തെ ഞാൻ സ്വാഗതം ചെയ്യുകയാണ്. അവർക്ക് വൈകിക്കിട്ടിയ നീതിയാണ് ഇത്. 20 വർഷക്കാലം അവർക്ക് ഈ കേസ്സിന്റെ പിറകേ നടക്കേണ്ടിവന്നു. അവർക്ക് ഈ നീതി 2005-ൽ കൊടുക്കാൻ വേണ്ടിയാണ് ഞാൻ ഈ കേസ് പിൻവലിച്ചത്.

(ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുന്നതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസിനു സമീപം വന്നുനിന്ന് ബഹളം വച്ചുകൊണ്ടിരുന്നു.)

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: ഇന്നലത്തെ വിധിയോടുകൂടി എല്ലാ ഉദ്യോഗസ്ഥരും ഈ കേസ്സിൽനിന്നും പുറത്തായിരിക്കുകയാണ്. ഉദ്യോഗസ്ഥരുടെ അപേക്ഷയില്ലാതിരുന്നതുകൊണ്ടാണ് അവരെ കേസ്സിൽനിന്നും ഒഴിവാക്കാതിരുന്നത്. അപേക്ഷ കൊടുത്ത ഉദ്യോഗസ്ഥരും കേസ്സിൽനിന്ന് ഒഴിവായിരിക്കുകയാണ്. 2005-ലും ഈ ഗവൺമെന്റിന്റെ കാലത്തും ഞാൻ ചെയ്ത നടപടി ശരിയാണെന്നാണ് ഈ വിധിയിലൂടെ വന്നിരിക്കുന്നത്. എത്രമാത്രം ഉദ്യോഗസ്ഥന്മാർ ഇതിനുവേണ്ടി എന്തെല്ലാം സഹിക്കേണ്ടിവന്നു. പാമൊലിൻ കേസ് ഗവൺമെന്റിന് നഷ്ടം വന്ന കേസ്സല്ല, 9 കോടിരൂപ ലാഭംവന്ന കേസ്സാണ്. പിന്നെന്താണ് പരാതി? ....അങ്ങനെ ചെയ്തിരുന്നെങ്കിൽ 9 കോടി രൂപയുടെ സ്ഥാനത്ത് 11 കോടി രൂപ കിട്ടുമായിരുന്നു. ഇതാണ് കേസ്, അല്ലാതെ ഗവൺമെന്റിന്റെ ഖജനാവിന് ഒരു രൂപപോലും നഷ്ടം വന്നിട്ടില്ല. ഈ പാമൊലിൻ ഇടപാടിൽ കേരള ഗവൺമെന്റിന് 9 കോടിയോളം രൂപ ലാഭം കിട്ടിയതാണ്, പക്ഷേ മന:പൂർവ്വം എല്ലാവരേയും കുടുക്കാൻ കൊണ്ടുവന്ന ഒരു കെണിയാണിത്. ഇന്ന് ഇവിടെ മുദ്രാവാക്യം വിളിക്കുന്നവർ അധികാരത്തിലിരുന്നപ്പോഴാണ് ഈ കേസ് അന്വേഷിച്ച് ചാർജ്ജ്ഷീറ്റ് കൊടുത്തത്. അന്ന് ഇ. കെ നായനാരായിരുന്നു മുഖ്യമന്ത്രി. അഞ്ചുവർഷം അന്വേഷിച്ചിട്ടും എന്നെ പ്രതിയാക്കാൻ അവർക്ക് സാധിച്ചില്ല, എന്നെ സാക്ഷിയാക്കി. എന്നെ സാക്ഷിയാക്കിയത് യു.ഡി.എഫ്. ഗവൺമെന്റല്ല, നായനാർ ഗവൺമെന്റാണ്. അതുകഴിഞ്ഞ് ശ്രീ വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായി. അദ്ദേഹം അഞ്ചുവർഷം അധികാരത്തിലിരുന്നു. അപ്പോഴും എന്നെ പ്രതിയാക്കാൻ സാധിച്ചില്ല. അന്നും ഈ കേസ്സിൽ ഞാൻ സാക്ഷിയായിരുന്നു. അതുകഴിഞ്ഞ് ഒരു അന്വേഷണത്തിന് അദ്ദേഹം ഉത്തരവിട്ടു. ആ ഗവൺമെന്റ് മാറി ഞാൻ മുഖ്യമന്ത്രിയായപ്പോഴും ശ്രീ. വി.എസ്. അച്ചുതാനന്ദൻ അന്വേഷിക്കാൻ നിയോഗിച്ച അതേ ടീമിനുതന്നെയാണ് ഈ കേസ്സിന്റെ ചുമതല,

ഒരു മാറ്റവും വരുത്തിയില്ല. അവർ അന്വേഷിച്ച് എന്നെ പ്രതിയാക്കാൻ പറ്റില്ലെന്ന റിപ്പോർട്ട് വിജിലൻസ് കോടതിക്ക് കൊടുത്തു. വിജിലൻസ് കോടതി പുനരന്വേഷണത്തിന് ഉത്തരവിട്ടു. അങ്ങനെ പുനരന്വേഷണം നടത്തിയ റിപ്പോർട്ടിലും എന്നെ പ്രതിയാക്കാൻ പറ്റില്ലെന്ന് പറഞ്ഞു. ആ വിധി ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെ വായിച്ചു. 'There is no evidence, there is no material available suggesting the involvement of CW-23' എന്നാണ് അതിനകത്ത് പറഞ്ഞിരിക്കുന്നത്. എന്നെ പ്രതിയാക്കാൻ ഒരു തെളിവുമില്ലെന്നാണ് അതിൽ പറഞ്ഞിരിക്കുന്നത്. അതിനെതിരെ പ്രതിപക്ഷനേതാവ് ഹൈക്കോടതിയിൽ പോയി. ഹൈക്കോടതി ഈ കേസ് വിശദമായി പരിശോധിച്ചതിനുശേഷം എന്നെ പ്രതിയാക്കാൻ പറ്റില്ലായെന്ന് പറഞ്ഞു. ഒരു വാചകം ഞാൻ വായിക്കുകയാണ്, " There is some force in the submissions made by the Advocate General that the objections raised to exhibit P9 report, ഈ വിജിലൻസിന്റെ റിപ്പോർട്ട് ...by these petitioners... ആരൊക്കെയാണ്; പ്രതിപക്ഷനേതാവടക്കമുള്ള പെറ്റീഷണേഴ്സ് …..only to drag on the proceedings and thus to gain some political advantage keeping alive allegations impugned against CW 23, the present Chief Minister of State in lineate before the public." ഈ കേസ് എങ്ങനേയും നീട്ടിക്കൊണ്ടുപോയി നിലവിലുള്ള മുഖ്യമന്ത്രിക്കെതിരെ പുകമറ സൃഷ്ടിക്കാൻവേണ്ടി ചെയ്തിരിക്കുന്ന കാര്യമാണെന്ന് ഹൈക്കോടതി ജഡ്ജി പറഞ്ഞിരിക്കുകയാണ്. ഇതിനെതിരെ ബഹു. പ്രതിപക്ഷനേതാവ് സുപ്രീം കോടതിയിൽ പോയി. സുപ്രീംകോടതി അത് തള്ളിക്കളഞ്ഞുവെന്നുമാത്രമല്ല പ്രതിപക്ഷനേതാവിനെ രൂക്ഷമായി വിമർശിക്കുകയും കീഴ്ക്കോടതികളുടെ വിധി സുപ്രീംകോടതി പൂർണ്ണമായും അംഗീകരിക്കുകയും ചെയ്തു. പാമൊലിൻ കേസ്സിൽ പ്രതിപക്ഷനേതാവിന് രൂക്ഷവിമർശനം.... (പത്രക്കട്ടിംഗ് ഉയർത്തിക്കാട്ടി). ഞങ്ങൾ ജുഡീഷ്യറിയെ ബഹുമാനിക്കുന്നു. ഞങ്ങൾക്കെതിരായ വിധി വരുമ്പോഴും ഞങ്ങൾക്കനുകൂല വിധി വരുമ്പോഴുമെല്ലാം ഞങ്ങൾക്ക് ജുഡീഷ്യറിയോട് ഒരേ സമീപനമാണ്. ഒരു കോടതിവിധി വരുമ്പോൾ ഹൈക്കോടതിയേയും സുപ്രീംകോടതിയേയും ഇവർ മറക്കുകയാണ്. അവർ മുദ്രാവാക്യം വിളിക്കുന്നതിൽ എനിക്ക് ഒരു അതിശയവുമില്ല. ഈ മറുപടി കേട്ടിരിക്കാൻ അവർക്ക് പേടിയാണ്.

മി. സ്പീക്കർ: അവർ മുദ്രാവാക്യം വിളിക്കുന്നത് ബഹു. മുഖ്യമന്ത്രിക്കെതിരെയല്ല, സ്പീക്കർക്കെതിരെയാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: ഞാൻ പറയുന്നത് കേൾക്കാൻ അവർക്ക് സാധിക്കില്ല. ജനാധിപത്യം എന്താണ്; ചർച്ചയല്ലേ? ആ ചർച്ച ഫലപ്രദമാകണമെങ്കിൽ ചർച്ചയും അതിന് മറുപടിയും വേണ്ടേ? എന്താണ് അവർ ചർച്ചയുടെ മറുപടി

കേൾക്കാൻ മടിക്കുന്നത്. പുകമറ സൃഷ്ടിക്കണമെന്നുമാത്രമേയുള്ളൂ, അല്ലാതെ അവർക്ക് ഒരു ന്യായീകരണവുമില്ല. ശ്രീ. രാജു എബ്രഹാം അടിയന്തരപ്രമേയം ഇവിടെ അവതരിപ്പിച്ചല്ലോ? അദ്ദേഹം പറയുന്ന ഒന്നിന് മറ്റൊന്ന് എതിരാണ്. ഞാൻ കേസ് പിൻവലിച്ചത് തെറ്റാണെന്ന് പറയുന്നു. ഞാൻ ഒഴിവാക്കിയ പ്രതികളെ കോടതി ഒഴിവാക്കിയത് ശരിയാണെന്ന് പറയുന്നു. ഞങ്ങൾക്ക് ഒറ്റ നിലപാടേയുള്ളൂ. പാമൊലിൻ കേസ് രാഷ്ട്രീയലക്ഷ്യത്തോടുകൂടി ഉണ്ടാക്കിയെടുത്ത ഒന്നാണ്. കേരളത്തിന് നഷ്ടമല്ല, ലാഭമുണ്ടാക്കിയ കേസാണ്. എന്നിട്ടും 20 വർഷത്തിലേറെ കാലമായി ഈ കേസ്സിൽ ഇവരെയെല്ലാം കുടുക്കി ഇട്ടിരിക്കുകയാണ്. അതിനോട് എനിക്ക് വിയോജിപ്പുണ്ട്. അഴിമതിക്കെതിരെ എന്ത് നടപടിവേണമെങ്കിലുമെടുക്കാം. അതുപോലെതന്നെ അഴിമതിയുടെ പേരിൽ നിരപരാധികളെ കുരുക്കാൻ ശ്രമിച്ചാൽ അതിനൊരിക്കലും ഈ ഗവൺമെന്റ് കൂട്ടുനിൽക്കില്ല. അതുകൊണ്ടാണ് രണ്ടുപ്രാവശ്യം ഈ കേസ് പിൻവലിച്ചത്. ഇതിൽ കെ. കരുണാകരനടക്കം ഇങ്ങോട്ടുള്ളവരെല്ലാം നിരപരാധികളാണെന്ന് എനിക്കറിയാം. അത് എനിക്ക് പൂർണ്ണബോധ്യമുണ്ട്. എന്റെ ആ ബോദ്ധ്യമാണ് വിമർശനമുണ്ടായിട്ടും, കൂടുതൽ വിമർശനമുണ്ടാകുമെന്ന് അറിഞ്ഞിട്ടും ശക്തമായ നടപടിയുമായി കേസ് പിൻവലിക്കാൻ തയ്യാറായത്. ഇവർക്ക് ആക്ഷേപങ്ങൾ ഉന്നയിക്കണം, പക്ഷേ അതിനുള്ള മറുപടി കേൾക്കണ്ട. അതെന്ത് ജനാധിപത്യമാണ്? ജനാധിപത്യവും ചർച്ചയും മറുപടിയുമെല്ലാം ഉൾക്കൊള്ളുന്ന ഒന്നാണ് ആവശ്യമായിട്ടുള്ളത്. ഇവർക്ക് അനുകൂലമായ വിധി വരുമ്പോൾ മാത്രം ജുഡീഷ്യറി മെച്ചം, അല്ലാത്തപ്പോൾ മെച്ചമല്ല. ഈ കാര്യത്തിൽ ബഹു. ആഭ്യന്തര വകുപ്പുമന്ത്രി വിശദമായി മറുപടി പറഞ്ഞിട്ടുണ്ട്. ഇതിന്റെ യാഥാർത്ഥ്യം കേരളീയ സമൂഹം അംഗീകരിച്ചിട്ടുണ്ട്, അത് അംഗീകരിക്കും, യാതൊരു സംശയവുമില്ല. എന്റെ മറുപടിപോലും കേൾക്കാൻ തയ്യാറാകാത്തത് അവരുടെ നിലപാടിൽ അവർക്കുതന്നെ സംശയമുള്ളതുകൊണ്ടാണ്. ഒരു ചർച്ച നടത്തി അവരുടെ വാദങ്ങൾ ശരിയാണെന്ന് തെളിയിക്കാൻ സാധിക്കാത്തതു കൊണ്ടാണ്. അതൊരിക്കലും വിജയിക്കുന്നതല്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയുടേയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

(ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുന്നതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസിനുമുമ്പിൽ വന്നുനിന്ന് ബഹളം വച്ചുകൊണ്ടിരുന്നു.)

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, അങ്ങേയ്ക്ക് സംസാരിക്കണമെങ്കിൽ എല്ലാവരും സീറ്റിൽ ഇരിക്കണം. അവർ സീറ്റിലിരുന്നാൽ മാത്രമേ അങ്ങേയ്ക്ക് സംസാരിക്കാൻ സാധിക്കൂ .....(ബഹളം)......... പ്രതിപക്ഷാംഗങ്ങൾ സീറ്റിൽ ഇരുന്നതിനുശേഷം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിക്കും. അദ്ദേഹത്തിന്റെ പ്രസംഗ സമയത്ത് നിങ്ങൾ ബഹളം ഉണ്ടാക്കുന്നത് ശരിയല്ല ...യെസ്... ഇനി പ്രതിപക്ഷനേതാവിന് സംസാരിക്കാം ............പ്ലീസ്.......... ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിക്കട്ടെ ......(ബഹളം).........

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സർ, പതിമൂന്നാം കേരള നിയമസഭയുടെ പതിനാറാമത് സമ്മേളനം അവസാനിക്കാൻ ഇനി ഒരു ദിവസം മാത്രമേ അവശേഷിക്കുന്നുള്ളൂ.

(ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിക്കുന്നതിൽ പ്രതിഷേധിച്ച് ഭരണകക്ഷിയംഗങ്ങൾ അവരവരുടെ സീറ്റിൽ എഴുന്നേറ്റ് നിന്ന് ബഹളം വച്ചു കൊണ്ടിരുന്നു.)

ഈ പതിനാറ് സമ്മേളനങ്ങളിലായി ഇരുന്നൂറിലേറെ ദിവസങ്ങളെങ്കിലും സഭ ചേർന്നിട്ടുണ്ടാകും. ഏതാണ്ട് അത്രത്തോളം ദിവസം പ്രതിപക്ഷം അടിയന്തര പ്രമേയവും അവതരിപ്പിച്ചിട്ടുണ്ട്. .....(ബഹളം)........ അങ്ങനെ അവതരിപ്പിക്കപ്പെട്ട അടിയന്തരപ്രമേയങ്ങളിൽ 90 ശതമാനവും ഈ സർക്കാരിന്റെ അഴിമതിയെ ക്കുറിച്ചായിരുന്നു. മുഖ്യമന്ത്രിയും മന്ത്രിമാരും ഉദ്യോഗസ്ഥപ്രമുഖരുമൊക്കെ നടത്തുന്ന നികൃഷ്ടമായ അഴിമതി....ഏതെങ്കിലും അഴിമതിയാരോപണം ഉന്നയിച്ചല്ല ഞങ്ങൾ അടിയന്തരപ്രമേയം കൊണ്ടുവന്നത്. ശ്രീ. ഉമ്മൻചാണ്ടിയുടെയും സഹമന്ത്രിമാരുടെയും.........

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിക്കട്ടെ. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ സംസാരിക്കാൻ അനുവദിക്കണം.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: കള്ളക്കളികളും സഹിക്കാതെ...... (ബഹളം)....

മി. സ്പീക്കർ: ദയവായി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനെ സംസാരിക്കാൻ അനുവദിക്കണം.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: ....(ബഹളം).....പോയ ഗവൺമെന്റിന്റെ സർക്കാരിനെതിരെ പരാമർശങ്ങളും വിധികളും നടത്തുന്നു. അതിന്റെ പശ്ചാത്തലത്തിലാണ് അഴിമതികൾ സംബന്ധിച്ച അടിയന്തരപ്രമേയങ്ങൾ ഞങ്ങൾ കൊണ്ടുവന്നിട്ടുള്ളത്. ഇത് അത്യന്തം ഗൗരവമുള്ള കാര്യമാണ്. ഏതെങ്കിലും ഒരു ജനാധിപത്യ

ഭരണസംവിധാനത്തിൽ ഇതുപോലെ അഴിമതിക്കേസ്സുകൾ ഉയർത്തി സർക്കാരിനെതിരെ അടിയന്തരപ്രമേയം കൊണ്ടുവന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; കാണില്ല. വേണ മെങ്കിൽ ശ്രീ. ഉമ്മൻ ചാണ്ടിക്കും കൂട്ടർക്കും ഇക്കാര്യത്തിൽ വീമ്പുപറയാൻ കഴിയും.

മി. സ്പീക്കർ: പ്രതിപക്ഷനേതാവ് സംസാരിക്കട്ടെ. അദ്ദേഹത്തെ സംസാരിക്കാൻ അനുവദിക്കണം.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ഞങ്ങൾ ലോകറെക്കോർഡ് നേടിയിരിക്കുന്ന വെന്ന് ശ്രീ. ഉമ്മൻ ചാണ്ടിക്ക് പറയാം. അങ്ങ് ആ കസേരയിൽ ഇരുന്നതിന് ശേഷം സർക്കാരിന്റെ അഴിമതികളെക്കുറിച്ച് കേൾക്കാത്ത ഒരു ദിവസമെങ്കിലും ഉണ്ടായിട്ടുണ്ടോ; ഒരു ദിവസമെങ്കിലും ഉണ്ടായിട്ടുണ്ടോ? ഈ സർക്കാരിന്റെ അഴിമതികളോർത്ത് സഭ നടക്കുന്ന ഒരു ദിവസമെങ്കിലും അങ്ങേയ്ക്ക് സ്വസ്ഥമായി ഉറങ്ങാൻ കഴിയുന്നുണ്ടോ; സഭയിൽ ഇരിക്കുമ്പോഴാണെങ്കിൽ അങ്ങയുടെ ബി.പി. എത്രമാത്രം വർദ്ധിക്കുന്നുണ്ടാകും. കാരണം ഈ സർക്കാരിന്റെ സകലകൊള്ളരുതായ്മകളും കണ്ടും കേട്ടും അതൊക്കെ മനസ്സിലൊതുക്കി കടിച്ചുപിടിച്ചിരിക്കേണ്ട അവസ്ഥയല്ലേ സ്പീക്കർ സർ, അങ്ങേയ്ക്കുള്ളത്. ഒരു അഴിമതി കേസ്സിൽ തന്നെ തിരിഞ്ഞും മറിഞ്ഞും അല്ലേ കോടതികൾ ഈ സർക്കാരിനെ പ്രഹരിച്ചുകൊണ്ടിരിക്കുന്നത്. മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി തലവഴി മുണ്ടിട്ട് നടക്കുകയാണ്. അങ്ങനെയുള്ള ശ്രീ. ഉമ്മൻ ചാണ്ടി യുടെ ഒരു കവിളത്ത് ഒരു ദിവസം ഒരു കോടതി അടിക്കും. ആ അടിയും വാങ്ങി വീണ്ടും തലയിൽ മുണ്ടിട്ടുപോകുമ്പോൾ ദാ മറ്റൊരു കോടതിയുടെ അടി കവിളിൽ വരുന്നു. ഇത് ഒന്നോ രണ്ടോ മൂന്നോ തവണയോ ആയാൽ മനസ്സിലാക്കാം. തുടരെത്തുടരെ പടാപടാന്ന് കോടതി അടിച്ചുകൊണ്ടിരിക്കുകയല്ലേ; എന്നിട്ട് ശ്രീ. ഉമ്മൻ ചാണ്ടിക്ക് വല്ല നാണവുമുണ്ടോ; സോറി സർ, ഉമ്മൻ ചാണ്ടിക്ക് നാണമില്ല. അദ്ദേഹം ഈ സഭയിൽത്തന്നെ പറഞ്ഞിട്ടുള്ളതാണല്ലോ; എല്ലാ അവഹേളനവും സഹിച്ച് താൻ മുഖ്യമന്ത്രിയായി തുടരും എന്നല്ലേ മുമ്പൊരിക്കൽ ഇവിടെ തട്ടിവിട്ടത്. പാമൊലിൻ അഴിമതിക്കേസ്സിന് രണ്ടുപതിറ്റാണ്ടിലേറെക്കാലത്തെ പഴക്കമുണ്ടല്ലോ; ഈ കേസ്സിൽ നിന്നും തലയൂരാൻ ശ്രീ. ഉമ്മൻ ചാണ്ടി എന്തെല്ലാം കുതന്ത്രങ്ങളാണ് പയറ്റിയത്. അത് ഈ സഭയിൽത്തന്നെ പലപ്പോഴും വന്നിട്ടുള്ളതല്ലേ; ഒരു ഘട്ടത്തിൽ സുപ്രീംകോടതി തന്നെ പറഞ്ഞില്ലേ; കാർപ്പെറ്റിനടിയിൽ ഒളിച്ചുവയ്ക്കാൻ കഴിയുന്നതല്ല ഇത് എന്ന്. പക്ഷേ നമ്മുടെ ഉമ്മൻ ചാണ്ടി ആരാണ്; കാർപ്പെറ്റിനടിയിൽ ഒളിപ്പിക്കരുത് എന്നല്ലേ കോടതി പറഞ്ഞിരിക്കുന്നത്; അങ്ങനെ എങ്കിൽ ഞാൻ അത് എന്റെ കുപ്പായക്കീശയിൽ ഒളിപ്പിക്കും, അതാണ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ മറുപടി. പാമൊലിൻ കേസ്സിൽ ശ്രീ. ഉമ്മൻ ചാണ്ടിയെ

പ്രതിചേർക്കണം എന്നുപറഞ്ഞതിന്റെ പേരിലല്ലേ ശ്രീ. ഉമ്മൻ ചാണ്ടിയുടെ മനഃസ്സാക്ഷി സൂക്ഷിപ്പുകാരനായിരുന്ന അന്നത്തെ ചീഫ് വിപ്പിനെക്കൊണ്ട് തിരുവനന്തപുരം വിജിലൻസ് ജഡ്ജി ഹനീഫയെ പാകിസ്ഥാൻ ചാരൻ എന്നുവിളിച്ച് ആക്ഷേപിച്ചത്. അതിനെത്തുടർന്നല്ലേ അദ്ദേഹം രാജ്യരാമാനം നാടുവിട്ടത്; അതിനുശേഷമല്ലേ ഈ കേസ് തൃശ്ശൂർ വിജിലൻസ് കോടതിയിലേയ്ക്ക് മാറ്റിയത്. എന്നിട്ടിപ്പോൾ എന്തായി; ഇന്നലെ തൃശ്ശൂർ വിജിലൻസ് കോടതിയും ഇതുതന്നെയല്ലേ പറഞ്ഞിരിക്കുന്നത്. പാമോയിൽ ഇറക്കുമതി ചെയ്ത സമയത്ത് ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടി ബന്ധപ്പെട്ട ഫയൽ കണ്ടിട്ടുണ്ടെന്നും അതുകൊണ്ടുതന്നെ അതിന്റെ ഉത്തരവാദിത്വത്തിൽനിന്നും ഒഴിഞ്ഞുമാറാൻ കഴിയില്ലെന്നുമല്ലേ തൃശ്ശൂർ........കേസ്സിൽ ശ്രീ. ഉമ്മൻ ചാണ്ടിയും പ്രതിയാണ് എന്ന കാര്യം ഏറ്റവും സഭ്യമായ ഭാഷയിൽ പറയുകയല്ലേ കോടതി ചെയ്തത്. എന്താണ് കോടതി പറഞ്ഞിരിക്കുന്നത്; പാമോയിൽ ഇറക്കുമതി ഉത്തരവ് ഇറക്കുന്നതിനുമുമ്പ് ഫയൽ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടി കാണുകയും അതിൽ ഒപ്പുവയ്ക്കുകയും ചെയ്തു എന്നുമാത്രമല്ല, തീരുമാനമെടുത്ത ക്യാബിനറ്റിൽ ധനകാര്യവകുപ്പുമന്ത്രിയും പങ്കെടുത്തിരുന്നു. ഭരണഘടനയുടെ 164 (2) പ്രകാരം മുഖ്യമന്ത്രി ഉൾപ്പെടെ എല്ലാ മന്ത്രിമാരും മന്ത്രിസഭാ തീരുമാനത്തിന് ഒരുപോലെ ഉത്തരവാദിത്വമുള്ളവരാണ്. ശ്രീ. ഉമ്മൻചാണ്ടി ക്യാബിനറ്റിന് മുമ്പുതന്നെ ഫയൽ കണ്ടിരുന്നു. എന്നുമാത്രമല്ല ഇറക്കുമതി സംബന്ധിച്ച ധനകാര്യവകുപ്പിന്റെ എതിർപ്പ് ഫയലിൽ രേഖപ്പെടുത്തിയില്ല, അനുകൂലമായ ശിപാർശ ചെയ്യുകയും ചെയ്തു. ഇതിനർത്ഥം പരേതനായ മുൻമുഖ്യമന്ത്രി കെ. കരുണാകരനെപ്പോലെ പാമൊലിൻ കേസ്സിൽ ശ്രീ. ഉമ്മൻ ചാണ്ടിയും കൂട്ടുത്തരവാദിയും പ്രതിയുമാണ്. ശ്രീ. ഉമ്മൻ ചാണ്ടിയും കൂട്ടരും എന്താണ് പറയുന്നത്; ഈ ഇടപാടിൽ സർക്കാരിന് ഒരു പൈസയും നഷ്ടമുണ്ടായിട്ടില്ല എന്നാണ്. അദ്ദേഹത്തിന്റെ ശിങ്കിടി സംഘങ്ങളും ഇതുതന്നെ വാതോരാതെ പറഞ്ഞുകൊണ്ടിരിക്കുകയാണ്. കള്ളം പലപ്രാവശ്യം ആവർത്തിച്ച് സത്യമാക്കാൻ ശ്രമിക്കുന്നതുപോലെ. എന്താണ് യഥാർത്ഥ കണക്ക്?

2.32 കോടി രൂപ ഖജനാവിൽനിന്ന് വെട്ടിച്ച് ഒരു പ്രൈവറ്റ് കമ്പനിക്ക് ലാഭമുണ്ടാക്കി കൊടുത്തിട്ട് അതിന്റെ ഓഹരി പറ്റിയ ആൾക്കാർ അതേ പാമൊലിൻ കേരളീയർക്ക് 7.5 കോടി രൂപയ്ക്ക് വിറ്റ് കൊള്ളലാഭമുണ്ടാക്കി. അങ്ങനെ കേരളത്തിലെ ജനങ്ങളെ പറ്റിച്ചിട്ടല്ലേ ഒരു പൈസ പോലും സർക്കാരിന് നഷ്ടമുണ്ടായിട്ടില്ലെന്ന് ഇവർ പറയുന്നത്? കഷ്ടം! 2.32 കോടി രൂപയാണ് ഖജനാവിന് നഷ്ടമുണ്ടാക്കിയിട്ടുള്ളത്. കേരളീയരെ പിഴിഞ്ഞ് 7.5 കോടി രൂപ

ലാഭമുണ്ടാക്കിയിട്ടാണ് സർക്കാരിന് യാതൊരു നഷ്ടവുമുണ്ടാക്കിയിട്ടില്ലെന്ന് പറയുന്നത്. കവലച്ചട്ടമ്പിമാരുടെ ന്യായമാണ് ഇവർ പറയുന്നത്. കോടതിയുടെ പരാമർശത്തിന്റെ പേരിൽ ശ്രീ. ഉമ്മൻ ചാണ്ടി ആദ്യം അരിഞ്ഞു വീഴ്ത്തിയത് കെ. കരുണാകരനെയല്ലേ; കെ. കരുണാകരൻ മുകളിലിരുന്ന് ഇതൊക്കെ കാണുന്നുണ്ടോ എന്നെനിക്കറിഞ്ഞുകൂടാ; പക്ഷെ അപ്പുറത്തിരുന്ന് അദ്ദേഹത്തിന്റെ പ്രിയപുത്രൻ ഇതൊക്കെ കാണുന്നുണ്ട്. അത് ശ്രീ. ഉമ്മൻ ചാണ്ടി ഓർക്കുന്നത് നല്ലതാണ്. കോടതി പരാമർശത്തിന്റെ പേരിൽ കെ. കരുണാകരന്റെ പാലം മാത്രമല്ല ശ്രീ. ഉമ്മൻ ചാണ്ടി വലിച്ചത്. ശ്രീ. ഉമ്മൻ ചാണ്ടി പാലം വലിച്ചവരുടെ കൂട്ടത്തിൽ സ്വന്തം സഹപ്രവർത്തകരായ ശ്രീ. കെ. പി. വിശ്വനാഥൻ, ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ അങ്ങനെ പലരുമുണ്ട്. പക്ഷെ സ്വന്തം കാര്യം വന്നപ്പോൾ ശ്രീ. ഉമ്മൻ ചാണ്ടി അതെല്ലാം മറന്നു. ഇക്കാര്യത്തിൽ മാത്രം ശ്രീ. ഉമ്മൻ ചാണ്ടിക്കെന്തോ മറവിരോഗം പിടിപെട്ടിട്ടുണ്ടെന്ന് തോന്നുന്നു. കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ഏതെല്ലാം കേസ്സുകളിൽ എത്ര തവണയാണ് കോടതികൾ ശ്രീ. ഉമ്മൻ ചാണ്ടിയെ തലങ്ങും വിലങ്ങും പ്രഹരിച്ചിട്ടുള്ളത്. ടൈറ്റാനിയം, സോളാർ, ബാർ കോഴ, പാറ്റൂർ കുംഭകോണം, ശ്രീ. സലിം രാജിന്റെ ഭൂമി തട്ടിപ്പ് അങ്ങനെ അഴിമതിയുടെ എത്രയെത്ര ഏട്ടുകളാണ് ശ്രീ. ഉമ്മൻ ചാണ്ടിക്കെതിരായി കോടതിയുടെ അടി പതിഞ്ഞിട്ടുള്ളത്. ഈ അടിയന്തരപ്രമേയം ചർച്ച ചെയ്താൽ ഇതെല്ലാം സഭയിൽ വരും. ജനങ്ങൾ അറിയും. ജനങ്ങൾ ഇതൊന്നും അറിയാതിരിക്കാനല്ലേ നിങ്ങൾ ഈ അടിയന്തരപ്രമേയം ചർച്ച ചെയ്യാൻ അനുവദിക്കാതിരിക്കുന്നത് ? എന്നുവച്ച് എക്കാലവും നിങ്ങൾക്ക് ജനങ്ങളുടെ കണ്ണും കാതും മൂടിവയ്ക്കാൻ കഴിയുമെന്ന് വ്യാമോഹിക്കരുത്. അത്രയുമേ ഇപ്പോൾ പറയുന്നുള്ളൂ. ഇത് ചർച്ച ചെയ്യാൻ തയ്യാറാകാത്ത ഗവൺമെന്റിന്റെ നടപടിയിൽ പ്രതിഷേധിച്ച് ഞങ്ങൾ ഇവിടെ കുത്തിയിരിക്കുകയാണ്.

മി. സ്പീക്കർ: സഭാനടപടികൾ നടത്തിക്കൊണ്ടുപോകണമെന്നുണ്ടെങ്കിൽ ദയവായി നിങ്ങൾ സഹകരിക്കണം. ......(ബഹളം)...... ഗവൺമെന്റ് ബിസിനസ് നടത്തിക്കൊടുക്കാനുള്ള ഉത്തരവാദിത്തം ചെയറിനുണ്ട്. അത് ചെയ്യേണ്ടിവരും. നിങ്ങൾ ദയവായി സഹകരിക്കണം..... ദയവായി സഹകരിക്കണം..... ബഹുമാനപ്പെട്ട പ്രതിപക്ഷനേതാക്കൾ അവരെ ഉപദേശിക്കണം. ...... (ബഹളം) .....

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

# V ശ്രദ്ധ ക്ഷണിക്കൽ

## സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടത്തിലെ വ്യവസ്ഥകളുടെ ലംഘനം

ശ്രീ. എം. ഉമ്മർ: സർ, ഭരണഘടനയുടെ 309-ാം വകുപ്പുപ്രകാരമാണ് സംസ്ഥാനത്ത് ഗവൺമെന്റ് സർവ്വന്റ്സ് കോൺടാക്ട് റൂൾ 1960-ൽ നടപ്പിലാക്കിയിരിക്കുന്നത്. പ്രസ്തുത ചട്ടങ്ങൾ ഒരു സർക്കാർ ജീവനക്കാരൻ അയാൾ ഏത് തസ്തികയിലാണെങ്കിലും പാലിക്കപ്പെടാൻ ബാധ്യസ്ഥനാണ്. പ്രസ്തുത ചട്ടങ്ങളിൽ, ഒരു സർക്കാർ ജീവനക്കാരൻ തന്റെ ഔദ്യോഗികമായ വിവരങ്ങൾ പൊതുസമൂഹത്തിന്റെ മുന്നിൽ വെളിപ്പെടുത്തുന്നത് നിയന്ത്രിച്ചിരിക്കുന്നു. റൂൾ 3 പ്രകാരം, "Every Government servants shall at all times maintain absolute integrity and devotion to duty." കൂടാതെ, in Rule 22:- "Government servants shall not engage themselves in litigation where they have no direct personal interest." Rule 56 & 58:- "Government servants shall not vindicate their personal grievances to the press, public men and leaders of political parties, Ministers or the Governor." റൂൾ 61 കൂടി പ്രധാനപ്പെട്ടതാണ്; "They shall not participate in non-official conferences or meetings other than scientific, literacy or artistic matters." ഇത്തരത്തിൽ ചട്ടങ്ങളിൽ വ്യവസ്ഥകൾ നിലനിൽക്കുന്നുവെങ്കിലും അതൊക്കെ ലംഘിച്ചുകൊണ്ട് ഉദ്യോഗസ്ഥന്മാർ മാധ്യമങ്ങളിൽ പരസ്യ പ്രസ്താവന നടത്തുന്നത് ഒരു നിത്യസംഭവമായി മാറിയിരിക്കുകയാണ്. എന്നാൽ ഇത്തരം കേസ്സുകളിൽ ചില ഉദ്യോഗസ്ഥർക്കെതിരെ ഗവൺമെന്റ് നടപടി സ്വീകരിക്കുന്നുണ്ടെങ്കിലും ഗവൺമെന്റിന്റെ നയങ്ങളും ഭരണ രഹസ്യങ്ങളും ഉദ്യോഗസ്ഥർ വെളിപ്പെടുത്തുന്നത് നിലവിലുള്ള നിയമത്തിന്റെ പോരായ്മകൾ കൊണ്ടാണ്. അതിനാൽ പ്രസ്തുത പോരായ്മകൾ പരിഹരിച്ച് നിയമനിർമ്മാണത്തിലൂടെയോ ഭേദഗതിയിലൂടെയോ പ്രശ്നത്തിന് ഒരു പരിഹാരം ഉണ്ടാക്കി ഗവൺമെന്റ് ഉദ്യോഗസ്ഥരുടെ പെരുമാറ്റച്ചട്ടം കൃത്യമായി പാലിക്കപ്പെടുവാൻ ഗവൺമെന്റ് ശ്രദ്ധിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, 1960-ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിലെ ചട്ടം 60-ൽ, ഏതൊരു സർക്കാർ ജീവനക്കാരനും ഏതെങ്കിലും സംഭാഷണത്തിലൂടെയോ എഴുത്തിലൂടെയോ മറ്റു രീതികളിലൂടെയോ സർക്കാർ അനുവർത്തിക്കുന്ന നയത്തെയോ സർക്കാർ എടുക്കുന്ന നടപടികളെയോ പൊതുജന മദ്ധ്യത്തിൽ ചർച്ചചെയ്യുവാനോ വിമർശിക്കുവാനോ പാടില്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

മാത്രവുമല്ല, ഇക്കാര്യം വ്യക്തമാക്കി സർക്കാർ 5-10-1983-ൽ സർക്കുലറുകളും പുറപ്പെടുവിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ ചട്ടങ്ങളിലെയും സർക്കുലറുകളിലെയും വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന സംസ്ഥാന സർക്കാർ ജീവനക്കാർക്കെതിരെ സർക്കാർ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്. ഇക്കാര്യത്തിൽ ഗവൺമെന്റ് കർക്കശമായ നിലപാടുതന്നെ സ്വീകരിക്കും.

(സീറ്റിലില്ലാതിരുന്നതിനാൽ ശ്രീ. രാജു എബ്രഹാം ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ചില്ല.)

മി. സ്പീക്കർ: സബ്മിഷനുകൾ അവതരിപ്പിക്കേണ്ടതില്ല.

## VI മേശപ്പുറത്തുവച്ച കടലാസുകൾ

### (1) ലിസ്റ്റ് I പ്രകാരം

I. മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. ജി. ഒ. (പി) നമ്പർ 01/2016/ജി.എ.ഡി. തീയതി 5-1-2016 (എസ്.ആർ.ഒ. നമ്പർ 7/2016)

2. ജി. ഒ. (പി) നമ്പർ 02/2016/ജി.എ.ഡി. തീയതി 5-1-2016 (എസ്.ആർ.ഒ. നമ്പർ 8/2016)

3. ജി. ഒ. (പി) നമ്പർ 03/2016/ജി.എ.ഡി. തീയതി 5-1-2016 (എസ്.ആർ.ഒ. നമ്പർ 9/2016)

4. ജി. ഒ. (പി) നമ്പർ 04/2016/ജി.എ.ഡി. തീയതി 5-1-2016 (എസ്.ആർ.ഒ. നമ്പർ 10/2016)

5. ജി.ഒ. (ആർറ്റി.) നമ്പർ 3322/2015/ഹോം തീയതി 28-12-2015 (എസ്.ആർ.ഒ. നമ്പർ 33/2016)

6. ജി. ഒ. (എംഎസ്.) നമ്പർ 07/2016/ലാ തീയതി 13-1-2016 (എസ്.ആർ.ഒ. നമ്പർ 48/2016)

7. ജി. ഒ. (എംഎസ്.) നമ്പർ 16/2016/ലാ തീയതി 20-1-2016 (എസ്.ആർ.ഒ. നമ്പർ 78/2016)

8. ജി. ഒ. (ആർറ്റി.) നമ്പർ 167/2016/ഹോം തീയതി 14-1-2016 (എസ്.ആർ.ഒ. നമ്പർ 85/2016)

9. ജി. ഒ. (പി) നമ്പർ 06/2016/ജി.എ.ഡി. തീയതി 23-1-2016 (എസ്.ആർ.ഒ. നമ്പർ 97/2016)

10. ജി. ഒ. (ആർറ്റി.) നമ്പർ 254/2016/ഹോം തീയതി 23-1-2016 (എസ്.ആർ.ഒ. നമ്പർ 100/2016)

11. ജി. ഒ. (പി) നമ്പർ 08/2016/ജി.എ.ഡി. തീയതി 3-2-2016 (എസ്.ആർ.ഒ. നമ്പർ 107/2016)

12. ജി. ഒ. (എംഎസ്.) നമ്പർ 38/2016/ഹോം തീയതി 2-2-2016 (എസ്.ആർ.ഒ. നമ്പർ 125/2016)

13. ജി. ഒ. (എംഎസ്.) നമ്പർ 43/2016/ഹോം തീയതി 5-2-2016 (എസ്.ആർ.ഒ. നമ്പർ 127/2016)

14. മലപ്പുറം ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ 2013-14-ലെ ഓഡിറ്റ് റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

15. കേരള സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ 2013-14-ലെ ഓഡിറ്റ് റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

16. കേരള സർക്കാരിന്റെ 2015 മാർച്ചിൽ അവസാനിച്ച വർഷത്തെ ജനറൽ, സോഷ്യൽ സെക്ടറുകളെക്കുറിച്ചുള്ള ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട്

17. കേരള സർക്കാരിന്റെ 2015 മാർച്ചിൽ അവസാനിച്ച വർഷത്തെ റവന്യൂ വിഭാഗത്തിന്മേലുള്ള ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ട്.

II. വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ 2012-13-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

2. കണ്ണൂർ സർവ്വകലാശാലയുടെ 2013-14 വർഷത്തെ വാർഷിക കണക്കുകളും 2006-07, 2007-08, 2008-09, 2009-10, 2010-11 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളും ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

III. റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, താഴെപ്പറയുന്ന കടലാസ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

സ. ഉ. (സാധാ.) നമ്പർ 6626/2015/റവന്യൂ തീയതി 15-12-2015 (എസ്.ആർ.ഒ. നമ്പർ 4/2016).

IV. ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, താഴെപ്പറയുന്ന കടലാസ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

സ. ഉ. (പി) നമ്പർ 1/2016/ഭ.പൊ.വി.വ. തീയതി 7-1-2016 (എസ്.ആർ.ഒ. നമ്പർ 54/2016).

V. ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, താഴെപ്പറയുന്ന കടലാസ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

വിജ്ഞാപനം നമ്പർ 1/1/കെ.എസ്.ഇ.ആർ.സി-2015 തീയതി 15-12-2015.

VI. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. ജി. ഒ. (പി) നമ്പർ 15/2016/റ്റി.ഡി. തീയതി 20-1-2016 (എസ്.ആർ.ഒ. നമ്പർ 58/2016)

2. ജി.ഒ. (പി) നമ്പർ 24/2016/റ്റി.ഡി. തീയതി 28-1-2016 (എസ്.ആർ.ഒ. നമ്പർ 94/2016).

VII. സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. ജി. ഒ. (പി) നമ്പർ 144/2015/കോ-ഓപ്. തീയതി 12-11-2015 (എസ്.ആർ.ഒ. നമ്പർ 844/2015)

2. ജി. ഒ. (പി) നമ്പർ 173/2015/കോ-ഓപ്. തീയതി 30-12-2015 (എസ്.ആർ.ഒ. നമ്പർ 879/2015)

3. ജി. ഒ. (പി) നമ്പർ 6/2016/കോ-ഓപ്. തീയതി 11-1-2016 (എസ്.ആർ.ഒ. നമ്പർ 98/2016)

4. ജി. ഒ. (പി) നമ്പർ 9/2016/കോ-ഓപ്. തീയതി 20-1-2016 (എസ്.ആർ.ഒ. നമ്പർ 102/2016)

5. ജി. ഒ. (പി) നമ്പർ 5/2016/കോ-ഓപ്. തീയതി 7-1-2016 (എസ്.ആർ.ഒ. നമ്പർ 105/2016).

VIII. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, താഴെപ്പറയുന്ന കടലാസ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

സ. ഉ. (അച്ചടി) നമ്പർ 01/2016/സാം.കാ.വ. തീയതി 18-1-2016 (എസ്.ആർ.ഒ. നമ്പർ 103/2016).

IX. ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, താഴെപ്പറയുന്ന കടലാസ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

കേരള കമാന്റ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റിയുടെ (കാഡ) 2013-14-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

X. വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, താഴെപ്പറയുന്ന കടലാസ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കെൽട്രോൺ) ലിമിറ്റഡിന്റെ 2013-14-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

XI. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, താഴെപ്പറയുന്ന കടലാസ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

സാമൂഹ്യനീതി വകുപ്പിന്റെ നയരേഖകളുടെ സമാഹാരം 2011-2016.

XII. ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. ജി. ഒ. (ആർറ്റി.) നമ്പർ 79/2016/ഹോം തീയതി 8-1-2016 (എസ്.ആർ.ഒ. നമ്പർ 34/2016)

2. ജി. ഒ. (ആർറ്റി.) നമ്പർ 80/2016/ഹോം തീയതി 8-1-2016 (എസ്.ആർ.ഒ. നമ്പർ 35/2016)

3. ജി. ഒ. (ആർറ്റി.) നമ്പർ 81/2016/ഹോം തീയതി 8-1-2016 (എസ്.ആർ.ഒ. നമ്പർ 43/2016)

4. വിജ്ഞാപനം നമ്പർ 753/സി13/2016-I/വിജ്. തീയതി 5-2-2016 (എസ്.ആർ.ഒ. നമ്പർ 110/2016)

5. വിജ്ഞാപനം നമ്പർ 753/സി13/2016-II/വിജ്. തീയതി 5-2-2016 (എസ്.ആർ.ഒ. നമ്പർ 111/2016)

6. വിജ്ഞാപനം നമ്പർ 753/സി13/2016-III/വിജ്. തീയതി 5-2-2016 (എസ്.ആർ.ഒ. നമ്പർ 112/2016)

7. വിജ്ഞാപനം നമ്പർ 753/സി13/2016-IV/വിജ്. തീയതി 5-2-2016 (എസ്.ആർ.ഒ. നമ്പർ 113/2016)

8. വിജ്ഞാപനം നമ്പർ 753/സി13/2016-V/വിജ്. തീയതി 5-2-2016 (എസ്.ആർ.ഒ. നമ്പർ 114/2016)

9. ജി. ഒ. (ആർറ്റി.) നമ്പർ 78/2016/ഹോം തീയതി 8-1-2016 (എസ്.ആർ.ഒ. നമ്പർ 135/2016)

10. ജി. ഒ. (ആർറ്റി.) നമ്പർ 455/2016/ഹോം തീയതി 9-2-2016 (എസ്.ആർ.ഒ. നമ്പർ 136/2016)

11. അക്കാദമി ഓഫ് പ്രിസൺസ് ആന്റ് കറക്ഷണൽ അഡ്മിനിസ്ട്രേഷന്റെ 2013-14-ലെ വാർഷിക കണക്കുകളും ഓഡിറ്റ് റിപ്പോർട്ടും ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

XIII. തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

1. ജി. ഒ. (പി) നമ്പർ 9/2016/എൽ.ബി.ആർ. തീയതി 18-1-2016 (എസ്.ആർ.ഒ. നമ്പർ 64/2016)

2. സ. ഉ. (അച്ചടി) നമ്പർ 7/2016/തൊഴിൽ തീയതി 16-1-2016 (എസ്.ആർ.ഒ. നമ്പർ 77/2016)

3. ജി. ഒ. (പി) നമ്പർ 5/2016/എൽ.ബി.ആർ. തീയതി 14-1-2016 (എസ്.ആർ.ഒ. നമ്പർ 80/2016)

4. ജി. ഒ. (പി) നമ്പർ 10/2016/എൽ.ബി.ആർ. തീയതി 18-1-2016 (എസ്.ആർ.ഒ. നമ്പർ 81/2016)

5. ജി. ഒ. (പി) നമ്പർ 201/2015/എൽ.ബി.ആർ. തീയതി 17-12-2015 (എസ്.ആർ.ഒ. നമ്പർ 91/2016)

6. സ. ഉ. (അച്ചടി) നമ്പർ 20/2016/തൊഴിൽ തീയതി 28-1-2016 (എസ്.ആർ.ഒ. നമ്പർ 101/2016)

7. ജി. ഒ. (പി) നമ്പർ 22/2016/എൽ.ബി.ആർ. തീയതി 30-1-2016 (എസ്.ആർ.ഒ. നമ്പർ 106/2016)

8. കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 2013-14-ലെ പ്രവർത്തന റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

XIV. ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, താഴെപ്പറയുന്ന കടലാസ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

ജി. ഒ. (പി) നമ്പർ 41/2016/ആർ.ഡി. തീയതി 19-1-2016 (എസ്.ആർ.ഒ. നമ്പർ 56/2016).

XV. നിയമസഭാ സെക്രട്ടറി (ശ്രീ. പി. ഡി. ശാരംഗധരൻ): സർ, നിയമസഭ പാസ്സാക്കിയതും ഗവർണറുടെ അംഗീകാരം ലഭിച്ചതുമായ താഴെപ്പറയുന്ന ആക്റ്റ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

2015-ലെ കേരള സ്പോർട്സ് ഭേദഗതി ആക്റ്റ് (2016-ലെ 1-ാം ആക്റ്റ്.)

## (2) ചട്ടം 47(2) അനുസരിച്ചുള്ള ലിസ്റ്റ് II പ്രകാരം

(1) മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 611, പതിനഞ്ചാം സമ്മേളനത്തിലെ 4, 2151, 3592 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

(2) ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 4929, പതിനഞ്ചാം സമ്മേളനത്തിലെ 2702 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

(3) വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 1094, 2829, 2848, 2860 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

(4) ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ ഒമ്പതാം സമ്മേളനത്തിലെ 5848, പത്താം സമ്മേളനത്തിലെ 3228, 3231, പന്ത്രണ്ടാം സമ്മേളനത്തിലെ 1491, 3291, പതിനാലാം സമ്മേളനത്തിലെ 2673, പതിനഞ്ചാം സമ്മേളനത്തിലെ 1486, 1500, 3225 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

(5) കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 4393, പതിനൊന്നാം സമ്മേളനത്തിലെ 7401, 7460, പതിമൂന്നാം സമ്മേളനത്തിലെ 1517, 1527, 1528, 1542, 1577, പതിനാലാം സമ്മേളനത്തിലെ 4184, 4189, 4219, 5493, എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

(6) പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 3392, 4872, പതിമൂന്നാം സമ്മേളനത്തിലെ 1620, 1626, 1635, 1639, 1645, 1646, 1651, 1657, 1658, 1682, 1707, പതിനാലാം സമ്മേളനത്തിലെ T. 1685, 4281, 5568, പതിനഞ്ചാം സമ്മേളനത്തിലെ 3449 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

## VII റിപ്പോർട്ട് സമർപ്പണം

### (1) 'ഭൂരഹിതരില്ലാത്ത കേരളം പദ്ധതി-2015' സംബന്ധിച്ച റിപ്പോർട്ട്

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, സബ്ജക്ട് കമ്മിറ്റി II-ന്റെ അദ്ധ്യക്ഷനായ ഞാൻ, 'ഭൂരഹിതരില്ലാത്ത കേരളം പദ്ധതി-2015' സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നു.

### (2) എസ്റ്റിമേറ്റ് കമ്മിറ്റിയുടെ പത്തൊൻപതാമത് റിപ്പോർട്ട്

ശ്രീ. വി. ഡി. സതീശൻ: സർ, എസ്റ്റിമേറ്റ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

### (3) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അൻപത്തിമൂന്ന് മുതൽ അറുപത്തിയാറ് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. വർക്കല കഹാർ: സർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ അൻപത്തിമൂന്ന് മുതൽ അറുപത്തിയാറ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

### (4) ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതിയുടെ അഞ്ചും ആറും റിപ്പോർട്ടുകൾ

സമിതി ചെയർമാനായ ശ്രീ. വി. എസ്. സുനിൽകുമാറിനുവേണ്ടി (ശ്രീ. ലൂഡി ലൂയിസ്): സർ, ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി അംഗമായ ഞാൻ സമിതിയുടെ അഞ്ചും ആറും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

## (5) പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ മുപ്പത്തിയഞ്ചും മുപ്പത്തിയാറും റിപ്പോർട്ടുകൾ

സമിതി ചെയർമാനായ ശ്രീ. വി. പി. സജീന്ദ്രനുവേണ്ടി (ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ): സർ, പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതി അംഗമായ ഞാൻ സമിതിയുടെ മുപ്പത്തിയഞ്ചും മുപ്പത്തിയാറും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

## (6) സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ പതിനാല് മുതൽ പതിനാറ് വരെയുള്ള റിപ്പോർട്ടുകൾ

ഡോ. എൻ. ജയരാജ്: സർ, സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പതിനാല് മുതൽ പതിനാറ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

## (7) പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ മുപ്പത്തിനാല് മുതൽ നാൽപ്പത്തിനാല് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. സി. പി. മുഹമ്മദ്: സർ, പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ മുപ്പത്തിനാല് മുതൽ നാൽപ്പത്തിനാല് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

ഇത് കേരള നിയമസഭയുടെ ചരിത്രത്തിലെ ഒരു റെക്കോർഡാണ്. അവതരിപ്പിക്കുന്ന റിപ്പോർട്ടുകളുടെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കണമെന്ന് 1989-ൽ വർക്കല രാധാകൃഷ്ണൻ റൂളിംഗ് നൽകിയിരുന്നു. ആ റൂളിംഗിന് മുൻപോ അതിനുശേഷമോ കേരള നിയമസഭയിൽ ആദ്യമായാണ് പരിസ്ഥിതി കമ്മിറ്റി എല്ലാ റിപ്പോർട്ടുകളും ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളും മേശപ്പുറത്തു വയ്ക്കുന്നത്. ഇതിൽ പരിസ്ഥിതി കമ്മിറ്റിക്ക് അഭിമാനമുണ്ട് എന്ന് ഞാൻ സഭയെ അറിയിക്കുന്നു.

മി. സ്പീക്കർ: എല്ലാ ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളും സഭയുടെ മേശപ്പുറത്തു വച്ച പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷൻ ശ്രീ. സി. പി. മുഹമ്മദിനെ ചെയർ പ്രത്യേകം അഭിനന്ദിക്കുന്നു.

## (8) പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതിയുടെ പതിനാറും പതിനേഴും റിപ്പോർട്ടുകൾ

ശ്രീ. സി. മമ്മൂട്ടി: സർ, പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പതിനാറും പതിനേഴും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

## (9) പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ട്

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

# VIII ധനകാര്യം

### വോട്ട് ഓൺ അക്കൗണ്ട്-ചർച്ചയും വോട്ടെടുപ്പും

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങേയ്ക്ക് ഫെബ്രുവരി 18-ാം തീയതി സഭയിൽ നടത്തിയ പ്രഖ്യാപനങ്ങളുടെ അടിസ്ഥാനത്തിലുള്ള 2016-17 സാമ്പത്തികവർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഡ്ജറ്റിന് മറുപടി പറഞ്ഞ അവസരത്തിൽ പുതിയതായി പല ആനുകൂല്യങ്ങളും ഞാനിവിടെ പ്രഖ്യാപിച്ചിരുന്നു. ബഡ്ജറ്റിന്മേൽ ചർച്ചകൾ നടന്നില്ലെങ്കിലും ജനപ്രതിനിധികൾ മുന്നോട്ടുവച്ച ആവശ്യങ്ങൾ അംഗീകരിക്കുന്നു. അതുസംബന്ധിച്ചുള്ള വിശദമായ സ്റ്റേറ്റ്മെന്റ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു*. 2016 ഫെബ്രുവരി 18-ാം തീയതിയിലെ ബഡ്ജറ്റിന്റെ മറുപടിയിൽ ഞാൻ നടത്തിയ പുതിയ പ്രഖ്യാപനങ്ങളുടെ അടിസ്ഥാനത്തിൽ 2016-17-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ മാറ്റം വന്നിട്ടുണ്ട്. പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങേയ്ക്ക് ഡിമാന്റ്സ് ഫോർ ഗ്രാന്റ്സ് ഓൺ അക്കൗണ്ട്സ് സംബന്ധിച്ച ഉപക്ഷേപം അവതരിപ്പിക്കാവുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഈ ഉപക്ഷേപത്തോട് അനുബന്ധിച്ചുള്ള പട്ടികയിലെ നാലാം കോളത്തിൽ യഥാക്രമം കാണിച്ചിരിക്കുന്ന സംഖ്യകളിൽ കവിയാത്ത തുകകൾ പ്രസ്തുത പട്ടികയിലെ മൂന്നാം കോളത്തിൽ ചേർത്തിട്ടുള്ള അനുയോജ്യമായ ഡിമാന്റ് ഹെഡ്ഡുകൾ സംബന്ധിച്ച് 2016-17 സാമ്പത്തിക വർഷത്തിലെ ആദ്യത്തെ നാല് മാസത്തേയ്ക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിനുവേണ്ടിയോ ചെലവുചെയ്യുന്നതിലേയ്ക്കോ ആയി ഗവർണർക്ക് നൽകണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

(ഭേദഗതികൾ നൽകിയ അംഗങ്ങളാരും സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തി ക്കൊണ്ടിരുന്നതിനാൽ ചർച്ച നടന്നില്ല.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് എന്തെങ്കിലും സംസാരിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ചർച്ചയുണ്ടാകാത്ത സാഹചര്യത്തിൽ ഞാൻ സംസാരിക്കുന്നില്ല.

മി. സ്പീക്കർ: വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

വോട്ട് ഓൺ അക്കൗണ്ട് പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## IX സമയം വേവ് ചെയ്യുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങേയ്ക്ക് 12.30-ന് എടുക്കേണ്ട ധനവിനിയോഗ ബിൽ ഇപ്പോൾ അവതരിപ്പിക്കുന്നതിനായി സമയം വേവ് ചെയ്യണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, 12.30-ന് എടുക്കേണ്ട 2016-ലെ കേരള 32 ധനവിനിയോഗ ബിൽ നേരത്തെ അവതരിപ്പിക്കുന്നതിനായി സമയം വേവ് ചെയ്യണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: സമയം വേവ് ചെയ്തിരിക്കുന്നു.

## X നിയമനിർമ്മാണകാര്യം

## (1) 2016-ലെ കേരള ധനവിനിയോഗ ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, 2016-ലെ കേരള ധനവിനിയോഗ ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, 2016-ലെ കേരള ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2016-ലെ കേരള ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....................

പ്രതികൂലിക്കുന്നവർ....................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടും മൂന്നും വകുപ്പുകൾ

(ഭേദഗതിയില്ല)

മി. സ്പീക്കർ: രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പട്ടിക

(ഭേദഗതിയില്ല)

മി. സ്പീക്കർ: പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .......

പ്രതികൂലിക്കുന്നവർ .........

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

മി. സ്പീക്കർ: 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .......

പ്രതികൂലിക്കുന്നവർ .........

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, 2016-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2016-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .......

പ്രതികൂലിക്കുന്നവർ .........

2016-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

## (2) 2016-ലെ കേരള ധനകാര്യ ബില്ലിന്റെ അവതരണം

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഞാൻ അവതരിപ്പിച്ച ബഡ്ജറ്റിലും അതിനുശേഷം 18-ാം തീയതി നടത്തിയ മറുപടിയിലുമുള്ള കാര്യങ്ങൾ ഉൾക്കൊള്ളുന്നതാണ് ഈ ഫിനാൻസ് ബിൽ. സ്വർണ്ണത്തിന്റെ നികുതി സംബന്ധിച്ച് എല്ലാവരുമായും ചർച്ച ചെയ്ത് ഒരു ഭേദഗതി കൊണ്ടുവരുമെന്ന് അന്ന് പറഞ്ഞിരുന്നു. ആ ചർച്ച നടത്താൻ സാധിക്കാതിരുന്നതുകൊണ്ട് ബില്ലിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല. അതുംകൂടി ഇപ്പോൾ പ്രഖ്യാപിക്കുകയാണ്. ടേണോവറിന്മേൽ 1.50 ശതമാനം നികുതി, അല്ലെങ്കിൽ 2015-16 വർഷത്തിൽ അടച്ച ടാക്സ് 5 കൊല്ലം തുടർച്ചയായി കോമ്പൗണ്ട് ചെയ്തിട്ടുള്ളവർക്ക് അങ്ങനെയൊരു ആനുകൂല്യം നൽകുകയാണ്. 2016-ലെ കേരള ധനകാര്യ ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട അംഗങ്ങൾ ദയവായി സീറ്റുകളിലേയ്ക്ക് പോകണം. സഭ നടത്തിക്കൊണ്ടുപോകാൻ സഹകരിക്കണം. .......(ബഹളം)...... സഭ നടത്തിക്കൊണ്ടു പോകാൻ കഴിയാത്ത സാഹചര്യത്തിൽ സഭ അൽപ്പസമയം നിർത്തിവയ്ക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിന് മുന്നിൽ വന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ 10.53-ന് ബഹുമാനപ്പെട്ട സ്പീക്കർ സഭാനടപടികൾ നിർത്തിവച്ചു.)

11.57 AM]

(രാവിലെ 10.53-ന് നിർത്തിവച്ച സഭ 11.57-ന് പുനരാരംഭിച്ചു.)

മി. സ്പീക്കർ: സഭ നിർത്തിവച്ചതിനുശേഷം ഇരുഭാഗവുമായി ചെയർ സംസാരിച്ചു, സഭാസമ്മേളനം നടത്തിക്കൊണ്ടുപോകാൻ ഇരുഭാഗത്തേയും സഹകരണം ചെയർ അഭ്യർത്ഥിക്കുകയാണ്. നമ്മുടെ ബിസിനസ്സ് പൂർത്തിയാക്കേണ്ടതുണ്ട്, ബിസിനസ്സ് പൂർത്തിയാക്കാനുള്ള ഉത്തരവാദിത്വം ചെയറിനുണ്ട്. അതിനെല്ലാവരും സഹകരിക്കണം. ചെയർ അടുത്ത നടപടികളിലേക്ക് കടക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങേയ്ക്ക് പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

## XI മുഖ്യമന്ത്രിയുടെ പ്രമേയം

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, സഭാസമ്മേളനം സുഗമമായി നടത്തിക്കൊണ്ടു പോകുവാൻ സാധിക്കാത്ത സാഹചര്യത്തിൽ 2016 ഫെബ്രുവരി 25-ാം തീയതി

ചേരുവാൻ നിശ്ചയിച്ചിട്ടുള്ള സഭാസമ്മേളനം ചേരേണ്ടതില്ലെന്നും, ഫെബ്രുവരി 25-ന് നിശ്ചയിച്ചിട്ടുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ബിൽ, 2016-ലെ കേരള ഭൂനികുതി (ഭേദഗതി) ബിൽ, 2016-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ എന്നിവയുടെ പരിഗണന ഇന്ന്, ഫെബ്രുവരി 24-ാം തീയതി തീരുമാനിച്ചിട്ടുള്ള ബിസിനസ്സുകൾ പൂർത്തീകരിച്ച ശേഷം പരിഗണനയ്ക്ക് എടുക്കണമെന്നും ഇന്ന് ഉച്ചയ്ക്കുശേഷം 1.30 മുതൽ 3.00 മണി വരെ നൽകിയിരുന്ന ഇടവേള വേണ്ടെന്ന് വയ്ക്കണമെന്നും കാര്യോപദേശക സമിതിയുടെ 24-ാമത് റിപ്പോർട്ടിലെ ശിപാർശകൾ തദനുസൃതമായി ഭേദഗതി ചെയ്യണമെന്നുമുള്ള പ്രമേയം അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: പ്രമേയത്തെ പിന്താങ്ങേണ്ടതാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, പ്രമേയത്തെ പിൻതാങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ........

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സർ, ഇവിടെ അവതരിപ്പിച്ച അടിയന്തരപ്രമേയത്തിന് മറുപടി പറയുവാൻ ആഭ്യന്തര വകുപ്പുമന്ത്രിയെ ക്ഷണിച്ചതനുസരിച്ച് അദ്ദേഹം അടിയന്തരപ്രമേയത്തിന്റെ കഥയില്ലായ്മയെ സംബന്ധിച്ച് വിശദമായും, വാചാലമായും സംസാരിച്ചപ്പോൾ പ്രതിപക്ഷത്തുനിന്നും യാതൊരു ശബ്ദവും ഉണ്ടായില്ല. അതേസമയം പ്രതിപക്ഷനേതാവ് സംസാരിക്കുവാൻ എഴുന്നേറ്റപ്പോൾ സംസാരിക്കുവാൻ അനുവദിക്കാത്തവിധത്തിൽ ബഹളം വയ്ക്കുകയാണ്. ഇങ്ങനെ ബഹുമാനപ്പെട്ട സ്പീക്കറെ അംഗീകരിക്കാത്ത, വകവയ്ക്കാത്ത ഭരണകക്ഷിയുടെ ഈ നിലപാടിൽ പ്രതിഷേധിച്ച് ഞങ്ങൾ സഭാനടപടികൾ ബഹിഷ്കരിക്കുകയാണ്.

(പ്രതിപക്ഷനേതാവിന്റെ പ്രസ്താവനയെത്തുടർന്ന് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭ വിട്ട് പുറത്തു പോയി.)

## നിയമനിർമ്മാണകാര്യം (തുടർച്ച)

### 3. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

### (i) 2015-ലെ കേരള നഗര-ഗ്രാമാസൂത്രണ ബിൽ

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 2015-ലെ കേരള നഗര-ഗ്രാമാസൂത്രണ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ സംസാരിക്കുന്നില്ല, ഞാനെന്റെ പ്രസംഗം മേശപ്പുറത്തു വയ്ക്കുന്നു. *

മി. സ്പീക്കർ: വിയോജനക്കുറിപ്പിന് നോട്ടീസ് നൽകിയിട്ടുള്ള സർവ്വശ്രീ. വി. ശിവൻകുട്ടി, പി. ശ്രീരാമകൃഷ്ണൻ, പി. റ്റി. എ. റഹീം, കെ. വി. വിജയദാസ്, ഇ. കെ. വിജയൻ തുടങ്ങിയവർ സഭയിലില്ല.

(നോട്ടീസ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ വിയോജനക്കുറിപ്പ് അവതരിപ്പിക്കപ്പെട്ടില്ല.)

(പ്രതിപക്ഷാംഗങ്ങൾ സഭയിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2015-ലെ കേരള നഗര-ഗ്രാമാസൂത്രണ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ.....

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

<u>രണ്ടാം വകുപ്പ്</u>

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീ. മഞ്ഞളാംകുഴി അലി</u>): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു:

1041. (ക്യൂ) ഉപഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:-

> "(ക്യൂ) "തദ്ദേശസ്വയംഭരണസ്ഥാപനം" എന്നാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് (1994-ലെ 13) 4-ാം വകുപ്പ് പ്രകാരം രൂപീകരിച്ച ഒരു പഞ്ചായത്ത് അല്ലെങ്കിൽ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) 4-ാം വകുപ്പ് പ്രകാരം രൂപീകരിച്ച ഒരു മുനിസിപ്പാലിറ്റി എന്നർത്ഥമാകുന്നു;"

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ താഴെപറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

157. ഖണ്ഡം 2 (എ)-ൽ, "അക്കോമഡേഷൻ റിസർവേഷൻ" എന്നീ വാക്കുകൾക്ക് പകരം "അക്കോമഡേറ്റീവ് റിസർവേഷൻ" എന്നീ വാക്കുകൾ ചേർക്കുക.

158. ഖണ്ഡം 2 (എ)-ൽ, "പ്ലാൻ" എന്നതിനുപകരം "രൂപരേഖ" എന്നത് ചേർക്കുക.

159. ഖണ്ഡം 2 (എ)-ൽ, "പൊതുസൗകര്യങ്ങൾക്കായി" എന്നതിന് പകരം "പൊതു ആവശ്യത്തിനായി" എന്നത് ചേർക്കുക.

160. ഖണ്ഡം 2 (എ)-ൽ, "ഭൂമിയുടെ ഉടമസ്ഥന്" എന്നതിനുപകരം "ഭൂമി, അതിന്റെ ഉടമസ്ഥന്" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

161. ഖണ്ഡം 2 (എ)-ൽ, "വില്ലേജ് പഞ്ചായത്തിനോ" എന്നതിനുപകരം "ഗ്രാമപഞ്ചായത്തിനോ" എന്നത് ചേർക്കുക.

162. ഖണ്ഡം 2 (എ)-ൽ, "ഉപയോഗിക്കുന്നതിനുള്ള" എന്നതിനുപകരം "വിനിയോഗിക്കുന്നതിനുള്ള" എന്നത് ചേർക്കുക.

164. ഖണ്ഡം 2 (ബി)-ൽ, "ജലം, ഗ്യാസ്, വൈദ്യുതി വിതരണം" എന്നീ വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം "ജലം, പാചകവാതകം, വൈദ്യുതി വിതരണസംവിധാനങ്ങൾ" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

165. ഖണ്ഡം 2 (ബി)-ൽ, "അഴുക്ക് ചാൽ" എന്നീ വാക്കുകൾ നീക്കം ചെയ്യുക.

167. ഖണ്ഡം 2 (ബി)-ൽ "സേവനങ്ങൾ" എന്ന വാക്കിനുശേഷം വരുന്ന "സൗകര്യങ്ങൾ " എന്ന വാക്ക് ഒഴിവാക്കുക.

168. ഖണ്ഡം 2 (സി)-ൽ "നിർമ്മിച്ചിട്ടുള്ളതും" എന്നതിനുപകരം "നിർമ്മിച്ചിട്ടുള്ളത്" എന്നത് ചേർക്കുക.

170. ഖണ്ഡം 2(ഡി)(ii)-ൽ "മേൽക്കൂര നിർമ്മിക്കുകയോ പുനർഃനിർമ്മിക്കുകയോ" എന്നതിനു പകരം "മേൽക്കൂരയുടെ നിർമ്മാണമോ, പുനർനിർമ്മാണമോ" എന്നത് ചേർക്കുക.

171. ഖണ്ഡം 2(ഡി)(iii)-ൽ "കാതലായ" എന്നതിനുപകരം "അടിസ്ഥാനപരമായ" എന്നത് ചേർക്കുക.

172. ഖണ്ഡം 2(ഡി)(iii)-ൽ "വലുതാക്കലോ"എന്നതിനുപകരം "വിസ്തീർണ്ണം വർദ്ധിപ്പിക്കുകയോ" എന്നത് ചേർക്കുക.

175. ഖണ്ഡം 2(ഇ)-ൽ "ചീഫ് ടൗൺ പ്ലാനർ"എന്നതിനുപകരം "മുഖ്യനഗരാസൂത്രകൻ" എന്നത് ചേർക്കുക.

180. ഖണ്ഡം 2 (എഫ്) -ൽ

"പ്ലാനുകളിൽ" എന്ന വാക്കിനുപകരം "രൂപരേഖകളിൽ" എന്ന വാക്ക് ചേർക്കുക.

181. ഖണ്ഡം 2 (എഫ്)-ൽ

"മാറ്റിവയ്ക്കപ്പെട്ട" എന്നതിനുപകരം "നിശ്ചയിക്കപ്പെട്ട" എന്നത് ചേർക്കുക.

183. ഖണ്ഡം 2 (ജി)-യിൽ

"ഏതുരീതിയിൽ നടത്തണമെന്ന്" എന്നതിനുപകരം "അതിന്റെ ആസൂത്രണത്തെയും" എന്നത് ചേർക്കുക.

185. ഖണ്ഡം 2 (എച്ച്)-ൽ

"അതിനു മുകളിലോ " എന്നീ വാക്കുകൾ ഒഴിവാക്കുക.

186. ഖണ്ഡം 2 (എച്ച്)-ൽ

"കാതലായ" എന്നതിനുപകരം "അടിസ്ഥാനപരമായ" എന്നത് ചേർക്കുക.

188. ഖണ്ഡം 2(ജെ)-ൽ "പ്രദേശത്തിനോവേണ്ടി" എന്നതിനുപകരം "പ്രദേശത്തിനോ വേണ്ടി" എന്നും ചേർക്കുക.

192. ഖണ്ഡം 2(ഒ)-ൽ "പൊതുസ്ഥലങ്ങളും" എന്നതിനുപകരം "പൊതുസൗകര്യങ്ങളും" എന്നത് ചേർക്കുക.

193. ഖണ്ഡം 2(ഒ)-ൽ "പുനർ ക്രമീകരിച്ച" എന്നതിനുപകരം "പുനഃക്രമീകരിച്ച" എന്നത് ചേർക്കുക.

194. ഖണ്ഡം 2(ഒ)-ൽ "തിരിച്ചുകൊടുക്കുന്നതും" എന്നതിനുപകരം "തിരികെ നൽകുന്നതും" എന്നത് ചേർക്കുക.

196. ഖണ്ഡം 2(ക്യൂ)താഴെപ്പറയും പ്രകാരം മാറ്റുക:

"(ക്യൂ) "തദ്ദേശസ്വയംഭരണ സ്ഥാപനം" എന്നാൽ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് (1994-ലെ 20) 1994-ലെ കേരള പഞ്ചായത്തീരാജ് ആക്ട് (1994-ലെ 13) എന്നിവയിൽ നിർവ്വചിക്കപ്പെട്ട പ്രകാരമുള്ള ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം എന്നർത്ഥമാകുന്നു;"

199. ഖണ്ഡം 2 (എസ്)-ൽ, "മെട്രോപോളിറ്റൻ" എന്നതിനുപകരം "മഹാനഗര" എന്നു ചേർക്കുക.

202. ഖണ്ഡം 2(യു) താഴെപ്പറയുംപ്രകാരം മാറ്റുക:

"(യു) "പ്രകൃതിദുരന്തസാദ്ധ്യതാപ്രദേശം" എന്നാൽ ഭൂകമ്പമോ, അഗ്നിപർവ്വത സ്ഫോടനമോ, ചുഴലിക്കാറ്റോ, സുനാമിയോ, പ്രളയമോ, ഉരുൾപൊട്ടലോ, കടലാക്രമണമോ, കാട്ടുതീയോ, സമാനമായ ഒന്നോ അതിലധികമോ ദുരന്തങ്ങളോ, മിതമായോ, വളരെ ഉയർന്ന അപകടസാദ്ധ്യതയോടുകൂടിയോ ഉണ്ടാകുവാനിടയുള്ള ഒരു പ്രദേശം എന്നർത്ഥമാകുന്നു."

204. ഖണ്ഡം 2(വി)(i)-ൽ, "വാടക അല്ലെങ്കിൽ വാടകയുടെ" എന്നതിനുപകരം "വാടകയോ പാട്ടമോ അല്ലെങ്കിൽ വാടകയുടെയോ പാട്ടത്തിന്റെയോ" എന്ന് ചേർക്കുക.

206. ഖണ്ഡം 2 (വി) (iii)-ൽ, "കുടിയാൻ" എന്നതിനുപകരം "വ്യക്തി" എന്നത് ചേർക്കുക.

207. ഖണ്ഡം 2 (വി) (v) ഒഴിവാക്കുക.

209. ഖണ്ഡം 2 (ഡബ്ല്യൂ) (ii) താഴെപ്പറയുംപ്രകാരം മാറ്റുക:

"(ii)ദേശീയ പാതകൾ"

212. ഖണ്ഡം 2 (ഡബ്ല്യൂ) (ix)-ൽ, "പബ്ലിക്-സെമി പബ്ലിക്" എന്നതിനു പകരം "പബ്ലിക്, സെമി-പബ്ലിക് " എന്നത് ചേർക്കുക.

213. ഖണ്ഡം 2 (എക്സ്)-ൽ, "അല്ലെങ്കിൽ ഭൂമി ഒരു കുടിയാന് പാട്ടത്തിന് കൊടുത്തിരുന്നുവെങ്കിൽ പാട്ടമോ പ്രീമിയമോ വാങ്ങുമായിരുന്നതോ വാങ്ങുവാൻ അവകാശമുണ്ടായിരുന്നതോ ആയ ആളും" എന്നീ വാക്കുകൾ ഒഴിവാക്കുക.

214. ഖണ്ഡം 2 (വൈ)-യിൽ, "പെർസ്പെക്റ്റീവ് പ്ലാൻ" എന്നതിനുപകരം "സംസ്ഥാന വികസന പരിപ്രേക്ഷ്യം" എന്നത് ചേർക്കുക.

217. ഖണ്ഡം 2(ഇസഡ്)-ൽ, "ഭൂപടങ്ങളും" എന്ന വാക്കിന് മുമ്പ് "കഡസ്ട്രൽ" എന്ന വാക്ക് ചേർക്കുക.

218. ഖണ്ഡം 2(എസി)-ൽ, "രൂപം" എന്ന വാക്കിന് പകരം "രൂപമാറ്റം" എന്നത് ചേർക്കുക.

220. ഖണ്ഡം 2(എസി)-ൽ, "ശാസ്ത്ര വിഷയം" എന്നതിനു പകരം "എഞ്ചിനീയറിംഗ് വിഷയം" എന്നത് ചേർക്കുക.

221. ഖണ്ഡം 2(എഡി)-ൽ, "പരിധിക്കുപരിയായുള്ള" എന്നതിനുപകരം "പരിധിയിൽ കൂടുതൽ" എന്നത് ചേർക്കുക.

222. ഖണ്ഡം 2(എഡി)-ൽ, "കൈമാറ്റം ചെയ്യുന്നതിനുള്ള വികസനാവകാശം" എന്നതിനുപകരം "കൈമാറ്റം ചെയ്യപ്പെടാവുന്ന വികസനാവകാശം" എന്നത് ചേർക്കുക.

<u>ശ്രീ. കെ. ശിവദാസൻ നായർ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

173. ഖണ്ഡം 2(ഡി)(iii)-ലെ "വലുതാക്കലോ"എന്ന വാക്കിനുശേഷം "ചെറുതാക്കലോ" എന്ന വാക്ക് ചേർക്കുക.

201. ഖണ്ഡം 2(യു)-വിൽ, "കടലെടുപ്പോ കാട്ടുതീയോ" എന്നീ വാക്കുകൾക്ക് ശേഷം "സാംക്രമികരോഗങ്ങളോ പകർച്ചവ്യാധികളോ" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

174. ഖണ്ഡം 2(ഡി)(iv)-ൽ "ബാധിക്കുവാനിടയുള്ള അങ്ങനെയുള്ള"എന്നീ വാക്കുകൾക്ക് പകരം "കരുതിയുള്ള" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. ലൂഡി ലൂയിസ്:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

191. ഖണ്ഡം 2 (കെ)-യ്ക്ക് ശേഷം താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുകയും ചെയ്യുക.

"(എൽ) "ഗസറ്റ്" എന്നാൽ സർക്കാർ പ്രസിദ്ധീകരിക്കുന്ന ഗസറ്റ് എന്ന് അർത്ഥമാക്കുന്നു".

210. ഖണ്ഡം 2 (ഡബ്ല്യൂ) (ii)-ന് ശേഷം താഴെ പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

"(iii) സംസ്ഥാന ഹൈവേകൾ;"

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട മിനിസ്റ്റർ, ഏതെങ്കിലും ഭേദഗതികൾ സ്വീകാര്യമാണോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീ. മഞ്ഞളാംകുഴി അലി</u>): സർ, ശ്രീ. ഉമ്മർ അവതരിപ്പിച്ച 161, 162, 170, 171, 188, 193, 194, 209 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു. ശ്രീ. തോമസ് ഉണ്ണിയാടന്റെ 163-ാം നമ്പർ ഭേദഗതി അവതരിപ്പിക്കാത്തതിനാൽ ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

163. ഖണ്ഡം 2 (ബി)-യിൽ "ജലം, ഗ്യാസ്" എന്നീ വാക്കുകൾക്ക് പകരം "കുടിവെള്ള വിതരണം, പാചകവാതക വിതരണം" എന്നീ വാക്കുകൾ ചേർക്കുക.

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 1041, 163 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികളും, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 161, 162, 170, 171, 188, 193, 194, 209 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 157, 158, 159, 160, 164, 165, 167, 168, 172, 175, 180, 181, 183, 185, 186, 192, 196, 199, 202, 204, 206, 207, 212, 213, 214, 217, 218, 220, 221, 222 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 173, 201 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 174 -ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. ലൂഡി ലൂയിസ് അവതരിപ്പിച്ച 191, 210 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

225. ഖണ്ഡം 3(1)-ൽ, "പ്രാബല്യത്തിൽ വന്നതിനുശേഷം" എന്നതിന് പകരം "നിയമസഭ പാസ്സാക്കിയതിനുശേഷം" എന്നത് ചേർക്കുക.

238. ഖണ്ഡം 3(4)(ഇ)-യ്ക്കു ശേഷം താഴെപ്പറയുന്നത് ചേർത്ത് ശേഷിക്കുന്നവ പുനഃക്രമീകരിക്കുക:

"(എഫ്) സംസ്ഥാനത്തെ ജില്ലാ കളക്ടർമാർ;"

268. ഖണ്ഡം 3(4) (റ്റി)-യിൽ, "കൃഷി" എന്നതിനുശേഷം ',' എന്ന ചിഹ്നം ചേർക്കുകയും "അല്ലെങ്കിൽ" എന്നത് ഒഴിവാക്കുകയും ചെയ്യുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

226. ഖണ്ഡം 3 (1)-നുശേഷം താഴെപ്പറയുന്നത് 3 (1) എ ആയി ചേർക്കുക:

"(എ) ബോർഡിന്റെ ആസ്ഥാനം തിരുവനന്തപുരം ആയിരിക്കുന്നതാണ്"

<u>ശ്രീ. പി. കെ. ബഷീർ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

229. ഖണ്ഡം 3(2)-ൽ "വൈസ്ചെയർപേഴ്സൺ" അല്ലെങ്കിൽ "വൈസ്ചെയർപേഴ്സൺമാർ" എന്നീ വാക്കുകൾക്ക് പകരം "ഒന്നോ അതിലധികമോ ചെയർപേഴ്സൺമാർ" എന്നീ വാക്കുകൾ ചേർക്കുക.

259. ഖണ്ഡം 3(4)(ക്യൂ)-വിന് പകരം താഴെപ്പറയുന്നത് ചേർക്കുക:—

"(ക്യൂ) മുനിസിപ്പൽ കൗൺസിലുകളുടെ ചെയർപേഴ്സൺമാരുടെ ചേംബറിന്റെ ചെയർപേഴ്സൺ;"

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

230. ഖണ്ഡം 3(2)-ൽ "മുപ്പത്തി ഒന്ന്" എന്നതിന് പകരം "മുപ്പത് " എന്ന് ചേർക്കുക.

<u>ശ്രീ. മോൻസ് ജോസഫ്:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

231. ഖണ്ഡം 3(2)-ൽ "മുപ്പത്തി ഒന്ന്" എന്നതിന് പകരം "മുപ്പത്തി ഏഴ്" എന്നത് ചേർക്കുക.

242. ഖണ്ഡം 3(4)(ഐ)-യിൽ, "ചീഫ് എഞ്ചിനീയർ (റോഡ്സ്)" എന്നീ വാക്കുകൾക്ക് ശേഷം "ചീഫ് എഞ്ചിനീയർ (കെട്ടിടവിഭാഗം)" എന്നീ വാക്കുകൾ ചേർക്കുക.

248. ഖണ്ഡം 3 (4) (എൽ) "കേരള ജല അതോറിറ്റി മാനേജിംഗ് ഡയറക്ടർ" എന്നീ വാക്കുകൾക്ക് ശേഷം "ചീഫ് എഞ്ചിനീയർ/ടെക്നിക്കൽ മെമ്പർ കേരളാ വാട്ടർ അതോറിറ്റി" എന്നീ വാക്കുകൾ ചേർക്കുക.

262. ഖണ്ഡം 3(4)(എസ്)-ൽ, "കേരളാ ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ പ്രസിഡന്റ്;" എന്നീ വാക്കുകൾക്ക് ശേഷം "സെക്രട്ടറിയും" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

232. ഖണ്ഡം 3(2)-ൽ "മുപ്പത്തി ഒന്ന്" എന്നതിനുപകരം "മുപ്പത്തിയഞ്ചിൽ കവിയാത്ത" എന്നത് ചേർക്കുക.

235. ഖണ്ഡം 3(4) (ഇ)-യിൽ "ആസൂത്രണകാര്യവകുപ്പ്" എന്നതിനുശേഷം "പൊതുമരാമത്ത് വകുപ്പ്" എന്നത് ചേർക്കുക.

241. ഖണ്ഡം 3(4)(ജി)-യിൽ, "ലാന്റ് റവന്യൂ കമ്മീഷണർ" എന്നതിനു പകരം "കമ്മീഷണർ, ലാന്റ് റവന്യൂ "എന്നത് ചേർക്കുക.

243. ഖണ്ഡം 3(4)(ഐ)-യിൽ, "(റോഡ്സ്)" എന്നതിനുപകരം "(നിരത്തുകളും പാലങ്ങളും)" എന്നത് ചേർക്കുക.

245. ഖണ്ഡം 3(4) (ജെ) താഴെപ്പറയും പ്രകാരം മാറ്റുക:

"(ജെ) ഗവ. സെക്രട്ടറി, വനം-വന്യജീവി വകുപ്പ് ;"

246. ഖണ്ഡം 3 (4)-കെ താഴെപ്പറയും പ്രകാരം മാറ്റുക :

"(കെ) ചെയർപേഴ്സൺ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ".

247. ഖണ്ഡം 3(4)(എൽ) ചുവടെ ചേർക്കും പ്രകാരം മാറ്റുക:—

"(എൽ) ചെയർപേഴ്സൺ, കേരള സംസ്ഥാന വൈദ്യുതി ബോർഡ്; "

249. ഖണ്ഡം 3 (4) (എം) ചുവടെ ചേർക്കും പ്രകാരം മാറ്റുക :

"(എം) മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി; "

251. ഖണ്ഡം 3 (4) (എൻ) ചുവടെ ചേർക്കും പ്രകാരം മാറ്റുക :-

"(എൻ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന രണ്ട് പാർലമെന്റ് അംഗങ്ങൾ, അതിൽ ഒരാൾ വനിതയായിരിക്കണം".

252. ഖണ്ഡം 3 (4) (ഒ)-യിൽ "ചെയ്തപ്രകാരമുള്ള" എന്ന വാക്കിനുപകരം "ചെയ്യുന്ന" എന്ന വാക്ക് ചേർക്കുക.

257. ഖണ്ഡം 3(4)(പി)-യിൽ, "ചെയ്ത പ്രകാരം" എന്നതിനുപകരം "ചെയ്യുന്ന" എന്നത് ചേർക്കുക.

263. ഖണ്ഡം 3(4)(റ്റി)-യിൽ, "ചെയ്ത പ്രകാരമുള്ള" എന്നതിനുപകരം "ചെയ്യുന്ന" എന്നത് ചേർക്കുക.

266. ഖണ്ഡം 3(4) (റ്റി)-യിൽ, "രണ്ടാളുകൾ" എന്നതിനുപകരം "മറ്റു രണ്ടുപേർ" എന്നത് ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

237. ഖണ്ഡം 3(4)(ഇ)-യിൽ "ഗതാഗത വകുപ്പ്"എന്ന വാക്കിനുശേഷം "മരാമത്ത് വകുപ്പ് " എന്നീ വാക്കുകൾ ചേർക്കുക.

267. ഖണ്ഡം 3(4) (റ്റി)-യിൽ, "സർക്കാരിന്റെ അഭിപ്രായത്തിൽ" എന്നീ വാക്കുകൾ ഒഴിവാക്കുക.

270. ഖണ്ഡം 3(4) (റ്റി)-യിൽ, "സാമ്പത്തിക ശാസ്ത്രം" എന്നീ വാക്കുകൾക്ക് ശേഷം "ആസൂത്രണം" എന്ന വാക്ക് ചേർക്കുക.

273. ഖണ്ഡം 3(6) (എ)-യിൽ, "ഗതാഗതവും വാർത്താവിനിമയും" എന്നീ വാക്കുകൾക്കു ശേഷം "റോഡ്സ് & ബ്രിഡ്ജസ്" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഏതെങ്കിലും ഭേദഗതികൾ സ്വീകാര്യമാണോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ശ്രീ. ഉമ്മർ അവതരിപ്പിച്ച 246, 247, 249, 252, 257, 263, 266 എന്നീ നമ്പർ ഭേദഗതികൾ സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 246, 247, 249, 252, 257, 263, 266 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 232, 235, 241, 243, 245, 251 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ.എൻ.എ. ഖാദർ അവതരിപ്പിച്ച 225, 238, 268 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 226-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 229, 259 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 230-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 231, 242, 248, 262 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 237, 267, 270, 273 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാലാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

279. ഖണ്ഡം 4 (ബി)-യിൽ,

(i) "എതെങ്കിലുമുണ്ടെങ്കിൽ " എന്ന വാക്ക് ഒഴിവാക്കുക;

(ii) "അവയ്ക്കും " എന്നതിനുപകരം "അവയും " എന്നത് ചേർക്കുക;

(iii) "വികസനവും" എന്നതിനുശേഷം "ഉപയോഗവും" എന്നത് ചേർക്കുക;

285. ഖണ്ഡം 4 (ഡി)-യിൽ, "തയ്യാറാക്കുകയോ" എന്ന വാക്കിനുശേഷം "ഏതെങ്കിലും അംഗീകൃത ഏജൻസികൾ മുഖേന" എന്നത് ചേർക്കുക.

290. ഖണ്ഡം 4 (ഇ)യിൽ, "തയ്യാറാക്കുകയോ" എന്ന വാക്കിനുപകരം ഏതെങ്കിലും അംഗീകൃത ഏജൻസികൾ മുഖേന" എന്നത് ചേർക്കുക.

296. ഖണ്ഡം 4(എഫ്)-ൽ, "ഭൗതികനേട്ടങ്ങൾ" എന്നതിനുശേഷം "പരിശോധിക്കുകയും" എന്നത് ചേർക്കുക.

299. ഖണ്ഡം 4(ജി)-യിൽ, "സർക്കാരിന്" എന്നതിനുപകരം "സർക്കാർ" എന്ന് ചേർക്കുക.

300. ഖണ്ഡം 4(ജി)(i)-ൽ, "ജില്ലകൾക്കിടയിലെ" എന്നതിനു കരം "ജില്ലകൾ തമ്മിലുള്ള" എന്നത് ചേർക്കുക.

306. ഖണ്ഡം 4(ജി)(ii)-യിൽ, "സാദ്ധ്യമായ" എന്നതിനുപകരം "സാധ്യമായ" എന്നത് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

281. ഖണ്ഡം 4 (സി)-യിൽ, "പെർസ്പെക്റ്റീവ് പ്ലാനുമായും " എന്നതിന് പകരം "സംസ്ഥാന വികസന പരിപ്രേക്ഷ്യവുമായും" എന്നത് ചേർക്കുക.

284. ഖണ്ഡം 4 (ഡി)-യിൽ, "പെർസ്പെക്റ്റീവ് പ്ലാൻ" എന്നതിനുപകരം "സംസ്ഥാന വികസന പരിപ്രേക്ഷ്യം" എന്നത് ചേർക്കുക.

286. ഖണ്ഡം 4 (ഡി)യിൽ, "തയ്യാറാക്കിക്കുകയോ ചെയ്യുക" എന്നതിന് പകരം "അവശ്യാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്യുക" എന്ന് ചേർക്കുക.

291. ഖണ്ഡം 4 (ഇ)യിൽ, "തയ്യാറാക്കിക്കുകയോ" എന്നതിനുപകരം "ആയതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയോ" എന്നീ വാക്കുകൾ ചേർക്കുക .

293. ഖണ്ഡം 4(ഇ)-ക്ക് ശേഷം ചുവടെ ചേർക്കുന്ന ക്ലിപ്ത നിബന്ധന ചേർക്കുക:

"എന്നാൽ, (ഇ) ഉപവകുപ്പിൽ പരാമർശിച്ച പ്രകാരമുള്ള പ്ലാൻ തയ്യാറാക്കുമ്പോൾ അതിൻമേൽ ഉണ്ടാകുന്ന തർക്കങ്ങൾക്ക് തീർപ്പു കൽപ്പിക്കുന്നതിന് ബോർഡിന് അധികാരമുണ്ടായിരിക്കുന്നതാണ്".

305. ഖണ്ഡം 4(ജി)(ii)-യിൽ, " നിക്ഷേപസ്രോതസ്സുകളുടെ" എന്ന വാക്കിനു മുൻപായി "പ്രകൃതിദത്ത" എന്ന വാക്ക് ചേർക്കുക.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

283. ഖണ്ഡം 4 (സി)-യിൽ, "ചെയ്യുക" എന്നതിനുപകരം "ചെയ്യേണ്ടതും" എന്നത് ചേർക്കുക.

287. ഖണ്ഡം 4 (ഡി)യിൽ, "ചെയ്യുക" എന്നതിന് പകരം "ചെയ്യേണ്ടതും" എന്നത് ചേർക്കുക.

292. ഖണ്ഡം 4 (ഇ)യിൽ, "ചെയ്യുക" എന്നതിന് പകരം "ചെയ്യേണ്ടതും" എന്നത് ചേർക്കുക.

297. ഖണ്ഡം 4(എഫ്)-ൽ, "ചെയ്യുക" എന്നതിന് പകരം "ചെയ്യേണ്ടതും" എന്നത് ചേർക്കുക.

298. ഖണ്ഡം 4(എഫ്)-ന് ശേഷം താഴെ പറയുന്നത് ചേർത്ത് ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുക:

"(ജി) കേരളത്തിന്റെ തനതായ പാരമ്പര്യ കലാ സാംസ്കാരിക സമ്പത്തുകൾ പരിരക്ഷിക്കുന്നതിനുള്ള റിപ്പോർട്ടുകൾ സർക്കാരിന് സമർപ്പിക്കേണ്ടതും".

<u>ശ്രീ. മോൻസ് ജോസഫ്:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

294. ഖണ്ഡം 4(എഫ്)-ൽ, "നിക്ഷേപങ്ങളുടെ ഭൗതിക നേട്ടങ്ങൾ വിലയിരുത്തുകയും പുനരവലോകനം ചെയ്യുകയും" എന്നതിനുശേഷം "വിലപ്പെട്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും" എന്നത് ചേർക്കുക.

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട മിനിസ്റ്റർ, ഏതെങ്കിലും ഭേദഗതികൾ സ്വീകാര്യമാണോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീ. മഞ്ഞളാംകുഴി അലി</u>): സർ, ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 287, 292, 297 എന്നീ നമ്പർ ഭേദഗതികളും ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 300, 306 എന്നീ നമ്പർ ഭേദഗതികളും അംഗീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

<u>മി. സ്പീക്കർ:</u> ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 287, 292, 297 എന്നീ നമ്പർ ഭേദഗതികളും ശ്രീ. കെ.എൻ.എ. ഖാദറിന്റെ 300, 306 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 279, 285, 290, 296, 299 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 281, 284, 286, 291, 293, 305 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 283, 298 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 294-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അഞ്ചാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

308. ഖണ്ഡം 5(1)-ൽ, "കമ്മിറ്റികൾ" എന്ന വാക്കിന് ശേഷം "താത്കാലികമായി" എന്ന വാക്ക് ചേർക്കുക.

311. ഖണ്ഡം 5 (3)-ൽ, "ഒരു അംഗമായി" എന്നതിന് പകരം "ഒരു താത്കാലിക അംഗമായി" എന്നത് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

309. ഖണ്ഡം 5 (2)-ൽ, "ചീഫ് ടൗൺ പ്ലാനറോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഒരു ഉദ്യോഗസ്ഥനോ" എന്നതിനു പകരം "ചീഫ് ടൗൺ പ്ലാനറിൽ കുറയാത്ത ഉദ്യോഗസ്ഥൻ" എന്ന് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിച്ചിരിക്കുന്നു:

310. ഖണ്ഡം 5 (3) ഒഴിവാക്കുക

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഏതെങ്കിലും ഭേദഗതികൾ സ്വീകാര്യമാണോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സർ, ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 308-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ : ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 308-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 311-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 309-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ.എം. ഉമ്മർ അവതരിപ്പിച്ച 310-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ആറാം വകുപ്പ്

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

314. ഖണ്ഡം 6 (1)-ൽ, "ബത്തകളും" എന്ന വാക്കിന് ശേഷം "അലവൻസുകളും സിറ്റിംഗ് ഫീസും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

315. ഖണ്ഡം 6 (2)-ൽ, "സർക്കാരിന് രേഖാമൂലം നോട്ടീസ് നൽകിക്കൊണ്ട്" എന്നീ വാക്കുകൾക്ക് പകരം "സർക്കാരിന്, പതിനാല് ദിവസത്തിൽ കുറയാതെയുള്ള കാലാവധിയുള്ള നോട്ടീസ് രേഖാമൂലം നൽകിക്കൊണ്ട്" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. സി. മമ്മൂട്ടി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

316. ഖണ്ഡം 6 (2)-ൽ, "രേഖാമൂലം" എന്ന വാക്കിനുശേഷം "സ്വന്തം കൈപ്പടയിൽ " എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിച്ചിരിക്കുന്നു:

317. ഖണ്ഡം 6 (2)-ൽ, "രേഖാമൂലം" എന്ന വാക്കിനുശേഷം "മുൻകൂർ" എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഏതെങ്കിലും ഭേദഗതികൾ സ്വീകാര്യമാണോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സർ, ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 314-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 315-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ : ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 314-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 315-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 316-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 317-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഏഴാം വകുപ്പ്

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

318. ഖണ്ഡം 7(1)-ൽ, "രണ്ട്" എന്നതിന് പകരം ശേഷം "മൂന്ന്" എന്നത് ചേർക്കുക.

ശ്രീ. കെ. എം. ഷാജി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

324. ഖണ്ഡം 7(1)-ൽ, "രണ്ട് പ്രാവശ്യത്തിൽ കുറയാതെ" എന്നീ വാക്കുകൾക്കുശേഷം "ചെയർപേഴ്സൺ നിശ്ചയിക്കുന്ന" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

325. ഖണ്ഡം 7(1)-ൽ, "സ്ഥലങ്ങളിലും" എന്ന വാക്കിനുപകരം "സംസ്ഥാനത്തിനുള്ളിലെ സ്ഥലങ്ങളിലും" എന്നീ വാക്കുകൾ ചേർക്കുക.

326. ഖണ്ഡം 7(2)-ൽ,

(i)"ചെയർപേഴ്സന്റെ" എന്നതിന് പകരം "ചെയർപേഴ്സണിന്റെ" എന്ന് ചേർക്കുക.

(ii) "അദ്ധ്യക്ഷത" എന്നതിന് പകരം "ആദ്ധ്യക്ഷം" എന്ന് ചേർക്കുക.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

327. ഖണ്ഡം 7(2)-ൽ, "ചെയർപേഴ്സന്റെ അഭാവത്തിൽ" എന്നതിനുശേഷം "ചെയർപേഴ്സൺ ചുമതലപ്പെടുത്തുന്ന" എന്നത് ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

328. ഖണ്ഡം 7(2)-ന്റെ, ക്ലിപ്ത നിബന്ധനയായി താഴെ കൊടുത്തിരിക്കുന്നത് ചേർക്കുക:

"എന്നാൽ, ചെയർപേഴ്സൺ അധ്യക്ഷത വഹിക്കാത്ത ഒരു യോഗത്തിൽ പ്രധാനപ്പെട്ട തീരുമാനങ്ങളെടുക്കാൻ പാടുള്ളതല്ല".

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

329. ഖണ്ഡം 7(2)-നുശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക:

"എന്നാൽ, ചെയർപേഴ്സണോ വൈസ് ചെയർപേഴ്സൺമാരോ ഹാജരില്ലാത്ത ഒരു യോഗത്തിൽ പ്രധാനപ്പെട്ടതും നയപരമായതുമായ വിഷയങ്ങളിൽ തീരുമാനം കൈക്കൊള്ളാൻ പാടില്ലാത്തതാകുന്നു".

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഏതെങ്കിലും ഭേദഗതികൾ സ്വീകാര്യമാണോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സർ, ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 326-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ : ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 326-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 318 -ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച 324-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 325-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 327-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 328-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 329-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എട്ടാം വകുപ്പ്

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

333. ഖണ്ഡം 8-ൽ "ഇരുപത്" എന്ന വാക്കിനുപകരം "ഇരുപത്തി അഞ്ച്" എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

334. ഖണ്ഡം 8-ൽ, "സ്ഥലപര വികസനത്തിനായുള്ള" എന്നതിനുപകരം "സ്ഥലപരആസൂത്രണത്തിനും വികസനത്തിനുമായുള്ള" എന്ന് ചേർക്കുക.

336. ഖണ്ഡം 8(എ)യിൽ,(i) "പ്രകൃതിദത്തവുമായ" എന്നതിന് പകരം "പ്രകൃതിദത്തവും പാരമ്പര്യേതരവുമായ" എന്ന് ചേർക്കുകയും "ഉപയോഗ സാദ്ധ്യതകളും" എന്നതിന് പകരം "ഉപയോഗസാധ്യതകളും" എന്ന് ചേർക്കുക.

(ii) "വിനിയോഗവും" വാക്കിന് ശേഷം, "സംരക്ഷണവും" എന്ന് ചേർക്കുക.

338. ഖണ്ഡം 8(ബി)യിൽ, "നഗര-ഗ്രാമപ്രദേശങ്ങളിലെ" എന്നതിന് പകരം "നഗരപ്രദേശങ്ങളിലെയും ഗ്രാമപ്രദേശങ്ങളിലെയും" എന്ന് ചേർക്കുക.

339. ഖണ്ഡം 8(സി)യ്ക്കുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുകയും തുടർന്ന് വരുന്നവ പുനരക്ഷരം ചെയ്യുക;

" (ഡി) ദേശീയ-സംസ്ഥാന വാർത്താവിനിമയ ശൃംഖല;"

341. ഖണ്ഡം 8 (എച്ച്)-ൽ, "പൈതൃക സമ്പത്ത് പ്രദേശങ്ങളുടെ" എന്നതിന് പകരം "പൈതൃകസമ്പദ് പ്രദേശങ്ങളുടെ" എന്ന് ചേർക്കുക.

346. ഖണ്ഡം 8 (ഐ) (iii)-ൽ, "മേഖലകളിൽ" എന്നതിനുശേഷം വരുന്ന "ദാരിദ്ര്യ നിർമ്മാർജ്ജനവും" എന്ന വാക്ക് ഒഴിവാക്കുകയും "സൃഷ്ടിക്കുന്നതും" എന്ന വാക്കിനുശേഷം "ദാരിദ്ര്യ നിർമ്മാർജ്ജനവും" എന്ന വാക്ക് ചേർക്കുകയും ചെയ്യുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

335. ഖണ്ഡം 8-ൽ, "തന്ത്രങ്ങളും" എന്നതിനുപകരം "ആസൂത്രണവും" എന്ന് ചേർക്കുക.

337. ഖണ്ഡം 8(എ)യിൽ, "വിഭവ" എന്നതിനുപകരം "വിഭവത്തിന്റെ" എന്ന് ചേർക്കുക.

340. ഖണ്ഡം 8 (ജി) ചുവടെ ചേർക്കും പ്രകാരം മാറ്റുക;

"(ജി) ആവാസവ്യവസ്ഥയുടെയും പാരിസ്ഥിതിക ദുർബല പ്രദേശങ്ങളുടെയും സംരക്ഷണം".

342. ഖണ്ഡം 8 (എച്ച്)-ൽ, "പൈതൃക സമ്പത്ത്" എന്നതിനുശേഷം "പട്ടികയിൽ ഉൾപ്പെട്ട" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഏതെങ്കിലും ഭേദഗതികൾ സ്വീകാര്യമാണോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 337-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 338, 341 എന്നീ നമ്പർ ഭേദഗതികളും സ്വീകരിക്കുന്നു. ശ്രീ. എ. കെ. ബാലന്റെ 344-ാം നമ്പർ ഭേദഗതി അവതരിപ്പിക്കാത്തതിനാൽ ഞാൻ താഴെപ്പറയുന്ന മാറ്റങ്ങളോടെ വാക്കാൽ ഭേദഗതിയായി അവതരിപ്പിക്കുന്നു:

344. ഖണ്ഡം 8 (ഐ)-ൽ, "സ്ഥലപരമായ പരിണാമങ്ങൾ" എന്നതിന് പകരം "സ്ഥലപര ആസൂത്രണം" എന്ന് ചേർക്കുക. അതിൽ 'സ്ഥലപര ആസൂത്രണം' എന്ന വാക്ക് മാറ്റി "സ്ഥലപര മാനങ്ങൾ" എന്ന് ചേർക്കണം.

ശ്രീ. എ. കെ. ബാലന്റെ 345-ാം നമ്പർ ഭേദഗതിയും ശ്രീ. തോമസ് ഐസകിന്റെ 347-ാം നമ്പർ ഭേദഗതിയും ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ 348-ാം നമ്പർ ഭേദഗതിയും അവതരിപ്പിക്കാത്തതിനാൽ ഞാൻ വാക്കാൽ ഭേദഗതിയായി അവതരിപ്പിക്കുന്നു.

345. ഖണ്ഡം 8 (ഐ) (iii) വിട്ടുകളയുക.

347. ഖണ്ഡം 8 (ജെ) ഒഴിവാക്കുക.

348. ഖണ്ഡം 8 (കെ)-ൽ, "സംസ്ഥാനത്തിന്റെ ആസൂത്രിത വികസനം" എന്നതിനു പകരം "സംസ്ഥാനത്തിന്റെ സ്ഥലപര ആസൂത്രണം" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 344, 345, 347, 348 എന്നീ നമ്പർ വാക്കാൽ ഭേദഗതികളും ശ്രീ. എം. ഉമ്മറിന്റെ 337-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. എൻ. എ. ഖാദറിന്റെ 338, 341 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 333-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ.എൻ.എ. ഖാദർ അവതരിപ്പിച്ച 334, 336, 339, 346 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 335, 340, 342 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒമ്പതാം വകുപ്പ്

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

351. ഖണ്ഡം 9 (1)-ൽ, "അഞ്ച്" എന്ന വാക്കിന് പകരം "രണ്ട്" എന്ന വാക്ക് ചേർക്കുക.

356. ഖണ്ഡം 9 (1)-ൽ, "തയ്യാറാക്കുകയോ, തയ്യാറാക്കിക്കുകയോ ചെയ്യേണ്ടതും" എന്നീ വാക്കുകൾക്ക് പകരം "തയ്യാറാക്കേണ്ടതും" എന്ന വാക്ക് ചേർക്കുക.

371. ഖണ്ഡം 9(3)-ൽ, "രണ്ട്"എന്ന വാക്കിന് പകരം "മൂന്ന്" എന്ന വാക്ക് ചേർക്കുക.

373. ഖണ്ഡം 9(3)-ൽ, "അതിൽ ഒന്ന്" എന്നീ വാക്കുകൾക്ക് പകരം "അതിൽ രണ്ട് " എന്നീ വാക്കുകൾ ചേർക്കുക.

384. ഖണ്ഡം 9(5)ൽ, "കുറഞ്ഞത് ഒരു" എന്നീ വാക്കുകൾക്ക് പകരം "കുറഞ്ഞത് രണ്ട് "എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

354. ഖണ്ഡം 9 (1)-ൽ, "പെർസ്പെക്റ്റീവ് പ്ലാൻ" എന്നതിനുപകരം "സംസ്ഥാന വികസന പരിപ്രേക്ഷ്യം" എന്നത് ചേർക്കുക.

361. ഖണ്ഡം 9(2)-ൽ, "പെർസ്പെക്റ്റീവ് പ്ലാൻ" എന്നതിനുപകരം "സംസ്ഥാന വികസന പരിപ്രേക്ഷ്യം" എന്നത് ചേർക്കുക.

362. ഖണ്ഡം 9(2)-ൽ, "സംസ്ഥാന" എന്ന വാക്ക് നീക്കം ചെയ്യുക.

363. ഖണ്ഡം 9(3)-ൽ, "പെർസ്പെക്റ്റീവ് പ്ലാൻ" എന്നതിനുപകരം "സംസ്ഥാന വികസന പരിപ്രേക്ഷ്യം" എന്നത് ചേർക്കുക.

366. ഖണ്ഡം 9(3)-ൽ "നൂറ്റി എൺപത് ദിവസക്കാലയളവിനുള്ളിൽ" എന്നതിന് പകരം "ആറുമാസത്തിനുള്ളിൽ" എന്നത് ചേർക്കുക.

368. ഖണ്ഡം 9(3) ൽ, "വിപുല" എന്ന വാക്കിന് പകരം "പ്രചുര" എന്ന വാക്ക് ചേർക്കുക.

374. ഖണ്ഡം 9(3)-ൽ "അയച്ചുകൊടുക്കേണ്ടതുമാണ്" എന്നതിനുപകരം "ലഭ്യമാക്കേണ്ടതാണ്" എന്നത് ചേർക്കുക.

379. ഖണ്ഡം 9(4)ൽ, "അയച്ചുകൊടുക്കേണ്ടതുമാണ്" എന്നതിന് പകരം "സമർപ്പിക്കേണ്ടതാണ് "എന്നത് ചേർക്കുക.

387. ഖണ്ഡം 9(5)-ൽ, "വർത്തമാന പത്രത്തിലും" എന്നതിന് പകരം "വർത്തമാന പത്രത്തിലെങ്കിലും" എന്നത് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

355. ഖണ്ഡം 9 (1)-ൽ, "തയ്യാറാക്കുകയോ" എന്നതിന് ശേഷം "ഏതെങ്കിലും അംഗീകൃത ഏജൻസികൾ മുഖേന" എന്ന് ചേർക്കുക.

359. ഖണ്ഡം 9(2)-ൽ, "സന്തുലിതമായ" എന്ന വാക്കിനുപകരം "സന്തുലിതവും സുസ്ഥിരവുമായ" എന്നീ വാക്കുകൾ ചേർക്കുക.

364. ഖണ്ഡം 9(3)-ൽ, "പെർസ്പെക്റ്റീവ് പ്ലാനിന്റെ പകർപ്പ്" എന്നതിനു ശേഷം "എം.പി.മാർക്കും നിയമസഭാ സാമാജികർക്കും" എന്നത് ചേർക്കുക.

375. ഖണ്ഡം 9(4)-ൽ, "പരിഗണിക്കേണ്ടതും" എന്ന വാക്കിനുപകരം "പരിശോധിക്കേണ്ടതും" എന്ന വാക്ക് ചേർക്കുക.

380. ഖണ്ഡം 9(5)ൽ, "പരിഗണിക്കേണ്ടതും" എന്ന വാക്കിനുപകരം "പരിശോധിക്കേണ്ടതും "എന്ന വാക്ക് ചേർക്കുക.

386. ഖണ്ഡം 9(5)-ൽ, "ഒരു വർത്തമാന പത്രത്തിലും" എന്നതിന് പകരം "രണ്ട് വർത്തമാന പത്രത്തിലും, (അതിൽ ഒന്ന് പ്രാദേശിക ഭാഷയിലുള്ളതായിരിക്കേണ്ടതാണ് )" എന്നത് ചേർക്കുക.

ശ്രീ. സി. മോയിൻകുട്ടി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

357. ഖണ്ഡം 9(1)-ൽ, "തയ്യാറാക്കിക്കുകയോ ചെയ്യേണ്ടതും" എന്നതിന് ശേഷം "അംഗീകാരത്തോടെ" എന്ന വാക്ക് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

365. ഖണ്ഡം 9(3)-ൽ, "നൂറ്റി എൺപത്" എന്നതിന് പകരം "തൊണ്ണൂറ്" എന്നത് ചേർക്കുക.

372. ഖണ്ഡം 9(3)-ൽ, "രണ്ട് വർത്തമാന പത്രങ്ങളിലും" എന്നതിനുപകരം "മൂന്ന് വർത്തമാന പത്രങ്ങളിലും, മൂന്ന് ഇലക്ട്രോണിക് മീഡിയയിലും" എന്നത് ചേർക്കുക.

376. ഖണ്ഡം 9(4)-ൽ, "അറുപത്" എന്നതിന് പകരം "മുപ്പത്" എന്നത് ചേർക്കുക.

ശ്രീ. വർക്കല കഹാർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

367. ഖണ്ഡം 9(3)-ൽ, "നൂറ്റി എൺപത്" എന്നതിന് പകരം "ഇരുന്നൂറ്" എന്ന് ചേർക്കുക.

ശ്രീ. ലൂഡി ലൂയിസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

377. ഖണ്ഡം 9(4)-ൽ, "അറുപത്" എന്നതിന് പകരം "തൊണ്ണൂറ് "എന്നത് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

388. ഖണ്ഡം 9(6)-നുശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക :

"എന്നാൽ, ഈ അധികാരം ഓരോ കാര്യത്തിലും ഓരോ തവണ മാത്രമേ വിനിയോഗിക്കാൻ പാടുള്ളൂ".

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഏതെങ്കിലും ഭേദഗതികൾ സ്വീകാര്യമാണോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 351-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 359-ാം നമ്പർ ഭേദഗതിയും ശ്രീ. എം. ഉമ്മറിന്റെ 362, 368, 387 എന്നീ നമ്പർ ഭേദഗതികളും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 351-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 359-ാം നമ്പർ ഭേദഗതിയും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 362, 368, 387 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 356, 371, 373, 384 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 354, 361, 363, 366, 374, 379 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 355, 364, 375, 380, 386 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. മോയിൻകുട്ടി അവതരിപ്പിച്ച 357-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 365, 372, 376 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വർക്കല കഹാർ അവതരിപ്പിച്ച 367-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ലൂഡി ലൂയിസ് അവതരിപ്പിച്ച 377-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 388-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പത്താം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

389. ഖണ്ഡം 10(1)-ൽ,

(i) "ഉപദേശിക്കുന്നതിനായി" എന്നതിനുപകരം "ഉപദേശിക്കുന്നതിനും സാങ്കേതിക സഹായം നൽകുന്നതിനുമായി" എന്ന് ചേർക്കുക.

(ii) "ഉണ്ടായിരിക്കുന്നതാണ് " എന്നതിനുപകരം "ഉണ്ടാകേണ്ടതാണ് " എന്ന് ചേർക്കുക.

391. ഖണ്ഡം 10(2)-ൽ, "സ്റ്റാഫിനെയും" എന്ന വാക്കിന് ശേഷം "നിർണ്ണയിക്കപ്പെടാവുന്ന വ്യവസ്ഥകൾ പ്രകാരം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

390. ഖണ്ഡം 10(1)-ൽ, "എന്നൊരു വകുപ്പ് ഉണ്ടായിരിക്കുന്നതാണ് " എന്നീ വാക്കുകൾക്ക് പകരം "രൂപീകരിക്കേണ്ടതാണ് " എന്ന് ചേർക്കുക .

392. ഖണ്ഡം 10(2)-ൽ, "ചീഫ് ടൗൺ പ്ലാനറുടെ" എന്നതിനുപകരം "മുഖ്യനഗരാസൂത്രകന്റെ " എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഏതെങ്കിലും ഭേദഗതികൾ സ്വീകാര്യമാണോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 389-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന മാറ്റങ്ങളോടെ സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

389. ഖണ്ഡം 10(1)-ലെ ക്ലോസ് (ii ) നീക്കം ചെയ്യുക.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 389-ാം നമ്പർ ഭേദഗതി ഭാഗികമായി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 391-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 390, 392 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനൊന്നാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

394. ഖണ്ഡം 11(എ)-ൽ, "പരിപാടികൾ" എന്നതിനുപകരം "പദ്ധതികൾ" എന്ന് ചേർക്കുക.

396. ഖണ്ഡം 11 (ബി)-ൽ, "ബോർഡിനെ" എന്ന വാക്ക് ഒഴിവാക്കുക.

398. ഖണ്ഡം 11(സി)-ൽ, "ഉപദേശവും സാങ്കേതിക" എന്നീ വാക്കുകൾക്ക് പകരം "സാങ്കേതികഉപദേശവും" എന്ന വാക്ക് ചേർക്കുക.

401. ഖണ്ഡം 11(ഇ)-യിൽ, "ജോയിന്റ്" എന്നതിനുപകരം "സംയോജിത" എന്ന് ചേർക്കുക.

404. ഖണ്ഡം 11(ഇ)-ൽ, ക്ലിപ്ത നിബന്ധനയിൽ "ജോയിന്റ് " എന്ന വാക്കിനു പകരം " സംയോജിത" എന്ന വാക്ക് ചേർക്കുക.

412. ഖണ്ഡം 11(ഐ)-ൽ, "അദ്ദേഹത്തിന്" എന്നതിനുപകരം "ചീഫ് ടൗൺ പ്ലാനർക്ക് " എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

397. ഖണ്ഡം 11 (ബി)-ൽ, "ഉപദേശം നൽകുകയും" എന്നതിനുപകരം "ഉപദേശവും മാർഗ്ഗനിർദ്ദേശവും" എന്നത് ചേർക്കുക.

403. ഖണ്ഡം 11(ഇ)-ൽ, "തയ്യാറാക്കുകയോ" എന്നതിനുശേഷം "ഏതെങ്കിലും അംഗീകൃത ഏജൻസികൾ മുഖേന" എന്നത് ചേർക്കുക.

407. ഖണ്ഡം 11(എഫ്)-ൽ, "ഗവേഷണവിവരങ്ങളും മറ്റ് പഠനങ്ങളും ഏർപ്പെടുത്തുകയോ" എന്നതിനുപകരം "ഗവേഷണങ്ങളും മറ്റു പഠനങ്ങളും നടത്തുകയോ" എന്നത് ചേർക്കുക.

408. ഖണ്ഡം 11(ജി)-ൽ, "പ്രോത്സാഹിപ്പിക്കുകയും" എന്നതിനുപകരം "പരിശീലനങ്ങൾ സംഘടിപ്പിക്കുകയും " എന്നത് ചേർക്കുക.

410. ഖണ്ഡം 11(എച്ച്)-ൽ, "സാങ്കേതിക സെക്രട്ടേറിയേറ്റായുള്ള" എന്നതിനുപകരം "എക്സ്-ഒഫിഷ്യോ മെമ്പർ സെക്രട്ടറിയായുള്ള" എന്നത് ചേർക്കുക.

411. ഖണ്ഡം 11(ഐ)-ൽ, "അദ്ദേഹത്തിന്" എന്നതിനുപകരം "ബോർഡിന് " എന്നത് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

399. ഖണ്ഡം 11(സി)-യിൽ, "ഉപദേശവും സാങ്കേതിക മാർഗ്ഗനിർദ്ദേശവും" എന്നതിനോടൊപ്പം "സാമൂഹികവും പ്രാദേശികവുമായ അഭിപ്രായങ്ങളും" എന്നത് ചേർക്കുക.

409. ഖണ്ഡം 11(എച്ച്)-ൽ, "കേരള അർബൻ ആർട്ട് കമ്മീഷൻ" എന്നീ വാക്കുകൾക്കുപകരം "കേരള അർബൻ ആർക്കിടെക്ച്ചറൽ കമ്മീഷൻ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

405. ഖണ്ഡം 11(ഇ)-യിൽ, "തയ്യാറാക്കുകയോ, തയ്യാറാക്കിക്കുകയോ ചെയ്യുക" എന്നീ വാക്കുകൾക്കുപകരം "തയ്യാറാക്കേണ്ടതും" എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഏതെങ്കിലും ഭേദഗതികൾ സ്വീകാര്യമാണോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 398-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 410-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ : ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 398-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 410-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 394, 396, 401, 404, 412 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 397,403, 407, 408, 411 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 399, 409 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 405-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പന്ത്രണ്ടാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

414. ഖണ്ഡം 12-ൽ, "ഒരു ജില്ലയുടെ പ്രദേശത്തെ" എന്നതിന് പകരം "ജില്ലകളുടെ അതത് പ്രദേശങ്ങളെ" എന്നത് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

416. ഖണ്ഡം 12-ൽ, "ആസൂത്രണ" എന്ന വാക്കിനു മുൻപ് "സ്ഥലപര" എന്ന വാക്ക് ചേർക്കുക.

417. ഖണ്ഡം 12-ൽ, "കരുതപ്പെടേണ്ടതാണ്" എന്നതിനുപകരം "വിജ്ഞാപനം ചെയ്യേണ്ടതാണ്" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഏതെങ്കിലും ഭേദഗതികൾ സ്വീകാര്യമാണോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതികൾ ഒന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 414-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 416, 417 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിമൂന്നാം വകുപ്പ്

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

418. ഖണ്ഡം 13(1)-ൽ, "ദീർഘകാല" എന്ന വാക്കിനുപകരം "20 വർഷത്തെ" എന്നത് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

421. ഖണ്ഡം 13(2)-ൽ,

(i) "ആവശ്യമായ" എന്നതിന് ശേഷം "ഉപദേശവും മാർഗ്ഗനിർദ്ദേശവും" എന്നത് ചേർക്കുക.

(ii) "സാങ്കേതിക സഹായം" എന്നതിന് പകരം " സാങ്കേതിക സഹായവും" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഏതെങ്കിലും ഭേദഗതികൾ സ്വീകാര്യമാണോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ഭേദഗതികൾ ഒന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 418-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 421-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനാലാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

425. ഖണ്ഡം 14(1)-ൽ, "സർക്കാരും ഭാരതസർക്കാരും" എന്നതിനുമുമ്പായി "സംസ്ഥാന" എന്ന വാക്ക് ചേർക്കുക.

433. ഖണ്ഡം 14(2)(ബി)-ൽ, "ആവശ്യമെന്നു കരുതുന്നുവെങ്കിൽ" എന്നതിനുപകരം "ആവശ്യമെങ്കിൽ" എന്ന വാക്ക് ചേർക്കുക.

438. ഖണ്ഡം 14(2)(സി)-ൽ, "സംയോജിത" എന്നതിനുപകരം "സമഗ്ര" എന്നത് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

426. ഖണ്ഡം 14(1)-ൽ, "ജില്ലയ്ക്കു പ്രസക്തമായിട്ടുള്ള" എന്നീ വാക്കുകൾക്കുശേഷം "ജില്ലയുടെ പ്രാദേശികവും, സാമൂഹികമായ പശ്ചാത്തലം" എന്നീ വാക്കുകൾ ചേർക്കുക.

446. ഖണ്ഡം "14(2)(ജി)(iii)-ൽ, "മലിനജലവും ഖരമാലിന്യവും നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള സ്ഥലങ്ങൾ" എന്നീ വാക്കുകൾക്ക് ശേഷം "പരിസ്ഥിതി ആഘാത പഠനങ്ങൾ നടത്തി നിശ്ചയിക്കേണ്ടതാണ്" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

428. ഖണ്ഡം 14(2)(എ)-ൽ, "ജില്ലയിലെ മറ്റ് സർക്കാർ വകുപ്പുകളും" എന്നതിനുപകരം "മറ്റു വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥൻമാരുമായും" എന്ന് ചേർക്കുക.

437. ഖണ്ഡം 14(2)(സി)-ൽ, "നിരീക്ഷിക്കുകയും" എന്നതിനുശേഷം "വിശകലനം ചെയ്യുകയും" എന്നത് ചേർക്കുക.

440. ഖണ്ഡം 14(2)(ഡി)-ൽ, "ഏജൻസികൾക്കുമിടയിൽ" എന്നതിനുപകരം "സ്ഥാപനങ്ങൾക്കുമിടയിൽ" എന്നത് ചേർക്കുക.

442. ഖണ്ഡം 14(2)(എഫ്)-ൽ, "സർക്കാരിനെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും ഉപദേശിക്കേണ്ടതാണ്" എന്നതിനുപകരം "തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകേണ്ടത്" എന്നത് ചേർക്കുക.

445. ഖണ്ഡം 14(2)(ജി)(ii)-ൽ, "പ്രകൃതിദത്തവുമായ" എന്നതിനുപകരം "പ്രകൃതിദത്തവും പാരമ്പര്യേതരവുമായ" എന്നത് ചേർക്കുക.

447. ഖണ്ഡം 14(2)(ജി)(iii)-ൽ, "ഖരമാലിന്യവും" എന്ന വാക്കിനുശേഷം "ഇ-മാലിന്യവും" എന്ന വാക്ക് ചേർക്കുക.

449. ഖണ്ഡം 14(3)-ന്റെ ക്ലിപ്ത നിബന്ധനയിൽ "എന്നാൽ," എന്ന വാക്കിനുപകരം "കൂടാതെ" എന്ന വാക്ക് ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

434. ഖണ്ഡം 14(2)(ബി)-ൽ, "സർക്കാരിതരസ്ഥാപനങ്ങളുമായും സംഘടനകളുമായും പ്രൊഫഷണൽ നികായങ്ങളുമായും" എന്നീ വാക്കുകൾക്കുപകരം " സർക്കാരിതര പ്രൊഫഷണൽ നികായങ്ങളുമായും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

436. ഖണ്ഡം 14(2)(സി)-ൽ, "തുടർച്ചയായി നിരീക്ഷിക്കുകയും ബോർഡിന്" എന്നതിനുശേഷം "ഓരോവർഷവും ജനുവരി 31-ന് മുമ്പായി" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഏതെങ്കിലും ഭേദഗതികൾ സ്വീകാര്യമാണോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 428, 437, 440, 442 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 428, 437, 440, 442 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 425, 433, 438, എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 426, 446 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 434-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 445, 447, 449 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 436-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനഞ്ചാം വകുപ്പ്

ശ്രീ തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

451. ഖണ്ഡം 15-ൽ, "ഇരുപത്" എന്ന വാക്കിനുപകരം "ഇരുപത്തിയഞ്ച്" എന്ന വാക്ക് ചേർക്കുക.

459 ഖണ്ഡം 15(ജി)-ൽ, "വിനോദം" എന്ന വാക്കിനുപകരം "വിനോദസഞ്ചാരം" എന്ന വാക്ക് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

452. ഖണ്ഡം 15-ൽ, "തന്ത്രങ്ങളും" എന്നതിനുപകരം "ആസൂത്രണവും" എന്ന് ചേർക്കുക.

454. ഖണ്ഡം 15(എ)-ൽ, "വിഭവ" എന്നതിനുപകരം "വിഭവങ്ങളുടെ" എന്നത് ചേർക്കുക.

461. ഖണ്ഡം 15(എച്ച്)-ൽ, "പിന്നാക്കം" എന്ന വാക്കിനുപകരം "പിന്നോക്കം" എന്ന് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

453. ഖണ്ഡം 15(എ)-ൽ, "പ്രകൃതിദത്തവുമായ" എന്നതിന് പകരം "പ്രകൃതിദത്തവും പാരമ്പര്യേതരവുമായ" എന്നത് ചേർക്കുക.

455. ഖണ്ഡം 15(ബി)-ൽ, "നഗര-ഗ്രാമകേന്ദ്രങ്ങൾ" എന്നതിനുപകരം "നഗര, ഗ്രാമകേന്ദ്രങ്ങൾ" എന്നത് ചേർക്കുക.

458. ഖണ്ഡം 15(എഫ്)-ൽ, "പൈതൃക സമ്പത്ത്" എന്നതിനുപകരം "പൈതൃക സമ്പദ്" എന്ന് ചേർക്കുക.

462. ഖണ്ഡം 15 (ജെ)(i)-ൽ, "കൃഷിയും" എന്ന വാക്കിനുശേഷം "കന്നുകാലി വളർത്തലും " എന്ന വാക്ക് ചേർക്കുക.

463. ഖണ്ഡം 15(എൽ)-ൽ, "കരുതാവുന്നതും" എന്നതിനുശേഷം "കാലാകാലങ്ങളിൽ" എന്ന് ചേർക്കുക.

464. ഖണ്ഡം 15(എൻ)-ൽ, "നയങ്ങളും" എന്ന വാക്കിനുശേഷം "പരിപാടികളും " എന്ന വാക്ക് ചേർക്കുക.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

465. ഖണ്ഡം 15 (എൻ)-ന് ശേഷം താഴെപ്പറയുന്നത് ചേർക്കുക:—

"(ഒ) ജില്ലാ ടൂറിസം വികസനം".

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഏതെങ്കിലും ഭേദഗതികൾ സ്വീകാര്യമാണോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 454, 461 എന്നീ നമ്പർ ഭേദഗതികളും

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 458-ാം നമ്പർ ഭേദഗതിയും ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 465-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന മാറ്റത്തോടെയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല:

465. ഖണ്ഡം 15(എൻ)-ന് ശേഷം താഴെപ്പറയുന്നത് ചേർക്കുക:—

"(ഒ) ജില്ലാ ടൂറിസം വികസനം" എന്നത് ഖണ്ഡം 15 (ജെ) ഐറ്റം നമ്പർ (4) ആയി ചേർക്കുക.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 454, 461 എന്നീ നമ്പർ ഭേദഗതികളും ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 458-ാം നമ്പർ ഭേദഗതിയും ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 465-ാം നമ്പർ ഭേദഗതി മാറ്റങ്ങളോടെയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 451, 459 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 452-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 453, 455, 462, 463, 464 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനാറാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

467. ഖണ്ഡം 16-ൽ "പെർസ്പെക്ടീവ് പ്ലാൻ" എന്നതിനുപകരം "സംസ്ഥാന വികസന പരിപ്രേക്ഷ്യം" എന്നത് ചേർക്കുക.

469. ഖണ്ഡം 16(ബി)-ൽ "പ്രശ്നങ്ങൾ" എന്ന വാക്കിനുപകരം "പ്രവർത്തനങ്ങൾ" എന്ന് ചേർക്കുക.

471. ഖണ്ഡം 16(സി) "തന്ത്രങ്ങൾ" എന്നതിനുപകരം "ആസൂത്രണങ്ങൾ" എന്നത് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

470. ഖണ്ഡം 16(ബി) താഴെപ്പറയും പ്രകാരം മാറ്റുക:—

"വികസന തന്ത്രങ്ങളും നയങ്ങളും"

474. ഖണ്ഡം 16(എഫ്)-നുശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുകയും ശേഷിക്കുന്നവ പുനഃക്രമീകരിക്കുകയും ചെയ്യുക:

(ജി) "അഭിമുഖീകരിക്കേണ്ടി വന്നേയ്ക്കാവുന്ന തടസ്സങ്ങൾ സംബന്ധിച്ച അവലോകനം";

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഏതെങ്കിലും ഭേദഗതികൾ സ്വീകാര്യമാണോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതികൾ ഒന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 467, 469, 471 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 470, 474 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനേഴാം വകുപ്പ്

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, അങ്ങയുടെ ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു:

1042. (1)-ാം ഉപഖണ്ഡത്തിൽ "ഉദ്ദേശ്യം ഔദ്യോഗിക ഗസറ്റിലും വിപുലപ്രചാരമുള്ള ഏറ്റവും കുറഞ്ഞത് ഒരു വർത്തമാനപത്രത്തിലും നിർണ്ണയിക്കപ്പെട്ട രീതിയിൽ, വിജ്ഞാപനം ചെയ്യേണ്ടതും അങ്ങനെയുള്ള വിജ്ഞാപനത്തിൽ ജില്ലാ ആസൂത്രണ

പ്രദേശത്തിന്റെ അതിരുകളും അങ്ങനെയുള്ള പ്ലാൻ തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നത് ഏത് ആവശ്യത്തിനാണെന്നും പ്രസ്താവിക്കേണ്ടതുമാണ് " എന്നീ വാക്കുകൾക്കു പകരം "തീരുമാനം എടുക്കേണ്ടതാണ്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(2)-ാം ഉപഖണ്ഡത്തിൽ "ഉദ്ദേശ്യം ഗസറ്റിൽ വിജ്ഞാപനം ചെയ്ത്" എന്നീ വാക്കുകൾക്കുപകരം "തീരുമാനം എടുത്ത്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

476. ഖണ്ഡം 17(1)-ൽ, "വിപുലപ്രചാരമുള്ള" എന്നതിനുപകരം" പ്രചുരപ്രചാരമുള്ള" എന്നത് ചേർക്കുക.

479. ഖണ്ഡം 17(1)-ൽ, "ഒരു വർത്തമാനപത്രത്തിലും" എന്നതിനുപകരം "രണ്ട് വർത്തമാനപത്രങ്ങളിലും (അതിൽ ഒന്ന് പ്രാദേശിക ഭാഷയിലുള്ളതായിരിക്കേണ്ടതാണ്)" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

ശ്രീ. ഹൈബി ഈഡൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

477. ഖണ്ഡം 17(1)-ൽ, "ഒരു വർത്തമാനപത്രത്തിലും" എന്നതിനുപകരം "രണ്ട് വർത്തമാനപത്രങ്ങളിലും" എന്ന് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

478. ഖണ്ഡം 17(1)-ൽ, "ഒരു വർത്തമാനപത്രത്തിലും" എന്നത് "രണ്ട് വർത്തമാനപത്രങ്ങളിലും (അതിൽ ഒന്ന് പ്രാദേശിക ഭാഷയിലുള്ളതായിരിക്കേണ്ടതാണ്)" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

484. ഖണ്ഡം 17(2)-ൽ, "തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്" എന്നതിനുപകരം "തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ജില്ലാ ഭരണകൂടത്തിനും " എന്ന് ചേർക്കുക.

489. ഖണ്ഡം 17(3)-ൽ, "പരിഗണിക്കേണ്ടതും" എന്നതിനുപകരം "പരിശോധിക്കേണ്ടതും" എന്ന വാക്ക് ചേർക്കുക.

499. ഖണ്ഡം 17(4)-ന്റെ ക്ലിപ്ത നിബന്ധനയിൽ "സമർപ്പിക്കപ്പെട്ടതുപോലെ" എന്നതിനുശേഷം "ബോർഡുമായി കൂടിയാലോചന ആവശ്യമുണ്ടെങ്കിൽ കൂടിയാലോചിച്ച്" എന്ന് ചേർക്കുക.

500. ഖണ്ഡം 17(5)-ൽ,

(i) "തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും" എന്നതിനുശേഷം "ജില്ലാഭരണകൂടത്തിനും" എന്നത് ചേർക്കുക.

(ii) "ഒരു വർത്തമാന പത്രത്തിലും" എന്നതിന് പകരം "രണ്ട് വർത്തമാനപത്രങ്ങളിലും (അതിൽ ഒന്ന് പ്രാദേശിക ഭാഷയിലുള്ളതായിരിക്കേണ്ടതാണ്)" എന്നത് ചേർക്കുക.

505. ഖണ്ഡം 17(6)-ൽ, "ദീർഘിപ്പിക്കുവാൻ" എന്നത് "ദീർഘിപ്പിച്ച് നൽകുവാൻ" എന്ന് മാറ്റുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

485. ഖണ്ഡം 17(3)-ൽ, "അറുപത് ദിവസത്തിനുള്ളിൽ" എന്നീ വാക്കുകൾക്ക് പകരം "മുപ്പത് ദിവസത്തിനുള്ളിൽ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

490. ഖണ്ഡം 17(3)-ൽ, "സർക്കാരിന് അനുമതിക്കായി" എന്നീ വാക്കുകൾക്ക് പകരം "ബോർഡിന്റെ സാങ്കേതിക സെക്രട്ടേറിയറ്റിൽ" എന്നത് ചേർക്കുക.

ശ്രീ.സണ്ണി ജോസഫ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

492. ഖണ്ഡം 17(3)-ന്റെ ക്ലിപ്ത നിബന്ധനയിൽ, "അഞ്ചിൽ കവിയാത്ത" എന്നീ വാക്കുകൾക്ക് പകരം "നാലിൽ കവിയാത്ത" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

494. ഖണ്ഡം 17(4)-ൽ,

(i) "സർക്കാരിന് ബോർഡുമായി കൂടിയാലോചിച്ച്" എന്നീ വാക്കുകൾക്ക് പകരം "ബോർഡ്" എന്ന് ചേർക്കുക.

(ii) "ആയതിന് അനുമതി നൽകാവുന്നതാണ്" എന്നതിന് പകരം "ആയതിനുള്ള അനുമതി ശുപാർശ സർക്കാരിന് സമർപ്പിക്കാവുന്നതാണ്" എന്നത് ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

498. ഖണ്ഡം 17(4)-ന്റെ ക്ലിപ്ത നിബന്ധനയിൽ "അറുപത്" എന്ന വാക്കിന് പകരം "മുപ്പത്" എന്ന് ചേർക്കുക.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

501. ഖണ്ഡം 17(5)ൽ, "ഒരു വർത്തമാന പത്രത്തിലും" എന്നതിന് പകരം "രണ്ട് വർത്തമാന പത്രങ്ങളിലും" എന്നത് ചേർക്കുക.

ശ്രീ. വർക്കല കഹാർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

504. ഖണ്ഡം 17(6)-ൽ, "ആറു മാസത്തിൽ കവിയാത്ത" എന്ന വാക്കുകൾക്ക് പകരം "നൂറ്റിയിരുപത് ദിവസത്തിൽ കവിയാത്ത" എന്ന വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഏതെങ്കിലും ഭേദഗതികൾ സ്വീകാര്യമാണോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സർ, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 476-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 505-ാം നമ്പർ ഭേദഗതിയും ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 492-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 1042-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 476-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 505-ാം നമ്പർ ഭേദഗതിയും ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 492-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 479-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഹൈബി ഈഡൻ അവതരിപ്പിച്ച 477-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 478, 484, 489, 499, 500 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 485-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 490-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 494-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 498-ാം നമ്പർ ഭേദഗതി സഭയുടെ

അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി അവതരിപ്പിച്ച 501-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു..

ശ്രീ. വർക്കല കഹാർ അവതരിപ്പിച്ച 504-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനെട്ടാം വകുപ്പ്

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

507. ഖണ്ഡം 18(1)-ൽ, "ആറുമാസം" എന്ന വാക്കിന് പകരം "നാലുമാസം" എന്ന വാക്ക് ചേർക്കുക.

509. ഖണ്ഡം 18(1)-ൽ, "ഇരുപതുവർഷക്കാലയളവിന്റെ" എന്ന വാക്കിന് പകരം "ഇരുപത്തിയഞ്ച് വർഷക്കാലയളവിന്റെ" എന്ന് ചേർക്കുക.

522. ഖണ്ഡം 18(2)-ന്റെ ക്ലിപ്ത നിബന്ധനയിൽ, "അറുപത്" എന്ന വാക്കിന് പകരം "മുപ്പത്" എന്ന വാക്ക് ചേർക്കുക.

530. ഖണ്ഡം 18(4)-ൽ, "നാല്" എന്ന വാക്കിന് പകരം "മൂന്ന്" എന്ന വാക്ക് ചേർക്കുക.

ശ്രീ. എം. എ. വാഹീദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

508. ഖണ്ഡം 18(1)-ൽ, "ഇരുപതു വർഷക്കാലയളവിന്റെ" എന്നതിനുപകരം "പതിനഞ്ച് വർഷക്കാലയളവിന്റെ" എന്ന് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ

അവതരിപ്പിക്കുന്നു:

511. ഖണ്ഡം 18(1)-ൽ, "തയ്യാറാക്കേണ്ടതും" എന്നതിനുപകരം "തയ്യാറാക്കുകയോ തയ്യാറാക്കിക്കുകയോ ചെയ്യേണ്ടതും" എന്നത് ചേർക്കുക.

524. ഖണ്ഡം 18(2)-ന്റെ ക്ലിപ്ത നിബന്ധനയിൽ , "സർക്കാരിന്" എന്നതിന് ശേഷം "ബോർഡുമായി കൂടിയാലോചന ആവശ്യമുണ്ടെങ്കിൽ കൂടിയാലോചിച്ച്" എന്നത് ചേർക്കുക.

528. ഖണ്ഡം 18(3)-ൽ, "തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും" എന്നതിന് പകരം " തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ജില്ലാഭരണകൂടത്തിനും" എന്നത് ചേർക്കുക.

532. ഖണ്ഡം 18(4)-ൽ, "തീയതി മുതൽ" എന്നതിനുപകരം "തീയതിയുടെ തൊട്ടടുത്ത ദിനം മുതൽ" എന്നത് ചേർക്കുക.

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

512. ഖണ്ഡം 18(1)-ൽ, "സർക്കാരിന് അനുമതിക്കായി അയക്കേണ്ടതുമാണ്" എന്നീ വാക്കുകൾക്ക് പകരം "ബോർഡിന് സമർപ്പിക്കേണ്ടതാണ്" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

514. ഖണ്ഡം 18(2)-ൽ, "സർക്കാരിന്, ബോർഡുമായി കൂടിയാലോചിച്ച്" എന്നീ വാക്കുകൾക്ക് പകരം "ബോർഡ് " എന്ന വാക്ക് ചേർക്കുക.

521. ഖണ്ഡം 18(2)-ന്റെ, ക്ലിപ്ത നിബന്ധനയിൽ (1)ൽ "സർക്കാർ നിർദ്ദേശിച്ച" എന്നീ വാക്കുകൾക്ക് പകരം "ബോർഡ് നിർദ്ദേശിച്ച" എന്ന് ചേർക്കുക.

(2) "സർക്കാരിന് "എന്ന വാക്കിനുപകരം "ബോർഡിന്" എന്ന് ചേർക്കുക.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

519. ഖണ്ഡം 18(2)-ൽ, "മുൻഗണനകൾക്കും" എന്നതിന് പകരം "മാനദണ്ഡങ്ങൾക്കും" എന്ന് ചേർക്കുക.

527. ഖണ്ഡം 18(3)-ൽ, "ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും"

എന്നതിനുപകരം "ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും" എന്ന് ചേർക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

513. ഖണ്ഡം 18(1)-ൽ, "സർക്കാരിന് അനുമതിക്കായി അയക്കേണ്ടതുമാണ്" എന്നതിനു പകരം "ബോർഡിന് സമർപ്പിക്കേണ്ടതാണ്" എന്നത് ചേർക്കുക.

515. ഖണ്ഡം 18(2)-ൽ, "സർക്കാരിന്, ബോർഡുമായി കൂടിയാലോചിച്ച്" എന്നതിന് പകരം "ബോർഡ്" എന്നത് ചേർക്കുക.

520. ഖണ്ഡം 18(2)-ന്റെ, ക്ലിപ്തനിബന്ധനയിൽ (1) "സർക്കാർ നിർദ്ദേശിച്ച" എന്നതിനുപകരം "ബോർഡ് നിർദ്ദേശിച്ച" എന്ന് ചേർക്കുക.

(2) "സർക്കാരിന് "എന്നതിനുപകരം "ബോർഡിന്" എന്നത് ചേർക്കുക.

526. ഖണ്ഡം 18(3)-ൽ, "സർക്കാർ" എന്ന വാക്കിനുപകരം " ബോർഡ്" എന്നത് ചേർക്കുക.

ശ്രീ. കെ. എം. ഷാജി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

525. ഖണ്ഡം 18(3)-ൽ, "സർക്കാർ" എന്ന വാക്കിനുപകരം "ബോർഡ്" എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഏതെങ്കിലും ഭേദഗതികൾ സ്വീകാര്യമാണോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതികൾ ഒന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 507, 509, 522, 530 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച 508-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 511, 524, 528, 532 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 512-ാം നമ്പർ ഭേദഗതി സഭയുടെ

അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 514, 521 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 519, 527 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 513, 515, 520, 526 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച 525-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..........

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പത്തൊമ്പതാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

534. ഖണ്ഡം 19-ൽ, "പഞ്ചവത്സര-വാർഷിക പ്ലാനുകൾ" എന്നതിന് പകരം "വാർഷിക-പഞ്ചവത്സര പ്ലാനുകൾ" എന്ന് ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

535. ഖണ്ഡം 19-ൽ, "പ്ലാനുകളും" എന്ന വാക്കിന് പകരം "പ്ലാനുകളുണ്ടെങ്കിൽ അവയും" എന്ന് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

536. ഖണ്ഡം 19-ൽ, "കണക്കിലെടുത്തുകൊണ്ട്" എന്നതിനുപകരം "അടിസ്ഥാനപ്പെടുത്തിക്കൊണ്ട്" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഏതെങ്കിലും ഭേദഗതികൾ

സ്വീകര്യമാണോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി):സർ, ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 534-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. കെ.എൻ.എ. ഖാദർ അവതരിപ്പിച്ച 534-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 535-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 536-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പത്തൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്തപ്രകാരമുള്ള പത്തൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പത്തൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപതാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

538. ഖണ്ഡം 20-ൽ, "ഏതെങ്കിലും" എന്ന വാക്കിനു പകരം "ഗവർണറുടെ" എന്ന വാക്ക് ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

539. ഖണ്ഡം 20-ൽ, "അങ്ങനെയുള്ള" എന്ന വാക്കിനുപകരം "അപ്രകാരം നിർവ്വചിച്ച" എന്നത് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി

അവതരിപ്പിക്കുന്നു:

541. ഖണ്ഡം 20-ൽ, "ബോർഡുമായി കൂടിയാലോചിച്ച്" എന്നത് "സർക്കാർ" എന്ന വാക്കിനുശേഷം ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഏതെങ്കിലും ഭേദഗതികൾ സ്വീകാര്യമാണോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതികൾ ഒന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 538-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 539-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 541-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഇരുപത്തിയൊന്നാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

543. ഖണ്ഡം 21-ൽ, "കരട് വികസന പ്ലാൻ" എന്നതിനുപകരം "മാസ്റ്റർ പ്ലാൻ" എന്നത് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

544. ഖണ്ഡം 21-ൽ, "തയ്യാറാക്കേണ്ടതും" എന്നതിന് പകരം "തയ്യാറാക്കുകയോ തയ്യാറാക്കിക്കുകയോ ചെയ്യേണ്ടതും" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഏതെങ്കിലും ഭേദഗതികൾ സ്വീകാര്യമാണോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതികൾ ഒന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 543-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 544-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..........

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഇരുപത്തിരണ്ടാം വകുപ്പ്

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

545. ഖണ്ഡം 22(1)-ൽ, "വികസനം" എന്ന വാക്കിനുപകരം "വികസനവും സംരക്ഷണവും" എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

548. ഖണ്ഡം 22(2)(എ)-ൽ "സർക്കാർ വകുപ്പുകളും ഏജൻസികളുമായും" എന്നതിനുപകരം "സർക്കാർ വകുപ്പുകളുടെയും ഏജൻസികളുടെയും മേധാവികളുമായി " എന്നത് ചേർക്കുക.

553. ഖണ്ഡം 22(2)(സി)-ൽ, "നിരീക്ഷിക്കേണ്ടതും" എന്നതിനുശേഷം "അവലോകനം ചെയ്യേണ്ടതും" എന്നത് ചേർക്കുക.

555. ഖണ്ഡം 22(2)(ഡി)-ൽ, "മെട്രോപോളിറ്റൻ പ്രദേശത്തിനുള്ളിലും മറ്റ് വിധത്തിലും" എന്നിവ ഒഴിവാക്കുക.

556. ഖണ്ഡം 22(2)(ഇ)(ii)-ൽ, "ഖരമാലിന്യവും" എന്നത് കഴിഞ്ഞ് "ഇ-മാലിന്യവും" എന്നത് ചേർക്കുക.

558. ഖണ്ഡം 22(2)(എഫ്)-ൽ, "സർക്കാരിനെയും" എന്നതിനുപകരം "സർക്കാരിനും" എന്നും "സ്ഥാപനങ്ങളെയും" എന്നതിനുപകരം "സ്ഥാപനങ്ങൾക്കും" എന്നും "ഉപദേശിക്കേണ്ടതാണ്" എന്നതിനുപകരം "വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ടതാണ്" എന്നും ചേർക്കുക.

560. ഖണ്ഡം 22(2)(ജി)-ൽ, "അടിസ്ഥാന സൗകര്യത്തിന്റെ" എന്നതിന് പകരം "അടിസ്ഥാന സൗകര്യങ്ങളുടെ" എന്നത് ചേർക്കുക.

561. ഖണ്ഡം 22(എച്ച്)-ൽ, "ഭൗതിക-പ്രകൃതിദത്ത" എന്നതിനുപകരം "ഭൗതിക, പ്രകൃതിദത്ത, പാരമ്പര്യേതര" എന്ന് ചേർക്കുക.

562. ഖണ്ഡം 22(3)-ൽ, ക്ലിപ്തനിബന്ധനയിൽ "എന്നാൽ" എന്ന വാക്കിന് പകരം "കൂടാതെ" എന്ന വാക്ക് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

559. ഖണ്ഡം 22(2)(ജി)-ൽ, "പൊതു-സ്വകാര്യ" എന്നതിനുശേഷം "സഹകരണ" എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഏതെങ്കിലും ഭേദഗതികൾ സ്വീകാര്യമാണോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 553, 555, 560 എന്നീ നമ്പർ ഭേദഗതികൾ സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 553, 555, 560 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 545-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 548, 556, 558, 561, 562 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 559-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിമൂന്നാം വകുപ്പ്

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

564. ഖണ്ഡം 23-ൽ, "ഇരുപത്" എന്ന വാക്കിനുപകരം "ഇരുപത്തിയഞ്ച് " എന്ന വാക്ക് ചേർക്കുക.

572. ഖണ്ഡം 23(ജി)-ൽ, "വിനോദം" എന്ന വാക്കിന് പകരം "വിനോദസഞ്ചാരം" എന്ന വാക്ക് ചേർക്കുക.

ശ്രീ. ഹൈബി ഈഡൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

566. ഖണ്ഡം 23-ൽ, "ഇരുപത് വർഷത്തെ" എന്നതിനു പകരം "പതിനഞ്ച് വർഷത്തെ" എന്നത് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

568. ഖണ്ഡം 23-ൽ, "നയങ്ങളും" എന്നതിനുശേഷം "പരിപാടികളും" എന്നത് ചേർക്കുക.

569. ഖണ്ഡം 23(എ)-ൽ, "ഭൗതിക-പ്രകൃതിദത്ത" എന്നതിന് പകരം "ഭൗതിക, പ്രകൃതിദത്ത, പാരമ്പര്യേതര" എന്നത് ചേർക്കുക.

570. ഖണ്ഡം 23(ബി)-ൽ "ഗ്രാമ-നഗര കേന്ദ്രങ്ങൾ" എന്നതിന് പകരം "ഗ്രാമ, നഗര കേന്ദ്രങ്ങൾ" എന്നത് ചേർക്കുക.

571. ഖണ്ഡം 23(സി)-ൽ, "സംവിധാനം" എന്നതിന് പകരം "സംവിധാനവും പാർക്കിംഗ് സൗകര്യമൊരുക്കലും" എന്നത് ചേർക്കുക.

574. ഖണ്ഡം 23(എച്ച്)-ൽ, "തീരദേശപ്രദേശങ്ങൾ" എന്നതിനുശേഷം "ചേരികൾ" എന്നത് ചേർക്കുക.

575. ഖണ്ഡം 23(ഐ)-ൽ "സാദ്ധ്യതാ പ്രദേശങ്ങൾ" എന്നതിനുപകരം "സാധ്യതാ പ്രദേശങ്ങൾ" എന്നത് ചേർക്കുക.

576. ഖണ്ഡം 23(ജെ)(i)-ൽ, "കൃഷിയും" എന്നതിനുശേഷം "കന്നുകാലി വളർത്തലും" എന്നത് ചേർക്കുക.

579. ഖണ്ഡം 23(കെ)-ൽ,

(i) "സാദ്ധ്യതയുള്ള" എന്ന വാക്കിനുപകരം "സാധ്യതയുള്ള "എന്ന വാക്കും

(ii) "സാമ്പത്തിക വിഭവ" എന്ന വാക്കിനുപകരം "സാമ്പത്തിക മാനവവിഭവ" എന്ന വാക്കും ചേർക്കുക.

581. ഖണ്ഡം 23(എൻ)-ൽ "നയങ്ങളും" എന്ന വാക്കിനുശേഷം "പരിപാടികളും" എന്ന വാക്ക് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

578. ഖണ്ഡം 23(കെ) "നടത്താൻ" എന്ന വാക്കിനുപകരം "നിക്ഷേപിക്കാൻ" എന്ന വാക്ക് ചേർക്കുക.

580. ഖണ്ഡം 23(എൻ)-ൽ "വികസന തന്ത്രങ്ങളും" എന്നതിനുപകരം "വികസന പദ്ധതികളും" എന്നത് ചേർക്കുക.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

582. ഖണ്ഡം 23(എൻ)-ന് ശേഷം താഴെ പറയുന്നത് ചേർക്കുക:—

"(ഒ) മെട്രോപോളിറ്റൻ പ്രദേശത്തിന്റെ ടൂറിസം വികസനം."

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഏതെങ്കിലും ഭേദഗതികൾ സ്വീകാര്യമാണോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 579-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന ഭേദഗതിയോടെ സ്വീകരിക്കുന്നു:

579. ഖണ്ഡം 23 (കെ)-ൽ,

(i) “സാദ്ധ്യതയുള്ള" എന്ന വാക്കിനുപകരം "സാധ്യതയുള്ള" എന്ന വാക്കും അതായത് ഭേദഗതിയിലെ (i)-ൽ പറഞ്ഞിട്ടുള്ള ഭാഗംമാത്രം സ്വീകരിക്കുന്നു.

(ii)-ൽ പറഞ്ഞിട്ടുള്ള ഭാഗം സ്വീകരിക്കുന്നില്ല. കൂടാതെ അദ്ദേഹത്തിന്റെതന്നെ 575 -ാം നമ്പർ ഭേദഗതി പൂർണ്ണമായും സ്വീകരിക്കുന്നു.

ശ്രീ. ബെന്നി ബെഹനാന്റെ 582-ാം നമ്പർ ഭേദഗതിയും താഴെപ്പറയുന്ന ഭേദഗതികളോടെ സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

582. ഖണ്ഡം 23(എൻ)-ന് ശേഷം എന്നുള്ളതിനുപകരം

23 (ജെ)-യിൽ ഐറ്റം 2-നുശേഷം 3-ആയി "മെട്രോപോളിറ്റൻ പ്രദേശത്തിന്റെ ടൂറിസം വികസനം."

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദറിന്റെ 575-ാം നമ്പർ ഭേദഗതി പൂർണ്ണമായും 579-ാം നമ്പർ ഭേദഗതി ഭേദഗതിയോടെയും സഭ അംഗീകരിച്ചിരിക്കുന്നു. ശ്രീ. ബെന്നി ബെഹനാന്റെ 582-ാം നമ്പർ ഭേദഗതി ഭാഗികമായി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടന്റെ 564, 572 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഹൈബി ഈഡൻ അവതരിപ്പിച്ച 566-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 568, 569, 570, 571, 574, 576, 581 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 578, 580 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിനാലാം വകുപ്പ്

ശ്രീ. കെ. എൻ. എ ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

584. ഖണ്ഡം 24(ബി)-ൽ, "പ്രശ്നങ്ങൾ "എന്നതിന് പകരം "ലക്ഷ്യങ്ങൾ " എന്നത് ചേർക്കുക.

588. ഖണ്ഡം 24(സി)-ൽ, "തന്ത്രങ്ങൾ " എന്നതിന് പകരം "നയങ്ങളും പരിപാടികളും തന്ത്രങ്ങളും "എന്നത് ചേർക്കുക.

591. ഖണ്ഡം 24(ഡി)-ൽ, "വിനോദ സഞ്ചാരം" എന്നതിനുശേഷം "പരിസ്ഥിതി സംരക്ഷണം"എന്നത് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

585. ഖണ്ഡം 24(ബി)-ൽ, "പ്രശ്നങ്ങൾ" എന്നതിന് പകരം "പ്രവർത്തനങ്ങൾ " എന്ന് ചേർക്കുക.

586. ഖണ്ഡം 24(സി)-ൽ, "തന്ത്രങ്ങൾ " എന്നതിന് പകരം "പദ്ധതികൾ " എന്ന് ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

587. ഖണ്ഡം 24(സി)-ൽ, "തന്ത്രങ്ങൾ" എന്ന വാക്കിനുപകരം "തന്ത്രങ്ങളും വികസന നയങ്ങളും "എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഏതെങ്കിലും ഭേദഗതികൾ സ്വീകാര്യമാണോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 587-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 587-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 584, 588, 591 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 585, 586 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഇരുപത്തിയഞ്ചാം വകുപ്പ്

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, അങ്ങേയ്ക്ക് ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു:

1043. (1)-ാ ഉപഖണ്ഡത്തിൽ" ഉദ്ദേശ്യം ഔദ്യോഗിക ഗസറ്റിലും മെട്രോപൊളിറ്റൻ പ്രദേശത്ത് വിപുലപ്രചാരമുള്ള, ഏറ്റവും കുറഞ്ഞത്, ഒരു വർത്തമാനപത്രത്തിലും നിർണ്ണയിക്കപ്പെട്ട രീതിയിൽ വിജ്ഞാപനം ചെയ്യേണ്ടതും അങ്ങനെയുള്ള വിജ്ഞാപനത്തിൽ മെട്രോപൊളിറ്റൻ ആസൂത്രണ പ്രദേശത്തിന്റെ അതിർത്തികളും ഏതാവശ്യത്തിനാണ് അങ്ങനെയുള്ള പ്ലാൻ തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നതെന്നും പ്രസ്താവിക്കേണ്ടതുമാണ് " എന്ന വാക്കുകൾക്കുപകരം "തീരുമാനം എടുക്കേണ്ടതാണ്" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(2)-ാം ഉപഖണ്ഡത്തിൽ "ഉദ്ദേശ്യം സംബന്ധിച്ച വിജ്ഞാപനം ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്ത" എന്ന വാക്കുകൾക്കുപകരം "തീരുമാനം എടുത്ത " എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

593. ഖണ്ഡം 25(1)-ൽ, "വിപുലപ്രചാരമുള്ള" എന്നതിന് പകരം "പ്രചുര-പ്രചാരമുള്ള" എന്നത് ചേർക്കുക.

598. ഖണ്ഡം 25(1)-ൽ, "ഒരു വർത്തമാനപത്രത്തിലും" എന്നതിനുപകരം "രണ്ട് വർത്തമാനപത്രങ്ങളിലും (അതിൽ ഒന്ന് പ്രാദേശിക ഭാഷയിലുള്ളതായി രിക്കേണ്ടതാണ്)" എന്ന് ചേർക്കുക.

616. ഖണ്ഡം 25(4)-ന്റെ ക്ലിപ്തനിബന്ധനയിൽ, "തിരിച്ചയയ്ക്കുകയാണെങ്കിൽ" എന്ന വാക്കിനു മുമ്പ് " നിരസിച്ചുകൊണ്ട്" എന്ന വാക്ക് ചേർക്കുക.

619. ഖണ്ഡം 25(5)-ൽ, "ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും" എന്നതിനുപകരം "ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും" എന്നത് ചേർക്കുക.

620. ഖണ്ഡം 25(5)-ൽ, "ഒരു വർത്തമാനപ്പത്രത്തിലും" എന്നതിനുപകരം "രണ്ടു വർത്തമാനപ്പത്രങ്ങളിലും (അതിൽ ഒന്ന് പ്രാദേശികഭാഷയിലുള്ളതാ യിരിക്കേണ്ടതാണ്)" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

624. ഖണ്ഡം 25(6)-ൽ "നീട്ടിക്കൊടുക്കുന്നതിനുള്ള" എന്നതിനുപകരം "ദീർഘിപ്പിക്കുന്നതിനുള്ള" എന്നത് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

597. ഖണ്ഡം 25(1)-ൽ, "ഒരു വർത്തമാനപത്രത്തിലും" എന്നതിനുപകരം "രണ്ട് വർത്തമാനപത്രങ്ങളിലും (അതിൽ ഒന്ന് പ്രാദേശിക ഭാഷയിലുള്ളതാ യിരിക്കേണ്ടതാണ് )" എന്ന് ചേർക്കുക.

606. ഖണ്ഡം 25(2)-ൽ "തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്" എന്നതിന് പകരം "തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ജില്ലാ ഭരണകൂടത്തിനും" എന്നത് ചേർക്കുക.

609. ഖണ്ഡം 25(3)-ൽ "പരിഗണിക്കേണ്ടതും" എന്നതിന് പകരം "പരിശോധിക്കേണ്ടതും" എന്ന് ചേർക്കുക.

612. ഖണ്ഡം 25(3)-ൽ ക്ലിപ്തനിബന്ധനയിൽ "കമ്മിറ്റിയെ" എന്നതിന് ശേഷം "താല്ക്കാലികമായി" എന്നത് ചേർക്കുക.

618. ഖണ്ഡം 25(4)-ന്റെ ക്ലിപ്തനിബന്ധനയിൽ, "സമർപ്പിക്കപ്പെട്ടാലെന്ന പോലെ" എന്നതിനുപകരം "സമർപ്പിക്കപ്പെട്ടതുപോലെ" എന്നതു ചേർക്കുകയും, ശേഷം "ബോർഡുമായി കൂടിയാലോചന ആവശ്യമാണെങ്കിൽ കൂടിയാലോചിച്ച്" എന്നീ വാക്കുകൾ ചേർക്കുകയും ചെയ്യുക.

621. ഖണ്ഡം 25(5)-ൽ, "ഒരു വർത്തമാനപത്രത്തിലും" എന്നതിനുപകരം "രണ്ടു വർത്തമാനപത്രങ്ങളിലും (അതിൽ ഒന്ന് പ്രാദേശികഭാഷയിലുള്ളതായിരിക്കേണ്ടതാണ്)" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

ശ്രീ. വർക്കല കഹാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

600. ഖണ്ഡം 25(2)-ൽ, "രണ്ട് വർഷം" എന്നതിനുപകരം "ഒന്നര വർഷം" എന്ന് ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

602. ഖണ്ഡം 25(2)-ൽ, "തയ്യാറാക്കുകയോ തയ്യാറാക്കിക്കുകയോ ചെയ്യേണ്ടതും" എന്നീ വാക്കുകൾക്ക് പകരം "തയ്യാറാക്കേണ്ടതും" എന്ന വാക്ക് ചേർക്കുക.

617. ഖണ്ഡം 25(4)-ന്റെ ക്ലിപ്തനിബന്ധനയിൽ, "അറുപതു" എന്ന വാക്കിന് പകരം "മുപ്പതു" എന്ന വാക്കു ചേർക്കുക.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

603. ഖണ്ഡം 25(2)-ൽ "അറുപത്" എന്നതിന് പകരം "നാല്പത്തഞ്ച്" എന്ന് ചേർക്കുക.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

613. ഖണ്ഡം 25(4)-ൽ,

(i) "സർക്കാരിന് ബോർഡുമായി കൂടിയാലോചിച്ച്" എന്നതിനുപകരം "ബോർഡിന്" എന്നതു ചേർക്കുക;

(ii) "അനുമതി നൽകാവുന്നതാണ്" എന്നതിനുപകരം "അനുമതി ശിപാർശ സർക്കാരിന് സമർപ്പിക്കാവുന്നതാണ്" എന്നതു ചേർക്കുക.

615. ഖണ്ഡം 25(4)-ന്റെ ക്ലിപ്തനിബന്ധനയിൽ, "സർക്കാർ" എന്ന വാക്കിനുപകരം "ബോർഡ്" എന്ന വാക്കു ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു :

596. ഖണ്ഡം 25(1)-ൽ, "ഒരു വർത്തമാനപത്രത്തിലും" എന്നതിനുപകരം "മൂന്ന് വർത്തമാനപത്രങ്ങളിൽ" എന്ന് ചേർക്കുക.

623. ഖണ്ഡം 25(6)-ൽ, "ആറുമാസത്തിൽ" എന്നതിനുപകരം "നാലുമാസത്തിൽ" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഏതെങ്കിലും ഭേദഗതികൾ സ്വീകാര്യമാണോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 593, 624 എന്നീ നമ്പർ ഭേദഗതികളും ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 612-ാം നമ്പർ ഭേദഗതിയും സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 1043-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 593, 624 എന്നീ നമ്പർ ഭേദഗതികളും ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 612-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 598, 616, 619, 620 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 597, 606, 609, 618, 621 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വർക്കല കഹാർ അവതരിപ്പിച്ച 600-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 602, 617 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി അവതരിപ്പിച്ച 603-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. റ്റി. എ. അഹമ്മദ് കബീർ അവതരിപ്പിച്ച 613, 615 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 596, 623 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയാറാം വകുപ്പ്

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

625 ഖണ്ഡം 26(1)-ൽ "ആറുമാസം" എന്ന വാക്കിന് പകരം "അഞ്ചുമാസം" എന്ന വാക്ക് ചേർക്കുക.

627. ഖണ്ഡം 26(1)-ൽ" "ഇരുപതുവർഷക്കാലയളവിന്റെ" എന്നതിനുപകരം "ഇരുപത്തിയഞ്ച് വർഷക്കാലയളവിന്റെ" എന്നത് ചേർക്കുക.

631. ഖണ്ഡം 26(2)-ന്റെ ക്ലിപ്ത നിബന്ധനയിൽ "അറുപതു" എന്ന വാക്കിന് പകരം "മുപ്പത്" എന്ന വാക്ക് ചേർക്കുക.

635. ഖണ്ഡം 26(4)-ൽ "നാല് എന്ന വാക്കിന് പകരം "മൂന്ന് " എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

628. ഖണ്ഡം 26(1)-ൽ "തയ്യാറാക്കേണ്ടതും" എന്നതിനുപകരം "തയ്യാറാക്കുകയോ തയ്യാറാക്കിക്കുകയോ ചെയ്യേണ്ടതും"എന്നത് ചേർക്കുക.

632. ഖണ്ഡം26(2)-ന്റെ ക്ലിപ്ത നിബന്ധനയിൽ "സമർപ്പിക്കപ്പെട്ടാലെന്ന പോലെ" എന്നതിനു പകരം "സമർപ്പിക്കപ്പെട്ടതുപോലെ ബോർഡുമായി കൂടിയാലോചന ആവശ്യമാണെങ്കിൽ കൂടിയാലോചിച്ച്" എന്നത് ചേർക്കുക.

634. ഖണ്ഡം 26(3)-ൽ "തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും" എന്നതിനു ശേഷം " ജില്ലാ ഭരണ കൂടത്തിനും" എന്നത് ചേർക്കുക.

636. ഖണ്ഡം 26(4)-ൽ "തീയതി മുതൽ" എന്നതിനു പകരം "തീയതിയുടെ തൊട്ടടുത്ത ദിനം മുതൽ" എന്ന് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

629. ഖണ്ഡം 26(2)-ൽ "മുൻഗണനകൾ" എന്നതിനു പകരം "മാനദണ്ഡങ്ങൾ" എന്നത് ചേർക്കുക.

630. ഖണ്ഡം26(2)-ൽ "പരിഷ്കരണങ്ങളോട്ടുകൂടിയോ" എന്നതിനു പകരം "ഭേദഗതികളോട്ടുകൂടിയോ" എന്നത് ചേർക്കുക.

633. ഖണ്ഡം 26(2)-ന്റെ ക്ലിപ്ത നിബന്ധനയിൽ "നൽകാവുന്നതുമാണ്" എന്നതിനുപകരം "നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഏതെങ്കിലും ഭേദഗതികൾ സ്വീകാര്യമാണോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതികൾ ഒന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 625, 627, 631, 635 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 628, 632, 634, 636 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 629, 630, 633 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയേഴാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

638. ഖണ്ഡം 27-ൽ "അഞ്ചുവർഷ പ്ലാനുകളും വാർഷിക പ്ലാനുകളും" എന്നതിനുപകരം "വാർഷിക പഞ്ചവത്സര പ്ലാനുകൾ " എന്നത് ചേർക്കുക.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

639. ഖണ്ഡം 27-ൽ "കാലാകാലങ്ങളിൽ, അവ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാവുന്നതാണ് "എന്നതിനുപകരം "അവ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ പുറപ്പെടുവിക്കാവുന്നതാണ്" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഏതെങ്കിലും ഭേദഗതികൾ സ്വീകാര്യമാണോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 639-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 639 -ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 638-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയെട്ടാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

641. ഖണ്ഡം 28-ൽ "ആക്ടിന്റെ ആവശ്യങ്ങൾക്കായി" എന്നതിനുപകരം "ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് " എന്നത് ചേർക്കുക.

642. ഖണ്ഡം 28-ൽ "ഈ ആക്ട് പ്രാബല്യത്തിൽ വന്ന തീയതി മുതൽ " എന്നതിനുപകരം "2013 സെപ്തംബർ 23-ാം തീയതി മുതൽ " എന്നത് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

643. ഖണ്ഡം 28-ൽ " അധികാരിതയിൻ കീഴിലുള്ള" എന്നതിനുപകരം "അധികാര പരിധിയിലുള്ള " എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതികൾ ഏതെങ്കിലും സ്വീകാര്യമാണോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതികൾ ഒന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 641, 642 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 643-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയൊമ്പതാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

644. ഖണ്ഡം 29(1)-ൽ, "അധികാരിതാ പ്രദേശം" എന്നതിനുപകരം "അധികാര പരിധി" എന്നത് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

645. ഖണ്ഡം 29(1)-ൽ, "രൂപഭേദപ്പെടുത്തിയതായി" എന്നതിനുപകരം "രൂപമാറ്റം വരുത്തിയതായി" എന്നത് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

646. ഖണ്ഡം 29(2)-ൽ, "രൂപഭേദപ്പെടുത്തലുകളോടും കൂടി" എന്നതിനു പകരം "ഭേദഗതികളോടും കൂടി" എന്ന് ചേർക്കുക.

647. ഖണ്ഡം 29(2)-ൽ, "ബാധകമാകുന്നതാണെന്ന് നിർദ്ദേശിക്കാവുന്നതും" എന്നീ വാക്കുകൾക്ക് പകരം "ബാധകമാകുന്നതും എന്നാൽ തദ്ദേശാസൂത്രണ പ്രദേശത്തിന്റെ അധികാരിതാ പ്രദേശം വ്യതിയാനപ്പെടുത്തുന്നതിനു മുൻപ് നിലവിലുണ്ടായിരുന്ന" എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഏതെങ്കിലും ഭേദഗതികൾ സ്വീകാര്യമാണോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതികൾ ഒന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 644-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 645 -ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 646, 647 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഇരുപത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..........

ഇരുപത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മുപ്പതാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

651. ഖണ്ഡം 30(സി)-ൽ, "പ്രവർത്തനങ്ങളും" എന്നതിനു ശേഷം "ആവിഷ്കരിക്കുകയും" എന്നത് ചേർക്കുക.

653. ഖണ്ഡം 30(ഡി)-ൽ, "പദ്ധതികളുടെ" എന്നതിന് പകരം "പദ്ധതികൾ" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഡോ. ടി. എം. തോമസ് ഐസക്കിന്റെ 654-ാം നമ്പർ ഭേദഗതി ഞാൻ വാക്കാൽ ഭേദഗതിയായി അവതരിപ്പിക്കുന്നു.

654. ഖണ്ഡം 30(ഇ)-ൽ, "സർക്കാരോ ബോർഡോ ജില്ലാ ആസൂത്രണ കമ്മിറ്റിയോ മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റിയോ നിർദ്ദേശിക്കാവുന്ന" എന്നതിന് പകരം "സർക്കാർ നിർദ്ദേശിക്കുന്ന" എന്നത് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദറിന്റെ 651, 653 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 651, 653 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചു.

അംഗം ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മുപ്പത്തിയൊന്നാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

655. ഖണ്ഡം 31-ൽ, "സ്ഥലപരാസൂത്രണം സംബന്ധിച്ച" എന്നതിനുപകരം "സ്ഥലപരാസൂത്രണവും വികസനവും സംബന്ധിച്ച" എന്നത് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

656. ഖണ്ഡം 31-ൽ, "സ്റ്റാന്റിംഗ് കമ്മിറ്റിക്ക്" എന്നതിനുപകരം "സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക്" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 655-ാം നമ്പർ ഭേദഗതിയും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 656-ാം നമ്പർ ഭേദഗതിയും സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മുപ്പത്തിരണ്ടാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

657. ഖണ്ഡം 32(1)(i) ചുവടെ ചേർക്കും പ്രകാരം മാറ്റുക:

"(i) അതതു സംഗതി പോലെ മുനിസിപ്പൽ കോർപ്പറേഷന്റേയോ മുനിസിപ്പൽ കൗൺസിലിന്റേയോ ചെയർപേഴ്സൺ അല്ലെങ്കിൽ ടൗൺ പഞ്ചായത്തിന്റേയോ ഗ്രാമപഞ്ചായത്തിന്റേയോ പ്രസിഡന്റ്, അദ്ദേഹം സ്പെഷ്യൽ കമ്മിറ്റിയുടെ ചെയർപേഴ്സൺ ആയിരിക്കുന്നതാണ്;"

665. ഖണ്ഡം 32(3)-ൽ, "വർക്കിംഗ് ഗ്രൂപ്പുകൾ" എന്നീ വാക്കുകൾക്ക് പകരം "പ്രവർത്തക സമിതികൾ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

660. ഖണ്ഡം 32(1)(iii)ൽ, "നഗര-ഗ്രാമ ആസൂത്രണ വകുപ്പിന്റെ" എന്നതിന് പകരം "നഗര-ഗ്രാമാസൂത്രണ വകുപ്പിന്റെ" എന്നത് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

662. ഖണ്ഡം 32(2)-ൽ, "ഏതെങ്കിലും ആളെ" എന്നതിനുപകരം "ഈ രംഗത്തെ വിദഗ്ദ്ധനായ ആളെ" എന്നത് ചേർക്കുക.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

663. ഖണ്ഡം 32(2)-ൽ, "ഏതെങ്കിലും ആളെ" എന്നതിന് പകരം "നഗര-ഗ്രാമ ആസൂത്രണത്തിൽ പ്രത്യേക വൈദഗ്ദ്ധ്യവും യോഗ്യതയും ഉള്ള ഏതൊരു ആളെയും" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 657-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 660-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 663-ാം നമ്പർ ഭേദഗതി "നഗര-ഗ്രാമ ആസൂത്രണത്തിൽ പ്രത്യേക വൈദഗ്ദ്ധ്യവും യോഗ്യതയും ഉള്ള ഏതൊരു ആളെയും" എന്നതിനുപകരം "നഗര-ഗ്രാമാസൂത്രണത്തിൽ പ്രത്യേക വൈദഗ്ദ്ധ്യവും യോഗ്യതയും ഉള്ള ഏതൊരു ആളെയും" എന്ന മോഡിഫിക്കേഷനോടുകൂടി സ്വീകരിക്കുന്നു.

മറ്റു ഭേദഗതികളൊന്നും സ്വീകാര്യമല്ല.

<u>മി. സ്പീക്കർ</u> : ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 657, ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 660 എന്നീ ഭേദഗതികളും ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 663-ാം നമ്പർ ഭേദഗതി, ഭേദഗതികളോടെയും സഭ അംഗീകരിച്ചു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 662-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 665-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിമൂന്നാം വകുപ്പ്</u>

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

666. ഖണ്ഡം 33-ൽ, "മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലിനോ ടൗൺ പഞ്ചായത്തിനോ ഗ്രാമപഞ്ചായത്തിനോ അതിന്റെ സ്റ്റാന്റിംഗ് കമ്മിറ്റിക്കോ 32-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള മറ്റേതെങ്കിലും സ്പെഷ്യൽ കമ്മിറ്റികൾക്കോ 32-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള വർക്കിംഗ് ഗ്രൂപ്പുകൾക്കോ" എന്നതിനുപകരം "മുനിസിപ്പൽ

കോർപ്പറേഷനും മുനിസിപ്പൽ കൗൺസലിനും ടൗൺ പഞ്ചായത്തിനും ഗ്രാമപഞ്ചായത്തിനും അതിന്റെ സ്റ്റാന്റിംഗ് കമ്മിറ്റിക്കും 32-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള മറ്റേതെങ്കിലും സ്പെഷ്യൽ കമ്മിറ്റികൾക്കും 32-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള വർക്കിംഗ് ഗ്രൂപ്പുകൾക്കും" എന്നത് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

667. ഖണ്ഡം 33-ൽ, "കമ്മിറ്റിക്കോ" എന്നതിനു പകരം "കമ്മിറ്റികൾക്കോ" എന്നത് ചേർക്കുക.

668. ഖണ്ഡം 33-ൽ, "വർക്കിംഗ് ഗ്രൂപ്പുകൾക്കോ" എന്നതിനുപകരം "പ്രവർത്തക സമിതികൾക്കോ" എന്നത് ചേർക്കുക.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ : ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 666-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 667, 668 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## മുപ്പത്തിനാലാം വകുപ്പ്

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

671. ഖണ്ഡം 34 (1)-ൽ, "അതിന്റെ ഭാഗത്തിന്റെയോ" എന്നതിനുശേഷം "സാമൂഹിക, പാരിസ്ഥിതിക ഭൂമിശാസ്ത്രപരമായ" എന്നത് ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

672. ഖണ്ഡം 34(1)-ൽ, "ഭൂമിയുടെ ഉപയോഗം ഏതു രീതിയാണ് നിയന്ത്രിക്കേണ്ടതെന്നും" എന്നതിനുപകരം "ഭൂമിയുടെ നിയന്ത്രിത ഉപയോഗം സംബന്ധിച്ച വ്യവസ്ഥകളും" എന്നത് ചേർക്കുക.

674. ഖണ്ഡം 34(2)(എ)-ൽ "ഇരുപതു വർഷക്കാലയളവിലേയ്ക്കുള്ള" എന്ന വാക്കിന് പകരം “ഇരുപത്തിയഞ്ച് വർഷക്കാലയളവിലേയ്ക്കുള്ള" എന്നത് ചേർക്കുക.

675. ഖണ്ഡം 34(2)(എ)-ൽ " നയങ്ങൾ" എന്ന വാക്കിന് പകരം "വികസന നയങ്ങൾ" എന്നത് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

676. ഖണ്ഡം 34(2)(എ)-ൽ " ഉൾപ്പെടുത്താവുന്നതുമാണ്" എന്നതിന് പകരം “ഉൾപ്പെടാവുന്നതാണ്" എന്നത് ചേർക്കുക.

677. ഖണ്ഡം 34(2)(ഡി)-ൽ, "ഭൂപ്രകൃതി ശാസ്ത്രപരവുമായ" എന്നതിനുപകരം “ഭൂപ്രകൃതി പരവുമായ" എന്നത് ചേർക്കുക.

681. ഖണ്ഡം 34(3)(ix)-ൽ, "ശവദാഹത്തിനും സംസ്കാരത്തിനുമുള്ള" എന്നതിന് പകരം "ശവസംസ്കാരത്തിനും ശവദാഹത്തിനുമുള്ള" എന്നത് ചേർക്കുക.

683. ഖണ്ഡം 34(3)(xi)-ൽ, "അക്കോമഡേഷൻ" എന്നതിന് പകരം "അക്കോമഡേറ്റീവ്" എന്നത് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

678. ഖണ്ഡം 34(3)(i)-ൽ, "കൃഷി" എന്ന വാക്കിനുശേഷം “കന്നുകാലി വളർത്തൽ" എന്നീ വാക്കുകൾ ചേർക്കുക.

679. ഖണ്ഡം 34(3)(v)-ൽ, "വരുന്ന" എന്ന വാക്കിനുശേഷം “പരിസ്ഥിതിയ്ക്കിണങ്ങുന്ന" എന്ന വാക്ക് ചേർക്കുക.

680. ഖണ്ഡം 34(3)(ix)-ൽ "ഊർജ്ജം" എന്ന വാക്കിന് മുമ്പ് “ഇ-മാലിന്യം" എന്നത് ചേർക്കുക.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

682. ഖണ്ഡം 34(3)(x)-ന് ശേഷം താഴെ പറയുന്ന ഉപഖണ്ഡം ചേർക്കുകയും ശേഷിയ്ക്കുന്നവ പുനഃക്രമീകരിക്കുകയും ചെയ്യുക:

"(xi) കേരളത്തിന്റെ തനതായ പാരമ്പര്യവും കലാ സാംസ്കാരിക കലാ സമ്പത്തുകളുടെ സംരക്ഷണവും"

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

684. ഖണ്ഡം 34(3)(xii)-ൽ, "കെട്ടിട നിർമ്മാണ രേഖയുമായി" എന്നതിന് പകരം "കെട്ടിട നിർമ്മാണ മേഖലയുമായി" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 681-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. ഉമ്മർ അവതരിപ്പിച്ച 681-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 671-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 672, 674, 675 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 676, 677, 683 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കെ.എൻ.എ. ഖാദർ അവതരിപ്പിച്ച 678, 679, 680 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 682-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 684-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

ഭേദഗതി ചെയ്തപ്രകാരമുള്ള മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മുപ്പത്തിയഞ്ചാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

686. ഖണ്ഡം 35(എ)-ൽ, "വികസന പ്രശ്നങ്ങളും" എന്നതിന് പകരം "വികസന ലക്ഷ്യങ്ങളും" എന്നത് ചേർക്കുക.

690. ഖണ്ഡം 35(ഡി)-ൽ, "സംസ്ഥാന സർക്കാർ വകുപ്പുകൾ"എന്നതിനു ശേഷം "പൊതുമേഖലാ സ്ഥാപനങ്ങൾ"എന്നത് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

687. ഖണ്ഡം 35(എ)-ൽ, "ഗ്രാമസഭ/വാർഡ് സഭ/വാർഡ് കമ്മിറ്റി" എന്നതിനുപകരം "ഗ്രാമസഭ/വാർഡ് കമ്മിറ്റി" എന്നത് ചേർക്കുക.

689. ഖണ്ഡം 35(സി)-ൽ, "തന്ത്രങ്ങളും" എന്നതിനുപകരം "പദ്ധതികളും" എന്നത് ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

688. ഖണ്ഡം 35 (സി)-ൽ, "ജലം,ഡ്രെയിനേജ്, മലിനജലം"എന്നതിന് പകരം "കുടിവെള്ള വിതരണം, അഴുക്കുചാലും, ഡ്രെയിനേജും"എന്നത് ചേർക്കുക.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 690-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ : ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 690-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 686-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 687, 689 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 688-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

ഭേദഗതി ചെയ്തപ്രകാരമുള്ള മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മുപ്പത്തിയാറാം വകുപ്പ്

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു:

1044. (1)-ാം ഉപഖണ്ഡത്തിൽ "തീരുമാനിക്കാവുന്നതും ആയതിനുള്ള ഉദ്ദേശ്യം ഔദ്യോഗിക ഗസറ്റിലും വിപുലപ്രചാരമുള്ള ഏറ്റവും കുറഞ്ഞത് ഒരു വർത്തമാനപത്രത്തിലും നിർണ്ണയിക്കപ്പെട്ട രീതിയിൽ വിജ്ഞാപനം ചെയ്യേണ്ടതും അങ്ങനെയുള്ള വിജ്ഞാപനം തദ്ദേശാസൂത്രണ പ്രദേശത്തിന്റെയോ അതിന്റെ ഭാഗത്തിന്റെയോ അതിർത്തികളും ഏത് ആവശ്യത്തിനുവേണ്ടിയാണ് അങ്ങനെയുള്ള പ്ലാൻ തയ്യാറാക്കുന്നതിന് ഉദ്ദേശിക്കുന്നതെന്നും പ്രസ്താവിക്കേണ്ടതുമാണ് " എന്ന വാക്കുകൾക്കുപകരം "തീരുമാനിക്കാവുന്നതാണ്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(2)-ാം ഉപഖണ്ഡത്തിൽ "ഉദ്ദേശ്യം വിജ്ഞാപനം ചെയ്ത" എന്ന വാക്കുകൾക്കുപകരം "പ്രമേയംവഴി തീരുമാനം എടുത്ത" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(12)-ാം ഉപഖണ്ഡത്തിൽ "പരിമിതികൾക്ക്" എന്ന വാക്കിനുപകരം "വ്യവസ്ഥകൾക്ക്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

692. ഖണ്ഡം 36(1)-ൽ, "ടൗൺ പഞ്ചായത്തിനോ ഗ്രാമപഞ്ചായത്തിനോ" എന്നതിനുപകരം "ത്രിതല പഞ്ചായത്തുകൾക്കോ" എന്നത് ചേർക്കുക.

712. ഖണ്ഡം 36(8)-ന്റെ ഒന്നാം ക്ലിപ്ത നിബന്ധനയിൽ, "കാര്യങ്ങളിന്മേലും" എന്നതിനുശേഷം "ആവശ്യമെങ്കിൽ" എന്നത് ചേർക്കുക.

716. ഖണ്ഡം 36(12)-ന്റെ ക്ലിപ്ത നിബന്ധനയിൽ, "നിലവിൽ ഉള്ളിടത്ത്" എന്നതിനുപകരം "നിലവിലുള്ളിടത്ത്" എന്നത് ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

693. ഖണ്ഡം 36(1)-ൽ, "കുറഞ്ഞത് ഒരു" എന്നതിന് പകരം "കുറഞ്ഞത് രണ്ട്" എന്നത് ചേർക്കുക.

701. ഖണ്ഡം 36(3)-ൽ, "അറുപത്" എന്നതിന് പകരം "മുപ്പത്" എന്നത് ചേർക്കുക.

715. ഖണ്ഡം 36(10)-ൽ, "മാസ്റ്റർ പ്ലാനോ അതിന്റെ പ്രസക്ത ഭാഗങ്ങളോ" എന്നതിനുപകരം "മാസ്റ്റർ പ്ലാനും അതിന്റെ പ്രസക്ത ഭാഗങ്ങളും" എന്നത് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

695. ഖണ്ഡം 36(1)-ൽ, "ഒരു വർത്തമാന പത്രത്തിലും" എന്നതിനുപകരം "രണ്ട് വർത്തമാന പത്രങ്ങളിലും (അതിൽ ഒന്ന് പ്രാദേശിക ഭാഷയിലുള്ളതായിരിക്കേണ്ടതാണ്)" എന്നത് ചേർക്കുക.

699. ഖണ്ഡം 36(2)-ൽ, "കരട് മാസ്റ്റർ പ്ലാൻ" എന്നതിനുപകരം "മാസ്റ്റർ പ്ലാന്റെ കരട്" എന്നത് ചേർക്കുക.

700. ഖണ്ഡം 36(3)-ൽ, "കരട് മാസ്റ്റർ പ്ലാൻ" എന്നതിനുപകരം "മാസ്റ്റർ പ്ലാന്റെ കരട്" എന്നത് ചേർക്കുക.

708. ഖണ്ഡം 36(5)-ൽ, "എന്തെങ്കിലുമുണ്ടെങ്കിൽ" എന്നതിനുപകരം "സംബന്ധിച്ച്" എന്നത് ചേർക്കുക.

711. ഖണ്ഡം 36(8)-ൽ, "ഒരു നോട്ടീസ്" എന്നീ വാക്കുകൾ ഒഴിവാക്കുക.

713. ഖണ്ഡം 36(8)-ന്റെ രണ്ടാം ക്ലിപ്ത നിബന്ധനയിൽ, "തിരികെ അയച്ചിട്ടുണ്ടെങ്കിൽ" എന്നതിനുപകരം "നിരസിച്ചിട്ടുണ്ടെങ്കിൽ" എന്നത് ചേർക്കുക.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

697. ഖണ്ഡം 36(2)-ൽ, "രണ്ട് വർഷത്തിനകം" എന്നതിന് പകരം "ഒരു വർഷത്തിനകം" എന്നത് ചേർക്കുക.

714. ഖണ്ഡം 36(10)-ൽ, "ഒരു പ്രാദേശിക പത്രത്തിലെങ്കിലും" എന്നതിന് പകരം "രണ്ട് പ്രാദേശിക പത്രങ്ങളിലെങ്കിലും" എന്ന് ചേർക്കുക.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

706. ഖണ്ഡം 36(4)-ൽ, "മാസ്റ്റർ പ്ലാൻ വെബ് സൈറ്റിലും" എന്നതിന് ശേഷം "വില്ലേജ്, താലൂക്ക്, കളക്ടറേറ്റ് എന്നിവിടങ്ങളിലെ നോട്ടീസ് ബോർഡുകളിലും" എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 716-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 1044-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 716-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 692, 712 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 693, 701, 715 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 695, 699, 700, 708, 711, 713 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 697, 714 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 706-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

ഭേദഗതി ചെയ്തപ്രകാരമുള്ള മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മുപ്പത്തിയേഴാം വകുപ്പ്

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

717. ഖണ്ഡം 37(1)-ന്റെ ക്ലിപ്ത നിബന്ധനയിൽ, "തയ്യാറാക്കുകയോ, തയ്യാറാക്കിക്കുകയോ ചെയ്തു" എന്നീ വാക്കുകൾക്ക് പകരം "തയ്യാറാക്കി" എന്ന വാക്ക് ചേർക്കുക.

ശ്രീ. ഹൈബി ഈഡൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

718. ഖണ്ഡം 37(2)-ൽ, "മുപ്പത് ദിവസത്തിനകവും" എന്നതിന് പകരം "നാൽപ്പത്തഞ്ച് ദിവസത്തിനകം" എന്നത് ചേർക്കുക.

ശ്രീ. പി. എ. മാധവൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

719. ഖണ്ഡം 37(2)-ന്റെ ക്ലിപ്ത നിബന്ധനയിൽ, "മുപ്പത് ദിവസത്തിനുള്ളിൽ" എന്നതിന് പകരം "നാൽപ്പത്തഞ്ച് ദിവസത്തിനുള്ളിൽ" എന്നത് ചേർക്കുക.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

720. ഖണ്ഡം 37(2)-ന്റെ ക്ലിപ്ത നിബന്ധനയിൽ, "പ്ലാനിന് അനുമതി" എന്നതിന് മുമ്പ് "മുപ്പത് ദിവസത്തിനുള്ളിൽ" എന്നത് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

721. ഖണ്ഡം 37(4)-ൽ, "തയ്യാറാക്കേണ്ടതും" എന്നതിനുപകരം "തയ്യാറാക്കുകയോ തയ്യാറാക്കിക്കുകയോ ചെയ്യേണ്ടതും" എന്ന് ചേർക്കുക.

722. ഖണ്ഡം 37(5)-ൽ, "അടിസ്ഥാനത്തിൽ" എന്ന വാക്കിന് ശേഷം "മതിയായ കാരണങ്ങളുണ്ടെന്ന് ബോധ്യപ്പെട്ടാൽ" എന്നത് ചേർക്കുക.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

723. ഖണ്ഡം 37(5)-ൽ, "നാലുമാസത്തിൽ കവിയാത്ത കാലയളവുവരെ" എന്നതിനു ശേഷം "ഒരു പ്രാവശ്യം മാത്രം" എന്നത് ചേർക്കുക.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 723-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ : ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 723-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 717-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. ഹൈബി ഈഡൻ അവതരിപ്പിച്ച 718-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. പി. എ. മാധവൻ അവതരിപ്പിച്ച 719-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 720-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കെ.എൻ.എ. ഖാദർ അവതരിപ്പിച്ച 721, 722 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള മുപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

ഭേദഗതി ചെയ്തപ്രകാരമുള്ള മുപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മുപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മുപ്പത്തിയെട്ടാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

724. ഖണ്ഡം 38-ൽ, "കരുതുന്ന പ്രകാരം" എന്നതിനുപകരം "കരുതുന്ന പക്ഷം" എന്നത് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

725. ഖണ്ഡം 38-ൽ, "ടൗൺ പഞ്ചായത്തുമായോ ഗ്രാമപഞ്ചായത്തുമായോ" എന്നതിനു പകരം"ത്രിതല പഞ്ചായത്തുകളുമായോ" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 724-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതി സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 724-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 725-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള മുപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

ഭേദഗതി ചെയ്തപ്രകാരമുള്ള മുപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മുപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിയൊമ്പതാം വകുപ്പ്</u>

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീ. മഞ്ഞളാംകുഴി അലി</u>): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു:

1045. "പ്ലാൻ തയ്യാറാക്കുന്നതിനുള്ള ഉദ്ദേശ്യം സംബന്ധിച്ച വിജ്ഞാപനമായി" എന്ന വാക്കുകൾക്കുപകരം "പ്രമേയംവഴി എടുത്ത തീരുമാനമായി" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

726. ഖണ്ഡം 39-ൽ, "തുടങ്ങാത്തതുമായ സംഗതിയിൽ" എന്നതിനുപകരം "ആരംഭിക്കാത്ത സംഗതിയിൽ" എന്നത് ചേർക്കുക.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

727. ഖണ്ഡം 39-ൽ, "തയ്യാറാക്കി" എന്നതിനുശേഷം "നിർണ്ണയിക്കപ്പെടാവുന്ന സമയപരിധിക്കുള്ളിൽ" എന്ന് ചേർക്കുക.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീ. മഞ്ഞളാംകുഴി അലി</u>): സർ, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 726-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതി സ്വീകാര്യമല്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 1045-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 726-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 727-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള മുപ്പത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

ഭേദഗതി ചെയ്തപ്രകാരമുള്ള മുപ്പത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മുപ്പത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാൽപ്പതാം വകുപ്പ്

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു:

1046. "ബോർഡുമായും ചീഫ് ടൗൺ പ്ലാനറുമായും" എന്ന വാക്കുകൾക്കു പകരം "ബോർഡുമായോ ചീഫ് ടൗൺ പ്ലാനറുമായോ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

729. ഖണ്ഡം 40-ൽ, "കൂട്ടായ താല്പര്യമോ" എന്നതിനു പകരം "പൊതുവായ താല്പര്യമോ" എന്നത് ചേർക്കുക.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

730. ഖണ്ഡം 40-ൽ, "പ്രദേശത്തിന്റെ ആസൂത്രണത്തിന്റെ ആവശ്യത്തിനായി" എന്നതിനുപകരം "പ്രദേശത്തിന്റെ ഫലപ്രദവും സന്തുലിതവുമായ ആസൂത്രണത്തിന്റെ ആവശ്യത്തിനായി" എന്നത് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

731. ഖണ്ഡം 40-ൽ, "ആസൂത്രണത്തിന്റെ" എന്നതിനുപകരം "ആസൂത്രിത വികസനത്തിന്റെ " എന്നത് ചേർക്കുക.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 730-ാം നമ്പർ ഭേദഗതിയിൽ "പ്രദേശത്തിന്റെ ആസൂത്രണത്തിന്റെ ആവശ്യത്തിനായി" എന്നതിന് പകരം "പ്രദേശത്തിന്റെ ഫലപ്രദമായ ആസൂത്രണത്തിന്റെ ആവശ്യത്തിനായി" എന്ന മോഡിഫിക്കേഷനോടുകൂടി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 1046-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 730-ാം നമ്പർ ഭേദഗതി ഭേദഗതിയോടുകൂടിയും സഭ അംഗീകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 729-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കെ.എൻ.എ. ഖാദർ അവതരിപ്പിച്ച 731-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാൽപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

ഭേദഗതി ചെയ്തപ്രകാരമുള്ള നാൽപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാൽപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാൽപ്പത്തിയൊന്നാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

733. ഖണ്ഡം 41(1)-ൽ, "അങ്ങനെയുള്ള ചട്ടങ്ങൾക്ക്" എന്നതിനുപകരം "നിർണ്ണയിക്കപ്പെടാവുന്ന ചട്ടങ്ങൾക്ക്" എന്ന് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

736. ഖണ്ഡം 41(3)-ൽ, "ചട്ടങ്ങളിൽ" എന്നതിനുപകരം "ചട്ടങ്ങളിലോ റഗുലേഷനുകളിലോ ഉത്തരവുകളിലോ" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 733-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 736-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 733-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 736-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാൽപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

ഭേദഗതി ചെയ്തപ്രകാരമുള്ള നാൽപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാൽപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാൽപ്പത്തിരണ്ടാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

737. ഖണ്ഡം 42(ii)-ൽ "സ്പെഷ്യൽ ഫംഗ്ഷൻ" എന്നതിനുപകരം "പ്രത്യേക ആവശ്യങ്ങൾക്കുള്ള" എന്ന് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

739. ഖണ്ഡം 42(ii)-ൽ "ചുമതലകൾ" എന്നതിനുശേഷം "നിർണ്ണയിച്ചു നൽകുകയും" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 739-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതി സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 739-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 737-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാൽപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

ഭേദഗതി ചെയ്തപ്രകാരമുള്ള നാൽപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാൽപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാൽപ്പത്തിമൂന്നാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

741. ഖണ്ഡം 43(സി)-യിൽ, "പ്രവർത്തനങ്ങൾ" എന്നതിനുശേഷം "ആസൂത്രണം ചെയ്യുകയും" എന്നത് ചേർക്കുക.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 741-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

നാൽപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

നാൽപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാൽപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാൽപ്പത്തിനാലാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

742. ഖണ്ഡം 44-ൽ, "നിന്നുകൊണ്ട്" എന്നതിനുശേഷം "അതിനു വിരുദ്ധമാവാത്ത വിധം" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 742-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

നാൽപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

നാൽപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാൽപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**നാൽപ്പത്തിയഞ്ചാം വകുപ്പ്**

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

745. ഖണ്ഡം 45(1)(എഫ്)-ന് പകരം താഴെ പറയുന്നത് ചേർക്കുക:

"(എഫ്) കേരളത്തിന്റെ തനതായ കലാ-സാംസ്കാരിക സമ്പത്തുകളുടെ സംരക്ഷണം"

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

746. ഖണ്ഡം 45(1)(ജി) ഒഴിവാക്കി ബാക്കിയുള്ളത് പുനഃക്രമീകരിക്കുക.

750. ഖണ്ഡം 45 (1)(കെ)-ൽ, "വികലാംഗർ" എന്ന വാക്ക് നീക്കം ചെയ്യുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

747. ഖണ്ഡം 45(എച്ച്)-ൽ, "പൈതൃക സമ്പത്ത് സ്ഥലങ്ങളും" എന്നതിന് പകരം "പൈതൃക സ്വത്തുക്കളായ സ്ഥലങ്ങളും" എന്നത് ചേർക്കുക.

749. ഖണ്ഡം 45(ജെ)-ൽ, "വായു-ജല മലിനീകരണ" എന്നതിനുപകരം "വായു-ജല-അന്തരീക്ഷ മലിനീകരണവും ഇ-മാലിന്യവും" എന്നത് ചേർക്കുക.

754. ഖണ്ഡം 45(1)(പി)-യ്ക്കുശേഷം താഴെപ്പറയുന്നത് (ക്യൂ) ആയി ചേർത്ത് ശേഷിക്കുന്നവ പുനഃക്രമീകരിക്കുക.

"(ക്യൂ) പൊതു ശൗചാലയങ്ങളുടെ നിർമ്മാണവും പരിപാലനവും;"

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

755. ഖണ്ഡം 45(1)(ക്യൂ)-വിൽ, "കാൽനടക്കാർക്കുള്ള സൗകര്യങ്ങൾ" എന്നതിനുശേഷം "സൈക്കിൾ സവാരിക്കുള്ള സുരക്ഷിത പാതകൾ" എന്നത് ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

756. ഖണ്ഡം 45(1)(യു) താഴെപ്പറയും പ്രകാരം മാറ്റുക:—

"(യു) ശാസ്ത്രീയ രീതിയിലുള്ള ശവസംസ്കാരത്തിനും ആയതിനുവേണ്ട സ്ഥല സൗകര്യത്തിനുമുള്ള വ്യവസ്ഥ"

757. ഖണ്ഡം 45(1)(യു)-വിനുശേഷം ഖണ്ഡം 45(1)(വി) ആയി ചുവടെ ചേർക്കുന്നവ ചേർത്ത് ശേഷിക്കുന്നവ പുനരക്കം ചെയ്യുക.

"(വി) ശാസ്ത്രീയ രീതിയിലുള്ള ആധുനിക അറവുശാലകൾക്കും ആയതിനു വേണ്ട സ്ഥല സൗകര്യത്തിനുമുള്ള വ്യവസ്ഥ"

759. ഖണ്ഡം 45(1)(വി)-ൽ, "തടസ്സമുണ്ടാക്കുന്ന" എന്ന വാക്കിന് മുൻപ് "വികസനത്തിനും വികസന പ്രവർത്തനങ്ങൾക്കും" എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ശ്രീ. കെ. എം. ഷാജിയുടെ 748-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

748. ഖണ്ഡം 45(1)(ജെ)-ൽ, "വായു-ജല" എന്നീ വാക്കുകൾക്ക് ശേഷം "ശബ്ദ" എന്ന വാക്ക് ചേർക്കുക.

ശ്രീ. എം. ഉമ്മറിന്റെ 750-ാം നമ്പർ ഭേദഗതി ഭേദഗതിയോടുകൂടി അംഗീകരിക്കുകയാണ്. അതായത് ഖണ്ഡം 45(1)(കെ)-ൽ "വികലാംഗർ" എന്ന വാക്ക് ഒഴിവാക്കി പകരം "അംഗപരിമിതർ" എന്ന വാക്ക് ചേർക്കണം.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 755, ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 759 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 748-ാം നമ്പർ ഭേദഗതിയും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 750-ാം നമ്പർ ഭേദഗതി ഭേദഗതിയോടുകൂടിയും ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 755-ാം നമ്പർ ഭേദഗതിയും ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 759-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 745-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 746-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 747, 749, 754 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 756, 757 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാൽപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ......

നാൽപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാൽപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാൽപ്പത്തിയാറാം വകുപ്പ്

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു:

1047. (7)-ാം ഉപഖണ്ഡത്തിൽ "നിയന്ത്രണങ്ങൾ" എന്ന വാക്കിനുപകരം "വ്യവസ്ഥകൾ" എന്ന വാക്ക് ചേർക്കേണ്ടതാണ്.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

763. ഖണ്ഡം 46(1)-ൽ, "ഒരു വർത്തമാനപ്പത്രത്തിലും" എന്നതിനുപകരം "രണ്ടു വർത്തമാനപ്പത്രങ്ങളിലും (അതിൽ ഒന്ന് പ്രാദേശികഭാഷയിലുള്ളതായിരിക്കണം)" എന്നത് ചേർക്കുക.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

764. ഖണ്ഡം 46(1)-ൽ, "ഒരു വർത്തമാനപ്പത്രത്തിലും" എന്നതിനുപകരം " രണ്ടു വർത്തമാനപ്പത്രങ്ങളിലും" എന്നത് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

765. ഖണ്ഡം 46(2)-ൽ, "ഉദ്ദേശം" എന്നതിനുപകരം "ഉദ്ദേശ്യം" എന്നത് ചേർക്കുക.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

766. ഖണ്ഡം 46(2)-ൽ, "രണ്ടു വർഷത്തിനുള്ളിൽ" എന്നതിനുപകരം " ഒന്നര വർഷത്തിനുള്ളിൽ" എന്നു ചേർക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

769. ഖണ്ഡം 46(3)-ൽ, "മെട്രോപോളിറ്റൻ ആസൂത്രണകമ്മിറ്റി" എന്നതിന് ശേഷം "ജോയിന്റ് ആസൂത്രണകമ്മിറ്റി എന്നിവയിൽ" എന്നും "മെട്രോപോളിറ്റൻ ആസൂത്രണകമ്മിറ്റിയോ" എന്നതിനുശേഷം "ജോയിന്റ് ആസൂത്രണകമ്മിറ്റി" എന്നും ചേർക്കുക.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

770. ഖണ്ഡം 46(3)-ൽ "അറുപത് ദിവസത്തിനുള്ളിൽ അങ്ങനെയുള്ളവ" എന്ന വാക്കിന് പകരം "തൊണ്ണൂറ്" എന്ന വാക്ക് ചേർക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

771. ഖണ്ഡം 46(4)-ൽ "60 ദിവസകാലയളവിനുള്ളിൽ" എന്നതിനുപകരം "നാൽപ്പത്തഞ്ച് ദിവസക്കാലയളവിനുള്ളിൽ" എന്നത് ചേർക്കുക.

ശ്രീ. സി. മോയിൻകുട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

772. ഖണ്ഡം 46(5)-ൽ, "മെട്രോപോളിറ്റൻ ആസൂത്രണകമ്മിറ്റിയിൽനിന്നും" എന്നതിനുശേഷം "ജോയിന്റ് ആസൂത്രണകമ്മിറ്റി" എന്നത് ചേർക്കുക.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

773. ഖണ്ഡം 46(5)-ന്റെ ക്ലിപ്ത നിബന്ധനയിൽ, "തൊണ്ണൂറ് " എന്നതിനുപകരം "നാൽപ്പത്തഞ്ച് "എന്ന് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

775. ഖണ്ഡം46(6)-ൽ "മെട്രോപോളിറ്റൻ ആസൂത്രണ കമ്മിറ്റിക്കും" എന്നതിനുശേഷം "ജോയിന്റ് ആസൂത്രണകമ്മിറ്റിക്കും" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 765-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 765-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 763-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 764-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 766-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 769-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 770-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 771-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. സി. മോയിൻകുട്ടി അവതരിപ്പിച്ച 772-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 773-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 775-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാൽപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ......

ഭേദഗതി ചെയ്ത പ്രകാരമുള്ള നാൽപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാൽപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാൽപ്പത്തിയേഴാം വകുപ്പ്</u>

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

779. ഖണ്ഡം 47-ൽ, "വിരുദ്ധമല്ലാത്ത" എന്നതിനുപകരം "അനുസൃതമായതും വിരുദ്ധമല്ലാത്തതുമായ" എന്നത് ചേർക്കുക.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

780. ഖണ്ഡം 47-ൽ "സാമ്പത്തികനേട്ടവും കാര്യക്ഷമതയും കൊണ്ടുവരുമെന്നും അത്" എന്നതിനുപകരം "കാര്യക്ഷമതയുണ്ടെന്ന്" എന്നത് ചേർക്കുക.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീ. മഞ്ഞളാംകുഴി അലി</u>): സർ, ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 779-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 779-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 780-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാൽപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

ഭേദഗതി ചെയ്ത പ്രകാരമുള്ള നാൽപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാൽപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാൽപ്പത്തിയെട്ടാം വകുപ്പ്</u>

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

783. ഖണ്ഡം 48-ൽ,

(i) "എടുക്കുന്നതിനും" എന്നതിനുശേഷം "സമയപരിധി ദീർഘിപ്പിച്ചു നൽകാവുന്നതും" എന്നത് ചേർക്കുക.

(ii) "നൽകുന്നതിനും" എന്നതിനുപകരം "നൽകുന്നതിന്" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

ശ്രീ. മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 783-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

നാൽപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

നാൽപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാൽപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാൽപ്പത്തിയൊമ്പതാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

784. ഖണ്ഡം 49-ൽ, "തയ്യാറാക്കുവാനും" എന്നതിനുപകരം "തയ്യാറാക്കുവാനോ, തയ്യാറാക്കിക്കുവാനോ ചെയ്യുവാനും " എന്നത് ചേർക്കുക.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ശ്രീ. കെ. എൻ. എ. ഖാദറിന്റെ 784-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

ശ്രീ. മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 784-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാൽപ്പത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

ഭേദഗതി ചെയ്ത പ്രകാരമുള്ള നാൽപ്പത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാൽപ്പത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അമ്പതാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

787. ഖണ്ഡം 50(1)-ന്റെ ക്ലിപ്ത നിബന്ധനയിൽ,

(i) "മുഖേനയോ" എന്ന് വരുന്നിടത്തെല്ലാം "അംഗീകരിക്കപ്പെടുമ്പോൾ" എന്ന് ചേർക്കുക.

(ii) "റദ്ദാക്കേണ്ടതാണ്" എന്നതിന് പകരം "റദ്ദാക്കപ്പെടേണ്ടതാണ്" എന്നത് ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

788. ഖണ്ഡം 50(3)-ൽ, "സർക്കാരിന്" എന്ന വാക്കിനുശേഷം "അനിവാര്യമെന്ന് ബോദ്ധ്യമുള്ള പക്ഷം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

789. ഖണ്ഡം 50(3)-ൽ, "പ്ലാനിൽ വ്യതിയാനം" എന്നതിനുപകരം "പ്ലാനിൽ വ്യതിയാനവും കാലോചിതമായ പരിഷ്കാരവും" എന്നത് ചേർക്കുക.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 788-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. മി. സ്പീക്കർ: ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 788-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 787-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 789-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

ഭേദഗതി ചെയ്ത പ്രകാരമുള്ള അമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അമ്പത്തിയൊന്നാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

793. ഖണ്ഡം 51 (2)-ൽ, "വസ്തുക്കൾ" എന്നതിനുശേഷം "നിയമപരമായി" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 793-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

അമ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

അമ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അമ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അമ്പത്തിരണ്ടാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

795. ഖണ്ഡം 52-ന്റെ മാർജിനൽ ശീർഷകത്തിൽ "ചെയർമാൻ" എന്നതിന് പകരം "ചെയർപേഴ്സൺ" എന്നത് ചേർക്കുക.

796. ഖണ്ഡം 52-ൽ "ചെയർമാൻ" എന്ന് വരുന്നിടത്തെല്ലാം പകരം "ചെയർപേഴ്സൺ" എന്നത് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

797. ഖണ്ഡം 52-ൽ, "മൂന്ന് വർഷത്തിൽ" എന്നതിനുപകരം "അഞ്ചു വർഷത്തിൽ" എന്ന് ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

799. ഖണ്ഡം 52-ൽ, "അദ്ദേഹം സർക്കാരിന് ഇഷ്ടമുള്ളിടത്തോളം കാലം ഔദ്യോഗിക സ്ഥാനം വഹിക്കുന്നതും എന്നാൽ" എന്നീ വാക്കുകൾ ഒഴിവാക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 797-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. മി. സ്പീക്കർ: ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 797-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 795, 796 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 799-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അമ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

ഭേദഗതി ചെയ്ത പ്രകാരമുള്ള അമ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അമ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അമ്പത്തിമൂന്നാം വകുപ്പ്

മി. സ്പീക്കർ: ഖണ്ഡം നീക്കം ചെയ്യാനുള്ളതായതുകൊണ്ട് ക്രമാനുസൃതമല്ല. അതിനാൽ പ്രസ്തുത ഭേദഗതി അവതരിപ്പിക്കേണ്ടതില്ല.

അമ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

അമ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അമ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അമ്പത്തിനാലാം വകുപ്പ്

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

805. ഖണ്ഡം 54(1)(ബി)-ൽ "രണ്ടിൽ" എന്നതിന് പകരം "മൂന്നിൽ" എന്ന് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

807. ഖണ്ഡം 54(1)(സി)-യുടെ ക്ലിപ്ത നിബന്ധനയിൽ "മന്ത്രിയാകുകയാണെങ്കിൽ" എന്ന വാക്കിനുപകരം "മന്ത്രിയുടെ പദവി വഹിക്കുകയാണെങ്കിൽ" എന്ന വാക്കുകൾ ചേർക്കുക.

808. ഖണ്ഡം 54(1)(സി)-യുടെ ക്ലിപ്ത നിബന്ധനയിൽ "അദ്ദേഹത്തിന്റെ നിയോജക മണ്ഡലത്തിൽ നിന്നും ഒരാളെ" എന്നീ വാക്കുകൾക്ക് പകരം "യുക്തമെന്ന് കരുതുന്ന മറ്റൊരു നിയമസഭാംഗത്തെ" എന്നീ വാക്കുകൾ ചേർക്കുക.

810. ഖണ്ഡം 54(1)(ഡി)-ൽ, "(റോഡ്സ്)" എന്ന വാക്കിനുപകരം "(നിരത്തുകളും പാലങ്ങളും)" എന്നീ വാക്കുകൾ ചേർക്കുക.

811. ഖണ്ഡം 54(1)(ഇ)-ൽ, "എട്ടിൽ കൂടാത്ത മറ്റ് ആളുകൾ" എന്ന വാക്കുകൾക്ക് പകരം "എട്ടിൽ കവിയാത്ത മറ്റ് അംഗങ്ങൾ" എന്നീ വാക്കുകൾ ചേർക്കുക.

812. ഖണ്ഡം 54(2)-ൽ, "(ചെയർമാൻ ഒഴികെ)" എന്ന വാക്കുകൾക്കുപകരം "(ചെയർപേഴ്സൺ ഒഴികെ)" എന്ന വാക്കുകൾ ചേർക്കുക.

813. ഖണ്ഡം 54(2)-ൽ, "കൂടുവാനോ" എന്ന വാക്കിനുപകരം "കവിയുവാനോ" എന്ന വാക്ക് ചേർക്കുക.

815. ഖണ്ഡം 54(3)-ന്റെ രണ്ടാം ക്ലിപ്ത നിബന്ധനയിൽ, "അംഗമല്ലാതായി ത്തീരുന്നതാണ്" എന്ന വാക്കിന് പകരം "ജനറൽ കൗൺസിലിലെ അംഗത്വം സ്വമേധയാ അവസാനിക്കുന്നതാണ്" എന്നീ വാക്കുകൾ ചേർക്കുക.

816. ഖണ്ഡം 54(3)-ന്റെ, മൂന്നാമത്തെ ക്ലിപ്തനിബന്ധനയിൽ "ഒരു അംഗമല്ലാ താകുന്നതാണ്" എന്നീ വാക്കുകൾക്ക് പകരം "അംഗത്വം അവസാനിക്കുന്നതാണ്" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

809. ഖണ്ഡം 54(1)(സി)-ടെ ക്ലിപ്ത നിബന്ധനയിൽ "ഒരാളെ" എന്നതിന് പകരം "ജില്ലാ പഞ്ചായത്ത് അദ്ധ്യക്ഷനെ" എന്നത് ചേർക്കുക.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 807, 810, 813 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 807, 810, 813 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 805-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 808, 811, 812, 815, 816 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 809-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അമ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

ഭേദഗതി ചെയ്ത പ്രകാരമുള്ള അമ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അമ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അമ്പത്തിയഞ്ചാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

819. ഖണ്ഡം 55(1)(ബി)-ൽ, "രണ്ടിൽ കൂടാത്ത ആളുകൾ" എന്നതിനുപകരം "രണ്ടിൽ കവിയാത്ത അംഗങ്ങൾ" എന്നത് ചേർക്കുക.

821. ഖണ്ഡം 55(1)(സി)-ൽ "നാലിൽ കൂടാത്ത ആളുകൾ" എന്നതിനുപകരം "നാലിൽ കവിയാത്ത അംഗങ്ങൾ " എന്നത് ചേർക്കുക.

823. ഖണ്ഡം 55(1)(ഡി)-ൽ "(റോഡുകൾ)" എന്നതിനുപകരം "(നിരത്തുകളും പാലങ്ങളും)" എന്നത് ചേർക്കുക.

824. ഖണ്ഡം 55(1)(ഇ)-ൽ "കൂടാത്ത ആളുകൾ" എന്നതിനുപകരം "കവിയാത്ത അംഗങ്ങൾ " എന്നത് ചേർക്കുക.

826. ഖണ്ഡം 55(2)-ൽ "ചെയർമാൻ" എന്നതിനുപകരം "ചെയർപേഴ്സൺ" എന്നത് ചേർക്കുക.

827. ഖണ്ഡം 55(2)-ൽ "പത്തിൽ കൂടാനോ" എന്നതിനു പകരം "പത്തിൽ കവിയാനോ" എന്നത് ചേർക്കുക.

830. ഖണ്ഡം 55(3)-ന്റെ ക്ലിപ്തനിബന്ധനയിൽ "അംഗമല്ലാതായിത്തീരുന്നതാണ്" എന്നതിനുപകരം "അംഗത്വം അവസാനിക്കുന്നതാണ്" എന്നത് ചേർക്കുക.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

822. ഖണ്ഡം 55(1)(ഡി)-ൽ "എക്സിക്യൂട്ടീവ് എഞ്ചിനീയർ (റോഡുകൾ)" എന്നതിനുശേഷം "എക്സിക്യൂട്ടീവ് എഞ്ചിനീയർ (കെട്ടിടവിഭാഗം)" എന്ന് ചേർക്കുക.

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

825. ഖണ്ഡം 55(1)(ഇ)-ൽ "രണ്ടിൽ കൂടാത്ത" എന്നതിനുപകരം “മൂന്നിൽ കൂടാത്ത" എന്നത് ചേർക്കുക.

<u>ശ്രീ. കെ. എൻ. എ ഖാദർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

828. ഖണ്ഡം 55 (3)-ൽ, "അംഗം" എന്നതിന് പകരം "അംഗത്തിന്റെ" എന്ന് ചേർക്കുകയും "സർക്കാരിന് ഇഷ്ടമുള്ളിടത്തോളം കാലം ഉദ്യോഗം വഹിക്കേണ്ടതും അവരുടെ" എന്നീ വാക്കുകൾ ഒഴിവാക്കുകയും ചെയ്യുക.

<u>മി. സ്പീക്കർ</u> : ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീ. മഞ്ഞളാംകുഴി അലി</u>): സർ, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 823, 827 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 823, 827 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 819, 821, 824, 826, 830 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 822-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 825-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 828-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അമ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

ഭേദഗതി ചെയ്ത പ്രകാരമുള്ള അമ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അമ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അമ്പത്തിയാറാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

832. ഖണ്ഡം 56 (ii)-ൽ"അക്കോമഡേഷൻ"എന്നതിനുപകരം "അക്കോമഡേറ്റീവ്" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 832-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

അമ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

അമ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അമ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അമ്പത്തിയേഴാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

834. ഖണ്ഡം 57(1)(iii)-ൽ "വാർഷിക റിപ്പോർട്ടുകളും" എന്നതിന് മുൻപായി "മുൻ വർഷങ്ങളിലെ " എന്നത് ചേർക്കുക.

837. ഖണ്ഡം 57(2)-ൽ "പ്രാബല്യം" എന്ന വാക്കിന് പകരം "അംഗീകാരം" എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

838. ഖണ്ഡം 57(3)-ൽ "ഉപാധികളും" എന്ന് കഴിഞ്ഞ് "ബന്ധകളും" എന്ന് ചേർക്കുക.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 834, 837 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 838-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

അമ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

അമ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അമ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## അമ്പത്തിയെട്ടാം വകുപ്പ്

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

840. ഖണ്ഡം 58-ൽ "സേവന" എന്നതിന് പകരം "സേവന-വേതന" എന്നത് ചേർക്കുക.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

841. ഖണ്ഡം 58-ൽ "സ്റ്റാഫിനേയും" എന്ന വാക്കിനുപകരം "ജീവനക്കാരെയും" എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 840-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 840-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 841-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അമ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

ഭേദഗതി ചെയ്ത പ്രകാരമുള്ള അമ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അമ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അമ്പത്തിയൊമ്പതാം വകുപ്പ്

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

843. ഖണ്ഡം 59-ൽ "അതോറിറ്റിയുടെ സ്റ്റാഫ്" എന്ന വാക്കുകൾക്ക് മുൻപ് വരുന്ന "അപ്രകാരം പ്രവർത്തനത്തിലില്ലാതായി തീർന്ന" എന്നീ വാക്കുകൾ ഒഴിവാക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

844. ഖണ്ഡം 59-ൽ "ടൗൺ പഞ്ചായത്തിനോ ഗ്രാമപഞ്ചായത്തിനോ" എന്നതിന് പകരം "ത്രിതല പഞ്ചായത്തുകളോ" എന്നത് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

845. ഖണ്ഡം 59-ൽ "അല്ലെങ്കിൽ സർക്കാർ തീരുമാനിക്കുന്ന പ്രകാരമോ" എന്നതിന് ശേഷം "ജീവനക്കാർക്ക് ഓപ്ഷൻ നൽകിയോ" എന്ന് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 843-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 843-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 844-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 845-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അമ്പത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

ഭേദഗതി ചെയ്ത പ്രകാരമുള്ള അമ്പത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അമ്പത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അറുപതാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

847. ഖണ്ഡം 60-ൽ, 'സേവനോപാധികളും' എന്നതിനുശേഷം 'ബത്തകളും ' എന്നത് ചേർക്കുക.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 847-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

അറുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

അറുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അറുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അറുപത്തിയൊന്നാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

848. ഖണ്ഡം 61-ൽ, 'അനുസൃതമായല്ലാതെ' എന്നതിനുപകരം 'അനുസൃതമായല്ലാതെയോ ഭംഗംവരുത്തുന്ന വിധത്തിലോ ' എന്നത് ചേർക്കുക.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 848-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 848-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അറുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

ഭേദഗതി ചെയ്ത പ്രകാരമുള്ള അറുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അറുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അറുപത്തിരണ്ടാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

849. ഖണ്ഡം 62-ൽ, "പ്രവർത്തനത്തിൽ" എന്നതിനുപകരം "പ്രാബല്യത്തിൽ" എന്നത് ചേർക്കുക.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 849-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

അറുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ......

അറുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അറുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അറുപത്തിമൂന്നാം വകുപ്പ്

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു:

1048.1. (1)-ാം ഉപഖണ്ഡത്തിലെ "വിജ്ഞാപനം ചെയ്തിട്ടുള്ള" എന്ന വാക്കുകൾക്കുപകരം "മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി പ്രമേയം വഴി തീരുമാനം എടുത്തതോ, വിശദ നഗരാസൂത്രണപദ്ധതി തയ്യാറാക്കുന്നതിനായി വിജ്ഞാപനം വഴി ചെയ്തിട്ടുള്ളതോ ആയ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

2. (1)-ാം ഉപഖണ്ഡത്തിലെ കുറിപ്പിൽ "ഈ ആക്റ്റിൻകീഴിൽ ഒരു പ്ലാൻ തയ്യാറാക്കുവാനുള്ള ഉദ്ദേശ്യം വിജ്ഞാപനം ചെയ്യുന്ന തീയതിക്കും പ്ലാൻ പ്രവർത്തനത്തിൽ വരുന്ന തീയതിക്കും ഇടയിലുള്ള കാലയളവിലെ വികസനം എന്നർത്ഥമാകുന്നു" എന്നീ വാക്കുകൾക്കുപകരം "മാസ്റ്റർ പ്ലാനിന്റെ കാര്യത്തിൽ, ഈ ആക്റ്റിൻകീഴിൽ പ്ലാൻ തയ്യാറാക്കുവാനുള്ള തീരുമാനം പ്രമേയം വഴി എടുത്ത തീയതിക്കും പ്ലാൻ പ്രവർത്തനത്തിൽ വരുന്ന തീയതിക്കും ഇടയിലുള്ള കാലയളവിലെ വികസനം എന്നും, വിശദ നഗരാസൂത്രണ പദ്ധതിയുടെ കാര്യത്തിൽ, ഈ ആക്റ്റിൻകീഴിൽ പ്ലാൻ തയ്യാറാക്കുന്നതിനുള്ള ഉദ്ദേശ്യം വിജ്ഞാപനം ചെയ്യുന്ന തീയതിക്കും പ്ലാൻ പ്രവർത്തനത്തിൽ വരുന്ന തീയതിക്കും ഇടയിലുള്ള കാലയളവിലെ വികസനം എന്നും അർത്ഥമാകുന്നു" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

850. ഖണ്ഡം 63(1)-ൽ, "ടൗൺ പഞ്ചായത്തിനോ ഗ്രാമപഞ്ചായത്തിനോ" എന്നതിനുപകരം "ത്രിതലപഞ്ചായത്തുകൾക്കോ " എന്നത് ചേർക്കുക.

859. ഖണ്ഡം 63(4)-ൽ, "പ്രവർത്തനത്തിൽ" എന്നതിനുപകരം "പ്രാബല്യത്തിൽ" എന്നത് ചേർക്കുക.

860. ഖണ്ഡം 63(4)-ന്റെ 3-ാം ക്ലിപ്ത നിബന്ധനയിൽ, "അഭിപ്രായങ്ങളും" എന്നതിനു ശേഷം "ഏതെങ്കിലുമുണ്ടെങ്കിൽ ആയത് " എന്ന് ചേർക്കുക.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

858. ഖണ്ഡം 63(3)(എഫ്)-ൽ, "നിരോധിക്കുകയോ" എന്ന വാക്കിനുപകരം "നിർത്തിവയ്ക്കുകയോ" എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ശ്രീ. കെ. എൻ.എ. ഖാദർ അവതരിപ്പിച്ച 860-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റു ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 1048-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും ശ്രീ. കെ. എൻ.എ. ഖാദർ അവതരിപ്പിച്ച 860-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ.എ. ഖാദർ അവതരിപ്പിച്ച 850, 859 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 858-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അറുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള അറുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അറുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അറുപത്തിനാലാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

863. ഖണ്ഡം 64(എ)-ൽ, "ടൗൺ പഞ്ചായത്തിന്റെയോ" എന്നത് ഒഴിവാക്കുക.

867. ഖണ്ഡം 64(ബി)-ൽ, "ടൗൺ പഞ്ചായത്തിന്റെയോ അഥവാ" എന്നത് ഒഴിവാക്കുക.

867 എ. ഖണ്ഡം 64-ന്റെ ക്ലിപ്ത നിബന്ധനയിൽ, "സ്ഥാനങ്ങളുടെയോ" എന്നതിനുശേഷം "നവീകരണ, സ്വയംഭരണ സ്ഥാപനങ്ങളുടെയോ" എന്നത് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

866. ഖണ്ഡം 64-ന്റെ ക്ലിപ്ത നിബന്ധനയിൽ, "യാതൊരു അനുവാദമോ സർട്ടിഫിക്കറ്റോ ആവശ്യമില്ലാത്തതാകുന്നു" എന്നതിനുശേഷം "കെട്ടിട നമ്പർ ലഭിക്കുന്നതിലേക്കായി അപേക്ഷയും പ്ലാനിന്റെ കോപ്പിയും നൽകേണ്ടതാണ് എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 863, 867, 867 എ എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 866-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

അറുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

അറുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അറുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അറുപത്തിയഞ്ചാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

873. ഖണ്ഡം 65(2)(എ)(iii)-ൽ, "അതിനുള്ള" എന്നതിനുമുമ്പിൽ "അല്ലെങ്കിൽ" എന്നത് ചേർക്കുക.

875. ഖണ്ഡം 65(6)ൽ, "സ്ഥാപനങ്ങളുടെയോ" എന്നതിനുശേഷം "സഹകരണ, സ്വയംഭരണ സ്ഥാപനങ്ങളുടെയോ" എന്നത് ചേർക്കുക.

877. ഖണ്ഡം 65(7)-ൽ, "ഏജൻസികളോ" എന്നതിനുശേഷം "സഹകരണ, സ്വയംഭരണ സ്ഥാപനങ്ങളോ" എന്നത് ചേർക്കുക.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു:

ഖണ്ഡം 65 ഉപഖണ്ഡം (2)-ലെ 'എ' ഇനത്തിൽ മൂന്നാം ഉപഇനത്തിലെ 'ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലിനോ ടൗൺ പഞ്ചായത്തിനോ ഗ്രാമപഞ്ചായത്തിനോ' എന്ന വാക്കുകളും ചിഹ്നങ്ങളും ഒഴിവാക്കേണ്ടതാണ്.

ഉപയിനത്തിനുശേഷം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്:

"മുൻപറഞ്ഞ ഖണ്ഡത്തിന്റെ സാമാന്യതയ്ക്കു ഭംഗം വരാതെ ബന്ധപ്പെട്ട മുനിസിപ്പൽ കോർപ്പറേഷനോ മുനിസിപ്പൽ കൗൺസിലിനോ ടൗൺ പഞ്ചായത്തിനോ ഗ്രാമപഞ്ചായത്തിനോ" എന്ന് ചേർക്കേണ്ടതാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 873, 875, 877 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അറുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ഭേദഗതി ചെയ്ത പ്രകാരമുള്ള അറുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അറുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അറുപത്തിയാറാം വകുപ്പ്

ശ്രീ. കെ. എൻ. എ ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

878. ഖണ്ഡം 66-ൽ, "നടപ്പാവുകയാണെങ്കിൽ" എന്നതിന് ശേഷം "നഗരാസൂത്രണത്തിനോ" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 878-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

അറുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

അറുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അറുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അറുപത്തിയേഴാം വകുപ്പ്

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

879. ഖണ്ഡം 67(1)-ൽ, "രണ്ട് വർഷക്കാലയളവിനുള്ളിൽ" എന്നതിന് പകരം "ഒന്നര വർഷക്കാലയളവിനുള്ളിൽ" എന്നത് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

881. ഖണ്ഡം 67(1)-ൽ, "അവകാശ ബന്ധം" എന്ന വാക്കിനുപകരം "അവകാശവാദം" എന്ന വാക്ക് ചേർക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

882. ഖണ്ഡം 67(2)-ൽ, "അറുപത്" എന്നതിന് പകരം "നാൽപ്പത്തഞ്ച്" എന്ന് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു

884. ഖണ്ഡം 67(3)-ൽ, "ഏജൻസിയുടെയോ" എന്നതിനു ശേഷം "സഹകരണ, സ്വയംഭരണ സ്ഥാപനങ്ങളുടെയോ " എന്നത് ചേർക്കുക.

885. ഖണ്ഡം 67(4)-ൽ, "വ്യതിയാനം" എന്നതിനു ശേഷം "ആവശ്യമെങ്കിൽ" എന്നത് ചേർക്കുക.

889. ഖണ്ഡം 67(6)-ന്റെ ക്ലിപ്ത നിബന്ധനയിൽ, "സർക്കാരിനെ അറിയിച്ചു കൊണ്ട്" എന്നതിനുപകരം "സർക്കാരിന്റെ അനുമതിയോടെ" എന്നത് ചേർക്കുക.

890. ഖണ്ഡം 67(7)-ന്റെ ക്ലിപ്ത നിബന്ധനയിൽ, "ഏതെങ്കിലും അപേക്ഷയിൻമേൽ" എന്നതിന് പകരം "അപേക്ഷകളിൻമേൽ" എന്നത് ചേർക്കുക.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു

887. ഖണ്ഡം 67(6)-ൽ, "ആറ് മാസത്തിന് മുൻപായി" എന്നതിന് പകരം "നാൽപ്പത്തഞ്ച് ദിവസത്തിനകം" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ശ്രീ. എ. കെ. ബാലന്റെ ഭേദഗതി വാക്കാൽ ഭേദഗതിയായി അവതരിപ്പിക്കുന്നു.

886. ഖണ്ഡം 67(6)-ൽ, "(2)-ാം ഉപവകുപ്പിൽ" എന്നതിന് പകരം "(3)-ാം ഉപവകുപ്പിൽ" എന്നത് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 890-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 886-ാം നമ്പർ വാക്കാൽ ഭേദഗതിയും ശ്രീ. കെ.എൻ.എ. ഖാദർ അവതരിപ്പിച്ച 890-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 879-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 881-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 882-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 884, 885, 889 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 887-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അറുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള അറുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അറുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## അറുപത്തിയെട്ടാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

891. ഖണ്ഡം 68(1)(എ)-ൽ, "പദ്ധതിക്കോ" എന്നതിനുശേഷം "അല്ലെങ്കിൽ ഇവ രണ്ടിനുമോ" എന്നത് ചേർക്കുക.

895. ഖണ്ഡം 68(2)(ബി)-ൽ, "നടപ്പാക്കൽ"എന്നതിന് പകരം "നടപ്പാക്കലോ, നിയന്ത്രിക്കലോ" എന്നത് ചേർക്കുക.

898. ഖണ്ഡം 68(6)(എ)-ൽ, "മറ്റേതെങ്കിലും ആളെയോ" എന്നത് ഒഴിവാക്കുക.

902. ഖണ്ഡം 68(7)-ൽ, "കുറ്റസ്ഥാപനത്തിനു ശേഷം " എന്നതിന് പകരം "ശിക്ഷാകാലാവധിക്കുശേഷം" എന്നത് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെക്കാണുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

894. ഖണ്ഡം 68(2)(എ)-ൽ, "പണികളുടെയോ പൊളിച്ചുകളയൽ" എന്നതിന് പകരം "എടുപ്പുകളുടെയോ നീക്കം ചെയ്യൽ" എന്നത് ചേർക്കുക.

896. ഖണ്ഡം 68(2)(സി)-ൽ "തുടരാതിരിക്കൽ" എന്നതിന് പകരം "നിർത്തി വയ്ക്കാൻ" എന്നത് ചേർക്കുക.

897. ഖണ്ഡം 68(3)-ൽ, "കെട്ടിടമോ" എന്ന വാക്കിനുശേഷം വരുന്ന "പണിയോ" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെക്കാണുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

901. ഖണ്ഡം 68(7)-ൽ, "പതിനായിരം രൂപ" എന്നതിന് പകരം "ഇരുപത്തി അയ്യായിരം രൂപ" എന്നത് ചേർക്കുക.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 891, 895, 898, 902 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 894, 896, 897 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 901-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

അറുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

അറുപത്തിയെട്ടാംവകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അറുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അറുപത്തിയൊമ്പതാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

904. ഖണ്ഡം 69(1)-ൽ "ചെയ്ത ജോലിയോ" എന്നതിനുപകരം "എടുപ്പുകളോ" എന്നത് ചേർക്കുക.

ശ്രീ. ജോസഫ് വാഴയ്ക്കൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

905. ഖണ്ഡം 69(1)-ൽ, "പതിനഞ്ച് ദിവസത്തിനകമോ" എന്നതിന് പകരം "ഇരുപത് ദിവസത്തിനകമോ" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 904-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. ജോസഫ് വാഴയ്ക്കൻ അവതരിപ്പിച്ച 905 -ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

അറുപത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

അറുപത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അറുപത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എഴുപതാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

907. ഖണ്ഡം 70-ൽ "ഉൾപ്പെടാവുന്നതാണ്" എന്നതിനുപകരം "ഉൾപ്പെടുത്താവുന്നതാണ്" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 907-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

എഴുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

എഴുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

എഴുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എഴുപത്തിയൊന്നാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

908. ഖണ്ഡം 71-ൽ "ഏതെങ്കിലും ഭാഗത്തിനുവേണ്ടി" എന്നതിനു പകരം "ഏതെങ്കിലും ഭാഗത്തിനുവേണ്ടിയോ, മുഴുവൻ പ്രദേശത്തിനുവേണ്ടിയോ" എന്നത് ചേർക്കുക.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 908-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

എഴുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

എഴുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

എഴുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എഴുപത്തിരണ്ടാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

910. ഖണ്ഡം 72(എഫ്)-ൽ, "ഉയരവും" എന്നതിന് ശേഷം "വിസ്തീർണ്ണവും" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 910-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

എഴുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ

എഴുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

എഴുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എഴുപത്തിമൂന്നാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

911. ഖണ്ഡം 73(ജി)-ൽ, "ഒരു ന്യൂനപക്ഷം" എന്നതിന് പകരം "ആരെങ്കിലും" എന്നത് ചേർക്കുക.

912. ഖണ്ഡം 73-ന്റെ കുറിപ്പിൽ, "പകരമായി" എന്നതിന് പകരം "പകരമായോ പുനർരൂപീകരിച്ചോ" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ.എ. ഖാദർ അവതരിപ്പിച്ച 911, 912 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

എഴുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

എഴുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

എഴുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എഴുപത്തിനാലാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

913. ഖണ്ഡം 74(1)-ൽ, "ഭാഗം സംബന്ധിച്ച്" എന്നതിന് പകരം "ഭാഗം സംബന്ധിച്ചോ മുഴുവൻ പ്രദേശത്തെ സംബന്ധിച്ചോ" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 913-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

എഴുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

എഴുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

എഴുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എഴുപത്തിയഞ്ചാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

915. ഖണ്ഡം 75-ൽ, "അർഹമായ പരിഹണന നൽകേണ്ടതാണ്" എന്നതിന് പകരം "അനുസൃതമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 915-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

എഴുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.......

എഴുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

എഴുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എഴുപത്തിയാറാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

918. ഖണ്ഡം 76-ൽ, "യഥാവിധി പരിഗണന നൽകേണ്ടതാണ്" എന്നതിന് പകരം "അനുസൃതമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്" എന്നത് ചേർക്കുക.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 918-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

എഴുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ............

എഴുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

എഴുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എഴുപത്തിയേഴാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

919. ഖണ്ഡം 77-ൽ, "വസ്തു ആർജ്ജന" എന്നതിനു പകരം "ദി റൈറ്റ് ടു ഫെയർ കോമ്പൻസേഷൻ ആന്റ് ട്രാൻസ്പരൻസി ഇൻ ലാന്റ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ ആന്റ് റീ സെറ്റിൽമെന്റ് (2013-ലെ 30-ാം കേന്ദ്ര ആക്ട്)" എന്നത് ചേർക്കുക.

920. ഖണ്ഡം 77-ൽ, "വസ്തു ആർജ്ജന" എന്നതിനുപകരം "ലാന്റ് അക്വിസിഷൻ " എന്നത് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

922. ഖണ്ഡം 77-ൽ, "ഏജൻസികളുടെയോ" എന്നതിനുശേഷം "സഹകരണ, സ്വയംഭരണ സ്ഥാപനങ്ങളുടെയോ" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 919, 920 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 922 -ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

എഴുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

എഴുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

എഴുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എഴുപത്തിയെട്ടാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

926. ഖണ്ഡം 78-ൽ, "ജംഗമമോ സ്ഥാവരമോ ആയ" എന്നത് ഒഴിവാക്കുക.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 926 -ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

എഴുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.......

എഴുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

എഴുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എഴുപത്തിയൊമ്പതാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

927. ഖണ്ഡം 79-ൽ, "വികസിതമോ അവികസിതമോ ആയ" എന്നത് ഒഴിവാക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

928. ഖണ്ഡം 79-ൽ, "ഏതെങ്കിലും സർക്കാർ ഭൂമി" എന്നതിനുശേഷം "പുറമ്പോക്ക് ഭൂമി" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 927-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 928 -ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

എഴുപത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

എഴുപത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

എഴുപത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എൺപതാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

931. ഖണ്ഡം 80-ന്റെ ക്ലിപ്ത നിബന്ധനയിൽ, "സ്ഥലത്ത് നിന്നും അത്" എന്നതിന് പകരം "സ്ഥലം" എന്നത് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

932. ഖണ്ഡം 80-ന്റെ ക്ലിപ്തനിബന്ധനയിൽ, "മുഴുവനായോ" എന്നതിനു പകരം "പൂർണമായോ"എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 932-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 932-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 931-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എൺപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള എൺപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എൺപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എൺപത്തിയൊന്നാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

935. ഖണ്ഡം 81-ൽ, "അക്കോമഡേഷൻ" എന്ന വാക്കിനുപകരം "അക്കോമഡേറ്റീവ്" എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 935-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

എൺപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

എൺപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

എൺപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എൺപത്തിരണ്ടാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

937. ഖണ്ഡം 82-ൽ, "മേഖലയിലെയോ" എന്നതിനുശേഷം "നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള യോഗ്യതയുള്ള" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 937-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

എൺപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

എൺപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

എൺപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എൺപത്തിമൂന്നാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

943. ഖണ്ഡം 83(എ)-ൽ, "ഉപയോഗത്തിൽ" എന്നത് "രൂപത്തിലും ഉപയോഗത്തിലും" എന്ന് മാറ്റുക.

946. ഖണ്ഡം 83(3)-ൽ, "ഒഴിവാക്കുന്നതിന്" എന്നതിനുപകരം "ഒഴിവാക്കേണ്ടതുണ്ടെങ്കിൽ ആയതിന്" എന്നത് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

944. ഖണ്ഡം 83(ബി)-ൽ, "അടിസ്ഥാന സൗകര്യങ്ങളുടെയോ" എന്നീ വാക്കുകൾക്ക് ശേഷം "മറ്റ് പൊതു" എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 944, ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 946 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു. മറ്റ് ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 944, ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 946 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 943-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എൺപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.......

ഭേദഗതി ചെയ്ത പ്രകാരമുള്ള എൺപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എൺപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എൺപത്തിനാലാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

948. ഖണ്ഡം 84-ൽ "ഏതെങ്കിലും അപ്പീൽ " എന്നതിന് പകരം "എല്ലാ അപ്പീലുകളും" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 948-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

എൺപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

എൺപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

എൺപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

01.00 PM]

എൺപത്തിയഞ്ചാം വകുപ്പ്

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

951. ഖണ്ഡം 85(1)-ൽ "പൂർണ്ണമായോ, ഭാഗികമായോ" എന്നതിന് പകരം "ഭാഗീകമായി" എന്നത് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

953. ഖണ്ഡം 85(3)-ൽ, "സമ്മതിച്ചേക്കാവുന്ന പ്രകാരമുള്ള" എന്നതിനു പകരം "പ്രമേയം വഴി അനുമതി നൽകാവുന്ന" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 951-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 953-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

എൺപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

എൺപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

എൺപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

എൺപത്തിയാറാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

956. ഖണ്ഡം 86-ൽ "ഗുണനിലവാരം" എന്നതിനുശേഷം "സൃഷ്ടിക്കുന്നതിനും" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 956-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

എൺപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

എൺപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

എൺപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

എൺപത്തിയേഴാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

957. ഖണ്ഡം 87(1)-ൽ "പരിചയമോ" എന്നത് കഴിഞ്ഞ് "ഇവ രണ്ടുമോ" എന്നത് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

958. ഖണ്ഡം 87(2)-ൽ, "തദ്ദേശസ്വയംഭരണവകുപ്പ് സെക്രട്ടറി" എന്നതിന് പകരം "തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 957-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 958-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

എൺപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

എൺപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

എൺപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

എൺപത്തിയെട്ടാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

959. ഖണ്ഡം 88-ൽ, "വിഷയങ്ങളിൽ" എന്ന വാക്കിനുശേഷം "പ്രത്യേക" എന്ന് വാക്ക് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

960. ഖണ്ഡം 88-ൽ, "ആവശ്യങ്ങൾക്കായി" എന്നതിനുപകരം "സാഹചര്യങ്ങളിൽ" എന്നു ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 959-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 959-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 960-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എൺപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ഭേദഗതി ചെയ്ത പ്രകാരമുള്ള എൺപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എൺപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

എൺപത്തിയൊമ്പതാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

961. ഖണ്ഡം 89-ൽ, "അംഗത്തിനെയും" എന്നതിനുപകരം "അംഗങ്ങളെയും" എന്ന് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

962. ഖണ്ഡം 89-ൽ, "സബ് കമ്മിറ്റികൾ" എന്നതിനുപകരം "ഉപസമിതികൾ" എന്നതു ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 961-ാം നമ്പർ ഭേദഗതിയും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 962-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 961-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 962-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള എൺപത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ഭേദഗതി ചെയ്ത പ്രകാരമുള്ള എൺപത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എൺപത്തിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

തൊണ്ണൂറാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

963. ഖണ്ഡം 90-ൽ, "ജീവനക്കാരെയും" എന്നതിനുശേഷം "നിർണ്ണയിക്കപ്പെടാവുന്ന വ്യവസ്ഥകൾ പ്രകാരം" എന്നതു ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 963-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

തൊണ്ണൂറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

തൊണ്ണൂറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

തൊണ്ണൂറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

തൊണ്ണൂറ്റി ഒന്നാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

964. ഖണ്ഡം 91(1)-ൽ, "ഗുണമേന്മ" എന്നതിനുശേഷം "സൃഷ്ടിക്കുന്നതിനും" എന്നത് ചേർക്കുക.

966. ഖണ്ഡം 91(3)(vi)-ൽ, "പൊതുജനങ്ങളിൽ" എന്നതിനുപകരം "പൊതുജനങ്ങളുടെ നവീകരണം ഉറപ്പുവരുത്തുകയും" എന്നത് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

967. ഖണ്ഡം 91(3)(v)-ൽ "ആനുകാലിക" എന്നതിനുപകരം "വാർഷിക" എന്നത് ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

965. ഖണ്ഡം 91(3)(ii)-ൽ, "ഏതെങ്കിലും ആളോ" എന്നതിനുപകരം "ഒരു വിദഗ്ദ്ധനോ" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 967-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 967-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 964, 966 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 965-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള തൊണ്ണൂറ്റി ഒന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ഭേദഗതി ചെയ്ത പ്രകാരമുള്ള തൊണ്ണൂറ്റി ഒന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള തൊണ്ണൂറ്റി ഒന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## തൊണ്ണൂറ്റി രണ്ടാം വകുപ്പ്

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

968. ഖണ്ഡം 92-ൽ "കൺസൾട്ടന്റുകളുടെയോ" എന്ന വാക്ക് ഒഴിവാക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 968-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

തൊണ്ണൂറ്റി രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

തൊണ്ണൂറ്റി രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

തൊണ്ണൂറ്റി രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## തൊണ്ണൂറ്റി മൂന്നാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

969. ഖണ്ഡം 93-ൽ "സമയങ്ങളിലും" എന്നത് കഴിഞ്ഞ് "സംസ്ഥാനത്തിനുള്ളിലെ" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 969-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

തൊണ്ണൂറ്റി മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

തൊണ്ണൂറ്റി മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

തൊണ്ണൂറ്റി മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

തൊണ്ണൂറ്റി നാലാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

971. ഖണ്ഡം 94-ൽ "പ്രത്യേക നിധി" എന്നതിനുശേഷം "നിർണ്ണയിക്കപ്പെടാവുന്ന പേരിൽ" എന്നത് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

972. ഖണ്ഡം 94-ൽ, "യഥേഷ്ട നിയന്ത്രണത്തിൽ" എന്നതിനുപകരം "നിർണയിക്കപ്പെടാവുന്ന രീതിയിലുള്ള നിയന്ത്രണത്തിൽ" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 971-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 972-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

തൊണ്ണൂറ്റി നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

തൊണ്ണൂറ്റി നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

തൊണ്ണൂറ്റി നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

തൊണ്ണൂറ്റിയഞ്ചാം വകുപ്പ്

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

973. ഖണ്ഡം 95(1)(എ)-യ്ക്ക് പകരം താഴെ പറയുന്നത് ചേർക്കുക.

"(എ)കോടതിയാൽ നിർദ്ധനനായി വിധിക്കപ്പെടുകയോ; അല്ലെങ്കിൽ"

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

974. ഖണ്ഡം 95(1)(ബി)-യിൽ, "ഉൾപ്പെടുന്ന" എന്നതിനുപകരം "ഉൾപ്പെടെയുള്ള" എന്നത് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

975. ഖണ്ഡം 95(1)(ബി) താഴെപ്പറയും പ്രകാരം മാറ്റുക.

"(ബി) സാന്മാർഗ്ഗിക ദൂഷ്യം ഉൾപ്പെടുന്ന ഒരു കുറ്റം സ്ഥാപിക്കപ്പെട്ട് തടവ് ശിക്ഷക്ക് വിധിക്കപ്പെട്ടുവെങ്കിലോ"

977. ഖണ്ഡം 95(1)(സി)-ൽ, "തീർന്നുവെങ്കിലോ" എന്ന വാക്കിനുശേഷം "ജോലി ചെയ്യുന്നതിന് വിസമ്മതിക്കുകയാണെങ്കിലോ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

978. ഖണ്ഡം 95(1)(ഡി)-ൽ, "ആർജ്ജിച്ചുവെങ്കിലോ" എന്നതിനുപകരം "ഉള്ളതായി ബോധ്യമാകുന്നപക്ഷം" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ശ്രീ. സണ്ണി ജോസഫിന്റെ 979-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു. മറ്റു ഭേദഗതികൾ സ്വീകരിക്കുന്നില്ല.

979. ഖണ്ഡം 95(1)(ഡി)-ക്ക് ശേഷം താഴെ പറയുന്ന ഉപവകുപ്പ് ചേർത്ത് ശേഷിക്കുന്നവ പുനഃക്രമീകരിക്കുക.

(ഇ) കമ്മീഷനിൽ നിന്നും മുൻകൂർ അനുമതി നേടാതെ കമ്മീഷന്റെ തുടർച്ചയായുള്ള മൂന്ന് യോഗങ്ങളിൽ പങ്കെടുക്കാതിരുന്നുവെങ്കിലോ;"

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച 979-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 973-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 974-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 975, 977 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 978-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള തൊണ്ണൂറ്റിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ഭേദഗതി ചെയ്ത പ്രകാരമുള്ള തൊണ്ണൂറ്റിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള തൊണ്ണൂറ്റിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## തൊണ്ണൂറ്റിയാറാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

980. ഖണ്ഡം 96-ൽ, "ഉണ്ടാക്കുവാൻ സർക്കാരിന് അധികാരം ഉണ്ടായിരിക്കുന്നതാണ്" എന്നീ വാക്കുകൾക്കുപകരം "സർക്കാർ ഉണ്ടാക്കേണ്ടതാണ്" എന്നീ വാക്കുകൾ ചേർക്കുകയും തുടർന്നുള്ളവ ഒഴിവാക്കുകയും ചെയ്യുക.

ഖണ്ഡം 63(3)(ഡി)-ൽ,

(i) "കെട്ടിടങ്ങളുടെ വലിപ്പം" എന്നീ വാക്കുകൾക്ക് മുൻപായി "വാസഗൃഹം ഉൾപ്പെടെയുള്ള" എന്നീ വാക്കുകൾ ചേർക്കുക.

(ii) "നിയന്ത്രിക്കുന്നതിനും" എന്നതിനുപകരം "ചിട്ടപ്പെടുത്തുന്നതിനും" എന്ന് ചേർക്കുക.

(iii) "കെട്ടിടങ്ങളുടെ എണ്ണം" എന്നീ വാക്കുകൾക്ക് മുൻപായി "വാസ ഗൃഹങ്ങൾ ഒഴികെയുള്ള" എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 980-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

തൊണ്ണൂറ്റിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

തൊണ്ണൂറ്റിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

തൊണ്ണൂറ്റിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## തൊണ്ണൂറ്റി ഏഴാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

982. ഖണ്ഡം 97(1)(ബി)-ൽ, "ഫീസും" എന്ന വാക്കിനുശേഷം "പിഴയും" എന്ന വാക്ക് ചേർക്കുക.

986. ഖണ്ഡം 97(2)(സി)-ൽ "സൗകര്യത്തിനും" എന്നതിനുശേഷം "മറ്റ് സൗകര്യങ്ങൾക്കും" എന്നത് ചേർക്കുക.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

983. ഖണ്ഡം 97(1)(ഡി)-ൽ, "ഡിബൻജറുകളായോ" എന്നതിനുപകരം "കടപ്പത്രങ്ങളായോ" എന്നത് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

984. ഖണ്ഡം 97(1)(ഇ)-ൽ "വിക്രയം" എന്നതിനുപകരം "ക്രയവിക്രയം" എന്നത് ചേർക്കുക.

985. ഖണ്ഡം 97(1)(എഫ്)-ൽ "തുക" എന്ന വാക്കിന് മുൻപ് വരുന്ന "മറ്റേതെങ്കിലും" എന്ന വാക്ക് നീക്കം ചെയ്യുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 982, 986 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 983-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 984, 985 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

തൊണ്ണൂറ്റി ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

തൊണ്ണൂറ്റി ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

തൊണ്ണൂറ്റി ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

തൊണ്ണൂറ്റി എട്ടാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

990. ഖണ്ഡം 98-ൽ, "അനുവദിക്കുന്നുവെങ്കിൽ" എന്നതിന് പകരം "അനുവദിക്കുന്നത് പ്രകാരം" എന്നത് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

992. ഖണ്ഡം 98-ൽ, "നേരിടുന്നതിനായി" എന്ന വാക്കിനുപകരം "നേരിടുന്നതിനായും ഭരണപരമായ ചെലവുകൾ നേരിടുന്നതിനായും" എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 990-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 992-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

തൊണ്ണൂറ്റി എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

തൊണ്ണൂറ്റി എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

തൊണ്ണൂറ്റി ഏട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## തൊണ്ണൂറ്റി ഒൻപതാം വകുപ്പ്

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

994. ഖണ്ഡം 99(1)ൽ, "അരശതമാനത്തിന് " എന്ന വാക്കിന് പകരം "ഒരു ശതമാനത്തിന്" എന്നീ വാക്ക് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

995. ഖണ്ഡം 99(1)-ൽ, "സംഭാവന ചെയ്യേണ്ടതാണ്" എന്നതിനുപകരം "സംഭാവന ചെയ്യേണ്ടതും അതോടൊപ്പം സർക്കാർ ഗ്രാന്റും ലഭ്യമാക്കേണ്ടതുമാണ്" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. എൻ. എ ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

996. ഖണ്ഡം 99(2)-ൽ, "ഏതെങ്കിലും" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

997. ഖണ്ഡം 99(2)-ൽ, "സംഭാവന ചെയ്യാവുന്നതാണ്" എന്നീ വാക്കുകൾക്ക് പകരം "നൽകാവുന്നതാണ് " എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 994-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 995-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 996-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 997-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

തൊണ്ണൂറ്റി ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

തൊണ്ണൂറ്റി ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

തൊണ്ണൂറ്റി ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നൂറാം വകുപ്പ്

ശ്രീ. കെ. എൻ. എ ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

999. ഖണ്ഡം 100(1)-ൽ

(i) "അങ്ങനെയുള്ള" എന്ന വാക്കിനുശേഷം "സമയപരിധിയിലും" എന്ന വാക്ക് ചേർക്കുക.

(ii) " മാതൃകയിൽ" എന്ന വാക്കിന് പകരം "മാതൃകയിലും" എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ശ്രീ. ബെന്നി ബെഹനാന്റെ 1000-ാം നമ്പർ വാക്കാൽ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു. മറ്റു ഭേദഗതികൾ സ്വീകരിക്കുന്നില്ല.

1000. ഖണ്ഡം 100(4)-ൽ, "വയ്പിക്കേണ്ടതാണ്" എന്ന വാക്കിന് പകരം "വയ്ക്കേണ്ടതാണ്" എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച 1000-ാം നമ്പർ വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 999-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നൂറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ഭേദഗതി ചെയ്ത പ്രകാരമുള്ള നൂറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നൂറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നൂറ്റി ഒന്നാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

1002. ഖണ്ഡം 101-ൽ "സമർപ്പിക്കേണ്ടതുമാണ്" എന്ന വാക്കിന് പകരം "സമർപ്പിക്കേണ്ടതും, ബോർഡ്, ഇത് സർക്കാരിന് അയച്ചുകൊടുക്കേണ്ടതുമാണ്" എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 1002-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

നൂറ്റി ഒന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

നൂറ്റി ഒന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നൂറ്റി ഒന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നൂറ്റി രണ്ടാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

1004. ഖണ്ഡം 102-ൽ, "മുൻസിപ്പാലിറ്റി സെക്രട്ടറി" എന്ന വാക്കിന് പകരം "മുൻസിപ്പൽ സെക്രട്ടറി"എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 1004-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 1004-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നൂറ്റി രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ഭേദഗതി ചെയ്ത പ്രകാരമുള്ള നൂറ്റി രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നൂറ്റി രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നൂറ്റി മൂന്നാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

1005. ഖണ്ഡം 103(എ)-യിൽ "മറ്റേതെങ്കിലും കാര്യമോ" എന്ന വാക്കുകൾക്ക് പകരം "മറ്റേതെങ്കിലും കാര്യങ്ങളോ" എന്നീ വാക്കുകൾ ചേർക്കുക.

1008. ഖണ്ഡം 103-ൽ ഇനം (ബി)-യ്ക്കുശേഷമുള്ള ഖണ്ഡികയിൽ "അയ്യായിരം രുപ" എന്ന വാക്കിന് പകരം "അയ്യായിരം രൂപ" എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 1005-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 1005-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 1008-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നൂറ്റി മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ഭേദഗതി ചെയ്ത പ്രകാരമുള്ള നൂറ്റി മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നൂറ്റി മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നൂറ്റി നാലാം വകുപ്പ്

(ഭേദഗതികളില്ല)

മി. സ്പീക്കർ: നൂറ്റി നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

നൂറ്റി നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നൂറ്റി നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നൂറ്റി അഞ്ചാം വകുപ്പ്

(ഭേദഗതികളില്ല)

മി. സ്പീക്കർ: നൂറ്റി അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

നൂറ്റി അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നൂറ്റി അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നൂറ്റി ആറാം വകുപ്പ്

(ഭേദഗതികളില്ല)

മി. സ്പീക്കർ: നൂറ്റി ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ..........

നൂറ്റി ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നൂറ്റി ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു..

നൂറ്റി ഏഴാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

1009. ഖണ്ഡം 107-ലെ "ഈ ആക്ടിൻ കീഴിൽ പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവിന്റെയോ എടുത്ത ഏതെങ്കിലും നടപടിയുടേയോ നിയമസാധുതയോ ഔചിത്യമോ ചോദ്യം ചെയ്തുകൊണ്ട്, ഏതെങ്കിലും വ്യവഹാരമോ നിയമ നടപടികളോ പരിഗണിക്കുന്നതിന് യാതൊരു സിവിൽ കോടതിക്കും അധികാരിതയുണ്ടായിരിക്കുന്നതല്ല" എന്ന ഭാഗം ഒഴിവാക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 1009-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

നൂറ്റി ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

നൂറ്റി ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നൂറ്റി ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നൂറ്റി എട്ടാം വകുപ്പ്

(ഭേദഗതികളില്ല)

മി. സ്പീക്കർ: നൂറ്റി എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

നൂറ്റി എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നൂറ്റി എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നൂറ്റി ഒൻപതാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

1010. ഖണ്ഡം 109(1)ൽ, "ബോർഡിലെയോ" എന്ന വാക്കിനുശേഷം ഉള്ളവ ഒഴിവാക്കി പകരം താഴെ പറയുന്നവ ചേർക്കുക:

"ജില്ലാ ആസൂത്രണ കമ്മിറ്റിയിലെയോ, മെട്രോപൊളിറ്റൻ ആസൂത്രണ കമ്മിറ്റിയിലെയോ, സർക്കാരിന്റെ വികസന അതോറിറ്റിയുടെയോ, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയോ നിർണ്ണയിക്കപ്പെടാവുന്ന രീതിയിലുള്ള ഉദ്യോഗസ്ഥനോ കൂടി വിനിയോഗിക്കാവുന്നതാണെന്ന് നിർദ്ദേശിക്കാവുന്നതാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 1010-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന മോഡിഫിക്കേഷനോടെ സ്വീകരിക്കുന്നു:

"ജില്ലാ ആസൂത്രണ കമ്മിറ്റിയിലെയോ, മെട്രോപൊളിറ്റൻ ആസൂത്രണ കമ്മിറ്റിയിലെയോ, സർക്കാരിന്റെയോ വികസന അതോറിറ്റിയുടെയോ, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനോ കൂടി വിനിയോഗിക്കാവുന്നതാണെന്ന് നിർദ്ദേശിക്കാവുന്നതാണ്."

മി. സ്പീക്കർ: ഭേദഗതികളോടെ മിനിസ്റ്റർ സ്വീകരിച്ച 1010-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നൂറ്റി ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ...............

ഭേദഗതി ചെയ്ത പ്രകാരമുള്ള നൂറ്റി ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നൂറ്റി ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നൂറ്റിപ്പത്താം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

1011. ഖണ്ഡം 110-ൽ, "ആവശ്യമുള്ളത്ര പണം" എന്നീ വാക്കുകൾക്ക് പകരം "ആവശ്യമുള്ള ധനം" എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 1011-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

നൂറ്റിപ്പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

നൂറ്റിപ്പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നൂറ്റിപ്പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നൂറ്റിപ്പതിനൊന്നാം വകുപ്പ്

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

1012. ഖണ്ഡം 111(2)-ൽ, "തർക്കത്തിന്റെ" എന്ന വാക്കിന് പകരം "തർക്കമുള്ള" എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 1012-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മി. സ്പീക്കർ: ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 1012-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നൂറ്റിപ്പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ഭേദഗതി ചെയ്ത പ്രകാരമുള്ള നൂറ്റിപ്പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നൂറ്റിപ്പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നൂറ്റിപ്പന്ത്രണ്ടാം വകുപ്പ്

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, അങ്ങേയ്ക്ക് ഒഫീഷ്യൽ ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഞാൻ താഴെപ്പറയുന്ന ഒഫീഷ്യൽ ഭേദഗതി അവതരിപ്പിക്കുന്നു. ഇത് പ്രിന്റ് ചെയ്തതിൽ ചെറിയൊരു ഭേദഗതിയുണ്ട്.

'നിലവിലുള്ള (3)-ാം ഉപഖണ്ഡത്തിനു പകരം' എന്നത് 'നിലവിലുള്ള (3)-ാം ഉപഖണ്ഡത്തിന്റെ 'ഡി' ഇനത്തിനുപകരം എന്നാക്കേണ്ടതാണ്.

1049. നിലവിലുള്ള (3)-ാം ഉപഖണ്ഡത്തിന്റെ 'ഡി' ഇനത്തിനുപകരം താഴെ പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(3) 9-ാം വകുപ്പ് (3)-ാം ഉപവകുപ്പു പ്രകാരം കരട് പെർസ്പെക്ടീവ് പ്ലാനിന്റെയും 46-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം കരട് വിശദ നഗരാസൂത്രണ പദ്ധതിയുടെയും പ്രസിദ്ധീകരണം സംബന്ധിച്ച നോട്ടീസ് വിജ്ഞാപനം ചെയ്യേണ്ട രീതി."

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

1013. ഖണ്ഡം 112(2)-ൽ, "ചട്ടത്തിലോ റെഗുലേഷനിലോ അതിന്റെ" എന്നീ വാക്കുകൾക്ക് പകരം "ചട്ടത്തിന്റെയോ റെഗുലേഷന്റേയോ" എന്നീ വാക്കുകൾ ചേർക്കുക.

1014. ഖണ്ഡം 112(3)(എ)-ൽ, "മാപ്പുകളുടെയും" എന്നതിനുപകരം "ഭൂപട ങ്ങളുടെയും" എന്നത് ചേർക്കുക

1020. ഖണ്ഡം 112(3)(എച്ച്) ചുവടെ ചേർക്കും പ്രകാരം മാറ്റുക:

"(എച്ച്) വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം സംബന്ധിച്ച്".

1021. ഖണ്ഡം 112(3)(ആർ)-ൽ "അക്കോമഡേഷൻ" എന്നതിനുപകരം "അക്കോമഡേറ്റീവ്" എന്ന് ചേർക്കുക.

1024. ഖണ്ഡം 112(3)(യു)-വിൽ "ഫീസിന്റെ തുകയും" എന്നതിനു പകരം "ഫീസിന്റെ നിരക്കും" എന്നത് ചേർക്കുക.

1026. ഖണ്ഡം 112(3)(വി)-ൽ, "പിരിച്ചെടുക്കേണ്ടത് ഏതു നിബന്ധന കൾക്കും ഉപാധികൾക്കും വിധേയമായാണെന്ന്" എന്നതിന് പകരം "പിരിച്ചെ ടുക്കുന്നതിന് പാലിക്കേണ്ട നിബന്ധനകളും ഉപാധികളും സംബന്ധിച്ച്" എന്നത് ചേർക്കുക.

1028. ഖണ്ഡം 112(3)(എഎ)-ൽ, "പ്രത്യേക ഫണ്ട്" എന്നതിന് പകരം "പ്രത്യേക നിധി" എന്നത് ചേർക്കുക.

1031. ഖണ്ഡം 112(4)-ൽ, "ഉണ്ടാക്കേണ്ടതില്ലെന്ന്" എന്നതിന് പകരം "റദ്ദ് ചെയ്യാൻ" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 1013, 1020, 1026 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച 1049-ാം നമ്പർ ഒഫീഷ്യൽ ഭേദഗതിയും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 1013, 1020, 1026 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 1014, 1021, 1024, 1028, 1031 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നൂറ്റിപ്പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ഭേദഗതി ചെയ്ത പ്രകാരമുള്ള നൂറ്റിപ്പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നൂറ്റിപ്പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നൂറ്റിപ്പതിമൂന്നാം വകുപ്പ്

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, അങ്ങേയ്ക്ക് ഒഫീഷ്യൽ ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഞാൻ താഴെപ്പറയുന്ന ഒഫീഷ്യൽ ഭേദഗതി അവതരിപ്പിക്കുന്നു.

1050. 1. (1)-ാം ഉപഖണ്ഡത്തിൽ "2015" എന്ന അക്കങ്ങൾക്കുപകരം "2016" എന്ന അക്കങ്ങളും "11" എന്ന അക്കങ്ങൾക്കുപകരം "4" എന്ന അക്കവും ചേർക്കേണ്ടതാണ്.

2. (2)-ാം ഉപഖണ്ഡത്തിലെ (I)-ാം ഇനത്തിനുപകരം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കേണ്ടതും നിലവിലുള്ള (ii) മുതൽ (viii) വരെ ഇനങ്ങൾക്ക് (iii) മുതൽ (ix) എന്ന് പുനരക്കമിടേണ്ടതുമാണ്, അതായത്:—

"(i) റദ്ദാക്കപ്പെട്ട ആക്റ്റുകളിൻകീഴിൽ, പ്രസിദ്ധീകരിക്കപ്പെട്ടതായ മാസ്റ്റർപ്ലാനോ, വികസനപ്ലാനോ ഉൾപ്പെടെയുള്ള ഒരു പ്രദേശത്തിനുവേണ്ടിയുള്ള

ഏതെങ്കിലും ഒരു കരട് പൊതു നഗരാസൂത്രണപദ്ധതിയോ, അല്ലെങ്കിൽ ഒരു കരട് വിശദ നഗരാസൂത്രണ പദ്ധതിയോ ഈ ആക്റ്റിൻ കീഴിൽ, പ്രസിദ്ധീകരിക്കപ്പെട്ടതായ അതതു സംഗതിപോലെ, ഒരു കരട് മാസ്റ്റർ പ്ലാനോ ഒരു കരട് വിശദ നഗരാസൂത്രണ പദ്ധതിയോ ആയി കരുതപ്പെടുന്നതാണ്.

(ii) റദ്ദാക്കപ്പെട്ട ആക്റ്റുകളിൻകീഴിൽ, അനുമതി നൽകിയതായ മാസ്റ്റർ പ്ലാനോ, വികസനപ്ലാനോ ഉൾപ്പെടെയുള്ള ഒരു പ്രദേശത്തിനുവേണ്ടിയുള്ള ഏതെങ്കിലും ഒരു പൊതു നഗരാസൂത്രണ പദ്ധതിയോ ഈ ആക്റ്റിൻ കീഴിൽ, അനുമതി നൽകിയതായ, അതതു സംഗതിപോലെ, ഒരു മാസ്റ്റർ പ്ലാനോ ഒരു വിശദ നഗരാസൂത്രണ പദ്ധതിയോ ആയി കരുതപ്പെടുന്നതാണ്."

3. (3)-ാം ഉപഖണ്ഡത്തിൽ, "2015" എന്നഅക്കങ്ങൾക്കുപകരം "2016" എന്ന അക്കങ്ങളും "11" എന്ന അക്കങ്ങൾക്കുപകരം "4" എന്ന അക്കവും ചേർക്കേണ്ടതാണ്.

4. (4)-ാം ഉപഖണ്ഡത്തിൽ "ജൂൺ" എന്ന വാക്കിന് പകരം "ജൂലൈ"എന്ന വാക്ക് ചേർക്കേണ്ടതാണ്.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

1032. ഖണ്ഡം 113(1)-ൽ, "വരുന്ന അന്നും അതു മുതൽക്കും" എന്നതിന് പകരം "വന്ന 2013 സെപ്തംബർ 23-ാം തീയതി മുതൽ" എന്നത് ചേർക്കുക.

1034. ഖണ്ഡം 113(1)-ൽ, "റദ്ദാക്കപ്പെടുന്നതാണ്" എന്നതിനുപകരം "റദ്ദാകുന്നതാണ്" എന്നത് ചേർക്കുക.

1035. ഖണ്ഡം 113(2)(ii)-ൽ, "രൂപഭേദം വരുത്തുന്നതുവരെയോ" എന്നീ വാക്കുകൾ ഒഴിവാക്കുക.

1036. ഖണ്ഡം 113(3)-ൽ, "ഏതെങ്കിലും കാര്യമോ" എന്നതിനുപകരം "ഏതെങ്കിലും കാര്യങ്ങളോ" എന്നത് ചേർക്കുക.

1037. ഖണ്ഡം 113(3)-ൽ, "നടപടിയോ" എന്നതിനുപകരം "നടപടികളോ" എന്നത് ചേർക്കുക.

1038. ഖണ്ഡം 113(4) ഒഴിവാക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച 1050-ാം നമ്പർ ഒഫീഷ്യൽ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 1032, 1034, 1035, 1036, 1037, 1038 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നൂറ്റിപ്പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ഭേദഗതി ചെയ്ത പ്രകാരമുള്ള നൂറ്റിപ്പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നൂറ്റിപ്പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, അങ്ങേയ്ക്ക് ഒഫീഷ്യൽ ഭേദഗതികൾ അവതരിപ്പിക്കാവുന്നതാണ്.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഞാൻ താഴെപ്പറയുന്ന ഒഫീഷ്യൽ ഭേദഗതികൾ അവതരിപ്പിക്കുന്നു:

1039. നിയമപ്രഖ്യാപന വാക്യത്തിൽ "അറുപത്തിയാറാം" എന്ന വാക്കിന് പകരം "അറുപത്തിയേഴാം" എന്ന വാക്ക് ചേർക്കേണ്ടതാണ്.

1040. 1-ാം ഖണ്ഡത്തിൽ "2015" എന്ന അക്കങ്ങൾക്കുപകരം "2016" എന്ന അക്കങ്ങൾ ചേർക്കേണ്ടതാണ്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

105. ശീർഷകം താഴെപ്പറയും പ്രകാരം മാറ്റുക:—

"2015-ലെ കേരള ഗ്രാമ-നഗരാസൂത്രണ ബിൽ"

110. ദീർഘശീർഷകത്തിൽ, "ആസൂത്രിത വികസനം" എന്നീ വാക്കുകൾക്ക് പകരം "ആസൂത്രിത വികസന പ്രക്രിയ" എന്നീ വാക്കുകൾ ചേർക്കുക.

115. ദീർഘശീർഷകത്തിൽ, "അവിടത്തെ ഇപ്പോഴത്തെയും ഭാവിയിലെയും" എന്നീ വാക്കുകൾ ഒഴിവാക്കുക.

136. 'പീഠികയിലെ ഒന്നാം ഖണ്ഡികയിൽ "അവിടത്തെ ഇപ്പോഴത്തെയും ഭാവിയിലെയും" എന്നീ വാക്കുകൾ ഒഴിവാക്കുക.

150. ഖണ്ഡം 1(1)-ൽ '2015' എന്നതിന് പകരം '2016' എന്നത് ചേർക്കുക.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

107. ദീർഘശീർഷകത്തിൽ, "ശാസ്ത്രീയമായ" എന്നതിനുപകരം "ശാസ്ത്രീയ" എന്നത് ചേർക്കുക.

109. ദീർഘശീർഷകത്തിൽ, "ആസൂത്രിത വികസനം" എന്നീ വാക്കുകൾക്ക് പകരം "ആസൂത്രണം" എന്ന വാക്ക് ചേർക്കുക.

116. ദീർഘശീർഷകത്തിൽ, "അവിടത്തെ ഇപ്പോഴത്തെയും ഭാവിയിലെയും" എന്നീ വാക്കുകൾ നീക്കം ചെയ്യുക.

119. ദീർഘശീർഷകത്തിൽ, "താമസക്കാർക്ക്" എന്ന വാക്കിനുപകരം "നിവാസികൾക്ക് " എന്ന വാക്ക് ചേർക്കുക.

120. ദീർഘശീർഷകത്തിൽ, "നിലവാരങ്ങളും" എന്ന വാക്കിനുപകരം "സംവിധാനങ്ങളും" എന്ന വാക്ക് ചേർക്കുക.

124. ദീർഘശീർഷകത്തിൽ, "ലഭ്യമാക്കുന്നതിനും" എന്ന വാക്കിനുപകരം "ഉറപ്പാക്കുന്നതിനും" എന്ന വാക്ക് ചേർക്കുക.

127. പീഠികയിലെ ഒന്നാം ഖണ്ഡികയിൽ, "ശാസ്ത്രീയമായ" എന്നതിന് പകരം "ശാസ്ത്രീയ" എന്നത് ചേർക്കുക.

129. പീഠികയിലെ ഒന്നാം ഖണ്ഡികയിൽ, "ആസൂത്രിത വികസനം" എന്നതിനുപകരം "ആസൂത്രണം " എന്നത് ചേർക്കുക.

135. പീഠികയിലെ ഒന്നാം ഖണ്ഡികയിൽ "അവിടത്തെ ഇപ്പോഴത്തെയും ഭാവിയിലെയും" എന്നീ വാക്കുകൾ ഒഴിവാക്കുക.

139. പീഠികയിലെ ഒന്നാം ഖണ്ഡികയിൽ " താമസക്കാർക്ക്" എന്നതിന് പകരം "നിവാസികൾക്ക്" എന്നത് ചേർക്കുക.

140. പീഠികയിലെ ഒന്നാം ഖണ്ഡികയിൽ “നിലവാരങ്ങളും" എന്നതിന് പകരം "സംവിധാനങ്ങളും" എന്നത് ചേർക്കുക.

144. പീഠികയിലെ ഒന്നാം ഖണ്ഡികയിൽ, "ലഭ്യമാക്കുന്നതിനും" എന്നതിന് പകരം "ഉറപ്പാക്കുന്നതിനും" എന്നത് ചേർക്കുക.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

108. ദീർഘശീർഷകത്തിൽ, "ആസൂത്രിത വികസനം" എന്നീ വാക്കുകൾക്ക് മുൻപ് "ശാസ്ത്രീയമായ" എന്ന വാക്ക് ചേർക്കുക.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

112. ദീർഘശീർഷകത്തിൽ, "പ്രോത്സാഹിപ്പിക്കുന്നതിനും" എന്നവാക്കിന് ശേഷം "ശാസ്ത്രീയമായ" എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

114. ദീർഘശീർഷകത്തിൽ, "ക്രമീകരിക്കുന്നതിനും" എന്നതിനുശേഷം "സുസ്ഥിരമാക്കുന്നതിനും" എന്നത് ചേർക്കുക.

133. പീഠികയിലെ ഒന്നാം ഖണ്ഡികയിൽ "ക്രമീകരിക്കുന്നതിനും" എന്നതിന് ശേഷം "സുസ്ഥിരമാക്കുന്നതിനും" എന്നത് ചേർക്കുക.

155. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക:

“(2) ഇതിന് 2013 സെപ്റ്റംബർ 23-ാം തീയതി മുതൽ പ്രാബല്യമുണ്ടായിരിക്കുന്നതാണ്"

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

121. ദീർഘശീർഷകത്തിൽ, "ആവശ്യങ്ങളും" എന്ന വാക്കിനുശേഷം "മറ്റ് അടിസ്ഥാന" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

123. ദീർഘശീർഷകത്തിൽ, "സൗകര്യങ്ങളും" എന്ന വാക്കിനുപകരം "മറ്റ് ഭൗതിക സൗകര്യങ്ങളും" എന്നീ വാക്കുകൾ ചേർക്കുക.

143. പീഠികയിലെ ഒന്നാം ഖണ്ഡികയിൽ, "സൗകര്യങ്ങളും" എന്ന വാക്കിന് പകരം "മറ്റ് ഭൗതിക സൗകര്യങ്ങളും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

130. പീഠികയിലെ ഒന്നാം ഖണ്ഡികയിൽ, "ആസൂത്രിത വികസനം" എന്നീ വാക്കുകൾക്ക് പകരം "ആസൂത്രിത വികസന പ്രക്രിയ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വി. ടി. ബൽറാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

131. പീഠികയിലെ ഒന്നാം ഖണ്ഡികയിൽ, "പ്രോത്സാഹിപ്പിക്കുന്നതിനും" എന്ന വാക്കിനുശേഷം "ശാസ്ത്രീയമായ" എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 150-ാം നമ്പർ ഭേദഗതിയും 1039, 1040 എന്നീ ഒഫീഷ്യൽ ഭേദഗതികളും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 150-ാം നമ്പർ ഭേദഗതിയും മന്ത്രി അവതരിപ്പിച്ച 1039, 1040 എന്നീ നമ്പർ ഒഫീഷ്യൽ ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 105, 110, 115, 136 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 107, 109, 116, 119, 120, 124, 127, 129, 135, 139, 140, 144 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 108-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 112-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 114, 133, 155 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 121-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 123, 143 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 130-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ടി. ബൽറാം അവതരിപ്പിച്ച 131-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, 2015-ലെ കേരള നഗര-ഗ്രാമാസൂത്രണ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ സംസാരിക്കുന്നുണ്ടോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, ഇതൊരു പുതിയ ബിൽ ആണ്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാകുന്ന രീതിയിലാണ് ഇത് പ്രിപ്പയർ ചെയ്തിട്ടുള്ളത്. ഞാൻ എന്റെ പ്രസംഗത്തിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുന്നു.*

---

* അനുബന്ധമായി ചേർത്തിരിക്കുന്നു.

മി. സ്പീക്കർ: 2015-ലെ കേരള നഗര-ഗ്രാമാസൂത്രണ ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

നാളെ പരിഗണിക്കാനുള്ള ബില്ലുകളുംകൂടി ഇന്ന് പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ചിരുന്നു. പ്രമേയം സഭ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ നാളെ പരിഗണിക്കാനുള്ള ബില്ലുകളുംകൂടി ഇന്ന് പരിഗണനയ്ക്കെടുക്കുകയാണ്.

## (ii) 2016-ലെ കേരള ഭൂനികുതി (ഭേദഗതി) ബിൽ

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള ഭൂനികുതി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന് വിയോജനക്കുറിപ്പ് നൽകിയിട്ടുള്ള അംഗങ്ങളാരും സഭയിൽ ഇല്ല. ബഹുമാനപ്പെട്ട മിനിസ്റ്റർ സംസാരിക്കുന്നുണ്ടോ?

(പ്രതിപക്ഷാംഗങ്ങൾ സഭയിൽ ഹാജരല്ലാതിരുന്നതിനാൽ വിയോജനക്കുറിപ്പ് അവതരിപ്പിച്ചില്ല.)

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ഇന്ന് 13-ാം കേരള നിയമസഭയുടെ അവസാന ദിനമാണ്. ഈ ദിനത്തിൽ കേരളത്തിലെ കർഷകർക്ക് അനുകൂലമായ ഒരു ഭേദഗതി ബിൽ കൊണ്ടുവരാൻ കഴിഞ്ഞതിൽ വളരെയധികം ചാരിതാർത്ഥ്യമുണ്ട്. 2011-12 കാലയളവിലാണ് സംസ്ഥാനത്തിന്റെ അടിസ്ഥാന ഭൂനികുതി പഞ്ചായത്ത് പ്രദേശങ്ങളിൽ ഒരു ആറിന് ഒരു രൂപ നിരക്കിലും മുനിസിപ്പൽ കൗൺസിൽ, ടൗൺഷിപ്പ് പ്രദേശങ്ങളിൽ ഒരു ആറിന് രണ്ട് രൂപ നിരക്കിലും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ ഒരു ആറിന് 4 രൂപ നിരക്കിലുമായിരുന്നു. സംസ്ഥാന ഗവൺമെന്റിന്റെ 2012-13-ലെ

ബഡ്ജറ്റിൽ 1-4-2012 മുതൽ പഞ്ചായത്ത് പ്രദേശങ്ങളിൽ ഒരു ആറിന് 2 രൂപ നിരക്കിലും മുനിസിപ്പൽ കേർപ്പറേഷൻ പ്രദേശങ്ങളിൽ ഒരു ആറിന് 4 രൂപ നിരക്കിലും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ ഒരു ആറിന് 8 രൂപ നിരക്കിലും അടിസ്ഥാന ഭൂനികുതി പുതുക്കി നിശ്ചയിക്കുകയുണ്ടായി. 2014 സെപ്റ്റംബറിൽ സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിലേയ്ക്കായി അധിക ധനസമാഹരണ നടപടികളുടെ ഭാഗമായി 1961-ലെ കേരള ഭൂനികുതി ആക്റ്റ് ഭേദഗതി ചെയ്ത് ഭൂമിയുടെ നികുതി വർദ്ധിപ്പിച്ചിരുന്നു. 2014 ഭൂനികുതി ചുമത്തൽ ഭേദഗതി ആക്റ്റിലൂടെയാണ് ഭേദഗതി വരുത്തിയത്. പ്രസ്തുത ഭേദഗതി നിയമമനുസരിച്ച് പഞ്ചായത്ത് പ്രദേശങ്ങളിൽ ഒരു ആറിന് 5 രൂപയും മുനിസിപ്പൽ ടൗൺഷിപ്പ് പ്രദേശങ്ങളിൽ ഒരു ആറിന് 10 രൂപയും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ ഒരു ആറിന് 20 രൂപയും ആയി വർദ്ധിപ്പിക്കുകയുണ്ടായി. എന്നാൽ ഈ ഭൂമിയുടെ വിസ്തീർണ്ണം പഞ്ചായത്ത് പ്രദേശത്ത് 8.1 ആർ അതായത് 20 സെന്റിൽ കവിയാത്തിടത്ത് 2.50 പൈസയും ടൗൺ പഞ്ചായത്ത് പ്രദേശങ്ങളിൽ 2.43 ആർ അതായത് 6 സെന്റ് കവിയാത്തിടത്ത് 5 രൂപയും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ 1.62 ആർ അതായത് 4 സെന്റ് കവിയാത്തിടത്ത് 10 രൂപയും ആക്കിയിരുന്നു. ഇത് സാധാരണ കർഷകർ പ്രതീക്ഷിക്കാത്ത ഒരു വർദ്ധനവായിരുന്നു. നാണ്യവിളകളുടെ വിലയിലുണ്ടായ ഇടിവുമൂലം ചെറുകിട കർഷകർ ദുരിതമനുഭവിക്കുകയാണെന്ന് സർക്കാർ മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് 2 ഹെക്ടർ വരെ ഭൂമിയുള്ളവർക്ക് പഴയ നിരക്കിലും 2 ഹെക്ടറിൽ കൂടുതൽ ഭൂമിയുള്ളവർക്ക് ആദ്യത്തെ 2 ഹെക്ടറിന് പഴയ നിരക്കിലും അതിൽകൂടുതൽ വരുന്ന ഭൂമിക്ക് പുതുക്കിയ ഭൂനികുതി ഈടാക്കുവാനും തീരുമാനിച്ചത്. അതിന്റെ അടിസ്ഥാനത്തിലാണ് ഓർഡിനൻസ് കൊണ്ടുവരാൻ ഇടയായത്. ഇപ്പോൾ പുതുക്കി നിശ്ചയിച്ചതനുസരിച്ച് പഞ്ചായത്ത് പ്രദേശങ്ങളിൽ 8 ആർ (20 സെന്റ്) വരെ ഓരോ ആറിനും ഒരു രൂപയും 2 ഹെക്ടർ (4 ഏക്കർ 94 സെന്റ്) വരെ ഒരോ ആറിനും 2 രൂപയും 2 ഹെക്ടറിന് മുകളിൽ 400 രൂപയും 2 ഹെക്ടറിൽ അധികം വരുന്ന ഭൂമിക്ക് ഓരോ ആറിനും 5 രൂപ വീതവും മുനിസിപ്പൽ കൗൺസിൽ/ടൗൺ/പഞ്ചായത്ത് പ്രദേശങ്ങളിൽ 3 ആർ (7.41 സെന്റ്) വരെ ഓരോ ആറിനും 2 രൂപയും 2 ഹെക്ടർ വരെ ഓരോ ആറിനും 4 രൂപയും 2 ഹെക്ടറിന് മുകളിൽ 800 രൂപയും 2 ഹെക്ടറിൽ അധികം വരുന്ന ഭൂമിക്ക് ഓരോ ആറിനും 10 രൂപയും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ 2 ആർ (4.94 സെന്റ്) വരെ ഓരോ ആറിനും 4 രൂപയും 2 ഹെക്ടർ (4 ഏക്കർ

94 സെന്റ്) വരെ ഓരോ ആറിനും 8 രൂപയും 2 ഹെക്ടറിന് മുകളിൽ 1600 രൂപയും 2 ഹെക്ടറിൽ അധികം വരുന്ന ഭൂമിക്ക് ഓരോ ആറിനും 20 രൂപ വീതവും ചുമത്താൻ ഉദ്ദേശിച്ചുള്ളതാണ് ഈ ബിൽ. സബ്ജക്ട് കമ്മിറ്റിയിൽ ഇക്കാര്യങ്ങൾ ചർച്ച ചെയ്തതാണ്. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ഈ ബിൽ പാസ്സാക്കിത്തരണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള ഭൂനികുതി (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു. രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

(ഭേദഗതി ഇല്ല)

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും

(ഭേദഗതി ഇല്ല)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള ഭൂനികുതി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2016-ലെ കേരള ഭൂനികുതി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

(iii) 2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ബിൽ

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മിനിസ്റ്റർ സംസാരിക്കുന്നുണ്ടോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (<u>ഡോ. എം. കെ. മുനീർ</u>): സർ, ഇത്രയുംനാൾ അങ്കണവാടി വർക്കർമാർക്കും അങ്കണവാടി ഹെൽപ്പർമാർക്കുമുള്ള ഫണ്ട് കൈകാര്യം ചെയ്തിരുന്നത് ഉദ്യോഗസ്ഥ തലത്തിലായിരുന്നു. പ്രതിനിധികളുടെ പങ്കാളിത്തത്തോടെ അതൊരു ക്ഷേമനിധിയാക്കി മാറ്റി, സ്റ്റാറ്റ്യൂട്ടറി പദവി നൽകിക്കൊണ്ട് ബിൽ ആക്കിയിരിക്കുകയാണ്. ഇത് രണ്ടാമത്തെ ചരിത്ര ബില്ലാണ്. ശ്രീ. മഞ്ഞളാംകുഴി അലി, അദ്ദേഹം അവതരിപ്പിച്ച ബിൽ ചരിത്രമാണെന്ന് പറയുകയുണ്ടായി. ഈ ബില്ലും ചരിത്രമാണ്.

<u>മി. സ്പീക്കർ</u>: ഭേദഗതികൾ നൽകിയിട്ടുള്ള പ്രതിപക്ഷാംഗങ്ങൾ ഇപ്പോൾ സഭയിലില്ല.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

<u>രണ്ടാം വകുപ്പ്</u>

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (<u>ഡോ. എം. കെ. മുനീർ</u>): സർ, 136, 137 എന്നീ നമ്പർ ഭേദഗതികൾ സമാനസ്വാഭാവമുള്ളതാണ്. ആയതിനാൽ 136 ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

136. ഖണ്ഡം 2-ൽ "ഹോണറേറിയം" എന്ന വാക്ക് വരുന്നിടത്തെല്ലാം "ഓണറേറിയം" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

142. ഖണ്ഡം 2(സി)-ൽ, "ഹെൽപ്പർമാരിൽ" എന്നതിന് പകരം "ഹെൽപ്പർ തസ്തികയിൽ" എന്നത് ചേർക്കുക.

14. ഖണ്ഡം 2(സി)-ൽ, "സ്ഥലംമാറ്റം" എന്നതിന് പകരം "തസ്തിക മാറ്റം" എന്നത് ചേർക്കുക.

144. ഖണ്ഡം 2(സി)-ൽ, "ഹോണറേറിയം" എന്ന വാക്കിനുപകരം "ഓണറേറിയം" എന്ന വാക്ക് ചേർക്കുക.

146. ഖണ്ഡം 2(സി)-ൽ, "അംഗീകരിച്ച" എന്ന വാക്കിനുപകരം "പുറപ്പെടുവിച്ച" എന്ന വാക്ക് ചേർക്കുക.

148. ഖണ്ഡം 2(ഡി)-ൽ, "സ്ഥലംമാറ്റം" എന്നതിനുപകരം "തസ്തികമാറ്റം" എന്നത് ചേർക്കുക.

149. ഖണ്ഡം 2(ഡി)-ൽ, "ഹോണറേറിയം" എന്നതിനുപകരം "ഓണറേറിയം" എന്നത് ചേർക്കുക.

151. ഖണ്ഡം 2(ഡി)-ൽ, " അംഗീകരിച്ച" എന്നതിനുപകരം "പുറപ്പെടുവിച്ച" എന്നത് ചേർക്കുക.

155. ഖണ്ഡം 2(എച്ച്)-ൽ, "ആശ്രിതൻ" എന്ന വാക്കിനുപകരം "ആശ്രിതർ" എന്ന വാക്ക് ചേർക്കുക.

157. ഖണ്ഡം 2(എച്ച്)-ൽ, "അംഗത്തെ മാത്രം" എന്നീ വാക്കുകൾക്ക് മുൻപ് "അവിവാഹിതരായ സഹോദരിമാർ," എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

158. ഖണ്ഡം 2(എച്ച്)-ൽ, "അച്ഛൻ അല്ലെങ്കിൽ അമ്മ" എന്നതിനുപകരം "മാതാപിതാക്കൾ" എന്നത് ചേർക്കുക.

162. ഖണ്ഡം 2(എൻ)-ൽ, "താഴെയുള്ള" എന്നതിനുപകരം "താഴെ പ്രായമുള്ള" എന്നത് ചേർക്കുക.

163. ഖണ്ഡം 2(എൻ)-ൽ, "ഒക്ടോബർ" എന്ന വാക്കിനുശേഷം "മാസം" എന്ന വാക്ക് ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

156. ഖണ്ഡം 2(എച്ച്)-ൽ, "പ്രായപൂർത്തിയാകാത്ത മക്കൾ" എന്നതിനുശേഷം "കാൻസർ, ഹീമോഫീലിയ തുടങ്ങിയ ഗുരുതരരോഗങ്ങൾ ബാധിച്ച മുതിർന്ന മക്കൾ" എന്നത് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

145. ഖണ്ഡം 2(സി)-ൽ, "ഹോണറേറിയം" എന്നതിന് പകരം "ഓണറേറിയം" എന്നത് ചേർക്കുക.

150. ഖണ്ഡം 2(ഡി)-ൽ, "ഹോണറേറിയം" എന്നതിനുപകരം "ഓണറേറിയം" എന്ന് ഭേദഗതി ചെയ്യുക.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (<u>ഡോ. എം. കെ. മുനീർ</u>): ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 143, 148, 155 എന്നീ നമ്പർ ഭേദഗതികൾ അംഗീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: മന്ത്രി അവതരിപ്പിച്ച 136 -ാം നമ്പർ ഔദ്യോഗിക ഭേദഗതിയും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 143, 148, 155 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 142, 144, 146, 149, 151, 157, 158, 162, 163 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 156-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 145, 150 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>മൂന്നാം വകുപ്പ്</u>

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (<u>ഡോ. എം. കെ. മുനീർ</u>): സർ, ഞാൻ ശ്രീ. എം. എ. വാഹീദിന്റെ 194-ാം നമ്പർ ഭേദഗതിയും ശ്രീ. പി. എ. മാധവന്റെ 198-ാം നമ്പർ ഭേദഗതിയും ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

194. ഖണ്ഡം 3(5)(ബി)-ൽ "ആശ്രിതന്" എന്നതിന് പകരം "ആശ്രിതർക്ക്" എന്ന് ചേർക്കുക.

198. ഖണ്ഡം 3(5)(ഇ)-ൽ, "ആശ്രിതന്" എന്നതിനുപകരം "ആശ്രിതർക്ക്" എന്നത് ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

166. ഖണ്ഡം 3(1)-ൽ, "കഴിയുന്നത്രയും വേഗം" എന്ന വാക്കിനുപകരം "മുപ്പത് ദിവസങ്ങൾക്കുള്ളിൽ" എന്നീ വാക്കുകൾ ചേർക്കുക.

178. ഖണ്ഡം 3(5)(എ)-ൽ, "പത്ത്" എന്ന വാക്കിനുപകരം "എട്ട്" എന്ന വാക്ക് ചേർക്കുക.

200. ഖണ്ഡം 3(5)(ജി)-ൽ, "ചികിത്സ" എന്ന വാക്കിനുപകരം "വിദ്യാഭ്യാസത്തിനും ചികിത്സയ്ക്കും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

170. ഖണ്ഡം 3(3)(ഡി)-ൽ, "സ്വമേധയാ കൊടുത്തിട്ടുള്ള" എന്നതിനുപകരം "നൽകിയിട്ടുള്ള" എന്നത് ചേർക്കുക.

172. ഖണ്ഡം 3(3)(ജി)-ൽ, "നൽകിയേക്കാവുന്ന" എന്നതിനുപകരം "നൽകുന്ന" എന്നത് ചേർക്കുക.

177. ഖണ്ഡം 3(4)-ൽ, "നിധി" എന്നതിനുപകരം "നിധിയുടെ നിയന്ത്രണം" എന്നത് ചേർക്കുക.

183. ഖണ്ഡം 3(5)(എ)-ൽ, "സേവനത്തിൽ" എന്ന വാക്കിനുമുൻപ് "മറ്റേതെങ്കിലും കാരണത്താലോ" എന്നീ വാക്കുകൾ ചേർക്കുക.

185. ഖണ്ഡം 3(5)(എ)-ക്കുശേഷം വരുന്ന വിശദീകരണം 1-ൽ, "ജോലിയിൽ" എന്ന വാക്കിനുമുൻപ് "മറ്റേതെങ്കിലും കാരണത്താലോ" എന്ന് ചേർക്കുക.

186. ഖണ്ഡം 3(5)(എ)-ക്കുശേഷം വരുന്ന വിശദീകരണം 1-ൽ, "ജോലിയിൽ" എന്ന വാക്കിനുപകരം "സേവനത്തിൽ" എന്ന വാക്ക് ചേർക്കുക.

191. ഖണ്ഡം 3(5)(എ)-ക്കുശേഷം വരുന്ന വിശദീകരണം 2-ൽ, "അടച്ച" എന്നതിനുപകരം "നിക്ഷേപിച്ച " എന്ന് ചേർക്കുക.

206. ഖണ്ഡം 3(5)(എച്ച്)-ൽ, "വനിതാ" എന്ന വാക്ക് ഒഴിവാക്കുക.

212. ഖണ്ഡം 3(5)(ഐ)-ൽ, "ഭവനം നിർമ്മിക്കുന്നതിനും" എന്നതിനുപകരം "ഭവന നിർമ്മാണത്തിനും" എന്നത് ചേർക്കുക.

213. ഖണ്ഡം 3 (5)(ഐ)-ൽ, "വീടുള്ള അംഗത്തിന് വീട്" എന്നതിനു പകരം "വീടുള്ളവർക്ക് അത്" എന്നത് ചേർക്കുക.

216. ഖണ്ഡം 3(6)-ൽ, "ഉണ്ടാക്കേണ്ടതില്ലെന്ന്" എന്നതിനുപകരം "റദ്ദാക്കാൻ" എന്നത് ചേർക്കുക.

217. ഖണ്ഡം 3(6)-ൽ, "രൂപഭേദപ്പെടുത്തലുകൾ" എന്നതിനുപകരം "ഭേദഗതി" എന്നത് ചേർക്കുക.

ശ്രീ. സി. പി. മുഹമ്മദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

171. ഖണ്ഡം 3(3)(ഡി)-ക്കുശേഷം താഴെപ്പറയുന്നത് (ഇ) ആയി ചേർത്ത് ശേഷിക്കുന്നവ പുനഃക്രമീകരിക്കുക:

"(ഇ) ഏതെങ്കിലും സംഘടനയോ സ്ഥാപനമോ വ്യക്തിയിൽ നിന്നോ വസൂലാക്കിയ നഷ്ടപരിഹാരം;"

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

176. ഖണ്ഡം 3(3)(ജെ)-ൽ, "മറ്റു സ്രോതസ്സുകളിൽ നിന്നും" എന്നതിനുശേഷം "സർക്കാർ അനുമതിയോടെ" എന്നത് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

181. ഖണ്ഡം 3(5)(എ)-ൽ, "ഏതൊരംഗത്തിനും" എന്നതിനുശേഷം "അയാളുടെ സേവനകാലാവധി പൂർത്തിയാകുമ്പോഴോ" എന്ന് ചേർക്കുക.

193. ഖണ്ഡം 3(5)(ബി)-ൽ "ആശ്രിതന്" എന്നത് "ആശ്രിതർക്ക് " എന്ന് ഭേദഗതി ചെയ്യുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

182. ഖണ്ഡം 3(5)(എ)-ൽ, "അയാൾ" എന്ന വാക്കിന് പകരം "ആ അംഗം" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

184. ഖണ്ഡം 3(5)(എ)-ൽ, "വിനിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള" എന്നീ വാക്കുകൾക്ക് പകരം "നിർദ്ദേശിക്കുന്ന വിധത്തിലുള്ള" എന്നീ വാക്കുകൾ ചേർക്കുക.

202. ഖണ്ഡം 3(5)(എച്ച്)-ൽ

(i) "അംഗങ്ങളുടെയും അംഗങ്ങളുടെ" എന്നീ വാക്കുകൾക്കുപകരം "അംഗത്തിന്റെയും, അംഗത്തിന്റെ" എന്നീ വാക്കുകൾ ചേർക്കുക.

(ii) "വനിതാ" എന്ന വാക്ക് ഒഴിവാക്കുക.

214. ഖണ്ഡം 3 (6)-ൽ, "പദ്ധതിയിൽ എന്തെങ്കിലും രൂപഭേദപ്പെടുത്തലുകൾ വരുത്തുകയോ ആ പദ്ധതി ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ആ പദ്ധതിക്ക് അതിനുശേഷം, അതതു സംഗതിപോലെ, അപ്രകാരം രൂപഭേദപ്പെടുത്തൽ വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും, എന്നിരുന്നാലും അപ്രകാരമുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ പദ്ധതി പ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്" എന്നീ വാക്കുകൾക്ക് പകരം "പദ്ധതിയിൽ എന്തെങ്കിലും രൂപഭേദപ്പെടുത്തലുകൾ വരുത്തുന്നപക്ഷം ആ പദ്ധതിക്ക് അതിനുശേഷം അപ്രകാരം രൂപഭേദപ്പെടുത്തൽ വരുത്തിയ വിധത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുന്നതും എന്നാൽ അപ്രകാരമുള്ള രൂപഭേദപ്പെടുത്തൽ ആ പദ്ധതി പ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരുത്തുന്നതല്ലാത്തതുമാണ് " എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ഹൈബി ഈഡൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

207. ഖണ്ഡം 3(5)(എച്ച്)-ന്റെ ക്ലിപ്തനിബന്ധനയായി താഴെപ്പറയുന്നത് ചേർക്കുക.

"എന്നാൽ, അംഗങ്ങളുടെ പ്രസവ സംബന്ധമായ സാമ്പത്തിക സഹായം രണ്ട് പ്രാവശ്യത്തിൽ കൂടുതൽ ലഭിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല."

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

209. ഖണ്ഡം 3(5)(എച്ച്)-നുശേഷം താഴെപ്പറയുന്നത് (ഐ) ആയി ചേർത്ത് ശേഷിക്കുന്നവ പുനഃക്രമീകരിക്കുക.

"(ഐ) അംഗങ്ങളുടെ നിർണ്ണയിക്കപ്പെടാവുന്ന ചില നിബന്ധനകൾക്ക് വിധേയമായി അംഗങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസ ചെലവുകൾ നൽകുന്നതിന്;"

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (<u>ഡോ. എം. കെ. മുനീർ</u>): ശ്രീ. കെ.എൻ.എ. ഖാദർ അവതരിപ്പിച്ച 181, 193 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: മന്ത്രി അവതരിപ്പിച്ച 194, 198 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികളും ശ്രീ. കെ.എൻ.എ. ഖാദർ അവതരിപ്പിച്ച 181, 193 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 166, 178, 200 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 170, 172, 177, 183, 185, 186, 191, 206, 212, 213, 216, 217 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. പി. മുഹമ്മദ് അവതരിപ്പിച്ച 171-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 176-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 182-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 184, 202, 214 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഹൈബി ഈഡൻ അവതരിപ്പിച്ച 207-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 209-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.......

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

221. ഖണ്ഡം 4(1)-ൽ, "നൽകേണ്ടതാണ്" എന്ന വാക്കിനുപകരം "അടയ്ക്കേണ്ടതാണ്" എന്ന വാക്ക് ചേർക്കുക.

226. ഖണ്ഡം 4(3)-ൽ "പരമാവധി" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

224. ഖണ്ഡം 4(2)-ൽ "നൂറ് രൂപ" എന്നതിന് പകരം "ഇരുന്നൂറ് രൂപ " എന്നത് ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

227. ഖണ്ഡം 4 (3)-ൽ "അഞ്ഞൂറ്" എന്ന വാക്കിനുപകരം "മുന്നൂറ്" എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

231. ഖണ്ഡം 4(4)-ൽ "അംശദായം"എന്ന വാക്കിന് ശേഷം "നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള രൂപത്തിൽ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

233. ഖണ്ഡം 4 താഴെപ്പറയും പ്രകാരം മാറ്റുക:

"4. നിധിയിലേക്കുള്ള അംശദായം:—

(1) ക്ഷേമനിധിയിൽ അംഗമായ ഓരോ അങ്കണവാടി ഹെൽപ്പറും പ്രതിമാസ ഹോണറേറിയത്തിന്റെ രണ്ടു ശതമാനം വരുന്ന തുക നിധിയിലേക്ക് അംശദായമായി നൽകേണ്ടതാണ്."

(2) സർക്കാരിന്, വിജ്ഞാപനംവഴി (1)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന അംശദായനിരക്ക്, പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പ് കണക്കിലെടുത്ത് മൂന്ന് ശതമാനം മുതൽ പരമാവധി അഞ്ചുശതമാനം വരെയായി പരിഷ്കരിക്കാവുന്നതാണ്.

(3) പദ്ധതിയിൽ നിർദ്ദേശിക്കുന്ന രീതിയിലും വിധത്തിലും അംശദായം നൽകേണ്ടതാണ്."

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ ഏതെങ്കിലും ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 221, 226 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 224-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 227-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 231-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 233-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അഞ്ചാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

234. ഖണ്ഡം 5(1)-ൽ, "പ്രവേശിക്കപ്പെടുന്നതിന്" എന്ന വാക്കിനുപകരം " ചേരുന്നതിന്" എന്ന വാക്ക് ചേർക്കുക.

236. ഖണ്ഡം 5(2)-ൽ, "അപേക്ഷകനെ" എന്നതിനുപകരം "അപേക്ഷകയെ" എന്നത് ചേർക്കുക.

237. ഖണ്ഡം 5(2)-ന്റെ ഒന്നാമത്തെ ക്ലിപ്തനിബന്ധനയിൽ, "അപേക്ഷകന്" എന്നതിനു പകരം " അപേക്ഷകയ്ക്ക്" എന്നത് ചേർക്കുക.

240. ഖണ്ഡം 5(3)-ൽ, "അപേക്ഷകനും" എന്നതിനുപകരം "അപേക്ഷകയും" എന്നത് ചേർക്കുക.

241. ഖണ്ഡം 5(3)-ൽ, "വിനിർദ്ദേശിക്കപ്പെടാവുന്ന" എന്നതിനുപകരം "നിർണ്ണയിക്കപ്പെടാവുന്ന" എന്നത് ചേർക്കുക.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

238. ഖണ്ഡം 5(2)-ന്റെ ഒന്നാമത്തെ ക്ലിപ്തനിബന്ധനയിൽ, "അപേക്ഷകന്" എന്നതിനുപകരം "അപേക്ഷകയ്ക്ക്" എന്നത് ചേർക്കുക.

243. ഖണ്ഡം 5(4)-ൽ "രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്" എന്നതിനുപകരം "രജിസ്റ്റർ സൂക്ഷിക്കേണ്ടതും പാസ്സ് ബുക്കിൽ വരവ് വയ്ക്കേണ്ടതുമാണ്" എന്നത് ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

235. ഖണ്ഡം 5(2)-ൽ, "നടത്താവുന്നതും" എന്ന വാക്കിനുപകരം "നടത്തി അപേക്ഷകൻ നല്കിയിരിക്കുന്ന വിവരങ്ങളുടെ നിജസ്ഥിതി ഉറപ്പുവരുത്തേണ്ടതും" എന്നീ വാക്കുകൾ ചേർക്കുക.

<u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

242. ഖണ്ഡം 5(4)-ൽ, "അംഗത്വ സർട്ടിഫിക്കറ്റും" എന്നതിനുശേഷം "തിരിച്ചറിയൽ കാർഡും" എന്നത് ചേർക്കുക.

<u>ശ്രീ. കെ. എൻ. എ. ഖാദർ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

244. ഖണ്ഡം 5(5)-ൽ, "ഒരംഗം" എന്നതിനുപകരം "ഏതൊരംഗവും" എന്നത് ചേർക്കുക.

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട മിനിസ്റ്റർ ഏതെങ്കിലും ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി <u>(ഡോ. എം. കെ. മുനീർ):</u> സർ, ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 242-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

<u>മി. സ്പീക്കർ:</u> ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 242-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 234, 236, 237, 240, 241 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 235-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 244-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച 238, 243 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ആറാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

247. ഖണ്ഡം 6(1)-ൽ, "റദ്ദാക്കാവുന്നതാണ്" എന്നതിനുപകരം "റദ്ദാക്കാവുന്നതും അങ്ങനെയുള്ള ആനുകൂല്യം തിരികെ ഈടാക്കുന്നതിന് റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണ്" എന്നത് ചേർക്കുക.

ശ്രീ. വർക്കല കഹാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

249. ഖണ്ഡം 6(2)-ൽ, "ആറുമാസക്കാലം" എന്നതിന് പകരം "ഏഴുമാസക്കാലം" എന്നത് ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

250. ഖണ്ഡം 6(2)-ൽ, "ആറുമാസക്കാലം" എന്ന വാക്കിനുപകരം "ഒരു വർഷക്കാലം" എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ ഏതെങ്കിലും ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 247-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വർക്കല കഹാർ അവതരിപ്പിച്ച 249-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 250-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഏഴാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

253. ഖണ്ഡം 7-ൽ, "ഒരംഗത്തിന്" എന്നതിനുശേഷം "ബോർഡിന്റെ തീരുമാനത്തിന് വിധേയമായി" എന്നത് ചേർക്കുക.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

254. ഖണ്ഡം 7-ൽ, "ആറ് മാസത്തിനകം" എന്നതിന് പകരം "ഏഴ് മാസത്തിനകം" എന്നത് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

255. ഖണ്ഡം 7-ൽ, "ആറ് മാസത്തിനകം" എന്നതിന് പകരം "ഒരു വർഷത്തിനകം" എന്നത് ചേർക്കുക.

261. ഖണ്ഡം 7-ൽ, "പുനരുജ്ജീവിപ്പിച്ച്" എന്നതിനുപകരം "പുനഃസ്ഥാപിച്ച്" എന്നത് ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

257. ഖണ്ഡം 7-ൽ, "ആറ് മാസത്തിനകം പന്ത്രണ്ട്" എന്നതിന് പകരം "ഒരു വർഷത്തിനകം പത്ത് " എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ ഏതെങ്കിലും ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 253-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 254-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 255, 261 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 257-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എട്ടാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

262. ഖണ്ഡം 8-ൽ,

(i) "ഓരോ വർഷവും" എന്നത് ഒഴിവാക്കുക.

(ii) "ചേരേണ്ടതാണ്" എന്നതിന് പകരം "ചേരേണ്ടതും ഓരോ വർഷവും പോളിസി പുതുക്കേണ്ടതുമാണ് " എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 262-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒൻപതാം വകുപ്പ്

ശ്രീ. സി. പി. മുഹമ്മദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

267. ഖണ്ഡം 9(2)-ൽ "പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതും" എന്നതിന് പകരം " ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു" എന്നത് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

268. ഖണ്ഡം 9(2)-ൽ "സംഗതിയുടെ" എന്നതിനുപകരം " തീരുമാനത്തിന്റെ" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. സി. പി. മുഹമ്മദ് അവതരിപ്പിച്ച 267-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 268-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പത്താം വകുപ്പ്

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

269. ഖണ്ഡം 10(1)-ൽ, "സർക്കാരിന്" എന്നതിന് ശേഷം "ഗസറ്റ്" എന്നത് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

270. ഖണ്ഡം 10(1)-ൽ, "വിജ്ഞാപനംവഴി" എന്നീ വാക്കുകൾക്ക് മുൻപ് "ഗസറ്റ്" എന്ന് ചേർക്കുക.

274. ഖണ്ഡം 10(1)-ൽ, "മേൽനോട്ടം" എന്നതിനുപകരം "ചുമതല" എന്നത് ചേർക്കുക.

286. ഖണ്ഡം 10(3)(iii)-ൽ, "വനിതകളെയും" എന്നതിനുപകരം "സ്ത്രീകളെയും" എന്നത് ചേർക്കുക.

295. ഖണ്ഡം 10(3)(v)-ൽ, "താഴെയല്ലാത്ത" എന്നതിനുപകരം "കുറയാത്ത" എന്ന് ചേർക്കുക.

296. ഖണ്ഡം 10(3)(vi)-ൽ, "താഴെയല്ലാത്ത" എന്നതിനുപകരം "കുറയാത്ത" എന്ന് ചേർക്കുക.

297. ഖണ്ഡം 10(3)(vii)-ൽ, "ഡെപ്യൂട്ടി" എന്നതിനുപകരം "ജോയിന്റ്" എന്നത് ചേർക്കുക.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

271. ഖണ്ഡം 10(1)-ൽ, "അതിൽ വിനിർദ്ദേശിക്കപ്പെടുന്ന" എന്നതിന് പകരം "പ്രത്യേകം നിർദ്ദേശിക്കാവുന്ന" എന്നത് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

272. ഖണ്ഡം 10(1)-ൽ, "മുതൽ" എന്ന വാക്ക് ഒഴിവാക്കുക.

279. ഖണ്ഡം 10(3)(ii)-ൽ, "നാല് അംഗങ്ങൾ" എന്നതിനു പകരം "രണ്ട് വീതം അംഗങ്ങൾ" എന്നത് ചേർക്കുക.

287. ഖണ്ഡം 10(3)(iii)-ൽ, "പ്രാപ്തിയും ഉള്ള" എന്നതിനുശേഷം "നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള യോഗ്യതകളുള്ള" എന്നത് ചേർക്കുക.

293. ഖണ്ഡം 10(3)(v)-ൽ, "സാമൂഹ്യനീതി വകുപ്പിലെ" എന്നതിനുപകരം "ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ" എന്നത് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

288. ഖണ്ഡം 10 (3) (iii)-ൽ, "ഒരു വിദഗ്ദ്ധൻ" എന്നതിനുപകരം "ഒരു വിദഗ്ദ്ധ അല്ലെങ്കിൽ വിദഗ്ദ്ധൻ" എന്നത് ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

291. ഖണ്ഡം 10(3)(iii)-ൽ, "വിദഗ്ദ്ധൻ" എന്ന വാക്കിന് പകരം "വിദഗ്ദ്ധ" എന്ന വാക്ക് ചേർക്കുക.

294. ഖണ്ഡം 10(3)(v)-ൽ, "വകുപ്പിലെ" എന്ന വാക്കിന് പകരം "വകുപ്പിൽ രണ്ട് വർഷത്തിൽ കുറയാത്ത സേവന പരിചയമുള്ള ജോയിന്റ്/" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതികൾ ഏതെങ്കിലും സ്വീകരിക്കുന്നുണ്ടോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 269-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 270, 274, 286, 295, 296, 297 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 271-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 272, 279, 287, 293 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 288-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 291, 294 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനൊന്നാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

302. ഖണ്ഡം 11(1)-ൽ, "ബിസിനസ്സ് നടത്തിപ്പിനായി" എന്നതിനുപകരം "പ്രവർത്തനങ്ങൾക്കായി" എന്നത് ചേർക്കുക.

310. ഖണ്ഡം 11(2)-ൽ "പകുതിയിലധികം" എന്നതിനുപകരം "അൻപത് ശതമാനം " എന്നത് ചേർക്കുക.

313. ഖണ്ഡം 11(4)-ൽ "ചെയർപേഴ്സൺ" എന്ന വാക്കിനുമുൻപ് വരുന്ന "യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കുന്ന" എന്നീ വാക്കുകൾ ഒഴിവാക്കുക.

314. ഖണ്ഡം 11(4)-ൽ "ചെയർപേഴ്സൺ അല്ലെങ്കിൽ" എന്നതിനുശേഷം "അദ്ദേഹത്തിന്റെ അഭാവത്തിൽ" എന്നത് ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

303. ഖണ്ഡം 11(1)-ൽ, "കുറഞ്ഞത് മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും" എന്നീ വാക്കുകൾക്കു പകരം "പ്രതിമാസം" എന്ന വാക്ക് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

307. ഖണ്ഡം 11(1) താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക:

"(i) ചെയർപേഴ്സണ് യുക്തമെന്ന് കരുതുന്ന അങ്ങനെയുള്ള സമയത്തും സംസ്ഥാനത്തിനുള്ളിലെ അങ്ങനെയുള്ള സ്ഥലത്തും ആവശ്യമുള്ളപ്പോഴെല്ലാം യോഗം വിളിച്ചു ചേർക്കാവുന്നതാണ്.

എന്നാൽ, കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും അങ്ങനെയുള്ള യോഗം ചേരേണ്ടതാണ്."

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ ഭേദഗതികൾ ഏതെങ്കിലും സ്വീകരിക്കുന്നുണ്ടോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 302, 310, 313, 314 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 303-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 307-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പന്ത്രണ്ടാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

318. ഖണ്ഡം 12(2)-ൽ, "ലിഖിതമായി" എന്നതിനുപകരം "രേഖാമൂലം" എന്നത് ചേർക്കുക.

320. ഖണ്ഡം 12(3)-ൽ, "കാലയളവിലേക്ക്" എന്നതിനുപകരം "ഔദ്യോഗിക കാലാവധിയിലേക്ക്" എന്നത് ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

321. ഖണ്ഡം 12(4)-ൽ, "അഭിപ്രായമുള്ളപക്ഷം" എന്നതിന് പകരം "ബോധ്യമാകുന്നപക്ഷം" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതികൾ ഏതെങ്കിലും സ്വീകരിക്കുന്നുണ്ടോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 318, 320 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 321-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിമൂന്നാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

324. ഖണ്ഡം 13 (1) (എ) താഴെപ്പറയും പ്രകാരം മാറ്റുക:

"(എ) അദ്ദേഹം ബുദ്ധിസ്ഥിരത ഇല്ലാത്ത ആളായിത്തീരുകയും അധികാരമുള്ള ഒരു കോടതി അപ്രകാരം പ്രഖ്യാപിക്കുകയോ ചെയ്യുകയോ;"

332. ഖണ്ഡം 13(1)(ഡി)-യുടെ ക്ലിപ്തനിബന്ധനയിൽ "ഒരു അംഗത്തെ" എന്നതിനുപകരം "യാതൊരാളെയും" എന്നത് ചേർക്കുക.

333. ഖണ്ഡം 13(2)-ൽ "അംഗം" എന്നതിനുശേഷം "," എന്ന ചിഹ്നം ചേർക്കുക.

334. ഖണ്ഡം 13(2)-ൽ, "ഉത്തരവാകാത്തപക്ഷം" എന്നതിന് പകരം "ഉത്തരവ് നൽകാത്തപക്ഷം," എന്നത് ചേർക്കുക.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

326. ഖണ്ഡം 13(1)(ബി)-യ്ക്ക് ശേഷം താഴെപ്പറയുന്നത് (സി) ആയി ചേർത്ത് ശേഷിക്കുന്നവ പുനഃക്രമീകരിക്കുക:

"(സി) സർക്കാരിന്റെ അഭിപ്രായത്തിൽ സാൻമാർഗ്ഗിക ദൂഷ്യം ഉൾപ്പെടുന്ന കുറ്റത്തിന് കുറ്റം സ്ഥാപിക്കപ്പെട്ട് തടവ് ശിക്ഷയ്ക്ക് വിധിക്കപ്പെടുകയോ അല്ലെങ്കിൽ; "

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

327. ഖണ്ഡം 13(1)(ബി)-ക്കുശേഷം താഴെപ്പറയുന്നത് (സി) ആയി ചേർത്ത് ശേഷിക്കുന്നവ പുനഃക്രമീകരിക്കുക:

"(സി) ജോലി ചെയ്യാൻ വിസമ്മതിക്കുകയോ, ജോലി ചെയ്യാൻ കഴിവില്ലാതായി തീരുകയോ; "

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

328. ഖണ്ഡം 13(1)(സി)-യിൽ, "ബോർഡിന്റെ അനുവാദം കൂടാതെ" എന്നീ വാക്കുകൾ ഒഴിവാക്കുക.

330. ഖണ്ഡം 13(1)(ഡി)-യിൽ, "കഴിവില്ലാത്തവനായി" എന്നതിനുപകരം "കഴിവില്ലാതായി" എന്നത് ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

329. ഖണ്ഡം 13(1)(സി)-ക്കുശേഷം താഴെപ്പറയുന്നത് (ഡി) ആയി ചേർത്ത് ശേഷിക്കുന്നവ പുന:ക്രമീകരിക്കുക.

"(ഡി) സാൻമാർഗ്ഗിക ദൂഷ്യം ഉൾപ്പെടെയുള്ള ഏതെങ്കിലും കുറ്റത്തിന് ഒരു ക്രിമിനൽ കോടതിയാൽ ശിക്ഷിക്കപ്പെട്ട ആളോ;"

331. ഖണ്ഡം 13(1)(ഡി)-യിൽ, "അഭിപ്രായമുള്ളപക്ഷം" എന്ന വാക്കിന് പകരം "ബോധ്യമാകുന്നപക്ഷം" എന്ന വാക്ക് ചേർക്കുക.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

336. ഖണ്ഡം 13(2)-ൽ, "മൂന്ന് വർഷക്കാലത്തേയ്ക്ക്" എന്നതിന് ശേഷം "അതേ" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതികൾ ഏതെങ്കിലും സ്വീകരിക്കുന്നുണ്ടോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 324, 332, 333, 334 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 326-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 327-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 328, 330 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 329, 331 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 336-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനാലാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

339. ഖണ്ഡം 14-ൽ, "പ്രകാരമുള്ള നിരക്കിൽ" എന്നതിന് പകരം "പ്രകാരം" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 339-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനഞ്ചാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

340. ഖണ്ഡം 15(1)-ൽ, "കർത്തവ്യങ്ങൾ" എന്നതിനുപകരം "കർത്തവ്യങ്ങളും ആവിഷ്കരിക്കുന്ന പദ്ധതിയും" എന്നത് ചേർക്കുക.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

341. ഖണ്ഡം 15(1)-ൽ, "കർത്തവ്യങ്ങൾ" എന്നതിന് പകരം "ചുമതലകളും, കർത്തവ്യങ്ങളും " എന്നത് ചേർക്കുക.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

342. ഖണ്ഡം 15(1)-ൽ, "നിർവ്വഹിക്കുന്നതിന്" എന്നതിന് ശേഷം "ബോർഡിനെ സഹായിക്കുവാൻ " എന്നത് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

344. ഖണ്ഡം 15 (1)-നുശേഷം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക:

"എന്നാൽ ബോർഡിന്റെ രൂപീകരണം കഴിഞ്ഞ് ഉടൻ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിലേക്കായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജീവനക്കാരെ നിയമിക്കാവുന്നതാണ്"

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

346. ഖണ്ഡം 15(3)-നുശേഷം താഴെപ്പറയുന്നത് ചേർക്കുക:

"(4) ബോർഡിലെ തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനം നടത്തുന്ന സമിതിയിൽ അതാത് സമയം ഭേദഗതി ചെയ്ത പ്രകാരമുള്ള 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിന്റെ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കേണ്ടതും ബോർഡ് രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുമ്പോൾ താൽക്കാലികമായി ഡെപ്യൂട്ടേഷൻ മുഖാന്തരം നിയമനം നടത്താവുന്നതുമാണ്."

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ ഭേദഗതികൾ ഏതെങ്കിലും സ്വീകരിക്കുന്നുണ്ടോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 340-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 341-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 342-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 344-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 346-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനാറാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

347. ഖണ്ഡം 16-ൽ "ഒരംഗത്തിന്റെ" എന്നതിനുപകരം "ഏതൊരംഗത്തിന്റെയും" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 347-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനേഴാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

350. ഖണ്ഡം 17-ൽ, “നൽകേണ്ടതാണ്" എന്നതിനുമുൻപിലായി "നിധിയിലേക്ക്" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 350-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനേഴാം വകുപ്പിനുശേഷമുള്ള പുതിയ വകുപ്പ്

മി. സ്പീക്കർ: ഭേദഗതി അവതരിപ്പിക്കപ്പെടാത്തതിനാൽ പതിനേഴാം വകുപ്പിന് ശേഷമുള്ള പുതിയ വകുപ്പ് ബില്ലിന്റെ ഭാഗമാക്കേണ്ടതില്ല.

പതിനെട്ടാം വകുപ്പ്

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

353. ഖണ്ഡം 18-ൽ, "അംഗീകാരത്തോടെ" എന്നതിനുപകരം "അനുമതിയോടെ" എന്നത് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

354. ഖണ്ഡം 18-ൽ, "അതത് സമയം" എന്നതിനുശേഷം "നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള സ്ഥാപനങ്ങളിൽ നിന്നും" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 353-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 354-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പത്തൊൻപതാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

356. ഖണ്ഡം 19-ൽ, "ഓരോ അനൗദ്യോഗിക അംഗവും" എന്നതിനുപകരം "ഏതൊരു അനൗദ്യോഗിക അംഗത്തിനെയും " എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 356-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പത്തൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപതാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

357. ഖണ്ഡം 20-ൽ, "ഒരംഗത്തിനോ" എന്നതിനുശേഷം "ഉദ്യോഗസ്ഥനോ" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 357-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയൊന്നാം വകുപ്പ്

ശ്രീ. സി. പി. മുഹമ്മദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

359. ഖണ്ഡം 21-ൽ, "സർക്കാരിന്" എന്നതിന് ശേഷം "ബോർഡുമായി ആലോചിച്ച ശേഷം" എന്നത് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

360. ഖണ്ഡം 21-ൽ, "അതത് സമയം" എന്നതിനുശേഷം "ആവശ്യമെന്ന് കരുതുന്ന വിഷയങ്ങളിൽ" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. സി. പി. മുഹമ്മദ് അവതരിപ്പിച്ച 359-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 360-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിരണ്ടാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

362. ഖണ്ഡം 22(1)-ൽ, "സർക്കാരിന്," "ഏതുസമയത്തും" എന്നീ വാക്കുകൾക്ക് ഇടയിലായി "ആവശ്യമെന്ന് കരുതുന്ന "എന്നത് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

363. ഖണ്ഡം 22(2)-ൽ, "നടത്തുന്നതിന് വേണ്ട" എന്നതിനുപകരം "നടത്തുന്നതിന് ആവശ്യമായ" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 362-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 363-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിമൂന്നാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

367. ഖണ്ഡം 23 താഴെപ്പറയും പ്രകാരം മാറ്റുക:—

"23. നിധിയുടെ കണക്കുകളും ആഡിറ്റും ആഡിറ്റർമാരുടെ നിയമനവും

(1) ബോർഡ് ശരിയായ കണക്കുകളും മറ്റ് പ്രസ്തുത റിക്കാർഡുകളും സൂക്ഷിക്കേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫാറത്തിൽ കണക്കുകളുടെ ഒരു വാർഷിക സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതുമാണ്.

(2) നിധിയുടെ കണക്കുകൾ ഇതിലേക്കായി കംപ്ട്രോളർ ആന്റ് ആഡിറ്റർമാർ വർഷം തോറും ആഡിറ്റ് ചെയ്യേണ്ടതാണ്."

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 367-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിനാലാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

368. ഖണ്ഡം 24(1)-ൽ,

(i) "നിധിയുടെ" എന്നതിനുമുൻപിലായി "ബോർഡ്, ഓരോ സാമ്പത്തിക വർഷത്തേയ്ക്കും മുൻ സാമ്പത്തിക വർഷത്തിലെ അതിന്റെ പ്രവർത്തനങ്ങളുടെ പൂർണ്ണമായ വിവരം നൽകുന്ന" എന്ന് ചേർക്കുക.

(ii) "ബോർഡിന്റെ നിർദ്ദേശപ്രകാരം തയ്യാറാക്കേണ്ടതും" എന്നത് ഒഴിവാക്കി "തയ്യാറാക്കിപ്പിക്കേണ്ടതും" എന്ന് ചേർക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

369. ഖണ്ഡം 24(1)-ൽ, "നിധിയുടെ" എന്ന വാക്കിനുശേഷം "മുൻ വർഷത്തെ" എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി (ഡോ. എം. കെ. മുനീർ): സർ, ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 368-ാം നമ്പർ ഭേദഗതിയും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 369-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു.

ശ്രീ. ടി. എൻ. പ്രതാപന്റെ 370-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചിട്ടില്ല, ഒഫിഷ്യലായി ഞാൻ മൂവ് ചെയ്യുന്നു.

370. ഖണ്ഡം 24(1)-ൽ, "നിർദ്ദേശപ്രകാരം" എന്നതിന് ശേഷം "ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ" എന്നത് ചേർക്കുക.

ശ്രീ. പി. എ. മാധവന്റെ 371-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചിട്ടില്ല, ഒഫീഷ്യലായി ഞാൻ മൂവ് ചെയ്യുന്നു.

371. ഖണ്ഡം 24(1)-ൽ, "അംഗീകാരത്തിനുശേഷം" എന്നതിന് പകരം "അംഗീകാരം ലഭിച്ചതിന് ശേഷം" എന്നത് ചേർക്കുക.

ശ്രീ. ബെന്നി ബെഹനാന്റെ 372-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചിട്ടില്ല, ഒഫീഷ്യലായി ഞാൻ മൂവ് ചെയ്യുന്നു.

372. ഖണ്ഡം 24(2)-ൽ, "വയ്പ്പിക്കേണ്ടതാണ്" എന്നതിന് പകരം "വയ്ക്കേണ്ടതാണ്" എന്നത് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിപ്പ 370, 371, 372 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികളും ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 368-ാം നമ്പർ ഭേദഗതിയും ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 369-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്തപ്രകാരമുള്ള ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയഞ്ചാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

373. ഖണ്ഡം 25-ൽ, "അവയ്ക്ക് കീഴിലോ" എന്നതിനുപകരം "അവയ്ക്ക് കീഴിൽ" എന്നത് ചേർക്കുക.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

376. ഖണ്ഡം 25-ൽ, "ആയ ഏതെങ്കിലും" എന്നതിനുശേഷം "പ്രശ്നം അഥവാ തീരുമാനിക്കേണ്ടതായ ഏതെങ്കിലും" എന്നത് ചേർക്കുക.

ശ്രീ. വർക്കല കഹാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

375. ഖണ്ഡം 25-ൽ "കൈകാര്യം ചെയ്യേണ്ടതോ" എന്നതിനുശേഷം "നിശ്ചയിക്കേണ്ടതോ" എന്നത് ചേർക്കുക.

മി. സ്പീക്കർ: മറ്റു ഭേദഗതികൾ മൂവ് ചെയ്യേണ്ടതില്ല. ബഹുമാനപ്പെട്ട മിനിസ്റ്റർ ഏതെങ്കിലും ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 373-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 376-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. വർക്കല കഹാർ അവതരിപ്പിച്ച 375-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ഇരുപത്തിഅഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............................

പ്രതികൂലിക്കുന്നവർ............................

ഇരുപത്തിഅഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിഅഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയാറാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

380. ഖണ്ഡം 26 (ഡി)-യ്ക്കുശേഷം താഴെപ്പറയുന്നവ ചേർക്കുക:

"(ഇ) ഏതെങ്കിലും കോടതിയിൽ നിന്നോ ആഫീസിൽ നിന്നോ ഏതെങ്കിലും പൊതുരേഖയോ അതിന്റെ പകർപ്പോ ആവശ്യപ്പെടുക;

(എഫ്) നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള മറ്റേതെങ്കിലും സംഗതികൾ."

മി. സ്പീക്കർ: മറ്റു ഭേദഗതികൾ മൂവ് ചെയ്യേണ്ടതില്ല. ബഹുമാനപ്പെട്ട മിനിസ്റ്റർ ഏതെങ്കിലും ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 380-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ഇരുപത്തിആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............................

പ്രതികൂലിക്കുന്നവർ............................

ഇരുപത്തിആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയേഴാം വകുപ്പ്

ശ്രീ. സി. പി. മുഹമ്മദ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

381. ഖണ്ഡം 27(1)-ൽ, "നടപ്പിൽ വരുത്തുന്നതിൽ" എന്നതിന് പകരം "പ്രാബല്യം നൽകുന്നതിൽ " എന്നത് ചേർക്കുക.

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

384. ഖണ്ഡം 27(1)-ന്റെ ക്ലിപ്തനിബന്ധനയിൽ, "പ്രാരംഭ" എന്നതിനുപകരം "പ്രാബല്യ" എന്നത് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

385. ഖണ്ഡം 27(2)-ൽ, "ഓരോ ഉത്തരവും" എന്നതിനുപകരം "ഏതൊരു ഉത്തരവും" എന്നത് ചേർക്കുക.

മി. സ്പീക്കർ: മറ്റു ഭേദഗതികൾ മൂവ് ചെയ്യേണ്ടതില്ല. ബഹുമാനപ്പെട്ട മിനിസ്റ്റർ ഏതെങ്കിലും ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. സി. പി. മുഹമ്മദ് അവതരിപ്പിച്ച 381-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 384-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 385-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ഇരുപത്തിഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............................

പ്രതികൂലിക്കുന്നവർ............................

ഇരുപത്തിഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയെട്ടാം വകുപ്പ്

ശ്രീ. വർക്കല കഹാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

387. ഖണ്ഡം 28(1)-ൽ, "മുൻകാല പ്രാബല്യത്തോടെയോ പിൽകാല പ്രാബല്യത്തോടെയോ" എന്നീ വാക്കുകൾക്ക് പകരം"മുൻകാല പ്രാബല്യത്തോടു കൂടിയോ പിൽകാല പ്രാബല്യത്തോടുകൂടിയോ" എന്നീ വാക്കുകൾ ചേർക്കുക.

മി. സ്പീക്കർ: മറ്റു ഭേദഗതികൾ മൂവ് ചെയ്യേണ്ടതില്ല. ബഹുമാനപ്പെട്ട മിനിസ്റ്റർ ഏതെങ്കിലും ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, ശ്രീ. പി. എ. മാധവന്റെ 386-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചിട്ടില്ല, ഒഫീഷ്യലായി ഞാൻ മൂവ് ചെയ്യുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

386. ഖണ്ഡം 28(1)-ൽ, "സർക്കാരിന്" എന്ന വാക്കിന് ശേഷം "ഗസറ്റ് " എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ അവതരിപ്പിച്ച 386-ാം നമ്പർ ഔദ്യോഗിക ഭേദഗതി സ്വീകരിച്ചിരിക്കുന്നു.

ശ്രീ. വർക്കല കഹാർ അവതരിപ്പിച്ച 387-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിഎട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............................

പ്രതികൂലിക്കുന്നവർ...........................

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിഎട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിഎട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഇരുപത്തിയൊൻപതാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

389. ഖണ്ഡം 29(2)-ൽ, "കാര്യമോ" എന്ന വാക്കിനുശേഷം "കാര്യങ്ങളോ" എന്ന വാക്കും "നടപടിയോ" എന്ന വാക്കിനുശേഷം "നടപടികളോ" എന്ന വാക്കും ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 389-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ഇരുപത്തിഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............................

പ്രതികൂലിക്കുന്നവർ...........................

ഇരുപത്തിഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മുപ്പതാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

390. ഖണ്ഡം 30(2)-ൽ, "കാര്യമോ" എന്ന വാക്കിനുശേഷം "കാര്യങ്ങളോ" എന്ന വാക്കും "നടപടിയോ" എന്ന വാക്കിനുശേഷം "നടപടികളോ" എന്ന വാക്കും ചേർക്കുക.

മി.സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 390-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............................

പ്രതികൂലിക്കുന്നവർ............................

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പട്ടിക

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

391. പട്ടികയിലെ ക്രമ നമ്പർ 1-ൽ, "നിധി" എന്നതിനുശേഷം "എന്നിവ" എന്നത് ചേർക്കുക.

394. പട്ടികയിലെ ക്രമ നമ്പർ 11-ന് ശേഷം താഴെപ്പറയുന്നത് 12 ആയി ചേർത്ത് ശേഷിക്കുന്നവ പുനഃക്രമീകരിക്കുക:

"12. ഉദ്യോഗസ്ഥൻമാർക്ക് വിനിയോഗിക്കാവുന്ന കൂടുതൽ അധികാരങ്ങൾ ഏതെങ്കിലും ഉണ്ടെങ്കിൽ അത്."

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

392. പട്ടികയിലെ ക്രമ നമ്പർ 2-ൽ, "രജിസ്ട്രേഷൻ" എന്നതിനുശേഷം "റദ്ദാക്കൽ എന്നിവ" എന്നത് ചേർക്കുക.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

395. പട്ടികയിലെ ക്രമ നമ്പർ 16-ന് ശേഷം താഴെപ്പറയുന്നത് 17 ആയി ചേർത്ത് ശേഷിക്കുന്നവ പുനഃക്രമീകരിക്കുക:

"17. നിധി കൈകാര്യം ചെയ്യുമ്പോൾ ഉണ്ടായേക്കാവുന്ന ചെലവുകൾ വഹിക്കുന്നതിനുള്ള നടപടിക്രമം".

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

397. പട്ടികയിലെ ക്രമ നമ്പർ 17-നുശേഷം താഴെപ്പറയും പ്രകാരം ചേർത്ത് ശേഷിക്കുന്നവ പുനരക്കം ചെയ്യുക.

"18. സംഭാവനകൾ സ്വീകരിക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമം".

മി. സ്പീക്കർ: മറ്റു ഭേദഗതികൾ മൂവ് ചെയ്യേണ്ടതില്ല. ബഹുമാനപ്പെട്ട മിനിസ്റ്റർ ഏതെങ്കിലും ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 391, 394 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 392-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 395-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 397-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............................

പ്രതികൂലിക്കുന്നവർ............................

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

ശ്രീ. എം. ഉമ്മർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

105. ദീർഘശീർഷകത്തിൽ, "കേരള" എന്ന വാക്ക് നീക്കം ചെയ്യുക.

106. ദീർഘശീർഷകത്തിൽ, "വർക്കർമാരുടെയും" എന്ന വാക്കിനുമുൻപ് വരുന്ന "അങ്കണവാടി" എന്ന വാക്ക് നീക്കം ചെയ്യുക.

107. ദീർഘശീർഷകത്തിൽ "ഹെൽപ്പർമാരുടെയും" എന്ന വാക്കിനുമുൻപ് വരുന്ന "അങ്കണവാടി" എന്ന വാക്ക് നീക്കം ചെയ്യുക.

116. ദീർഘശീർഷകത്തിൽ, "ചെയ്യുന്നതിനുള്ള" എന്ന വാക്കിനുപകരം "ചെയ്തുകൊണ്ടുള്ള" എന്ന വാക്ക് ചേർക്കുക.

118. പീഠികയിൽ, "കേരള" എന്ന വാക്ക് നീക്കം ചെയ്യുക.

119. പീഠികയിൽ, "വർക്കർമാരുടെയും" എന്ന വാക്കിനുമുൻപുള്ള "അങ്കണവാടി" എന്ന വാക്ക് നീക്കം ചെയ്യുക.

121. പീഠികയിൽ, "ഹെൽപ്പർമാരുടെയും" എന്ന വാക്കിനുമുൻപായി വരുന്ന "അങ്കണവാടി" എന്ന വാക്ക് നീക്കം ചെയ്യുക.

129. പീഠികയിൽ, "മറ്റ് കാര്യങ്ങൾക്കും" എന്നതിനുപകരം "മറ്റു കാര്യങ്ങൾക്കും" എന്നത് ചേർക്കുക.

134. ഖണ്ഡം 1(2)-ൽ, "നവംബർ 12-ാം " എന്നതിനുപകരം "സെപ്തംബർ 29-ാം " എന്നത് ചേർക്കുക.

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

108. ദീർഘശീർഷകത്തിൽ, "ക്ഷേമത്തിനായും" എന്നതിനുപകരം "ക്ഷേമത്തിനും", എന്നും "നൽകുന്നതിനായും" എന്നതിനുപകരം "നല്കുന്നതിനും" എന്നും ചേർക്കുക.

125. പീഠികയിൽ,

(i) "ക്ഷേമത്തിനായും" എന്ന വാക്കിന് പകരം "ക്ഷേമത്തിനും" എന്ന വാക്ക് ചേർക്കുക.

(ii) "നൽകുന്നതിനായും" എന്ന വാക്കിന് പകരം "നൽകുന്നതിനും" എന്ന വാക്ക് ചേർക്കുക.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

112. ദീർഘശീർഷകത്തിൽ, "ക്ഷേമത്തിനായും" എന്നതിന് ശേഷം "അഭിവൃദ്ധിക്കായും" എന്നത് ചേർക്കുക.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു:

115. ദീർഘശീർഷകത്തിൽ, "നൽകുന്നതിനായും" എന്നതിന് പകരം "വ്യവസ്ഥ ചെയ്യുന്നതിനും നൽകുന്നതിനുമായി" എന്നത് ചേർക്കുക.

128. പീഠികയിൽ, "നൽകുന്നതിനായും" എന്നതിനുപകരം "വ്യവസ്ഥ ചെയ്യുന്നതിനും നൽകുന്നതിനുമായി" എന്നത് ചേർക്കുക.

132. ഖണ്ഡം 1(1)-ൽ, "ഈ ആക്റ്റിന്" എന്നതിനുപകരം "ഈ നിയമത്തിന്" എന്നത് ചേർക്കുക.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

122. പീഠികയിൽ, "ക്ഷേമത്തിനായും" എന്നതിന് ശേഷം "ആശ്വാസം നൽകുന്നതിനായും" എന്നത് ചേർക്കുക.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

124. പീഠികയിൽ, "ക്ഷേമത്തിനായും" എന്നതിന് ശേഷം "അഭിവൃദ്ധിക്കും" എന്നത് ചേർക്കുക.

മി. സ്പീക്കർ: മറ്റു ഭേദഗതികൾ മൂവ് ചെയ്യേണ്ടതില്ല. ബഹുമാനപ്പെട്ട മിനിസ്റ്റർ ഏതെങ്കിലും ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 105, 106, 107, 116, 118, 119, 121, 129, 134 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 108, 125 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 112-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 115, 128, 132 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച 124-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............................

പ്രതികൂലിക്കുന്നവർ............................

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, 2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..............................

പ്രതികൂലിക്കുന്നവർ.............................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങേയ്ക്ക് 2016-ലെ കേരള ധനവിനിയോഗ ബിൽ അവതരിപ്പിക്കാവുന്നതാണ്.

## 4. 2016-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, 2016-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, 2016-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

02.00 PM]

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, പതിമൂന്നാം കേരള നിയമസഭയുടെ ഏറ്റവും അവസാനത്തെ സമ്മേളനത്തിലെ അവസാനത്തെ ദിവസമാണ് ഇന്ന്. ഈ സെഷൻ നിയമസഭയുടെ ചരിത്രത്തിലെ ഒരു കറുത്ത അദ്ധ്യായം എന്ന് ഞാൻ പറയുന്നില്ല. പക്ഷെ നമ്മൾ ഓർമ്മിക്കാൻ ആഗ്രഹിക്കാത്ത ഒന്നായിട്ടാണ് ഞാൻ ഇതിനെ വിശേഷിപ്പിക്കുന്നത്. ഒന്നുകിൽ ഇവിടെ പ്രസംഗിക്കാൻ സാധിക്കാത്ത വിധത്തിലുള്ള ബഹളം, അല്ലെങ്കിൽ മനംമടുപ്പിക്കുന്ന വിധത്തിലുള്ള ശൂന്യത. ഈ ഗവൺമെന്റ് വിമർശനങ്ങളെ ഭയപ്പെടുന്നില്ല. വിമർശനങ്ങൾ ഏത് വിധത്തിലും വരട്ടെ. പക്ഷെ അതിന്റെ മറുപടികൂടി കേൾക്കാനുള്ള സഹിഷ്ണുത കാട്ടണമെന്ന് മാത്രമേയുള്ളൂ. പ്രതിപക്ഷത്തിന് വിമർശിക്കാൻ അവകാശമുണ്ട്. വ്യത്യസ്തമായ നിലപാടെടുക്കാനുള്ള സ്വാതന്ത്ര്യവുമുണ്ട്. നിയമസഭയുടെ ചരിത്രത്തിൽ അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയാൽ അസാധാരണമായ രീതിയിൽ മാത്രമേ അത് മെൻഷൻ ചെയ്യാതിരുന്നിട്ടുള്ളൂ. ഈ സഭ 237 ദിവസങ്ങളിൽ സമ്മേളിച്ചു. ഏഴ് ദിവസം മാത്രമാണ് അടിയന്തരപ്രമേയത്തിനുള്ള നോട്ടീസ് പരാമർശിക്കാതിരിക്കുകയോ

സബ്മിഷനായി മാറ്റുകയോ ചെയ്തിട്ടുള്ളത്. പന്ത്രണ്ടാം കേരള നിയമസഭയിൽ നോട്ടീസ് കൊടുത്തിട്ട് 24 ദിവസം അടിയന്തരപ്രമേയം മെൻഷൻ ചെയ്തില്ല, സബ്മിഷനായിട്ടുപോലും അനുവദിച്ചില്ല. ഞങ്ങൾ എഴുന്നേറ്റുനിന്ന് പ്രതിഷേധിക്കുക മാത്രമായിരുന്നു ചെയ്തത്. ഇവിടെ ഒരു ദിവസം അടിയന്തരപ്രമേയത്തിന് അവസരം കൊടുത്തില്ലായെന്നുപറഞ്ഞ് സഭ സ്തംഭിപ്പിക്കുകയാണ് ചെയ്തത്. കഴിഞ്ഞ പ്രാവശ്യം ഇവിടെ 237 ദിവസത്തിൽ ഏഴേ ഏഴു ദിവസം മാത്രം, കോടതിയിലിരിക്കുന്ന കാര്യമാണ്, യാതൊരു വിധത്തിലും അനുവദിക്കാൻ കഴിയാത്ത സാഹചര്യങ്ങളാണുള്ളത് എന്നുപറഞ്ഞതിന്റെ പേരിൽ സഭ സ്തംഭിപ്പിക്കുകയാണ് ചെയ്തത്. ഇവിടെ വന്ന് പറയാനുള്ളതെല്ലാം പറയും. എന്നാൽ മറുപടി പറയാൻ മാത്രം സമ്മതിക്കില്ല. ഏറ്റവും പ്രധാനപ്പെട്ട ഒരു സെഷനാണിത്. ഈ സമ്മേളനത്തിന് 14 ദിവസത്തേയ്ക്ക് നോട്ടീസ് കൊടുത്തതാണ്. തെരഞ്ഞെടുപ്പിന് മുമ്പ് നടക്കുന്നതാണ്. ഗവർണറുടെ പ്രസംഗവും ബഡ്ജറ്റ് ചർച്ചയും നടക്കേണ്ടതാണ്. ഇവർ പറയുന്നതുപോലെ ഈ ഗവൺമെന്റിനെ വിമർശിക്കാനും എതിർക്കാനും ധാരാളം കാര്യങ്ങളുണ്ടെങ്കിൽ ഇവിടെ വന്നുനിന്ന് വലിച്ചുകീറാമല്ലോ. ആരെങ്കിലും എതിർക്കുമോ. എതിർക്കാൻ സാധിക്കുമോ. പക്ഷേ അവരുടെ കയ്യിൽ ഒന്നുമില്ല. പടയിൽ ഒരു കോപ്പുമില്ല. അവർക്ക് എതിർക്കാൻ ഒന്നുമില്ല. ഒരു പുകപടലം സൃഷ്ടിക്കുക മാത്രമാണ്. ചോദ്യോത്തരവേള ചാനലുകൾവഴി എല്ലാവരും കാണുകയാണ്, അവിടെ മുദ്രാവാക്യം വിളിക്കുകയാണ്. പിന്നെ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടാക്കുക. നേരെ മറിച്ച് ചർച്ച എന്നുപറഞ്ഞാൽ എന്താണ്. രൂക്ഷമായി വിമർശിക്കാം; എതിർക്കാം. അതുപോലെ തന്നെ മറുപടി പറയുന്നത് കേൾക്കാനും മറുപടിയുണ്ടെങ്കിൽ അത് പറയാനുമൊക്കെയുള്ള അവസരം അവർക്ക് വിനിയോഗിക്കാം. പക്ഷേ അവരുടെ കൈവശം ഒന്നുമില്ല. പൊള്ളയായ ആരോപണങ്ങൾ, പൊള്ളയായ മുദ്രാവാക്യങ്ങൾ. ഇന്നുതന്നെ ഇവിടെ അവതരിപ്പിച്ച കാര്യം, 10 കൊല്ലം അവർ അധികാരത്തിലിരുന്നപ്പോൾ എന്നെ പ്രതിയാക്കാൻ സാധിച്ചില്ല. 5 കൊല്ലം ഈ കേസ്സിന്റെ അന്വേഷണവും വിചാരണയുമെല്ലാം നടന്നു. അവസാനം എന്നെ സാക്ഷിയാക്കി. ശ്രീ. വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരുന്ന 5 കൊല്ലക്കാലവും ഈ കേസ്സുണ്ട്, എന്നെ പ്രതിയാക്കാൻ സാധിച്ചില്ല. എന്നിട്ട് ഇന്ന് പറയുന്നതുകേട്ടാൽ തോന്നും, കോൺഗ്രസോ യു.ഡി.എഫോ ശ്രമിച്ചിട്ട് ഞാൻ പ്രതിസ്ഥാനത്ത് നിന്ന്

രക്ഷപ്പെട്ടുവെന്ന്. അവരുടെ കഴിവുകേട്. അവരുടെ കാലത്തെല്ലാം നോക്കിയിട്ട് നടക്കാതെ വന്ന കാര്യം. പാമോയിൽ കേസ്സിന്റെ കാര്യത്തിൽ എനിക്കറിയാം എന്ന് പറഞ്ഞുവെന്ന് പറഞ്ഞാണ് ബഹളം. എനിക്കറിയാം, ഞാൻ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയാണ്. എനിക്ക് അറിയുന്നതുകൊണ്ടാണ് അതിൽ മുഖ്യമന്ത്രിക്കോ ഭക്ഷ്യമന്ത്രിക്കോ ഉദ്യോഗസ്ഥന്മാർക്കോ ആർക്കും ഒരു പങ്കുമില്ലെന്ന് പറയാൻ കാര്യം. ഇന്ന് തൃശ്ശൂർ കോടതിയുടെ ജഡ്ജ്മെന്റിന്റെ പേര് പറഞ്ഞാണല്ലോ ഇവിടെ ബഹളമുണ്ടാക്കിയത്. രണ്ട് സീനിയർ ഉദ്യോഗസ്ഥന്മാരെ ഈ കേസ്സിൽ നിന്ന് വിടുതൽ ചെയ്ത ആ വിധിയെ ഞാൻ സ്വാഗതം ചെയ്യുകയാണ്. യു.ഡി.എഫ്. ഗവൺമെന്റും ഞാനും രണ്ടുപ്രാവശ്യം എടുത്ത നിലപാടിന്റെ അംഗീകാരമാണത്. ഇന്ന് ഈ വിധിയനുസരിച്ച് ഒരു ഉദ്യോഗസ്ഥനും ആ കേസ്സിൽ പ്രതിയല്ല. പക്ഷേ രണ്ടുപേരുടെ വിടുതൽ അപേക്ഷയാണ് ഈ ജഡ്ജിയുടെ മുമ്പിൽ ഉണ്ടായിരുന്നത്. ഈ ജഡ്ജി പരിശോധിച്ചിട്ട് ഈ ഉദ്യോഗസ്ഥന്മാർ കുറ്റക്കാരല്ല, മറ്റു ഉദ്യോഗസ്ഥന്മാരും കുറ്റക്കാരല്ലെന്ന് പറഞ്ഞിട്ടുണ്ട്. അതാണ് ഈ ഗവൺമെന്റിന്റെ നിലപാട്. ഞാൻ 2005-ൽ ഈ കേസ് വിത്ത്ഡ്രോ ചെയ്തതാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഈ കേസ് വിത്ത്ഡ്രോ ചെയ്തതാണ്. അന്നും ഇന്നും ഞാൻ പൂർണ്ണമായും വിശ്വസിക്കുന്നു, ഈ സംസ്ഥാനത്തിന് പ്രയോജനകരമായ ഒരു കരാറാണ് പാമോയിൽ കരാർ. 8.5 കോടി രൂപയുടെ ലാഭമുണ്ടാക്കി. കേരള ഗവൺമെന്റിന് എന്തോ വലിയ നഷ്ടം വന്നുവെന്നാണ് ഈ പ്രചരണംകൊണ്ട് ആളുകൾ വിശ്വസിക്കുന്നത്. കേരള ഗവൺമെന്റിന് 8.5 കോടി രൂപയുടെ ലാഭം കിട്ടിയ എഗ്രിമെന്റാണത്. രാഷ്ട്രീയപ്രേരിതമായി പിന്നീടുവന്ന ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് എങ്ങനെയാണ് കേസ് എടുക്കുന്നത്? അങ്ങനെ തീരുമാനിച്ചിരുന്നെങ്കിൽ 11 കോടി രൂപ ലാഭം കിട്ടുമായിരുന്നു. 2.32 കോടി രൂപ അങ്ങനെ നഷ്ടം വന്നുവെന്നാണ് കേസ്. ഇന്ന് ഈ ഗവൺമെന്റ് ഇതു സംബന്ധിച്ചെടുത്ത നടപടികൾ, ഞാൻ വ്യക്തിപരമായി എടുത്ത നടപടികൾ, ഞാൻ ഈ കേസ് പിൻവലിക്കാൻ എടുത്ത തീരുമാനം അതെല്ലാം ശരിയാണെന്നുള്ളതിലേയ്ക്ക് വരികയാണ്. ഉദ്യോഗസ്ഥന്മാർ ആരും പ്രതികളല്ലെന്ന് വന്നിരിക്കുന്നു. ഇപ്പോൾ ആ രണ്ടുപേരെ വിടുതൽ ചെയ്തു, അവർ 20 കൊല്ലം സഹിച്ച യാതനകളും വേദനകളും എത്രയാണ്. 20 വർഷക്കാലം; മറ്റ് ഉദ്യോഗസ്ഥന്മാർ, ശ്രീ. പി. ജെ. തോമസ് -

അദ്ദേഹം നമ്മുടെ ചീഫ് സെക്രട്ടറിയായിരുന്നു. അദ്ദേഹത്തെ ഗവൺമെന്റ് ഓഫ് ഇന്ത്യ ചീഫ് വിജിലൻസ് കമ്മീഷണറായി തെരഞ്ഞെടുത്തതായിരുന്നു. ഏറ്റവും സുപ്രധാനമായ ഒരു പോസ്റ്റ്. ഈ കേസ്സിന്റെ പേരിൽ അദ്ദേഹത്തിന് ആ സ്ഥാനം നഷ്ടപ്പെട്ടു. അതുപോലെ ശ്രീ. ജിജി തോംസൺ, അദ്ദേഹം ഇന്ന് നമ്മുടെ ചീഫ് സെക്രട്ടറിയാണ്. അദ്ദേഹത്തിനും പല സാധ്യതകളും നഷ്ടപ്പെട്ടു. ഈ ഉദ്യോഗസ്ഥന്മാരെല്ലാം എത്രയോ കൊല്ലക്കാലം സഹിച്ചു. എനിക്ക് ഒരു സംതൃപ്തിയുണ്ട്. എനിക്ക് കിട്ടിയ ആദ്യത്തെ അവസരം, ഈ കേസ് പിൻവലിക്കാൻ മുൻകൈ എടുക്കാൻ സാധിച്ചുവെന്നുള്ളത് കുറ്റബോധത്തിൽനിന്ന് എനിക്ക് ഒരു ആശ്വാസം നൽകുന്നുണ്ട്. ഇന്ന് ഇവർ തന്നെ ഘോഷിക്കുന്ന ഈ ജഡ്ജ്മെന്റ് ഇവർ തന്നെ എടുത്ത നിലപാട് തെറ്റാണെന്നും ഞാൻ എടുത്ത നിലപാട് ശരിയാണെന്നും വരുന്നതിനു തുല്യമാണ്. പ്രതിയാകുമെന്ന് ഭയപ്പെട്ട് കേസ് ഞാൻ പിൻവലിച്ചു വെന്നാണ് അവർ പറയുന്നത്. അങ്ങനെയാണെങ്കിൽ നിങ്ങൾക്ക് എന്തുകൊണ്ടാണ് എന്നെ പ്രതിയാക്കാൻ സാധിക്കാതെ പോയത്; 10 വർഷം വിചാരിച്ചിട്ട് നടക്കാതെ പോയത് എന്തുകൊണ്ടാണ്? ഇതൊക്കെ കേൾക്കാൻ ഇവർക്ക് മടിയാണ്. പ്രതിപക്ഷം ഈ സെഷനിൽ ഓടിയൊളിക്കുകയാണ് ചെയ്തത്. അവർ ചർച്ചയെ ഭയപ്പെടുന്നു. ഈ ഗവൺമെന്റിന്റെ ഭരണനേട്ടങ്ങൾ; ഈ ഗവൺമെന്റിന്റെ മനുഷ്യത്വപരമായ സമീപനങ്ങൾ; വികസനവും കരുതലും. അക്കമിട്ട് പറഞ്ഞാൽ അതിനെയൊന്നും എതിർക്കാൻ സാധിക്കില്ല. ഒരു ബഡ്ജറ്റ് അവതരിപ്പിച്ചു; എന്താണ് അവരുടെ പരാതി-അതിൽ ധനാഗമ മാർഗ്ഗങ്ങളെക്കുറിച്ച് പറഞ്ഞിട്ടില്ല. പറഞ്ഞിട്ടില്ലെന്നത് ശരിയാണ്. ഈ ഗവൺമെന്റിന് ഇന്ന് ലക്ഷ്യമിടുന്ന വരുമാനങ്ങൾ വച്ചുകൊണ്ട് മുമ്പോട്ടു നടത്തിക്കൊണ്ടുപോകുവാൻ സാധിക്കുമെന്ന് പൂർണ്ണവിശ്വാസമുണ്ട്. അപ്പോൾ ഗവൺമെന്റിന്റെ കാര്യങ്ങളെക്കുറിച്ച് അവർക്ക് വിമർശിക്കാൻ സാധിക്കില്ല. വികസനവും കരുതലും ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ ഭരണനേട്ടങ്ങളായി നിൽക്കുമ്പോൾ അതിനെ നിഷ്പ്രഭമാക്കാൻ അവർക്ക് സാധിക്കില്ല. അവർ കൊണ്ടുവരുന്ന ആക്ഷേപങ്ങൾ, അതെല്ലാം വെറും ആരോപണങ്ങൾ എന്നല്ലാതെ ഒന്നും സ്ഥാപിക്കാൻ സാധിച്ചില്ല. അതുകൊണ്ട് പ്രതിപക്ഷം ചർച്ചകളിൽനിന്ന് ഓടിയൊളിക്കുകയാണ് ചെയ്തത്. ഒരു ദുഃഖകരമായ സംഭവമുണ്ട്. ഈ സെഷൻ 14 ദിവസം ചേരുവാൻ തീരുമാനിച്ചു. രണ്ടേ

രണ്ടുദിവസമാണ് ഈ സഭയുടെ നടപടികൾ അല്പമെങ്കിലും ശാന്തമായി നടന്നത്. നമ്മൾ സ്നേഹിക്കുന്ന, ബഹുമാനിക്കുന്ന, ഈ നാടാകെ, സ്നേഹിക്കുന്ന നമുക്ക് ഏറ്റവും വേണ്ടപ്പെട്ട രണ്ടുപേരുടെ ചരമോപചാരത്തിനുവേണ്ടിയാണ് ആ രണ്ടുദിവസം. കേരള നിയമസഭയിൽ ചരമോപചാരം മാത്രമേ നടത്താൻ സാധിക്കുകയുള്ളൂ എന്ന സ്ഥിതിയിലെത്തുക എന്നുപറഞ്ഞാൽ നമുക്ക് മാത്രമാണോ, മലയാളികൾക്ക് മുഴുവൻ തലകുനിക്കേണ്ടി വരില്ലേ; നാണക്കേടല്ലേ. നമ്മൾ സ്നേഹിക്കുന്നവരുടെ, ബഹുമാനിക്കുന്നവരുടെ ചരമോപചാരം മാത്രമേ നിയമസഭയിൽ നടത്താൻ സാധിക്കൂ, മറ്റൊന്നും ഇവിടെ സാധിക്കില്ലെന്ന് വന്നാൽ.... കേരളത്തിലെ ജനങ്ങൾ തീരുമാനിക്കും, ഇങ്ങനെയാണോ നിയമസഭ പ്രവർത്തിക്കേണ്ടത്, ഇങ്ങനെയാണോ നാം മുമ്പോട്ട് പോകേണ്ടത്. ഈ ഗവൺമെന്റ് ജനങ്ങളോട് പറഞ്ഞ വാക്കുകൾ പാലിക്കാൻ പരമാവധി ആത്മാർത്ഥമായി ശ്രമിച്ചിട്ടുണ്ട്. എന്റെ സഹമന്ത്രിമാരെക്കുറിച്ച് എനിക്ക് അഭിമാനമുണ്ട്. എല്ലാവരും ഒരു ടീമായി നിന്നു. ഈ ഗവൺമെന്റിന്റെ നേട്ടമതാണ്. മുൻഗവൺമെന്റിന്റെ കാലത്ത് മന്ത്രിസഭാ യോഗം കൂടുമ്പോൾ അതിനെക്കുറിച്ചുള്ള വാർത്തകളാണ് പിറ്റേ ദിവസം പത്രങ്ങളിൽ നിറം നൽകി വന്നുകൊണ്ടിരുന്നത്. പക്ഷേ, കഴിഞ്ഞ അഞ്ചുവർഷക്കാലം അങ്ങനെയൊന്നും ഉണ്ടായില്ല. അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാവുകയും തർക്കങ്ങൾ വരികയും ചെയ്യും. അതെല്ലാം ജനാധിപത്യ ശൈലിയിൽ സംസാരിച്ച് അതിന് പരിഹാരം ഉണ്ടാക്കിയിട്ടുണ്ട്. എം.എൽ.എ.മാർ, മുന്നണിയിലെ ഘടകകക്ഷികൾ എല്ലാവരുടെയും പൂർണ്ണമായ പിന്തുണയും സഹകരണവും കൊണ്ട് ഒന്നായിപ്പോകാൻ കഴിഞ്ഞു എന്നതാണ് ഈ ഗവൺമെന്റിന്റെ നേട്ടം. എനിക്കെതിരായി ആക്ഷേപങ്ങളും ആരോപണങ്ങളും വന്നപ്പോൾ ഞാൻ അതെല്ലാം ക്ഷമയോടെ കേട്ടിരുന്നു. അപ്പോഴും എന്റെ മനസ്സിൽ ദു:ഖമല്ല വന്നത്, ഞാൻ ഊറിച്ചിരിക്കുകയാണ് ചെയ്തത്. എന്നെക്കൊണ്ട് ഇക്കാര്യങ്ങൾ ചെയ്യിച്ചവരാണ് ഈ ആരോപണങ്ങളെല്ലാം ഉന്നയിക്കുന്നത്.

ടൈറ്റാനിയത്തിന്റെ പേരുപറഞ്ഞ് ഇവിടെ ആക്ഷേപിക്കുന്നു, ടൈറ്റാനിയം പൂട്ടാൻ പോവുകയാണ്, ഞങ്ങളെ രക്ഷിക്കണമെന്ന് മാർക്സിസ്റ്റ് പാർട്ടിയുടെ നേതാക്കന്മാർ എന്നോട് വന്നുപറഞ്ഞു. ഞാൻ ഒരു കാര്യത്തിൽ ഇടപെട്ടാൽ അതിനകത്ത് മറ്റൊന്നും നോക്കത്തില്ല. എനിക്ക് അതിനകത്ത് ചെന്നു കയറേണ്ട കാര്യമില്ല. സുപ്രീംകോടതി നിയോഗിച്ച മോണിറ്ററിംഗ് കമ്മിറ്റിക്ക് കത്തെഴുതി,

ഫോണിൽ വിളിച്ചു, അവരെ വരുത്തി ടൈറ്റാനിയം പൂട്ടുന്നതിനുള്ള തീരുമാനം തിരുത്തിച്ചു. അതുകഴിഞ്ഞ് അവിടെ മറ്റെന്തോ നടന്നുവെന്നുപറഞ്ഞ് എന്റെ നേർക്കുവരികയാണ്. ഇവർ ഉന്നയിച്ച ആക്ഷേപങ്ങളിൽ ഒരു ശതമാനം പോട്ടേ, ദശാംശം ഒരു ശതമാനം ശരിയുണ്ടെങ്കിൽ എനിക്ക് ഈ സ്ഥാനത്ത് മാത്രമല്ല പൊതുരംഗത്തുപോലും നിൽക്കാനുള്ള അവകാശമുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നില്ല. പക്ഷെ, ചെയ്യാത്ത കുറ്റത്തിന്, മനസ്സറിയാത്ത കാര്യത്തിന്, ആക്ഷേപം സഹിച്ച് പുറത്തേയ്ക്ക് പോകാനുള്ള മടികൊണ്ടുമാത്രം, തെറ്റുചെയ്തിട്ടില്ലെന്നുള്ള പൂർണ്ണ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് ഈ പ്രതിസന്ധികളെയൊക്കെ നേരിടാൻ ഞാൻ തയ്യാറായത്. എനിക്ക് വലിയ പിന്തുണയാണ് എന്റെ പാർട്ടിയിൽനിന്നും മുന്നണിയിൽ നിന്നും സഹപ്രവർത്തകരിൽ നിന്നും സുഹൃത്തുക്കളിൽ നിന്നുമൊക്കെ കിട്ടിയത്. അവരുടെ പിന്തുണയും ലക്ഷക്കണക്കിനാളുകളുടെ പ്രാർത്ഥനയുമാണ് ഈ പ്രതിസന്ധികളെ മറികടന്നു മുന്നോട്ടുപോകാൻ എനിക്ക് ശക്തി നൽകിയത്. ഇതെല്ലാം കേരളത്തിലെ ജനങ്ങൾ വിലയിരുത്തട്ടെ, ജനങ്ങൾ തീരുമാനിക്കട്ടെ, ജനകീയ കോടതിയിലേയ്ക്ക് പോവുകയാണ്. അൽപ്പംപോലും ഭയമില്ല, തികഞ്ഞ ആത്മവിശ്വാസത്തോടെ, ആത്മവിശ്വാസത്തിന്റെ പിന്നിലെ ശക്തി തെറ്റുചെയ്തിട്ടില്ലെന്നുള്ള ബോധ്യമാണ്. അതുപോലെ ഈ പ്രതിസന്ധികളെ അതിജീവിച്ചത് ഐക്യത്തോടെയും കൂട്ടായ്മയോടെയുമാണ്. ആ കൂട്ടായ്മയോടുകൂടിത്തന്നെ തെരഞ്ഞെടുപ്പിനെ ഐക്യജനാധിപത്യമുന്നണി നേരിടും, അതാണ് ഞങ്ങളുടെ ശക്തി. എതിർത്തവരോടും വിമർശിച്ചവരോടും ആരോപണം ഉന്നയിച്ചവരോടുമെല്ലാം നന്ദി പറയുകയാണ്. കാരണം അവരുടെ ഓരോ ആക്ഷേപങ്ങളും ആരോപണങ്ങളും വരുമ്പോൾ ഇതിനകത്ത് എന്തെങ്കിലും ശരിയുണ്ടോയെന്ന് നമ്മൾ നൂറുവട്ടം ചിന്തിക്കും. ഇതിനകത്ത് എന്തെങ്കിലും ഉണ്ടോ; ഉണ്ടെങ്കിൽ തിരുത്തണ്ടേ? അങ്ങനെ വിമർശനങ്ങളിലൂടെ തിളക്കമാർന്ന പ്രവർത്തനം നടത്താൻ ഈ ഗവൺമെന്റിന്, ഈ മുന്നണിക്ക് സാധിച്ചു. അതിന് എല്ലാവരോടും നന്ദി പറയുന്നു.

മി. സ്പീക്കർ: 2016-ലെ കേരള ധനവിനിയോഗ വോട്ട് ഓൺ അക്കൗണ്ട് ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

<u>രണ്ടും മൂന്നും വകുപ്പുകൾ</u>

(ഭേദഗതിയില്ല.)

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ..................

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>പട്ടിക</u>

(ഭേദഗതിയില്ല.)

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .......................

പ്രതികൂലിക്കുന്നവർ.......................

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>1-ാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതിയില്ല.)

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .......................

പ്രതികൂലിക്കുന്നവർ.......................

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>) : സർ, 2016-ലെ കേരള ധനവിനിയോഗ വോട്ട് ഓൺ അക്കൗണ്ട് ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2016-ലെ കേരള ധനവിനിയോഗ വോട്ട് ഓൺ അക്കൗണ്ട് ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .......................

പ്രതികൂലിക്കുന്നവർ.......................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

## XII. പ്രത്യേക പരാമർശം

### ശ്രീ. ടി. എൻ. പ്രതാപൻ എം.എൽ.എ.യ്ക്ക് നേരെയുണ്ടായ ആക്രമണം

ചീഫ് വിപ്പ് (ശ്രീ. തോമസ് ഉണ്ണിയാടൻ): സർ, ഈ സഭയിൽ അംഗമായ കൊടുങ്ങല്ലൂർ എം.എൽ.എ., ശ്രീ. ടി. എൻ. പ്രതാപൻ ഇപ്പോൾ കൊടുങ്ങല്ലൂർ ഗവൺമെന്റ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുകയാണ്. അദ്ദേഹം ചികിത്സയിൽ കഴിയാനിടയായ സാഹചര്യം പറയാം; ഇന്നലെ അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽ ലീഡർ കെ. കരുണാകരന്റെ നാമധേയത്തിലുള്ള പുത്തൻചിറ സ്പിന്നിംഗ് മില്ലിന്റെ ഉദ്ഘാടനം നടന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രികൂടി പങ്കെടുത്ത ചടങ്ങാണ്. അതിനുശേഷം അദ്ദേഹത്തിന്റെ വണ്ടിയിൽ നിയമസഭാ സമ്മേളനത്തിൽ പങ്കെടുക്കുന്നതിനുവേണ്ടി പുറപ്പെട്ട സമയത്ത് അവിടെ കൂടിയിരുന്ന എൽ.ഡി.എഫ്.-ന്റെയും സി.പി.ഐ.(എം)-ന്റെയും പ്രവർത്തകർ ഉൾപ്പെടെയുള്ള കുറച്ച് ആളുകൾ അദ്ദേഹത്തിന്റെ കാർ തകർക്കുകയും ശ്രീ. ടി. എൻ. പ്രതാപനെ ആക്രമിക്കുകയും ചെയ്തിരിക്കുകയാണ്. അക്രമത്തിൽ പരിക്കേറ്റ ശ്രീ. ടി. എൻ. പ്രതാപനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. ചികിത്സയിൽ കഴിയുന്ന സന്ദർഭത്തിലും അദ്ദേഹം നിരാഹാര സത്യാഗ്രഹത്തിൽ ഇരിക്കുകയാണ്. ആ പ്രദേശത്ത് ഐക്യജനാധിപത്യ മുന്നണിയുടെ പ്രവർത്തകർ ഇന്നലെ രാത്രി മുതൽ ഉപവാസം ആരംഭിച്ചിരിക്കുകയാണ്. ഇന്ന് കൊടുങ്ങല്ലൂർ നിയോജകമണ്ഡലം ഹർത്താൽ ആചരിച്ചുകൊണ്ട് ജനങ്ങൾ മുഴുവൻ ഇതിൽ

പ്രതിഷേധിക്കുകയാണ്. ഒരു സഭാംഗം സഭാസമ്മേളനം നടന്നുകൊണ്ടിരിക്കുമ്പോൾ ഇത്തരത്തിൽ ആക്രമത്തിന് ഇരയാകുന്നത് അത്യന്തം ഖേദകരമാണ്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നമ്മുടെ നാടിന് ഒട്ടും ഭൂഷണമല്ല. കുറ്റവാളികളെ കണ്ടെത്തുന്നതിനാവശ്യമായ നടപടികൾ ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രി സ്വീകരിക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്. ഒരു സഭാംഗത്തിനുണ്ടായ വിഷമം ചീഫ് വിപ്പ് എന്ന നിലയിൽ ഞാൻ ഈ സഭയെ അറിയിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, വളരെ ദൗർഭാഗ്യകരമായ സംഭവമാണ് ഇന്നലെ ഇരിങ്ങാലക്കുടയിലും കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ പുത്തൻചിറയിലും ഉണ്ടായത്. സ്വാഭാവികമായും ഒരു രാഷ്ട്രീയപാർട്ടി പ്രതിഷേധം രേഖപ്പെടുത്തുന്നതിൽ യാതൊരു തെറ്റുമില്ല. ജനാധിപത്യത്തിൽ പ്രതിഷേധം അതിന്റെ ഭാഗമാണ്. ഇന്നലെ മുഖ്യമന്ത്രിക്കുനേരെ നടന്നത് വളരെ ഹീനമായ ഒരുതരം ബലപ്രയോഗം തന്നെയായിരുന്നു. പോലീസ് വളരെ സംയമനം പാലിച്ചതുകൊണ്ടാണ് കൂടുതൽ അനിഷ്ടസംഭവങ്ങൾ ഉണ്ടാകാതിരുന്നത്. കൊടുങ്ങല്ലൂരിലെ പുത്തൻചിറയിൽ ഇന്നലെ ബഹുമാനപ്പെട്ട ഈ സഭയിലെ അംഗമായ ശ്രീ. ടി. എൻ. പ്രതാപൻ പരിപാടി കഴിഞ്ഞ് മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർ പോയി കഴിഞ്ഞതിനുശേഷം സ്വന്തം കാറിൽ മടങ്ങുന്ന സമയത്താണ് അദ്ദേഹത്തെ തടഞ്ഞുനിർത്തി കാറിൽനിന്ന് വലിച്ചിടാൻ ശ്രമിക്കുകയും അദ്ദേഹത്തിന്റെ വാഹനം ഒരുകൂട്ടം ആളുകൾ അടിച്ചുതകർക്കുകയും ചെയ്തിട്ടുള്ളത്. അദ്ദേഹത്തിന്റെ കൈയ്ക്ക് പരിക്കേറ്റിട്ടുണ്ട്. ഇന്നലെതന്നെ ഞാൻ അദ്ദേഹവുമായി സംസാരിച്ചിരുന്നു. അവിടെ ഇന്ന് യു.ഡി.എഫ്. പ്രവർത്തകർ ഹർത്താലാചരിക്കുകയാണ്. മാത്രമല്ല ആ സംഭവത്തിൽ ആ പ്രദേശത്തെ മുഴുവൻ ജനങ്ങൾക്കും കടുത്ത പ്രതിഷേധമാണുള്ളത്. ഇതിന് ഉത്തരവാദികളായ ആളുകളുടെ പേരിൽ നടപടികൾ പോലീസ് സ്വീകരിച്ചുവരികയാണ്. അറിയാവുന്ന പ്രതികളുടെ പേരിൽ കേസ്സെടുത്തിട്ടുണ്ട്. മറ്റ് ശക്തമായ നടപടികളുമായി മുന്നോട്ടുപോകും. ഒരു ജനപ്രതിനിധിക്കുനേരെ ഇന്നലെയുണ്ടായ കയ്യേറ്റവും വാഹനം തകർത്ത നടപടിയും ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയുന്നതല്ല. അംഗങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ ബാധ്യസ്ഥനായ ബഹുമാനപ്പെട്ട ചീഫ് വിപ്പ് ഉന്നയിച്ച കാര്യം ഗവൺമെന്റ് ഗൗരവത്തോടെ എടുക്കുന്നതാണ്. അതുമായി ബന്ധപ്പെട്ട പ്രതികളെ പോലീസ് കസ്റ്റഡിയിൽ

എടുക്കുന്നതാണ്. ബഹുമാനപ്പെട്ട ശ്രീ. ടി. എൻ. പ്രതാപൻ, ഉപവാസ സമരം അവസാനിപ്പിക്കണമെന്നാണ് എനിക്ക് സഭയിലൂടെ അഭ്യർത്ഥിക്കാനുള്ളത്. പോലീസിന്റെ ഭാഗത്തുനിന്ന് ശക്തമായ നടപടികൾ ഇക്കാര്യത്തിലുണ്ടാകുമെന്ന് അറിയിക്കാൻ ഈ സന്ദർഭം വിനിയോഗിക്കുകയാണ്.

## XIII ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

അംഗപരിമിതരുടെ സെൻസസ് റിപ്പോർട്ട്

മി. സ്പീക്കർ: പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി ഡോ. എം. കെ. മുനീർ, അങ്ങ് ചട്ടം 300 അനുസരിച്ച് ഒരു പ്രസ്താവന നടത്തുന്നതിന് നാളത്തേയ്ക്ക് അനുവാദം ചോദിച്ചിരുന്നു. അത് ഇന്ന് അങ്ങേയ്ക്ക് നടത്താവുന്നതാണ്.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): ലോകത്താകമാനമുള്ള അംഗപരിമിതരുടെ സ്ഥിതി പരിശോധിച്ചാൽ അവർ സാമൂഹികമായി മാത്രമല്ല ആരോഗ്യം, വിദ്യാഭ്യാസം, സാമ്പത്തികം എന്നീ മേഖലകളിലും മറ്റുള്ളവരെക്കാൾ പിന്നോക്കമാണെന്ന് കാണാം. ഇത് പ്രധാനമായും അവർ നേരിടുന്ന പല രീതിയിലുള്ള തടസ്സങ്ങൾ, പരിമിതികൾ എന്നിവ മൂലമാണ്. കേരളത്തിലെ ഭിന്നശേഷിയുള്ളവരെ സംബന്ധിച്ചും ഈ വസ്തുതകൾ യാഥാർത്ഥ്യമാണ്. ഈ സാഹചര്യത്തിൽ കേരളത്തിൽ മുഴുവൻ ഭിന്നശേഷിയുള്ള വ്യക്തികളുടെയും സ്ഥിതിവിവരക്കണക്ക് 2016-ലെ അംഗപരിമിതരുടെ സെൻസസിലൂടെ ശേഖരിച്ചിരിക്കുകയാണ്. ഇന്ത്യയിലാദ്യമായാണ് അംഗപരിമിതരുടെ സെൻസസ് ഉണ്ടാകുന്നത്. അക്കാര്യത്തിൽ സംസ്ഥാനത്തിന് അഭിമാനിക്കാം. അതിന് സഹായിച്ച എല്ലാവരോടുമുള്ള നന്ദി രേഖപ്പെടുത്തിക്കൊണ്ട്, ഈ സെൻസസ് റിപ്പോർട്ട് വരുന്ന ദിവസങ്ങളിൽ മെമ്പർമാരുടെ കയ്യിൽ എത്തിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഈ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ ഭാവിയിൽ ഇവരുടെ ഓരോ വിഷയത്തിലും തീരുമാനമെടുക്കാൻ നമുക്ക് സഹായകമാകും. 23 ഇനം അംഗപരിമിതരാണുള്ളത്. ഈ 23 ഇനത്തിന്റെയും കാറ്റഗറി തിരിച്ചുള്ള സെൻസസ് റിപ്പോർട്ടാണ് എടുത്തിട്ടുള്ളത്. ഇങ്ങനെയൊരു സെൻസസ് കൊണ്ടുവരാൻ സഹായിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും മറ്റുള്ള സഹ മന്ത്രിമാരോടുമുള്ള നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഇന്ത്യയുടെ മുന്നിൽ കേരളത്തിന് അഭിമാനിക്കാൻ കഴിയുന്ന ഈ സെൻസസ് റിപ്പോർട്ട് സമർപ്പിക്കുന്നുവെന്ന് ഞാൻ അറിയിക്കുകയാണ്. ബഹുമാനപ്പെട്ട ചെയറിനോടും നന്ദി പ്രകാശിപ്പിക്കുന്നു.

## XIV അറിയിപ്പ്

മി. സ്പീക്കർ: ഇന്ന് നിയമസഭ ഉച്ചയ്ക്ക് ഒന്നര മണിക്കൂർ ബ്രേക്ക് എടുത്തിട്ട് രണ്ടുമൂന്ന് കാര്യങ്ങൾ നേരത്തെ കാര്യോപദേശക സമിതി തീരുമാനിച്ചിരുന്നു. ഇന്ന് നിയമസഭാ അംഗങ്ങളെല്ലാവരുംകൂടി ചേർന്ന് ഫോട്ടോ എടുക്കണമെന്നും നിയമസഭാ അംഗങ്ങളും പത്രക്കാരും മാധ്യമ പ്രവർത്തകരും ഒരുമിച്ചുചേർന്ന് ഭക്ഷണം കഴിക്കണമെന്നും തീരുമാനിച്ചിരുന്നു. പക്ഷേ യോജിച്ച ഒരന്തരീക്ഷമില്ലാത്ത സാഹചര്യത്തിൽ അത് രണ്ടും മാറ്റുന്നു. പതിമൂന്നാം കേരള നിയമസഭയുടെ ഫോട്ടോ ആവശ്യമായതുകൊണ്ട് ഫോട്ടോ എടുത്തേ മതിയാകൂ. അസംബ്ലി തെരഞ്ഞെടുപ്പിലേയ്ക്ക് പോകുകയാണ്. തെരഞ്ഞെടുപ്പെല്ലാം കഴിഞ്ഞ് നല്ല സമാധാനപരമായ ഒരന്തരീക്ഷത്തിൽ വീണ്ടും ഒരുമിച്ച് ഇവിടെ ചേരുകയും ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുകയും ഫോട്ടോ എടുക്കുകയും ചെയ്യണമെന്ന് ചെയർ അഭ്യർത്ഥിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ: സർ, നിയമസഭയ്ക്കകത്ത് ഇനി ഇരിക്കാമോ?

മി. സ്പീക്കർ: ഇന്ന് സഭ പിരിഞ്ഞുകഴിഞ്ഞാൽ നിയമസഭയ്ക്കകത്ത് ഇരിക്കാൻ കഴിയില്ല. താഴത്തെ മെമ്പേഴ്സ് ലോഞ്ചിൽ മാത്രമെ പറ്റുകയുള്ളൂ. മറ്റൊന്ന് നമ്മൾ തീരുമാനിച്ചിരുന്നത്, മുൻ സ്പീക്കറുടെ പേരിൽ ഏർപ്പെടുത്തിയ മാധ്യമ അവാർഡിന് അർഹതപ്പെട്ടവരെ തെരഞ്ഞെടുത്തിട്ടുണ്ട്. അതൊരു സമ്മേളനമായി ചേർന്ന് ആ മാധ്യമ അവാർഡ് ഇന്ന് കൊടുക്കണമെന്ന് തീരുമാനിച്ചിരുന്നു. അതോടൊപ്പം നിയമസഭയിലെ രണ്ട് ഹാളുകൾക്ക് രണ്ട് മുൻ സ്പീക്കർമാരുടെ നാമകരണം ചെയ്യുന്ന ചടങ്ങുമാണ് വച്ചിരുന്നത്. മാധ്യമങ്ങൾക്കുള്ള അവാർഡ് താമസിപ്പിക്കാൻ കഴിയില്ല. ഈ നിയമസഭയിലെ ഹാളുകൾക്ക് രണ്ട് മുൻ സ്പീക്കർമാരുടെ പേരിടുന്ന ചടങ്ങ് ഈ തെരഞ്ഞെടുപ്പിനുശേഷം നടത്തുന്നത് ശരിയല്ല. അതുകൊണ്ട് ഈ രണ്ട് ചടങ്ങുകളും നാളെ ഉച്ചയ്ക്ക് 2.30-ന് നടത്തുകയാണ്. കഴിയുന്നിടത്തോളം അംഗങ്ങൾ നാളെ ഈ ചടങ്ങിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇന്ന് വൈകുന്നേരം ആറ് മണിക്ക് ജൈവ കാർഷിക മണ്ഡലം അവാർഡ് കൊടുക്കുന്നതിന് നേരത്തെ തീരുമാനിച്ചിരുന്നു. അത് ഞാൻ വായിക്കാം.

കേരളത്തിൽ 2016 അവസാനമാകുമ്പോഴേയ്ക്കും ജൈവ കാർഷിക മണ്ഡലമായി രൂപപ്പെടുത്തുന്നതിന് കേരളത്തിലെ കാർഷിക മേഖലയ്ക്കും ജൈവ കൃഷി വ്യാപനത്തിനും വേണ്ടി വിവിധ പദ്ധതികളും പ്രോത്സാഹന പരിപാടികളും നടത്തിവരികയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ ഒരു വർഷക്കാലം മികച്ച രീതിയിൽ ജൈവകൃഷി നടപ്പിലാക്കിയ നിയോജകമണ്ഡലത്തിന് കാർഷിക വികസന കർഷക ക്ഷേമ അവാർഡ് ജേതാക്കളായ നിയോജക മണ്ഡലത്തിന് 2016 ഫെബ്രുവരി 24-ന് വൈകുന്നേരം ആറ് മണിക്ക് നിയമസഭാ മെമ്പേഴ്സ് ലോഞ്ചിൽ

വച്ച് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭാ സാമാജികർക്ക് നൽകുകയാണ്. ഇന്ന് വൈകുന്നേരം നടക്കുന്ന ഈ ചടങ്ങിലും തുടർന്ന് നടക്കുന്ന അത്താഴവിരുന്നിലും മുഴുവൻ നിയമസഭാ സാമാജികരും മാധ്യമ സുഹൃത്തുക്കളും പങ്കെടുക്കണമെന്ന് ബഹുമാനപ്പെട്ട കൃഷിവകുപ്പ് മന്ത്രിക്കുവേണ്ടി ചെയർ ഈ സഭയെ അറിയിക്കുന്നു. ഈ പരിപാടി മാറ്റിയിട്ടില്ല. ഇന്ന് വൈകുന്നേരം ആറ് മണിക്കാണ് ഈ പരിപാടി.

## XV അവകാശ ലംഘന പ്രമേയങ്ങൾ

അനുമതി നിഷേധിച്ചവ

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. എസ്. ശർമ്മ, ശ്രീ. വി. ശിവൻകുട്ടി, ശ്രീ. പി. ശ്രീരാമകൃഷ്ണൻ എന്നീ അംഗങ്ങൾ നൽകിയ നോട്ടീസുകൾക്കും പൊതുഭരണ വകുപ്പുസെക്രട്ടറിക്ക് എതിരെ ശ്രീ. വി. ശിവൻകുട്ടി, എം.എൽ.എ. നൽകിയ നോട്ടീസിനും അനുമതി നിഷേധിച്ച വിവരം സഭയെ അറിയിക്കുന്നു.

പരിഗണനയിലിരിക്കുന്നവ

ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് വി.എസ്. അച്ചുതാനന്ദന് എതിരെ ശ്രീ. കെ. ശിവദാസൻ നായർ, ശ്രീ. ടി. എൻ. പ്രതാപൻ എന്നീ അംഗങ്ങൾ നൽകിയ നോട്ടീസുകൾ ചെയറിന്റെ പരിഗണനയിലാണ്. വിശദമായ റൂളിംഗ് ലൈബ്രറിയിൽ ലഭ്യമാണ്.

## XVI പ്രമേയം

സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയുന്നതുസംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഈ നിയമസഭയുടെ അവസാന സമ്മേളനം അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഒരു സഭാനേതാവ് എന്നുള്ള നിലയിൽ ഈ നിയമസഭാ കാലത്ത് ചെയ്യേണ്ടുന്ന അവസാനത്തെ കടമ നിർവ്വഹിക്കാൻവേണ്ടി ഞാൻ എഴുന്നേറ്റിരിക്കുകയാണ്. അഞ്ച് വർഷക്കാലം നിയമസഭയിൽനിന്നും സഭാനാഥൻമാരിൽനിന്നും നിയമസഭാ ജീവനക്കാരിൽ നിന്നും ഗവൺമെന്റിന് ലഭിച്ചിട്ടുള്ള എല്ലാവിധത്തിലുമുള്ള സഹകരണങ്ങൾക്കും ഞാൻ നന്ദി പറയുകയാണ്. അങ്ങയുടെ മുൻഗാമി ജി. കാർത്തികേയൻ സ്പീക്കറായിരുന്ന സമയത്തും, അദ്ദേഹത്തിന്റെ വേർപാട് ഉണ്ടാക്കിയിട്ടുള്ള ദുഃഖം ഇന്നും വിട്ടുമാറിയിട്ടില്ല, അതിനുശേഷം അങ്ങും ഈ ഉത്തരവാദിത്വം ഏറ്റെടുത്തശേഷം

നിങ്ങൾ രണ്ടുപേരിൽനിന്നും ലഭിച്ചിട്ടുള്ള നല്ല അനുഭവങ്ങൾ ഭരണകക്ഷിയൊന്നാകെ, ഈ സഭയൊന്നാകെ പങ്കുവയ്ക്കുകയാണ്. അതുപോലെ, എത്രമാത്രം ബുദ്ധിമുട്ടുകൾ സഹിച്ചും ഏറ്റവും വലിയ പ്രതിസന്ധികളുണ്ടായകാലത്തുമെല്ലാം അതിനെ അതിജീവിക്കാൻ അങ്ങേയറ്റത്തെ ക്ഷമയോടും സഹിഷ്ണുതയോടും അതേസമയം കാര്യക്ഷമതയോടും കൂടി പ്രവർത്തിക്കുന്ന നിയമസഭാ സ്റ്റാഫിനോടും നന്ദിപറയാൻ വേണ്ടി ഈ അവസരം വിനിയോഗിച്ചുകൊണ്ട് എന്റെ കടമ ഞാൻ നിർവ്വഹിക്കുന്നു.

തല്ക്കാലം സഭയ്ക്കുമുമ്പാകെ വയ്ക്കാൻ ഗവൺമെന്റ് ബിസിനസ്സുകളൊന്നും ഇല്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ്.

## XVII അവലോകനം

മി. സ്പീക്കർ: പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്ന് ദിവസം നീണ്ടുനിന്ന പതിനാറാം സമ്മേളനം ഇന്ന് അവസാനിക്കുകയാണ്. ഫെബ്രുവരി 5-ന് നയപ്രഖ്യാപന പ്രസംഗത്തോടെയാണ് സഭ ആരംഭിച്ചത്. ഗവർണർ ജസ്റ്റിസ് പി. സദാശിവത്തിന്റെ 2 മണിക്കൂർ 34 മിനിട്ട് നീണ്ട പ്രസംഗം കേരള നിയമസഭയുടെ ചരിത്രത്തിലെ ഏറ്റവും ദൈർഘ്യമേറിയ നയപ്രഖ്യാപന പ്രസംഗമായിരുന്നു. ഈ സമ്മേളന കാലത്ത് മുൻസ്പീക്കർ എ. സി. ജോസ്, ഒ. എൻ. വി. കുറുപ്പ് എന്നിവർക്ക് ആദരാഞ്ജലി അർപ്പിച്ച് രണ്ട് ദിവസം മറ്റ് ബിസിനസ്സുകളിലേയ്ക്കൊന്നും കടക്കാതെ സഭ പിരിയുകയുണ്ടായി. ഫെബ്രുവരി 12-ന് മുഖ്യമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റ് പ്രസംഗവും സഭാചരിത്രത്തിൽ ഇടംപിടിച്ചു. 2 മണിക്കൂർ 54 മിനിട്ട് സമയമെടുത്താണ് അദ്ദേഹം തന്റെ ബഡ്ജറ്റ് പ്രസംഗം പൂർത്തിയാക്കിയത്. 2016 ഏപ്രിൽ മുതൽ 4 മാസത്തേയ്ക്കുള്ള വോട്ട് ഓൺ അക്കൗണ്ട്, 2015-16 സാമ്പത്തികവർഷത്തേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളും വോട്ട് ഓൺ അക്കൗണ്ടിനെ സംബന്ധിച്ചും ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ചുമുള്ള ധനവിനിയോഗ ബില്ലുകളും സഭ പാസ്സാക്കി. 2015-ലെ കേരള നഗര-ഗ്രാമാസൂത്രണ ബിൽ, 2016 -ലെ കേരള അങ്കണവാടി വർക്കർമാരുടേയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ബിൽ, 2016-ലെ കേരള ഭൂനികുതി (ഭേദഗതി) ബിൽ എന്നിവ സഭ പരിഗണിച്ച് പാസ്സാക്കുകയുണ്ടായി.

പതിമൂന്നാം കേരള നിയമസഭയുടെ അവസാന യോഗമാണ് ഇന്ന് നടക്കുന്നത്. 2011 മേയ് 14-ന് രൂപീകൃതമായ ഈ സഭയുടെ ആദ്യസമ്മേളനം 2011 ജൂൺ 1-ാം തീയതി ചേർന്നു. ഇതുവരെ 16 സമ്മേളനങ്ങളിലായി 237 ദിവസം സഭ സമ്മേളിക്കുകയും 1445-ൽ അധികം മണിക്കൂർ നടപടികൾ നടത്തുകയുമുണ്ടായി. സഭാദ്ധ്യക്ഷനെന്ന നിലയിൽ ഞാൻ ചുമതലയേറ്റത് 2015 മാർച്ച് 12-ാം തീയതി തികച്ചും അപ്രതീക്ഷിത സാഹചര്യത്തിലായിരുന്നു. സഭാസമ്മേളനത്തിന്റെ തുടക്കത്തിൽ പ്രോ-ടേം സ്പീക്കർ എന്ന നിലയിലും 2011 ജൂൺ 28 മുതൽ 2015 മാർച്ച് 10 വരെ ഡെപ്യൂട്ടി സ്പീക്കർ എന്ന നിലയിലും പ്രവർത്തിക്കുവാൻ കഴിഞ്ഞത് ഒരു ബഹുമതിയായി ഞാൻ കരുതുന്നു. ഈ സഭയുടെ കാലയളവിൽ രണ്ട് മഹത് വ്യക്തികൾ നമ്മെ വിട്ടുപിരിഞ്ഞു, മന്ത്രി ടി. എം. ജേക്കബ്ബും സ്പീക്കർ ജി. കാർത്തികേയനും. അവരുടെ വേർപാട് ഈ സഭയ്ക്ക് ഉണ്ടാക്കിയ നഷ്ടം വളരെ വലുതാണ്.

1 മുതൽ 16 വരെയുള്ള സമ്മേളന കാലയളവിൽ അംഗങ്ങൾ നോട്ടീസ് നല്കിയ ഒരു ലക്ഷത്തി നാല്പത്തി മൂവായിരത്തി മുന്നൂറ്റി എഴുപത്തിയാറ് (143376) ചോദ്യങ്ങളിൽ ഒരു ലക്ഷത്തി നാല്പത്തി ഒരായിരത്തി മുന്നൂറ്റി എൺപത്തിയേഴ് (141387) ചോദ്യങ്ങൾ അനുവദിക്കുകയുണ്ടായി. നക്ഷത്ര ചിഹ്നമിട്ട 679 ചോദ്യങ്ങൾക്ക് സഭാതലത്തിൽ മന്ത്രിമാർ വാങ്മൂലം മറുപടി നല്കി. ബഹുമാനപ്പെട്ട സഹകരണവും ഖാദി-ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി ശ്രീ. സി. എൻ. ബാലകൃഷ്ണൻ അദ്ദേഹത്തിന്റെ കീഴിലുള്ള വകുപ്പുകളെ സംബന്ധിക്കുന്ന എല്ലാ നിയമസഭാ ചോദ്യങ്ങൾക്കും കഴിഞ്ഞ 5 വർഷവും കൃത്യസമയത്തുതന്നെ മറുപടി നല്കി എന്ന കാര്യം പ്രത്യേകം പരാമർശിക്കുന്നു. ഈ നിയമസഭയുടെ കാലയളവിൽ 144 ബില്ലുകൾ സഭ പരിഗണിക്കുകയും പാസ്സാക്കുകയും ചെയ്തു. അതിൽ 33 ഒറിജിനൽ ബില്ലുകളും 58 ഭേദഗതി ബില്ലുകളും 53 ധനവിനിയോഗ ബില്ലുകളും ഉൾപ്പെടുന്നു. രാഷ്ട്രപതി തിരിച്ചയച്ച രജിസ്ട്രേഷൻ (കേരള ഭേദഗതി) ബിൽ, 2009 പുനഃപരിഗണിക്കുകയും പാസ്സാക്കുകയും ചെയ്തു. Code of Criminal Procedure (Kerala Amendment) Bill, 2008, The Grants and Lease Modification of Rights (Amendment) Bill, 1999 എന്നിവ രാഷ്ട്രപതിയുടെ നിർദ്ദേശപ്രകാരം പിൻവലിക്കുവാൻ സഭ അനുമതി നല്കി. നിയമസഭ പാസ്സാക്കിയ താഴെപ്പറയുന്ന ബില്ലുകൾ പ്രത്യേകം പ്രാധാന്യമർഹിക്കുന്നു:

1. 2012-ലെ കേരള സേവനാവകാശ നിയമം
2. The Kerala Document Writers', Scribes' and Stamp Venders Welfare Fund bill, 2012
3. The Kerala Protection of Interests of depositors in Financial Establishments Bill, 2012
4. തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല ബിൽ, 2013
5. കേരള സ്റ്റേറ്റ് യൂത്ത് കമ്മീഷൻ ബിൽ, 2013
6. The Kerala State Commission for Minorities Bill, 2014
7. The Kerala Maritime Board Bill, 2014
8. 2015-ലെ എ. പി. ജെ. അബ്ദുൾ കലാം ശാസ്ത്ര-സാങ്കേതിക സർവ്വകലാശാല ബിൽ
9. 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബിൽ
10. 2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ബിൽ
11. 2015-ലെ മലയാളഭാഷ (വ്യാപനവും പരിപോഷണവും) ബിൽ
12. 2015-ലെ പ്രവാസി ഭാരതീയർ (കേരളീയർ) കമ്മീഷൻ ബിൽ
13. 2016-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി ബിൽ
14. 2015-ലെ കേരള നഗര-ഗ്രാമാസൂത്രണ ബിൽ

സർവ്വകലാശാലകളിലെയും, മലിനീകരണ നിയന്ത്രണ ബോർഡിലെയും, ലോകായുക്തയിലെയും, ലൈബ്രറി കൗൺസിലിലെയും നിയമനങ്ങൾ നടത്തുവാൻ പബ്ലിക് സർവ്വീസ് കമ്മീഷനെ അധികാരപ്പെടുത്തിക്കൊണ്ടുള്ള നിയമങ്ങളും ഈ കാലയളവിൽ സഭ പാസ്സാക്കുകയുണ്ടായി.

ഈ സമ്മേളനകാലയളവിൽ ലഭിച്ച 191 അടിയന്തരപ്രമേയ നോട്ടീസുകളിൽ 5 എണ്ണം സഭ ചർച്ച ചെയ്തു. 347 ശ്രദ്ധക്ഷണിക്കൽ നോട്ടീസുകളും 2495 സബ്മിഷനുകളും സഭയിൽ അവതരിപ്പിച്ചു. ചട്ടം 130 അനുസരിച്ചുള്ള 7 നോട്ടീസുകളും ചട്ടം 58 പ്രകാരമുള്ള 3 നോട്ടീസുകളും ചട്ടം 205 (ബി) പ്രകാരമുള്ള ഒരു നോട്ടീസും 5 സ്റ്റാറ്റ്യൂട്ടറി/ഗവൺമെന്റ് പ്രമേയങ്ങളും സഭ മുമ്പാകെ വന്നു. ചട്ടം 300 അനുസരിച്ച് 31 സ്റ്റേറ്റ്മെന്റുകൾ ബന്ധപ്പെട്ട മന്ത്രിമാർ നടത്തി. 13 ചട്ടങ്ങളുടെ ഭേദഗതി സഭ പരിഗണിച്ചു.

പതിമൂന്നാം കേരള നിയമസഭയുടെ കാലയളവിൽ 6 ബഡ്ജറ്റ് പ്രസംഗങ്ങളും 6 നയപ്രഖ്യാപന പ്രസംഗങ്ങളും സഭയിൽ അവതരിപ്പിച്ചു. 36 അംഗങ്ങൾ നോട്ടീസ് നല്കിയ 100 അനൗദ്യോഗിക ബില്ലുകൾ ഈ സഭയുടെ കാലയളവിൽ ലഭിച്ചുവെങ്കിലും 64 ബില്ലുകൾക്ക് മാത്രമേ സഭയിൽ അവതരണാനുമതി തേടിയുള്ളൂ. 10 അനൗദ്യോഗിക പ്രമേയങ്ങൾ സഭ ചർച്ച ചെയ്യുകയും 6 പ്രമേയങ്ങൾ സഭ അംഗീകരിക്കുകയും 3 പ്രമേയങ്ങൾ മന്ത്രിമാർ നല്കിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ പിൻവലിക്കുകയും 2 എണ്ണം സഭ വോട്ടിനിട്ട് തള്ളുകയും ചെയ്തു.

ഈ നിയമസഭയുടെ കാലയളവിൽ വിവിധ നിയമസഭാ കമ്മിറ്റികൾ 578 റിപ്പോർട്ടുകൾ സമർപ്പിക്കുകയുണ്ടായി. സബ്ജക്ട് കമ്മിറ്റികൾ സ്പെഷ്യൽ റിപ്പോർട്ടുകൾ ഉൾപ്പെടെ 341 റിപ്പോർട്ടുകൾ സമർപ്പിക്കുകയുണ്ടായി. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി കേരള നിയമസഭയിലെ അതിന്റെ 1000-ാമത്തെ റിപ്പോർട്ട് ഈ കാലയളവിലാണ് സമർപ്പിച്ചത്. പരിസ്ഥിതി സംബന്ധിച്ച സമിതി മുൻസമിതികൾ സമർപ്പിച്ച 26 റിപ്പോർട്ടുകളുടെയും നിലവിലെ സമിതി തയ്യാറാക്കി സമർപ്പിച്ച 8 റിപ്പോർട്ടുകളുടെയും ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ തയ്യാറാക്കി സഭയിൽ സമർപ്പിക്കുകയുണ്ടായി. അതുപോലെതന്നെ പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതി മുൻകാലങ്ങളിലെ റിപ്പോർട്ടുകളിന്മേലും നിലവിലെ സമിതിയുടെ റിപ്പോർട്ടുകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ ഉൾപ്പെടെ 44 റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. നിയമസഭയുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് രണ്ട് നിയമസഭാ സമിതികൾ അതിന്റെ എല്ലാ റിപ്പോർട്ടുകളിന്മേലുമുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ സഭയുടെ കാലാവധി പൂർത്തിയാക്കുന്നതിനുമുമ്പ് തയ്യാറാക്കി സഭയിൽ സമർപ്പിച്ചിട്ടുള്ളത്. ഈ രണ്ട് സമിതികളുടെയും ചെയർമാൻമാർ, അംഗങ്ങൾ, നിയമസഭാ സെക്രട്ടേറിയേറ്റിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരെ ചെയർ പ്രത്യേകം അനുമോദിക്കുന്നു.

മുൻ നിയമസഭാംഗങ്ങൾ ഉൾപ്പെടെ 83 പ്രമുഖ വ്യക്തികളുടെ നിര്യാണം സംബന്ധിച്ച റഫറൻസ് ഈ കാലയളവിൽ നടത്തുകയുണ്ടായി. അംഗങ്ങളുടെ

പെരുമാറ്റച്ചട്ടത്തിന്റെ ലംഘനത്തിന് 7 അംഗങ്ങളെ സസ്പെൻഡ് ചെയ്യുകയും 5 അംഗങ്ങളെ ശാസിക്കുകയും 6 അംഗങ്ങൾക്ക് താക്കീത് നല്കുകയും ചെയ്തു. കൂറുമാറ്റ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഒരംഗത്തിന്റെ അംഗത്വം റദ്ദാക്കുകയുണ്ടായി. ഈ നിയമസഭയുടെ കാലയളവിൽ ചില പരിഷ്കാരങ്ങൾ സഭയിൽ ഏർപ്പെടുത്തുക യുണ്ടായി. നിയമസഭാ സമ്മേളന ആരംഭത്തിലും അവസാനിക്കുമ്പോഴും ദേശീയഗാനം ആലപിക്കുന്ന രീതി നിലവിൽവന്നു. സഭയ്ക്കുള്ളിൽ അംഗങ്ങൾക്ക് പ്രസംഗത്തിന് സഹായകമായി ലാപ്ടോപ്പും ഐ-പാഡും ഉപയോഗിക്കുവാൻ അനുവാദം നല്കി. സ്പീക്കർ സഭയിൽ എത്തുമ്പോൾ നടത്തിയിരുന്ന ഇംഗ്ലീഷിലുള്ള അറിയിപ്പ് (3-2-1949-ൽ ആരംഭിച്ച നടപടി) മലയാളത്തിലാക്കി. നിയമസഭാ നടപടികളുടെ വെബ്കാസ്റ്റിംഗ് ആരംഭിച്ചു. അഷ്വറൻസ് ഇംപ്ലിമെന്റേഷൻ ഡസ്ക് ആരംഭിക്കുകയും ചോദ്യങ്ങൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുകയും ചെയ്തു. നിയമസഭയുടെ പ്രൊസീഡിംഗ്സ് സമയബന്ധിതമായി പ്രിന്റ് ചെയ്തിറക്കുന്നതിന് സാധിച്ചിട്ടുണ്ട്. നിയമസഭാ uncorrected proceedings 48 മണിക്കൂറിനുള്ളിൽ നിയമസഭയുടെ വെബ്സൈറ്റിൽ ലഭ്യമാക്കി.

നിയമസഭയുടെ ശതോത്തര രജതജൂബിലി ഈ സഭാകാലയളവിൽ വിവിധ പരിപാടികളോടെ ആഘോഷിച്ചു. ആഘോഷ പരിപാടികളുടെ ഭാഗമായി 2012 ഒക്ടോബർ 30-ാം തീയതി രാഷ്ട്രപതി ശ്രീ. പ്രണബ് മുഖർജിയും 2013 സെപ്റ്റംബർ 11-ന് ഉപരാഷ്ട്രപതി ഡോ. എം. ഹമീദ് അൻസാരിയും കേരള നിയമസഭയുടെ പ്രത്യേക സമ്മേളനത്തെ അഭിസംബോധന ചെയ്തു. ആഘോഷ പരിപാടികളുടെ ഭാഗമായി വിവിധ രാഷ്ട്രീയ കക്ഷികളുടെ നേതാക്കൾ പങ്കെടുത്ത "നാളത്തെ കേരളം"എന്ന സെമിനാർ സംഘടിപ്പിച്ചു. ഭാരതീയ തപാൽ വകുപ്പ് ഇതോടനുബന്ധിച്ച് ഒരു സ്മാരക സ്റ്റാമ്പും ഫസ്റ്റ് ഡേ കവറും പുറത്തിറക്കി. രാഷ്ട്രപതി പ്രഖ്യാപിച്ച നിയമസഭാ സമുച്ചയം ഹരിതാഭമാക്കുന്നതിന്റെ ഭാഗമായി 1530000 ലിറ്റർ ശേഷിയുള്ള ആറ് മഴവെള്ള സംഭരണികൾ നിയമസഭാ കോംപ്ലക്സിൽ സ്ഥാപിക്കുകയും 125 മരങ്ങൾ വച്ച് പിടിപ്പിക്കുകയും ചെയ്തു. നിയമസഭാ കോംപ്ലക്സിന്റെ സുവർണ്ണ ജൂബിലി മ്യൂസിയത്തിന്റെ പുതിയ ബ്ലോക്ക് ഈ കാലയളവിലാണ് ഉദ്ഘാടനം ചെയ്തത്. ശതോത്തര രജതജൂബിലി ആഘോഷങ്ങളുടെ ഭാഗമായി രണ്ട് വാല്യങ്ങളുള്ള ഒരു സുവനീർ പ്രസിദ്ധീകരിക്കുകയുണ്ടായി.

നിയമസഭാ സെക്രട്ടേറിയറ്റിന്റെ വജ്ര ജൂബിലി ആഘോഷങ്ങളും ഈ കാലയളവിൽ നടന്നു. ഇതിനോടനുബന്ധിച്ച് ആരംഭിച്ച പ്രഭാഷണ പരമ്പരയുടെ ഭാഗമായി ഡോ. എൻ. ആർ. മാധവമേനോൻ, ഡോ. ടെസ്സി തോമസ്, ഡോ. ജി. മോഹൻ ഗോപാൽ എന്നിവർ പ്രഭാഷണം നടത്തി. 2012 ഏപ്രിൽ 11-ന് ഡോ. കെ. ജെ. യേശുദാസിനെ നിയമസഭ ആദരിച്ചു. നിയമസഭാ സെക്രട്ടേറിയറ്റ് ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനായി സെന്റർ ഫോർ പാർലമെന്ററി സ്റ്റഡീസ് ആൻഡ് ട്രെയിനിംഗ് ആരംഭിക്കുകയും അതിന് കീഴിൽ 6 മാസത്തെ ഒരു സർട്ടിഫിക്കറ്റ് കോഴ്സ് തുടങ്ങുകയും ചെയ്തു. നിയമസഭാ റിപ്പോർട്ടിംഗിന് ജി. കാർത്തികേയൻ മാധ്യമ അവാർഡ് ഏർപ്പെടുത്തി. മുതിർന്ന മാധ്യമ

പ്രവർത്തകർക്ക് സ്ഥിരം പാസ്സ് അനുവദിച്ചു. നിയമസഭാ ലൈബ്രറിയുടെ ഭാഗമായി കുട്ടികളുടെ ലൈബ്രറി നാളെ ഉദ്ഘാടനം ചെയ്യുകയാണ്. നിയമസഭാ മ്യൂസിയത്തിന്റെ പുതിയ ബ്ലോക്കിന് ജി. കാർത്തികേയന്റെ പേരും നിയമസഭാ മെമ്പേഴ്സ് ലോഞ്ചിന് കേരള നിയമസഭയുടെ ആദ്യ സ്പീക്കർ ആർ. ശങ്കരനാരായണൻ തമ്പിയുടെ പേരും നല്കുന്ന ചടങ്ങും നാളെ സംഘടിപ്പിച്ചിട്ടുണ്ട്.

നിയമസഭാ പ്രവർത്തനങ്ങൾ നല്ലരീതിയിൽ നടത്തുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, ബഹുമാനപ്പെട്ട മന്ത്രിമാർ, ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ, ബഹുമാനപ്പെട്ട ഗവൺമെന്റ് ചീഫ് വിപ്പ്, ബഹുമാനപ്പെട്ട കക്ഷി നേതാക്കൾ, ബഹുമാന്യരായ പാനൽ ഓഫ് ചെയർമാൻമാർ, ബഹുമാനപ്പെട്ട സാമാജികർ എന്നിവരിൽനിന്നും ലഭിച്ച സഹകരണങ്ങൾ വിലപ്പെട്ടതാണ്. അതിന് എല്ലാവരോടും ചെയർ പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. സഭാനടപടികൾ റിപ്പോർട്ട് ചെയ്ത പത്രപ്രവർത്തകർ, നിയമസഭാ സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥർ, പൊതുമരാമത്ത് വകുപ്പിലെ ജീവനക്കാർ, മറ്റ് വിവിധ ഡിപ്പാർട്ടുമെന്റുകളിലെ ഉദ്യോഗസ്ഥർ എന്നിവർക്കും ചെയർ നന്ദി രേഖപ്പെടുത്തുന്നു. ചില ദൗർഭാഗ്യകരമായ സംഭവങ്ങൾ സഭയിൽ ഉണ്ടായിട്ടുണ്ടെങ്കിലും ഒരു പരിധിവരെ നിയമസഭാ സമ്മേളനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് എല്ലാ ഭാഗത്തുനിന്നും ചെയറിന് ലഭിച്ച പിന്തുണയ്ക്കും സഹകരണത്തിനും ഒരിക്കൽക്കൂടി നന്ദി രേഖപ്പെടുത്തുന്നു. ബഹുമാനപ്പെട്ട സാമാജികർക്ക് എല്ലാവിധ നന്മകളും ആശംസിക്കുന്നു.

ഈ നിയമസഭാ സമ്മേളനം ഭംഗിയായി കൊണ്ടുപോകുന്നതിന് നിയമസഭാ സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥർ കാണിച്ച വലിയ സഹകരണത്തിന്, രാത്രിയും പകലും ഉറക്കമിളച്ചു പ്രവർത്തിച്ച നിയമസഭാ സെക്രട്ടേറിയറ്റിലെ ഒട്ടേറെ ഉദ്യോഗസ്ഥരെയും ചെയർ പ്രത്യേകമായി അഭിനന്ദിക്കുന്നു. സഹായിച്ച എല്ലാവർക്കും ഒരിക്കൽക്കൂടി നന്ദി രേഖപ്പെടുത്തുന്നു. ബഹുമാനപ്പെട്ട സാമാജികർക്ക് ജീവിതത്തിൽ എല്ലാ നന്മകളും ഉണ്ടാകട്ടെ എന്ന് ചെയർ ആശംസിക്കുന്നു. അടുത്ത തെരഞ്ഞെടുപ്പിലും വിജയിച്ച് വീണ്ടും നിയമസഭയിൽ എത്തുന്നതിന് നിങ്ങൾക്ക് കഴിയട്ടെ എന്നുള്ള ആശംസയോടുകൂടി സ്പീക്കർ എന്ന നിലയിലുള്ള എന്റെ അവസാനത്തെ വാക്കുകൾ ഞാൻ നിർത്തുന്നു.

<u>ശ്രീ. കെ. മുരളീധരൻ:</u> സർ, ഈ സഭയിൽ മുടങ്ങാതെ പങ്കെടുത്ത അംഗങ്ങളെ ചെയർ അനുമോദിക്കണം.

<u>മി. സ്പീക്കർ</u>: അങ്ങനെ പറഞ്ഞാൽ അങ്ങേയ്ക്ക് അത് കിട്ടുമെന്നുള്ളത് ഉറപ്പാണ്. എന്തായാലും സഭയിൽ കൃത്യമായി വരികയും കൂടുതൽ സമയം സഭാനടപടികളിൽ സഹകരിക്കുകയും ചെയ്ത എല്ലാ ബഹുമാന്യരായ അംഗങ്ങളെയും ചെയർ പ്രത്യേകമായി അഭിനന്ദിക്കുന്നു.

ഓർഡർ......ഓർഡർ.......... സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നു.

(സഭ ദേശീയഗാനാലാപനത്തോടെ ഉച്ചയ്ക്കുശേഷം 2.30-ന് അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.)

കേരള ഗസറ്റ്

KERALA GAZETTE

അസാധാരണം

EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

PUBLISHED BY AUTHORITY

വാല്യം 5} തിരുവനന്തപുരം, വെള്ളി 2016 ഫെബ്രുവരി 28 / 28th February 2016 — 1192 കുംഭം 15 നമ്പർ} No}1956

Vol V } Thiruvananthapuram, Friday 26th Kumbham 1191 — 1938 ഫാൽഗുനം 9 / 20th Phalguna 1938

## SECRETARIAT OF THE KERALA LEGISLATURE

NOTIFICATION

No.247/Table-1/2016/Leg.

Dated, Thiruvananthapuram, 11th November, 2016

ഇൻഡ്യൻ, ഭരണഘടനയുടെ 174-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന ഗവർണ്ണർ പതിമൂന്നാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനം 2016 ഫെബ്രുവരി 24-ാം തീയതി അതിന്റെ സമ്മേളനം അവസാനിച്ചതുമുതൽ സമാപിപ്പിച്ചിരിക്കുന്നു.

In exercise of the powers conferred by sub-clause (a) of clause (2) of Article 174 of the Constitution of India, the Governor of the State of Kerala hereby prorogues the Sixteenth Session of the Thirtheenth Kerala Legislative Assembly with effect from February 24, 2016 at the conclusion of its sitting.

By order of the Governor,

P.D. SARANGADHARAN,

Secretary.

## അനുബന്ധം

## (1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2015-ലെ കേരള നഗരഗ്രാമാസൂത്രണ ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ചുകൊണ്ട് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) മേശപ്പുറത്തുവച്ച പ്രസംഗം

സ്വാതന്ത്ര്യം കിട്ടുന്നതിനുമുമ്പ് രൂപംനൽകിയതും ഒരു നൂറ്റാണ്ടിലധികം പഴക്കമുള്ളതുമായ മൂന്ന് നഗരാസൂത്രണ നിയമങ്ങളായിരുന്നു അടുത്ത കാലംവരെ നമ്മുടെ സംസ്ഥാനത്ത് നിലവിലുണ്ടായിരുന്നത്. 1920-ലെ Madras Town Planning Act മലബാർ പ്രദേശത്തും, മലയാള വർഷം 1108-ലെ Town Planning Act, മലയാള വർഷം 1120-ലെ Travancore Town & Country Planning Act എന്നിവ പഴയ തിരുവിതാംകൂർ-കൊച്ചി പ്രദേശത്തും ബാധകമായിരുന്നു. യഥാർത്ഥത്തിൽ, 1920-ൽ ഉണ്ടാക്കിയ മദ്രാസ് ടൗൺ പ്ലാനിങ്ങ് ആക്ട് 1967-ൽ തന്നെ മദ്രാസ് ഗവൺമെന്റ് റദ്ദാക്കിയിരുന്നു. എന്നാൽ കഴിഞ്ഞ വർഷം ഓർഡിനൻസ് പുറപ്പെടുവിക്കുന്നതുവരെ, നിയമം ഉണ്ടാക്കിയ സംസ്ഥാനം അര നൂറ്റാണ്ടുമുമ്പ് റദ്ദാക്കിയ നിയമം പിൻതുടർന്നുവെന്നത് ഏറ്റവും വിരോധാഭാസമായ കാര്യമാണ്. 1983-ൽ 7-ാം നിയമസഭയിൽ ബിൽ നമ്പർ 81 ആയി പുതിയ നിയമം അവതരിപ്പിച്ചെങ്കിലും പൂർത്തിയാക്കാൻ കഴിഞ്ഞില്ല.

ഇതിനിടെ, 1993-ൽ ഭരണഘടനയുടെ 73, 74 ഭേദഗതികൾ വരുകയും, തദ്ദേശഭരണത്തിൽ കാതലായ മാറ്റങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. ജില്ലാ പ്ലാനിംഗ് കമ്മിറ്റി (DPC), മെട്രോപോളിറ്റൻ പ്ലാനിംഗ് കമ്മിറ്റി (MPC) പോലെയുള്ള പുതിയ സ്ഥാപനങ്ങൾ നിലവിൽ വരികയും, ജില്ലാ പ്ലാൻ അടക്കമുള്ള പുതിയ പ്ലാനുകൾക്ക് നിയമ പ്രാബല്യം നൽകുകയും ചെയ്തു. ഈ ഭരണഘടനാ ഭേദഗതിയുടെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് ബന്ധപ്പെട്ട നിയമങ്ങൾ പുതുക്കി നിയമമാക്കാനും നിർദ്ദേശം ഉണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ, അന്ന് നിലവിലിരുന്ന Kerala Municipality Act, Kerala Panchayat Raj Act എന്നിവ പരിഷ്കരിച്ച് നിയമമാക്കി. പക്ഷേ മേൽപ്പറഞ്ഞ 3 നഗരാസൂത്രണ നിയമങ്ങളും പരിഷ്കരിച്ച് നിയമമാക്കാൻ സാധിച്ചില്ല.

9-2-2011-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി ദൂരവ്യാപകമായ വിധി പ്രസ്താവിച്ചു. 73, 74 ഭരണഘടനാ ഭേദഗതികളുടെ അന്തഃസത്ത ഉൾക്കൊണ്ട് നഗരാസൂത്രണ നിയമം പരിഷ്കരിച്ചിട്ടില്ലായെന്നും, അക്കാര്യംകൊണ്ടുതന്നെ ആ നിയമങ്ങളുടെ പിൻബലത്തോടെ രൂപീകരിച്ച മാസ്റ്റർ പ്ലാനുകളും ഡി.റ്റി.പി. സ്കീമുകളും നിലനിൽക്കുന്നതല്ലായെന്നും കോടതി ചൂണ്ടിക്കാട്ടി. അങ്ങനെയുണ്ടായാൽ, കേരളത്തിലെ നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകളും ഡി.റ്റി.പി. സ്കീമുകളും ഇല്ലാത്ത അവസ്ഥ സംജാതമാവുകയും, അത് അനാവശ്യമായ വികസനത്തിന് വഴിവയ്ക്കുമെന്നും ഭയപ്പെട്ടു. മറ്റു നിയമങ്ങളിൽ നിന്നും വ്യത്യസ്തമായി, നഗരാസൂത്രണ നിയമങ്ങൾ ലംഘിച്ച് കെട്ടിട നിർമ്മാണം നടന്നാൽ, അത് നീക്കം ചെയ്യുന്നതടക്കമുള്ള പ്രവർത്തനങ്ങൾ വൻ ദേശീയ നഷ്ടം ഉണ്ടാക്കും. റോഡുകളുടെ വികസനം എന്നന്നേക്കുമായി നിലയ്ക്കും. പുതിയ റോഡുകൾക്കാവശ്യമായ എസ്റ്റിമേറ്റ് അത്യധികമായി ഉയരും. വികസനം വഴിമുട്ടും.

മുൻപറഞ്ഞ പ്രത്യാഘാതങ്ങൾ മുന്നിൽക്കണ്ട്, കാലപ്പഴക്കംചെന്ന നിയമങ്ങൾ മാറ്റി, പുതിയ സമഗ്ര നിയമം നിർമ്മിക്കാൻ സർക്കാർ തീരുമാനിച്ചു. കോടതി നടപടികൾ ഒഴിവാക്കേണ്ടതുള്ളതിനാൽ പുതിയ നിയമം ഓർഡിനൻസ് ആയി ഇറക്കാനും തീരുമാനിച്ചു. ഓർഡിനൻസ് 23-9-2013-ൽ പ്രസിദ്ധീകരിക്കുകയും, തുടർന്ന് 5 തവണകൂടി പുനഃപ്രസിദ്ധീകരിക്കുകയും ചെയ്തു. ഭരണഘടനയുടെ 73, 74 ഭേദഗതികളുടെ അന്തഃസത്ത പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് രാജ്യത്ത് നിലവിൽ വന്ന ആദ്യത്തെ നഗര-ഗ്രാമാസൂത്രണ നിയമമാണ് ഇത്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിലവിലുള്ള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് നിയമങ്ങൾ എല്ലാം തന്നെ ഉദ്യോഗസ്ഥ ആധിപത്യം പുലർത്തുന്നവയാണ്. എന്നാൽ നൂറ് ശതമാനം ജനാധിപത്യ മൂല്യങ്ങൾ ഉൾക്കൊള്ളുന്ന നിയമമാണ് കേരളത്തിൽ നടപ്പാക്കുന്നത് എന്ന് നമുക്ക് അഭിമാനിക്കാം.

കേരളത്തിന് അതിന്റേതായ സവിശേഷതകളുണ്ട്. ഉയർന്ന ജനസാന്ദ്രതയുള്ള നഗരങ്ങളും താഴ്ന്ന ജനസാന്ദ്രതയുള്ള ഗ്രാമപ്രദേശങ്ങളുമാണ് കേരളം, ഗോവ തുടങ്ങിയ സംസ്ഥാനങ്ങൾ ഒഴികെ ഇന്ത്യയിൽ പൊതുവേ കണ്ടുവരുന്നത്. എന്നാൽ കേരളത്തിലെ നഗരങ്ങളും ഗ്രാമങ്ങളും തമ്മിൽ ജനസാന്ദ്രതയിൽ കാര്യമായ വ്യത്യാസമില്ല. നഗരങ്ങൾ എവിടെ അവസാനിക്കുന്നു അല്ലെങ്കിൽ ഗ്രാമങ്ങൾ എവിടെ തുടങ്ങുന്നു എന്ന് വ്യക്തമായി വേർതിരിക്കാൻ സാധിക്കാത്ത വിധത്തിൽ ഒരു തുടർച്ച ഉള്ളതായി കാണാം. 'Rural-Urban' എന്ന് വിശേഷിക്കപ്പെടുന്ന ഈ വികസന രീതി നമ്മുടെ സംസ്ഥാനത്തെ ഭൂപ്രകൃതിയുടെയും, ജലലഭ്യതയുടെയും, സാമൂഹ്യ വ്യവസ്ഥയുടെയും എല്ലാം പ്രതിഫലനമാണ്.

ഭൂപ്രകൃതിയുടെ സവിശേഷതകൾമൂലം വികസന ആവശ്യങ്ങൾക്കായി ലഭ്യമാകുന്ന ഭൂമിയാകട്ടെ വളരെ കുറവാണ്. 30 ശതമാനത്തോളംവരുന്ന വനപ്രദേശം; തീരദേശ നിയന്ത്രണങ്ങൾ ബാധകമാകുന്ന നീണ്ട തീരപ്രദേശം; ജലാശയങ്ങൾ, പാടങ്ങൾ, ചതുപ്പുകൾ തുടങ്ങിയവ ഉൾപ്പെടുന്ന ഇടനാടും തീരപ്രദേശവും-ഇതെല്ലാം സ്ഥല ലഭ്യത കുറയ്ക്കുന്ന ഘടകങ്ങളാണ്. ആയതിനാൽ, സംസ്ഥാനത്ത് വികസന ആവശ്യങ്ങൾക്ക് കിട്ടുന്ന ഭൂമിയുടെ ഏറ്റവും ഉചിതമായ ഉപയോഗം ഉറപ്പാക്കണം. അതുകൊണ്ടുതന്നെ സ്പെഷ്യൽ പ്ലാനിംഗിന് ഊന്നൽ നൽകുന്ന സമഗ്ര ആസൂത്രണം നമ്മുടെ സംസ്ഥാനത്തിന്റെ വികസനത്തിന് അത്യാവശ്യമാണ്. ഇവിടെയാണ് സംസ്ഥാന നഗര-ഗ്രാമാസൂത്രണ നിയമത്തിന്റെ പ്രസക്തി.

പ്രധാനമായും നാലുതലങ്ങളിലുള്ള പ്ലാനുകളാണ് ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. സംസ്ഥാനതലത്തിൽ പെർസ്പെക്റ്റീവ് പ്ലാനും, ജില്ലാ-മെട്രോ പൊളിറ്റൻ തലത്തിൽ വികസന പ്ലാനും പ്രാദേശിക തലത്തിൽ മാസ്റ്റർ പ്ലാനും, താഴെതലത്തിൽ വിശദ നഗരാസൂത്രണ പദ്ധതികളും ആണ് ഈ പ്ലാനുകൾ. വിവിധ തലങ്ങൾക്കുവേണ്ടി ഇങ്ങനെ തയ്യാറാക്കുന്ന പ്ലാനുകൾ പരസ്പര പൂരകമായിരിക്കണം എന്നതാണ് ആസൂത്രണ തത്വം.

സ്റ്റേറ്റ് പെർസ്പെക്റ്റീവ് പ്ലാൻ തയ്യാറാക്കുന്നത് സംസ്ഥാന നഗര-ഗ്രാമാസൂത്രണ ബോർഡാണ്. ജില്ലാ ആസൂത്രണ കമ്മിറ്റി ജില്ലയ്ക്കുള്ള വികസന പ്ലാനും, മെട്രോ പോളിറ്റൻ ആസൂത്രണ കമ്മിറ്റി മെട്രോ പോളിറ്റൻ പ്രദേശത്തിനുള്ള വികസന പ്ലാനും തയ്യാറാക്കും. മുനിസിപ്പാലിറ്റി അല്ലെങ്കിൽ ഗ്രാമപഞ്ചായത്താണ് മാസ്റ്റർ പ്ലാനുകളും വിശദ നഗരാസൂത്രണ പദ്ധതികളും തയ്യാറാക്കുന്നത്. അതായത്, വിവിധ പ്ലാനുകൾ തയ്യാറാക്കുന്നത് അതാത് ഭരണഘടനാ സ്ഥാപനങ്ങൾ തന്നെയാണ്.

73-ഉം, 74-ഉം ഭരണഘടനാ ഭേദഗതികളുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിന്റെ നഗരവികസന മന്ത്രാലയം "Model Urban & Regional Planning and Development Law (Revised)" 1996-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം, സംസ്ഥാനങ്ങൾക്ക് നഗര-ഗ്രാമാസൂത്രണ വിഷയത്തിൽ പ്രത്യേക നിയമം വേണമെന്നാണ് വിവക്ഷിച്ചിരിക്കുന്നത്. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലും നഗര-ഗ്രാമാസൂത്രണത്തിന് പ്രത്യേക നിയമം തന്നെയാണ് നിലവിലുള്ളത്. കേന്ദ്ര പ്ലാനിംഗ് കമ്മീഷന്റെ 'Manual for Integrated District Planning'-ലും ഈ മാതൃക ശിപാർശ ചെയ്തിട്ടുണ്ട്. ഭരണഘടനാ ഭേദഗതികൾക്ക് ശേഷം ബീഹാറിൽ നിലവിൽ വന്ന The Bihar Urban Planning and Development Act, 2012 ഈ പ്രത്യേക നിയമത്തിന് ഉദാഹരണമാണ്.

തികച്ചും സ്ഥലപര ആസൂത്രണത്തിൽ അധിഷ്ഠിതമായ പ്ലാനുകളാണ് ഈ ബിൽ പ്രകാരം തയ്യാറാക്കുന്നത്. സാമൂഹിക സാമ്പത്തിക പ്ലാനുകൾ, പഞ്ചവത്സര പദ്ധതികൾ, വാർഷിക പദ്ധതികൾ എന്നിവയുടെ തയ്യാറാക്കൽ ഈ ബില്ലിന്റെ പരിധിയിൽ വരുന്നില്ല. ഈ നിയമം 2013 സെപ്റ്റംബറിൽ ഓർഡിനൻസായി നിലവിൽ വന്നു. അതായത് രണ്ട് വർഷത്തിലധികമായി ഈ നിയമം പ്രാബല്യത്തിലുണ്ട്. നിലവിലെ ആസൂത്രണ പ്രക്രിയയെ ഈ നിയമം യാതൊരു രീതിയിലും പ്രതികൂലമായി ബാധിച്ചിട്ടില്ല.

ഇന്നത്തെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നവർ നാളത്തെപ്പറ്റി കരുതലുള്ളവരായിരിക്കണം എന്ന ചാണക്യസൂക്തം ഇവിടെ പ്രസക്തമാണ്. 'കരുതലും വികസനവും' ഉറപ്പാക്കാനുള്ള ഈ സർക്കാരിന്റെ പ്രതിബദ്ധതയുടെ ഭാഗമാണ് ഈ ബിൽ.

Concluding Speech

കേരള സംസ്ഥാന രൂപീകരണം മുതലുള്ള ഒരു ആവശ്യമായിരുന്നു, ഒരു സ്വപ്നമായിരുന്നു, സംസ്ഥാനത്തിന് ഏകീകൃത നഗര-ഗ്രാമാസൂത്രണ നിയമം എന്നത്. ഈ സ്വപ്നമാണ് പതിമൂന്നാം കേരള നിയമസഭയുടെ ഈ അവസാന ദിനത്തിൽ യാഥാർത്ഥ്യമായിരിക്കുന്നത്. നേരത്തേ പറഞ്ഞതുപോലെ Spatial Planning ആണ് ഈ നിയമത്തിന്റെ സത്ത. Spatial Planning ഒരു സാങ്കേതിക വിഷയമാണ്. ഈ സാങ്കേതിക വിഷയത്തെ നമ്മുടെ ജനാധിപത്യ പ്രക്രിയയുമായി ഇഴുകിചേർക്കുകയാണ് ഈ നിയമം. Democratic ആയിട്ടുള്ള രാജ്യത്തെ ആദ്യത്തെ നഗര-ഗ്രാമാസൂത്രണ നിയമമാണ് ഇത് എന്നതിൽ നമുക്ക് അഭിമാനിക്കാം.

സംസ്ഥാനത്ത് Planned development സാധ്യമാക്കുകയാണ് ഈ നിയമത്തിന്റെ ലക്ഷ്യം. ഇതിനായി മൂന്ന് തലത്തിൽ സംസ്ഥാന, ജില്ലാ-മെട്രോപൊളിറ്റൻ, നഗരസഭ-ഗ്രാമപഞ്ചായത്ത് തലങ്ങളിൽ പ്ലാനുകൾ തയ്യാറാക്കാൻ ഈ നിയമം വ്യവസ്ഥ ചെയ്യുന്നു. State Perspective Plan സംസ്ഥാന തലത്തിൽ തയ്യാറാക്കുന്നു. സംസ്ഥാനതലത്തിൽ Spatial development -നുള്ള പോളിസികളും സ്ട്രാറ്റജികളും ഈ പ്ലാനിൽ വ്യക്തമാക്കാൻ കഴിയും. ജില്ലാ തലത്തിൽ ജില്ലാ വികസന പ്ലാൻ തയ്യാറാക്കുന്നതിനുള്ള വ്യവസ്ഥകൾ വിശദമാക്കുന്നു. District Planning Committee-യാണ് ഈ പ്ലാൻ തയ്യാറാക്കുന്നത്. നഗരസഭകളും ഗ്രാമ പഞ്ചായത്തുകളും മാസ്റ്റർ പ്ലാനും, Detailed Town Planning Scheme-ഉം തയ്യാറാക്കുന്നതിനാണ് വ്യവസ്ഥ.

ഈ പ്ലാനുകൾ പ്ലാനിംഗ് ഏരിയയ്ക്കുള്ള Comprehensive പ്ലാനുകളാണ്. എല്ലാ സെക്ടറുകൾക്കും, എല്ലാ development partner മാർക്കുമുള്ള പ്ലാനുകളാണ് ഇവ. ദീർഘകാല കാഴ്ചപ്പാടോടെയാണ് ഓരോ പ്ലാനും തയ്യാറാക്കുന്നത്. അതായത് 15-20 വർഷം കഴിയുമ്പോൾ നമ്മുടെ നാട് എങ്ങനെയായിരിക്കും അല്ലെങ്കിൽ എങ്ങനെ ആയിരിക്കണം എന്ന രീതി ഈ പ്ലാനുകളുടെ ഭാഗമാണ്. മാത്രമല്ല, കാലഹരണപ്പെട്ട സ്കീമുകളിൽനിന്ന് ജനങ്ങൾക്ക് ആശ്വാസം നൽകേണ്ടതുണ്ട്. ഉദാഹരണമായി കോഴിക്കോട് മാവൂർ റോഡ് കടന്നുപോകുന്ന സ്ഥലം നിലവിലെ മാസ്റ്റർ പ്ലാൻ പ്രകാരം റസിഡൻഷ്യൽ സോൺ ആണ്. എന്നാൽ അവിടെ പൂർണ്ണമായും വാണിജ്യ സ്ഥാപനങ്ങളാണെന്ന് കാണാൻ കഴിയും. ഇവിടെ ഒഴിഞ്ഞു കിടക്കുന്ന സ്ഥലത്ത് ഒരു വാണിജ്യകെട്ടിടം നിർമ്മിക്കുന്നതിന് പെർമിറ്റ് കൊടുക്കാൻ കഴിയില്ല. കാരണം മാസ്റ്റർ പ്ലാൻ പ്രകാരം അത് ഇപ്പോഴും റസിഡൻഷ്യൽ ഏരിയ ആണ്. കൊച്ചിയിൽ എൻ.എച്ച്. 47 ബൈപാസ്, സീ പോർട്ട്-എയർപോർട്ട് റോഡ് തുടങ്ങിയവയുടെ ഇരുവശങ്ങളും റസിഡൻഷ്യൽ ഏരിയയാണ്. തൃക്കാക്കര, കാക്കനാട് പ്രദേശങ്ങൾ കൂടുതലും കാർഷിക മേഖലയായിട്ടാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഈ പ്രദേശങ്ങളെല്ലാം High rise residential building, IT park, Special Economic Zone, Commercial Zone എന്നീ നിലകളിൽ വികസിച്ചുവരുന്നു. തിരുവനന്തപുരത്ത് ഡി.ടി.പി. സ്കീമിൽപ്പെട്ട പ്ലാമൂട് സ്കീമിൽ ഹൈവേയുടെ ഇരുവശവും റസിഡൻഷ്യൽ ഏരിയാണ്. ഈ പ്രദേശങ്ങളെല്ലാം ഇന്ന് വാണിജ്യ മേഖലകളായി മാറി. അതായത് ഗ്രൗണ്ട് റിയാലിറ്റി മനസ്സിലാക്കാതെയുള്ള സോണിംഗ് റെഗുലേഷനാണ് ഇപ്പോഴും പിൻതുടരുന്നത്.

എപ്പോഴും പ്ലാൻ മാറ്റുക എന്നതും വികസനത്തിന് നല്ലതല്ല. പക്ഷേ പ്ലാനുകൾ അനുസരിക്കാൻ സർക്കാരിനും ഉദ്യോഗസ്ഥർക്കും ബാധ്യതയുണ്ട്. അതിനാൽ എല്ലാ പ്ലാനുകളും കാലാനുസൃതമായി പരിഷ്കരിക്കുവാൻ നഗരാസൂത്രണ വകുപ്പിന് 2006-ൽ തന്നെ നിർദ്ദേശം നൽകിയിട്ടുണ്ട്.

വികസനം മുൻകൂട്ടി നിശ്ചയിച്ച രീതിയിൽ നടപ്പാക്കുമ്പോൾ വികസനച്ചെലവ് വലിയ അളവിൽ കുറയ്ക്കാൻ സാധിക്കും. പ്ലാൻപ്രകാരം പ്രദേശത്തിന്റെ വികസനം regulate ചെയ്യുന്നതിലൂടെയാണ് ഇത് സാധിക്കുന്നത്. ഉദാഹരണത്തിന് ഭാവിയിലെ റോഡുവികസനത്തിനായി ഇരുവശവും ബിൽഡിംഗ് ലൈൻ നിയന്ത്രണം ഏർപ്പെടുത്തുന്നതിലൂടെ, acquisition-നുള്ള ചെലവ് കുറയ്ക്കാം. കൂടാതെ ഭാവിയിൽ ഇരുവശവുമുള്ള നിർമ്മാണങ്ങൾ പൊളിച്ചുകളയുന്നതുമൂലമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾ ഒഴിവാക്കുന്നതിനും സാധിക്കും. വികസനത്തിന് അല്ലെങ്കിൽ investment-ന് ഏറ്റവും ഉചിതമായ സ്ഥാനനിർണ്ണയം നടത്തുകവഴി അതിൽനിന്ന് പരമാവധി നേട്ടങ്ങൾ പ്രദേശത്തിന് ലഭ്യമാക്കാനും കഴിയും.

അതേസമയം സംരക്ഷണം ആവശ്യമുള്ള പ്രദേശങ്ങളും സ്ഥലങ്ങളും കണ്ടെത്തുന്നതിനും അവിടെ വികസന നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനും ഈ പ്ലാനുകൾ വഴിയൊരുക്കും. അതായത് വികസനവും കരുതലും ഈ നിയമത്തിൽ വീക്ഷിച്ചിരിക്കുന്ന പ്ലാനുകളുടെ സവിശേഷതയാണ്. മുൻപ് നിലവിലുണ്ടായിരുന്ന നഗരാസൂത്രണ നിയമങ്ങൾപ്രകാരം മാസ്റ്റർപ്ലാനുകളും വിശദ നഗരാസൂത്രണ പദ്ധതികളും തയ്യാറാക്കുന്നതിലും പുതുക്കുന്നതിലും പലപ്പോഴും വളരെയേറെ കാലതാമസം നേരിട്ടിരുന്നു. ഈ പ്രശ്നം ഒഴിവാക്കി പ്ലാനുകൾ സമയബന്ധിതമായിത്തന്നെ തയ്യാറാക്കി പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനുള്ള വ്യവസ്ഥകൾ ഈ നിയമത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ഏതൊരു പ്ലാനിന്റെയും വിജയം അത് നടപ്പാക്കുന്നതിലാണ്. പ്ലാനുകൾ പലപ്പോഴും പേപ്പർ പ്ലാനുകളായി നിലനിൽക്കുന്ന അവസ്ഥ ഒഴിവാക്കേണ്ടതുണ്ട്. ഇതിനായി ഫലപ്രദമായ പല പുതിയ നിർദ്ദേശങ്ങളും ഈ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ദീർഘകാല പ്ലാനുകളിൽ മാത്രം ഒതുങ്ങാതെ Plan implimentation-ന് സഹായകമാകുംവിധം mid term പ്ലാനുകൾ എന്ന ആശയം ഈ നിയമം വിവക്ഷിക്കുന്നു.

ഇതോടൊപ്പം വികസനത്തെ Promote ചെയ്യുന്നതിന് സഹായകമായ Land pooling & Re-constitution, Land Banking എന്നീ ആസൂത്രണ രീതികൾ ഉപയോഗിക്കുന്നതിനുള്ള അവസരം ഈ നിയമം നൽകുന്നുണ്ട്. പദ്ധതികൾ പ്രായോഗികമായി നടപ്പിലാക്കുന്നതിന് Transferable Development Right (TDR), Accommodation Reservation എന്നീ നൂതന ആശയങ്ങളും ഈ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.

Master Plan, Detailed Town Planning Scheme എന്നൊക്കെ കേൾക്കുമ്പോഴേ ഉള്ള തോന്നൽ ഭൂമി freeze ചെയ്യുന്ന പരിപാടി എന്നാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള വ്യവസ്ഥയും നമ്മുടെ Town and Country Planning Act -ൽ ഉണ്ട്. പ്ലാൻ sanction ആയി രണ്ടു വർഷത്തിനകം പ്ലാനിൽ Land acquisition നായി നിർദ്ദേശിച്ചിട്ടുള്ള സ്ഥലം acquire ചെയ്യുന്നില്ല എങ്കിൽ ഭൂ ഉടമയ്ക്ക് മുനിസിപ്പാലിറ്റി/പഞ്ചായത്തിന് purchase notice നൽകാവുന്നതാണ്. അതിൻപ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് നഗരസഭ/പഞ്ചായത്ത് അല്ലെങ്കിൽ ബന്ധപ്പെട്ട വകുപ്പ് നടപടി സ്വീകരിക്കേണ്ടതാണ്. അല്ലെങ്കിൽ ഉടമയ്ക്ക് സ്വന്തം ഭൂമി വികസിപ്പിക്കുവാൻ അനുമതി നൽകേണ്ടതാണ്.

Scientific Spatial Planning Approach-ൽ വിവിധ തലങ്ങളിൽ തയ്യാറാക്കുന്ന പ്ലാനുകളിലൂടെ സംസ്ഥാനത്തെ നഗര-ഗ്രാമ പ്രദേശങ്ങളിൽ ആസൂത്രിത വികസനം Planned Development കൈവരിക്കുന്നതിന് ഈ നിയമം വഴിയൊരുക്കും.

ഈ നിയമ നിർമ്മാണത്തിൽ പങ്കാളികളായ ബഹുമാന്യരായ അംഗങ്ങൾക്ക് നന്ദി രേഖപ്പെടുത്തുന്നു.

അനുബന്ധം 2

## 19-2-2016-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഗ്രീൻ ബിൽഡിംഗ് പോളിസി

1 (*241) ശ്രീ. എം. എ. വാഹീദ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രീൻ ബിൽഡിംഗ് പോളിസി നടപ്പാക്കുന്നതിന് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):

(എ & ബി) ഉണ്ട്; വർദ്ധിച്ചുവരുന്ന ഊർജ്ജോപഭോഗം, ജല ദൗർലഭ്യം, നിർമ്മാണ സാമഗ്രികളുടെ അപര്യാപ്തത, കാലാവസ്ഥാ വ്യതിയാനംമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ എന്നിവയ്ക്ക് ഒരു പരിധിവരെ പരിഹാരം കണ്ടെത്തുന്നതിന് വേണ്ടിയാണ് ഹരിത നിർമ്മാണ നയത്തിന് രൂപം നൽകിയിട്ടുള്ളത്. ഹരിത നിർമ്മാണ സാങ്കേതികവിദ്യ അനുവർത്തിക്കുന്നതിലൂടെ, പരമ്പരാഗത നിർമ്മിതികളെ അപേക്ഷിച്ച് 40% മുതൽ 60% വരെ വൈദ്യുതിയുടെ ഉപഭോഗവും, 40% മുതൽ 80% വരെ ജലോപഭോഗവും കുറയ്ക്കാൻ ലക്ഷ്യമിടുന്നു. സൗരോർജ്ജ പാനലുകൾ, മറ്റ് പരമ്പരേതര ഊർജ്ജസ്രോതസ്സുകൾ എന്നിവയിൽ നിന്ന് സ്വന്തമായി ഊർജ്ജോൽപ്പാദനം നടത്തുന്നതുവഴി ഉപഭോഗ ചെലവ് കുറയ്ക്കുക, കാര്യക്ഷമമായ മാലിന്യ നിർമ്മാർജ്ജന രീതികൾ അവലംബിക്കുന്നത് വഴി പരിസര മലിനീകരണം പരമാവധി കുറയ്ക്കുക, നിർമ്മാണവേളയിലും ഉപഭോഗവേളയിലും അന്തരീക്ഷ, ജല, പരിസര മലിനീകരണം എന്നിവ കുറയ്ക്കുക, ആരോഗ്യരംഗത്തും ശുചീകരണരംഗത്തും തൊഴിലാളികളുടെയും വസിക്കുന്നവരുടെയും സുരക്ഷ പരമാവധി ഉറപ്പ് വരുത്തുക എന്നിവയാണ് പ്രസ്തുത നിർമ്മാണ ശൈലിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. ഫലപ്രദമായ

മാലിന്യ നിർമ്മാർജ്ജന രീതികൾ അവലംബിക്കുന്നതുവഴിയും വിഭവങ്ങളുടെ ഉപഭോഗം കുറയുന്നതുവഴിയും അന്തരീക്ഷ, ജല മലിനീകരണങ്ങൾക്ക് ഒരു പരിധി വരെ തടയിടാനും, അതുവഴി മെച്ചപ്പെട്ട ഒരു ജീവിത സാഹചര്യം സൃഷ്ടിക്കുവാനും ഹരിത നിർമ്മിതികൾ സഹായിക്കുന്നു. ഇതുവഴി പരിസ്ഥിതിക്കുണ്ടാകുന്ന ആഘാതം ലഘൂകരിക്കാൻ കഴിയുന്നതാണ്. ആരോഗ്യ രംഗത്തും, സാമ്പത്തിക രംഗത്തും പ്രവർത്തന മേഖലയിലുമെല്ലാം ഈ നേട്ടങ്ങൾ പ്രതിഫലിക്കുന്നതാണ്.

(സി) പൊതുമരാമത്ത് വകുപ്പ് 2014 മാർച്ച് മുതൽ തയ്യാറാക്കുന്ന എല്ലാ രൂപകല്പനകളും ഹരിത നിർമ്മാണ തത്വങ്ങൾക്കനുസൃതമായാണ് ചെയ്യുന്നത്. അതനുസരിച്ച് ഗൃഹയുടെ (GRIHA-Green Rating of Integrated Habitat Assessment) 3 സ്റ്റാർ പദവി ലഭ്യമാകുന്ന രീതിയിലാണ് കെട്ടിടങ്ങൾ രൂപകല്പന ചെയ്യുന്നത്. ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സുകളുടെ ടൈപ്പ് ഡിസൈനും ഹരിത നിർമ്മാണ തത്വങ്ങൾക്കനുസൃതമായാണ് ചെയ്തിട്ടുള്ളത്. പൊതുമരാമത്ത് വകുപ്പിലെ എല്ലാ എഞ്ചിനീയർമാർക്കുമായി തിരുവല്ല, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽവച്ച് ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിയിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ വകുപ്പിലേയും, കേരള ഇലക്ട്രിസിറ്റി ബോർഡിലേയും എഞ്ചിനീയർമാരെയും, സ്വകാര്യ ആർക്കിടെക്റ്റുകളെയും ഉൾപ്പെടുത്തി ഹരിത നിർമ്മാണത്തെപ്പറ്റി ഡൽഹിയിൽ നിന്നുള്ള ഗൃഹയുടെ സാങ്കേതിക വിദഗ്ദ്ധരുടെ മേൽനോട്ടത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

## ആന്വൽ സ്റ്റാറ്റസ് ഓഫ് എജ്യൂക്കേഷൻ റിപ്പോർട്ട് 2014

2 (*243) ശ്രീമതി കെ. എസ്. സലീഖ :
പ്രൊഫ. സി.രവീന്ദ്രനാഥ് :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരക്ഷരരുടെ എണ്ണം വർദ്ധിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് 2016 ജനുവരി 14-ന് പുറത്തിറക്കിയ ആന്വൽ സ്റ്റാറ്റസ് ഓഫ് എജ്യൂക്കേഷൻ റിപ്പോർട്ട് 2014 ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിൻപ്രകാരം പ്രാഥമിക വിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികൾക്ക് വേണ്ടത്ര അടിസ്ഥാന അറിവ് ഇല്ലെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ഇതുമായി ബന്ധപ്പെട്ട് എസ്.സി.ഇ.ആർ.ടി. ഇതിനുമുമ്പ് സർക്കാരിന് റിപ്പോർട്ട് നൽകിയിരുന്നോ;

(ഡി) ഇതിനെ തുടർന്ന് പ്രാഥമികതലത്തിൽ അക്ഷരജ്ഞാനം ഉറപ്പ് വരുത്തുന്നതിനായി ജില്ലാ ഉദ്യോഗസ്ഥൻമാർക്ക് ഡി.പി.ഐ. നിർദ്ദേശം നൽകിയിരുന്നോ; നടപടികളും പുരോഗതിയും വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്):

(എ) 12-ാം പഞ്ചവത്സര പദ്ധതിയുടെ സമീപനരേഖ പ്രകാരം നിരക്ഷരത കൂടുതലായി കാണപ്പെടുന്ന ആദിവാസി-തീരദേശ-ഭാഷാന്യൂനപക്ഷ-നഗര-ചേരി മേഖലകളിലും നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനായി സർക്കാർ അക്ഷരലക്ഷം എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഒന്നാം ഘട്ടത്തിൽ 16608 പേരെയും രണ്ടാംഘട്ടത്തിൽ 32020 പേരെയും സാക്ഷരരാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) ഉണ്ട്. ഡൽഹിയിലെ പ്രഥം എന്ന സംഘടന പ്രാഥമിക വിദ്യാഭ്യാസ നിലവാരവുമായി ബന്ധപ്പെട്ട് നടത്തുന്ന പഠനമാണ് ആന്വൽ സ്റ്റാറ്റസ് ഓഫ് എഡ്യൂക്കേഷൻ റിപ്പോർട്ട് 2014. പ്രസ്തുത സംഘടന 2014-ൽ പത്താമത് ആന്വൽ സ്റ്റാറ്റസ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ പാഠ്യപദ്ധതിയും, പശ്ചാത്തലവും പരിശോധിക്കാതെ സംസ്ഥാനത്തിന് പുറത്ത് നിന്നുള്ള ഒരു ഏജൻസി നടത്തിയ പഠനമായതിനാൽ അതിന്റെ ശാസ്ത്രീയത പരിശോധിച്ചിട്ടില്ല. പ്രസ്തുത പഠനങ്ങൾക്ക് ഉപയോഗിക്കുന്ന ടൂളുകൾ, പഠനരീതി, സാമ്പിളുകൾ എന്നിവ കേരളത്തിന്റെ പഠന പശ്ചാത്തലത്തിന് അനുയോജ്യമല്ലെന്നും പരാമർശിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ സംസ്ഥാനത്ത് പ്രാഥമിക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് എസ്.സി.ഇ.ആർ.ടി., എസ്.എസ്.എ., ഡയറ്റുകൾ എന്നീ സ്ഥാപനങ്ങൾ മുഖേനയാണ് ഔദ്യോഗികമായി പഠനങ്ങൾ നടത്തിവരുന്നത്. പ്രസ്തുത പഠനങ്ങളിലൊന്നിലും പ്രാഥമിക വിദ്യാഭ്യാസത്തിന് നിലവാരം കുറവാണെന്ന് കണ്ടെത്തിയിട്ടില്ല. പ്രസ്തുത പഠന റിപ്പോർട്ടുകൾ പരിശോധിച്ചതിന്റെ അടിസ്ഥാന ത്തിലുള്ള പഠനനേട്ടങ്ങളിലൂന്നിയാണ് ആർ.ടി.ഇ. ആക്ടിൻെറ പശ്ചാത്തലത്തിൽ പാഠ്യപദ്ധതി പരിഷ്കരിച്ചത്.

(സി) ഇല്ല.

(ഡി) ഒരു പ്രവർത്തന കലണ്ടർ തയ്യാറാക്കി ഒന്ന്, രണ്ട് ക്ലാസ്സുകളിലെ മുഴുവൻ കുട്ടികളും അക്ഷരവും അക്കങ്ങളും വായിക്കുവാനും എഴുതുവാനും കഴിയുന്നവരാണെന്ന് ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് പൊതു വിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പ്രവർത്തനം പൊതുവിദ്യാഭ്യാസ വകുപ്പ് വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്.

**മാവേലി മെഡിക്കൽ സ്റ്റോറുകൾ**

3 (*244) <u>ശ്രീ. കെ. അച്ചുതൻ</u> :
<u>ശ്രീ. ബെന്നി ബെഹനാൻ</u> :
<u>ശ്രീ. കെ. മുരളീധരൻ</u> :
<u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി മാവേലി മെഡിക്കൽ സ്റ്റോറുകൾ തുറന്ന് പ്രവർത്തിക്കാൻ എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. അനൂപ് ജേക്കബ്</u>):

(എ) നിലവിൽ സപ്ലൈകോയുടെ കീഴിൽ കേരളത്തിലുടനീളം 103 മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനമൊട്ടാകെ പുതിയ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു. പ്രധാനമായും സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ എണ്ണം കുറവുള്ള വടക്കൻ കേരളത്തിൽ മെഡിക്കൽ സ്റ്റോർ ശൃംഖല വ്യാപിപ്പിക്കുന്നതിനായി അനുയോജ്യമായ സ്ഥലങ്ങളിൽ പൊതുപ്രവർത്തകരുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ആശുപത്രികളുടെയും സഹകരണത്തോടെ അനുയോജ്യമായ കെട്ടിടം കണ്ടെത്തുന്നതിനും മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിനുമുള്ള ശ്രമങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. അനുയോജ്യമായ സ്ഥലത്ത് സപ്ലൈകോയ്ക്ക് പ്രവർത്തിക്കുവാൻ സാധിക്കുന്ന സ്ഥലങ്ങളിൽ കെട്ടിടം ലഭിക്കുന്ന മുറയ്ക്ക് മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നുണ്ട്.

(ബി) കൂടുതൽ പ്രദേശങ്ങളിലെ പൊതുജനങ്ങൾക്ക് പ്രയോജനപ്രദമായ രീതിയിൽ പരമാവധി വിലക്കുറവിൽ ഗുണനിലവാരമുള്ള മരുന്നുകൾ ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായിട്ടാണ് സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ ശൃംഖല വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. MRP-യിൽനിന്നും 40% വരെ വിലക്കുറവിലാണ് മരുന്നുകൾക്ക് സപ്ലൈകോ വിൽപ്പന വില നിശ്ചയിച്ചിരിക്കുന്നത്. ഇൻസുലിൻ 18% വില കുറച്ചാണ് വിൽക്കുന്നത്. കൂടാതെ BPL കുടുംബങ്ങൾക്ക് പ്രതിമാസം 1,000 രൂപ വരെയുള്ള മരുന്നുകൾക്ക് 25% വിലക്കിഴിവുകൂടി നൽകി വരുന്നു. സമരംമൂലവും മറ്റും സ്വകാര്യ മരുന്നുകടകൾ അടഞ്ഞുകിടക്കുന്ന അവസരങ്ങളിൽ പോലും പൊതുജനങ്ങൾക്ക് സപ്ലൈകോയുടെ സേവനങ്ങൾ ലഭ്യമായിരിക്കും. സാമൂഹ്യപ്രതിബദ്ധതയുള്ള സ്ഥാപനമെന്ന നിലയിൽ കൂടുതൽ സ്ഥലങ്ങളിലേക്ക് സേവനം ലഭ്യമാക്കുകയും ചെയ്തുവരുന്നു. കൂടാതെ വിവിധ സർക്കാർ ആശുപത്രികൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ, പ്രൈമറി ഹെൽത്ത് സെൻറർ എന്നിവയിലൂടെ നടപ്പാക്കുന്ന RSBY/JSSK (Rastriya Swastha Bhima Yojana/Janani Sisu Suraksha Karayakram) തുടങ്ങിയ പദ്ധതികൾക്ക് ആവശ്യമായ മരുന്നുകളും ഉപകരണങ്ങളും പരമാവധി വിലക്കുറവിൽ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിൽ നിന്നും ലഭ്യമാക്കുന്നുണ്ട്.

(സി) സപ്ലൈകോ മാനദണ്ഡങ്ങൾക്കനുസൃതമായി മെഡിക്കൽ സ്റ്റോറുകൾക്ക് സാധ്യതയുള്ള സ്ഥലങ്ങളിൽ അനുയോജ്യമായ കെട്ടിടം കണ്ടെത്തി സാധ്യതാ പഠനറിപ്പോർട്ട് സഹിതം പ്രൊപ്പോസൽ സമർപ്പിക്കുവാൻ എല്ലാ റീജിയണൽ മാനേജർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അവ ലഭിക്കുന്ന മുറയ്ക്ക് പുതിയ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 19 പുതിയ മെഡിക്കൽ സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ 2 പുതിയ മെഡിക്കൽ സ്റ്റോറുകൾ തുറന്ന് പ്രവർത്തിക്കുന്നതിന് സജ്ജമായി വരികയാണ്.

**ആധാരം രജിസ്ട്രേഷൻ**

4 (*245) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവ ബാങ്ക് അക്കൗണ്ട് മുഖേന ട്രഷറിയിലടയ്ക്കുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സ്റ്റാമ്പ് ഡ്യൂട്ടി ഉയർത്തിയതും, മാർക്കറ്റ് വിലയുമായി താരതമ്യം ചെയ്യാതെ ഭൂമിയുടെ ന്യായവില അമ്പതു ശതമാനം വർദ്ധിപ്പിച്ചതും രജിസ്ട്രേഷൻ വരുമാനത്തെ പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കുമോ?

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്):

(എ) സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവ ബാങ്ക് അക്കൗണ്ട് മുഖേന ട്രഷറിയിൽ അടയ്ക്കുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

(ബി) തീറാധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി നിരക്കുകൾ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിൽ യഥാക്രമം 5%, 6%, 7% എന്നിങ്ങനെ ആയിരുന്നത് 2014-ലെ കേരള ധനകാര്യ ആക്ട് പ്രകാരം 6% ആയി ഏകീകരിക്കുകയാണുണ്ടായത്. സ്റ്റാമ്പ് ഡ്യൂട്ടി ഏകീകരിച്ചതും 14-11-2014-ലെ ജി.ഒ. (പി) 188/14/നി.വ. നമ്പർ ഉത്തരവ് പ്രകാരം ഭൂമിയുടെ ന്യായവിലയിൽ 50% വർദ്ധനവ് വരുത്തിയതും, റവന്യൂ വരുമാനത്തെ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## മുഖ്യ അടിസ്ഥാനസൗകര്യ വികസന പദ്ധതി

5 (*246) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. എളമരം കരീം :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യ അടിസ്ഥാനസൗകര്യ വികസന പദ്ധതിയിൽ മരാമത്ത് വകുപ്പിന്റെ 21 വൻകിട പദ്ധതികൾ ഏതവസ്ഥയിലാണ്;

(ബി) പ്രസ്തുത പദ്ധതികളുടെ ആകെ ചെലവ് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര; അതിന് ധനവകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി രേഖ തയ്യാറാക്കുന്നതിന് എത്ര തുക ചെലവഴിച്ചുവെന്നറിയിക്കാമോ;

(ഡി) പെട്രോൾ-ഡീസൽ നികുതിയിൽനിന്ന് പദ്ധതിക്കായി പ്രഖ്യാപിച്ചിരുന്ന വിഹിതം എത്രയെന്നും അത് ലഭിക്കുകയുണ്ടായോയെന്നും അറിയിക്കാമോ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):

(എ) ജില്ലാതല മുഖ്യ അടിസ്ഥാന സൗകര്യ വികസന പരിപാടിയിൽ (DFIP) ഉൾപ്പെട്ട 15 പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) ഭരണാനുമതിക്കായി ലഭിച്ചിട്ടുണ്ട്. ഇവ പരിശോധിച്ചുവരുന്നു. 5 പദ്ധതികളുടെ വിശദമായ രൂപരേഖ തയ്യാറാക്കി വരുന്നു. പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന മുനമ്പംകവല മുതൽ വരാപ്പുഴ വരെയുള്ള റോഡിന്റെ വികസനം ഈ പദ്ധതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികളിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയ 15 പദ്ധതികളുടെ ആകെ മതിപ്പ് ചെലവ് 2297 കോടി രൂപയാണ്. മറ്റുള്ളവയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭിച്ചിട്ടില്ലാത്തതിനാൽ ആകെ ചെലവ് ഇപ്പോൾ കൃത്യമായി നൽകുവാൻ കഴിയില്ല.

(സി) ഇതിനായി ഇതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(ഡി) സംസ്ഥാനത്ത് വില്ക്കപ്പെടുന്ന ഡീസലിന്റെയും, പെട്രോളിന്റെയും മേൽ ഒരു രൂപാ നിരക്കിൽ ചുമത്തിയിട്ടുള്ള അധിക വിൽപ്പന നികുതിയിനത്തിൽ പിരിച്ചെടുക്കുന്ന തുകയുടെ 50% ആണ് ഈ പദ്ധതിക്കായി അനുവദിച്ച് നൽകുന്നത്. ഈ സാമ്പത്തിക വർഷത്തിന്റെ ഒന്നാം പാദത്തിൽ ഇപ്രകാരം പിരിച്ചെടുത്ത വിഹിതം പദ്ധതിയുടെ ധനസമാഹരണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡിന് നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

## കേരള സർവ്വകലാശാലയിലെ വിദൂര വിദ്യാഭ്യാസ കോഴ്സുകൾ

6 (*247) ശ്രീ. വി. ശശി :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്തുന്നുണ്ടോ; ഏതെല്ലാം സർവ്വകലാശാലകൾ വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കേരള സർവ്വകലാശാല ഏതെല്ലാം വിഷയങ്ങളിലാണ് വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്തിയിരുന്നത്; ഇപ്പോൾ ഇത്തരം കോഴ്സുകൾ നടത്താൻ കഴിയാതെ വന്നിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(സി) കേരള സർവ്വകലാശാലയിൽ വിദൂര വിദ്യാഭ്യാസം പുനരാരംഭിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്):

(എ) സംസ്ഥാനത്ത് മഹാത്മഗാന്ധി, കണ്ണൂർ എന്നീ സർവ്വകലാശാലകൾ വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്തുന്നുണ്ട്.

(ബി) കേരള സർവകലാശാല നടത്തിയിരുന്ന വിദൂര വിദ്യാഭ്യാസ കോഴ്സുകളുടെ ലിസ്റ്റ് അനുബന്ധം 1 ആയി ചേർക്കുന്നു.* എന്നാൽ 2013-14 വർഷത്തിൽ 6 കോഴ്സുകൾക്ക് അംഗീകാരം നൽകിയില്ല. ലിസ്റ്റ് അനുബന്ധം 2 ആയി ചേർക്കുന്നു* കേരള സർവ്വകലാശാലയിൽ 2014-15 വർഷം വരെ വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്തിവന്നിരുന്നു. 2015-16 ൽ യു.ജി.സി. അംഗീകാരം പിൻവലിച്ചതിനാൽ പ്രസ്തുത വർഷത്തെ കോഴ്സുകൾക്കുള്ള വിജ്ഞാപനം പുറപ്പെടുവിക്കാൻ സാധിച്ചിട്ടില്ല.

(സി) സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷന്റെ 2015-16 അദ്ധ്യയന വർഷത്തെ അംഗീകാരം പിൻവലിച്ചതുകൊണ്ടാണ് കോഴ്സുകൾ നടത്താൻ സാധിക്കാത്തത്. സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷന്റെ അംഗീകാരം തിരികെ കിട്ടുന്നതിനുള്ള അപേക്ഷ യു.ജി.സി.യിൽ സമർപ്പിച്ചിട്ടുണ്ട്. അതോടൊപ്പം യു.ജി.സി.യുടെ എല്ലാ നിബന്ധനകളും പൂർണ്ണമായി അംഗീകരിച്ചുകൊണ്ടുള്ള സത്യവാങ്മൂലവും നൽകിയിട്ടുണ്ട്. എസ്.ഡി.ഇ.യുടെ അംഗീകാരം പുനഃസ്ഥാപിക്കുന്ന നടപടികൾ ദ്രുതഗതിയിൽ നടത്തുന്നതിനായി യൂണിവേഴ്സിറ്റി, യു.ജി.സി. അധികാരികളുമായി നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണ്.

**ഉത്തരവാദ പൊതുവിതരണ സമ്പ്രദായം**

7(*248) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി സമീപന രേഖയിൽ വിഭാവന ചെയ്തിട്ടുള്ളതുപോലെ സുതാര്യവും കാര്യക്ഷമവും അഴിമതി കുറഞ്ഞതും പൊതുജനങ്ങളോട് ഉത്തരവാദപ്പെട്ടതുമായ ഒരു പൊതുവിതരണ സമ്പ്രദായം ഉറപ്പാക്കുന്നതിന് ഇതിനോടകം ചെയ്തിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

---
* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.
* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ ലക്ഷ്യം മുൻനിർത്തിയുള്ള പൈലറ്റ് ഘട്ടത്തിന്റെ നടത്തിപ്പ് വിജയകരമായിരുന്നോയെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്):

(എ) സുതാര്യവും കാര്യക്ഷമവും അഴിമതിരഹിതവും പൊതുജനോപകാരപ്രദവും ആയ പൊതുവിതരണ സമ്പ്രദായം ഉറപ്പാക്കുന്നതിന് സമഗ്രമായ പ്രവർത്തനങ്ങൾ സിവിൽ സപ്ലൈസ് വകുപ്പിൽ നടന്നുവരികയാണ്. വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നത് ലക്ഷ്യമിട്ട് ആരംഭിച്ച എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷന്റെ പ്രവർത്തനങ്ങൾ ത്വരിത ഗതിയിൽ നടന്നുവരുന്നു. 2013-ലെ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനോടനുബന്ധിച്ച് മുൻഗണനാ കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിന്റെ ഭാഗമായി പ്രീ-പോപ്പുലേറ്റഡ് ഫോറം നൽകി പൊതുജനങ്ങളിൽനിന്നും വിവരങ്ങൾ ശേഖരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തി നിർദ്ദിഷ്ട മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ റാങ്കിംങ് നടത്തി കരട് മുൻഗണനാ പട്ടിക പരസ്യപ്പെടുത്തുന്നതിനുള്ള നടപടി സംസ്ഥാനത്തെ 75 താലൂക്ക് സപ്ലൈ ഓഫീസുകളിലും 6 സിറ്റി റേഷനിംഗ് ഓഫീസുകളിലും നടന്നുവരികയാണ്. ഇതിനോടകം തന്നെ തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ താലൂക്ക് സപ്ലൈ ഓഫീസ്, എറണാകുളം ജില്ലയിലെ സിറ്റി റേഷനിംഗ് ഓഫീസ്, എറണാകുളം എന്നിവിടങ്ങളിലെ കരട് മുൻഗണനാ പട്ടിക 10-2-2016-ന് പരസ്യപ്പെടുത്തിയിട്ടുണ്ട്. ഓൺലൈൻ അലോക്കേഷൻ മൊഡ്യൂൾ എൻ.ഐ.സി. തയ്യാറാക്കിയിട്ടുണ്ട്. ആയതിൽ ഡാറ്റാ എൻട്രി നടന്നുവരുന്നു. സർക്കാർ ചെലവിൽ റേഷൻ സാധനങ്ങൾ നേരിട്ട് റേഷൻ കടകളിലെത്തിക്കുന്നതിനുള്ള വാതിൽപ്പടി വിതരണം പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാന ഫുഡ് കമ്മീഷനും 10 ജില്ലാ പരാതി പരിഹാര ഓഫീസുകളും രൂപീകരിക്കുന്നതിന് 21-8-2015-ലെ സ. ഉ. (കൈ) നമ്പർ 23/15/ഭ.പൊ.വി.വ. പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഓൺലൈൻ ഗ്രീവൻസ് റിഡ്രസൽ മൊഡ്യൂൾ പൈലറ്റ് അടിസ്ഥാനത്തിൽ പ്രവർത്തിച്ചു വരുന്നു. ഗുണഭോക്താക്കളുടെ ഡാറ്റാബേസ് തയ്യാറാക്കുന്നതിനും മുൻഗണനാ വിഭാഗങ്ങളുടെ ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നതിനുമുള്ള ആപ്ലിക്കേഷൻ (റേഷൻ കാർഡ് മാനേജ്മെന്റ് സിസ്റ്റം-RCMS) NIC തയ്യാറാക്കിയിട്ടുണ്ട്. റേഷൻ കട തലത്തിലുള്ള റേഷൻ സാധനങ്ങളുടെ അലോക്കേഷൻ ഓൺലൈനായി പൊതുജനങ്ങൾക്ക് കാണുന്നതിനുള്ള സോഫ്റ്റ് വെയറും NIC വികസിപ്പിച്ചിട്ടുണ്ട്. കൂടാതെ ഡോർ ടു ഡോർ ഡെലിവറി ഉൾപ്പെട്ടുവരുന്ന സപ്ലൈ ചെയിൻ മാനേജ്മെൻറ് ആപ്ലിക്കേഷനും വികസിപ്പിക്കുന്നതാണ്. പൊതുജനങ്ങൾക്ക് ഓൺലൈനായി

പരാതി രേഖപ്പെടുത്തുന്നതിനും പരാതി പരിഹാര നടപടികൾ നിരീക്ഷിക്കുന്നതിനും ആപ്ലിക്കേഷൻ (ഗ്രീവൻസ് റിഡ്രസ്സൽ മൊഡ്യൂൾ) സിവിൽ സപ്ലൈസ് വകുപ്പ് വികസിപ്പിച്ചത് പൈലറ്റ് അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിപ്പിച്ചുവരുന്നു. പദ്ധതിയുടെ സിസ്റ്റം ഇൻഗ്രേറ്ററായി കെൽട്രോണിനെ നിയമിച്ചിട്ടുണ്ട്.

ഓരോ ഗുണഭോക്താവിനേയും ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് അർഹമായ അളവിൽ റേഷൻ വിതരണം നടത്തുന്നതിനും റേഷൻ കടകളിൽ എത്തുന്ന സ്റ്റോക്ക് സ്വീകരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നതിനും വാങ്ങിയ റേഷൻ സാധനങ്ങളുടെ ബിൽ തയ്യാറാക്കുന്നതിനും ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നു.

(ബി) പൈലറ്റ് പദ്ധതിയുടെ നടത്തിപ്പ് വിജയകരമായി നടന്നുവരുന്നു. എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പദ്ധതിയുടെ മോഡൽ പൈലറ്റിന്റെ ഭാഗമായി തിരുവനന്തപുരം, എറണാകുളം ജില്ലകളിലെ 22 റേഷൻ കടകളിൽ ഇ-പോസ് മെഷീൻ സ്ഥാപിച്ച് ബയോമെട്രിക് ഐഡന്റിഫിക്കേഷൻ വഴിയോ OTP ആതന്റിക്കേഷൻ വഴിയോ കാർഡുടമയെ ശാസ്ത്രീയമായി തിരിച്ചറിഞ്ഞ് റേഷൻ നൽകുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 5 വെണ്ടർമാരാണ് ഇതിൽ പങ്കെടുത്തിട്ടുള്ളത്. ബയോമെട്രിക് സംവിധാനം വഴിയോ OTP വഴിയോ ഗുണഭോക്താക്കളെ ശാസ്ത്രീയമായി തിരിച്ചറിയുക, ബിൽ തയ്യാറാക്കുക, ഗുണഭോക്തൃ വിഹിതം പ്രദർശിപ്പിക്കുക, സ്റ്റോക്ക് അപ്ഡേറ്റ് ചെയ്യുക, പോർട്ടൽ മുഖേന തത്സമയ സ്റ്റോക്ക് കാണിക്കുക തുടങ്ങിയവ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്.

1-4-2016-മുതൽ കമ്പ്യൂട്ടറൈസേഷൻ പൂർണ്ണ തോതിൽ നടപ്പാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

## വിജിലൻസ് കമ്മിറ്റി സംവിധാനം

8 (*249) <u>ശ്രീ. കെ. എം. ഷാജി</u> :
<u>ശ്രീ. പി. കെ. ബഷീർ</u> :
<u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> :
<u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ സംവിധാനം കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ വിജിലൻസ് കമ്മിറ്റി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അത്തരം സമിതികളുടെ ഘടന എന്താണെന്ന് വ്യക്തമാക്കുമോ;

(സി) കമ്മിറ്റികൾക്ക് ഏല്പിച്ച നല്കിയിട്ടുള്ള ചുമതലകളും ഉത്തരവാദിത്വങ്ങളും എന്തെല്ലാമാണെന്നും ഇത്തരം കമ്മിറ്റികളുടെ പ്രവർത്തനം പൊതുവിതരണ സംവിധാനത്തിന് എന്തെല്ലാം സേവനങ്ങൾ നല്കിയിട്ടുണ്ടെന്നും വിശദമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്):

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് പൊതുവിതരണ സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി മൂന്ന് തലത്തിലുള്ള ഭക്ഷ്യോപദേശക വിജിലൻസ് സമിതികൾ ആണ് രൂപീകരിച്ചിട്ടുള്ളത്. ജില്ല/താലൂക്ക്/പഞ്ചായത്ത് തലത്തിലാണ് സമിതികൾ രൂപീകരിച്ചിട്ടുള്ളത്. ജില്ലാതല സമിതിയുടെ ചെയർമാൻ ജില്ലാ കളക്ടറും താലൂക്ക്തല സമിതിയുടെ ചെയർമാൻ എം.പി./എം.എൽ.എ./മേയർ/മുനിസിപ്പൽ ചെയർമാൻ എന്നിവരിൽ ആരെങ്കിലും പഞ്ചായത്ത് തല സമിതിയുടെ ചെയർമാൻ അതാത് പഞ്ചായത്ത് പ്രസിഡന്റും ആണ്.

സമിതിയുടെ ഘടന അനുബന്ധമായി ചേർക്കുന്നു.*

(സി) പൊതുവിതരണ സമ്പ്രദായം കാര്യക്ഷമതയോടും കുറ്റമറ്റരീതിയിലും പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതും കൂടാതെ കാർഡ് ഉടമകൾക്ക് അർഹതപ്പെട്ട റേഷൻ കൃത്യമായ അളവിലും വിലയിലും ഗുണനിലവാരത്തിലും ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടത് കമ്മിറ്റിയുടെ ചുമതലകളിലും ഉത്തരവാദിത്വത്തിലും ഉൾപ്പെടുന്നതാണ്.

ടി കമ്മിറ്റി എല്ലാ ജില്ലകളിലും കൃത്യമായ ഇടവേളകളിൽ യോഗം ചേരുന്നതും കമ്മിറ്റികളിൽ ഉന്നയിക്കുന്ന പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കുന്നതുമാണ്. ഗുണനിലവാരമുള്ള ഭക്ഷ്യ വസ്തുക്കൾ കുറഞ്ഞ വിലയ്ക്ക് ജനങ്ങൾക്ക് ലഭ്യമാകുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുക, വ്യാപാര സ്ഥാപനങ്ങൾ വൃത്തിയായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക, കൃത്യമായ അളവിലും തൂക്കത്തിലും സാധനങ്ങൾ ലഭ്യമാകുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുക, കേടായ ഭക്ഷ്യസാധനങ്ങൾ വിൽക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുക, വില വിവര പട്ടിക പ്രദർശിപ്പിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കുക

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എന്നിവയാണ് ഭക്ഷ്യോപദേശക വിജിലൻസ് കമ്മിറ്റിയുടെ പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ. യോഗത്തിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ജില്ലാ സപ്ലൈ ആഫീസർ, താലൂക്ക് സപ്ലൈ ആഫീസർ, ലീഗൽ മെട്രോളജി ഇൻസ്പക്ടർമാർ, ജില്ലാ മെഡിക്കൽ ഓഫീസർ, ഫുഡ് സേഫ്റ്റി ഓഫീസർ, റേഷനിംഗ് ഇൻസ്പെക്ടർമാർ എന്നിവർ ചേർന്നുള്ള സ്ക്വാഡ് വ്യാപാര സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും ക്രമക്കേടുകൾ കണ്ടെത്തുന്ന സ്ഥാപനങ്ങൾക്കെതിരെ കേസെടുത്ത് പിഴ ചുമത്തുകയും ചെയ്തുവരുന്നു.

**പുരാതന രേഖകൾ കേടുകൂടാതെ സൂക്ഷിക്കാൻ കർമ്മ പദ്ധതി**

9 (*250) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന് കീഴിൽ പുരാതന രേഖകൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനായി എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്താമോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ) പുരാതന സർവ്വേ രേഖകൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനായി ഇ-രേഖ എന്ന പേരിൽ ഒരു റെക്കോഡ് കൺസർവേഷൻ പദ്ധതി സർവ്വേയും ഭൂരേഖയും വകുപ്പിനുകീഴിൽ കേരള ലാന്റ് ഇൻഫർമേഷൻ മിഷൻ മുഖേന നടപ്പാക്കിവരുന്നു.

(ബി) ഇ-രേഖ പദ്ധതി പ്രകാരം സർവ്വേ സംബന്ധമായ റിക്കോർഡുകൾ സംരക്ഷിക്കുന്നതിനും, സംരക്ഷിക്കപ്പെട്ട റിക്കോഡുകൾ വേഗതയിലും സുതാര്യമായും പൊതുജനത്തിന് ലഭ്യമാക്കുവാനായി ഇന്റർനെറ്റ് സഹായത്താൽ "Online payment gateway" വഴി പണമടച്ച് കൈപ്പറ്റുവാനും അതിലൂടെ സർവ്വേ വകുപ്പിന്റെ സേവനങ്ങളെ കൂടുതൽ ആധുനികവത്കരിച്ച് ജനകീയവും, സുതാര്യവും ആക്കുന്നതിനും പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിലൂടെ ലക്ഷ്യമിടുന്നു.

(സി) കേരള ലാന്റ് ഇൻഫർമേഷൻ മിഷന്റെ 9-മത് എംപവേർഡ് കമ്മിറ്റിയിൽ സർവ്വേ വകുപ്പിലെ പുരാതന റിക്കോർഡുകൾ ഭൗതികമായി

സംരക്ഷിക്കുന്നതിനും ഡിജിറ്റൈസ് ചെയ്യുന്നതിനും, അവ ഓൺലൈൻ ആയി പൊതുജനങ്ങൾക്ക് നൽകുന്നതിനുമായി ഇ-രേഖ എന്ന പദ്ധതിക്ക് അംഗീകാരം നൽകുകയുണ്ടായി. കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.എൽ.ആർ.എം.പി.യിൽ ഉൾപ്പെടുത്തി ടി പദ്ധതി നടപ്പാക്കാനായി 5 കോടി രൂപ അനുവദിക്കുകയും ജില്ലകളിൽ 1 വീതം ഡിജിറ്റൈസേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനായി 3.50 ലക്ഷം രൂപ അനുവദിക്കുകയും 12 ജില്ലകളിൽ റീസർവ്വേ ഡാറ്റകൾ ഡിജിറ്റൈസ് ചെയ്യുന്നതിനായി പ്രസ്തുത സെൻററുകൾ മിഷന്റെ കീഴിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഡിജിറ്റൈസ് ചെയ്തതായ സർവ്വേ റെക്കോർഡുകളെല്ലാം പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാൻ വേണ്ടി GIS അധിഷ്ഠിതമായ സോഫ്റ്റ്‌വെയർ സംവിധാനം ഒരുക്കുന്നതിനും ഡാറ്റ ഡിജിറ്റലായി സംക്ഷിക്കുന്നതിനായി ബാക്ക് അപ്പ് സെർവർ വാങ്ങുകയും ആയതിന്റെ ഇൻസ്റ്റലേഷൻ ജോലികൾ പുരോഗതിയിലുമാണ്. ഇ-രേഖ പദ്ധതി പ്രകാരം കൺസർവേഷൻ സാധ്യമാക്കിയ പുരാതന സർവ്വേ റിക്കോർഡുകൾ പുരാതന സെൻട്രൽ സർവ്വേ ഓഫീസിൽ ഇതിലേയ്ക്കായി മിഷൻ സ്ഥാപിച്ചിട്ടുള്ള സെൻട്രൽ മോഡേൺ റിക്കോർഡ് റൂമിലേക്ക് മാറ്റി സൂക്ഷിക്കുന്നുണ്ട്.

## ഭിന്നശേഷിക്കാർക്കായുള്ള സങ്കലിത വിദ്യാഭ്യാസ പദ്ധതി

10 (*251 ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ഡോ. കെ. ടി. ജലീൽ :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാർക്കായുള്ള സങ്കലിത വിദ്യാഭ്യാസ പദ്ധതിയിലെ പോരായ്മകൾ വിലയിരുത്തിയിട്ടുണ്ടോ; പദ്ധതിക്ക് കേന്ദ്രസഹായം ലഭിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഈ പദ്ധതി പ്രകാരം എത്ര കുട്ടികൾ പഠിക്കുന്നുണ്ട്; അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം എത്രയാണ്; ഭിന്നശേഷിയുള്ള കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി അദ്ധ്യാപക നിയമനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഭിന്നശേഷിയുള്ള കുട്ടികളുടെ പഠനത്തിനും മാനസിക വളർച്ചയ്ക്കും സഹായകമാകുന്ന ഈ പദ്ധതിക്ക് വേണ്ടത്ര പ്രോത്സാഹനം നല്കുന്നില്ലെന്ന വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഭിന്നശേഷിക്കാരായ കുട്ടികളുടെ അംഗപരിമിതികൾക്കും മാനസിക വൈകല്യങ്ങൾക്കും അനുസൃതമായി അവരെ പഠിപ്പിക്കുന്നതിന് പ്രത്യേകം പരിശീലനം നേടിയ റിസോഴ്സ് അദ്ധ്യാപകരെ ഇത്തരം സ്കൂളുകളിൽ നിയമിക്കാത്തതിനാൽ കുട്ടികളുടെ പഠനത്തേയും പരിപാലനത്തേയും സാരമായി ബാധിച്ചിട്ടുള്ള കാര്യം അറിവുള്ളതാണോ;

(ഇ) ആവശ്യത്തിന് റിസോഴ്സ് അദ്ധ്യാപകരെ നിയമിക്കുന്നതിനും അവരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനും തയ്യാറാകുമോ;

(എഫ്) സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതിലൂടെ യുണ്ടാകുന്ന സാമ്പത്തിക ബാധ്യത ഏറ്റെടുക്കാൻ തയ്യാറായ സർക്കാർ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികളുടെ പഠനത്തിന് വേണ്ട സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്):

(എ) വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി അദ്ധ്യാപക നിയമനം നടന്നിട്ടില്ലെന്ന അപാകതയൊഴിച്ച് സങ്കലിത വിദ്യാഭ്യാസ പദ്ധതിക്ക് പ്രത്യേകമായി ഏതെങ്കിലും തരത്തിലുള്ള പോരായ്മകൾ ഉള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. ഇത് 100% കേന്ദ്രാവിഷ്കൃത പദ്ധതിയായിരുന്നു. 2015-16 വർഷം മുതൽ കേന്ദ്ര സംസ്ഥാന വിഹിതം 60:40 എന്ന അനുപാതത്തിലാണ്.

(ബി) സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ എല്ലാ കുട്ടികളും ഈ പദ്ധതിയിൽ ഉൾപ്പെടും. 2014-15 വർഷം 1 മുതൽ 12-ാം ക്ലാസ് വരെയും വി.എച്ച്.എസ്.ഇ.യിലുമായി 61999 കുട്ടികൾക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. ഇതിന്റെ അദ്ധ്യാപക-വിദ്യാർഥി അനുപാതം 1:5 ആണ്. എന്നാൽ ഭിന്നശേഷിയുള്ള കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി അദ്ധ്യാപക നിയമനം നടന്നിട്ടില്ല. എസ്.എസ്.എ. സ്കീം അനുസരിച്ച് 1 മുതൽ 8 വരെ ക്ലാസുകളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് റിസോഴ്സ് സപ്പോർട്ട് നൽകുന്നതിനായി 1286 റിസോഴ്സ് അദ്ധ്യാപകരെയും 9, 10 ക്ലാസ്സുകളിൽ റിസോഴ്സ് അദ്ധ്യാപകരെയും നിയമിച്ചിട്ടുണ്ട്. 2016-17 വർഷം കൂടുതൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് പ്രൊപ്പോസൽ എം.എച്ച്.ആർ.ഡി.ക്ക് സമർപ്പിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഫണ്ട് ഉപയോഗിച്ച് ഈ പദ്ധതി മെച്ചപ്പെടുത്തുന്നതിന് പരമാവധി പ്രോത്സാഹനം നൽകിവരുന്നുണ്ട്.

(ഡി) പഠനത്തെയും പരിപാലനത്തിനേയും ബാധിച്ചിട്ടുള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. 1 മുതൽ 8 വരെ ക്ലാസ്സുകളിൽ എസ്.എസ്.എ.വഴി ബി.ആർ.സി. കേന്ദ്രീകരിച്ച് 1286 റിസോഴ്സ് അദ്ധ്യാപകരെ നിയമിക്കുകയും സേവനം നൽകി വരുകയും ചെയ്യുന്നുണ്ട്. 9, 10 ക്ലാസുകളിൽ സങ്കലിത വിദ്യാഭ്യാസത്തിന്റെ ഭാഗമായി 725 റിസോഴ്സ് അദ്ധ്യാപകരെ വിദ്യാലയങ്ങളിൽ നേരിട്ട് നിയമിച്ചിട്ടുണ്ട്.

നിലവിൽ ആഴ്ചയിൽ നാല് സാധ്യായ ദിവസങ്ങളിൽ റിസോഴ്സ് അദ്ധ്യാപകർ വിവിധ സ്കൂളുകൾ സന്ദർശിച്ച് ടി സ്കൂളിലെ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ആവശ്യമായ പിന്തുണ നൽകുന്നു. ശനിയാഴ്ചകളിൽ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പ്രത്യേക പഠന പിന്തുണയും നൽകി വരുന്നു.

(ഇ) മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് കൂടുതൽ അദ്ധ്യാപകരെ നിയമിക്കുന്നതാണ്. നിലവിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന റിസോഴ്സ് അദ്ധ്യാപകരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നതിനുള്ള പ്രോപ്പോസൽ 2016-17-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഓണറേറിയം വർദ്ധിപ്പിക്കുന്നതാണ്.

(എഫ്) സ്വീകരിച്ചിട്ടുണ്ട്. പൊതു വിദ്യാലയങ്ങളിൽ പഠിക്കുന്ന ഭിന്നശേഷി ക്കാരായ കുട്ടികളുടെ പഠനത്തിന് ഇനിയും കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

## സ്കൂളുകളിൽ അക്കാഡമിക് നിലവാരം ഉയർത്താൻ കർമ്മ പദ്ധതി

11(*252) <u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> :
<u>ശ്രീ. വർക്കല കഹാർ</u> :
<u>ശ്രീ. ജോസഫ് വാഴയ്ക്കൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ അക്കാഡമിക് നിലവാരം ഉയർത്താൻ കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്താമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്):

(എ) ഉണ്ട്. പ്രീ പ്രൈമറി മുതൽ ഹയർ സെക്കൻഡറി വരെയുള്ള പാഠ്യപദ്ധതി കാലോചിതമായും സമഗ്രമായും പരിഷ്കരിച്ചു. പാഠ്യപദ്ധതി പരിഷ്കരണത്തിന് അനുസൃതമായി ശരിയായ ക്ലാസ് റൂം വിനിമയം ഉറപ്പാക്കുന്നതിന് അദ്ധ്യാപകർക്ക് സമഗ്രമായ പരിശീലനം നൽകിവരുന്നു. കൂടാതെ വിവര സാങ്കേതിക വിദ്യയിലൂടെ അറിവ് നേടുന്നതിനും സംശ്ലേഷിക്കുന്നതിനുമായി വിദ്യാലയങ്ങിൽ നേരിട്ട് അദ്ധ്യാപക പരിശീലന പരിപാടികളിലും ഉൾപ്പെടുത്തിയിട്ടുണ്ട്. മൂല്യനിർണയവും സമഗ്രമായി പരിഷ്കരിച്ചുവരുന്നു.

(ബി) പൊതു വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, പൊതു വിദ്യാലയങ്ങളിലേക്ക് കൂടുതൽ കുട്ടികളെ ആകൃഷ്ടരാക്കുക, മികച്ച പഠനനിലവാരം കൈവരിക്കുക, ശാസ്ത്ര സാങ്കേതിക വിവര വിനിമയ മേഖലകളിലെ മാറ്റങ്ങൾക്കനുസരിച്ച് പഠന രീതികളും, ബോധന സമ്പ്രദായവും ഉയർത്തുക എന്നിവയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

(സി) സംസ്ഥാനത്തെ തിരഞ്ഞെടുത്ത വിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരമുള്ള സ്കൂളുകളാക്കി ഉയർത്തുന്നതിനും മികച്ച ഭൗതിക സാഹചര്യമുള്ള സ്കൂളുകളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. കലാ-കായിക-പ്രവർത്തിപരിചയ പ്രാധാന്യം നൽകുന്ന തരത്തിൽ പാഠ്യപദ്ധതി പരിഷ്കരിച്ചിട്ടുണ്ട്.

## റോഡുകളിൽ ആധുനിക രീതിയിലുള്ള കുഴിയടയ്ക്കൽ കർമ്മ പദ്ധതി

12(*253) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളിൽ ആധുനിക രീതിയിലുള്ള കുഴിയടയ്ക്കൽ രീതിക്ക് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇത് നടപ്പിലാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):

(എ) ഉണ്ട്.

(ബി) ആധുനിക രീതിയിൽ പോട്ട് ഹോൾ ഫില്ലിംഗ് മെഷീൻ ഉപയോഗിച്ച് റോഡുകളിലുണ്ടാകുന്ന കുഴികൾ സമയബന്ധിതമായി അടയ്ക്കുവാനും റോഡുകളിൽ ടാർ ചൂടാക്കുന്നതുമൂലമുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനും പോട്ട് ഹോൾ ഫില്ലിംഗ് പണികൾ ചെയ്യുമ്പോൾ ഉണ്ടാകുന്ന ട്രാഫിക് ബ്ലോക്കുകൾ കുറയ്ക്കുവാനും അറ്റകുറ്റപ്പണികളുടെ ഈട് കൂട്ടുവാനുമാണ് ടി പദ്ധതിയിലൂടെ ഉദ്ദേശിച്ചിരിക്കുന്നത്.

(സി) 28-5-2014-ലെ സ. ഉ. (സാധാ.) 708/14/പൊ.മ.വ. പ്രകാരം ആലപ്പുഴ, എറണാകുളം, മൂവാറ്റുപുഴ റോഡ്സ് ഡിവിഷനുകളിലെ 274 കി.മി. ദൈർഘ്യം വരുന്ന റോഡുകളിലെ കുഴിയടയ്ക്കുന്നതിന് M/s കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് മുഖേന "Python 5000" എന്ന pothole patching equipment ഉപയോഗിച്ച് ഒരു പൈലറ്റ് പ്രോജക്ട് ചെയ്യുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും പണി ഏറ്റെടുക്കുവാനായി മുന്നോട്ടുവന്ന കമ്പനി പിൻവാങ്ങിയതിനാൽ ഇക്കാര്യത്തിൽ തുടർ നടപടികൾ ആയിട്ടില്ല.

**നെൽവയൽ നികത്തൽ**

13(*254) ശ്രീ. പി. തിലോത്തമൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിൽ നെൽവയൽ നികത്തലിന് ആവശ്യമായ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പത്ത് ഏക്കർ വരെയുള്ള നെൽവയൽ നികത്തുന്നത് നിയമവിധേയമാക്കാനുള്ള നടപടികളിൽ പരിസ്ഥിതി വകുപ്പ് എന്തെങ്കിലും തടസ്സവാദം ഉന്നയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം; വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് അവശേഷിക്കുന്ന നെൽപ്പാടങ്ങൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ) 2015-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്റ്റിന് അനുസൃതമായാണ് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുള്ളത്. 2008-ന് മുമ്പ് നികന്നുപോയതോ, നികത്തപ്പെട്ടതോ ആയ ഭൂമി, പ്രസ്തുത ഭൂമിയുടെ ന്യായവിലയുടെ 25% ഈടാക്കി ക്രമവൽക്കരിക്കാവുന്നതും, ന്യായവില പ്രസിദ്ധപ്പെടുത്തിയിട്ടില്ലാത്ത സംഗതിയിൽ ടി ഭൂമിയുടെ സമീപ പ്രദേശങ്ങളിലെ സമാന സ്വഭാവമുള്ള ഭൂമിയുടെ, ന്യായവിലയുടെ 25 ശതമാനത്തിന് തുല്യമായ തുക ഫീസായി ഈടാക്കിക്കൊണ്ട് അങ്ങനെയുള്ള രൂപാന്തരപ്പെടുത്തലോ പരിവർത്തനപ്പെടുത്തലോ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ ക്രമവൽക്കരിക്കുന്ന തരത്തിലാണ് നെൽവയൽ സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുള്ളത്.

(ബി) 10 ഏക്കർ വരെയുള്ള നെൽവയൽ നികത്തുന്നത് നിയമ വിധേയമാക്കുവാൻ നിലവിൽ വ്യവസ്ഥയില്ല. വ്യവസായം തുടങ്ങുന്നതിനും മറ്റുമായി ഇത്തരത്തിൽ നിലം നികത്തുന്നതിന് അനുവാദം നൽകുവാൻ ഉദ്ദേശിച്ചിരുന്ന വേളയിൽ ഇക്കാര്യത്തിൽ പരിസ്ഥിതി വകുപ്പിന്റെ അഭിപ്രായമാരാഞ്ഞിരുന്നു. പ്രസ്തുത വേളയിൽ ടി ആവശ്യ പൂർത്തികരണാർത്ഥം നെൽവയൽ നികത്തുന്നത് നിയമവിധേയമാക്കാനുള്ള നടപടികളിന്മേൽ നിയമ/ചട്ട രൂപീകരണത്തിന് ഈ വകുപ്പിന് അധികാരമുണ്ടെന്നും എന്നാൽ തണ്ണീർത്തടങ്ങളുടെ കാര്യത്തിൽ പ്രസ്തുത അധികാരം ഈ വകുപ്പിൽ നിക്ഷിപ്തമല്ലായെന്നും, കേന്ദ്രവിഷയമായ തണ്ണീർത്തടങ്ങളെ സംബന്ധിച്ച നിയമ/ചട്ടങ്ങൾ കേന്ദ്രസർക്കാർ ഇതിനോടകം നിർമ്മിച്ചിട്ടുണ്ടെന്നും പ്രസ്തുത നിയമ/ചട്ടങ്ങളുടെ ചുവടുപിടിച്ച് തണ്ണീർത്തട അതോറിറ്റി രൂപീകരണത്തിന് സംസ്ഥാനം തയ്യാറെടുക്കുന്നുവെന്നും ആകയാൽ തണ്ണീർത്തടങ്ങളെ സംബന്ധിച്ച ചട്ടങ്ങളുടെ രൂപീകരണം ഈ വകുപ്പ് നടത്തേണ്ടതില്ലായെന്നുമാണ് പരിസ്ഥിതി വകുപ്പ് അഭിപ്രായപ്പെട്ടത്.

(സി) സംസ്ഥാനത്ത് അവശേഷിക്കുന്ന നെൽപ്പാടങ്ങൾ സംരക്ഷിക്കുന്നതിന് ബൃഹത്തായ സംവിധാനമാണ് നിലവിലുള്ളത്. 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലും ചട്ടത്തിലും പ്രസ്തുത കാര്യത്തിൽ ഊന്നൽ നൽകിയിട്ടുണ്ട്. മേൽ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി നെൽവയൽ പരിവർത്തന പ്പെടുത്തുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നപക്ഷം പ്രസ്തുത കാര്യത്തിൽ നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി കർശന നടപടികൾ കൈക്കൊണ്ടുവരുന്നു.

## സ്കൂൾ കലോത്സവം

14 (*255) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി വിദ്യാർത്ഥികൾക്ക് തങ്ങളുടെ തനത് കലാരൂപങ്ങൾ സ്കൂൾ കലോത്സവങ്ങളിൽ അവതരിപ്പിക്കുന്നതിന് ഇത്തവണയും അവസരം ലഭിച്ചില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഭാഗത്തിന്റെ തനത് കലാരൂപങ്ങൾ സ്കൂൾ കലോത്സവത്തിൽ അവതരിപ്പിക്കുന്നതിന് നിലവിൽ തടസ്സങ്ങളുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി കലോത്സവ മാന്വൽ പരിഷ്കരിക്കുന്നതിന് നടപടി കൈക്കൊള്ളുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്):

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആദിവാസി വിദ്യാർത്ഥികൾക്ക് തങ്ങളുടെ തനത് കലാരൂപങ്ങൾ സ്കൂൾ കലോത്സവങ്ങളിൽ അവതരിപ്പിക്കുന്നതിനായി ആയത് സർക്കാർ ഉത്തരവ് പ്രകാരം കേരള സ്കൂൾ കലോത്സവ മാന്വലിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. 56-ാമത് സ്കൂൾ കലോത്സവത്തിൽ ആദിവാസി ഗോത്രകലകൾ പ്രദർശന ഇനമായി ഉൾപ്പെടുത്തിയിരുന്നു.

(സി) സ്കൂൾ കലോത്സവ മാന്വൽ പരിഷ്കരിക്കുന്നതിനുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയർമാനായി ഒരു മാന്വൽ പരിഷ്കരണ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി ആദിവാസി ഗോത്രകലകൾ കലോത്സവ മാന്വലിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## ബൈപ്പാസ് റോഡുകൾ

15 (*256) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടണങ്ങളോടനുബന്ധിച്ചുള്ള ബൈപ്പാസ് റോഡുകളുടെ നിർമ്മാണ പദ്ധതി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുടങ്ങിക്കിടന്ന എത്ര ബൈപ്പാസ് റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുകയും പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ ;

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):

(എ) പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിൻകീഴിൽ നിർമ്മാണം നടത്താൻ പദ്ധതി തയ്യാറാക്കിയിട്ടുള്ളതും നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നതുമായ ബൈപ്പാസുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

**തിരുവനന്തപുരം ബൈപ്പാസ്**: ദേശീയപാത 47-ൽ കഴക്കൂട്ടത്തുനിന്ന് ആരംഭിച്ച് തമിഴ്നാട് അതിർത്തിയിൽ അവസാനിക്കുന്ന 43 കി.മീ. ദൈർഘ്യം വരുന്ന തിരുവനന്തപുരം ബൈപ്പാസിന്റെ നിർമ്മാണം ദേശീയപാതാ അതോറിറ്റി ഓഫ് ഇന്ത്യയാണ് നടപ്പിലാക്കുന്നത്. സർവ്വീസ് റോഡുകളോടു കൂടിയ 4 വരി പാതയായി വികസിപ്പിക്കുന്ന ഈ ബൈപ്പാസിന്റെ കഴക്കൂട്ടം മുതൽ മുക്കോല വരെയുള്ള 26.500 കി.മീ ഭാഗത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് കോൺട്രാകടറുമായി കരാറിൽ ഏർപ്പെടുകയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ മുഴുവൻ ചെലവും കേന്ദ്ര സർക്കാരാണ് വഹിക്കുന്നത്.

**കൊല്ലം ബൈപ്പാസ്:** ദേശീയപാത 47-ലെ കാവനാട് (കി.മീ. 486/500) തുടങ്ങി മേവറം (കി.മീ. 499/500) വരെയുള്ള 13 കി. മീറ്റർ വരുന്ന ബൈപ്പാസ് 2 വരിപ്പാതയിൽ 3 പാലങ്ങളോടുകൂടി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ 50% വീതം തുല്യവിഹിതത്തോടെ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് കോൺട്രാക്ടറുമായി കരാറിൽ ഏർപ്പെടുകയും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു.

**ആലപ്പുഴ ബൈപ്പാസ്:** ദേശീയപാത 47-ൽ കൊമ്മാടി (കി.മീ. 408/100) മുതൽ കളർകോട് (കി.മീ. 414/900) വരെയുള്ള 6.08 കി.മീ. വരുന്ന ബൈപ്പാസിന്റെ 2 വരിപ്പാതയിൽ 3.21 കി.മീ എലിവേറ്റഡ് ഹൈവേയും 2 ROB-യുമായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ 50% വീതം തുല്യ വിഹിതത്തോടെ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് കോൺട്രാക്ടറുമായി കരാറിൽ ഏർപ്പെടുകയും നിർമ്മാണ പ്രവർത്തനങ്ങൾ അതിവേഗം പുരോഗമിക്കുകയും ചെയ്യുന്നു.

**തൃപ്പൂണിത്തുറ ബൈപ്പാസ്:** തൃപ്പൂണിത്തുറ ബൈപ്പാസിന്റെ അലൈൻമെന്റ് കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. Land Acquisition Estimate-ഉം പ്രവൃത്തികളുടെ എസ്റ്റിമേറ്റും ഉണ്ടാക്കുന്നതിനുവേണ്ടി NATPAC-നെ ചുമതലപ്പെടുത്തുകയും സ്ഥലമെടുപ്പിനായി 984.46 കോടി രൂപയുടേയും നിർമ്മാണത്തിനായി 315.71 കോടി രൂപയുടേയും ഡി.പി.ആർ. NATPAC നൽകുകയും ചെയ്തിട്ടുണ്ട്. സ്ഥലമെടുപ്പിന്റെ ഡി.പി.ആർ. കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

**കോഴിക്കോട് ബൈപ്പാസ്:** ദേശീയപാത 17-ൽ വെങ്ങളം മുതൽ ഇടിമുഴിക്കൽ വരെയുള്ള 28.12 കി.മീറ്ററിലാണ് ഈ ബൈപ്പാസ്. ഇതിൽ പൂളാടിക്കുന്ന് മുതൽ ഇടിമുഴിക്കൽ വരെയുള്ള 23 കി.മീ. 2 വരിപ്പാതയായി നിർമ്മിച്ചിരുന്നു. ശേഷിക്കുന്ന 5.1 കി.മീ.-ഉം മൊത്തം നീളത്തിൽ 4 വരിപ്പാതയാക്കലും എൻ.എച്ച്.ഡി.പി.യിൽ ഉൾപ്പെടുത്തി എൻ.എച്ച്.എ.ഐ. ചെയ്യുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. എന്നാൽ എൻ.എച്ച്.ഡി.പി.യിൽപ്പെട്ട മറ്റ് ഭാഗങ്ങളിലെ സ്ഥലമെടുപ്പ് വൈകിയതിനാൽ ശേഷിക്കുന്ന 5.1 കി.മീ. ആറുവരിപ്പാതയുടെ നിർമ്മാണം നീണ്ടുപോകുകയും പൂർത്തിയായ 23 കി.മീ. റോഡ് അതിന്റെ നിർമ്മാണ ഉദ്ദേശ്യം നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ അടിയന്തരമായി ബൈപ്പാസിന്റെ ശേഷിക്കുന്ന 5.1 കി.മീ ദൈർഘ്യത്തിന്റെ 2 വരിപ്പാതയുടെ പൂർത്തീകരണം പൂർണ്ണമായും സംസ്ഥാന സർക്കാർ ചെലവിൽ ഏറ്റെടുത്ത് നടത്തുവാൻ നിശ്ചയിക്കുകയും അതിന് കേന്ദ്ര മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുകയും ചെയ്തു. പ്രസ്തുത ബൈപ്പാസ് SPEEID കേരള പദ്ധതിയിൽ ഉൾപ്പെടുത്തി 152.75 കോടി രൂപയ്ക്ക് പൂർത്തീകരിച്ചു. സംസ്ഥാന സർക്കാരിനും തൊഴിലാളികൾക്കും പങ്കാളിത്തമുള്ള യു.എൽ.സി.സി.എസ്. ലിമിറ്റഡ് എന്ന കമ്പനിയാണ് നിർമ്മാണ പ്രവൃത്തി നടപ്പിലാക്കിയത്. 22-1-2016-ന് ഇതിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു ഗതാഗതത്തിന് തുറന്നുകൊടുത്തു. പ്രസ്തുത ബൈപ്പാസ് 4 വരിപ്പാതയായി വികസിപ്പിക്കുന്നതിനായുള്ള Detailed Project Report തയ്യാറാക്കുന്നതിനുവേണ്ടിയുള്ള ടെണ്ടർ ലഭിച്ചിട്ടുണ്ട്. അതിന്റെ അനന്തരനടപടികൾ പുരോഗമിച്ചുവരികയാണ്.

**തലശ്ശേരി-മാഹി ബൈപ്പാസ്:** ദേശീയപാത 17-ൽ മുഴിപ്പിലങ്ങാട് മുതൽ അഴിയൂർ വരെയുള്ള 18 കി.മീ. ദൈർഘ്യത്തിലാണ് ഈ ബൈപ്പാസ്. ഇതിൽ സ്ഥലം ഏറ്റെടുത്ത 12 കി.മീ. ഇ.പി.സി. പ്രകാരം കേന്ദ്ര ഫണ്ടിൽ നടപ്പാക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഇതിന്റെ ഡി.പി.ആർ. ഉണ്ടാക്കുന്നതിനുവേണ്ട ടെണ്ടർ ക്ഷണിക്കുകയും M/s. RITCO Ltd. എന്ന ഏജൻസിയുടെ ടെണ്ടർ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം അംഗീകരിച്ച് അവാർഡ് ആയിട്ടുണ്ട്. തുടർ നടപടികൾ പുരോഗമിക്കുന്നു.

**മൂവാറ്റുപുഴ ബൈപ്പാസ്:** (കാരക്കുന്നം ചർച്ച് മുതൽ കാടാന്തികുരിശുവരെ) 4.394 കി.മീ. 30 മീറ്റർ വീതിയിൽ MoRTH അംഗീകരിച്ചതാണ്. ഇപ്പോൾ 45 മീ. വീതിയിലുള്ള ബൈപ്പാസ് അലൈൻമെന്റ് അംഗീകാരത്തിനായും 298.17 കോടി രൂപയുടെ ലാന്റ് അക്വിസിഷൻ എസ്റ്റിമേറ്റ് അംഗീകാരത്തിനായും MoRTH-ൽ സമർപ്പിച്ചിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്നതിനായുള്ള ടെണ്ടർ നടപടികൾ നടന്നു വരുന്നു.

**കോതമംഗലം ബൈപ്പാസ്:** കോതമംഗലം ബൈപ്പാസിന്റെ (കി.മീ. 238/200 മുതൽ 243/000) അലൈൻമെന്റ് 30 മീ. വീതിയിൽ MoRTH Ir. No. RW/NH-12012/14/01-KL(P-7) dt. 2-5-2006 പ്രകാരം അംഗീകരിച്ചതാണ്. ഇപ്പോൾ 45 മീ. വീതിയിൽ (നീളം 3.339 കി. മീ.) അലൈൻമെന്റ് അംഗീകാര ത്തിനായും 9.45 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് 103.67 കോടി രൂപയുടെ ലാന്റ് അക്വിസിഷൻ എസ്റ്റിമേറ്റ് MoRTH-ൽ സമർപ്പിച്ചിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്നതിനായുള്ള ടെണ്ടർ നടപടികൾ നടന്നുവരുന്നു.

**താമരശ്ശേരി ബൈപ്പാസ്:** ദേശീയപാത 212-ൽ പരപ്പിൻ പൊയിൽ വട്ടകുണ്ട് പാലം മുതൽ താമരശ്ശേരി ചുങ്കം സെയിൽ ടാക്സ് ചെക്പോസ്റ്റ് വരെ (കി.മീ. 27/800 മുതൽ 31/250)30 മീറ്റർ വീതിയിൽ MoRTH അംഗീകരിച്ചതാണ്. ആകെ നീളം 3.6 കി.മീ. ആണ്. സ്റ്റേറ്റ് ഫണ്ട് ഉപയോഗിച്ച് പ്രസ്തുത ബൈപ്പാസിന്റെ ഇൻവെസ്റ്റിഗേഷൻ പണി പൂർത്തിയായി വരുന്നു.

**സുൽത്താൻബത്തേരി ബൈപ്പാസ്:** ദേശീയപാത 212-ൽ ദൊട്ടപ്പൻകുളം മുതൽ തിരുനെല്ലി വരെ (കി.മീ. 95/500 മുതൽ 99/800 വരെ) 30 മീറ്റർ വീതിയിൽ 5 കി.മീ. ദൈർഘ്യത്തിൽ ബൈപ്പാസ് ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ഇൻഫ്രാസ്ട്രക്ചർ ഫ്ളാഗ്ഷിപ്പ് പ്രോജക്ടിൽ ഉൾപ്പെടുത്തി ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. 42.25 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

**മണ്ണാർക്കാട് ബൈപ്പാസ്:** ദേശീയപാത 213-ൽ കി.മീ. 97/000 (കുമരംപുത്തൂർ) മുതൽ കി.മീ. 107/000 (ചൂരിയോട്) വരെയുള്ള 8.5 കി.മീ. ദൈർഘ്യത്തിലാണ് ഈ ബൈപ്പാസ്. കേന്ദ്രസർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇതിന്റെ ആദ്യഘട്ടമായ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

നിരത്തുവിഭാഗവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ദേശീയപാതാ വിഭാഗത്തിൽ കീഴിൽ ദശാബ്ദങ്ങൾക്ക് മുമ്പുതന്നെ 45 മീറ്റർ വീതിയിൽ സ്ഥലമെടുപ്പ് പൂർത്തീകരിക്കുകയും എന്നാൽ ദേശീയപാതാ വികസന പദ്ധതിയിൽപ്പെട്ട മറ്റു ഭാഗങ്ങളിലെ സ്ഥലമെടുപ്പ് നടപ്പാക്കാത്തതിനാൽ മുടങ്ങിക്കിടന്നിരുന്ന ആലപ്പുഴ-കൊല്ലം ബൈപ്പാസുകളുടെ നിർമ്മാണം കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തുല്യ സാമ്പത്തിക പങ്കാളിത്തത്തോടെ സ്റ്റാന്റ് എലോൺ പ്രോജക്ട് ആയി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 28.1 കി.മീറ്റർ ദൈർഘ്യമുള്ള കോഴിക്കോട് ബൈപ്പാസിന്റെ സ്ഥലമെടുപ്പ് പൂർത്തികരിച്ചുവെങ്കിലും രണ്ടു വരിപ്പാതയായിട്ടുള്ള നിർമ്മാണം 25 കി.മീറ്റർ മാത്രമേ കേന്ദ്ര ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിക്കുവാൻ കഴിഞ്ഞിരുന്നുള്ളൂ. ശേഷിക്കുന്ന 5.1 കി.മീറ്റർ ദൂരം സംസ്ഥാന ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിച്ച് ജനങ്ങൾക്ക് തുറന്നുകൊടുത്തു. മുടങ്ങിക്കിടക്കുന്ന തൃപ്പൂണിത്തുറ ബൈപ്പാസിന്റെ പൂർത്തികരണത്തിനുള്ള ഡി.പി.ആർ. സംസ്ഥാന സർക്കാരിന്റെ സ്ഥാപനമായ നാറ്റ്പാക്ക് മുഖാന്തരം തയ്യാറാക്കി കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. തലശ്ശേരി-മാഹി ബൈപ്പാസിന്റെ നിർമ്മാണത്തിനുള്ള ഡി.പി.ആർ. തയ്യറാക്കുവാൻ ഏജൻസിയെ ഏൽപ്പിച്ചിട്ടുണ്ട്. മൂവാറ്റുപുഴ ബൈപ്പാസ്, കോതമംഗലം ബൈപ്പാസ്, കോഴിക്കോട് ബൈപ്പാസിന്റെ നാലുവരിപ്പാതയാക്കൽ എന്നിവയുടെ ഡി.പി.ആർ. തയ്യാറാക്കാനുള്ള ടെണ്ടർ ലഭിച്ചിട്ടുണ്ട്. വിശദമായ മൂല്യനിർണ്ണയത്തിനുശേഷം ഏജൻസിയെ ഏൽപ്പിക്കുന്നതായിരിക്കും.

നിരത്തുവിഭാഗത്തിൻ കീഴിൽ വയനാട് ജില്ലയിലെ മാനന്തവാടി ബൈപ്പാസ് ഒന്നാം ഘട്ടം, രണ്ടാംഘട്ടം എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിക്കുകയും പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

**റോഡുകളുടെ നവീകരണം**

16(*257) ശ്രീ. റ്റി. യു. കുരുവിള :

ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകളുടെ നവീകരണത്തിൽ സംസ്ഥാനം സർവ്വകാല റെക്കോർഡ് ഭേദിച്ച് നേട്ടങ്ങൾ കൈവരിച്ചതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തെ മുഴുവൻ റോഡുകളും ബി.എം. ആൻറ് ബി.സി. ചെയ്ത് സഞ്ചാരയോഗ്യമാക്കുന്നതിന് പ്രത്യേക കർമ്മ പദ്ധതി നടപ്പാക്കുമോ;

(സി) സംസ്ഥാനത്തിന് ആവശ്യമുള്ള പുതിയ റോഡുകൾ യുദ്ധകാലാടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):

(എ) സംസ്ഥാനത്തെ ആകെയുള്ള ദേശീയപാതകൾ 1781.57 കി.മീ. കഴിഞ്ഞ 5 വർഷങ്ങൾക്കുള്ളിൽ കേന്ദ്ര സർക്കാരിന്റെ ഐ.ആർ.ക്യു.പി.-പി.ആർ. പദ്ധതികളിൽപ്പെടുത്തി റീസർഫസിംഗ് നടത്തി സഞ്ചാരയോഗ്യമാക്കി നിലനിർത്തുവാൻ കഴിഞ്ഞിട്ടുണ്ട്. ഭരണിക്കാവിൽ നിന്നും തുടങ്ങി പത്തനംതിട്ട വഴി വണ്ടിപ്പെരിയാറിലേക്കുള്ള പുതിയ '183 എ'-യും, അടിമാലിയിൽ തുടങ്ങി ചെറുതോണി പൈനാവ് വഴി കുമിളിയിലേക്കുള്ള എൻ.എച്ച്.185-ഉം പുതിയ ദേശീയപാതകളായി പ്രഖ്യാപിച്ച് ഇതിന്റെ വികസന പ്രവൃത്തികൾക്ക് തുടക്കം കുറിക്കുവാൻ കഴിഞ്ഞു. ദേശീയപാതാ വികസന പ്രവർത്തനങ്ങളിൽ നിന്നും വേർപെടുത്തിയിരുന്ന എൻ.എച്ച്. 49, എൻ.എച്ച്. 208, എൻ.എച്ച്. 212, എൻ.എച്ച്. 213, എൻ.എച്ച്. 220 എന്നീ അഞ്ചു ദേശീയപാതകൾ കേന്ദ്ര സർക്കാരിന്റെ വാർഷികപദ്ധതിയിലുൾപ്പെടുത്തി ഘട്ടം ഘട്ടമായി പേവ്ഡ് ഷോൾഡറോടു കൂടിയ 2 വരിപ്പാതയായി വികസിപ്പിക്കുന്നതിന് കേന്ദ്ര അംഗീകാരം നേടിയെടുത്ത് പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്. സംസ്ഥാന ചരിത്രത്തിലാദ്യമായി ഒരു ദേശീയപാതാ ബൈപ്പാസിന്റെ നിർമ്മാണം സംസ്ഥാന സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിക്കുവാൻ കഴിഞ്ഞു (കോഴിക്കോട് ബൈപ്പാസിന്റെ 5.1 കി.മീ. ദൂരം) രാജ്യത്ത് തന്നെ ആദ്യമായി ബൈപ്പാസുകൾ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തുല്യപങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിഞ്ഞു (കൊല്ലം, ആലപ്പുഴ ബൈപ്പാസുകൾ). തിരുവനന്തപുരം നഗരവാസികളുടെ ചിരകാല സ്വപ്നമായിരുന്ന കരമന-കളിയിക്കാവിള ദേശീയപാത 47-ന്റെ വീതികൂട്ടൽ ഈ സർക്കാർ സ്ഥലമേറ്റെടുത്ത് കരമന മുതൽ പ്രാവച്ചമ്പലം വരെയുള്ള 5.5 കി.മീ ദൂരം 4 വരിപ്പാതയാക്കി പൂർത്തീകരിക്കുകയും ബാക്കിയുള്ളവയുടെ സ്ഥലമേറ്റെടുപ്പ് നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. ദേശീയപാതയിലെ മറ്റ് ബൈപ്പാസുകളായ തലശ്ശേരി, മാഹി, മൂവാറ്റുപ്പുഴ, കോതമംഗലം, കോഴിക്കോട് ബൈപ്പാസ് നാലുവരിപ്പാതയാക്കൽ എന്നിവയ്ക്കായുള്ള അംഗീകാരം കേന്ദ്രത്തിൽ നിന്ന് നേടിയെടുക്കുകയും ഇതിനുള്ള ഡി.പി.ആർ. തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥലമേറ്റെടുത്ത് വർഷങ്ങളായി നിർമ്മാണം മുടങ്ങിക്കിടന്ന കുറ്റിപ്പുറം മുതൽ പുതുപൊന്നാനി വരെയുള്ള 6 കി.മീ. ദൂരം സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി പുതിയ റോഡ് നിർമ്മിച്ചു. എൻ.എച്ച്.എ.ഐ.യുടെ കൈവശമായിരുന്ന വാളയാർ-മണ്ണുത്തി ദേശീയപാത 47 പൊട്ടിപ്പൊളിഞ്ഞ സാഹചര്യത്തിൽ പൊതുജനതാൽപര്യം കണക്കിലെടുത്ത് ഈ സർക്കാർ 25 കോടി രൂപ ചെലവഴിച്ച് ഗതാഗത യോഗ്യമാക്കി തീർത്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദേശീയപാതകൾക്കുപുറമേ 523.75 കി.മീ. സംസ്ഥാന-ജില്ലാ റോഡുകൾ ദേശീയപാതാ നിലവാരത്തിൽ സി.ആർ.എഫ്. ഫണ്ട് ഉപയോഗിച്ച് വികസിപ്പിക്കുവാൻ സാധിച്ചു.

ഈ സർക്കാരിൻെറ ഭരണകാലത്ത് നിരത്തുവിഭാഗത്തിൻ കീഴിൽ 11777 കി.മീ. റോഡുകൾ നവീകരിച്ചു.

കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട സ്റ്റേറ്റ് ഹൈവേകളുടെയും മേജർ ഡിസ്ട്രിക്റ്റ് റോഡുകളുടെയും സമഗ്ര വികസനത്തിനായി രൂപം കൊടുത്ത സംസ്ഥാന റോഡുവികസന പദ്ധതി (SRIP) യിൽ ഉൾപ്പെടുത്തി 83 കി.മീ. നീളം വരുന്ന 4 റോഡുകൾ ദേശീയനിലവാരത്തിൽ പുതുക്കിപ്പണിയുന്നതിന് പി.പി.പി./ആന്വിറ്റി രീതിയിൽ നിർമ്മാണ കാലാവധിക്കുശേഷം 13 വർഷം പരിപാലിക്കുന്നതിനുള്ള വ്യവസ്ഥയോടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി കൺസഷൻ എഗ്രിമെന്റ് വച്ചിട്ടുണ്ട്.

(ബി) നിലവിൽ ദേശീയപാതകളെല്ലാം തന്നെ ബി.എം. & ബി.സി. ഉപയോഗിച്ച് ഉപരിതലം ബലപ്പെടുത്തിയിട്ടുള്ളതാണ്. പുതുതായി പ്രഖ്യാപിച്ച എൻ.എച്ച്. 183 എ-യും, 185-ഉം കേന്ദ്ര സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്ന ബി.എം. ആന്റ് ബി.സി. ഉപയോഗിച്ച് ബലപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ബി.എം. & ബി.സി. ഉപയോഗിച്ച് എകദേശം 3840 കി.മീ. സംസ്ഥാന റോഡുകളുടെ ഉപരിതലം പുതുക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ബാക്കിയുള്ള റോഡുകൾ ഉപരിതലം പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നിലവിലെ ദേശീയപാതകളായ എൻ.എച്ച്. 17-ന്റെയും എൻ.എച്ച്. 47-ന്റെയും തലപ്പാടി മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗം സംസ്ഥാന സർക്കാരിന്റെ പൂർണ്ണ സഹകരണത്തോടെ 45 മീ.റൈറ്റ് ഓഫ് വേയിൽ സ്ഥലമെടുത്ത് നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിന് എൻ.എച്ച്.എ.ഐ. പുതിയ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ എടുത്തുകഴിഞ്ഞു.

## സ്കൂളുകളിൽ മലയാളം നിർബന്ധ ഭാഷ

17 (*258) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പി. സി . വിഷ്ണുനാഥ് :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ മലയാളം നിർബന്ധ ഭാഷയായി പഠിപ്പിക്കുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്):

(എ-സി) കേരള സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ 10-ാം ക്ലാസ്സുവരെ മലയാളം നിർബന്ധഭാഷയാക്കിക്കൊണ്ട് സർക്കാർ 1-9-2011-ൽ സ. ഉ. (പി) നമ്പർ 183/2011/പൊ.വി.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. ഇതനുസരിച്ച് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. മറ്റ് ബോർഡുകൾ എന്നിവ ഉൾപ്പെടെയുള്ള എല്ലാ സ്ഥാപനങ്ങളുടെയും നിയന്ത്രണത്തിലുള്ള സ്കൂളുകളിലും സർക്കാർ എയ്ഡഡ് സ്കൂളുകളിലും മലയാളം നിർബന്ധ വിഷയമായി പഠിപ്പിക്കേണ്ടതാണ്. അൺ എയ്ഡഡ് (സ്വകാര്യ) സ്കൂളുകൾക്ക് എൻ.ഒ.സി. ലഭിക്കുന്നതിന് ഈ വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടുണ്ട്. കന്നട, തമിഴ്, ഗുജറാത്തി എന്നിവ മാതൃഭാഷയായുള്ള കുട്ടികൾ അവരുടെ മാതൃഭാഷ ഒന്നാം ഭാഷയായി തന്നെ പഠിക്കുവാൻ നിലവിലുള്ള സംവിധാനം തുടരുന്നതാണ്. എന്നാൽ അവർക്ക് നിലവിലുള്ള ഭാഷയ്ക്ക് പുറമേ മലയാളം കൂടി പഠിക്കാൻ സാഹചര്യം ഒരുക്കുന്നതാണ്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാത്തരം വിദ്യാലയങ്ങളിലും മലയാളം ഒരു വിഷയമായി പഠിപ്പിക്കുന്നതിന് മേൽപ്പറഞ്ഞ ഉത്തരവ് പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. ഇത്തരത്തിൽ മലയാള പഠനത്തിന് പ്രാധാന്യം നൽകുമ്പോൾ വേണ്ടിവരുന്ന പാഠപുസ്തകങ്ങൾ രൂപപ്പെടുത്തുന്നതിന് എസ്.സി.ഇ.ആർ.ടി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പിരീയഡുകളുടെ ക്രമീകരണം, പരീക്ഷാരീതി, അദ്ധ്യാപകരുടെ ക്രമീകരണം തുടങ്ങിയ കാര്യങ്ങളും മേൽപ്പറഞ്ഞ ഉത്തരവിൽ വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ പകർപ്പുകൾ എല്ലാ വിദ്യാഭ്യാസ ഉദ്യോഗസ്ഥർക്കും വിദ്യാഭ്യാസ വകുപ്പിന്റെ അധീനതയിലുള്ള എല്ലാ സ്ഥാപനങ്ങളിലും കൂടാതെ വെബ്സൈറ്റിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ഉത്തരവിലെ നിർദ്ദേശങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കർശനമായി പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നുമുണ്ട്.

## ഇ-രേഖാ പദ്ധതി

18 (*259) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-രേഖാ പദ്ധതി നടപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതി നടപ്പാക്കിയിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ) പുരാതന സർവ്വേ രേഖകൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനായി കേരളാ ലാന്റ് ഇൻഫർമേഷൻ മിഷന്റെ എംപവേർഡ് കമ്മിറ്റിയിൽ അംഗീകാരം ലഭ്യമാക്കി ഇ-രേഖ എന്ന പേരിൽ ഒരു റെക്കോർഡ് കൺസർവേഷൻ പദ്ധതി സർവ്വേയും ഭൂരേഖയും വകുപ്പിൽ മിഷൻ നടപ്പാക്കി വരുന്നു.

(ബി) ഇ-രേഖ എന്ന പദ്ധതി പ്രകാരം സംരക്ഷിക്കപ്പെട്ട റെക്കോർഡുകൾ വേഗതയിലും സുതാര്യമായും പൊതുജനത്തിന് ലഭ്യമാക്കുവാനായി ഇന്റർനെറ്റ്, ടച്ച് സ്ക്രീൻ കിയോസ്ക് എന്നിവയുടെ സഹായത്താൽ "Online payment gateway" വഴി പണമടച്ച് റെക്കോർഡുകളുടെ പകർപ്പുകൾ ലഭ്യമാക്കുവാനും അതിലൂടെ സർവ്വേ വകുപ്പിന്റെ സേവനങ്ങളെ കൂടുതൽ ആധുനികവത്കരിച്ച് ജനകീയവും, സുതാര്യവും ആക്കുന്നതിനും ടി പദ്ധതിയുടെ പൂർത്തീകരണത്തിലൂടെ ലക്ഷ്യമിടുന്നു.

(സി) കേരള ലാന്റ് ഇൻഫർമേഷൻ മിഷന്റെ 9-ാം എംപവേർഡ് കമ്മിറ്റിയിൽ സർവ്വേ വകുപ്പിലെ പുരാതന റെക്കോർഡുകൾ ഭൗതികമായി സംരക്ഷിക്കുന്നതിനും ഡിജിറ്റൈസ് ചെയ്യുന്നതിനും അവ ഓൺലൈനായി പൊതുജനങ്ങൾക്ക് നൽകുന്നതിനുമായി ഇ-രേഖ എന്ന പദ്ധതിക്ക് അംഗീകാരം നൽകുകയുണ്ടായി. കേന്ദ്രാവിഷ്കൃത പദ്ധതിയായ NLRMP-യിൽ ഉൾപ്പെടുത്തി ടി പദ്ധതി നടപ്പാക്കാനായി 5 കോടി രൂപ അനുവദിക്കുകയും ചെയ്തു. ജില്ലകളിൽ 1 വീതം ഡിജിറ്റൈസേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനായി 3.50 ലക്ഷം രൂപ അനുവദിക്കുകയും 12 ജില്ലകളിൽ റീസർവ്വേ ഡാറ്റകൾ ഡിജിറ്റൈസ് ചെയ്യുന്നതിനായി പ്രസ്തുത സെന്ററുകൾ മിഷന്റെ കീഴിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ എംപവേർഡ് കമ്മിറ്റിയുടെ പ്രസ്തുത തീരുമാനത്തെ തുടർന്ന് സർക്കാർ ടി പദ്ധതിക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഡിജിറ്റൈസ് ചെയ്തതായ സർവ്വേ റെക്കോർഡുകളെല്ലാം പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ വേണ്ടി GIS അധിഷ്ഠിതമായ സോഫ്റ്റ്വെയർ സംവിധാനം ഒരുക്കുന്നതിനും ഡാറ്റകൾ ഡിജിറ്റലായി സൂക്ഷിക്കുന്നതിനായും ബാക്ക് അപ്പ് സെർവർ വാങ്ങുകയും ആയതിന്റെ ഇൻസ്റ്റലേഷൻ ജോലികൾ പുരോഗതിയിലുമാണ്.

ജില്ലാതലങ്ങളിലെ റെക്കോർഡുകൾ സംരക്ഷിക്കുന്നതിനായുള്ള മോഡേൺ സർവ്വേ റെക്കോർഡ് റൂമുകൾക്കുവേണ്ടിയുള്ള അനുമതി 2012-13-ലെ ഡിപ്പാർട്ട്മെന്റ് വർക്കിംഗ് ഗ്രൂപ്പിൽ ലഭ്യമാക്കിയിട്ടുണ്ട്. മേൽ വിവരിച്ച പദ്ധതികളുടെ നടത്തിപ്പുമായി

ബന്ധപ്പെട്ട് വിവിധ ടെക്നിക്കൽ കമ്മിറ്റികൾ കൂടുകയും പദ്ധതികൾ നടപ്പാക്കി വരികയും ചെയ്യുന്നു. ഇ-രേഖ പദ്ധതി പ്രകാരം കൺസർവേഷൻ സാധ്യമാക്കിയ പുരാതന സർവ്വേ റെക്കോർഡുകൾ സെൻട്രൽ സർവ്വേ ഓഫീസിൽ ഇതിലേക്കായി മിഷൻ സ്ഥാപിച്ചിട്ടുള്ള സെൻട്രൽ മോഡേൺ റെക്കോർഡ് റൂമിലേക്ക് മാറ്റി സൂക്ഷിക്കുന്നുണ്ട്.

## സ്മാർട്ട് വില്ലേജ്

19 (*260) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് വില്ലേജ് നടപ്പാക്കാൻ എന്തെല്ലാം കർമ്മപദ്ധതി നടപ്പാക്കിയിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ & ബി) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽനിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടു കൂടിയാണ് 'സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി' ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്ത് എവിടെ വെച്ചും (Any time Anywhere) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. ഇതിനായി ഇ-ഗവേണൻസ്, എം-ഗവേണൻസ് എന്നിവയെ പരമാവധി ആശ്രയിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) 2013-14 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ഒന്നാം ഘട്ടത്തിൽ 1.60 കോടി രൂപ ചെലവിൽ 14 ജില്ലകളിലെ ഓരോ വില്ലേജാഫീസുകളും രണ്ടാം ഘട്ടത്തിൽ 3.29 കോടി രൂപ ചെലവിൽ 8 ജില്ലകളിലായി 11 വില്ലേജാഫീസുകളും മൂന്നാം ഘട്ടത്തിൽ 3.91 കോടി രൂപ ചെലവിൽ 5 ജില്ലകളിലായി 9 വില്ലേജാഫീസുകളും സ്മാർട്ട് റവന്യൂ ഓഫീസ് മാതൃകയിൽ നിർമ്മിക്കുന്നതിന് നടപടിയെടുത്തു. ഓരോ ഘട്ടത്തിലുമുള്ള വില്ലേജാഫീസുകളും അവയുടെ നിർമ്മാണ പുരോഗതിയും അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**വെള്ളക്കെട്ടുകളിലെ മുങ്ങിമരണങ്ങൾ**

20(*261) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളക്കെട്ടുകളിലെ മുങ്ങിമരണങ്ങൾ വർദ്ധിച്ചുവരുന്ന കാര്യം ഗൗരവപൂർവ്വം പരിഗണിക്കുമോ;

(ബി) ചെറുപ്പക്കാരും കുട്ടികളുമാണ് കൂടുതലായി അപകടങ്ങളിൽപ്പെടുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത്തരം അപകടങ്ങളെ പ്രകൃതി ദുരന്തമെന്ന നിലയിൽ പരിഗണിക്കുകയും ആവശ്യമായ അടിയന്തര അപകടനിവാരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുമോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ) വെള്ളക്കെട്ടുകളിലെ മുങ്ങിമരണങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യം ഗൗരവപൂർവ്വം പരിഗണിച്ചുകൊണ്ട്, ആയത് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഏതൊക്കെ ദുരന്തങ്ങളാണ് പ്രകൃതി ദുരന്തങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്താവുന്നത് എന്നത് സംബന്ധിച്ച് കേന്ദ്രസർക്കാർ കാലാകാലങ്ങളിൽ നിബന്ധനകൾ പുറപ്പെടുവിക്കാറുണ്ട്. ദുരന്തങ്ങളെ പ്രകൃതിജന്യമെന്നും മനുഷ്യനിർമ്മിത മെന്നും രണ്ടായി തിരിച്ചിട്ടുണ്ട്. നിലവിലുള്ള നിബന്ധനകളുടെ അടിസ്ഥാനത്തിൽ ദേശീയ/സംസ്ഥാന തലത്തിൽ പ്രകൃതി ദുരന്തമായി അംഗീകരിച്ചിട്ടില്ലാത്തതിനാൽ വെള്ളക്കെട്ടിലെ മുങ്ങിമരണങ്ങളെ അപകടമരണങ്ങൾ മാത്രമായേ പരിഗണിക്കാൻ നിർവ്വാഹമുള്ളൂ. അതുകൊണ്ടു തന്നെ ഇത്തരം അപകടങ്ങളെ പ്രകൃതി ദുരന്തമെന്ന നിലയിൽ പരിഗണിക്കാനാവുകയില്ല. എന്നാൽ വെള്ളപ്പൊക്കംമൂലമുണ്ടാകുന്ന മരണങ്ങൾ പ്രകൃതി ദുരന്തത്തിലുൾപ്പെടുത്തി ആശ്വാസ ധനസഹായം അനുവദിച്ചു വരുന്നുണ്ട്.

## പി.ഡബ്ല്യൂ.ഡി. മാന്വൽ പരിഷ്കരണം

21(*262) ശ്രീ. സണ്ണി ജോസഫ് :

ശ്രീ. ആർ. സെൽവരാജ് :

ശ്രീ. പി. സി. വിഷ്ണുനാഥ് :

ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യൂ.ഡി. മാന്വൽ പരിഷ്കരണത്തിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):

(എ & ബി) 1-2-2012-ലെ സ. ഉ. (പി) നമ്പർ 13/2012/പൊ.മ.വ. പ്രകാരം പി.ഡബ്ല്യൂ.ഡി. മാന്വൽ കാലോചിതമായി പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ ആധുനികവത്കരണത്തിന് ഇത് വളരെയധികം സഹായകമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. പണിയുടെ ഗുണനിലവാരം, ഉദ്യോഗസ്ഥരുടെയും കരാറുകാരുടെയും കാര്യക്ഷമത എന്നിവയിൽ പ്രകടമായ മാറ്റം ഉണ്ടാകുമെന്ന് കരുതുന്നു. വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

(സി) 1-2-2012-ലെ സ. ഉ. (പി) നമ്പർ 13/2012/പൊ.മ.വ. പ്രകാരം പി.ഡബ്ല്യൂ.ഡി. മാന്വൽ കാലോചിതമായി പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. 21-3-2012-ലെ സ. ഉ. (പി) നമ്പർ 32/2012/പൊ.മ.വ. പ്രകാരം പരിഷ്കരിച്ച മാന്വൽ 1-4-2012 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. എന്നാൽ വിവിധ ഭാഗങ്ങളിൽ നിന്നുണ്ടായ പരാതിയുടെ അടിസ്ഥാനത്തിൽ പരിഷ്കരിച്ച മാന്വലിലെ അപാകതകൾ പരിഹരിക്കുന്നതിനും ആയത് കൂടുതൽ മെച്ചപ്പെടുത്തുന്നതിനും വേണ്ടി ഒരു ടെക്നിക്കൽ കമ്മിറ്റിയെ നിയമിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയാണ്.

## പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതികൾ

22 (*264) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. എളമരം കരീം :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പ്രഖ്യാപനപ്രകാരം പൊതുമരാമത്ത് വകുപ്പ് രൂപം നൽകിയ പദ്ധതികൾ ഏതെല്ലാം ; ഇവ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) വൻകിട മേൽപാലങ്ങൾ ഉൾപ്പെടുന്ന ജില്ലാ റോഡ് പദ്ധതിയിൽ ഏതെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; പ്രസ്തുത പ്രവൃത്തികൾക്കുള്ള ഫണ്ട് കണ്ടെത്തിയിട്ടുണ്ടോ; ഫണ്ടിന്റെ സ്രോതസ്സ് വ്യക്തമാക്കുമോ; ഇതിനായി കേന്ദ്ര സഹായം ലഭ്യമാണോ;

(സി) ഇത് സംബന്ധിച്ച ഫയൽ ധനകാര്യ വകുപ്പിന് അയച്ചിട്ടുണ്ടോ; പ്രസ്തുത വകുപ്പിന്റെ അഭിപ്രായം വിശദമാക്കാമോ;

(ഡി) നിർമ്മാണ പ്രവൃത്തികൾക്ക് ആവശ്യമായ തുക വകയിരുത്താതെ പദ്ധതികൾ പ്രഖ്യാപിക്കുന്ന പ്രവണത പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):

(എ - സി) ഡിസ്ട്രിക്ട് ഫ്ളാഗ്ഷിപ് ഇൻഫ്രാസ്ട്രക്ച്ചർ പ്രോജക്ട്, 'സ്പീഡ് കേരള' പരിപാടി എന്നിവ മുഖ്യമന്ത്രിയുടെ പ്രഖ്യാപന പ്രകാരം പൊതുമരാമത്ത് വകുപ്പ് രൂപം നൽകിയ പദ്ധതികളാണ്.

കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസനം ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി ഓരോ ജില്ലയിലും ഒരു മെഗാപ്രോജക്ട് നടപ്പിലാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി രൂപീകരിച്ചിട്ടുള്ള പദ്ധതിയാണ് ഡിസ്ട്രിക്ട് ഫ്ളാഗ്ഷിപ് ഇൻഫ്രാസ്ട്രക്ച്ചർ പ്രോജക്ട്. 10-6-2015-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 801/2015/പൊ.മ.വ. പ്രകാരം പ്രസ്തുത പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തിയുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 10 പ്രവൃത്തികൾ 2016-17 സാമ്പത്തിക വർഷത്തിൽ തന്നെ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു. പ്രസ്തുത 10 പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

സംസ്ഥാനത്ത് വില്ക്കപ്പെടുന്ന ഡീസലിന്റെയും പെട്രോളിന്റെയും മേൽ ഒരു രൂപാ ക്രമത്തിൽ ചുമത്തിയിട്ടുള്ള അധിക വില്പന നികുതിയിനത്തിൽ പിരിച്ചെടുക്കുന്ന തുകയുടെ 50% ആണ് ഈ പദ്ധതി നടപ്പാക്കുന്നതിനായി നീക്കിവച്ചിട്ടുള്ളത്.

'സ്പീഡ് കേരള' പരിപാടിയിൽ ഉൾപ്പെടുന്ന കോഴിക്കോട് ദേശീയ പാത ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി. സ്പീഡ് കേരള പരിപാടിയിൽ ഉൾപ്പെടുന്ന പാലാരിവട്ടം ഫ്ളൈ ഓവർ, രാമപുരം-നാലമ്പലംദർശനം റോഡ്, കഞ്ഞിക്കുഴി-വെട്ടത്തുകവല-കറുകച്ചാൽ റോഡ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു.

DFIP-യിൽ ഉൾപ്പെടുന്ന 4 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്ന കാര്യം ധനകാര്യ വകുപ്പ് സമ്മതിച്ചിട്ടുണ്ട്. അതിൽ വൈറ്റില, കുണ്ടന്നൂർ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിന് ധനകാര്യ വകുപ്പ് നിബന്ധനകളില്ലാതെ അംഗീകാരം നൽകിയിട്ടുണ്ട്. തൊണ്ടയാട്, രാമനാട്ടുകര മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനുള്ള ഭരണാനുമതിക്ക് നിബന്ധനകളോടുകൂടിയ അംഗീകാരവും ധനകാര്യ വകുപ്പ് നൽകിയിട്ടുണ്ട്. പ്രസ്തുത നിബന്ധനകൾ അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.*

(ഡി) നിർമ്മാണ പ്രവൃത്തികൾക്ക് ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നതുകൊണ്ട് പദ്ധതി നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നില്ല.

**സാങ്കേതിക സർവ്വകലാശാലയിലെ പരീക്ഷാനടത്തിപ്പ്**

23 (*265) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ജി. സുധാകരൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവ്വകലാശാലയിലെ പരീക്ഷാനടത്തിപ്പുമായി ബന്ധപ്പെട്ട് ഉണ്ടായ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് പരിശോധന നടത്തുകയുണ്ടായോ; വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പരീക്ഷാ നടത്തിപ്പിൽ പരിചയസമ്പന്നരായ ഉദ്യോഗസ്ഥരുടെ അഭാവമാണ് ഇതിനിടയാക്കിയതെന്ന കാര്യം അറിവുള്ളതാണോ;

(സി) കേന്ദ്ര സ്ഥാപനങ്ങളായ എൻ.ഐ.സി.യും സി-ഡാക്കും ഉണ്ടായിരിക്കെ ബാംഗ്ലൂരിലെ സ്വകാര്യ സ്ഥാപനവുമായി പരീക്ഷാ നടത്തിപ്പിന് ധാരണ ഉണ്ടാക്കാനിടയായ സാഹചര്യം വ്യക്തമാക്കാമോ; ചോദ്യപ്പേപ്പർ ചോരാനിടയായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്):

(എ & ബി) എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല വെബ് എനേബിൾഡ് എക്സാമിനേഷൻ മാനേജ്മെന്റ് സംവിധാനത്തിൽ കൂടിയാണ് പരീക്ഷകൾ നടത്താൻ സർവ്വകലാശാല തീരുമാനിച്ചിരുന്നത്. എന്നാൽ വിദ്യാർത്ഥി-അദ്ധ്യാപക സമൂഹത്തിന്റെ ആശങ്കകളുടെയും പ്രതിഷേധത്തിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത സംവിധാനം ഉടൻ നടപ്പിലാക്കേണ്ടതില്ല എന്ന് തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ സാധാരണ രീതിയിൽ പരീക്ഷ വിജയകരമായി നടത്തി മൂല്യനിർണ്ണയം പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ടെണ്ടർ നടപടിയിലൂടെയാണ് പരീക്ഷാ നടത്തിപ്പിനായി സോഫ്റ്റ്‌വെയർ, ഹാർഡ്‌വെയർ പരീക്ഷ നടത്തുന്നതിനായി സംവിധാനം ഒരുക്കുക എന്നിവയ്ക്കായി ഏജൻസിയെ തെരെഞ്ഞെടുത്തത്. മാനദണ്ഡങ്ങൾ പാലിച്ച് കുറഞ്ഞ തുക ക്വാട്ട് ചെയ്ത മെറിട്രാക്ക് കമ്പനിയെ നടപടിക്രമങ്ങൾ പാലിച്ച് തെരെഞ്ഞെടുക്കുകയുണ്ടായി. മെറിട്രാക്കിനെതിരെ ആക്ഷേപം ഉണ്ടായതിനാൽ തുടർനടപടികൾ മരവിപ്പിച്ചു. തുടർന്ന് സോഫ്റ്റ്‌വെയർ വികസിപ്പിച്ചു നൽകുന്നതിനായി സാങ്കേതിക സർവ്വകലാശാല സി-ഡാക്കിനെ ക്ഷണിക്കുകയുണ്ടായി. സോഫ്റ്റ്‌വെയർ, ഹാർഡ്‌വെയർ രണ്ട് വർഷത്തെ നടത്തിപ്പിനായി സൗകര്യം ഒരുക്കുക എന്നിവയ്ക്കായി സി-ഡാക്ക് ക്വാട്ട് ചെയ്ത തുക 90 കോടി രൂപയാണ്. എന്നാൽ ഇതേ ജോലിക്ക് രണ്ട് വർഷത്തേയ്ക്ക് മെറിട്രാക്ക് ക്വാട്ട് ചെയ്ത തുക ഏകദേശം 12 കോടി രൂപയാണ്. സാങ്കേതിക സർവ്വകലാശാലയുടെ ചോദ്യപേപ്പർ ചോർന്നിട്ടില്ല.

## വില്ലേജ് അതിർത്തിക്കുള്ളിൽ പോക്കുവരവ്

24 (*266) ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് അതിർത്തിക്കുള്ളിൽ പോക്കുവരവ് ചെയ്യുമ്പോൾ ഒരു റീസർവ്വേ സബ് ഡിവിഷനിൽ അപേക്ഷകർക്ക് ഒന്നൊന്നായി ആധാരപ്രകാരമുള്ള വിസ്തീർണ്ണം പോക്കുവരവ് ചെയ്തതിനുശേഷം ആ സബ്-ഡിവിഷനിലെ അവസാനത്തെ അപേക്ഷകന് പോക്കുവരവ് ചെയ്തു നൽകാൻ വസ്തു ഇല്ലാതെ വരുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അത് പരിഹരിക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ) ഉണ്ട്.

(ബി) ഇത്തരം കേസുകളിൽ, വില്ലേജ് റെക്കോർഡുകൾ പ്രകാരം ബന്ധപ്പെട്ട സർവ്വേ നമ്പരിലുള്ള ആകെ വിസ്തീർണ്ണം, ഓരോരുത്തരുടെയും കൈവശത്തിലും ആധാരത്തിലുമുള്ള വിസ്തീർണ്ണം എന്നിവ പ്രത്യേകം തിട്ടപ്പെടുത്തി എല്ലാ കക്ഷികളെയും നേരിൽ കേട്ട ശേഷം തെറ്റായി പോക്കുവരവ് നടത്തിയിട്ടുണ്ടെങ്കിൽ ആയത് റദ്ദ് ചെയ്ത്, റീസർവ്വേ റെക്കോർഡുകളുടെയും കൈവശത്തിന്റെയും അടിസ്ഥാനത്തിൽ റെക്കോർഡുകൾ തയ്യാറാക്കി പ്രശ്നം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രം

25 (*267) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്):

(എ) ഉണ്ട്.

(ബി & സി) വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് ഭൗതികാന്തരീക്ഷം ആകർഷകവും, ശിശുസൗഹൃദവുമാക്കുക, എല്ലാ സ്കൂളുകളിലും ശൗചാലയങ്ങൾ ഉറപ്പാക്കുക, എല്ലാ കുട്ടികളും ഓരോ ക്ലാസ്സവസാനത്തിൽ നിർദ്ദിഷ്ട പഠനനേട്ടം കൈവരിച്ചു എന്നുറപ്പാക്കുക, കുട്ടികളിൽ ശുചിത്വ ശീലം ഉണ്ടാക്കുകയും, പരിസരം ശുചിയാക്കുകയും ചെയ്യുക, ഉൾക്കൊള്ളൽ വിദ്യാഭ്യാസത്തിലൂടെ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ മുഖ്യധാരയിലേക്ക് എത്തിക്കുക, പെൺകുട്ടികൾ, എസ്.സി./എസ്.ടി. കുട്ടികൾ, ഗിഫ്റ്റഡ് ചിൽഡ്രൻ എന്നിവരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുക, ഗുണമേന്മയുള്ള അദ്ധ്യാപക സമൂഹത്തെ സൃഷ്ടിക്കുക, വിദ്യാഭ്യാസ അവകാശ നിയമം പ്രാവർത്തികമാക്കുക എന്നീ ഉദ്ദേശ്യങ്ങളാണ് വിവിധ പദ്ധതിവഴി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. എസ്.എസ്.എ. മുഖാന്തരമാണ് ടി പദ്ധതികൾ നടപ്പിലാക്കുന്നത്.

**നദീതീര സംരക്ഷണ നിയമം**

26 (*268) ശ്രീ. രാജു എബ്രഹാം :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദീതീര സംരക്ഷണ നിയമം നടപ്പിലാക്കിയിട്ടുണ്ടോ; ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഏതെല്ലാം കാര്യങ്ങൾ നടപ്പിലാക്കിയെന്ന് വിശദമാക്കാമോ;

(ബി) നിയമത്തിൽ വ്യവസ്ഥ ചെയ്തപ്രകാരമുള്ള തീരസംരക്ഷണ സേനയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; ഇതിന്റെ ഘടനയും പ്രവർത്തനവും വിശദമാക്കാമോ; ഏതെല്ലാം ജില്ലകളിൽ സേനയുടെ പ്രവർത്തനമുണ്ട് എന്നറിയിക്കാമോ;

(സി) വിദഗ്ദ്ധ സംഘങ്ങൾ നദികളെ ആസ്പദമാക്കി നടത്തുന്ന മണൽ ഓഡിറ്റിംഗ് പൂർത്തിയാക്കിയിട്ടുണ്ടോ; ഇതിന്റെ ഭാഗമായി ഏതെല്ലാം നദികളിൽ നിന്നും മണൽ വാരുന്നതിന് അനുമതി നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) നദികളിൽ നിന്നുള്ള അനധികൃത മണലെടുപ്പ് തുടരുന്നത് സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കാത്തതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ഇ) മണൽ മാഫിയകളുടെ അക്രമം അവസാനിപ്പിക്കുന്നതിനും നദീതീര സംരക്ഷണ നിയമം ഫലപ്രദമായി നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ & ബി) നദീതീര സംരക്ഷണ നിയമം നടപ്പിലാക്കിയിട്ടുണ്ട്. 15-4-2002-ൽ പ്രാബല്യത്തിൽ വന്ന കേരള നദീതീരസംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമത്തിലെ എല്ലാ വ്യവസ്ഥകളും നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ 2013-ലെ കേരള നദീതീരസംരക്ഷണവും മണൽവാരൽ നിയന്ത്രണവും ഭേദഗതി നിയമം വകുപ്പ് 26 എ-യിൽ വ്യവസ്ഥ ചെയ്യുന്ന 'പ്രത്യേക സംരക്ഷണ സേനയുടെ' രൂപീകരണം സർക്കാർ പരിഗണനയിലാണ്.

(സി) സാന്റ് ഓഡിറ്റിംഗ് പ്രവൃത്തികൾ നടത്തിയ 20 നദികളിൽ 18 നദികളിലെയും സാന്റ് ഓഡിറ്റിംഗ് പൂർത്തിയായിട്ടുള്ളതാണ്. ഇതിൽ സാന്റ് ഓഡിറ്റിംഗ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 14 നദികളിലെ മണൽ ലഭ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കടലുണ്ടി, ചാലിയാർ, പമ്പ, പെരിയാർ, ഇത്തിക്കര, മൂവാറ്റുപുഴ എന്നീ നദികളിൽ ഖനനാവശ്യത്തിന് മണൽ ലഭ്യമാണെന്ന വസ്തുത ആധാരമാക്കി പാരിസ്ഥിതിക അനുമതി ലഭ്യമായ ശേഷം നിശ്ചിത അളവിൽ മണൽ ഖനനത്തിന് അനുമതി നൽകുവാൻ ജില്ലാകളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) നദികളിൽ നിന്നുള്ള അനധികൃത മണലെടുപ്പ് ശ്രദ്ധയിൽപ്പെട്ടാൽ കേരള നദീതീരസംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമപ്രകാരം കർശനമായ നടപടികൾ സ്വീകരിക്കുന്നതാണ്. അനധികൃത മണൽ ഖനനവും, കടത്തും തടയുന്നതിനായി താലൂക്ക്, ഡിവിഷൻ, ജില്ലാ തലങ്ങളിൽ റവന്യൂ-പോലീസ് വകുപ്പുകൾ സംയുക്തമായി സ്ക്വാഡ് രൂപീകരിച്ച് ശക്തമായ പ്രവർത്തനം നടത്തിവരുന്നുണ്ട്.

(ഇ) അനധികൃത മണൽവാരലും, മണൽ കടത്തും, മണൽ മാഫിയാ പ്രവർത്തനങ്ങളും അവസാനിപ്പിക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## റവന്യൂ പുറമ്പോക്കുകൾ

27 (*269) ശ്രീ. സി. മോയിൻകുട്ടി :

ശ്രീ. എം. ഉമ്മർ :

ശ്രീ. പി. ബി. അബ്ദുൾ റസാക് :

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ്, പാലം, ഓഫീസ് കെട്ടിടങ്ങൾ എന്നിവയ്ക്കായി റവന്യൂ വകുപ്പ് ഏറ്റെടുക്കുന്ന സ്ഥലം യഥാസമയം ഉപയോഗപ്പെടുത്താത്തത് കയ്യേറ്റങ്ങൾക്ക് വഴിയൊരുക്കുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) റോഡ് പുറമ്പോക്കുകൾ പൊതു ആവശ്യങ്ങൾക്ക് ഉപയോഗ പ്പെടുത്താത്തതിനാൽ അടുത്ത വസ്തു ഉടമകളും, കച്ചവടക്കാരും കൈവശപ്പെടുത്തി വികസനത്തിന് തടസ്സമുണ്ടാക്കുന്നത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പൊതുമരാമത്ത് വകുപ്പിൽ ഉപയോഗപ്പെടുത്താതെയുള്ള പുറമ്പോക്കുകൾ വേലികെട്ടി സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):

(എ & ബി) പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗത്തിൻ കീഴിൽ വരുന്ന പ്രവൃത്തികൾക്ക് റവന്യൂ വകുപ്പ് ഏറ്റെടുക്കുന്ന സ്ഥലം കാലതാമസം കൂടാതെ തന്നെ ഉപയോഗപ്പെടുത്താറുള്ളതിനാൽ കയ്യേറ്റങ്ങൾ ഉണ്ടാകാറില്ല. അഥവാ ഏതെങ്കിലും തരത്തിൽ റോഡ് പുറമ്പോക്കുകൾ കൈവശപ്പെടുത്തി എന്ന വിവരം ലഭ്യമായാൽ അപ്പോൾ തന്നെ അവ ഒഴിപ്പിക്കുന്നതിനായി നോട്ടീസ് നൽകി റവന്യൂ അധികാരികളെക്കൊണ്ട് അളന്ന് നിർണ്ണയിച്ച് ഒഴിപ്പിക്കൽ നടപടി പൂർത്തിയാക്കാറുണ്ട്.

(സി) പൊതുമരാമത്ത് വകുപ്പിൽ ഉപയോഗപ്പെടുത്താതെയുള്ള പുറമ്പോക്കുകൾ വേലികെട്ടി സംരക്ഷിക്കുന്നത് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുന്നതാകയാൽ ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## അനുബന്ധം II

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഉപരിപഠനം

28 (2571) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഉപരിപഠനത്തിന് ചേരുന്ന കുട്ടികളുടെ അനുപാതത്തിൽ ദേശീയ ശരാശരിയേക്കാൾ സംസ്ഥാനം മുന്നിലെത്താൻ ഇടയാക്കിയ സാഹചര്യം വിശദമാക്കുമോ;

(ബി) പ്രസ്തുത മേഖലക്കായി ഓരോ വർഷവും ചെലവിടുന്ന തുകയ്ക്ക് ആനുപാതികമായ വളർച്ച കൈവരിക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ വിശദമാക്കുമോ;

(സി) പ്രസ്തുത രംഗത്തെ നേട്ടം നിലനിർത്താനും പരമാവധിയിലെത്തിക്കാനുമായി ഉന്നത വിദ്യാഭ്യാസരംഗത്തെ പ്രഗത്ഭൻമാരെകൂടി ഈ മേഖലയിൽ ഉപയോഗ പ്പെടുത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കുമോ?

#### ഉത്തരം

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിലെ സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് സ്വകാര്യ മേഖലയെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചതും നിലവിലുള്ള സർക്കാർ കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചതും അദ്ധ്യാപകർക്ക് അന്താരാഷ്ട്ര നിലവാരത്തിനൊപ്പമുള്ള പരിശീലനങ്ങൾ നൽകാൻ അവസരമൊരുക്കിയതും കാലാകാലങ്ങളിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കർമ്മ പദ്ധതികളുമാണ് ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഉപരിപഠനത്തിന് ചേരുന്ന കുട്ടികളുടെ അനുപാതത്തിൽ ദേശീയ ശരാശരിയെക്കാൾ സംസ്ഥാനം മുന്നിലെത്താൻ സഹായിച്ചത്.

(ബി) പരിശോധിച്ചിട്ടില്ല.

(സി) ഉന്നത വിദ്യാഭ്യാസ കൗൺസിൽ സംഘടിപ്പിക്കുന്ന എല്ലാ പരിപാടികളിലും പദ്ധതികളിലും ഉന്നത വിദ്യാഭ്യാസ രംഗത്തെ പ്രഗത്ഭന്മാരെ ഉൾപ്പെടുത്താറുണ്ട്.

## എയ്ഡഡ് മേഖലയിൽ അനുവദിച്ച കോളേജുകൾ

29 (2573) ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എയ്ഡഡ് മേഖലയിൽ കോളേജുകൾ ഏതെല്ലാം തീയതികളിലാണ് അനുവദിച്ച് ഉത്തരവിറക്കിയത്; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കോളേജിലെല്ലാംകൂടി എത്ര അദ്ധ്യാപക അനദ്ധ്യാപക തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

### ഉത്തരം

(എ) (1) 1-6-2013 തീയതിയിലെ സ.ഉ. (എംഎസ്.) നമ്പർ 220/13/ ഉ.വി.വ. ഉത്തരവ് പ്രകാരം മലപ്പുറം ജില്ലയിലെ വേങ്ങരയിൽ മലബാർ എഡ്യുക്കേഷണൽ ട്രസ്റ്റിന് കീഴിൽ പുതിയതായി ഒരു എയ്ഡഡ് ആർട്സ് & സയൻസ് കോളേജും.

(2) 11-4-2014-ലെ സ.ഉ. (എംഎസ്.) നമ്പർ 160/14/ഉ.വി.വ. നമ്പർ ഉത്തരവ് പ്രകാരം കെ.പി.എം.എസ്. കുര്യോട്ടുമല, കൊല്ലം, പി.ആർ.ഡി.എസ്., അമര-ചങ്ങനാശ്ശേരി, കോട്ടയം, ഇന്ദിരാഗാന്ധി മെമ്മോറിയൽ സൊസൈറ്റി-വണ്ടൂർ, മലപ്പുറം എന്നീ കോളേജുകളും.

(3) 9-2-2016-ലെ സ.ഉ. (എംഎസ്.) നമ്പർ 30/16 ഉ.വി.വ. നമ്പർ ഉത്തരവ് പ്രകാരം സയ്യിദ് മുഹമ്മദ് അലി ശിഹാബ് തങ്ങൾ മെമ്മോറിയൽ ആർട്സ് & സയൻസ് കോളേജ്, കാട്ടിലങ്ങാടി, ആതവനാട്, പി. ഒ., മലപ്പുറം, ഗവ. കോളേജ്, നിലമ്പൂർ, എൻ.എസ്.എസ്. കോളേജ്, കപ്പൂർ, പാലക്കാട്, ബിഷപ്പ് യേശുദാസൻ സി.എസ്.ഐ. ആർട്സ് & സയൻസ് കോളേജ്, മുളയറ, തിരുവനന്തപുരം എന്നീ കോളേജുകളും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

(ബി) പ്രസ്തുത കോളേജുകളിൽ 29 അദ്ധ്യാപക തസ്തികകളും 2 പ്രിൻസിപ്പാൾ തസ്തികകളും അനുവദിച്ചു. പ്രസ്തുത കോളേജുകളിൽ അനുവദിച്ച അനദ്ധ്യാപക തസ്തികകൾ 15.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കോളേജ് അദ്ധ്യാപകരുടെ ശമ്പളം**

30 (2575) പ്രൊഫ. സി. രവീന്ദ്രനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് അദ്ധ്യാപകരുടെ ശമ്പളം ഇപ്പോൾ ഡി.ഡി.ഒ. മുഖേന നൽകുവാൻ തീരുമാനിച്ചത് വഴി അദ്ധ്യാപകർക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കോളേജ് അദ്ധ്യാപകരുടെ എസ്.ഡി.ഒ. പദവി പിൻവലിച്ചതുമൂലം ശമ്പള വിതരണത്തിൽ കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**സ്വയംഭരണ കോളേജുകൾ**

31 (2577) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര സ്വയംഭരണ കോളേജുകളാണ് ആരംഭിച്ചതെന്നും ഇവ എവിടെയെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോളേജുകളിൽ ഏതെല്ലാം കോഴ്സുകളിലായി എത്ര കുട്ടികളാണ് പഠിക്കുന്നത്; വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ചുവടെ ചേർത്തിട്ടുള്ള 13 കോളേജുകൾക്ക് യു.ജി.സി. സ്വയംഭരണ പദവി അനുവദിച്ചിട്ടുണ്ട്:

1. മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം.
2. ഫാത്തിമ മാതാ നാഷണൽ കോളേജ്, കൊല്ലം.
3. സെന്റ് ബെർക്ക്മാൻസ് കോളേജ്, ചങ്ങനാശ്ശേരി, കോട്ടയം.
4. മഹാരാജാസ് കോളേജ്, എറണാകുളം.
5. സെന്റ് തെരേസാസ് കോളേജ്, എറണാകുളം.
6. സേക്രട്ട് ഹാർട്ട് കോളേജ്, തേവര, എറണാകുളം.
7. രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, എറണാകുളം.

8. സെന്റ് തോമസ് കോളേജ്, തൃശ്ശൂർ.

9. എം.ഇ.എസ്. കോളേജ്, മാമ്പാട്, മലപ്പുറം.

10. ഫറോക്ക് കോളേജ്, കോഴിക്കോട്

11. സെന്റ് ജോസഫ്സ് കോളേജ്, ദേവഗിരി, കോഴിക്കോട്.

12. ക്രൈസ്റ്റ് കോളേജ്, ഇരിഞ്ഞാലക്കട, തൃശ്ശൂർ.

13. വിമല കോളേജ്, തൃശ്ശൂർ. (2016-17 മുതൽ)

(ബി) സ്വയംഭരണ പദവി ലഭിച്ച കോളേജുകളിലെ കോഴ്സുകളെയും പഠിക്കുന്ന കുട്ടികളെയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## കൽപ്പറ്റ നിയോജകമണ്ഡലത്തിൽ അനുവദിച്ച പുതിയ ബാച്ചുകളും കോഴ്സുകളും

32(2579) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കൽപ്പറ്റ നിയോജകമണ്ഡലത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിൽ അനുവദിച്ച പുതിയ ബാച്ചുകളും കോഴ്സുകളും ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഇതിൽ സർക്കാർ തലത്തിൽ അനുവദിച്ച പുതിയ ബാച്ചുകളും കോഴ്സുകളും ഏതെല്ലാമെന്ന് വിശദമാക്കാമോ;

(സി) സ്വകാര്യ മേഖലയിൽ അനുവദിച്ച പുതിയ ബാച്ചുകളും കോഴ്സുകളും ഏതെല്ലാമെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൽപ്പറ്റ നിയോജകമണ്ഡലത്തിലെ സ്വകാര്യ എയ്ഡഡ് കോളേജായ മുട്ടിൽ WMO ആർട്സ് & സയൻസ് കോളേജിൽ 12-9-2103-ലെ G.O. (Ms.) No. 615/2013/H.Edn. ഉത്തരവ് പ്രകാരം M.Com, BCA കോഴ്സുകളുടെ ഓരോ ബാച്ച് വീതം അനുവദിക്കുകയുണ്ടായി. കൂടാതെ കൽപ്പറ്റ ഗവൺമെന്റ് കോളേജിൽ ബി.എസ്.സി. കമ്പ്യൂട്ടർ സയൻസും അനുവദിച്ചിട്ടുണ്ട്.

(ബി) കല്പറ്റ ഗവൺമെന്റ് കോളേജിലെ ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ് കോഴ്സ്.

(സി) മുട്ടം WMO കോളേജിലെ M.Com, BCA കോഴ്സുകളുടെ ഓരോ ബാച്ച്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## അമ്പലപ്പുഴ ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ

33(2580) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ; പുതിയ കോഴ്സുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) നിലവിലെ കോഴ്സുകൾക്ക് കൂടുതൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) അമ്പലപ്പുഴ ഗവൺമെന്റ് കോളേജിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) കോളേജ് അധികാരികൾ പുതിയ കോഴ്സുകൾക്കായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. ആയതിന്മേൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സർക്കാർ ആവശ്യപ്പെട്ട പ്രകാരം "നീഡ് അനാലിസിസ്" നടത്തുകയും റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള ഗവ. കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

(ബി) തൽക്കാലം പരിഗണനയിലില്ല.

(സി) പരിശോധിച്ചുവരുന്നു.

## വിദ്യാഭ്യാസ മേഖലയിലെ നേട്ടങ്ങൾ

34(2581) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഉന്നത വിദ്യാഭ്യാസത്തിന്റെ കേന്ദ്രമായി കേരളത്തെ മാറ്റുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ആദ്യമായി അക്കാദമിക സ്വാതന്ത്ര്യമുള്ള സ്വയംഭരണ കോളേജുകൾ ആരംഭിച്ചു. ഉന്നത വിദ്യാഭ്യാസ മേഖലയിലെ പാഠ്യപദ്ധതി നവീകരണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ സർവ്വകലാശാലകളിൽ നടപ്പിലാക്കിയ ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായത്തിലെ അപാകതകൾ പരിഹരിച്ച് കൊണ്ടുള്ള പ്രൊഫ. ബി. ഹൃദയകുമാരി സമിതി റിപ്പോർട്ട് ഗവൺമെന്റ്

അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ടിലുള്ള വിവിധ നിർദ്ദേശങ്ങൾ യൂണിവേഴ്സിറ്റികളിൽ നടപ്പിലാക്കിവരികയും ചെയ്യുന്നു. ഉന്നത വിദ്യാഭ്യാസ മേഖലയിൽ സമത്വം, ലഭ്യത, മികവ് എന്നീ ലക്ഷ്യങ്ങൾ നേടുന്നതിനായി സർവ്വകലാശാലകൾക്കും കോളേജുകൾക്കും ഫണ്ട് നൽകുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ 'റൂസ' കേരളത്തിൽ ആരംഭിക്കുകയും അടിസ്ഥാന സൗകര്യ വികസനത്തിന് സാമ്പത്തിക സഹായമായ ആദ്യ ഗഡു വിതരണം ചെയ്യുകയും ചെയ്തു.

ഉന്നത വിദ്യാഭ്യാസ രംഗത്തെ വിവിധ മുഖങ്ങളായ ഗവേഷണം, അദ്ധ്യാപനം, വിദ്യാർത്ഥിക്ഷേമം, ഇ-ഭരണം, വിജ്ഞാനവ്യാപനം എന്നീ മേഖലകളെ അടിസ്ഥാനമാക്കി നാഷണൽ അസസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ (NAAC) കേരള സർവ്വകലാശാലയ്ക്ക് 2015-ൽ 'എ' ഗ്രേഡ് നൽകുകയുണ്ടായി. സംസ്ഥാനത്തെ മികച്ച സർവ്വകലാശാലയ്ക്കുള്ള പ്രഥമ ചാൻസിലർ അവാർഡ് കേരള സർവ്വകലാശാലയ്ക്ക് 2015-ൽ ലഭിക്കുകയുണ്ടായി.

സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ പാഠ്യപദ്ധതി ഏകീകരിക്കുന്നതിലേക്കും സാങ്കേതിക വിദ്യാഭ്യാസ നിലവാരം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുമായി സംസ്ഥാനത്ത് എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല രൂപീകരിച്ചു.

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി:

1. ഇ-ഗവേണൻസ്
2. GAIN-PF
3. കോളേജുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്ന പരിപാടി (CQIP)
4. പൈതൃക കോളേജുകൾ ഉൾപ്പെടെ പത്തു കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുക.
5. ഗവേഷണ സഹായ പദ്ധതി
6. പഠിതാവിനൊപ്പം പദ്ധതി
7. പൊതുപ്രവേശന പരീക്ഷാ പരിശീലന പദ്ധതി
8. ഫ്ളയർ
9. കോളേജുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്ന പരിപാടി
10. എഡ്യൂസാറ്റ് സ്കീം വിത്ത് ടെലി-ട്രെയിനിംഗ് ഇൻ ഗവൺമെന്റ് കോളേജസ്.

(ബി) എല്ലാ രംഗങ്ങളിലും മികവ് വർദ്ധിപ്പിക്കുവാൻ മാസ്റ്റർ ആക്ഷൻപ്ലാൻ തയ്യാറാക്കി അതിലെ പദ്ധതികൾ നടപ്പിലാക്കാൻ സുസജ്ജമായ ക്വാളിറ്റി അഷ്വറൻസ് കൗൺസിൽ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ മേഖലയ്ക്ക് ഇതര സംസ്ഥാനങ്ങളിൽ നിന്നും മറ്റ് രാജ്യങ്ങളിൽനിന്നും വിദ്യാർത്ഥികളെ ആകർഷിക്കുന്നതിനുള്ള നവീകരണ പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു.

**സർക്കാർ കോളേജുകൾ**

35 (2582) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കോളേജുകളില്ലാത്ത മണ്ഡലങ്ങളിൽ എത്ര കോളേജുകൾ വീതം ആരംഭിക്കുമെന്നാണ് പ്രഖ്യാപിച്ചത്; എത്ര സ്ഥലങ്ങളിൽ ഇതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു ; ഏതെല്ലാം ;

(ബി) ഓരോ കോളേജിലും എത്ര അദ്ധ്യാപക അനദ്ധ്യാപക തസ്തികകൾ അനുവദിച്ചുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കോളേജുകളില്ലാത്ത 22 മണ്ഡലങ്ങളിൽ ഓരോ പുതിയ കോളേജുകൾ ആരംഭിക്കണമെന്നാണ് പ്രഖ്യാപിച്ചത്. ഇതിൽ 19 സ്ഥലങ്ങളിൽ കോളേജുകൾ ആരംഭിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധം 1 ആയി കൊടുത്തിട്ടുണ്ട്.*

(ബി) വിശദാംശം അനുബന്ധം 2 ആയി കൊടുത്തിട്ടുണ്ട്.*

**സർക്കാർ കോളേജുകളിലെ പുതിയ കോഴ്സുകൾ**

36(2583) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കോളേജുകളിൽ ഈ അദ്ധ്യായന വർഷം പുതിയ കോഴ്സുകൾ അനുവദിക്കുന്നുണ്ടോ;

(ബി) മടപ്പള്ളി ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ അനുവദിക്കാൻ അഭ്യർത്ഥിച്ചുകൊണ്ടുള്ള നിവേദനത്തിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെ നിരീക്ഷണ ത്തിന്റെയും അടിസ്ഥാനത്തിൽ പുതിയ കോഴ്സുകൾ അനുവദിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ച ആവശ്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) മടപ്പള്ളി ഗവൺമെന്റ് കോളേജിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ച വിഷയം തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**സർക്കാർ കോളേജുകളിലെ നിയമനം**

37(2584) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതുതായി ആരംഭിച്ച സർക്കാർ കോളേജുകളിൽ സൃഷ്ടിച്ചിട്ടുള്ള അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നിർദ്ദേശം പി.എസ്.സി.-ക്ക് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

പുതുതായി ആരംഭിച്ച സർക്കാർ കോളേജുകളിൽ സൃഷ്ടിച്ചിട്ടുള്ള അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള നിർദ്ദേശം പി.എസ്.സി.-ക്ക് നൽകിയിട്ടുണ്ട്.

**പെരുമ്പാവൂർ മാർത്തോമ വനിതാ കോളേജിൽ പുതിയ തസ്തികകൾ**

38 (2585) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ മാർത്തോമ വനിതാ കോളേജിൽ പുതിയ തസ്തികകൾ അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണോ യെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പുതിയ തസ്തിക അനുവദിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ യെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) അപേക്ഷ ലഭിച്ചിട്ടുണ്ട്.

(ബി & സി) നിലവിലെ രീതിയനുസരിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ഈ വിഷയത്തിൽ ആവശ്യമാണ്. ടി റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**കാഞ്ഞിരപ്പള്ളി ഐ.എച്ച്.ആർ.ഡി. കോളേജ്**

39 (2586) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി ഐ.എച്ച്.ആർ.ഡി. കോളേജ് നിലവിൽ പ്രവർത്തിക്കുന്ന പേട്ട ഗവൺമെന്റ് ഹൈസ്കൂളിൽ മുപ്പത് വർഷത്തേക്ക് കോളേജ് പ്രവർത്തിക്കുവാൻ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയും സ്ഥലം എം.എൽ.എ.യും ചേർന്ന് തീരുമാനമെടുത്തിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പേട്ട ഗവൺമെന്റ് ഹൈസ്കൂളിൽ പ്രവർത്തിക്കുന്ന ഐ.എച്ച്.ആർ.ഡി.-ക്ക് കെട്ടിടം നിർമ്മിച്ചില്ലെങ്കിൽ, യൂണിവേഴ്സിറ്റി അംഗീകാരം നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിന് അവിടെത്തന്നെ സ്ഥലം അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 25-5-2009-ൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ഓഫീസിൽവച്ച് കൂടിയ യോഗത്തിൽ കാഞ്ഞിരപ്പള്ളി ഐ.എച്ച്.ആർ.ഡി. കോളേജിന് പ്രവർത്തിക്കുവാനായി പേട്ട ഗവൺമെന്റ് ഹൈസ്കൂൾ സ്ഥിതി ചെയ്യുന്ന ഭൂമിയിൽ നിന്നും 1.8 ഏക്കർ സ്ഥലം ഐ.എച്ച്.ആർ.ഡി.-യ്ക്ക് 30 വർഷത്തേക്ക് പാട്ടത്തിന് നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത യോഗത്തിന്റെ മിനിട്സ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) സ്ഥലം എം.എൽ.എ., ത്രിതല പഞ്ചായത്ത് അധികൃതർ എന്നിവരുമായി ചർച്ച ചെയ്ത് ഇക്കാര്യത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**ക്യാമ്പസുകളിലെ ആഘോഷങ്ങൾ നിമിത്തമുണ്ടാകുന്ന അപകടങ്ങൾ**

40 (2587) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്യാമ്പസുകളിലെ ആഘോഷങ്ങൾ പലപ്പോഴും അപകടങ്ങൾക്ക് നിമിത്തമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ?

<u>ഉത്തരം</u>

ഉണ്ട്. ക്യാമ്പസുകളിലെ ആഘോഷങ്ങൾ നിയന്ത്രിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ വകുപ്പിൽനിന്നും 26483/GI/15/ഉ.വി.വ. തീയതി 12-10-2015 നമ്പർ പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.* ഇത് എല്ലാ സ്ഥാപന മേധാവികൾക്കും അയച്ചുകൊടുക്കുകയും ആയതിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുവാൻ കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കേരളാ സ്റ്റേറ്റ് അസസ്മെന്റ് ആന്റ് അക്രെഡിറ്റേഷൻ കൗൺസിൽ

41 (2589) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എം. ഹംസ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ (കെസാക്) രൂപീകരിച്ചിട്ടുണ്ടോ; ഇതിന്റെ ഘടനയും പ്രവർത്തനവും വിശദമാക്കാമോ;

(ബി) ഇതിനായി ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ;

(സി) ഇതിന്റെ ഡയറക്ടർ തസ്തികയിലെ യോഗ്യതകൾ എന്തെല്ലാം ആണ്; ഇപ്പോൾ നിയമനം നൽകിയിട്ടുള്ള വ്യക്തികൾക്ക് നിശ്ചിതയോഗ്യതയുണ്ടോ;

(ഡി) കസാകിന്റെ ചെയർമാൻ സ്ഥാനത്തേക്ക് നിയമനം നടത്തിയിട്ടുണ്ടോ; ചെയർമാൻ സ്ഥാനത്തേക്ക് സർക്കാർ നിർദ്ദേശിച്ച വ്യക്തിക്ക് ആയതിനായി നിഷ്കർഷിക്കപ്പെട്ട യോഗ്യതയുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ (കസാക്) സ്ഥാപിക്കുന്നത് സംബന്ധിച്ച് സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ സമർപ്പിച്ച റിപ്പോർട്ട് അംഗീകരിക്കുകയും ഡയറക്ടറെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ജനറൽ കൗൺസിലും എക്സിക്യൂട്ടീവ് കമ്മിറ്റിയുമാണ് കസാക്കിന്റെ പ്രവർത്തനം നിയന്ത്രിക്കുന്ന പ്രധാന സമിതികൾ. അവയുടെ ഘടന അനുബന്ധമായി ചേർത്തിട്ടുണ്ട്.* സംസ്ഥാനത്തെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പരിശോധിച്ച് ഗ്രേഡിംഗ് നൽകുക എന്നുള്ളതാണ് കസാക്കിന്റെ പ്രധാനപ്പെട്ട പ്രവർത്തനം. ഗുണനിലവാരം കുറഞ്ഞ സ്ഥാപനങ്ങളെ കണ്ടെത്തി ഉന്നത നിലവാരത്തിലേക്ക് ഉയർത്തുവാൻ കസാക്കിന്റെ പ്രവർത്തനം സർക്കാരിനും മറ്റ് സ്ഥാപനങ്ങൾക്കും സഹായകമാകും.

(ബി) ഇല്ല.

(സി) കേരള സംസ്ഥാന അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ (KSAAC) രൂപീകരണം സംബന്ധിച്ച് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം, ഡോക്ടറൽ ബിരുദമുള്ളതും 25 വർഷമെങ്കിലും അദ്ധ്യാപന പരിചയവും 5 വർഷത്തിലധികം അക്കാദമിക ഭരണ പരിചയവുമുള്ള വിദ്യാഭ്യാസ വിചക്ഷണനാകണം ഡയറക്ടർ. കൂടാതെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ പരിശോധിച്ച് വിലയിരുത്തിയ പരിചയവും വേണം.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പി.എച്ച്.ഡി. അദ്ധ്യാപന പരിചയം, ആറ്റിങ്ങൽ ഗവ. കോളേജിലെ നാക്ക് സന്ദർശനവുമായി ബന്ധപ്പെട്ട കമ്മിറ്റിയുടെ ജനറൽ കൺവീനർ എന്നീ യോഗ്യതകൾ പരിഗണിച്ചാണ് ഡയറക്ടറെ നിയമിച്ചത്.

(ഡി) കസാകിന്റെ ചെയർമാൻ സ്ഥാനത്തേക്ക് നിയമനം നടത്തിയിട്ടില്ല.

**അസാപ് പദ്ധതി**

42(2606) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസാപ് പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ എത്ര പരിശീലന കേന്ദ്രങ്ങൾ ഉണ്ടെന്ന് നിയോജക മണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത പരിശീലന കേന്ദ്രങ്ങൾവഴി എത്ര പേർക്ക് പരിശീലനം നൽകിയിട്ടുണ്ടെന്നും നിലവിൽ എത്ര പേർ പരിശീലനം നേടുന്നുണ്ടെന്നും പരിശീലന കേന്ദ്രം അടിസ്ഥാനത്തിൽ വിശദമാക്കാമോ?

ഉത്തരം

(എ) അസാപ് പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ എന്നറിയപ്പെടുന്ന 11 പരിശീലന കേന്ദ്രങ്ങളാണുള്ളത്. വിശദാംശങ്ങൾ നിയോജക മണ്ഡലാടിസ്ഥാനത്തിൽ താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| പേരാവൂർ | - | 2 |
| തലശ്ശേരി | - | 2 |
| പയ്യന്നൂർ | - | 1 |
| ധർമ്മടം | - | 1 |
| ഇരിക്കൂർ | - | 1 |
| കല്ല്യാശ്ശേരി | - | 1 |
| അഴീക്കോട് | - | 1 |
| തളിപ്പറമ്പ | - | 1 |
| കണ്ണൂർ | - | 1 |

(ബി) പ്രസ്തുത പരിശീലന കേന്ദ്രങ്ങൾവഴി പരിശീലനം പൂർത്തിയാക്കിയവരുടെയും, പരിശീലനം പുരോഗമിക്കുന്നവരുടെയും എണ്ണം പരിശീലന കേന്ദ്രാടിസ്ഥാനത്തിൽ താഴെ ചേർക്കുന്നു:

പരിശീലനം പൂർത്തിയാക്കിയവരുടെ വിവരങ്ങൾ

| നമ്പർ | പരിശീലന കേന്ദ്രം | എണ്ണം |
|---|---|---|
| 1 | ജി.എച്ച്.എസ്സ്.എസ്സ്. കോട്ടില | 385 |
| 2 | ജി.എച്ച്.എസ്സ്.എസ്സ്. ടൗൺ കണ്ണൂർ | 753 |

പരിശീലനം പുരോഗമിക്കുന്നവരുടെ വിവരങ്ങൾ

| നമ്പർ | പരിശീലന കേന്ദ്രം | എണ്ണം |
|---|---|---|
| 1 | ചാവശ്ശേരി എച്ച്.എസ്സ്.എസ്സ്. | 386 |
| 2 | ജി.ജി.എച്ച്.എസ്സ്.എസ്സ്. തലശ്ശേരി | 448 |
| 3 | ജി.എച്ച്.എസ്സ്.എസ്സ്. കോട്ടില | 590 |
| 4 | ജി.എച്ച്.എസ്സ്.എസ്സ്. മണത്തണ | 525 |
| 5 | ജി.എച്ച്.എസ്സ്.എസ്സ്. മാത്തിൽ | 411 |
| 6 | ജി.എച്ച്.എസ്സ്.എസ്സ്. പാലയാട് | 453 |
| 7 | ജി.എച്ച്.എസ്സ്.എസ്സ്. ശ്രീകണ്ഠപുരം | 429 |
| 8 | ജി.എച്ച്.എസ്സ്.എസ്സ്. ടൗൺ കണ്ണൂർ | 512 |
| 9 | ജി.വി.എച്ച്.എസ്സ്.എസ്സ്. കതിരൂർ | 509 |
| 10 | കെ.എം.എം.വിമൻസ് കോളേജ് പള്ളിക്കുന്ന് | 490 |
| 11 | ടാഗോർ ജി.എച്ച്.എസ്സ്.എസ്സ്. തളിപ്പറമ്പ | 451 |

## ഹയർ സെക്കണ്ടറി അഡ്മിഷൻ

43(2607) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. പാസ്സായ പല കുട്ടികൾക്കും ഹയർ സെക്കണ്ടറിയിൽ ഇഷ്ടപ്പെട്ട വിഷയം ലഭിക്കാതെ വരുന്നുണ്ടെന്നും മെച്ചപ്പെട്ട മാർക്കുള്ളവർക്കും എയ്ഡഡ് സ്കൂളുകളിൽ പണം നൽകി മാത്രമേ അഡ്മിഷൻ ലഭിക്കുന്നുള്ളൂവെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഉണ്ടെങ്കിൽ എല്ലാ കുട്ടികൾക്കും ഇഷ്ടവിഷയങ്ങളിൽ അഡ്മിഷൻ ലഭിക്കാവുന്ന സാഹചര്യം സൃഷ്ടിക്കുമോ;

(ബി) ഹയർ സെക്കണ്ടറി അഡ്മിഷന് എയ്ഡഡ് സ്കൂളുകളിൽ വിദ്യാർത്ഥികളിൽ നിന്നും ഈടാക്കാവുന്ന തുക എത്രയാണെന്ന് പറയാമോ; എല്ലാ വിഷയങ്ങൾക്കും ഒരേ തുക ഈടാക്കുന്നതിനാണോ അനുമതി നൽകിയിരിക്കുന്നത് എന്ന് പറയാമോ;

(സി) മെറിറ്റ് ലിസ്റ്റിൽ നിന്നും അഡ്മിഷൻ പൂർത്തിയാക്കിയതിനുശേഷം മാത്രമേ മാനേജ്മെന്റ് ക്വാട്ടയിൽ അഡ്മിഷൻ നൽകുന്നതിന് അപേക്ഷകൾ വിതരണം ചെയ്യാൻ പാടുള്ളൂ എന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഹയർ സെക്കണ്ടറി പ്രവേശനത്തിന് വിദ്യാർത്ഥികളിൽ നിന്നും ഈടാക്കാവുന്ന തുക അനുബന്ധമായി ചേർത്തിരിക്കുന്നു.* ഇതിനുപുറമെ പരമാവധി 500 രൂപ (അഞ്ഞൂറ്) പി.ടി.എ. ഫണ്ടും (നിർബന്ധമല്ല) ഈടാക്കാവുന്നതാണ്.

(സി) പ്ലസ് വൺ പ്രവേശനത്തിനായുള്ള ഏകജാലക സംവിധാനത്തിന്റെ മുഖ്യ ഘട്ടത്തിലെ അവസാന അലോട്ട്മെന്റ് പ്രസിദ്ധീകരിച്ച ശേഷം മാത്രമേ മാനേജ്മെന്റ്/കമ്മ്യൂണിറ്റി/അൺ - എയ്ഡഡ് ക്വാട്ടയിലുള്ള പ്രവേശന നടപടികൾ ആരംഭിക്കുവാൻ പാടുള്ളൂ എന്ന നിർദ്ദേശം നൽകാറുണ്ട്.

## എയ്ഡഡ് കോഴ്സുകളിലെ സ്റ്റാഫ് പാറ്റേൺ

44(2618) <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 17-9-2014-ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എയ്ഡഡ് കോളേജുകളിൽ 1987-നുശേഷം അനുവദിച്ച എയ്ഡഡ് കോഴ്സുകൾ അംഗീകരിച്ച് സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ചിട്ടുണ്ടോ; അദ്ധ്യാപക തസ്തികയ്ക്ക് ആനുപാതികമായി അനദ്ധ്യാപക തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ച് ഉത്തരവാകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ജീവനക്കാരുടെ കുറവുമൂലം എയ്ഡഡ് കോളേജുകളിലെ പരീക്ഷാ ജോലികൾക്കും ശുചീകരണ പ്രവർത്തനമടക്കമുള്ളവയ്ക്കും പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എയ്ഡഡ് കോളേജ് ജീവനക്കാർക്ക് പി.എഫ്. ലോൺ അനുവദിക്കുന്നതിന് നിരോധനമുണ്ടോ;

(ഇ) എങ്കിൽ ആയത് പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിൽ അനദ്ധ്യാപകർക്ക് 17-9-2004-ലെ സ.ഉ. (കൈ) നമ്പർ 119/04/ഉ.വി.വ. പ്രകാരമുള്ള സ്റ്റാഫ് പാറ്റേണാണ് നിലവിലുള്ളത്. സ്വകാര്യ എയ്ഡഡ് കോളേജുകളിൽ നിലവിലുള്ള എയ്ഡഡ് കോഴ്സുകളുടെ എണ്ണം പരിഗണിച്ചും നിലവിലെ ജോലിഭാരം കണക്കിലെടുത്തും അനദ്ധ്യാപക സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) എയ്ഡഡ് കോളേജ് ജീവനക്കാരുടെ പി.എഫ്. ലോണിന് യാതൊരു നിരോധനവും ഏർപ്പെടുത്തിയിട്ടില്ല.

(ഇ) ബാധകമല്ല.

**സംസ്ഥാന ലൈബ്രറി കൗൺസിൽ**

45(2625) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലൈബ്രറി കൗൺസിലിന് ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനായി തലസ്ഥാനത്ത് സ്ഥലം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഭൂമി തിരിച്ചെടുക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഭൂമി തിരിച്ചെടുക്കാനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 18-8-2000-ലെ സ. ഉ. (കൈ) 250/2000/റവന്യൂ പ്രകാരം കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് സർക്കാർ വക പുറമ്പോക്ക് സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് മാത്രമുള്ള അനുമതി നൽകിയിരുന്നു. റവന്യൂ രേഖകൾ പ്രകാരം ടി പുറമ്പോക്ക് സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഇപ്പോഴും സർക്കാരിൽ നിക്ഷിപ്തമാണ്. എന്നാൽ 14-3-2002-ലെ സ. ഉ. (കൈ) നമ്പർ 40/2002/റവന്യൂ ഉത്തരവ് പ്രകാരം കെട്ടിടം നിർമ്മിക്കുവാൻ അനുമതി നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് [18-8-2000-ലെ സ. ഉ. (കൈ) നമ്പർ 250/2000/റവന്യൂ] സർക്കാർ തന്നെ റദ്ദുചെയ്തിരുന്നു. കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതി റദ്ദുചെയ്ത സർക്കാർ ഉത്തരവിനെതിരെ കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ബഹു. കേരള ഹൈക്കോടതി മുമ്പാകെ O.P. No. 8787/2002 നമ്പരായി ഹർജി ഫയൽ ചെയ്തു. 28-5-2009-ൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സിംഗിൾ ബഞ്ച് 14-3-2002-ലെ സ. ഉ. (കൈ) നമ്പർ 40/2002/റവന്യൂ എന്ന സർക്കാർ ഉത്തരവ് റദ്ദുചെയ്ത് കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുവാദം നൽകി. പ്രസ്തുത വിധിക്കെതിരെ പബ്ളിക് ലൈബ്രറി പ്രൊട്ടക്ഷൻ കൗൺസിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ച് മുമ്പാകെ WP(C) No. 37574/2009 ഫയൽ ചെയ്യുകയും ബഹുമാനപ്പെട്ട കോടതി 18-11-2015-ൽ താഴെപ്പറയുന്ന പ്രകാരം വിധിന്യായം പുറപ്പെടുവിക്കുകയും ചെയ്തു:

• 18-3-2002-ലെ സ.ഉ. (കൈ) നമ്പർ40/2002/റവന്യൂ റദ്ദാക്കി.

• ലൈബ്രറി കൗൺസിലിന് കെട്ടിടം നിർമ്മിക്കുന്നതിന് അനുവാദം നൽകിക്കൊണ്ടുള്ള സിംഗിൾ ബെഞ്ചിന്റെ വിധി റദ്ദാക്കി.

• ലൈബ്രറി കൗൺസിലിന് നോട്ടീസ് നൽകി.

• പ്രസ്തുത വിഷയം കേട്ട് ഹിയറിംഗ് നടത്തി തീരുമാനമെടുക്കുന്നതിനുള്ള ചുമതല സർക്കാരിൽ നിക്ഷിപ്തമാണെന്ന് കോടതി പരാമർശിച്ചു.

(ബി) ഇല്ല.

(സി) ബാധകമല്ല.

## സംസ്ഥാന സ്കൂൾ യുവജനോത്സവം

46 (2626) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സ്കൂൾ യുവജനോത്സവം സംഘടിപ്പിക്കുന്നതിന് കഴിഞ്ഞ വർഷത്തെക്കാൾ എത്ര തുക അധികരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

സംസ്ഥാന സ്കൂൾ കലോത്സവ നടത്തിപ്പുമായി ബന്ധപ്പെട്ട് കഴിഞ്ഞ വർഷത്തേക്കാൾ 10,75,000 രൂപ അധികമായി ചെലവഴിച്ചിട്ടുണ്ട്.

## പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് തുക

47(2632) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എസ്.സി./എസ്.ടി. വിഭാഗങ്ങൾ ഉൾപ്പെടെയുള്ള വിഭാഗങ്ങൾക്കായുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് തുക എത്ര പ്രാവശ്യം വർദ്ധിപ്പിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ; നിലവിൽ നൽകുന്ന തുകയുടെ വിശദവിവരങ്ങൾ നൽകുമോ;

(ബി) ഒ.ഇ.സി. വിഭാഗങ്ങൾക്ക് പട്ടികജാതി വിഭാഗങ്ങൾക്ക് നൽകുന്ന മുഴുവൻ ആനുകൂല്യങ്ങളും നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എസ്.സി./എസ്.റ്റി./ ഒ.ഇ.സി. വിഭാഗങ്ങൾക്കുള്ള പോസ്റ്റ്മെട്രിക് തലത്തിലുള്ള വിദ്യാർത്ഥികൾക്ക് നൽകുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങളുടെ (ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ്, പോക്കറ്റ് മണി എന്നിവ) നിരക്ക് 11-1-2012-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 6/2012/പ.ജ.പ.വ.വി.വ. പ്രകാരം ഒരു പ്രാവശ്യം വർദ്ധിപ്പിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പട്ടികജാതി വിഭാഗങ്ങൾക്ക് നൽകുന്ന എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കും ഒ.ഇ.സി. വിഭാഗങ്ങളും അർഹരാണ്. എന്നാൽ, SCP ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന പ്രത്യേക പദ്ധതികൾ എസ്.സി. വിഭാഗങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്.

**പാഠപുസ്തക അച്ചടി**

48(2635) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 അദ്ധ്യയനവർഷം ഒന്നു മുതൽ എട്ടുവരെ ക്ലാസ്സുകളുടെ 43 ലക്ഷം പാഠപുസ്തകങ്ങൾ അച്ചടിക്കുവാൻ സി-ആപ്റ്റ് എന്ന സ്ഥാപനത്തെ ഏല്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അച്ചടി നടത്താൻ സാങ്കേതിക സംവിധാനമില്ലാത്ത സി-ആപ്റ്റ് ഇത് മറച്ച് വച്ച് പുറം കരാർ നൽകിയോ; വിശദാംശം വ്യക്തമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് സി-ആപ്റ്റ് പുറം കരാർ ആർക്കാണ് നൽകിയത്; ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന് എന്ത് തുകയുടെ നഷ്ടം സംഭവിച്ചു;

(ഡി) ടെണ്ടർ നടപടികളിൽ എന്തൊക്കെ ക്രമക്കേടുകളാണ് സി-ആപ്റ്റ് നടത്തിയത് എന്നാണ് ധനകാര്യ പരിശോധനാ വിഭാഗം കണ്ടെത്തിയത്; വിശദാംശം വ്യക്തമാക്കുമോ;

(ഇ) സി-ആപ്റ്റിന്റെ മാനേജിംഗ് ഡയറക്ടർ ആരായിരുന്നു എന്നും ക്രമക്കേട് നടത്തിയ ഇദ്ദേഹത്തിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു. എന്നും അറിയിക്കുമോ ; ഇതുമായി ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥർ ആരെല്ലാമെന്നും അവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) പാഠപുസ്തക അച്ചടിയുമായി ബന്ധപ്പെട്ട് സുതാര്യമല്ലാതെയും ചട്ടവിരുദ്ധമായും ഒരു പ്രത്യേക സ്ഥാപനത്തിന് സഹായകരമായ രീതിയിലും ടെണ്ടർ നടപടികൾ സ്വീകരിച്ചതിൽ എം.ഡി. യുടെ ഭാഗത്ത് നിന്നും ഗുരുതരമായ വീഴ്ചകൾ സംഭവിച്ചു എന്നതാണ് ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ കണ്ടെത്തൽ.

(ഇ) സി-ആപ്റ്റ് മാനേജിംഗ് ഡയറക്ടറായിരുന്ന ഡോ. സജിത്ത് വിജയരാഘവനെ ലോട്ടറി ടിക്കറ്റ് അച്ചടിയന്ത്രങ്ങൾ വാടകയ്ക്ക് എടുത്തതുമായി ബന്ധപ്പെട്ട് വി.ഇ.03/14/എസ്.ഐ.യു.-II നമ്പരായി നടത്തിയ വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് (ബി) വകുപ്പിന്റെ 1-1-2016-ാം തീയതിയിലെ ജി. ഒ. (ആർറ്റി.) നമ്പർ 02/2016/വിജി. നമ്പർ ഉത്തരവ് പ്രകാരം സസ്പെന്റ് ചെയ്യുകയും, സി-ആപ്റ്റ് പർച്ചേസ്(മെറ്റീരിയൽ ഡിവിഷൻ) ഓഫീസർ ഇൻ ചാർജ്ജ് ആയിരുന്ന ശ്രീ. ജയഗോപാലിനെ തിരുവനന്തപുരം ജില്ലയ്ക്ക് പുറത്തുള്ള സി-ആപ്റ്റിന്റെ കീഴിലുള്ള മറ്റേതെങ്കിലും ഓഫീസിലേക്ക് സ്ഥലം മാറ്റണമെന്നുള്ള വിജിലൻസ് വകുപ്പിന്റെ ശിപാർശയിന്മേൽ നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു.

## ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ സമഗ്ര വിദ്യാഭ്യാസ പദ്ധതി പ്രവർത്തനങ്ങൾ

49(2646) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര വിദ്യാഭ്യാസ പദ്ധതി പ്രകാരം ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിലേക്കും അടിസ്ഥാന സൗകര്യ വികസനത്തിനുമായി പ്രാവർത്തികമാക്കിയ കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; ഈ ആവശ്യത്തിലേക്കായി എത്ര ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

### ഉത്തരം

(എ&ബി) ഉണ്ട്. സമഗ്രവിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ചാത്തന്നൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ സീമാറ്റ്-കേരളയുടെ നേതൃത്വത്തിൽ ആശയരൂപീകരണം, പ്രോജക്ട് ഫൈനലൈസേഷൻ, മാനേജ്മെന്റ് പരിശീലന മൊഡ്യൂൾ തയ്യാറാക്കൽ, പ്രൈമറിതലം മുതൽ ഹയർസെക്കണ്ടറി തലം വരെയുള്ള സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് സമഗ്രവിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നതു സംബന്ധിച്ച മാനേജ്മെന്റ് പരിശീലനം എന്നിവ നടപ്പിലാക്കി കഴിഞ്ഞു. ഓരോ പദ്ധതിക്കും പ്രത്യേകം തുക അനുവദിച്ചിട്ടില്ല. ബഹു. എം.എൽ.എ.മാരുടെ വികസന ഫണ്ട്, ആർ.എം.എസ്.എ./എസ്.എസ്.എ. ഫണ്ട്, സ്പോൺസർഷിപ്പ്, സന്നദ്ധ സംഘടനകൾ എന്നീ ധനസ്രോതസ്സുകൾ വിനിയോഗിച്ചാണ് സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കിവരുന്നത്.

## എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയിലെ പരീക്ഷകൾ

50(2657) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയിലെ പരീക്ഷകളുടെ നടത്തിപ്പിനായി മെറി ട്രാക്കിന് എത്ര രൂപ നൽകിയിട്ടുണ്ട്;

(ബി) പരീക്ഷാ നടത്തിപ്പിൽ നിന്നും കമ്പനിയെ ഒഴിവാക്കിയത് കാരണം തിരികെ നൽകിയ തുക യൂണിവേഴ്സിറ്റി ഫണ്ടിലേക്ക് കൈമാറിയിട്ടുണ്ടോ; വിശദ വിവരം വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ&ബി) പരീക്ഷാനടത്തിപ്പിനായി എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല മെറിട്രാക്കിന് തുകയൊന്നും കൈമാറിയിട്ടില്ല.

## സി-ആപ്റ്റ് സ്ഥാപനത്തിൽ പ്രിന്റിംഗ് മെഷീൻ

51(2658) <u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ആപ്റ്റ് സ്ഥാപനത്തിൽ പ്രിന്റിംഗ് മെഷീൻ വാങ്ങുന്നതിന് പണം അനുവദിച്ച സാഹചര്യത്തിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് അവ വാങ്ങുന്നതിന് ഇതിനകം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇതിന്റെ നടപടികൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ; മെഷീൻ വാങ്ങുന്നതിന് പണം അനുവദിച്ചത് എന്നാണ്;

(സി) ആവശ്യത്തിന് മെഷീനുകൾ ഇല്ലാത്തതിന്റെ പേരിൽ പുറംകരാർ നൽകേണ്ടിവന്നിട്ടും, മെഷീനുകൾ വാങ്ങാത്തതിന്റെയും ടെണ്ടർ നടപടി പൂർത്തീകരിക്കാത്തതിന്റെയും കാരണം കണ്ടെത്തി നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സിംഗിൾ കളർ വെബ് ഓഫ്സെറ്റ് മെഷീൻ വാങ്ങിയിട്ടുണ്ട്. ഫോർ കളർ വെബ് മെഷീൻ വാങ്ങുന്നതിനായി 2014-ൽ രണ്ട് തവണയും 2015-ൽ മൂന്ന് തവണയും ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

(ബി) ആദ്യ ടെണ്ടർ, ടെണ്ടർ വാല്യൂവിൽ വ്യത്യാസമുണ്ടായതിനാൽ റദ്ദ് ചെയ്യുകയും, രണ്ടാമത്തെ ടെണ്ടർ നിഷ്കർഷിക്കുന്ന ആവശ്യങ്ങൾ പൂർണ്ണമായും പാലിക്കപ്പെടാത്തതിനാലും തുടർന്ന് നടന്ന മൂന്നാമത്തെ ടെണ്ടറിൽ പങ്കാളികൾ ഉണ്ടാവാത്തതിനാലും നാലാമത്തെ ടെണ്ടറിൽ മെഷീൻ പരിശോധന നടത്തിയ ശേഷം കിട്ടിയ ടെണ്ടറുകൾ അനുയോജ്യമല്ലായെന്ന് ടെണ്ടർ ഇവാല്യുവേഷൻ കമ്മിറ്റി കണ്ടെത്തിയതിനാലും മെഷീന്റെ വിവരണങ്ങൾ പുനഃക്രമീകരിച്ച് വീണ്ടും ടെണ്ടർ ക്ഷണിക്കാനുള്ള നടപടികൾ നടന്നുവരുന്നു. 2014-15, 2015-16 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ മെഷീൻ വാങ്ങുന്നതിന് പണം വകയിരുത്തിയിട്ടുണ്ട്.

(സി) നാല് ടെണ്ടറുകൾ റദ്ദാക്കിയ സാഹചര്യത്തിൽ പഴുതുകളടച്ച് പുതിയ ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ബി.ടെക്, എം.ടെക് ഒന്നാം സെമസ്റ്റർ പരീക്ഷകൾ

52(2659) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ. പി. ജെ. അബ്ദുൾ കലാം ശാസ്ത്രസാങ്കേതിക സർവ്വകലാശാല തുടങ്ങാനിരുന്ന ബി.ടെക്, എം.ടെക് ഒന്നാം സെമസ്റ്റർ പരീക്ഷകൾ താറുമാറാകാൻ കാരണം എന്തെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സർവ്വകലാശാല ബി.ടെക്, എം.ടെക് പരീക്ഷ നടത്തിപ്പും, മൂല്യനിർണ്ണയവും സ്വകാര്യ കമ്പനിക്ക് പുറം കരാർ നൽകിയോ; ആയത് ഏത് സ്വകാര്യ കമ്പനിക്ക് ; ഇതുമായി ബന്ധപ്പെട്ട് ടി സർവ്വകലാശാല എന്തു തുക പ്രസ്തുത സ്വകാര്യ കമ്പനിക്ക് നാളിതുവരെ നൽകി; ഇനി എന്തു തുക നൽകാനുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(സി) വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ തകർക്കുന്ന വിധത്തിലുള്ള ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ ഇപ്പോഴത്തെ പ്രവർത്തനശൈലി അടിയന്തരമായി തിരുത്തുവാനും പ്രസ്തുത സർവ്വകലാശാല പരീക്ഷാ നടത്തിപ്പും, മൂല്യനിർണ്ണയവും പുറംകരാർ നൽകാതിരിക്കുവാനും ആവശ്യമായ എന്ത് നടപടി സർക്കാർ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് പ്രസ്തുത സർവ്വകലാശാല വൈസ് ചാൻസലറോട് ബഹു. ഗവർണ്ണർ വിശദീകരണം ആരാഞ്ഞിരുന്നോ; എങ്കിൽ വിശദാംശം വ്യക്താക്കുമോ?

ഉത്തരം

(എ) എ.പി.ജെ. അബ്ദുൾ കലാം സാങ്കേതികസർവ്വകലാശാല വെബ് എനേബിൾഡ് എക്സാമിനേഷൻ മാനേജ്മെന്റ് സംവിധാനത്തിൽ കൂടിയാണ് പരീക്ഷകൾ നടത്താൻ തീരുമാനിച്ചിരുന്നത്. അതു സംബന്ധിച്ചുള്ള നടപടികളും കൈക്കൊണ്ടിരുന്നു. എന്നാൽ വിദ്യാർത്ഥി-അദ്ധ്യാപക സമൂഹത്തിന്റെ ആശങ്കകളുടെ അടിസ്ഥാനത്തിൽ സർക്കാർ നിർദ്ദേശപ്രകാരം പ്രസ്തുത സംവിധാനം ഒന്നാം സെമസ്റ്റർ പരീക്ഷകൾക്ക് നടപ്പിലാക്കേണ്ടതില്ല എന്ന് തീരുമാനിച്ചു. പകരം സംവിധാനം ഒരുക്കുന്നതിലുള്ള കാലതാമസം കാരണമാണ് ബി.ടെക്., എം.ടെക്. പരീക്ഷകൾ മാറ്റിവച്ചത്. ബി. ടെക്. പരീക്ഷകൾ പുതുക്കിയ സമയക്രമമനുസരിച്ച് നടത്തുകയും ഉത്തരക്കടലാസ് പരിശോധന പൂർത്തീകരിക്കുകയും ചെയ്തു. എം.ടെക്. പരീക്ഷകൾ നടത്താനുള്ള സമയക്രമം നിശ്ചയിച്ചുവരുന്നു.

(ബി) സർവ്വകലാശാല വെബ് എനേബിൾഡ് എക്സാമിനേഷൻ മാനേജ്മെന്റ് സിസ്റ്റം എന്ന രീതിയിലുള്ള പരീക്ഷാനടത്തിപ്പിനുവേണ്ടി ഇ-ടെണ്ടർ മുഖേന ടെണ്ടർ ക്ഷണിക്കുകയും ലഭിച്ച ടെണ്ടറുകളുടെ അടിസ്ഥാനത്തിൽ ടെക്നിക്കൽ, ഫിനാൻഷ്യൽ, ബിഡുകൾ വിലയിരുത്തി കുറഞ്ഞ തുക പറഞ്ഞിരുന്ന മെറിട്രാക്ക് എന്ന കമ്പനിക്ക് 'ലെറ്റർ ഓഫ് അക്സപ്റ്റൻസ് ' നൽകിയിരുന്നു. എന്നാൽ ഇതു സംബന്ധിച്ച് കമ്പനിയുമായി കരാർ ഒന്നും ഒപ്പിട്ടിരുന്നില്ല. കമ്പനിക്ക് സർവ്വകലാശാല തുകയൊന്നും നൽകിയിട്ടില്ല.

(സി) പരീക്ഷാനടത്തിപ്പുമായി ബന്ധപ്പെട്ട് ഉയർന്ന ആശങ്കകളുടെ അടിസ്ഥാനത്തിൽ സർക്കാർ നിർദ്ദേശപ്രകാരം വെബ് എനേബിൾഡ് എക്സാമിനേഷൻ മാനേജ്മെന്റ് സിസ്റ്റം എന്ന രീതിയിലുള്ള പരീക്ഷാനടത്തിപ്പ് പിൻവലിക്കുകയുണ്ടായി.

(ഡി) പരീക്ഷാനടത്തിപ്പുമായി ബന്ധപ്പെട്ട് ലഭിച്ച വിവിധ പരാതികളുടെ അടിസ്ഥാനത്തിൽ ബഹു. ഗവർണർ സാങ്കേതിക സർവ്വകലാശാല വൈസ് ചാൻസലറോട് വിശദാംശം ആവശ്യപ്പെടുകയും ഇതു സംബന്ധിച്ച് സർവ്വകലാശാല നാളിതുവരെ സ്വീകരിച്ച കാര്യങ്ങൾ ബഹു.ഗവർണറെ അറിയിച്ചിട്ടുണ്ട്.

**സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ പ്രവർത്തനം**

53(2662) ശ്രീ. എം. എ. ബേബി :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) മിക്ക കോളേജുകളും എ.ഐ.സി.ടി.ഇ.യുടെ മാനദണ്ഡങ്ങൾ പാലിച്ചല്ല പ്രവർത്തിക്കുന്നതെന്ന കാര്യം അറിവുള്ളതാണോ; അടിസ്ഥാന സൗകര്യങ്ങളില്ലാതെയും നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കാതെയും കോളേജുകൾക്ക് അനുമതി നൽകിയതാണ് ഈ സ്ഥിതിവിശേഷത്തിന് കാരണമെന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത്തരം കോളേജുകളുടെ അംഗീകാരം പിൻവലിക്കുന്നതിനും അടച്ചുപൂട്ടുന്നതിനും എ.ഐ.സി.ടി.ഇ. നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇത്തരത്തിൽ നടപടിക്ക് വിധേയമായ എത്ര കോളേജുകളുണ്ട്; വിശദമാക്കാമോ;

(ഡി) എഞ്ചിനീയറിംഗ് കോളേജുകളിലെ നിലവാരത്തകർച്ചയും അതുമൂലമുണ്ടായിട്ടുള്ള കുറഞ്ഞ വിജയശതമാനവും സംബന്ധിച്ചുണ്ടായ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ഇതിന്റെ ഭാഗമായി എന്തെങ്കിലും പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ഇ) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടാതെ ഒഴിഞ്ഞു കിടക്കുന്ന സീറ്റുകളുടെ എണ്ണം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2011 മുതൽ 2015 വരെയുള്ള അദ്ധ്യയനവർഷങ്ങളിൽ സംസ്ഥാനത്ത് ഒഴിഞ്ഞു കിടന്ന എഞ്ചിനീയറിംഗ് സീറ്റുകളുടെ കണക്ക് ലഭ്യമാക്കാമോ;

(എഫ്) സ്വാശ്രയ എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖല കടുത്ത നിലവാരത്തകർച്ച നേരിടുന്ന സാഹചര്യത്തിൽ ഈ മേഖലയിൽ എന്തെങ്കിലും നിയന്ത്രണം കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വിലയിരുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ എഞ്ചിനീയറിംഗ് കോളേജുകളും എ.ഐ.സി.ടി.ഇ. നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചാണ് പ്രവർത്തിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങളില്ലാത്തതും, നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കാത്തതുമായ സ്ഥാപനങ്ങൾക്ക് സർക്കാർ NOC നൽകിയിട്ടില്ല. സ്വാശ്രയ മേഖലയിലുള്ള എഞ്ചിനീയറിംഗ് കോളേജുകളുടെ അടിസ്ഥാന, ഭൗതീക സാഹചര്യങ്ങൾ സംബന്ധിച്ച് AICTE-യും ബന്ധപ്പെട്ട സർവ്വകലാശാലകളും പരിശോധനകൾ നടത്തി പ്രസ്തുത സ്ഥാപനങ്ങൾ നൽകുന്ന അപ്രൂവൽ/അഫിലിയേഷന്റെ/ശിപാർശയുടെ അടിസ്ഥാനത്തിലാണ് ഇത്തരം സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ NOC നൽകിവരുന്നത്.

(സി) 2015-16 അദ്ധ്യയന വർഷത്തിൽ പാലക്കാട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി (PISAT) പാലക്കാട് എന്ന സ്ഥാപനത്തിന് AICTE തുടർ അംഗീകാരം (Extension of approval) നൽകിയിട്ടില്ല. തിരുവനന്തപുരം ജില്ലയിലെ പി.എ.അസീസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി (PAACET) എന്ന സ്ഥാപനത്തിന്റെ അംഗീകാരവും AICTE പിൻവലിച്ചിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ പഠിച്ചിരുന്ന വിദ്യാർത്ഥികളെ അതത് സർവ്വകലാശാലയുടെ പരിധിയിൽ വരുന്ന മറ്റ് കോളേജുകളിലേക്ക് മാറ്റി തുടർവിദ്യാഭ്യാസം ചെയ്യുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ബഹുമാനപ്പെട്ട ഹൈക്കോടതി സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരത്തെക്കുറിച്ച് പരാമർശം നടത്തിയ സാഹചര്യത്തിൽ, സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പരിശോധനകൾ നടത്തുന്നതിനായി സർക്കാർ ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ, ന്യൂനതകൾ കണ്ടെത്തിയ സ്ഥാപന മേധാവികളെ സർക്കാർ വിളിച്ചുവരുത്തി ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള കർശന നിർദ്ദേശം നൽകിയിരുന്നു. കൂടാതെ പുതിയ കോഴ്സുകൾ അനുവദിക്കുന്ന അവസരത്തിൽ സ്ഥാപനങ്ങളുടെ നിലവിലുള്ള വിജയശതമാനം, അദ്ധ്യാപകരുടെ എണ്ണം, യോഗ്യത, മറ്റ് ഭൗതീക സാഹചര്യങ്ങൾ എന്നിവയും പരിഗണിക്കാറുണ്ട്.

സർക്കാർ സ്വീകരിച്ച ഇത്തരം നടപടികളുടെ ഭാഗമായി സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ പല ന്യൂനതകളും പരിഹരിക്കപ്പെടുകയും വിജയശതമാനം വർദ്ധിക്കുകയും ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടാതെ ഒഴിഞ്ഞുകിടക്കുന്ന സീറ്റുകളുടെ എണ്ണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച സർക്കാർ സീറ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 2011 | → | 3977 |
| 2012 | → | 7262 |
| 2013 | → | 7608 |
| 2014 | → | 11448 |
| 2015 | → | 14822 |

(എഫ്) ഉദ്ദേശിക്കുന്നില്ല.

## ടെക്നോളജി ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ

54(2663) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ പോളിടെക്നിക്കുകളിലും എഞ്ചിനീയറിംഗ് കോളേജുകളിലും ടെക്നോളജി ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ ആരംഭിക്കുന്നതിനായി 2014-15-ലെ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന 75 ലക്ഷം രൂപ വിനിയോഗിച്ച് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ ?

ഉത്തരം

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ 8 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും 4 സർക്കാർ പോളിടെക്നിക്കുകളിലും 2014-2015 വർഷം, ടെക്നോളജി ഇൻകുബേഷൻ സെന്റർ സ്ഥാപിക്കുന്നതിനായി ഭരണാനുമതി നൽകുകയും, പദ്ധതിക്കായി 75 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിരുന്നു. പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തുന്നതിലേക്കായി ഓരോ സ്ഥാപനങ്ങളിലെയും അടിസ്ഥാന സൗകര്യ വികസനത്തിനും, കമ്പ്യൂട്ടറുകളും അനുബന്ധ സാമഗ്രികൾ, സോഫ്റ്റ്‌വെയറുകൾ ഫർണിച്ചറുകൾ എന്നിവ വാങ്ങുന്നതിനും, ക്ലാസ് മുറികൾ, റ്റി.ബി.ഐ. ഓഫീസ് എന്നിവ ക്രമീകരിക്കുക, ക്യൂബിക്ക്ള്കൾ നിർമ്മിക്കുക, സെമിനാറുകളും വർക്ക്ഷോപ്പുകളും സംഘടിപ്പിക്കുക, ട്രെയിനിംഗ് പ്രോഗ്രാം നടത്തുക എന്നീ പ്രവർത്തനങ്ങൾക്കുമായി 2014-15 വർഷം 58.36 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിലെ പെരിയ ഗവൺമെന്റ് പോളിടെക്നിക് കോളേജ്

55(2664) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പെരിയ ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ സിവിൽ എഞ്ചിനീയറിംഗ് ഡിപ്ലോമ കോഴ്സ് അനുവദിക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ;

(ബി) ആവശ്യത്തിന് ഭൗതികസാഹചര്യമുള്ള പ്രസ്തുത സ്ഥാപനത്തിൽ പ്രസ്തുത കോഴ്സ് അനുവദിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വിശദമാക്കാമോ;

(സി) എങ്കിൽ തടസ്സങ്ങൾ നീക്കി അടുത്ത അദ്ധ്യയന വർഷം മുതൽ മേൽ കോഴ്സ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) കാസർഗോഡ് ജില്ലയിലെ പെരിയ ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ സിവിൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിൽ ഡിപ്ലോമ കോഴ്സ് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. ഇതിന്റെ സാമ്പത്തിക ബാദ്ധ്യത, അദ്ധ്യാപകരുടെ എണ്ണം, ആവശ്യമുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്നിവ സംബന്ധിച്ചുള്ള വിഷയങ്ങൾ പരിശോധിച്ചുവരികയാണ്.

## തൃക്കരിപ്പൂർ മണ്ഡലത്തിലെ ചെറുവത്തൂരിൽ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്നത്

56(2665) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ മണ്ഡലത്തിലെ ചെറുവത്തൂർ ജെ.ടി.എസ്. ക്യാമ്പസിലെ വിശാലമായ സൗകര്യങ്ങൾ ഉപയോഗിച്ച് ഒരു ഗവൺമെന്റ് എഞ്ചിനീയറിങ് കോളേജ് ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

തൃക്കരിപ്പൂർ മണ്ഡലത്തിലെ ചെറുവത്തൂർ ടി.എച്ച്.എസ്സിൽ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുവാനുള്ള പ്രൊപ്പോസലുകൾ ഒന്നും തന്നെ നിലവിലില്ല.

## തൃക്കരിപ്പൂർ ഗവൺമെന്റ് പോളിടെക്നിക്കിലെ കെട്ടിടങ്ങളുടെ പണി

57(2666) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ ഗവൺമെന്റ് പോളിടെക്നിക്കിൽ കെട്ടിടങ്ങളുടെ പണി നിർത്തിവച്ചിരുന്നത് പുനരാരംഭിക്കാൻ ഭരണാനുമതി ലഭിച്ചിട്ടും ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

തൃക്കരിപ്പൂർ ഗവൺമെന്റ് പോളിടെക്നിക്കിനുവേണ്ടി 2005-ൽ കെട്ടിട നിർമ്മാണം ആരംഭിക്കുകയും പിന്നീട് പ്രവൃത്തി നിലയ്ക്കുകയും ചെയ്തു. ആൺകുട്ടികളുടെയും, പെൺകുട്ടികളുടെയും ഹോസ്റ്റൽ കെട്ടിടങ്ങൾ, ജീവനക്കാരുടെ ക്വാർട്ടേഴ്സ് എന്നിവയുടെ പ്രവൃത്തി പുനരാരംഭിക്കുന്നതിന് 6-12-2014-ലെ സർക്കാർ ഉത്തരവ് ജി. ഒ. (ആർടി.) നമ്പർ 2893/2014/ഉ.വി.വ. പ്രകാരം 7.23 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതിക അനുമതി നൽകുന്നതിനും ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## നന്നംമുക്കിൽ പോളിടെക്നിക്

58(2667) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിലെ നന്നംമുക്കിൽ പോളിടെക്നിക്കിനായി അഞ്ച് ഏക്കർ സ്ഥലം ഏറ്റെടുത്ത് ഇതുവരെ സ്ഥാപനം അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൊട്ടടുത്ത സ്ഥലങ്ങളിലൊന്നും സർക്കാർ പോളിടെക്നിക് ഇല്ലാത്ത സാഹചര്യത്തിൽ അടിയന്തരമായി ഇതനുവദിക്കുന്നതിന് നടപടി സ്വീകരിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേരളത്തിൽ എത്ര പോളിടെക്നിക്കുകൾ അനുവദിച്ചു എന്ന് വിശദമാക്കുമോ; ഇതിൽ സർക്കാർ, എയ്ഡഡ് എന്നിവ പ്രത്യേകം ഇനം തിരിച്ച് ഏവിടെയൊക്കെ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) നന്നംമുക്ക് ടെക്നിക്കൽ ഹൈസ്കൂൾ ക്യാമ്പസിൽ പോളിടെക്നിക് ആരംഭിക്കുന്ന വിഷയം മുൻപ് പരിശോധിച്ചിരുന്നു. എങ്കിലും സാമ്പത്തിക ബാധ്യത കണക്കിലെടുത്ത് പ്രസ്തുത പദ്ധതി 2013-ൽ ഉപേക്ഷിച്ചിരുന്നു. വിവിധ വർഷങ്ങളിലെ ബഡ്ജറ്റ് പ്രഖ്യാപനങ്ങളുടെ അടിസ്ഥാനത്തിൽ 6 പോളിടെക്നിക്കുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയതിൽ മലപ്പുറം ജില്ലയിലെ മഞ്ചേരിയും ഉൾപ്പെട്ടിട്ടുണ്ട്.

(സി) എയ്ഡഡ് മേഖലയിൽ പോളിടെക്നിക്കുകൾ അനുവദിച്ചിട്ടില്ല. എന്നാൽ സ്വാശ്രയ മേഖലയിൽ 9 പോളിടെക്നിക്കുകൾ അനുവദിച്ചിട്ടുണ്ട്.

1. അൽ-അഷർ പോളിടെക്നിക് കോളേജ് , തൊടുപുഴ
2. സെന്റ് മേരീസ് പോളിടെക്നിക് കോളേജ്, പാലക്കാട്
3. മാദിൻ പോളിടെക്നിക് കോളേജ്, മലപ്പുറം
4. മലബാർ പോളിടെക്നിക് കോളേജ്, പാലക്കാട്
5. ഏരീസ് പോളിടെക്നിക് കോളേജ്, പാലക്കാട്
6. ഇന്ദിരാഗാന്ധി പോളിടെക്നിക് കോളേജ്, കോതമംഗലം
7. കെ.എം.സി.റ്റി. പോളിടെക്നിക് കോളേജ്, മലപ്പുറം
8. എം.ഡി.ഐ.റ്റി. പോളിടെക്നിക് കോളേജ്, മലപ്പുറം
9. ഓർഫനേജ് പോളിടെക്നിക് കോളേജ്, മലപ്പുറം.

3-6-2015-ലെ G.O. (Ms.) 229/2015/H.Edn. നമ്പർ ഉത്തരവ് പ്രകാരം താഴെപ്പറയുന്ന 6 സർക്കാർ പോളിടെക്നിക്കുകൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്:

1. വിളപ്പിൽശാല (തിരുവനന്തപുരം)
2. ഹരിപ്പാട് (ആലപ്പുഴ)
3. മഞ്ചേരി (മലപ്പുറം)
4. മുക്കം (കോഴിക്കോട്)
5. നടുവിൽ (കണ്ണൂർ)
6. മാനന്തവാടി (വയനാട്)

## കേരള സർവ്വകലാശാലയിലെ യു.ജി.സി. ഓപ്റ്റുചെയ്ത ലൈബ്രറി ജീവനക്കാർ

59(2670) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയിൽ യു.ജി.സി. ഓപ്റ്റുചെയ്ത ലൈബ്രറി ജീവനക്കാർക്ക് അസിസ്റ്റന്റ് ലൈബ്രേറിയൻ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം ലഭിക്കുമ്പോൾ യു.ജി.സി.യുടെ എൻട്രി കേഡറിലാണ് ശമ്പളം ഫിക്സ് ചെയ്യുന്നത് എന്നതിനാൽ അവർക്ക് കനത്ത സാമ്പത്തികനഷ്ടം ഉണ്ടാകുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിരമിക്കൽ പ്രായത്തോട് അടുക്കുമ്പോൾ മാത്രം ലഭിക്കുന്ന അസിസ്റ്റന്റ് ലൈബ്രേറിയൻ തസ്തികയിലേക്കുള്ള ഉദ്യോഗക്കയറ്റം പ്രസ്തുത ജീവനക്കാർക്ക് വൻ സാമ്പത്തികനഷ്ടം വരുത്തുന്നുവെന്നതിനാലും പെൻഷൻ ആനുകൂല്യങ്ങളിലടക്കം വൻ നഷ്ടം ഉണ്ടാകുന്നുവെന്നതിനാലും അസിസ്റ്റന്റ് ലൈബ്രേറിയൻ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം ലഭിക്കുന്ന സമയത്ത് യു.ജി.സി. ഓപ്റ്റ് ചെയ്യുന്ന ജീവനക്കാർക്ക് അതുവരെയുള്ള ആകെ സർവ്വീസ് പേ ഫിക്സേഷന് പരിഗണിക്കുന്ന കാര്യം പരിശോധിക്കുമോ?

<u>ഉത്തരം</u>

(എ) ഇത്തരത്തിലുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) യു.ജി.സി. സ്കീമിലെ എൻട്രി തസ്തികയാണ് അസിസ്റ്റന്റ് ലൈബ്രേറിയൻ, സ്റ്റേറ്റ് സർവ്വീസിലെയും യു.ജി.സി. സ്കീമിലെയും ശമ്പളവും ക്ഷാമബത്തയും മറ്റ് അലവൻസുകളും വ്യത്യസ്തമാണ്. ആയതിനാൽ സ്റ്റേറ്റ് സർവ്വീസിലെ ശമ്പളം കണക്കാക്കി യു.ജി.സി. സ്കീമിൽ ശമ്പളം നിർണ്ണയിക്കാൻ നിർവ്വാഹമില്ല.

## സാങ്കേതിക സർവ്വകലാശാലയിലെ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ

60(2672) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവ്വകലാശാലയിൽ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ അനുവദിച്ചിട്ടുണ്ടോ ; ഏതെല്ലാം തസ്തികകളാണ് അനുവദിച്ചിട്ടുള്ളത് ;

(ബി) അനുവദിച്ച തസ്തികകൾക്ക് യോഗ്യത നിശ്ചയിച്ചിട്ടുണ്ടോ; തസ്തിക നിർണ്ണയിക്കുന്നതിന് ഏതെങ്കിലും ചട്ടമോ മാനദണ്ഡങ്ങളോ അവലംബിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) ഡയറക്ടർ ഓഫ് അഡ്മിനിസ്ട്രേഷൻ എന്ന ഒരു തസ്തിക അംഗീകരിച്ചിട്ടുണ്ടോ; പ്രസ്തുത തസ്തിക സൃഷ്ടിക്കാനിടയായ സാഹചര്യമെന്താണ്; മറ്റ് സർവ്വകലാശാലകളിൽ ഇങ്ങനെയൊരു തസ്തികയുണ്ടോ; പ്രസ്തുത തസ്തികയ്ക്ക് നിശ്ചയിച്ച യോഗ്യത എന്താണ് ;

(ഡി) സംസ്ഥാനത്ത് മറ്റേതെങ്കിലും സർവ്വകലാശാലകളിൽ ഏതെങ്കിലും തസ്തികയ്ക്ക് ഇത്തരത്തിലുള്ള യോഗ്യത നിശ്ചയിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ & ബി) ജി. ഒ. (എംഎസ്.) നമ്പർ. 1/2016/ഉ.വി.വ. തീയതി, 1-1-2016 പ്രകാരം എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയിൽ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(സി & ഡി) സൃഷ്ടിച്ചിട്ടുണ്ട്. ഡയറക്ടർ ഓഫ് അഡ്മിനിസ്ട്രേഷന് പുറമെ ഡയറക്ടർ ഫിനാൻസ്, ഡയറക്ടർ അക്കാഡമിക്, ഡയറക്ടർ റിസർച്ച് എന്നീ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. മറ്റ് സർവ്വകലാശാലകളിൽ നിന്നും വ്യത്യസ്തമായി വളരെ കുറച്ച് തസ്തികകളേ സാങ്കേതിക സർവ്വകലാശാലയിൽ സൃഷ്ടിച്ചിട്ടുള്ളൂ. ഏകദേശം 160 കോളേജുകൾ സാങ്കേതിക സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. മെച്ചപ്പെട്ട സേവനം ലഭിക്കുന്നതിനാണ് ടി തസ്തികകൾ സൃഷ്ടിച്ചത്. സെക്രട്ടേറിയറ്റിൽ ഉന്നതവിദ്യാഭ്യാസ വകുപ്പിൽ ചുരുങ്ങിയത് രണ്ട് വർഷം ഭരണപരിചയമുള്ള അഡീഷണൽ സെക്രട്ടറി തസ്തികയിൽ കുറയാത്ത പദവിയുള്ള ഉദ്യോഗസ്ഥൻ എന്നതാണ് ഡയറക്ടർ അഡ്മിനിസ്ട്രേഷൻ/അഫിലിയേഷന് നിശ്ചയിച്ചിട്ടുള്ള യോഗ്യത. മറ്റ് സർവ്വകലാശാലകളിൽ, മേൽപ്പറഞ്ഞ ഡയറക്ടർ തസ്തികകൾ നിലവിലില്ല.

## സിവിൽ സ്റ്റേഷനിലെ ലിഫ്റ്റ് പ്രവർത്തിപ്പിക്കൽ നടപടി

61 (2673) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ സിവിൽ സ്റ്റേഷനിൽ ലിഫ്റ്റ് പ്രവർത്തിപ്പിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കിളിമാനൂർ മിനി സിവിൽ സ്റ്റേഷനിലെ ലിഫ്റ്റും കാന്റീനും പ്രവർത്തിപ്പിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) ഈ രണ്ട് സിവിൽ സ്റ്റേഷനുകളിലും ലിഫ്റ്റ് പ്രവർത്തിപ്പിക്കാത്തത് കാരണം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ആറ്റിങ്ങൽ സിവിൽ സ്റ്റേഷനിലെ ലിഫ്റ്റിന്റെ കംപ്ലീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലിഫ്റ്റ് പ്രവർത്തനസജ്ജമായിട്ടുണ്ട്.

(ബി) കിളിമാനൂർ മിനി സിവിൽ സ്റ്റേഷനിലെ കാന്റീൻ പ്രവർത്തിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ, കിളിമാനൂർ മിനി സിവിൽ സ്റ്റേഷനിലെ ലിഫ്റ്റ് പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**വെസ്റ്റ് എളേരി വനിതാ ഐ.ടി.ഐ.-യ്ക്ക് സ്ഥലം**

62(2674) <u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ വെസ്റ്റ് എളേരി വനിതാ ഐ.ടി.ഐ.-യ്ക്ക് സ്ഥലം ലഭ്യമാക്കാനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എപ്പോൾ ലഭ്യമാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

കാസർഗോഡ് ജില്ലയിലെ വെസ്റ്റ് എളേരി വനിതാ ഐ.ടി.ഐ.-യ്ക്ക് കെട്ടിട നിർമ്മാണത്തിന് ഭൂമി ലഭിക്കുന്നതിനുള്ള ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ കാസർഗോഡ് ജില്ലാ കളക്ടർക്ക് റിപ്പോർട്ടിനായി നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**ഭൂരഹിതരില്ലാത്ത കേരളം**

63(2675) <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി പ്രകാരം എത്ര പേർക്ക് ഇതുവരെ ഭൂമി വിതരണം ചെയ്തിട്ടുണ്ട്; സ്ഥലം, ഗുണഭോക്താക്കളുടെ എണ്ണം, നൽകിയ ഭൂമിയുടെ അളവ്, ഭൂമി നൽകിയ വർഷം എന്നിവ ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഗുണഭോക്താക്കൾക്ക് അനുവദിച്ച ഭൂമിയിൽ സർവ്വേ നടത്തി ഭൂമി അളന്നു തിരിച്ച് എത്ര പേർക്ക് നൽകി; സ്ഥലം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(സി) സർവ്വേ നടത്തി അളന്ന് തിരിച്ച ഭൂമിയിൽ എത്ര പേർക്ക് റൈറ്റിൽ (പ്രമാണം) തയ്യാറാക്കി നൽകി; സ്ഥലം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ഡി) സർവ്വേയും നടത്തി റ്റൈറ്റിലും തയ്യാറാക്കി നൽകിയ എത്ര പേർക്ക് പട്ടയം നൽകി ; സ്ഥലം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ഇ) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി വിതരണത്തിന് കണ്ടെത്തിയ ഭൂമി ഗുണഭോക്താക്കൾക്ക് ലഭ്യമാകാതിരുന്ന എത്ര സ്ഥലങ്ങൾ ഉണ്ട്; സ്ഥലം, നിശ്ചയിച്ച ഗുണഭോക്താക്കളുടെ എണ്ണം, ഭൂമി ലഭ്യമാകാത്തതിനുള്ള കാരണം എന്നിവ ജില്ല തിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം സംസ്ഥാനത്ത് നാളിതുവരെയായി 43437 ഗുണഭോക്താക്കൾക്ക് ഭൂമി അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താക്കളുടെ എണ്ണം അനുവദിച്ച ഭൂമിയുടെ അളവ്, അനുവദിച്ച വർഷം എന്നിവ ജില്ല തിരിച്ച് അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) വീട് വയ്ക്കാൻ അനുയോജ്യമായതും ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പതിച്ചുകൊടുക്കാൻ കഴിയുന്നതുമായ ഭൂമിയാണ് ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് ഉപയോഗപ്പെടുത്തുന്നത്. ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമുള്ള നടപടികളുടെ ഭാഗമായി സർവ്വേ ചെയ്ത് റെക്കോർഡുകൾ തയ്യാറാക്കി പ്ലോട്ട് തിരിച്ചാണ് ഗുണഭോക്താക്കൾക്ക് നൽകുന്നത്. പട്ടയം അനുവദിച്ചതിൽ കോടതി കേസുകൾ, മറ്റ് തർക്കങ്ങൾ എന്നിവ ഉണ്ടായവ ഒഴികെയുള്ള മുഴുവൻ ഭൂമിയും കൈമാറിയിട്ടുണ്ട്. തർക്കങ്ങൾ പരിഹരിച്ച് ഭൂമി കൈമാറുന്ന പ്രവർത്തനവും നടന്നുവരുന്നു. നടപടികൾ പൂർത്തിയാകാത്തതിനാൽ ഇത്തരത്തിലുള്ള കേസുകളുടെ കൃത്യമായ എണ്ണം ലഭ്യമാകുന്നില്ല.

(സി) കോടതി കേസുകളും തർക്കങ്ങളും ഉണ്ടാകാത്ത കേസുകളിലെല്ലാം പട്ടയം നൽകിയിട്ടുണ്ട്.

(ഡി) 43437 ഗുണഭോക്താക്കളിൽ കോടതി കേസുകളിൽ ഉൾപ്പെട്ട ചില കേസുകൾ ഒഴികെ ബാക്കിയുള്ളവയ്ക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ട്. കോടതി കേസുകളിലും തർക്കങ്ങളിലും പരിഹാര നടപടികൾ സ്വീകരിച്ച് പട്ടയം വിതരണം ചെയ്യാനുള്ള സമയബന്ധിത നടപടികൾ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ നടന്നുവരികയാണ്. നടപടികൾ പൂർത്തിയായാൽ മാത്രമേ ഇത്തരത്തിൽ നൽകാൻ കഴിയുന്ന പട്ടയങ്ങളുടെ അന്തിമ എണ്ണം തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ.

(ഇ) കോടതി കേസുകളിൽ പെട്ടതോ തർക്കങ്ങളിൽ പെട്ടതോ ആയ ഭൂമി മാത്രമാണ് ചില ജില്ലകളിൽ വിതരണം ചെയ്യാൻ ബാക്കി നിൽക്കുന്നത്. തുടർ നടപടികൾ സ്വീകരിച്ച് ഇത്തരം ഭൂമി വിട്ടുകൊടുക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയതിനെ തുടർന്ന് നടപടികൾ പുരോഗമിച്ചുവരുന്നു. നടപടികൾ പൂർത്തിയാകാത്തതിനാൽ ഇത്തരം കേസുകളുടെ എണ്ണം തിട്ടപ്പെടുത്താൻ കഴിയുന്നില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ഓരോ പഞ്ചായത്തിലും വില്ലേജ് ഓഫീസ്**

64(2676) ശ്രീ. പി. എ. മാധവൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ പഞ്ചായത്തിലും ഓരോ വില്ലേജ് ഓഫീസ് എന്ന ആശയം നടപ്പാക്കാൻ എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ & ബി) ഓരോ പഞ്ചായത്തിലും ഓരോ വില്ലേജ് ഓഫീസ് എന്ന ആശയം പ്രാവർത്തികമാക്കി കൂടുതൽ കാര്യക്ഷമവും വേഗത്തിലുള്ളതുമായ സേവനം പ്രദാനം ചെയ്യാൻ കഴിയുകയെന്ന ഉദ്ദേശ്യത്തോടെ സംസ്ഥാനത്ത് നിലവിൽ വില്ലേജ് ഓഫീസുകൾ ഇല്ലാത്ത 31 ഗ്രാമപഞ്ചായത്തുകളിൽ വില്ലേജുകൾ രൂപീകരിച്ച് 29-5-2013-ലെ സ. ഉ. (എംഎസ്.) നമ്പർ 230/13/റവന്യൂ, 20-10-2012-ലെ സ. ഉ. (എംഎസ്.) നമ്പർ 392/12/റവന്യൂ എന്നിവ പ്രകാരം ഉത്തരവാകുകയും പ്രസ്തുത 31 വില്ലേജുകളുടെയും വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. അവയിൽ 29 വില്ലേജുകളിൽ ജീവനക്കാരെ നിയമിച്ച് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഇനി പ്രവർത്തനം ആരംഭിക്കുവാനുള്ള ഇടുക്കി ജില്ലയിലെ മൂന്നാർ, ഇടമലക്കുടി എന്നീ വില്ലേജുകൾക്ക് അനുയോജ്യമായ കെട്ടിടം കണ്ടെത്തി വില്ലേജുകളുടെ പ്രവർത്തനം താമസംവിനാ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**നേമം നിയോജകമണ്ഡലത്തിലെ റീസർവ്വേ നടപടികൾ**

65(2679) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം നിയോജകമണ്ഡലത്തിലെ എത്ര വില്ലേജുകളിൽ റീസർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ട്; അവ ഏതൊക്കെ; വെളിപ്പെടുത്താമോ;

(ബി) റീസർവ്വേ നടപടികൾ പൂർത്തിയാകാനുള്ള നേമം നിയോജകമണ്ഡലത്തിലെ വില്ലേജുകളിൽ ആയത് എന്നത്തേക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നേമം നിയോജകമണ്ഡലത്തിൽ ശാസ്തമംഗലം, തിരുമല, തൈയ്ക്കാട്, മണക്കാട്, നേമം, തിരുവല്ലം എന്നീ 6 വില്ലേജുകളിൽ റീസർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) നേമം നിയോജകമണ്ഡലത്തിലെ മുട്ടത്തറ വില്ലേജിന്റെ റീസർവ്വേ പൂർത്തിയാക്കാനുണ്ട്. 31-10-2012-ലെ സ.ഉ. (എംഎസ്.) നമ്പർ 409/2012/റവന്യൂ പ്രകാരം സംസ്ഥാനത്ത് നിലവിൽ റീസർവ്വേ പ്രവർത്തനം സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ മുട്ടത്തറ വില്ലേജിലെ പുറമ്പോക്ക് ഭൂമിയുടെ റീസർവ്വേ നടപടികൾ ആരംഭിക്കുന്നതാണ്.

**സീറോ ലാൻഡ് പദ്ധതി**

66 (2680) <u>ശ്രീ. എളമരം കരീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സീറോ ലാൻഡ് പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്ര അപേക്ഷകൾ ലഭിച്ചിരുന്നു (ജില്ല തിരിച്ച്) വ്യക്തമാക്കാമോ;

(ബി) ഈ അപേക്ഷകളിൽ നിന്ന് എത്ര ഗുണഭോക്താക്കളെ കണ്ടെത്തി എന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഗുണഭോക്താക്കൾക്ക് എത്ര ഭൂമി വീതം ഏതൊക്കെ സ്ഥലങ്ങളിൽ നല്കി എന്നുള്ള പട്ടിക ലഭ്യമാക്കി വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ-സി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഭൂമി ലഭിക്കുന്നതിന് ലഭിച്ച അപേക്ഷകളുടെ എണ്ണവും അവയിൽനിന്ന് തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ എണ്ണവും അനുവദിച്ച ഭൂമിയുടെ വിസ്തൃതിയും ജില്ല തിരിച്ച് അനുബന്ധമായി ചേർത്തിട്ടുണ്ട്*. 1-2-2014 മുതൽ 31-3-2014 വരെ പദ്ധതിയിലേയ്ക്ക് വീണ്ടും അപേക്ഷകൾ സ്വീകരിച്ചിരുന്നു. കൂടാതെ മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്ക പരിപാടികളിലും റവന്യൂ വകുപ്പുമന്ത്രിയുടെ ജില്ലാതല റവന്യൂ സർവ്വേ അദാലത്തുകളിലും അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഈ അപേക്ഷകളിൽനിന്നും പദ്ധതിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി ഗുണഭോക്താക്കളെ കണ്ടെത്തുന്ന പ്രവർത്തനം പൂർത്തിയായിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഭൂമി പോക്കുവരവുമായി ബന്ധപ്പെട്ട ഉത്തരവുകൾ

67(2681) ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി പോക്കുവരവ് ചെയ്യുന്നത് സംബന്ധിച്ച് ഇപ്പോൾ പ്രാബല്യത്തിലുള്ള ഉത്തരവുകൾ ഏതൊക്കെയാണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) ഇവയിൽ ഏതു ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് വില്ലേജ് ഓഫീസർ ഭാഗികമായി പാസ്സാക്കുന്ന പോക്കുവരവിന്മേൽ താലൂക്ക് ഓഫീസർ തുടർ നടപടി സ്വീകരിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഭൂമി പോക്കുവരവ് ചെയ്യുന്നത് സംബന്ധിച്ച് ഇപ്പോൾ പ്രാബല്യത്തിലുള്ള സർക്കാർ ഉത്തരവുകൾ ചുവടെ പറയുന്നവയാണ്:

1. 14-9-1966-ലെ സ.ഉ.(പി) നമ്പർ 490/66/റവന്യൂ.
2. 17-1-1992-ലെ സ.ഉ. (എംഎസ്.) നമ്പർ 19/92/റവന്യൂ.
3. 16-12-2005-ലെ സ.ഉ. (എംഎസ്.) നമ്പർ 391/05/റവന്യൂ.
4. 16-10-2008-ലെ സ.ഉ. (എംഎസ്.) നമ്പർ 344/08/റവന്യൂ.
5. 13-9-2010-ലെ സ.ഉ. (എംഎസ്.) നമ്പർ 389/10/റവന്യൂ.
6. 2-7-2011-ലെ 2589/ഇ 3/2010/റവന്യൂ നമ്പർ സർക്കുലർ
7. 21-1-2015-ലെ 19561/ഇ 3/2014/റവന്യൂ നമ്പർ സർക്കുലർ
8. 13-4-2012-ലെ സ.ഉ.(സാധാ) നമ്പർ 2214/12/റവന്യൂ
9. 22-11-2011-ലെ സ.ഉ.(എം.എസ്) നമ്പർ 426/11/റവന്യൂ.

(ബി) 16-10-2008-ലെ സ. ഉ. (എംഎസ്.) നമ്പർ 344/2008/റവന്യൂ പ്രകാരമാണ് വില്ലേജ് ഓഫീസർമാർ ഭാഗികമായി പാസ്സാക്കുന്ന പോക്കുവരവിന്മേൽ താലൂക്ക് ഓഫീസർമാർ തുടർ നടപടി സ്വീകരിക്കുന്നത്.

## മിച്ചഭൂമി വിതരണം

68 (2682) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിച്ചഭൂമിയായി കണ്ടെത്തിയ എത്ര ഏക്കർ ഭൂമിയാണ് സംസ്ഥാനത്തുള്ളത്; ജില്ലതിരിച്ച് വിശദാംശം നൽകുമോ ;

(ബി) ഈ സർക്കാർ വന്നതിന് ശേഷം എത്ര ഏക്കർ മിച്ച ഭൂമി വിതരണം ചെയ്തിട്ടുണ്ട്; എത്ര പേർക്ക്; ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ;

(സി) എത്ര ഏക്കർ മിച്ചഭൂമിയാണ് വിതരണം ചെയ്യാൻ ബാക്കിയുള്ളത്; ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## റദ്ദ് ചെയ്ത പോക്കുവരവുകൾ

69 (2683) ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010-നുശേഷം സംസ്ഥാനത്ത് തെറ്റായ എത്ര പോക്കുവരവുകൾ റദ്ദ് ചെയ്തിട്ടുണ്ട്; ഇത് സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ റദ്ദ് ചെയ്യപ്പെട്ട പോക്കുവരവുകളുടെ വിശദാംശം ജില്ല തിരിച്ച് വിശദമാക്കാമോ;

(സി) തെറ്റായ പോക്കുവരവുകൾ ഉണ്ടാകാതിരിക്കാൻ ഈ സർക്കാരിന്റെ കാലത്ത് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## തിരുമല-തൃക്കണ്ണാപുരം റോഡിന്റെ വികസനം

70(2684) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നേമം നിയോജകമണ്ഡലത്തിലെ തിരുമല-തൃക്കണ്ണാപുരം റോഡിന്റെ വികസനവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുത്ത വകയിൽ ആർക്കൊക്കെ ഭൂമിയുടെ വില കൊടുക്കുവാനുണ്ടെന്നും, ആയത് എന്നത്തേക്ക് നല്കുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

നേമം നിയോജകമണ്ഡലത്തിലെ തിരുമല-തൃക്കണ്ണാപുരം റോഡിന്റെ വികസനവുമായി ബന്ധപ്പെട്ട് ഇതുവരെ ഭൂമി ഏറ്റെടുത്ത വകയിൽ ആർക്കും തന്നെ നഷ്ടപരിഹാരം നൽകുവാൻ അവശേഷിക്കുന്നില്ല.

## റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം

71(2686) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം രൂപീകരിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) ആധുനിക വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ്/ജമമാറ്റം നടപടികൾ വേഗത്തിലും, സുതാര്യമായും, കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുന്ന ഓൺലൈൻ പോക്കുവരവ് ആണ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യം. നിലവിലെ സംവിധാനം അനുസരിച്ച് പോക്കുവരവ് ചെയ്യുന്നതിനുള്ള കാലതാമസവും യഥാവിധി പോക്കുവരവ് നടക്കാതെയും, നടത്താതെയും ഉണ്ടാകുന്ന ബുദ്ധിമുട്ടുകളും ജനങ്ങൾക്ക് പരിഹരിച്ചുകിട്ടുകയും, വില്ലേജ് റെക്കാർഡുകളിൽ കൃത്യമായ രേഖപ്പെടുത്തലുകൾ ഉണ്ടാവുകയും ചെയ്യുന്നു. മാത്രമല്ല, സർക്കാർ ഭൂമി യാതൊരു കാരണവശാലും അനധികൃതമായി കൈമാറ്റം ചെയ്യപ്പെടാതിരിക്കാനും, രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ സമയബന്ധിതമായ ജമമാറ്റം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽ നിന്നോ, നിരീക്ഷണത്തിൽ നിന്നോ മാറിപ്പോകാതിരിക്കാനും ഈ സംവിധാനം സഹായകരമാണ്. ഭൂമി കൈമാറ്റങ്ങളുമായി ബന്ധപ്പെട്ട സുതാര്യതയാണ് മറ്റൊരു ഉദ്ദേശ്യലക്ഷ്യം. കൂടാതെ ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുന്ന വില്ലേജുകളിൽ ഭൂനികുതി ഓൺലൈനായി അടയ്ക്കുന്നതിനുള്ള ഓൺലൈൻ പേയ്മെന്റ് സൗകര്യവും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) റെലീസ് Ver. 1 ഉപയോഗിച്ചുള്ള ഓൺലൈൻ പോക്കുവരവ് 15-9-2011 മുതൽ പാലക്കാട് ജില്ലയിലെ 17 വില്ലേജുകളിൽ നടപ്പിലാക്കിയിരുന്നു. സംസ്ഥാനത്ത് ഓൺലൈൻ പോക്കുവരവ് (Integrated Online Pokkuvaravu) നിലവിൽ 325-ഓളം വില്ലേജുകളിൽ നടപ്പാക്കി. 31-3-2016-നകം 420 വില്ലേജുകളിലേയ്ക്ക് ഇത് നടപ്പാക്കുന്നതിനുള്ള നടപടികളാണ് നടന്നുവരുന്നത്. ഈ

വില്ലേജുകളും ഉടൻതന്നെ റെലീസ് Ver. 2 വിലേയ്ക്ക് മാറുന്നതാണ്. ഈ സംവിധാനം സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുന്നതിന് 17-10-2015-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 575/2015/റവന്യൂ പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടമായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലുംപെട്ട 420 വില്ലേജുകളിലേയ്ക്കുകൂടി 31-3-2016-നകം ഈ സംവിധാനം വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു. 21-1-2015-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 550/2015/പൊ.ഭ.വ. പ്രകാരം ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കുന്നതിനോടനുബന്ധിച്ചുള്ള വിവര സാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട റവന്യൂ വകുപ്പിലെ പ്രവർത്തനങ്ങളുടെ ചുമതല കേരള സ്റ്റേറ്റ് ഐ.റ്റി.മിഷൻ ഡയറക്ടർക്ക് നൽകിയിട്ടുള്ളതുമാണ്. സംസ്ഥാനത്ത് ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ഭൂമിയുടെ നികുതി ഓൺലൈനായി സ്വീകരിക്കുന്ന സംവിധാനം കോട്ടയം ജില്ലയിലെ 100 വില്ലേജുകളിൽ നടപ്പിലാക്കി.

## കൊല്ലം ജില്ലയിലെ പള്ളിക്കമണ്ണടി പാലം നിർമ്മാണം

72(2688) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ പള്ളിക്കമണ്ണടി പാലം നിർമ്മാണത്തിന് തുക അനുവദിച്ചുവെങ്കിലും അപ്രോച്ച് റോഡിന് ഭൂമി ഏറ്റെടുത്ത് നൽകാത്തതുമൂലം പാലം നിർമ്മാണം നിശ്ചലാവസ്ഥയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എല്ലാവിധ രേഖകളും സർക്കാരിന് സമർപ്പിച്ചുവെങ്കിലും അപ്രോച്ച് റോഡ് നിർമ്മാണത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിലേക്കുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) എത്രത്തോളം ഭൂമിയാണ് ഏറ്റെടുക്കേണ്ടതെന്നും ആയത് എന്നത്തേക്ക് ഏറ്റെടുത്ത് നൽകുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ കൊല്ലം ജില്ലയിൽ പൊതു ആവശ്യത്തിന് ഭൂമി ഏറ്റെടുത്ത് നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജില്ലാതല പർച്ചേയ്സ് കമ്മിറ്റി മുമ്പോട്ടുവച്ച സ്ഥലവില അംഗീകരിച്ചു കൊണ്ട് ആകെയുള്ള 23 ഭൂവുടമകളിൽ 8 പേർ മാത്രമാണ് ഭൂമി വിട്ടുതരുന്നതിന് സമ്മതപത്രം നൽകിയിട്ടുള്ളത്. ബഹുഭൂരിപക്ഷം ഭൂവുടമകളും സമ്മതപത്രം നൽകാത്ത സാഹചര്യമാണ് ഭൂമി ഏറ്റെടുക്കലിന് തടസ്സം സൃഷ്ടിച്ചിട്ടുള്ളത്.

(സി) കൊല്ലം താലൂക്കിൽ മീനാട്, ആദിച്ചനല്ലൂർ എന്നീ വില്ലേജുകളിലെ വിവിധ സർവ്വേ നമ്പരുകളിൽനിന്നും 0.3733 ഹെക്ടർ സ്ഥലമാണ് പള്ളിക്കമണ്ണടി പാലം നിർമ്മാണത്തിന് അപ്രോച്ച് റോഡിനുവേണ്ടി ഏറ്റെടുക്കുവാനുള്ളത്. പുതിയ ഭൂമി ഏറ്റെടുക്കൽ നിയമം അടിസ്ഥാനമാക്കി സംസ്ഥാനത്ത് ചട്ടങ്ങൾ രൂപീകരിച്ചിട്ടുള്ളതിനാൽ കഴിവതും വേഗം സ്ഥലമെടുപ്പ് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) കൊല്ലം ജില്ലയിൽ മുളക്കട ജംഗ്ഷൻ മുതൽ വാടി വരെയുള്ള റോഡ് വികസനത്തിനായി കൊല്ലം താലൂക്കിൽ, കൊല്ലം വെസ്റ്റ് വില്ലേജിലെ വിവിധ സർവ്വേ നമ്പരുകളിൽ നിന്നും 0.3890 ഹെക്ടറും കൊല്ലം പോർട്ടിലേയ്ക്കുള്ള റോഡ് നിർമ്മാണത്തിനായി കൊല്ലം താലൂക്കിൽ, കൊല്ലം വെസ്റ്റ് വില്ലേജിലെ വിവിധ സർവ്വേ നമ്പരുകളിൽ നിന്നും 0.2558 ഹെക്ടറും ചീക്കൽക്കടവ് പാലത്തിനും അനുബന്ധ റോഡിന്റെ നിർമ്മാണത്തിനുമായി കൊല്ലം താലൂക്കിൽ, കിഴക്കേ കല്ലട വില്ലേജിലെ വിവിധ സർവ്വേ നമ്പരുകളിൽ നിന്നും 0.4009 ഹെക്ടർ സ്ഥലവും കഴിഞ്ഞ മൂന്ന് വർഷക്കാലയളവിനുള്ളിൽ പൊതു ആവശ്യത്തിനായി ഏറ്റെടുത്തിട്ടുണ്ട്.

## സ്കൂൾ ഭൂമി കയ്യേറ്റം

73(2690) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ താലൂക്ക് കുറവ വില്ലേജിലെ പാങ്ങ് ഗവ. ഹയർ സെക്കണ്ടറി സ്കൂൾ ഭൂമി, ക്ഷേത്ര കമ്മിറ്റി കയ്യേറിയതായുള്ള പരാതിയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) സ്ഥല പരിമിതിയാൽ ബുദ്ധിമുട്ടുന്ന സ്കൂളിന് പുതിയ കെട്ടിടം പണിയുന്നതിന് തടസ്സമായ പ്രസ്തുത കയ്യേറ്റം ഒഴിപ്പിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രസ്തുത പരാതിയിന്മേൽ നടപടികൾക്കായി പെരിന്തൽമണ്ണ സബ് കളക്ടർക്ക് ജില്ലാ കളക്ടർ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. കയ്യേറ്റവുമായി ബന്ധപ്പെട്ട് പെരിന്തൽമണ്ണ മുൻസിഫ് കോടതി ഐ.എ.1253/13 നമ്പരായി നിരോധന ഉത്തരവായിട്ടുണ്ട്.

(ബി) നിരോധന ഉത്തരവിനനുസൃതമായി ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## ചികിത്സാ ധനസഹായം

74 (2691) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ വച്ച് നടത്തിയ റവന്യൂ അദാലത്തിൽ ചികിത്സാ ധനസഹായം ലഭിക്കുന്നതിനായി എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; ഇതിൽ എത്ര പേർക്ക് ധനസഹായം അനുവദിച്ചു; ഇതിൽ എത്ര പേർക്ക് ധനസഹായം വിതരണം ചെയ്തു;

(ബി) റവന്യൂ അദാലത്തിൽ ചികിത്സാ ധനസഹായത്തിനായി അപേക്ഷ സമർപ്പിച്ച പലർക്കും ഇതുമായിബന്ധപ്പെട്ട് നാളിതുവരെ യാതൊരു അറിയിപ്പും ലഭിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് സംബന്ധിച്ച് പരിശോധിക്കുമോ;

(സി) അപേക്ഷകർക്കെല്ലാം ചികിത്സാ ധനസഹായം അടിയന്തരമായി നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ-സി) ഇടുക്കി ജില്ലയിൽ വച്ച് നടത്തിയ റവന്യൂ അദാലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനായി 867 അപേക്ഷകൾ ലഭിച്ചിട്ടുള്ളതും ആയതിൽ അർഹരായ 558 അപേക്ഷകർക്ക് ജി.ഒ. (ആർറ്റി.) നമ്പർ 2864/15/റ.വ. തീയതി 2-5-2015 പ്രകാരവും പിന്നീട് മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയ രണ്ട് പേരും ഉൾപ്പെടെ ആകെ 560 പേർക്ക് ധനസഹായം അനുവദിച്ച് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ അപേക്ഷകരുടെ ബാഹുല്യവും ഫണ്ടിന്റെ അപര്യാപ്തതയും നിമിത്തം തുക വിതരണത്തിൽ കാലതാമസം നേരിടാറുണ്ട്.

## ആലപ്പുഴ ജില്ലയിലെ പട്ടയ വിതരണം

75(2692) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ആലപ്പുഴ ജില്ലയിൽ എത്ര പേർക്ക് പുതിയതായി പട്ടയം നൽകിയിട്ടുണ്ട്; താലൂക്ക്, വില്ലേജ് എന്നിവ തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ആലപ്പുഴ ജില്ലയിൽ എത്ര പേർക്ക് നൽകാനുള്ള പട്ടയങ്ങൾ ഇപ്പോൾ തയ്യാറാക്കിയിട്ടുണ്ട്; താലൂക്ക്, വില്ലേജ് തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ;

(സി) ആലപ്പുഴ ജില്ലയിൽ റവന്യൂ വകുപ്പിലെ ഏതെല്ലാം സേവനങ്ങളാണ് ഓൺലൈനായി ലഭിക്കുക; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലപ്പുഴ ജില്ലയിൽ വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം വില്ലേജ് തിരിച്ച് ചുവടെ ചേർക്കുന്നു:

1. ചേർത്തല താലൂക്ക്

| ക്രമ നമ്പർ | വില്ലേജ് | വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം |
|---|---|---|
| 1 | 2 | 3 |
| 1 | അരൂർ | 22 |
| 2 | എഴുപുന്ന | 67 |
| 3 | കഞ്ഞിക്കുഴി | 30 |
| 4 | കുത്തിയതോട് | 122 |
| 5 | മാരാരിക്കുളം വടക്ക് | 75 |
| 6 | പള്ളിപ്പുറം | 36 |
| 7 | പാണാവള്ളി | 30 |
| 8 | പെരുമ്പളം | 38 |
| 9 | തണ്ണീർമുക്കം വടക്ക് | 35 |
| 10 | തണ്ണീർമുക്കം തെക്ക് | 18 |
| 11 | തുറവൂർ തെക്ക് | 307 |
| 12 | തൈക്കാട്ടുശ്ശേരി | 16 |
| 13 | വയലാർ | 36 |
| 14 | ചേർത്തല തെക്ക് | 11 |
| 15 | കൊക്കോതമംഗലം | 13 |
| 16 | കടക്കരപ്പള്ളി | 15 |
| 17 | പട്ടണക്കാട് | 80 |
| 18 | ചേർത്തല നോർത്ത് | 42 |
| 19 | അരൂക്കുറ്റി | 10 |
| 20 | അർത്തുങ്കൽ | 15 |
| 21 | കോടംതുരുത്ത് | 20 |
| **ആകെ** | | **1038** |

2. അമ്പലപ്പുഴ താലൂക്ക്

| ക്രമ നമ്പർ | വില്ലേജ് | വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം |
|---|---|---|
| 1 | കലവൂർ | 94 |
| 2 | മണ്ണഞ്ചേരി | 33 |
| 3 | പാതിരപ്പള്ളി | 23 |
| 4 | കോമളപുരം | 40 |
| 5 | ആര്യാട് തെക്ക് | 43 |
| 6 | മുല്ലയ്ക്കൽ | 25 |
| 7 | ആലപ്പുഴ പടിഞ്ഞാറ് | 1 |
| 8 | പറവൂർ | 24 |
| 9 | പുന്നപ്ര | 44 |
| 10 | അമ്പലപ്പുഴ | 73 |
| 11 | പുറക്കാട് | 381 |
| 12 | അമ്പലപ്പുഴ വടക്ക് | 9 |
| **ആകെ** | | **790** |

3. കുട്ടനാട് താലൂക്ക്

| ക്രമ നമ്പർ | വില്ലേജ് | വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം |
|---|---|---|
| 1 | തലവടി | 9 |
| 2 | തകഴി | 1 |
| 3 | ചമ്പക്കുളം | 2 |
| 4 | നെടുമുടി | 27 |
| 5 | മുട്ടാർ | 21 |
| 6 | എടത്വ | 20 |
| 7 | കൈനകരി | 37 |
| 8 | കൈനകരി വടക്ക് | 12 |

| 1 | 2 | 3 |
|---|---|---|
| 9 | പുളിങ്കുന്ന് | 20 |
| 10 | കാവാലം | 12 |
| 11 | രാമങ്കരി | 4 |
| 12 | കുന്നമ്മ | 41 |
| 13 | നീലംപേരൂർ | 2 |
| 14 | വെളിയനാട് | 24 |
| | **ആകെ** | **232** |

4. കാർത്തികപ്പള്ളി താലൂക്ക്

| ക്രമ നമ്പർ | വില്ലേജ് | വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം |
|---|---|---|
| 1 | ആറാട്ടുപുഴ | 133 |
| 2 | ചെറുതന | 3 |
| 3 | ചേപ്പാട് | 1 |
| 4 | ഹരിപ്പാട് | 4 |
| 5 | കാർത്തികപ്പള്ളി | 5 |
| 6 | കരുവാറ്റ | 1 |
| 7 | കൃഷ്ണപുരം | 6 |
| 8 | കുമാരപുരം | 3 |
| 9 | പള്ളിപ്പാട് | 19 |
| 10 | പത്തിയൂർ | 10 |
| 11 | മുതുകുളം | 4 |
| 12 | വീയപുരം | 2 |
| 13 | കണ്ടല്ലൂർ | 3 |
| | **ആകെ** | **194** |

5. മാവേലിക്കര താലൂക്ക്

| ക്രമ നമ്പർ | വില്ലേജ് | വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം |
|---|---|---|
| 1 | വെട്ടിയാർ | 3 |
| 2 | നൂറനാട് | 2 |
| 3 | താമരക്കുളം | 8 |
| 4 | തെക്കേക്കര | 8 |
| 5 | പാലമേൽ | 4 |
| 6 | വള്ളിക്കുന്നം | 13 |
| 7 | തഴക്കര | 1 |
| 8 | മാവേലിക്കര | 1 |
| | **ആകെ** | **40** |

6. ചെങ്ങന്നൂർ താലൂക്ക്

| ക്രമ നമ്പർ | വില്ലേജ് | വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം |
|---|---|---|
| 1 | വെൺമണി | 2 |
| | **ആകെ** | **2** |

(ബി) തയ്യാറാക്കിയിട്ടുള്ള പട്ടയങ്ങളെല്ലാം തന്നെ വിതരണം ചെയ്തിട്ടുള്ളതാണ്.

(സി) ആലപ്പുഴ ജില്ലയിൽ 24 തരം സർട്ടിഫിക്കറ്റുകൾ ഓൺലൈനായി വില്ലേജ് താലൂക്ക് ഓഫീസുകൾ മുഖാന്തരം നൽകുന്നുണ്ട്. തണ്ണീർമുക്കം വടക്ക് വില്ലേജിൽ ഓൺലൈൻ പോക്കുവരവ് സംവിധാനവും ആരംഭിച്ചിട്ടുണ്ട്. മറ്റു വില്ലേജുകളിൽക്കൂടി പ്രസ്തുത സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വനാവകാശ നിയമപ്രകാരം ആദിവാസികൾക്ക് ഭൂമി**

76(2693) <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനാവകാശ നിയമപ്രകാരം ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിന് കണ്ടെത്തിയ ഭൂമിയിൽ എവിടെയെല്ലാം സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ട്; സ്ഥലം, ഭൂമിയുടെ അളവ്, ഗുണഭോക്താക്കളുടെ എണ്ണം, സർവ്വേ നടത്തിയ വർഷം എന്നിവ ജില്ല തിരിച്ച് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

വിവരം ശേഖരിച്ചുവരുന്നു.

## വരൾച്ച

77(2696) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുവർഷം കാലവർഷത്തിലുണ്ടായ കുറവുമൂലം കടുത്ത വരൾച്ചയുണ്ടാകും എന്ന് പ്രതീക്ഷിക്കുന്നുണ്ടോ; സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വരൾച്ച രൂക്ഷമാകുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) കാലാവസ്ഥാ വകുപ്പിൽ നിന്നും ഇതു സംബന്ധിച്ച പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(സി) വരൾച്ച നേരിടുന്നതിന് പാലക്കാട് ജില്ലയിൽ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത്; ദീർഘകാലാടിസ്ഥാനത്തിലുള്ള എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) നിലവിലുള്ള ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## രത്നഗിരി പബ്ലിക് ലൈബ്രറിക്ക് സ്ഥലം

78(2697) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രത്നഗിരി പബ്ലിക് ലൈബ്രറിക്ക് സ്ഥലം വിട്ടുനൽകുന്നതിനും ഏറ്റെടുത്ത സ്ഥലത്തിന് നഷ്ടപരിഹാരം നൽകുന്നതും സംബന്ധിച്ച 16678/B2/Rev/2014 നമ്പർ ഫയലിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫയൽ തീർപ്പാക്കുവാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ഇതു പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; പ്രസ്തുത ഫയൽ ഇപ്പോൾ ആരുടെ കൈവശമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 4-3-2014-ലെ കോട്ടയം ജില്ലാ കളക്ടറുടെ പ്രൊപ്പോസൽ പ്രകാരം 11-12-2014-ൽ ചേർന്ന എസ്.എൽ.ഇ.സി. യോഗം രത്നഗിരി പബ്ലിക് ലൈബ്രറിയുടെ രജിസ്ട്രാറിന് 3,40,000 രൂപ നഷ്ടപരിഹാരമായി നൽകുവാൻ തീരുമാനിക്കുകയും ടി വിവരം 19-1-2015-ലെ 16678/ബി2/14 നമ്പർ കത്ത് പ്രകാരം കോട്ടയം ജില്ലാ കളക്ടറെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) എസ്.എൽ.ഇ.സി. വില നിശ്ചയിച്ച് നൽകിയതനുസരിച്ച് ചെങ്ങന്നൂർ മൂവാറ്റുപുഴ എം.സി. റോഡുവികസനത്തിനുവേണ്ടി ഏറ്റെടുത്തിട്ടുള്ള സ്ഥലത്തിന്റെ അവാർഡ് തുകയും ലൈബ്രറി കെട്ടിടത്തിനുള്ള നഷ്ടപരിഹാരത്തുകയും 24-7-2015-ന് രത്നഗിരി പബ്ലിക് ലൈബ്രറി സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്.

## ചേർത്തല താലൂക്കിൽ ഭൂമിയുടെ ഫെയർ വാല്യൂ

79(2700) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല താലൂക്കിലെ ചേർത്തല തെക്ക്, അർത്തുങ്കൽ വില്ലേജുകളിൽപ്പെട്ട ഫെയർവാല്യു നിശ്ചയിച്ചിട്ടില്ലാത്ത ഭൂമികളുടെ ഫെയർവാല്യൂ നിശ്ചയിക്കുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഭൂമിയുടെ ഫെയർവാല്യൂ നിശ്ചയിക്കുന്നതിനുള്ള നടപടികൾ എന്തെല്ലാമായിരുന്നു, എന്തുകൊണ്ടാണ് ഒട്ടേറെ സർവ്വേ നമ്പറുകളിൽപ്പെട്ട ഭൂമികളുടെ ഫെയർവാല്യു ഉൾപ്പെടാതെ പോയിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) ഫെയർവാല്യൂ നിശ്ചയിക്കുന്നതും പ്രസിദ്ധപ്പെടുത്തുന്നതും ഉദ്യോഗസ്ഥ തലത്തിൽ നടന്ന നടപടിയായിരിക്കേ ഫെയർവാല്യു നിശ്ചയിക്കപ്പെട്ടിട്ടില്ല എന്ന കാരണത്താൽ ഭൂമി അത്യാവശ്യ കാര്യങ്ങൾക്ക് ക്രയവിക്രയം ചെയ്യുന്നതിന് കഴിയാത്തവിധമാക്കിയത് പരിഹരിക്കുവാൻ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് പറയാമോ;

(ഡി) പ്രസ്തുത ആവശ്യത്തിനായി സർക്കാർ ഓഫീസുകളുടെ പടികൾ മാസങ്ങളായി കയറിയിറങ്ങുന്ന സാധാരണക്കാരുടെ ബുദ്ധിമുട്ടുകൾ സമയബന്ധിതമായി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) ചേർത്തല താലൂക്കിലെ ചേർത്തല തെക്ക്, അർത്തുങ്കൽ വില്ലേജുകളിൽപ്പെട്ട ഫെയർവാല്യൂ നിശ്ചയിച്ചിട്ടില്ലാത്ത ഭൂമികളുടെ ഫെയർവാല്യൂ നിശ്ചയിക്കുന്നതിന് കക്ഷികൾ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിച്ച് ന്യായവില നിശ്ചയിച്ചുവരുന്നു.

(ബി) വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ, പഞ്ചായത്ത് പ്രസിഡന്റ് എന്നിവർ സംയുക്തമായി ഓരോ സർവ്വേ നമ്പരിൽപ്പെട്ട സ്ഥലങ്ങൾ പരിശോധന നടത്തിയാണ് ന്യായവില നിശ്ചയിച്ചത്. ചില സർവ്വേ നമ്പറുകളിൽപ്പെട്ട ഭൂമിക്ക് ന്യായവില നിശ്ചയിക്കുവാൻ വിട്ടുപോയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ന്യായവില നിശ്ചയിച്ച അവസരത്തിൽ ന്യായവില നിശ്ചയിക്കുവാൻ വിട്ടുപോയിട്ടുള്ള കേസുകളിൽ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സമയബന്ധിതമായി നടപടികൾ സ്വീകരിച്ച് ന്യായവില നിശ്ചയിച്ചുവരുന്നു.

(ഡി) ന്യായവില നിശ്ചയിക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്ന സാധാരണക്കാരുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ സമയബന്ധിതമായി നടപടികൾ സ്വീകരിച്ചുവരുന്നു.

## കൽപ്പറ്റ-വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി-റോഡുകൾക്കായി ചെലവഴിച്ച തുക

80(2702) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി കൽപ്പറ്റ നിയോജകമണ്ഡലത്തിൽ അനുവദിച്ച റോഡുകളുടെ പഞ്ചായത്തുതല വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത റോഡുകൾക്കായി ചെലവഴിച്ച തുകയുടെ വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും നിയോജക മണ്ഡലാടിസ്ഥാനത്തിൽ തുക അനുവദിക്കാറില്ല.

## ഓപ്പറേഷൻ അനന്ത പദ്ധതി

81 (2703) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്കം ഇല്ലാതാക്കുന്നതിനായി ആവിഷ്കരിച്ച ഓപ്പറേഷൻ അനന്ത പദ്ധതി പൂർണ്ണമായും നടപ്പാക്കിയോ എന്നും പ്രസ്തുത പദ്ധതിയിലൂടെ തിരുവനന്തപുരം നഗരത്തിലെ വെള്ളപ്പൊക്ക പ്രശ്നം പരിഹരിക്കപ്പെട്ടോ എന്നും വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ പദ്ധതി നടത്തിപ്പിൽ പരാജയപ്പെടുകയും സംസ്ഥാന ഖജനാവിന് വൻ നഷ്ടമുണ്ടാക്കുകയും ചെയ്ത ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## കൊണ്ടോട്ടി താലൂക്ക് ഓഫീസിന്റെ ശോചനീയാവസ്ഥ

82(2704) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി താലൂക്ക് ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടം മതിയായ സൗകര്യമില്ലാത്തതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മിനി സിവിൽ സ്റ്റേഷൻ പണിയുന്നതിനുവേണ്ടി എം.എൽ.എ. ആസ്തി ഫണ്ടിൽനിന്നും തുക അനുവദിച്ച് ഭരണാനുമതിയായിട്ടും കെട്ടിടം നിർമ്മിക്കുന്നതിന് തടസ്സമായിട്ടുള്ളത് പഞ്ചായത്ത് നൽകിയ സ്ഥലത്തിന്റെ തരം മാറ്റാത്തതാണ് എന്നത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(സി) പ്രസ്തുത ആവശ്യത്തിനായി സംസ്ഥാന സമിതി യോഗത്തിൽ തീരുമാനം എടുത്ത ഫയലിന്മേൽ വേഗത്തിൽ തീർപ്പ് കൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) അനുയോജ്യമായ പൊതു സ്ഥലം മറ്റിടങ്ങളിൽ ഉണ്ടെങ്കിൽ അവിടെ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. നിലവിൽ കൊണ്ടോട്ടി താലൂക്ക് ഓഫീസ് പ്രവർത്തിക്കുന്ന വാടകകെട്ടിടം കടമുറികൾക്കുവേണ്ടി നിർമ്മിച്ചവയായതിനാൽ താലൂക്ക് ഓഫീസ് പ്രവർത്തനത്തിന് ആവശ്യമായ യാതൊരു അടിസ്ഥാന സൗകര്യങ്ങളും ഇല്ലാത്തതാണ്.

(ബി) ഉണ്ട്. വില്ലേജ് റെക്കോർഡ് പ്രകാരം പ്രസ്തുത ഭൂമി നിലം വിഭാഗത്തിൽ ഉൾപ്പെടുന്നതാണ്. പൊതു കാര്യത്തിനുള്ള തരംമാറ്റം സംസ്ഥാന നിരീക്ഷണ സമിതി തടഞ്ഞിട്ടുണ്ട്. പകരം സംവിധാനം കണ്ടെത്താനാവാത്ത സാഹചര്യവും നിലനിൽക്കുന്നു.

(സി) കൊണ്ടോട്ടി-നെടിയിരുപ്പ് പഞ്ചായത്തുകൾ ചേർന്ന് രൂപീകരിക്കപ്പെട്ട കൊണ്ടോട്ടി മുനിസിപ്പാലിറ്റി പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചപ്പോൾ ഒഴിവ് വന്ന നെടിയിരുപ്പ് പഞ്ചായത്ത് കെട്ടിടം കൊണ്ടോട്ടി താലൂക്ക് ഓഫീസിനുവേണ്ടി നിർദ്ദേശിച്ചിരുന്നുവെങ്കിലും നഗരസഭാ അധികൃതർ അനുകൂല നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല.

(ഡി) അനുയോജ്യമായ പൊതുസ്ഥലം കണ്ടെത്തി ജില്ലാ കളക്ടർ ശിപാർശ സമർപ്പിക്കുന്ന മുറയ്ക്ക് ഈ വിഷയം പരിശോധിക്കുന്നതാണ്.

**പുതുക്കാട് മണ്ഡലത്തിലെ പട്ടയ വിതരണം**

83(2705) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂർ ജില്ലയിൽ എത്രപേർക്ക് പട്ടയം നൽകി എന്ന് വിശദമാക്കാമോ;

(ബി) പുതുക്കാട് മണ്ഡലത്തിൽ എത്രപേർക്ക് പട്ടയം നൽകി എന്ന് വിശദമാക്കാമോ;

(സി) പുതുക്കാട് മണ്ഡലത്തിൽ പട്ടയത്തിനായി അപേക്ഷ നൽകിയവരിൽ തീർപ്പാകാതെ എത്രയെണ്ണമാണ് ഉള്ളത്; വിശദമാക്കാമോ;

(ഡി) അടിയന്തരമായി തീർപ്പാക്കി അപേക്ഷിച്ച എല്ലാപേർക്കും പട്ടയം എന്നേയ്ക്ക് നൽകാനാകും; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 12115 പേർക്ക്.

(ബി) 28 പട്ടയങ്ങൾ.

(സി) 332 എണ്ണം. ഇവയിൽ 158 എണ്ണം വനഭൂമി പട്ടയത്തിനായുള്ള അപേക്ഷകളും, 31 അപേക്ഷകൾ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ പുറമ്പോക്ക് സ്ഥലങ്ങൾ പതിച്ച് ലഭിക്കാനുള്ളവയും ബാക്കിയുള്ളത് പുറമ്പോക്ക് ഭൂമി പതിച്ച് ലഭിക്കാനുള്ളവയും കാണം ജന്മാവകാശമാക്കാനുള്ളവയുമാണ്.

(ഡി) പുറമ്പോക്ക് പതിച്ച് ലഭിക്കാനുള്ള അപേക്ഷകളിൽ കൈവശപ്പഴക്കം കൂടി നിർണ്ണയിച്ചശേഷം പതിവ് കമ്മിറ്റിയുടെ അംഗീകാരത്തോടെ പട്ടയനടപടി പൂർത്തീകരിച്ച് പട്ടയം അനുവദിക്കുന്നതിനുള്ള നടപടി ദ്രുതഗതിയിൽ സ്വീകരിച്ചു വരുന്നുണ്ട്. വനഭൂമി പതിച്ചു നൽകാനുള്ളവയിൽ തീർപ്പാകാതെ അവശേഷിക്കുന്ന 158 അപേക്ഷകളിൽ സംയുക്ത പരിശോധനാ റിപ്പോർട്ട് ഇല്ലാത്തവയും അധിക ഭൂമിയുള്ളവയും രേഖകൾ ഹാജരാക്കാത്ത കേസുകളും മരവില അടയ്ക്കാനുള്ളവയും ഉൾപ്പെടുന്നു. ഇക്കാര്യങ്ങൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനും നിയമാനുസരണം പട്ടയം അനുവദിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## സർക്കാർ ഭൂമി സ്വകാര്യ സ്ഥാപനങ്ങൾക്ക് പതിച്ചു നൽകിയതിന്റെ കണക്ക്

84(2706) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സ്വകാര്യ സ്ഥാപനങ്ങൾക്കും ട്രസ്റ്റുകൾക്കുമായി സർക്കാർ ഭൂമി പതിച്ചു നൽകിയതിന്റെ കണക്ക് ലഭ്യമാക്കാമോ;

(ബി) ഓരോ സ്ഥാപനങ്ങളുടേയും പേരും വിശദാംശവും അനുവദിക്കപ്പെട്ട ഭൂമിയുടെ അളവും ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## പാട്ടത്തിന് നൽകിയ ഭൂമി

85(2707) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാറിന്റെ കൈവശമുള്ള ഭൂമി, വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പാട്ടത്തിനുനൽകുന്ന പദ്ധതി പ്രകാരം എത്ര ഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഭൂമി പാട്ടത്തിന് നൽകിയത് ആർക്കാണെന്നും ആയത് എത്ര തുകയ്ക്കാണെന്നും ജില്ല തിരിച്ച് വിശദമാക്കുമോ;

(സി) പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി കൈവശംവയ്ക്കുന്നത് എത്ര പേർ; ആയത് തിരിച്ചു പിടിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## ദുരിതാശ്വാസ ക്യാമ്പുകൾ

86(2708) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭം, വർഗ്ഗീയ സംഘർഷങ്ങൾ എന്നിവമൂലം ഭവനരഹിതരായവർക്കായി എത്ര ദുരിതാശ്വാസ ക്യാമ്പുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്;

(ബി) എത്ര കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ട്;

(സി) ക്യാമ്പുകളുടെ പേരും മറ്റ് വിവരങ്ങളും വിശദമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## ഭൂരഹിതർക്ക് ഭൂമി വിതരണം

87 (2710) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂരഹിതർക്ക് ഭൂമി വിതരണം ചെയ്യുന്നതിന് ഈ സർക്കാർ ആവിഷ്കരിച്ച പദ്ധതികൾ വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പേർക്ക് ഭൂമി വിതരണം ചെയ്തുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇനി എത്ര അപേക്ഷകൾ നിലവിലുണ്ടെന്നും ഇവർക്ക് എന്നത്തേയ്ക്ക് ഭൂമി വിതരണം ചെയ്യാനാകുമെന്നും അറിയിക്കാമോ?

ഉത്തരം

(എ) കേരളത്തെ ഭൂരഹിതരായ കുടുംബങ്ങൾ ഇല്ലാത്ത സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഭൂരഹിതരില്ലാത്ത കേരളം പദ്ധതി-2015" സ്വന്തമായി ഭൂമി ഇല്ലാത്തതും വാർഷിക വരുമാനം 75,000 രൂപയിൽ താഴെയായിട്ടുള്ളതുമായ ഭൂരഹിത കുടുംബങ്ങൾക്ക് വീട് വയ്ക്കുന്ന ആവശ്യത്തിലേയ്ക്കായി 3 സെന്റ് ഭൂമി വീതം പതിച്ചുകൊടുത്തുകൊണ്ട് ഭൂരഹിതരായ കുടുംബങ്ങളില്ലാത്ത സംസ്ഥാനമാക്കി കേരളത്തെ വികസിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. ഘട്ടം ഘട്ടമായി പദ്ധതി പൂർത്തിയാക്കാനാണ് വിഭാവന ചെയ്തിട്ടുള്ളത്. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വേണ്ടി ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന/ ജില്ലാ/താലൂക്ക് തലങ്ങളിൽ രൂപീകരിച്ചിട്ടുള്ള സ്പെഷ്യൽ സെല്ലുകൾ മുഖേന പദ്ധതിപ്രവർത്തനം ഏകോപിപ്പിക്കുന്നതിനുള്ള നടപടികളാണ് ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ളത്. ഗുണഭോക്താക്കൾക്ക് സ്വന്തം വില്ലേജിൽത്തന്നെയാണ് പ്രസ്തുത പദ്ധതി പ്രകാരം ഭൂമി നൽകിവരുന്നത്. എന്നാൽ അപേക്ഷരുടെ സ്വന്തം വില്ലേജിൽ ഭൂമി ലഭ്യമല്ലാത്തതിനാൽ സമീപ വില്ലേജുകളിൽനിന്നുള്ള ഭൂമി നൽകിയ സാഹചര്യം ചില ജില്ലകളിൽ ഉണ്ടായിട്ടുണ്ട്. അനുവദിച്ചിട്ടുള്ള ഭൂമി വാസയോഗ്യമല്ലാത്തതാണെന്ന് ബോധ്യമാകുന്ന കേസുകളിൽ അനുയോജ്യമായ ഭൂമി നൽകാനുള്ള നടപടികൾ എടുക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് അനുമതി നൽകിയിട്ടുണ്ട്. കണ്ണൂർ, കാസർഗോഡ്, ഇടുക്കി ഒഴികെയുള്ള ജില്ലകളിൽ സർക്കാർ ഭൂമിക്ക് ദൗർലഭ്യം നേരിടുന്നുണ്ട്. പാട്ടകുടിശ്ശിക വരുത്തിയിട്ടുള്ളതും കാലാവധി കഴിഞ്ഞതുമായ ഭൂമികൾ ഏറ്റെടുത്തും, അനധികൃത കയ്യേറ്റങ്ങളുള്ള സർക്കാർ ഭൂമികൾ ഒഴിപ്പിച്ചെടുത്തും പദ്ധതിക്കനുയോജ്യമായ മുഴുവൻ ഭൂമിയും കണ്ടെത്തിവരുന്നു.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം 43437 ഭൂരഹിത കുടുംബങ്ങൾക്ക് പട്ടയം അനുവദിച്ചിട്ടുണ്ട്. ഭൂമി ലഭ്യമായവരുടെ എണ്ണം ജില്ലതിരിച്ച് ചുവടെ ചേർക്കുന്നു:

| ജില്ല | വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം |
|---|---|
| 1 | 2 |
| തിരുവനന്തപുരം | 3,181 |
| കൊല്ലം | 683 |
| പത്തനംതിട്ട | 883 |
| ആലപ്പുഴ | 256 |
| കോട്ടയം | 1,309 |
| ഇടുക്കി | 8,561 |
| എറണാകുളം | 1,449 |
| തൃശ്ശൂർ | 510 |
| പാലക്കാട് | 2,114 |
| മലപ്പുറം | 843 |
| കോഴിക്കോട് | 1,550 |
| വയനാട് | 727 |
| കണ്ണൂർ | 11,100 |
| കാസർഗോഡ് | 10,271 |
| **ആകെ** | **43,437** |

(സി) പദ്ധതിപ്രകാരം ഭൂമി ലഭിക്കുന്നതിനുവേണ്ടി 291757 അപേക്ഷകൾ ലഭിച്ചിരുന്നു. ഇതിൽ നിന്നും 243928 കുടുംബങ്ങളെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുകയും 43437 പേർക്ക് പട്ടയം നൽകുകയും ചെയ്തിട്ടുണ്ട്. കാസർഗോഡ്, കണ്ണൂർ, ഇടുക്കി എന്നീ 3 ജില്ലകളിലെ അർഹരായ മുഴുവൻ അപേക്ഷകർക്കും ഭൂമി നൽകിക്കൊണ്ട്, ടി 3 ജില്ലകളെ രാജ്യത്തെ ആദ്യത്തെ ഭൂരഹിതരില്ലാത്ത ജില്ലകളായി പ്രഖ്യാപിച്ചു. 200491 ഗുണഭോക്താക്കൾക്ക് കൂടി പട്ടയം നൽകാനുണ്ട്. 1-2-2014 മുതൽ 31-3-2014 വരെ പദ്ധതിയിലേയ്ക്ക് വീണ്ടും അപേക്ഷകൾ ക്ഷണിച്ചിരുന്നു. കൂടാതെ മുഖ്യമന്ത്രിയുടെ പൊതുജന സമ്പർക്ക പരിപാടികളിലും റവന്യൂ വകുപ്പുമന്ത്രിയുടെ ജില്ലാതല റവന്യൂ സർവ്വേ അദാലത്തുകളിലും അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഈ അപേക്ഷകളിൽ നിന്നും പദ്ധതിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി ഗുണഭോക്താക്കളെ കണ്ടെത്തുന്ന പ്രവർത്തനം പൂർത്തിയായിട്ടില്ല.

## കാഞ്ഞിരപ്പള്ളി ബൈപാസ് റോഡ്

88(2711) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി ബൈപാസ് നിർമ്മാണത്തിനായി എസ്സ്.എൽ.ഇ.സി.യുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ തുടർ നടപടികൾ ഏതു ഘട്ടത്തിലാണ് വ്യക്തമാക്കാമോ ;

(സി) സമയബന്ധിതമായി ഭൂമി ഏറ്റെടുക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ആകെ 24 സ്ഥല ഉടമകളിൽ 2 പേർ മാത്രമാണ് നെഗോസിയേഷൻ മുഖേന ഭൂമി ഏറ്റെടുക്കുന്നതിനുള്ള സമ്മതപത്രം നൽകിയിട്ടുള്ളത്. ഭൂമി ഏറ്റെടുക്കുന്നതിന് Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013-ലെ സെക്ഷൻ 4(1) അനുസരിച്ച് സാമൂഹിക ആഘാത പഠനം നടത്തി സെക്ഷൻ 11(1) നോട്ടിഫിക്കേഷനും സെക്ഷൻ 19 ഡിക്ലറേഷനും പുറപ്പെടുവിക്കേണ്ടതുണ്ട്. ഡിക്ലറേഷൻ പുറപ്പെടുവിച്ചശേഷം സ്ഥലമുടമകൾ State Policy for Compensation and Transparency in Land Acquisition അനുസരിച്ച് നെഗോസിയേറ്റഡ് സെറ്റിൽമെന്റിന് തയ്യാറായാൽ (opt ചെയ്താൽ) District Level Fair Compensation rehabilitation and resettlement Committee (DLFC) ചർച്ചയിലൂടെ വില നിശ്ചയിച്ച് ജില്ലാ കളക്ടർ പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് എസ്.എൽ.ഇ.സി. അംഗീകാരം നൽകി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജിനത്തിൽ 30%-ഉം കണ്ടിജൻസി ചാർജ്ജിനത്തിൽ 5%-ഉം ഉൾപ്പെടെ 35% തുക ആദ്യം തന്നെ അർത്ഥനാധികാരി കെട്ടിവച്ചെങ്കിൽ മാത്രമേ സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ.

## ഭൂരഹിതരില്ലാത്ത കേരളം

89 (2712) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഭൂമി ലഭിക്കുന്നതിനായി എത്ര പേർ അപേക്ഷ നൽകിയിട്ടുണ്ട്; എത്ര പേർക്ക് ഭൂമി അനുവദിച്ച് നൽകിയിട്ടുണ്ട് എന്നത് സംബന്ധിച്ച വിശദാംശം താലൂക്ക് തിരിച്ച് നൽകുമോ;

(ബി) ഭവന നിർമ്മാണത്തിന് ലഭിച്ച ഭൂമി യോജ്യമല്ല എന്ന് കാട്ടി എത്ര പേർ പരാതി നൽകിയിട്ടുണ്ട്; ഈ പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) ഇടുക്കി ജില്ലയിൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിലേയ്ക്ക് ലഭിച്ച അപേക്ഷകളുടെ എണ്ണം, ഗുണഭോക്താക്കളുടെ എണ്ണം, വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം എന്നിവ താലൂക്ക് തിരിച്ച് താഴെ ചേർക്കുന്നു:

| താലൂക്ക് | അപേക്ഷകളുടെ എണ്ണം | തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ എണ്ണം | വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം |
|---|---|---|---|
| ഉടുമ്പൻചോല | 637 | 476 | 476 |
| ഇടുക്കി | 672 | 457 | 457 |
| തൊടുപുഴ | 2475 | 2265 | 2265 |
| പീരുമേട് | 3458 | 2866 | 2866 |
| ദേവികുളം | 3253 | 2497 | 2497 |

(ബി) വീട് വയ്ക്കാൻ അനുയോജ്യമായ ഭൂമിയാണ് പദ്ധതി പ്രകാരം അനുവദിച്ചുനൽകുന്നത്. അനുവദിച്ചുകഴിഞ്ഞ ഭൂമി വാസയോഗ്യമല്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടാൽ സത്വരമായ പരിഹാര നടപടികൾ സ്വീകരിക്കാൻ ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഭൂരഹിതരില്ലാത്ത കേരളം പദ്ധതി**

90 (2713) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> :
<u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> :
<u>ശ്രീ. എസ്. രാജേന്ദ്രൻ</u> :
<u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ നാളിതുവരെ എത്ര പട്ടയങ്ങൾ നൽകിയിട്ടുണ്ട് ;

(ബി) ദേവികുളം താലൂക്കിൽ ഭൂരഹിതർക്കായി നൽകിയ പട്ടയത്തിനായി ഭൂമി നൽകാനായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വിവിധ വകുപ്പുകളുടേയും പഞ്ചായത്തുകളുടേയും അധീനതയിലുള്ള ഭൂപ്രദേശങ്ങളുടെ പട്ടയങ്ങൾ ഭൂരഹിതരായവർക്ക് നൽകാനിടയായത് അന്വേഷണ വിധേയമാക്കുമോ;

(ഡി) ഈ പ്രദേശത്ത് നടത്തിയ മെഗാപട്ടയമേളയ്ക്ക് എത്ര രൂപ ചെലവഴിച്ചു എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ സംസ്ഥാനത്ത് നാളിതുവരെ 43437 പട്ടയങ്ങൾ അനുവദിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) മറ്റ് വകുപ്പുകളുടെയോ പഞ്ചായത്തുകളുടെയോ അധീനതയിലുള്ള ഭൂമി പദ്ധതി പ്രകാരം നൽകിയിട്ടില്ല. എന്നാൽ ഇറിഗേഷൻ വകുപ്പിന്റെ കൈവശത്തിലുള്ള ഭൂമി പദ്ധതിക്കായി ഉപയോഗിക്കാമെന്ന് വകുപ്പുതലത്തിൽ ചർച്ച ചെയ്ത് തീരുമാനിച്ചതിൻപ്രകാരം ഇത്തരം ഭൂമി ചില ജില്ലകളിൽ പദ്ധതിക്കായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

(ഡി) വിവരം തിട്ടപ്പെടുത്തുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

## ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

91 (2714) <u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഭൂമി ലഭ്യമാകുന്നതിന് അപേക്ഷ നൽകിയവരിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട എത്രപേരുണ്ടെന്ന് അറിയിക്കുമോ;

(ബി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) കേരളത്തെ ഭൂരഹിതരായ കുടുംബങ്ങൾ ഇല്ലാത്ത സംസ്ഥാനമാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഭൂരഹിതരില്ലാത്ത കേരളം പദ്ധതി-2015". സംസ്ഥാനത്തെ ഭൂരഹിതരായ കുടുംബങ്ങൾക്ക് 3 സെന്റ് ഭൂമി വീതം ഭൂമി പതിവ് ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി പ്രകാരം പതിച്ചു നൽകുന്നു. മറ്റ് പദ്ധതികളൊന്നും ഇതിന്റെ ഭാഗമായി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടില്ല. ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിലേയ്ക്ക് ലഭ്യമായ അപേക്ഷകളിൽ നിന്ന് തെരഞ്ഞെടുത്തിട്ടുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| ജില്ല | പട്ടികജാതിക്കാർ | പട്ടികവർഗ്ഗക്കാർ |
|---|---|---|
| തിരുവനന്തപുരം | 6585 | 34 |
| കൊല്ലം | 3363 | 19 |
| പത്തനംതിട്ട | 1779 | 68 |
| ആലപ്പുഴ | 1513 | 86 |
| കോട്ടയം | 1115 | 119 |
| ഇടുക്കി | 2543 | 63 |
| എറണാകുളം | 4128 | 182 |
| തൃശ്ശൂർ | 4792 | 23 |
| പാലക്കാട് | 4229 | 311 |
| മലപ്പുറം | 3695 | 195 |
| കോഴിക്കോട് | 456 | 15 |
| വയനാട് | 285 | 862 |
| കണ്ണൂർ | 799 | 73 |
| കാസർഗോഡ് | 566 | 176 |
| **ആകെ** | **35848** | **2226** |

### ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

92 (2715) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി വിലയിരുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പദ്ധതി പ്രകാരം എത്ര പേർക്ക് ഭൂമി നൽകുമെന്ന് ജില്ല തിരിച്ച് അറിയിക്കുമോ?

ഉത്തരം

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ പുരോഗതി ക്രമമായി വിലയിരുത്തുന്നുണ്ട്. വിവിധ ഘട്ടങ്ങളായിട്ടാണ് പദ്ധതി പൂർത്തിയാക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഒന്നാംഘട്ടം 14 ജില്ലകളിലും പൂർത്തിയായിക്കഴിഞ്ഞു. കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ മുഴുവൻ ഗുണഭോക്താക്കൾക്കും ഒന്നാംഘട്ടത്തിൽ തന്നെ ഭൂമി നൽകാൻ കഴിഞ്ഞിട്ടുണ്ട്. ഒന്നാംഘട്ടത്തിൽ 36491 ഗുണഭോക്താക്കൾക്ക്

പട്ടയം അനുവദിച്ചിരുന്നു. രണ്ടാംഘട്ടമായി ഇടുക്കി ജില്ലയിലും പത്തനംതിട്ട ജില്ലയിലും പട്ടയം നൽകിയിട്ടുണ്ട്. ഇപ്രകാരം ആകെ 43437 പട്ടയങ്ങൾ നാളിതുവരെ നൽകിക്കഴിഞ്ഞു. മുഴുവൻ ഗുണഭോക്താക്കൾക്കും ഭൂമി നൽകാനാണ് സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്. അതിനുള്ള പ്രവർത്തനം നടന്നുവരികയാണ്. അതോടൊപ്പം ഇടുക്കി, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകൾ ഭൂരഹിതരില്ലാത്ത ജില്ലകളായി പ്രഖ്യാപിച്ചിട്ടുമുണ്ട്.

(ബി) വീടുവയ്ക്കാൻ അനുയോജ്യമായതും പതിച്ചുനൽകാൻ കഴിയുന്നതുമായ ഭൂമി ലഭിക്കുന്നതനുസരിച്ച് വിവിധ ഘട്ടങ്ങളായിട്ടാണ് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. പദ്ധതി പ്രകാരം ലഭ്യമായ അപേക്ഷകളും തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ എണ്ണവും വിതരണം ചെയ്ത പട്ടയങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## കാലവർഷക്കെടുതിമൂലം ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങളുടെ കണക്ക്

93 (2716) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ 2016 വരെയുള്ള കാലയളവിൽ കാലവർഷക്കെടുതിമൂലം ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങളുടെ കണക്ക് വർഷാടിസ്ഥാനത്തിൽ ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഇതിലേക്കായി ഓരോ വർഷത്തിലും എന്ത് തുകയ്ക്കുള്ള കേന്ദ്ര സഹായത്തിനാണ് ആവശ്യമുന്നയിച്ചിരുന്നത്; കേന്ദ്രത്തിൽ നിന്നും അനുവദിച്ച തുകയെത്ര;

(സി) ഓരോ വർഷത്തിലും ഈ ഇനത്തിൽ സംസ്ഥാന സർക്കാർ ചെലവഴിച്ച തുക എത്ര;

(ഡി) കാലവർഷക്കെടുതിമൂലം മരണമടഞ്ഞവരുടെ ആശ്രിതർക്കും മറ്റ് നാശനഷ്ടങ്ങൾ സംഭവിച്ചവർക്കുമുള്ള നഷ്ടപരിഹാരം നൽകാൻ കുടിശ്ശികയുണ്ടോ; വിശദമാക്കാമോ;

(ഇ) പ്രകൃതി ദുരന്തത്തിന് ഇരയായവർക്ക് സർക്കാർ പ്രഖ്യാപിച്ച സഹായധനം നൽകാൻ ബാക്കിയുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കാഞ്ഞിരപ്പള്ളിയിൽ പോലീസ് സ്റ്റേഷൻ

94(2718) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളിയിൽ പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിലേക്ക് റവന്യൂ വകുപ്പിൽ നിന്നും സ്ഥലം ലഭ്യമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അത് ഏതു ഘട്ടത്തിലാണ്;

(ബി) സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ?

ഉത്തരം

(എ & ബി) കാഞ്ഞിരപ്പള്ളി പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി റവന്യൂ വകുപ്പിൽ നിന്നും ഭൂമി അനുവദിക്കുന്നത് സംബന്ധിച്ച ശിപാർശ (ജില്ലാ കളക്ടർ ലാൻഡ് റവന്യൂ കമ്മീഷണർ മുഖാന്തരം സമർപ്പിച്ച ശിപാർശ) 18-01-2016-ന് സർക്കാരിന് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

## മത്സ്യത്തൊഴിലാളികൾക്ക് പട്ടയം

95(*T 2719) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശവാസികളും തലമുറകളായി പ്രസ്തുത വസ്തുവിൽ താമസിച്ചു വരുന്നതുമായ മത്സ്യതൊഴിലാളി സമൂഹത്തിന് കൈമാറ്റ അവകാശത്തോടുകൂടി പട്ടയം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ, അടിയന്തരനടപടി സ്വീകരിക്കുമോ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും തരത്തിലുള്ള കണക്കെടുപ്പോ വിലയിരുത്തലോ നടത്തിയിട്ടുണ്ടോ; എങ്കിൽ എന്താണ് നിഗമനം/വിലയിരുത്തൽ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1964-ലെ കേരള ഭൂമി പതിവ് ചട്ടം 11(2) (V), 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടം 6 (2) (V) എന്നിവ പ്രകാരം സമുദ്രത്തിലെ ഉയർന്ന ജലനിരപ്പിൽ നിന്നും 100 അടിക്ക് ഉള്ളിലുള്ള (30.48) മീറ്റർ പ്രദേശത്ത് മത്സ്യത്തൊഴിലാളികൾക്ക് താൽക്കാലികമായി ഭൂമി പതിച്ചു നൽകുന്നതിനെ വ്യവസ്ഥയുള്ളൂ. ഈ പരിധിക്ക് പുറത്ത് കൈമാറ്റ അവകാശത്തോടുകൂടി പട്ടയം നൽകുന്നതിന് ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം തടസ്സമില്ലാത്തതിനാൽ അപേക്ഷകരുടെ അർഹത പരിശോധിച്ച് പട്ടയം നൽകി

* T 'മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

വരുന്നു. എന്നാൽ നിലവിലെ CRZ നോട്ടിഫിക്കേഷൻ അനുശാസിക്കുന്ന ദൂരപരിധിക്കുള്ളിൽ മാത്രമേ പരമ്പരാഗത മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ടവർ അടക്കമുള്ളവർക്ക് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ നിർവ്വാഹമുള്ളൂ. ആയതിനാൽ നിലവിൽ തീരദേശ നിവാസികളിൽ ചിലർക്ക് കൈവശ ഭൂമിക്ക് പട്ടയം നൽകാൻ കഴിയാത്ത സാഹചര്യമുണ്ട്.

(ബി) കടൽ പുറമ്പോക്കിൽ സ്ഥിര താമസമാക്കിയ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ കണക്ക് വില്ലേജ് തിരിച്ച് ഭൂവിസ്തൃതി സഹിതം ശേഖരിക്കാൻ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## സ്ഥലം നികത്തൽ

96(2720) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര സ്ഥലം നികത്തുന്നതിന് വേണ്ടിയുള്ള അപേക്ഷകളാണ് സംസ്ഥാന ഹൈലെവൽ കമ്മിറ്റിയിൽ സമർപ്പിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ സ്വകാര്യ ആവശ്യത്തിനും പൊതു ആവശ്യത്തിനും സ്ഥലം നികത്തുന്നതിനായി എത്ര അപേക്ഷകൾ വീതം ലഭിച്ചു എന്ന് വിശദമാക്കുമോ;

(സി) ഇതിൽ എത്ര എണ്ണം അനുവദിച്ചുവെന്നും ആയത് ഏതെല്ലാം ആവശ്യങ്ങൾക്ക് വേണ്ടിയാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## റവന്യൂ ജീവനക്കാരുടെ കാര്യക്ഷമത

97(2721) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിലെ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും പൊതുജനങ്ങൾക്ക് അഴിമതിരഹിത സേവനം ലഭ്യമാക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ബി) ഇതുമൂലം അഴിമതി കുറയ്ക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) വില്ലേജ്/താലൂക്ക് ഓഫീസുകൾ, കളക്ടറേറ്റുകൾ എന്നിവ മുഖാന്തരം നൽകിവരുന്ന ഏതെല്ലാം സേവനങ്ങളാണ് ഓൺ ലൈൻ ആക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഓഫീസുകൾ മുഖാന്തരം നൽകിവരുന്ന സർട്ടിഫിക്കറ്റുകൾ മുതലായവ പൂർണ്ണമായി ഓൺ ലൈൻ ആക്കുന്നതിനും മറ്റു സേവനങ്ങൾ യഥാസമയം അഴിമതിരഹിതമായി ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) റവന്യൂ വകുപ്പിലെ ജീവനക്കാർക്ക് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ടതും പൊതുവായി എല്ലാ വകുപ്പുകൾക്കും ആവശ്യമായതുമായ വിഷയങ്ങളിൽ പരിശീലനം നൽകുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് (ഐ.എൽ.ഡി.എം.) എന്ന പേരിൽ ഒരു ഇൻസ്റ്റിറ്റ്യൂട്ട് റവന്യൂ വകുപ്പിനുകീഴിൽ നിലവിലുണ്ട്. റവന്യൂ, സർവ്വേ, ദുരന്തനിവാരണം സംബന്ധമായ എല്ലാ വിഷയങ്ങളിലും സമയബന്ധിതമായി ജീവനക്കാർക്ക് ഇവിടെ പരിശീലനം നൽകിവരുന്നു. കൂടാതെ, ജീവനക്കാരുടെ കാര്യക്ഷമത, മനോഭാവം, സേവനതത്പരത എന്നിവ വർദ്ധിപ്പിക്കുന്നതിനായി ജില്ലാതല പരിശീലന പരിപാടികളും ജനസൗഹൃദ വില്ലേജ് പരിശീലനവും ഐ.എൽ.ഡി.എം.-ന്റെ ആഭിമുഖ്യത്തിൽ നൽകിവരുന്നു. പൊതുജനങ്ങൾക്ക് അഴിമതിരഹിത സേവനം ലഭ്യമാക്കുന്നതിനായി റവന്യൂ വകുപ്പിൽ സംസ്ഥാനത്ത് യഥാക്രമം തിരുവനന്തപുരം ആസ്ഥാനമാക്കി ദക്ഷിണമേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയവും എറണാകുളം ആസ്ഥാനമാക്കി മധ്യമേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയവും കോഴിക്കോട് ആസ്ഥാനമാക്കി ഉത്തരമേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയവും പ്രവർത്തിച്ചുവരുന്നു. കൂടാതെ എല്ലാ ജില്ലാ കളക്ടറേറ്റിലേയും ഇൻസ്പെക്ഷൻ വിഭാഗത്തിന് വിജിലൻസിന്റെ അധികാരം നൽകി സീനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഇൻസ്പെക്ഷൻ ആന്റ് വിജിലൻസ് എന്ന് നാമകരണം ചെയ്തു പ്രവർത്തിച്ചുവരുന്നു. കൂടാതെ, വകുപ്പ് മേധാവിയായ ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിലും ഇൻസ്പെക്ഷൻ ആന്റ് ആഡിറ്റ് വിഭാഗം പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) അഴിമതി കുറയ്ക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ സഹായകമായിട്ടുണ്ട്.

(സി) ലാൻഡ് റവന്യൂ വകുപ്പിൽ ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളതാണ്. സർട്ടിഫിക്കറ്റ് സേവനങ്ങൾ ഇ-ഡിസ്ട്രിക്ട്, ഭൂസംബന്ധമായ സേവനങ്ങൾ, ഓൺലൈൻ പോക്കുവരവ്, കേരള സ്റ്റേറ്റ് ലാൻഡ് ബാങ്ക്, ഓൺലൈൻ ടാക്സ് പേയ്മെന്റ്, ഫയലുകളിലെ സുതാര്യത ഉറപ്പാക്കൽ, ഡി.സി. സ്യൂട്ട്, ആർ. ആർ. ഓൺലൈൻ എന്നീ പദ്ധതികൾ സംസ്ഥാനമൊട്ടാകെ നടപ്പിലാക്കിവരുന്നു. ഡി.സി. സ്യൂട്ട് തിരുവനന്തപുരം ജില്ലയൊഴികെ ബാക്കി എല്ലാ ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) ഇതുസംബന്ധിച്ച് നടപടി സ്വീകരിച്ചുവരുന്നു.

## വനഭൂമി പതിച്ചു നല്കാൻ ഉത്തരവ്

98 (*T 2722) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെയോ പരിസ്ഥിതി മന്ത്രാലയത്തിന്റെയോ അനുമതിയില്ലാതെ വനഭൂമി പതിച്ചുനല്കാൻ റവന്യൂ വകുപ്പ് ഉത്തരവായിട്ടുണ്ടോ;

(ബി) എത്ര ഏക്കർ വനഭൂമിക്ക് പട്ടയം നല്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്; ഇതിൽ ജണ്ടയിട്ട് സുരക്ഷിതമാക്കിയ എത്ര ഏക്കർ ഭൂമിയുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) കേന്ദ്രത്തിന്റെയും പരിസ്ഥിതി മന്ത്രാലയത്തിന്റെയും അനുമതിയില്ലാതെ പട്ടയം നല്കാൻ ഉത്തരവ് ഇറക്കിയവരുടെ മേൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി & സി) ബാധകമല്ല.

## ക്വാറി ഉടമകൾക്ക് ഇ-പാസ് അനുവദിക്കൽ

99 (2723) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധാതുകടത്തുമായി ബന്ധപ്പെട്ട് ക്വാറി ഉടമകൾക്ക് ഇ-പാസ്; അനുവദിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇ-പാസ് അനുവദിക്കുന്ന കാര്യത്തിലുള്ള പുരോഗതി വ്യക്തമാക്കാമോ?

ഉത്തരം

(എ) മിനറൽ ട്രാൻസിറ്റ് പാസ് നൽകുന്ന നടപടി റവന്യൂ വകുപ്പിന്റെ അധികാര പരിധിയിൽ ഉൾപ്പെടുന്നില്ല. ധാതു കടത്തുമായി ബന്ധപ്പെട്ട് ക്വാറി ഉടമകൾക്ക് ഇ-പാസ് അനുവദിക്കുന്നതിനുള്ള നടപടി മൈനിംഗ് ആന്റ് ജിയോളജി ജില്ലാ ഓഫീസ് മുഖേന സ്വീകരിച്ചുവരുന്നു.

---

* T 'മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) National Informatics Centre വികസിപ്പിച്ചെടുത്ത Software Kompas ഉപയോഗിച്ച് ഓൺലൈനായി ഇ-പാസ് നൽകുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. നിലവിൽ ജിയോളജി വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.portal.dmg.gov.in എന്ന സൈറ്റിൽ ഇ-പാസ് സംബന്ധിച്ച് ഡെമോസൈറ്റ് പ്രവർത്തിച്ചുവരുന്നു. ഇ-പാസ് 1-4-2016-മുതൽ ആരംഭിക്കുന്നതിനുള്ള നടപടികൾ ജിയോളജി വകുപ്പിൽ സ്വീകരിച്ച് വരുന്നതായി അറിയുന്നു.

**റവന്യൂ പ്രവർത്തനങ്ങൾക്കുവേണ്ടി കർമ്മപദ്ധതി**

100 (2724) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ സംബന്ധമായ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സുഗമമാക്കുന്നതിനും എന്തെല്ലാം കർമ്മപദ്ധതി നടപ്പാക്കിയിട്ടുണ്ട്;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) റവന്യൂ സംബന്ധമായ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സുഗമമാക്കുന്നതിനും വേണ്ടി ഭൂരഹിതരില്ലാത്ത കേരളം പദ്ധതി, ഇ-ഡിസ്ട്രിക്ട് പദ്ധതി, ഓൺലൈൻ പോക്കുവരവ് സംവിധാനം, വില്ലേജ് ഓഫീസ് താലൂക്ക് ഏകീകരണം, വില്ലേജ് ഓഫീസുകളുടെ പരിഷ്കരണം. (SMART വില്ലേജ് പദ്ധതി), പുഴ മുതൽ പുഴവരെ, ഓൺലൈൻ Land Tax സംവിധാനം എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) (1) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി:—ഭൂരഹിതരായ കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിനുവേണ്ടി മൂന്ന് സെന്റ് ഭൂമി വീതം പതിച്ചുകൊടുക്കുന്ന പദ്ധതിയാണിത്.

(2) ഇ-ഡിസ്ട്രിക്ട് പദ്ധതി:—പൊതുജനങ്ങൾക്ക് വിരൽ തുമ്പിൽ സേവനം എത്തിക്കുക എന്ന ആശയം ലക്ഷ്യമാക്കി റവന്യൂ വകുപ്പ് നൽകുന്ന ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് തുടങ്ങിയ 24-ഓളം ഇനം സർട്ടിഫിക്കറ്റുകൾ ഇ -ഡിസ്ട്രിക്ട് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയിട്ടുണ്ട്.

(3) ഓൺലൈൻ പോക്കുവരവ് സംവിധാനം:—കേരളത്തിലെ റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ വകുപ്പുകളിലെ സംവിധാനങ്ങളെ സംയോജിപ്പിച്ചുകൊണ്ട് പോക്കുവരവ് നടപടികൾ സുതാര്യമാക്കുന്നതിന് ലക്ഷ്യമിട്ട് സർക്കാർ തുടങ്ങിയ ഓൺലൈൻ പോക്കുവരവ് പദ്ധതി തിരുവനന്തപുരം ജില്ലയിലെ 17 വില്ലേജുകളിലും പാലക്കാട് ജില്ലയിലെ 17 വില്ലേജുകളിലും നടപ്പിൽ വന്നുകഴിഞ്ഞു. സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നടപ്പാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(4) വില്ലേജ് ഓഫീസ്, താലൂക്ക് രൂപീകരണം:—സംസ്ഥാനത്ത് ഒരു പഞ്ചായത്തിന് ഒരു വില്ലേജ് എന്ന നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വില്ലേജ് ഓഫീസുകൾ ഇല്ലാത്ത 31 പഞ്ചായത്തുകളിൽ 31 വില്ലേജുകൾ രൂപീകരിച്ചു. ആയതുപോലെ സംസ്ഥാനത്ത് ഭരണ സൗകര്യാർത്ഥം പുതുതായി 12 താലൂക്കുകളും രൂപീകരിച്ചു.

(5) വില്ലേജ് ഓഫീസുകളുടെ പരിഷ്കരണം:—വില്ലേജ് ഓഫീസുകളുടെ സമഗ്ര പരിഷ്കരണം ലക്ഷ്യമാക്കിക്കൊണ്ട് വിഭാവനം ചെയ്ത SMART പദ്ധതിയുടെ ഭാഗമായി 2 ഘട്ടങ്ങളിലായി സംസ്ഥാനത്തുടനീളം തെരഞ്ഞെടുക്കപ്പെട്ട 25 വില്ലേജുകൾ നവീകരിച്ച കഴിഞ്ഞു.

(6) പുഴ മുതൽ പുഴ വരെ പദ്ധതി:—നാശോന്മുഖമായി കൊണ്ടിരിക്കുന്ന പുഴകളെയും കായലുകളെയും സംരക്ഷിച്ച് അവയുടെ പുനരുജ്ജീവനത്തിനായി ലക്ഷ്യമിട്ടാണ് ഈ പദ്ധതി രൂപ കൽപ്പന ചെയ്തിട്ടുള്ളത്.

(സി) (1) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 243928 ഗുണഭോക്താക്കളെ കണ്ടെത്തുകയും രണ്ടാം ഘട്ടത്തിലെ ഗുണഭോക്താക്കളുടെ എണ്ണം കണക്കാക്കിയും വരുന്നു. ഒന്നാം ഘട്ടത്തിൽ 36491 പട്ടയങ്ങളും രണ്ടാം ഘട്ടത്തിൽ 6946 പട്ടയങ്ങളും ഉൾപ്പെടെ 43437 പേർക്ക് പട്ടയം അനുവദിക്കുകയും ചെയ്തു. കണ്ണൂർ, കാസർഗോഡ്, ഇടുക്കി എന്നീ ജില്ലകളിലെ അർഹരായി കണ്ടെത്തിയ മുഴുവൻ കുടുംബങ്ങൾക്കും ഭൂമി വിതരണം ചെയ്തുകൊണ്ട് ഈ മൂന്ന് ജില്ലകളെയും രാജ്യത്തിലെ ആദ്യത്തെ ഭൂരഹിതരില്ലാത്ത ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്.

(2) ഇ-ഡിസ്ട്രിക്ട് പദ്ധതി പ്രകാരം നാളിതുവരെ 16959074 അപേക്ഷകൾ തീർപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(3) ഓൺലൈൻ പോക്കുവരവ് സംവിധാനം പദ്ധതിയുടെ പ്രാരംഭ പ്രവർത്തനം എന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലെ 17 വില്ലേജുകളിൽ വിജയകരമായി ഈ പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ട്. 2015 ഡിസംബർ 31-നുള്ളിൽ സംസ്ഥാനത്തുടനീളം 300-ഓളം വില്ലേജുകളിൽ ഈ പദ്ധതി നടപ്പിൽ വരുത്തുന്നതാണ്. ഈ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി 4 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(4) സംസ്ഥാനത്ത് നിലവിൽ വില്ലേജ് ഓഫീസുകളില്ലാത്ത 31 ഗ്രാമപഞ്ചായത്തുകളിൽ 29-5-2013-ലെ സ. ഉ. (എംഎസ്.) നമ്പർ 230/13/റവന്യൂ, 20-10-2012-ലെ സ. ഉ. (എംഎസ്.) 392/12/റവന്യൂ എന്നീ ഉത്തരവുകൾ പ്രകാരം 31 വില്ലേജുകളുടെയും വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി. ഇവയിൽ 29 വില്ലേജുകളിൽ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ബാക്കിയുള്ള 2 വില്ലേജുകൾക്ക് കെട്ടിടം കണ്ടെത്തി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(5) സ്മാർട്ട് വില്ലേജ് പദ്ധതിയുടെ ഭാഗമായി 2 ഘട്ടങ്ങളിലായി 25 വില്ലേജുകൾ നവീകരിച്ചുകഴിഞ്ഞു. 3-ാം ഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട 9 വില്ലേജുകളുടെ പദ്ധതി നിർവ്വഹണം അന്തിമഘട്ടത്തിലാണ്. മൂന്ന് ഘട്ടങ്ങളിലായി 11.09 കോടി രൂപ ഈ പദ്ധതിക്ക് വകയിരുത്തിയിട്ടുണ്ട്.

(6) പുഴ മുതൽ പുഴ വരെ പദ്ധതിയിൽ റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് നടപ്പിൽ വരുത്തുവാനുള്ള പദ്ധതികൾ പരിശോധിക്കുന്നതിനുള്ള സംസ്ഥാന ഉന്നതതല സമിതിയുടെ 29-11-2013-ലെ യോഗം സംസ്ഥാനത്തെ നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന നദികളുടെ സംരക്ഷണത്തിനായി "പുഴ മുതൽ പുഴ വരെ " പദ്ധതിക്ക് രൂപം നൽകി. പ്രാഥമികമായി ഭാരതപ്പുഴ, അച്ചൻകോവിൽ എന്നീ നദികളുടെ തീരം ഫലവൃക്ഷങ്ങൾ, പൂമരങ്ങൾ, വള്ളിച്ചെടികൾ എന്നിവ നട്ടുവളർത്തി പരിപാലിക്കുന്നതിനായി 15-11-2014-ലെ സ. ഉ. (എംഎസ്.) 475/14/റവന്യൂ പ്രകാരം 10 കോടി രൂപ അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്.

**മോഡേൺ സർവ്വേ റെക്കോർഡ് റൂം**

101(2725) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മോഡേൺ സർവ്വേ റെക്കോർഡ് റൂം ആരംഭിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇ-രേഖ പദ്ധതി മുഖാന്തരം വിവിധ പ്രക്രിയകളിലൂടെ സംരക്ഷണം നടത്തിയിട്ടുള്ള റെക്കോർഡുകളെ നവീന രീതിയിലുള്ള മൂവബിൾ കോംപാക്റ്ററുകളിലേയ്ക്ക് മാറ്റി അവയെ ഒരു മാപ്പ് ലൈബ്രറിയിലൂടെ ശാസ്ത്രീയമായി cataloging ഏർപ്പെടുത്തി retrival എളുപ്പം സാധ്യമാക്കുന്നതാണ് ടി പദ്ധതി. സർവ്വേ ഭവന്റെ മൂന്നാമത്തെ നിലയിൽ ടി പദ്ധതിക്കായി കോംപാക്റ്ററുകൾ സ്ഥാപിച്ച് ഇ-രേഖ പദ്ധതിയിലൂടെ സംരക്ഷണം നടത്തിയ റെക്കോർഡുകൾ ടി കോംപാക്റ്ററുകളിൽ സൂക്ഷിച്ചുവരുന്ന ജോലി പുരോഗതിയിലുമാണ്. കൂടാതെ ജില്ലാ കള്ട്ടറേറ്റുകൾ കേന്ദ്രീകരിച്ച് സൂക്ഷിച്ചിട്ടുള്ള ലാന്റ് റെക്കോർഡുകൾ സംരക്ഷിക്കപ്പെടേണ്ടത് മുൻനിർത്തി എല്ലാ ജില്ലാ സർവ്വെ സൂപ്രണ്ട് ഓഫീസുകളും സർവ്വേ ഭവനും കേന്ദ്രീകരിച്ച് മോഡേൺ സർവ്വേ റെക്കോർഡ് റൂമുകൾ നിർമ്മിക്കുന്ന പദ്ധതി മിഷൻ നടപ്പാക്കിവരുന്നു. ഇതിൽ സ്ഥലലഭ്യതയുള്ള 13 ജില്ലകളിൽ കോംപാക്റ്ററുകൾ സ്ഥാപിച്ച് സിവിൽ ജോലി പുരോഗതിയിലുമാണ്.

എറണാകുളം ജില്ലയിലെ 7 താലൂക്ക് ഓഫീസുകളിലും റവന്യൂ ഡിവിഷൻ ഓഫീസുകളിലും റെക്കോർഡ് സംരക്ഷണത്തിനായി കേരളാ ലാന്റ് ഇൻഫർമേഷൻ മിഷൻ മുഖാന്തരം മോഡേൺ റെക്കോർഡ് റൂം സ്ഥാപിക്കുന്ന ജോലി പുരോഗതിയിലുമാണ്.

(സി) ജില്ലാതലങ്ങളിലെ റിക്കാർഡുകൾ സംരക്ഷിക്കുന്നതിനായുള്ള മോഡേൺ സർവ്വേ റെക്കോർഡ് റൂമുകൾ ഓരോ ജില്ലയിൽ ഒന്ന് വീതം സർവ്വേ ഭവനിൽ സ്ഥാപിക്കുന്നതിനുള്ള അനുമതി 2012-13-ലെ ഡിപ്പാർട്ടുമെന്റ് വർക്കിംഗ് ഗ്രൂപ്പിൽ ലഭ്യമായിട്ടുണ്ട്. ടി പദ്ധതി നടത്തിപ്പിനായി G. O. (Rt.) No. 6071/2013/RD 13-11-2013-ലെ ഉത്തരവ് പ്രകാരം 4,85,31,900 രൂപ അനുവദിക്കുകയും ടി തുക ഉപയോഗിച്ച് ടി പദ്ധതി നടപ്പാക്കിവരികയും ചെയ്യുന്നു.

2012-13 വർഷത്തിൽ കൂടിയ എംപവേർഡ് കമ്മിറ്റി തീരുമാനപ്രകാരം സർവ്വേ ഭവൻ കേന്ദ്രീകരിച്ച് ഇ-രേഖ പദ്ധതി പ്രകാരം സംരക്ഷിക്കപ്പെട്ട റെക്കോർഡ് സൂക്ഷിക്കുന്നതിന് റെക്കോർഡ് റൂം സ്ഥാപിക്കുകയും ആയതിലേയ്ക്കായി 27-10-2014-ലെ G. O. (Rt.) No. 5182/2014/RD ഉത്തരവ് പ്രകാരം ഒരു കോടി രൂപ അനുവദിക്കുകയും ടി തുക ഉപയോഗിച്ച് ടി പദ്ധതി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

എറണാകുളം ജില്ലയിലെ താലൂക്ക് ഓഫീസിലും ഒരു റവന്യൂ ഡിവിഷൻ ഓഫീസിലും മോഡേൺ റെക്കോർഡ് റൂം സ്ഥാപിക്കുന്നതിനായി 19-3-2015-ലെ G. O. (Rt.) 1379/2015/RD. നമ്പർ ഉത്തരവ് പ്രകാരം 2,41,70,360 രൂപ അനുവദിക്കുകയും ടി തുക ഉപയോഗിച്ച് റെക്കോർഡ് റൂമിന്റെ ജോലി നടന്നു വരികയും ചെയ്യുന്നു.

**ലീഗൽ മെട്രോളജി റൂൾസ് നടപ്പാക്കുന്നത്**

102(2726) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലീഗൽ മെട്രോളജി റൂൾസ് നടപ്പാക്കാൻ കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ-സി) ലീഗൽ മെട്രോളജി വകുപ്പിനെ സംബന്ധിച്ച് ലീഗൽ മെട്രോളജി എൻഫോഴ്സ്മെന്റ് റൂൾസ്, ലീഗൽ മെട്രോളജി സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് എന്നിവയാണുള്ളത്.

ഇതിൽ ലീഗൽ മെട്രോളജി എൻഫോഴ്സ്മെന്റ് റൂൾസ് 20-7-2012-ലെ G. O. (Ms.) 5/2012/CAD. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ലീഗൽ മെട്രോളജി വകുപ്പിലെ ഉദ്യോഗസ്ഥരുടെ ഔദ്യോഗിക കർത്തവ്യ നിർവ്വഹണം പ്രസ്തുത റൂളിനെ ആധാരമാക്കിയാണ് നടത്തുന്നത്. വ്യാപാരികളും മറ്റും കൊണ്ടുവരുന്ന അളവുതൂക്ക ഉപകരണങ്ങൾ കൃത്യതയുള്ളതാണോയെന്ന് ഉറപ്പുവരുത്തി, ആയത് മുദ്ര പതിപ്പിച്ച് നൽകുകയാണ് ലീഗൽ മെട്രോളജി വകുപ്പിലെ ഉദ്യോഗസ്ഥർ ചെയ്തുവരുന്നത്. വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ യോഗ്യത, പരിശീലനം എന്നിവയുള്ള പ്രാപ്തരായ ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗപ്പെടുത്തുക എന്നതാണ് ലക്ഷ്യമാക്കുന്നത്. കൂടാതെ സമയബന്ധിതമായി അളവുകളും തൂക്കങ്ങളും സംബന്ധിച്ച് ലഭിക്കുന്ന പരാതി പരിഹരിച്ച് പരമാവധി ഉപഭോക്തൃ സംരക്ഷണം ഉറപ്പുവരുത്തുക എന്നതുകൂടി ഉദ്ദേശിക്കുന്നു.

ലീഗൽ മെട്രോളജി വകുപ്പിലെ ഉദ്യോഗസ്ഥരുടെ നിയമനം, യോഗ്യത തുടങ്ങിയ വിഷയങ്ങളാണ് ലീഗൽ മെട്രോളജി സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിൽ പ്രതിപാദിക്കുന്നത്. പ്രസ്തുത റൂൾസ് 29-1-2013-ലെ G. O. (P) No. 1/2013/CAD., 29-1-2013-ലെ G. O. (P) No. 2/2013/CAD. എന്നിവ പ്രകാരം പുറപ്പെടുവിച്ചെങ്കിലും കേന്ദ്ര ചട്ടമായ ലീഗൽ മെട്രോളജി ജനറൽ റൂൾസ് 2011-ൽനിന്നും വിഭിന്നമായി യോഗ്യതകൾ നിശ്ചയിച്ചതിനാൽ ബന്ധപ്പെട്ട റൂൾസ് പരിശോധിച്ച നിയമസഭാ സമിതി പ്രസ്തുത റൂൾ റദ്ദ് ചെയ്ത് കേന്ദ്ര ചട്ടങ്ങൾക്ക് അനുസൃതമായി പുതിയ റൂൾസ് പുറപ്പെടുവിക്കുവാൻ നിർദ്ദേശിക്കുകയും സർക്കാർ ആയത് തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിരുന്നു. ഇതിന്റെ തുടർച്ചയായി കേന്ദ്ര ചട്ടങ്ങൾക്കനുസൃതമായി സർക്കാർ പുതിയ കരട് ചട്ടങ്ങൾ തയ്യാറാക്കി ആയത് പരിശോധിച്ചു വരികയാണ്.

## കയർ മേഖലയിലെ വിപണന സാധ്യതകൾ

103(2727) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയിൽ പുതിയ വിപണന സാധ്യതകൾ കണ്ടെത്തുന്നതിന് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കയർ മേഖലയ്ക്ക് ദേശീയവും അന്തർദ്ദേശീയവുമായ പുതിയ വിപണന സാധ്യതകൾ കണ്ടെത്തുന്നതിന്റെ ഭാഗമായി പുതിയ ഉല്പന്നങ്ങൾ വിപണിയിൽ ഇറക്കിയും ദേശീയ അന്തർദ്ദേശീയ എക്സിബിഷനുകളിൽ പങ്കെടുത്തും വിപണന സാധ്യതയുള്ള സ്ഥലങ്ങളിൽ പുതിയ വിപണന ശാലകൾ ആരംഭിക്കുന്നതിനും ഓൺലൈൻ വിപണന സാധ്യതകൾ കണ്ടെത്തുന്നതിനും കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) കയറിന്റെയും കയറുൽപ്പന്നങ്ങളുടേയും ദേശീയ അന്തർദ്ദേശീയ വിപണി വർദ്ധിപ്പിക്കുവാനും അതുവഴി കയർ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാകുവാനും സാഹചര്യമൊരുക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

(സി) പദ്ധതിയുടെ നടത്തിപ്പിനായി ആഭ്യന്തര തലത്തിൽ വിവിധയിടങ്ങളിൽ ബയർ സെല്ലർ മീറ്റിംഗുകൾ നടത്തുകയും കയർ കേരള പോലുള്ള മേളകൾ സംഘടിപ്പിക്കുകയും ഒരു വീട്ടിൽ ഒരു കയറുൽപ്പന്നം തുടങ്ങിയ പ്രചാരണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യുന്നു. കയർ മേഖലയ്ക്ക് പുതിയ വിപണന സാധ്യതകൾ കണ്ടെത്തുന്നതിന് ലക്ഷ്യമിട്ട് നടപ്പുവർഷം Online Promotion of Coir sector through Marketing Division of National Coir Research & Management Institute (NCRMI) എന്ന പദ്ധതിക്കായി 48,73,960 രൂപ NCRMI-ക്ക് അനുവദിച്ചിട്ടുണ്ട്.

## കയർ തൊഴിലാളി ഇൻഷ്വറൻസ്

104(2728) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ തൊഴിലാളികൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(ബി) ഇൻഷ്വറൻസ് വഴി എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുക; ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡമെന്താണ്; വ്യക്തമാക്കാമോ;

(സി) ക്ഷേമനിധി അംഗത്വമുള്ള മുഴുവൻ തൊഴിലാളികൾക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. കയർ തൊഴിലാളി ക്ഷേമനിധി ബോർഡുവഴി കയർ തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) കേരള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ സാധുവായ അംഗത്വമുള്ള 18 മുതൽ 59 വയസ്സുവരെയുള്ള "കയർ വർക്കേഴ്സ് ബീമ യോജന" പദ്ധതിയിൽ അംഗമായിട്ടുള്ള എല്ലാ തൊഴിലാളികൾക്കും സ്വാഭാവിക മരണത്തിന് 47,000 രൂപയും, അപകട മരണത്തിന് 92,000 രൂപയും അപകടത്തിൽ സ്ഥായിയായ അവശത സംഭവിച്ചാൽ 75,000 രൂപയും അപകടത്തിൽ ഭാഗികമായ അവശത സംഭവിച്ചാൽ 37,500 രൂപയും സാമ്പത്തിക സഹായം ലഭിക്കുന്നതാണ്. കൂടാതെ 9, 10, 11, 12, ഐ.ടി.ഐ. എന്നീ ക്ലാസ്സുകളിൽ പഠിക്കുന്ന കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗത്തിന്റെ കുട്ടികൾക്ക് പ്രതിവർഷം 1,200 രൂപ വിദ്യാഭ്യാസ സ്കോളർഷിപ്പും ലഭിക്കുന്നതാണ്. വിരമിച്ച കയർ തൊഴിലാളികൾക്ക് പ്രതിവർഷം പ്രീമിയം തുകയായി 150 രൂപ വീതം അടച്ചാൽ മരണാനന്തര സഹായമായി 60 മുതൽ 65 വയസ്സുവരെ 7,000 രൂപയും 66 മുതൽ 70 വയസ്സുവരെയുള്ളവർക്ക് 5000 രൂപയും 71 മുതൽ 75 വയസ്സുവരെയുള്ളവർക്ക് 3000 രൂപയും ലഭിക്കും.

(സി) "കയർ വർക്കേഴ്സ് ബീമ യോജന" പദ്ധതിയിൽ അംഗമായ എല്ലാ കയർ തൊഴിലാളികൾക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും.

## കയർ സംഘങ്ങൾ നേരിടുന്ന പ്രതിസന്ധി

105(2729) ശ്രീ. ജി. സുധാകരൻ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ സംഘങ്ങളിൽ കെട്ടിക്കിടക്കുന്ന കയറുല്പന്നങ്ങൾ വാങ്ങിക്കുകയോ യഥാസമയം വില നൽകുകയോ ചെയ്യുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് കയർ സംഘങ്ങളുടെ പ്രവർത്തനത്തേയും തൊഴിലാളികളേയും സാരമായി ബാധിച്ചിട്ടുള്ളത് വിലയിരുത്തിയിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് സർക്കാർ നടത്തിയ പ്രഖ്യാപനങ്ങൾ എന്തെല്ലാമായിരുന്നു; ഇത് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) തൊഴിലാളികൾ പട്ടിണി കിടക്കുമ്പോഴും കയർമേളയുടെ മറവിൽ വൻ ധൂർത്തും ക്രമക്കേടുകളും നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2011 മുതൽ 2016 വരെ നടന്ന കയർമേളകൾക്കുവേണ്ടി ചെലവഴിച്ച തുകയുടെ കണക്ക് വർഷാടിസ്ഥാനത്തിൽ വിശദമാക്കാമോ; ഈ സർക്കാരിന്റെ കാലത്തെ കയർ മേളകൾ കയർ മേഖലയ്ക്ക് നേട്ടമുണ്ടാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) കയർഫെഡ് സംഭരിച്ച കയറിന് സംഘങ്ങൾക്ക് നൽകാനുള്ള മുഴുവൻ തുകയും നൽകുന്നതിനായി കയർഫെഡിന് 6.5 കോടി രൂപ പി.പി.എസ്.എസ്. പദ്ധതി പ്രകാരം അനുവദിക്കുകയും നിർദ്ദിഷ്ട തീയതിക്കുള്ളിൽ തുക സംഘങ്ങൾക്ക് നൽകുകയും ചെയ്തു. കയർ സഹകരണ സംഘങ്ങളിൽ കെട്ടിക്കിടക്കുന്ന കയർ മുഴുവൻ സംഭരിക്കുന്നതിന് കയർഫെഡിന് നിർദ്ദേശം നൽകിയതുപ്രകാരം മുഴുവൻ കയറും കയർഫെഡ് സംഭരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) കയർമേളയുടെ മറവിൽ ധൂർത്തും ക്രമക്കേടുകളും നടക്കുന്നതായി ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

2011 മുതൽ 2016 വരെ നടന്ന കയർ മേളകൾക്കുവേണ്ടി ചെലവഴിച്ച തുകയുടെ കണക്ക് ചുവടെ ചേർക്കുന്നു:

| വർഷം | ചെലവായ തുക |
|---|---|
| കയർ കേരള 2011 | 2,60,00,000 |
| കയർ കേരള 2012 | 3,59,96,185 |
| കയർ കേരള 2013 | 4,76,36,949 |
| കയർ കേരള 2014 | 4,16,46,952 |
| കയർ കേരള 2015 | 4,10,91,080 |
| കയർ കേരള 2016 | വരവ് ചെലവ് തുകയുടെ ഓഡിറ്റിംഗ് പൂർത്തിയായിട്ടില്ല. |

ഈ സർക്കാർ അധികാരമേറ്റശേഷമുള്ള കയർമേളകൾ കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും ആഭ്യന്തര വിദേശ വിപണി കണ്ടെത്തുവാനും കയർ കയറ്റുമതി വർദ്ധിപ്പിക്കുന്നതിനും സഹായകരമായിട്ടുണ്ട്.

## കയർ ബോർഡിന്റെ ആസ്ഥാനം മാറ്റുന്നത് സംബന്ധിച്ച്

106 (2730) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ ബോർഡിന്റെ ആസ്ഥാനം കേരളത്തിൽ നിന്ന് തമിഴ് നാട്ടിലേക്ക് മാറ്റുന്നതിനുള്ള നീക്കം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത നീക്കം തടയുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

## കയർമേഖലയ്ക്ക് കർമ്മ പദ്ധതി

107(2731) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർമേഖലയ്ക്ക് ഊർജ്ജം നൽകുന്നതിന് കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കയർമേഖലയ്ക്ക് ഊർജ്ജം നൽകുന്നതിന് കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

(ബി) കയർമേഖലയുടെ സമഗ്ര വികസനം, കയർ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കൽ, ചകിരി ദൗർലഭ്യവും അടിക്കടിയുള്ള വിലവർദ്ധനവും പരിഹരിക്കൽ, തൊഴിൽദിനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കൽ, ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ, തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിക്കൽ, കയർ മേഖലയുടെ ആധുനികവൽക്കരണവും വൈവിദ്ധ്യവൽക്കരണവും തുടങ്ങിയവയാണ് ലക്ഷ്യങ്ങൾ.

(സി) കയർ മേഖലയിലെ ചകിരിക്ഷാമത്തിന് ശാശ്വതമായ പരിഹാരം ഉണ്ടാക്കുന്നതിനും ചകിരിയുടെ ലഭ്യത ഉറപ്പാക്കുന്നതിനുമായി 'തൊണ്ട് സംഭരണവും ചകിരി ഉത്പാദനവും' എന്ന ഒരു പുതിയ പദ്ധതിക്ക് അംഗീകാരം നൽകി.

- പുനരുദ്ധാരണ പദ്ധതി പ്രകാരമുള്ള പ്രവർത്തന മൂലധനത്തിന്റെ പരിധി വർദ്ധിപ്പിച്ചു.
- അർഹമായ എല്ലാ സംഘങ്ങൾക്കും പുനരുദ്ധാരണ പദ്ധതി പ്രകാരം 2011-12, 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ യഥാക്രമം 9,54,73,406, 8,96,92,648, 1,45,25,260, 15,84,250 രൂപ പ്രവർത്തന മൂലധനമായി അനുവദിച്ചു.
- കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 300 രൂപയായും, ഉൽപ്പന്ന മേഖലയിലെ കുറഞ്ഞകൂലി 360 രൂപയായും തുടർന്ന് 500 രൂപയായും വർദ്ധിപ്പിച്ചു.
- കയർപിരി, ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ തൊഴിലാളികൾക്ക് നേരിട്ട് നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി.
- കയർപിരി കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് 2011-12-ൽ 1,27,50,175 രൂപയും 2012-13-ൽ 2,07,59,149 രൂപയും, 2013-14-ൽ 11,20,75,971 രൂപയും 2014-15-ൽ 10,44,66,655 രൂപയും 2015-16-ൽ 4,54,71,458 രൂപയും അനുവദിച്ചു.
- കയറിന്റേയും കയറുൽപ്പന്നങ്ങളുടേയും ആഭ്യന്തര-വിദേശ വിപണി വികസിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് "കയർ കേരള"-അന്താരാഷ്ട്ര പ്രദർശനമേള 2012, 2013, 2014, 2015 എന്നീ വർഷങ്ങളിൽ വിജയകരമായി സംഘടിപ്പിച്ചു.
- ആഭ്യന്തര വിദേശ വിപണികൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചു.
- അംഗസംഘങ്ങളിൽ നിന്നും കയർഫെഡ് സംഭരിച്ച കയറിന് നൽകാനുള്ള തുകയായ 6.50 കോടി രൂപ കയർഫെഡിന് നടപ്പുവർഷം അനുവദിച്ചു.
- കയർ സഹകരണ സംഘങ്ങൾക്കും, പൊതുമേഖലാ സ്ഥാപനങ്ങൾക്കും സബ്സിഡി നിരക്കിൽ ചകിരി ലഭ്യമാക്കുന്നതിനായി കയർഫെഡിന് 2013-14-ൽ 4,86,20,000 രൂപ അനുവദിച്ചു.

- തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നാളികേര വികസന ബോർഡുമായിട്ടുള്ള 102 ലക്ഷം രൂപയുടെ പ്രോജക്ടിന് അംഗീകാരം നൽകി.

- കയർ ക്രയവില സ്ഥിരതാ പദ്ധതി നടപ്പിലാക്കാൻ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന് 2012-13 വർഷം 18,39,60,000 രൂപയും, 2013-14 വർഷം 4,62,37,000 രൂപയും 2014-15 വർഷം 8,98,13,000 രൂപയും 2015-16 വർഷം 8,00,00,000 രൂപയും അനുവദിച്ചു.

- കയർ മേഖലയിൽ എല്ലാവിധ ആധുനിക രീതിയിലുള്ള മെഷീനറികൾ നിർമ്മിക്കാനുള്ള കയർ മെഷിനറി ഫാക്ടറി ആലപ്പുഴയിൽ പ്രവർത്തനം ആരംഭിച്ചു.

- കയർ മേഖലയിൽ ആധുനിക രീതിയിലുള്ള യൂണിറ്റുകൾ ആരംഭിക്കുന്നതിന് തുടക്കം കുറിച്ചു.

- കയർ പൊതുമേഖലാ സ്ഥാപനങ്ങളുടേയും കയർഫെഡിന്റെയും കയർ മേഖലയിലെ സഹകരണ സംഘങ്ങളുടേയും അടിസ്ഥാന സൗകര്യം കൂടുതൽ ശക്തമാക്കി പ്രവർത്തനം ഊർജ്ജസ്വലമാക്കാൻ കഴിഞ്ഞു.

## കയറുൽപ്പന്നങ്ങളുടെ വിപണി സഹായം പദ്ധതി

108/2732 <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന കയറും കയറുൽപ്പന്ന ങ്ങളുടെയും വിൽപനയ്ക്കുള്ള വിപണി സഹായം (MDA) എന്ന പദ്ധതിയിൽ ഇതുവരെ എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ കേന്ദ്രവിഹിതം ലഭിച്ചത് എത്ര; സംസ്ഥാന വിഹിതം എത്ര;

(സി) പ്രസ്തുത തുകയുടെ വിനിയോഗം സംബന്ധിച്ച് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) 2015-16 വർഷം എം.ഡി.എ. പദ്ധതിക്കായി 8 കോടി രൂപ സംസ്ഥാന വിഹിതവും, ഒരു ലക്ഷം രൂപ ടോക്കൺ പ്രൊവിഷനായി കേന്ദ്ര വിഹിതവും അനുവദിച്ചു. ഇതിൽ 7,66,06,030 രൂപ ചെലവഴിച്ചു.

(ബി) സംസ്ഥാന വിഹിതമായി 800 ലക്ഷം രൂപയും കേന്ദ്ര വിഹിതം ഒരു ലക്ഷം രൂപ ടോക്കൺ പ്രൊവിഷനായും അനുവദിച്ചു.

(സി) എം.ഡി.എ. മാർഗ്ഗനിർദ്ദേശപ്രകാരം താഴെപ്പറയുന്ന ആവശ്യങ്ങൾക്ക് ടി പദ്ധതി പ്രകാരം അനുവദിക്കുന്ന തുക വിനിയോഗിക്കാവുന്നതാണ്:

a. Publicity

b. Opening new show rooms/sale outlets.

c. Market study.

d. Renovation of existing sales outlets.

e. Setting up of Marketing intelligence network/upgradation of design facilities like installation of computer aided design centre, engagement of qualified designers etc.

f. Construction of godown.

g. Innovative Marketing Strategies including payment of discounts.

അപ്രകാരം നടപ്പുവർഷം 7,66,06,030 രൂപ 24 മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾക്കും, കയർഫെഡ്, ഫോമിൽ എന്നീ സ്ഥാപനങ്ങൾക്ക് നടപ്പ് സാമ്പത്തിക വർഷത്തെ സംസ്ഥാന വിഹിതവും കയർ കോർപ്പറേഷൻ, കയർഫെഡ് എന്നീ സ്ഥാപനങ്ങൾക്ക് 2014-15 വർഷത്തെ എം.ഡി.എ. കുടിശ്ശികയുടെ 50 ശതമാനവും അനുവദിച്ചു.

**ബി.പി.എൽ.-എ.പി.എൽ. വിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ**

109(2733) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റേഷൻകടകളിൽനിന്നും എ.പി.എൽ.-ബി.പി.എൽ. വിഭാഗങ്ങൾക്ക് നല്കിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

ഉത്തരം

വിശദമാക്കാം.

ബി.പി.എൽ. വിഭാഗങ്ങൾക്ക് റേഷൻ കടകളിൽ നിന്ന് ലഭ്യമാകുന്ന റേഷൻ സാധനങ്ങളുടെ അളവും വിലയും താഴെ ചേർക്കുന്നു:

| ഇനം | അളവ് | വില |
|---|---|---|
| അരി | 25 കി.ഗ്രാം | 1 രൂപ/കി.ഗ്രാം |
| ഗോതമ്പ് | 8 കി. ഗ്രാം | 2 രൂപ/കി.ഗ്രാം |
| പഞ്ചസാര | കാർഡിലെ ഒരംഗത്തിന് 400 ഗ്രാം വീതം | 13.50 രൂപ/കി.ഗ്രാം |
| മണ്ണെണ്ണ | (1) ½ ലിറ്റർ മുതൽ 1 ലിറ്റർ വരെ (വൈദ്യുതീകരിച്ച വീട്ടുള്ളവർക്ക്) | 17/18 രൂപ/ലിറ്റർ |
| | (2) 4 ലിറ്റർ (വൈദ്യുതീകരിക്കാത്ത വീട്ടുള്ളവർക്ക്) | 17/18 രൂപ/ലിറ്റർ |

എ.പി.എൽ. വിഭാഗങ്ങൾക്ക് റേഷൻ കടകളിൽ നിന്ന് ലഭ്യമാകുന്ന റേഷൻ സാധനങ്ങളുടെ അളവും വിലയും താഴെ ചേർക്കുന്നു:

| ഇനം | അളവ് | വില |
|---|---|---|
| അരി | 9 കി.ഗ്രാം | (1) 8.90 രൂപ/കി.ഗ്രാം. (സബ്സിഡി സ്കീമിൽ ഇല്ലാത്തവർക്ക്)<br>(2) 2 രൂപ/കി.ഗ്രാം (സബ്സിഡി സ്കീമിൽ ഉള്ളവർക്ക്) |
| ഗോതമ്പ് | 3 കി. ഗ്രാം | 6.70 രൂപ/ കി.ഗ്രാം |
| സപ്ലൈകോ ആട്ട | 2 കി.ഗ്രാം. | 15 രൂപ |
| മണ്ണെണ്ണ | (1) ½ ലിറ്റർ മുതൽ 1 ലിറ്റർ വരെ (വൈദ്യുതീകരിച്ച വീട്ടുള്ളവർക്ക്) | 17/18 രൂപ/ലിറ്റർ |
| | (2) 4 ലിറ്റർ- (വൈദ്യുതീകരിക്കാത്ത വീട്ടുള്ളവർക്ക്) | 17/18 രൂപ/ലിറ്റർ |

## എ.പി.എൽ. വിഭാഗക്കാർക്ക് കുറഞ്ഞ നിരക്കിൽ റേഷൻ സാധനങ്ങൾ

110(2735) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.പി.എൽ. വിഭാഗക്കാർക്ക് കുറഞ്ഞ നിരക്കിൽ റേഷൻ സാധനങ്ങൾ നൽകുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) എ.പി.എൽ. വിഭാഗക്കാരിൽ പിന്നാക്കം നിൽക്കുന്നവർക്ക് കുറഞ്ഞ നിരക്കിൽ അരി വിതരണം ചെയ്യുന്നതിനായി അവരെ എ.പി.എൽ. (എസ്.എസ്.) വിഭാഗത്തിൽ ഉൾപ്പെടുത്തി 2 രൂപ നിരക്കിൽ അരി വിതരണം ചെയ്യു.

(ബി) 2 രൂപ നിരക്കിൽ അരി വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിയതിലൂടെ കേന്ദ്ര സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം സംസ്ഥാനത്തിന് അനുവദിച്ച ബി.പി.എൽ. വിഭാഗത്തിൽനിന്നും പുറത്തായിട്ടുള്ള താഴ്ന്ന വരുമാനക്കാർക്ക് കുറഞ്ഞ നിരക്കിൽ റേഷൻ സാധനങ്ങൾ ലഭ്യമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

(സി) 2 രൂപ നിരക്കിൽ അരി വിതരണം ചെയ്യുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ട്. നിലവിൽ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത് 4153067 കുടുംബങ്ങൾക്കാണ്. പട്ടികജാതി, പട്ടികവർഗ്ഗം, മത്സ്യത്തൊഴിലാളികൾ, ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവർ എന്നിവർക്കാണ് ഈ പദ്ധതിയിൽ തുടക്കത്തിൽ പ്രയോജനം ലഭിച്ചത്. എന്നാൽ ഇപ്പോൾ എ.പി.എൽ. വിഭാഗത്തിൽപ്പെട്ട കർഷകത്തൊഴിലാളികൾ, കശുവണ്ടി, കൈത്തറി, ബീഡി, പനമ്പ്, ഈറ്റ, ഖാദി, ചെറുകിട തോട്ടം തുടങ്ങിയ മേഖലകളിലെ മുഴുവൻ കൂലിവേലക്കാർക്കും ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ 50 ദിവസമെങ്കിലും പണിയെടുത്തിട്ടുള്ള എല്ലാ തൊഴിലാളികൾക്കും കൂടി 2 രൂപ പദ്ധതി വ്യാപിപ്പിച്ചു.

ഈ പദ്ധതി എ.പി.എൽ. വിഭാഗത്തിൽപ്പെട്ട കൂടുതൽ വിഭാഗങ്ങളിലേയ്ക്ക് വ്യാപിപ്പിച്ചതിനെ തുടർന്ന് അനുബന്ധമായി ചേർത്തിരിക്കുന്ന വിഭാഗങ്ങൾക്ക് രണ്ട് രൂപ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കി വരുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പുതിയ റേഷൻ കടകൾ

111(2738) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കടകൾ തുടങ്ങുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) പുതിയ റേഷൻ കടകൾ തുടങ്ങുന്നതിനായി നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം പുതിയതായി വരുന്ന കടകളിൽ 400-ൽ കുറയാതെ കാർഡുകൾ ഉണ്ടായിരിക്കണം. എന്നാൽ സമീപസ്ഥമായ കടകളിൽ 400 കാർഡുകളിൽ കുറയാനും പാടില്ല. എന്നാൽ തീരെ ഗതാഗത സൗകര്യമില്ലാത്തിടത്തും ആദിവാസി മേഖലകളിലും ആവശ്യമായ ഇളവുകൾ നൽകി പുതിയ കടകൾ അനുവദിക്കുന്നുണ്ട്.

(ബി) പൊതുവിതരണ ശൃംഖല എല്ലാ പ്രദേശങ്ങളിലേയ്ക്കും വ്യാപിപ്പിക്കുകയും എല്ലാ വിഭാഗം ജനങ്ങൾക്കും ഇതിന്റെ പ്രയോജനം ലഭ്യമാക്കി വിലക്കയറ്റവും ഭക്ഷ്യസുരക്ഷയും ഉറപ്പാക്കുക.

(സി) പുതിയ റേഷൻ കട അനുവദിക്കണമെന്ന ആവശ്യത്തിന്മേൽ ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെയും സിവിൽ സപ്ലൈസ് ഡയറക്ടറുടെ ശിപാർശയുടെയും അടിസ്ഥാനത്തിൽ കേരള റേഷനിംഗ് ഓർഡറിലെ വ്യവസ്ഥകൾക്ക് അനുസൃതമായി പുതിയ റേഷൻ കടകൾ അനുവദിച്ച് നൽകുന്നു.

## പുതിയ റേഷൻകാർഡുകൾ

112(2743) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതിയ റേഷൻ കാർഡുകളിൽ കടന്നുകൂടിയ പിശകുകൾ തിരുത്തുന്നതിന് പ്രത്യേക സംവിധാനം നടപ്പിലാക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

പുതിയ റേഷൻ കാർഡിൽ പിശകുകൾ ഒഴിവാക്കുന്നതിനുള്ള എല്ലാ നടപടികളും പൊതുവിതരണ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ പ്രീ-പോപ്പുലേറ്റഡ് ഫോറങ്ങളുടെ ഡാറ്റാ എൻട്രി ചെയ്യുകയും ഓൺലൈനായിട്ടും ഡാറ്റാ എൻട്രിയുടെ പ്രിന്റൗട്ട് ഫോറങ്ങൾ റേഷൻ കടകളിലൂടെ വിതരണം ചെയ്തും തെറ്റ് തിരുത്തുന്നതിനും പുതിയ വിവരങ്ങൾ ഉൾപ്പെടുത്തുന്നതിനും കാർഡുടമകൾക്ക് അവസരം നൽകിയിരുന്നു. ഇപ്രകാരം വെരിഫിക്കേഷൻ ഉൾപ്പെടെ ഡാറ്റാ എൻട്രി പൂർത്തീകരിച്ചിട്ടുണ്ട്. കരട് മുൻഗണനാ/മുൻഗണനേതര പട്ടിക പ്രസിദ്ധീകരിച്ച് കഴിഞ്ഞാൽ അതിന്മേൽ പരാതികളും ആക്ഷേപങ്ങളും ഉള്ളവർക്ക് പഞ്ചായത്ത് സെക്രട്ടറി അദ്ധ്യക്ഷനായ വെരിഫിക്കേഷൻ കമ്മിറ്റികളിലൂടെ പരിഹാരം തേടാനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. ഇതിനുശേഷമേ പുതിയ കാർഡുകൾ പ്രിന്റ് ചെയ്ത് നൽകുകയുള്ളൂ.

## നെല്ല് സംഭരണ വില

113(2744) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരണ വില വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എത്ര രൂപയായാണ് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) പാലക്കാട് ജില്ലയിൽ നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് എത്ര രൂപയാണ് കുടിശ്ശികയായി നൽകുവാനുള്ളത്;

(ഡി) നെല്ല് സംഭരണം കാര്യക്ഷമമായി നടക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്വകാര്യ നെല്ല് സംരംഭകരെയും ഇടത്തട്ടുകാരെയും പ്രസ്തുത മേഖലയിൽ നിന്നും ഒഴിവാക്കുന്നതിന് സമഗ്രമായ നയം പ്രഖ്യാപിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) 2015-16 ഒന്നാം സീസൺ മുതൽ നെല്ലിന്റെ സംഭരണ വില വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) കിലോയ്ക്ക് 19 രൂപയായിരുന്ന സംഭരണ വില 21.50 രൂപയായി 2015-16 ഒന്നാം സീസൺ മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) പാലക്കാട് ജില്ലയിൽ 1-1-2016 മുതൽ 14-2-2016 വരെ 10.07 കോടി രൂപ കുടിശ്ശികയായി കർഷകർക്ക് നൽകുവാനുണ്ട്. ഇത് നൽകുവാനുള്ള നടപടികൾ നടന്നുവരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കേന്ദ്ര സർക്കാരിന്റെ ഭക്ഷ്യ പൊതുവിതരണ വകുപ്പ് രൂപം കൊടുത്ത വികേന്ദ്രീകൃത ധാന്യ സംഭരണ പദ്ധതിയുടെ ഭാഗമായി ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ മേൽനോട്ടത്തിൽ, കേരളത്തിൽ സപ്ലൈകോ നിർവ്വഹണ ഏജൻസിയായി നെല്ല് സംഭരണ സംസ്കരണ വിപണന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ സംഭരിക്കുന്ന നെല്ല് സംസ്കരിച്ച് അരിയാക്കി പൊതുവിതരണ സമ്പ്രദായത്തിലൂടെ വിതരണം ചെയ്യുന്നു. സപ്ലൈകോയിൽ രജിസ്റ്റർ ചെയ്യുന്ന കർഷകരിൽനിന്നും നെല്ല് നേരിട്ട് സംഭരിക്കുകയും ആയതിനുള്ള തുക അതാത് കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുകയുമാണ് ചെയ്യുന്നത്. ഈ പ്രക്രിയയിൽ ഇടത്തട്ടുകാരുടെ ഇടപെടലുകളൊന്നും തന്നെ നടക്കുന്നില്ല.

**ഭക്ഷ്യ സുരക്ഷാ വകുപ്പിലെ പുതിയ തസ്തികകൾ**

114(2747) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സുരക്ഷാ വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം തസ്തികകളാണ് സൃഷ്ടിച്ചത്;

(ബി) പുതിയതായി സൃഷ്ടിച്ച തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; നിയമനം എപ്പോൾ നടക്കുമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തസ്തികകളിൽ നിയമിക്കപ്പെടുന്നവരുടെ സേവനം ജനങ്ങൾക്ക് ഏതെല്ലാം രീതിയിലാണ് ലഭിക്കുകയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഈ സർക്കാർ കാലയളവിൽ ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിനുകീഴിൽ താഴെപ്പറയുന്ന അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്:

| തസ്തിക | എണ്ണം |
|---|---|
| 1 | 2 |
| ജോയിന്റ് ഫുഡ്സേഫ്റ്റി കമ്മീഷണർ (അഡ്മിനിസ്ട്രേഷൻ & ലീഗൽ) | 1 |
| ജോയിന്റ് ഫുഡ്സേഫ്റ്റി കമ്മീഷണർ (എൻഫോഴ്സ്മെന്റ്) | 3 |
| അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 1 |
| ഫിനാൻസ് ഓഫീസർ | 1 |
| സീനിയർ സൂപ്രണ്ട് | 1 |

| 1 | 2 |
|---|---|
| ജൂനിയർ സൂപ്രണ്ട് | 1 |
| ഫുഡ്സേഫ്റ്റി ഓഫീസർ | 62 |
| റിസർച്ച് ഓഫീസർ | 3 |
| ജൂനിയർ റിസർച്ച് ഓഫീസർ | 3 |
| ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ്- I | 3 |
| ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-II | 6 |
| ക്ലാർക്ക് | 99 |
| ഓഫീസ് അറ്റൻഡന്റ് | 30 |

(ബി&സി) 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം ഫലപ്രദമായി നടപ്പിലാക്കുന്നതിനും സുരക്ഷിത ഭക്ഷണം ജനങ്ങൾക്ക് ഉറപ്പുവരുത്തുന്നതിനുമായി ഭക്ഷ്യസുരക്ഷാ വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായാണ് കമ്മീഷണറേറ്റിന്റെ കീഴിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. എൻട്രി കേഡറുകളിലുള്ള തസ്തികകളിൽ പി.എസ്.സി.വഴിയും മറ്റ് തസ്തികകളിൽ പ്രൊമോഷൻവഴിയും നിയമനം നടത്തുവാനാണ് ഉദ്ദേശിക്കുന്നത്.

## സബ്സിഡി ഉല്പന്നങ്ങളുടെ വില വർദ്ധന

115(2749) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പൊതുവിതരണ ശൃംഖലവഴി വിതരണം ചെയ്തിരുന്ന ഏതെല്ലാം വസ്തുക്കൾക്കാണ് സബ്സിഡി നൽകിയിരുന്നത്;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം സബ്സിഡി അനുവദിച്ച ഉല്പന്നങ്ങളിൽ മാറ്റം വരുത്തുകയുണ്ടായോ; ഏതെല്ലാം ഉല്പന്നങ്ങളെയാണ് സബ്സിഡിയിൽ നിന്നും ഒഴിവാക്കിയതെന്നറിയിക്കാമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് 13 ഇന സബ്സിഡി ഉല്പന്നങ്ങൾക്ക് വില വർദ്ധിപ്പിച്ചിരുന്നുവോ; ഈ സർക്കാരിന്റെ കാലത്ത് 2011 മുതൽ സബ്സിഡി നൽകുന്ന ഉല്പന്നങ്ങളുടെ സബ്സിഡി പിൻവലിക്കുകയുണ്ടായിട്ടുണ്ടോ; ഇനം തിരിച്ചുള്ള കണക്കും വർദ്ധിപ്പിച്ച വിലയുടെ നിരക്കും എത്രയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്തിരുന്നത് ഉഴുന്ന് (ബോൾ), ഉഴുന്ന് (പിളർന്നത്), വൻപയർ, തുവരപ്പരിപ്പ്, പീസ് പരിപ്പ്, മുളക്, മല്ലി, ജീരകം, കടുക്, ഉലുവ, പഞ്ചസാര, മട്ട അരി, പച്ചരി, ബോധന അരി എന്നിവയാണ്. ഇവ കൂടാതെ ചെറുപയർ, വൻകടല എന്നിവ കേന്ദ്ര സ്ഥാപനമായ M/s. PEC- യിൽ നിന്നും സബ്സിഡി നിരക്കിൽ ലഭ്യമാകുന്ന മുറയ്ക്ക് യഥാക്രമം 28 രൂപയ്ക്കും, 27 രൂപയ്ക്കും വിതരണം ചെയ്തിരുന്നു.

(ബി & സി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സപ്ലൈകോ വിൽപ്പനശാലകളിൽ പൊതുവെ വിൽപ്പന കുറവുള്ളതും, ജനങ്ങൾ കൂടുതലായി ആവശ്യപ്പെടാത്തതുമായ കടുക്, ജീരകം, ഉലുവ, ഉഴുന്ന് (പിളർന്നത്), പീസ് പരിപ്പ്, ബോധന അരി എന്നിവയെ സബ്സിഡി നൽകുന്ന ഇനങ്ങളിൽ നിന്നും ഒഴിവാക്കി പകരം കേരളത്തിലെ ജനങ്ങൾ കൂടുതലായി ആവശ്യപ്പെടുന്നതും, കൂടുതൽ അളവിൽ ഉപയോഗിക്കുന്നതുമായ ചെറുപയർ, വൻകടല, ജയ അരി, കുറുവ അരി, വെളിച്ചെണ്ണ എന്നിവയെ സബ്സിഡി നൽകുന്ന ഇനങ്ങളിൽ ഉൾപ്പെടുത്തി വിതരണം ചെയ്യുക വഴി, ഈ പദ്ധതി പൊതുജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമാക്കി പരിഷ്കരിച്ചു.

മുൻ സർക്കാരിന്റെ കാലത്ത് 13 ഇന സബ്സിഡി ഉൽപ്പന്നങ്ങൾക്ക് വില വർദ്ധിപ്പിച്ചിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സബ്സിഡി സാധനങ്ങളുടെ വില വർദ്ധനവ് സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.* കഴിഞ്ഞ ഒരു വർഷമായി വില വർദ്ധിപ്പിച്ചിട്ടില്ല. മാത്രവുമല്ല പല ഇനങ്ങൾക്കും വില കുറച്ചിട്ടുമുണ്ട്.

**ഹൈപ്പർ മാർക്കറ്റുകൾ**

116(2750) <u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> :
<u>ശ്രീ. വർക്കല കഹാർ</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൈപ്പർ മാർക്കറ്റുകൾ തുടങ്ങാൻ കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി) മികച്ച സേവനങ്ങളും ആധുനിക സൗകര്യങ്ങളും എല്ലാതരം ഉപഭോക്താക്കൾക്കും മിതമായ നിരക്കിൽ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ സപ്ലൈകോയുടെ സ്വന്തമായുള്ള സ്ഥലത്ത് ഹൈപ്പർ മാർക്കറ്റുകൾ നടത്തി വരുന്നു. ആധുനിക സൗകര്യങ്ങളോടുകൂടിയ റാക്കുകൾ, ബില്ലിംഗ് രീതികൾ, ട്രോളി എന്നിവയ്ക്ക് പുറമേ എല്ലാ സാധനങ്ങളും സ്വയം പരിശോധിച്ച് ബോധ്യപ്പെട്ട് തൃപ്തിയായി തെരഞ്ഞെടുക്കുവാനുള്ള സൗകര്യങ്ങളും ഇത്തരം ഹൈപ്പർ മാർക്കറ്റുകളിലൂടെ സാധാരണ ജനങ്ങൾക്ക് ലഭ്യമാകുന്നുണ്ട്. സബ്സിഡി നിരക്കിലുള്ള 13 ഇനം അവശ്യസാധനങ്ങൾക്കും മറ്റെല്ലാ നിത്യോപയോഗ സാധനങ്ങൾക്കും പുറമേ മറ്റ് പ്രാദേശിക ഉപഭോക്തൃതാൽപ്പര്യ ഉത്പന്നങ്ങളും, സപ്ലൈകോയുടെ ഹൈപ്പർമാർക്കറ്റുകളിലൂടെ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നുണ്ട്. ആയതിനാൽ ഒരു കുടുംബത്തിന് ആവശ്യമായ പരമാവധി എല്ലാ സാധനങ്ങളും, പൊതുജനങ്ങൾ ആഗ്രഹിക്കുന്ന വിവിധ ബ്രാന്റുകളിലുള്ള മറ്റ് എല്ലാ ഉത്പന്നങ്ങളും വളരെ കുറഞ്ഞ നിരക്കിൽ ഉപഭോക്തൃ ചൂഷണം ഒഴിവാക്കി ആധുനിക സൗകര്യങ്ങളോടെ ഒരു കുടക്കീഴിൽ ലഭ്യമാക്കുകവഴി മികച്ച സാധനങ്ങൾ യഥേഷ്ടം തെരഞ്ഞെടുക്കുന്നതിനും അതോടൊപ്പംതന്നെ ഷോപ്പിംഗ് ഒരു അനുഭവമാക്കാനും സാധിക്കുന്നു.

(സി) തലശ്ശേരി, കോട്ടയം, ഗാന്ധിനഗർ, വഴുതക്കാട്, കരുനാഗപ്പള്ളി എന്നിവിടങ്ങളിൽ സപ്ലൈകോയുടെ ഹൈപ്പർമാർക്കറ്റുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പിറവം ഹൈപ്പർ മാർക്കറ്റ്-കം-സബർബൻ മാളിന്റെ നിർമ്മാണം പുരോഗമിക്കുന്നു. തിരുവല്ല, കൊല്ലം എന്നിവിടങ്ങളിൽ ഹൈപ്പർമാർക്കറ്റിനുള്ള പദ്ധതിക്ക് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ**

117(2752) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-ൽ സംസ്ഥാനത്ത് സപ്ലൈകോയുടെ എത്ര മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിച്ചിരുന്നു; അതിൽ ഏതെങ്കിലും മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തനരഹിതമായിട്ടുണ്ടോ;

(ബി) പ്രസ്തുത സ്റ്റോറുകളുടെ പ്രവർത്തനത്തിന് 2005 മുതൽ 2016 വരെ സിവിൽസപ്ലൈസ് കോർപ്പറേഷൻ ചെലവഴിച്ച തുകയെത്ര; സബ്സിഡി നൽകുന്നതിന് ചെലവഴിച്ച തുകയെത്ര ; വിശദമാക്കാമോ ;

(സി) സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനത്തിന് പ്രത്യേക ഫണ്ട് അനുവദിച്ചിരുന്നോ; വിശദമാക്കാമോ?

ഉത്തരം

(എ) 2011-ൽ സംസ്ഥാനത്ത് സപ്ലൈകോയുടെ കീഴിൽ 92 മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിച്ചിരുന്നു. അതിൽ 8 മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനം നിർത്തലാക്കിയിട്ടുണ്ട്.

(ബി) സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തന ചെലവുകൾ പ്രത്യേകമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ലാത്തതിനാൽ മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനത്തിന് 2005 മുതൽ 2016 വരെ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ചെലവഴിച്ച തുക എത്രയെന്ന് കണക്കാക്കുവാൻ സാധിച്ചിട്ടില്ല. സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിൽ സബ്സിഡി നിരക്കിലല്ല/മറിച്ച് കുറഞ്ഞ നിരക്കിലാണ് വിൽപ്പന നടത്തുന്നത്.

(സി) സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനത്തിന് സർക്കാരിൽ നിന്നും പ്രത്യേക ഫണ്ട് അനുവദിച്ചിട്ടില്ല.

**നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം**

118(2754) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി എന്തു തുകയാണ് വകകൊള്ളിച്ചത്; വർഷം തിരിച്ച് കണക്ക് വ്യക്തമാക്കാമോ;

(ബി) കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച തുക എത്രയാണ് ;

(സി) പൊതു കമ്പോളത്തിൽ ഇപ്പോഴും ക്രമാതീതമായി വിലക്കയറ്റം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിലക്കയറ്റം നിയന്ത്രിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) മാർക്കറ്റിടപെടലിനായി കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ല.

(സി) ചില സാധനങ്ങൾക്ക് നേരിയ തോതിലുള്ള വർദ്ധനവ് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമാണ്. അന്യസംസ്ഥാന ങ്ങളിലുണ്ടാകുന്ന അവശ്യ സാധനങ്ങളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥ വ്യതിയാനം, കടത്തുകൂലി വർദ്ധനവ് മുതലായ കാരണങ്ങളാൽ കേരളത്തിൽ നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നിരുന്നാലും സപ്ലൈകോ വിപണിയിൽ ഫലപ്രദമായി ഇടപെടുന്നതുമൂലം അവശ്യസാധന ങ്ങളുടെ വിലവർദ്ധന പിടിച്ചുനിർത്താൻ സാധിക്കുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിപണിയിലുണ്ടാകുന്ന വിലവർദ്ധന പിടിച്ചുനിർത്തുന്നതിനും അതുവഴി പൊതുജനങ്ങൾക്ക് ആശ്വാസമേകുന്നതിനായും സിവിൽസപ്ലൈസ് കോർപ്പറേഷൻ മുഖേനയുള്ള വിപണിയിടപെടൽ പദ്ധതി കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. ഇതിലേയ്ക്കായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

(1) നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും വില നിലവാരം പിടിച്ചുനിർത്തുന്നതിനും വേണ്ടി 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി വിലയിൽ സപ്ലൈകോ വിൽപ്പനശാലകൾവഴി വിറ്റുവരുന്നു.

(2) കൂടുതൽ വിൽപ്പനശാലകൾ വഴി മിതമായ നിരക്കിൽ വിപണിയിൽ തടസ്സമില്ലാതെ സാധനങ്ങൾ എത്തിച്ച് ദൗർലഭ്യം ഒഴിവാക്കുന്നു. ഇതിനുപുറമേ ആദിവാസി/തീരദേശ മേഖലകളിൽ നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിനായി സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളും പ്രവർത്തിച്ചുവരുന്നു.

(3) യഥാർത്ഥ ഉപഭോക്താവിന് അവശ്യ സാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾവഴി നിയന്ത്രിക്കുകയും അതുവഴി അവശ്യസാധനങ്ങളുടെ ദുരുപയോഗ സാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്തു.

(4) ഗോതമ്പ് പൊടിയുടെ വിലവർദ്ധന തടയുന്നതിനായി സപ്ലൈകോ വിൽപ്പനശാലകൾ, റേഷൻ കടകൾ എന്നിവ വഴി ഫോർട്ടിഫൈഡ് ആട്ട ഒരു കിലോ പാക്കറ്റിന് 15 രൂപ നിരക്കിൽ വിതരണം നടത്തി വരുന്നു.

(5) അരിയും പലവ്യഞ്ജനങ്ങളും കൂടാതെ FMCG സാധനങ്ങൾ MRP-യേക്കാളും 5 മുതൽ 30% വരെ വില കുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത് MRP-യിൽ നിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ മറ്റ് വൻകിട കച്ചവടക്കാരെ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാക്കുകയും ചെയ്യുന്നു.

(6) പൊതുവിപണിയിലേതിനേക്കാൾ 20% വരെ വിലക്കുറവിൽ തേയില, കാപ്പിപൊടി, കറിപൗഡറുകൾ, കായം, വാളൻപുളി, ഏലം, അപ്പംപൊടി, പുട്ടുപൊടി എന്നിവ ശബരി എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തിവരുന്നു.

(7) ഉത്സവകാലങ്ങളിൽ വിലവർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാല ചന്തകൾ നടത്തിവരുന്നു.

(8) സപ്ലൈകോയുടെ പ്രവർത്തനം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ വേണ്ടി മാവേലി സ്റ്റോറുകൾ ഇല്ലാത്ത 45 പഞ്ചായത്തുകളിൽ കൂടി മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(9) കൂടാതെ പൊതുവിപണന ശൃംഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി പ്രതിമാസം ഏകദേശം 10 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള മാവേലി സ്റ്റോറുകൾ ഉപഭോക്താവിന് കൂടുതൽ സൗകര്യപ്രദമായി സാധനങ്ങൾ വാങ്ങുന്നതിന് സൗകര്യമുള്ള സൂപ്പർ മാർക്കറ്റുകളായി ഉയർത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഈ നടപടി നടന്നുവരുന്നു.

(10) ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എല്ലാ സാധനങ്ങളും ക്വാളിറ്റി കൺട്രോൾ കമ്മിറ്റിയുടെ ഗുണനിലവാര സർട്ടിഫിക്കറ്റിന് വിധേയമായി മാത്രമാണ് വിൽപ്പനയ്ക്ക് വയ്ക്കുന്നത്.

ഇത്തരത്തിൽ വിപണിയിൽ കുറഞ്ഞ വിലയ്ക്ക് സ്റ്റോക്ക് എത്തിച്ച് വിലവർദ്ധന ഉണ്ടാകാവുന്ന എല്ലാ സാഹചര്യങ്ങളും ഒഴിവാക്കുന്നതിനുള്ള നടപടികളെടുത്തു വരുന്നുണ്ട്.

## കൽപ്പറ്റ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

119(2755) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഭക്ഷ്യവകുപ്പ് മുഖേന കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി ചെലവഴിച്ച തുകയുടെ വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇനിയും പൂർത്തിയാക്കാനുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ-സി) ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മുഖേന സംസ്ഥാന തലത്തിലാണ് പദ്ധതികൾ നടപ്പിലാക്കി വരുന്നത്. ഈ സർക്കാരിന്റെ കാലയളവിൽ കൽപ്പറ്റ നിയോജകമണ്ഡലത്തിൽ മാത്രമായി പദ്ധതികളൊന്നും തന്നെ നടപ്പിലാക്കിയിട്ടില്ല. എന്നിരുന്നാലും മുട്ടിൽ, വെണ്ണിയോട്, വടുവഞ്ചാൽ എന്നീ സ്ഥലങ്ങളിലായി മൂന്ന് പുതിയ മാവേലി സ്റ്റോറുകളും പൊഴുതനയിൽ ഒരു മൊബൈൽ മാവേലി സ്റ്റോറും ആരംഭിച്ചിട്ടുണ്ട്. കൂടാതെ, ബഹുമാനപ്പെട്ട എം.വി. ശ്രേയാംസ് കുമാർ എം.എൽ.എ.യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നുള്ള വിഹിതം ഉപയോഗിച്ച് കൽപ്പറ്റ നിയോജക മണ്ഡലത്തിൽ ലഭ്യമാക്കിയ വാഹനങ്ങളിൽ രണ്ട് സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്.

## വിലക്കയറ്റം

120(2756) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിലക്കയറ്റം തടയുന്നതിനായി വകയിരുത്തിയതും ചെലവഴിച്ചതുമായ തുകയുടെ വിശദവിവരങ്ങൾ (2011 മുതൽ 2016 വരെ) നൽകുമോ ?

ഉത്തരം

2011-12 മുതൽ 2015-16 ഡിസംബർ വരെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മാർക്കറ്റിടപെടൽ പദ്ധതിക്കായി ചെലവഴിച്ച തുകയും സർക്കാരിൽനിന്നും അനുവദിച്ച ധനസഹായത്തിന്റെ വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു.*

## ആധാരങ്ങളുടെ ഓൺലൈൻ രജിസ്ട്രേഷൻ

121(2757) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ നടപടികൾ ഓൺലൈനാക്കുകയും ആധാരങ്ങൾ കമ്പ്യൂട്ടറുകളിൽ തയ്യാറാക്കുകയും ചെയ്യുന്നതിന് മുന്നോടിയായി രജിസ്ട്രേഷൻ വകുപ്പിലെ ജീവനക്കാർക്കും ആധാരം എഴുത്തുകാർക്കും നൽകിയ പരിശീലനങ്ങൾ എന്തെല്ലാം ; ഇതുവഴി ഇവരുടെ സംശയങ്ങൾ ദൂരീകരിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കുന്നതിനും മറ്റുമുള്ള പ്രമാണ രജിസ്ട്രേഷനുകളിൽ കക്ഷികൾ അമിതമായ ഫീസുനൽകേണ്ടതായും വായ്പകൾ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതുമായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ബുദ്ധിമുട്ടുകൾ അടിയന്തരമായി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) രജിസ്ട്രേഷൻ വകുപ്പിൽ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ജീവനക്കാർക്കും ആധാരം എഴുത്തുകാർക്കും സർക്കാർ സ്ഥാപനമായ ഐ.എം.ജി.യുടെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് കേന്ദ്രങ്ങളിൽ വച്ചും മറ്റ് ജില്ലകളിലെ സർക്കാർ ഇതര സ്ഥാപനങ്ങളുടെ സൗകര്യങ്ങൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രയോജനപ്പെടുത്തിക്കൊണ്ടും പരിശീലനം നൽകിവരുന്നു. പരിശീലന പരിപാടികളുടെ ആദ്യഘട്ടം പൂർത്തിയായിട്ടുണ്ട്. പ്രസ്തുത പരിശീലന പരിപാടികളുടെ രണ്ടാംഘട്ടം നടന്നുകൊണ്ടിരിക്കുന്നു. പുതിയ രജിസ്ട്രേഷൻ സംവിധാനത്തിലൂടെ സബ് രജിസ്ട്രാർ ഓഫീസിൽനിന്ന് നൽകേണ്ട വിവിധ സേവനങ്ങൾ സംബന്ധിച്ച് ജീവനക്കാർക്ക് പരിശീലനം നൽകിയിട്ടുണ്ട്. രജിസ്ട്രേഷനുവേണ്ടി ഹാജരാക്കേണ്ട ആധാരവിവരങ്ങൾ കമ്പ്യൂട്ടർ സംവിധാനത്തിലൂടെ സമർപ്പിക്കുന്നത് സംബന്ധിച്ച് ആധാരമെഴുത്തുകാർക്കും പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ ആധാരമെഴുത്തുകാർക്ക് ബന്ധപ്പെട്ട സബ് രജിസ്ട്രാർ ഓഫീസിൽ തന്നെ സംശയനിവാരണത്തിന് പ്രത്യേക സമയ ക്രമീകരണം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മേൽ സൗകര്യങ്ങൾക്ക് പുറമെ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസിൽ സംശയ നിവാരണത്തിനായി മാത്രം പ്രത്യേക സംവിധാനത്തിന് രൂപം കൊടുക്കുകയും ആയത് ഫലപ്രദമായി പ്രവർത്തിച്ചുവരികയും ചെയ്യുന്നു.

(ബി) സഹകരണ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുക്കുന്നതിനും മറ്റുമുള്ള രജിസ്ട്രേഷൻ നടപടികൾക്കായി സബ് രജിസ്ട്രാർ ഓഫീസിൽ നിയമാനുസൃതമായ ഫീസ് മാത്രമേ ഈടാക്കുന്നുള്ളൂ. സബ് രജിസ്ട്രാർ ഓഫീസിലെ നടപടിക്രമങ്ങൾമൂലം വായ്പകൾ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കേരളത്തിന്റെ തനത് ഭക്ഷ്യ ഇനങ്ങൾ

122(2758) ഡോ. എൻ. ജയരാജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ തനത് ഭക്ഷ്യ ഇനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും, അന്താരാഷ്ട്ര വിപണിയിൽ മത്സരിക്കാൻ തക്ക ഗുണനിലവാരം ഉറപ്പാക്കുന്നതിനും പദ്ധതി വിഭാവനം ചെയ്തിരുന്നുവോ; വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് 2015-16 സാമ്പത്തികവർഷം എത്രത്തോളം ഭൗതിക സൗകര്യങ്ങൾ ഏർപ്പെടുത്താൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

## നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം

123(2759) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിലക്കയറ്റം തടയുന്നതിനായി 2014-15 വർഷത്തെ ബഡ്ജറ്റിൽ എത്ര തുകയാണ് അനുവദിച്ചിരുന്നത്; അതിൽ എത്ര ചെലവഴിച്ചു; എന്തിനെല്ലാം ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(സി) ഉപഭോക്താക്കളിൽ നിന്നും അമിത വില ഈടാക്കിയതിനും മറ്റുമായി ഈ സർക്കാർ എത്ര പേർക്കെതിരെ നടപടികൾ സ്വീകരിച്ചു; വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

ഉത്തരം

(എ) ചില സാധനങ്ങൾക്ക് നേരിയ തോതിലുള്ള വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 65 കോടി രൂപയ്ക്ക് പുറമേ അഞ്ച് കോടി രൂപ കൂടി (ആകെ 70 കോടി രൂപ) വിപണിയിടപെടലിനായി സപ്ലൈകോയ്ക്ക് അനുവദിച്ചിരുന്നു. പ്രസ്തുത തുക മുഴുവനും സപ്ലൈകോ ചെലവഴിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിൽ വിപണിയിടപെടൽ പദ്ധതിക്കായി 240.42 കോടിയും, 2014 ഓണക്കാലത്ത് ബി.പി.എൽ. കിറ്റ് വിതരണത്തിന് 11.87 കോടി രൂപയും, 2014 ഓണക്കാലത്ത് സ്പെഷ്യൽ പഞ്ചസാര വിതരണത്തിന് 5.49 കോടി രൂപയും ചേർത്ത് ആകെ 257.78 കോടി രൂപയാണ് ഈ ഇനത്തിൽ സപ്ലൈകോ ചെലവഴിച്ചത്.

(സി) അമിത വില ഈടാക്കിയതിന്റെ പേരിൽ തൃശ്ശൂർ ജില്ലയിൽ 3 പരാതികളും, തിരുവനന്തപുരം, ആലപ്പുഴ എന്നീ ജില്ലകളിൽ ഓരോ പരാതിയും ലഭിച്ചിരുന്നു ആയതിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിൽ അമിത വില ഈടാക്കിയതിന്റെ പേരിൽ 119 പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ അമിതവില ഈടാക്കിയതിന്റെ പേരിൽ പരാതികളൊന്നും ലഭിച്ചിട്ടില്ല.

**വെള്ളോറയിൽ മാവേലി സ്റ്റോർ**

124(2761) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിൽ വെള്ളോറയിൽ പുതുതായി മാവേലിസ്റ്റോർ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസലിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രദേശത്ത് മാവേലിസ്റ്റോർ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) കണ്ണൂർ ജില്ലയിലെ എരമം-കുറ്റൂർ ഗ്രാമപഞ്ചായത്തിലെ വെള്ളോറയിൽ പുതിയ മാവേലിസ്റ്റോർ ആരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. എന്നിരുന്നാലും സാധ്യതാ പഠനത്തിന്റെയും ജീവനക്കാരുടെ ലഭ്യതയുടെയും അടിസ്ഥാനത്തിൽ വെള്ളോറയിൽ മാവേലിസ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ഭക്ഷ്യ സുരക്ഷാ നിയമപ്രകാരം കേരളത്തിനുള്ള ആനുകൂല്യങ്ങൾ**

125(2762) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലായതുമുതൽ കേരളത്തിന് ലഭിച്ചിട്ടുള്ള ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; വിശദവിവരം നൽകുമോ;

(ബി) ഇതിന്റെ ഭാഗമായി വന്നിട്ടുള്ള മാറ്റം എന്തൊക്കെയാണ്; വിശദവിവരം നൽകുമോ;

(സി) ഇപ്രകാരം ലഭിക്കുന്ന ആനുകൂല്യങ്ങൾ ഏതെല്ലാം രീതിയിലാണ് വിനിയോഗിക്കേണ്ടത്;വ്യക്തമാക്കാമോ?

ഉത്തരം

(എ) ഏപ്രിൽ 2016 മുതൽ ദേശീയ ഭക്ഷ്യ സുരക്ഷാനിയമം പ്രാബല്യത്തിൽ വരുത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഭക്ഷ്യ സുരക്ഷാനിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

(ബി&സി) ദേശീയ ഭക്ഷ്യസുരക്ഷാ നിയമം 2013 നടപ്പിൽ വരുമ്പോൾ ബി.പി.എൽ./എ.പി.എൽ. വിഭാഗങ്ങൾ മാറി പ്രയോറിറ്റി/നോൺ പ്രയോറിറ്റി വിഭാഗങ്ങൾ ആകും. കൂടാതെ ഈ നിയമം നടപ്പിലാക്കുമ്പോൾ കേന്ദ്ര സർക്കാരിൽ നിന്ന് പ്രതിവർഷം 14.25 ലക്ഷം മെ. ടൺ ഭക്ഷ്യധാന്യമാണ് ലഭിക്കുക. ഇത് 16.2 ലക്ഷം ആയി ഉയർത്തണം എന്ന് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്.

ഇപ്രകാരം ലഭിക്കുന്ന ഭക്ഷ്യധാന്യം മുൻഗണനാ വിഭാഗത്തിൽപ്പെടുന്ന ആളുകളിൽ, എ.എ.വൈ. വിഭാഗക്കാർക്ക് 35 കിലോ അരിയും ബാക്കിയുള്ളവർക്ക് കാർഡിലെ ഒരംഗത്തിന് 5 കി. ഗ്രാം അരിയും വീതം പ്രതിമാസം ലഭിക്കുന്നതാണ്.

## ഏജൻസികളിൽ നിന്നും നേരിട്ട് എടുക്കുന്ന ഗ്യാസിന് ഉപഭോക്താവ് നൽകേണ്ട തുക

126(2763) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വീടുകളിൽ ഏജൻസികൾ ഗ്യാസ് എത്തിച്ചു കൊടുക്കുമ്പോൾ ഉപഭോക്താവ് ബിൽ തുകയെക്കാൾ എന്ത് തുകയാണ് അധികമായി നൽകേണ്ടത്;

(ബി) ഗ്യാസ് ഉപഭോക്താവ് തന്നെ ഏജൻസികളിൽ നിന്ന് നേരിട്ട് എടുക്കുകയാണെങ്കിൽ ബിൽ തുകയിൽ നിന്ന് എന്ത് തുക കുറച്ചാണ് നൽകേണ്ടത്; വിശദാംശം നൽകുമോ;

(സി) ഗ്യാസ് ഏജൻസികളും ഉപഭോക്താക്കളും തമ്മിൽ ഇക്കാര്യത്തിൽ സ്ഥിരമായി തർക്കം ഉടലെടുക്കുന്നത് പരിഹരിക്കാൻ ഇത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശകരേഖകൾ ഉപഭോക്താക്കളുടെ അറിവിലേക്കായി പ്രസിദ്ധപ്പെടുത്തുമോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) ഉപഭോക്താവ് ബിൽ തുക മാത്രം കൊടുത്താൽ മതിയാകും. യാതൊരു വിധത്തിലുള്ള അധികതുകയും നൽകേണ്ടതില്ല.

(ബി) നിലവിൽ ക്യാഷ് & ക്യാരി സിസ്റ്റം പ്രകാരം 14.2 കിലോ സിലിണ്ടറിന് 18 രൂപ കുറച്ച് നൽകിയാൽ മതി. എന്നാൽ ആർ.ജി.ജി.എൽ.വി. വിതരണക്കാരുടെ ഉപഭോക്താക്കൾ ഏജൻസികളിൽ നിന്ന് നേരിട്ട് ഗ്യാസ് എടുക്കുകയാണെങ്കിൽ മുഴുവൻ തുകയും നൽകേണ്ടതാണ്.

(സി) ക്യാഷ് & ക്യാരി സിസ്റ്റം പ്രകാരം അനുവദനീയമായ കുറവ് എല്ലാ വിതരണ ഏജൻസികളിലും പ്രദർശിപ്പിച്ചിട്ടുണ്ട് എന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

**ഉപഭോക്തൃസംരക്ഷണം**

127(2766) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്തൃ സംരക്ഷണം ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(ബി) മലപ്പുറം ഉപഭോക്തൃ കോടതിയിലടക്കമുള്ള ഒഴിവുകൾ നികത്തി ഉപഭോക്തൃ സംരക്ഷണം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1986-ലെ ഉപഭോക്തൃ സംരക്ഷണ നിയമപ്രകാരം ഉപഭോക്താവിനുള്ള പരാതിക്ക് പരിഹാരം തേടുന്നതിന് എല്ലാ ജില്ലകളിലും ഉപഭോക്തൃ തർക്കപരിഹാര ഫോറങ്ങളും സംസ്ഥാന തലത്തിൽ ഉപഭോക്തൃ തർക്കപരിഹാര കമ്മീഷനും പ്രവർത്തിച്ചുവരുന്നു. അഡ്വക്കേറ്റിന്റെ സഹായമില്ലാതെ തന്നെ കമ്മീഷനിലും ഫോറങ്ങളിലും ഉപഭോക്താവിന് നേരിട്ട് പരാതി ഫയൽ ചെയ്യാവുന്നതുമൂലം മറ്റ് സാധാരണ കോടതികളെ അപേക്ഷിച്ച് കേസുകൾ കുറഞ്ഞ ചെലവിൽ, കുറഞ്ഞ സമയത്തിനുള്ളിൽ തന്നെ തീർപ്പാക്കാൻ കഴിയുന്നു. ഉപഭോക്തൃ സംരക്ഷണം നടപ്പിലാക്കുന്നതിനുവേണ്ടി നിയമം അനുശാസിക്കുന്ന പ്രകാരം പൊതുജനങ്ങളുടെ പ്രതിനിധികൾ സന്നദ്ധ ഉപഭോക്തൃ സംഘടനാ പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി സ്റ്റേറ്റ് കൺസ്യൂമർ പ്രൊട്ടക്ഷൻ കൗൺസിലും, ജില്ലാ കൺസ്യൂമർ പ്രൊട്ടക്ഷൻ കൗൺസിലുകളും പ്രവർത്തിച്ചുവരുന്നു. ഉപഭോക്താക്കളുടെ അവകാശങ്ങളെ സംബന്ധിച്ച് ബോധവൽക്കരിക്കുന്നതിനും ഉപഭോക്താവിന്റെ പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനും സംശയങ്ങൾ ദൂരീകരിക്കുന്നതിനുമായി കേന്ദ്ര സഹായത്തോടെ സംസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺസ്യൂമർ ഹെൽപ്പ് ലൈൻ ആരംഭിച്ചിട്ടുണ്ട്. ഉപഭോക്തൃ സംരക്ഷണത്തിനായി ഹെൽപ്പ് ലൈൻ ടോൾ ഫ്രീ നമ്പരായ '1800 425 1550' അടങ്ങിയ സ്റ്റിക്കറുകളും ഫലകങ്ങളും സംസ്ഥാന ഉപഭോക്തൃ തർക്കപരിഹാര കമ്മീഷനിലും ജില്ലാ ഉപഭോക്തൃ ഫോറങ്ങളിലും സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും സിവിൽസപ്ലൈസ് വകുപ്പിന്റെ കീഴിലുള്ള എല്ലാ ആഫീസുകളിലും സപ്ലൈകോ വിൽപ്പനശാലകളിലും പ്രദർശിപ്പിച്ചുവരുന്നുണ്ട്.

ഉപഭോക്തൃസംരക്ഷണ നിയമം അവലോകനം ചെയ്യുന്ന നോട്ടീസുകൾ, കൈപ്പുസ്തകങ്ങൾ എന്നിവ ബോധവൽക്കരണ സെമിനാറുകളിലും സമ്മേളനങ്ങളിലും വിതരണം ചെയ്തുവരുന്നു. സംസ്ഥാനത്തെ തെരഞ്ഞെടുത്ത 100 സ്കൂളുകളിൽ ഉപഭോക്തൃസംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ കൺസ്യൂമർ ക്ലബ്ബുകൾ രൂപീകരിക്കുകയും ഉപഭോക്തൃസംരക്ഷണത്തെക്കുറിച്ച് സ്കൂൾതലം മുതൽ

അവബോധം നടത്തിവരികയും ചെയ്യുന്നുണ്ട്. സംസ്ഥാന കമ്മീഷൻ മാസംതോറും സംഘടിപ്പിക്കുന്ന അദാലത്തുകൾ മുഖേന ഉപഭോക്തൃതർക്ക പരിഹാരം ദ്രുതഗതിയിലായിട്ടുണ്ട്. ഉപഭോക്തൃദിനാചരണത്തിന്റെ ഭാഗമായി സംസ്ഥാനമൊട്ടാകെ വാരാഘോഷപരിപാടികൾ സംഘടിപ്പിക്കുകയും മുതിർന്ന ഉപഭോക്താക്കളെ ആദരിച്ചുകൊണ്ട് "കൺസ്യൂമർ അവർ" എന്ന നൂതന പരിപാടി സംഘടിപ്പിക്കുകയും ചെയ്തിരുന്നു. ഉപഭോക്തൃസംഘടനകളെ പ്രോൽസാഹിപ്പിക്കുന്നതിനായി പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതലത്തിൽ അവാർഡ് നൽകിവരുന്നുണ്ട്.

(ബി) മലപ്പുറം ഉപഭോക്തൃഫോറം പ്രസിഡന്റിന്റെ ഒഴിവ് നികത്തുന്നതിലേയ്ക്കായുള്ള ഇന്റർവ്യൂ 2016 ജനുവരി 18, 19 തീയതികളിൽ സംസ്ഥാന ഉപഭോക്തൃകമ്മീഷൻ ആസ്ഥാനത്ത് നടത്തിയിട്ടുണ്ട്.

നിയമനത്തിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

## കച്ചവട സ്ഥാപനങ്ങളിൽ ഉൽപ്പന്നങ്ങളുടെ വിലവിവര പട്ടിക പ്രദർശിപ്പിക്കൽ

128(2767) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കച്ചവട സ്ഥാപനങ്ങളിൽ ഉൽപ്പന്നങ്ങളുടെ വിലവിവര പട്ടിക സ്ഥാപിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പട്ടിക സ്ഥാപിക്കാൻ കർശന നിർദ്ദേശം നൽകുമോ;

(ബി) ഉപഭോക്തൃ തർക്കവുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലത്ത് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) വിറ്റ സാധനങ്ങൾ തിരിച്ചെടുക്കുന്നതല്ല എന്ന് ബില്ലുകളിൽ എഴുതുന്നതിന് നിയമ സാധുത ഉണ്ടോ; വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് ഭക്ഷ്യസാധനങ്ങൾക്കും മറ്റ് അവശ്യസാധനങ്ങൾക്കും അമിതവില ഈടാക്കുന്നത് തടയുന്നതിനായി വിലവിവരപ്പട്ടിക ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. ഇത് ഉറപ്പു വരുത്തുന്നതിനായി പൊതുവിതരണ വകുപ്പ് മാത്രമായും ആരോഗ്യം, റവന്യൂ, ലീഗൽ മെട്രോളജി, നികുതി വകുപ്പുകളുമായി ചേർന്നും നിരന്തരം പരിശോധന നടത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ 1977-ലെ കേരള ഫുഡ് സ്റ്റഫ് (ഡിസ്പ്ലേ ഓഫ് പ്രൈസ് ബൈ കേറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്) ഓർഡർ, 1977-ലേയും 1980-ലേയും കേരള എസ്സൻഷ്യൽ കമ്മോഡിറ്റീസ് മെയിന്റനൻസ് ഓഫ് അക്കൗണ്ട്സ് ആന്റ് ഡിസ്പ്ലേ ഓഫ് പ്രൈസസ് ആന്റ് സ്റ്റോക്ക് ഓർഡർ എന്നിവ പ്രകാരവും നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന ഉപഭോക്തൃ തർക്കപരിഹാര കമ്മീഷനിലും 14 ജില്ലാ ഫോറങ്ങളിലുമായി ഫയൽ ചെയ്യപ്പെട്ടിട്ടുള്ള പരാതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| വർഷം | സംസ്ഥാന ഉപഭോക്തൃ തർക്കപരിഹാര കമ്മീഷൻ (അപ്പീലുകൾ ഉൾപ്പെടെ) | ജില്ലാ ഉപഭോക്തൃ തർക്കപരിഹാര ഫോറങ്ങൾ |
|---|---|---|
| 2011 | 991 | 5607 |
| 2012 | 1164 | 6077 |
| 2013 | 1164 | 6037 |
| 2014 | 723 | 6493 |
| 2015 | 1062 | 6612 |
| **ആകെ** | **5104** | **30826** |

(സി) നിയമസാധുത ഇല്ല. ഒരു സാധനം വാങ്ങുമ്പോൾ അതിൽ സൂചിപ്പിച്ചിരിക്കുന്ന അളവ്, തൂക്കം, ഗുണനിലവാരം തുടങ്ങിയവയിൽ ഏതിലെങ്കിലും പോരായ്മകൾ ഉണ്ടെങ്കിൽ ടി സാധനം മാറ്റി വാങ്ങുന്നതിനോ, ഉപഭോക്തൃ നിയമം അനുസരിച്ച് നിയമനടപടി സ്വീകരിക്കുന്നതിനോ ഉപഭോക്താവിന് അവകാശമുണ്ട്.

**പാചകവാതക വിതരണം**

129(2768) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ വേതനവർദ്ധന ആവശ്യപ്പെട്ട് ഉദയംപേരൂർ ഐ.ഒ.സി. ബോട്ടിലിംഗ് പ്ലാന്റിലെ കരാർ തൊഴിലാളികൾ അനിശ്ചിതകാല പണിമുടക്ക് സമരം തുടങ്ങിയതുകൊണ്ട് പാചാകവാതക വിതരണം ഏറെക്കുറെ തടസ്സപ്പെട്ടകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൊഴിലാളി യൂണിയനുകളുടെ ആവശ്യമെന്താണ്; ഇക്കാര്യത്തിൽ തൊഴിലാളി യൂണിയൻ നേതാക്കളുമായി ലേബർ കമ്മീഷൻ ചർച്ച നടത്തിയിരുന്നോ; എന്തൊക്കെ കാര്യങ്ങളാണ് ചർച്ചയിൽ ഉരുത്തിരിഞ്ഞുവന്നതെന്ന് വ്യക്തമാക്കാമോ;

(സി) ജില്ലാ കളക്ടർ പ്രസ്തുത വിഷയത്തിൽ എന്ത് നിലപാടാണ് കൈക്കൊണ്ടിരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ബോട്ടിലിംഗ് പ്ലാന്റിന് അവശ്യ സർവ്വീസ് നിയമമനുസരിച്ച് (എസ്മ) നടപടിയെടുക്കാൻ ഹൈക്കോടതി നിർദ്ദേശം നൽകിയിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ & ബി) ഉണ്ട്. നിലവിലെ അടിസ്ഥാന വേതനമായ 8,424 രൂപ 15,000 രൂപയാക്കി വേതനവർദ്ധനവ് നടപ്പിലാക്കണമെന്നായിരുന്നു തൊഴിലാളികളുടെ ആവശ്യം. ഇക്കാര്യത്തിൽ യൂണിയൻ നേതാക്കളും ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ കോൺട്രാക്ടർമാരുമായി റീജിയണൽ ലേബർ കമ്മീഷണർ പല പ്രാവശ്യം ചർച്ച നടത്തിയെങ്കിലും ചർച്ചകൾ പരാജയപ്പെടുകയും 8-2-2016 മുതൽ തൊഴിലാളികൾ അനിശ്ചിതകാല സമരം തുടങ്ങുകയും ചെയ്തു.

(സി) ഈ വിഷയത്തിൽ ജില്ലാ കളക്ടർ 8-2-2016-ൽ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ മാനേജ്മെന്റ്, കോൺട്രാക്ടർമാർ, റീജിയണൽ ലേബർ കമ്മീഷണർ, യൂണിയൻ നേതാക്കൾ എന്നിവരുമായി ചർച്ച നടത്തുകയും യൂണിയൻ നേതാക്കളോട് സമരം നിർത്തുവാനും വേതനവർദ്ധനവ് സംബന്ധിച്ച ചർച്ചകൾ തുടരുവാനും ആവശ്യപ്പെട്ടു. ആവശ്യമെങ്കിൽ 'എസ്മ' പ്രയോഗിക്കുമെന്നും ജില്ലാ കളക്ടർ യൂണിയൻ നേതാക്കൾക്ക് മുന്നറിയിപ്പ് നല്കുകയും ചെയ്തു.

(ഡി) ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ഫയൽ ചെയ്ത WP(C)3804/2016 പ്രകാരം എൽ.പി.ജി. വിതരണം സാധാരണ നിലയിലാക്കുവാൻ 'എസ്മ' അനുസരിച്ച് നടപടിയെടുക്കാൻ ജില്ലാ കളക്ടർക്ക് ഹൈക്കോടതി നിർദ്ദേശം നല്കിയിരുന്നു. എന്നാൽ 9-2-2016-ൽ സമരം താൽക്കാലികമായി നിർത്തിവച്ചതിനാൽ തുടർനടപടികൾ സ്വീകരിക്കേണ്ടി വന്നിട്ടില്ല.

## കൺസ്യൂമർ പ്രൊട്ടക്ഷൻ ഫോറം

130(2769) <u>ശ്രീ. ആർ. സെൽവരാജ്</u> :
<u>ശ്രീ. ലൂഡി ലൂയിസ്</u> :
<u>ശ്രീ. വി. റ്റി. ബൽറാം</u> :
<u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ പ്രൊട്ടക്ഷൻ ഫോറം ശക്തിപ്പെടുത്തുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) സംസ്ഥാനത്ത് ഉപഭോക്തൃസംരക്ഷണത്തിനായി നിലവിലുള്ള വിവിധ ഫോറങ്ങൾ താഴെ പറയുന്നവയാണ്:

(i) ഉപഭോക്താക്കളുടെ പരാതി പരിഹാരത്തിനായി സംസ്ഥാനതലത്തിൽ റിട്ടയേർഡ് ഹൈക്കോടതി ജഡ്ജ് പ്രസിഡണ്ടായുള്ള സംസ്ഥാന ഉപഭോക്തൃതർക്കപരിഹാര കമ്മീഷൻ

(ii) 14 ജില്ലകളിലും ഉപഭോക്തൃ തർക്കപരിഹാര ഫോറങ്ങൾ

(iii) ഉപഭോക്താക്കളുടെ ആവശ്യങ്ങൾ പരിഹരിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി സംസ്ഥാനതലത്തിൽ ബഹുമാനപ്പെട്ട ഉപഭോക്തൃകാര്യ വകുപ്പുമന്ത്രി ചെയർമാനായുള്ള സംസ്ഥാന ഉപഭോക്തൃ സംരക്ഷണ സമിതി

(iv) ജില്ലാതലങ്ങളിൽ ജില്ലാ കളക്ടർ ചെയർമാനായി, ജില്ലാ ഉപഭോക്തൃ സംരക്ഷണ സമിതി.

ഉപഭോക്താക്കളുടെ പരാതികൾ സമയബന്ധിതമായി പരിഹരിച്ച് നല്കുകയാണ് ഇവയുടെ ലക്ഷ്യം.

**റസിഡന്റ്സ് അസോസിയേഷനുകൾ**

131(2770) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റസിഡന്റ്സ് അസോസിയേഷനുകൾ രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്നത് ഏതെല്ലാം നിയമങ്ങളുടെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള റ്റി. 741/96 നമ്പർ റസിഡന്റ്സ് അസോസിയേഷൻ പ്രവർത്തനക്ഷമമാണോ; വിശദമാക്കാമോ;

(സി) പ്രസ്തുത അസോസിയേഷൻ കാലാകാലങ്ങളിൽ പ്രവർത്തന റിപ്പോർട്ടും ഓഡിറ്റ് സ്റ്റേറ്റ്മെന്റും സർക്കാരിന് സമർപ്പിക്കാറുണ്ടോയെന്ന് വിശദമാക്കാമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) 1955-ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ ശാസ്ത്രീയ ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്ടിലെ 32-ാം വകുപ്പിൽ വിവരിക്കുന്ന ഉദ്ദേശ്യങ്ങൾക്കുവേണ്ടിയും, 1860-ലെ സൊസൈറ്റി രജിസ്ട്രേഷൻ ആക്ടിലെ 20-ാം വകുപ്പിൽ വിവരിക്കുന്ന ഉദ്ദേശ്യങ്ങൾക്കുവേണ്ടിയും റസിഡന്റ്സ് അസോസിയേഷൻ ഉൾപ്പെടെയുള്ള സംഘങ്ങൾക്ക് രജിസ്റ്റർ ചെയ്തു പ്രവർത്തിക്കാവുന്നതാണ്.

(ബി) റ്റി. 741/96-ാം നമ്പരായി രജിസ്റ്റർ ചെയ്തിട്ടുള്ള നേതാജി നഗർ ഗവൺമെന്റ് ക്വാർട്ടേഴ്സ് റസിഡന്റ്സ് അസോസിയേഷൻ നാളിതുവരെ വാർഷിക റിട്ടേണുകൾ ഫയൽ ചെയ്തിട്ടുള്ളതായി കാണുന്നില്ല. ഇത്തരത്തിൽ റിട്ടേൺസ് ഫയൽ ചെയ്യാത്ത സൊസൈറ്റികൾ പ്രവർത്തനക്ഷമമാണെങ്കിൽ, ഇപ്പോൾ സർക്കാർ നടപ്പാക്കിയിട്ടുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം സൊസൈറ്റികൾ അടയ്ക്കേണ്ടുന്ന പിഴത്തുകയിൽ ഇളവ് ലഭിക്കുന്നതാണ്. പ്രസ്തുത ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി 31-3-2016 വരെയാണ്.

(സി) പ്രസ്തുത സംഘം 14-8-1996-ൽ രജിസ്റ്റർ ചെയ്യുകയും 23-8-1996-ൽ ആദ്യ ഭരണസമിതി ലിസ്റ്റും ഓഫീസ് അഡ്രസ്സും തിരുവനന്തപുരം ജില്ലാ രജിസ്ട്രാർ (ജനറൽ) ആഫീസിൽ ഫയൽ ചെയ്യുകയും ചെയ്തു. അതിനുശേഷം നാളിതുവരെ വാർഷിക റിട്ടേണുകൾ ഫയൽ ചെയ്തിട്ടില്ല. ആയതിന്റെ കാരണം ടി ഓഫീസിനെ അറിയിച്ചിട്ടില്ലാത്തതുമാണ്.

## ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ

132(2771) ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ തയ്യാറാക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

### ഉത്തരം

(എ) സംസ്ഥാനത്ത് 287 സബ് രജിസ്ട്രാർ ഓഫീസുകളിൽ ഓൺലൈൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പ് പൊതുജനങ്ങൾക്ക് നൽകിവരുന്ന സേവനങ്ങൾക്ക് ഫീസൊടുക്കുവാൻ ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സംസ്ഥാനതലത്തിൽ പൂർത്തീകരിച്ചുവരുന്നു. ബാധ്യതാ സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ നല്കുന്നതിനായി 1980 മുതലുള്ള ആധാരവിവരങ്ങൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) പൊതുജനങ്ങൾക്ക് രജിസ്ട്രേഷൻ വകുപ്പ് നൽകിവരുന്ന സേവനങ്ങൾക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനായി സംസ്ഥാനത്തെ 287 സബ് രജിസ്ട്രാർ ഓഫീസുകളിൽ ഓൺലൈൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഓൺലൈനായി ഫീസ് ഒടുക്കുന്നതിനായി ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. ഇതുവഴി സേവനപ്രദാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിച്ച് കാലതാമസം ഒഴിവാക്കാൻ കഴിയുന്നതാണ്.

(സി)

1. പദ്ധതിയുടെ നടത്തിപ്പിനായി രജിസ്ട്രേഷൻ വകുപ്പിന്റെ കീഴിലുള്ള എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

2. കമ്പ്യൂട്ടറുകളിൽ നെറ്റ്‌വർക്ക് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

3. വകുപ്പിലെ ജീവനക്കാർക്ക് പദ്ധതി നടപ്പിലാക്കുന്നതിനായി പരിശീലനം ഏർപ്പെടുത്തിയിട്ടുണ്ട്.

4. ആദ്യഘട്ടത്തിൽ ബാധ്യതാ സർട്ടിഫിക്കറ്റുകൾ, ആധാരപ്പകർപ്പുകൾ, വിവാഹം, ഗഹാൻ എന്നീ സേവനങ്ങൾക്കുള്ള അപേക്ഷാ വിവരങ്ങൾ ഓൺലൈനായി നല്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

5. നിലവിൽ ആധാരങ്ങൾ തയ്യാറാക്കി ഓൺലൈനായി സമർപ്പിക്കുവാനും കക്ഷിയുടെ സൗകര്യത്തിന് അനുസരിച്ച് രജിസ്ട്രേഷനുള്ള തീയതിയും സമയവും നിശ്ചയിച്ചുകൊണ്ടുള്ള ടോക്കൺ നേരത്തെ എടുക്കാനുമുള്ള സൗകര്യവും സംസ്ഥാനത്തെ 287 സബ് രജിസ്ട്രാർ ഓഫീസുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ ബാക്കിയുള്ള സബ് രജിസ്ട്രാർ ഓഫീസുകളിലും മേൽ സംവിധാനം നടപ്പിലാക്കിവരുന്നു.

6. ബാധ്യതാ സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ നൽകുന്നതിനായി 1980 മുതലുള്ള ആധാരവിവരങ്ങൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

## സബ് രജിസ്ട്രാർ ഓഫീസുകളിലെ ആധാരങ്ങൾ ഡിജിറ്റലാക്കാൻ കർമ്മ പദ്ധതി

133(2772) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സബ് രജിസ്ട്രാർ ഓഫീസുകളിലെ ആധാരങ്ങൾ ഡിജിറ്റലാക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) രജിസ്ട്രേഷൻ വകുപ്പിൽ ആധാരപ്പകർപ്പുകൾ ഡിജിറ്റൽ രൂപത്തിലാക്കുന്നതിനുള്ള കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) നിലവിൽ ആധാരപ്പകർപ്പുകൾക്കായുള്ള അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട രജിസ്റ്റർ തെരഞ്ഞുനോക്കി ആധാരം കണ്ടുപിടിച്ച് ഡിജിറ്റൽ ക്യാമറയുടെയും കമ്പ്യൂട്ടറിന്റെയും സഹായത്താൽ പകർപ്പ് തയ്യാറാക്കുന്ന രീതിയാണ് അവലംബിച്ചുവരുന്നത്. ബന്ധപ്പെട്ട ആധാരം അടങ്ങുന്ന രജിസ്റ്റർ തെരഞ്ഞുനോക്കുന്നതിനുള്ള കാലതാമസവും അപേക്ഷകളുടെ എണ്ണക്കൂടുതലും സമയപരിധിക്കുള്ളിൽ പൊതുജനങ്ങൾക്ക് സേവനം നൽകുന്നതിന് തടസ്സമാകുന്നു.

ഈ കാലതാമസം പരിഹരിക്കുന്നതിനായി നിലവിൽ സബ് രജിസ്ട്രാർ ഓഫീസുകളിൽ സൂക്ഷിച്ചുവരുന്ന ആധാര വാല്യങ്ങൾ സ്കാൻ ചെയ്ത് ഡിജിറ്റൽ രൂപത്തിലേയ്ക്ക് മാറ്റി നിലവിലെ രജിസ്ട്രേഷൻ ഡാറ്റയുടെ ഭാഗമാക്കിക്കൊണ്ട് ആധാര പകർപ്പുകൾ ഉടനടി നല്കാവുന്ന തരത്തിലുള്ള സേവനമാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

(സി) കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതിയുടെ അവിഭാജ്യഘടകമായ കണക്റ്റിവിറ്റി സൗകര്യം ബി.എസ്.എൻ.എൽ.-ൽ നിന്നും ലഭ്യമാക്കി Kerala State Wide Area ശൃംഖലയുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്.

സംസ്ഥാനത്തെ മുഴുവൻ സബ് രജിസ്ട്രാർ ഓഫീസുകളിലും ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കുവാൻ ക്ഷമതയുള്ള 2 സെർവറുകൾ 2015 നവംബർ മാസത്തിൽ സ്റ്റേറ്റ് ഡാറ്റ സെന്ററിൽ സ്ഥാപിച്ചിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിലെ പട്ടം, നേമം, ചാല, ശാസ്തമംഗലം, വർക്കല, തിരുവനന്തപുരം പ്രിൻസിപ്പൽ, തിരുവല്ലം, കഴക്കൂട്ടം, പോത്തൻകോട് തുടങ്ങിയ ഒൻപത് സബ് രജിസ്ട്രാർ ഓഫീസുകളിൽ രേഖകളുടെ ഡിജിറ്റലൈസേഷൻ പൂർത്തിയായിട്ടുണ്ട്. മറ്റ് ഓഫീസുകളിൽ രേഖകളുടെ ഡിജിറ്റലൈസേഷൻ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

## ഭൂമിയുടെ ന്യായവില സംബന്ധിച്ച അപാകതകൾ

134(2774) ശ്രീ. കെ. മുരളീധരൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ ന്യായവില സംബന്ധിച്ച അപാകതകൾ തീർക്കുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇത് നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) കേരള മുദ്രപ്പത്ര നിയമം വകുപ്പ് 28 എ 4-ാം ഉപവകുപ്പിൽ ഭേദഗതി വരുത്തിക്കൊണ്ട് അന്തിമ ന്യായവില സംബന്ധിച്ച അപ്പീലുകൾ സമർപ്പിക്കുന്നതിനുള്ള കാലപരിധി വിജ്ഞാപന തീയതി മുതൽ 30 ദിവസം എന്നത് ഒരു വർഷമായി നീട്ടുകയും മതിയായ കാരണമുണ്ടെന്ന് ബോദ്ധ്യപ്പെടുന്ന സംഗതികളിൽ ഒരു വർഷത്തിനുശേഷം സമർപ്പിക്കപ്പെടുന്ന അപ്പീലുകളും പരിഗണിക്കുവാൻ വ്യവസ്ഥ ചെയ്യുകയും ചെയ്തു. അപ്പീലിന്മേലുള്ള ജില്ലാ കളക്ടറുടെ ഉത്തരവിൽ അതൃപ്തി ഉള്ളവർക്ക് റിവ്യൂഹർജി സമർപ്പിക്കുന്നതിന് കേരള മുദ്രപ്പത്ര നിയമം 28 (എ) വകുപ്പിന്റെ (5) ഉപവകുപ്പിൽ പുതുതായി വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. അപ്പീലുകളുടെ ത്വരിതഗതിയിലുള്ള തീർപ്പാക്കലിനായി ഗവ.സെക്രട്ടറി തലത്തിൽ തുടർച്ചയായും കൂടാതെ ചീഫ് സെക്രട്ടറി തലത്തിലും കോൺഫറൻസുകൾ നടത്തി അപാകതകൾ പരിഹരിക്കുന്നതു സംബന്ധിച്ച് അവലോകനങ്ങൾ നടത്തുകയും അപ്പീലുകൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. അപ്പീലുകൾ ലഭിക്കുന്നത് ഒരു തുടർപ്രക്രിയ ആയതിനാൽ തുടർന്നു ലഭിക്കുന്ന അപ്പീലുകളും പരിഗണിച്ചുവരുന്നുണ്ട്. വില നിർണ്ണയത്തിലെ അപാകതകൾ സംബന്ധിച്ച അപ്പീലുകൾ തീർപ്പാക്കുന്ന പ്രവർത്തനം ജില്ലാ കളക്ടർ തലത്തിലും, വില നിർണ്ണയിക്കാൻ വിട്ടുപോയ ഭൂമിയുടെ വില നിർണ്ണയിക്കുന്ന പ്രവർത്തനം ആർ.ഡി.ഒ. തലത്തിലുമാണ് നടക്കുന്നത്. ഫെയർവാല്യൂ പുതുക്കുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതിന് ഒരു സംസ്ഥാനതല സബ് കമ്മിറ്റി രൂപവത്കരിക്കാൻ തീരുമാനിക്കുകയുണ്ടായി. ഗവ.പ്രിൻസിപ്പൽ സെക്രട്ടറി (റവന്യൂ), ലാന്റ് റവന്യൂ കമ്മീഷണർ, രജിസ്ട്രേഷൻ ഐ.ജി., 4 ജില്ലാ കളക്ടർമാർ, 4 സബ് കളക്ടർമാർ എന്നിവർ ചേർന്നുള്ളതാണ് സബ് കമ്മിറ്റി. റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയാണ് ചെയർമാൻ.

(ബി&സി) ന്യായവില നിർണ്ണയത്തെക്കുറിച്ച് പൊതുജനങ്ങളുടെ പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഫെയർ വാല്യൂവിൽ പരാതിയുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള അപ്പീൽ സംബന്ധിച്ച് ജില്ലാ കളക്ടർ തീരുമാനം എടുക്കുന്നതിനുള്ള സമയപരിധി 90 ദിവസം എന്നത് 60 ആയി കുറച്ചുകൊണ്ട് 1995-ലെ The Kerala Stamp (Fixation of Fair Value of Land) Rules-ൽ ഭേദഗതി വരുത്തി 9-10-2015-ലെ G.O. (P) 185/2015/TD നമ്പരായി ഉത്തരവായിട്ടുണ്ട്. റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്യുന്നതിനായി 1995-ലെ The Kerala Stamp (Fixation of Fair Value of Land) Rules-ൽ 5A എന്ന ഒരു ചട്ടം കൂടി ചേർത്തിട്ടുമുണ്ട്.

## രജിസ്ട്രേഷൻ മേഖലയിൽ ഓൺലൈൻ സംവിധാനം

135(2775) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ മേഖലയിൽ ഓൺലൈൻ സംവിധാനം നടപ്പിലാക്കൽ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) ആധാരം എഴുത്ത് ഓഫീസുകളെ ഓൺലൈൻ സമ്പ്രദായത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) ആധാരം എഴുത്തുകാരെ ഓൺലൈൻ സമ്പ്രദായത്തെക്കുറിച്ച് ബോധവത്കരിക്കുവാൻ സംഘടിപ്പിച്ച പരിശീലന പരിപാടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) എല്ലാ ജില്ലകളിലെയും എല്ലാ സബ് രജിസ്ട്രാർ ഓഫീസുകൾക്കും ഇന്റർനെറ്റ് കണക്ഷനോടുകൂടിയ കമ്പ്യൂട്ടറുകൾ നൽകിയിട്ടുണ്ടോ;

(ഇ) ഓൺലൈനിലൂടെ നൽകുന്ന രേഖകൾ ബാങ്കുകൾ ആധികാരിക രേഖയായി സ്വീകരിക്കാത്തത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് 314 സബ് രജിസ്ട്രാർ ഓഫീസുകൾ ഉള്ളതിൽ 287 ഓഫീസുകളിൽ ഓൺലൈൻ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ബാക്കിയുള്ള സബ് രജിസ്ട്രാർ ഓഫീസുകളിൽ ഇതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു.

(ബി) ആധാരം എഴുത്തുകാർക്ക് ഓൺലൈൻ ഉപയോഗിക്കുന്നതിനുള്ള സൗകര്യം ലഭ്യമാണ്. എല്ലാ ജില്ലകളിലും ആധാരം എഴുത്തുകാർക്ക് ഓൺലൈൻ ഉപയോഗിക്കുന്നതിനുള്ള പരിശീലനം നൽകിയിട്ടുണ്ട്.

(സി) എല്ലാ ജില്ലകളിലും ആധാരം എഴുത്ത്-കൈപ്പട ലൈസൻസികൾക്ക് അതത് ജില്ലകളിൽവച്ച് Online PEARL Software-ൽ പരിശീലനം നൽകിയിട്ടുണ്ട്.

ആധാരം എഴുത്തുകാരെ ഓൺലൈൻ സമ്പ്രദായത്തെക്കുറിച്ച് ബോധവത്കരിക്കുവാൻ സംഘടിപ്പിച്ച പരിശീലന പരിപാടികളിൽ പങ്കെടുത്തവരുടെ എണ്ണം ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | 250 |
| കൊല്ലം | 300 |
| പത്തനംതിട്ട | 260 |
| ആലപ്പുഴ | 100 |
| ഇടുക്കി | 302 |
| കോട്ടയം | 100 |
| എറണാകുളം | 566 |
| തൃശ്ശൂർ | 211 |
| പാലക്കാട് | 266 |
| മലപ്പുറം | 650 |
| കാസർഗോഡ് | 125 |
| കണ്ണൂർ | 150 |
| വയനാട് | 100 |
| കോഴിക്കോട് | 100 |
| **ആകെ** | **3480** |

ഇനിയും പരിശീലനം ലഭിക്കാത്ത ആധാരം എഴുത്ത്-കൈപ്പട ലൈസൻസികൾക്ക് അതത് സബ് രജിസ്ട്രാർ ഓഫീസിൽവച്ച് പരിശീലനം ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) എല്ലാ ജില്ലകളിലെയും എല്ലാ സബ് രജിസ്ട്രാർ ഓഫീസുകൾക്കും ഇന്റർനെറ്റ് കണക്ഷനോടുകൂടിയ കമ്പ്യൂട്ടറുകൾ നൽകിവരുന്നു.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) ബാധകമല്ല.

## രജിസ്ട്രേഷൻ വകുപ്പിൽ ഓൺലൈൻ സർട്ടിഫിക്കറ്റുകൾ

136(2777) ശ്രീ. വർക്കല കഹാർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിലെ സർട്ടിഫിക്കറ്റുകൾ ഓൺ ലൈനിൽ ലഭ്യമാക്കാൻ കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇതുവരെ 287 സബ് രജിസ്ട്രാർ ഓഫീസുകളിൽ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ബാക്കിയുള്ള സബ് രജിസ്ട്രാർ ഓഫീസുകളിൽ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഓൺലൈൻ സംവിധാനം നടപ്പിലാക്കിയ 287 സബ് രജിസ്ട്രാർ ഓഫീസുകളിൽ, ആദ്യഘട്ടത്തിൽ ബാധ്യതാ സർട്ടിഫിക്കറ്റുകൾ, ആധാരപ്പകർപ്പുകൾ, വിവാഹം, ഗഹാൻ എന്നീ സേവനങ്ങൾക്കുള്ള അപേക്ഷാവിവരങ്ങൾ ഓൺലൈനായി നൽകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) രജിസ്ട്രേഷൻ വകുപ്പിന്റെ സേവനം സുഗമവും കാര്യക്ഷമവുമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

(സി) 1. പദ്ധതിയുടെ നടത്തിപ്പിനായി രജിസ്ട്രേഷൻ വകുപ്പിന്റെ കീഴിലുള്ള എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

2. കമ്പ്യൂട്ടറുകളിൽ നെറ്റ്‌വർക്ക് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

3. വകുപ്പിലെ ജീവനക്കാർക്ക് പദ്ധതി നടപ്പിലാക്കുന്നതിനായി പരിശീലനം ഏർപ്പെടുത്തിയിട്ടുണ്ട്.

4. ആദ്യഘട്ടത്തിൽ ബാധ്യതാ സർട്ടിഫിക്കറ്റുകൾ, ആധാരപ്പകർപ്പുകൾ, വിവാഹം, ഗഹാൻ എന്നീ സേവനങ്ങൾക്കുള്ള അപേക്ഷാ വിവരങ്ങൾ എന്നിവ ഓൺലൈനായി നല്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

5. നിലവിൽ, ആധാരങ്ങൾ തയ്യാറാക്കി ഓൺലൈനായി സമർപ്പിക്കുവാനും കക്ഷിയുടെ സൗകര്യത്തിന് അനുസരിച്ച് രജിസ്ട്രേഷനുള്ള തീയതിയും സമയവും നിശ്ചയിച്ചുകൊണ്ടുള്ള ടോക്കൺ നേരത്തെ എടുക്കാനുമുള്ള സൗകര്യം സംസ്ഥാനത്തെ 287 സബ് രജിസ്ട്രാർ ഓഫീസുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ ബാക്കിയുള്ള സബ് രജിസ്ട്രാർ ഓഫീസുകളിലും മേൽ സംവിധാനം നടപ്പിലാക്കിവരുന്നു.

6. മുദ്രകൾ ഇലക്ട്രോണിക് രൂപത്തിൽ നൽകുന്ന ഇ-സ്റ്റാമ്പിംഗ് പദ്ധതിയുടെ പ്രാരംഭഘട്ട പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

7. ബാധ്യതാ സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ നല്കുന്നതിനായി 1980 മുതലുള്ള ആധാരവിവരങ്ങൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

## പി.ഡബ്ള്യു.ഡി. വർക്കുകളുടെ ഗുണനിലവാരം

137(2778) <u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. ഷാഫി പറമ്പിൽ</u> :
<u>ശ്രീ. ജോസഫ് വാഴയ്ക്കൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ള്യു.ഡി. വർക്കുകളുടെ ഗുണനിലവാരം സാക്ഷ്യപ്പെടുത്തുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) ഉണ്ട്. പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ചുമതലയിൽ റീജിയണൽ ലാബുകളും മറ്റ് എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ സ്ഥാപിച്ചു പ്രവർത്തനം നടപ്പാക്കി വരുന്നു. ദേശീയപാത ജോലികളുടെ ഗുണനിലവാര പരിശോധനയ്ക്ക് ആവശ്യമായ എല്ലാ സംവിധാനങ്ങളോടും കൂടിയ ലബോറട്ടറി സംവിധാനങ്ങൾ കരാർ പ്രകാരം സൈറ്റിൽ കോൺട്രാക്ടർ സ്ഥാപിക്കേണ്ടതാണ്. ടെസ്റ്റുകൾ ദേശീയപാതയുടെ കീഴിലുള്ള ഗുണനിലവാര പരിശോധനാ വിംഗിന്റെ മേൽനോട്ടത്തിലാണ് നടത്തുന്നത്. അഞ്ചു കോടിയിൽ കൂടുതൽ വരുന്ന പ്രവൃത്തികൾക്ക് ടെക്നിക്കൽ ഓഡിറ്റ് ചെയ്യുന്നതിനും നിഷ്കർഷിക്കുന്നു.

(ബി) ഇതുവഴി പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കാനും മെച്ചപ്പെടുത്തുവാനും സാധ്യമാകും. ആദ്യ രണ്ടു ലെവൽ ടെസ്റ്റിംഗ് പൂർണ്ണമായും ഉറപ്പുവരുത്തുന്നതിനാണ് ടെക്നിക്കൽ ഓഡിറ്റ് ചെയ്യുവാൻ ഉദ്ദേശിക്കുന്നത്. ഇതുമൂലം പൊതുമരാമത്ത് വകുപ്പ് നടപ്പാക്കുന്ന എല്ലാ പ്രവൃത്തികളും durable and sustainable ആയിരിക്കും എന്നുള്ളത് ഉറപ്പുവരുത്താനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) 28.533 കോടി രൂപയുടെ പദ്ധതികൾ ക്വാളിറ്റി കൺട്രോൾ വിഭാഗത്തിനായി ആവിഷ്കരിച്ചിട്ടുണ്ട്. അതിനായുള്ള ഭരണാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്. ക്വാളിറ്റി കൺട്രോൾ മാന്വൽ, ക്വാളിറ്റി കൺട്രോൾ ലാബ് മാന്വൽ എന്നിവ പ്രസിദ്ധീകരിച്ച് ഗുണനിലവാരം പരിശോധിക്കാൻ എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ഓഫീസിലും ലാബുകളും പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. എഞ്ചിനീയർമാർക്കും ജീവനക്കാർക്കും പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നു. കരാറുകാർക്ക് ക്വാളിറ്റി ഉറപ്പുവരുത്തുന്നതിനുള്ള ആവശ്യകത മനസ്സിലാക്കുന്നതിന് കേരളം മുഴുവൻ ആറു സ്ഥലങ്ങളിലായി awareness programme നടത്തി തുടർന്നും ട്രെയിനിംഗ് നൽകുന്നുണ്ട്.

## റോഡ് നവീകരണവും അറ്റകുറ്റപ്പണികളും

138(2779) <u>ശ്രീ. എളമരം കരീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങളെ എങ്ങനെയെല്ലാം ബാധിച്ചിട്ടുണ്ടെന്നു വിശദീകരിക്കാമോ;

(ബി) കരാറുകാരുടെ ബിൽ കുടിശ്ശികയായത് റോഡ് നവീകരണത്തെയും അറ്റകുറ്റപ്പണികളെയും ബാധിച്ചിട്ടുള്ളത് പരിശോധിച്ചിട്ടുണ്ടോ;

(സി) ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങളെ ബാധിച്ചിട്ടില്ല.

(ബി & സി) കരാറുകാരുടെ ബിൽ കുടിശ്ശികയായത് റോഡ് നവീകരണത്തെയും അറ്റകുറ്റപ്പണികളെയും ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബിൽ കുടിശ്ശികമൂലം കരാറുകാർക്ക് ഉണ്ടാകാവുന്ന സാമ്പത്തിക ബുദ്ധിമുട്ട് പരിഹരിക്കുന്നതിനും പണലഭ്യത ഉറപ്പാക്കുന്നതിനുമായി ആവിഷ്കരിച്ച Bill Discounting System വളരെ ഫലപ്രദമാണ്. അതിനാൽ ബിൽ കുടിശ്ശിക പൊതുമരാമത്ത് പ്രവൃത്തികളെ പ്രതികൂലമായി ബാധിക്കുന്നില്ല.

**ആസ്തി വികസന പദ്ധതി**

139(2780) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന പദ്ധതി പ്രകാരം സ്കൂൾ ബസ്സുകൾ വാങ്ങുന്നതടക്കമുള്ള ജോലികൾക്ക് ഭരണാനുമതി നൽകുമ്പോൾ അതിനാവശ്യമായ തുക പൊതുമരാമത്ത് വകുപ്പിന്റെ ശീർഷകത്തിലാണ് ഉൾപ്പെടുത്തി നൽകുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം ബന്ധപ്പെട്ട വകുപ്പുകൾ പ്രസ്തുത തുക ലഭിക്കാതെയും ടെണ്ടറുകൾ ചെയ്യാനാവാതെയും ബസ്സുകളടക്കമുള്ളത് വാങ്ങാനാകാതെയും വിഷമിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് പറയാമോ;

(ബി) ചേർത്തല മണ്ഡലത്തിലെ കോനാട്ടുശ്ശേരി ഗവ. എൽ.പി. സ്കൂൾ, പട്ടണക്കാട് എസ്.സി.യു. ഗവ. വി.എച്ച്.എസ്സ്.എസ്സ്, വയലാർ രാമവർമ്മ മെമ്മോറിയൽ ഗവ. ഹയർ സെക്കണ്ടറി സ്കൂൾ എന്നിവിടങ്ങളിലേയ്ക്ക് 2014-15 സാമ്പത്തിക വർഷത്തിൽ മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിച്ച് ഭരണാനുമതി ലഭിച്ച വിഷയത്തിൽ പൊതുമരാമത്ത് വകുപ്പ് ഇനിയും ഫണ്ട് മാറി നൽകാത്തത് എന്തുകൊണ്ടാണെന്ന് പറയാമോ; ഇപ്രകാരം തുക കൈമാറ്റം ചെയ്യാത്തതുമൂലം സ്കൂളുകൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആസ്തി വികസന പദ്ധതിയിൻകീഴിൽ സ്കൂൾ ബസ്സുകൾ വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകുമ്പോൾ ആവശ്യമായ തുക പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗത്തിന്റെ ശീർഷകത്തിൽ ഉൾപ്പെടുത്തിയാണ് നൽകുന്നത്. ഇതുകാരണം തുക ലഭിക്കാതെയും, ടെണ്ടർ ക്ഷണിക്കാനാവാത്തതായും, ബസ്സുകൾ വാങ്ങാൻ കഴിയാത്തതുമായ സാഹചര്യം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചേർത്തല മണ്ഡലത്തിലെ കോനാട്ടുശ്ശേരി ഗവ. എൽ.പി. സ്കൂൾ, പട്ടണക്കാട് എസ്.സി.യു. ഗവ. വി.എച്ച്.എസ്സ്.എസ്സ്., വയലാർ രാമവർമ്മ മെമ്മോറിയൽ ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, വയലാർ എന്നീ സ്കൂളുകളിലേക്ക് ബസ് വാങ്ങുന്നതിനുള്ള ലെറ്റർ ഓഫ് ക്രെഡിറ്റ് പ്രൊപ്പോസൽ 15-2-2016-ൽ ലഭിക്കുകയും, ആയത് തുക അനുവദിക്കുന്നതിനായി സർക്കാർ പരിശോധിച്ച് വരികയുമാണ്. ഈ വിഷയത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും കാലതാമസം വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## മൂരാട് പാലത്തിന്റെ അപകടാവസ്ഥ

140(2781) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാറിലെ വളരെ പഴക്കം ചെന്ന വടകര കൊയിലാണ്ടി മണ്ഡലങ്ങളുടെ അതിർത്തിയിലുള്ള മൂരാട് പാലം വളരെ അപകടാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്രദേശത്ത് പുതിയ പാലം നിർമ്മിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) 1940-ൽ പണികഴിപ്പിച്ച ഈ പാലത്തിന് അപകടാവസ്ഥയില്ല. എന്നാൽ പാലത്തിന്റെ വീതി കുറവായതിനാൽ ഇരു ഭാഗത്തു നിന്നും ഒരേ സമയം വാഹനങ്ങൾ കടന്നു പോകാൻ പ്രയാസം നേരിടുന്നുണ്ട്. നാഷണൽ ഹൈവേ അതോറിറ്റിയുടെ കണ്ണൂർ-വെങ്ങളം പാത 4 വരിയായി വികസിപ്പിക്കുന്ന സ്കീമിൽ ഈ പാലത്തിനു സമാന്തരമായി പുതിയ പാലം നിർമ്മിക്കുന്ന പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്.

## കോങ്ങാട് മണ്ഡലത്തിൽ എസ്.ആർ.ഐ.പി.

141(2782) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.ആർ.ഐ.പി.യുടെ ഭാഗമായി സംസ്ഥാനത്ത് എത്ര കോടി രൂപയുടെ റോഡ് നിർമ്മാണ പദ്ധതി നടപ്പിലാക്കി; ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി 2015-16 വർഷത്തിൽ കോങ്ങാട് മണ്ഡലത്തിൽ തെരഞ്ഞെടുത്തിട്ടുള്ള റോഡുകളുടെ വിശദവിവരങ്ങൾ നൽകുമോ;

(സി) നാളിതുവരെ പ്രസ്തുത പദ്ധതി പ്രകാരം കോങ്ങോട് മണ്ഡലത്തിനായി അനുവദിച്ച പദ്ധതികളുടെ വിശദവിവരങ്ങൾ നൽകുമോ?

ഉത്തരം

(എ) സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിന്റെ ഭാഗമായി (SRIP) സ്ഥലം ഏറ്റെടുക്കൽ ആവശ്യമില്ലാത്ത 'റീഹാബിലിറ്റേഷൻ പാക്കേജിൽ' ഉൾപ്പെട്ട 83 കി.മീ. റോഡുകൾ ഒരു പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ രണ്ടു പാക്കേജുകളുടെയും 'കൺസഷൻ എഗ്രിമെന്റ്' ഒപ്പുവെയ്ക്കുന്നതിന് 'ലെറ്റർ ഓഫ് അവാർഡ്' നൽകിക്കഴിഞ്ഞു. ഇതിന്റെ പ്രോജക്ട് തുക 209.90 കോടി രൂപയാണ്. രണ്ടു പാക്കേജുകളായാണ് പദ്ധതി നടപ്പാക്കുന്നത്.

| ക്രമ നമ്പർ | റോഡുകളുടെ പേര് | ജില്ല | കി.മീ. |
|---|---|---|---|
| **പാക്കേജ് 'എ' (മോഡിഫൈഡ്)** | | | |
| 1. | വിദ്യാനഗർ-മായിപ്പാടി-സീതാംഗോളി റോഡ് | കാസർഗോഡ് | 9.40 |
| 2. | ഉപ്പള-കനിയന റോഡ് | കാസർഗോഡ് | 15.60 |
| | **ആകെ** | | **25 കി.മീ.** |
| | **പ്രോജക്ട് തുക** | | **81 കോടി രൂപ** |
| **പാക്കേജ് 'ബി'** | | | |
| 3. | കാഞ്ഞിരപ്പള്ളി-കാഞ്ഞിരംകവല റോഡ് | കോട്ടയം | 36.10 |
| 4. | വെള്ളനാട്-ചെറ്റച്ചൽ റോഡ് | തിരുവനന്തപുരം | 21.90 |
| | **ആകെ** | | **58 കി.മീ.** |
| | **പ്രോജക്ട് തുക** | | **128.90 കോടി രൂപ** |

(ബി&സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി കോങ്ങാട് മണ്ഡലത്തിലെ ഒരു റോഡും ഏറ്റെടുത്തിട്ടില്ല.

**വനിതാപോളിടെക്നിക്കിന് ഹോസ്റ്റൽ, ക്വാർട്ടേഴ്സ് നിർമ്മാണം**

142(2783) ശ്രീ. സി. കെ സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിലെ വനിതാപോളിടെക്നിക്കിന് ഹോസ്റ്റൽ, ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണത്തിനായി എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്നും നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലുള്ള അവസ്ഥ എന്താണെന്നും വിശദമാക്കാമോ?

ഉത്തരം

കായംകുളം വനിതാപോളിടെക്നിക്കിന് സ്റ്റാഫ് ക്വാർട്ടേഴ്സ്, പ്രിൻസിപ്പാൾ ക്വാർട്ടേഴ്സ് എന്നിവ പണിയാൻ 20-12-2013-ലെ ജി. ഒ. (ആർറ്റി.) നം. 2485/2013/H.Edn. ഉത്തരവ് പ്രകാരം 8.45 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

**ഇ-പേമെന്റ്**

143(2784) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എം. പി. വിൻസെൻറ് :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യൂ.ഡി. വകുപ്പിൽ ഇ-പേയ്മെൻറ് സംവിധാനം ഏർപ്പെടുത്താൻ കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) 10-1-2012-ലെ സ. ഉ. (പി) നമ്പർ 6/2012/PWD പ്രകാരം പൊതുമരാമത്ത് വകുപ്പിൽ ഇ-പേയ്മെന്റ് നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. ഇതിനെ തുടർന്ന് 15-2-2012-ലെ 28609/H3/2010/PWD നമ്പർ പരിപത്ര പ്രകാരം വിശദമായ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത സംവിധാനം മുഖേന പൊതുമരാമത്ത് വകുപ്പിലെ കരാറുകാരുടെയും മറ്റും പണമിടപാടുകൾ സുതാര്യമാക്കുന്നതിനും കരാറുകാർ ഓഫീസുകളിൽ കയറിയിറങ്ങുന്ന രീതി നിർത്തലാക്കുന്നതിനും സാധിക്കും. കരാറുകാർക്ക് പൊതുമരാമത്ത് വകുപ്പിൽനിന്നും കിട്ടേണ്ടതായ തുക, അവരുടെ അക്കൗണ്ടിൽ നേരിട്ട് സുതാര്യവും സുരക്ഷിതവുമായി, താരതമ്യേന എളുപ്പത്തിലും ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. പണമിടപാടുകൾ വേഗത്തിലും മികവുറ്റ രീതിയിലും നടത്തുന്നതിനും അഴിമതി ഇല്ലാതാക്കുന്നതിനും ഇ-പേയ്മെന്റ് സംവിധാനം വഴി കഴിയുന്നു. പ്രസ്തുത സംവിധാനം മുഖേന പൊതുമരാമത്ത് വകുപ്പിലെ കരാറുകാർക്ക് അവർ ചെയ്യുന്ന പ്രവൃത്തികളുടെ തുക നേരിട്ട് അവരുടെ അക്കൗണ്ടിലേക്ക് ലഭ്യമാക്കാൻ സാധിക്കും.

(സി) 10-1-2012-ലെ സ. ഉ. (പി) നം. 6/2012/PWD പ്രകാരം പൊതുമരാമത്ത് വകുപ്പിൽ ഇ-പേയ്മെന്റ് നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. ഇതിനെ തുടർന്ന്, 15-2-2012-ലെ 28609/H3/2010/PWD നമ്പർ പരിപത്ര പ്രകാരം വിശദമായ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ്, ധനകാര്യ വകുപ്പ്, ഐ.റ്റി. വകുപ്പ്, എൻ.ഐ.സി., സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ തുടങ്ങിയവയാണ് ഈ സംവിധാനവുമായി സഹകരിക്കുന്നത്. ബിൽ ഡിസ്കൗണ്ട് സമ്പ്രദായംവഴിയുള്ള പേയ്മെന്റ് പൂർണ്ണമായും ഇ-പേയ്മെന്റ് വഴിയാക്കിയിട്ടുണ്ട്.

## ഇ-ടെണ്ടറിംഗ് സംവിധാനം

144(2785) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യു.ഡി. വകുപ്പിൽ ഇ-ടെണ്ടറിംഗ് സംവിധാനം ഏർപ്പെടുത്താൻ കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ ധനസഹായത്തോടെയുള്ള നാഷണൽ ഇ-ഗവേണൻസ് പ്രോഗ്രാമിന്റെ (NeGP) ഭാഗമായി ജി. ഒ. (പി) നം. 72/2011/പൊ.മ.വ. തീയതി 3-12-2011 പ്രകാരം 2011 ഡിസംബർ മുതൽ പൊതുമരാമത്ത് വകുപ്പിൽ ഇ-ടെണ്ടറിംഗ് ആരംഭിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് വഴി നടപ്പിലാക്കുന്ന അഞ്ച് ലക്ഷം രൂപയിൽ കൂടുതലുള്ള എല്ലാ പ്രവൃത്തികൾക്കും e-Tender ബാധകമാക്കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തികൾ ത്വരിതപ്പെടുത്തേണ്ട സാഹചര്യം കണക്കിലെടുത്ത് 31-3-2016-നകം എഗ്രിമെന്റ് വയ്ക്കേണ്ട പ്രവൃത്തികൾക്ക് ഇ-ടെണ്ടർ നടപടിക്കായിട്ടുള്ള പരിധി 15 ലക്ഷമാക്കി ഉയർത്തിയിട്ടുണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പിലെ ടെണ്ടറിംഗ് നടപടികൾ കൂടുതൽ കാര്യക്ഷമതയോടെയും സുതാര്യതയോടെയും വേഗത്തിൽ പൂർത്തിയാക്കുവാൻ ഇ-ടെണ്ടറിംഗ് വഴി സാധിക്കും. കോൺട്രാക്ടർമാർക്ക് പൊതുമരാമത്ത് ഓഫീസുകളിൽ നേരിട്ട് ഹാജരാകാതെ തന്നെ വെബ്സൈറ്റിൽ നിന്നും ടെണ്ടർ ഡോക്യുമെന്റ്സ് വായിക്കാനും ടെണ്ടറിൽ പങ്കെടുക്കുവാനും സാധിക്കും.

ഇ-ടെണ്ടറുകളുടെ നിലവിലെ അവസ്ഥ, പങ്കെടുത്ത കരാറുകാർ മുതലായ വിശദ വിവരങ്ങൾ ഇ-ടെണ്ടറിംഗ് വെബ്സൈറ്റ് വഴി പൊതുജനങ്ങൾക്ക് അറിയുവാൻ സാധിക്കും. ഈ സംവിധാനത്തിൽ ടെണ്ടർ ക്ഷണിക്കുന്ന ഉദ്യോഗസ്ഥന് ടെണ്ടർ രേഖകൾ, ഷെഡ്യൂൾ എന്നിവ അദ്ദേഹത്തിന്റെ Digital Signature ഉപയോഗിച്ച് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാവുന്നതാണ്. കരാറുകാർക്ക് ഇവ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. കരാറുകാർക്ക് സ്വകാര്യ കമ്പ്യൂട്ടർ വഴി online ആയി എവിടെ നിന്നും ടെണ്ടർ സമർപ്പിക്കുവാൻ കഴിയുന്നതാണ്.

(സി) കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ ധനസഹായത്തോടെയുള്ള നാഷണൽ ഇ-ഗവേണൻസ് പ്രോഗ്രാമിന്റെ ഭാഗമായി (NeGP) എൻ.ഐ.സി.യുടെ സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് പൊതുമരാമത്ത് വകുപ്പിൽ ഇ-ടെണ്ടറിംഗ് നടപ്പിലാക്കിയത്. സംസ്ഥാന ഐ.റ്റി. വകുപ്പും, ധനവകുപ്പും ഇതിന്റെ പ്രവർത്തനവുമായി സഹകരിക്കുന്നുണ്ട്. നിരതദ്രവ്യം അടയ്ക്കുന്നതിലേക്കായി എസ്.ബി.റ്റി.യും ഇതുമായി സഹകരിക്കുന്നുണ്ട്. ഈ പദ്ധതിയുടെ ഏകോപനം നിർവ്വഹിക്കുന്നത് കേരള സ്റ്റേറ്റ് ഐ.റ്റി.മിഷൻ ആണ്.

**പാലം പുനർനിർമ്മാണം**

145(2786) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധർമ്മടം നിയോജകമണ്ഡലത്തിലെ തട്ടാരി പാലം പുനർനിർമ്മിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) തട്ടാരി പാലം പുനർനിർമ്മാണത്തിനായി ഡിസൈൻ തയ്യാറാക്കിവരുന്നു. ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

**മോണോ റെയിൽ പദ്ധതി**

146(T* 2787) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കോഴിക്കോട് എന്നീ നഗരങ്ങളിൽ മോണോ റെയിൽ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിരുന്നുവോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ആസൂത്രണ ബോർഡ് അന്തിമ തീരുമാനം കൈക്കൊണ്ടത് എന്നായിരുന്നു; എത്ര തുകയുടെ പദ്ധതി അടങ്കലാണ് വിഭാവനം ചെയ്തത്;

(സി) പ്രസ്തുത പദ്ധതിയുടെ നിലവിലെ അവസ്ഥ എന്തെന്ന് വിശദമാക്കുമോ?

---

*T - മാറ്റിവെച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ-സി) തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ മോണോ റെയിൽ പദ്ധതി നടപ്പാക്കാൻ സംസ്ഥാന സർക്കാർ ഉദ്ദേശിച്ചിരുന്നു. പദ്ധതികൾക്കുവേണ്ടി 1-10-2013-ന് ദർഘാസ് ക്ഷണിക്കുകയും ചെയ്തു. എന്നാൽ ഒറ്റ സ്ഥാപനം മാത്രമേ താല്പര്യം പ്രകടിപ്പിച്ചുള്ളൂ എന്നതിനാൽ, സർക്കാർ നിർദ്ദേശ പ്രകാരം പുനർദർഘാസ് വിളിക്കുകയുമുണ്ടായി. പുനർദർഘാസ് 30-5-2014-ന് തുറന്നെങ്കിലും വീണ്ടും ഒരു ടെണ്ടർ മാത്രമാണ് ലഭിച്ചത്. ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് സമർപ്പിച്ച സാങ്കേതിക ദർഘാസ് ഡി.എം.ആർ.സി. വിശദമായി പരിശോധിച്ചതിനുശേഷം സാമ്പത്തിക ദർഘാസ് പരിശോധിച്ചു. ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് ഭീമമായ തുക രേഖപ്പെടുത്തിയിരുന്നതിനാൽ 28-8-2014-ന് കൂടിയ 10-ാമത് ബോർഡ് യോഗത്തിൽ, ടെണ്ടർ നിരസിക്കുകയും, മോണോ റെയിൽ പദ്ധതിക്ക് പകരം തത്തുല്യമായ മാസ് റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റമായ ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കാൻ തീരുമാനിക്കുകയും ചെയ്തു.

**പാലം നിർമ്മാണം**

147(2788) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പയ്യന്നൂർ, കല്ല്യാശ്ശേരി നിയോജകമണ്ഡലങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്ന മൂലക്കീൽ കടവ് പാലം നിർമ്മാണ പ്രവർത്തനത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(ബി) വർഷങ്ങൾക്ക് മുമ്പ് ഭരണാനുമതി ലഭിച്ച പ്രസ്തുത പാലത്തിന്റെ നിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ & ബി) മൂലക്കീൽ കടവ് പാലം നിർമ്മിക്കുന്ന പാലക്കോട് പുഴ, വളപട്ടണം-കൊറ്റി ജലപാതയിൽപ്പെടുന്നതായതിനാൽ ദേശീയ ജലപാത ചട്ടം അനുസരിച്ച് പാലത്തിന്റെ ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഡിസൈൻ ലഭ്യമായ ശേഷമേ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കാനാവുകയുള്ളൂ.

## അയിലം പാലം നിർമ്മാണം

148(2789) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയിലം പാലം നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) കാലങ്ങളേറെയായ നിർമ്മാണ പ്രവർത്തനം എത്രയും വേഗം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പാലം നിർമ്മാണത്തിന് എന്ത് തുകയാണ് അനുവദിച്ചിരിക്കുന്നതെന്നും ഇതിനകം എന്തു തുക ചെലവഴിച്ചുവെന്നും കരാർ എടുത്തിരിക്കുന്നത് ആരാണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) അയിലം പാലത്തിന്റെ 3 സ്പാനുകളുടേയും നിർമ്മാണ പ്രവൃത്തി പൂർത്തിയായി. അപ്രോച്ച് റോഡിന്റേയും പുഴയുടെ സംരക്ഷണ ഭിത്തിയുടേയും നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(ബി) നിർമ്മാണ പ്രവർത്തനം എത്രയുംവേഗം പൂർത്തിയാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത പാലം നിർമ്മാണത്തിന് 621 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയത്. ഇതിൽ 34,88,268.47 രൂപ ചെലവഴിച്ചിട്ടുണ്ട്. ശ്രീ. എസ്. സതീഷ് ആണ് കരാർ ഏറ്റെടുത്തിരിക്കുന്നത്.

## മൻറം പാലം

149(2790) <u>ശ്രീ. കെ. കെ. നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ-മാനന്തവാടി സ്റ്റേറ്റ് ഹൈവേയിലെ മൻറം പാലം പുനർനിർമ്മിക്കുന്നതിന് ഉള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പുനർനിർമ്മാണം എന്നത്തേക്ക് തുടങ്ങുന്നതിന് സാധിക്കുമെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ&ബി) കണ്ണൂർ <u>കൂത്തു</u>പറമ്പ് മാനന്തവാടി സ്റ്റേറ്റ് ഹൈവേയിലുള്ള തകരാറിലായ മൻറം പാലം പുതുക്കി പണിയുന്നതിനുവേണ്ടി 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നുവെങ്കിലും അപ്രോച്ച് റോഡിനുള്ള സ്ഥലം ലഭ്യമാകാതിരുന്നതിനാൽ പ്രവൃത്തി തുടങ്ങുവാൻ സാധിച്ചില്ല. മൻറം പാലവും അനുബന്ധ റോഡും നിർമ്മിക്കുന്നതിനുവേണ്ടി ആകെ ആവശ്യമായ 0.518 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കൊല്ലം തേനി റോഡിൽ പതിയിരിക്കുന്ന അപകടങ്ങൾ

150(2791) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം-തേനി റോഡിൽ തഴക്കര പഞ്ചായത്തിലെ മാങ്കാംകുഴി-പാറക്കുളങ്ങരയിൽ നിരന്തരമായി അപകടങ്ങളുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത മേഖലയിൽ റോഡിന്റെ വശങ്ങളിൽ സംരക്ഷണവേലി സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) സംരക്ഷണവേലി സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്വീകരിക്കുന്നതാണ്.

(സി) കൊല്ലം-തേനി ദേശീയപാതയുടെ ഹൈസ്കൂൾ ജംഗ്ഷൻ മുതൽ കൊല്ലക്കടവ് വരെയുള്ള ഭാഗത്ത് 500 മീറ്റർ നീളത്തിൽ ക്രാഷ് ബാരിയർ ഉൾപ്പെടെയുള്ള റോഡ് സുരക്ഷാ പ്രവൃത്തികൾക്ക് 5 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ആയതിന് കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

## ചേലക്കര ബൈപ്പാസ് നിർമ്മാണം

151(2792) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ ചേലക്കര ബൈപ്പാസ് നിർമ്മാണത്തിന് ഭരണാനുമതിക്കുവേണ്ടി ഡി.പി.ആർ. സമർപ്പിച്ചിട്ടുള്ളതായി അറിയാമോ ;

(ബി) വർഷങ്ങൾക്ക് മുൻപ് ഭരണാനുമതി നൽകുകയും ബഡ്ജറ്റിൽ ഉൾപ്പെടുത്തി വന്നതുമായ ഈ പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള തടസ്സങ്ങൾ എന്താണെന്ന് പറയാമോ;

(സി) നിലവിലുള്ള റോഡിൽ വർദ്ധിച്ചുവരുന്ന ഗതാഗത തടസ്സങ്ങളും അപകട മരണങ്ങളും പരിഹരിക്കുന്നതിന് നടപ്പുസാമ്പത്തികവർഷം തന്നെ ഭരണാനുമതി നൽകി പദ്ധതി പ്രവർത്തനം ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ചേലക്കര ബൈപ്പാസ് നിർമ്മാണത്തിനുള്ള 2500 ലക്ഷം രൂപയുടെ ഡി.പി.ആർ. സർക്കാരിൽ ലഭ്യമായിട്ടുണ്ട്.

(ബി&സി) ടി പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## സംസ്ഥാന റോഡുകളിലെ ഗതാഗതക്കുരുക്ക്

152(2793) ശ്രീ. റ്റി. യു. കുരുവിള :

ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബൈപ്പാസുകളോ ഫ്ലൈ ഓവറുകളോ അണ്ടർ പാസ്സുകളോ ഇല്ലാത്ത സംസ്ഥാനത്തെ മുഴുവൻ പട്ടണങ്ങളിലും ഇന്ന് ഗതാഗത കുരുക്ക് അനുഭവപ്പെടുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ നഗര പ്രദേശങ്ങളിലെ എല്ലാ റോഡുകളും ഉന്നത നിലവാരത്തിൽ ടാറിംഗ് നടത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ മുഴുവൻ പട്ടണങ്ങളിലും ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനായി പൊതുമരാമത്ത് വകുപ്പ് വിവിധ ബൈപ്പാസുകളുടെ നിർമ്മാണം ഏറ്റെടുത്ത് നടത്തി വരികയാണ്. ഇത് മുഖേന നഗരങ്ങളിൽ നിലനിൽക്കുന്ന ഗതാഗതക്കുരുക്കുകൾ ഒഴിവാക്കാനും ഗതാഗതക്കുരുക്കുമൂലമുണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുവാനും കൂടാതെ യാത്രാസമയം ലാഭപ്പെടുത്തി സുഗമമായ യാത്ര ഉറപ്പുവരുത്തുവാനും സാധിക്കുന്നതാണ്.

(ബി) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിൻ കീഴിലുള്ള റോഡുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി MoRTH specification പ്രകാരമുള്ള ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നീ നിലവാരമുള്ള രീതിയിൽ റോഡുകൾ ടാറിംഗ് ചെയ്തുവരുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കൂടുതൽ റോഡുകൾ ഇത്തരത്തിൽ ടാറിംഗ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## ചേലക്കര മണ്ഡലത്തിലെ റോഡ് നിർമ്മാണ-പുനരുദ്ധാരണ പ്രവൃത്തികൾ

153(2794) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിനുകീഴിൽ നടന്നുവരുന്ന റോഡ് നിർമ്മാണ-പുനരുദ്ധാരണ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇവ ഓരോന്നിനും സ്വീകരിച്ച ടെണ്ടർ നടപടികളുടെയും ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭിച്ചതെന്നാണെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കാലതാമസം ഒഴിവാക്കി എല്ലാ പ്രവൃത്തികളും സമയബന്ധിതമായി പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ചേലക്കര മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിനുകീഴിൽ താഴെ പറയുന്ന പ്രവൃത്തികൾ നടന്നു വരുന്നു.

1. 2012-13 പഴയന്നൂർ-ലക്കിടി റോഡ് കി.മീ.0/000 മുതൽ 4/000 വരെ -500 ലക്ഷം
2. 2015-16 വൺടൈം മെയിന്റനൻസ് പ്രവൃത്തികൾ 29 റോഡുകളുടെ പുനരുദ്ധാരണം
3. 2015-16 പഴയന്നൂർ-എളനാട് റോഡ് കി.മീ.0/000 മുതൽ 2/000 വരെ - 200 ലക്ഷം
4. 2015-16 ചെറുതുരുത്തി-കിള്ളിമംഗലം റോഡ് കി.മീ.0/000 മുതൽ 3/000 വരെ - 100 ലക്ഷം
5. 2015-16 ചേലക്കര -കറുകക്കടവ് ഡ്രെയിനേജ് കി.മീ.1/000 - 20 ലക്ഷം

(ബി)

1. പഴയന്നൂർ ലക്കിടി റോഡ് കി.മീ. 0/000 മുതൽ 4/000 വരെ.

   AS. No. G. O. (Rt.) No. 354/13/PWD. Dated 13-3-2013

   TS. No. CE/R&B/TCR/8139/2013 dated 20-8-2013.

2. 2015-16 പഴയന്നൂർ-എളനാട് റോഡ് കി.മീ. 0/000 മുതൽ 2/000 വരെ

   AS. No. G. O. (Rt.) No. 1930/15/PWD dated 22-12-2015

   TS നല്കിയിട്ടില്ല.

3. ചെറുതുരുത്തി-കിള്ളിമംഗലം റോഡ് കി.മീ.0/000 മുതൽ 3/000 വരെ

   AS. No. G. O. (Ms.) 930/15/PWD dated 23-12-2015

   TS നല്കിയിട്ടില്ല.

4. വൺടൈം മെയിന്റനൻസ് പ്രവൃത്തികൾ 29 റോഡുകളുടെ പുനരുദ്ധാരണം

AS. No. G. O. (Ms.) 107/15/PWD. Dated 21-12-2015

5. ചേലക്കര-കറുകക്കടവ് ഡ്രെയിനേജ് കി.മീ.1/000

AS. No. CE/R&B/TF/TSR/2015-16 dated 8-9-2015

TS. No. 35/15-16/EE/TSR dated 22-9-2015.

(സി) നടപടികൾ സ്വീകരിക്കുന്നതാണ്.

**ചേലക്കര മണ്ഡലത്തിലെ ബഡ്ജറ്റ് പ്രവൃത്തികൾ**

154(2795) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചേലക്കര മണ്ഡലത്തിൽ ബഡ്ജറ്റ് പ്രവൃത്തികൾ ഉൾപ്പെടെ ഓരോ വർഷവും റോഡുകൾക്കും കെട്ടിടങ്ങൾക്കും വേണ്ടി അനുവദിച്ച തുക എത്രയാണെന്ന് പറയാമോ;

(ബി) പ്രസ്തുത തുകയിൽ വിനിയോഗിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചേലക്കര മണ്ഡലത്തിൽ ബഡ്ജറ്റ് പ്രവൃത്തികൾ ഉൾപ്പെടെ ഓരോ വർഷവും റോഡുകൾക്കും കെട്ടിടങ്ങൾക്കും വേണ്ടി അനുവദിച്ച തുകയും പ്രസ്തുത തുകയിൽ വിനിയോഗിച്ച തുകയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കായംകുളം അസംബ്ലി മണ്ഡലത്തിൽ സെൻട്രൽ റോഡ് ഫണ്ട് വിനിയോഗിച്ചുള്ള റോഡ് നിർമ്മാണം**

155(2796) ശ്രീ. സി. കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം അസംബ്ലി മണ്ഡലത്തിൽ സെൻട്രൽ റോഡ് ഫണ്ട് വിനിയോഗിച്ച് ബി. എം. & ബി. സി. നിലവാരത്തിൽ എത്ര റോഡുകളാണ് നിർമ്മിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സെൻട്രൽ റോഡ് ഫണ്ട് വിനിയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി എൻ.എച്ച്. ഡിവിഷൻ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള കായംകുളം മണ്ഡലത്തിലെ ഭഗവതിപ്പടി-കരീലക്കുളങ്ങര ബാക്ക്വാട്ടർ റോഡ്, മുക്കട-ചൂനാട് റോഡ്, പുതിയിടം-ഗോവിന്ദമുട്ടം-പ്രയാർ റോഡ്, ഗോവിന്ദമുട്ടം-ആല്ലുംപീടിക-പാട്ടുത്തുകടവ് റോഡ് എന്നിവയുടെ നിർമ്മാണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കായംകുളം മണ്ഡലത്തിലൂടെ കടന്നുപോകുന്ന താഴെക്കൊടുക്കുന്ന 3 റോഡുകൾ സെൻട്രൽ റോഡ് ഫണ്ട് വിനിയോഗിച്ച് നിർമ്മിച്ചിട്ടുണ്ട്.

1. തൃക്കുന്നപ്പുഴ-നങ്ങ്യാർകുളങ്ങര-തട്ടരമ്പലം റോഡ്.

2. ഡാണാപ്പടി-മുതുകുളം-പുല്ലുകുളങ്ങര-കായംകുളം റോഡ്.

3. കായംകുളം-മുട്ടം റോഡ്.

(ബി) ഇപ്പോൾ കേരള സർക്കാരിന്റെ പരിഗണനയിലില്ല.

**കായംകുളം കോടതിക്ക് പുതിയ കെട്ടിട സമുച്ചയം**

156(2797) <u>ശ്രീ. സി. കെ സദാശിവൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം കോടതിക്ക് പുതിയ കെട്ടിടസമുച്ചയം നിർമ്മിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നും ഇതിന്റെ നിലവിലുള്ള അവസ്ഥ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

കായംകുളം കോടതിക്ക് പുതിയ കെട്ടിടസമുച്ചയം നിർമ്മിക്കുന്നതിനായി സോയിൽ ഇൻവെസ്റ്റിഗേഷൻ, ആർക്കിടെക്ച്ചറൽ ഡിസൈൻ, സ്ട്രക്ച്ചറൽ ഡിസൈൻ എന്നിവ ലഭിച്ചിട്ടുണ്ട്. 14 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി, ഭരണാനുമതി ലഭ്യമാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് ഡിവിഷൻ ഓഫീസിൽനിന്നും സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

## നീലേശ്വരം പള്ളിക്കര മേൽപ്പാലം നിർമ്മാണം

157(2798) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 66-ലെ നീലേശ്വരം പള്ളിക്കര മേൽപ്പാലം നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) ദേശീയപാത 66-ലെ പള്ളിക്കര മേൽപ്പാലം നിർമ്മിക്കുന്നത് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയമാണ്. വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കുന്നതിനുള്ള നടപടികൾ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം സ്വീകരിച്ചുവരുന്നു.

## മെക്കാഡം റോഡുകളുടെ ആയുർദൈർഘ്യം

158(2799) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മെക്കാഡം റോഡുകളുടെ കാലാവധി എത്രയെന്നും ഇതിനായി ചെലവഴിക്കുന്ന തുകയുടെ വർദ്ധനവിന് അനുസൃതമായി ഈ പ്രവൃത്തി ഈടുനിൽക്കുന്നതാണോ എന്നും വ്യക്തമാക്കാമോ?

ഉത്തരം

പൊതുമരാമത്ത് വകുപ്പ് മാന്വൽ ഖണ്ഡിക 2602-4.2 പ്രകാരം ബിറ്റുമിനസ് മെക്കാഡവും ആസ്ഫാൾട്ടിക് കോൺക്രീറ്റും ഉപയോഗിച്ച് റോഡുകളുടെ ഉപരിതലം നന്നാക്കൽ പ്രവൃത്തി ഏഴു വർഷത്തിലൊരിക്കലാണ് ചെയ്യേണ്ടത്. MoRTH Specification നിഷ്കർഷിക്കുന്ന രീതിയിൽ ഗുണനിലവാരം പാലിച്ചുകൊണ്ട് പൂർത്തീകരിക്കുന്ന റോഡുകൾ ഈടുനിൽക്കുന്നതാണ്.

## തലശ്ശേരി-അഞ്ചരക്കണ്ടി റോഡിലെ ചേങ്ങപ്പാലം പുനർനിർമ്മാണം

159(2800) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി-അഞ്ചരക്കണ്ടി റോഡിലെ ചേങ്ങപ്പാലം പുനർനിർമ്മിക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പ്രസ്തുത പാലം നിർമ്മാണത്തിനായുള്ള ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി ഡിസൈൻ തയ്യാറാക്കിവരുന്നു. ഡിസൈൻ ലഭ്യമായാൽ മാത്രമേ തുടർനടപടി സ്വീകരിക്കുന്നതിന് സാധിക്കുകയുള്ളൂ.

## നീലേശ്വരം പുഴ, കാര്യങ്കോട് പുഴ എന്നിവയ്ക്ക് കുറുകെയുള്ള പാലം

160(2801) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 66-ൽ നീലേശ്വരം പുഴ, കാര്യങ്കോട് പുഴ എന്നിവയ്ക്ക് കുറുകെയുള്ള പാലങ്ങളുടെ കാലാവധി തീർന്നതാണോ; എങ്കിൽ എന്നാണ് തീർന്നതെന്ന് പറയാമോ;

(ബി) പാലങ്ങളുടെ അപകടാവസ്ഥ കണക്കിലെടുത്ത് പുതിയ പാലം നിർമ്മിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) പ്രസ്തുത പാലങ്ങളുടെ കാലാവധി നിശ്ചയിച്ചിട്ടില്ല. എന്നാൽ പ്രസ്തുത പാലങ്ങളുടെ കേടുപാടുകൾ തീർക്കുന്നതിനുള്ള എസ്റ്റിമേറ്റ് ഭരണാനുമതിക്കായി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.

## സാങ്കേതിക അനുമതി ലഭിച്ച റോഡുകൾ

161(2802) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണാനുമതി ലഭിച്ച മേജർ ജില്ലാ റോഡുകളായ പയ്യന്നൂർ റെയിൽവേ സ്റ്റേഷൻ അപ്രോച്ച്റോഡ്, വെള്ളൂർ-പാടിയോട്ടുചാൽ-പുളിങ്ങോം, മേത്തുരുമ്പ-ചപ്പാരപ്പടവ്-കുറ്റൂർ, പാടിയോട്ടുചാൽ-തട്ടുമ്മൽ, ചെറുതാഴം-കുറ്റൂർ-പെരിങ്ങോം എന്നിവയ്ക്ക് സാങ്കേതിക അനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് മേൽ റോഡുകളുടെ പ്രവൃത്തികൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) ഭരണാനുമതി നൽകിയ ചുവടെ ചേർത്തിരിക്കുന്ന മേജർ ജില്ലാ റോഡുകൾക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനായി കോഴിക്കോട് നിരത്തുകളും പാലങ്ങളും വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.

| പ്രവൃത്തി | തുക (ലക്ഷം) |
|---|---|
| പയ്യന്നൂർ റെയിൽവേ സ്റ്റേഷൻ അപ്രോച്ച് റോഡ് | 300 |
| വെള്ളൂർ - പാടിയോട്ടുചാൽ - പുളിങ്ങോം റോഡ് | 1750 |
| മേത്തുരുമ്പ – ചപ്പാരപ്പടവ് - കുറ്റൂർ റോഡ് | 450 |
| പാടിയോട്ടുചാൽ തട്ടുമ്മൽ റോഡ് | 250 |
| ചെറുതാഴം - കുറ്റൂർ - പെരിങ്ങോം റോഡ് | 320 |

## നായരമ്പലം നെടുങ്ങാട് പള്ളിപ്പാലം നിർമ്മാണം

162(2803) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നായരമ്പലം നെടുങ്ങാട് പള്ളിപ്പാലം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം നേരിടുന്നത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിൽ തടസ്സങ്ങളുണ്ടെങ്കിൽ വിശദമാക്കാമോ;

(ഡി) പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സർക്കാർ ഉത്തരവ് (ആർറ്റി.) നമ്പർ 1930/2015/പൊ.മ.വ. തീയതി 22-12-2015 പ്രകാരം 650 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി-ഡി) പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സാങ്കേതികാനുമതി ലഭ്യമായ ശേഷം പ്രവൃത്തി ടെണ്ടർ ചെയ്ത് തുടർനടപടി സ്വീകരിക്കുന്നതാണ്.

## വൈശ്യഭാഗം പാലത്തിന്റെ നിർമ്മാണം

163(2804) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിലെ കഞ്ഞിപ്പാടം വൈശ്യഭാഗം പാലത്തിന്റെ നിർമ്മാണ പുരോഗതി അറിയിക്കുമോ;

(ബി) പാലം നിർമ്മിക്കുന്നതിനുള്ള അടങ്കൽ തുക എത്രയാണ്; പാലം പണിക്കായി ഇതുവരെ എന്തു തുക നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും സാങ്കേതിക തടസ്സം നിലവിലുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ-സി) വൈശ്യഭാഗം പാലം നിർമ്മാണത്തിന്റെ അടങ്കൽ തുക രൂപ 22,67,62,713 പാലം പണിക്കായി ഇതുവരെ 10,20,50,254 രൂപ ചെലവഴിച്ചിട്ടുണ്ട്. ദേശീയ ജലപാത അതോറിറ്റിയുടെ മാനദണ്ഡങ്ങൾ അനുസരിച്ച് പാലത്തിന്റെ രൂപകല്പനയിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്.

**കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

164(2805) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാറിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പ് മുഖേന കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ പ്ലാൻ, നോൺപ്ലാൻ, മറ്റ് ഫണ്ടുകൾ എന്നിവയുപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം; ഓരോ പദ്ധതികളുടെയും അടങ്കൽ തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) എസ്.എൽ.റ്റി.എഫ്., ധനകാര്യ കമ്മിഷൻ അവാർഡ് എന്നിവയിൽ ഉൾപ്പെടുത്തി കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്നും ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പ് മുഖേന കൊയിലാണ്ടി മണ്ഡലത്തിൽ പ്ലാൻ, നോൺപ്ലാൻ, മറ്റ് ഫണ്ടുകൾ എന്നിവയുപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളും അവയുടെ അടങ്കൽ തുകയും അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) എസ്.എൽ.റ്റി.എഫ്., ധനകാര്യ കമ്മിഷൻ അവാർഡ് എന്നിവയിൽ ഉൾപ്പെടുത്തി കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളേതെല്ലാമെന്നും ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയാണെന്നും അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

**കാസർഗോഡ്-കാഞ്ഞങ്ങാട് റോഡ് നിർമ്മാണം**

165(2806) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ്-കാഞ്ഞങ്ങാട് കെ.എസ്.ടി.പി. റോഡ് നിർമ്മാണം എന്നത്തേക്ക് പൂർത്തിയാകുമെന്ന് പറയാമോ;

(ബി) പ്രവൃത്തി പൂർത്തീകരിക്കുന്നതിലുള്ള കാലതാമസം എന്തൊക്കെ യാണെന്ന് പറയാമോ;

(സി) പ്രസ്തുത പദ്ധതിയിൽ കാഞ്ഞങ്ങാട് നഗരത്തിലെ പ്രവൃത്തിയുടെ എസ്റ്റിമേറ്റിന്റെയും അനുബന്ധരേഖകളുടേയും പകർപ്പുകൾ ലഭ്യമാക്കാമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) 2016 ജൂൺ 30-നാണ് നിർമ്മാണം പൂർത്തിയാക്കാൻ നിശ്ചയിച്ചിരിക്കുന്നത്.

(ബി) ഈ പദ്ധതിയിലെ മൂന്നാംഘട്ടത്തിൽ ഉൾപ്പെട്ട കാഞ്ഞങ്ങാട് ടൗണിന്റെ പണികൾ ആരംഭിച്ചെങ്കിലും ഈ പ്രവൃത്തിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടിൽ ഉൾപ്പെടാത്ത അധിക പ്രവൃത്തികളും ഈ റോഡുമായി ബന്ധപ്പെട്ട അനുബന്ധ റോഡുകളുടെ നിർമ്മാണ പ്രവൃത്തികളും കെ.എസ്.ടി.പി.യുടെ ചെലവിൽ ചെയ്യണമെന്നാവശ്യപ്പെട്ട് പൊതുജനങ്ങളും നഗരസഭയും നിർമ്മാണം തടസ്സപ്പെടുത്തുകയുണ്ടായി. ഇതിനെ തുടർന്ന് ചീഫ് ടെക്നിക്കൽ എക്സാമിനർ റോഡ് പരിശോധിക്കുകയും വിശദമായ പ്രോജക്ട് റിപ്പോർട്ടിന് വിരുദ്ധമായി റോഡ് നിർമ്മിക്കുന്നത് സർക്കാരിന് അധിക സാമ്പത്തിക ബാധ്യതയുണ്ടാകു മെന്ന് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി. പ്രസ്തുത റിപ്പോർട്ട് അംഗീകരിച്ച് കാഞ്ഞങ്ങാട് ടൗൺ വിശദമായ പ്രോജക്ട് റിപ്പോർട്ട് പ്രകാരം പണി ചെയ്യുവാനും പ്രവൃത്തികൾ പുനരാരംഭിക്കുവാനും തീരുമാനമെടുത്തിട്ടുണ്ട്.

(സി) കാസർഗോഡ്-കാഞ്ഞങ്ങാട് റോഡിന്റെ മുഴുവൻ പ്രവൃത്തികൾക്കായുള്ള 133.06 കോടി രൂപയുടെ എസ്റ്റിമേറ്റ് ആണ് ലഭ്യമായിട്ടുള്ളത്. കാഞ്ഞങ്ങാട് ടൗണിന് മാത്രം പ്രത്യേകം എസ്റ്റിമേറ്റ് നിലവിലില്ല.

## എടവനക്കാട് ഇക്ബാൽ റോഡിന്റെ നിർമ്മാണം

166(2807) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എടവനക്കാട് ഇക്ബാൽ റോഡിന്റെ നിർമ്മാണത്തിനായി തുക അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിലെ തടസ്സങ്ങൾ എന്തെന്ന് വിശദമാക്കാമോ;

(സി) തടസ്സങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) പ്രസ്തുത നിർമ്മാണപ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കാനാകു മെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) എടവനക്കാട് ഇക്ബാൽ റോഡിന്റെ നിർമ്മാണത്തിനായി ഒരു കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്.

(ബി) നിലവിലുള്ള രീതിയിൽ പ്രവൃത്തി നടത്തുന്നതിന് നാട്ടുകാരുടെ ഭാഗത്തു നിന്നും തടസ്സം ഉണ്ടായതിനെ തുടർന്ന് നിർമ്മാണ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടു.

(സി & ഡി) റോഡിന്റെ വീതി കൂട്ടുന്നതിനായി സ്ഥലം ഫ്രീ സറണ്ടർ ആയി ലഭിക്കുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിച്ചു. എന്നാൽ പ്രവൃത്തി ആരംഭിക്കുന്നതിന് കരാറുകാരൻ നിലവിലുള്ള നിരക്കിനേക്കാൾ ഉയർന്ന റേറ്റ് ആവശ്യപ്പെട്ടിരിക്കുകയാണ്. ആയതിനാൽ കരാറുകാരനെ പ്രസ്തുത പ്രവൃത്തിയിൽ നിന്നും ഒഴിവാക്കണമോയെന്നുള്ള കാര്യം പരിശോധനയിലാണ്.

## ഏറ്റെടുത്ത ഭൂമിയുടെ നഷ്ടപരിഹാരം ലഭ്യമാക്കുന്നത്

167(2808) ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്-പാലക്കാട് റോഡിൽ കൊണ്ടോട്ടി പഴങ്ങാടി ഭാഗത്തെ റോഡ് വീതി കൂട്ടുന്നതിനായി എടുത്ത ഭൂമിയുടെ നഷ്ടപരിഹാരം ലഭ്യമാക്കുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ ഭരണാനുമതി എൽ.എ.2/50185/2010 തീയതി 1-10-2015-ന് മലപ്പുറം ജില്ലാ കളക്ടറുടെ കത്ത് സഹിതം ചീഫ് എഞ്ചിനീയറുടെ ഓഫീസിലേക്ക് അയച്ചതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(സി) നഷ്ടപരിഹാരം ലഭിക്കാനുള്ളവർക്ക് ആയത് നൽകാനുള്ള ഫണ്ട് അടിയന്തരമായി അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) കോഴിക്കോട്-പാലക്കാട് റോഡിൽ കൊണ്ടോട്ടി പഴയങ്ങാടി ഭാഗത്തെ റോഡ് വീതി കൂട്ടുന്നതിനായി ഏറ്റെടുത്ത ഭൂമിയുടെ നഷ്ടപരിഹാരം നല്കുന്നതിനായി 34.04 ലക്ഷം രൂപ അനുവദിക്കണമെന്ന മലപ്പുറം ജില്ലാ കളക്ടറുടെ ശിപാർശ ചീഫ് എഞ്ചിനീയർ (നി.പാ) സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത തുകയിൽ 16.50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നേരത്തെ തന്നെ അനുവദിച്ചിട്ടുള്ളതാണ്. കൂടുതലായി ആവശ്യമുള്ള 17.54 ലക്ഷം രൂപയുടെ ഭരണാനുമതിക്കായുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

## കാസർഗോഡ് പെരിയയിൽ റസ്റ്റ്ഹൗസ്

168(2809) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പെരിയയിൽ പൊതുമരാമത്തു വകുപ്പ് റസ്റ്റ്ഹൗസ് നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) റസ്റ്റ്ഹൗസ് നിർമ്മിക്കുന്നതിന്റെ ഭാഗമായി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുവാൻ നമ്പർ 10912/ഇ 3/2013/PWD. നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ആയതിന് അനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മാവേലിക്കര മണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പദ്ധതികൾ

169(2810) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എം.എൽ.എ. നിർദ്ദേശിച്ച പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവർത്തികളിന്മേൽ പൊതുമരാമത്ത് നിരത്ത്-കെട്ടിട വിഭാഗങ്ങൾ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) മാവേലിക്കര മണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എം.എൽ.എ. നിർദ്ദേശിച്ച പദ്ധതികളുടെയും പൊതുമരാമത്ത് നിരത്ത്-കെട്ടിട വിഭാഗങ്ങൾ സ്വീകരിച്ച നടപടികളുടെയും വിശദാംശങ്ങൾ യഥാക്രമം അനുബന്ധം 1- ഉം 2- ഉം ആയി ചേർത്തിരിക്കുന്നു.*

## മായന്നൂർ-കുത്താമ്പുള്ളി റോഡും പാലവും നിർമ്മാണ പദ്ധതി

170(2811) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ മായന്നൂർ- കുത്താമ്പുള്ളി റോഡും പാലവും നിർമ്മാണ പദ്ധതിക്ക് മുൻ സർക്കാരിന്റെ കാലത്ത് ഭരണാനുമതി നൽകി നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നോ എന്നറിയിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിൽ കാലതാമസമുണ്ടാകുകയും വീണ്ടും പുതുക്കിയ ഭരണാനുമതിക്ക് വേണ്ടി ഡി.പി.ആർ. സമർപ്പിക്കുകയും ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുമെന്ന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി നിയമസഭയിൽ ഉറപ്പ് തന്നിട്ടുള്ള വിവരം ശ്രദ്ധയിലുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഇ) പ്രസ്തുത പദ്ധതി എപ്പോൾ ആരംഭിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) നബാർഡിന്റെ ആർ.ഐ.ഡി.എഫ്. XVI-ൽ ഉൾപ്പെടുത്തി 7-7-2011-ലെ സ. ഉ. (സാധാ) നമ്പർ 100/2011/പൊ.മ.വ. പ്രകാരം 747 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി-ഇ) പ്രസ്തുത പദ്ധതിക്കാവശ്യമായ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായ ശേഷം നബാർഡിൽ നിന്നും ധനസഹായം ലഭ്യമാക്കി പുതുക്കിയ ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

## പണയിൽകടവ് പാലം അപ്രോച്ച് റോഡ്

171(2812) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പണയിൽകടവ് പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിനു ഭൂമി ഏറ്റെടുക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ഫണ്ട് ലഭ്യമാക്കി ഇറക്കിയ ഉത്തരവിന്മേൽ എന്തെല്ലാം തുടർ നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ;

(ബി) പാലം നിർമ്മാണം കഴിഞ്ഞ് ദശാബ്ദത്തിലേറെയായിട്ടും അപ്രോച്ച് റോഡ് നിർമ്മാണം നടക്കാത്തത് ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലറ്റർ ഓഫ് ക്രെഡിറ്റിന് വേണ്ടിയുള്ള പ്രൊപ്പോസൽ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ട്. തുടർനടപടി സ്വീകരിച്ചു വരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

## അമിനിറ്റീസ് സെന്ററും ബസ്സ് ഷെൽട്ടറും

172(2813) ശ്രീ. ടി. എൻ. പ്രതാപൻ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അമിനിറ്റീസ് സെന്ററും ആധുനിക ബസ്സ് ഷെൽട്ടറും നിർമ്മിക്കുന്നതിന് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് അമിനിറ്റീസ് സെന്ററുകൾ സ്ഥാപിക്കുന്നതിന് ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ് എന്ന പേരിലും, ബസ് ഷെൽട്ടറുകൾ നിർമ്മിക്കുന്നതിന് പ്രതീക്ഷാ ബസ്സ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് എന്ന പേരിലും കമ്പനികൾ രൂപീകരിച്ചിട്ടുണ്ട്.

(ബി&സി) ആധുനിക സംവിധാനങ്ങളോടുകൂടിയ ബസ് കാത്തിരിപ്പു കേന്ദ്രങ്ങൾ നിർമ്മിക്കുവാനാണ് പ്രതീക്ഷാ ബസ് ഷെൽട്ടർ രൂപീകരിച്ചിട്ടുള്ളത്. ദീർഘദൂര യാത്രക്കാർക്ക് ഉപയോഗപ്രദമായ രീതിയിൽ വൃത്തിയും വെടിപ്പുമുള്ള ടോയ്‌ലെറ്റ് സൗകര്യങ്ങളോടുകൂടിയ വഴിയോര വിശ്രമകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായാണ് ആശ്വാസ് പബ്ലിക് അമിനിറ്റീസ് എന്ന കമ്പനി രൂപീകരിച്ചിരിക്കുന്നത്. ടോയ്‌ലെറ്റ് സൗകര്യത്തിന് പുറമെ ലഘുഭക്ഷണശാല മെമന്റോ ഷോപ്പ്, വിശ്രമ സൗകര്യം, യാത്രക്കാർക്കാവശ്യമായ വിവരങ്ങൾ, കാറുകൾ കഴുകുന്നതിനുള്ള സൗകര്യം, പൂന്തോട്ടം തുടങ്ങിയവ അനുയോജ്യമായ സ്ഥലത്തിന്റെ ലഭ്യതയനുസരിച്ച് രൂപകല്പന ചെയ്ത് 24 മണിക്കൂറും പ്രവർത്തിപ്പിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്.

സംസ്ഥാനത്ത് അമിനിറ്റി സെന്റർ സ്ഥാപിക്കുന്നതിന് അനുയോജ്യമായ 34 സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 7 സ്ഥലങ്ങളിൽ പദ്ധതി ആരംഭിക്കുകയും പെരുമ്പാവൂരിൽ പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തുകയുമുണ്ടായി.

## പള്ളിപ്പുറം കോൺവെന്റ് ബീച്ച്പാലം

173(2814) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിപ്പുറം കോൺവെന്റ് ബീച്ച് പാലം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും സമയബന്ധിതമായി നടപ്പാക്കുന്നതിനുമായി സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി പുരോഗമിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രവൃത്തി ആരംഭിക്കുന്നതിന് തടസ്സങ്ങളുണ്ടെങ്കിൽ ആയത് വിശദമാക്കാമോ?

ഉത്തരം

(എ) എറണാകുളം ജില്ലയിലെ പള്ളിപ്പുറം കോൺവെന്റ് ബീച്ച് പാലത്തിന്റെ അപ്രോച്ച് റോഡിന്റെ സ്ഥലത്ത് ഇൻവെസ്റ്റിഗേഷൻ നടത്തി ടി സ്ഥലത്തുള്ള മണ്ണിന്റെ വിദഗ്ധ പരിശോധനയ്ക്കുശേഷം DRIQ Board-ൽ നിന്നുള്ള ഡിസൈൻ അനുസരിച്ച് പ്രൊപ്പോസൽ സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി-ഡി) അപ്രോച്ച് റോഡിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കി ഡിസൈനുവേണ്ടി DRIQ Board-ൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയിൽ നിന്നും ക്ലിയറൻസിനായി അപേക്ഷിച്ചിട്ടുണ്ട്. ഡിസൈനും CZRA-യുടെ ക്ലിയറൻസും ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## കല്യാശ്ശേരി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തി

174(2815) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച മാടായി ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ കെട്ടിടം, മാടായി ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ കെട്ടിടം, ഏഴോം വെൽഫെയർ ഗവൺമെന്റ് എൽ.പി. സ്കൂൾ കെട്ടിടം, മാട്ടൂൽ ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ കെട്ടിടം എന്നിവയുടെ നിലവിലെ നിർമ്മാണ പുരോഗതി അറിയിക്കുമോ;

(ബി) ഇവയുടെ നിർമ്മാണ പ്രവൃത്തി എപ്പോൾ തുടങ്ങാൻ കഴിയും; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച മാടായി ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ കെട്ടിടം, മാടായി ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂൾ കെട്ടിടം, ഏഴോം വെൽഫെയർ ഗവൺമെന്റ് എൽ.പി. സ്കൂൾ കെട്ടിടം, മാട്ടൂൽ ഗവൺമെന്റ് ഹയർസെക്കണ്ടന്ററി സ്കൂൾ കെട്ടിടം എന്നിവയുടെ നിലവിലെ നിർമ്മാണ പുരോഗതിയുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുവാൻ സാധിക്കുന്നതാണ്.

**ഗവൺമെന്റ് ക്വാർട്ടേഴ്സുകളുടെ സുരക്ഷ**

175(2816) <u>ശ്രീ. ടി. എൻ. പ്രതാപൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗവൺമെന്റ് ക്വാർട്ടേഴ്സുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ചുറ്റുമതിൽ ,ഗേറ്റ് എന്നിവ നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ടി ക്വാർട്ടേഴ്സ് കോമ്പൗണ്ടുകളിൽ നിൽക്കുന്ന പാഴ് വൃക്ഷങ്ങൾ ഒഴിവാക്കി പകരം ഔഷധ ഫലവൃക്ഷങ്ങൾ നട്ടുവളർത്തുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഗേറ്റുകൾക്കുസമീപം ക്യാറ്റിൽ ട്രാപ്പുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) വിഷയം ഗൗരവമായി പരിശോധിച്ച് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

**പൊതുമരാമത്ത് വകുപ്പിൻകീഴിൽ ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പ്രവൃത്തി**

176(2817) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ഏതെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിച്ചു; ഓരോന്നിന്റെയും വിശദാംശം, സർക്കാർ ഉത്തരവ്, അനുവദിച്ച തുക, ഓരോ പ്രവൃത്തിയുടെയും കാലിക സ്ഥിതി എന്നിവ വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പിന്റെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാരിന്റെ കാലത്ത് ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ അനുവദിച്ച നിർമ്മാണ പ്രവർത്തനങ്ങളുടേയും ഫണ്ടിന്റേയും വിശദാംശങ്ങൾ (സർക്കാർ ഉത്തരവ്, അനുവദിച്ച തുക, ഓരോ പ്രവൃത്തിയുടെയും കാലിക സ്ഥിതി എന്നിവ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പൊതുമരാമത്ത് വകുപ്പിന്റെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനായി എല്ലാ ജില്ലകളിലും വകുപ്പിന്റെ കീഴിൽ നടത്തിവരുന്ന നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ആധുനിക രീതിയിലുള്ള ലാബ് സംവിധാനം ഒരുക്കുകയും ജീവനക്കാർക്ക് ആധുനിക സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള പരിശീലന പദ്ധതികളും നൽകിവരുന്നുണ്ട്. കൂടാതെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും ഓൺലൈനായി മേൽ ഓഫീസുകളിലേയ്ക്ക് അയയ്ക്കുന്നതിനും അവയ്ക്ക് അംഗീകാരം നൽകുന്നതിനുമായി PRICE സോഫ്റ്റ്‌വെയർ തയ്യാറാക്കി ഉപയോഗിച്ചുതുടങ്ങി.

**റോഡുകൾക്ക് മിനിമം ഗ്യാരന്റി ഉറപ്പാക്കുന്നതിനുള്ള കർമ്മപദ്ധതി**

177(2818) <u>ശ്രീ. വർക്കല കഹാർ</u> :
<u>ശ്രീ. എ. റ്റി. ജോർജ്</u> :
<u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. എം. പി. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡുകൾക്ക് മിനിമം ഗ്യാരന്റി ഉറപ്പാക്കുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് റോഡുകളുടെ മിനിമം ഗ്യാരന്റി ഉറപ്പാക്കുന്നതിനുള്ള നിബന്ധന പൊതുമരാമത്ത് മാന്വൽ പ്രകാരം നിലവിലുണ്ട്. റോഡുകളുടെ പ്രവൃത്തി ഏറ്റെടുത്ത് നടത്തിയശേഷം നിശ്ചിത കാലാവധിക്ക് ഗ്യാരന്റി ഉറപ്പാക്കുന്നതിനുള്ള

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരവ് നടപ്പാക്കിയിട്ടുണ്ട്. ഇതുപ്രകാരം പണി ഏറ്റെടുക്കുന്ന കരാറുകാർ തന്നെ പ്രവൃത്തിയുടെ ഗ്യാരന്റി പിരീഡിൽ ഉണ്ടാകുന്ന കേടുപാടുകൾ അവരുടെ ചെലവിൽ തന്നെ ചെയ്യേണ്ടതാണ്. ഇതുകൂടാതെ 5 വർഷം മെയിന്റനൻസ് ഗ്യാരണ്ടിയോടുകൂടി ഉപരിതലം പുതുക്കുന്നതിന് ഹെവി മെയിന്റനൻസ് പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) റോഡിന്റെ ഉപരിതലത്തിൽ ഒരു നിശ്ചിത കാലത്തുണ്ടാകുന്ന കേടുപാടുകൾ നീക്കി റോഡ് പരിപാലിക്കുക, റോഡിന്റെ സ്ഥിതി മെച്ചപ്പെടുത്തുക, റോഡിന്റെ പരിപാലനത്തിനുള്ള ആവർത്തനച്ചെലവ് കുറയ്ക്കുക എന്നിവയാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത്.

(സി) റോഡുകളുടെ നിർമ്മാണത്തിന് മിനിമം ഗ്യാരണ്ടി ഉറപ്പാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം 13-8-2013-ലെ സ.ഉ. (കൈ) നം. 69/2013/പൊ.മ.വ. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന്, പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി Defects liability period നിശ്ചയിച്ചുകൊണ്ട് 31-8-2013-ലെ സ.ഉ. (കൈ) നമ്പർ 73/2013/പൊ.മ.വ. ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം കരാറുകാർ പണികൾ ഏറ്റെടുക്കുമ്പോൾ ടി പണികൾക്കായുള്ള ഗ്യാരണ്ടി പിരീഡ് നിശ്ചയിച്ചു നൽകുന്നതുകൊണ്ട് പ്രസ്തുത കാലയളവിൽ ടി പണികളുടെ അറ്റകുറ്റപ്പണികൾ അതാത് കരാറുകാർ തന്നെ ചെയ്യേണ്ടതാണ്.

## മക്കരപ്പറമ്പ് ബൈപ്പാസ്

178(2819) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പാത 966-ൽ രൂക്ഷമായ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന മക്കരപ്പറമ്പ് ജംഗ്ഷനിലെ തിരക്ക് ഒഴിവാക്കുന്നതിന് ബൈപ്പാസ് നിർമ്മിക്കണ മെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ബൈപ്പാസ് നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മക്കരപ്പറമ്പ് ബൈപ്പാസ് നിർമ്മാണത്തിനുവേണ്ടിയുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ദേശീയ പാതാ വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കാഞ്ഞങ്ങാട് നഗരത്തിലെ കെ.എസ്.ടി.പി. റോഡ് നിർമ്മാണം**

179(2820) <u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ്-കാഞ്ഞങ്ങാട് സംസ്ഥാന പാതയിൽ കെ.എസ്.ടി.പി. നടത്തുന്ന നിർമ്മാണ പ്രവർത്തനം എത്ര ശതമാനം പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാതെ ഉദ്ഘാടനം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കാഞ്ഞങ്ങാട് നഗരത്തിൽ കെ.എസ്.ടി.പി. റോഡ് നിർമ്മാണം നിർത്തിവയ്ക്കാനുണ്ടായ കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഏകദേശം 45% പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) പദ്ധതിയുടെ DPR-ൽ വിഭാവനം ചെയ്തിട്ടില്ലാത്ത പ്രവൃത്തികൾകൂടി ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തദ്ദേശവാസികളും നഗരസഭാ പ്രതിനിധികളും ഉയർത്തിയ എതിർപ്പുമൂലമാണ് പ്രവൃത്തി നിർത്തിവയ്ക്കേണ്ടി വന്നത്.

(ഡി) പ്രോജക്ടിന്റെ നിർമ്മാണ കാലാവധി അവസാനിക്കുന്ന 2016 ജൂൺ 30-നുമുമ്പ് പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

**അങ്ങാടിപ്പുറം റെയിൽവേ മേൽപ്പാലം**

180(2821) <u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്ങാടിപ്പുറം റെയിൽവേ മേൽപ്പാല നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മേൽപ്പാലം എന്ന് തുറന്ന് കൊടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) അങ്ങാടിപ്പുറം റെയിൽവേ മേൽപ്പാലത്തിന് ആകെ 19 സ്പാനുകളിലായി 597 മീറ്റർ നീളമാണുള്ളത്. ഇതിൽ റെയിൽവേയ്ക്ക് മുകളിലുള്ള 1 സ്പാൻ റെയിൽവേയും ബാക്കി 18 സ്പാനുകൾ ആർ.ബി.ഡി.സി.കെ.യുമാണ് നിർമ്മിക്കുന്നത്. ആർ.ബി.ഡി.സി.കെ. നിർമ്മിക്കുന്ന 16 സ്പാനുകളുടെ പണി 2016 ജനുവരി 15-ാം തീയതിയോടെ പൂർത്തിയായി. ബാക്കിയുള്ള രണ്ട് സ്പാൻ റെയിൽവേയുടെ സ്പാൻ നിർമ്മിക്കുന്നതിനോടൊപ്പം മാത്രമേ നിർമ്മിക്കാൻ കഴിയുകയുള്ളൂ. റെയിൽവേ നിർമ്മിക്കുന്ന സ്പാനിന്റെ പ്രവൃത്തി പുരോഗമിച്ചുവരുന്നു. പ്രവൃത്തി പൂർത്തിയാക്കി മാർച്ച് മാസത്തിൽ പാലം ഗതാഗതത്തിന് തുറന്നു കൊടുക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ.

**പാതയോരങ്ങളിലെ കാത്തിരുപ്പ് കേന്ദ്രങ്ങൾ**

181(2822) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാതയോരങ്ങളിൽ എം.എൽ.എ.മാരുടെ പ്രാദേശിക വികസന ഫണ്ടുപയോഗിച്ച് കാത്തിരുപ്പ് കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് നിലവിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഏജൻസി ഇതുവരെ എത്ര കാത്തിരുപ്പ് കേന്ദ്രങ്ങൾ നിർമ്മിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഒരു കാത്തിരിപ്പു കേന്ദ്രം നിർമ്മിക്കുന്നതിനായി ഈ ഏജൻസി സമർപ്പിച്ച എസ്റ്റിമേറ്റ് തുക എത്രയാണ്;

(ഡി) മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ഇതിലും കുറഞ്ഞ തുകയിൽ മറ്റേതെങ്കിലും സംസ്ഥാന അംഗീകൃത ഏജൻസിയെക്കൊണ്ട് നിർമ്മാണം പൂർത്തിയാക്കുന്നതിൽ തടസ്സമുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ**

182(2823) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 ലെ ബഡ്ജറ്റിൽ 25000 കോടി രൂപ മുതൽമുടക്കിൽ പ്രഖ്യാപിച്ചിരുന്ന അടിസ്ഥാന സൗകര്യവികസനത്തിൽ ഉൾപ്പെട്ട തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോയ്ക്കായി ഇതുവരെ എന്ത് തുക ചെലവഴിച്ചു എന്ന് പറയാമോ;

(ബി) ലൈറ്റ് മെട്രോയുമായി ബന്ധപ്പെട്ട് ഏതെല്ലാം പ്രവർത്തനങ്ങളാണ് ഇതുവരെ ആരംഭിച്ചിട്ടുള്ളത്;

(സി) നിർമ്മാണ പ്രവർത്തനങ്ങൾ എവിടെയെങ്കിലും ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ഡി) അതിനായി പൊതു വിപണിയിൽ നിന്ന് പണം ശേഖരിക്കുകയോ, ഉപയോഗിക്കുകയോ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) മോണോറെയിൽ, ലൈറ്റ് മെട്രോ പദ്ധതികൾക്കായി 2015 ഡിസംബർ 31 വരെ 13,17,49,645 രൂപ ചെലവഴിച്ചിട്ടുണ്ട്. 2013-14-ൽ പദ്ധതിക്കായി ലഭ്യമാക്കിയ വിഹിതത്തിൽ നിന്നാണ് ഈ തുക ചെലവഴിച്ചത്. 2014-15-ലും 2015-16-ലും ഈ പദ്ധതിക്കായി തുകയൊന്നും അനുവദിച്ചിട്ടില്ല.

(ബി) തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കുന്നതിനുള്ള വിശദമായ പദ്ധതി രേഖ അംഗീകരിച്ച് ഭരണാനുമതി നൽകുകയും, തുടർന്ന് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി പദ്ധതി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. കേന്ദ്രാനുമതിക്കായുള്ള മുൻ ഉപാധികളിൽ ഒന്നായ സമഗ്ര ഗതാഗത രൂപരേഖയും കേന്ദ്ര നഗര വികസന മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ നടപടികൾക്കായി K.R.T.L.-ഉം ഇടക്കാല കൺസൾട്ടന്റായ ഡി.എം.ആർ.സി.-യും തമ്മിൽ 20-1-2016-ൽ കരാർ ഒപ്പുവയ്ക്കുകയും ചെയ്തു.

(സി) കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ചുള്ള പ്രാരംഭ നടപടികളിൽ ഒന്നായ പന്നിയങ്കര മേൽപ്പാലത്തിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു.

(ഡി) പദ്ധതിക്കായി പൊതുവിപണിയിൽ നിന്ന് പണം ശേഖരിക്കുകയോ ഉപയോഗിക്കുകയോ ചെയ്തിട്ടില്ല.

## പാപ്പിനിശ്ശേരി പിലാത്തറ റോഡിന്റെ നിർമ്മാണ പുരോഗതി

183(2824) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാപ്പിനിശ്ശേരി പിലാത്തറ കെ.എസ്.ടി.പി. റോഡിന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ; നിർമ്മാണ പ്രവൃത്തി സമയബന്ധിതമായി തീർക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പാപ്പിനിശ്ശേരി, താവം മേൽപ്പാലങ്ങളുടെ പ്രവൃത്തി നടന്നുവരുന്നതിനാൽ പ്രസ്തുത പ്രദേശത്തെ ജനങ്ങൾ കഴിഞ്ഞ മൂന്ന് വർഷത്തോളമായി അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഗണിച്ച് പാലത്തിന്റെ നിർമ്മാണ പ്രവൃത്തി വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ; പാലത്തിന്റെ നിർമ്മാണം എപ്പോഴേക്ക് പൂർത്തിയാക്കാൻ കഴിയും;

(സി) പ്രസ്തുത റോഡുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇതുവരെയായി എത്ര കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്?

<u>ഉത്തരം</u>

(എ) റോഡിന്റെ നിർമ്മാണം ഏകദേശം 35% പൂർത്തിയായിട്ടുണ്ട്. നിർമ്മാണം സമയബന്ധിതമായി തീർക്കുന്നതിന് എല്ലാ നടപടികളും കൈക്കൊണ്ടിട്ടുണ്ട്. അതിനായി വേണ്ട നിർദ്ദേശങ്ങൾ കോൺട്രാക്ടർക്കും സൂപ്പർവിഷൻ കൺസൾട്ടന്റിനും നൽകിയിട്ടുണ്ട്.

(ബി) പാപ്പിനിശ്ശേരി മേൽപ്പാലത്തിന്റെ നിർമ്മാണം എത്രയുംവേഗം പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2016 ജൂൺ 20 ആണ് നിലവിൽ നിർമ്മാണം പൂർത്തീകരിക്കേണ്ട തീയതി.

(സി) ഇതുവരെ 43.65 കോടി രൂപ കോൺട്രാക്ടറുടെ ബിൽ ഇനത്തിൽ ചെലവായിട്ടുണ്ട്.

## പ്ലാസ്റ്റിക്ക് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം

184(2825) <u>ശ്രീ. സി. പി. മുഹമ്മദ്</u> :
<u>ശ്രീ. എം. എ. വാഹീദ്</u> :
<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> :
<u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക്ക് ഉപയോഗിച്ച് റോഡുകൾ നിർമ്മിക്കാൻ കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി &സി) കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റേയും (KHRI) നാറ്റ്പാക്കിന്റേയും (NATPAC) സാങ്കേതിക സഹായത്തോടെ പ്ലാസ്റ്റിക്ക് ഉപയോഗിച്ച് പരീക്ഷണാടിസ്ഥാനത്തിൽ സംസ്ഥാനത്ത് ചില റോഡുകൾ

നിർമ്മിച്ചിട്ടുണ്ട്. ഉപയോഗശൂന്യമായ പ്ലാസ്റ്റിക്ക് ശേഖരിച്ച് വേർതിരിച്ചെടുത്ത് വൃത്തിയാക്കി ഷ്രഡ് ചെയ്തശേഷമാണ് ടാറിംഗിന് ഉപയോഗിക്കുന്നത്. ഇതുവഴി പ്ലാസ്റ്റിക്ക് മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനും, റോഡിന്റെ ഈട് വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. കൂടുതൽ റോഡുകൾ പ്ലാസ്റ്റിക്ക് ഉപയോഗിച്ച് നിർമ്മിക്കുന്നതിനും ഓരോ ജില്ലയിലും 5 കി.മി. റോഡുകളെങ്കിലും പ്ലാസ്റ്റിക്ക് ഉപയോഗിച്ച് ടാർ ചെയ്യാനുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്. എറണാകുളം ജില്ലയിൽ സിവിൽ സ്റ്റേഷൻ - IMG-നിലംപതിഞ്ഞി റോഡ്, തിരുവനന്തപുരം നഗരത്തിലെ എസ്.എസ്. കോവിൽ റോഡ്, വയനാട് ജില്ലയിലെ കൈതയ്ക്കൽ റോഡ്, കാസർഗോഡ് ജില്ലയിലെ ബന്തടുക്ക-വീട്ടിയാടി-ചാമുണ്ടിക്കുന്ന്-ബളാംതോട് റോഡ് എന്നിവ പരീക്ഷണാടിസ്ഥാനത്തിൽ പ്ലാസ്റ്റിക്ക് ഉപയോഗിച്ച് ടാർ ചെയ്തു കഴിഞ്ഞു.

ഗ്രാമീണറോഡുകളിലും ഗതാഗതം കുറഞ്ഞ റോഡുകളിലും നാഷണൽ റൂറൽ ഡെവലപ്മെന്റ് ഏജൻസിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി പ്ലാസ്റ്റിക്ക് പാഴ്വസ്തുക്കൾ ഉപയോഗിച്ച് പരീക്ഷണാടിസ്ഥാനത്തിൽ റോഡുകൾ നിർമ്മിക്കുന്നതിനും/ പുനരുദ്ധരിക്കുന്നതിനും അനുമതി നൽകിക്കൊണ്ട് 20-7-2013-ലെ സ. ഉ. (എംഎസ്.) നമ്പർ 61/2013/പൊ.മ.വ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, ഒരു നിശ്ചിത അളവ് പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ചേർത്ത് നഗരപരിധിയുടെ 50 കി. മി. ചുറ്റളവിനകത്തുള്ള റോഡുകളുടെ ടാറിംഗിനുപയോഗിക്കുന്നത് സംബന്ധിച്ച് 9-11-2015 തീയതിയിലെ RW/NH-33044/24/2015-S&R(R) നമ്പരിലുള്ള പരിപത്രം പ്രകാരം കേന്ദ്രസർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കൂട്ടുവാതുക്കൽ കടവ് പാലം

185(2826) ശ്രീ. സി. കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി, കായംകുളം, ഹരിപ്പാട് മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന കൂട്ടുവാതുക്കൽ കടവ് പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(ബി) ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നേക്ക് ആരംഭിക്കാൻ കഴിയും എന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) കൂട്ടുവാതുക്കൽ കടവ് പാലം നിർമ്മിക്കുന്നതിനായി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. എസ്റ്റിമേറ്റ് ലഭ്യമായ ശേഷം ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

## പള്ളിക്കമണ്ണടി പാലം നിർമ്മാണം

186(2827) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പള്ളിക്കമണ്ണടിപാലം നിർമ്മാണം ആരംഭിക്കുന്നതിലേക്കുള്ള പ്രധാന തടസ്സങ്ങൾ എന്തൊക്കെയാണ്;

(ബി) അപ്രോച്ച് റോഡിന് ഭൂമി ഏറ്റെടുത്ത് നൽകുന്നതിലേക്ക് ആവശ്യമായ രേഖകൾ പൊതുമരാമത്ത് വകുപ്പ് റവന്യൂ വകുപ്പിന് നൽകിയിരുന്നുവോ; വിശദാംശം അറിയിക്കുമോ;

(സി) അപ്രോച്ച് റോഡിന് ഭൂമി ഏറ്റെടുത്ത് നൽകാതെ പാലങ്ങൾ നിർമ്മിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്;

(ഡി) ഇപ്രകാരം ഭൂമി ഏറ്റെടുത്ത് നൽകാതെ കേരളത്തിൽ ഏതെങ്കിലും പാലങ്ങൾ കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ നിർമ്മിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) പള്ളിക്കമണ്ണടി പാലത്തിന്റെ നിർമ്മാണത്തിന് ആവശ്യമായ ഭൂമി ലഭ്യമായിട്ടില്ലാത്തതിനാൽ നിർമ്മാണം ആരംഭിക്കുന്നതിന് സാധിച്ചിട്ടില്ല.

(ബി) ടി പാലത്തിന്റെ അപ്രോച്ച് റോഡിന് ഭൂമി ഏറ്റെടുത്ത് നൽകുന്നതിന് ആവശ്യമായ രേഖകൾ പൊതുമരാമത്ത് വകുപ്പ് റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള അർത്ഥന പത്രവും (Requisition Form) നെൽവയൽ നികത്തുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്.

(സി) ഭൂമി ലഭ്യമായാൽ മാത്രമേ സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ.

(ഡി) പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിന് ആവശ്യമായ ഭൂമി വില ലഭിക്കുന്നതിനുമുൻപ്, മുൻകൂറായി വിട്ടുനല്കിയിട്ടില്ലാത്ത പാലങ്ങൾ നിർമ്മിച്ചിട്ടില്ല.

(നക്ഷത്രചിഹ്നമിട്ട *242, *263, *270 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങളും നക്ഷത്രചിഹ്നമിടാത്ത 2572, 2574, 2576, 2578, 2588, 2590, 2591, 2592, 2593, 2594, 2595, 2596, 2597, 2598, 2599 2600, 2601, 2602, 2603, 2604, 2605, 2608, 2609, 2610, 2611, 2612, 2613, 2614, 2615, 2616, 2617, 2619, 2620, 2621, 2622, 2623, 2624, 2627, 2628, 2629, 2630, 2631, 2633, 2634, 2636, 2637, 2638, 2639, 2640, 2641, 2642, 2643, 2644, 2645, 2647, 2648, 2649, 2650, 2651, 2652, 2653, 2654, 2655, 2656, 2660, 2661, 2668, 2669, 2671, 2677, 2678, 2685, 2687, 2689, 2694, 2695, 2698, 2699, 2701, 2709, 2717, 2734, 2736, 2737, 2739, 2740, 2741, 2742, 2745, 2746, 2748, 2751, 2753, 2760, 2764, 2765, 2773, 2776 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങളും എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

അനുബന്ധം 3

## 22-2-2016-ലെ ചോദ്യോത്തരങ്ങൾ

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### അയൽ സഭകൾ

1 (*271) ശ്രീ. കെ. അജിത് :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയൽ സഭകൾ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ നിലവിൽ എത്രയെണ്ണം ഉണ്ടെന്ന വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സഭകളുടെ പ്രവർത്തനലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(സി) ഇവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് വിശദമാക്കുമോ;

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) തീരുമാനിച്ചിട്ടുണ്ട്. അയൽ സഭകൾ രൂപീകരിക്കുന്നത് സംബന്ധിച്ച് 25-6-2014-ലെ സ.ഉ. (എംഎസ്.) നം. 112/2014/തസ്വഭവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ 15962 വാർഡുകളുള്ളതിൽ 12409 വാർഡുകളിൽ നിലവിൽ അയൽ സഭകൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) ഗ്രാമസഭയുടെ/വാർഡുസഭയുടെ ഘടകങ്ങൾ എന്ന നിലയ്ക്ക് പ്രവർത്തിക്കുന്ന അയൽ സഭകൾക്ക് ഗ്രാമസഭകളെയും വാർഡുസഭകളെയും ശക്തിപ്പെടുത്തുന്നതിന് സാധിക്കും. ഗ്രാമസഭകൾ/വാർഡുസഭകൾ എടുക്കുന്ന തീരുമാനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് അയൽസഭകളുടെയും വാർഡു വികസന സഭകളുടെയും പ്രവർത്തനം ഏറെ സഹായകരമാകും. തങ്ങളുടെ പ്രദേശത്ത് നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങളെ സംബന്ധിച്ചും അവയുടെ മുൻഗണനയെക്കുറിച്ചും നിർദ്ദേശങ്ങൾ തയ്യാറാക്കി വർക്കിംഗ് ഗ്രൂപ്പുകൾ മുഖേന ഗ്രാമസഭകൾക്ക് ആവശ്യമായ വിഭവസമാഹരണത്തിന് സഹായിക്കുക, കുടുംബ/

വ്യക്തിഗത ഗുണഭോക്തൃ പ്രോജക്ടുകളിൽ അർഹരായ ഗുണഭോക്താക്കളുടെ അർഹത പരിശോധിച്ച് മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിന് സഹായിക്കുക, പൊതു ആസ്തികൾ സംരക്ഷിക്കുക, സാമൂഹ്യ തിന്മകൾക്കെതിരെ പ്രചാരണം സംഘടിപ്പിക്കുക, അയൽസഭാ പ്രദേശത്തെ ശുചിത്വ പരിപാലന പ്രവർത്തനങ്ങളെ ക്കുറിച്ച് കുടുംബാംഗങ്ങളെ ബോധവാന്മാരാക്കി ശുചിത്വ പാലനം ഉറപ്പാക്കുക, വാർഡുപ്രദേശത്ത് നടക്കുന്ന അനധികൃത നിർമ്മാണങ്ങൾ, വയൽ-തണ്ണീർത്തടങ്ങൾ നികത്തൽ, കുന്നുകൾ ഇടിച്ച് നിരപ്പാക്കൽ, അനധികൃത ഖനനം, മലിനീകരണം, പരിസ്ഥിതി ആഘാത പ്രവർത്തനങ്ങൾ, സ്ത്രീകൾക്കും കുട്ടികൾക്കും മുതിർന്ന പൗരന്മാർക്കും ഭിന്നശേഷിയുള്ളവർക്കുമെതിരെയുള്ള അതിക്രമങ്ങൾ എന്നിവ അധികാരി കളുടെ ശ്രദ്ധയിൽപ്പെടുത്തുക, അവ തടയുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, പാർശ്വവൽക്കരിക്കപ്പെടുന്നവരോ, പ്രയാസമനുഭവിക്കുന്നവരോ ആയ കുടുംബങ്ങളെ കണ്ടെത്തി അവരെ മുഖ്യധാരയിലേയ്ക്ക് ഉയർത്താനാവശ്യമായ നടപടികൾ സ്വീകരിക്കുക തുടങ്ങിയവയാണ് അയൽ സഭകളുടെ പ്രവർത്തന ലക്ഷ്യങ്ങൾ.

(സി) അയൽസഭകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി അയൽ സഭയ്ക്ക് ഒരു ചെയർമാനും ഒരു കൺവീനറും ഉണ്ടായിരിക്കണം. 11 അംഗങ്ങളുള്ള ഒരു നിർവ്വാഹക സമിതിയെ അയൽ സഭയിൽ നിന്നും തെരഞ്ഞെടുക്കണം. അയൽ സഭകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും ഗ്രാമസഭയിൽ/ വാർഡുസഭയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന വിദഗ്ദ്ധരും ഉൾപ്പെടുന്നതാണ് വാർഡ് വികസന സമിതി. വാർഡിലെ അയൽസഭകളുടെ കാര്യക്ഷമമായ പ്രവർത്തനം വാർഡ് വികസന സമിതിയുടെയും അദ്ധ്യക്ഷനായ വാർഡ് മെമ്പറുടെയും മേൽനോട്ടത്തിൽ ആയിരിക്കും.

**റബ്ബർ കൃഷി**

2 (*272) ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. ബി. അബ്ദുൾ റസാക്ക് :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബറിനെ സമ്പൂർണ്ണ കാർഷിക വിളയായി പരിഗിക്കണമെന്ന പാർലമെന്ററി സമിതിയുടെ ശിപാർശ, സംസ്ഥാനത്തിന്റെ കാർഷിക മേഖലയ്ക്ക് എത്രത്തോളം ഗുണകരമാവുമെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) റബ്ബർ കൃഷിയിടങ്ങളിലെ ഇടവിളകൾ സംബന്ധിച്ച സാധ്യതകൾ കൃഷി വകുപ്പ് പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) കൃഷി വകുപ്പ് ഇക്കാര്യത്തെപ്പറ്റി പഠനം നടത്തിയിട്ടില്ല.

(ബി) റബ്ബർ കൃഷിയുടെ പ്രാരംഭ ഘട്ടങ്ങളായ ആദ്യ മൂന്ന് വർഷങ്ങളിൽ വാഴ, പൈനാപ്പിൾ, പച്ചക്കറി, ഔഷധ സസ്യങ്ങൾ എന്നിവ ഇടവിളയായി കൃഷി ചെയ്യുവാൻ ശിപാർശ ചെയ്യുന്നുണ്ട്. തുടർന്നുള്ള വർഷങ്ങളിൽ സൂര്യപ്രകാശത്തിന്റെ ലഭ്യത കുറയുന്നതിനാൽ ഇടവിള കൃഷി പ്രായോഗികമല്ല. പൈനാപ്പിൾ, വാഴ, ഔഷധ സസ്യങ്ങൾ എന്നിവയ്ക്ക് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ, ഔഷധ സസ്യ ബോർഡ് എന്നിവ മുഖാന്തരവും പച്ചക്കറി കൃഷിക്ക് കൃഷി വകുപ്പ് മുഖേനയും സഹായം നൽകുന്നുണ്ട്.

## കടാശ്വാസ പദ്ധതി

3 (*273) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. കെ. രാജു :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടക്കെണിയിൽപ്പെട്ട കർഷകരെ സംരക്ഷിക്കുന്നതിന് നടപ്പാക്കിയ കടാശ്വാസ പദ്ധതി പ്രകാരം തീർപ്പാക്കിയ അപേക്ഷകളിൽ ഇനിയും തുക കൊടുത്തു തീർക്കാനുണ്ടോ ; വെളിപ്പെടുത്തുമോ ;

(ബി) ഈ പദ്ധതിപ്രകാരം അപേക്ഷ നല്കി ധനസഹായത്തിനായി കാത്തിരിക്കുന്നവർ ഇപ്പോൾ എത്രയുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കടാശ്വാസ പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഈ പദ്ധതിക്കായി അനുവദിച്ച തുകയുടെ വിശദാംശം വെളിപ്പെടുത്തുമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്തതനുസരിച്ച് കടാശ്വാസത്തുക അനുവദിക്കേണ്ട അപേക്ഷകളിൽ ഏകദേശം 18 കോടി രൂപയുള്ളവ അനുവദിക്കുന്നതിന് മുന്നോടിയായുള്ള പരിശോധനകൾ

നടന്നുവരികയാണ്.

(ബി) സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ മുമ്പാകെ ലഭിച്ചിട്ടുള്ള വ്യക്തിഗത അപേക്ഷകളിൽ 81,134 അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുണ്ട്.

(സി) 2006-ലെ കേരള കടാശ്വാസ കമ്മീഷൻ ആക്ട് പ്രകാരം രൂപീകരിച്ച സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ മുമ്പാകെ ലഭിച്ചിട്ടുള്ള വ്യക്തിഗത അപേക്ഷകൾ പരിശോധിച്ചശേഷം കമ്മീഷൻ ശിപാർശ ചെയ്യുന്നതനുസരിച്ചാണ് കടാശ്വാസം അനുവദിക്കുന്നത്. ആക്ട് നിലവിൽ വന്ന തീയതിയായ 18-1-2007-നോ അതിനുമുമ്പോ കർഷകരിൽ നിന്ന് സഹകരണ സംഘങ്ങൾക്കോ ലൈസൻസ് പ്രകാരമോ അല്ലാതെയോ പണം കടം കൊടുക്കലിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾക്കോ ലഭിക്കാനുള്ള ബാദ്ധ്യതകൾക്കാണ് കമ്മീഷൻ കടാശ്വാസം ശിപാർശ ചെയ്യുന്നത്. വയനാട് ജില്ലയിലെ കാർഷിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ജില്ലയിലെ കർഷകരുടെ 31-10-2011 വരെയുള്ള കടങ്ങൾകൂടി കമ്മീഷന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്.

കാർഷികാനുബന്ധ വാണിജ്യാവശ്യങ്ങൾക്കൊഴികെയുള്ള വാണിജ്യാവശ്യങ്ങൾക്കോ ആഡംബരത്തിനോവേണ്ടി വാങ്ങിയ കടങ്ങൾ കടാശ്വാസത്തിനായി പരിഗണിക്കുന്നതല്ല.

4 ഹെക്ടറിൽ കവിയാത്ത കൃഷിഭൂമി കൈവശമുള്ള വാർഷിക വരുമാനം 2 ലക്ഷം രൂപയിൽ കവിയാത്ത, കൃഷി പ്രധാന ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളവർക്കാണ് കടാശ്വാസത്തിന് അർഹതയുള്ളത്.

(ഡി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കടാശ്വാസ വിതരണത്തിനായി 79,26,37,899 രൂപ കർഷകരുടെ വ്യക്തിഗത അപേക്ഷകളിൽ കമ്മീഷൻ ശിപാർശ ചെയ്ത പ്രകാരം അനുവദിച്ചിട്ടുണ്ട്.

## കൃഷി ഭവനുകളുടെ പ്രവർത്തനങ്ങൾ

4 (*274) ശ്രീ. കെ. മുരളീധരൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി ഭവനുകളുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) ഉണ്ട്. വിശദാംശങ്ങൾ താഴെച്ചേർക്കുന്നു:

1. സംസ്ഥാനത്തെ എല്ലാ കർഷകരുടെയും അവരുടെ കൃഷിയെ ക്കുറിച്ചുള്ള ഡാറ്റാ-ബേസ് തയ്യാറാക്കുക.
2. കാർഷിക വികസന സമിതികൾ കാര്യക്ഷമമാക്കുക.
3. കാർഷിക വിജ്ഞാനവ്യാപനം ശക്തിപ്പെടുത്തുക.
4. എല്ലാ കൃഷിഭവനുകളിലും ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കുക.

(ബി)

1. വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് സുഗമമാക്കുക, ആനുകൂല്യങ്ങൾ അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുക.
2. കർഷകർക്ക് ഉപയുക്തമായ പദ്ധതികൾക്ക് രൂപം കൊടുക്കുക.
3. കൃഷി ഉദ്യോഗസ്ഥർ കൂടുതൽ സമയം കാർഷിക വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിൽ ഏർപ്പെടുക തുടങ്ങിയ ലക്ഷ്യങ്ങൾ ഇതുമൂലം കൈവരിക്കാൻ കഴിയും.

(സി) ഡാറ്റാബേസ് സംബന്ധിച്ച നടപടി പുരോഗമിച്ചുവരുന്നു. ആനുകൂല്യങ്ങൾ ബാങ്ക് അക്കൗണ്ട് വഴി നൽകുന്ന പദ്ധതി വിജയകരമായി നടപ്പിലാക്കിവരുന്നു. ലീഡ്സ്, ആത്മ പദ്ധതികളിലൂടെ വിജ്ഞാനവ്യാപന പരിപാടിയും മികച്ചരീതിയിൽ നടന്നുവരുന്നുണ്ട്.

**ശുചിത്വമിഷന്റെ പ്രവർത്തനം**

5 (*275) ശ്രീ. കെ. ദാസൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുചിത്വമിഷന്റെ പ്രവർത്തനം അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നല്കാമോ;

(ബി) മിഷന്റെ കീഴിൽ മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിച്ചിരുന്നുവോ; ഇതിലേക്കായി മിഷന് പദ്ധതിയിനത്തിൽ കഴിഞ്ഞ 5 വർഷം നീക്കിവെച്ചതും ചെലവഴിക്കപ്പെട്ടതുമായ തുകയുടെ വിശദാംശങ്ങൾ ലഭ്യമാണോ;

(സി) ശുചിത്വമിഷൻ മുഖേന നടപ്പിലാക്കിയ മാലിന്യ മുക്തകേരളം പദ്ധതി ലക്ഷ്യത്തിലെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തെ മാലിന്യപ്രശ്നം ഏതളവുവരെ പരിഹരിക്കാൻ സാധിച്ചു; വിശദമാക്കാമോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) ശുചിത്വമിഷൻ പ്രവർത്തനം സർക്കാർ തലത്തിൽ അവലോകനം നടത്തി വരുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) മിഷന്റെ സാങ്കേതിക സഹായത്തോടെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, കോട്ടയം തുടങ്ങിയ ഇടങ്ങളിൽ പൊതു മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിച്ചിരുന്നു. പി.പി.പി. മാതൃകയിലുള്ള പ്ലാന്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിച്ചിരുന്നതിനാൽ പ്രത്യേകമായി പണം നീക്കി വച്ചിട്ടില്ല. എന്നാൽ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് പി.പി.പി. മാതൃകയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കപ്പെടുന്ന മാലിന്യ സംസ്കരണ പ്ലാന്റിന് വേണ്ടിയുള്ള ഡ്രാഫ്റ്റ് പ്രോജക്ട് ഡോക്യുമെന്റ് തയ്യാറാക്കുന്നതിനും ആർ.എഫ്.പി. സ്ക്രൂട്ടിനി നടത്തുന്നതിനും ട്രാൻസാക്ഷൻ അഡ്വൈസറായ KITCO എന്ന സ്ഥാപനത്തിന് ഫീസിനത്തിൽ 13,48,320 രൂപ ചെലവഴിക്കപ്പെട്ടിട്ടുണ്ട്.

(സി) മാലിന്യമുക്ത കേരളം പദ്ധതിയിലെ പല ലക്ഷ്യങ്ങളും നേടുവാനായിട്ടുണ്ട്. സംസ്ഥാനത്തെ 920 ഗ്രാമപഞ്ചായത്തുകളിൽ വികേന്ദ്രീകൃത ഉറവിട മാലിന്യ സംസ്കരണ പ്രോജക്ടുകൾ നടപ്പിലാക്കിയതിനാൽ മാലിന്യ പ്രശ്നത്തിന് വലിയൊരളവുവരെ പരിഹാരം കാണുവാൻ കഴിഞ്ഞിട്ടുണ്ട്.

അതുപോലെ സംസ്ഥാനത്തെ 64 നഗരസഭകളിലും പുതിയ മാലിന്യ സംസ്കരണ പ്ലാന്റുകൾ, നിലവിലുള്ള പ്ലാന്റുകളുടെ പുനരുദ്ധാരണം, വികേന്ദ്രീകൃത മാലിന്യ സംസ്കരണ പ്രോജക്ടുകൾ നടപ്പിലാക്കി വരുന്നതിനാൽ നഗരങ്ങളിലെ ജൈവ മാലിന്യ പ്രശ്നത്തിന് ഏറെ പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ട്. ഉറവിട മാലിന്യ സംസ്കരണ പ്രോജക്ടിന്റെ ഭാഗമായ മുനിസിപ്പൽ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിലായി 10 ലക്ഷത്തോളം കമ്പോസ്റ്റിംഗ് യൂണിറ്റുകളും ഒരു ലക്ഷത്തിലധികം ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപിക്കുവാൻ സഹായം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അജൈവ മാലിന്യ മേഖലയിൽ അവ ശേഖരിച്ച് പുനഃചംക്രമണത്തിനായി കൈമാറുന്ന പ്രവർത്തനം ശുചിത്വമിഷനും ക്ലീൻ കേരള കമ്പനിയും ഏകോപിപ്പിച്ച് വരുന്നുണ്ട്. അജൈവ മാലിന്യം ശേഖരിച്ച് താൽക്കാലികമായി സംഭരിക്കപ്പെടുന്നതിനും പുനഃചംക്രമണത്തിനായി കൈമാറുന്നതിനുമായുള്ള പശ്ചാത്തല സൗകര്യമായ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റികൾ/റിസോഴ്സ് റിക്കവറി സെന്ററുകൾ സ്ഥാപിക്കുന്നതിനുവേണ്ട പ്രോത്സാഹനവും നൽകുന്നുണ്ട്. ഇതുമൂലം പൊതു സ്ഥലത്ത് അജൈവ മാലിന്യം കുന്നുകൂടുന്നത് തടയുവാൻ കഴിയുന്നുണ്ട്.

പ്രധാനപ്പെട്ട പൊതുപരിപാടികളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപടിക്രമം സ്വീകരിച്ചുകൊണ്ട് നടപ്പിലാക്കുന്നതിന് വേണ്ട സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യുവർ ശുചിത്വ മിഷൻ രൂപം നൽകുകയും ഇക്കഴിഞ്ഞ നാഷണൽ ഗെയിംസ്, സ്കൂൾ യവജനോത്സവം, സ്കൂൾ ദേശീയ കായികമേള തുടങ്ങിയ പരിപാടികളിൽ വിജയകരമായി നടപ്പിലാക്കുകയും ഇതിന്റെ മാതൃകയിൽ സംസ്ഥാനത്താകെ ഉത്സവങ്ങളിലും മറ്റു മേളകളിലും (ഉദാഹരണം: ശബരിമല, ആറ്റുകാൽ പൊങ്കാല, എടപ്പാൾ അതിരാത്രം) ഈ പ്രവർത്തനം നടപ്പിലാക്കുന്നു. അതുപോലെ സംസ്ഥാനത്തെ പ്രധാന സർക്കാർ സ്ഥാപനങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് ശാസ്ത്രീയമായി ജൈവമാലിന്യം സംസ്കരിക്കാൻ വേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്. മനോഭാവ മാറ്റത്തിനുവേണ്ട പരിശീലനവും നടത്തിവരുന്നു. (ഉദാഹരണം: കേരള നിയമസഭാ സെക്രട്ടറിയേറ്റ്, സ്വരാജ് ഭവൻ, സംസ്ഥാന സെക്രട്ടറിയേറ്റ്, രാജ് ഭവൻ) ഈ പ്രവർത്തനം ക്രമേണ വ്യാപിപ്പിക്കും. ഫ്രീഡം ഫ്രം വേസ്റ്റ് കാമ്പയിന്റെ ഭാഗമായി പൊതുജനങ്ങളിൽ ആരോഗ്യസുരക്ഷ-പരിസ്ഥിതിസുരക്ഷാ ബോധം ഉറപ്പാക്കുന്നതിനും അനുകൂല മനോഭാവ രൂപീകരണത്തിനുമായി ബൃഹത്തായ വിവരവിജ്ഞാന വ്യാപന പ്രവർത്തനങ്ങളും നടത്തിവരുന്നു.

മുൻപറഞ്ഞ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ മാലിന്യ പ്രശ്നം ശാസ്ത്രീമായി പരിഹരിക്കുന്ന നടപടികൾ എടുക്കുകയും മാലിന്യമുക്ത കേരളം എന്ന ലക്ഷ്യത്തിലേക്ക് നീങ്ങുകയും ചെയ്യുകയാണ്.

(ഡി) സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജൈവ-അജൈവ മാലിന്യ പരിപാലനത്തിന് ഏറ്റെടുത്ത വൈവിധ്യമാർന്ന പ്രവർത്തനത്തിലൂടെ മാലിന്യ പ്രശ്നം പൊതുജനാരോഗ്യത്തിന് വലിയ ഭീഷണി ആകാതെ നിയന്ത്രിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എന്നിരുന്നാലും ഈ പ്രവർത്തനങ്ങൾ സമൂഹത്തിലെ എല്ലാ വിഭാഗം ആൾക്കാരുടെയും പങ്കാളിത്തത്തോടെ ഇനിയും മുന്നോട്ടു കൊണ്ടുപോകേണ്ടതും മാലിന്യ പരിപാലനം സ്വന്തം ഉത്തരവാദിത്വവും സംസ്കാരവുമായി വളർത്തേണ്ടതുമുണ്ട്.

**നാടോടികൾക്ക് സുരക്ഷിത താമസം**

6 (*276) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എം. പി. വിൻസെൻറ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാടോടികൾക്ക് സുരക്ഷിത താമസ സൗകര്യം ഒരുക്കുന്നതിന് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) നാടോടികൾക്ക് മാത്രമായി പ്രത്യേകിച്ച് പദ്ധതി ആവിഷ്കരിച്ചിട്ടില്ല. എങ്കിലും സ്ത്രീകൾക്കും കുട്ടികൾക്കും രാത്രികാലങ്ങളിൽ സുരക്ഷിതമായി താമസിക്കുവാൻ ഒരിടം എന്ന ആശയം നടപ്പിലാക്കാൻ 'എന്റെ കൂട്' എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ 'എന്റെ കൂട്' പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സാമൂഹ്യ വിരുദ്ധരിൽ നിന്നുള്ള പീഡനങ്ങളിൽ നിന്ന് സ്ത്രീകളേയും കുട്ടികളേയും സംരക്ഷിക്കുകയും പുനരധിവസിപ്പിക്കുകയും ചെയ്യുക എന്നതാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

(സി) കോഴിക്കോട് ജില്ലയിൽ 'എന്റെ കൂട്' പദ്ധതി 2015 ആഗസ്റ്റ് 31-ന് ആരംഭിച്ചു. തിരുവനന്തപുരം ജില്ലയിൽ പദ്ധതി നടപ്പിലാക്കുവാൻ ഭരണാനുമതി നൽകിയെങ്കിലും കെട്ടിട നിർമ്മാണത്തിനുള്ള സ്ഥലം ലഭ്യമാകാത്തതിനാൽ പദ്ധതി ആരംഭിച്ചിട്ടില്ല. മറ്റ് ജില്ലകളിൽ കൂടി ടി പദ്ധതി ആരംഭിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു.

**വിദേശരാജ്യങ്ങളിൽ തടവിലാക്കപ്പെട്ട മലയാളികൾ**

7(*277) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശരാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികൾ എത്രപേരുണ്ടെന്നും അവർ ഏതെല്ലാം രാജ്യങ്ങളിലാണെന്നും അറിയാമോ ; വ്യക്തമാക്കുമോ;

(ബി) ഇവരുടെ മോചനത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) ജയിലിൽ കഴിഞ്ഞ എത്ര പേരെ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മോചിപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്):

(എ) വിദേശരാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളുടെ വിവരങ്ങൾ ബന്ധപ്പെട്ട രാജ്യങ്ങൾ സംസ്ഥാന സർക്കാരിന് ലഭ്യമാക്കാറില്ല എന്നതിനാൽ വിദേശരാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളുടെ കൃത്യമായ കണക്ക് ലഭ്യമല്ല. എന്നാൽ ഇന്ത്യൻ എംബസി മുഖേന ഇവരുടെ വിവരങ്ങൾ ശേഖരിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി) വിദേശരാജ്യങ്ങളിൽ വിവിധ സാഹചര്യങ്ങളിൽ ജയിലുകളിൽ കഴിയുന്ന പ്രവാസി മലയാളികളെ സംബന്ധിച്ച വിവരങ്ങൾ കുടുംബാംഗങ്ങളിൽ നിന്നോ പ്രവാസി സംഘടനകളിൽ നിന്നോ മറ്റ് മാധ്യമങ്ങളിലൂടെയോ നോർക്ക വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ ഇക്കാര്യം ബന്ധപ്പെട്ട എംബസിയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് നിയമ സഹായം ഉൾപ്പെടെയുള്ള സഹായങ്ങൾ നൽകി ജയിൽ മോചിതരാക്കുന്നതിനും തിരികെ നാട്ടിലെത്തിക്കുന്നതിനും സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്. ഇതിനുപുറമേ, തങ്ങളുടേതല്ലാത്ത കാരണങ്ങൾക്കും ചെറിയ കുറ്റകൃത്യങ്ങൾക്കും വിദേശ ജയിലുകളിൽ കഴിയുന്ന പ്രവാസി മലയാളികൾക്ക് ആവശ്യമായ നിയമ സഹായം നൽകുന്നതിനും വിവിധ കാരണങ്ങളാൽ വിദേശരാജ്യങ്ങളിൽ സഹായം ആവശ്യമായി വരുന്ന കേരളീയ സ്ത്രീകളെ എംബസികളിൽ എത്തിക്കുന്നതിനും ആവശ്യമായ വാഹനച്ചെലവും മറ്റും വഹിക്കുന്നതിലേയ്ക്കായി പ്രവാസി നിയമസഹായ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

(സി) ജയിൽ മോചിതരായി തിരികെയെത്തുന്നവരോ അവരുടെ കുടുംബാംഗങ്ങളോ പ്രസ്തുത വിവരം സർക്കാരിൽ ലഭ്യമാക്കാത്തതിനാൽ ജയിൽ മോചിതരായി തിരികെയെത്തുന്നവരുടെ കൃത്യമായ എണ്ണം ലഭ്യമല്ല. എന്നാൽ നോർക്ക-റൂട്ട്സ് മുഖേന 3 പേരെ ജയിൽ മോചിതരാക്കി തിരികെ നാട്ടിലെത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

## ആധുനിക അറവുശാലകൾ

8 (*278) ശ്രീ. കെ. അച്ചുതൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ ആധുനിക അറവുശാലകൾ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) ഉണ്ട്. ഗ്രാമപഞ്ചായത്തുകളിൽ ആധുനിക അറവുശാലകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവ നവീകരിക്കുന്നതിനും സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ ധനസഹായം അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

(ബി) അനധികൃത അറവ് ഒഴിവാക്കുക, ആധുനിക അറവുശാലയിൽ ശാസ്ത്രീയമായി കശാപ്പ് നടത്തി ഉയർന്ന ഗുണനിലവാരത്തിൽ മാംസം ലഭ്യമാക്കുക, അറവുമാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുക, അറവുമാലിന്യം പൊതുസ്ഥലങ്ങളിൽ വലിച്ചെറിയുന്നത് ഒഴിവാക്കി പൊതുജനാരോഗ്യവും പരിസ്ഥിതി സംരക്ഷണവും ഉറപ്പുവരുത്തുക എന്നിവയാണ് ആധുനിക അറവുശാലകൾ നിർമ്മിക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

എല്ലാ ഗ്രാമപഞ്ചായത്തുകളിലും ശാസ്ത്രീയമായ സംവിധാനങ്ങളോടുകൂടിയ സ്ലോട്ടർ ഹൗസുകൾ ആരംഭിക്കേണ്ടത് ശുചിത്വമായ മാംസം ലഭ്യമാക്കുന്നതിന് അനിവാര്യമാണ്. സംസ്ഥാനത്തെ ഓരോ ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തുമുള്ള ഒരു ഗ്രാമപഞ്ചായത്തിലെങ്കിലും അറവുശാല സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെയാണ് ധനസഹായം അനുവദിച്ചുവരുന്നത്.

(സി) ശാസ്ത്രീയമായ രീതിയിലുള്ള അറവുശാലകളുടെ നിർമ്മാണത്തിനും നവീകരണത്തിനും സാങ്കേതിക സഹായവും ഉപദേശവും നൽകുന്നതിന് ശുചിത്വ മിഷനെ സർക്കാർ നോഡൽ ഏജൻസിയായി നിയമിച്ചിട്ടുണ്ട്. ഓരോ ഗ്രാമപഞ്ചായത്തിലും അറവുശാല നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് ഒരു സാദ്ധ്യതാ പഠനം നടത്തുന്നതിന് പെർഫോമൻസ് ഓഡിറ്റ് യൂണിറ്റുകളെ ചുമതലപ്പെടുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ 2015-16 വർഷത്തിൽ പുതുതായി അറവുശാല നിർമ്മിക്കുന്നതിന് 25 ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുത്തിട്ടുള്ളതുമാണ്. അറവുശാല നിർമ്മിക്കുന്നതിനുള്ള ധനസഹായമായി 40 ലക്ഷം രൂപ വീതം തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് നൽകുന്നതിനായി 1000 ലക്ഷം രൂപ 2015-16 വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## അടിസ്ഥാന വികസന പദ്ധതികൾ

9 (*279) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. എളമരം കരീം :
ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ആസൂത്രണ ബോർഡ് രൂപം നൽകിയ വൻകിട അടിസ്ഥാന വികസന പദ്ധതികൾ ഏതെല്ലാമായിരുന്നു; അവ സംസ്ഥാനത്തെ വികസനത്തെ എങ്ങനെ സ്വാധീനിക്കുമെന്നാണ് കരുതിയിരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ പ്രവൃത്തിപഥത്തിലെത്തിക്കാൻ സാധിച്ചത് ഏതൊക്കെയാണ്; ഇത്തരം പദ്ധതികളുടെ നടത്തിപ്പിലൂടെ ലക്ഷ്യമിട്ട നേട്ടം കൈവരിക്കാനായോ എന്നറിയിക്കുമോ;

(സി) ഉപേക്ഷിക്കപ്പെട്ടതോ ആരംഭിക്കാൻ കഴിയാതെ പോയതോ ആയ പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ; അതിനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്):

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം സംസ്ഥാന ആസൂത്രണ ബോർഡ് രൂപം നൽകിയ അടിസ്ഥാന വികസന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. 35-ാം ദേശീയ ഗെയിംസ്.
2. തിരുവനന്തപുരം/കോഴിക്കോട് മോണോ റെയിൽ/ലൈറ്റ് മെട്രോ പദ്ധതി.
3. സബർബൻ റെയിൽ സർവ്വീസ്.
4. മൊബിലിറ്റി ഹബ്ബുകൾ.
5. വ്യവസായ വികസന മേഖല.
6. നാഷണൽ ഇൻവെസ്റ്റ്മെന്റ് മാനുഫാക്ച്ചറിംഗ് സോൺ (നിംസ്)
7. പെട്രോളിയം കെമിക്കൽ ആന്റ് പെട്രോ കെമിക്കൽ ഇൻവെസ്റ്റ്മെന്റ് റീജിയൻ (പി.സി.പി.സി.ഐ.ആർ.)

സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിൽ ഈ പദ്ധതികൾ നാഴികക്കല്ലാകുമെന്നാണ് പ്രതീക്ഷിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതികളിൽ, 35-ാം ദേശീയ ഗെയിംസ് പൂർത്തിയാക്കിയിട്ടുണ്ട്. 35-ാം ദേശീയ ഗെയിംസിന്റെ ഭാഗമായി അന്താരാഷ്ട്ര നിലവാരമുള്ള കളിയിടങ്ങൾ സജ്ജമാക്കുകയും കായിക ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തതിലൂടെ സംസ്ഥാനത്തെ കായിക താരങ്ങൾക്ക് യഥേഷ്ടം പരിശീലനം നടത്താനും അന്താരാഷ്ട്ര മത്സരങ്ങളിൽ നേട്ടം കൈവരിക്കാനും സാധിക്കുന്നതാണ്. കൂടാതെ 9 പുതിയ സ്റ്റേഡിയങ്ങളും നവീകരിച്ച 17 സ്റ്റേഡിയങ്ങളും സംസ്ഥാന കായിക അടിസ്ഥാന വികസനത്തിന് മുതൽക്കൂട്ടാകുന്നതാണ്.

(സി) ആസൂത്രണ ബോർഡ് രൂപം നൽകിയ വൻകിട പദ്ധതികളൊന്നും തന്നെ ഉപേക്ഷിക്കപ്പെട്ടിട്ടില്ല. സബർബൻ റെയിൽ പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ അനുമതി പ്രതീക്ഷിക്കുക യാണ്. തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടും രൂപരേഖയും കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. മറ്റു പദ്ധതികൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**വയോജനങ്ങളെ സംബന്ധിക്കുന്ന നിയമങ്ങൾ**

10 (*280) <u>ശ്രീ. പി. ടി. എ. റഹീം</u> :
<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> :
<u>ശ്രീ. ബി. ഡി. ദേവസ്സി</u> :
<u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോജനങ്ങളെ സംബന്ധിക്കുന്ന നിയമങ്ങളെക്കുറിച്ചും അവർ നേരിടുന്ന വിവിധ പ്രശ്നങ്ങളെ സംബന്ധിച്ചും പഠിക്കാനായി സർക്കാർ കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ കമ്മീഷന്റെ പരിഗണനാ വിഷയങ്ങൾ എന്തെല്ലാമാണ്;

(ബി) വയോജനങ്ങളുമായി ബന്ധപ്പെട്ട് നിലവിൽ സംസ്ഥാനത്ത് നടപ്പാക്കി വരുന്ന നിയമങ്ങൾ ഏതെല്ലാമാണ്; ഇവ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) നിയമം നടപ്പാക്കുന്നതിലെ പോരായ്മകൾ എന്തെല്ലാമാണ് എന്നറിയിക്കാമോ; ഇവ പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) വയോജനങ്ങളെ സംബന്ധിക്കുന്ന നിയമങ്ങളെക്കുറിച്ചും അവർ നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ചും പഠിക്കാനായി സർക്കാർ കമ്മീഷനെ നിയോഗിച്ചിട്ടില്ല.

(ബി) The Maintenance and Welfare of Parents and Senior Citizen Act 2007 എന്ന കേന്ദ്ര നിയമമാണ് വയോജനങ്ങളുമായി ബന്ധപ്പെട്ട് നിലവിൽ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന നിയമം. നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് വിലയിരുത്തൽ നടത്തുന്നുണ്ട്. മേൽപ്പറഞ്ഞ നിയമ പ്രകാരം രൂപീകരിച്ചിട്ടുള്ള ട്രൈബ്യൂണലുകൾ മുമ്പാകെ ലഭ്യമാകുന്ന കേസുകളുടെ വിവരങ്ങൾ ശേഖരിക്കാറുണ്ട്.

(സി) The Maintenance and Welfare of Parents and Senior Citizen Act 2007 അനുസരിച്ച് റവന്യൂ ഡിവിഷണൽ ഓഫീസർമാരെ പ്രിസൈഡിംഗ് ഓഫീസർമാരായി നിയമിച്ചുകൊണ്ടാണ് മെയിന്റനൻസ് ട്രൈബ്യൂണലുകൾ രൂപീകരിച്ചിരിക്കുന്നത്. ഉത്തരവാദപ്പെട്ട മറ്റു ജോലികൾക്കൊപ്പം മെയിന്റനൻസ് ട്രൈബ്യൂണലുകളിൽ വരുന്ന പരാതികളിന്മേലുള്ള തീർപ്പ് കൽപ്പിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ടെന്ന പോരായ്മ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പോരായ്മകൾ പരിഹരിക്കാനായി വകുപ്പ് സെക്രട്ടറി തലത്തിൽ വീഡിയോ കോൺഫറൻസുകൾവഴി റിവ്യൂ നടത്താറുണ്ട്. കൂടാതെ കളക്ടേഴ്സ് കോൺഫറൻസിലും ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യാറുണ്ട്.

## അഗ്നിബാധ പോലുള്ള അപകടങ്ങളുണ്ടാകാതിരിക്കാനുള്ള മുൻകരുതലുകളും സുരക്ഷാ സംവിധാനങ്ങളും

11(*281) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരപ്രദേശങ്ങളിലെ രണ്ടിലേറെ നിലകളുള്ള വാസ സ്ഥലങ്ങൾ, സ്ഥാപനങ്ങൾ എന്നിവയിൽ അഗ്നിബാധ പോലുള്ള അപകടങ്ങളുണ്ടാകാതാരിക്കാൻ നിഷ്കർഷിച്ചിട്ടുള്ള സംവിധാനങ്ങൾ വിശദമാക്കുമോ;

(ബി) അപകടമുണ്ടായാൽ വളരെവേഗം രക്ഷാപ്രവർത്തനം സാദ്ധ്യമാക്കുന്നതിനും, ആളുകളെ ഒഴിപ്പിക്കുന്നതിനും നിഷ്കർഷിച്ചിട്ടുള്ള മുൻകരുതൽ സംവിധാനങ്ങൾ എന്തൊക്കെയാണ്;

(സി) ഇവ പാലിക്കപ്പെടുന്നുണ്ടോ എന്നു പരിശോധിക്കാനുള്ള സംവിധാന മെന്താണ്; പരിശോധനയിൽ സംസ്ഥാനത്ത് എവിടെയെല്ലാം നിർദ്ദിഷ്ട സുരക്ഷാസംവിധാനങ്ങളുടെ അഭാവം കണ്ടെത്തിയിട്ടുണ്ട്, വിശദവിവരം വെളിപ്പെടുത്തുമോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി):

(എ) അഗ്നിസുരക്ഷയുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ (fire protection requirements) നാഷണൽ ബിൽഡിംഗ് കോഡിലെ വ്യവസ്ഥകൾക്ക് അനുസൃത മായിരിക്കണമെന്ന് കെ.എം.ബി.ആർ.-ലെ ചട്ടം 44-ൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.

കെ.എം.ബി.ആർ.-ലെ 53 മുതൽ 59 വരെയുള്ള ചട്ടങ്ങളിൽ വിവിധ ഒക്യുപൻസികളിൽപ്പെട്ട കെട്ടിടങ്ങൾക്കായുള്ള അധിക നിബന്ധനകൾ പ്രതിപാദിക്കുന്നതിനൊപ്പവും, അഗ്നിസുരക്ഷാ സംബന്ധിച്ച മറ്റെല്ലാ ആവശ്യങ്ങളും നാഷണൽ ബിൽഡിംഗ് കോഡിലെ ഫയർ പ്രൊട്ടക്ഷനുമായി ബന്ധപ്പെട്ട പാർട്ടിലെ വ്യവസ്ഥകൾക്ക് അനുസൃതമായിരിക്കണമെന്ന് വീണ്ടും നിഷ്കർഷിക്കുന്നുണ്ട്.

ഹൈറൈസ് കെട്ടിടങ്ങളുടെ നിർമ്മാണ അപേക്ഷകളോടൊപ്പം ഉൾപ്പെടുത്തേണ്ട സ്ട്രക്ച്ചറൽ ഡിസൈനിൽ, നാഷണൽ ബിൽഡിംഗ് കോഡിലെ സീസ്മിക് ഫോഴ്സുകൾക്കായുള്ള വ്യവസ്ഥകൾകൂടി ഉൾപ്പെടുത്തണമെന്ന വിധം കെ.എം.ബി.ആർ.ലെ ചട്ടം 120-ൽ വ്യവസ്ഥയുണ്ട്. കൂടാതെ ഇത്തരം ഹൈറൈസ് കെട്ടിടങ്ങളുടെ നിർമ്മാണം നടക്കുമ്പോഴും നിർമ്മാണത്തിനുശേഷവും നാഷണൽ ബിൽഡിംഗ് കോഡിലെ കൺസ്ട്രക്ഷണൽ പ്രാക്ടീസസ് ആന്റ് സേഫ്റ്റി സംബന്ധിച്ച പാർട്ട് പ്രകാരമുള്ള ആവശ്യമായ സുരക്ഷാ നടപടികൾ ഉടമസ്ഥനും ഡെവലപ്പറും സ്വീകരി ച്ചിരിക്കണമെന്നും കെ.എം.ബി.ആർ.ലെ ചട്ടം 120 ബി-യിൽ പ്രതിപാദിക്കുന്നു.

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 53(3) പ്രകാരം ഭൂനിരപ്പിന് (ഗ്രൗണ്ട് ലെവലിന്) മുകളിൽ 3 നിലകളിൽ അധികരിക്കുന്ന റെസിഡൻഷ്യൽ ഒക്യുപൻസിയിലും സ്പെഷ്യൽ റെസിഡൻഷ്യൽ/ലോഡ്ജിംഗ് ഹൗസസ് ഒക്യുപൻസിയിലും പെടുന്ന കെട്ടിടങ്ങൾക്ക് അഗ്നിശമനസേനയുടെ സർട്ടിഫിക്കറ്റ് ഓഫ് അപ്രൂവൽ നിഷ്കർഷിക്കുന്നു.

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 54(4a) പ്രകാരം ഭൂനിരപ്പിന് (ഗ്രൗണ്ട് ലെവലിന് ) മുകളിൽ 3 ഫ്ലോറുകൾ അധികരിക്കുന്ന എഡ്യൂക്കേഷൻ/മെഡിക്കൽ/ഹോസ്പിറ്റൽ, ഓഫീസ്/ബിസിനസ് ഒക്യുപൻസികളിൽപ്പെട്ട കെട്ടിടങ്ങൾക്കും; 56(3j) പ്രകാരം ഭൂനിരപ്പിന് (ഗ്രൗണ്ട് ലെവലിന്) മുകളിൽ 2 ഫ്ലോറുകൾ അധികരിക്കുന്ന മെർക്കന്റൈൽ/കൊമേഴ്സ്യൽ ഒക്യുപൻസികളിൽപ്പെട്ട കെട്ടിടങ്ങൾക്കും, അഗ്നിശമനസേനയുടെ സർട്ടിഫിക്കറ്റ് ഓഫ് അപ്രൂവൽ ആവശ്യമാണ്.

കൂടാതെ, കേരളാ മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടങ്ങൾ 55(8a), 57(11a), 58(4a) എന്നിവ പ്രകാരം ഫ്ലോറുകളുടെ എണ്ണം എത്രതന്നെയായാലും, അസംബ്ലി, ഇൻഡസ്ട്രീയൽ, സ്റ്റോറേജ് ഒക്യുപൻസികളിൽപ്പെടുന്ന കെട്ടിടങ്ങൾക്ക് അഗ്നിശമനസേനയുടെ സർട്ടിഫിക്കറ്റ് ഓഫ് അപ്രൂവൽ നിഷ്കർഷിക്കുന്നുണ്ട്.

കേരളാ മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 59(5a), പ്രകാരം ഗ്രൂപ്പ് 1(1) ഒഴികെയുള്ള ഹസാർഡസ് ഒക്യുപൻസിയിൽപ്പെട്ട കെട്ടിടങ്ങൾക്കും, അഗ്നിശമനസേനയുടെ സർട്ടിഫിക്കറ്റ് ഓഫ് അപ്രൂവൽ ആവശ്യമുണ്ട്.

കേരളാ മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 55 (10a) പ്രകാരം നിലവിലെ അംഗീകൃതമായ സിനിമാ ഹാൾ/തീയറ്ററുകളെ നിബന്ധനകൾക്കനുസൃതമായി മൾട്ടി സ്ക്രീനുകളാക്കി മാറ്റം വരുത്തുന്നതിനും, കേരളാ മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടം 33(7) പ്രകാരം, കടൽമാർഗ്ഗമല്ലാത്ത ദ്വീപിലേക്കുള്ള ജലവീഥിയെ (water way), കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള വഴി (Access) ആയി പരിഗണിക്കുമ്പോഴും അഗ്നിശമന സേനയുടെ സർട്ടിഫിക്കറ്റ് ഓഫ് അപ്രൂവൽ നിഷ്കർഷിക്കുന്നുണ്ട്.

നഗരപ്രദേശങ്ങളിലെ ഉയരത്തിന്റെ അടിസ്ഥാനത്തിൽ ബഹുനില കെട്ടിടങ്ങൾക്ക് ഫയർ എസ്റ്റിംഗ്യൂഷർ, ജലം അടിസ്ഥാനമാക്കിയിട്ടുള്ള ഡൗൺഗമർ, ബെറ്ററൈഡ് സിസ്റ്റംസ്, സ്പ്രിംഗ്ലർ, ടി ആവശ്യത്തിന് കെട്ടിടത്തിന് മുകളിൽ വാട്ടർ ടാങ്ക് സ്ഥാപിക്കൽ, ഗ്രൗണ്ട് ലെവൽ ടാങ്ക്, യാർഡ് ഹൈഡ്രന്റ്, ഹോസ്റീൽ ഹോസ്, ഫയർ ബക്കറ്റുകൾ, സ്മോക്ക് ഡിറ്റക്ടർ, ഷീറ്റ് ഡിറ്റക്ടർ, ഹൂട്ടർ, ഫയർ അലാറം തുടങ്ങിയവ കെട്ടിടത്തിന്റെ ഉയരത്തിന്റേയും കാറ്റഗറിയുടേയും അടിസ്ഥാനത്തിൽ സ്ഥാപിച്ചിരിക്കേണ്ടതാണ്.

(ബി) ബഹുനില കെട്ടിടങ്ങൾക്ക് രണ്ട് ഗോവണികൾ സ്ഥാപിച്ചിരിക്കേണ്ടതും ആയതിലൊന്ന് ഫയർ എസ്കേപ്പും ആയിരിക്കണം. അഗ്നിബാധപോലുള്ള അപകടങ്ങൾ ഉണ്ടാകുമ്പോൾ തീ, പുക എന്നിവയാൽ പ്രതികരിച്ച് മാന്വലായും ആട്ടോമാറ്റിക്കായും പ്രവർത്തിപ്പിക്കാവുന്ന ഫയർ അലാറം ഉപയോഗിച്ച് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകി ആളുകളെ ഫയർ എസ്കേപ്പ് വഴിയും പ്രഥമ ഗോവണിവഴിയും ഒഴിപ്പിക്കാവുന്നതാണ്. ഇത്തരം വേളകളിൽ ലിഫ്റ്റ് പ്രവർത്തിപ്പിക്കാറില്ല. കൂടാതെ കെട്ടിടത്തിന് മുകളിൽ 1/3 ഭാഗം ഒഴിപ്പിച്ചിടേണ്ടതും കെട്ടിടത്തിന് പുറത്ത് സമീപത്തായി ഫയർ അസംബ്ലിനായി സ്ഥലം ഒഴിച്ചിടേണ്ടതുമാണ്.

(സി) നഗരപ്രദേശങ്ങളിൽ ചട്ടപ്രകാരമാണോ നിർമ്മാണം നടത്തുന്നത് എന്ന് അതാത് തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി പരിശോധിക്കേണ്ടതാണ്. കെ.എം.ബി.ആർ.-ലെ ചട്ടം 17 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മാണം

നടത്തുന്നതായോ, അംഗീകൃത പ്ലാനിൽ നിന്നും വ്യതിയാനം വരുത്തി നിർമ്മാണം നടത്തുന്നതായോ ശ്രദ്ധയിൽപ്പെട്ടാൽ സെക്രട്ടറി നോട്ടീസ് നൽകി ആവശ്യമുള്ളപക്ഷം മാറ്റങ്ങൾ വരുത്തേണ്ടതാണ്. ഇതു കൂടാതെ കെ.എം.ബി.ആർ.-ലെ ചട്ടം 18 പ്രകാരം ചട്ടപ്രകാരമല്ലാത്തതോ, നിയമ ലംഘനമുള്ളതോ ആയ നിർമ്മാണ ത്തിനെതിരെ 'താൽക്കാലിക ഉത്തരവ്', 'കൺഫർമേഷൻ ഉത്തരവ്' എന്നിവ നൽകി നിർമ്മാണം പൊളിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

കെ.എം.ബി.ആർ.-ലെ ചട്ടം 158 പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെ നിർമ്മാണമോ, പുനർനിർമ്മാണമോ അല്ലെങ്കിൽ രൂപഭേദം വരുത്തലോമൂലം മനുഷ്യന് ഭീഷണി ഉണ്ടാകുവാൻ സാധ്യതയുള്ളതാണെന്ന് സെക്രട്ടറിയുടെ ശ്രദ്ധയിൽ പ്പെട്ടാൽ ആയത് തടയുന്നതിനുള്ള അധികാരം സെക്രട്ടറിയിൽ നിക്ഷിപ്തമാണ്.

കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ, ചട്ടം 157 പ്രകാരം നിയമവിരുദ്ധമായുള്ള നിർമ്മാണങ്ങൾ കണ്ടുപിടിക്കുന്നതിനും, തടയുന്നതിനും, റിപ്പോർട്ട് നൽകുന്നതിനുമായി എല്ലാ ജില്ലകളിലും റീജിയണൽ ജോയിന്റ് ഡയറക്ടർ, ടൗൺ പ്ലാനർ, സർക്കാർ നാമനിർദ്ദേശം ചെയ്ത ഉദ്യോഗസ്ഥർ എന്നിവരടങ്ങിയ ഒരു വിജിലൻസ് സ്ക്വാഡ് ഉണ്ടായിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ടി ചട്ടപ്രകാരം എല്ലാ ജില്ലകളിലും വിജിലൻസ് സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. ഇത് കൂടാതെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിൽ ഒരു വിജിലൻസ് വിംഗും പ്രവർത്തിച്ചുവരുന്നു. വിജിലൻസ് വിംഗിൽ ലഭിക്കുന്ന പരാതി പരിശോധനയുടെയും നേരിട്ട് നടത്തുന്ന മിന്നൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ കണ്ടെത്തുന്ന അനധികൃത നിർമ്മാണങ്ങളും ചട്ടലംഘനങ്ങളും സംബന്ധിച്ച് സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുന്നുണ്ട്. വിംഗിന്റെ പ്രവർത്തനം ആരംഭിച്ചതു മുതൽ 1853 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## ഇൻകം ഗ്യാരണ്ടി സ്കീമിന്റെ നടപ്പാക്കൽ

12 (*282) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട നാമമാത്ര കർഷകർക്ക് ആശ്വാസം നൽകുന്നതിന് ആവിഷ്ക്കരിച്ച "ഇൻകം ഗ്യാരണ്ടി സ്കീമിന്റെ" നടപ്പാക്കൽ സംബന്ധിച്ച വിശദവിവരം നൽകാമോ;

(ബി) ചെറുകിട നാമമാത്ര കർഷകർ ഉല്പാദിപ്പിക്കുന്ന വിഭവങ്ങളുടെ വില അവർക്ക് ആദായകരമായ നിലവാരത്തിൽ നിലനിർത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇവർക്കായി പ്രഖ്യാപിച്ച ഇൻഷ്വറൻസ് സ്കീമിന്റെ വിവരം വെളിപ്പെടുത്തുമോ; എന്തു തുക ഈ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്; എത്ര കർഷകർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) 2014-15-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച "ഇൻകം ഗ്യാരണ്ടി സ്കീം" നടപ്പാക്കിയിട്ടില്ല.

(ബി) ചെറുകിട നാമമാത്ര കർഷകർ ഉൽപാദിപ്പിക്കുന്ന വിഭവങ്ങളുടെ വില അവർക്ക് ആദായകരമായ നിലവാരത്തിൽ നിലനിർത്താൻ കൃഷി വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ഉൽപ്പന്നങ്ങൾക്ക് വിലയിടിവ് നേരിടുന്ന കർഷകരെ സഹായിക്കുന്നതിന് 'വിലസ്ഥിരതയ്ക്കുള്ള വിപണി ഇടപെടൽ' പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിൻപ്രകാരം പച്ചക്കറി, നാളികേരം, റബ്ബർ എന്നീ കാർഷികോൽപ്പന്നങ്ങൾക്ക് വിലത്തകർച്ച ഉണ്ടാകുന്ന സമയങ്ങളിൽ സർക്കാർ ഏജൻസികൾ മുഖേന സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക് കർഷകരിൽനിന്നും നേരിട്ട് ഉൽപ്പന്നങ്ങൾ സംഭരിച്ച് സംസ്കരണവും വിപണനവും നടത്തി കർഷകർക്ക് ന്യായമായ വില ഉറപ്പുവരുത്തുന്നു. ഓണംപോലെയുള്ള ഉത്സവ കാലങ്ങളിലാണ് ഈ പദ്ധതി കൂടുതൽ നടപ്പിലാക്കുന്നത്. ഇതുവഴി കർഷകർക്ക് ന്യായമായ വില ഉറപ്പാക്കുന്നതോടൊപ്പം ഉപഭോക്താക്കൾക്ക് മിതമായ വിലയ്ക്ക് കാർഷികോൽപ്പന്നങ്ങൾ ലഭ്യമാകുന്നു. കൃഷി വകുപ്പിനുകീഴിലുള്ള ആറ് മൊത്ത വ്യാപാര വിപണിയും അഞ്ച് ജില്ലാതല സംഭരണ കേന്ദ്രങ്ങളും മുഖേനയുള്ള കാർഷികോൽപ്പന്ന സംഭരണവും അവയുടെ ലേലത്തിലൂടെയുള്ള വിപണനവുംവഴി കർഷകർ ഉൽപാദിപ്പിക്കുന്ന കാർഷികോൽപ്പന്നങ്ങളുടെ വിലനിലവാരം അവർക്ക് ആദായകരമായ രീതിയിൽ നിലനിർത്തുന്നതിന് കഴിയുന്നുണ്ട്. തെരഞ്ഞെടുത്ത കൃഷിഭവൻ വഴി നടപ്പിലാക്കിവരുന്ന പച്ചത്തേങ്ങ സംഭരണവും ടി ഉൽപ്പന്നത്തിന് കർഷകർക്ക് ആദായകരമായ വില ഉറപ്പാക്കുവാൻ സഹായിക്കുന്നുണ്ട്.

(സി) കർഷകർക്ക് 90 ശതമാനം സർക്കാർ പ്രീമിയത്തോടുകൂടി ഇൻകം ഗ്യാരന്റിയും വിലനിർണ്ണയാവകാശവും ഉറപ്പാക്കുന്ന ഒരു പദ്ധതി 2014-15-ലെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ടി പദ്ധതി നടപ്പിലാക്കിയിട്ടില്ല.

## വിവിധ വികസന അതോറിറ്റികൾ

13 (*283) ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രൂപീകരിച്ചിട്ടുള്ള വിവിധ വികസന അതോറിറ്റികൾ ഏതെല്ലാമാണ്; ഇവയുടെ രൂപീകരണ ലക്ഷ്യം സഫലീകരിക്കപ്പെട്ടിട്ടുണ്ടോ;

(ബി) വികസന അതോറിറ്റികൾ രൂപീകരിക്കപ്പെടുന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധികാരപരിധിയിന്മേലുള്ള കടന്നുകയറ്റമാണെന്ന ആക്ഷേപം സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് നിലപാട് അറിയിക്കാമോ;

(സി) പുതുതായി രൂപീകരിക്കപ്പെട്ട ഇത്തരം വികസന അതോറിറ്റികൾക്കായി നീക്കിവച്ച തുക ചെലവഴിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്):

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൊല്ലം, തൃശ്ശൂർ, കോഴിക്കോട് വികസന അതോറിറ്റികൾ പുനഃസ്ഥാപിക്കുകയും പെരിന്തൽമണ്ണ ആസ്ഥാനമായി വള്ളുവനാട് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് അതോറിറ്റി പുതുതായി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത അതോറിറ്റികൾ മികച്ച രീതിയിലുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്.

(ബി) വികസന അതോറിറ്റികളുടെ ചുമതലകൾ പുതിയ കേരള ടൗൺ & കൺട്രി പ്ലാനിംഗ് ഓർഡിനൻസിൽ വ്യക്തമാക്കപ്പെട്ടിട്ടുള്ളതാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധികാരങ്ങളിലുള്ള യാതൊരുവിധ കടന്നുകയറ്റവും ഇതിൽ പ്രതിഫലിക്കുന്നില്ല. മാസ്റ്റർപ്ലാൻ, വിസ്തൃത നഗര സംവിധാന പദ്ധതികളുടെ നടപ്പാക്കൽ, ലാൻഡ് പൂളിംഗ്, ലാൻഡ് ബാങ്ക്, ട്രാൻസ്ഫറബിൾ ഡെവലപ്മെന്റ് പെർമിറ്റ് എന്നീ ആധുനിക സങ്കേതങ്ങളുപയോഗിച്ചുള്ള പദ്ധതി ആവിഷ്കരണവും നടപ്പാക്കൽ എന്നിവയെല്ലാമാണ് അതോറിറ്റികളുടെ ചുമതലകളായി നിശ്ചയിക്കപ്പെട്ടിട്ടുള്ളത്.

(സി) കോഴിക്കോട് വികസന അതോറിറ്റിക്ക് 2014-15-ൽ 5 കോടിയും 2015-16-ൽ 5 കോടി രൂപയുമാണ് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ലഭിച്ചത്. രണ്ടു വർഷത്തേക്കായി ലഭിച്ച തുകയ്ക്കുള്ള പദ്ധതികളുടെയെല്ലാം തന്നെ നിർവ്വഹണം നടന്നുവരികയും ചില പദ്ധതികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളതാണ്.

വള്ളുവനാട് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് അതോറിറ്റിക്ക് ഓഫീസ് പ്രവർത്തന ചെലവുകൾക്കും പദ്ധതികൾ നടപ്പിലാക്കുന്നതിനുമായി 72 ലക്ഷം രൂപ നൽകിയതിൽ 60,82,152 (അറുപതു ലക്ഷത്തി എൺപത്തിരണ്ടായിരത്തി ഒരുനൂറ്റി അമ്പത്തിരണ്ടു രൂപ മാത്രം) ചെലവായിട്ടുണ്ട്. അതോറിറ്റിയുടെ പ്രവർത്തന മേഖലയിൽപ്പെട്ട പഞ്ചായത്തുകളിൽ ഉൾപ്പെട്ട 8 സ്ഥലങ്ങളിൽ ലോ മാസ്റ്റ് എൽ.ഇ.ഡി. സോളാർ മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് 14.80 ലക്ഷം രൂപയും പെരിന്തൽമണ്ണ നാഷണൽ ഹൈവേ 213 സൗന്ദര്യ വൽക്കരണത്തിന് 9.50 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

തൃശ്ശൂർ വികസന അതോറിറ്റിക്കുവേണ്ടി 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ 7,06,00,000 രൂപയാണ് അനുവദിച്ചിട്ടുള്ളത്. അതിൽ 27,56,698 രൂപ ഇതേവരെ ചെലവഴിച്ചിട്ടുണ്ട്.

കൊല്ലം വികസന അതോറിറ്റിക്ക് 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ പ്ലാൻ ഫണ്ടിൽ 5 കോടി രൂപ വീതം അനുവദിച്ചിരുന്നു. 2014-15-ൽ ലഭിച്ച 5 കോടിയിൽ നിന്ന് ഇതുവരെ 30 ലക്ഷം ചെലവഴിച്ചു. ബാക്കി തുകയ്ക്കുള്ള പദ്ധതികൾ തയ്യാറായിട്ടുള്ളതും അവയുടെ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലുമാണ്. 2015-16-ൽ അനുവദിച്ച 5 കോടി രൂപയിൽ 90 ലക്ഷം നോൺ പ്ലാൻ പ്രവർത്തനങ്ങൾക്ക് ചെലവഴിക്കാൻ അനുവദിച്ചു. ബാക്കി തുക ടി അതോറിറ്റിക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**വിലസ്ഥിരതാ ഫണ്ട്**

14 (*284) <u>ശ്രീ. രാജു എബ്രഹാം</u> :
<u>ശ്രീ. ഇ. പി. ജയരാജൻ</u> :
<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിലസ്ഥിരതാ ഫണ്ടിന്റെ പ്രവർത്തനം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ഏതെല്ലാം വിളകൾക്കാണ് ഈ ഫണ്ടിൽ നിന്നുള്ള ആനുകൂല്യങ്ങൾ കർഷകർക്ക് ലഭ്യമാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ നല്കാമോ;

(സി) ഫണ്ടിന്റെ പ്രവർത്തനംകൊണ്ട് കാർഷികോല്പന്നങ്ങളുടെ വിലയിടിവ് തടഞ്ഞുനിർത്തുവാൻ കഴിഞ്ഞിട്ടുണ്ടോ;

(ഡി) ഈ സർക്കാർ അധികാരമേറ്റതിനുശേഷമുള്ള ഫണ്ടിന്റെ നീക്കിയിരിപ്പും ചെലവും സംബന്ധിച്ച വിശദാംശം ലഭ്യമാണോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) സംസ്ഥാനത്ത് റബ്ബറിന്റെ വിലസ്ഥിരതയ്ക്കായി നടപ്പിലാക്കുന്ന റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന്റെ ഒരു അവലോകനയോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടത്തുകയുണ്ടായി. പ്രസ്തുത യോഗത്തിൽ റബ്ബറിന്റെ ആഭ്യന്തര ഉപഭോഗം വർദ്ധിപ്പിക്കുവാൻ പബ്ലിക് വർക്ക്സ് ഡിപ്പാർട്ടുമെന്റിന് കീഴിലുള്ള റോഡുകൾ റബ്ബറൈസ് ചെയ്യുവാനുള്ള പ്രൊപ്പോസലുകൾ ക്യാബിനറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാനും, ഇറക്കുമതി നിരക്കിൽ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ മുഖേന RSS IV റബ്ബർ സംഭരിക്കാനുമുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കാനുമുള്ള തീരുമാനം എടുക്കുകയുണ്ടായി. RSS IV റബ്ബർ സംഭരിക്കാനുള്ള സാധ്യതകൾ ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള അവലോകന യോഗങ്ങളിൽ പരിശോധിച്ചുവരികയാണ്. റബ്ബർ ഉൽപ്പാദന പ്രോത്സാഹന പദ്ധതി നടപ്പിലാക്കിയതിലൂടെ റബ്ബറിന്റെ വിലത്തകർച്ചമൂലം കർഷകർ റബ്ബർ കൃഷി ഉപേക്ഷിക്കുന്ന പ്രവണതയെ പ്രതിരോധിക്കാൻ കഴിഞ്ഞിട്ടുണ്ട്.

നാളികേരത്തിന് ന്യായവില ലഭിക്കുന്നതിന് നടപ്പിലാക്കുന്ന പച്ചനാളികേര സംഭരണ പദ്ധതിയും പച്ചക്കറികളുടെ വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനുള്ള വിപണി ഇടപെടലുകളും കൃഷി വകുപ്പിന്റെ വിലസ്ഥിരതയ്ക്കുവേണ്ടി വിപണി ഇടപെടൽ പദ്ധതി പ്രകാരമാണ് നടപ്പിലാക്കുന്നത്.

(ബി) റബ്ബറിന്റെ വിലസ്ഥിരതയ്ക്കായി നടപ്പിലാക്കുന്ന റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിയിലൂടെയും നാളികേരത്തിന് ന്യായവില ലഭ്യമാക്കുന്ന പച്ചനാളികേര സംഭരണ പദ്ധതിയിലൂടെയും കർഷകർക്ക് ആനുകൂല്യം ലഭിക്കുന്നുണ്ട്.

(സി) റബ്ബർ വിലയിടിവിന് പരിഹാരമായി നടപ്പിലാക്കുന്ന റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിയിലൂടെ ലഭിക്കുന്ന ആനുകൂല്യം കർഷകർക്ക് ഏറെ ആശ്വാസകരമാണ്.

കൃഷിവകുപ്പും കേരഫെഡും സംയുക്തമായി നടപ്പിലാക്കിവരുന്ന പച്ചനാളികേര സംഭരണ പദ്ധതിയിലൂടെ നാളികേരത്തിന് ന്യായമായ വില ലഭിക്കുന്നതിനുള്ള സാഹചര്യമുണ്ടാകുന്നു.

(ഡി) വിലസ്ഥിരതയ്ക്കുവേണ്ടി വിപണി ഇടപെടൽ പദ്ധതിപ്രകാരം 2011-12 മുതൽ ചെലവഴിച്ചതും നീക്കിയിരിപ്പും സംബന്ധിച്ച വിവരം താഴെ ചേർത്തിരിക്കുന്നു:

| വർഷം | ചെലവ് തുക (ലക്ഷം രൂപ) | നീക്കിയിരുപ്പ് തുക |
|---|---|---|
| 2011-12 | 888.27685 | ഇല്ല |
| 2012-13 | 4506.548 | ഇല്ല |
| 2013-14 | 3028.7841 | ഇല്ല |
| 2014-15 | 2094.25 | ഇല്ല |
| 2015-16 | 1700.00 | ഇല്ല |

റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കുന്നതിനായി 2015-16 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ 300 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൻകീഴിൽ ഇതുവരെ 347342 റബ്ബർ കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 17-2-2016 വരെ 472472 സെയിൽസ് ബില്ലുകളിലായി 118.50 കോടി രൂപ സബ്സിഡിയിനത്തിൽ റബ്ബർ കർഷകർക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

**തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചെലവ് തുക**

15 (*285) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. എം. ഹംസ :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചെലവ് തുക ട്രഷറിയിൽ നിന്ന് ബില്ല് മുഖേന മാറണമെന്നത് പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ ബാധിച്ചിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) വീട് നിർമ്മാണം ഉൾപ്പെടെയുള്ള ക്ഷേമഫണ്ടുകളുടെ തുക ട്രഷറി നിയന്ത്രണംമൂലം മാറാൻ കഴിയാത്ത സ്ഥിതിവിശേഷം സംജാതമായിട്ടുണ്ടോ;

(സി) സാംഖ്യ സോഫ്റ്റ്വെയർ ഉപയോഗിക്കുന്നതിനെ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിയിട്ടുണ്ടോ;

(ഡി) സാമ്പത്തികവർഷം അവസാനിക്കാറായത് കണക്കിലെടുത്ത് ഇത്തരം പ്രശ്നങ്ങൾക്ക് സമയബന്ധിതമായി പരിഹാരം കാണാൻ തയ്യാറാകുമോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) പദ്ധതി ചെലവ് തുക ട്രഷറിയിൽ നിന്ന് ബില്ല് മുഖേന മാറുന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ ബാധിച്ചിട്ടില്ല.

(ബി) ഇല്ല.

(സി) മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സാംഖ്യ സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിനെ സംബന്ധിച്ച് ജീവനക്കാർക്ക് കില വഴി പരിശീലനം നൽകുകയും സാംഖ്യ സോഫ്റ്റ്‌വെയറിന്റെ ഉപയോഗരീതി വിവരിച്ചിട്ടുള്ള കൈപ്പുസ്തകം നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) ബാധകമല്ല.

**കേര കർഷകരുടെ പ്രതിസന്ധി**

16 (*286) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര കർഷകർ ഉല്പാദന ചെലവുപോലും ലഭിക്കാതെ തെങ്ങുകൃഷി ഉപേക്ഷിക്കുന്നത് തടയുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കാമോ;

(ബി) സബ്സിഡിയിനത്തിൽ കേര കർഷകർക്ക് ലഭിച്ചിരുന്ന സഹായം ഇപ്പോൾ ലഭിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കേരഫെഡ് മുൻകയ്യെടുത്ത് സഹകരണ സംഘങ്ങൾ മുഖേന ന്യായവിലയ്ക്ക് നാളികേരവും കൊപ്രയും സംഭരിച്ചിരുന്ന രീതി ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ നിർത്തലാക്കിയത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്താമോ;

(ഡി) വളം, ജലസേചനം, കൂലി തുടങ്ങിയവ കണക്കിലെടുക്കുമ്പോൾ ഒരു നാളികേരത്തിന്റെ ഉല്പാദനചെലവ് എത്ര വരുമെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ഇ) തെങ്ങ് കൃഷി വ്യാപകമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) കേര കർഷകരെ സഹായിക്കുന്നതിനായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. 2014-15 മുതൽ സമഗ്ര നാളികേര കൃഷിവികസന പദ്ധതിയായ 'കേരഗ്രാമം' കാസർഗോഡ് ഒഴികെയുള്ള 13 ജില്ലകളിൽ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്നു. 2013 ജനുവരി മാസം മുതൽ നടപ്പിലാക്കിയിട്ടുള്ള തെരഞ്ഞെടുത്ത കൃഷി ഭവനുകൾ മുഖേനയുള്ള നാളികേര സംഭരണ പദ്ധതിയും കേരകർഷകർക്ക് ഗുണകരമാണ്.

(ബി) ഇപ്രകാരം ആക്ഷേപം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സഹകരണ സംഘങ്ങൾ വിമുഖത കാണിക്കുന്നതിനാൽ സഹകരണ സംഘങ്ങൾ മുഖേനയുള്ള നാളികേരവും കൊപ്രയും സംഭരണം ഇപ്പോൾ നിലവിലില്ല. പഞ്ചായത്ത് തലത്തിൽ കൃഷിഭവൻ വഴിയുള്ള നാളികേര സംഭരണമാണ് ഇപ്പോൾ നടപ്പിലാക്കിവരുന്നത്. നാളികേരത്തിന് ന്യായവില ലഭിക്കുന്നതിനായി കർഷകരിൽ നിന്നും നാളികേരം തെരഞ്ഞെടുത്ത കൃഷിഭവനുകൾവഴി നേരിട്ട് ശേഖരിക്കുന്ന പച്ചനാളികേര സംഭരണ പദ്ധതി കൃഷിവകുപ്പും കേരഫെഡും സംയുക്തമായി 2013 ജനുവരി മാസം മുതൽ നടപ്പാക്കിവരുന്നു.

(ഡി) ഉണ്ട്.

സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സ്ഥിതിവിവര കണക്കനുസരിച്ച് ഒരു നാളികേരത്തിന്റെ ഉത്പാദന ചെലവ് 6.72 രൂപയാണ്.

(ഇ) ഉണ്ട്.

നാളികേര കൃഷി വികസിപ്പിക്കുന്നതിന് കൃഷിവകുപ്പ് കാലാകാലങ്ങളിൽ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. 2014-15 മുതൽ നാളികേര കൃഷി വികസനത്തിനായി 'കേരഗ്രാമം' എന്ന പദ്ധതി കാസർഗോഡ് ഒഴികെയുള്ള 13 ജില്ലകളിൽ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി പ്രകാരം സംയോജിത വിള പരിപാലന മുറകൾ അവലംബിക്കുന്നതിന് ഹെക്ടറൊന്നിന് 25,000 രൂപ നിരക്കിൽ 500 ഹെക്ടറിന് (ഒരു കേരഗ്രാമം) 125 ലക്ഷം രൂപയും തെങ്ങ് കയറ്റ യന്ത്രങ്ങൾ വാങ്ങുന്നതിന് 2,000 രൂപ സബ്സിഡി നിരക്കിൽ 2 ലക്ഷം രൂപയും ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് ഹെക്ടറിന് 25,000 രൂപ എന്ന കണക്കിൽ 20 ഹെക്ടറിന് 5 ലക്ഷം രൂപയും തെങ്ങിൻതൈ നഴ്സറി സ്ഥാപിക്കുന്നതിന് ഒരു നഴ്സറിക്ക് 50,000 രൂപയും ജൈവവളത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിന് ജൈവവള

യൂണിറ്റൊന്നിന് 10,000 രൂപ സബ്സിഡി നിരക്കിൽ 10 എണ്ണത്തിന് ഒരു ലക്ഷം രൂപയും പഞ്ചായത്തുതല കേരസൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്കായി 10 ലക്ഷം രൂപയും പദ്ധതി പ്രവർത്തന ചെലവുകൾക്കായി ഒരു കേരഗ്രാമത്തിന് 10,000 രൂപയുമുൾപ്പെടെ ഒരു കേരഗ്രാമത്തിന് 143.6 ലക്ഷം രൂപ വകയിരുത്തി നടപ്പിലാക്കിവരുന്നു. 2015-16 വർഷം 30 കേരഗ്രാമങ്ങൾക്കായി 4308.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കൂടാതെ ഇടുക്കി ജില്ലയിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇടുക്കി പാക്കേജ് പദ്ധതി നാളികേര വികസന ബോർഡിന്റെ സഹായത്തോടുകൂടി 2-ാം വർഷവും (2015-16 വർഷം) നടപ്പിലാക്കിവരുന്നു. ആയതിന് ഹെക്ടറൊന്നിന് 7,500 രൂപ ധനസഹായമായി 805 ഹെക്ടറിന് 60.375 ലക്ഷം രൂപ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

## സാമൂഹ്യ സുരക്ഷാ മിഷൻ

17 (*287) ശ്രീ. സാജു പോൾ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സാമൂഹ്യസുരക്ഷാ മിഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) മിഷൻവഴി നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്; പ്രസ്തുത പദ്ധതികൾക്ക് 2015-16 വർഷത്തിൽ നീക്കിവച്ചിരുന്ന തുക കൃത്യമായി നല്കിയിട്ടുണ്ടോ ഇല്ലെങ്കിൽ ഏതെല്ലാം പദ്ധതികൾക്ക് നൽകിയിട്ടില്ല എന്നതിനെ സംബന്ധിച്ച വിവരം നൽകാമോ;

(സി) സാമ്പത്തിക പ്രതിസന്ധിമൂലം പല പദ്ധതികളുടെയും നടത്തിപ്പ് അവതാളത്തിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) കേരള സാമൂഹ്യ സുരക്ഷാമിഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്. സർക്കാർ തലത്തിൽ വിവിധ വകുപ്പുകളുടെ പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുമ്പോൾ സാമൂഹ്യ സുരക്ഷാ മിഷന്റെ പദ്ധതികളും വിലയിരുത്താറുണ്ട്. കൂടാതെ സാമൂഹ്യ സുരക്ഷാ മിഷന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയിലും ഗവേണിംഗ് ബോഡിയിലും പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ട്.

(ബി) ക്യാൻസർ സുരക്ഷാ പദ്ധതി, താലോലം പദ്ധതി, ആശ്വാസകിരണം പദ്ധതി, സ്നേഹസ്പർശം പദ്ധതി, എൻഡോസൾഫാൻ ദുരിതബാധിതർക്ക് വേണ്ടിയുള്ള പദ്ധതികൾ, വയോമിത്രം പദ്ധതി, വിശപ്പുരഹിത നഗരം പദ്ധതി, വൈകല്യ നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പിലൂടെ വികലാംഗർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും തൽസമയം വിതരണം ചെയ്യുന്ന പദ്ധതി, സാമൂഹ്യ നീതി വകുപ്പിന്റെ കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിൽ അഡീഷണൽ കെയർ പ്രൊവൈഡേഴ്സിനെ നിയമിക്കുന്ന പദ്ധതി, ശ്രുതിതരംഗം പദ്ധതി, സ്നേഹപൂർവ്വം പദ്ധതി, സ്റ്റേറ്റ് ഇൻഷ്യേറ്റീവ്സ് ഓൺ ഡിസെബിലിറ്റീസ് (എസ്.ഐ.ഡി.), സമാശ്വാസം പദ്ധതി, പ്രത്യാശ വിവാഹധനസഹായ പദ്ധതി, സ്റ്റേറ്റ് ഡിസെബിലിറ്റി സർവ്വേ, കാരുണ്യ ഡെപ്പോസിറ്റ് സ്കീം, വീ-കെയർ എന്നിവയാണ് സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ. 2015-16 വർഷത്തിൽ പ്രസ്തുത പദ്ധതികൾക്ക് നീക്കിവച്ചിരുന്ന തുക അനുവദിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## എല്ലാവർക്കും വീട് പദ്ധതി

18 (*288) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരങ്ങളിൽ 'എല്ലാവർക്കും വീട്' എന്ന പദ്ധതി നടപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി):

(എ) 2022-ഓടെ 'എല്ലാവർക്കും ഭവനം' എന്ന ലക്ഷ്യത്തോടുകൂടി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പ്രധാനമന്ത്രി ആവാസ് യോജന പദ്ധതി 2015-ാമാണ്ട് ജൂൺ 25-നാണ് ഭാരത സർക്കാർ ആരംഭിച്ചത്. പദ്ധതിയുടെ കാലയളവ് 2022 വരെയാണ്. കേരളത്തിൽ 2015 ഡിസംബർ 8-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ പദ്ധതി ഉദ്ഘാടനം ചെയ്തു. തെരഞ്ഞെടുത്ത 14 നഗരസഭകളിലാണ് പദ്ധതി ഒന്നാം ഘട്ടത്തിൽ നടപ്പിലാക്കുന്നത്. തുടർന്ന് എല്ലാ നഗരസഭകളിലും പദ്ധതി നടപ്പിലാക്കുന്നതാണ്. പദ്ധതിയുടെ നടത്തിപ്പിനായി ഡിമാന്റ് സർവ്വേ നടത്തേണ്ടതായുണ്ട്. ഈ പ്രക്രിയ കണ്ണൂർ, കാസർഗോഡ്, പാലക്കാട്, തൃശ്ശൂർ, പത്തനംതിട്ട നഗരസഭകളിൽ പൂർത്തിയായിട്ടുണ്ട്. മറ്റ് നഗരസഭകളിൽ സർവ്വേ നടന്നുവരുന്നു.

(ബി) നാല് വ്യത്യസ്തങ്ങളായ ഘടകങ്ങൾ സംയോജിപ്പിച്ചുകൊണ്ടാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്:

- ചേരി വികസനം: 300 ആളുകൾ താമസിക്കുന്ന/60-70 വരെ കുടുംബങ്ങൾ ഉള്ള ചേരിയിലുള്ളവർക്ക് പ്രസ്തുത ചേരിയിൽത്തന്നെ ഭവനം നിർമ്മിച്ചു നൽകുക.
- ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി: താഴ്ന്ന വരുമാനമുള്ളവർക്കും (LIG), സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും (EWS) ഭവനം നിർമ്മിക്കുന്നതിനായി/ഭവനം വാങ്ങുന്നതിനായി/ഭവനത്തിന്റെ നിലവാരം വർദ്ധിപ്പിക്കുന്നതിനായി ബാങ്കിൽ നിന്നും പരമാവധി 6 ലക്ഷം രൂപ വരെ കമ്പോളനിരക്കിലെ പലിശയിൽ നിന്നും 6.5 ശതമാനം കുറഞ്ഞ നിരക്കിൽ വായ്പയായി നൽകുന്നതിനുള്ള പദ്ധതി.
- അഫോർഡബിൾ ഹൗസിംഗ് സ്കീം: കുറഞ്ഞ നിരക്കിൽ വീടുകൾ ലഭ്യമാക്കി ആയത് വാങ്ങുന്നതിനുള്ള പദ്ധതി.
- **വ്യക്തിഗത ഭവന നിർമ്മാണത്തിനുള്ള ധനസഹായം:** സ്വന്തമായി സ്ഥലമുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്ന പദ്ധതി/ഭവന പുനരുദ്ധാരണ പദ്ധതി പ്രസ്തുത പദ്ധതി പ്രകാരം 3 ലക്ഷം രൂപ ഗുണഭോക്താവിന് നൽകുന്നതാണ്. ഇതിൽ 1.5 ലക്ഷം രൂപ കേന്ദ്ര സർക്കാരും ബാക്കി തുക സംസ്ഥാന, ഗുണഭോക്തൃ, നഗരസഭാ വിഹിതവുമാണ്.

(സി) സംസ്ഥാനത്ത് പദ്ധതിയുടെ നോഡൽ ഏജൻസി അർബൻ ഹൗസിംഗ് മിഷനാണ്. പദ്ധതി നടത്തിപ്പിന്റെ ഭാഗമായി നഗരസഭകൾക്ക് വിവിധ നിർദ്ദേശങ്ങൾ നോഡൽ ഏജൻസി നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാനതലത്തിൽ സ്റ്റേറ്റ് ലെവൽ അഡ്വൈസറി കമ്മിറ്റി, സ്റ്റേറ്റ് ലെവൽ സ്റ്റാന്റിംഗ് & മോണിറ്ററിംഗ് കമ്മിറ്റി, റിഫോംസ് കമ്മിറ്റി, സ്റ്റേറ്റ് ലെവൽ അപ്രൈസൽ കമ്മിറ്റി എന്നിവ രൂപീകരിച്ചിട്ടുണ്ട്. ഇതിൽ സ്റ്റേറ്റ് ലെവൽ അഡ്വൈസറി കമ്മിറ്റി 19-1-2015-ൽ നഗരകാര്യ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. കൂടാതെ പദ്ധതിയിലെ ഘടകങ്ങളായ Affordable housing in partnership, in situ slum development ഘടകങ്ങൾ പ്രകാരം സ്വകാര്യ സംരംഭകരുടെ സഹായത്തോടെ പാർപ്പിടങ്ങൾ നിർമ്മിക്കുന്നതിന്റെ സാധ്യത ആരായുന്നതിനായി നഗരകാര്യ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബിൽഡേഴ്സിന്റെയും ഡെവലപ്പേഴ്സിന്റെയും ഒരു യോഗം 27-1-2016-ൽ കൂടുകയുണ്ടായി.

## കലാകാരന്മാരുടെ ക്ഷേമത്തിനായി കർമ്മപദ്ധതി

19 (*289) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കലാകാരൻമാരുടെ ക്ഷേമത്തിനായി കർമ്മപദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്):

(എ-സി) സാംസ്കാരികകാര്യ വകുപ്പിനുകീഴിലുള്ള വിവിധ വകുപ്പ്/അക്കാദമി/ കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് എന്നിവ മുഖാന്തരം കലാകാരന്മാർക്കായി താഴെ പരാമർശിക്കുന്ന വിവിധ ക്ഷേമ പദ്ധതികൾ നടപ്പിലാക്കിവരുന്നു:

നിലവിൽ 50 വയസ്സിന് മേൽ പ്രായമുള്ള സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്ന കലാകാരന്മാർക്കും കലാകാരികൾക്കും പ്രതിമാസം 750 (എഴുന്നൂറ്റി അൻപത്) രൂപ നിരക്കിൽ സാംസ്കാരിക വകുപ്പദ്ധ്യക്ഷൻ മുഖാന്തരം പെൻഷൻ നൽകിവരുന്നു. കൂടാതെ വിവിധ അസുഖങ്ങൾമൂലം കഷ്ടത അനുഭവിക്കുന്ന കലാകാരന്മാർക്കും കലാകാരികൾക്കും ചികിത്സാ ധനസഹായം നൽകി വരുന്ന പദ്ധതി സർക്കാർ തലത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ പ്രശസ്തരായ കലാകാരന്മാരുടെ ആശ്രിതർക്ക് പ്രതിമാസ ധനസഹായ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. നിലവിൽ അർഹരായ 3020 പേർക്ക് 750 രൂപ വീതം പ്രതിമാസ ധനസഹായം നൽകിവരുന്നു. നടപ്പുസാമ്പത്തികവർഷം കലാകാര പെൻഷൻ ഇനത്തിൽ 2,66,85,000 (രണ്ടുകോടി അറുപത്തിയാറുലക്ഷത്തി എൺപത്തി അയ്യായിരം) രൂപയും അടിയന്തര ചികിത്സാ ധനസഹായ ഇനത്തിൽ 10,00,000 (പത്ത് ലക്ഷം) രൂപയും വകയിരുത്തിയിട്ടുണ്ട്. അവശത അനുഭവിക്കുന്ന കലാകാരന്മാരെ സഹായിക്കുക എന്നുള്ളതാണ് ഈ പദ്ധതികളുടെ മുഖ്യ ലക്ഷ്യം.

കേരള ലളിതകലാ അക്കാദമി മുഖാന്തരം കലാകാരന്മാർക്ക് ചികിത്സാ ധനസഹായം, ഏകാംഗ പ്രദർശന ധനസഹായം, കലാ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് എന്നിവയും നൽകിവരുന്നു.

കേരള ഫോക്‌ലോർ അക്കാദമി അവശത അനുഭവിക്കുന്ന കലാകാരന്മാർക്ക് ചികിത്സാ ധനസഹായവും നാടൻകലയിൽ ഏറ്റവും പ്രാവീണ്യം നേടിയ കലാകാരന്മാരെ ഫെലോഷിപ്പ്, അവാർഡ്, ഗുരുപൂജ പുരസ്കാരം, യുവനാടൻ കലാ പുരസ്കാരം, ഫോക്‌ലോർ എം.എ. ഒന്നാം റാങ്ക് ലഭിച്ചവർക്ക് അവാർഡ് എന്നിവ നൽകിവരുന്നുണ്ട്.

കേരള സംഗീത നാടക അക്കാദമി 2011 മുതൽ 3 വർഷത്തേയ്ക്ക് പ്രൊഫഷണൽ നാടകം, വാദ്യകല, കഥാപ്രസംഗം, മാജിക് എന്നീ മേഖലകളിലെ കലാകാരന്മാർക്ക് ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി മുഖേന ഇൻഷ്വറൻസ് പരിരക്ഷയും മെഡിക്ലെയിമും ഏർപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി മുഖേന കലാകാരന്മാർക്ക് മെഡിക്ലെയിം ഇൻഷ്വറൻസ് 50,000 (അൻപതിനായിരം) രൂപവരെയും അപകടംമൂലം മരണം, പൂർണ്ണമായ അംഗവൈകല്യം എന്നീ സാഹചര്യങ്ങളിൽ ഒരു ലക്ഷം രൂപ വരെയും അപകടംമൂലമുള്ള താൽക്കാലിക അംഗവൈകല്യമോ, പൂർണ്ണമായ ബെഡ്റെസ്റ്റോ ആവശ്യമുള്ള അവസരങ്ങളിൽ ആഴ്ചയിൽ 1,000 (ആയിരം) രൂപ വീതം പരമാവധി 100 ആഴ്ച വരെ നൽകുന്ന പദ്ധതിയാണ് നടപ്പിലാക്കിയിരുന്നത്. ഈ ക്ഷേമപ്രവർത്തനങ്ങൾ തുടർന്ന് കൊണ്ടുപോകുന്നതിന് 2015-16 ബഡ്ജറ്റിൽ "കലാകാരന്മാർക്കുള്ള ഇൻഷ്വറൻസ് വൈദ്യ പദ്ധതി" എന്ന സ്കീമിൽ നാൽപത് ലക്ഷം രൂപ കേരള സംഗീത നാടക അക്കാദമിക്ക് സർക്കാർ വകയിരുത്തിയിട്ടുണ്ട്.

സിനിമാ കലാകാരന്മാർക്ക് ചലച്ചിത്ര അക്കാദമി മുഖാന്തരം പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പ്രതിമാസം 1,000 (ആയിരം) രൂപയാണ് പെൻഷൻ. 300-ഓളം പേർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നു. കൂടാതെ അടിയന്തര ചികിത്സാ സഹായമായി പരമാവധി 25,000 (ഇരുപത്തി അയ്യായിരം) രൂപ വരെ അനുവദിച്ചുവരുന്നു.

ഇതിനുംപുറമെ സംസ്ഥാനത്ത് വിവിധ കലാ സാഹിത്യ സാംസ്കാരിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നവരോ ഏർപ്പെട്ടിരിക്കുന്നവരോ ആയ സാംസ്കാരിക പ്രവർത്തകർക്ക് ആശ്വാസം നൽകുന്നതിനും പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകി അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനുമായി

2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്ട് വ്യവസ്ഥകൾ പ്രകാരം, കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് രൂപീകരിച്ച് പ്രവർത്തനം നടത്തി വരികയാണ്. ആക്ട് വ്യവസ്ഥകൾ പ്രകാരം രൂപീകരിച്ചിട്ടുള്ള 2013-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതി പ്രകാരം, വ്യവസ്ഥകൾക്കനുസൃതമായി അംശദായം അടച്ച് അംഗത്വമെടുത്ത് 60 വയസ്സുകഴിഞ്ഞ കലാ-സാംസ്കാരിക പ്രവർത്തകർക്ക് പെൻഷൻ നൽകി വരുന്നുണ്ട്. മിനിമം പെൻഷൻ ആയിരം രൂപയാണ്. ഇവയ്ക്കു പുറമേ അവശതാ പെൻഷൻ, ഫാമിലി പെൻഷൻ, ചികിത്സാ സഹായം, അംഗത്തിന്റെ/അംഗത്തിന്റെ പ്രായപൂർത്തിയായ പെൺമക്കളുടെ വിവാഹത്തിന് സാമ്പത്തിക സഹായം, മരണാനന്തരസഹായം, മക്കളുടെ വിദ്യാഭ്യാസത്തിന് സാമ്പത്തിക സഹായം, സ്കോളർഷിപ്പ്, പ്രസവാനുകൂല്യം എന്നിവയും പദ്ധതി വിഭാവനം ചെയ്യുന്നു. നിലവിൽ 1565 പേർക്ക് പ്രതിമാസം 1,000 (ആയിരം) രൂപ വീതം ബോർഡ് മുഖാന്തരം പെൻഷൻ നൽകിവരുന്നു. ക്ഷേമപ്രവർത്തനങ്ങൾക്കായി ബോർഡിന് നാളിതുവരെ സർക്കാർ ആകെ 3,41,40,000 (മൂന്നുകോടി നാൽപ്പത്തിയൊന്ന് ലക്ഷത്തി നാൽപതിനായിരം) രൂപ അനുവദിച്ചിട്ടുണ്ട്.

**ഏലം കർഷകർ**

20 (*290) ശ്രീ. തോമസ് ചാണ്ടി :

ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കിയിലെ ഏലം കർഷകർ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏലം കർഷകരെ പ്രസ്തുത ദുരിതത്തിൽ നിന്നും രക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) ഏലത്തിന്റെ വിലയിടിവ് പ്രകൃതി ദുരന്തമായി കണക്കാക്കി, കർഷകരുടെ വായ്പയ്ക്ക് രണ്ടുവർഷത്തെ മൊറട്ടോറിയം പ്രഖ്യാപിക്കുകയും പുനഃക്രമീകരണം നടത്തുകയും ചെയ്ത് പലിശ സർക്കാർ ഏറ്റെടുക്കണമെന്ന പ്ലാന്റേഷൻ ഫെഡറേഷൻ ചെയർമാന്റെ അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) ഏലത്തിന് വിലകുറയുന്നത് കർഷകർക്ക് സാമ്പത്തിക പ്രതിസന്ധി ഉണ്ടാക്കുന്നുണ്ട്.

(ബി) ഏലം കർഷകരെ ദുരിതത്തിൽ നിന്നും രക്ഷിക്കുന്നതിനായി ഏലം വിപണനത്തിന് സഹായകമായ വിവിധ പദ്ധതികൾ സ്പൈസസ് ബോർഡ് നടപ്പിലാക്കുന്നുണ്ട്.

e-ലേലം, സ്പൈസസ് പാർക്കിന്റെ പ്രവർത്തനം എന്നിവയൊക്കെ ഏലം കർഷകർക്ക് പ്രയോജനകരമായ സംഗതികളാണ്.

(സി & ഡി) വിശദമായി പരിശോധിച്ച് മാത്രമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയൂ.

## സാമൂഹ്യക്ഷേമ പെൻഷൻ വിതരണം

21 (*291) ശ്രീ. എ. കെ. ബാലൻ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സാമൂഹ്യക്ഷേമ പെൻഷൻ വിതരണത്തിൽ കുടിശ്ശികയുണ്ടായിരുന്നുവോ;

(ബി) പെൻഷൻ വിതരണത്തിൽ ഈ സർക്കാർ വരുത്തിയ മാറ്റങ്ങൾ എന്തൊക്കെയായിരുന്നു?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സാമൂഹ്യക്ഷേമ പെൻഷൻ വിതരണത്തിൽ കുടിശ്ശികയുണ്ടായിരുന്നു. ഓരോ തദ്ദേശഭരണ സ്ഥാപനത്തിലും പെൻഷൻ കുടിശ്ശികയുടെ സ്വഭാവം വ്യത്യസ്തമാണ്. ഓരോ പെൻഷനും ഒരേ രീതിയിലല്ല കുടിശ്ശിക നിലനിൽക്കുന്നത്. കുടിശ്ശികയുടെ കാര്യത്തിൽ ഏകീകൃത സ്വഭാവമില്ലാത്തതിനാൽ കുടിശ്ശിക കൃത്യമായി കണക്കാക്കാൻ കഴിയുന്നില്ല. എന്നിരുന്നാലും 2011 ഏപ്രിൽ മാസത്തിനുമുൻപ് നിലവിലുണ്ടായിരുന്ന പെൻഷൻ കുടിശ്ശിക നൽകിക്കഴിഞ്ഞു.

(ബി) 'ബി' പിരിവിന്റെ മറുപടി അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കുട്ടനാട് പാക്കേജ്

22 (*T*292) ശ്രീ. സി. കെ. സദാശിവൻ :

ശ്രീ. ജി. സുധാകരൻ :

ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക നിയന്ത്രണത്തിനായി സ്വാമിനാഥൻ കമ്മീഷൻ ശിപാർശയനുസരിച്ച് കുട്ടനാട് പാക്കേജിന്റെ ഭാഗമായി കേന്ദ്രം അനുവദിച്ച പദ്ധതി വകുപ്പിന്റെ കെടുകാര്യസ്ഥത കാരണം നടപ്പിലാക്കാനായില്ലെന്നും കേന്ദ്രം പാക്കേജ് റദ്ദാക്കുന്നുവെന്നുമുള്ള വാർത്തയുടെ നിജസ്ഥിതി അറിയിക്കാമോ;

(ബി) പദ്ധതിക്ക് കേന്ദ്ര അംഗീകാരം നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ;

(സി) കേന്ദ്ര സഹായം പാഴാക്കിയതിന് ഉത്തരവാദികൾ ആരൊക്കെയാണ്; പദ്ധതി ഇനി പ്രാവർത്തികമാക്കാൻ സാധിക്കുമോ; എങ്കിൽ എങ്ങനെയെന്നും അതിന്റെ രൂപരേഖയും അറിയിക്കുമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) കുട്ടനാട് പാക്കേജിൻകീഴിൽ വെള്ളപ്പൊക്ക നിയന്ത്രണത്തിനായി കേന്ദ്രം അനുവദിച്ച പ്രവൃത്തികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. കുട്ടനാട് പാക്കേജിന്റെ കാലാവധി 2012 ജൂലൈയിൽ അവസാനിച്ചതായാണ് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുള്ളത്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും പാക്കേജിന്റെ കാലാവധി 2 വർഷംകൂടി നീട്ടിനൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരിന് കത്ത് നൽകിയെങ്കിലും പാക്കേജിൻകീഴിൽ അവശേഷിക്കുന്ന പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കുന്ന തുടർ പദ്ധതികളിൽ ഉൾക്കൊള്ളിച്ച് പൂർത്തിയാക്കാനാണ് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരിക്കുന്നത്. കെ.ഇ.എൽ.-3, ഓണാട്ടുകര പദ്ധതികൾ എന്നിവ പൂർത്തീകരിക്കുന്നതിനായി ഡിസംബർ 2016 വരെ കേന്ദ്ര സർക്കാർ സമയപരിധി നീട്ടിനൽകിയിട്ടുണ്ട്.

---

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഭൂരിഭാഗം പദ്ധതികൾക്കും അംഗീകാരം ലഭിച്ചിട്ടുണ്ട്. കുട്ടനാട് പാക്കേജിനായി പ്രത്യേക ബഡ്ജറ്റ് ശീർഷകമില്ലാത്തതിനാൽ പദ്ധതികൾ വിവിധ വകുപ്പുകളുടെ നിലവിലുള്ള തുടർസ്കീമുകളിൽ ഉൾപ്പെടുത്തിയാണ് നടപ്പിലാക്കി വരുന്നത്. ജലസേചന വകുപ്പിൻകീഴിൽ വരുന്ന 1518.50 കോടി രൂപയുടെ പദ്ധതികൾക്ക് അനുയോജ്യമായ മാനദണ്ഡങ്ങളുള്ള കേന്ദ്ര സ്കീമുകൾ കണ്ടെത്തേണ്ടി വരുന്നതിനാലും പദ്ധതികൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സാങ്കേതിക അനുമതിയും കേന്ദ്രജലകമ്മീഷന്റെ അനുമതിയും ലഭിക്കേണ്ടതിനാലും കൂടുതൽ സമയം ആവശ്യമായി വരികയുണ്ടായി.

(സി) കേന്ദ്രസഹായം പാഴായതായി കാണുന്നില്ല. കേന്ദ്ര സർക്കാർ നിർദ്ദേശിച്ച പ്രകാരം പാക്കേജിൻകീഴിൽ അവശേഷിക്കുന്ന പദ്ധതികൾ സംസ്ഥാനം നടപ്പിലാക്കുന്ന തുടർ പദ്ധതികളിൽ ഉൾക്കൊള്ളിച്ച് പൂർത്തിയാക്കാവുന്നതാണ്.

**വാഴക്കൃഷി**

23 (*293) <u>ശ്രീ. റ്റി. വി. രാജേഷ്</u> :
<u>ശ്രീ. എസ്. ശർമ്മ</u> :
<u>ശ്രീ. വി. ചെന്താമരാക്ഷൻ</u> :
<u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ വാഴക്കൃഷിക്ക് എത്ര ശതമാനം പങ്കുണ്ടെന്ന കാര്യം വിശദമാക്കാമോ;

(ബി) ചെറുകിട-ഇടത്തരം കൃഷിക്കാർക്ക് വാഴക്കൃഷി നടത്തുന്നതിന് നൽകി വരുന്ന സഹായങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ ;

(സി) വാഴക്കുലയുടെ, പ്രത്യേകിച്ച് നേന്ത്രവാഴക്കുലയുടെ വിലയിടിവ് ഇത്തരം കർഷകരെ വലിയ ദുരിതത്തിൽ ആഴ്ത്തുന്ന കാര്യം അറിയാമോ;

(ഡി) വാഴക്കുലയുടെ സംഭരണ വിപണന മേഖലയിൽ ഇടപെടലുകൾ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ഇ) ഉല്പാദനച്ചെലവിന് ആനുപാതികമായി സബ്സിഡി നൽകി തറവില നിശ്ചയിച്ച് വാഴക്കൃഷിക്കാരെ സഹായിക്കുന്നതിന് തയ്യാറാകുമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) 2013-14 സാമ്പത്തിക വർഷത്തിലെ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ കണക്ക് പ്രകാരം സംസ്ഥാനത്ത് ആകെ കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ 4.47 ശതമാനം സ്ഥലം വാഴക്കൃഷിക്ക് ഉപയോഗിക്കുന്നുണ്ട്.

(ബി) മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ വഴി വാഴക്കൃഷി നടത്തുന്നതിന് ചെറുകിട-ഇടത്തരം കൃഷിക്കാർക്ക് ധനസഹായം നൽകിവരുന്നുണ്ട്.

ടി പദ്ധതി പ്രകാരം വിളവിസ്തൃതി വ്യാപനത്തിനായി ഹെക്ടറൊന്നിന് മൊത്തം ചെലവിന്റെ 40 ശതമാനമായ 35,000 രൂപ രണ്ട് വർഷക്കാലയളവിലേയ്ക്ക് ധനസഹായമായി നൽകിവരുന്നു. ടിഷ്യൂക്കൾച്ചർ വാഴക്കൃഷിക്കായി ഹെക്ടറൊന്നിന് മൊത്തം ചെലവിന്റെ 40 ശതമാനമായ 50,000 രൂപ രണ്ട് വർഷക്കാലയളവിലേയ്ക്ക് ധനസഹായമായി നൽകിവരുന്നു. പരമാവധി 4 ഹെക്ടർ സ്ഥലത്തേയ്ക്കാണ് ധനസഹായം നൽകിവരുന്നത്.

(സി) വിലയിടിവ് കർഷകർക്ക് പ്രയാസങ്ങൾക്കിടയാക്കുന്നുണ്ട്.

(ഡി) വിപണനത്തിനുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി ധനസഹായം നൽകുന്നുണ്ട്. മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം വിളവെടുപ്പാനന്തര പരിപാലനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി പാക്ക്ഹൗസ് നിർമ്മിക്കുന്നതിന് മൊത്തം പദ്ധതി ചെലവിന്റെ 50 ശതമാനമായ 2 ലക്ഷം രൂപയും, റൈപ്പനിംഗ് ചേമ്പർ സ്ഥാപിക്കുന്നതിന് സമതലപ്രദേശങ്ങളിൽ മൊത്തം പദ്ധതി ചെലവിന്റെ 35 ശതമാനമായ 35,000 രൂപയും മലയോര പ്രദേശങ്ങളിൽ മൊത്തം പദ്ധതി ചെലവിന്റെ 50 ശതമാനമായ 50,000 രൂപയും ധനസഹായമായി നൽകുന്നു. കൂടാതെ, വിപണനത്തിനുള്ള അടിസ്ഥാന സൗകര്യ വികസനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി ഗ്രാമീണ വിപണി സ്ഥാപിക്കുന്നതിന് സമതല പ്രദേശങ്ങളിൽ മൊത്തം പദ്ധതി ചെലവിന്റെ 40 ശതമാനമായ 10 ലക്ഷം രൂപയും മലയോര പ്രദേശങ്ങളിൽ മൊത്തം പദ്ധതി ചെലവിന്റെ 55 ശതമാനമായ 13.75 ലക്ഷം രൂപയും ധനസഹായമായി നൽകുന്നു.

വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ കീഴിൽ പ്രവർത്തിച്ച് വരുന്ന സ്വാശ്രയ കർഷക സമിതികൾ, പച്ചക്കറി ചില്ലറ വിൽപ്പനശാലകൾ എന്നിവ വഴി സംഭരണ വിപണന സൗകര്യം ലഭ്യമാണ്.

(ഇ) സാധാരണ വാഴക്കന്ന് ഉപയോഗിച്ചുള്ള വാഴക്കൃഷിയ്ക്ക് കേന്ദ്ര സർക്കാർ നിശ്ചയിച്ച മൊത്തം ഉത്പാദന ചെലവായ 87,500 രൂപയുടെ 40 ശതമാനമായ 35,000 രൂപ രണ്ട് വർഷങ്ങളിലായും ടിഷ്യൂക്കൾച്ചർ വാഴ ഉപയോഗിച്ചുള്ള വാഴക്കൃഷിയ്ക്ക് ഹെക്ടറൊന്നിന് മൊത്തം ഉത്പാദന ചെലവായ 1.25 ലക്ഷം രൂപയുടെ 40 ശതമാനമായ 50,000 രൂപ രണ്ട് വർഷങ്ങളിലായും കർഷകർക്ക് ധനസഹായമായി നൽകുന്നുണ്ട്.

കൂടാതെ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ ഉൽപ്പന്നങ്ങൾക്ക് വിലയിടിയുന്ന അവസരങ്ങളിൽ ഉൽപ്പാദനം അധികമുള്ള സ്ഥലങ്ങളിൽ നിന്നും മറ്റ് സ്ഥലങ്ങളിലേയ്ക്ക് എത്തിക്കുന്നതിനായി മാർക്കറ്റ് ഇൻറർവെൻഷൻ സപ്പോർട്ട്, ഉൽപ്പാദന ചെലവിന് ആനുപാതികമായി തറവില നിശ്ചയിച്ച് ഫെയർ പ്രൈസ് സപ്പോർട്ട് എന്നിവ നൽകാറുണ്ട്. ഇതിനായി കർഷക പങ്കാളിത്തത്തോടെ റിസ്ക് ഫണ്ട് രൂപീകരിച്ച് ഉൽപ്പന്നങ്ങൾക്ക് വിലയിടിയുന്ന അവസരങ്ങളിൽ റിസ്ക് ഫണ്ടിൽ നിന്നും ധനസഹായം നൽകുന്നതിനുള്ള നടപടികളും പൂർത്തിയായിട്ടുണ്ട്.

## ക്ലീൻ കേരള കമ്പനി

24 (*294) ശ്രീ. എ. എം. ആരിഫ് :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ മാലിന്യ നിർമ്മാർജ്ജനത്തിന് കേന്ദ്ര-സംസ്ഥാന ഫണ്ട് സുലഭമായ സാഹചര്യത്തിൽ ആയതിനായി ഒരു കമ്പനി രൂപീകരിച്ചതിന്റെ പ്രസക്തി വിലയിരുത്തിയിട്ടുണ്ടോ; കമ്പനി രൂപീകരണം വഴി സംസ്ഥാനത്തിന്റെ മാലിന്യ നിർമ്മാർജ്ജന യജ്ഞത്തിന് ലഭിച്ച നേട്ടം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കമ്പനി രൂപീകരണം കോർപ്പറേഷനുകളുടെയും നഗരസഭകളുടെയും അധികാരത്തിന്മേലുള്ള കടന്നുകയറ്റമാണെന്ന ആക്ഷേപം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി):

(എ) കേരള സർക്കാരിന്റെ 2012-13-ലെ ബഡ്ജറ്റ് പ്രസംഗത്തിലും തൻവർഷത്തെ കാര്യപരിപാടിയിലും ഉൾപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് സിയാൽ മാതൃകയിൽ മാലിന്യ ശേഖരണ സംസ്കരണത്തിനുവേണ്ടി ക്ലീൻ കേരള കമ്പനി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചത്. സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ബഹുനില കെട്ടിടങ്ങളിലെയും, പാർപ്പിട/ഓഫീസ് സമുച്ചയങ്ങളിലെയും മാലിന്യശേഖരണം, സംസ്കരണം എന്നിവ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് താങ്ങാവുന്നതിലേറെയാണ് എന്ന സാഹചര്യം മുൻനിർത്തിയാണ് കമ്പനി രൂപീകരിക്കപ്പെട്ടത്. ലോഗ്രേഡ് ഉൾപ്പെടെ ആകെ 197 ടൺ പ്ലാസ്റ്റിക് മാലിന്യങ്ങൾ

ഇതിനകം ശേഖരിച്ച് പ്രോസ്സസ് ചെയ്യുവാനും, 149 ടൺ ഇ-മാലിന്യങ്ങൾ ശേഖരിച്ച് ശാസ്ത്രീയമായി പ്രോസ്സസ് ചെയ്യുവാനും കമ്പനി മുഖേന സാധിച്ചിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട റെയിൽവേ സ്റ്റേഷനുകളുടെ ശുചീകരണം, അനധികൃത പരസ്യങ്ങൾ ഒഴിവാക്കൽ, റോഡ് സൈഡുകൾ മനോഹരമാക്കുന്നതിന്റെ ഭാഗമായി പരസ്യങ്ങൾ സ്ഥാപിക്കൽ, ബ്രഹ്മപുരം സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ ദിവസേനയുള്ള നടത്തിപ്പ് എന്നിവ ക്ലീൻ കേരള കമ്പനി മുഖേന നടപ്പിലാക്കി വരുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങളുടെ പുനഃചംക്രമണത്തിനും, ഇ-മാലിന്യങ്ങളുടെ ശാസ്ത്രീയമായ പ്രോസസ്സിംഗിനും പുറമേ ഇത്തരം മാലിന്യങ്ങൾ പാരിസ്ഥിതിക പ്രശ്നങ്ങൾ കൂടാതെ കൈകാര്യം ചെയ്യുന്നതിന് അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികളും ക്ലീൻ കേരള കമ്പനി നടപ്പിലാക്കിയിട്ടുണ്ട്. സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ, എൻ.എസ്.എസ്. വാളണ്ടിയർമാർ എന്നിവർ മുഖേന വിപുലമായ പ്രചാരണ പരിപാടികളും ഇ-മാലിന്യ ശേഖരണ പദ്ധതികളും ഇതിനകം ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. 5 മുനിസിപ്പൽ കോർപ്പറേഷനുകൾ ഉൾപ്പെടെ ആകെ 38 നഗരസഭകൾ ക്ലീൻ കേരള കമ്പനിയുടെ ഷെയറുകൾ എടുത്ത് പ്രവർത്തനങ്ങളിൽ സഹകരിച്ചുവരുന്നു.

(ബി) ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പ്രവാസി പുനരധിവാസം**

25 (*295) ശ്രീ. സി. എഫ്. തോമസ് :

ശ്രീ. മോൻസ് ജോസഫ് :

ശ്രീ. തോമസ് ഉണ്ണിയാടൻ :

ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പ്രവാസി പുനരധിവാസത്തിനായി സ്വീകരിച്ച നടപടികളിലൂടെ എത്രത്തോളം നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ;

(ബി) നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) വിദേശത്ത് ജോലി ചെയ്ത് മടങ്ങി വരുന്ന പ്രവാസികളുടെ പുനരധിവാസത്തിനും തൊഴിൽ സംരംഭങ്ങൾക്കുമായി കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കുമോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്):

(എ) തിരികെ എത്തുന്ന പ്രവാസി മലയാളികളുടെ സമഗ്ര പുനരധിവാസം മുൻനിർത്തി വിവിധ വശങ്ങൾ പരിശോധിച്ച് നിലവിലുള്ള സാഹചര്യങ്ങൾ പഠിച്ച് ഒരു സമഗ്ര പദ്ധതി തയ്യാറാക്കുന്നതിന് നോർക്ക സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു പത്തംഗ കമ്മിറ്റിയെ നിയോഗിച്ചിരുന്നു. കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് മന്ത്രിസഭാ ഉപസമിതി പരിശോധിക്കുകയും 5 പ്രധാന ഘടകങ്ങൾ അടങ്ങുന്ന ഒരു സമഗ്ര പദ്ധതി ജി. ഒ. (എംഎസ്.) നം. 6/2013/നോർക്ക, തീയതി, 7-11-2013 പ്രകാരം പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി ബാങ്കുകളുമായി സഹകരിച്ച് 15 ശതമാനം മൂലധന സബ്സിഡിയും ആദ്യത്തെ നാലു വർഷം ബാങ്ക് വായ്പയിൽ 3 ശതമാനം പലിശ ഇളവും അനുവദിച്ചിട്ടുണ്ട്. ഇവർക്ക് മൂലധന സബ്സിഡി നൽകുന്ന ഇനത്തിൽ 6.68 കോടി രൂപ നാളിതുവരെ വിവിധ ബാങ്കുകൾക്ക് നൽകിയിട്ടുണ്ട്. ബാങ്കുകളുമായുള്ള ധാരണാപത്ര കാലാവധി തീർന്നുപോയതിനാൽ ഒരു ചെറിയ ഇടക്കാലത്ത് പദ്ധതി പ്രവർത്തനം തടസ്സംനേരിട്ടു. എന്നാൽ MoU പുതുക്കി ഒപ്പുവച്ച് 2016 ഫെബ്രുവരി 1 മുതൽ ത്രൈമാസ പലിശ കണക്കാക്കി പലിശ സബ്സിഡി റീഇംബേഴ്സ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2016 ജനുവരി 1 മുതൽ പുതിയ അപേക്ഷ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്.

(ബി) ഉണ്ട്. നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രെന്റ്സ് എന്ന പദ്ധതി പ്രകാരം നോർക്കയും കാനറ ബാങ്കും സൗത്ത് ഇൻഡ്യൻ ബാങ്കും യൂണിയൻ ബാങ്കുമായി കരാർ ഒപ്പുവച്ചതിന്റെ അടിസ്ഥാനത്തിൽ റിസർവ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി പദ്ധതിയുടെ പ്രായോഗികത വിലയിരുത്തിയാണ് ലോൺ തുക ബാങ്ക് അനുവദിക്കുന്നത്. ബാങ്കിൽ നിന്നും ലോൺ അനുവദിച്ചിട്ടുള്ള ഗുണഭോക്താക്കൾക്ക് 15 ശതമാനം മൂലധന സബ്സിഡിയും (ബാക് എൻഡ്), ആദ്യത്തെ നാലുവർഷം 3 ശതമാനം പലിശ സബ്സിഡിയും സർക്കാർ നൽകുന്നുണ്ട്. 2015 മാർച്ച് 31-ന് ബാങ്കുകളുമായിട്ടുള്ള ധാരണാപത്രത്തിന്റെ കാലാവധി അവസാനിച്ചു. 2015 നവംബർ മാസം ബാങ്കുമായിട്ടുള്ള ധാരണാപത്രം പുതുക്കിയതിനെ തുടർന്ന് തീർപ്പാക്കാത്ത അപേക്ഷകൾ ബാങ്കിലേയ്ക്ക് വീണ്ടും അയച്ചുതുടങ്ങിയിട്ടുണ്ട്. കൂടാതെ 2016 ജനുവരി 1 മുതൽ ഓൺലൈനായി അപേക്ഷകൾ സ്വീകരിച്ചുവരുന്നുണ്ട്. എസ്.ബി.ഐ., എസ്.ബി.ടി. ഉൾപ്പെടെ കൂടുതൽ ബാങ്കുകളുമായി പദ്ധതിയുമായി സഹകരിപ്പിക്കുന്നതിന് ചർച്ചകൾ നടന്നുവരുന്നു. അർഹരായ എല്ലാ അപേക്ഷകർക്കും സമയബന്ധിതമായി വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഈ ലക്ഷ്യം മുൻനിർത്തിയുള്ള വിവിധ പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നത്.

## തൊഴിലുറപ്പ് പദ്ധതിയിലെ കൂലി കുടിശ്ശിക

26 (*296) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് തൊഴിലാളികളുടെ ഏറി വരുന്ന കൂലി കുടിശ്ശിക ലഭ്യമാക്കാൻ സർക്കാർ തലത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് 100 ദിവസം തൊഴിൽ ലഭിക്കുന്നവരുടെ എണ്ണം കുറഞ്ഞു വരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്ന സ്ഥിതിക്ക് തൊഴിൽ ദിനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കും എന്ന് വിശദമാക്കാമോ;

(സി) തൊഴിലാളികളുടെ വേതനം കേന്ദ്ര സർക്കാർ നേരിട്ട് അവരുടെ അക്കൗണ്ടിലേക്ക് അയയ്ക്കുമ്പോൾ നിർമ്മാണ സാമഗ്രികൾ വാങ്ങാനും ഭരണപരമായ ചെലവുകൾ നിർവഹിക്കുന്നതിനുമുള്ള ഫണ്ട് ഏങ്ങനെ കണ്ടെത്തുമെന്ന് വ്യക്തമാക്കാമോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്):

(എ) 1-1-2016 മുതൽ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ കൂലി നാഷണൽ ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സംവിധാനം മുഖേന കേന്ദ്ര സർക്കാർ നേരിട്ട് തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് നൽകുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. പ്രവൃത്തിയുടെ മസ്റ്റർ റോൾ പൂർത്തീകരിച്ച് 10 ദിവസത്തിനകം മെഷർമെന്റ്, ചെക്ക് മെഷർമെന്റ് എന്നിവ പൂർത്തീകരിച്ച് മസ്റ്റർ റോൾ എം.ഐ.എസ്.ൽ ഡാറ്റാ എൻട്രി ചെയ്യുന്നതിനും വേജ് ലിസ്റ്റ് തയ്യാറാക്കി ഫണ്ട് ട്രാൻസ്ഫർ ഓർഡറുകൾ സമയബന്ധിതമായി ഇലക്ട്രോണിക്കായി അയയ്ക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് കൂലി വിതരണം ചെയ്യേണ്ടത് കേന്ദ്ര സർക്കാരിന്റെ നിയമപരമായ ബാദ്ധ്യതയാണ്. ഫണ്ടിന്റെ ആവശ്യകത സംബന്ധിച്ച പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് യഥാവിധി സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ, സംസ്ഥാനം കേന്ദ്ര സർക്കാരുമായി നിരന്തരം സമ്പർക്കത്തിലാണ്.

(ബി) ഗ്രാമപഞ്ചായത്തിലെ യഥാർത്ഥ തൊഴിലാവശ്യകതയുടെ അടിസ്ഥാനത്തിൽ ലേബർ ബഡ്ജറ്റ് തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും അംഗീകാരം വാങ്ങുകയും ചെയ്തിട്ടുണ്ട്. തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ഷെൽഫ് ഓഫ് പ്രോജക്ട്സും വാർഷിക കർമ്മ പദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്. ഇതനുസരിച്ച് എല്ലാ കുടുംബങ്ങൾക്കും ആവശ്യാധിഷ്ഠിതമായി 100 പ്രവൃത്തി ദിനങ്ങൾ സൃഷ്ടിക്കുന്നതിന് ഊർജ്ജിത നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പഞ്ചായത്തുകൾക്ക് നൽകുകയും ഭരണപരവും സാങ്കേതികവുമായ പിന്തുണാ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(സി) തൊഴിലാളികളുടെ വേതനം നാഷണൽ ഇ.എഫ്.എം.എസ്. മുഖേന തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് കേന്ദ്ര സർക്കാർ നേരിട്ട് നൽകുന്ന രീതി 1-1-2016 മുതൽ അവലംബിച്ചിട്ടുണ്ട്. സാധന ഘടകത്തിന്റെ 75 ശതമാനവും ഭരണച്ചെലവിനത്തിലെ മുഴുവൻ തുകയും സംസ്ഥാന തൊഴിലുറപ്പ് നിധിയിലേക്ക് ലഭ്യമാക്കേണ്ടത് കേന്ദ്ര സർക്കാരിന്റെ നിയമപരമായ ഉത്തരവാദിത്വമാണ്. സാധനഘടകത്തിന്റെ 25 ശതമാനം തുക സംസ്ഥാന വിഹിതമായി വഹിക്കേണ്ടതാണ്. ഈ തുക, ഇതിനോടകം തന്നെ തൊഴിലുറപ്പ് നിധിയിലേക്ക് കൈമാറിയിട്ടുണ്ട്.

### നാളികേര കൃഷി

**27 (*297)** ശ്രീമതി കെ. കെ. ലതിക :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നാളികേര ഉല്പാദനക്ഷമത നിലവിൽ മറ്റ് സമീപ സംസ്ഥാനങ്ങളെക്കാൾ കുറഞ്ഞു പോയിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനുള്ള കാരണങ്ങളെ സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളികേര കൃഷി വികസനത്തിനായി നടപ്പാക്കിയ പദ്ധതി പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; എന്തു തുക ചെലവഴിച്ചുവെന്ന കണക്ക് ലഭ്യമാണോ;

(ഡി) ഇത് എത്രത്തോളം ഫലപ്രദമായിരുന്നുവെന്ന് അവലോകനം നടത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) ഉൽപ്പാദനക്ഷമത പല കാരണങ്ങളാലും കുറഞ്ഞതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ കൃഷി വകുപ്പ് പ്രത്യേകമായി പഠനം നടത്തിയിട്ടില്ല.

(സി) 2011-2012

1. നാളികേര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ഗുണമേന്മയുള്ളതും അത്യുല്പാദന ശേഷിയുള്ളതുമായ തെങ്ങിൻ തൈകൾ ഉൽപാദിപ്പിച്ച് വിതരണം ചെയ്യതിന് 45.80 ലക്ഷം രൂപ വിനിയോഗിച്ചു.

2. കോഴിക്കോട്, തൃശ്ശൂർ, കണ്ണൂർ, മലപ്പുറം ജില്ലകളിലെ തെരഞ്ഞെടുത്ത കർഷകരുടെ കൃഷിയിടങ്ങളിൽ നിന്നും ഗുണമേന്മയുള്ള WCT തേങ്ങകൾ സംഭരിച്ച്, തെങ്ങിൻ തൈ നഴ്സറികൾ സ്ഥാപിക്കാൻ 59.97 ലക്ഷം രൂപ വിനിയോഗിച്ചു.

3. നാളികേര വികസന ബോർഡിന്റെ സഹായത്തോടുകൂടി നാളികേര കൃഷിയിടങ്ങളിലെ സംയോജിത കൃഷി രീതികൾ (100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതി) അവലംബിക്കുന്നതിന് 264.27 ലക്ഷം രൂപ ചെലവഴിച്ചു.

4. എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി കേരശ്രീ പദ്ധതി നടപ്പിലാക്കുന്നതിന് 2941.45 ലക്ഷം രൂപ വിനിയോഗിച്ചു.

5. നാളികേര വികസന ബോർഡ് കൃഷി വകുപ്പിന്റെ പങ്കാളിത്തത്തോടെ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ ജില്ലകളിൽ കേന്ദ്ര സബ്സിഡിയോടെ തെങ്ങ് കൃഷി പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കിയതിന് 474.514 കോടി രൂപ ചെലവഴിച്ചു.

6. കുട്ടനാട് പാക്കേജ് പ്രദേശങ്ങൾ ഉൾപ്പെട്ട ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിൽ നടപ്പിലാക്കിയ നാളികേര വികസന പദ്ധതിക്ക് 140.624 ലക്ഷം രൂപ ചെലവഴിച്ചു.

2012-2013

1. സങ്കരവർഗ്ഗ തെങ്ങിൻ തൈകളുടെ ഉൽപാദനത്തിനും വിതരണത്തിനുമായി (കേന്ദ്രാവിഷ്കൃത പദ്ധതി 50%) 104.79 ലക്ഷം ചെലവഴിച്ചു.

2. നാളികേര കൃഷിയിടങ്ങളിലെ സംയോജിത കൃഷിരീതികൾ (നാളികേര വികസന ബോർഡ് പദ്ധതി - 100% കേന്ദ്രാവിഷ്കൃതം)- ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി തെങ്ങിൻ തോട്ടങ്ങളിൽ മെച്ചപ്പെട്ട കാർഷിക പരിപാലനം, ഇടവിളകൃഷി, സമ്മിശ്ര കൃഷി എന്നിവയ്ക്കായി ഇടുക്കി പാക്കേജ് പദ്ധതി പ്രകാരം 91.14 ലക്ഷം രൂപയും കുട്ടനാട് പാക്കേജ് പദ്ധതി പ്രകാരം 399.2 ലക്ഷം രൂപയും ചെലവഴിച്ചു. ആകെ ചെലവ് 490.34 ലക്ഷം രൂപയാണ്.

3. നാളികേര വികസന പദ്ധതി (സംസ്ഥാനാവിഷ്കൃതം)-യായ കേരശ്രീ പദ്ധതി പ്രകാരം 4475.92 ലക്ഷം രൂപ ചെലവഴിച്ചു.

4. നാളികേര വികസന ബോർഡ് കൃഷി വകുപ്പിന്റെ പങ്കാളിത്തത്തോടെ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ ജില്ലകളിൽ നടപ്പാക്കിയ തെങ്ങ് കൃഷി പുനരുദ്ധാരണ പദ്ധതി പ്രകാരം 11894.974 ലക്ഷം രൂപ ചെലവഴിച്ചു.

5. ആർ.കെ.വി.വൈ. പദ്ധതി പ്രകാരമുള്ള നാളികേര കൃഷി വികസനത്തിനായി 1049.62 ലക്ഷം രൂപ ചെലവഴിച്ചു.

## 2013-2014

1. ഗുണമേന്മയുള്ളതും അത്യുല്പാദനശേഷിയുള്ളതുമായ സങ്കരയിനം തെങ്ങിൻ തൈകൾ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്ന പദ്ധതി പ്രകാരം (50 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതി) 23.5694 ലക്ഷം രൂപ ചെലവഴിച്ചു.

2. ഗുണമേന്മയുള്ള വിത്ത് തേങ്ങ സംഭരിച്ച് തെങ്ങിൻ തൈ നഴ്സറികൾ സ്ഥാപിക്കുവാൻ 29.9 ലക്ഷം രൂപ ചെലവഴിച്ചു.

3. സംസ്ഥാനാവിഷ്കൃത നാളികേര വികസന പദ്ധതി (കേരശ്രീ) മുഖേന തെങ്ങിൻ തോട്ടങ്ങളുടെ സംയോജിത പരിപാലനത്തിനും രോഗബാധിതമായ തെങ്ങുകൾ വെട്ടിമാറ്റുന്നതിനും പുനർനടീൽ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, തെങ്ങുകയറ്റ യന്ത്രങ്ങളുടെ വിതരണം, കേര ക്ലസ്റ്ററുകളുടെ വികസനം, ഗുണമേന്മയുള്ള തെങ്ങിൻ തൈ ഉൽപാദനം എന്നിവയ്ക്കായി 4827.27 ലക്ഷം രൂപ ചെലവഴിച്ചു.

4. ഉൽപ്പാദന വർദ്ധനവിനായി സംയോജിത കൃഷിക്കുവേണ്ടിയുള്ള നാളികേര വികസന ബോർഡ് പദ്ധതി (100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതി)-യിൽ ഉൾപ്പെടുത്തി ഇടുക്കി പാക്കേജ്, കുട്ടനാട് പാക്കേജ് എന്നീ നാളികേര വികസന പദ്ധതികൾക്കായി 519.54586 ലക്ഷം രൂപ ചെലവഴിച്ചു.

5. ചെറുകിട നാമമാത്ര കർഷകർക്കായുള്ള നാളികേര വികസന പദ്ധതി (ആർ.കെ.വി.വൈ.) പ്രകാരം ഇടുക്കി, വയനാട് ജില്ലകൾ ഒഴികെയുള്ള 12 ജില്ലകളിൽ 5837.2 ഹെക്ടറിൽ 2160.79252 ലക്ഷം രൂപ ചെലവഴിച്ചു.

2014-2015

1. കാസർഗോഡ് ജില്ല ഒഴികെയുള്ള 13 ജില്ലകളിൽ സമഗ്ര നാളികേര കൃഷിയായ - കേരഗ്രാമം പദ്ധതി പ്രകാരം 26 കേരഗ്രാമങ്ങൾക്കായി ആകെ 2468.12668 ലക്ഷം രൂപ ചെലവഴിച്ചു.

2. കേന്ദ്രാവിഷ്കൃത പദ്ധതിയായ കുട്ടനാട് - ഇടുക്കി പാക്കേജ് പദ്ധതി പ്രകാരം സംയോജിത തെങ്ങ് കൃഷി വികസനത്തിനായി 223.62458 ലക്ഷം രൂപ ചെലവഴിച്ചു.

2015-2016

1. 2014-15 വർഷത്തെ നാളികേര വികസന പദ്ധതിയായ 'കേരഗ്രാമം' 2015-16 വർഷവും കാസർഗോഡ് ഒഴികെയുള്ള 13 ജില്ലകളിൽ നടപ്പിലാക്കിവരുന്നു. ഇതിനായി 4308.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2. നാളികേര വികസന ബോർഡ് പദ്ധതിയായ ഇടുക്കി പാക്കേജ് പദ്ധതിയുടെ 2-ാം വർഷ ആനുകൂല്യത്തിനായി 60.375 ലക്ഷം രൂപ വകയിരുത്തിയത് പൂർണ്ണമായും വിനിയോഗിച്ചു.

(ഡി) കൃഷി വകുപ്പ് കാലാകാലങ്ങളിൽ പദ്ധതികളുടെ അവലോകനം വിവിധ തലങ്ങളിൽ നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ആവശ്യാനുസരണമുള്ള മാറ്റങ്ങൾ വരുത്തുകയും ചെയ്തുവരുന്നുണ്ട്.

**വയോജന സൗഹൃദ സംസ്ഥാനം**

28 (*298) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. കെ. രാജു :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വയോജന സൗഹൃദ സംസ്ഥാനമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) വയോജനങ്ങളുടെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിന് പ്രത്യേക സമിതി രൂപീകരിച്ചിട്ടുണ്ടോ ; ഈ പഠന സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) സംസ്ഥാനം വയോജന സൗഹൃദ സംസ്ഥാനമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മുതിർന്ന പൗരന്മാർക്കായുള്ള നയം അംഗീകരിക്കുകയും വയോ സൗഹൃദ പഞ്ചായത്തുകൾ എന്ന പ്രവർത്തനം പൈലറ്റ് അടിസ്ഥാനത്തിൽ തുടക്കം കുറിച്ചിട്ടുമുണ്ട്. വിവിധ വകുപ്പുകളുടെ പ്രവർത്തനം സംയോജിപ്പിച്ചുകൊണ്ട് മുതിർന്ന പൗരന്മാരുടെ സാമൂഹിക സുരക്ഷിതത്വം ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഓൾഡ് ഏജ് പെൻഷൻ, ആരോഗ്യ സംരക്ഷണം, സ്ഥാപനപരമായ സംരക്ഷണം, ഡിമെൻഷ്യ കെയർ, വയോഅമൃതം തുടങ്ങിയ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നു.

(ബി) വയോജനങ്ങളുടെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിന് പ്രത്യേക സമിതി രൂപീകരിച്ചിട്ടില്ല. എന്നാൽ മുതിർന്ന പൗരന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിലേയ്ക്കായി ഒരു റെഗുലേറ്ററി ബോർഡ് രൂപീകരിക്കുന്നതിനായി പഠനം നടത്തി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി മുൻ അഡീഷണൽ എ. ജി. ശ്രീ. വി. കെ. ബീരാനെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്.

## തൊഴിലുറപ്പ് പദ്ധതി

29 (*299) ശ്രീ. പി. ബി. അബ്ദുൾ റസാക്ക് :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. കെ. എം. ഷാജി :
ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതിയുടെ നടത്തിപ്പിൽ സംസ്ഥാനം നേരിടുന്ന പ്രതിസന്ധി എന്തെന്ന് വിശദമാക്കുമോ;

(ബി) വേതനമിനത്തിൽ തൊഴിലാളികൾക്കുള്ള കുടിശ്ശിക നൽകുന്നതിനുള്ള മാർഗ്ഗത്തെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്):

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തെഴിലുറപ്പ് നിയമം വകുപ്പ് 22 പ്രകാരം, സംസ്ഥാനം സമർപ്പിക്കുന്ന ലേബർ ബഡ്ജറ്റിന്റെ അടിസ്ഥാനത്തിൽ, പദ്ധതി നടത്തിപ്പിന് മതിയായ ഫണ്ട് യഥാമസയം അനുവദിക്കേണ്ടത് കേന്ദ്ര സർക്കാരാണ്. കേന്ദ്ര സർക്കാർ അംഗീകരിച്ച് സംസ്ഥാനത്തിന്റെ ലേബർ ബഡ്ജറ്റ് പ്രകാരമുള്ള ഫണ്ട് യഥാസമയം ലഭിക്കാത്തതുമൂലം തൊഴിലാളികളുടെ കൂലി, സാധനഘടകത്തിന്റെ വില എന്നിവ കുടിശ്ശികയാവുകയും ഭരണച്ചെലവുകൾ നിർവ്വഹിക്കുന്നതിന് ബുദ്ധിമുട്ടുകൾ നേരിടുകയും ചെയ്യുന്നുണ്ട്.

(ബി) ഉണ്ട്. 1-1-2016 മുതൽ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ കൂലി നാഷണൽ ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സംവിധാനം മുഖേന കേന്ദ്ര സർക്കാർ നേരിട്ട് തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് നൽകുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. പ്രവൃത്തിയുടെ മസ്റ്റർ റോൾ പൂർത്തീകരിച്ച് 10 ദിവസത്തിനകം മെഷർമെന്റ്, ചെക്ക് മെഷർമെന്റ് എന്നിവ പൂർത്തീകരിച്ച് മസ്റ്റർ റോൾ എം.ഐ.എസ്.-ൽ ഡാറ്റാ എൻട്രി ചെയ്യുന്നതിനും വേജ് ലിസ്റ്റ് തയ്യാറാക്കി ഫണ്ട് ട്രാൻസ്ഫർ ഓർഡറുകൾ സമയബന്ധിതമായി ഇലക്ട്രോണിക്കായി അയയ്ക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് കൂലി വിതരണം ചെയ്യേണ്ടത് കേന്ദ്ര സർക്കാരിന്റെ നിയമപരമായ ബാധ്യതയാണ്. ഫണ്ടിന്റെ ആവശ്യകത സംബന്ധിച്ച പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് യഥാവിധി സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ, സംസ്ഥാനം കേന്ദ്ര സർക്കാരുമായി നിരന്തരം സമ്പർക്കത്തിലാണ്.

**അഗ്രോ സർവ്വീസ് സെന്ററുകൾ**

30 (*300) ശ്രീ. അൻവർ സാദത്ത് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനത്തിനായി ആവിഷ്കരിച്ചിട്ടുള്ള കർമ്മപദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) അഗ്രോ സർവ്വീസ് സെന്ററുമായി ബന്ധപ്പെട്ട് 2015-16-ൽ താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

1. പുതിയ അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങുന്നതിനുള്ള പദ്ധതി.

2. നിലവിലുള്ള അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതി.

3. അഗ്രോ സർവ്വീസ് സെന്ററുകളോടൊപ്പം മണ്ണ് പരിശോധനാ ലാബുകൾ തുടങ്ങുന്നതിനുള്ള പദ്ധതി.

(ബി) പ്രസ്തുത പദ്ധതികൾ മുഖേന താഴെ പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കാനാണ് ഉദ്ദേശിക്കുന്നത്.

1. 2015-16-ൽ സംസ്ഥാനത്ത് 15 അഗ്രോ സർവ്വീസ് സെന്ററുകൾ പുതിയതായി ആരംഭിക്കുക.

2. നിലവിലുള്ള 49 അഗ്രോ സർവ്വീസ് സെന്ററുകൾ ശക്തി പ്പെടുത്തുന്നതിനായി നല്ല പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്ന അഗ്രോ സർവ്വീസ് സെന്ററുകൾക്ക് ബയോഫാർമസി, നേഴ്സറി, മൂന്ന് ചക്ര/നാലു ചക്ര വാഹനങ്ങൾ, ആവശ്യമായ കാർഷിക യന്ത്രോപകരണങ്ങൾ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്ക് യൂണിഫോം അലവൻസ്, ഇൻസെന്റീവ്, ഫെസിലിറ്റേറ്റർക്ക് ഓണറേറിയം, അംഗങ്ങൾക്ക് ആവശ്യമായ പരിശീലനങ്ങൾ, ഇൻഷ്വറൻസ് പരിരക്ഷ എന്നിവ നൽകുക.

3. മികച്ച പ്രവർത്തനം കാഴ്ചവെക്കുന്ന സൗകര്യങ്ങളുള്ള അഗ്രോ സർവ്വീസ് സെന്ററുകളിൽ മണ്ണ് പരിശോധന ലാബ് സൗകര്യം ഉണ്ടാക്കുക.

4. 2014-15-ൽ അഗ്രോ സർവ്വീസ് സെന്ററുകളോടൊപ്പം ആരംഭിച്ച മണ്ണ് പരിശോധനാ ലാബുകൾ ശക്തിപ്പെടുത്തുക.

(സി) നിലവിലുള്ള അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം വിലയിരുത്തുകയും ആയത് മെച്ചപ്പെടുത്തുന്നതിനാവശ്യമായ പ്രോത്സാഹനം നൽകുകയും ചെയ്യുന്നുണ്ട്. ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. സൗകര്യങ്ങൾ ലഭ്യമായ കേന്ദ്രങ്ങളിൽ സോയിൽ ടെസ്റ്റിംഗ് ലാബുകളും തുടങ്ങിയിട്ടുണ്ട്. കൂടാതെ 2015-16-ൽ താഴെ പറയുന്ന സ്ഥലങ്ങളിൽ പുതുതായി അഗ്രോ സർവ്വീസ് കേന്ദ്രങ്ങൾ തുടങ്ങുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

1. കൊട്ടാരക്കര
2. തിരുവല്ല
3. അരൂർ
4. കുട്ടനാട്
5. ചെങ്ങന്നൂർ
6. ഉടുമ്പൻചോല
7. അങ്കമാലി
8. ചാലക്കുടി
9. മണലൂർ
10. പുതുക്കാട്
11. കൈപ്പമംഗലം
12. എലത്തൂർ
13. കുറ്റിയാടി
14. വടകര
15. തലശ്ശേരി.

# (ii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

## ഭവന പദ്ധതികൾ

1 (2828) ശ്രീ. ബാബു എം. പാലിശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി എത്ര ഭവനപദ്ധതികൾ ബഡ്ജറ്റിൽ പ്രഖ്യാപിച്ചു എന്നും അവയിൽ ഏതൊക്കെ നടപ്പിൽ വരുത്തി എന്നും പറയാമോ;

(ബി) പ്രഖ്യാപിച്ച ഭവനപദ്ധതികൾക്കായി ട്രഷറിയിൽ നിന്നും പിൻവലിച്ച് ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പാക്കുന്ന ഭവന പദ്ധതികളൊന്നും ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടില്ല.

(ബി) ബാധകമല്ല.

## ഹാഡ മുഖാന്തരമുള്ള വികസന പദ്ധതികൾ

2 (2829) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ഹാഡ (ഹിൽ ഏര്യ ഡെവലപ്പ്മെന്റ് അതോറിറ്റി) വഴി കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതികൾക്കായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവയുടെ ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) ഇനിയും പൂർത്തിയാക്കാനുള്ള പദ്ധതികൾ ഏതെല്ലാം എന്നതിന്റെ പഞ്ചായത്തുതല വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) അനുബന്ധം *1 ആയി കൊടുത്തിരിക്കുന്നു.

(സി) അനുബന്ധം *2 ആയി കൊടുത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പി.ടി. മാത്യു കമ്മിറ്റി റിപ്പോർട്ട്

3 (2830) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിന്റെ പ്രവർത്തനങ്ങൾ പഠിക്കുന്നതിനായി ശ്രീ. പി. ടി. മാത്യു ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; പ്രസ്തുത കമ്മിറ്റി പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കമ്മിറ്റിയുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ അതു സംബന്ധിച്ച് വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധം *1 ആയി ചേർത്തിരിക്കുന്നു.)

(ബി&സി) ഉണ്ട്. വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് വകുപ്പിനെ ജില്ലാ അടിസ്ഥാനത്തിൽ അഞ്ച് മേഖലകളാക്കി, ഓരോ മേഖലകളിലും വരുന്ന ജില്ലകളിലെ പ്രവർത്തനം മോണിറ്റർ ചെയ്യുന്നതിന് അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ/ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് ചുമതലകൾ നൽകിയിട്ടുണ്ട്. (പകർപ്പ് അനുബന്ധം II ആയി ചേർത്തിരിക്കുന്നു.)

## വി.ഇ.ഒ. തസ്തികകൾ

4 (2832) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം ബ്ലോക്കിൽ എത്ര വി.ഇ.ഒ. തസ്തികയാണ് നിലവിലുള്ളത്; ഗ്രേഡ് I, ഗ്രേഡ് II എന്നിങ്ങനെ തരം തിരിച്ച് നൽകുമോ ;

(ബി) പ്രസ്തുത തസ്തികകളിൽ എത്രയെണ്ണം ഒഴിഞ്ഞു കിടക്കുന്നു;

(സി) ഒന്നിൽ കൂടുതൽ വി.ഇ.ഒ. സർക്കിളിന്റെ ചുമതലയുള്ള വി.ഇ.ഒ.-മാർക്ക് ചാർജ് അലവൻസും യാത്രാബത്തയും സർക്കിളിന്റെ എണ്ണമനുസരിച്ച് നൽകുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി മറ്റ് ബ്ലോക്കുകളിൽ കൂടുതൽ വി.ഇ.ഒ.-മാരുള്ളപ്പോൾ കോതമംഗലത്ത് വി.ഇ.ഒ-മാരുടെ എണ്ണം കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മറ്റ് ബ്ലോക്കുകളിൽ നിന്ന് വി.ഇ.ഒ.-മാരെ മാറ്റി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 21 (ഇരുപത്തിയൊന്ന്) വി.ഇ.ഒ. തസ്തികകൾ നിലവിലുണ്ട്. വി.ഇ.ഒ. ഗ്രേഡ് I, ഗ്രേഡ് II അനുപാതം (1:1) സംസ്ഥാന തലത്തിലാണ് നിലനിർത്തുന്നത്. നിലവിൽ കോതമംഗലം ബ്ലോക്കിൽ 12 വി.ഇ.ഒ.-മാർ ജോലി നോക്കുന്നുണ്ട്.

ഗ്രേഡ് I - 8

ഗ്രേഡ് II - 4

(ബി) 9 എണ്ണം.

(സി) കേരള സർവ്വീസ് റൂൾ ചട്ട പ്രകാരം സമാന തസ്തികയുടെ ചാർജ്ജ് വഹിക്കുന്നയാൾക്ക് ചാർജ്ജ് അലവൻസിന് അർഹതയില്ല. അലോട്ട്മെന്റ് വരുന്ന മുറയ്ക്ക് യാത്രാബത്ത ജീവനക്കാർക്ക് നൽകിവരുന്നു.

(ഡി) ഉണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരം റോഡുകളുടെ നവീകരണം

5 (2833) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16-ൽ പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരം നഗരൂർ, കരവാരം, കിളിമാനൂർ, പഴയകുന്നുമ്മേൽ, പുളിമാത്ത്, ചെറുന്നിയൂർ, മണമ്പൂര്, ഒറ്റൂർ, വക്കം ഗ്രാമപഞ്ചായത്തുകളിലായി ഏതെല്ലാം റോഡുകൾ നവീകരിക്കുന്നുണ്ടെന്നും നിർമ്മാണപ്രവർത്തനം ഏത് ഘട്ടത്തിലാണെന്നും ഓരോ പ്രവൃത്തിയ്ക്കും എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്നും കരാർ എടുത്തിരിക്കുന്നത് ആരാണെന്നും വ്യക്തമാക്കാമോ;

(ബി) കിളിമാനൂർ, വർക്കല, ചിറയിൻകീഴ് ബ്ലോക്കുകളിലായി വരുന്ന പ്രസ്തുത പഞ്ചായത്തുകളിലെ ഏതെല്ലാം റോഡുകൾ 2016-17-ൽ പി.എം.ജി.എസ്.വൈ.യിലുൾപ്പെടുത്തി നവീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ)

| പ്രവൃത്തിയുടെ പേര് | അനുവദിച്ച തുക | നിജസ്ഥിതി | കരാറുകാരന്റെ പേര് |
|---|---|---|---|
| കുന്നമ്മൽ - രാഗിണിമുക്ക് | 2,21,33,567 | ടാറിംഗ് പണി കഴിഞ്ഞു | എ. താജുദ്ദീൻ |
| രാഗിണിമുക്ക് - വട്ടാലിൽ കോളനി | 78,57,814 | ടാറിംഗ് പണി കഴിഞ്ഞു | എ. താജുദ്ദീൻ |
| കവലയൂർ - കൊടിളുക്കിയകുന്ന് | 93,28,834 | കരാർ ഒപ്പുവച്ച് പണികൾ ആരംഭിച്ചു | പി. കെ. കൺസ്ട്രക്ഷൻ |
| മുങ്ങോട് - കാട്ടുചിറ | 78,84,217 | കരാർ ഒപ്പുവച്ചു | സുദർശനൻ |
| അയന്തി - വലിയമേലതിൽ | 1,01,55,724 | കരാർ ഒപ്പുവച്ചു | സുദർശനൻ |

(ബി) 1. ആങ്ങാവിള-ആനയിൽ കോടമ്പള്ളി-നിലയ്ക്കാമുക്ക്-മാർക്കറ്റ്

2. മരക്കട-പന്ത് വിള-ശാസ്താംനട

3. പെരുന്തമൺ-കടമുക്ക്-കുന്നപുരം പുളിമാത്ത് എന്നീ മൂന്ന് റോഡുകൾ പി.എം.ജി.എസ്.വൈ. രണ്ടിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്.

**പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരം ആലത്തൂരിലെ റോഡ് നിർമ്മാണം**

6 (2834) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരം ആലത്തൂർ നിയോജകമണ്ഡലത്തിൽ എത്ര കിലോമീറ്റർ റോഡാണ് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതി പ്രകാരം ആലത്തൂർ മണ്ഡലത്തിൽ ഇപ്പോൾ ഏതെങ്കിലും റോഡ് ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) എങ്കിൽ ഏതൊക്കെ റോഡുകളാണെന്നും എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം ആലത്തൂർ നിയോജകമണ്ഡലത്തിൽ 8.782 കിലോമീറ്റർ റോഡുകളുടെ പണികളാണ് പൂർത്തിയായിട്ടുള്ളത്.

പൊൻകണ്ടം കടപ്പാറ റോഡ് - 6.612 കി.മി.

കണക്കൻതുരുത്തി കണ്ണൻകുളം റോഡ്-2.170 കി.മി.

(ബി) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം ഫേസ് എട്ടിലെ തെക്കുംപാടം വഴവക്കോട്, പത്തനാപുരം തോലംപുഴ എന്നീ 2 റോഡുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) കെ.ആർ. 10-18 തെക്കുംപാടം വഴവക്കോട് റോഡ്-205.530 ലക്ഷം രൂപ.

കെ.ആർ. 10-17 പത്തനാപുരം തോലംപുഴ റോഡ്-288.092 ലക്ഷം രൂപ.

## ഡി.ആർ.ഡി.എ. ജീവനക്കാരുടെ ശമ്പളം ട്രഷറികൾ മുഖേനയാക്കുന്നത്

7 (2835) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗ്രാമവികസന കമ്മീഷണറുടെ, 305003/ഐബിഐ/15, തീയതി 15-7-2010, 29-9-2015, 19-1-2016 എന്നീ തീയതികളിലെ 7532/ഡിപിഐ/15/ സിആർഡി. എന്നീ ഫയലുകളിന്മേൽ/ഉത്തരവുകളിന്മേൽ ഡി.ആർ.ഡി.എ. ജീവനക്കാരുടെ ശമ്പളം ട്രഷറികൾ മുഖേനയാക്കുന്നതുമായി ബന്ധപ്പെട്ട് എന്ത് തീരുമാനം സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ?

<u>ഉത്തരം</u>

ഈ വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

## ഡി.ആർ.ഡി.എ. അഡ്മിനിസ്ട്രേഷൻ ഫണ്ട്

8 (2836) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഡി.ആർ.ഡി.എ അഡ്മിനിസ്ട്രേഷൻ ഫണ്ട് ലഭ്യമാക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

<u>ഉത്തരം</u>

ഡി.ആർ.ഡി.എ. അഡ്മിനിസ്ട്രേഷൻ ഫണ്ടിന്റെ 2015-16-ലെ രണ്ടാം ഗഡു ലഭ്യമാക്കുവാൻ കേന്ദ്രസർക്കാരിന് സമയബന്ധിതമായി പ്രൊപ്പോസൽ നൽകിയിട്ടുണ്ട്.

## ഗ്രാമ വികസന വകുപ്പിലെ സ്പെഷ്യൽ റൂൾ ഭേദഗതി

9 (2837) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിലെ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള പുതിയ സാഹചര്യം എന്താണ്; വ്യക്തമാക്കാമോ;

(ബി) ഗ്രാമവികസന വകുപ്പിലെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ നേരിട്ടുള്ള നിയമനത്തിനുള്ള ക്വാട്ട കുറയ്ക്കുന്നതിന് നയപരമായ തീരുമാനം എടുത്തിട്ടുണ്ടോ;

(സി) ഉയർന്ന വിദ്യാഭ്യാസ യോഗ്യത നേടിയ തൊഴിൽരഹിതർക്ക് നേരിട്ട് ഗസറ്റഡ് തസ്തികയിൽ നിയമനം ലഭിക്കുന്നതിനുള്ള അവസരം പരിമിതപ്പെടും എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. നിലവിലുള്ള 16-2-2011-ലെ ജി. ഒ. (പി) 44/2011/തസ്വഭവ. നമ്പർ സ്പെഷ്യൽ റൂളിലെ ചില വ്യവസ്ഥകളിൽ പരിഷ്കാരങ്ങളും വ്യക്തതകളും ആവശ്യമായതിനാൽ സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി&സി) ഇല്ല.

## ഗ്രാമ വികസന വകുപ്പിന്റെ പദ്ധതി വിഹിതം

10 (2838) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തിക വർഷത്തിൽ ഗ്രാമ വികസന വകുപ്പിന് എത്ര രൂപയാണ് പദ്ധതി വിഹിതമായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്;

(ബി) 2016 ജനുവരി 31 വരെ അതിൽനിന്നും എത്ര രൂപ ചെലവഴിച്ചു;

(സി) ആകെ പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനമാണ് ചെലവിട്ടത്; പദ്ധതി വിഹിതം പൂർണമായി ചെലവഴിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2015-16 സാമ്പത്തിക വർഷത്തിലെ സംസ്ഥാന ബഡ്ജറ്റിൽ ഗ്രാമവികസന വകുപ്പിന് സംസ്ഥാന പദ്ധതിവിഹിതമായി 31757.00 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്.

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അനുവദിച്ച തുക, മുൻവർഷത്തെ നീക്കിയിരിപ്പ് തുക, മറ്റ് വരവുകൾ എന്നിവ ഉൾപ്പെടെ ആകെ ലഭ്യമായ 219684.03 ലക്ഷം രൂപയിൽനിന്നും 31-1-2016 വരെ 191750.19 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

(സി) ഗ്രാമവികസന വകുപ്പുമുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്കായി 31-1-2016 വരെ ആകെ ലഭ്യമായ തുകയുടെ 87% ചെലവഴിക്കുകയുണ്ടായി.

പദ്ധതി വിഹിതം പൂർണ്ണമായി ചെലവഴിക്കുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം സംസ്ഥാന തലത്തിലും ജില്ലാതലത്തിലും നടത്തുകയും പദ്ധതിവിഹിതം ചെലവഴിക്കുന്നതിനുള്ള നിർദ്ദേശം നൽകുകയും പുരോഗതി അവലോകനം ചെയ്യുന്നുമുണ്ട്.

**മലയോര വികസന ഏജൻസിയുടെ കോഴിക്കോട് ജില്ലയിലെ വികസന പ്രവർത്തനങ്ങൾ**

11 (2839) <u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-ൽ മലയോരവികസന ഏജൻസി രൂപീകരിച്ചശേഷം ഓരോ സാമ്പത്തിക വർഷവും കോഴിക്കോട് ജില്ലയിൽ ഏറ്റെടുത്ത പ്രവൃത്തികളുടെ വിശദാംശങ്ങളും ഓരോ പ്രവൃത്തിക്കും വകയിരുത്തിയ തുക എത്രയാണെന്നും ഓരോ പ്രവൃത്തിയും ഏത് നിയോജകമണ്ഡലത്തിലാണ് ഉൾപ്പെട്ടതെന്നും വ്യക്തമാക്കുമോ;

(ബി) ഇതിൽ ചക്കിട്ടപ്പാറ ഗ്രാമപ്പഞ്ചായത്തിൽ ഭരണാനുമതി റദ്ദാക്കിയ പ്രവൃത്തികൾക്ക് വീണ്ടും ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) അനുബന്ധമായി കൊടുത്തിരിക്കുന്നു*.

(ബി) റദ്ദാക്കിയ പ്രവൃത്തികൾക്ക് വീണ്ടും ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വികസന പരിശീലന കേന്ദ്രം

12 (2840) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലത്ത് ഗ്രാമവികസനവകുപ്പിന്റെ വികസന പരിശീലന കേന്ദ്രം ആരംഭിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ആയത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന് പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കോതമംഗലത്ത് വികസന പരിശീലനകേന്ദ്രം ആരംഭിക്കുന്നത് സർക്കാരിന് വൻ സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കും എന്ന ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ആവശ്യം തൽക്കാലം പരിഗണിക്കേണ്ടതില്ലായെന്ന് തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇല്ല.

## ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

13 (2841) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഈ സർക്കാരിന്റെ കാലത്ത് പേരാമ്പ്ര മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ എത്ര രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഓരോ വർഷവും സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ എത്രയെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ;

(സി) തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള വേതനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ)

| ഗ്രാമപഞ്ചായത്തുകളുടെ പേര് | ചെലവഴിച്ച തുക (രൂപയിൽ) |
|---|---|
| അരിക്കുളം | 7,08,75,627 |
| കീഴരിയൂർ | 3,26,22,917 |
| മേപ്പയൂർ | 6,00,45,404 |
| ചക്കിട്ടപ്പാറ | 14,65,86,000 |
| ചങ്ങരോത്ത് | 15,22,62,000 |
| ചെറുവണ്ണൂർ | 10,37,60,000 |
| കൂത്താളി | 10,88,85,000 |
| നൊച്ചാട് | 12,52,54,000 |
| പേരാമ്പ്ര | 13,10,23,000 |
| തുറയൂർ | 2,43,30,533 |

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം വകുപ്പ് 6 പ്രകാരം സംസ്ഥാനങ്ങളിലെ അവിദഗ്ദ്ധ തൊഴിലാളികളുടെ വേതന നിരക്ക് നിശ്ചയിക്കുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാണ്. ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ പ്രതിദിന കർഷക തൊഴിലാളി വേതനത്തിന് തുല്യമായ നിരക്കിൽ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ മിനിമം കൂലി നിശ്ചയിക്കണമെന്ന് സംസ്ഥാനം കേന്ദ്രത്തിന് നിരവധി തവണ നിവേദനം സമർപ്പിച്ചിട്ടുണ്ട്. 1-4-2015 മുതൽ നിലവിലുള്ള വേതന നിരക്ക് 229 രൂപയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

14 (2842) ശ്രീ. പി. തിലോത്തമൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള വേതനം തൊഴിലാളികൾക്ക് യഥാസമയം ലഭിക്കാത്തത് വിവിധതരം പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം തരം പ്രവൃത്തികളാണ് സ്തംഭനാവസ്ഥയിൽ എത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം വേതനമായി എത്ര കോടി രൂപ കൊടുത്ത് തീർക്കാനുണ്ട് ; ഓരോ ജില്ലയിലും എത്ര വീതം ;

(സി) തൊഴിലാളികൾക്ക് വേതനവും തൊഴിൽ സാമഗ്രികളും വാങ്ങുന്നതിനായി നടപ്പുസാമ്പത്തികവർഷം കേന്ദ്ര വിഹിതമായി എത്ര തുക ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) 16-2-2016-ലെ കണക്ക് പ്രകാരം, സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 17,319.09 ലക്ഷം രൂപ വേതനമായി കൊടുത്ത് തീർക്കാനുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ കേന്ദ്ര വിഹിതമായി 1,438 കോടി രൂപ ലഭിച്ചിട്ടുണ്ട്.

## വികസന പരിശീലന കേന്ദ്രങ്ങളിലെ ലക്ചറർ തസ്തിക

15 (2843) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ വികസന വകുപ്പിലെ വികസന പരിശീലന കേന്ദ്രങ്ങളിലെ ലക്ചറർ തസ്തികയിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഓരോ തസ്തികയിലേക്കും എത്ര ബൈ ട്രാൻസ്ഫർ നിയമനത്തിനുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) വർഷങ്ങളായി നിലനിൽക്കുന്ന പ്രസ്തുത ഒഴിവുകൾ തസ്തിക മാറ്റംവഴി നികത്തുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വികസന പരിശീലനകേന്ദ്രങ്ങളിലെ ലക്ചറർ തസ്തികകളിൽ നിലവിലുള്ള 12 ഒഴിവുകളിൽ 4 ഒഴിവുകൾ ഗവൺമെന്റിൽനിന്നും ബാക്കിയുള്ള 8 ഒഴിവുകൾ ഗ്രാമവികസന കമ്മീഷണറേറ്റിൽനിന്നും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി & സി) ഈ വിവരം സർക്കാരിൽ ലഭ്യമല്ല. കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലാണ് പ്രസ്തുത വിഷയം സംബന്ധിച്ച വിവരങ്ങൾ നിലവിലുള്ളത്.

**ജില്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റിലെ ജീവനക്കാർക്കുള്ള ശമ്പളം**

16 (2844) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജില്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റിലെ ജീവനക്കാർക്ക് യഥാസമയം ശമ്പളം ലഭിക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഡി.ആർ.ഡി.എ. അഡ്മിനിസ്ട്രേഷൻ ഫണ്ടിന്റെ രണ്ടാം ഗഡു കേന്ദ്ര സർക്കാരിൽനിന്നും നാളിതുവരെ ലഭ്യമായിട്ടില്ല. ആയതുകാരണം ഡി.ആർ.ഡി.എ.കളിൽ ഫണ്ടിന്റെ കുറവ് വന്നതിനാലാണ് ജീവനക്കാർക്ക് യഥാസമയം ശമ്പളം നൽകാൻ കഴിയാതിരുന്നത്. എന്നാൽ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലെ പ്രോജക്ട് ഡയറക്ടർമാർ ആവശ്യപ്പെട്ടതനുസരിച്ച് 2016 ജനുവരി വരെയുള്ള ശമ്പളം ഗ്രാമവികസന കമ്മീഷണറുടെ ഡി.ആർ.ഡി.എ. അഡ്മിനിസ്ട്രേഷൻ ഫണ്ടിൽനിന്നും നൽകിയിട്ടുണ്ട്.

## റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട്

17 (2845) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നബാർഡിന്റെ റൂറൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് ഫണ്ട് (ആർ.ഐ.ഡി.എഫ്.) ഉപയോഗിച്ച് ഈ സർക്കാരിന്റെ കാലയളവിൽ കൊല്ലം ജില്ലയിൽ നിർമ്മാണം പുരോഗമിക്കുന്നതും, നിർമ്മാണം ആരംഭിക്കാത്തതുമായ പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

പ്രവൃത്തി പുരോഗമിക്കുന്ന പദ്ധതി:

വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിലെ ലോവർ കരിക്കം മത്രരഴികത്ത്-ഓർത്തഡോക്സ് ചർച്ച് പെട്രോൾ പമ്പ് റോഡ്.

പ്രവൃത്തി ആരംഭിക്കാത്ത പദ്ധതികൾ:

1. അഞ്ചൽ ഗ്രാമപഞ്ചായത്തിലെ അഗസ്ത്യകോട്-മംഗലത്ത് വാതുക്കൽ പയ്യംപാറ റോഡ്.

2. അലയമൺ ഗ്രാമപഞ്ചായത്തിലെ കരുകോൺ പുഞ്ചക്കോണം ഇരുവേലിക്കൽ കരുകോൺ റോഡ്.

3. പവിത്രേശ്വരം ഗ്രാമപഞ്ചായത്തിലെ എരുതനംങ്ങാട് കൈതക്കോട് മുളവന റോഡ്.

4. പോരുവഴി ഗ്രാമപഞ്ചായത്തിലെ ചിറത്താഴത്തുമുക്ക് കാഞ്ഞിരക്കുറ്റിവിള ഇടിക്കണ റോഡ്.

## ജില്ലാ ദാരിദ്ര്യലഘൂകരണ വിഭാഗ ഓഫീസുകളിലെ ജീവനക്കാർക്ക് ശമ്പള വിതരണം

18 (2846) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ദാരിദ്ര്യലഘൂകരണ വിഭാഗം ഓഫീസുകളിലെ ജീവനക്കാർക്ക് ശമ്പള വിതരണം നടത്താത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ബി) ആയത് എന്നത്തേക്ക് വിതരണം ചെയ്യുമെന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഡി.ആർ.ഡി.എ. അഡ്മിനിസ്ട്രേഷൻ ഫണ്ടിന്റെ രണ്ടാം ഗഡു നാളിതുവരെ കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമായിട്ടില്ല. ആയതുകാരണം ഡി.ആർ.ഡി.എ.-കളിൽ ഫണ്ടിൽ കുറവ് വന്നതിനാലാണ് ജീവനക്കാർക്ക് യഥാസമയം ശമ്പളം നൽകാൻ കഴിയാതിരുന്നത്. എന്നാൽ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലെ പ്രോജക്ട് ഡയറക്ടർമാർ ആവശ്യപ്പെട്ടതനുസരിച്ച് 2016 ജനുവരി വരെയുള്ള ശമ്പളം സി.ആർ.ഡി.-യുടെ ഡി.ആർ.ഡി.എ. അഡ്മിനിസ്ട്രേഷൻ ഫണ്ടിൽനിന്നും നൽകിയിട്ടുണ്ട്.

**ഗ്രാമീണ റോഡ് വികസനം**

19 (2847) <u>ശ്രീ. തോമസ് ഉണ്ണിയാടൻ</u> :
<u>ശ്രീ. സി. എഫ്. തോമസ്</u> :
<u>ശ്രീ. റ്റി. യു. കുരുവിള</u> :
<u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഗ്രാമീണ റോഡ് വികസനത്തിൽ റെക്കോർഡ് വിജയം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഗ്രാമീണ റോഡ് വികസനത്തിനായി നടപ്പിലാക്കിയ കേന്ദ്ര പദ്ധതികൾ ഏതെല്ലാമാണ്;

(സി) സംസ്ഥാന ആവശ്യപ്രകാരം പി.എം.ജി.എസ്.വൈ. തുടങ്ങിയ പദ്ധതികളിൽ ഇളവ് വരുത്തി പുതിയ പദ്ധതികൾ അനുവദിച്ചിട്ടുണ്ടോ;

(ഡി) ഗ്രാമീണ റോഡ് വികസനത്തിനായി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതികളിൽ പൂർത്തീകരിക്കാനുള്ളവയുണ്ടോ; എങ്കിൽ ഇവ പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഗ്രാമീണ റോഡ് വികസനവുമായി ബന്ധപ്പെട്ട് ഗ്രാമവികസന വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന പദ്ധതിയിൽ സർവ്വകാലനേട്ടം കൈവരിച്ചിട്ടുണ്ട്.

(ബി) ഗ്രാമീണ റോഡ് വികസനവുമായി ബന്ധപ്പെട്ട് പ്രധാനമന്ത്രി ഗ്രാമീണ സഡക് യോജന പദ്ധതിയാണ് ഗ്രാമ വികസന വകുപ്പ് നടപ്പിലാക്കുന്നത്.

(സി) സംസ്ഥാന സർക്കാരിന്റെ ആവശ്യപ്രകാരം പി.എം.ജി.എസ്.വൈ. പദ്ധതിയിൽ കേന്ദ്ര സർക്കാർ ഇളവുകൾ അനുവദിച്ചിട്ടുണ്ട്. പി.എം.ജി.എസ്.വൈ. II-ൽ ഉൾപ്പെടുത്തി 570 കി.മി. ദൈർഘ്യം വരുന്ന പുതിയ റോഡുകളുടെ പാക്കേജ് സമർപ്പിക്കുന്നതിനുള്ള അനുമതി കേന്ദ്ര സർക്കാരിൽനിന്നും നേടിയെടുക്കാൻ കഴിഞ്ഞു.

(ഡി) പി.എം.ജി.എസ്.വൈ. ഒന്നാം ഘട്ടത്തിൽ, ഏറ്റെടുത്ത ഏതാനും പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. ടി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**ഇന്ദിരാ ആവാസ് യോജന**

20 (2848) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ദിരാ ആവാസ് യോജനയുടെ നടത്തിപ്പിനായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നേരിടേണ്ടി വന്ന അധിക ബാദ്ധ്യത നികത്തുന്നതിനായി എന്തെല്ലാം പ്രഖ്യാപനങ്ങളാണ് നടത്തിയത് എന്നറിയിക്കാമോ;

(ബി) അവയിൽ നടപ്പാക്കപ്പെട്ടത് ഏതൊക്കെ; ഇവയുടെ വിശദാംശങ്ങൾ നൽകാമോ;

(സി) എത്ര തുകയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അധികബാദ്ധ്യത യായി വന്നിട്ടുള്ളത് എന്ന് കണക്കാക്കിയിട്ടുണ്ടോ; അതിൽ എത്ര തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയെന്നറിയിക്കാമോ?

ഉത്തരം

(എ-സി) ഐ.എ.വൈ. പദ്ധതിയുടെ നടത്തിപ്പിനായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2011-12-ലും 2012-13-ലും വീടുകൾക്ക് 75,000 രൂപ ക്രമത്തിലും 2013-14 മുതലുള്ള വീടുകൾക്ക് 50,000 രൂപ ക്രമത്തിലും അധിക സംസ്ഥാന വിഹിതം നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് ½ ലക്ഷം രൂപ പട്ടിക വർഗ്ഗ വികസന വകുപ്പിൽനിന്നും, പട്ടികജാതി വിഭാഗങ്ങൾക്ക് 1 ലക്ഷം രൂപ പട്ടികജാതി വികസന വകുപ്പിൽനിന്നും അധികമായി നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. അധിക സംസ്ഥാന വിഹിതം നൽകുന്നതുമൂലം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നേരിടേണ്ടിവന്ന അധിക ബാദ്ധ്യത നികത്തുന്നതിനായി 500 കോടി രൂപ അനുവദിക്കുകയും, 300 കോടി രൂപ ബ്ലോക്ക് പഞ്ചായത്തുകളിൽനിന്ന് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. അധിക സംസ്ഥാന വിഹിത ഇനത്തിൽ 62.86 കോടി രൂപ കുടിശ്ശിക നൽകാൻ ഉണ്ട്. ഈ തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഇന്ദിരാ ആവാസ് യോജന പ്രകാരം അനുവദിച്ച വീടുകൾ**

21 (2849) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ദിരാ ആവാസ് യോജന പ്രകാരം 2011-12 മുതൽ നാളിതുവരെ അനുവദിച്ച വീടുകളുടെ എണ്ണവും അതാത് വർഷം പൂർത്തിയാക്കിയ വീടുകളുടെ എണ്ണവും വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ പൂർത്തീകരിച്ച സ്പിൽ-ഓവർ വീടുകളുടെ എണ്ണം വർഷം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇന്ദിരാ ആവാസ് യോജന നടപ്പാക്കിയതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഇതുവരെ നൽകാനുള്ള കുടിശ്ശിക തുക എത്ര; വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഇന്ദിരാ ആവാസ് യോജന പ്രകാരം ഭവന നിർമ്മാണത്തിന് അനുവദിച്ചിട്ടുള്ള കാലാവധി കഴിഞ്ഞിട്ടും പൂർത്തീകരിക്കാത്ത എത്ര വീടുകളാണ് ഉള്ളതെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ഇ) ഇന്ദിരാ ആവാസ് യോജന ആരംഭിച്ച വർഷം മുതൽ പൂർത്തീകരിക്കാൻ കഴിയാതെ മുടങ്ങിക്കിടക്കുന്ന വീടുകൾ പൂർത്തീകരിക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഐ.എ.വൈ. പദ്ധതി പ്രകാരം 2011-12 മുതൽ അനുവദിച്ച വീടുകളുടെ എണ്ണവും പൂർത്തിയാക്കിയ വീടുകളുടെ എണ്ണവും താഴെ കൊടുക്കുന്നു:

| വർഷം | അനുവദിച്ച വീടുകളുടെ എണ്ണം | അതാത് വർഷം പൂർത്തീകരിച്ച വീടുകളുടെ എണ്ണം |
|---|---|---|
| 2011-12 | 54717 | 51140 |
| 2012-13 | 44980 | 41000 |
| 2013-14 | 42125 | 36211 |
| 2014-15 | 51261 | 34513 |
| 2015-16 | 52536 | 2404 |

(ബി) ഇക്കാലയളവിൽ പൂർത്തീകരിച്ച സ്പിൽ ഓവർ വീടുകളുടെ എണ്ണവും, വർഷവും തിരിച്ച് ചുവടെ ചേർക്കുന്നു:

| വർഷം | പൂർത്തീകരിച്ച സ്പിൽ ഓവർ വീടുകളുടെ എണ്ണം |
|---|---|
| 2011-12 | 3373 |
| 2012-13 | 2607 |
| 2013-14 | 19785 |
| 2014-15 | 16032 |
| 2015-16 | 50132 |
| **ആകെ** | **91929** |

(സി) ഐ.എ.വൈ. പദ്ധതി നടപ്പിലാക്കിയതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഇതുവരെ അധിക സംസ്ഥാന വിഹിതത്തിൽ നൽകാനുള്ള കുടിശ്ശിക വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

| വർഷം | കുടിശ്ശിക നൽകാനുള്ള തുക (കോടിയിൽ) |
|---|---|
| 2011-12 | 12.24 |
| 2012-13 | 6.48 |
| 2013-14 | 7.87 |
| 2014-15 | 36.27 |
| **ആകെ** | **62.86** |

(ഡി) കാലാവധി കഴിഞ്ഞിട്ടും പൂർത്തീകരിക്കാതെ മുടങ്ങിക്കിടക്കുന്ന ഐ.എ.വൈ. വീടുകളുടെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| വർഷം | കാലാവധി കഴിഞ്ഞിട്ടും പൂർത്തീകരിക്കാത്ത വീടുകളുടെ എണ്ണം |
|---|---|
| 2007-08 മുതൽ 2010-11 വരെ | 1326 |
| 2011-12 | 2094 |
| 2012-13 | 3363 |
| 2013-14 | 6034 |
| **ആകെ** | **12817** |

(ഇ) 2007-08 മുതൽ 2010-11 വരെ പൂർത്തിയാകാതെ അവശേഷിക്കുന്ന 1326 വീടുകളുടെ യൂണിറ്റ് കോസ്റ്റ് 48,500 രൂപ വീടുകൾ പൂർത്തീകരിക്കുന്നതിന് മതിയാകാതെ വരുന്നതുമൂലം ഗുണഭോക്താക്കൾക്ക് ഉണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത മറികടക്കുന്നതിനായി സന്നദ്ധ സംഘടനകളുടെ സംഭാവന, കമ്പനികളുടെ സി.എസ്.ആർ. സംഭാവനകൾ, ധനകാര്യസ്ഥാപനങ്ങളിൽനിന്നുള്ള 4% പലിശ നിരക്കിലുള്ള വായ്പകൾ എന്നീ സ്രോതസ്സുകളിൽനിന്ന് അധിക വിഭവ സമാഹരണം നടത്തി മേൽപ്പടി വീടുകൾ പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 2011-12 മുതലുള്ള വീടുകളുടെ യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ പൂർത്തിയാകാതെ അവശേഷിക്കുന്ന വീടുകൾ പൂർത്തീകരിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾവഴി ഊർജ്ജിത നടപടി സ്വീകരിച്ചിട്ടുണ്ട്.

**സംയോജിത നീർത്തട പരിപാലന വികസന പദ്ധതി**

22 (2850) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സംയോജിത നീർത്തട പരിപാലന വികസന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മണ്ണും ജലവും ജൈവസമ്പത്തും തമ്മിൽ ഉണ്ടാകേണ്ട സ്വാഭാവിക ബന്ധം നിലനിർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ക്രമാനുഗതമായും ശാസ്ത്രീയമായും നടപ്പിലാക്കുകയും മണ്ണിലെ ജൈവസന്തുലിതാവസ്ഥ നിലനിർത്തുകയുമാണ് സംയോജിത നീർത്തട പരിപാലന പരിപാടിയുടെ ലക്ഷ്യം. മഴവെള്ളം പരമാവധി സംഭരിക്കുവാനും മണ്ണിലേക്ക് ഇറക്കാനും ആവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കി ജല ലഭ്യത ഉറപ്പാക്കാനും ഭൂഗർഭജലവിതാനം ക്രമമായി ഉയർത്തിക്കൊണ്ട് വരാനും

പദ്ധതി ലക്ഷ്യമിടുന്നു. കാർഷിക വിളകളുടെ ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുന്നതിലൂടെ കൂടുതൽ പ്രദേശം കൃഷിക്ക് ഉപയുക്തമാകുംവിധം മാറ്റിയെടുക്കാനും പ്രകൃതി വിഭവങ്ങളെ ആശ്രയിച്ച് കഴിയുന്ന ജനവിഭാഗങ്ങൾക്ക് കൂടുതൽ തൊഴിലവസരവും വരുമാനവും ലഭ്യമാക്കുവാനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്.

(സി) സംസ്ഥാനതല നിർവ്വഹണത്തിനായി സ്റ്റേറ്റ് ലെവൽ നോഡൽ ഏജൻസി രൂപീകരിച്ചു. കാർഷികോൽപ്പാദന കമ്മീഷണർ ചെയർമാനും ഗ്രാമവികസന കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ആഫീസറുമാണ്. ജില്ലാതലങ്ങളിൽ ഡബ്ല്യൂ.സി.ഡി.സി.യും ബ്ലോക്ക് തലങ്ങളിൽ ഡബ്ല്യു.ഡി.റ്റി.യും രൂപീകരിച്ചിട്ടുണ്ട്. സംയോജിത നീർത്തട പരിപാലന പരിപാടിയുടെ സംസ്ഥാനതല ഏകോപന ചുമതല State Level Nodal Agency (എസ്.എൽ.എൻ.എ.)-ക്ക് ആണ്. കാർഷികോൽപ്പാദന കമ്മീഷണറാണ് എസ്.എൽ.എൻ.എ.-യുടെ ചെയർമാൻ. എസ്.എൽ.എൻ.എ.യുടെ സംസ്ഥാനതല സാങ്കേതിക യൂണിറ്റ് ഗ്രാമവികസന കമ്മീഷണറേറ്റിൽ പ്രവർത്തിക്കുന്നു. അഗ്രിക്കൾച്ചർ, ലൈവിലിഹുഡ്, ഫിനാൻസ് വിദഗ്ദ്ധർ എന്നിവർ ടെക്നിക്കൽ യൂണിറ്റിൽ ഉണ്ട്. ജില്ലാതലത്തിൽ ഡബ്ല്യൂ.സി.ഡി.സി.-കൾ രൂപീകരിച്ചു. ഇവ ജില്ലാ പഞ്ചായത്തു കൾക്ക് കീഴിലുള്ള ദാരിദ്ര്യ ലഘൂകരണ യൂണിറ്റുകളിൽ പ്രവർത്തിക്കുന്നു. ബ്ലോക്ക്തല നിർവ്വഹണം നടത്തുന്നത് ബ്ലോക്ക് പഞ്ചായത്തുകളാണ്. അവരെ സാങ്കേതികമായി സഹായിക്കുന്നതിന് നീർത്തട വികസന ടീം (ഡബ്ല്യൂ.ഡി.റ്റി.) രൂപീകരിച്ചിട്ടുണ്ട്.

നീർത്തടതലത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷതയും വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ സെക്രട്ടറിയുമായുള്ള നീർത്തട കമ്മിറ്റികളാണ് പദ്ധതി നിർവ്വഹണം നടത്തുന്നത്. പൂർണ്ണമായും പഞ്ചായത്ത് രാജ് സംവിധാനത്തിലൂടെയാണ് കേരളത്തിൽ ഐ.ഡബ്ല്യു.എം.പി.യുടെ നിർവ്വഹണം നടത്തുന്നത്.

## ഇടുക്കി ജില്ലയിലെ നബാർഡ് പദ്ധതി

23 (2851) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ഇടുക്കി ജില്ലയിൽ അനുവദിച്ച പ്രവൃത്തികൾ ഏതൊക്കെ; ഓരോ പ്രവൃത്തിയുടെയും പൂർത്തീകരണം ഏത് ഘട്ടത്തിലാണ്, അനുവദിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശം നൽകാമോ?

ഉത്തരം

അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ചേലക്കര മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പ്രവൃത്തികൾ**

24 (2852) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ചേലക്കര മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം റോഡ് നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കിയെന്ന് പറയാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ അടങ്കൽ തുക ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇവയിൽ പൂർത്തീകരിച്ച പദ്ധതികൾ ഏതെല്ലാമാണെന്നും ഇനിയും പൂർത്തീകരിക്കാനുള്ള പദ്ധതികൾ ഏതെല്ലാമാണെന്നും പറയാമോ;

(സി) പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു*.

(ബി) അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു*.

(സി) റോഡ് നിർമ്മിക്കാൻ ആവശ്യമായ സ്ഥലം ലഭ്യമാകാത്തതിനാലാണ് ടി റോഡുകൾ പൂർത്തീകരിക്കാൻ കഴിയാത്തതിനുകാരണം.

**ദാരിദ്ര്യ ലഘൂകരണ വിഭാഗം ജീവനക്കാരുടെ ശമ്പളം**

25 (2853) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദാരിദ്ര്യ ലഘൂകരണ വിഭാഗം ജീവനക്കാർക്ക് ശമ്പളം കൃത്യമായി വിതരണം നടത്തുന്നതിന് എന്തൊക്കെ നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്നു വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലെ ജീവനക്കാർക്ക് ഡി.ആർ.ഡി.എ. അഡ്മിനിസ്ട്രേഷൻ ഫണ്ടിൽനിന്നുമാണ് ശമ്പളം നൽകുന്നത്. ശമ്പളം നൽകാനുള്ള അഡ്മിനിസ്ട്രേഷൻ ഫണ്ട് കേന്ദ്ര സർക്കാരിൽനിന്നും ഇതുവരെ ലഭിച്ചിട്ടില്ലാത്തതിനാൽ ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിലെ ജീവനക്കാർക്ക് അവർ ആവശ്യപ്പെടുന്നതനുസരിച്ച് 2016 ജനുവരി മാസം വരെ ഗ്രാമവികസന കമ്മീഷണറുടെ ഡി.ആർ.ഡി.എ. അഡ്മിനിസ്ട്രേഷൻ ഫണ്ടിൽനിന്നും തുക അനുവദിച്ചുനൽകിയിട്ടുണ്ട്. ഡി.ആർ.ഡി.എ. അഡ്മിനിസ്ട്രേഷൻ ഫണ്ടിന്റെ രണ്ടാം ഗഡുവിന്റെ അപേക്ഷകൾ (അനുബന്ധ രേഖകൾ സഹിതം) യഥാസമയം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

## ആലത്തൂർ നിയോജക മണ്ഡലത്തിലെ ദേശീയ തൊഴിലുറപ്പ് പദ്ധതി

26 (2854) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ 2015-16 വർഷത്തിൽ ഇതുവരെ എത്ര തൊഴിൽ ദിനങ്ങളാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്; പഞ്ചായത്ത് തിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(ബി) 100 തൊഴിൽ ദിനങ്ങൾ പൂർത്തീകരിച്ച ഏതെങ്കിലും പഞ്ചായത്തുകളുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം;

(സി) തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിൽ ലഭിച്ചവർക്ക് കൂലി കുടിശ്ശിക നിലവിലുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പാലക്കാട് ജില്ലയിലെ ആലത്തൂർ നിയോജകമണ്ഡലത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2015-16 സാമ്പത്തിക വർഷത്തിൽ 377451 തൊഴിൽ ദിനങ്ങളാണ് സൃഷ്ടിച്ചിട്ടുള്ളത്. പഞ്ചായത്ത് തിരിച്ച് കണ്ക്ക് അനുബന്ധം *1 ആയി ചേർത്തിരിക്കുന്നു.

(ബി) ഉണ്ട്. പഞ്ചായത്ത് തിരിച്ച് കണക്ക് അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു*.

(സി) ഉണ്ട്. പഞ്ചായത്ത് തിരിച്ച് കണക്ക് അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഗ്രാമവികസന വകുപ്പ് കുട്ടനാട്ടിൽ നടപ്പിലാക്കിയ വികസനപ്രവർത്തനങ്ങൾ

27 (2855) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗ്രാമവികസന വകുപ്പ് കുട്ടനാട്ടിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

## നഗരങ്ങളിലെ സൗകര്യങ്ങൾ

28 (2856) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ സൗകര്യങ്ങൾ ഗ്രാമപ്രദേശങ്ങളിലും ഉണ്ടാക്കി കൊടുക്കുക എന്ന ലക്ഷ്യം മുൻനിർത്തി പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് നഗര-ഗ്രാമ ആസൂത്രണവകുപ്പ് മലപ്പുറം ജില്ലയിൽ ഒരു മാതൃകാ പദ്ധതി തയ്യാറാക്കിയിരുന്നോ; വിശദാംശങ്ങൾ നല്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് സർക്കാരിന്റെ നയം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. നഗര സൗകര്യങ്ങൾ ഗ്രാമീണ മേഖലയിൽ പ്രദാനം ചെയ്യുന്നതിന് വേണ്ടി 2012-ൽ കേന്ദ്രഗ്രാമവികസന മന്ത്രാലയം 'പുര' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി&സി) ഉണ്ട്. പുര പദ്ധതിക്കായി കേരളത്തിൽ മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി, തൃശ്ശൂർ ജില്ലയിലെ തളിക്കുളം എന്നീ പഞ്ചായത്തുകളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. ഇതിലേക്കായി തളിക്കുളത്തും തിരൂരങ്ങാടിയിലും പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ കേന്ദ്ര ഗ്രാമവികസന മന്ത്രാലയം 'പുര' പദ്ധതി നിർത്തലാക്കിയിട്ടുണ്ട്.

## അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ വികസന പദ്ധതികൾ

29 (2857) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഗ്രാമവികസനവകുപ്പ് മുഖേന അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തു പദ്ധതികൾക്കായി കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും അതിന് വകയിരുത്തിയ തുക എത്രയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## തൊഴിലുറപ്പ് പദ്ധതി

30 (2858) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൊഴിലുറപ്പുപദ്ധതി പ്രകാരം 100 ദിവസത്തെ തൊഴിൽ ലഭിച്ചിട്ടുള്ള കുടുംബങ്ങളുടെ വിവരങ്ങൾ വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഇത് പദ്ധതിക്ക് രജിസ്റ്റർ ചെയ്തവരുടെ എത്ര ശതമാനം വരുമെന്ന് വർഷം തിരിച്ചു ലഭ്യമാക്കാമോ?

ഉത്തരം

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 100 ദിവസം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണവും രജിസ്റ്റർ ചെയ്ത കുടുംബങ്ങൾക്ക് ആനുപാതികമായിട്ടുള്ള ശതമാനവും വർഷംതിരിച്ച് ചുവടെ ചേർക്കുന്നു:

| വർഷം | 100 ദിവസം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 100 ദിവസം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ ശതമാനം (രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ അടിസ്ഥാനത്തിൽ) |
|---|---|---|
| 2011-12 | 124821 | 6.61 |
| 2012-13 | 340483 | 13.23 |
| 2013-14 | 406614 | 14.34 |
| 2014-15 | 98648 | 3.25 |
| 2015-16 (17-2-2016 വരെ) | 32711 | 1.64 |

## തൊഴിലുറപ്പ് തൊഴിലാളികൾ

31 (2859) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിലുറപ്പ് തൊഴിലാളികൾക്ക് കഴിഞ്ഞ 5 വർഷങ്ങളിൽ ശരാശരി എത്ര ദിവസമാണ് തൊഴിൽ ലഭിച്ചതെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് എത്ര കുടുംബങ്ങളാണ് ഇതുവരെ പ്രസ്തുത പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളത്; എത്ര കുടുംബങ്ങൾക്ക് കഴിഞ്ഞ വർഷങ്ങളിൽ തൊഴിൽ ലഭിച്ചു; വർഷം, ജില്ല എന്നിവ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) തൊഴിലുറപ്പ് തൊഴിലാളികൾക്ക് കൂലിയിനത്തിൽ എത്ര രൂപയാണ് നിലവിൽ കുടിശ്ശികയുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ ലഭിച്ച ശരാശരി തൊഴിൽ ദിനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | സൃഷ്ടിച്ച ശരാശരി തൊഴിൽ ദിനങ്ങൾ |
|---|---|
| 2011-12 | 45 |
| 2012-13 | 49 |
| 2013-14 | 57 |
| 2014-15 | 42 |
| 2015-16 (16-1-2016 വരെ) | 41 |

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ 2012-13 സാമ്പത്തിക വർഷം മുതൽ 2015-16 വരെ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 2012-13 | - | 19463 |
| 2013-14 | - | 416884 |
| 2014-15 | - | 443645 |
| 2015 | - | 267277 (31-1-2016 വരെ) |

(ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 16-2-2016-ലെ കണക്ക് പ്രകാരം, സംസ്ഥാനത്ത് 31.71 ലക്ഷം കുടുംബങ്ങൾ പേര് രജിസ്റ്റർ ചെയ്ത് തൊഴിൽ കാർഡ് വാങ്ങിയിട്ടുണ്ട്. 2011-12 മുതൽ നാളിതുവരെ തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം, ജില്ല തിരിച്ച് അനുബന്ധം ആയി ചേർത്തിരിക്കുന്നു*.

അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൽ സംസ്ഥാനത്ത് നാളിതുവരെ 175384 പേർ അംഗങ്ങളായിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷം മുതൽ 2015-16 വരെ 78715 കുടുംബങ്ങൾക്ക് തൊഴിൽ ലഭ്യമായിട്ടുണ്ട്. 2012-13 സാമ്പത്തികവർഷം മുതൽ നാളിതുവരെ തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ ജില്ലതിരിച്ചുള്ള കണക്ക് ചുവടെ പറയുന്നു:

| | | |
|---|---|---|
| 1. തിരുവനന്തപുരം | - | 10932 |
| 2. കൊല്ലം | - | 4444 |
| 3. പത്തനംതിട്ട | - | 2944 |
| 4. ആലപ്പുഴ | - | 4811 |
| 5. കോട്ടയം | - | 3490 |
| 6. എറണാകുളം | - | 9315 |
| 7. ഇടുക്കി | - | 450 |
| 8. തൃശ്ശൂർ | - | 11525 |
| 9. പാലക്കാട് | - | 6317 |
| 10. വയനാട് | - | 2404 |
| 11. കോഴിക്കോട് | - | 10707 |
| 12. മലപ്പുറം | - | 5057 |
| 13. കണ്ണൂർ | - | 2484 |
| 14. കാസർഗോഡ് | - | 3835 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ 17,319.09 ലക്ഷം രൂപ വേതനം കുടിശ്ശികയുണ്ട്. ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു*.

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുത്ത തൊഴിലാളികൾക്ക് നാളിതുവരെ കൂലിയിനത്തിൽ കുടിശ്ശിക ഒന്നുംതന്നെ നൽകാനില്ല.

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

32 (2860) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വേതന ഇനത്തിൽ എത്ര തുക കുടിശ്ശികയായിട്ടുണ്ടെന്ന് ജില്ലാ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) കുടിശ്ശിക വിതരണം ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) 17-2-2016-ലെ കണക്ക് പ്രകാരം സംസ്ഥാനത്ത്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ വേതനയിനത്തിൽ ആകെ 17,319.09 ലക്ഷം രൂപ കുടിശ്ശികയുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം ആയി ചേർക്കുന്നു*.

(ബി) ഉണ്ട്. 1-1-2016 മുതൽ നാഷണൽ ഇ-എഫ്.എം.എസ്. സംവിധാനം വഴി കേന്ദ്ര സർക്കാർ നേരിട്ട് തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് വേതന വിതരണം ചെയ്യുന്ന രീതി അവലംബിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ മെഷർമെന്റ്, ചെക്ക് മെഷർമെന്റ്, മസ്റ്റർ റോൾ ഡാറ്റാ എൻട്രി, വേജ് ലിസ്റ്റ് തയ്യാറാക്കൽ എന്നിവ സമയബന്ധിതമായി പൂർത്തീകരിച്ച് ഫണ്ട് ട്രാൻസ്ഫർ ഓർഡറുകൾ ഇലക്ട്രോണിക് ആയി തയ്യാറാക്കിയിട്ടുണ്ട്. മേൽപ്പറഞ്ഞ വിധത്തിൽ വേതന വിതരണം നാഷണൽ ഇ-എഫ്.എം.എസ്. സംവിധാനം മുഖേന ആയതിനാൽ കേന്ദ്ര സർക്കാർ ഫണ്ട് അനുവദിച്ചാൽ മാത്രമേ കൂലി, തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് എത്തിച്ചേരുകയുള്ളൂ. ഇക്കാര്യത്തിൽ സംസ്ഥാനം കേന്ദ്ര സർക്കാരുമായി നിരന്തരം സമ്പർക്കത്തിലാണ്. മാത്രമല്ല, ഈ-എഫ്.എം.എസ്. സംവിധാനത്തിലെ തടസ്സങ്ങൾ യഥാസമയം കണ്ടെത്തി പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ ഒരു കൺസൾട്ടന്റിനെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

33 (2861) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 വർഷത്തിൽ കണ്ണൂർ ജില്ലയിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾക്ക് തൊഴിൽ നൽകിയിട്ടുണ്ടെന്നും അവയിൽ എത്ര കുടുംബങ്ങൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുണ്ടെന്നും ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) മേൽ പറഞ്ഞ കുടുംബങ്ങളിൽ എത്ര പേർക്ക് 100 ദിവസം തൊഴിൽ നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ 2015-16 വർഷം, നാളിതുവരെ കണ്ണൂർ ജില്ലയിൽ തൊഴിൽ ലഭിച്ച കുടുംബങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ, 100 ദിവസം പൂർത്തീകരിച്ച കുടുംബങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്ത് തിരിച്ച് അനുബന്ധമായി* ചേർത്തിരിക്കുന്നു.

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

34 (2862) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നാളിതുവരെ പേര് രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ എത്ര; ഈ കുടുംബങ്ങളിൽ നിന്നായി എത്ര വ്യക്തികൾ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതിൽ സ്ത്രീകൾ എത്ര; പുരുഷൻമാർ എത്ര; വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ 2011-ൽ എത്ര ഗുണഭോക്താക്കൾ ഉണ്ടായിരുന്നു; അന്നത്തെ ദിവസവേതനം എത്ര; 2016-ൽ എത്ര ഗുണഭോക്താക്കൾ ഉണ്ട്; ഇപ്പോഴുള്ള ദിവസവേതനം എത്ര; നിലവിലെ ഗുണഭോക്താക്കളിൽ സ്ത്രീകളും പുരുഷന്മാരും എത്ര വീതം എന്ന് വ്യക്തമാക്കുമോ;

(സി) ഇവരിൽ എത്ര ലക്ഷം പേർക്കാണ് ശരാശരി 50 ദിവസമെങ്കിലും പ്രതിവർഷം തൊഴിൽ നൽകിയതെന്നും അതിൽ കൂടുതൽ തൊഴിൽ നൽകിയത് ഏതു വർഷം എത്ര ദിവസം എന്നും വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ പ്രസ്തുത തൊഴിലാളികൾക്ക് കുടിശ്ശികയിനത്തിൽ നൽകാനുള്ള തുക ഈ സർക്കാർ കാലയളവിൽ തന്നെ നൽകുമോ എന്നും വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതി നടത്തിപ്പിനായി 2010-11 മുതൽ 2015-16 വരെ ഓരോ വർഷവും കേന്ദ്ര വിഹിതമായി എന്തു തുക ലഭിച്ചു; സംസ്ഥാന വിഹിതമായി എത്ര തുക മാറ്റി വച്ചു; കേന്ദ്ര സംസ്ഥാന വിഹിതത്തിൽ നിന്നും ഓരോ വർഷവും വേതനത്തിന് മാത്രം ചിലവഴിച്ച തുക എത്ര; വിശദാംശം വ്യക്തമാക്കുമോ;

(എഫ്) നിലവിൽ കേരളത്തിലെ തൊഴിലുറപ്പ് പദ്ധതി ഭീഷണി നേരിടുകയാണോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ജി) തൊഴിലുറപ്പ് പദ്ധതി പ്രകാരം ജോലിയ്ക്കിടെ നാളിതുവരെ വ്യത്യസ്ത കാരണങ്ങളാൽ മരണപ്പെട്ടവർ എത്ര; ഇപ്രകാരം മരണപ്പെട്ടവരുടെ കുടുംബങ്ങളെ സഹായിക്കുവാൻ എന്തു നടപടി സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ?

(എച്ച്) തൊഴിലുറപ്പ് പദ്ധതിയിൽ കൃഷിയെയും മൃഗസംരക്ഷണത്തെയുംകൂടി ഉൾപ്പെടുത്താൻ സർക്കാർ തീരുമാനിച്ചുവോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) 16-2-2016 വരെയുള്ള കണക്ക് പ്രകാരം, സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 31.95 ലക്ഷം കുടുംബങ്ങളിൽനിന്നായി 49.54 ലക്ഷം വ്യക്തികൾ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 31.81 ലക്ഷം സ്ത്രീകളും 17.73 ലക്ഷം പുരുഷന്മാരും ഉൾപ്പെടുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ 2011-12 സാമ്പത്തികവർഷം 14.16 ലക്ഷം കുടുംബങ്ങൾക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. 2011-ലെ തൊഴിലാളികളുടെ ദിവസ വേതനം 150 രൂപയായിരുന്നു. 2016-ൽ തൊഴിലാളി കളുടെ നിലവിലുള്ള ദിവസവേതനം 229 രൂപയാണ്. 16-2-2016 വരെയുള്ള കണക്ക് പ്രകാരം, 14.32 ലക്ഷം കുടുംബങ്ങളിലെ 15.92 ലക്ഷം പേർക്ക് പദ്ധതിയിൽ തൊഴിൽ ലഭിച്ചിട്ടുണ്ട്. ഇതിൽ പുരുഷന്മാർ 8.7%-ഉം സ്ത്രീകൾ 91.31%-ഉം ആണ്.

(സി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2011-12 സാമ്പത്തിക വർഷം മുതൽ 2015-16 വർഷം നാളിതുവരെ 50 ദിവസത്തിനുമുകളിൽ തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം 1* ആയി ചേർത്തിരിക്കുന്നു. 2013-14 സാമ്പത്തിക വർഷമാണ് ഏറ്റവും കൂടുതൽ കുടുംബങ്ങൾക്ക് 50 ദിവസത്തിന് മുകളിൽ തൊഴിൽ ദിനങ്ങൾ നൽകാൻ കഴിഞ്ഞത് (8.53 ലക്ഷം).

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

(ഇ) അനുബന്ധം 2* ആയി ചേർത്തിരിക്കുന്നു.

(എഫ്) ഇല്ല.

(ജി) തൊഴിലുറപ്പ് പദ്ധതിയിൽ ജോലിക്കിടെ മരണപ്പെട്ടവരുടെ വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു. മരണപ്പെട്ടവരുടെ കുടുംബത്തിന് 25,000 രൂപ നിരക്കിൽ എക്സ്ഗ്രേഷ്യ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(എച്ച്) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പട്ടിക I-ൽ നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തികൾ മാത്രമേ പദ്ധതിയിൽ ഏറ്റെടുക്കുന്നതിന് അനുവാദമുള്ളൂ. ആയതിനാൽ കൃഷിയും മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട ആവർത്തന സ്വഭാവമുള്ള പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സംസ്ഥാനം കേന്ദ്ര സർക്കാരിന് നിരവധി തവണ നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്. മറുപടി ലഭ്യമായിട്ടില്ല. നിലവിൽ കോഴിക്കൂട്, ആട്ടിൻകൂട്, തൊഴുത്ത്, പന്നിക്കൂട് തുടങ്ങിയവയുടെ നിർമ്മാണം ഏറ്റെടുത്ത് നടത്തുന്നുണ്ട്.

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

35 (2863) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് 2011-12, 2012-13, 2013-14, 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ നൽകിയ സംസ്ഥാന വിഹിതം എത്ര; വിശദമാക്കുമോ ?

ഉത്തരം

| വർഷം | സംസ്ഥാന വിഹിതം (ലക്ഷത്തിൽ) |
|---|---|
| 2011-12 | 2510.25 |
| 2012-13 | 2102.03 |
| 2013-14 | 1512.8 |
| 2014-15 | 4000 |
| 2015-16 (16/01/2016 വരെ) | 2500.44 |

**വജ്ര കേരളം**

36 (2864) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ 60 വർഷം കൊണ്ട് വിവിധ മേഖലകളിൽ കേരളം കൈവരിച്ച നേട്ടങ്ങളെക്കുറിച്ചുള്ള "വജ്ര കേരളം" പരിപാടി നടപ്പിലാക്കിയിട്ടുണ്ടോ; ഏത് തീയതി മുതൽ ഏത് തീയതി വരെ ഈ പരിപാടി നടത്തുമെന്നായിരുന്നു പ്രഖ്യാപിച്ചിരുന്നത്;

(ബി) ഈ പരിപാടി സംഘടിപ്പിക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടു; എന്തു തുക ഇതിനായി പിൻവലിച്ചു ;

(സി) പ്രസ്തുത പരിപാടി നടത്തിയതുവഴി പൊതുജനങ്ങളിൽ എന്തുമാത്രം അവബോധം സൃഷ്ടിക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) “വജ്ര കേരളം” പരിപാടി നടപ്പിലാക്കിയിട്ടില്ല. 2015 നവംബർ 1 മുതൽ 2016 നവംബർ 1 വരെ നടത്തുമെന്നായിരുന്നു പ്രഖ്യാപിച്ചിരുന്നത്.

(ബി) ഭരണാനുമതി പുറപ്പെടുവിച്ചു. (സർക്കാർ ഉത്തരവ് നമ്പർ 571/15/ഐ&പി.ആർ. തീയതി 15-2-2015). അനുബന്ധമായി ചേർത്തിരിക്കുന്നു. തുക പിൻവലിച്ചിട്ടില്ല.

(സി) ബാധകമല്ല.

**പി.എം.ജി.എസ്.വൈ.**

37 (2865) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എം.ജി.എസ്.വൈ.-ൽ ഉൾപ്പെടുത്തിയ റോഡുകളുടെയും പൂർത്തീകരിച്ച റോഡുകളുടെയും വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) ഇതിനായി കേന്ദ്ര വിഹിതമായി ലഭിച്ച തുക എത്രയാണെന്നും എന്തുചെലവഴിച്ചു എന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം പി.എം.ജി.എസ്.വൈ. പ്രകാരം കേന്ദ്രസർക്കാരിൽനിന്നും 497.59 കോടി രൂപ ലഭിക്കുകയും ഇതിൽ സംസ്ഥാന വിഹിതം ഉൾപ്പെടെ 489.926 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

## നീതി ആയോഗും പ്ലാനിംഗ് ബോർഡും

38 (2866) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീതി ആയോഗും കേരളത്തിലെ പ്ലാനിംഗ് ബോർഡും തമ്മിൽ ഘടനാപരമായി വ്യത്യാസമുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഭാഗമായി കേരളത്തിന്റെ ആസൂത്രണ പ്രക്രിയയിൽ വന്നു ചേർന്നിട്ടുള്ള പ്രതിസന്ധികൾ എന്തെല്ലാമാണ്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. നീതി ആയോഗ് അടിസ്ഥാനപരമായി ഒരു ഉപദേശക ബോഡിയും ഒരു തിങ്ക് ടാങ്ക് ആയും ആണ് വിഭാവനം ചെയ്തിരിക്കുന്നത്. സംസ്ഥാനത്തിന്റെ ചലനാത്മകമായ പങ്കാളിത്തതോടെ ദേശീയ വികസനത്തിനുള്ള മുൻഗണനാക്രമം, അതിന്റെ മേഖലകൾ, തന്ത്രങ്ങൾ എന്നീ കാര്യങ്ങളിൽ പങ്കാളിത്ത കാഴ്ചപ്പാട് വികസിപ്പിക്കുക, മെച്ചപ്പെട്ട ഭരണം, ഭരണനടപടികൾ തുടങ്ങിയവ ലക്ഷ്യം വച്ചുകൊണ്ടുള്ള ഒരു വിഭവകേന്ദ്രം രൂപീകരിച്ച് പ്രാവർത്തികമാക്കുക, പദ്ധതിനിർവ്വഹണം സംബന്ധിച്ച് മേൽനോട്ടം വഹിക്കുന്നതിനും മൂല്യനിർണയം നടത്തുന്നതിനും സംസ്ഥാനത്തിന്റെ ഒരു ഉപദേശകസമിതിയായി പ്രവർത്തിക്കുകയും ചെയ്യുക എന്നിവയാണ് നീതി ആയോഗിന്റെ പ്രവർത്തനങ്ങൾ.

സംസ്ഥാനത്തിന്റെ വിഭവങ്ങളെയും വളർച്ചാമുൻഗണനകളേയും ശാസ്ത്രീയമായി അപഗ്രഥിച്ച് അതിന്റെ അടിസ്ഥാനത്തിൽ വികസനപരിപ്രേക്ഷപദ്ധതി ആവിഷ്കരിക്കുന്നതിന് സർക്കാരിന് വേണ്ട ഉപദേശം നൽകുന്ന സമിതിയായി പ്രവർത്തിക്കുക കൂടാതെ പദ്ധതിനിർവ്വഹണം ഉദ്ദേശ്യലക്ഷ്യത്തിലെത്തിയോ എന്ന വിലയിരുത്തൽ നടത്തുകയും സാമ്പത്തിക അവലോകന റിപ്പോർട്ട് വർഷാവർഷം പുറത്തിറക്കുകയും ചെയ്യുക എന്നിവയാണ് പ്ലാനിംഗ് ബോർഡിന്റെ പ്രവർത്തനങ്ങൾ.

(ബി) നീതി ആയോഗ് രൂപീകൃതമായതിനുശേഷം സംസ്ഥാനത്തിന്റെ വാർഷികപദ്ധതി നീതി ആയോഗിൽ ചർച്ച ചെയ്യുകയുണ്ടായിട്ടില്ല. മറ്റ് പ്രതിസന്ധികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം ജീവനക്കാരുടെ ശമ്പളം**

39 (2867) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം ജീവനക്കാരുടെ ശമ്പളം ട്രഷറികൾ മുഖേനയാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ആയതിന് എന്തെങ്കിലും തടസ്സമുണ്ടോ ; ഉണ്ടെങ്കിൽ എന്താണെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്.

**പദ്ധതി നിർവ്വഹണ നിരീക്ഷണ സംവിധാനം**

40 (2868) <u>ശ്രീ. ടി. എൻ. പ്രതാപൻ</u> :
<u>ശ്രീ. പി. എ. മാധവൻ</u> :
<u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാനിംഗ് ബോർഡിൽ പദ്ധതി നിർവ്വഹണ നിരീക്ഷണ സംവിധാനം നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പദ്ധതി നിർവ്വഹണത്തിലെ പുരോഗതി നിരീക്ഷിക്കുന്നതിനും പദ്ധതി നിർവ്വഹണം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുമാണ് പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുള്ളത്.

(സി) പ്ലാൻസ്പേസിൽ ലഭ്യമാകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ബഹു. ചീഫ് സെക്രട്ടറി വകുപ്പ് സെക്രട്ടറിമാരുടെ അവലോകന യോഗത്തിൽ പദ്ധതി നിർവ്വഹണം സംബന്ധിച്ച് ചർച്ച നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നുണ്ട്.

## ട്രാംവേ റെയിൽവേ പൈതൃക മ്യൂസിയം

41 (2869) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടിയിലെ ട്രാംവേ റെയിൽവേ പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; പ്രസ്തുത മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

ട്രാംവേയുടെ അവശിഷ്ടങ്ങൾ റിസർവ് വനമേഖലയിലാണ് സ്ഥിതി ചെയ്യുന്നത്. ചാലക്കുടി ആസ്ഥാനമാക്കി "ട്രാംവേ റെയിൽ പൈതൃക മ്യൂസിയം" സ്ഥാപിക്കുന്നതിന് സ്ഥലം ലഭ്യമായാൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

## പ്ലാനിംഗ് ഡിപ്പാർട്ട്മെൻറിലെ ഡ്രൈവർമാർ

42 (2870) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്ലാനിംഗ് ഡിപ്പാർട്ട്മെൻറിൽ ആകെ എത്ര ഡ്രൈവർമാർ ജോലിചെയ്യുന്നുവെന്ന് അറിയിക്കുമോ; ഇവരിൽ എത്രപേർ സ്ഥിരവും എത്രപേർ താല്ക്കാലികവുമാണെന്നു അറിയിക്കുമോ;

(ബി) പ്ലാനിംഗ് ഡിപ്പാർട്ട്മെൻറിലെ ഡ്രൈവർമാർക്ക് മറ്റ് വകുപ്പുകളിലെ ഡ്രൈവർമാർക്ക് നൽകുന്ന പ്രമോഷൻ സാധ്യതകൾ ഇല്ലാത്തതിന്റെ കാരണം അറിയിക്കുമോ; ഫസ്റ്റ് ഗ്രേഡ് ഡ്രൈവേഴ്സിന്റെ എത്ര ശതമാനത്തിനാണ് ക്ലറിക്കൽ തസ്തികയിലേയ്ക്ക് കൺവർട്ട് ചെയ്യുവാൻ അനുവാദമുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) പ്ലാനിംഗ് ഡിപ്പാർട്ട്മെൻറിൽ സെക്കൻറ് ഗ്രേഡ് ഡ്രൈവർമാർ ഫസ്റ്റ് ഗ്രേഡ് ആകുമ്പോൾ ക്ലറിക്കൽ തസ്തികയിലേയ്ക്ക് പ്രമോഷൻ ലഭിക്കാത്തവിധം അർഹതാലിസ്റ്റിൽ നിന്നും പുറത്താക്കുന്നത് എന്തു കാരണത്താലാണെന്ന് അറിയിക്കുമോ; മറ്റ് വകുപ്പുകളിൽ നിന്നും വ്യത്യസ്തമായി പ്ലാനിംഗ് ഡിപ്പാർട്ട്മെൻറിൽ മാത്രം ഇത്തരം സാഹചര്യം നിലനിൽക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) ക്ലറിക്കൽ തസ്തികയിലേയ്ക്ക് പരിഗണിക്കപ്പെടേണ്ടതായ പ്ലാനിംഗ് ഡിപ്പാർട്ട്മെൻറിലെ ഡ്രൈവർമാരുടെ അർഹതാലിസ്റ്റിൽ ഒരിക്കൽ ഉൾപ്പെട്ടവർ പുറന്തള്ളപ്പെടാതിരിക്കാനും ലിസ്റ്റിൽ വന്ന എല്ലാവർക്കും ക്ലറിക്കൽ തസ്തികയിലേയ്ക്ക് മാറ്റം ലഭിക്കാനും അവസരം നൽകുമോ; ആരോഗ്യ വകുപ്പിലടക്കം മറ്റ് പല വകുപ്പുകളിലും ഇത്തരത്തിലുള്ള തസ്തികമാറ്റം ലിസ്റ്റിൽ ഉൾപ്പെട്ട മുഴവൻ ഡ്രൈവർമാർക്കും ലഭിക്കുമ്പോൾ പ്ലാനിംഗിലെ ഫസ്റ്റ് ഗ്രേഡ് ഡ്രൈവർമാർക്കും ഇപ്രകാരമുള്ള അവസരം ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന ആസൂത്രണ ബോർഡിൽ ആകെ 12 ഡ്രൈവർമാർ ജോലി ചെയ്യുന്നുണ്ട്. ഇതിൽ 7 പേർ സ്ഥിരം ജീവനക്കാരും 4 പേർ ദിവസവേതനക്കാരും ഒരാൾ കരാർ ജീവനക്കാരനുമാണ്.

(ബി & സി) മറ്റു വകുപ്പുകളിൽ ഉള്ളതുപോലെ ഡ്രൈവർമാർക്ക് റേഷ്യോ പ്രമോഷനും കൂടാതെ 3-1-2014-ലെ ജി.ഒ. (പി) നമ്പർ 1/2014/ഉപഭവ. ഉത്തരവു പ്രകാരം തസ്തികമാറ്റംവഴി എൽ.ഡി. ക്ലാർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേക്ക് പൊതു സംയോജിത സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തി തസ്തികമാറ്റംവഴി സ്ഥാനക്കയറ്റം നൽകുന്നുണ്ട്.

ഫസ്റ്റ് ഗ്രേഡ് ഡ്രൈവർമാരെ എൽ.ഡി. ക്ലാർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഫസ്റ്റ് ഗ്രേഡ് ഡ്രൈവർമാർ എൽ.ഡി.ക്ലാർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ ഉള്ളതിനേക്കാൾ ഉയർന്ന ശമ്പളസ്കെയിലിൽ ജോലിചെയ്യുന്നവരായതിനാലാണ് ഇപ്രകാരം അവരെ ഉൾപ്പെടുത്താത്തത്. 3-1-2014-ലെ ഉത്തരവിന്റെ 4-ാം ഖണ്ഡിക പ്രകാരം എൽ.ഡി. ക്ലാർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ് എന്നീ തസ്തികകളുടെ ശമ്പളത്തേക്കാൾ താഴ്ന്ന ശമ്പളസ്കെയിലിൽ ഉള്ളവർക്കാണ് തസ്തികമാറ്റംവഴി സ്ഥാനക്കയറ്റം നൽകേണ്ടത്. ഉയർന്ന ശമ്പളസ്കെയിലിൽ ശമ്പളം വാങ്ങുന്നവരെ താഴ്ന്ന സ്കെയിലിൽ നിയമിക്കുന്നത് സ്ഥാനക്കയറ്റത്തിനുപകരം സ്ഥാനനഷ്ടത്തിന് ഇടയാക്കുന്നു. അതിനാൽ ഡ്രൈവർ ഗ്രേഡ് 1-നെ സംയോജിത മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ഡി) ഒരിക്കൽ ലിസ്റ്റിൽ ഉൾപ്പെട്ട ആരും പുറംതള്ളപ്പെടില്ല. ക്ലറിക്കൽ തസ്തികയിലേക്ക് പരിഗണിക്കപ്പെടേണ്ടവരുടെ സംയോജിത മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട ഡ്രൈവവർമാർ ഉൾപ്പെടെയുള്ളവർക്ക് ഒഴിവുവരുന്നമുറയ്ക്ക് എൽ.ഡി. ക്ലാർക്ക്, എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേക്ക് നിയമനം നൽകുന്ന രീതിയാണ് നിലനിൽക്കുന്നത്.

## പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി

43 (T* 2871) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. രാധാകൃഷ്ണൻ :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ നടത്തിപ്പും ഫലപ്രാപ്തിയും ഓൺലൈൻ സംവിധാനമായ പ്ലാൻ സ്പേസ് വഴി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഓരോ വർഷവും പദ്ധതി നിർവ്വഹണം പിറകോട്ട് പോയിക്കൊണ്ടിരിക്കുകയാണെന്ന വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്ലാൻ സ്പേസ് സമർപ്പിച്ച മോണിട്ടറിംഗ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിലപാട് വെളിപ്പെടുത്താമോ;

(സി) 2012-13, 2013-14, 2014-15, 2015-16 വർഷങ്ങളിലെ വാർഷിക പദ്ധതികളുടെ മൊത്തം തുകയും യഥാർത്ഥത്തിൽ പിൻവലിച്ച തുകയും എത്ര; മൊത്തം തുകയുടെ എത്ര ശതമാനം ചെലവഴിക്കുകയുണ്ടായി എന്നറിയിക്കുമോ?

### ഉത്തരം

(എ) പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയിലെ വിവിധ വാർഷിക പദ്ധതികളുടെ നിർവ്വഹണം പ്ലാൻ സ്പേസ് വഴി വിലയിരുത്തി വരുന്നുണ്ട്. പ്ലാൻ സ്പേസിൽ ലഭ്യമാകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ബഹു. ചീഫ് സെക്രട്ടറി വകുപ്പ് സെക്രട്ടറിമാരുടെ പ്രതിമാസ അവലോകന യോഗത്തിൽ പദ്ധതി നിർവ്വഹണം സംബന്ധിച്ച് ചർച്ച നടത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പദ്ധതി വിഹിത വിനിയോഗത്തിന്റെ വളർച്ചാനിരക്ക് താഴെപ്പറയും പ്രകാരമാണ്.

| വർഷം | പദ്ധതി അടങ്കൽ | വർദ്ധനവ് (ശതമാനത്തിൽ) | പദ്ധതി ചെലവ് | വർദ്ധനവ് (ശതമാനത്തിൽ) |
|---|---|---|---|---|
| 2012-13 | 14010 | 16.65 | 14736.92 | 25.32 |
| 2013-14 | 17000 | 21.34 | 14901.29 | 1.12 |
| 2014-15 | 20000 | 17.64 | 15567.26 | 4.47 |
| 2015-16 | 20000 | – | 9605.74 (31-1-2016 വരെ) | |

* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) 2012-13 മുതലുള്ള പദ്ധതി വിഹിതത്തിന്റെ വിനിയോഗം സംബന്ധിച്ച വിശദാംശം താഴെ പറയുന്നു:

(രൂപ കോടിയിൽ)

| വർഷം | പദ്ധതി അടങ്കൽ | ചെലവ് | ചെവല് ശതമാനം |
|---|---|---|---|
| 2012-13 | 14010 | 14736.92 | 105.19 |
| 2013-14 | 17000 | 14901.29 | 87.65 |
| 2014-15 | 20000 | 15567.26 | 77.84 |
| 2015-16 (ജനുവരി 31 വരെ) | 20000 | 9605.74 | 48 |

**പഞ്ചായത്തുകളിൽ സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ജീവനക്കാരെ നിയമിക്കാൻ നടപടി**

44 (2872) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം ശമ്പള കമ്മീഷൻ ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ ജീവനക്കാരുടെ ശമ്പളം നിശ്ചയിക്കുന്നതിന് വിദ്യാഭ്യാസയോഗ്യത അടിസ്ഥാനമാക്കിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവരുടെ ശമ്പളം യോഗ്യതാടിസ്ഥാനത്തിൽ ഉയർത്തുമോയെന്ന് വ്യക്തമാക്കുമോ;

(ബി) ത്രിതല പഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനങ്ങൾ ഇവാല്യുവേഷനും മോണിട്ടറിംഗും നടത്തുന്നതിന് 2007-ൽ നിയമിച്ച പ്രൊഫ എം. എ. ഉമ്മൻ നൽകിയ ശുപാർശ പരിഗണിച്ച് പഞ്ചായത്തുകളിൽ സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ജീവനക്കാരെ നിയമിക്കുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) പത്താം ശമ്പള കമ്മീഷൻ 21-1-2016 തീയതിയായി ജി. ഒ. (പി.) നമ്പർ 10/2016/ധന. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ അനോമലികൾ ഉണ്ടെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്നപക്ഷം പരിഹരിക്കുന്നതാണ്.

(ബി) ത്രിതല പഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനങ്ങൾ ഇവാല്യൂഷനും മോണിട്ടറിംഗും നടത്തുന്നതിന് 2007-ൽ നിയമിച്ച പ്രൊഫ. എം. എ. ഉമ്മൻ കമ്മിറ്റി നൽകിയ ശിപാർശയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തുകളിൽ സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ജീവനക്കാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട റിപ്പോർട്ട് 12-2-2016-ൽ സർക്കാരിന് ലഭിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## അടിസ്ഥാന സൗകര്യവികസനം-2030

45 (2873) ശ്രീ. എം. എ. വാഹീദ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'അടിസ്ഥാന സൗകര്യ വികസനം -2030' എന്ന പേരിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) - (സി) ഇല്ല.

## ക്ഷീരവികസന വകുപ്പിൽ പുതുതായി തസ്തികകൾ

46 (2874) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ക്ഷീരവികസന വകുപ്പിൽ പുതുതായി സൃഷ്ടിച്ചിട്ടുള്ള തസ്തികകൾ എത്രയെന്നും അവ ഏതെല്ലാമെന്നും വിശദമാക്കുമോ;

(ബി) സഹകരണ ഇൻസ്പെക്ടർ, അസ്സിസ്റ്റന്റ് രജിസ്ട്രാർ (ഓരോ ജില്ലയിലും) ജോയിന്റ് രജിസ്ട്രാർ എന്നീ തസ്തികകൾക്കായുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത തസ്തികകൾ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ക്ഷീരവികസന വകുപ്പിൽ പുതുതായി 52 തസ്തികകളും അംഗപരിമിതരായ ജീവനക്കാരുടെ പുനർ നിയമനവുമായി ബന്ധപ്പെട്ട് 7 സൂപ്പർന്യൂമററി തസ്തികകളും ചേർത്ത് ആകെ 5 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

**ജനറൽ**

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ 1 (കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ്)

| | |
|---|---|
| ജോയിന്റ് ഡയറക്ടർ | - 1 |
| ഡെപ്യൂട്ടി ഡയറക്ടർ | - 3 |
| അസിസ്റ്റന്റ് ഡയറക്ടർ | - 3 |
| ക്ഷീരവികസന ഓഫീസർ | -11 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | - 16 |
| സീനിയർ ക്ലാർക്ക് | - 1 |
| ക്ലാർക്ക് | - 10 |
| ഓഫീസ് അറ്റൻഡന്റ് | - 6 |
| **ആകെ** | **- 52** |

**അംഗപരിമിതർക്കുവേണ്ടി സൃഷ്ടിച്ച സൂപ്പർന്യൂമററി തസ്തികകൾ**

| | |
|---|---|
| എൽ.ഡി. ക്ലാർക്ക് | - 3 |
| എൽ.ഡി. ടൈപ്പിസ്റ്റ് | - 1 |
| അഗ്രിക്കൾച്ചർ അസിസ്റ്റന്റ് | - 1 |
| ഓഫീസ് അറ്റൻഡന്റ് | - 2 |
| **ആകെ** | **- 7** |

(ബി) ഉണ്ട്.

(സി) ടി തസ്തികകൾക്കായുള്ള ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ ശിപാർശ പരിശോധിച്ചുവരുന്നു.

**ഡയറി പ്ലാൻ നടപ്പാക്കാനുള്ള കർമ്മ പദ്ധതി**

47 (2875) <u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. വി. റ്റി. ബൽറാം</u> :
<u>ശ്രീ. ജോസഫ് വാഴയ്ക്കൻ</u> :
<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാഷണൽ ഡയറി പ്ലാൻ നടപ്പാക്കാൻ കർമ്മ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ ഇന്ത്യയൊട്ടാകെ നടപ്പിലാക്കുന്ന നാഷണൽ ഡയറി പ്ലാനിൽ കേരളത്തെയും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തിനുവേണ്ടി ഡയറി പ്ലാൻ ക്ഷീരവികസന വകുപ്പും നടപ്പിലാക്കുന്നുണ്ട്.

(ബി) മിൽമയുടെ 3 മേഖലാ യൂണിയനുകളും റേഷൻ ബാലൻസിംഗ് പ്രോഗ്രാം എന്ന പദ്ധതിയിൻ കീഴിൽ കറവമാടുകൾക്ക് സന്തുലിത ആഹാരക്രമം നടപ്പിലാക്കുന്നു. ഓരോ മേഖലാ യൂണിയനും രണ്ട് വർഷം കൊണ്ട് 200 സൊസൈറ്റികളിലായി പശുക്കളെ ഈ പദ്ധതിയിൻ കീഴിൽ കൊണ്ടുവരികയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതുവഴി കർഷകന് പാലിന്റെ ഉൽപ്പാദനച്ചെലവ് കുറയ്ക്കുവാനും പാലുല്പാദന വർദ്ധനവ് കൈവരിക്കുവാനും സാധിക്കുന്നു. ഈ പദ്ധതിയിൽ 31-03-2015 വരെ മലബാർ മേഖലയിൽ 15213-ഉം തിരുവനന്തപുരം മേഖലയിൽ 13652-ഉം എറണാകുളം മേഖലയിൽ 14072-ഉം കാലികൾ ഉൾപ്പെട്ടിട്ടുണ്ട്.

വില്ലേജ് ബേസ്ഡ് മിൽക്ക് പ്രൊക്യൂർമെന്റ് സിസ്റ്റം എന്ന പദ്ധതി പ്രകാരം ക്ഷീര സംഘങ്ങളുടെ രൂപീകരണം, പ്രവർത്തനം നിലച്ച സംഘങ്ങളുടെ പുനരുജ്ജീവനം, ആധുനികവൽക്കരണം, സംഘങ്ങളെ ശാക്തീകരിക്കുക, കാര്യക്ഷമത കൈവരിക്കുക എന്നിവയാണ് ലക്ഷ്യമിടുന്നത്. 2013-2014 വർഷത്തിൽ തുടങ്ങി രണ്ടു വർഷം കൊണ്ട് 196 ക്ഷീര സംഘങ്ങൾ രൂപീകരിക്കാനാണ് ഈ പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. ഈ പദ്ധതി പ്രകാരം 31-3-2015 വരെ മലബാർ മേഖലയിൽ മുപ്പത്തിയാറും തിരുവനന്തപുരം മേഖലയിൽ പതിനാറും എറണാകുളം മേഖലയിൽ പത്തൊൻപതും സൊസൈറ്റികൾ പുതിയതായി രൂപീകരിച്ചിട്ടുണ്ട്.

(സി) മിൽമയുടെ മേഖലാ യൂണിയൻ തലത്തിൽ നാഷണൽ ഡയറി പ്ലാനിൽപ്പെട്ട പദ്ധതികളായ റേഷൻ ബാലൻസിംഗ് പ്രോഗ്രാമിന്റെയും വില്ലേജ് ബേസ്ഡ് മിൽക്ക് പ്രൊക്യൂർമെന്റ് സിസ്റ്റത്തിന്റെയും നടത്തിപ്പിനായുള്ള നടപടികൾ 2013-2014 വർഷം മുതൽ ആരംഭിച്ചിട്ടുണ്ട്.

**ക്ഷീര മേഖലയുടെ സ്വയം പര്യാപ്തത**

48 (2876) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്ഷീര മേഖലയെ സ്വയം പര്യാപ്തതയിലേക്ക് എത്തിക്കാൻ രൂപീകരിച്ച പദ്ധതി അനുസരിച്ച് 2015-16-ൽ എത്ര ഗുണഭോക്താക്കൾക്കാണ് പ്രയോജനം ലഭിച്ചത്; എത്ര തുകയാണ് ചെലവിട്ടത്?

<u>ഉത്തരം</u>

ക്ഷീര മേഖലയെ സ്വയംപര്യാപ്തതയിലേയ്ക്ക് എത്തിക്കാൻ ക്ഷീരവികസന വകുപ്പ് രൂപീകരിച്ച പദ്ധതികൾ അനുസരിച്ച് 2015-2016-ൽ 193100 ഗുണഭോക്താക്കൾക്കാണ് പ്രയോജനം ലഭിച്ചത്. 2016 ജനുവരി വരെ 5545.613 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

**മിൽമ പാൽ വില**

49 (2877) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മിൽമ പാലിന് എത്ര പ്രാവശ്യം വില വർദ്ധിപ്പിച്ചു;

(ബി) വർദ്ധിപ്പിച്ച വിലയിൽ ക്ഷീര കർഷകർക്ക് എത്ര പൈസയുടെ ആനുകൂല്യം ലഭിക്കും;

(സി) സംസ്ഥാനത്തിന് ആവശ്യമായ പാലിന്റെ അളവ് ദൈനംദിന കണക്ക് പ്രകാരമുള്ളത് ലഭ്യമാക്കാമോ;

(ഡി) നിലവിൽ ഉല്പാദിപ്പിക്കുന്ന പാലിന്റെ അളവ് എത്രയെന്ന് വ്യക്തമാക്കാമോ;

(ഇ) സംസ്ഥാനത്തെ ജനങ്ങൾക്ക് സുരക്ഷിതവും ഗുണമേന്മയുള്ളതുമായ പാൽ ലഭ്യമാക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(എഫ്) സംസ്ഥാനത്തെ ക്ഷീര മേഖലയുടെ വികസനത്തിനായി ഈ സർക്കാർ 2014-15 വർഷത്തെ ബഡ്ജറ്റിൽ എത്ര തുക നീക്കിവച്ചു; എത്ര ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മിൽമ പാലിന്റെ വിൽപ്പനവില താഴെപ്പറയും പ്രകാരം മൂന്നു തവണ വർദ്ധിപ്പിച്ചിട്ടുണ്ട്.

15-9-2011- ലിറ്ററിന് 5 രൂപ

14-10-2012- ലിറ്ററിന് 5 രൂപ

21-7-2014- ലിറ്ററിന് 3 രൂപ

(ബി) 2011- ൽ പാൽ വില ലിറ്ററിന് 5 രൂപ വർദ്ധിപ്പിച്ചപ്പോൾ 4.20 രൂപയും 2012-ൽ ലിറ്ററിന് 5 രൂപ വർദ്ധിപ്പിച്ചപ്പോൾ 4.60 രൂപയും 2014-ൽ ലിറ്ററിന് 3 രൂപ വർദ്ധിപ്പിച്ചപ്പോൾ 2.40 രൂപയും പാലിന്റെ ഗുണനിലവാരമനുസരിച്ച് ക്ഷീര കർഷകർക്ക് അധികമായി ലഭിച്ചു.

(സി) സംസ്ഥാനത്ത് പ്രതിദിനം 87.72 ലക്ഷം ലിറ്റർ പാലാണ് ആവശ്യമുള്ളതെന്ന് കണക്കാക്കിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് പ്രതിദിനം 79 ലക്ഷം ലിറ്റർ മുതൽ 82 ലക്ഷം വരെ പാലാണ് ഉൽപ്പാദിപ്പിക്കുന്നത്.

(ഇ) സംസ്ഥാനത്ത് വിതരണം ചെയ്യുന്ന എല്ലാവിധ പാൽ ബ്രാൻഡുകളും ക്ഷീരവികസന വകുപ്പിന്റെ ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ ലാബുകളിൽ പരിശോധന നടത്തുന്നു.

മിൽമ അതിന്റെ മേഖലാ യൂണിയനുകളുടെ കീഴിലുള്ള ഡയറികളിലൂടെ പാൽ വിതരണം ചെയ്യുന്നത് സുസജ്ജമായ ലബോറട്ടറികൾ മുഖേന കർശനമായ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കിയതിനുശേഷമാണ്. പാലിന്റെ ഗുണനിലവാരവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിന് ഭക്ഷ്യ സുരക്ഷാ വകുപ്പും നടപടി സ്വീകരിക്കുന്നുണ്ട്.

(എഫ്) ക്ഷീരവികസനവകുപ്പ് ക്ഷീരമേഖലയുടെ വികസനത്തിനായി 2014-2015 വർഷം 142.38 കോടി രൂപ വകയിരുത്തുകയും 139.96 കോടി രൂപ ചെലവഴിക്കുകയും ചെയ്തു. വിശദാംശം അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പാലിന്റെ ഗുണനിലവാരം

50 (T* 2878) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യ സംസ്ഥാനത്ത് നിന്നുംവരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദീകരണം നൽകാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലിൽ രാസപദാർത്ഥങ്ങൾ കലർത്തി കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; കുറ്റക്കാർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ ?

ഉത്തരം

(എ) കേരളത്തിൽ വിറ്റഴിക്കുന്ന വിവിധയിനം ബ്രാൻഡ് പാലിന്റെ സാമ്പിളുകൾ ക്ഷീരവികസന വകുപ്പിന്റെ ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ ഓഫീസുകളിൽ പരിശോധിക്കുകയും ഓണക്കാലത്ത് അന്യസംസ്ഥാനത്ത് നിന്നും വരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് ചെക്ക് പോസ്റ്റുകളിൽ താൽക്കാലിക പാൽ പരിശോധന ലാബുകൾ സ്ഥാപിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നു.

മിൽമയ്ക്ക് ആഭ്യന്തര വിപണിയിൽ നിന്നും ലഭിക്കുന്ന പാൽ വിപണനത്തിന് തികയാത്ത സാഹചര്യത്തിൽ അന്യസംസ്ഥാനങ്ങളിൽ നിന്നും സ്വീകരിക്കുന്ന പാൽ സുസജ്ജമായ ലബോറട്ടറികളിൽ കർശനമായ ഗുണനിലവാര പരിശോധനകൾക്ക് വിധേയമാക്കിയതിനുശേഷമാണ് സ്വീകരിക്കുന്നത്.

അന്യസംസ്ഥാനങ്ങളിൽ നിന്നുൾപ്പെടെ കൊണ്ടുവരുന്ന പാലിന്റെ സാമ്പിളുകൾ ചെക്ക് പോസ്റ്റുകൾപ്പെടെയുള്ള സ്ഥലങ്ങളിൽ നിന്നും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കീഴിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലുള്ള അനലറ്റിക്കൽ ലാബുകളിൽ പരിശോധനയ്ക്ക് അയയ്ക്കുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലിൽ രാസപദാർത്ഥങ്ങൾ കലർത്തി കൊണ്ടുവരുന്നതായി ബന്ധപ്പെട്ട് കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**മിൽക്ക് ഷെഡ് വികസന പദ്ധതി**

51 (2879) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിൽക്ക്ഷെഡ് വികസന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നറിയിക്കാമോ;

(സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ക്ഷീരോല്പാദക മേഖലയിലേയ്ക്ക് കൂടുതൽ കർഷകരേയും പുതിയ സംരംഭകരേയും ആകർഷിക്കുന്നതിനും പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും കർഷകരിൽ കാലിവളർത്തലിൽ ശാസ്ത്രീയ അവബോധം സൃഷ്ടിക്കുന്നതിനും വേണ്ടിയാണ് മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം എന്ന പദ്ധതി ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിവരുന്നത്. പ്രസ്തുത പദ്ധതി മുഖാന്തരം തെരഞ്ഞെടുക്കപ്പെട്ട ക്ഷീരകർഷകർക്ക് 2 പശു, 5 പശു, 10 പശു, 5 കിടാരി, 10 കിടാരി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും അവശ്യാധിഷ്ഠിത സഹായം, കറവയന്ത്രം, കാലിത്തൊഴുത്ത് നിർമ്മാണം എന്നീ വിവിധ ഇനങ്ങൾക്ക് ധനസഹായവും നൽകി വരുന്നു. എം.എസ്.ഡി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി ഇടുക്കി, കണ്ണൂർ, എറണാകുളം ജില്ലകളിൽ സംയോജിത ക്ഷീരവികസന പരിപാടിയും നടപ്പിലാക്കുന്നു. കൂടാതെ പ്രാദേശികമായി ക്ഷീരഗ്രാമ പദ്ധതിയും ഇതിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നുണ്ട്.

(സി) നടപ്പുവർഷം 36.25 കോടി രൂപ ഈയിനത്തിൽ വകയിരുത്തിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന് ജില്ലകളിലേയ്ക്ക് ഫണ്ട് അനുവദിക്കുകയും ഉദ്യോഗസ്ഥർക്ക് വേണ്ട നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

## ക്ഷീരവികസന വകുപ്പിന്റെ പദ്ധതികൾ

52 (2880) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലയളവിൽ ക്ഷീരവികസന വകുപ്പ് മുഖേന ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ പ്രാവർത്തികമാക്കിയ പദ്ധതികളും ആയതിലേക്ക് ചെലവഴിക്കപ്പെട്ട തുകയും എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഈ സർക്കാരിന്റെ കാലയളവിൽ ക്ഷീരവികസന വകുപ്പ് മുഖേന ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ പ്രാവർത്തികമാക്കിയ പദ്ധതികളും ആയതിലേയ്ക്ക് ചെലവഴിക്കപ്പെട്ട തുകയും അനുബന്ധമായി* ചേർക്കുന്നു.

## തീറ്റപ്പുൽ കൃഷിവികസന പദ്ധതി

53 (2881) ശ്രീ. അൻവർ സാദത്ത് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീറ്റപ്പുൽ കൃഷി വികസന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പോഷകമൂല്യമുള്ള തീറ്റപ്പുല്ലിന്റെ ലഭ്യത ഉറപ്പാക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും കാലിത്തീറ്റച്ചെലവ് കുറച്ച് പാലുല്പാദനച്ചെലവ് കുറയ്ക്കുന്നതിനും വേണ്ടി തീറ്റപ്പുൽക്കൃഷി വികസന പരിപാടി നടത്തിവരുന്നു. ശാസ്ത്രീയവും ചെലവുകുറഞ്ഞതുമായ രീതിയിൽ തീറ്റപ്പുൽക്കൃഷി വികസന പദ്ധതിയിലൂടെ, തീറ്റപ്പുൽക്കടകൾ സൗജന്യമായി ക്ഷീരകർഷകർക്ക് നൽകുകയും അതുവഴി വർഷം മുഴുവൻ ദൗർലഭ്യമില്ലാതെ തീറ്റപ്പുല്ല് ലഭ്യമാക്കുന്നതിനുള്ള നടപടികളും കൈക്കൊള്ളുന്നു. തീറ്റപ്പുൽക്കൃഷി വികസന പദ്ധതിയിലൂടെ 20 സെന്റിന് മുകളിലും, 20 സെന്റിന് താഴെയും പുൽക്കൃഷി നടപ്പാക്കുന്നതിന് ധനസഹായം നൽകുന്നു. 20 സെന്റിന് മുകളിൽ കൃഷി ചെയ്യുന്നവർക്ക് കൃഷിച്ചെലവും ധനസഹായമായി നൽകുന്നുണ്ട്. തീറ്റപ്പുൽക്കൃഷിയുടെ പ്രാധാന്യവും ആയതിന്റെ ആവശ്യകതയും കർഷകരെ ബോധ്യപ്പെടുത്തുന്നതിനായി തീറ്റപ്പുൽക്കൃഷി വികസനപദ്ധതിയിലൂടെ ഫോഡർ സെമിനാറുകൾ, ജില്ലാതലത്തിലും സംസ്ഥാനതലത്തിലും സംഘടിപ്പിക്കുന്നു. അസോള, ചോളം എന്നിവ കൃഷി ചെയ്യുന്നതിന് സബ്സിഡി നൽകുന്നു. സ്ത്രീകൾക്ക് മാത്രമായുള്ള സ്വയംസഹായ ഗ്രൂപ്പായ ഗോപാലികയിലൂടെ വനിതകൾക്ക് പുൽക്കൃഷി ഉല്പാദനവും വിപണനവും നടത്തുന്നതിന് ആവശ്യമായ ധനസഹായം നൽകുന്നു. കൂടാതെ ഹൈടെക് തീറ്റപ്പുൽക്കൃഷിയ്ക്കും ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനും വകുപ്പ് പ്രോൽസാഹനം നൽകിവരുന്നു. മിൽമയുടെ മേഖലാ യൂണിയനുകളും തീറ്റപ്പുൽക്കൃഷിക്കായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. മണ്ണിലെ ഈർപ്പവും ഫലഭൂയിഷ്ഠതയും നിലനിർത്തുക, ഗ്രീൻ ഇന്ത്യാ പദ്ധതിയുടെ ഭാഗമായി വൃക്ഷച്ചെടികൾ നട്ടുപിടിപ്പിക്കുക എന്നിവയും തീറ്റപ്പുൽക്കൃഷിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളാണ്.

(സി) ക്ഷീരവികസന വകുപ്പ് നടപ്പുവർഷം 500 ലക്ഷം രൂപയുടെ പദ്ധതി വകുപ്പിന്റെ ക്ഷീരവികസന യൂണിറ്റാഫീസുകൾ മുഖാന്തരം നടപ്പിലാക്കി വരുന്നു. അതുപോലെ മിൽമയുടെ എറണാകുളം, മലബാർ മേഖലാ യൂണിയനുകൾ പുൽക്കൃഷി വികസനത്തിന് അവരുടെ ബഡ്ജറ്റിൽ തുക വകയിരുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. മിൽമയുടെ മലബാർ മേഖലാ യൂണിയൻ ഫോഡർ പ്രൊമോട്ടർമാർവഴി സംരംഭകരെ കണ്ടെത്തുകയും പ്രോൽസാഹിപ്പിക്കുകയും അവർ വ്യാവസായികാടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കുന്ന പച്ചപ്പുല്ല് കിലോയ്ക്ക് 3.50 രൂപയ്ക്ക് സംഭരിച്ച് ക്ഷീരസംഘങ്ങൾവഴി ആവശ്യക്കാരായ കർഷകർക്ക് 2.50 രൂപയ്ക്ക് നൽകിവരുന്നു. കൂടാതെ ക്ഷീര കർഷകർക്ക് ഈ വർഷം 29 മെട്രിക് ടൺ വിവിധയിനം പുൽവിത്തുകൾ ലഭ്യമാക്കിയിട്ടുമുണ്ട്.

**ജി. ദേവരാജൻ മാസ്റ്റർക്ക് സ്മാരകം**

54 (2882) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തരിച്ച സംഗീത സംവിധായകൻ പരവൂർ ജി. ദേവരാജൻ മാസ്റ്ററുടെ സ്മരണയ്ക്കായി കൊല്ലം ജില്ലയിലെ പരവൂർ നഗരസഭയിൽ സ്മാരകം നിർമ്മിക്കുന്നതിലേയ്ക്ക് അപേക്ഷ ലഭിച്ചിരുന്നുവോ;

(ബി) പ്രസ്തുത ആവശ്യം പ്രാവർത്തികമാക്കുന്നതിലേയ്ക്കായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) സ്മാരക നിർമ്മാണത്തിന് തടസ്സം നിലവിലുണ്ടോ; എങ്കിൽ ആയത് എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ലഭിച്ചിരുന്നു.

(ബി) & (സി) ജി. ദേവരാജൻ മാസ്റ്റർക്ക് ജന്മനാടായ പരവൂരിൽ സ്മാരകം നിർമ്മിക്കുന്നതിന് സ്ഥലത്തിന്റെ വിശദാംശങ്ങളും വിശദമായ പ്ലാനും എസ്റ്റിമേറ്റും ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും പ്രസ്തുത വിശദാംശങ്ങൾ ലഭ്യമാക്കാത്തതിനാൽ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല.

**മാതൃഭാഷാ പഠനം**

55 (2884) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ആർ . സെൽവരാജ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകമെമ്പാടുമുള്ള മലയാളികൾക്ക് മാതൃഭാഷാ പഠനത്തിന് അവസരമൊരുക്കുന്നതിന് കർമ്മ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) മറുനാടൻ മലയാളികളുടെ കുട്ടികൾക്ക് മലയാള ഭാഷ പഠിക്കുന്നതിനും കേരള സംസ്കാരം പരിചയപ്പെടുന്നതിനുമായി കേരള സർക്കാരിന്റെ സാംസ്കാരിക കാര്യവകുപ്പിന് കീഴിൽ മലയാളം മിഷൻ എന്ന സ്വയംഭരണ സ്ഥാപനം സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. 'എവിടെയെല്ലാം മലയാളി അവിടെയെല്ലാം മലയാളം' എന്നതാണ് മലയാളം മിഷന്റെ മുദ്രാവാക്യം. ലോകമെമ്പാടുമുള്ള പ്രവാസി മലയാളികളുടെ സഹകരണത്തോടെ ഭാരതത്തിലെയും വിദേശത്തെയും വിവിധ സ്ഥലങ്ങളിൽ മലയാള ഭാഷാ പഠനകേന്ദ്രങ്ങൾ സ്ഥാപിക്കുകയും മേൽനോട്ടം വഹിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്നത് മിഷന്റെ പ്രധാനപ്പെട്ട ഉദ്ദേശ്യ ലക്ഷ്യമാണ്.

മലയാള സർവ്വകലാശാല ഒരു ഓൺലൈൻ മലയാള പാഠ്യപദ്ധതി ആവിഷ്കരിച്ചു വരുന്നു. ലോകമെമ്പാടുമുള്ള മലയാളികൾക്ക് മലയാള ഭാഷാ സാഹിത്യം, കേരളീയ സംസ്കാരം എന്നിവ പരിചയപ്പെടുത്തുകയാണ് ഓൺലൈൻ കോഴ്സിന്റെ ലക്ഷ്യം.

(സി) മലയാളം മിഷൻ ഇന്ത്യയ്ക്കകത്തും വിദേശത്തും പഠനകേന്ദ്രങ്ങൾ ആരംഭിച്ച് പ്രവർത്തനങ്ങൾ നടന്നുവരുന്നു. പഠനകേന്ദ്രങ്ങളിലെ അധ്യാപകർക്ക് പരിശീലനവും, പഠന സാമഗ്രികളുടെ, പഠന പ്രവർത്തനങ്ങൾക്കുവേണ്ട സഹായങ്ങളും മലയാളം മിഷൻ നൽകി വരുന്നു. മലയാളം മിഷന്റെ പാഠ്യപദ്ധതി പ്രകാരമുള്ള സർട്ടിഫിക്കറ്റ് കോഴ്സ് (കണിക്കൊന്ന), ഡിപ്ലോമ കോഴ്സ് (സൂര്യകാന്തി), ഹയർ ഡിപ്ലോമ കോഴ്സ് (ആമ്പൽ), സീനിയർ ഹയർ ഡിപ്ലോമ കോഴ്സ് (നീലക്കുറിഞ്ഞി) എന്നീ നാല് കോഴ്സുകളിലൂടെ പത്തുവർഷം നീണ്ടു നിൽക്കുന്ന പഠനത്തിലൂടെ കേരളത്തിലെ പത്താം ക്ലാസിന് തത്തുല്യമായ നിലവാരത്തിലേയ്ക്ക് പഠിതാവിന് എത്താൻ കഴിയുന്ന വിധത്തിലാണ് പാഠ്യപദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. കോഴ്സ് പൂർത്തിയാകുന്ന മുറയ്ക്ക് പരീക്ഷകൾ നടത്തുകയും വിജയികൾക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്തുവരുന്നു. ഇന്ത്യയിലെയും വിദേശത്തെയും പ്രവാസി മലയാളി സംഘടനകളിൽ നിന്നും ആവശ്യം ഉയരുന്നതനുസരിച്ച് ഓരോ മേഖലയിലും പഠനകേന്ദ്രങ്ങൾ തുടങ്ങുന്നതിന് ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്. ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കുന്ന പഠനകേന്ദ്രങ്ങൾക്ക് ധനസഹായം നൽകുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

മലയാള സർവ്വകലാശാലയുടെ ഓൺലൈൻ മലയാള പാഠ്യപദ്ധതി പ്രകാരം ഓൺലൈനിൽ കോഴ്സ് നടപ്പിലാക്കാൻ ആവശ്യമായ പാഠ്യപദ്ധതിക്ക് രൂപം നൽകി. IIITK (Indian Institute of Information Technology Kerala)-യെ സാങ്കേതിക സഹകരണത്തിനായി തീരുമാനിച്ചു. 2016 മേയ് ആദ്യവാരം മുതൽ കോഴ്സ് ഓൺലൈനിൽ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്.

## കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ അസിസ്റ്റന്റ് ഡയറക്ടർ നിയമനം

56 (2885) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരുടെ നിയമനരീതി എപ്രകാരമാണെന്നും, ഈ സർക്കാർ കാലയളവിൽ എത്ര പേരെ വിവിധ തസ്തികയിൽ നിയമിച്ചുവെന്നും അവർ ആരെല്ലാമെന്നും തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിൽ ശ്രീമതി അനില മേരി ഗീവർഗീസിനെ ഏത് തസ്തികയിൽ നിയമിച്ചു എന്നും നിയമന പ്രക്രിയ എപ്രകാരമായിരുന്നുവെന്നും പ്രസ്തുത നിയമനം സ്ഥിരം തസ്തികയായിട്ടാണോ എന്നും ഇതുപോലെ ഏതെല്ലാം നേതാക്കളുടെ ബന്ധുക്കൾക്ക് ഇൻസ്റ്റിറ്റ്യൂട്ടിൽ നിയമനം നൽകി എന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിയമനങ്ങൾ സംബന്ധിച്ച് വകുപ്പ് മന്ത്രി ഉൾപ്പെടെ ആരുടെയെല്ലാം പേരിൽ വിജിലൻസ് കേസുകൾ നിലവിലുണ്ടോയെന്നും അതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി എന്തെല്ലാം ആവശ്യപ്പെട്ടു എന്നും ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(ഡി) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ അസിസ്റ്റന്റ് ഡയറക്ടർ ആകാൻ വേണ്ട യോഗ്യതകൾ എന്തെല്ലാമെന്നും ശ്രീമതി അനില മേരി ഗീവർഗീസിന് പ്രസ്തുത നിയമനത്തിന് വേണ്ട യോഗ്യതകൾ ഉണ്ടോയെന്നും ടിയാൾ ഹാജരാക്കിയ പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് വ്യാജമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത അസിസ്റ്റൻറ് ഡയറക്ടർ നിയമനത്തിന് ഇൻസ്റ്റിറ്റ്യൂട്ട് അപേക്ഷ ക്ഷണിച്ചിരുന്നോയെന്നും എങ്കിൽ എതെല്ലാം പത്രങ്ങളും മറ്റ് മാധ്യമങ്ങളുംവഴി അപേക്ഷ ക്ഷണിച്ചിരുന്നു എന്നും എത്ര പേർ അപേക്ഷ നൽകി എന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) അന്യത്ര സേവന വ്യവസ്ഥയിൽ സർക്കാർ ഉത്തരവ് മുഖേനയും ഭരണസമിതി തീരുമാനപ്രകാരം പരസ്യം നൽകി ടെസ്റ്റ് ഇന്റർവ്യൂ നടത്തിയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുമാണ് ഇതുവരെയുള്ള നിയമനങ്ങൾ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തിയിട്ടുള്ളത്. നിയമനങ്ങളുടെ ലിസ്റ്റ് അനുബന്ധം 1*ആയി ചേർക്കുന്നു.

(ബി) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ ഒഴിവുള്ള അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് ശ്രീമതി അനില മേരി ഗീവർഗ്ഗീസിനെ നിയമിച്ചിരിക്കുന്നത്. നിയമനത്തിന് നേതാക്കളുടെ ബന്ധുക്കൾ എന്ന പരിഗണന നൽകാറില്ല.

(സി) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ നിയമനം സംബന്ധിച്ച് വകുപ്പുമന്ത്രി ഉൾപ്പെടെ ആരുടെയും പേരിൽ നിലവിൽ വിജിലൻസ് കേസുകൾ ഉള്ളതായി അറിവില്ല.

(ഡി) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ അസിസ്റ്റന്റ് ഡയറക്ടർ ആകാൻ വേണ്ട യോഗ്യത അനുബന്ധം 2-ൽ *ചേർത്തിട്ടുണ്ട്.

ഡെപ്യൂട്ടേഷൻ നിയമനത്തിന് ലഭിക്കുന്ന അപേക്ഷ കെ.എസ്.ആർ. ചട്ടപ്രകാരം പരിശോധിച്ചതിനുശേഷമാണ് ഉത്തരവ് പുറപ്പെടുവിക്കാറുള്ളത്.

(ഇ) ഡെപ്യൂട്ടേഷൻ മുഖേനയാണ് നടത്തിയത്. ഇത് കെ.എസ്.ആർ. ചട്ടങ്ങൾ പാലിച്ചുള്ള നിയമനമാണ്. ഇതിനായി മാധ്യമങ്ങളിലൂടെ അപേക്ഷ ക്ഷണിച്ചിരുന്നില്ല.

## വക്കം ഖാദറിന് സ്മാരകം

57 (2886) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധീരദേശാഭിമാനി വക്കം ഖാദറിന്റെ സ്മരണ നിലനിർത്തുന്നതിന്റെ ഭാഗമായി ഇതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) വക്കം ഖാദറിന് ആദരസൂചകമായി വക്കം ഗ്രാമപഞ്ചായത്തിൽ സ്മാരകം നിർമ്മിക്കുന്നതിന് സാംസ്കാരിക വകുപ്പ് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) വക്കം ഖാദറിന്റെ സ്മരണാർത്ഥം വക്കം ഗ്രാമപഞ്ചായത്തിൽ സ്മാരകം നിർമ്മിക്കുന്നതിന് സ്ഥലവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കി സ്മാരക നിർമ്മാണത്തിനുള്ള വിശദമായ പ്ലാനും എസ്റ്റിമേറ്റും ലഭ്യമാക്കിയാൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് സ്മാരക നിർമ്മാണത്തിന് ധനസഹായം അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. സാസ്കാരിക വകുപ്പ് നേരിട്ട് സ്മാരക നിർമ്മാണം ഏറ്റെടുത്ത് നടത്താറില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**പൈതൃക കെട്ടിട സംരക്ഷണം**

58 (T *2887) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൈതൃക കെട്ടിട സംരക്ഷണത്തിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) - (സി) സംസ്ഥാനത്തുള്ള 100 വർഷത്തിൽ കുറയാതെ കാലപ്പഴക്കം വരുന്ന പൈതൃക നിർമ്മിതികളുടെയും കെട്ടിടങ്ങളുടെയും സംരക്ഷണ നവീകരണ പ്രവർത്തനങ്ങൾ പുരാവസ്തു വകുപ്പ് നടത്തി വരുന്നുണ്ട്. കൂടാതെ മറ്റ് സർക്കാർ വകുപ്പുകളുടെ അധീനതയിലുള്ള പൈതൃക മന്ദിരങ്ങളുടെ സംരക്ഷണപ്പണികളും അവരുടെ ആവശ്യം പരിഗണിച്ച് ചെയ്തു വരുന്നു. ലഭ്യമായ ഫണ്ടിന്റെയും സംരക്ഷണത്തിന്റെ ആവശ്യകതയും പരിഗണിച്ച് സംസ്ഥാനത്തെ പൈതൃക നിർമ്മിതികളുടെ നവീകരണ പ്രവർത്തനങ്ങൾ പുരാവസ്തു വകുപ്പ് മുഖേന ചെയ്തു വരുന്നുണ്ട്. നിലവിൽ പൈതൃക നിർമ്മിതികളുടെ നവീകരണത്തിനായി പ്രത്യേക കർമ്മ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

**പൈതൃക കെട്ടിടങ്ങളുടെയും നിർമ്മിതികളുടെയും നവീകരണം**

59 (2888) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൈതൃക കെട്ടിടങ്ങളുടെയും നിർമ്മിതികളുടെയും നവീകരണത്തിന് കർമ്മ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

---

* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) ചരിത്രപരവും പൈതൃക പ്രാധാന്യമുള്ളതും 100 വർഷത്തിൽ കുറയാതെ കാലപ്പഴക്കം ഉള്ളതുമായ കെട്ടിടങ്ങളെ 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട നിയമപ്രകാരം പുരാവസ്തു വകുപ്പ് ഏറ്റെടുത്ത് സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ച് ഇവയ്ക്ക് ആവശ്യമായ സംരക്ഷണ ജോലികൾ ചെയ്തു വരുന്നു. പൈതൃക കെട്ടിടങ്ങളുടെ സംരക്ഷണത്തിന് മാത്രമായി ഒരു കർമ്മ പദ്ധതി നാളിതുവരെ ആവിഷ്കരിച്ചിട്ടില്ല. കൂടാതെ മറ്റ് വകുപ്പുകളുടെ അധീനതയിലുള്ള പൈതൃക മന്ദിരങ്ങൾക്ക് ബന്ധപ്പെട്ട വകുപ്പുകളുടെ അഭ്യർത്ഥന പ്രകാരം ആവശ്യമായ സംരക്ഷണ പണികൾ പുരാവസ്തു വകുപ്പ് ചെയ്തുവരുന്നു. പൈതൃക മന്ദിരങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷൻ പ്രവർത്തിച്ചു വരുന്നു.

(ബി&സി) ഒരു ദേശത്തിന്റെ തനതു സംസ്കാരവുമായി ബന്ധപ്പെട്ട പൈതൃക ശേഷിപ്പുകൾ സംരക്ഷിക്കുകയെന്നത് ആ ദേശത്തിന്റെ തന്നെ ആവശ്യകതയാണ്. കൂടാതെ വരുംതലമുറയ്ക്ക് പൂർവ്വികരെക്കുറിച്ച് അഭിമാനിക്കുന്നതിനും മനസ്സിലാക്കുന്നതിനുമുള്ള അവസരവും പൈതൃക നിർമ്മിതികൾ സംരക്ഷിക്കുന്നത് വഴി ലഭിക്കും. പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമല്ലാത്ത പൈതൃക കെട്ടിടങ്ങളുടെയും മേഖലകളുടെയും കണ്ടെത്തൽ, മറ്റ് അനുബന്ധ നടപടികൾ എന്നിവ ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മീഷൻ മുഖാന്തരം നടന്നുവരുന്നു.

**കലാകാര പെൻഷൻ**

60 (2890) <u>ശ്രീ. സാജു പോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാകാരന്മാരുടെ ജീവിത പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ എത്ര പേർക്ക് കലാകാര പെൻഷൻ നൽകുന്നുണ്ടെന്നും പെൻഷൻ തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) പെൻഷൻ തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നിലവിൽ അർഹരായ 3020 പേർക്ക് 750 രൂപ വീതം പ്രതിമാസ ധനസഹായം നൽകുന്നുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**ആർട്ട് ഗ്യാലറികൾ**

61 (2892) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആർട്ട് ഗ്യാലറികൾ ആരംഭിക്കാൻ കർമ്മപദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആർട്ട് ഗ്യാലറികൾ ആരംഭിക്കുന്നതിനുള്ള കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുകയാണ്. മുമ്പ് പ്രവർത്തിച്ചിരുന്ന തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, തലശ്ശേരി, മലപ്പുറം, കാഞ്ഞങ്ങാട് എന്നീ ആർട്ട് ഗ്യാലറികൾക്ക് പുറമേ ആലപ്പുഴ, കൊടുങ്ങല്ലൂർ, മലമ്പുഴ, നെടുമ്പാശ്ശേരി എയർപോർട്ട്, കാലടി, കായംകുളം, കിളിമാനൂർ, മാനന്തവാടി എന്നിവിടങ്ങളിൽ പുതുതായി ഗ്യാലറികൾ ആരംഭിച്ചു കഴിഞ്ഞു. കൊച്ചിയിൽ അന്താരാഷ്ട്ര നിലവാരമുള്ള ഒരു ആർട്ട് ഗ്യാലറി കൂടി ആരംഭിക്കുവാൻ ശ്രമം നടത്തി വരുന്നു. ആർട്ട് ഗ്യാലറികൾ ഇല്ലാത്ത ഗ്രാമപ്രദേശങ്ങളിലും പട്ടണങ്ങളിലും ചിത്ര പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നതിനുവേണ്ടി കേരള ലളിതകലാ അക്കാദമിയുടെ സഞ്ചരിക്കുന്ന ചിത്രശാല പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.

(ബി) ചിത്രകല, ശിൽപ്പശാല, ഫോട്ടോഗ്രാഫി, കാർട്ടൂൺ മുതലായ കലാ മേഖലയുമായി ബന്ധപ്പെട്ട പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നതും കലാ ആസ്വാദനത്തിന് അവസരം ഒരുക്കുന്നതിനും ആർട്ട് ഗ്യാലറികൾ സജ്ജീകരിച്ചിട്ടുണ്ട്. കലാകാരന്മാർക്ക് അവരുടെ സർഗ്ഗ സൃഷ്ടികൾ പ്രദർശിപ്പിക്കുന്നതിന് കൂടുതൽ അവസരം ഒരുക്കുന്നതും ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യമാണ്.

(സി) ആർട്ട് ഗ്യാലറികൾ സ്ഥാപിക്കുന്നതിന് കേരള ലളിതകലാ അക്കാദമിക് ചുമതല നൽകിയിട്ടുണ്ട്. ഇതിനാവശ്യമായ ഫണ്ടുകൾ അതാത് വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തി അക്കാദമിക് അനുവദിച്ചിട്ടുണ്ട്.

## സാംസ്കാരികവകുപ്പുവഴി വൈക്കം മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

62 (2893) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സാംസ്കാരിക വകുപ്പുവഴി വൈക്കം നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളും ഓരോ പ്രവൃത്തിക്കും ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങളും വ്യക്തമാക്കുമോ;

(ബി) വൈക്കം നിയോജകമണ്ഡലത്തിൽ സാംസ്കാരിക വകുപ്പുവഴി നടപ്പാക്കിയ പദ്ധതികളിൽ ഏതെല്ലാം പദ്ധതികളാണ് പൂർത്തീകരിച്ചതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) സംസ്ഥാന ആർക്കൈവ്സ് വകുപ്പിന്റെ നേതൃത്വത്തിൽ നോഡൽ ഏജൻസിയായ "കേരള മ്യൂസിയം ഓഫ് ഹിസ്റ്ററി & ഹെറിറ്റേജ്" എന്ന സ്ഥാപനം മുഖേന വൈക്കം സത്യാഗ്രഹത്തിന്റെ സ്മരണ നിലനിർത്തുന്നതിനായി വൈക്കം നഗരസഭാ കെട്ടിട പരിസരത്ത് നഗരസഭയുമായി ചേർന്നുകൊണ്ട് ഗാന്ധിജിയുടെ പൂർണ്ണകായ പ്രതിമ സ്ഥാപിക്കുകയും ആയത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 2015 ഓഗസ്റ്റ് 23-ാം തീയതി രാഷ്ട്രത്തിന് സമർപ്പിക്കുകയും ചെയ്തു. ഇതിന്റെ ആവശ്യത്തിലേയ്ക്ക് മൂന്നു ഘട്ടങ്ങളിലായി ആകെ 75,00,000 (എഴുപത്തിയഞ്ചു ലക്ഷം) രൂപ അനുവദിച്ചതിൽ 35,00,000 (മുപ്പത്തിയഞ്ചു ലക്ഷം) രൂപ ചെലവഴിച്ചിട്ടുണ്ട്. അതോടൊപ്പം നഗരസഭാ ഹാളിൽ വൈക്കം സത്യാഗ്രഹ മ്യൂസിയം പണിയുന്നതിന് ഗാന്ധി ഹെറിറ്റേജ് മിഷൻ മുഖേന ഒരു കോടി രൂപ ലഭ്യമാക്കി മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വൈക്കം സത്യാഗ്രഹത്തിന്റെ സ്മരണ നിലനിർത്തുന്നതിനായി വൈക്കം നഗരസഭാ കെട്ടിട പരിസരത്ത് ഗാന്ധിജിയുടെ പൂർണ്ണകായ പ്രതിമ സ്ഥാപിക്കുകയും നഗരസഭാ ഹാളിൽ വൈക്കം സത്യാഗ്രഹ മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈക്കം പുണ്ടരീകപുരം ക്ഷേത്രത്തിൽ 2012-13 വർഷത്തിൽ പുരാവസ്തു വകുപ്പ് providing basic amenities of Ten Monuments (Phase 1) എന്ന പണി 5,55,232 (അഞ്ചുലക്ഷത്തി അൻപത്തിയയ്യാരത്തി ഇരുന്നൂറ്റി മുപ്പത്തി രണ്ട്) രൂപയ്ക്ക് പൂർത്തിയാക്കി. കൂടാതെ പ്രസ്തുത ക്ഷേത്രത്തിന്റെ ശ്രീകോവിലിലും തറയിലും സംരക്ഷണ പണികൾക്കായി 10,75,228 (പത്തുലക്ഷത്തി എഴുപത്തിയഞ്ചായിരത്തി ഇരുന്നൂറ്റി ഇരുപത്തിയെട്ട്) രൂപയുടെ പണികൾ പൂർത്തീകരിച്ചു. 2014-15 വർഷം പ്രസ്തുത ക്ഷേത്രത്തിന്റെ പ്രദക്ഷിണവഴിയിൽ കല്ല് പാകുന്ന ജോലികളുടെ 28,09,320 (ഇരുപത്തിയെട്ട് ലക്ഷത്തി ഒൻപതിനായിരത്തി മുന്നൂറ്റി ഇരുപത്) രൂപയുടെ പണികൾ നടന്നു വരുന്നു.

കേരള സർക്കാർ എല്ലാ ജില്ലകളിലും നടപ്പിലാക്കുന്ന വഴിയോര ശില്പ പദ്ധതിയിൽ ഉൾപ്പെടുത്തി കേരള ലളിതകലാ അക്കാഡമിയുടെ ആഭിമുഖ്യത്തിൽ പ്രശസ്ത ശില്പി ജിജി സ്കറിയ നിർമ്മിച്ച ശില്പം വൈക്കം നഗരസഭാ പാർക്കിനു സമീപം സ്ഥാപിച്ചു. കൂടാതെ വൈക്കം സത്യാഗ്രഹ സ്മൃതി ശില്പ ഉദ്യാനം നിർമ്മിക്കുകയും മലയാളികളായ 10 ശ്രദ്ധേയ ശില്പികളുടെ സിമന്റിൽ തീർത്ത ശില്പങ്ങൾ സ്ഥാപിക്കുകയും ചെയ്തു. വൈക്കത്ത് സത്യാഗ്രഹ ശില്പ സ്മൃതി ഉദ്യാനം നിർമ്മിക്കുന്നതിനും ശില്പ സ്ഥാപനത്തിനുമായി 29,65,539 (ഇരുപത്തിയൊൻപതു ലക്ഷത്തി അറുപത്തിയഞ്ചായിരത്തി അഞ്ഞൂറ്റി മുപ്പത്തിയൊൻപത്) രൂപ ചെലവായി.

**പത്മഭൂഷൻ കുഴൂർ നാരായണമാരാരുടെ സ്മാരകം**

63 (2894) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ കൊരട്ടിയിൽ പത്മഭൂഷൺ കുഴൂർ നാരായണമാരാരുടെ സ്മാരകമായി വാദ്യകലാകേന്ദ്രം സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ചാലക്കുടി മണ്ഡലത്തിലെ കൊരട്ടിയിൽ പത്മഭാഷൻ കുഴൂർ നാരായണമാരാർ സ്ഥാപിക്കുന്നതിന് കുഴൂർ നാരായണമാരുടെ സ്മാരകമായി വാദ്യകലാകേന്ദ്രം സ്ഥാപിക്കുന്നതിന് കുഴൂർ നാരായണമാരാർ ഫൗണ്ടേഷൻ ലഭ്യമാക്കാമെന്നേറ്റിരിക്കുന്ന സ്ഥലത്തെ സംബന്ധിച്ച വിവരങ്ങൾ കൊരട്ടി ഗ്രാമ പഞ്ചായത്തിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

## ഗാന്ധിയൻ ദർശനങ്ങൾ

64 (2895) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാന്ധിയൻ ദർശനങ്ങൾ പ്രചരിപ്പിക്കുന്നതിനും കുട്ടികൾക്കും യുവാക്കൾക്കും പകർന്നു നൽകുന്നതിനും നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ ഏതെല്ലാം ഏജൻസികൾ മുഖേനയാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം പരിപാടികൾ സമൂഹത്തിൽ ഏതെല്ലാം വിധത്തിൽ സ്വാധീനം ചെലുത്തുന്നുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

### ഉത്തരം

(എ-സി) ഗാന്ധിയൻ ദർശനങ്ങൾ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ആർക്കൈവ്സ് വകുപ്പിന്റെ കീഴിൽ വൈക്കം നഗരസഭാ കെട്ടിട പരിസരത്ത് ഗാന്ധിജിയുടെ പൂർണ്ണകായ പ്രതിമ സ്ഥാപിക്കുകയും ആയത് 2015 ആഗസ്റ്റ് 23-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി രാഷ്ട്രത്തിന് സമർപ്പിക്കുകയും ചെയ്തു. കൂടാതെ വൈക്കം നഗരസഭാഹാളിൽ ഇതുമായി ബന്ധപ്പെട്ട് ഒരു മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

വൈക്കം നഗരസഭയുമായി ചേർന്ന് കൊണ്ട് നോഡൽ ഏജൻസിയായ "കേരളം മ്യൂസിയം ഓഫ് ഹിസ്റ്ററി &ഹെറിറ്റേജ്'' എന്ന് സ്ഥാപനം മുഖേനയാണ് ടി പദ്ധതി നടപ്പിലാക്കിയത്.

ഗാന്ധിയൻ ആദർശങ്ങളായ അഹിംസ, മതസഹിഷ്ണുത എന്നിവ സമൂഹത്തിൽ പ്രചരിപ്പിക്കുന്നതിനും, സ്വാതന്ത്ര്യത്തിന് വേണ്ടി നേതാക്കൾ ചെയ്ത ത്യാഗങ്ങൾ പുതിയ തലമുറയെ ബോധ്യപ്പെടുത്തുന്നതിനുമായിട്ടാണ് ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നത്.

## സാംസ്കാരിക സ്ഥാപനങ്ങൾ

65 (2896) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിന് കീഴിൽ പാലക്കാട് ജില്ലയിൽ നിലവിൽ ഏതെല്ലാം സ്ഥാപനങ്ങളാണുള്ളത്;

(ബി) ഓരോന്നിന്റെയും വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) 2014-2015 വർഷത്തെ ബഡ്ജറ്റിൽ സാംസ്കാരിക സ്ഥാപനങ്ങൾക്കായി അനുവദിച്ചിരുന്ന തുക എത്ര; അതിൽ എത്ര ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ സാംസ്കാരിക വകുപ്പിന് കീഴിൽ തസ്രാക്കിലെ ഒ.വി. വിജയൻ സ്മാരകം, ലക്കിടിയിലെ കുഞ്ചൻ നമ്പ്യാർ സ്മാരകം എന്നീ സാംസ്കാരിക സ്ഥാപനങ്ങളുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ലക്കിടി കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന്റെ നവീകരണത്തിനും ദൈനംദിന ചെലവുകൾക്കുമായി 60,99,000 രൂപ അനുവദിച്ചിട്ടുണ്ട്. ആയതിൽ മൂന്ന് ലക്ഷം രൂപ ചുറ്റുമതിൽ നിർമ്മാണത്തിനും 10 ലക്ഷം രൂപ ക്ലാസ്സ് മുറികളുടെ നിർമ്മാണത്തിനും വിനിയോഗിച്ചിട്ടുണ്ട്. സ്ഥാപനം ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പളം, തുള്ളൽ സ്കോളർഷിപ്പ്, കുഞ്ചൻ ദിനം മറ്റു ദൈനംദിന ചെലവുകൾ എന്നിവയ്ക്കും തുക വിനിയോഗിച്ചു.

പാലക്കാട് ഒ.വി. വിജയൻ സ്മാരകത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 1,05,50,000 രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 2011-12-ൽ ബഡ്ജറ്റ് പ്രസംഗമനുസരിച്ച് 50 ലക്ഷം രൂപയും 2012-13-ൽ പത്തായപ്പുരയുടെ പുനരുദ്ധാരണം, പടിപ്പുര നിർമ്മാണം മുതലായവയ്ക്ക് 5.50 ലക്ഷം രൂപയും 2014-15-ൽ സാംസ്കാരിക സമുച്ചയ നിർമ്മാണത്തിന് 50 ലക്ഷം രൂപയും അനുവദിച്ചിരുന്നു.

(സി) 2014-15 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ സാംസ്കാരിക സ്ഥാപനങ്ങൾക്കായി അനുവദിച്ച 40.95 കോടി രൂപയിൽ ബഡ്ജറ്റ് രേഖകൾ പ്രകാരം 37.86 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

## സി-ഡിറ്റിലെ ജീവനക്കാർ

66 (2897) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിൽ നിലവിൽ സ്ഥിരം, കരാർ വ്യവസ്ഥയിൽ എത്ര ജീവനക്കാർ ഉണ്ട്; ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സി-ഡിറ്റിൽ എത്ര പേരെ കരാർ, ഡോക്കറ്റ്, ട്രെയിനി വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്; ഇവരുടെ പേര്, നിയമനം നൽകിയ തീയതി എന്നിവ ഇനം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) സി-ഡിറ്റിൽ നിലവിൽ 99 സ്ഥിരം ജീവനക്കാരും 197 കരാർ ജീവനക്കാരുമാണ് ഉള്ളത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സി-ഡിറ്റിൽ ട്രെയിനി വ്യവസ്ഥയിൽ നിയമിച്ചവരുടെ പേരു വിവരം അനുബന്ധം I* ആയും കരാർ വ്യവസ്ഥയിൽ നിയമിച്ചവരുടെ പേരു വിവരം അനുബന്ധം II* ആയും ചേർത്തിരിക്കുന്നു. ഡോക്കറ്റ് വ്യവസ്ഥയിൽ ആരെയും നിയമിച്ചിട്ടില്ല.

**പി. ആർ.ഡി.യ്ക്ക് വകയിരുത്തിയ തുക**

67 (2898) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16-ൽ പി.ആർ. ഡി.-യ്ക്ക് വകയിരുത്തിയ തുക എത്രയാണ്;

(ബി) നാളിതുവരെ എന്ത് തുക ചെലവഴിച്ചു;

(സി) സംസ്ഥാന സർക്കാർ പരസ്യങ്ങൾക്ക് ഈ വർഷം ഇതുവരെ ചെലവഴിച്ച തുകയെത്ര;

(ഡി) ചെലവഴിച്ച തുക മുഴുവനും നൽകാൻ കഴിഞ്ഞിട്ടുണ്ടോ?

ഉത്തരം

(എ) 2015-16-ൽ പി.ആർ.ഡി.-യ്ക്ക് 82,98,21,000 രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) നാളിതുവരെ 29,53,16,282 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാർ പരസ്യങ്ങൾക്ക് ഈ വർഷം ഇതുവരെ 19,85,01,448 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) ചെലവഴിച്ച തുക മുഴുവനും നൽകാൻ കഴിഞ്ഞിട്ടുണ്ട്.

**വീഡിയോ വാളുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി**

68 (2899) ശ്രീ. എം. എ. വാഹീദ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ വികസന ക്ഷേമപ്രവർത്തനങ്ങളും ബോധവൽക്കരണ സന്ദേശങ്ങളും ജനങ്ങളിൽ എത്തിക്കുന്നതിന് വീഡിയോ വാളുകൾ സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാരിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങൾ, പരസ്യങ്ങൾ, ലഘു ചിത്രങ്ങൾ, മറ്റു വിവരങ്ങൾ എന്നിവ ജനങ്ങളിൽ യഥാസമയം എത്തിക്കുക യാണ് ലക്ഷ്യം.

(സി) 2015-16 സാമ്പത്തിക വർഷം 150 ലക്ഷം രൂപ വീഡിയോ വാളിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിനോടകം 6 ജില്ലകളിൽ വീഡിയോ വാളുകൾ സ്ഥാപിക്കുകയും രണ്ട് ജില്ലകളിൽ സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

**ടെലിവിഷൻ ചാനലുകൾക്ക് സെൻസറിംഗ്**

69 (2900) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടെലിവിഷൻ ചാനലുകളിലൂടെ സംപ്രേക്ഷണം ചെയ്യുന്ന പല സീരിയലുകളും സമൂഹത്തിന് തെറ്റായ സന്ദേശം നൽകുന്നതായുള്ള ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടെലിവിഷൻ ചാനലുകളിലെ സീരിയലുകളിലെയും പരസ്യങ്ങളിലെയും അശ്ലീല ദൃശ്യങ്ങളും പദപ്രയോഗങ്ങളും നിയന്ത്രിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള സെൻസറിംഗ് സംവിധാനം നിലവിലുണ്ടോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത രംഗത്ത് സെൻസറിംഗ് സംവിധാനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ടെലിവിഷൻ ചാനലുകളിലൂടെ സംപ്രേക്ഷണം ചെയ്യുന്ന ചില സീരിയലുകൾ സമൂഹത്തിന് തെറ്റായ സന്ദേശം നൽകുന്നുണ്ടെന്നുള്ള പരാതികൾ വിവര പൊതുജന സമ്പർക്ക വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ടെലിവിഷൻ ചാനലുകളിലെ സീരിയലുകളിലെയും പരസ്യങ്ങളിലെയും അശ്ലീല ദൃശ്യങ്ങളും പദപ്രയോഗങ്ങളും നിയന്ത്രിക്കുന്നതിന് സംസ്ഥാനത്ത് സെൻസറിംഗ് സംവിധാനം നിലവിലില്ല. എന്നാൽ പ്രോഗ്രാം കോഡ്, അഡ്വർട്ടൈസിംഗ് കോഡ് എന്നിവ പാലിക്കാത്ത ചാനലുകൾക്കെതിരെയുള്ള പരാതികൾ, കേബിൾ ടി.വി. നെറ്റ് വർക്ക് റെഗുലേഷൻ ആക്ട് 1995-ലെ വ്യവസ്ഥകൾക്ക് വിധേയമായി രൂപീകരിച്ചിട്ടുള്ള സംസ്ഥാന കേബിൾ ടി.വി. മോണിറ്ററിംഗ് സമിതിയിൽ വച്ച് പരിശോധിച്ച് ടി സമിതിയുടെ ശിപാർശയോടെ കേന്ദ്ര വാർത്താ വിതരണ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുവാനേ സംസ്ഥാന സർക്കാരിന് കഴിയൂ.

## വകുപ്പുകളിലെ വാർത്തകളും പരിപാടികളും

70 (2902) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പുകളിലെ വാർത്തകളും പരിപാടികളും സ്വകാര്യ കമ്പനികളെയും മീഡിയ കൺസൽട്ടൻസി കളെയും ഏൽപ്പിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഇനത്തിൽ ഇതുവരെ ചെലവഴിച്ച തുക എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഏതൊക്കെ ഏജൻസികളെയാണ് പി.ആർ.ഒ. മാർക്ക് പകരമായി നിയമിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) ഏതൊക്കെ വകുപ്പുകളിലാണ് പി.എസ്.സി.വഴി നിയമിച്ച പി.ആർ.ഒ. ഉള്ളതെന്നും, വിവിധ വകുപ്പുകളിലായി ആകെ എത്ര പേരെ ഇതിനകം നിയമിച്ചിട്ടുണ്ടെന്നും അറിയിക്കാമോ;

(ഡി) ഇതിനകം സ്വകാര്യ കമ്പനികൾക്കും മീഡിയ കൺസൽട്ടൻസി കൾക്കുമായി പുറം കരാറിൽ നൽകിയ വാർത്തകളുടെയും പരിപാടികളുടെയും ഭാഗമായി കൊടുത്തു തീർക്കാനുള്ള ആകെ തുക എത്രയെന്ന് അറിയിക്കാമോ?

ഉത്തരം

(എ)-(ഡി) വിവരം ശേഖരിച്ചുവരുന്നു.

## പരസ്യയിനത്തിൽ നീക്കിവച്ച തുക

71 (2903) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റതിന് ശേഷം ഓരോ വർഷവും പരസ്യത്തിനായി എന്ത് തുക വീതം നീക്കി വയ്ക്കുകയുണ്ടായെന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരമേറ്റതിന് ശേഷം ഓരോ വർഷവും പരസ്യയിന ത്തിനായി നീക്കിവയ്ക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ:

| സാമ്പത്തിക വർഷം | ബഡ്ജറ്റ് വിഹിതവും അധിക ഫണ്ടും ഉൾപ്പെടെയുള്ള തുക |
|---|---|
| 2011-2012 | 36 കോടി 90 ലക്ഷം രൂപ |
| 2012-2013 | 23 കോടി രൂപ |
| 2013-2014 | 22 കോടി രൂപ |
| 2014-2015 | 30 കോടി രൂപ |
| 2015-2016 | 22 കോടി രൂപ |

**പരസ്യയിനത്തിൽ ചെലവഴിച്ച തുക**

72 (2904) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പത്ര-ദൃശ്യ മാധ്യമങ്ങൾക്ക് പരസ്യയിനത്തിൽ എന്തു തുക ഖജനാവിൽ നിന്നും ചെലവഴിച്ചു; പത്ര-ദൃശ്യ മാധ്യമങ്ങൾ, മറ്റുള്ളവ എന്നിങ്ങനെ തരംതിരിച്ച് വ്യക്തമാക്കുമോ;

(ബി) മുഖ്യമന്ത്രിയുടെ ഒന്നാംഘട്ട, രണ്ടാംഘട്ട ജനസമ്പർക്ക പരിപാടികളുടെ പരസ്യങ്ങൾ ഉൾപ്പെടെയുള്ള പബ്ലിസിറ്റിക്കായി സംസ്ഥാനത്തിനകത്ത് ചെലവഴിച്ച തുക എത്ര; സംസ്ഥാനത്തിന് പുറത്ത് ചെലവഴിച്ച തുക എത്ര; പത്ര-ദൃശ്യ മാധ്യങ്ങൾ, മറ്റുള്ളവ എന്നിങ്ങനെ തരംതിരിച്ച് വ്യക്തമാക്കുമോ;

(സി) 2014 ഫെബ്രുവരി 11, മാർച്ച് 2 എന്നീ രണ്ട് ദിവസങ്ങളിൽ സർക്കാർ ആയിരം ദിനം പൂർത്തിയാക്കുന്നത് സംബന്ധിച്ച പരസ്യയിനത്തിൽ ദൃശ്യ-പത്ര മാധ്യമങ്ങൾക്ക് ചെലവഴിച്ച തുക എത്ര; വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ റിലീസ് ചെയ്ത പരസ്യങ്ങളുടെ ഇനത്തിൽ കുടിശ്ശികയായി നൽകാനുള്ള തുക പത്ര-ദൃശ്യ മാധ്യമങ്ങൾ, മറ്റുള്ളവ എന്നിങ്ങനെ തരം തിരിച്ച് വ്യക്തമാക്കുമോ;

(ഇ) പി.ആർ.ഡി. നിരക്ക് പ്രകാരമല്ലാതെ ഈ സർക്കാർ പരസ്യയിനത്തിൽ എന്തു തുക ചെലവഴിച്ചു; ഏതെല്ലാം പത്ര-ദൃശ്യ മാധ്യമങ്ങൾക്ക് എന്തു തുകവീതം എന്നുള്ള വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പത്ര-ദൃശ്യ മാധ്യമങ്ങൾക്ക് പരസ്യയിനത്തിൽ ഏകദേശം 136,53,34,327 രൂപ ഖജനാവിൽ നിന്നും ചെലവഴിച്ചു. ഇതിൽ 30,79,72,083 രൂപ മുൻ സർക്കാരിന്റെ കാലത്തെ കുടിശ്ശികയിനത്തിൽ ചെലവഴിച്ചിട്ടുള്ളതാണ്.

(ബി) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടികളുടെ പരസ്യത്തിനായി പത്ര-ദൃശ്യ മാധ്യമങ്ങൾക്ക് ഏകദേശം 1,27,73,725 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) 2014 ഫെബ്രുവരി 11, മാർച്ച് 2 എന്നീ രണ്ട് ദിവസങ്ങളിൽ സർക്കാർ ആയിരം ദിനം പൂർത്തിയാക്കുന്നത് സംബന്ധിച്ച പരസ്യയിനത്തിൽ ദൃശ്യ പത്ര മാധ്യമങ്ങൾക്ക് ഏകദേശം 2,46,12,071 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി) ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ റിലീസ് ചെയ്ത പരസ്യങ്ങളുടെ ഇനത്തിൽ ഏകദേശം 35 കോടി രൂപ കുടിശ്ശികയായി നൽകാനുണ്ട്. ബില്ലുകൾ പൂർണ്ണമായും വകുപ്പിൽ ലഭ്യമായിട്ടില്ല.

(ഇ) മലയാള മനോരമ, മാതൃഭൂമി എന്നീ ദിനപ്പത്രങ്ങൾക്ക് അവരുടെ അംഗീകൃത കാർഡ് റേറ്റിന്റെ 30% ഡിസ്കൗണ്ട് ഈടാക്കി കളർ പരസ്യം നൽകിയ വകയിൽ 1,26,20,486 രൂപ ചെലവഴിച്ചിട്ടുണ്ട്.

**പത്ര ജീവനക്കാരുടെ പെൻഷൻ**

73 (2905) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്രജീവനക്കാരുടെ പെൻഷൻ അപേക്ഷകൾ പരിശോധിച്ച് പെൻഷൻ നൽകുന്നതിൽ വളരെയേറെ കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി എന്തെന്ന് വിശദമാക്കാമോ;

(ബി) പെൻഷൻ ലഭിക്കുന്നതിനുള്ള എത്ര അപേക്ഷകളാണ് നിലവിൽ പരിഗണനയിലുള്ളതെന്നും എത്രനാൾ മുൻപുവരെ സമർപ്പിച്ച അപേക്ഷകളാണ് ഇക്കൂട്ടത്തിലുള്ളതെന്നും വ്യക്തമാക്കാമോ;

(സി) പത്രപ്രവർത്തകർക്ക് ക്ഷേമനിധി ആരംഭിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) ക്ഷേമനിധി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ എന്നത്തേക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ;

(ഇ) പത്രമേഖലയിൽ പുതിയ വേജ് ബോർഡ് വരുത്തുന്നതിന് ഉദ്ദേശി ക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) പത്രപ്രവർത്തക പെൻഷൻ പദ്ധതിയിലേക്ക് അംഗത്വത്തിനായും പെൻഷൻ അനുവദിക്കുന്നതിനായും സമർപ്പിച്ച അപേക്ഷകളുടെ ബാഹുല്യം നിമിത്തമാണ് കാലതാമസം നേരിട്ടത്. ഒരു ഡി.റ്റി.പി. ഓപ്പറേറ്ററുടെ സേവനം ഉപയോഗപ്പെടുത്തി പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് പെൻഷൻ അനുവദിക്കുന്നതിനും അംഗത്വം അനുവദിക്കുന്നതിനുമുള്ള നടപടി അന്തിമ ഘട്ടത്തിലാണ്.

(ബി) പെൻഷൻ ലഭിക്കുന്നതിനുള്ള 142 അപേക്ഷകളാണ് നിലവിൽ പരിഗണനയിലുള്ളത്. 2015 ഏപ്രിൽ വരെ സമർപ്പിച്ച അപേക്ഷകളാണ് ഇക്കൂട്ടത്തിൽ ഉള്ളത്.

(സി) & (ഡി) തൊഴിലാളികളുടെയും സർക്കാരിന്റെയും വിഹിതത്തോടൊപ്പം തൊഴിലുടമയുടെ വിഹിതം കൂടി ലഭിച്ചാൽ മാത്രമേ പത്രപ്രവർത്തകർക്കായി ക്ഷേമനിധി ബോർഡ് രൂപീകരിക്കുവാൻ കഴിയുകയുള്ളൂ. ഇതുസംബന്ധിച്ച് ചർച്ചകൾക്കായി പത്രമുടമകളിൽ നിന്നും അനുകൂല പ്രതികരണം ഉണ്ടായിട്ടില്ല. പത്രമുടമയുടെ വിഹിതംകൂടി ഉറപ്പുവരുത്തിയാൽ മാത്രമേ ക്ഷേമനിധി ഉറപ്പാക്കുവാൻ സാധിക്കുകയുള്ളൂ.

(ഇ) സംസ്ഥാനത്തെ പത്ര മാധ്യമ രംഗത്ത് ജീവനക്കാർക്കുള്ള വേതനം നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന വേജ് ബോർഡുകൾ രൂപീകരിക്കുന്നത് കേന്ദ്ര സർക്കാരാണ്. പത്ര മേഖലയിൽ പുതിയ വേജ് ബോർഡ് രൂപീകരിക്കുന്നത് സംസ്ഥാന സർക്കാരിന്റെ പരിധിയിൽ വരുന്നില്ല.

**പ്രവാസി ക്ഷേമ പദ്ധതി**

74 (2906) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് രാജ്യങ്ങൾ ഉൾപ്പെടെയുള്ള വിദേശരാജ്യങ്ങളിലെ മലയാളികളുടെ എണ്ണം എത്ര; ഏറ്റവും കൂടുതൽ പ്രവാസി മലയാളികൾ ജോലി ചെയ്യുന്നത് എവിടെയാണ്; നിതാഖത് കർശനമാക്കിയ സൗദി അറേബ്യയിൽ ജോലി നോക്കുന്ന പ്രവാസി മലയാളികളുടെ എണ്ണം എത്ര; വിശദാംശം ലഭ്യമാക്കുമോ;

(ബി) സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെ ഏറ്റവും പുതിയ കണക്ക പ്രകാരം സംസ്ഥാനത്തെ ബാങ്കുകളിലെ പ്രവാസികളുടെ നിക്ഷേപം എത്ര കോടി രൂപയാണ്;

(സി) പ്രസ്തുത നിക്ഷേപം സംസ്ഥാനത്തെ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുവാൻ ഈ സർക്കാർ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ കാലയളവിൽ നാളിതുവരെ സ്വപ്ന സാഫല്യം പദ്ധതി മുഖേന എത്ര പ്രവാസി മലയാളികളെ നാട്ടിലെത്തിക്കാൻ സാധിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ഇ) നാളിതുവരെ നിതാഖത് വഴി തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തിയ പ്രവാസികൾ എത്രയെന്നും ഇവർക്ക് തൊഴിൽ തുടങ്ങാനും പുനരധിവാസത്തിനും മറ്റുമായി എത്ര തുക ചെലവഴിച്ചുവെന്നും ആയതു പ്രകാരം എത്ര പേർക്ക് സഹായം ലഭ്യമായെന്നും ഇതുമായി ബന്ധപ്പെട്ട് ഇനിയും എത്ര അപേക്ഷകൾ നിലവിലുണ്ടെന്നും വ്യക്തമാക്കുമോ;

(എഫ്) പ്രവാസികാര്യ വകുപ്പ് നിർത്തലാക്കി വിദേശകാര്യ വകുപ്പിൽ ലയിപ്പിക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനം റദ്ദാക്കാൻ സംസ്ഥാന സർക്കാർ നാളിതുവരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ജി) കേന്ദ്ര സർക്കാർ തീരുമാനം പുനഃപരിശോധിക്കുവാനും പ്രവാസി സംരക്ഷണം ഉറപ്പുവരുത്താനും ഈ സർക്കാർ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നോർക്ക വകുപ്പിനുവേണ്ടി സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് നടത്തിയ പ്രവാസി മലയാളി സെൻസസ് 2013 പ്രകാരം വിവിധ വിദേശ രാജ്യങ്ങളിലെ ആകെ പ്രവാസി മലയാളികളുടെ എണ്ണം 16,25,653 എന്ന് കണക്കാക്കിയിട്ടുണ്ട്. ഇതിൽ ഏറ്റവും കൂടുതൽ കേരളീയർ ജോലി ചെയ്യുന്ന രാജ്യം യു.എ.ഇ. ആണ്. കൂടാതെ സൗദി അറേബ്യയിൽ 4,21,313 പേർ ജോലി ചെയ്യുന്നു എന്നാണ് സർവ്വേ റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുള്ളത്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.

(ബി) സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ 2015 സെപ്റ്റംബർ മാസം വരെ 1,17,000 കോടിയോളം രൂപ കേരളത്തിലെ വിവിധ ബാങ്കുകളിൽ വിദേശ മലയാളികളിൽ നിന്നുള്ള ഡെപ്പോസിറ്റായി ലഭിച്ചിട്ടുണ്ട്.

(സി) പൊതുമേഖലാ ബാങ്കുകളിലെ പ്രവാസികൾ ഉൾപ്പെടെയുള്ളവരുടെ നിക്ഷേപം ആർ.ബി.ഐ. മാർഗ്ഗനിർദ്ദേശമനുസരിച്ചാണ് വിനിയോഗിക്കപ്പെടുന്നത്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് നിയമപരമായി ഇടപെടുവാൻ കഴിയുമെന്നു തോന്നുന്നില്ല.

(ഡി) സ്വപ്ന സാഫല്യം പദ്ധതി മുഖേന 94 പ്രവാസി മലയാളികളെ നാട്ടിലെത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(ഇ) സൗദി അറേബ്യയിൽ നിതാഖത്ത് നിയമം കർശനമാക്കിയതിനെ തുടർന്ന് 1-4-2013 മുതൽ 31-12-2013 വരെ നോർക്ക റൂട്ട്സ് കേരളത്തിലെ എയർപോർട്ടുകളിലും ഓൺലൈനിലും ഏർപ്പെടുത്തിയിരുന്ന രജിസ്ട്രേഷൻ സംവിധാനത്തിൽ 22634 പേർ സൗദി അറേബ്യയിൽ നിന്നും തിരികെയെത്തിയതായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2013-ൽ നിതാഖത്ത് മുഖാന്തരം തിരികെയെത്തുന്ന പ്രവാസി കേരളീയരെ പുനരധിവസിപ്പിക്കുന്നതിനായി ഒരു പാക്കേജിന് രൂപം നൽകുകയും അതിലുൾപ്പെടുത്തിയിരുന്ന നോർക്ക് ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് പദ്ധതിയിലൂടെ സ്വയം തൊഴിൽ വായ്പകൾ നൽകി വരികയും ചെയ്യുന്നുണ്ട്. സൗദി അറേബ്യയിൽ നിന്നും തിരിതെയെത്തി രജിസ്റ്റർ ചെയ്ത 22634 പേരോട് സ്വയം തൊഴിൽ സംരംഭങ്ങൾ സംബന്ധിച്ച് അധിക വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെടുകയും അങ്ങനെ അധിക വിവരങ്ങൾ 5783 പേർ ലഭ്യമാക്കിയിട്ടുമുണ്ട്. ഇവരിൽ സ്ക്രീനിംഗ് കഴിഞ്ഞവരുൾപ്പെടെ തിരികെയെത്തിയ 1072 പേർക്ക് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുകയും ഇതിലേക്കായി 6.68 കോടി രൂപ സബ്സിഡി ഇനത്തിൽ ബാങ്കുകൾക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. അധിക വിവരങ്ങൾ ലഭ്യമാക്കിയവരിൽ സ്ക്രീനിംഗ് പൂർത്തിയാക്കിയ 2841 പേരുടെ അപേക്ഷകൾ ബാങ്കുകൾക്ക് കൈമാറിക്കഴിഞ്ഞു. അതിന്മേൽ വായ്പ ലഭ്യമാക്കുന്നതിന് ബാങ്കുകൾ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവരുടെ വിവരങ്ങൾ ഓൺലൈനായി ലഭ്യമാക്കി ജില്ലാതലത്തിൽ സ്ക്രീനിംഗ് നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. 2016 ജനുവരി 1 മുതൽ അപേക്ഷകൾ ഓൺലൈനായാണ് സ്വീകരിക്കുന്നത്. 2016 ജനുവരി 31 വരെ ഓൺലൈനായി അപേക്ഷിച്ച 1418 പേരുടെ സ്ക്രീനിംഗ് എല്ലാ ജില്ലകളിലും പുരോഗമിക്കുന്നു. ഇവരുടെ അപേക്ഷകൾ 29-2-2016-ന് മുമ്പ് ബാങ്കുകൾക്ക് കൈമാറാനാണ് ഉദ്ദേശിക്കുന്നത്.

(എഫ്&ജി) കേന്ദ്ര പ്രവാസീകാര്യ മന്ത്രാലയം നിർത്തലാക്കിയ നടപടി പ്രവാസികളുടെ വിവിധ വിഷയങ്ങളിൽ വിവിധ മന്ത്രാലയങ്ങളുടെ ഏകോപനത്തിലൂടെ പരിഹാരം കാണുന്നതിന് തടസ്സമാകുമെന്നുള്ളതിനാൽ ഈ തീരുമാനം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാരിന്റെ ശക്തമായ പ്രതിഷേധം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കേന്ദ്ര പ്രവാസീകാര്യ മന്ത്രാലയം നിർത്തലാക്കുന്നു എന്ന കാര്യം ശ്രദ്ധയിൽപ്പെട്ട ഉടൻ തന്നെ ഇക്കാര്യത്തിലുള്ള ആശങ്ക അറിയിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് കത്ത് നൽകുകയും മുഖ്യമന്ത്രിയുടെയും പ്രവാസികാര്യ മന്ത്രിയുടെയും നേതൃത്വത്തിൽ കേന്ദ്ര വിദേശകാര്യമന്ത്രിയെ നേരിൽ കണ്ട് ആശങ്കകളും പ്രഷേധവും അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഈ തീരുമാനം റദ്ദാക്കണമെന്നതാണ് സർക്കാർ ഉന്നയിച്ചിട്ടുള്ള ആവശ്യം.

## പ്രവാസി പരിശീലന പരിപാടി

75 (2907) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച, തൊഴിൽ നഷ്ടപ്പെട്ട് തിരിച്ച് വരുന്ന പ്രവാസികളുടെ ഉന്നമനത്തിനും ക്ഷേമത്തിനുമായുള്ള പരിശീലന പരിപാടി നടപ്പാക്കപ്പെട്ടുവോ;

(ബി) മടങ്ങിവന്ന എത്ര പ്രവാസികൾക്ക് ഈ പരിശീലന പരിപാടിയിലൂടെ പ്രയോജനം ഉണ്ടായി എന്നറിയിക്കാമോ;

(സി) പ്രസ്തുത പരിശീലന പരിപാടിക്കായി എത്ര തുക നീക്കിവയ്ക്കപ്പെട്ടു; അതിൽ എത്ര തുക ചെലവഴിച്ചു?

ഉത്തരം

(എ-സി) ഇല്ല. തൊഴിൽ നഷ്ടപ്പെട്ട് തിരികെ എത്തിയ പ്രവാസികളുടെ ഉന്നമനത്തിനും ക്ഷേമത്തിനുമായുള്ള പരിശീലന പരിപാടികൾ വകുപ്പ് നടപ്പാക്കുന്നില്ല.

എന്നാൽ തൊഴിലെടുക്കാൻ പ്രാപ്തിയുള്ള കേരളത്തിലെ യുവാക്കളുടെ തൊഴിൽ വൈദഗ്ദ്ധ്യം വിദേശ തൊഴിൽ വിപണിയിലെ വെല്ലുവിളികൾ നേരിടത്തക്കവിധം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി പ്രവാസികാര്യ വകുപ്പ് സ്കിൽ അപ്ഗ്രഡേഷൻ & റീഇന്റഗ്രേഷൻ പ്രോഗ്രാം എന്ന ഒരു അഭിരുചി മെച്ചമാക്കൽ പദ്ധതി നടപ്പാക്കിവരുന്നുണ്ട്.

## പ്രവാസി ക്ഷേമനിധി

76 (2908) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രവാസിക്ഷേമനിധിയിൽ അംഗങ്ങളായവരുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ;

(ബി) എത്ര ഗുണഭോക്താക്കൾക്ക് പ്രസ്തുത ക്ഷേമനിധിയുടെ ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) 72640 പേർ അംഗങ്ങളായിട്ടുണ്ട്.

(ബി) 2016 ജനുവരി മാസം വരെ വിവിധയിനം ക്ഷേമ പദ്ധതികൾ പ്രകാരം ബോർഡിൽ നിന്നും ആനുകൂല്യം അനുവദിച്ചവരുടെ വിവരം ചുവടെ ചേർത്തിരിക്കുന്നു:

| ക്രമ നമ്പർ | ആനുകൂല്യം | എണ്ണം | തുക |
|---|---|---|---|
| 1 | പെൻഷൻ | 1790 | 95,86,700 |
| 2 | കുടുംബ പെൻഷൻ | 3 | 9,250 |
| 3 | മരണാനന്തര ധനസഹായം | 393 | 1,16,70,998 |
| 4 | ചികിത്സാ സഹായം | 327 | 42,25,420 |
| 5 | വിവാഹ ധനസഹായം | 346 | 24,05,000 |
| 6 | പ്രസവാനുകൂല്യം | 5 | 15,000 |
| 7 | വിദ്യാഭ്യാസ ഗ്രാന്റ് | 120 | 2,65,500 |

**പ്രവാസി ക്ഷേമനിധി പെൻഷൻ**

77 (T.* 2909 ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി കേരള ക്ഷേമനിധിയിൽ എത്രനാൾ അംശാദായം അടയ്ക്കുന്നവർക്കാണ് പെൻഷന് യോഗ്യതയുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) അംശാദായം അടയ്ക്കുന്നതിൽ പിഴവ് വരുത്തുന്നവർക്ക് സ്വമേധയാ അംഗത്വം നഷ്ടപ്പെടുമോ;

(സി) അംഗത്വം നഷ്ടപ്പെടുമെങ്കിൽ, പുനഃസ്ഥാപിക്കുവാൻ മാർഗ്ഗങ്ങൾ നിലവിലുണ്ടോ; വിശദമാക്കുമോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രവാസി ക്ഷേമനിധിയിൽ അംഗത്വമെടുത്ത 60 വയസ്സ് പൂർത്തിയായതും 5 വർഷത്തിൽ കുറയാത്ത കാലം മുടക്കം കൂടാതെ അംശാദായം അടച്ചിട്ടുള്ളതുമായ അംഗങ്ങൾക്ക് പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്.

(ബി) ഒരു വർഷമോ അതിലധികമോ അംശാദായ അടവിൽ വിഴ്ച വരുത്തുന്ന അംഗങ്ങളുടെ അംഗത്വം സ്വമേധയാ റദ്ദാക്കുന്നതാണ്.

(സി) ഉണ്ട്. ഒരു വർഷമോ അതിലധികമോ അംശാദായ അടവിൽ വീഴ്ച വരുത്തി അംഗത്വം സ്വമേധയാ റദ്ദായ അംഗങ്ങൾ 15 ശതമാനം പിഴയും കുടിശ്ശികയായിട്ടുള്ള അംശദായത്തുകയും ചേർത്ത് അടച്ച് അംഗത്വം പുനഃസ്ഥാപിക്കാവുന്നതാണ്.

---
* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## നോർക്ക-റൂട്ട്സിലെ ഉദ്യോഗസ്ഥരുടെ വിദേശ യാത്രകൾ

78 (2910) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നോർക്കാ-റൂട്ട്സിലെ ഉദ്യോഗസ്ഥർ നടത്തിയ വിദേശ യാത്രകൾ എത്രയെന്നും ഓരോന്നിന്റെയും ഉദ്ദേശ്യലക്ഷ്യങ്ങളും വെളിപ്പെടുത്താമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിദേശ യാത്രകൾക്കായി നോർക്ക-റൂട്ട്സ് എത്ര രൂപ ചെലവാക്കിയെന്ന വിവരം വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നോർക്ക റൂട്ട്സിലെ ഉദ്യോഗസ്ഥർ നടത്തിയ വിദേശ യാത്രകളുടെ വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) 13,80,036 രൂപ (പതിമൂന്ന് ലക്ഷത്തി എൺപതിനായിരത്തി മുപ്പത്തിയാറ് രൂപ) വിദേശ യാത്രകൾക്കായി ചെലവാക്കിയിട്ടുണ്ട്.

## നോർക്ക റൂട്ട്സിൽ വിവിധ പ്രോജക്ടുകൾക്കായുള്ള സോഫ്റ്റ്‌വെയർ നിർമ്മാണം

79 (2911) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്ക-റൂട്ട്സിൽ വിവിധ പ്രോജക്ടുകൾക്കായുള്ള സോഫ്റ്റ്‌വെയർ നിർമ്മിക്കുന്നതിന് ടെണ്ടർ വഴിയാണോ ഏജൻസികളെ തെരഞ്ഞെടുക്കുന്നത്;

(ബി) ടെണ്ടറിലൂടെയല്ലാതെ ഏതെല്ലാം സോഫ്റ്റ്‌വെയറുകളാണ് ചെയ്യിട്ടുള്ളത്;

(സി) സാന്ത്വന സഹായ പദ്ധതിയുടെ സോഫ്റ്റ്‌വെയർ നിർമ്മാണത്തിന് ഏത് ഏജൻസിയെയാണ് ഏല്പിച്ചിട്ടുള്ളത്; എത്ര തുക ഇതിനായി ചെലവഴിച്ചു; സോഫ്റ്റ്‌വെയർ നിർമ്മാണം പൂർത്തീകരിച്ചോ;

(ഡി) സർട്ടിഫിക്കറ്റ് ഓതന്റിക്കേഷൻ സോഫ്റ്റ്‌വെയർ നിർമ്മാണത്തിന് എന്തു തുക ചെലവായെന്ന വിവരം അറിയിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ)-(സി) നോർക്ക-റൂട്ട്സ് വിവിധ പ്രോജക്ടുകൾക്കായുള്ള സോഫ്റ്റ്‌വെയർ നിർമ്മിക്കുന്നതിനും മെയിന്റനൻസിനുമായി കെൽട്രോണിനെയാണ് ചുമതല പ്പെടുത്താറുള്ളത്. നിലവിൽ നോർക്ക-റൂട്ട്സ് പ്രോജക്ടുകളായ സാന്ത്വന/ചെയർമാൻ/ ഫണ്ട്/കാരുണ്യം/എൻ.ആർ.കെ.ഐ.ഡി. കാർഡ്/എൻ.ആർ.കെ. ഇൻഷ്വറൻസ് കാർഡ്/ജോബ് പോർട്ടൽ/നഴ്സിംഗ് റിക്രൂട്ട്മെന്റ് എന്നീ പദ്ധതികൾക്കായി സോഫ്റ്റ്‌വെയർ നിർമ്മിക്കുന്നതിനും മെയിന്റനൻസിനുമായാണ് കെൽട്രോണിനെ ചുമതലപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത പദ്ധതികളുടെ ആദ്യഘട്ട സോഫ്റ്റ് വെയർ നിർമ്മാണ നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞു. രണ്ടാംഘട്ട നവീകരണത്തിനും അപ്ഗ്രഡേഷനുമായി ബന്ധപ്പെട്ട് കെൽട്രോണുമായി കരാർ ഒപ്പിടുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. നാളിതുവരെ പ്രസ്തുത സോഫ്റ്റ് വെയറുകളുടെ നിർമ്മാണത്തിനായി കെൽട്രോണിന് 47,20,559 രൂപ നൽകിയിട്ടുണ്ട്. ഇതിനുപുറമേ നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്ററിന്റെ വെബ് പോർട്ടൽ നിർമ്മിക്കുന്നതിന് സിഡ്‌ക്കോയെ ചുമതലപ്പെടുത്തുകയും 9,33,735 രൂപ ഈയിനത്തിൽ നൽകിയിട്ടുമുണ്ട്.

(ഡി) പ്രതിഫല തുക നൽകിയിട്ടില്ല.

**നോർക്ക സാന്ത്വന പദ്ധതി**

80 (2912) <u>ശ്രീ. ജോസഫ് വാഴയ്ക്കൻ</u> :
<u>ശ്രീ. എ. റ്റി. ജോർജ്</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നോർക്ക സാന്ത്വന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നാട്ടിൽ/ഭാരതത്തിൽ, തിരികെയെത്തിയ നിർദ്ധനരായ പ്രവാസി കുടുംബാംഗങ്ങളെ സാമ്പത്തികമായി സഹായിക്കുകയെന്ന ലക്ഷ്യത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുള്ളത്. ഈ പദ്ധതിയിൻകീഴിൽ വാർഷിക വരുമാനം 1,00,000 രൂപയിൽ താഴെയുള്ള പ്രവാസി മലയാളികളുടെ/കുടുംബാംഗങ്ങളുടെ ചികിത്സയ്ക്ക് പരമാവധി 50,000 രൂപയും മരണപ്പെട്ട പ്രവാസിയുടെ കുടുംബത്തിന് മരണാന്തര ധനസഹായമായി പരമാവധി 1,00,000 രൂപയും അവരുടെ പെൺമക്കളുടെ വിവാഹാവശ്യത്തിനായി പരമാവധി 15,000 രൂപയും പ്രവാസിയുടെ കുടുംബാംഗങ്ങൾക്ക് വീൽച്ചെയർ/ക്രച്ചസ് എന്നിവ വാങ്ങുന്നതിനായി പരമാവധി 10,000 രൂപയും ഒറ്റത്തവണയായി നോർക്ക വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് സഹായം നൽകി വരുന്നുണ്ട്.

(സി) ഭരണതലത്തിൽ പദ്ധതിയുടെ നടത്തിപ്പിലേയ്ക്കായി വർഷാവർഷം നിശ്ചിത തുക ബഡ്ജറ്റ് വിഹിതമായി സർക്കാർ വകയിരുത്തി വരുന്നുണ്ട്. അപേക്ഷ പരിശോധിച്ച് അർഹരെ കണ്ടെത്തിയശേഷം ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ ധനസഹായം വിതരണം നടത്തിവരുന്നു.

**നോർക്ക ചെയർമാൻ ഫണ്ട് പദ്ധതി**

81 (2913) ശ്രീ. കെ. അച്ചുതൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്ക ചെയർമാൻ ഫണ്ട് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) നിർധനരായ പ്രവാസി കുടുംബാംഗങ്ങളെ സാമ്പത്തികമായി സഹായിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ചെയർമാൻ ഫണ്ട് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 1,00,000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള പ്രവാസി കുടുംബാംഗങ്ങൾക്കാണ് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. ചെയർമാൻ ഫണ്ട് പദ്ധതിയിലൂടെ ചികിത്സ, മരണാന്തര, വിവാഹ ധനസഹായങ്ങൾ നൽകി വരുന്നുണ്ട്.

(സി) നോർക്ക-റൂട്ട്സ് സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തുന്നതിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ 20 ശതമാനം ഉൾക്കൊള്ളിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണിത്. അർഹതയുള്ളവർക്ക് നോർക്ക-റൂട്ട്സ് ഡയറക്ടർ ബോർഡിന്റെ അംഗീകാരത്തോടെയാണ് ഈ ധനസഹായം നൽകി വരുന്നത്. നാളിതുവരെ ചെയർമാൻ ഫണ്ട് പദ്ധതിയിൽ നിന്നും 985 പേർക്കായി 1,87,50,652 രൂപ അനുവദിച്ചിട്ടുണ്ട്.

**നോർക്ക-റൂട്ട്സിലെ ജീവനക്കാരുടെ പ്രൊമോഷൻ**

82 (2914) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് നോർക്ക-റൂട്ട്സിലെ ജീവനക്കാരുടെ സീനിയർ എക്സിക്യൂട്ടീവ് തസ്തികയിലേക്കും, അസിസ്റ്റന്റ് തസ്തികയിലേക്കും പ്രൊമോഷൻ നൽകിയത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നോർക്ക-റൂട്ട്സിൽ എത്ര ജീവനക്കാർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്; പ്രസ്തുത ജീവനക്കാരുടെ പേര്, തസ്തിക, പ്രൊമോഷൻ ലഭിച്ച തസ്തിക ഇവ വിശദമാക്കാമോ;

(സി) പ്രസ്തുത ജീവനക്കാർക്ക് പ്രമോഷൻ നൽകിയത് സംബന്ധിച്ച ഗവൺമെന്റ് ഉത്തരവ് ഉണ്ടോ; പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പ്രൊമോഷനിൽ ഗവൺമെന്റ് കമ്പനി/പൊതുമേഖലാ സ്ഥാപനങ്ങൾ പാലിക്കേണ്ട വ്യവസ്ഥകൾ പാലിച്ചുവോ; പ്രമോഷന് സ്വീകരിച്ച മാനദണ്ഡം വിശദീകരിക്കാമോ;

(ഇ) നോർക്ക-റൂട്ട്സിൽ ജൂനിയർ എക്സിക്യൂട്ടീവ്, അസിസ്റ്റന്റ്, സീനിയർ എക്സിക്യൂട്ടീവ് തസ്തികകളിലേയ്ക്കുള്ള യോഗ്യതയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഒരു പരാതി 2016 ജനവരിയിൽ ലഭിച്ചിട്ടുണ്ട്. ഇതിൽ അന്വേഷണം നടത്തി വരുന്നു.

(ബി) 8 പേർക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്. ശ്രീമതി ജെൻസി ജോയ്സി, ശ്രീമതി ലാലി രാമകൃഷ്ണൻ എന്നീ ജൂനിയർ എക്സിക്യൂട്ടീവുകൾക്ക് സീനിയർ എക്സിക്യൂട്ടീവ് തസ്തികയിലും ശ്രീമതി ശ്യാമള കുമാരി. എസ്, ശ്രീ. അനിൽകുമാർ, ശ്രീ. മുഹമ്മദ് കബീർ എന്നീ അറ്റൻഡർമാരെയും ഡ്രൈവറായിരുന്ന

ശ്രീ. എം. ജയകുമാറിനെയും തസ്തിക മാറ്റംവഴി അസിസ്റ്റന്റ് തസ്തികയിലും നിയമിച്ചിട്ടുണ്ട്. കൂടാതെ ഫുൾടൈം സ്വീപ്പറായിരുന്ന ശ്രീമതി രാധമ്മാളിനെയും ശ്രീമതി ലതയെയും 28-6-2012-ൽ നടന്ന മുപ്പത്തിയേഴാമത് ബോർഡ് യോഗത്തിലെ പന്ത്രണ്ടാം നമ്പർ തീരുമാനപ്രകാരം സ്വീപ്പർ തസ്തികയിൽ നിന്നും അറ്റൻഡർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകിയിട്ടുണ്ട്.

(സി&ഡി) നോർക്ക-റൂട്ട്സ് ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനിലെ ആർട്ടിക്കിൾ 34 (സി) പ്രകാരം നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് നോർക്ക റൂട്ട്സ് ഡയറക്ടർ ബോർഡിന്റെ 24-09-2011-ൽ കൂടിയ മുപ്പത്തിനാലാം യോഗത്തിലെ പതിനെട്ടാം നമ്പർ തീരുമാനപ്രകാരം നോർക്ക റൂട്ട്സ് സർവ്വീസ് ചട്ടങ്ങളിലെ ചട്ടം 6 (2) പ്രകാരം രൂപീകരിച്ച നോർക്ക-റൂട്ട്സ് ഡിപ്പാർട്ടുമെന്റ് പ്രൊമോഷൻ കമ്മിറ്റിയുടെ തീരുമാനത്തിന്റെയും നാൽപ്പത്തിരണ്ടാമത് ബോർഡ് യോഗത്തിലെ അജണ്ട നമ്പർ 35 (1)-ലെ ഭാഗത്തെ തീരുമാനപ്രകാരമുള്ള ശിപാർശയുടെയും 27-6-2014-ലെ 3809/ബി2/2014/നോർക്ക നമ്പർ സർക്കാർ കത്തിന്റെയും അടിസ്ഥാനത്തിലാണ് യഥാക്രമം സീനിയർ എക്സിക്യൂട്ടീവ് അറ്റൻഡർമാരായി പ്രൊമോഷൻ നൽകുകയും അസിസ്റ്റന്റുമാരായി ബൈട്രാൻസ്ഫർ നിയമനം നൽകുകയും ചെയ്തിട്ടുള്ളത്.

(ഇ)

| | | |
|---|---|---|
| ജൂനിയർ എക്സിക്യൂട്ടീവ് | - | അംഗീകൃത യൂണിവേഴ്സിറ്റി ബിരുദം, എം.എസ്. വേർഡ്, എക്സൽ എന്നിവയിലുള്ള അറിവും |
| സീനിയർ എക്സിക്യൂട്ടീവ് | - | നേരിട്ടുള്ള നിയമനത്തിന് ഡിഗ്രിയും എം.ബി.എ. യോഗ്യതയും പ്രൊമോഷന്-ജൂനിയർ എക്സിക്യൂട്ടീവായുള്ള 5 വർഷത്തെ സേവനം |
| അസിസ്റ്റന്റ് | - | സർക്കാർ യോഗ്യത നിശ്ചയിച്ചിട്ടില്ല. |

## നഴ്സിംഗ് റിക്രൂട്ട്മെന്റ്

83 (2915) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്ക - റൂട്ട്സ് നഴ്സിങ്ങ് റിക്രൂട്ട്മെന്റ് ക്രമക്കേട് സംബന്ധിച്ച് വകുപ്പ് മന്ത്രി അന്വേഷണം പ്രഖ്യാപിച്ചിരുന്നോ; വിശദാംശം നൽകുമോ ;

(ബി) നോർക്ക റൂട്ട്സും യു.എ.ഇ.യിലെ അൽസാറ ഏജൻസിയും കൂടി നടത്തിയ നഴ്സിങ്ങ് റിക്രൂട്ട്മെന്റിൽ അപേക്ഷ നൽകിയവരുടെ ലിസ്റ്റ് ലഭ്യമാക്കാമോ;

(സി) അപേക്ഷ സമർപ്പിച്ചവരിൽ എത്ര പേർ എഴുത്ത് പരീക്ഷയിൽ യോഗ്യത നേടിയെന്നുള്ള പേര് വിവരങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഇവരിൽ ഇന്റർവ്യൂ പാസ്സായി വിദേശത്ത് ജോലി ലഭിച്ചവരുടെ പേര് വിവരങ്ങൾ അടങ്ങിയ ലിസ്റ്റ് ലഭ്യമാക്കാമോ;

(ഇ) ഈ റിക്രൂട്ട്മെന്റിൽ അൽസാറ ഏജൻസിയിൽ നിന്ന് നോർക്ക - റൂട്ട്സിന് കമ്മീഷൻ ലഭിച്ചിട്ടുണ്ടോ; എത്ര തുക ഈയിനത്തിൽ നോർക്ക - റൂട്ട്സിന് ലഭിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) & (സി) അൽ സഹാറാ ഗ്രൂപ്പിനുവേണ്ടി നോർക്ക-റൂട്ട്സ് നടത്തിയ റിക്രൂട്ട്മെന്റിൽ അപേക്ഷിച്ച 653 പേർക്ക് ഉദ്യോഗ ദാതാവ് ടെലിഫോണിക്ക് സ്ക്രീനിംഗ്, സ്കൈപ്പ് ഇന്റർവ്യൂ എന്നിവ നടത്തി യോഗ്യത നേടിയവരെയും ലിബിയ, ഇറാഖ്, യെമൻ എന്നീ രാജ്യങ്ങളിൽനിന്നും കലാപത്തെത്തുടർന്ന് തിരികെയെത്തിയ അറബി ഭാഷാ പ്രാവീണ്യമുള്ള നഴ്സുമാരെയും ഉൾപ്പെടെ 204 പേർക്ക് 25-7-2015-ന് തിരുവനന്തപുരത്ത് എം.ഒ.എച്ച്. പരീക്ഷയ്ക്ക് അവസരം നൽകിയിരുന്നു. എന്നാൽ ഇതിൽ 12 പേർ മാത്രമേ പരീക്ഷ പാസായിരുന്നുള്ളൂ. ആയതിനാൽ പരസ്യം നൽകി എറണാകുളത്ത് വച്ച് വാക്ക്-ഇൻ ആയി എം.ഒ.എച്ച്. പരീക്ഷ നടത്തുകയും അവിടെ നേരിട്ട് ഹാജരായ 638 പേർ പരീക്ഷ എഴുതുകയും ആകെ 198 പേർ പരീക്ഷ പാസാകുകയും ചെയ്തു. പരീക്ഷ പാസായവരുടെ പേരു വിവരങ്ങൾ അനുബന്ധം-1* ആയി ചേർക്കുന്നു.

(ഡി) നോർക്ക-റൂട്ട്സ് മുഖാന്തരം അൽ സഹാറാ ഗ്രൂപ്പിലേയ്ക്ക് ജോലി ലഭിച്ച 86 പേരുടെ പേര് വിവരങ്ങൾ അനുബന്ധം 2* ആയി ചേർക്കുന്നു.

(ഇ) ഇല്ല. കേന്ദ്ര സർക്കാരിന്റെ 12-3-2015-ലെ F.01-11012/10/2013-EP നമ്പർ ഉത്തരവ് പ്രകാരം ഇന്ത്യൻ നഴ്സുമാരുടെ വിദേശ റിക്രൂട്ട്മെന്റ് നോർക്ക-റൂട്ട്സിനെ ചുമതലപ്പെടുത്തിയതിന് ശേഷം ഇ-മൈഗ്രേറ്റ് വഴി നോർക്ക-റൂട്ട്സിന് ലഭിച്ച ആദ്യ ഡിമാന്റ് (റിക്രൂട്ട്മെന്റ് ഒഴിവ്) യു.എ.ഇ.-യിലെ അൽ സഹാറാ ഗ്രൂപ്പിന്റേതായിരുന്നു. പ്രസ്തുത അവസരത്തിൽ നോർക്ക-റൂട്ട്സിൽ റിക്രൂട്ട്മെന്റുമായി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ബന്ധപ്പെട്ട് വരുന്ന ചെലവുകൾ വഹിക്കുന്നതിന് വിദേശ തൊഴിൽദാതാക്കളിൽ നിന്നും ഈടാക്കുന്ന സർവ്വീസ് ചാർജ്ജ് നിജപ്പെടുത്തിയിട്ടില്ലാതിരുന്നതിനാൽ പ്രസ്തുത റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട ചെലവുകൾ വിദേശ തൊഴിൽ ദാതാവായ അൽ സഹാറാ ഗ്രൂപ്പ് ആണ് വഹിച്ചത്. ഈ റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട് തെരഞ്ഞെടുക്കപ്പെട്ടവരിൽ നിന്ന് നോർക്ക-റൂട്ട്സോ വിദേശ തൊഴിൽ ദാതാവോ യാതൊരു ചാർജ്ജും ഈടാക്കിയിട്ടില്ല. നോർക്ക-റൂട്ട്സിലെ ചില ജീവനക്കാരുടെ സേവനം ഇതിനായി ഉപയോഗിച്ചതൊഴികെ കാര്യമായ ചെലവ് ഈ റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട് നോർക്ക റൂട്ട്സിൽ ഉണ്ടായിട്ടില്ല. യു.എ.ഇ.യിൽ മാത്രം നടത്തുന്ന യു.എ.ഇ. ആരോഗ്യമന്ത്രാലയത്തിന്റെ പരീക്ഷ (UAE-MOH) ഉദ്യോഗാർത്ഥികൾക്ക് കേരളത്തിൽ എഴുതുന്നതിനുള്ള അവസരവും, പ്രസ്തുത ഒഴിവുകളിലേയ്ക്ക് ഇറാഖ്/ലിബിയ/യെമൻ രാജ്യങ്ങളിൽ നിന്നും തിരികെയെത്തിയ നഴ്സുമാർക്ക് അവസരം നൽകുവാനും വിദേശ തൊഴിൽ ദാതാവ് തയ്യാറായിരുന്നു. ഇപ്പോൾ നോർക്ക റിക്രൂട്ട്സിൽ റിക്രൂട്ട്മെന്റിനുവേണ്ടി വിദേശ തൊഴിൽ ദാതാവിൽ നിന്നും ഈടാക്കാവുന്ന തുക സംബന്ധിച്ച് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. അതനുസരിച്ച് വിദേശ തൊഴിൽ ദാതാവിൽ നിന്നും ഈ തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**നോർക്കാ റൂട്ട്സിൽ സർക്കാർ ഓഹരി**

84 (2916) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002-ൽ നോർക്കാ-റൂട്ട്സിൽ സർക്കാർ ഓഹരി, സ്വകാര്യ ഓഹരി എന്നിവ എത്ര ശതമാനം വീതം ആയിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ ഓഹരി വിഹിതത്തിന്റെ എത്ര ശതമാനമാണ് 2005-ൽ നോർക്ക-റൂട്ട്സ് സർക്കാരിലേക്ക് തിരിച്ചടച്ചത്; ഇത്തരത്തിൽ ഓഹരി വിഹിതം തിരിച്ചടക്കാനുള്ള സാഹചര്യം വിശദമാക്കുമോ;

(സി) സർക്കാർ വിഹിതം തിരിച്ചടച്ചത് സംബന്ധിച്ച് അനുമതി വാങ്ങിയിരുന്നുവോ ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) 2010-2011 സാമ്പത്തികവർഷം മുതൽ 2014-15 വർഷം വരെയുള്ള നോർക്ക-റൂട്ട്സിന്റെ ലാഭം എത്രയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-ഡി) ആവശ്യമായ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

## പ്രവാസികളുടെ ഡേറ്റാ ബാങ്ക്

85 (2917) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിന് മിഴിവേകുന്നതിനായി ശാസ്ത്ര, സാങ്കേതിക അക്കാഡമിക് രംഗത്ത് മികവും അതാത് മേഖലകളിൽ പ്രാവീണ്യം പുലർത്തുന്നതുമായ പ്രവാസികളുടെ 'ഡേറ്റാ ബാങ്ക് തയ്യാറാക്കുന്നതാണ് എന്ന 2014-15-ലെ ബഡ്ജറ്റ് പ്രഖ്യാപനം നടപ്പിലായോ ;

(ബി) 'ഡേറ്റാ ബാങ്കിൽ ' എത്ര പ്രവാസികളുടെ പേര് ഉൾക്കൊള്ളിച്ചിട്ടുണ്ട് എന്നറിയിക്കാമോ ;

(സി) പ്രസ്തുത 'ഡേറ്റാ ബാങ്ക് കൊണ്ട് എന്തെല്ലാം പ്രായോഗിക പദ്ധതികൾ നടപ്പാക്കാൻ കഴിഞ്ഞുവെന്ന് അറിയിക്കാമോ ?

ഉത്തരം

(എ-സി) ശാസ്ത്ര സാങ്കേതിക, അക്കാദമിക്, വ്യവസായിക രംഗത്ത് മികവും പ്രാവീണ്യവുമുള്ള വിവിധ രാജ്യങ്ങളിലെ പ്രമുഖരായ മലയാളികളുടെ അറിവും പ്രാഗൽഭ്യവും പരിചയവും സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനായി ഉപയോഗപ്പെടുക എന്ന ലക്ഷ്യം മുന്നിൽകണ്ട് 2014-15-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതിയാണ് 'creating Database of Eminent NRKs'. 14-10-2014-ലെ സ. ഉ. (സാധാ.) നമ്പർ 488/2014/നോർക്ക പ്രകാരം പ്രസ്തുത പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകിയിരുന്നു. പദ്ധതി നടത്തിപ്പിന് ആവശ്യമായ വിവരശേഖരണം നടത്തുന്നതിനായുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. പ്രസ്തുത വിവരശേഖരണം പൂർത്തിയായ ശേഷം മാത്രമേ ഡേറ്റാ ബാങ്ക് തയ്യാറാക്കുന്ന നടപടികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ. ഇതിന്റെ അവലോകനശേഷമാകും പ്രായോഗിക പദ്ധതികൾ ആവിഷ്കരിക്കുവാൻ കഴിയുന്നത്.

## ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺസ് ആന്റ് എമിഗ്രൻസ്

86 (2918) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺസ് ആന്റ് എമിഗ്രന്റ്സ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിദേശരാജ്യങ്ങളിൽ നിന്നും വിവിധ സാഹചര്യങ്ങളിൽ തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തുന്ന മലയാളികൾക്ക് സുസ്ഥിര വരുമാനമാർഗ്ഗം കണ്ടെത്തുന്നതിന് സഹായിക്കുക എന്നതാണ് പ്രവാസി പുനരധിവാസപദ്ധതിയുടെ (NDPREM) ഉദ്ദേശ്യം. തിരികെയെത്തിയ പ്രവാസികളെ തൊഴിൽ സംരംഭകരാക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകുകയും മൂലധന സബ്സിഡിയും പലിശ സബ്സിഡിയും നൽകി ബാങ്ക് വായ്പ ലഭ്യമാക്കി അവരെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സർക്കാർ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ കൈതാങ്ങൽ നൽകുക എന്നതാണ് ഈ പദ്ധതി മുഖേന വിഭാവനം ചെയ്യുന്നത്. ചുരുങ്ങിയത് രണ്ട് വർഷം വിദേശത്ത് ജോലി ചെയ്തതിനുശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയേയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. പരമാവധി ഇരുപത് ലക്ഷം രൂപ അടങ്കൽ മൂലധനചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാലു വർഷം 3% പലിശ സബ്സിഡിയും നൽകി ബാങ്ക് വായ്പ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതി. നോർക്ക റൂട്ട്സും കനറാ ബാങ്ക്, യൂണിയൻ ബാങ്ക്, സൗത്ത് ഇൻഡ്യൻ ബാങ്ക് എന്നിവരുമായി ഒപ്പുവയ്ക്കപ്പെട്ട ധാരണാപത്രം പ്രകാരം റിസർവ് ബാങ്കിന്റെ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി പലിശ ഇളവ് നൽകിയാണ് മേൽ പറഞ്ഞ പദ്ധതി 2014-15 മുതൽ നടപ്പാക്കിയിരിക്കുന്നത്. ഈ പദ്ധതി പ്രകാരം അപേക്ഷകർ സമർപ്പിക്കുന്ന സംരംഭക പദ്ധതിയുടെ പ്രായോഗികത വിലയിരുത്തി റിസർവ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായാണ് ബാങ്കുകൾ ലോൺ അനുവദിക്കുന്നത്. ഈ പദ്ധതിക്ക് അപേക്ഷിക്കുന്ന അർഹരായ പ്രവാസികളുടെ ജില്ലാടിസ്ഥാനത്തിലുള്ള ലിസ്റ്റ് തയ്യാറാക്കി ബാങ്കുകളെ കൂടി ഉൾപ്പെടുത്തി ഗുണഭോക്താവുമായി കൂടിക്കാഴ്ച നടത്തി വായ്പ അനുവദിക്കുന്ന നടപടികൾ പുരോഗമിച്ചു വരുന്നു.

(സി) 11-3-2013 തീയതിയിലെ സ. ഉ. (സാധാ.) നമ്പർ 75/2013/നോർക്ക നമ്പർ പ്രകാരം തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾ, സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈതാങ്ങൽ നൽകുന്നതിന് രൂപം കൊടുത്ത പദ്ധതിയാണ് നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM). ഈ പദ്ധതിക്കായി നാളിതുവരെ സർക്കാർ അനുവദിച്ച തുക: Rs. 12.48 കോടി രൂപയാണ്.

2012-2013 - 1 കോടി

2013-2014 - 1.48 കോടി

2014-2015 - 5 കോടി

2015-2016 - 5 കോടി

ഇതിൽ 9.61 കോടി രൂപ ചെലവഴിക്കപ്പെട്ടിട്ടുണ്ട്.

## ഇ-മാലിന്യങ്ങൾ

87 (2920) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ ഇ-മാലിന്യങ്ങളുടെ ശേഖരണത്തിനും ഇ-മാലിന്യങ്ങൾമൂലമുള്ള മലിനീകരണം ഒഴിവാക്കുന്നതിനും സ്വീകരിച്ച നടപടികൾ എത്രമാത്രം പ്രയോജനകര മായിരുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയാണ് പരിശോധിച്ചത്; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

പരിശോധിച്ചിട്ടില്ല. ക്ലീൻ കേരള കമ്പനി മുഖേന 152 ടൺ ഇ-മാലിന്യങ്ങൾ സംസ്ഥാനത്തെ വിവിധ സ്ഥലങ്ങളിൽ നിന്നും ശേഖരിക്കുകയും ഹൈദ്രാബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന M/s. എർത്ത് സെൻസ് റീ സൈക്കിൾ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് കൈമാറുകയും പ്രസ്തുത ഇ-മാലിന്യങ്ങൾ ടി സ്ഥാപനം മുഖേന ശാസ്ത്രീയമായി സംസ്കരിക്കുകയും ചെയ്തിട്ടുണ്ട്.

## റോഡ് നിർമ്മാണം, മാലിന്യ നിർമ്മാർജ്ജനം, കുടിവെള്ളം എന്നിവയ്ക്ക് ചെലവായ തുക

88 (2921) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും റോഡുനിർമ്മാണം, മാലിന്യ നിർമ്മാർജ്ജനം, കുടിവെള്ളം എന്നീ പദ്ധതികൾക്കായി എത്ര രൂപ അനുവദിച്ചു എന്ന് തരം തിരിച്ച് വ്യക്തമാക്കാമോ; പണം ലഭിച്ചതും ലഭിക്കാത്തതുമായ കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും എതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഇനത്തിൽ പണം നൽകിയിട്ടും ചെലവാക്കാത്ത കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും ഉണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്തത് പ്രകാരമുള്ള തുകകൾ എല്ലാ കോർപ്പറേഷനുകൾക്കും നഗരസഭകൾക്കും അനുവദിച്ച് നൽകിയിട്ടുണ്ട്. നഗരസഭകൾ റോഡ് നിർമ്മാണത്തിനും മാലിന്യ നിർമ്മാർജ്ജനത്തിനും കുടിവെള്ള വിതരണത്തിനുമായി ഡെവലപ്പ്മെന്റ് ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ജനറൽ പർപ്പസ് ഫണ്ട്, തനത് ഫണ്ട് എന്നിവ വിനിയോഗിക്കുന്നു. അനുവദിച്ച നൽകിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ അനുബന്ധം 'എ' ആയി ചേർത്തിട്ടുണ്ട്.* ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും മാലിന്യനിർമ്മാർജ്ജനത്തിനായി അനുവദിച്ച തുക തരംതിരിച്ച് ഇതോടൊപ്പം അനുബന്ധം 'ബി'ആയി ചേർത്തിട്ടുണ്ട്.*

പത്തനംതിട്ട മുനിസിപ്പാലിറ്റി പ്രോജക്ടുകളൊന്നും തയ്യാറാക്കി സമർപ്പിക്കാത്തതിനാൽ സാമ്പത്തിക സഹായം നൽകിയിട്ടില്ല. മറ്റെല്ലാ മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും പണം അനുവദിച്ചിട്ടുണ്ട്.

(ബി) ഇല്ല. പ്രസ്തുത ഇനത്തിൽ പണം നൽകിയിട്ടുള്ള എല്ലാ കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും ആയത് ചെലവഴിച്ചുവരുന്നു.

**രാജീവ് ആവാസ് യോജന പദ്ധതി**

89 (2922) <u>ശ്രീ. കെ. ശിവദാസൻ നായർ</u> :
<u>ശ്രീ. എം. എ. വാഹീദ്</u> :
<u>ശ്രീ. ലൂഡി ലൂയിസ്</u> :
<u>ശ്രീ. എം. പി. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ രാജീവ് ആവാസ് യോജന പദ്ധതികൾ നടപ്പാക്കാൻ എന്തെല്ലാം കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ &ബി) നിലവിലുള്ള എല്ലാ കോർപ്പറേഷനുകളിലും 'ചേരിരഹിത ഭാരതം' എന്ന ആശയം മുൻനിർത്തി നടപ്പിലാക്കുന്ന പദ്ധതിയാണ് രാജീവ് ആവാസ് യോജന. ടി പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന നഗരസഭകളിൽ ചേരിരഹിത നഗരാസൂത്രണ കർമ്മ പരിപാടി തയ്യാറാക്കിയിട്ടുണ്ട്:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

1. തിരുവനന്തപുരം
2. കൊല്ലം
3. തൃശ്ശൂർ
4. കോഴിക്കോട്
5. കണ്ണൂർ

കൊച്ചി നഗരസഭയെ പ്രസ്തുത പദ്ധതിയിൽ തെരഞ്ഞെടുത്തിട്ടുണ്ടെങ്കിലും കർമ്മ പരിപാടി തയ്യാറാക്കിയിട്ടില്ല. 15 വർഷം മുൻകൂട്ടിക്കണ്ടുകൊണ്ട് നഗരങ്ങളെ ചേരിരഹിതമാക്കുന്നതിനായി തയ്യാറാക്കുന്ന സമഗ്ര മാർഗ്ഗരേഖയാണ് ചേരിരഹിത നഗരാസൂത്രണ കർമ്മ പരിപാടി (എസ്.എഫ്.സി.പി.ഒ.എ.). നിലവിലുള്ള ചേരികൾ വികസിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ഭാവിയിലെ ചേരിയിലെ വളർച്ച തടയുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അടങ്ങുന്ന സമഗ്രരൂപരേഖയാണ് ചേരിരഹിത നഗരാസൂത്രണ കർമ്മ പദ്ധതി.

(സി) 'ചേരിരഹിത നഗരം' എന്ന ലക്ഷ്യത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും നഗരസഭകളുടെയും സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കിവന്ന രാജീവ് ആവാസ് യോജന പദ്ധതി പ്രകാരം സംസ്ഥാനത്ത് 160.77 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചു. ഇതിൽ 86 വീടുകളുടെ നിർമ്മാണം പൂർത്തിയായി. 335 വീടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. ബാക്കിയുള്ളവ പ്രാരംഭ ഘട്ടത്തിലാണ്.

**കുട്ടി അഹമ്മദ് കുട്ടി കമ്മീഷൻ റിപ്പോർട്ട്**

90 (2923) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നിയോഗിച്ച കുട്ടി അഹമ്മദ് കുട്ടി കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ;

(സി) റിപ്പോർട്ട് പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 2013-ൽ

(സി) പരിശോധിച്ചുവരുന്നു.

## സുസ്ഥിര നഗരവികസന പദ്ധതി

91 (2924) <u>ശ്രീ. സി. പി. മുഹമ്മദ്</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> :
<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സുസ്ഥിര നഗരവികസന പദ്ധതികൾ നടപ്പാക്കാൻ കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ നഗരസഭകളിലെ സമഗ്ര പശ്ചാത്തല വികസനം, ദാരിദ്ര്യ ലഘൂകരണം, നഗരദരിദ്രവിഭാഗങ്ങളുടെ ഉപജീവനം മെച്ചപ്പെടുത്തൽ എന്നിവയ്ക്ക് ആവശ്യമായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുകയാണ് കേരള സുസ്ഥിര നഗരവികസന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. ശുദ്ധജല വിതരണ പദ്ധതികൾ, സ്വീവറേജ്-സാനിറ്റേഷൻ പദ്ധതികൾ, സ്റ്റോം വാട്ടർ ഡ്രെയിനേജ് പദ്ധതികൾ, റോഡുകളുടെ പുനരുദ്ധാരണ പദ്ധതികൾ, സാമൂഹ്യ പശ്ചാത്തല വികസന പദ്ധതികൾ, ദാരിദ്യ നിർമ്മാർജ്ജന പദ്ധതികൾ എന്നിവയാണ് സുസ്ഥിര നഗരവികസന പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) കേരള സുസ്ഥിര നഗരവികസന പദ്ധതി അഞ്ച് നഗരസഭകളിലായി ഏറ്റെടുത്തിട്ടുള്ള പദ്ധതികളിൽ 46 എണ്ണം ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ 6 ജലസേചന പദ്ധതികളും 2 സ്വീവറേജ് പദ്ധതികളും 4 സ്റ്റോം വാട്ടർ ഡ്രെയിനേജ് പദ്ധതികളും 9 റോഡ് പ്രവൃത്തികളും, ഖരമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട 25 പാക്കേജുകൾക്ക് സാമഗ്രികൾ വാങ്ങി നൽകിയതും ഉൾപ്പെടുന്നു. 19 പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. അവയിൽ 2 ജലവിതരണ പദ്ധതികളും 11 സ്വീവറേജ് പദ്ധതികളും 5 സ്റ്റോം വാട്ടർ ഡ്രെയിനേജ് പദ്ധതികളും 5 ഖരമാലിന്യ പദ്ധതികളും ഒരു റോഡ് പ്രവൃത്തിയും ഉൾപ്പെടുന്നു. ഇവകൂടാതെ ചേരി വികസനത്തിനായി കമ്മ്യൂണിറ്റി ഇൻഫ്രാസ്ട്രക്ചർ ഫണ്ട് ഉപയോഗിച്ച് 429 പദ്ധതികൾ പൂർത്തീകരിക്കുകയും 15 പദ്ധതികൾ

നടപ്പിലാക്കിവരികയും ചെയ്യുന്നു. ഏറ്റെടുത്ത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് തലത്തിലും പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് തലത്തിലും നഗരസഭാ തലത്തിലും പ്രോജക്ട് ഡയറക്ടർ തലത്തിലും ഗവൺമെന്റ് സെക്രട്ടറി തലത്തിലും തുടർച്ചയായ അവലോകന യോഗങ്ങൾ ചേരുകയും പദ്ധതി പുരോഗതി വിലയിരുത്തുകയും ആവശ്യമായ തുടർ നടപടികളും പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശിച്ചുവരികയും ചെയ്യുന്നുണ്ട്. കൂടാതെ നഗരകാര്യമന്ത്രി ചെയർമാനായി നിലവിലുള്ള എംപവേർഡ് കമ്മിറ്റി തലത്തിലും പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് ആവശ്യമായ തീരുമാനങ്ങൾ കൈക്കൊണ്ട് നടപ്പിലാക്കി വരുന്നു.

## കെട്ടിട നിർമ്മാണം

92 (2925) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷൻ, നന്തൻകോട് വാർഡ്, ഈസ്റ്റ് ക്ളിഫ് ലെയിൻ, അബ്ദുൾ ഖാദർ മകൻ ആസിഫ് 4 സെന്റ് വസ്തുവിൽ മൂന്ന് നില കെട്ടിടം പണിയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിർമ്മാണത്തിന് കോർപ്പറേഷനിൽ നിന്നും പ്ലാൻ അനുമതി വാങ്ങിയിട്ടുണ്ടോ; റസിഡൻഷ്യൽ അല്ലെങ്കിൽ വാണിജ്യാവശ്യങ്ങൾക്കാണോ കോർപ്പറേഷൻ അനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ;

(സി) പ്ലാനിൽ പറയുന്ന രീതിയിലാണോ കെട്ടിടം പണിയുന്നത്; അതോ വയലേഷൻ നടത്തിയിട്ടുണ്ടോ;

(ഡി) റോഡിൽ നിന്നും തൊട്ടടുത്തുള്ള വീടുകളിൽ നിന്നും നിശ്ചിത അകലം വിടണമെന്ന നിലവിലുള്ള ചട്ടങ്ങൾ പാലിച്ചിട്ടുണ്ടോ;

(ഇ) ഇത് സംബന്ധിച്ച് അടുത്ത വീട്ടുകാരുടെ പരാതി കോർപ്പറേഷൻ അധികാരികൾക്ക് കിട്ടിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(എഫ്) എങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചു; പ്രസ്തുത ബിൽഡിങ്ങിനെക്കുറിച്ചും പ്ലാനിനെക്കുറിച്ചും വേണ്ട പരിശോധന നടത്തുമോ?

### ഉത്തരം

(എ ആന്റ് ബി) നഗരസഭയിൽനിന്നും ഇരുനില വാസഗൃഹ നിർമ്മാണത്തിന് പെർമിറ്റ് നൽകിയിട്ടുണ്ട്.

(സി) അംഗീകൃത പ്ലാനിന് വിരുദ്ധമായി ചട്ടലംഘനത്തോടെ നിർമ്മാണം നടത്തിയിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ ആന്റ് എഫ്) ഉണ്ട്. അടുത്ത വീട്ടുകാരുടെ പരാതി ലഭിച്ചതിനെ തുടർന്ന് പരിശോധന നടത്തിയതിൽ നിയമാനുസൃതമായി അകലം പാലിച്ചാണ് നിർമ്മാണം നടത്തുന്നത് എന്ന് കണ്ടിട്ടുണ്ട്. എന്നാൽ ആസിഫിന്റെ പിതാവിന്റെ വസ്തുവുമായി അതിർത്തി പങ്കിടുന്ന വശത്ത് ചട്ടവിരുദ്ധമായി ജനലും വാതിലും വച്ചിട്ടുള്ളതിനാൽ നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## മാലിന്യ സംസ്കരണത്തിന് നഗരസഭകൾക്ക് നൽകിയ നിർദ്ദേശങ്ങൾ

93 (2926) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യ സംസ്കരണത്തിന് നഗരസഭകൾ നിർബന്ധമായും സ്വീകരിക്കേണ്ട നടപടികൾ എന്തെല്ലാമാണെന്ന് സർക്കാർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ, വിശദമാക്കുമോ;

(ബി) പ്രസ്തുത നിർദ്ദേശങ്ങൾ പ്രകാരം നഗരസഭാ പ്രദേശത്ത് അടിഞ്ഞുകൂടുന്ന മാലിന്യങ്ങൾ ഒഴിവാക്കാനും സംസ്കരിക്കാനും എന്തെല്ലാം നടപടികളാണ് നഗരസഭകൾ സ്വീകരിച്ചുവരുന്നത്, ഇത് വിലയിരുത്താൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) തെരുവുകളിൽ കുമിഞ്ഞു കൂടുന്ന അടുക്കള മാലിന്യങ്ങളും ഹോട്ടൽ മാലിന്യങ്ങളും ജനപങ്കാളിത്തത്തോടെ ശേഖരിച്ച്, സംസ്കരിച്ച് പാചകവാതകവും ജൈവവളവും ഉത്പാദിപ്പിക്കുന്ന പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ, വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. മാലിന്യങ്ങൾ അവ ഉത്പാദിപ്പിക്കപ്പെടുന്ന സ്ഥലത്ത് തന്നെ തരംതിരിക്കപ്പെടുന്നതിനും ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് പൊതുമാലിന്യ സംസ്കരണപ്ലാന്റുകൾ സ്ഥാപിക്കുന്നതിനും, പൊതുപ്ലാന്റുകൾ ആധുനികവത്ക്കരിക്കുന്നതിനും, അജൈവ മാലിന്യങ്ങൾ പുനഃചംക്രമണത്തിനായി കൈമാറുന്നതിനും, പുനഃചംക്രമണത്തിനായി കൈമാറുന്നതിലേയ്ക്ക് തരംതിരിച്ച് സംഭരിക്കുന്നതിനുള്ള മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സ്ഥാപിക്കുന്നതിനും ദ്രവമാലിന്യം സംസ്കരിക്കുന്നതിന് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കപ്പെടുന്നതിനും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ആയതുപ്രകാരം ഉറവിട മാലിന്യ സംസ്കരണ പദ്ധതിക്കും, പൊതുമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും, ആധുനികവൽക്കരിക്കുന്നതിനും മെറ്റീരിയൽ റിക്കവറി പദ്ധതികൾക്ക് രൂപം

നൽകി നടപ്പിലാക്കി വരികയും ചെയ്യുന്നുണ്ട്. 2012-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് പ്രകാരവും, 26-5-2015-ലെ സ. ഉ. (കൈ) നമ്പർ 176/2015/തസ്വഭവ. പ്രകാരവും മാലിന്യങ്ങൾ ഉറവിടത്തിൽ കൈകാര്യം ചെയ്യണമെന്ന് നിഷ്കർഷിക്കുന്നുണ്ട്.

(ബി) പ്രസ്തുത നിർദ്ദേശങ്ങൾ പ്രകാരം നഗരസഭാ പ്രദേശത്ത് അടിഞ്ഞുകൂടുന്ന ജൈവമാലിന്യങ്ങൾ വികേന്ദ്രീകൃതമായി ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിന് ഉറവിട മാലിന്യ സംസ്കരണ പദ്ധതിയും പൊതുമാലിന്യ സംസ്കരണ പ്ലാന്റുകൾ ഇല്ലാത്ത നഗരസഭകളിൽ ആയത് സ്ഥാപിക്കുന്നതിനും, പൊതുമാലിന്യ സംസ്കരണ പ്ലാന്റുകൾ ഉള്ള നഗരസഭകളിൽ ആയത് കുറ്റമറ്റതാക്കി ആധുനികവൽക്കരിക്കുന്നതിനും അജൈവമാലിന്യങ്ങൾ ശേഖരിച്ച് പുനഃചംക്രമണത്തിനായി കൈമാറുന്നതിനും താൽക്കാലിക സംഭരണ കേന്ദ്രങ്ങളായ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റിയും പാക്കേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ ആവശ്യാനുസരണം അതാത് നഗരസഭകൾ സ്വീകരിച്ച് വരുന്നുണ്ട്. പദ്ധതികളുടെ നടത്തിപ്പ് സർക്കാർ തലത്തിലും വകുപ്പ് തലത്തിലും ശുചിത്വമിഷൻ തലത്തിലും വിലയിരുത്തി വരുന്നുണ്ട്.

(സി) തെരുവുകളിൽ മാലിന്യം പരമാവധി കുമിഞ്ഞുകൂടാതിരിക്കുന്നതിനുള്ള ഉറവിടമാലിന്യ സംസ്കരണ പദ്ധതിക്കാണ് പ്രോത്സാഹനം നൽകിവരുന്നത്. എന്നിരുന്നാലും പല നഗരസഭകളും തെരുവുകളിൽ പൗരൻമാർ വലിച്ചെറിയുന്ന മാലിന്യങ്ങൾ ശേഖരിച്ച് കമ്പോസ്റ്റിംഗ്, ബയോമെതനേഷൻ രീതികളിൽ സംസ്കരിച്ചുവരുന്നുണ്ട്. ആ സംസ്കരണ രീതികളിലൂടെ പാചകവാതകവും ജൈവവളവും ഉൽപ്പാദിപ്പിക്കപ്പെടുന്നുണ്ട്. ഇക്കാര്യങ്ങളിൽ പരമാവധി ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകി വരുന്നുണ്ട്.

**നിർഭയ പദ്ധതിപ്രകാരമുള്ള കെട്ടിടം**

94 (2927) <u>ശ്രീ. ജി. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർഭയ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച കെട്ടിടം ആലപ്പുഴ നഗരസഭയിൽ നിലവിലുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം ആവശ്യങ്ങൾക്കായാണ് ഈ കെട്ടിടം ഉപയോഗിക്കാൻ 2012-ൽ തീരുമാനിച്ചിരുന്നത്; 2012-ലെ നയരേഖയിൽ ഉൾപ്പെടാത്ത ഏതെങ്കിലും പദ്ധതിക്കായി ടി കെട്ടിടമോ, കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗമോ നൽകാൻ നഗരസഭ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) പ്രസ്തുത കെട്ടിടത്തിൽ നിർഭയ പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് നഗരസഭ ബഡ്ജറ്റിൽ തുക നീക്കിവച്ചിട്ടുണ്ടോ;

(ഡി) നിർഭയ പദ്ധതി വിഭാവനം ചെയ്യുന്ന സ്ത്രീ സുരക്ഷയും ശാക്തീകരണവും സ്വയം പര്യാപ്തതയും ഉതകുന്ന പ്രവർത്തനം നടത്തുന്നതിന് തയ്യാറായി ഏതെങ്കിലും അംഗീകൃത സന്നദ്ധ സഹകരണ സംഘങ്ങൾ നഗരസഭയ്ക്ക് കത്ത് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) ഉണ്ടെങ്കിൽ അത് ആരൊക്കെയാണെന്നും അതുസംബന്ധിച്ച് എന്തെല്ലാം നടപടി കൈക്കൊണ്ടുവെന്നും വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) നിർഭയ പദ്ധതി പ്രകാരം ആലപ്പുഴ നഗരസഭയിൽ കെട്ടിടങ്ങൾ നിർമ്മിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

(ഡി) കത്ത് ലഭിച്ചതായി കാണുന്നില്ലായെന്ന് ആലപ്പുഴ നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഇ) ബാധകമല്ല.

**അമൃതനഗരം പദ്ധതി**

95 (2928) <u>ശ്രീ. ആർ. സെൽവരാജ്</u> :
<u>ശ്രീ. വി. റ്റി. ബൽറാം</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അമൃത നഗരം പദ്ധതി നടപ്പാക്കാൻ എന്തെല്ലാം കർമ്മപദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുതപദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ 9 നഗരങ്ങളെയാണ് അമൃത് പദ്ധതിയിൻകീഴിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ കോർപ്പറേഷനുകളും ആലപ്പുഴ, പാലക്കാട്, ഗുരുവായൂർ എന്നീ മുനിസിപ്പാലിറ്റികളുമാണ് അവ. ഈ നഗരങ്ങളിൽ 587.48 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള കർമ്മ പദ്ധതികളാണ് നിലവിൽ ആസൂത്രണം ചെയ്തിട്ടുള്ളത്. ഇതിന്റെ ഭാഗമായി തയ്യാറാക്കിയ 2015-16 വർഷത്തെ സ്റ്റേറ്റ് ആനുവൽ ആക്ഷൻ പ്ലാനിൽ നിന്നും കുടിവെള്ള വിതരണം, സ്വീവറേജ് സംവിധാനം ഏർപ്പെടുത്തൽ, ഡ്രെയിനേജ് സംവിധാനം ഏർപ്പെടുത്തൽ, കാൽനടയാത്രക്കാർക്കുള്ള നടപ്പാതകൾ നിർമ്മിക്കൽ, പാർക്കുകളുടെ നവീകരണം എന്നിവയ്ക്കായി 34.39 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കുന്നതിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു.

(ബി) എല്ലാ കുടുംബങ്ങൾക്കും കുടിവെള്ളവും സ്വീവറേജ് സംവിധാനവും ലഭ്യമാക്കുക അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിന്റെ ഭാഗമായി മോട്ടോർരഹിത ഗതാഗത സൗകര്യങ്ങൾ ഒരുക്കി നൽകുക, നഗരങ്ങളുടെ മനോഹാരിത നില നിർത്തുന്നതിന് തുറസ്സായ സ്ഥലങ്ങളും പാർക്കുകളും സ്ഥാപിക്കുക തുടങ്ങിയവയ്ക്കായി അമൃത് പദ്ധതിയിൻകീഴിൽ തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ കുടിവെള്ള വിതരണം, മലിനജല നിർഗ്ഗമന ഓടകളുടെ നിർമ്മാണം, മഴവെള്ളം ഒഴുകിപ്പോകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തൽ, പൊതുഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ, ഗ്രീൻസ്പെയ്സുകളും പാർക്കുകളും ഒരുക്കി നൽകൽ എന്നീ മേഖലകളുമായി ബന്ധപ്പെട്ട അടിസ്ഥാനസൗകര്യ വികസനപദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുകയാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. നഗരസഭകളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുക, ഭരണ പരിഷ്കാരങ്ങൾ നടപ്പിലാക്കുക എന്നിവയും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നുണ്ട്.

(സി) അമൃത് പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാന ഹൈപവർ കമ്മിറ്റി രൂപീകരിച്ചു.

2. തദ്ദേശ നഗരകാര്യ വകുപ്പ് സെക്രട്ടറിയെ മിഷൻ ഡയറക്ടറായും, കെ.എസ്.യു.ഡി.പി. പ്രോജക്ട് ഡയറക്ടറെ പദ്ധതിയുടെ നോഡൽ ആഫീസറായും നിയമിച്ചു.

3. പദ്ധതിയിൻകീഴിൽ തയ്യാറാക്കുന്ന വിശദമായ പ്രോജക്ട് റിപ്പോർട്ട് കളുമായി ബന്ധപ്പെട്ട് സാങ്കേതിക ധനകാര്യ പരിശോധനയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായ ഒരു സംസ്ഥാനതല ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചു.

4. അമൃത് നഗരങ്ങളുമായി ബന്ധപ്പെട്ട സർവ്വീസ് ലെവൽ ഇംപ്രൂവ്മെന്റ് പ്ലാനുകൾ തയ്യാറാക്കുകയും അവ ക്രോഡീകരിച്ച് ഒരു സംസ്ഥാനതല ആനുവൽ ആക്ഷൻപ്ലാൻ തയ്യാറാക്കി അംഗീകാരത്തിനായി കേന്ദ്രത്തിന് സമർപ്പിക്കുകയും ചെയ്തു. ഇപ്രകാരം സമർപ്പിച്ച 587.48 കോടി രൂപയുടെ പദ്ധതികൾക്ക് 26-11-2015-ൽ ചേർന്ന കേന്ദ്ര നഗരകാര്യ വകുപ്പിന്റെ അപ്പക്സ് കമ്മിറ്റി അംഗീകാരം നൽകുകയും പദ്ധതി പ്രവർത്തനങ്ങൾക്കായി 287.98 കോടി രൂപ കേന്ദ്ര വിഹിതമായി വകയിരുത്തുകയും 57.60 കോടി രൂപ ആദ്യഗഡുവായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

5. 2015-16 സാമ്പത്തിക വർഷത്തേക്കായി സ്റ്റേറ്റ് ആനുവൽ ആക്ഷൻ പ്ലാനിൽ നിന്നും തെരഞ്ഞെടുത്ത 34.39 കോടി രൂപയുടെ പദ്ധതികൾക്ക് വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി ഭരണാനുമതിക്കായി സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിനുമുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

## മൾട്ടി സെക്ടർ ഡെവലപ്മെന്റ് പ്രോഗ്രാം

96 (2929) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൾട്ടി സെക്ടർ ഡെവലപ്മെന്റ് പ്രോഗ്രാം (എം.എസ്.ഡി.പി.) പ്രകാരം കിട്ടേണ്ട ഫണ്ട് യഥാസമയത്ത് ഇടപെടൽ ഇല്ലാത്തത് കാരണം നഷ്ടമായിട്ടുണ്ടോ;

(ബി) 14 ജില്ലകളിലായി 132 ബ്ലോക്കുകൾ 25 നഗരസഭകൾ 5 കോർപ്പറേഷനുകൾ എന്നിങ്ങനെ കേന്ദ്രീകൃതമായി സംസ്ഥാനത്ത് വയനാട്ടിലെ നാലു ബ്ലോക്കുകളും മലപ്പുറം ജില്ലയിൽ പൊന്നാനി നഗരസഭയും ഒഴിച്ചു ബാക്കി കേന്ദ്രങ്ങൾ ഈ പദ്ധതിയുടെ കീഴിൽ വരാത്തത് എന്തുകൊണ്ടാണ്;

(സി) മൊത്തം ചെലവിന്റെ 40 ശതമാനം സംസ്ഥാനം വഹിക്കേണ്ടതുണ്ടോ; സർക്കാർ പദ്ധതിയിൽനിന്ന് അകലാൻ കാരണമെന്ത്;

(ഡി) എം.എസ്.ഡി.പി. പ്രകാരം വയനാട്ടിലെ നാല് ബ്ലോക്കുകളിലും പൊന്നാനി നഗരസഭയിലും നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) സംസ്ഥാനത്ത് 11-ാം പദ്ധതിയിൽ ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലകളായി അംഗീകരിച്ച് എം.എസ്.ഡി.പി. പദ്ധതി നടപ്പിലാക്കുന്നതിനായി 7 ജില്ലകളെ അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന് അംഗീകാരത്തിനായി സമർപ്പിച്ചെങ്കിലും, വയനാട് ജില്ലയെ മാത്രമാണ് എം.എസ്.ഡി.പി. പദ്ധതി നിർവ്വഹണത്തിനായി കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം അംഗീകരിച്ചത്. 12-ാം പദ്ധതിയുടെ ആരംഭഘട്ടത്തിൽ പുനരാവിഷ്കൃത എം.എസ്.ഡി.പി. പദ്ധതികളുടെ ഭാഗമായി ബ്ലോക്കുകളെ ഒരു യൂണിറ്റായി കണക്കാക്കുന്നതിന്റെ അടിസ്ഥാനത്തിൽ, കൂടുതൽ പ്രദേശങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ന്യൂനപക്ഷക്ഷേമ വകുപ്പ് കണ്ടെത്തിയ സംസ്ഥാനത്തെ 50 ന്യൂനപക്ഷ കേന്ദ്രീകൃത ബ്ലോക്കുകളുടെ പേര് വിവരങ്ങൾ കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന് അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. എന്നാൽ, വയനാട് ജില്ലയിലെ 4 ബ്ലോക്കുകളും, മലപ്പുറം ജില്ലയിലെ പൊന്നാനി ടൗണിനെയും മാത്രമാണ് എം.എസ്.ഡി.പി. പദ്ധതി നിർവ്വഹണ പ്രദേശമായി കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം അംഗീകാരം നൽകിയിട്ടുള്ളത്. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങൾ എന്ന പരിഗണനയോടൊപ്പം തന്നെ ടി പ്രദേശത്തെ ജനങ്ങളുടെ സാമൂഹിക-സാമ്പത്തിക അടിസ്ഥാന വികസനങ്ങളുടെ അപര്യാപ്തതകൾകൂടി പരിഗണിച്ചാണ് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം ടി പ്രദേശങ്ങളെ എം.എസ്.ഡി.പി. പദ്ധതി നിർവ്വഹണത്തിനായി തെരഞ്ഞെടുത്തിട്ടുള്ളത്.

(സി) സാധാരണയായി 25% വിഹിതമാണ് സംസ്ഥാന സർക്കാർ ടി പദ്ധതി നിർവ്വഹണത്തിനായി വഹിക്കേണ്ടതായിട്ടുള്ളത്. ടി പദ്ധതിയിൽനിന്നും സർക്കാർ അകന്ന് നിന്നിട്ടില്ല. 11-ാം പദ്ധതിയിലെ മുഴുവൻ പദ്ധതി നിർദ്ദേശങ്ങൾ പൂർത്തീകരിക്കുവാനും, 12-ാം പദ്ധതിയിലെ പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) അനുബന്ധമായി ചേർക്കുന്നു.*

## നഗരകാര്യ വകുപ്പിന്റെ പദ്ധതി വിഹിതം

97 (2930) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തിക വർഷത്തിൽ നഗരകാര്യ വകുപ്പിന് പദ്ധതി വിഹിതമായി എത്ര രൂപയാണ് നീക്കി വച്ചിരുന്നത് ;

(ബി) 2016 ജനുവരി 31 വരെ എത്ര തുകയാണ് ചെലവിട്ടത് ; ചെലവിന്റെ ശതമാനം വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) 2015-16-ലെ സംസ്ഥാന ബഡ്ജറ്റിൽ നഗരകാര്യവകുപ്പ് മുഖേന നേരിട്ട് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്കായി 7715 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

(ബി) 2016 ജനുവരി 31 വരെ ആകെ 821.72 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. 10.65% തുക ചെലവഴിച്ചിട്ടുണ്ട്.

## തൊഴിൽ നഷ്ടപ്പെട്ടവരെ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി

98 (2931) <u>ശ്രീ. വി. ശിവൻകുട്ടി</u> :
<u>ശ്രീ. എ. എം. ആരിഫ്</u> :
<u>ശ്രീ. ബാബു എം. പാലിശ്ശേരി</u> :
<u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളെ സംയോജിപ്പിച്ച് നഗരസഭകളാക്കി മാറ്റിയപ്പോൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലെടുത്തവർക്ക് തൊഴിൽ നഷ്ടപ്പെടാൻ ഇടയായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇപ്രകാരം തൊഴിൽ നഷ്ടപ്പെട്ടവരെ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) നഗരപ്രദേശങ്ങളിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിനും അതിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പുതുതായി രൂപീകരിക്കപ്പെട്ട നഗരസഭകളുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുവേണ്ടി പഞ്ചായത്തുകളിൽ നടപ്പിലാക്കി വരുന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള വേതനം, ഓണറേറിയം എന്നിവ 30-11-2015 വരെ അനുവദിക്കുന്നതിനും പുതുതായി രൂപീകരിച്ച നഗരസഭകളിൽ 1-1-2016 മുതൽ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനാൽ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടാൻ ഇടയില്ല.

(ബി) നഗരസഭാ പരിധിയിൽ സ്ഥിരം താമസക്കാരായ കുടുംബങ്ങൾക്ക് അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൽ അംഗമാകാവുന്നതാണ്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

## ചാലക്കുടി മുനിസിപ്പാലിറ്റി ടൗൺഹാൾ നിർമ്മാണം

99 (2932) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മുനിസിപ്പാലിറ്റി ടൗൺഹാൾ നിർമ്മാണത്തിനായി ഫണ്ട് നൽകിയവർക്ക് അനധികൃത കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ചട്ടവിരുദ്ധമായി സഹായം ചെയ്യുന്നു എന്ന പരാതിയിൻമേൽ തൃശ്ശൂർ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, തൃശ്ശൂരിന്റെ അന്വേഷണ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ട് പ്രകാരം കുറ്റക്കാരായി കണ്ടെത്തിയിട്ടുള്ളവർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) എൽ.എസ്സ്.ജി.ഡി. ചീഫ് എഞ്ചിനീയർ ഉൾപ്പെടെയുള്ളവർ സ്ഥലം നേരിട്ട് സന്ദർശിച്ച് നടപടികൾ സ്വീകരിക്കണം എന്നതടക്കമുള്ള റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിനും വിജിലൻസ് റിപ്പോർട്ട് പ്രകാരമുള്ള മേൽനടപടികൾ സ്വീകരിക്കുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി ആന്റ് സി) ബാധകമല്ല.

## നീലേശ്വരം മുനിസിപ്പാലിറ്റിയിലെ ബസ്സ്റ്റാന്റ് നിർമ്മാണം

100 (2933) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ നീലേശ്വരം മുനിസിപ്പാലിറ്റിക്ക് കാർഷിക യൂണിവേഴ്സിറ്റിയുടെ അധീനതയിലുള്ള സ്ഥലം ബസ്സ്റ്റാന്റ് നിർമ്മാണത്തിനായി മന്ത്രിസഭാ ഉത്തരവ് മുഖാന്തരം അനുവദിച്ച് വർഷങ്ങൾ 3 കഴിഞ്ഞിട്ടും മുനിസിപ്പാലിറ്റിക്ക് ഇത് കൈമാറി കിട്ടാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ഇക്കാര്യത്തിൽ നഗരാസൂത്രണ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നീലേശ്വരം നഗരസഭയ്ക്ക് കാർഷിക യൂണിവേഴ്സിറ്റിയുടെ അധീനതയിലുള്ള കരുവാച്ചേരിയിലുള്ള 2 ഏക്കർ സ്ഥലം കൃഷി (ഫാംസ്) വകുപ്പിന്റെ 9-11-2012-ലെ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ചുവെങ്കിലും പ്രസ്തുത സ്ഥലം കാർഷിക സർവ്വകലാശാല ഇതുവരെയും നീലേശ്വരം നഗരസഭയ്ക്ക് വിട്ടു നൽകാൻ തയ്യാറായിട്ടില്ല.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

## നഗരസഭകളിലെ ഡേറ്റാ എൻട്രി ഓപ്പറേറ്റർ

101 (2934) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. കെ. എം.-ന് കീഴിൽ വിവിധ നഗരസഭകളിൽ ഡേറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ 10 വർഷത്തിന് മുകളിൽ സേവനമനുഷ്ഠിച്ച് വരുന്നവരെ സ്ഥിരപ്പെടുത്താൻ പദ്ധതിയുണ്ടോ;

(ബി) എങ്കിൽ ഇവർക്ക് ശമ്പളം, മറ്റാനുകൂല്യങ്ങൾ എന്നിവ നഗരസഭ യാണോ, ഐ.കെ.എം. ആണോ നൽകുന്നതെന്ന് വിശദമാക്കാമോ;

(സി) കേരളത്തിലെ നഗരസഭകളിൽ ഇത്തരത്തിൽ എത്ര ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ ജോലി ചെയ്യുന്നു എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) മുനിസിപ്പാലിറ്റികളിലെ ഡേറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് ഐ.കെ.എം. മുഖേന വേതനം നൽകുന്ന രീതി അവസാനിപ്പിച്ച് മുനിസിപ്പാലിറ്റികൾ ഈ ജീവനക്കാർക്ക് നേരിട്ട് തനത് ഫണ്ടിൽ നിന്നും വേതനം നൽകുന്നതിന് 18-5-2012-ലെ സ.ഉ. (സാധാ.) 1385/2012/തസ്വഭവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 31-3-2012 വരെയുള്ള വേതനം മാത്രമേ ഐ.കെ.എം.ൽ നിന്നും നൽകിയിട്ടുള്ളൂ. നിലവിൽ നഗരസഭകളിൽ നിന്നുമാണ് ഡേറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ വേതനം നൽകി വരുന്നത്.

(സി) വിവരം ശേഖരിച്ചുവരുന്നു.

## നഗരങ്ങളിലെ ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ

102 (2935) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ അത്യാധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) നഗരമാലിന്യങ്ങൾ സംസ്കരിക്കുന്നതിലേക്കായി ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി പി.പി.പി. അടിസ്ഥാനത്തിൽ എറണാകുളത്ത് ബ്രഹ്മപുരത്ത് മാതൃകാ പ്ലാന്റ് സ്ഥാപിക്കുന്നതിലേക്കുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

(ബി) തെർമൽ ടെക്നോളജിയിൽ അധിഷ്ഠിതമായ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി മാലിന്യത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന തരത്തിലുള്ള പ്ലാന്റ് പി.പി.പി. അടിസ്ഥാനത്തിൽ സ്ഥാപിക്കുകയെന്നതാണ് ലക്ഷ്യം.

(സി) ബ്രഹ്മപുരത്ത് ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് പി.പി.പി. മാതൃകയിൽ സ്ഥാപിക്കുവാനുദ്ദേശിക്കപ്പെടുന്ന മാലിന്യ സംസ്കരണ പ്ലാന്റിന്റെ നിർവ്വഹണത്തിനായി M/s. G. J. Nature Care Consortium [(G. J.) Nature Care & Energy Pvt. Ltd., Ernakulam (Lead Member), Biomass Power Ltd, UK, London Investment Ltd., UK] എന്ന സ്ഥാപനത്തിന്റെ പ്രോജക്ട് 295 കോടി രൂപ അടങ്കലായി നടപടിക്രമങ്ങൾ പാലിച്ച് സർക്കാർ അംഗീകരിക്കുകയും ആയതിന്റെ നിർവ്വഹണത്തിനായി കൊച്ചി കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

**കൊയിലാണ്ടി നഗരസഭയിലെ ഫയർ സ്റ്റേഷൻ**

103 (2936) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നഗരസഭയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് നഗരസഭയുടെ അധീനതയിലുള്ള ഭൂമി ഫയർ & റെസ്ക്യൂ ഡിപ്പാർട്ട്മെന്റിന് വിട്ടു നൽകുന്നതിന് അനുമതി തേടി നഗരസഭ, നഗരകാര്യ ഡയറക്ടർ മുഖേന തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി സമക്ഷം സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച ഫയലിൽ അന്തിമ തീരുമാനം എപ്പോൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കൊയിലാണ്ടി നഗരസഭയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് നഗരസഭയുടെ അധീനതയിലുള്ള ഭൂമി ഫയർ & റെസ്ക്യൂ ഡിപ്പാർട്ട്മെന്റിന് വിട്ടു നൽകുന്നതിനുള്ള സർക്കാർ അനുമതി തേടി നഗരസഭ, നഗരകാര്യ ഡയറക്ടർ മുഖേന തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിക്ക് സമർപ്പിച്ച അപേക്ഷ, തദ്ദേശസ്വയംഭരണ വകുപ്പ് (ആർ.സി.) വകുപ്പിലെ 358/ആർ.സി.4/2015/തസ്വഭവ. നമ്പർ ഫയലിൽ പരിശോധിച്ചു വരികയാണ്. ഫയർ സ്റ്റേഷന് വിട്ടുനൽകാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ സ്കെച്ച്, ബി.ടി.ആർ., എന്നിവ ലഭ്യമാക്കാൻ കൊയിലാണ്ടി നഗരസഭാ സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഫയർ സ്റ്റേഷന് വിട്ടുനൽകാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ സ്കെച്ച്, ബി.ടി.ആർ. എന്നിവ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## കൊയിലാണ്ടി നഗരസഭയിൽ വെറ്ററിനറി സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രം

104 (2937) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നഗരസഭയിൽ വെറ്ററിനറി സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രം ആരംഭിക്കുന്നതിനായി ഭൂമി വിട്ടുകൊടുക്കുന്നത് സംബന്ധിച്ച എൽ.എസ്.ജി.ഡി. (ആർ.സി.) വകുപ്പിന്റെ ഫയലിലെ നടപടികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് നഗരകാര്യ ഡയറക്ടറേറ്റിൽനിന്ന് എൽ.എസ്.ജി.ഡി. യിലേക്ക് കത്തിടപാടുകൾ നടന്നത് എന്നെല്ലാം; വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഫയലിന്മേൽ ഏതു തീയതിയിൽ അന്തിമ തീരുമാനം എടുത്തുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കൊയിലാണ്ടി നഗരസഭയിൽ വെറ്ററിനറി സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രം ആരംഭിക്കുന്നതിനായി ഭൂമി വിട്ടു നൽകുന്ന വിഷയം തദ്ദേശ സ്വയംഭരണ (ആർ.സി.) വകുപ്പിലെ 456/ആർ.സി.4/16/തസ്വഭവ. ഫയലിൽ സ്വീകരിച്ചു വരികയാണ്. പ്രസ്തുത വിഷയത്തിൻമേൽ ലോക്കൽ ഗവൺമെന്റ് കമ്മീഷന്റെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഇതുസംബന്ധിച്ച നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും 5-11-2013-ലെ ജി3/4411/13 നമ്പർ കത്ത് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(സി) അന്തിമ തീരുമാനമായിട്ടില്ല.

**അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി**

105 (2938) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി പ്രകാരം 2014-15, 2015-16 കാലയളവിൽ എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രതിഫല ഇനത്തിൽ തൊഴിലാളികൾക്ക് നൽകിയ തുക മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(സി) പ്രതിഫല ഇനത്തിൽ കുടിശ്ശികയുള്ള തുക എത്രയെന്ന് വ്യക്തമാക്കുമോ; കുടിശ്ശിക തുക നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി പ്രകാരം 2014-15 വർഷത്തിൽ 443645 തൊഴിൽ ദിനങ്ങളും 2015-16 സാമ്പത്തിക വർഷത്തിൽ 30-1-2016 വരെ 267277 തൊഴിൽ ദിനങ്ങളും സൃഷ്ടിച്ചിട്ടുണ്ട്.

(ബി) 2014-15 സാമ്പത്തികവർഷം മുതൽ നാളിതുവരെ നഗരസഭകൾക്ക് നൽകിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് പ്രതിഫല ഇനത്തിൽ കുടിശ്ശിക ഒന്നുംതന്നെ നൽകാനില്ല.

**കംഫർട്ട് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള കർമ്മപദ്ധതി**

106 (2939) <u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> :
<u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ കംഫർട്ട് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) നഗരങ്ങളിൽ പൊതുശൗചാലയങ്ങൾ/സാമൂഹിക ശൗചാലയങ്ങൾ എന്നിവ ആവശ്യകത തിട്ടപ്പെടുത്തി നഗര പ്രദേശങ്ങളിൽ നിർമ്മിക്കുന്നതിന് നഗര സഭകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൽപ്പറ്റ, കൊയിലാണ്ടി, നെടുമങ്ങാട്, താനൂർ, മൂവാറ്റുപുഴ, പയ്യോളി തുടങ്ങിയ നഗരസഭകൾ പൊതു/സാമൂഹിക ശൗചാലയങ്ങൾക്കുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

(ബി) ബന്ധപ്പെട്ട നഗരസഭകൾ/കോർപ്പറേഷനുകളാണ് പൊതു/സാമൂഹിക ശൗചാലയങ്ങൾ നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തി നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിക്കേണ്ടത്. ശുചിത്വ മിഷനിൽനിന്നും ഇതിനോടകം സ്വച്ഛ് ഭാരത് മിഷൻ (നഗരം) പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന പ്രസ്തുത നിർമ്മാണപ്രവൃത്തികൾ നഗരസഭകൾ/കോർപ്പറേഷനുകളെ അറിയിച്ചിട്ടുണ്ട്. PPP മോഡലിൽ പൊതു ശൗചാലയങ്ങൾ പണിയുന്നതിനും, പൊതു/സാമൂഹിക ശൗചാലയങ്ങളുടേയും നിർമ്മിതിക്കായി CSR ഫണ്ട് (കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി) സമാഹരിക്കുന്ന നടപടികളും സ്വീകരിച്ചുവരുന്നു.

## സമ്പൂർണ്ണ ചേരി പരിഷ്കരണ പദ്ധതി

107 (2940) <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ ജവഹർ ലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷൻ, രാജീവ് ആവാസ് യോജന എന്നീ പദ്ധതികളുടെ സഹായത്തോടെ സമ്പൂർണ്ണ ചേരി പരിഷ്കരണ പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) പദ്ധതി നടപ്പാക്കിയെങ്കിൽ സംസ്ഥാനത്ത് എവിടെയെല്ലാമാണ് നടപ്പാക്കിയത്;

(സി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ച ധനസഹായത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി ഓരോ ബഡ്ജറ്റിലും എത്ര തുക നീക്കിവച്ചു; എത്ര രൂപ ചെലവഴിച്ചു?

<u>ഉത്തരം</u>

(എ ആന്റ് ബി) ഉണ്ട്. ജെ.എൻ.എൻ.യു.ആർ.എം. പദ്ധതിയുടെ ഉപഘടക ങ്ങളായ ബി.എസ്.യു.പി., ഐ.എച്ച്.എസ്.ഡി.പി. പദ്ധതികളും രാജീവ് ആവാസ് യോജന പദ്ധതിയും കേരളത്തിൽ നടപ്പിലാക്കിവരുന്നു. ബി.എസ്.യു.പി പദ്ധതി തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിലും ഐ.എച്ച്.എസ്.ഡി.പി. പദ്ധതി തെരഞ്ഞെടുത്ത 45 നഗരസഭകളിലുമാണ് നടപ്പിലാക്കി വരുന്നത്. രാജീവ് ആവാസ് യോജന പദ്ധതി തിരുവനന്തപുരം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കൊല്ലം കോർപ്പറേഷനുകളിലും നടപ്പിലാക്കി വരുന്നു.

(സി ആന്റ് ഡി) വിശദവിവരങ്ങൾ അനുബന്ധം 'എ'യിൽ കാണാവുന്നതാണ്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## നഗരസഭകളിൽ സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ ആവശ്യകത

108 (2941) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭാ ഓഫീസുകളിലെ കമ്പ്യൂട്ടറുകളിൽ പണം കൊടുത്ത് ഉപയോഗിക്കുന്ന വിൻഡോസ് സോഫ്റ്റ്‌വെയർ ആണ് ഇപ്പോഴും ഉപയോഗിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മറ്റു വകുപ്പുകളിൽ സൗജന്യമായി ലഭിക്കുന്ന ഉബണ്ടു പോലുള്ള സ്വതന്ത്ര സോഫ്റ്റ്‌വെയറിലേക്ക് മാറുന്നതിനായി നഗരസഭകൾക്കും ഇൻഫർമേഷൻ കേരള മിഷനും നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിഗണിയ്ക്കാവുന്നതാണ്.

## നഗരങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ

109 (2942) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ ആരംഭിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്വകാര്യ പങ്കാളിത്തം സ്വീകരിച്ച് പി.പി.പി. വ്യവസ്ഥയിൽ നഗരസഭകളിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ ഉൾപ്പെടെയുള്ള വൻപദ്ധതികൾ ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) നഗരസഭകൾക്ക് ആവശ്യമായ തനത് ഫണ്ട് സ്വരൂപിക്കാനും നഗരസഭകൾക്ക് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും സ്വകാര്യ പങ്കാളിത്തം സ്വീകരിച്ച് നഗരസഭയുടെ സമഗ്ര വികസനത്തിനും നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനും അതുവഴി മെച്ചപ്പെട്ട സേവനങ്ങൾ ജനങ്ങൾക്ക് നൽകുക എന്നതുമാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) കേരളത്തിലെ നഗരസഭകളിലെ നിക്ഷേപ സാധ്യതകൾ നിക്ഷേപകർക്ക് മുമ്പാകെ വിശദമായി അവതരിപ്പിക്കുന്നതിനുവേണ്ടി 2014 ഫെബ്രുവരി 24, 25 തീയതികളിൽ കൊച്ചിയിൽ വച്ച് നിക്ഷേപക സംഗമം നടത്തിയിരുന്നു. നിലവിൽ പി.പി.പി. വ്യവസ്ഥയിൽ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനായി 27-9-2014-ലെ 2540/2014/തസ്വഭവ. ഉത്തരവ് പ്രകാരം പാർട്ണർ കേരള മിഷൻ രൂപീകരിച്ചിട്ടുണ്ട്.

## നഗരങ്ങളിൽ ബസ്സ്സ്റ്റാന്റുകൾ

110 (2943) <u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> :
<u>ശ്രീ. സി. പി. മുഹമ്മദ്</u> :
<u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. ജോസഫ് വാഴയ്ക്കൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിൽ ബസ്സ്സ്റ്റാന്റുകൾ ആരംഭിക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സ്വകാര്യ പങ്കാളിത്തം സ്വീകരിച്ച് പി.പി.പി. വ്യവസ്ഥയിൽ നഗരസഭകളിൽ ബസ് സ്റ്റാന്റുകൾ ഉൾപ്പെടെയുള്ള വൻപദ്ധതികൾ ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) നഗരസഭകൾക്ക് ആവശ്യമായ തനത് ഫണ്ട് രൂപീകരിക്കാനും നഗരസഭകൾക്ക് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും സ്വകാര്യ പങ്കാളിത്തം സ്വീകരിച്ച് നഗരസഭയുടെ സമഗ്ര വികസനത്തിനും നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനും അതുവഴി മെച്ചപ്പെട്ട സേവനങ്ങൾ ജനങ്ങൾക്ക് നൽകുക എന്നതുമാണ് ഉദ്ദേശലക്ഷ്യം.

(സി) കേരളത്തിലെ നഗരസഭകളിലെ നിക്ഷേപ സാധ്യതകൾ നിക്ഷേപകർക്ക് മുമ്പാകെ വിശദമായി അവതരിപ്പിക്കുന്നതിനുവേണ്ടി 2014 ഫെബ്രുവരി 24, 25 തീയതികളിൽ കൊച്ചിയിൽ വച്ച് നിക്ഷേപ സംഗമം നടത്തിയിരുന്നു. നിലവിൽ പി.പി.പി. വ്യവസ്ഥയിൽ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനായി 27-9-2014-ലെ 2540/2014/തസ്വഭവ. ഉത്തരവ് പ്രകാരം പാർട്ണർ കേരള മിഷൻ രൂപീകരിച്ചിട്ടുണ്ട്.

**ശ്മശാനങ്ങൾ**

111 (2944) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലകളിലും ആധുനിക സംവിധാനങ്ങളോടുകൂടിയ ശ്മശാനങ്ങൾ സ്ഥാപിക്കപ്പെടുമെന്ന 2013-14 ബഡ്ജറ്റിലെ പ്രഖ്യാപനം നടപ്പാക്കപ്പെട്ടിട്ടുണ്ടോ;

(ബി) ഏതെല്ലാം ജില്ലകളിലാണ് ഈ പദ്ധതി പ്രകാരം ആധുനിക രീതിയിലുള്ള ശ്മശാനങ്ങൾ സ്ഥാപിക്കപ്പെട്ടത് എന്നറിയിക്കാമോ;

(സി) ഈ പദ്ധതി നടപ്പാക്കുന്നതിന് ഓരോ വർഷവും ബഡ്ജറ്റിൽ എന്ത് തുക നീക്കിവച്ചിരുന്നു; അതിൽ എന്ത് തുക വീതം ചെലവഴിച്ചിട്ടുണ്ടെന്നറിയിക്കാമോ?

ഉത്തരം

(എ ആന്റ് ബി) എല്ലാ ജില്ലകളിലും ആധുനിക സംവിധാനങ്ങളോടുകൂടി പ്രകൃതി വാതക/എൽ.പി.ജി. ശ്മശാനങ്ങൾ സ്ഥാപിക്കുന്നതിനായി 10.5 കോടി രൂപ വകയിരുത്തിയതായി 2013-14 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. എന്നാൽ മേൽ തുക വിനിയോഗിച്ച് ഗ്രാമപഞ്ചായത്തുകളിൽ ആധുനിക ശ്മശാനങ്ങൾ നിർമ്മിച്ചിട്ടില്ല. 2013-14 വർഷം സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്ത് വകുപ്പിന് 550 കോടി രൂപ വകയിരുത്തിയതിൽ 350 കോടി വിനിയോഗിച്ച് ഗ്രാമപഞ്ചായത്തുകളിൽ ശ്മശാന നിർമ്മാണം/ നവീകരണം പദ്ധതികൾ നടപ്പിലാക്കിയിരുന്നു.

നഗരപ്രദേശങ്ങളിൽ 2013-14-ൽ ഇരിങ്ങാലക്കുട, മട്ടന്നൂർ നഗരസഭകളിലും 2014-15-ൽ കൽപ്പറ്റ, തൊടുപുഴ, കരുനാഗപ്പള്ളി നഗരസഭകളിലും വാതക ശ്മശാനങ്ങൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്. 2015-16-ൽ വിവിധ നഗരസഭകളുടെ പ്രൊപ്പോസലുകൾ പരിഗണിച്ചുവരുന്നു. കേരളത്തിലെ 14 ജില്ലകളിൽ ഉൾപ്പെടുന്ന 36 ഗ്രാമപഞ്ചായത്തുകളിൽ 2013-14 വർഷത്തെ സംസ്ഥാനാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി ശ്മശാന നിർമ്മാണം/നവീകരണം എന്നിവ നടത്തിയിട്ടുണ്ട്. നഗരപ്രദേശങ്ങളിൽ 2013-14-ൽ ഇരിങ്ങാലക്കുട, മട്ടന്നൂർ നഗരസഭകളിലും 2014-15-ൽ കൽപ്പറ്റ, തൊടുപുഴ, കരുനാഗപ്പള്ളി നഗരസഭകളിലും വാതക ശ്മശാനങ്ങൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്. 2015-16-ൽ വിവിധ നഗരസഭകളുടെ പ്രൊപ്പോസലുകൾ പരിഗണിച്ചുവരുന്നു.

(സി) ശ്മശാന നിർമ്മാണം/നവീകരണം പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാനാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്ത് വകുപ്പിന് ലഭിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| വർഷം | വകയിരുത്തിയ തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 2011-12 | 500 | 467 |
| 2012-13 | 500 | 75 |
| 2013-14 | 550 | 350 |
| 2014-15 | 1000 | 112 |
| 2015-16 (15-2-2016 വരെ) | 1000 | 109 |

നഗരകാര്യ വകുപ്പിന് ലഭിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

| നമ്പർ | വർഷം | ബഡ്ജറ്റ് വിഹിതം (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | 2013-14 | 50 | 40 |
| 2 | 2014-15 | 60 | 57.85 |
| 3 | 2015-16 | 1000 | - |

## പ്ലാസ്റ്റിക് ശേഖരണ നിർമ്മാർജ്ജനം

112 (2945) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
ശ്രീ. പി. കെ. ബഷീർ
ശ്രീ. എം. ഉമ്മർ
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരിയിൽ പ്ലാസ്റ്റിക് ശേഖരണ നിർമ്മാർജ്ജന നടപടികൾ വിജയകരമായി നടപ്പാക്കിയ സാഹചര്യത്തിൽ കുപ്പികളും, ഇ-വേസ്റ്റും ശേഖരിക്കാൻ ഫെബ്രുവരി 10, 11 തീയതികളിൽ മാത്രം നടത്തുമെന്നു പ്രഖ്യാപിച്ചിട്ടുള്ള ക്യാമ്പുകൾ സ്ഥിരം സംവിധാനമാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) മാലിന്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി ചവറുകൂനകൾക്ക് തീയിടുന്നതിൽപ്പെട്ട് പ്ലാസ്റ്റിക് കത്തിപ്പരക്കുന്ന പുകപടലം നഗരവാസികൾക്ക് കഠിനമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കാൻ നഗരസഭയ്ക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) അജൈവ മാലിന്യം ശേഖരിച്ച് പുനഃചംക്രമണത്തിനായി കൈമാറുന്നതിന് സ്ഥിരം സംവിധാനം ഉണ്ടാകേണ്ടതുണ്ട്. ഇക്കാര്യം പരിശോധിച്ചു വരുന്നു.

(ബി ആന്റ് സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരംതിരിക്കണമെന്നും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ കൂട്ടിയിട്ട് കത്തിക്കുന്നത് ഗുരുതര ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുമെന്നത് ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുമുണ്ട്. അജൈവ മാലിന്യം തരംതിരിച്ച് ശേഖരിച്ച് റീസൈക്ലിങ്ങിന് കൈമാറുന്നതിന് താത്കാലികമായി ശേഖരിക്കപ്പെടുന്നതിനുള്ള പശ്ചാത്തല സൗകര്യമായ റിസോഴ്സ് റിക്കവറി സെന്റർ/മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സൗകര്യം ഒരുക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

**ഹോസ്റ്റലുകളുടെ മാനദണ്ഡങ്ങൾ**

113 (2946) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. വി. ശശി :
ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോസ്റ്റലുകൾ നടത്തുന്നതിന് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം;

(ബി) സർക്കാർ മേഖലയിലും സ്വകാര്യമേഖലയിലും പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ എന്തെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ; എങ്കിൽ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇത്തരം സ്ഥാപനങ്ങൾ അമിതമായ നിരക്കിൽ ഫീസ് ഈടാക്കിക്കൊണ്ടിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സർക്കാർ മേഖലയിലേയും സ്വകാര്യ മേഖലയിലേയും ഹോസ്റ്റലുകളിൽ അടിസ്ഥാന സൗകര്യങ്ങൾപോലും ഏർപ്പെടുത്തിയിട്ടില്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അധിക ഫീസ് ഈടാക്കുന്നതും, ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ലാത്തതുമായ ഹോസ്റ്റലുകൾക്കെതിരെ എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ-ഡി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

## മുനിസിപ്പാലിറ്റികളെ ഗ്രേഡ് തിരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

114 (2947) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളെ ഗ്രേഡ് തിരിച്ച് നിശ്ചയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത മാനദണ്ഡങ്ങൾ പ്രകാരം മുനിസിപ്പാലിറ്റികളുടെ ഗ്രേഡ് തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ;

(സി) 2011-ലെ കേന്ദ്ര സെൻസസ് പ്രകാരം കേരളത്തിലെ ഓരോ മുനിസിപ്പാലിറ്റിയിലെയും ജനസംഖ്യ വ്യക്തമാക്കുന്ന പട്ടിക ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. നഗരസഭകളുടെ വരുമാനം, ജനസംഖ്യ, ഭാവിയിലെ വികസന സാദ്ധ്യത എന്നിവയാണ് ഗ്രേഡ് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങളായി സ്വീകരിച്ചിട്ടുള്ളത്.

(ബി) മുനിസിപ്പാലിറ്റികളുടെ ഗ്രേഡ് തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു:

ഗ്രേഡ് 1

| ക്രമ നമ്പർ | നഗരസഭയുടെ പേര് |
|---|---|
| 1 | ആലപ്പുഴ |
| 2 | തിരുവല്ല |
| 3 | ചങ്ങനാശ്ശേരി |
| 4 | കോട്ടയം |
| 5 | പെരുമ്പാവൂർ |
| 6 | ആലുവ |
| 7 | പാലക്കാട് |
| 8 | തിരൂർ |
| 9 | വടകര |
| 10 | തലശ്ശേരി |
| 11 | കാസർഗോഡ് |
| 12 | ഗുരുവായൂർ |
| 13 | തൃപ്പൂണിത്തുറ |

| | |
|---|---|
| 14 | തൃക്കാക്കര |
| 15 | കളമശ്ശേരി |
| 16 | പൊന്നാനി |
| 17 | മലപ്പുറം |
| 18 | മഞ്ചേരി |
| 19 | പയ്യന്നൂർ |
| 20 | കാഞ്ഞങ്ങാട് |
| 21 | തളിപ്പറമ്പ് |
| 22 | നെയ്യാറ്റിൻകര |
| 23 | തൊടുപുഴ |
| 24 | ഇരിങ്ങാലക്കുട |
| 25 | കുന്നംകുളം |
| 26 | നെടുമങ്ങാട് |
| 27 | പാലാ |

ഗ്രേഡ് 2

| ക്രമ നമ്പർ | നഗരസഭയുടെ പേര് |
|---|---|
| 1 | ആറ്റിങ്ങൽ |
| 2 | പുനലൂർ |
| 3 | കായംകുളം |
| 4 | പത്തനംതിട്ട |
| 5 | ചേർത്തല |
| 6 | മൂവാറ്റുപുഴ |
| 7 | കോതമംഗലം |
| 8 | കൊടുങ്ങല്ലൂർ |
| 9 | നോർത്ത് പറവൂർ |
| 10 | അങ്കമാലി |
| 11 | ചാലക്കുടി |
| 12 | ഷൊർണ്ണൂർ |
| 13 | പെരിന്തൽമണ്ണ |

| | |
|---|---|
| 14 | വർക്കല |
| 15 | മരട് |
| 16 | ഏലൂർ |
| 17 | ഒറ്റപ്പാലം |
| 18 | കൽപ്പറ്റ |
| 19 | മട്ടന്നൂർ |
| 20 | കോട്ടയ്ക്കൽ |
| 21 | ചാവക്കാട് |
| 22 | കൊയിലാണ്ടി |
| 23 | മാവേലിക്കര |
| 24 | കൂത്തുപറമ്പ് |
| 25 | കരുനാഗപ്പള്ളി |
| 26 | നിലമ്പൂർ |
| 27 | സൗത്ത് പരവൂർ |
| 28 | ചിറ്റൂർ-തത്തമംഗലം |
| 29 | അടൂർ |
| 30 | നീലേശ്വരം |

ഗ്രേഡ് 3

| ക്രമ നമ്പർ | നഗരസഭയുടെ പേര് |
|---|---|
| 1 | ചെങ്ങന്നൂർ |
| 2 | വൈക്കം |
| 3 | ആന്തൂർ |
| 4 | ചെർപ്പുളശ്ശേരി |
| 5 | ഈരാറ്റുപേട്ട |
| 6 | ഏറ്റുമാനൂർ |
| 7 | ഫറോക്ക് |
| 8 | ഇരിട്ടി |
| 9 | കട്ടപ്പന |

| | |
|---|---|
| 10 | കൊടുവള്ളി |
| 11 | കൊണ്ടോട്ടി |
| 12 | കൂത്താട്ടുകുളം |
| 13 | കൊട്ടാരക്കര |
| 14 | മാനന്തവാടി |
| 15 | മണ്ണാർക്കാട് |
| 16 | മുക്കം |
| 17 | പന്തളം |
| 18 | പാനൂർ |
| 19 | പരപ്പനങ്ങാടി |
| 20 | പട്ടാമ്പി |
| 21 | പയ്യോളി |
| 22 | പിറവം |
| 23 | പുനലൂർ |
| 24 | രാമനാട്ടുകര |
| 25 | ശ്രീകണ്ഠപുരം |
| 26 | സുൽത്താൻ ബത്തേരി |
| 27 | താനൂർ |
| 28 | തിരൂരങ്ങാടി |
| 29 | വളാഞ്ചേരി |
| 30 | വടക്കാഞ്ചേരി |

(സി) 2011-ലെ കേന്ദ്ര സെൻസസ് പ്രകാരം അന്ന് കേരളത്തിൽ നിലവിലുണ്ടായിരുന്ന 60 മുനിസിപ്പാലിറ്റികളിലെ ജനസംഖ്യ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | നഗരസഭ | ജനസംഖ്യ |
|---|---|---|
| 1 | നെയ്യാറ്റിൻകര | 69467 |
| 2 | നെടുമങ്ങാട് | 56138 |
| 3 | ആറ്റിങ്ങൽ | 35693 |
| 4 | വർക്കല | 40728 |

| | | |
|---|---|---|
| 5 | സൗത്ത് പരവൂർ | 38652 |
| 6 | പുനലൂർ | 47235 |
| 7 | കരുനാഗപ്പള്ളി | 38000 |
| 8 | അടൂർ | 28952 |
| 9 | പത്തനംതിട്ട | 38009 |
| 10 | തിരുവല്ല | 56837 |
| 11 | കായംകുളം | 68585 |
| 12 | മാവേലിക്കര | 28439 |
| 13 | ചെങ്ങന്നൂർ | 25397 |
| 14 | ആലപ്പുഴ | 177029 |
| 15 | ചേർത്തല | 45105 |
| 16 | ചങ്ങനാശ്ശേരി | 51967 |
| 17 | കോട്ടയം | 144911 |
| 18 | പാലാ | 22640 |
| 19 | വൈക്കം | 22641 |
| 20 | തൊടുപുഴ | 46246 |
| 21 | മൂവാറ്റുപുഴ | 29246 |
| 22 | തൃപ്പൂണിത്തുറ | 81601 |
| 23 | മരട് | 41012 |
| 24 | തൃക്കാക്കര | 65984 |
| 25 | ഏലൂർ | 35573 |
| 26 | കളമശ്ശേരി | 63116 |
| 27 | ആലുവ | 24110 |
| 28 | കോതമംഗലം | 37173 |
| 29 | പെരുമ്പാവൂർ | 26547 |
| 30 | അങ്കമാലി | 33409 |
| 31 | നോർത്ത് പറവൂർ | 30059 |
| 32 | കൊടുങ്ങല്ലൂർ | 33539 |

| | | |
|---|---|---|
| 33 | ചാലക്കുടി | 48380 |
| 34 | ഇരിഞ്ഞാലക്കുട | 60507 |
| 35 | ചാവക്കാട് | 38138 |
| 36 | ഗുരുവായൂർ | 67006 |
| 37 | കുന്നംകുളം | 51592 |
| 38 | ചിറ്റൂർ-തത്തമംഗലം | 31886 |
| 39 | പാലക്കാട് | 130767 |
| 40 | ഒറ്റപ്പാലം | 49242 |
| 41 | ഷൊർണ്ണൂർ | 42029 |
| 42 | പൊന്നാനി | 87495 |
| 43 | പെരിന്തൽമണ്ണ | 44612 |
| 44 | തിരൂർ | 53654 |
| 45 | കോട്ടയ്ക്കൽ | 39554 |
| 46 | മലപ്പുറം | 58491 |
| 47 | മഞ്ചേരി | 83707 |
| 48 | നിലമ്പൂർ | 46342 |
| 49 | കൊയിലാണ്ടി | 68952 |
| 50 | വടകര | 75847 |
| 51 | കൽപ്പറ്റ | 29612 |
| 52 | തലശ്ശേരി | 99387 |
| 53 | കൂത്തുപറമ്പ് | 28532 |
| 54 | മട്ടന്നൂർ | 44313 |
| 55 | തളിപ്പറമ്പ് | 67507 |
| 56 | പയ്യന്നൂർ | 68734 |
| 57 | നീലേശ്വരം | 42268 |
| 58 | കാഞ്ഞങ്ങാട് | 65503 |
| 59 | കാസർഗോഡ് | 52634 |
| 60 | കണ്ണൂർ | 63797 |

## ബഹുനില പാർക്കിംങ് കോംപ്ളക്സുകൾ

115 (2948) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നഗരത്തിൽ ബഹുനില പാർക്കിംഗ് കോംപ്ളക്സുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

നഗരകാര്യവകുപ്പുമുഖേന പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടില്ല. എന്നാൽ ചില വികസന അതോറിറ്റികൾ മുഖേന നഗരങ്ങളിൽ ബഹുനില പാർക്കിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.

## നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകളും വിശദമായ നഗര പ്ലാനുകളും

116 (2949) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകളും വിശദമായ നഗര പ്ലാനുകളും തയ്യാറാക്കുക എന്ന ലക്ഷ്യം മുൻനിർത്തി നടപ്പിലാക്കിയ കാര്യങ്ങൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത ലക്ഷ്യം മുൻനിർത്തി ആദ്യഘട്ടമായി തെരഞ്ഞെടുത്ത നഗരങ്ങളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന നടപടി വിജയകരമായി പൂർത്തീകരിച്ചുവോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് അവശേഷിക്കുന്ന നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകളും മുൻഗണനാക്രമത്തിൽ നിശ്ചയിച്ചിട്ടുള്ള നഗരങ്ങളുടെ വിശദമായ നഗര പ്ലാനുകളും തയ്യാറാക്കുന്ന നടപടി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നഗരസഭകൾക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി 2008-2009 മുതൽ സ്കീം ഫോർ പ്രിപ്പറേഷൻ ഓഫ് മാസ്റ്റർ പ്ലാൻ ആന്റ് ഡീറ്റെയിൽഡ് ടൗൺ പ്ലാൻസ് എന്ന സ്കീം ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. സംസ്ഥാനത്തെ എല്ലാ നഗരപ്രദേശങ്ങളിലും മാസ്റ്റർ പ്ലാനുകളുടെ അടിസ്ഥാനത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെയുള്ള ആസൂത്രിത വികസനം സാധ്യമാകുക എന്നതാണ് ടി സ്കീമിന്റെ ഉദ്ദേശ്യ ലക്ഷ്യം. നഗരസഭകളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന്റെ

ഭാഗമായി പദ്ധതിയുടെ ആദ്യഘട്ടത്തിന് G.O. (Rt.) No. 3982/2008/LSGD dated 13-11-2008 പ്രകാരം സർക്കാർ ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു. തുടർന്ന് G.O. (Rt.) No. 2766/2009/LSGD dated 24-10-2009, G.O. (Rt.) No. 2767/2009/LSGD dated 24-10-2009 എന്നീ ഉത്തരവുകൾ മുഖാന്തിരം മേൽ സ്കീമിന് ആവശ്യമായ വിശദ മാർഗ്ഗ രേഖകൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. മേൽ സ്കീമിന്റെ രണ്ടാം ഘട്ടത്തിനായി G. O. (Rt.) No. 1376/2012/LSGD dated 17-5-2012, G. O. (Rt.) No. 2664/2012/LSGD dated 24-9-2012 എന്നീ ഉത്തരവുകൾ പ്രകാരവും മൂന്നാം ഘട്ടത്തിന് G. O. (Rt.) No. 2955/2015/LSGD dated 20-9-2015 പ്രകാരവും സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പദ്ധതിയുടെ ആദ്യഘട്ടത്തിൽ 32 മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കാൻ തീരുമാനിക്കുകയും ഇതിനകം 30 കരട് മാസ്റ്റർ പ്ലാനുകൾ പൂർത്തീകരിക്കുകയും ചെയ്തു. ഇവയിൽ 5 മാസ്റ്റർ പ്ലാനുകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. 12 മാസ്റ്റർ പ്ലാനുകൾ പ്രസിദ്ധീകരിച്ചു കഴിഞ്ഞു. ബാക്കി മാസ്റ്റർ പ്ലാനുകളുടെ കാര്യത്തിൽ പ്രസിദ്ധീകരണത്തിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു. മറ്റ് രണ്ട് പ്ലാനുകളുടെയും കരട് തയ്യാറാക്കിയിട്ടുണ്ട്.

(സി) മാസ്റ്റർ പ്ലാനുകളും വിശദ നഗരാസൂത്രണ പദ്ധതികളും തയ്യാറാക്കുന്നതിനുള്ള പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി 31 പട്ടണങ്ങളുടെ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിവരുന്നു. ഇവയിൽ 11 പട്ടണങ്ങളുടെ കരട് മാസ്റ്റർ പ്ലാനുകൾ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾക്കായി അതത് നഗരസഭകളുടെ പരിഗണനയിലാണ്. മറ്റ് 20 പട്ടണങ്ങളുടെ പ്ലാനുകൾ തയ്യാറാക്കിവരികയാണ്. സർക്കാരിന്റെ 3-9-2015 തീയതിയിലെ ജി. ഒ. (ആർറ്റി.) നമ്പർ 2679/2015/തസ്വഭവ.യുടെ അടിസ്ഥാനത്തിൽ പുതുതായി രൂപീകരിച്ച നഗരസഭകൾക്ക് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കാൻ അനുമതി നൽകിയിട്ടുണ്ട്. പ്ലാനുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## തസ്തികകളുടെ ഏകീകരണം

117 (2950) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൗൺ പ്ലാനിംഗ് ഓഫീസിലെ ചെയിൻമാൻ, ഓഫീസ് അറ്റൻഡന്റ് തസ്തികകൾ ഏകീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഏതെങ്കിലും ജില്ലകളിൽ ഇത്തരം ഏകീകരണം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) ടൗൺ പ്ലാനിംഗ് വകുപ്പിൽ നിലവിലുള്ള ചെയിൻമാൻ, ഓഫീസ് അറ്റൻഡന്റ് തസ്തികകൾ എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ടൗൺ പ്ലാനിംഗ് ഓഫീസിലെ ചെയിൻമാൻ, ഓഫീസ് അറ്റൻഡന്റ് തസ്തികകൾ ഏകീകരിക്കുന്നതിന് മുഖ്യനഗരാസൂത്രകനിൽ നിന്നും ലഭിച്ച ശിപാർശ പരിശോധിച്ചു വരുന്നു.

(ഡി) ടൗൺ പ്ലാനിംഗ് വകുപ്പിൽ നിലവിലുള്ള ചെയിൻമാൻ, ഓഫീസ് അറ്റൻഡന്റ് തസ്തികകൾ ജില്ല തിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.*

**വികസന പദ്ധതികൾ**

118 (2951) <u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ചു വർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും ആയതിനു വകയിരുത്തിയ തുക എത്രയെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ-സി) ന്യൂനപക്ഷക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളായ വിധവ/ വിവാഹബന്ധം വേർപെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഭവന നിർമ്മാണ പദ്ധതി, കരിയർ ഗൈഡൻസ് പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതിയായ എം.എസ്.ഡി.പി. പദ്ധതി എന്നിവ ജില്ലാ തലത്തിൽ അതത് ജില്ലകളിലെ ജില്ലാ കളക്ടർമാർക്ക് നിർവ്വഹണ ചുമതല നൽകി നടപ്പിലാക്കി വരുന്ന പദ്ധതികളാണ്. ഇതിന്റെ അടിസ്ഥാനത്തിൽ കൽപ്പറ്റ മണ്ഡലത്തിൽ നടപ്പിലാക്കിയ ടി പദ്ധതികളുടെ വിശദാംശങ്ങൾ സംബന്ധിച്ച് വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടറുടെ നിയമനം**

119 (2952) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടറുടെ നിയമനം നടത്തിയിട്ടുണ്ടോ; ഇതു സംബന്ധിച്ച ഉത്തരവ് സഭയുടെ മേശപ്പുറത്ത് വയ്ക്കുമോ;

(ബി) നിയമനത്തിനായുള്ള തെരഞ്ഞെടുപ്പ് പ്രക്രിയയുടെ മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നു;

(സി) സ്വകാര്യ എയ്ഡഡ് കോളേജിൽ ജോലി ചെയ്യുന്ന ആളെ വകുപ്പ് ഡയറക്ടർ ആക്കിയത് ഏത് ചട്ടത്തിന്റെ അടിസ്ഥാനത്തിലാണ് എന്ന് അറിയിക്കാമോ;

(ഡി) ഇത്തരം നിയമനങ്ങളെ സംബന്ധിച്ച് സുപ്രീം കോടതി പുറപ്പെടുവിച്ച വിധിക്കെതിരാണ് ഈ നിയമനം എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഡയറക്ടറുടെ നിയമനത്തെ സംബന്ധിച്ച് ഗവർണ്ണർ റിപ്പോർട്ട് ആരാഞ്ഞിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് എന്ത് നിലപാട് സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ-ഡി) ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടറുടെ നിയമനം റഗുലറൈസ് ചെയ്തുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ഇ) ഉണ്ട്.

**ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ**

120 (2953) <u>ശ്രീ. റ്റി. യു. കുരുവിള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ പ്രമോട്ടർമാരെ നിയമിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ന്യൂനപക്ഷക്ഷേമ വകുപ്പിൻ കീഴിൽ നിലവിൽ നൽകുന്ന ആനുകൂല്യ ങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന വിവിധ ക്ഷേമ പദ്ധതികൾ കാലോചിതമായി പരിഷ്കരിച്ച് നടപ്പാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ;

(ഡി) എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ന്യൂനപക്ഷ പ്രമോട്ടർമാരെ പുനർനിയമിക്കണമെന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

(ബി) ന്യൂനപക്ഷ മതവിഭാഗങ്ങളിലെ കുട്ടികൾക്ക് സി.എ./ഐ.സി.ഡബ്ല്യൂ.എ./ സി.എസ്. സ്കോളർഷിപ്പ് പദ്ധതി, കരിയർ ഗൈഡൻസ് പ്രോഗ്രാം.

നിർധനരായ ന്യൂനപക്ഷ മതവിഭാഗത്തിലെ വിധവകൾക്കുള്ള ഭവന നിർമ്മാണ പദ്ധതി.

ന്യൂനപക്ഷ മതവിഭാഗങ്ങളിൽപ്പെടുന്ന, അംഗീകാരമുള്ള പ്രൈവറ്റ് ഐ.റ്റി.ഐ. കളിൽ പഠിക്കുന്ന കുട്ടികൾക്കുള്ള ഫീ-റീഇംബേഴ്സ്മെന്റ് സ്കീം.

ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ളവിതരണ പദ്ധതി.

ന്യൂനപക്ഷ മതവിഭാഗങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണം നടത്തുന്നതിനുള്ള ഫെല്ലോഷിപ്പ് പദ്ധതി.

ബഹുമുഖ വികസന പദ്ധതി (എം.എസ്.ഡി.പി.)

പുലിക്കോട്ടിൽ ഹൈദർ സ്മാരക കലാപഠന കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണം.

എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും 'എ' പ്ലസ് ലഭിച്ച, മദ്രസ്സാദ്ധ്യാപക ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്കുള്ള കാഷ് അവാർഡ്.

മദ്രസ്സാദ്ധ്യാപക ക്ഷേമനിധി അംഗങ്ങളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായ പദ്ധതി.

സിവിൽ സർവ്വീസ് പരീക്ഷ പരിശീലനം-കോഴ്സ് ഫീസ്/ഹോസ്റ്റൽ ഫീസ് റീ-ഇംബേഴ്സ്മെന്റ് പദ്ധതി.

ഉറുദു ഒന്നാം ഭാഷയായി പഠിച്ച് എല്ലാ വിഷയങ്ങൾക്കും 'എ' പ്ലസ് ഗ്രേഡ് നേടിയ വിദ്യാർത്ഥികൾക്കുള്ള കാഷ് അവാർഡ്.

(സി ആന്റ് ഡി) ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന വിവിധ ക്ഷേമപദ്ധതികൾ കാലോചിതമായി പരിഷ്കരിക്കാറുണ്ട്. 2016-17 ബഡ്ജറ്റിൽ ന്യൂനപക്ഷ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് 3.5 കോടി രൂപയും വൈദഗ്ദ്ധ്യ വികസനത്തിനായി 4 കോടി രൂപയും നീക്കിവെച്ചിട്ടുണ്ട്.

**ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള പദ്ധതികൾ**

121 (2954) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്ക് വേണ്ടി നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതിക്ക് വേണ്ടി ബഡ്ജറ്റിൽ അനുവദിച്ച തുക എത്രയെന്നും വിനിയോഗിച്ച തുക എത്രയാണെന്നും പറയാമോ?

<u>ഉത്തരം</u>

(എ ആന്റ് ബി) അനുബന്ധമായി ചേർക്കുന്നു.*

**ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടറുടെ നിയമനം**

122 (2955) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടറുടെ നിയമനം നടത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച നിയമന ഉത്തരവ് സഭയുടെ മേശപ്പുറത്ത് വയ്ക്കുമോ;

(ബി) പ്രസ്തുത നിയമനത്തിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) വകുപ്പദ്ധ്യക്ഷൻമാരുടെ നിയമനരീതിക്ക് അനുസൃതമായിട്ടാണോ ന്യൂനപക്ഷക്ഷേമ ഡയറക്ടറുടെ നിയമനം നടത്തിയതെന്നറിയിക്കാമോ;

(ഡി) ഇപ്പോൾ നടത്തിയിരിക്കുന്ന നിയമനത്തിനുപിന്നിൽ അഴിമതിയും സ്വജനപക്ഷപാതവും നിയമവിരുദ്ധ നടപടികളുമുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച നിലപാട് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-ഡി) ന്യൂനപക്ഷക്ഷേമ വകുപ്പ് ഡയറക്ടർ നിയമനം റഗുലറൈസ് ചെയ്തുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

**രാഷ്ട്രീയ കൃഷി വികാസ് യോജന-എറണാകുളം ജില്ല**

123 (2956) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.കെ.വി.വൈ. പദ്ധതി പ്രകാരം നടപ്പുസാമ്പത്തിക വർഷത്തിൽ എറണാകുളം ജില്ലയിൽ എത്ര പ്രവൃത്തികളാണ് നടപ്പാക്കിയതെന്ന് വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ജില്ലയിലേക്ക് നടപ്പുസാമ്പത്തികവർഷം അനുവദിച്ച തുകയിൽ ഇതുവരെ എത്ര രൂപ വിനിയോഗിച്ചുവെന്ന് വിശദമാക്കാമോ;

(സി) ഏതെല്ലാം പ്രവൃത്തികളാണ് ഇനിയും പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷി വകുപ്പ് നെൽകൃഷി വികസന പദ്ധതി, തരിശുനിലത്തിൽ നെൽകൃഷി എന്നീ പദ്ധതികളും ക്ഷീരവികസന വകുപ്പ് ലക്ഷം യുവജനങ്ങൾക്കായുള്ള പ്രത്യേക തൊഴിൽദാന പദ്ധതിയും ഫിഷറീസ് വകുപ്പ് ശുദ്ധജല മത്സ്യകൃഷി, പാടശേഖരത്തിലെ മത്സ്യകൃഷി, ഓരുജല ചെമ്മീൻ കൃഷി, കല്ലുമ്മേക്കായ കൃഷി എന്നിവയും നടപ്പു സാമ്പത്തിക വർഷം നടപ്പിലാക്കി വരുന്നു.

(ബി) കൃഷി വകുപ്പ് 56.025 ലക്ഷം രൂപയും ഫിഷറീസ് വകുപ്പ് 55 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) കൃഷി വകുപ്പ് നടപ്പിലാക്കുന്ന റീ വൈറ്റലൈസേഷൻ ഓഫ് പൊക്കാളി പാഡി എന്ന പദ്ധതിയും കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന അങ്കമാലി മുനിസിപ്പാലിറ്റിയിലെ നെട്ടം തോടിന്റെയും കര്യാതോടിന്റെയും ഏഴിക്കര പഞ്ചായത്തിലെ സൗത്ത് പൊക്കാളി തേരക്കൽ പാടശേഖരം, കുണ്ടേക്കാവ് കോട്ടുവള്ളി പുഴ പാടശേഖരം റീച്ച്-1, നായരമ്പലം പഞ്ചായത്തിലെ നെടുങ്ങാട് പൊക്കാളി പാടശേഖരത്തിന്റെ നിർമ്മാണ പ്രവൃത്തികൾ എന്നിവയും ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന ഒരു ലക്ഷം യുവജനങ്ങൾക്കായുള്ള തൊഴിൽദാന പദ്ധതിയും ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന കല്ലുമ്മേക്കായ കൃഷി പദ്ധതിയും പൂർത്തീകരിക്കാനുണ്ട്.

**നീര ഉല്പാദനം**

124 (2957) <u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u> :
<u>ശ്രീ. സി. മമ്മൂട്ടി</u> :
<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> :
<u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീര ഉല്പാദനം പ്രോത്സാഹിപ്പിയ്ക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) നീര ഉല്പന്നങ്ങളുടെ കാര്യത്തിൽ ഉപഭോക്താക്കളുടെ പ്രതികരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) നീര ഉല്പാദനം പ്രതീക്ഷിത നിലവാരത്തിൽ എത്തിക്കുന്നതിനും കേരകൃഷി ലാഭകരമാക്കുന്നതിനും നിലനിൽക്കുന്ന തടസ്സങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) കേരള കാർഷിക സർവ്വകലാശാലയുടെ നേതൃത്വത്തിൽ തെങ്ങിൽ നിന്നും നീരയും തെങ്ങിൻ പൂങ്കുലയിൽനിന്നും കേരചക്കരയും ഉത്പാദനം സംബന്ധിച്ച് ഡെമോൺസ്ട്രേഷനും പരിശീലനത്തിനുമായി ഒരു പൈലറ്റ് പ്രോജക്റ്റ് 2013-14-ൽ നീലേശ്വരം കേന്ദ്രമാക്കി ആരംഭിച്ചുകൊണ്ട് 2014-15-ൽ തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. നീര പൈലറ്റ് പ്രോജക്ട് ചെലവിനായി 130 ലക്ഷം രൂപ കേരള സർവ്വകലാശാലയ്ക്ക് നൽകി. നീരയുടെ വിപണന ചുമതല നാളികേര വികസന കോർപ്പറേഷന് നൽകിക്കൊണ്ട് ചെലവുകൾക്കായി 180 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിൽ സ്ഥാപിച്ചിട്ടുള്ള വെന്റിംഗ് മെഷീൻ മുഖേനയും ഏലത്തൂർ, ഇടപ്പള്ളി എന്നിവിടങ്ങളിലുള്ള വില്പന കേന്ദ്രങ്ങളിലൂടെയും നാളികേര വികസന കോർപ്പറേഷൻ നീര വിപണനം നടത്തിവരുന്നു. പൈലറ്റ് പ്രോജക്റ്റിൽ ഉൾപ്പെടുത്തി നീര ഉത്പാദനവുമായി ബന്ധപ്പെട്ട് പരിശീലനപരിപാടികളും കേരള കാർഷിക സർവ്വകലാശാല സംഘടിപ്പിച്ചിട്ടുണ്ട്.

നീരയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉത്പാദനവും വിപണനവും ശക്തിപ്പെടുത്തുന്നതിനായി കൃഷി, എക്സൈസ് വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനം ഉറപ്പുവരുത്തി കാർഷികോത്പാദന കമ്മീഷണർ ചെയർമാനും എക്സൈസ് കമ്മീഷണർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായി നാളീകേര-നീര ബോർഡ് രൂപീകരിച്ചിട്ടുണ്ട്. 22-6-2015-ലെ സ. ഉ. (എംഎസ്.) നമ്പർ 111/2015/കൃഷി പ്രകാരം നീര ഉത്പാദനം ത്വരിതപ്പെടുത്തുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. അതുപ്രകാരം നാളികേര-നീര ബോർഡിന്റെ മുഖ്യചുമതല നീര മാർക്കറ്റിംഗ് പ്രൊമോട്ട് ചെയ്യുക എന്നതാണ്.

സംസ്ഥാനത്ത് നീര ഉത്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനും ബോണഫൈഡ് ജാഗറി ഉത്പാദകർ, കേരള സ്റ്റേറ്റ് ബിവറേജസ് (മാനുഫാക്ച്ചറിംഗ് &മാർക്കറ്റിംഗ്) കോർപ്പറേഷൻ ലിമിറ്റഡ്, കോക്കനട്ട് പ്രൊഡ്യൂസർ സൊസൈറ്റി/സമിതി, കോക്കനട്ട് പ്രൊഡ്യൂസർ ഫെഡറേഷൻ,

കേരള കാർഷിക സർവ്വകലാശാല, കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, കോക്കനട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ, കേരഫെഡ് എന്നിവയ്ക്ക് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

നാളികേര വികസന ബോർഡിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കൊല്ലം ജില്ലയിലെ കൈപ്പുഴ നാളികേര ഉത്പാദക കമ്പനി, കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി നാളികേര ഉത്പാദക കമ്പനി, ആലപ്പുഴ ജില്ലയിലെ കരപ്പുറം നാളികേര ഉത്പാദക കമ്പനി എന്നിവയ്ക്ക് നീര ഉത്പാദക യൂണിറ്റ് സ്ഥാപിച്ചതിന് 50 ലക്ഷം രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്.

(ബി) ഉപഭോക്താക്കളിൽനിന്നും നീരയ്ക്കും നീര ഉത്പന്നങ്ങൾക്കും നല്ല പ്രതികരണമാണ് ലഭിച്ചിട്ടുള്ളത്. നീര ഉത്പന്നങ്ങളുടെ പ്രചരണാർത്ഥം സംഘടിപ്പിച്ച ജില്ലാതല സെമിനാറുകൾ പ്രദർശനങ്ങൾ എന്നിവയ്ക്ക് ഉപഭോക്താക്കളിൽനിന്നും മികച്ച പ്രതികരണമാണ് ലഭിച്ചത്.

(സി) നീര ഉത്പാദനം പ്രതീക്ഷിത നിലവാരത്തിൽ എത്തിക്കുന്നതിനും കേരകൃഷി ലാഭകരമാക്കുന്നതിനും നിലവിൽ തടസ്സങ്ങൾ ഇല്ല.

**ജൈവ കാർഷിക മണ്ഡലം പദ്ധതി**

125 (2958) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംബ്ലി നിയോജകമണ്ഡല അടിസ്ഥാനത്തിൽ ജൈവ കാർഷിക മണ്ഡലം പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം നിയോജക മണ്ഡലങ്ങളിലാണ് മണ്ഡലതല യോഗങ്ങൾ നാളിതുവരെ വിളിച്ചു ചേർക്കപ്പെടാത്തതെന്ന് അറിയിക്കുമോ;

(സി) ഇത്തരം യോഗങ്ങൾ വിളിച്ചുകൂട്ടി മണ്ഡലം സമിതികൾ രൂപീകരിക്കുവാൻ ചുമതലപ്പെടുത്തിയ അസിസ്റ്റന്റ് ഡയറക്ടർമാർ അപ്രകാരം ചെയ്തിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇല്ലായെങ്കിൽ എല്ലാ നിയോജക മണ്ഡലങ്ങളിലും സമിതികൾ എത്രയും വേഗം രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

## ജൈവ വൈപ്പിൻ പദ്ധതി

126 (2959) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ വൈപ്പിൻ പദ്ധതി പ്രകാരം വൈപ്പിൻ മണ്ഡലത്തിൽ നടന്നു വരുന്ന പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) വിവിധ പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി അനുവദിച്ചിരിക്കുന്ന തുക എത്രയെന്നും, നിർമ്മാണം ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ;

(സി) പ്രവൃത്തികൾ നടപ്പാക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നേരിടുന്നുണ്ടോ; വിശദമാക്കാമോ; എങ്കിൽ തടസ്സങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ഡി) നിർമ്മാണ പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ജൈവ വൈപ്പിൻ പദ്ധതിപ്രകാരം RIDF XX-ൽ ഉൾപ്പെടുത്തി 10 പദ്ധതികൾക്ക് 56.59 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ആദ്യത്തെ 9 പ്രവൃത്തികൾക്ക് എഗ്രിമെന്റ് വച്ച് പണികൾ പുരോഗതിയിലാണ്. പത്താമത്തെ പദ്ധതി 10 പ്രവൃത്തികളായി തിരിച്ച് 7 പ്രവൃത്തികൾ ടെണ്ടർ ചെയ്യുകയും 3 പ്രവൃത്തികൾക്ക് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയും വരുന്നു.

(ബി)

1. പുത്തൻപാടം - 487.21 ലക്ഷം രൂപ പണികൾ പുരോഗതിയിലാണ്.
2. എടവനക്കാട് - 219.66 ലക്ഷം രൂപ പണികൾ പുരോഗതിയിലാണ്.
3. വലിയകടമക്കുടി - 196.68 ലക്ഷം രൂപ പണികൾ പുരോഗതിയിലാണ്.
4. അരങ്ങിൽ അയ്യംപിള്ളി - 146.77 ലക്ഷം രൂപ പണികൾ പുരോഗതിയിലാണ്.
5. ചെറുകടമക്കുടി - 180.04 ലക്ഷം രൂപ പണികൾ പുരോഗതിയിലാണ്.
6. വെസ്റ്റ് നെടുമങ്ങാട് - 239.69 ലക്ഷം രൂപ പണികൾ ആരംഭിച്ചു.
7. സെൻട്രൽ നെടുമങ്ങാട് - 260.34 ലക്ഷം രൂപ പണികൾ ആരംഭിച്ചു

8. ഈസ്റ്റ് നെടുമങ്ങാട് - 107.91 ലക്ഷം രൂപ പണികൾ പുരോഗതിയിലാണ്

9. ചക്കരച്ചാൽ -129.20 ലക്ഷം രൂപ പണികൾ പുരോഗതിയിലാണ്

10. എറണാകുളം ജില്ലയിലെ ജൈവ വൈപ്പിൻ പ്രദേശത്തെ കനാലുകളുടെ പുനരുദ്ധാരണം - 3691.78 ലക്ഷം രൂപ 10 പ്രവൃത്തികളായി തിരിച്ച് 7 പ്രവൃത്തികൾ ടെണ്ടർ ചെയ്തു. 3 എണ്ണത്തിന് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(സി) ചെമ്മീൻ കെട്ട് നടക്കുന്നതിനാൽ സ്ലൂയിസ്, എഞ്ചിൻതറ എന്നിവയുടെ പണികൾ ഏപ്രിൽ 14-ന് ശേഷമേ ആരംഭിക്കുവാൻ കഴിയുകയുള്ളൂ. ഉപ്പുവെള്ളത്തിന്റെ കാഠിന്യമുള്ളതിനാൽ മേസന്റെ പണികൾ മൺസൂൺ സീസണിൽ മാത്രമേ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

(ഡി) RIDF XX-ലെ പദ്ധതികൾക്ക് നബാർഡ് അനുവദിച്ചിട്ടുള്ള പൂർത്തീകരണ കാലാവധി 31-3-2018 വരെയാണ്.

## ഫാം ഇൻഫർമേഷൻ ബ്യൂറോ

127 (2960) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാം ഇൻഫർമേഷൻ ബ്യൂറോയിലെ നിയമനങ്ങൾ പി.എസ്.സി. മുഖേനയാണോ നടത്തുന്നത്;

(ബി) ബ്യൂറോയിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ഫോട്ടോഗ്രാഫർമാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന് സ്വീകരിച്ച മാനദണ്ഡം വിശദമാക്കുമോ ; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) കരാർ അടിസ്ഥാനത്തിൽ നിയമിച്ചതിന്റെ മാനദണ്ഡം വിശദമാക്കുമോ?

### ഉത്തരം

(എ) അതെ.

(ബി&സി) ഫോട്ടോഗ്രാഫർ/ഫോട്ടോ ആർട്ടിസ്റ്റ് തസ്തിക വളരെക്കാലമായി ഒഴിഞ്ഞുകിടക്കുന്നതിനാൽ സർക്കാരിന്റെ പദ്ധതികളുടെയും പൊതു പരിപാടികളുടെയും ശരിയായ ഡോക്യുമെന്റേഷൻ ഉറപ്പുവരുത്തുന്നതിലേയ്ക്കാണ് ഫോട്ടോഗ്രാഫറെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചത്. പ്രസ്തുത നിയമനത്തിന് സ. ഉ. (എംഎസ്.) നമ്പർ 245/2014/കൃഷി തീയതി 25-10-2014 പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

## എൻഡോ സൾഫാൻ ദുരിത ബാധിതർ

128 (2961) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ എൻഡോ സൾഫാൻ ദുരിത ബാധിതർക്കായി തയ്യാറാക്കിയ ലിസ്റ്റിൽ അനധികൃതമായി ആരെങ്കിലും ഉൾപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടവരുടെയും ഉൾപ്പെടാത്തവരുടേയും വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

ഇത് സംബന്ധിച്ച ലിസ്റ്റ് തയ്യാറാക്കിയത് കൃഷി വകുപ്പല്ലാത്തതിനാൽ വിശദവിവരങ്ങൾ ലഭ്യമല്ല.

## ജൈവ വൈപ്പിൻ പദ്ധതി

129 (2962) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ വൈപ്പിൻ പദ്ധതിയിലുൾപ്പെടുത്തിക്കൊണ്ട് വൈപ്പിൻ മണ്ഡലത്തിലെ ഏതെല്ലാം തോടുകളാണ്ആഴം വർദ്ധിപ്പിക്കൽ പ്രവൃത്തികൾക്കായി നിശ്ചയിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തികൾക്ക് ഓരോന്നിനും എത്ര തുക വീതം വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ കാലതാമസം എന്തുകൊണ്ടെന്നും വിശദമാക്കാമോ;

(സി) പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ജൈവ വൈപ്പിൻ പദ്ധതിയിലുൾപ്പെടുത്തിക്കൊണ്ട് വൈപ്പിൻ മണ്ഡലത്തിലെ താഴെപ്പറയുന്ന തോടുകളാണ് ആഴം വർദ്ധിപ്പിക്കൽ പദ്ധതിക്കായി നിശ്ചയിച്ചിട്ടുള്ളത്:

1. മീരൻപുഴ, ചാത്തനാട് കായൽ, വരാപ്പുഴ കായൽ
2. വാടയിൽ തോട്
3. കരുത്തല തോട്
4. കുഴപ്പിള്ളി പുത്തൻതോട്

5. വസ്തേരിതേട്

6. രാമവർമ്മ തോട്

7. വെമ്പ്ലായി തോട്

8. പഴങ്ങാട് തോട്

9. അണിയൽതോട്

10. അണിയൽ തോട് -നെടുങ്ങാട് തോട്

മുകളിൽ പറഞ്ഞ പുഴകളുടെയും തോടുകളുടെയും ആഴം വർദ്ധിപ്പിക്കുന്നതിന് 3691.78 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികൾ 10 ഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. ഇതിൽ 1, 9, 10 എന്നീ ഭാഗങ്ങൾക്ക് പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ബാക്കിയുള്ള 7 ഭാഗങ്ങളും ടെണ്ടർ ചെയ്തിട്ടുണ്ട്.

(സി) ഏപ്രിൽ 14 വരെ ചെമ്മീൻകെട്ട് ഉള്ളതിനാൽ അതിനുശേഷം പണികൾ ആരംഭിക്കുന്നതാണ്.

**നിറവ് പദ്ധതി**

130 (2964) <u>ശ്രീ. കെ. അജിത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന നിറവ് പദ്ധതി ഏത് ഘട്ടം വരെയെത്തിയെന്നും പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോയെന്നും വെളിപ്പെടുത്തുമോ;

(ബി) നിറവ് പദ്ധതി പ്രകാരം പ്രസ്തുത നിയോജകമണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും എത്ര തുക വീതമാണ് ചെലവഴിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) നിറവ് പദ്ധതി പൂർത്തീകരിക്കാനുള്ള കാലയളവ് എത്രയെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) 2013-14 വർഷം നിറവ് പദ്ധതി നടപ്പിലാക്കുവാൻ തിരഞ്ഞെടുത്ത നിയോജകമണ്ഡലങ്ങളിൽ ഒന്നാണ് വൈക്കം. പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) നിറവ് പദ്ധതിക്ക് മാത്രമായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. തെരഞ്ഞെടുത്ത നിയോജകമണ്ഡലത്തിന്റെ വികസനത്തിനുവേണ്ടി സമർപ്പിക്കപ്പെടുന്ന പദ്ധതികൾ കൃഷിവകുപ്പിന്റെ സംസ്ഥാനാവിഷ്കൃത പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് നിറവ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നത്.

(സി) ഒരു സാമ്പത്തിക വർഷം

## നിറവ് പദ്ധതി

131 (2965) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. ലൂഡി ലൂയിസ് :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിറവ് പദ്ധതി നടപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2012-13, 2013-14, 2014-15 വർഷങ്ങളിലായി 86 നിയോജകമണ്ഡലങ്ങൾ നിറവ് പദ്ധതി നടപ്പിലാക്കാൻ തെരഞ്ഞെടുത്തിട്ടുണ്ട്. വിത്തുമുതൽ വിപണി വരെ കാർഷിക അനുബന്ധ മേഖലകളുടെ സമഗ്ര വികസനത്തിനായി നിയോജകമണ്ഡലാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന പദ്ധതികൾ ഉൾപ്പെടുന്ന ഒരു പരിപാടിയാണ് 'നിറവ് ഓരോ നിയോജകമണ്ഡലത്തിന്റെയും സമഗ്രവികസനം ലക്ഷ്യമിട്ട് സ്ഥലം എം.എൽ.എ.-യുടെ നേതൃത്വത്തിൽ കാർഷിക മേഖലയുടെ സമഗ്രവികസനത്തിന് ഉതകുംവിധം ഓരോ നിയോജകമണ്ഡലത്തിലും കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൃഷി വ്യാപനം, വിപണനസൗകര്യം വർദ്ധിപ്പിക്കൽ, മൂല്യവർദ്ധനവിലൂടെയും ഉത്പന്ന വൈവിധ്യവത്കരണത്തിലൂടെയും തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, അനുബന്ധ മേഖലകളുടെ വികസനം ഇവയൊക്കെ കർമ്മ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്.

(ബി) ഒരു പ്രദേശത്തിന്റെ സമഗ്രവികസനം ഉറപ്പാക്കുവാൻ കാർഷിക അനുബന്ധ മേഖലകളുടെ ഏകോപനത്തിനുള്ള നടപടി കൃഷിവകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ബഡ്ജറ്റിൽ തുക വകയിരുത്തിട്ടില്ലെങ്കിലും വികസന പ്രവർത്തനങ്ങൾ സംസ്ഥാനാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ കൃഷിവകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്.

## നിറവ് പദ്ധതി-കൽപ്പറ്റ

132 (2966) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കൃഷി വകുപ്പ് മുഖേന കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ നിറവ് പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി കഴിഞ്ഞ വർഷങ്ങളിൽ വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും ആയതിന് വകയിരുത്തിയ തുക എത്രയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 2012-13 വർഷത്തിൽ നിറവ് പദ്ധതി നടപ്പിലാക്കാൻ തിരഞ്ഞെടുത്ത നിയോജകമണ്ഡലങ്ങളിൽ ഒന്നാണ് കല്പറ്റ. 2012-13-ൽ ടി നിയോജകമണ്ഡല ത്തിൽ ആർ.കെ.വി.വൈ. പദ്ധതിയിൽ അംഗീകരിച്ച് ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി:

| | | | |
|---|---|---|---|
| 1 | നെൽ കൃഷി വികസനം | 595 ഹെക്ടർ | 17.70 ലക്ഷം രൂപ |
| 2 | ബയോഗ്യാസ് വികസനം | 40 എണ്ണം | 17.70 ലക്ഷം രൂപ |
| | **ആകെ** | | **35.40 ലക്ഷം രൂപ** |

ഇതുകൂടാതെ കൃഷിവകുപ്പിന്റെ സംസ്ഥാനാവിഷ്കൃത പദ്ധതികൾ പ്രദേശത്ത് അനുയോജ്യമാംവിധം നടപ്പിലാക്കിയിട്ടുണ്ട്. തന്മൂലം ടി മണ്ഡലത്തിൽ കുരുമുളക്, ഇഞ്ചി, വാഴ, പച്ചക്കറി എന്നീ വിളകളുടെ ഉത്പാദനം വർദ്ധിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

(ബി) നിറവ് പദ്ധതിക്കായി ബഡ്ജറ്റിൽ പ്രത്യേകം തുക വകയിരുത്തിയിട്ടില്ല.

(സി) കല്പറ്റ നിയോജകമണ്ഡലത്തിലെ എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

## സമഗ്ര പച്ചക്കറി വികസന പദ്ധതി

133 (2967) ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിൽ ടി പദ്ധതി വഹിക്കുന്ന പങ്ക് പരിഗണിച്ച് ഇത് കൂടുതൽ വ്യാപകമാക്കുന്നതിനും പരിമിതികൾ പരിഹരിച്ച് കാര്യക്ഷമമായി നടപ്പാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2012-13-ൽ തുടങ്ങിയ സമഗ്ര പച്ചക്കറി വികസന പദ്ധതി കഴിഞ്ഞ മൂന്നുവർഷങ്ങളിലായി വളരെ വിജയകരമായി നടപ്പിലാക്കി വരികയാണ്. തുടർന്നും 2016-17 വർഷത്തിൽ ജൈവ പച്ചക്കറി കൃഷിക്ക് ഊന്നൽ നൽകി പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## നെൽ കർഷകർക്ക് പലിശരഹിത വായ്പാ പദ്ധതി

134 (2968) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽ കർഷകർക്ക് പലിശരഹിത വായ്പാ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞോയെന്ന് വ്യക്തമാക്കുമോ;

(ബി) നെൽ കർഷകർക്ക് വേണ്ടി സബ്സിഡി ഇനത്തിൽ ഇതുവരെ എത്ര തുക ചെലഴിച്ചു; എത്ര കർഷകർക്ക് സബ്സിഡിയുടെ പ്രയോജനം ലഭിച്ചു; വ്യക്തമാക്കാമോ?

ഉത്തരം

(എ) നടപ്പിലാക്കിയിട്ടില്ല.

(ബി) 2015-16 വർഷം ഇതുവരെയായി 7663.7 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. ഏകദേശം രണ്ടുലക്ഷത്തോളം കർഷകർക്ക് സബ്സിഡിയുടെ പ്രയോജനം ലഭിക്കുകയുണ്ടായി.

## കർഷക കടാശ്വാസ കമ്മീഷൻ

135 (2969) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കർഷക കടാശ്വാസ കമ്മീഷൻ മുമ്പാകെ ലഭിച്ച ആകെ ലഭിച്ച അപേക്ഷകളിൽ ഇനിയും തീർപ്പാക്കാനുള്ള അപേക്ഷകളുടെ ജില്ലതിരിച്ചുള്ള എണ്ണം ലഭ്യമാക്കാമോ;

(ബി) കാർഷിക തകർച്ചയും മറ്റ് കാരണങ്ങളാലും കൃഷിക്കാർ അവശത അനുഭവിക്കുന്ന സാഹചര്യത്തിൽ അവർക്കുള്ള കടാശ്വാസ അപേക്ഷ തീർപ്പാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണങ്ങൾ പറയാമോ?

ഉത്തരം

(എ) കർഷക കടാശ്വാസ കമ്മീഷൻ മുമ്പാകെ ആകെ ലഭിച്ച അപേക്ഷകളിൽ ഇനിയും തീർപ്പാക്കാനുള്ളവയുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | തീർപ്പാക്കേണ്ട അപേക്ഷകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 2558 |
| 2 | കൊല്ലം | 44 |
| 3 | പത്തനംതിട്ട | 35 |
| 4 | ആലപ്പുഴ | 2627 |
| 5 | കോട്ടയം | 105 |
| 6 | ഇടുക്കി | 37851 |
| 7 | എറണാകുളം | 25 |
| 8 | തൃശ്ശൂർ | 25 |
| 9 | പാലക്കാട് | 2351 |
| 10 | മലപ്പുറം | 239 |
| 11 | കോഴിക്കോട് | 1866 |
| 12 | വയനാട് | 10837 |
| 13 | കണ്ണൂർ | 11733 |
| 14 | കാസർഗോഡ് | 10838 |
| | **ആകെ** | **81134** |

(ബി) കടാശ്വാസത്തിനായി ലഭ്യമായ അപേക്ഷകളിന്മേൽ അർഹത നിശ്ചയിക്കുന്നതിനായി കടാശ്വാസ കമ്മീഷൻ ആക്ട് വ്യവസ്ഥ ചെയ്യുന്ന പ്രകാരം ആവശ്യമായ പരിശോധനകൾ നടത്തേണ്ടതും കക്ഷികളിൽ നിന്നും ബന്ധപ്പെട്ട ബാങ്കുകളിൽനിന്നും ആവശ്യമായ രേഖകൾ വരുത്തി വചാരണ നടത്തേണ്ടതുമുണ്ട്. വിവിധ ജില്ലാകേന്ദ്രങ്ങളിൽ വച്ചും കമ്മീഷൻ ഓഫീസിൽ വച്ചും ലഭ്യമായ ഭൗതിക സാഹചര്യമുപയോഗിച്ച് പരമാവധി വേഗത്തിൽ അപേക്ഷകൾ തീർപ്പാക്കിവരുന്നു.

**കർഷക കടാശ്വാസ കമ്മീഷൻ**

136 (2970) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടാശ്വാസ കമ്മീഷൻ രൂപീകരിച്ചതെന്നാണെന്ന് വ്യക്തമാക്കാമോ;

(ബി) ഏത് തീയതി വരെയുള്ള കടബാദ്ധ്യതകൾക്കാണ് കടാശ്വാസം അനുവദിച്ചിരുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) വയനാട്ടിലെ കർഷകർക്ക് വായ്പകൾക്കായി അപേക്ഷിക്കുവാനുള്ള അവസാന തീയതി എന്നായിരുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 19-3-2007-ലാണ് കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ രൂപീകരിച്ചത് (എസ്.ആർ.ഒ. നമ്പർ 247/2007).

(ബി) വയനാട് ഒഴികെയുള്ള ജില്ലകളിലെ കർഷകരിൽനിന്ന് 18-1-2007-നോ അതിനുമുമ്പോ ലഭിക്കാനുള്ള ബാധ്യതകൾക്കും വയനാട് ജില്ലയിലെ കർഷകരുടെ 31-10-2011 വരെയുള്ള കടങ്ങൾക്കുമാണ് കടാശ്വാസം അനുവദിക്കുന്നത്.

(സി) വയനാട് ഉൾപ്പെടെ എല്ലാ ജില്ലകളിലെയും കർഷകൾക്ക് കടാശ്വാസത്തിനായി അപേക്ഷിക്കാനുള്ള അവസാന തീയതി 31-10-2015 ആയിരുന്നു.

**കർഷക കടാശ്വാസ കമ്മീഷൻ**

137 (2971) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കർഷക കടാശ്വാസ കമ്മീഷൻവഴി ചെറുകിട-ഇടത്തരം കർഷകർക്ക് ഇതുവരെ ലഭ്യമാക്കിയ ധനസഹായത്തിന്റെ കണക്കുകൾ ലഭ്യമാക്കാമോ;

(ബി) ഇതുവരെയുള്ള അപേക്ഷകരിൽ എത്ര പേർക്ക് ഇനി ധനസഹായം നൽകേണ്ടതുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കർഷക കടാശ്വാസ കമ്മീഷന്റെ ശിപാർശ പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 89.39 കോടി രൂപ കടാശ്വാസമായി നൽകിയിട്ടുണ്ട്.

(ബി) കർഷക കടാശ്വാസ കമ്മീഷനിൽ ലഭിച്ചവയിൽ 81134 അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുണ്ട്.

**ഇൻകം ഗ്യാരന്റിയും വിലനിർണ്ണയ അവകാശവും**

138 (2972) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് 90 ശതമാനം സർക്കാർ പ്രീമിയത്തോടുകൂടി ഇൻകം ഗ്യാരന്റിയും വിലനിർണ്ണയ അവകാശവും എന്ന പദ്ധതി 2014-15-ലെ ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ടിരുന്നുവോ;

(ബി) പദ്ധതി നടത്തിപ്പിലൂടെ ലക്ഷ്യമിട്ടിരുന്നത് എന്തെല്ലാമാണ്; പ്രസ്തുത ലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിയ്ക്കായി 2014-15-ൽ എന്ത് തുകയാണ് നീക്കിവച്ചിരുന്നത്; 2014-15-ൽ ഇതിൽ എന്ത് തുക ചെലവഴിക്കപ്പെട്ടുവെന്നറിയിക്കാമോ?

ഉത്തരം

(എ & ബി) പ്രഖ്യാപിച്ചിരുന്നു. പ്രാഥമിക മേഖലയിലെ കൃഷിക്കാർക്ക് തങ്ങളുത്പാദിപ്പിക്കുന്ന വിഭവങ്ങളുടെ വില നിശ്ചയിക്കുന്നതിനും കർഷകർക്ക് ഉത്പാദനച്ചെലവിന് ഉപരിയായി ന്യായമായ ലാഭം (fair returns) ഉറപ്പുവരുത്തുന്നതിനുമാണ് ചെറുകിട നാമമാത്ര കർഷകർക്കുവേണ്ടി ഒരു ഇൻകം ഗ്യാരന്റി സ്കീം പ്രഖ്യാപിച്ചത്. ഇതിനായി ഇൻഷ്വറൻസ് കമ്പനികൾ മുഖേന 25 പ്രധാന വിളകളെ ഇൻഷ്വർ ചെയ്യുന്ന പദ്ധതിയിൽ പ്രീമിയത്തിന്റെ 90 ശതമാനം സർക്കാർ വിഹിതവും 10 ശതമാനം ഉപഭോക്തൃവിഹിതവും എന്ന നിലയിലാണ് വിഭാവന ചെയ്തിരുന്നത്.

(സി) 2014-15 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പ്രസ്തുത പദ്ധതിക്കായി തുകയൊന്നും വകയിരുത്തുകയുണ്ടായില്ല.

## കർഷക രജിസ്ട്രേഷൻ പദ്ധതി

139 (2973) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷക രജിസ്ട്രേഷൻ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ; ഓരോ കാർഷിക മേഖലയിലും നാളിതുവരെ എത്ര കർഷകരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത രജിസ്ട്രേഷൻ പൂർത്തീകരിച്ചിട്ടില്ലായെങ്കിൽ എന്നേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഇല്ല. കർഷക രജിസ്ട്രേഷന്റെ രണ്ടാംഘട്ടത്തിനുവേണ്ടി അപേക്ഷകൾ സ്വീകരിക്കുന്നതിന് സർക്കാർ നിശ്ചയിച്ചിരുന്ന അവസാന തീയതിയായ 17-8-2013 (ചിങ്ങം 1) വരെ കാർഷിക മേഖലയിൽ 18.7 ലക്ഷം കർഷകരുടെ അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ 16-2-2016 വരെ 17.59 ലക്ഷം കർഷകരുടെ അപേക്ഷകൾ ഓൺലൈനായി ഡേറ്റാബേസിൽ ചേർക്കുകയും ചെയ്തു. ഇതിൽ മറ്റ് പ്രസക്തമായ വിവരങ്ങൾ, ആധാർ നമ്പർ എന്നിവകൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കർഷകരുടെ ഓൺലൈൻ രജിസ്ട്രേഷൻ നടപടികൾ തുടരുന്നു.

(ബി) 15-9-2015-ലെ സ. ഉ. (സാധാ.) നമ്പർ 1546/15/കൃഷി പ്രകാരം കർഷകരുടെ ഓൺലൈൻ രജിസ്ട്രേഷൻ നടപടികൾ തുടരുന്നു. പുതിയ കർഷകർക്കും രജിസ്റ്റർ ചെയ്യാവുന്നതാണ്.

## ജൈവകൃഷി വ്യാപിപ്പിക്കാൻ കർമ്മപദ്ധതി

140 (2974) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൈവകൃഷി രീതി വ്യാപിപ്പിക്കാനുള്ള കർമ്മപദ്ധതി കളിലൂടെ എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്;

(ബി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കാർഷിക രംഗം സുസ്ഥിരവും ആദായകരവുമാക്കുക, മണ്ണിന്റെ ഫലഭൂയിഷ്ഠിയും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുക, ജൈവസുരക്ഷയും ഭക്ഷ്യപോഷണ സുരക്ഷയും ഉറപ്പുവരുത്തുക, മാരകമായ രാസവസ്തുക്കളുടെ ഉപയോഗം നിർത്തലാക്കുക, അതുവഴി മണ്ണ്, വായു, ജലം തുടങ്ങിയവയെ സംരക്ഷിക്കുക, ജൈവ വൈവിദ്ധ്യം മുൻനിർത്തിയുള്ള പാരിസ്ഥിതികമായ കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുക, സുരക്ഷിതമായ ഭക്ഷണം നൽകുന്നതിലൂടെ മനുഷ്യ ആരോഗ്യം നിലനിർത്തുക, ജൈവ ഉത്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി പ്രത്യേകം സംവിധാനങ്ങൾ സജ്ജമാക്കുക, ഉപഭോക്താക്കൾക്ക് ന്യായമായ നിരക്കിൽ ഗുണമേന്മയുള്ള കാർഷിക വിഭവങ്ങൾ ലഭ്യമാക്കുക, കൂടുതൽ കർഷകരെ ജൈവകൃഷി രീതികളിലേയ്ക്ക് ആകർഷിക്കുക.

(ബി) ജൈവ കൃഷി വ്യാപന പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും സംസ്ഥാന തലത്തിൽ 'State Organic Farmin Cell'രൂപീകരിച്ചിട്ടുണ്ട്. കൃഷി ഡയറക്ടറേറ്റിലാണ് സെൽ പ്രവർത്തിച്ചുവരുന്നത്. ജൈവ കാർഷിക പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കാനും ജില്ലാ ബ്ലോക്ക് ഫീൽഡ് തലങ്ങളിൽ പദ്ധതികളുടെ പുരോഗമനം ഉറപ്പുവരുത്താനും 'State Co-Ordinator'-നെ ചുമതലപ്പെടുത്തിയിരിക്കുന്നു. Technology Manager, Facilitator തുടങ്ങിയവരെയും 'State Organic Farming Cell'-ൽ നിയമിച്ചിട്ടുണ്ട്.

ജില്ലാതലങ്ങളിലും ഇപ്രകാരം 'Organic Farming Cell' രൂപീകരിച്ചിട്ടുണ്ട്. ജില്ലാതല പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ Technology Manager, Facilitator തുടങ്ങിയവർ പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുന്നു. പദ്ധതി നടത്തിപ്പിനായി വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖാന്തിരം ജൈവകൃഷി പ്രോത്സാഹനം, ജൈവ ഉത്പന്നങ്ങളുടെ സർട്ടിഫിക്കേഷൻ, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നു. ജൈവ കൃഷി പ്രോത്സാഹനത്തിന് ഹെക്ടറിന് 20,000 രൂപ മൊത്തം ചെലവ് കണക്കാക്കി 50 ശതമാനം സബ്സിഡിയായി 10,000 രൂപ മൂന്ന് ഗഡുക്കളായി അനുവദിക്കുന്നു.

ജൈവ ഉത്പന്നങ്ങളുടെ സർട്ടിഫിക്കേഷനുവേണ്ടി 50 ഹെക്ടർ സ്ഥലം ഒരു യൂണിറ്റായി കണക്കാക്കി അഞ്ചുലക്ഷം രൂപ ആദ്യ രണ്ടു വർഷങ്ങളിൽ 1.50 ലക്ഷം രൂപ വീതവും മൂന്നാമത്തെ വർഷം 2 ലക്ഷം രൂപ എന്ന നിരക്കിലും അനുവദിക്കുന്നു.

ദേശീയ ഹോർട്ടികൾച്ചർ മിഷൻ പദ്ധതി പ്രകാരം കർഷകർക്ക് 30'x8'x2.5' വ്യാപ്തിയുള്ള മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് നിർമ്മിക്കുന്നതിന് മൊത്തം 1,00,000 രൂപ ചെലവ് കണക്കാക്കി 50 ശതമാനം സബ്സിഡിയായി 50,000 രൂപ അനുവദിക്കുന്നതാണ്.

വീടുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 'ഗ്രോബാഗ്' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 57 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ കഴിഞ്ഞ 5 വർഷങ്ങളിലായി വിതരണം ചെയ്തിട്ടുണ്ട്. ഫലവൃക്ഷങ്ങളുടെ ഗ്രാഫ്റ്റുകൾ , ജൈവ വളങ്ങൾ, പൂച്ചെടികൾ, ജൈവ കീടനാശിനികൾ, കാർഷിക ഉപകരണങ്ങൾ എന്നിവ 'കൃഷി ബിസിനസ്സ് കേന്ദ്ര' വഴി വിതരണം ചെയ്തുവരുന്നു. 'ഹരിത നഗരി' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്.

**ഹൈടെക് കൃഷി**

141 (2975) ശ്രീ. വർക്കല കഹാർ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൈടെക് കൃഷി രീതി വ്യാപിപ്പിക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഹൈടെക് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെപ്പറയുന്നതാണ്:

1. സംരക്ഷിത കൃഷി രീതി ഉപയോഗിച്ച് ഗുണനിലവാരമുള്ള കാർഷിക ഉത്പങ്ങളുടെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുക.

2. ഉന്നത ഗുണനിലവാരമുള്ള കാർഷിക ഉത്പന്നങ്ങൾ ന്യായവിലയ്ക്ക് ഉപഭോക്താവിന് ലഭ്യമാക്കുക.

3. ഗുണനിലവാരമുള്ള പച്ചക്കറികൾ ലഭ്യമാക്കുന്നതിലൂടെ ഭക്ഷ്യ, പോഷക, ആരോഗ്യ സുരക്ഷ ഉറപ്പ് വരുത്തുന്നു.

4. കയറ്റുമതി ലക്ഷ്യമിട്ട് കട്ട്ഫ്ലവർ, ലൂസ് ഫ്ലവർ എന്നിവയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക.

5. കർഷകന്റെ സാമ്പത്തിക നിലവാരവും ജീവിത നിലവാരവും മെച്ചപ്പെടുത്തുക.

കുറഞ്ഞ അധ്വാനമുപയോഗിച്ച് കൃഷി സാധ്യമാക്കുക.

(സി)

- സംസ്ഥാന /ജില്ലാതല ടെക്നിക്കൽ കമ്മിറ്റികൾ രൂപീകരിച്ചു.
- നിർമ്മാണ ഏജൻസികളുടെ വിവരങ്ങൾ കർഷകർക്ക് ലഭ്യമാക്കി.
- ആർക്ക് ജിസ് സോഫ്റ്റ്‌വെയർ മുഖേന പോളീഹൗസ് മോണിറ്ററിംഗ് സാധ്യമാക്കി.
- കർഷക കൂട്ടായ്മകൾ രൂപീകരിച്ചു.

കൂടാതെ ഹൈടെക് കൃഷി പദ്ധതി പ്രകാരം 400 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള പോളിഹൗസ് നിർമ്മിക്കുന്നതിന് ചതുരശ്രമീറ്ററിന് 935 രൂപ എന്ന നിരക്കിൽ ചെലവാകുന്ന 3.74 ലക്ഷം രൂപയുടെ 75 ശതമാനം തുകയായ 2,80,500 കർഷകർക്ക് ധനസഹായമായി നൽകുന്നു.

## ഗുണമേന്മ ഇല്ലാത്ത വിത്ത് വിതരണം

142 (2976) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ കർഷകർക്ക് കൃഷിവകുപ്പിൽ നിന്നും ഗുണമേന്മ ഇല്ലാത്ത വിത്ത് വിതരണം ചെയ്തത് സംബന്ധിച്ച പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം ഗുണമേന്മ ഇല്ലാത്ത വിത്ത് എവിടെ നിന്നാണ് സംഭരിച്ചത് എന്ന് വെളിപ്പെടുത്താമോ;

(സി) ഗുണമേന്മ ഇല്ലാത്ത വിത്ത് ഉപയോഗിച്ച് കൃഷി ചെയ്തതിലൂടെ കർഷകർക്ക് ഉണ്ടായ നഷ്ടം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ബാധകമല്ല.

**കൃഷിക്ക് പമ്പിംഗ് സബ്സിഡി**

143 (2977) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകർഷകർക്ക് ഒരു തവണ കൃഷി ചെയ്തില്ലെങ്കിൽ തൊട്ടടുത്ത കൃഷിക്ക് പമ്പിംഗ് സബ്സിഡി നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അതാത് കൃഷിക്ക് പമ്പിംഗ് സബ്സിഡി അനുവദിക്കുന്നതാണെന്ന് ബഹു. മന്ത്രി ഉറപ്പ് നല്കിയിരുന്നോ ; എങ്കിൽ ഉറപ്പ് പാലിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 5-8-2015-ൽ ബഹു. മുഖ്യമന്ത്രിയുടെ ഓഫീസിൽ വച്ച് ആലപ്പുഴ ജില്ലയിലെ റാണി, ചിത്തിര, ആർ ബ്ലോക്ക് എന്നീ കായലുകളുടെ നെൽകൃഷി പ്രയോജനകരമായി നടത്തുന്നതിനെ സംബന്ധിച്ച് കൂടിയ യോഗത്തിൽ, അതാത് കൃഷിക്ക് പമ്പിംഗ് സബ്സിഡി അനുവദിക്കുന്നതിനുള്ള കാര്യം പരിഗണിക്കുമെന്ന് തീരുമാനിച്ചിരുന്നു. ഇത് സംബന്ധിച്ച് പ്രൊപ്പോസൽ സമർപ്പിക്കുവാൻ കൃഷി വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

**കാർഷിക വിളകളുടെ താങ്ങുവില**

144 (2978) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ കാർഷിക വിളകളുടെ താങ്ങുവിലയാണ് വർദ്ധിപ്പിച്ചത് എന്ന് വ്യക്തമാക്കാമോ;

(ബി) നാണ്യ വിളകളുടെ താങ്ങുവില വർദ്ധിപ്പിക്കാനായി സ്വീകരിച്ച മാനദണ്ഡങ്ങളും നടപടികളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) കഴിഞ്ഞ അഞ്ചുവർഷത്തിൽ ഓരോ വർഷവും ഏതെല്ലാം നാണ്യവിളകൾ എന്ത് മാത്രം വിലയ്ക്ക് സംഭരിക്കുകയുണ്ടായി; ഓരോ വർഷവും സംഭരിച്ചതിന്റെ കണക്കുകൾ നാണ്യവിളകളുടെ അടിസ്ഥാനത്തിൽ വിശദമാക്കുമോ?

**ഉത്തരം**

(എ) സംസ്ഥാനത്തെ കാർഷിക വിളകളിൽ നെല്ലിനും നാളീകേരത്തിനുമാണ് കേന്ദ്രസർക്കാർ താങ്ങുവില വർദ്ധിപ്പിച്ചത്.

(ബി) സംസ്ഥാനത്തെ നാണ്യവിളകളിൽ കേന്ദ്രസർക്കാർ താങ്ങുവില പ്രഖ്യാപിക്കുന്നത് നാളീകേരത്തിനാണ്. സംസ്ഥാന കാർഷിക വിലനിർണ്ണയ ബോർഡ് മുഖേനയാണ്, നാളീകേരത്തിന്റെ ഉത്പാദനച്ചെലവിന്റെ അടിസ്ഥാനത്തിൽ ഓരോവർഷവും കേന്ദ്ര കാർഷിക വില നിർണ്ണയ ബോർഡിലേയ്ക്ക്, നാളീകേരത്തിന്റെ താങ്ങുവില വർദ്ധിപ്പിക്കുന്നതിനുള്ള ശിപാർശകൾ സമർപ്പിക്കുന്നത്.

(സി) കേന്ദ്ര സർക്കാരിന്റെ താങ്ങുവില പദ്ധതി പ്രകാരം കേരഫെഡും മാർക്കറ്റ്ഫെഡും കഴിഞ്ഞ വർഷങ്ങളിൽ സംഭരിച്ച കൊപ്രയുടെ കണക്കുകൾ ചുവടെ ചേർക്കുന്നു:

| വർഷം | കേരഫെഡ് സംഭരിച്ച കൊപ്ര(ക്വന്റൽ ) | മാർക്കറ്റ്ഫെഡ് സംഭരിച്ച കൊപ്ര(ക്വന്റൽ ) |
|---|---|---|
| 2010-11 | 57639.00 | 21618.00 |
| 2011-12 | - | 72870 |
| 2012-13 | 106652.00 | 255.00 |
| 2013-14 | 185.00 | - |
| 2014-15 | - | - |

ഇതിനുപുറമേ മാർക്കറ്റ് വിലയേക്കാൾ ഉയർന്ന വില നൽകി കർഷകരിൽനിന്നും നേരിട്ട് കൃഷിഭവനുകൾ വഴി നാളീകേരം സംഭരിക്കുന്ന പദ്ധതി 2013-ജനുവരി മുതൽ കൃഷിവകുപ്പും കേരഫെഡും സംയുക്തമായി നടപ്പിലാക്കിവരുന്നു. ഒരു കിലോ നാളീകേരത്തിന് 14 രൂപ നിരക്കിലാണ് സംഭരണം ആരംഭിച്ചതെങ്കിലും ഇപ്പോൾ സംഭരിക്കുന്നത് കിലോയ്ക്ക് 25 രൂപ നിരക്കിലാണ്. സംഭരിച്ച നാളികേരത്തിന്റെ കണക്ക് ചുവടെ ചേർക്കുന്നു:

| വർഷ | സംഭരിച്ച നാളീകേരം(ക്വിന്റൽ) |
|---|---|
| 2012-13 | 60230.00 |
| 2013-14 | 323050.00 |
| 2014-15 | 99000.00 |
| 2015-16 (12-2-2016 വരെ) | 372810.00 |

## കാർഷിക ഉത്പന്നങ്ങളുടെ വിലയിടിവ്

145 (2979) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാർഷിക ഉല്പന്നങ്ങളുടെ വിലയിടിവുമൂലം കർഷകർക്ക് ഉണ്ടായ ദുരിതങ്ങൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി ഈ സർക്കാരിന്റെ കഴിഞ്ഞ ബഡ്ജറ്റുകളിൽ തുക നീക്കിവച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോ വർഷത്തേയും ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ തുകയും ചെലവഴിച്ച തുകയും എത്ര; പദ്ധതി തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇതിനായി കേന്ദ്ര ഗവൺമെന്റിന്റെ സഹായം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കഴിഞ്ഞ 5 വർഷങ്ങളിൽ ലഭിച്ച തുകയും ചെലവഴിച്ച തുകയും എത്ര; പദ്ധതി തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ?

### ഉത്തരം

(എ) കാർഷിക ഉത്പന്നങ്ങളുടെ വിലയിടിവ് പ്രധാനമായും നേരിട്ടത് റബ്ബറിനാണ്. റബ്ബർ വിലയിടിവ് പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ റബ്ബർ സംഭരണവും റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമും നടപ്പിലാക്കി. ഇതിന് പുറമേ നാളികേരത്തിന് ന്യായമായ വില ഉറപ്പുവരുത്തുന്നതിനായി പച്ചനാളികേര സംഭരണ പദ്ധതിയും നെല്ലിന് ന്യായവില ലഭിക്കുന്നതിന് നെല്ലുസംഭരണ പദ്ധതിയും നടപ്പിലാക്കി.

(ബി) ഈ സർക്കാരിന്റെ കഴിഞ്ഞ ബഡ്ജറ്റുകളിൽ വില സ്ഥിരതയ്ക്കുവേണ്ടി വിപണി ഇടപെടൽ പദ്ധതിക്കായി തുക നീക്കിവച്ചിരുന്നു. പ്രസ്തുത പദ്ധതിയിൽനിന്നും വിലയിടിവ് പരിഹരിക്കുന്നതിനുള്ള തുക ചെലവഴിച്ചിട്ടുണ്ട്.

| വർഷം | പദ്ധതി | നീക്കിവച്ച തുക (ലക്ഷം രൂപ) | ചെലവഴിച്ച തുക (ലക്ഷം രൂപ) |
|---|---|---|---|
| 2012-13 | പച്ചനാളികേര സംഭരണ പദ്ധതി | 2100.00 | 2100.00 |
| 2013-14 | റബ്ബർ സംഭരണം | 400.00 | 400.00 |
| 2014-15 | പച്ചനാളികേര സംഭരണ പദ്ധതി | 244.25 | 244.25 |
| 2014-15 | റബ്ബർ സംഭരണം | 1200.00 | 1200.00 |
| 2015-16 | പച്ചനാളികേര സംഭരണ പദ്ധതി | 1000.00 | 1000.00 |

റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി സർക്കാർ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം നടപ്പിലാക്കി. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കുന്നതിനായി 2015-16 സാമ്പത്തിക വർഷത്തിൽ ബജറ്റിൽ 300 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൻകീഴിൽ 17-2-2016 വരെ 118.50 കോടി രൂപ സബ്സിഡിയിനത്തിൽ റബ്ബർ കർഷകർക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(സി) കാർഷിക ഉത്പന്നങ്ങളുടെ വിലയിടിവ് പരിഹരിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിന്റെ പ്രത്യേക സഹായം ലഭിച്ചിട്ടില്ല.

**കാർഷിക ഉത്പന്നങ്ങളുടെ താങ്ങുവില**

146 (2980) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം കാർഷിക ഉൽപ്പന്നങ്ങൾക്ക് താങ്ങുവില പ്രഖ്യാപിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) റബ്ബറിന് താങ്ങുവില നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ എത്ര തുക നൽകുവാനാണ് ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) 2015-16-ൽ റബ്ബർ വിലയിടിവിന് പരിഹാരമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിയിൽ കിലോയ്ക്ക് 150 രൂപ നിരക്കിൽ റബ്ബറിന് താങ്ങുവില കണക്കാക്കി കർഷകർക്ക് ആനുകൂല്യം നൽകുന്നുണ്ട്. നെല്ലിന്റെ താങ്ങുവില 2015-16 സീസണിൽ കിലോയ്ക്ക് 14.10 രൂപ നിരക്കിൽ കേന്ദ്രസർക്കാർ ഉയർത്തിയിട്ടുണ്ട്. കൊപ്രയുടെ താങ്ങുവില 2016 സീസണിൽ വർദ്ധിപ്പിച്ചുകൊണ്ട് മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 5950 രൂപയും ഉണ്ടകൊപ്രയ്ക്ക് ക്വിന്റലിന് 6240 രൂപയുമാക്കുന്നതിനുള്ള നടപടികൾ കേന്ദ്ര സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ നിശ്ചിത നിരക്കിൽ തെരഞ്ഞെടുത്ത കൃഷിഭവനുകളിലൂടെ നാളീകേരത്തിന് ന്യായമായ വില ഉറപ്പുവരുത്തുന്നതിനായി പച്ചനാളികേര സംഭരണ പദ്ധതിയും നെല്ലിന് ന്യായവില ലഭിക്കുന്നതിന് നെല്ലുസംഭരണ പദ്ധതിയും നടപ്പിലാക്കി.

7-11-2015 തീയതിയിലെ സർക്കാർ ഉത്തരവ് സ. ഉ. (എംഎസ്.) നമ്പർ 34/2015/ഭ.സി.സ.വ. പ്രകാരം സംസ്ഥാന സർക്കാർ നെല്ലിന്റെ സംഭരണ വില കിലോഗ്രാമിന് 19 രൂപയിൽനിന്നും 21.50 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

നാളികേരത്തിന് ന്യായമായ വില ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന കൃഷി വകുപ്പും കേരഫെഡും സംയുക്തമായി നടപ്പിലാക്കുന്ന പച്ചനാളികേര സംഭരണ പദ്ധതിയിൽ ഇപ്പോൾ കിലോയ്ക്ക് 25 രൂപ നിരക്കിലാണ് കർഷകരിൽനിന്നും നാളികേരം സംഭരിക്കുന്നത്.

(ബി) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിയിൽ കിലോയ്ക്ക് 150 രൂപ നിരക്കിൽ റബ്ബറിന് താങ്ങുവില കണക്കാക്കി കർഷകർക്ക് ആനുകൂല്യം നൽകുന്നുണ്ട്. പദ്ധതിപ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് കിലോയ്ക്ക് അതതുദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നൽകുന്നു.

**അങ്കമാലി നിയോജകമണ്ഡലത്തിലെ കാർഷിക പദ്ധതികൾ**

147 (2981) <u>ശ്രീ. ജോസ് തെറ്റയിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ കൃഷി ഓഫീസുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കൃഷി ഓഫീസുകൾവഴി 2011-2016 കാലഘട്ടത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനായി വകയിരുത്തിയിട്ടുള്ളതും ചെലവഴിച്ചിട്ടുള്ളതുമായ തുക എത്രയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

വിവരം ശേഖരിച്ച് നൽകുന്നതാണ്.

**വീട്ടിൽ ഒരു മാവ് പദ്ധതി**

148 (2982) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീട്ടിൽ ഒരു മാവ് പദ്ധതി പ്രകാരം സംസ്ഥാനത്തെ വിവിധ പഞ്ചായത്തുകളിലായി എത്ര മാവിൻ തൈയ്യാണ് വിതരണം ചെയ്തത്; മാവിൻ തൈ വിതരണത്തിന് ആരെയാണ് ചുമതലപ്പെടുത്തിയിരുന്നത്; മാവിൻ തൈയ്ക്ക് കർഷകരിൽ നിന്നും തുക ഈടാക്കിയിരുന്നോ; ഈടാക്കിയിരുന്നെങ്കിൽ എത്ര രൂപ ഇത്തരത്തിൽ ഒരു മാവിൻ തൈയ്ക്ക് ഈടാക്കി എന്ന് പറയാമോ;

(ബി) മാവിൻ തൈ വിതരണത്തിന് പല പഞ്ചായത്തുകളിലും മെമ്പർമാർ അനധികൃതമായി കർഷകരിൽ നിന്നും പണം ഈടാക്കിയത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ അനധികൃതമായി തുക ഈടാക്കിയവർ ക്കെതിരെ എന്തു നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) മാവിന്റെ വിള വിസ്തൃതി വ്യാപനം എന്ന ദേശീയ ഹോർട്ടികൾച്ചർ മിഷൻ ഘടകം ഒരു വീട്ടിൽ ഒരു മാവ് എന്ന പേരിൽ 2011-12 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. ഈ പദ്ധതി പ്രകാരം വിവിധ പഞ്ചായത്തുകളിലായി 722670 മാവിൻ തൈകൾ വിതരണം ചെയ്തു. കൂടാതെ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടുകൂടി 2014-15 സാമ്പത്തിക വർഷത്തിൽ 556 പഞ്ചായത്തുകളിലായി 16,68,000 മാവിൻതൈകൾ വിതരണം ചെയ്തു വരുന്നു. മാവിൻതൈ വിതരണത്തിനായി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ (കെയ്കോ), ഹോർട്ടികോർപ്പ്, M/s. ഗ്രീന മെഡൊസ് അഗ്രി ഹോർട്ടിസൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡ് എറണാകുളം, വൃക്ഷാ നേഴ്സറി വയനാട്, ആർ.എ.ആർ.എസ്. അമ്പലവയൽ, ആറളം ഫാം എന്നിവരെയാണ് ചുമതലപ്പെടുത്തിയിരുന്നത്. മാവിൻ തൈയ്ക്ക് കർഷകരിൽനിന്നും തുക ഈടാക്കിയിരുന്നില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അന്വേഷിക്കുന്നതാണ്.

## കുരുമുളക് വിലയും ഇറക്കുമതിയും

149 (2983) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തേക്ക് എതെല്ലാം രാജ്യങ്ങളിൽ നിന്ന് കുരുമുളക് ഇറക്കുമതി ചെയ്യുന്നുണ്ട്;

(ബി) വിദേശ രാജ്യങ്ങളിൽ നിന്നുള്ള ഇറക്കുമതിമൂലം കുരുമുളകിന്റെ വില കുറയുന്നതായും, കേരളത്തിലെ കർഷകർക്ക് അർഹമായ വില ലഭിക്കുന്നില്ലെന്നുമുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കേരളത്തിലെ കുരുമുളക് കർഷകരുടെ ആശങ്കകൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രീലങ്ക, മലേഷ്യ, ഇന്തോനേഷ്യ, വിയറ്റ്നാം തുടങ്ങിയ രാജ്യങ്ങളിൽ നിന്നും കുരുമുളക് ഇറക്കുമതി ചെയ്യുന്നുണ്ട്.

(ബി) വിദേശ രാജ്യങ്ങളിൽനിന്നുള്ള ഇറക്കുമതിമൂലം കുരുമുളകിന്റെ വിലയിൽ കുറവുണ്ടാകുന്നുണ്ട്.

(സി) കുരുമുളക് കർഷകർക്ക് പ്രോത്സാഹനമെന്ന നിലയിൽ താഴെച്ചേർക്കുന്ന പദ്ധതികൾ സ്പൈസസ് ബോർഡ് നടപ്പിലാക്കുന്നുണ്ട്:

1. കുരുമുളകിനുള്ള മെതിയന്ത്രത്തിന് 50 ശതമാനം സബ്സിഡി (പരമാവധി 15000 രൂപ )നൽകുന്നു.

2. കുരുമുളക് ഉണക്കുന്നതിനുള്ള 12'x6' അളവിലുള്ള 200 രൂപ വിലമതിക്കുന്ന മുളപായകൾക്ക് ട്രൈബൽ വിഭാഗത്തിൽപ്പെട്ടവർക്ക് 90 ശതമാനവും മറ്റുള്ളവർക്ക് 50 ശതമാനവും സബ്സിഡി അനുവദിക്കുന്നു.

3. കുരുമുളക് വിളവെടുക്കുന്നതിന് അലുമിനിയം ഏണി വാങ്ങുന്നതിന് 50 ശതമാനം സബ്സിഡി (പരമാവധി 5,000 രൂപ) അനുവദിക്കുന്നു.

4. കുരുമുളക് ക്ലീനിംഗിനും ഗ്രേഡിംഗിനുമുള്ള യന്ത്രങ്ങൾ വാങ്ങുന്നതിന് 50 ശതമാനം നിരക്കിൽ (പരമാവധി 35,000 രൂപ) സബ്സിഡി അനുവദിക്കുന്നു.

**നെൽകൃഷി വർദ്ധനവ്**

150 (2984) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ നെൽകൃഷി വർദ്ധനവിലൂടെയുള്ള നെല്ലുല്പാദനത്തിന്റെ വിശദവിവരം നൽകുമോ; ഇതിനായി എത്ര കോടി രൂപ ചെലവഴിച്ചു; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ?

## ഉത്തരം

(എ) നെൽകൃഷി വ്യാപിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി ഈ സർക്കാർ കാലയളവിൽ താഴെപ്പറയുന്ന പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിരിക്കുന്നത്.

- സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതി
- മാക്രോമാനേജ്മെന്റ് പ്രകാരമുള്ള നെൽകൃഷി വികസന പദ്ധതി
- രാഷ്ട്രീയ കൃഷിവികാസ് യോജന
- രജിസ്റ്റേർഡ് വിത്തുത്പാദന പദ്ധതി
- നെല്ലുസംഭരണം
- ചെറുകിട യന്ത്രവത്കരണത്തിനുള്ള പദ്ധതി
- നെൽകൃഷിക്കുന്നുള്ള ഉത്പാദന ബോണസ്
- കാർഷിക വൈദ്യുതി സൗജന്യ പദ്ധതി, ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി
- കരനെൽകൃഷി
- വനിതാ ഗ്രൂപ്പുകൾക്കുള്ള തരിശുനില കൃഷി
- പൊതു ഞാറ്റടി വടക്കാഞ്ചേരി മോഡൽ
- സുഗന്ധ നെല്ലിന വികസന പദ്ധതി
- കാർഷിക യന്ത്രവത്കരണം
- സുസ്ഥിര നെൽകൃഷി വികസന പദ്ധതി
- തരിശുനിലകൃഷി, നെൽകൃഷിക്കുശേഷമുള്ള മറ്റുകൃഷികളിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി
- മാക്രോമാനേജ്മെന്റ് പദ്ധതി പ്രകാരം ഒറ്റഞാർ കൃഷി ഡെമോൺസ്ട്രേഷൻ
- ഉത്പാദന ഉപാധികളായ വിത്ത്, കുമ്മായം, മൈക്രോന്യൂട്രിയന്റ് ഫെർട്ടിലൈസർ, സസ്യ സംരക്ഷണ ഉപാധികൾ എന്നിവയുടെ വിതരണം

- നൂതന നെല്ലിനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള മിനികിറ്റ് വിതരണവും കർഷകരുടെ കൃഷി വിജ്ഞാനം വർദ്ധിപ്പിക്കുന്നതിനുള്ള ഫാം ഫീൽഡ് സ്കൂളുകളും പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ

- കർഷകർക്ക് പൂരക വരുമാന സ്രോതസ്സുകൾ പ്രോത്സാഹിപ്പിക്കുവാൻ സഹായം നൽകുന്ന പദ്ധതി

- നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി നെൽകൃഷി വികസന ഏജൻസികൾക്ക് ഉള്ള ധനസഹായം

- ആർ.കെ.വി.വൈ. പൊക്കാളി നെൽകൃഷി വികസനം

- പ്രത്യേക നെല്ലിനങ്ങൾക്കുള്ള കൃഷി വികസനം

- പാടശേഖര സമിതികൾക്കുള്ള പ്രവർത്തസഹായവും അടിസ്ഥാന സൗകര്യ വികസനവും

മേൽപ്പറഞ്ഞ പദ്ധതികളിൽ സുസ്ഥിര നെൽകൃഷി വികസനം, വികസന ഏജൻസികൾക്കുള്ള ഫണ്ട്, പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം, പാടശേഖര സമിതികൾക്കുള്ള പ്രവർത്തന സഹായം, തരിശുനില നെൽകൃഷി വികസനം(ആർ.കെ.വി.വൈ), ആർ.കെ.വി.വൈ പൊക്കാളി നെൽകൃഷി വികസന പദ്ധതി, നെൽകർഷകർക്ക് ഹെക്ടറിന് 1000 രൂപ തോതിൽ ഉത്പാദന ബോണസ് എന്നിവ 2015-16-ലും നടപ്പിലാക്കി വരുന്നു.

(ബി) ഈ സർക്കാർ അധികാരമേറ്റെടുക്കുമ്പോൾ 208160 ഹെക്ടർ നെൽവയൽ ഉണ്ടായിരുന്നു. ആയത് 2012-13-ൽ 197277 ഹെക്ടറും 2013-14-ൽ 199611 ഹെക്ടറും ആവുകയുണ്ടായി. 2012-13 വർഷം നെല്ലിന്റെ ഉത്പാദനം മുൻവർഷത്തേക്കാൾ 60694 മെ. ടൺ കുറയുകയുണ്ടായി. ഇങ്ങനെ സംഭവിച്ചത് 2012-13-ൽ വരൾച്ചമൂലം 48161.6 ഹെക്ടർ നെൽകൃഷി നശിച്ചതിനാലാണ്. 2014-15 വർഷം നെല്ലിന്റെ ഉത്പാദനം 2013-14 നേക്കാൾ 2233 മെ.ടൺ കുറയുകയുണ്ടായി. ആയത് നെൽകൃഷിയുടെ വിസ്തീർണത്തിലുണ്ടായ കുറവ് മൂലമാണ്. നെൽവയലിന്റെ വിസ്തീർണ്ണം 2013-14-ൽ 199611 ഹെക്ടർ ആയിരുന്നത് 2014-15-ൽ 198159 ഹെക്ടറായി കുറയുകയുണ്ടായി. നെൽകൃഷിക്കായി ചെലവഴിച്ചിട്ടുള്ള തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പച്ചക്കറി ഉല്പാദനത്തിന്റെ വർദ്ധനവ്

151 (2985) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-6-2011-ൽ സംസ്ഥാനത്ത് പച്ചക്കറികളുടെ ആഭ്യന്തര ഉല്പാദനം എത്രയായിരുന്നുവെന്ന് അറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പച്ചക്കറികളുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വിശദാംശം ലഭ്യമാക്കാമോ;

(സി) രാഷ്ട്രീയ പാർട്ടികളുടെ ഇടപെടലിന്റെ ഫലമായി 1-7-2011 മുതൽ 31-1-2016 വരെയുള്ള കാലയളവിലെ പച്ചക്കറി ഉല്പാദനത്തിന്റെ വർദ്ധനയുടെ തോത് എത്ര; ഓരോ വർഷവും കൃഷി സ്ഥലങ്ങളിലെ വിസ്തൃതി എത്ര കണ്ട് വർദ്ധിച്ചു; വിശദമാക്കാമോ;

(ഡി) പച്ചക്കറി ഉല്പാദനം എത്ര ടണ്ണായി വർദ്ധിച്ചു; വാർഷികാടിസ്ഥാന ത്തിൽ കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ) 2011-12-ൽ സംസ്ഥാനത്ത് ആകെ പച്ചക്കറി ഉത്പാദനം 8.25 ലക്ഷം മെട്രിക് ടൺ ആയിരുന്നു.

(ബി) 2011-12-ൽ 360 ഹെക്ടർ കൃഷി സ്ഥലത്ത് അധികമായി പച്ചക്കറി കൃഷി കൊണ്ടുവരുവാനും തരിശു നില പച്ചക്കറി കൃഷി (591 ഹെക്ടർ), വനിത ഗ്രൂപ്പുവഴിയുള്ള ഭക്ഷ്യസുരക്ഷാ പദ്ധതി (1885 ഹെക്ടർ), പച്ചക്കറി വികസന പദ്ധതി (2000 ഹെക്ടർ) എന്നീ പദ്ധതികൾ ഉൾപ്പെടെ ഉത്പാദനം 8.25 ലക്ഷം മെട്രിക് ടണ്ണായി ഉയർത്തുവാനും സാധിച്ചു.

പച്ചക്കറിയുടെ ലഭ്യതയും ആവശ്യകതയുമായി സന്തുലനം ചെയ്ത് വിത്തുമുതൽ വിപണിവത്കരണം, മൂല്യവർദ്ധനം വരെയുള്ള വ്യത്യസ്ത ഘടകങ്ങളെ കൂട്ടിയിണക്കി പച്ചക്കറിയിൽ സ്വയംപര്യാപ്തത നേടുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് 2012-13-ൽ സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതിക്ക് തുടക്കം കുറിച്ചത്. പച്ചക്കറിയുടെ ഉത്പാദനം കൂട്ടി, വിഷമുക്തമായി പച്ചക്കറി കൃഷിയിലേയ്ക്ക് സമൂഹത്തിന്റെ വിവിധ തുറകളിലുള്ളവരെ കൊണ്ടുവരിക എന്നതായിരുന്നു പദ്ധതിയുടെ ഉദ്ദേശ്യം. ഇതുവഴി പച്ചക്കറി ഉത്പാദനം 8.25 മെട്രിക് ടണ്ണിൽനിന്ന് 9.11 ലക്ഷം മെട്രിക് ടണ്ണായി ഉയരുകയും വിസ്തീർണ്ണം 427.44 ഹെക്ടറിൽനിന്ന് 54280 ഹെക്ടറായി വർദ്ധിപ്പിക്കുകയും ചെയ്തു.

2013-14-ൽ 75320 ഹെക്ടർ കൃഷി സ്ഥലം പച്ചക്കറി കൃഷിയിൻ കീഴിൽ കൊണ്ടുവരികവഴി ഉത്പാദനം 11.91 ലക്ഷം മെട്രിക് ടണ്ണായി ഉയർത്താൻ കഴിഞ്ഞു.

2014-15-ൽ 90533 ഹെക്ടർ കൃഷി സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുവാനും പച്ചക്കറി ഉത്പാദനം 15.32 ലക്ഷം മെട്രിക് ടണ്ണായി ഉയർത്തുവാനും കഴിഞ്ഞു.

2015-16-ൽ 100953 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുവാനും അതുവഴി പച്ചക്കറി ഉത്പാദനം 18.17 ലക്ഷം മെട്രിക് ടണ്ണായി ഉയർത്താനാണ് വിഭാവനം ചെയ്തിരിക്കുന്നത്.

2011-12 സാമ്പത്തികവർഷത്തിൽ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ തിരുവനന്തപുരം ജില്ലയിൽ പച്ചക്കറി ഉത്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടുകൂടി "വെജിറ്റബിൾ ഇനിഷ്യേറ്റീവ് ഫോർ പെരി അർബൻ ക്ലസ്റ്റേഴ്സ്" പദ്ധതി, 2012-13 സാമ്പത്തിക വർഷത്തിൽ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ധനസഹായത്തോടുകൂടി "വെജിറ്റബിൾ ഇനിഷ്യേറ്റീവ് ഫോർ പെരി അർബൻ ക്ലസ്റ്റേഴ്സ്", "പച്ചക്കറി കൃഷി പ്രോത്സാഹനം" എന്നീ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. 2013-14-ൽ തുറസ്സായ സ്ഥലത്തുള്ള പച്ചക്കറി കൃഷിക്കായി ഹെക്ടറിന് 20,000 രൂപ സബ്സിഡി നിരക്കിൽ 80 ഹെക്ടറിനും സങ്കരയിനം പച്ചക്കറികളുടെ ഉത്പാദനത്തിനായി ഹെക്ടറിന് 20,000 രൂപ സബ്സിഡി നിരക്കിൽ 5 ഹെക്ടറിനും ധനസഹായം നൽകിയിട്ടുണ്ട്. വിഷരഹിത പച്ചക്കറി ഉത്പാദിപ്പിക്കാൻ കർഷകരെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി "ഓപ്പൺ വെജിറ്റബിൾ കൾട്ടിവേഷൻ" 2015-16 എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി 14 ജില്ലകളിലും "എല്ലാ വീട്ടിലും കറിവേപ്പ്" എന്ന പരിപാടി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മലയാള മനോരമയുമായി ചേർന്ന് നടപ്പിലാക്കി. വെജിറ്റബിൾ&ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ ഉത്പാദിപ്പിച്ച 3 ലക്ഷം കറിവേപ്പ് തൈകൾ ഈ പദ്ധതിയിലൂടെ കൃഷിക്കാർക്ക് സൗജന്യമായി വിതരണം ചെയ്തു.

2.1 കോടി പച്ചക്കറിത്തൈകൾ വിതരണം ചെയ്തു. നഗരപ്രദേശങ്ങളിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നഗരവാസികളിൽ കൃഷിയോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കുന്നതിനുമായി "ഹരിതനഗരി" എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഉയർന്ന ഉത്പാദനക്ഷമതയും ഗുണമേൻമയുമുള്ള ഫലവൃക്ഷങ്ങളുടെയും പച്ചക്കറികളുടെയും തൈകൾ, വിത്തുകൾ, ജൈവവളങ്ങൾ, കാർഷികോപകരണങ്ങൾ എന്നിവ പൊതുജനങ്ങൾക്ക് കൃഷി ബിസിനസ്സ് കേന്ദ്ര വഴി വിതരണം ചെയ്യുന്നു.

(സി) രാഷ്ട്രീയ പാർട്ടികളുടെ ഇടപെടൽ കൊണ്ട് മാത്രമായി പച്ചക്കറി ഉത്പാദനത്തിൽ വന്ന വർദ്ധനയുടെ വിവരങ്ങൾ ലഭ്യമല്ല.

(ഡി) 2011-12 മുതൽ 2014-15 വരെയുള്ള കാലയളവിൽ 8.25 ലക്ഷം മെട്രിക് ടണ്ണിൽനിന്നും 15.32 ലക്ഷം മെട്രിക് ടണ്ണായി ഉയർന്നു. 2012-13-ൽ 9.11 ലക്ഷം മെട്രിക് ടണ്ണായും 2013-14-ൽ 11.9 ലക്ഷം മെട്രിക് ടണ്ണായും 2014-15-ൽ 15.32 ലക്ഷം മെട്രിക് ടണ്ണായും പച്ചക്കറി ഉത്പാദനം വർദ്ധിച്ചിട്ടുണ്ട്.

## പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത

152 (2986) <u>ശ്രീ. പി. എ.മാധവൻ</u> :
<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :
<u>ശ്രീ. പി. സി വിഷ്ണുനാഥ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കാൻ കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) അന്യസംസ്ഥാനങ്ങളിൽനിന്നു വരുന്ന പച്ചക്കറിയുടെ തോത് പരമാവധി കുറച്ച് വിഷമുക്തമായ പച്ചക്കറികൾ സംസ്ഥാനത്തുതന്നെ ഉത്പാദിപ്പിച്ച് പച്ചക്കറി ഉത്പാദനത്തിൽ സ്വയംപര്യാപ്തതയിലേയ്ക്ക് എത്തുക എന്ന ലക്ഷ്യമാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കുക വഴി ഉദ്ദേശിക്കുന്നത്. പച്ചക്കറിയുടെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കാനും പച്ചക്കറി കൃഷിയുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കാനും വിഷമുക്തമായ പച്ചക്കറി ഉത്പാദിപ്പിക്കാനും പദ്ധതി കൊണ്ട് കഴിഞ്ഞിട്ടുണ്ട്. കൃഷിക്കാർക്ക് ന്യായമായ വില ലഭ്യമാക്കാനും തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കാനും അതുവഴി കർഷകരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താനും പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നു.

(സി) സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കുന്നതിനായി ഭരണതലത്തിൽ 2012-13-ൽ 4400 ലക്ഷം രൂപയും, 2013-14-ൽ 5625 ലക്ഷം രൂപയും, 2014-15 സാമ്പത്തികവർഷത്തിൽ 6400 ലക്ഷം രൂപയും അനുവദിക്കുകയും 2015-16-ൽ 6400 ലക്ഷം രൂപ വകയിരുത്തിയിട്ടുമുണ്ട്.

പച്ചക്കറി ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ( ആർ.കെ.വി.വൈ.) ധനസഹായത്തോടെ 2015-16 സാമ്പത്തിക വർഷത്തിൽ തുറസ്സായ സ്ഥലത്തുള്ള പച്ചക്കറി കൃഷിക്കായി ഹെക്ടറിന് 15000 രൂപ സബ്സിഡി നൽകിക്കൊണ്ട് 4357.33 ഹെക്ടർ സ്ഥലത്ത് കൃഷി നടപ്പിലാക്കി വരുന്നു.

കൃഷി വകുപ്പിന്റെ വെജിറ്റബിൾ ഡെവലപ്മെന്റ് പദ്ധതി പ്രകാരം വീടുകളിൽ പച്ചക്കറിക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 'ഗ്രോബാഗ് പദ്ധതി' നഗരപ്രദേശങ്ങളിലെ വീട്ടുവളപ്പുകളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിഷമുക്തമായ പച്ചക്കറികൾ ലഭ്യമാക്കുന്നതിനുമായി 'ഹരിതനഗരി പദ്ധതി'എന്നീ പദ്ധതികൾ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ നടപ്പിലാക്കി വരുന്നു.

**കർഷകരുടെ ഉത്പന്നങ്ങൾ നേരിട്ട് വിൽക്കാനുള്ള സംവിധാനം**

153 (2987) <u>ശ്രീ. ടി. എൻ. പ്രതാപൻ</u> :
<u>ശ്രീ. ആർ. സെൽവരാജ്</u> :
<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> :
<u>ശ്രീ. ലൂഡി ലൂയിസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകരിൽ നിന്ന് ഉത്പന്നങ്ങൾ നേരിട്ട് സംഭരിച്ച് ഇടനിലക്കാരുടെ ചൂഷണമില്ലാതെ വിറ്റഴിക്കാനുള്ള സംവിധാനങ്ങൾക്ക് എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ) കൃഷി വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന 6 കാർഷിക മൊത്ത വ്യാപാര വിപണികളായ ആനയറ, മരട്, വേങ്ങേരി, നെടുമങ്ങാട്, മൂവാറ്റുപുഴ, സുൽത്താൻബത്തേരി എന്നിവിടങ്ങളിലും 5 ജില്ല. സംഭരണ വിപണന കേന്ദ്രങ്ങളിലും (കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, തൃശ്ശൂർ)കർഷകർക്ക് നേരിക്ക് തങ്ങളുടെ ഉത്പന്നങ്ങൾ കൊണ്ടുവന്ന് ഇടനിലക്കാരുടെ ചൂഷണമില്ലാതെ വിറ്റഴിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. ഇവിടെ കർഷകർക്ക് തങ്ങളുടെ ഉത്പന്നങ്ങൾ നേരിട്ട് കൊണ്ടുവന്ന് ലേലം ചെയ്ത് മികച്ച വില നേടിയെടുക്കുവാൻ സാധിക്കുന്നുണ്ട്.

കൂടാതെ പച്ചക്കറി വികസന പദ്ധതിപ്രകാരം ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് സമിതികൾ ആരംഭിച്ചിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട 10 പച്ചക്കറി ക്ലസ്റ്റർ ചേർന്നാണ് ഈ സമിതികൾ രൂപീകരിക്കുന്നത്. പ്രസ്തുത ക്ലസ്റ്ററുകളിലെ കർഷകരിൽനിന്ന് പച്ചക്കറികൾ സംഭരിച്ച് വിപണിയിൽ എത്തിക്കുകയും കർഷകർക്ക് അപ്പോൾ ത്തന്നെ വില നൽകുകയും ചെയ്യുന്നു.

(ബി) കർഷകരുടെ ഉത്പന്നങ്ങൾക്ക് വിപണന സാധ്യതകൾ വർദ്ധിപ്പിക്കുവാനും, ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും കർഷകരെ ഒഴിവാക്കിക്കൊണ്ട് മെച്ചപ്പെട്ട വില നേടിയെടുക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന പച്ചക്കറികളും മറ്റ് കാർഷികോത്പന്നങ്ങളും അതത് സമയങ്ങളിൽത്തന്നെ വിപണനം ചെയ്യുവാനും മികച്ച വില നേടിയെടുക്കുവാനും സാധിക്കുന്നു. ഉത്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നതോടൊപ്പം കൂടുതൽ കൃഷി ചെയ്യുവാൻ പ്രോത്സാഹനം നൽകുന്നതിനും, അതുവഴി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും വിപണന സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും ഇതുമൂലം സാധിക്കുന്നു.

(സി) കാർഷിക മൊത്തവ്യാപാര വിപണികളുടെ ശാക്തീകരണത്തിനായി മാർക്കറ്റ് വികസന പദ്ധതി പ്രകാരം ട്രാൻസ്പോർട്ട് സബ്സിഡി, ലേലം നടത്തുന്നതിനുള്ള സഹായം അടിസ്ഥാന, സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സാമ്പത്തിക സഹായം എന്നിവ അനുവദിക്കുന്നുണ്ട്. ജില്ലാ സംഭരണ വിപണന കേന്ദ്രങ്ങളുടെ പ്രവർത്തനത്തിനുള്ള ചെലവും കർഷകർക്ക് ട്രാൻസ്പോർട്ട് സബ്സിഡിയും അനുവദിക്കുന്നുണ്ട്.

പച്ചക്കറി വികസന പദ്ധതി പ്രകാരം ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് സമിതികൾ രൂപീകരിക്കുന്നതിനും വിപണനം നടത്തുന്നതിനുമായി റിവോൾവിംഗ് ഫണ്ടും കർഷകരുടെ ഉത്പന്നങ്ങൾ ലേല കേന്ദ്രങ്ങളിൽ എത്തിക്കുന്നതിന് ട്രാൻസ്പോർട്ട് സബ്സിഡിയും, കാര്യക്ഷമമായി പ്രവർത്തിക്കുന്ന സമിതികൾക്ക് പ്രവർത്തന സഹായവും പദ്ധതി പ്രകാരം നൽകുന്നുണ്ട്.

**അമ്പലപ്പുഴ മണ്ഡലത്തിലെ കൃഷി വകുപ്പിന്റെ പദ്ധതികൾ**

154 (2988) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അമ്പലപ്പുഴ മണ്ഡലത്തിൽ കൃഷി വകുപ്പിന്റെ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്;

(ബി ഇവ ഓരോന്നിനും എത്ര തുക ചെലവഴിച്ചുവെന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

വിവരം ശേഖരിച്ചുനൽകുന്നതാണ്.

**കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ കൃഷി വകുപ്പുവഴി നടപ്പാക്കിയ വികസന പദ്ധതികൾ**

155 (2990) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ കൃഷി വകുപ്പ് വഴി നടപ്പാക്കിയ വികസന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുക, നിലവിലെ അവസ്ഥ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതികളിൽ പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും; ആയതിന് വകയിരുത്തിയ തുക എത്രയെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ), (ബി) & (സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**കർഷകക്ഷേമ പെൻഷൻ**

156 (2991) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകക്ഷേമ പെൻഷൻ നൽകുന്നതിന് 2015-16 വർഷത്തിൽ സർക്കാർ അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) വിതരണം ചെയ്ത തുകയുടെയും കുടിശ്ശിക തുകയുടെയും വിശദാംശങ്ങൾ നൽകുമോ; കുടിശ്ശിക തുക വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ബഡ്ജറ്റ് വിഹിതമായി 103.02 കോടി രൂപയും അഡീഷണൽ ഓതറൈസേഷൻവഴി 110.3 കോടി രൂപയും ഉൾപ്പെടെ 213.5 കോടി രൂപയാണ് കർഷക പെൻഷൻ നൽകുന്നതിന് 2015-16 വർഷത്തിൽ അനുവദിച്ചത്.

(ബി) 213.5 കോടി രൂപ വിതരണം ചെയ്തു. മാർച്ച് 2016 വരെ പെൻഷൻ കുടിശ്ശിക തീർത്ത് നൽകുന്നതിന് 234 കോടി രൂപയോളം വേണ്ടി വരും. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. കുടിശ്ശിക തുക വിതരണം ചെയ്യുന്നതിന് അഡീഷണൽ ഓതറൈസേഷൻ വഴി തുക ലഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

**ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ നാളികേര വികസനത്തിനായി നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ**

157 (2992) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കൃഷിവകുപ്പ് മുഖേന ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ നാളികേര വികസനത്തിനായി നടപ്പിലാക്കിയിട്ടുള്ള പ്രധാന പദ്ധതികൾ ഏതൊക്കെയാണെന്നും പ്രസ്തുത ആവശ്യത്തിലേയ്ക്കായി എത്ര രൂപ വിനിയോഗിച്ചുവെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ പൂർത്തീകരിച്ചുവോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് പൂർത്തീകരിയ്ക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | വിനിയോഗിച്ച തുക |
|---|---|---|
| 1 | നാളികേരവികസന പദ്ധതി (CDB) | 3,13,38,337 രൂപ |
| 2 | ആർ.കെ.വി.വൈ. (കേന്ദ്രാവിഷ്കൃതം) | 26,25,000 രൂപ |
| 3 | കേരഗ്രാമം (സംസ്ഥാനാവിഷ്കൃതം) | 2,83,00,000 രൂപ |

(ബി) മേൽ സൂചിപ്പിച്ച പദ്ധതികളിൽ നാളികേര വികസന ബോർഡ് കൃഷിവകുപ്പുമുഖേന നടപ്പാക്കിയ നാളികേര വികസന പദ്ധതി, ആർ.കെ.വി.വൈ. പദ്ധതി പ്രകാരമുള്ള നാളികേര വികസന പദ്ധതികൾ എന്നിവ പൂർത്തിയാക്കി.

പൂതക്കുളം പഞ്ചായത്തിൽ നടപ്പിലാക്കുന്ന കേരഗ്രാമം പദ്ധതി 2016 മാർച്ച് 31-നകം പൂർത്തീകരിക്കുന്നതാണ്.

**പ്രകൃതിക്ഷോഭംമൂലം കൃഷിനാശം**

158 (2993) <u>ശ്രീ. ജി. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15, 2015-16 വർഷങ്ങളിൽ അമ്പലപ്പുഴ മണ്ഡലത്തിൽ പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ച കർഷകരിൽ നിന്നും ലഭിച്ച അപേക്ഷകൾ ഏത്ര വീതമെന്ന് കൃഷിഭവൻ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ ധനസഹായം അനുവദിക്കാത്ത അപേക്ഷകൾ എത്ര ; അതിന്റെ കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2014-15, 2015-16 വർഷങ്ങളിൽ അമ്പലപ്പുഴ മണ്ഡലത്തിൽ പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ച കർഷകരിൽനിന്നും ലഭിച്ച അപേക്ഷകളുടെ കൃഷിഭവൻ തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| കൃഷി ഭവൻ | 2014-15 | 2015-16 |
|---|---|---|
| പുന്നപ്ര സൗത്ത് | 345 | 110 |
| പുന്നപ്ര നോർത്ത് | 610 | 127 |
| അമ്പലപ്പുഴ നോർത്ത് | 1140 | 422 |
| അമ്പലപ്പുഴ സൗത്ത് | 1425 | 610 |
| പുറക്കാട് | 217 | 326 |
| അമ്പലപ്പുഴ മുനിസിപ്പാലിറ്റി | 688 | 285 |
| **ആകെ** | **4425** | **1880** |

(ബി) ഫണ്ടിന്റെ അപര്യാപ്തത കാരണം ധനസഹായം അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

**കർഷകർക്ക് ആരോഗ്യ ഇൻഷ്വറൻസ്**

159 (2994) <u>ശ്രീ. ജെയിംസ് മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ട് ഹെക്ടറിൽ താഴെ കൃഷിഭൂമിയുള്ള കർഷകർക്ക് ആരോഗ്യ ഇൻഷ്വറൻസ് ഏർപ്പെടുത്തുമെന്ന 2014-15-ലെ ബഡ്ജറ്റ് പ്രഖ്യാപനം നടപ്പാക്കിയോ;

(ബി) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പുവഴി നടപ്പാക്കുന്ന പ്രസ്തുത പദ്ധതിയിൽ നാളിത് വരെ എത്ര കർഷകർ ചേർന്നിട്ടുണ്ട് എന്നറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കായി 2014-15-ലെ ബഡ്ജറ്റിൽ എന്ത് തുകയാണ് നീക്കിവച്ചിരുന്നത്;

(ഡി) അതിൽ എന്ത് തുക ചെലവഴിച്ചു എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) നടപ്പാക്കിയിട്ടില്ല

(സി & ഡി) 2014-15 -ലെ ബജറ്റിൽ തുക വക കൊള്ളിച്ചിരുന്നില്ല.

**പച്ചക്കറികളിലെ കീടനാശിനി**

160 (2995) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിപണനം നടത്തുന്ന പച്ചക്കറികളിലെ കീടനാശിനി സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; ഇവയുടെ വിപണനം നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പച്ചക്കറികളിലെ കീടനാശിനിയുടെ അളവ് പരിശോധിച്ച് നടപടികൾ സ്വീകരിക്കാൻ ചെക്ക് പോസ്റ്റുകളിൽ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത് എന്ന് വിശദമാക്കാമോ;

(സി) ചെക്ക് പോസ്റ്റുകളിലെ പരിശോധനയെത്തുടർന്ന് കീടനാശിനി തളിച്ച പച്ചക്കറികൾ കണ്ടെത്തിയിരുന്നോ; എങ്കിൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) പഴങ്ങളിലും പച്ചക്കറികളിലും അടങ്ങിയിരിക്കുന്ന കീടനാശിനിയുടെ അംശം എത്രയെന്ന് കണ്ടുപിടിക്കാൻ വില്പനശാലകളിൽനിന്ന് സാമ്പിൾ എടുത്ത് പരിശോധന നടത്തുന്ന ഒരു പുതിയ പ്ലാൻ സ്കീം 'സേഫ് റ്റു ഈററ്' കാർഷിക സർവ്വകലാശാലയും കൃഷിവകുപ്പും ചേർന്ന് 2013 ജനുവരിയിൽ ആരംഭിച്ചു. വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലബോറട്ടറിയിൽ എത്തിച്ചാണ് പരിശോധന നടത്തുന്നത്. തിരുവനന്തപുരം, കാസർഗോഡ് നഗരങ്ങളിലെ പച്ചക്കറിക്കടകൾ, ജൈവപച്ചക്കറി

കടകൾ, സൂപ്പർ ഹൈപ്പർ മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്ന് ശേഖരിച്ച പച്ചക്കറികൾ പരിശോധിച്ച് അവയിലെ വിഷാംശത്തിന്റെ തോത് അനുസരിച്ച് പരിശോധനാഫലം കാർഷിക സർവ്വകലാശാല, കൃഷിവകുപ്പ് എന്നിവയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. ഇതുവഴി ഉപഭോക്താക്കൾക്ക് ആവശ്യമായ മുന്നറിയിപ്പ് ലഭിക്കുന്നു.

അന്യസംസ്ഥാനത്തുനിന്നും വരുന്ന പഴങ്ങൾ, പച്ചക്കറികൾ എന്നിവയിൽ കീടനാശിനിയുടെ അംശം കണ്ടെത്തിയിട്ടുണ്ട്. ചെക്ക് പോസ്റ്റ് കേന്ദ്രീകരിച്ച് ഉത്സവ കാലയളവുകളിൽ സ്പെഷ്യൽ സ്ക്വാഡുകളെ നിയോഗിച്ച് പച്ചക്കറികൾ കൊണ്ടുവരുന്ന വാഹനങ്ങൾ പരിശോധിക്കുകയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കുകയും ചെയ്യാറുണ്ട്. കൂടാതെ പ്രത്യേക സാഹചര്യങ്ങളിൽ അതിർത്തി ചെക്ക് പോസ്റ്റുകളുള്ള ജില്ലയിൽ പ്രത്യേക ജാഗ്രതാ നിർദ്ദേശം നൽകി അതിർത്തി കടന്ന് വരുന്ന ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ കൂടുതലായി ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. എല്ലാ മാസവും ചെക്ക്പോസ്റ്റ് കേന്ദ്രീകരിച്ചുള്ള പരിശോധനയ്ക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി&സി) ചെക്ക്പോസ്റ്റുകളിൽ ഇത്തരം പരിശോധനകൾക്ക് സ്ഥിരം സംവിധാനങ്ങളില്ല. എന്നാൽ അന്യസംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവരുന്നവ ഉൾപ്പെടെ എല്ലാത്തരം ഭക്ഷ്യോത്പന്നങ്ങളുടെയും സാമ്പിളുകൾ ചെക്ക്പോസ്റ്റുൾപ്പെടെയുള്ള സ്ഥലങ്ങളിൽനിന്ന് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കീഴിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലുള്ള അനലിറ്റിക്കൽ ലാബുകളിലും കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള പെസ്റ്റിസൈഡ് റെസിഡ്യൂ ടെസ്റ്റിംഗ് ലാബിലും അയച്ച് പരിശോധിക്കാറുണ്ട്. പരിശോധനകൾ കർശനമാക്കുന്നതിലൂടെ ഇക്കാര്യത്തിൽ മാറ്റമുണ്ടാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## കാർഷികമേഖലയിലെ വികസനത്തിനായുള്ള ചെലവ്

161 (2996) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികമേഖലയുടെ സമഗ്രവികസനത്തിനായി ഏർപ്പെടുത്തിയ ഇടുക്കി, കുട്ടനാട്, വയനാട് പാക്കേജുകൾക്കായി നാളിതുവരെ എന്തു തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഇതുവരെ എത്ര കർഷകർ ഗുണഭോക്താക്കളായിയെന്ന് പറയാമോ;

(സി) ഓരോ പദ്ധതികൾക്കും കേന്ദ്രം വാഗ്ദാനം ചെയ്ത തുകയും ലഭിച്ച തുകയും എത്ര; വിശദാക്കാമോ?

<u>ഉത്തരം</u>

(എ) കുട്ടനാട് പാക്കേജ് - 8546.756 ലക്ഷം രൂപ

ഇടുക്കി പാക്കേജ് - 1354.2476 ലക്ഷം രൂപ

വയനാട് പാക്കേജ് - 5547.46 ലക്ഷം രൂപ

(ബി)

ഇടുക്കി പാക്കേജ് - 28537 കർഷകർ

വയനാട് പാക്കേജ് - 160583 കർഷകർ

കുട്ടനാട് പാക്കേജ് - വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) <u>കുട്ടനാട് പാക്കേജ്</u>

പാക്കേജിൽ ഉൾപ്പെടുത്തി വിവിധ പദ്ധതി ഘടകങ്ങൾക്കായി സമർപ്പിച്ച പ്രൊപ്പോസലുകളുടെ അടങ്കൽ തുക (വാഗ്ദാനം ചെയ്തത്)12520.685 ലക്ഷം രൂപയും അനുവദിച്ച തുക 8564.12 ലക്ഷം രൂപയുമായിരുന്നു.

<u>ഇടുക്കി പാക്കേജ്</u>

പാക്കേജിൽ ഉൾപ്പെടുത്തി വിവിധ പദ്ധതി ഘടകങ്ങൾക്കായി സമർപ്പിച്ച പ്രൊപ്പോസലുകളുടെ വാഗ്ദാനം ചെയ്ത തുക 2467.925 ലക്ഷം രൂപയും അനുവദിച്ച തുക 1354.2476 ലക്ഷം രൂപയുമാണ്.

<u>വയനാട് പാക്കേജ്</u>

പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ്.

## ചതുപ്പുനിലങ്ങളിൽ നെൽകൃഷി

162 (2997) <u>ശ്രീ. തോമസ് ഉണ്ണിയാടൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചതുപ്പുനിലങ്ങളിൽ നെൽകൃഷിയും അനുബന്ധ കൃഷികളും നടത്തുന്നതിന് പദ്ധതിയുണ്ടോ;

(ബി) ഇതിനായി കേന്ദ്ര സഹായം ലഭ്യമായിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് എപ്രകാരമാണ്;വ്യക്തമാക്കാമോ;

(സി) കാർഷിക രംഗത്ത് പുത്തനുണർവ് നൽകുന്ന ഇത്തരം പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) ഇല്ല. കണ്ണൂർ ജില്ലയിലെ കാട്ടാമ്പള്ളി കൈപ്പാട് പ്രദേശത്ത് കാട്ടാമ്പള്ളി നെൽകൃഷി വികസന ഏജൻസിയുടെ കീഴിൽ കൃഷി വകുപ്പ് നൽകുന്ന സാമ്പത്തിക സഹായത്താൽ നെൽകൃഷി നടത്തിവരുന്നുണ്ട്.

**സുരക്ഷിത-2030**

163 (2999) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'സുരക്ഷിത-2030 ' എന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഏതെല്ലാം ജില്ലകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്;

(സി) പാലക്കാട് ജില്ലയിലെ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രസ്തുത പരിപാടി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ-സി) 'സുരക്ഷിത -2030' എന്ന പദ്ധതി കൃഷിവകുപ്പ് നടപ്പിലാക്കുന്നില്ല.

**മണ്ണ് സംരക്ഷണ വകുപ്പ് വഴി നടപ്പിലാക്കാൻ അനുമതി നൽകിയ പ്രവൃത്തി**

164 (3000) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ മണ്ണ് സംരക്ഷണ വകുപ്പുവഴി നടപ്പിലാക്കാൻ അനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമാണ്; അവയുടെ നിലവിലെ സ്ഥിതിയും അതിന് വകയിരുത്തിയിട്ടുള്ള തുകയുടെ വിശദാംശങ്ങളും നൽകുമോ?

## ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ മണ്ണ് സംരക്ഷണ വകുപ്പ് വഴി നടപ്പിലാക്കുന്നതിനായി ആർ.ഐ.ഡി.എഫ്. XVII-ൽ ഉൾപ്പെടുത്തി വടകോട് മണ്ണ് സംരക്ഷണ പദ്ധതി, ആർ.ഐ.ഡി.എഫ്. XIX-ൽ ഉൾപ്പെടുത്തി മാലയിൽ പരുത്തിയറ മണ്ണ് സംരക്ഷണ പദ്ധതി, മാവറത്തോട് മണ്ണ് സംരക്ഷണ പദ്ധതി, പശ്ചിമഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കമ്പൻകോട് വാട്ടർഷെഡ്, പൊലിക്കോട് വാട്ടർഷെഡ് എന്നീ പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്.

(ബി) 108.12 ലക്ഷം അടങ്കലായുള്ള മാലയിൽ പരുത്തിയറ മണ്ണ് സംരക്ഷണ പദ്ധതിയിൽ നാളിതുവരെ 25.76013 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. 49.08 ലക്ഷം രൂപ അടങ്കലായുള്ള മാവറത്തോട് മണ്ണ് സംരക്ഷണ പദ്ധതിയിൽ നാളിതുവരെയായി 25.80254 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. പശ്ചിമഘട്ട വികസന പദ്ധതിയിൽ ഉൾപ്പെട്ട കമ്പൻകോട്, പൊലിക്കോട് വാട്ടർഷെഡ് പദ്ധതികൾക്ക് അടങ്കൽ തുക യഥാക്രമം 13 ലക്ഷം, 9.5625 ലക്ഷം രൂപയാണ്. ഈ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്.

## കീഴ് പേരൂർ വാട്ടർഷെഡ് പദ്ധതി

165 (3001) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് സഹായത്തോടെ കിളിമാനൂർ ബ്ലോക്കിൽ കീഴ് പേരൂർ വാട്ടർഷെഡ് പദ്ധതി നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും ഏതെല്ലാം തരത്തിലുള്ള പ്രവൃത്തികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും നിർമ്മാണപ്രവർത്തനം എന്നാരംഭിക്കുമെന്നും ആരുടെ മേൽനോട്ടത്തിലാണ് പ്രവൃത്തി നടപ്പിൽ വരുത്തുന്നതെന്നും വിശദമാക്കാമോ;

(ബി) ഈ പദ്ധതിയിലെ പ്രവൃത്തികൾക്ക് കരാറുകാരെ തെരഞ്ഞെടുക്കുന്ന രീതി ഏതാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. നബാർഡ് സഹായത്തോടെ ആർ.ഐ.ഡി.എഫ്. XXI-ൽ ഉൾപ്പെടുത്തി കിളിമാനൂർ ബ്ലോക്കിൽ നടപ്പിലാക്കുന്ന കീഴ്പേരൂർ വാട്ടർഷെഡ് എന്ന പദ്ധതിയുടെ അടങ്കൽ തുക 245.70 ലക്ഷം രൂപയാണ്. കല്ലുകയ്യാല, പുല്ല് വച്ച് പിടിപ്പിക്കൽ, റബ്ബറിന് തടം ഒരുക്കൽ, മൺകയ്യാല, മഴക്കുഴികൾ, സംരക്ഷണഭിത്തി, തടയണ, കുളം, റിങ്ങ് ടൈപ്പ് കുളം, റാമ്പ്, ഗുണഭോക്താക്കൾക്കുള്ള പരിശീലന പരിപാടി എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ.

27-2-2016 വൈകുന്നേരം 3 മണിക്ക് പ്രസ്തുത പദ്ധതിയുടെ ഔപചാരികമായ ഉദ്ഘാടനം നിർവ്വഹിക്കുവാൻ നിശ്ചയിച്ചിട്ടുണ്ട്. അതിനുശേഷം മാത്രമേ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുകയുള്ളൂ. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിലെ തിരുവനന്തപുരം ജില്ലാ മണ്ണ് സംരക്ഷണ ഓഫീസിലെ ഉദ്യോഗസ്ഥരുടെ സാങ്കേതിക സഹായത്തോടെ തെരഞ്ഞെടുത്ത ഗുണഭോക്തൃ കമ്മിറ്റിയുടെ മേൽനോട്ടത്തിലാണ് പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.

(ബി) പദ്ധതി പ്രവർത്തനങ്ങൾക്ക് കരാറുകാരെ തെരഞ്ഞെടുക്കാറില്ല. ഗുണഭോക്തൃ കമ്മിറ്റി, പരിചയസമ്പന്നരായ തൊഴിലാളികളെ ഉപയോഗിച്ച് പൊതുപ്രവൃത്തികൾ നടപ്പിലാക്കുന്നതാണ്. വ്യക്തിഗത പ്രവൃത്തികൾ നേരിട്ടോ ഗുണഭോക്തൃ കമ്മിറ്റി മുഖാന്തരമോ നടപ്പിലാക്കുന്നതാണ്.

## സംസ്ഥാന വെയർഹൗസിങ് കോർപ്പറേഷനുകളിൽ ക്ലാസ് ഫോർ ജീവനക്കാരുടെ നിയമനം

166 (3002) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന വെയർഹൗസിങ് കോർപ്പറേഷനുകളിൽ ക്ലാസ് ഫോർ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര പേർക്കാണ് നിയമനം ലഭിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ജീവനക്കാരെ സീനിയോറിറ്റിക്ക് വിധേയമായി നിയമിക്കണമെന്ന ചട്ടം നിലവിലുണ്ടോ;

(ഡി) പ്രസ്തുത ചട്ടം മറികടന്ന് നിയമനം നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ;

(ഇ) നിയമനത്തിന് പരിഗണിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും യോഗ്യതയനുസരിച്ചുള്ള റാങ്ക് ലിസ്റ്റിന്റെ വിശദാംശവും വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ ക്ലാസ് ഫോർ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

(ബി) 61 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(സി)-(ഇ) വെയർഹൗസിംഗ് കോർപ്പറേഷനിലെ നിയമനങ്ങൾ നടത്തുന്നത് ഭരണസമിതി കാലാകാലങ്ങളിൽ കൈക്കൊള്ളുന്ന വ്യവസ്ഥകളും നിബന്ധനകളും പ്രകാരമാണ്. ഡയറക്ടർ ബോർഡിന്റെ തീരുമാനപ്രകാരം 7-ാം ക്ലാസ് അടിസ്ഥാന യോഗ്യതയാക്കി നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച് ടെസ്റ്റും ഇന്റർവ്യൂവും നടത്തി 15 ഒഴിവുകളിലും, ലേബർ കോടതി ഉത്തരവിന്റെയും സർക്കാർ കത്തിന്റെയും അടിസ്ഥാനത്തിൽ ഇന്റർവ്യൂ നടത്തി 46 ഒഴിവുകളിലും നിയമനം നടത്തിയിട്ടുണ്ട്.

## വെയർഹൗസിങ്ങ് കോർപ്പറേഷനിലെ എം.ഡി.യുടെ നിയമനം

167 (3003) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെയർഹൗസിങ്ങ് കോർപ്പറേഷനിൽ മാനേജിംഗ് ഡയറക്ടറുടെ നിയമനം എപ്രകാരമാണ് നടത്തുന്നത്;

(ബി) പ്രസ്തുത തസ്തികയിലെ നിലവിലെ ഉദ്യോഗസ്ഥൻ ഏതു മാനദണ്ഡങ്ങൾക്കനുസൃതമായാണ് നിയമിക്കപ്പെട്ടത് എന്ന് അറിയിക്കുമോ;

(സി) ടിയാന്റെ നിയമന കാലാവധി അവസാനിച്ചുവോ; പുനർനിയമന ഉത്തരവ് ലഭിക്കാതെ തസ്തികയിൽ തുടരുന്നുണ്ടോ?

ഉത്തരം

(എ) 1962-ലെ വെയർഹൗസിംഗ് കോർപ്പറേഷൻ ആക്ട് പ്രകാരം സംസ്ഥാന സർക്കാരാണ് വെയർഹൗസിംഗ് കോർപ്പറേഷനിൽ മാനേജിംഗ് ഡയറക്ടറുടെ നിയമനം നടത്തുന്നത്.

(ബി) വെയർഹൗസിംഗ് കോർപ്പറേഷൻ ആക്ട് പ്രകാരമുള്ള അധികാര പ്രകാരമാണ് സർക്കാർ മാനേജിംഗ് ഡയറക്ടറെ നിയമിച്ചത്.

(സി) നിയമന കാലാവധി അവസാനിച്ചിട്ടില്ല. 11-1-2016-ലെ സ.ഉ. (സാധാ.) നമ്പർ 17/2016/കൃഷി പ്രകാരം 6-12-2015 മുതൽ ഒരു വർഷത്തേയ്ക്കുകൂടി നിയമന കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

## കേരള കാർഷിക സർവ്വകലാശാലയിലെ അനദ്ധ്യാപക നിയമനങ്ങൾ

168 (3004) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവ്വകലാശാലയിലെ അനദ്ധ്യാപക നിയമനങ്ങൾ പി.എസ്.സി.വഴി നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത സർവ്വകലാശാലയിൽ വി.എച്ച്.എസ്.ഇ. അഗ്രിക്കൾച്ചർ വിദ്യാഭ്യാസ യോഗ്യത നിശ്ചയിച്ചിട്ടുള്ള വിവിധ തസ്തികകളിൽ ഏത്ര ഒഴിവു കളുണ്ടെന്ന് പറയാമോ ;

(സി) ഈ ഒഴിവുകളിൽ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഏത്ര പേരുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ഡി) വി.എച്ച്.എസ്.ഇ. അഗ്രിക്കൾച്ചർ യോഗ്യത നിശ്ചയിച്ചിരിക്കുന്ന സർവ്വകലാശാലയിലെ വിവിധ തസ്തികകളിലേക്ക് അഗ്രിക്കൾച്ചർ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ (57/2009) നിന്നും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. 18-2-2010-ലെ സർക്കാർ ഉത്തരവ് (എംഎസ്.) 399/10/ഉ.വി.വ. നമ്പർ പ്രകാരം കേരളത്തിലെ സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊണ്ട് ഉത്തരവിറക്കിയതിന്റെ അടിസ്ഥാനത്തിൽ കേരള കാർഷിക സർവ്വകലാശാലയിലെ അനദ്ധ്യാപക വിഭാഗം തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്തുന്നതിനുള്ള സ്റ്റാറ്റ്യൂട്ട് ഭേദഗതിക്ക് ബഹുമാനപ്പെട്ട ചാൻസിലറുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. 2015-ലെ സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകളെ സംബന്ധിച്ച് കൂടുതൽ ചുമതലകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് ചുമതലപ്പെടുത്തിയ ആക്ട് 18-ലെ സെക്ഷൻ 4 പ്രകാരം നിയമനങ്ങൾ സംബന്ധിച്ച റൂളുകൾ പുറപ്പെടുവിക്കുന്നതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്. അതുപ്രകാരം തയ്യാറാക്കിയ ചട്ടങ്ങളുടെ കരടിന്മേൽ സർവ്വകലാശാലയുടെ നിർദ്ദേശങ്ങൾ ആരാഞ്ഞിട്ടുണ്ട്.

(ബി) കേരള കാർഷിക സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിൽ നിലവിൽ വി.എച്ച്.എസ്.ഇ. (അഗ്രി) അടിസ്ഥാനയോഗ്യതയായി നിശ്ചയിച്ചിട്ടുള്ള തസ്തികകൾ ഇല്ല.

(സി&ഡി) ബാധകമല്ല.

**വെറ്ററിനറി ആശുപത്രികളിലെയും ഡിസ്പെൻസറികളിലെയും തസ്തികകൾ**

169 (3005) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വെറ്ററിനറി ആശുപത്രികളിലും വെറ്ററിനറി ഡിസ്പെൻസറികളിലുമായി എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്; വിശദാംശം നൽകാമോ;

(ബി) കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ പത്തു വർഷക്കാലയളവിൽ പി.എസ്.സി. മുഖേന എത്രപേരെ നിയമിച്ചിട്ടുണ്ട്; ഇതിൽ എത്രപേരാണ് ചാർജ്ജെടുത്തത്;

(സി) പല കാരണങ്ങളാൽ സംസ്ഥാന വ്യാപകമായി ഒഴിച്ചിടുന്ന തസ്തികകൾ കാസർഗോഡ് ജില്ലയിലേക്കുമാറ്റി മറ്റിടങ്ങളിൽ നിയമനം നടത്തിയിട്ടുണ്ടോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ 17 വെറ്ററിനറി സർജൻ, 8 ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ എന്നീ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്.

(ബി) കഴിഞ്ഞ പത്തുവർഷ കാലയളവിൽ പി.എസ്.സി. മുഖേന നിയമിച്ചവരുടെയും അതിൽ ചാർജ്ജ് എടുത്തവരുടെയും എണ്ണം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | തസ്തികയുടെ പേര് | പി.എസ്.സി. മുഖേന നിയമനം ലഭിച്ചവരുടെ എണ്ണം | ചാർജ്ജെടുത്തവരുടെ എണ്ണം |
|---|---|---|---|
| 1 | വെറ്ററിനറി സർജൻ | 41 | 29 |
| 2 | ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ | 63 | 56 |
| 3 | ക്ലാർക്ക് | 10 | 4 |
| 4 | ക്ലാർക്ക് ടൈപ്പിസ്റ്റ് | 1 | 1 |
| 5 | എൽ.ഡി. ടൈപ്പിസ്റ്റ് | 8 | 6 |
| 6 | ലാബ് ടെക്നീഷ്യൻ | 3 | 3 |
| 7 | ഡ്രൈവർ | 3 | 3 |
| 8 | നൈറ്റ് വാച്ചർ | 11 | 6 |

(സി) നിയമനം നടത്തിയിട്ടില്ല.

**ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ-കൊട്ടിയം**

170 (3006) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടിയത്ത് പ്രവർത്തിക്കുന്ന എൽ.എം.റ്റി.സി. എന്ന സ്ഥാപനത്തിൽ എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്;

(ബി പ്രസ്തുത സ്ഥാപനം സുഗമമായി പ്രവർത്തിക്കുന്നതിലേക്ക് ആവശ്യമായ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) കൊട്ടിയത്ത് പ്രവർത്തിക്കുന്ന എൽ.എം.റ്റി.സി. എന്ന സ്ഥാപനത്തിന് സ്വന്തമായി കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളുണ്ട്. ടി കെട്ടിടത്തിലെ മുറികൾ പരിശീലനത്തിനുവരുന്ന കർഷകർക്ക് വാടകയ്ക്ക് നൽകുന്നതിനു വേണ്ടിയുള്ള നടപടികൾ പുരോഗമിക്കുന്നു. ഒരു അസിസ്റ്റന്റ് ഡയറക്ടർ തസ്തികയും ഒരു ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയും പുനർവിന്യാസത്തിലൂടെ അനുവദിച്ചിട്ടുണ്ട്. നിലവിൽ ഗസ്റ്റ് ഫാക്കൽറ്റിയെ ഉപയോഗിച്ച് കർഷകർക്ക് പരിശീലനവും നൽകുന്നുണ്ട്.

**ആധുനിക മാംസ സംസ്കരണ ഫാക്ടറി**

171 (3007) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിലെ കാഞ്ഞിരപ്പിള്ളിയിലെ എം.പി.ഐ. വക സ്ഥലത്ത് ആധുനിക മാംസ സംസ്കരണ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടികൾക്ക് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ ;

(സി) തടസ്സങ്ങൾ നീക്കി പ്രസ്തുത മാംസ സംസ്കരണ ഫാക്ടറി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഈ പദ്ധതിക്ക് 19-11-2012-ലെ സ.ഉ. (എംഎസ്.) നമ്പർ 265/12/എ.ഡി. പ്രകാരം ഭരണാനുമതി നൽകിയിരുന്നു. എന്നാൽ, പദ്ധതിക്കായി നിശ്ചയിച്ച സ്ഥലം പരിസ്ഥിതി ലോല പ്രദേശമായി പ്രഖ്യാപിച്ച സാഹചര്യത്തിൽ മാലിന്യ നിയന്ത്രണ ബോർഡ് അനുമതി നിഷേധിച്ചിരിക്കുകയാണ്.

(സി) നിരോധനം നീക്കി അനുമതി നൽകുന്നതിനായി ബന്ധപ്പെട്ടവർക്ക് നിവേദനം നൽകിക്കഴിഞ്ഞു.

## വൈക്കം നിയോജകമണ്ഡലത്തിലെ പദ്ധതികൾ

172 (3008) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ മൃഗസംരക്ഷണ വകുപ്പിനുകീഴിൽ വൈക്കം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണ്, വെളിപ്പെടുത്തുമോ;

(ബി) മൃഗസംരക്ഷണ വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ അഞ്ചു വർഷത്തിതിനിടയിൽ എത്ര തുകയാണ് പ്രസ്തുത മണ്ഡലത്തിൽ ചെലവഴിച്ചതെന്നും ഇതിൽ ഏതെല്ലാം പ്രവർത്തികളാണ് ഇനിയും പൂർത്തീകരിക്കാനുള്ളതെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു.*

(ബി) വൈക്കം നിയോജകമണ്ഡലത്തിൽ 2,78,83,412 രൂപ മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതി പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ചെലവഴിച്ചിട്ടുണ്ട്. കുട്ടനാട് പാക്കേജ് പദ്ധതികളിൽ ബയോവേസ്റ്റ് അസ് മാന്യർ എന്ന പദ്ധതി പൂർണ്ണമായും പൂർത്തീകരിച്ചിട്ടില്ല. ടി പദ്ധതി 2016 മാർച്ചിനകം പൂർത്തീകരിക്കുന്നതാണ്.

## ഫാമുകൾ

173 (3009) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ മേഖലയിൽ ആട്, മുയൽ, കാട, മുട്ടക്കോഴി, ഇറച്ചിക്കോഴി ഫാമുകൾ പുതുതായി ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫാമുകൾ ഇതു വഴി എത്ര പേർക്ക് പുതുതായി തൊഴിൽ നൽകാൻ കഴിഞ്ഞുവെന്ന് പറയാമോ;

(സി) പ്രസ്തുത പദ്ധതികൾക്കായി ബജറ്റിൽ ഇതുവരെ എത്ര തുക വീതം അനുവദിച്ചു എന്ന് വിശദമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) 1. കൊല്ലം ജില്ലയിൽ കോട്ടത്തറയിൽ മൃഗസംരക്ഷണ വകുപ്പിന്റെയും കൊല്ലം ജില്ലാപഞ്ചായത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ പ്രതിവാരം 10000 കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്ന ഒരു ഹാച്ചറി തുടങ്ങിയിട്ടുണ്ട്.

2. ആർ.കെ.വി.വൈ.-യിൽ ഉൾപ്പെടുത്തി മലപ്പുറം ജില്ലയിലെ എടവണ്ണയിൽ 6 കോടി രൂപ ചെലവിൽ ഒരു മുട്ടക്കോഴിഫാമും ഹാച്ചറിയും തുടങ്ങുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) കൊല്ലം ജില്ലയിൽ കോട്ടത്തറയിൽ 4 പേർക്ക് പുതുതായി തൊഴിൽ നൽകിയിട്ടുണ്ട്. എടവണ്ണ ഫാമിൽ ഫാമിന്റെ പണി പൂർത്തീകരിച്ചുകഴിഞ്ഞാൽ മാത്രമേ ജീവനക്കാരെ നിയമിക്കുകയുള്ളൂ.

(സി) കൊല്ലം ജില്ലയിൽ കോട്ടത്തറയിലെ ഫാമിനായി ബഡ്ജറ്റിൽ തുകയൊന്നും അനുവദിച്ചിട്ടില്ല. എടവണ്ണ ഫാമിലേയ്ക്ക് ആർ.കെ.വി.വൈ.-യിൽ 6.0296 കോടി രൂപയുടെ അനുമതിയും ഇതുവരെയായി ഒരു കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

**കൊട്ടിയം താറാവ് വളർത്തൽ കേന്ദ്രത്തിന്റെയും കോഴിത്തീറ്റ ഉല്പാദന കേന്ദ്രത്തിന്റെയും പ്രവർത്തനം**

174 (3010) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ കൊട്ടിയത്ത് പ്രവർത്തിക്കുന്ന താറാവ് വളർത്തൽ കേന്ദ്രത്തിലേയും, കോഴിത്തീറ്റ ഉല്പാദന കേന്ദ്രത്തിലേയും നിലവിലെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(ബി) രണ്ട് സ്ഥാപനങ്ങളിലെയും ഉല്പാദന ക്ഷമത എത്രയാണെന്നും, നിലവിലെ ഉല്പാദനം എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത രണ്ട് സ്ഥാപനങ്ങളും ലാഭകരമായിട്ടാണോ പ്രവർത്തിക്കുന്നത്; അല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) മികച്ച പ്രതിരോധശേഷിയുള്ള വിഗോവ ഇനത്തിൽപ്പെട്ട താറാവുകളെയാണ് കേരള സ്റ്റേറ്റ് പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിലുള്ള കൊട്ടിയം താറാവ് വളർത്തൽ കേന്ദ്രത്തിൽ വളർത്തുന്നത്. പരമ്പരാഗതവും ആധുനികവുമായ താറാവ് വളർത്തൽ രീതിയാണ് ഈ ഫാമിൽ അനുവർത്തിച്ച് വരുന്നത്. ഈ ഫാമിൽ വിരിയിച്ചെടുക്കുന്ന താറാവിൻ കുഞ്ഞുങ്ങളെ ആവശ്യക്കാരായ കർഷകർക്ക് വിതരണം ചെയ്തുവരുന്നു.

സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപ്പാക്കുന്ന വിവിധ പദ്ധതികൾക്ക് വിതരണം ചെയ്യുന്നതിന് ആവശ്യമായ കോഴിത്തീറ്റ ഉൽപ്പാദിപ്പിക്കുന്നത് കൊട്ടിയത്തെ കോഴിത്തീറ്റ ഉല്പാദന കേന്ദ്രത്തിലാണ്. അതിനുപുറമേ കെപ്കോ ഇന്റഗ്രേഷൻ ഫാമുകളിലും ഇവിടെ ഉൽപ്പാദിപ്പിക്കുന്ന കോഴിത്തീറ്റ വിതരണം ചെയ്യുന്നുണ്ട്.

(ബി) കൊട്ടിയം താറാവ് വളർത്തൽ കേന്ദ്രത്തിൽ ഒരേസമയം 15000 താറാവിൻ കുഞ്ഞുങ്ങളെ വിരിയിച്ചെടുക്കാനുള്ള ശേഷിയുണ്ട്. ഇപ്പോൾ ശരാശരി 500 കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്നു. ഒരേസമയം 1250 താറാവുകളെ വളർത്താനുള്ള ശേഷി ഫാമിനുണ്ട്. ഇപ്പോൾ 1100 താറാവുകളെ ഇവിടെ വളർത്തുന്നുണ്ട്. കൊട്ടിയം ഫീഡ് മിക്സിംഗ് പ്ലാന്റിന്റെ പ്രതിദിന ഉൽപ്പാദനശേഷി 8-10 മെട്രിക് ടൺ ആകുന്നു. ഇപ്പോൾ ഉത്പാദനം ഉള്ള ദിവസങ്ങളിൽ ശരാശരി 7 മെട്രിക് ടൺ കോഴിത്തീറ്റ ഉത്പാദിപ്പിക്കുന്നുണ്ട്.

(സി) കൊട്ടിയം താറാവ് വളർത്തൽ കേന്ദ്രവും കോഴിത്തീറ്റ ഉത്പാദന കേന്ദ്രവും ലാഭനഷ്ടാടിസ്ഥാനത്തിലല്ല പ്രധാനമായും പ്രവർത്തിക്കുന്നത്. കോഴിത്തീറ്റ ഉത്പാദനം നടക്കുന്നത് വാണിജ്യാടിസ്ഥാനത്തിലല്ല. ഈ കോർപ്പറേഷൻ നടപ്പാക്കുന്ന നിരവധി പദ്ധതികളുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനുവേണ്ടിയാണ് ഈ തീറ്റ മുഖ്യമായും ഉപയോഗിക്കുന്നത്. താറാവ് വളർത്തൽ ഒരു പ്രധാന ഉപതൊഴിലായി സ്വീകരിച്ചിട്ടുള്ള കൊല്ലം, ആലപ്പുഴ ജില്ലകളിലെ കർഷകർക്ക് പ്രോത്സാഹനം നൽകുക എന്നതാണ് താറാവ് വളർത്തൽ കേന്ദ്രത്തിന്റെ പ്രധാന ലക്ഷ്യം. ഈ സാഹചര്യത്തിൽ ഈ രണ്ട് യൂണിറ്റുകളുടെയും മാത്രം പ്രവർത്തനം ലാഭനഷ്ടാടിസ്ഥാനത്തിൽ കണക്കാക്കാൻ കഴിയുകയില്ല. ഈ കോർപ്പറേഷന്റെ വിവിധ ജനക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായിട്ടുമാത്രമേ ഇവയെ കണക്കാക്കാൻ സാധിക്കുകയുള്ളൂ.

**കൽപ്പറ്റ നിയോജകമണ്ഡലത്തിലെ വികസന പദ്ധതികൾ**

175 (3011) <u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മൃഗസംരക്ഷണ വകുപ്പുമുഖേന കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും ആയതിനു വകയിരുത്തിയ തുക എത്രയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മൃഗാശുപത്രികളുടെ നിർമ്മാണവും ശാക്തീകരണവും, സ്കൂളുകളിലെ മൃഗക്ഷേമ പ്രവർത്തനങ്ങൾ, ഫീൽഡ് വിസിറ്റ്, ഓറിയന്റഡ് എക്സ്റ്റൻഷൻ പ്രോഗ്രാമുകൾ, പന്നി വളർത്തൽ യൂണിറ്റുകൾ, മുയൽ വളർത്തൽ യൂണിറ്റുകൾ, അടുക്കള മുറ്റത്തെ കോഴി വളർത്തൽ, ജില്ലാ ലാബുകളുടെയും മറ്റ് ലാബുകളുടേയും ശാക്തീകരണം, വന്ധ്യതാ നിവാരണ ക്യാമ്പുകൾ, ആടുവളർത്തൽ യൂണിറ്റുകൾ, കോംപ്രിഹെൻസീവ് ഹെൽത്ത് കെയർ പ്രോഗ്രാം, സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ബോധവൽക്കരണ പദ്ധതികൾ, വിവിധതരം സെമിനാറുകൾ, ജില്ലാതല സംരംഭകരുടെ സംഗമം, ഹീഫർ റിയറിംഗ് മുതലായ പദ്ധതികളാണ് പ്രധാനമായും നടപ്പാക്കിയത്.

(ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) 2015-16 സാമ്പത്തിക വർഷത്തിൽ അസ്കാഡ്-ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ക്യാമ്പയിൻ സെമിനാർ പദ്ധതിക്കായി അനുവദിച്ചതിൽ 10,000 രൂപയും ജില്ലാ ലാബിന്റെ ശാക്തീകരണത്തിനും ആധുനികവൽക്കരണത്തിനും അനുവദിച്ച ഒരു ലക്ഷം രൂപയും മാത്രമേ ചെലവഴിക്കാൻ ബാക്കിയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**മൃഗസംരക്ഷണ വകുപ്പിലെ പദ്ധതികൾ**

176 (3012) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിന് ശേഷം മൃഗസംരക്ഷണ വകുപ്പിൽ വിവിധ ബഡ്ജറ്റുകളിലായി പ്രഖ്യാപിക്കപ്പെട്ട പുതിയ പദ്ധതികൾ/പരിപാടികൾ നടപ്പാക്കാൻ കഴിയാതെ പോയിട്ടുണ്ടോ ; വിശദീകരിക്കാമോ;

(ബി) പദ്ധതികൾ നടപ്പാക്കാൻ കഴിയാത്തതിന്റെ ഫലമായി എത്ര തുക ലാപ്സായിപ്പോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 2012-13 സാമ്പത്തികവർഷം മീനങ്ങാടി, കോയിപ്പാടി എന്നിവിടങ്ങളിൽ ആരംഭിക്കാനിരുന്ന പുതിയ തീറ്റപ്പുൽ മില്ലിംഗ് പ്ലാന്റുകൾ സ്ഥലത്തിന്റെ ലഭ്യതക്കുറവ് കാരണം നടപ്പിലാക്കുവാൻ കഴിഞ്ഞില്ല. 2013-14 സാമ്പത്തിക വർഷം മീറ്റ്സ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയുടെ കീഴിൽ ചാലക്കുടിയിൽ സ്ഥാപിക്കുവാനിരുന്ന അത്യാധുനിക കോഴി ഇറച്ചി സംസ്കരണ യൂണിറ്റ് കസ്തൂരിരംഗൻ റിപ്പോർട്ട് പ്രകാരം പരിസ്ഥിതി ലോലപ്രദേശമായതിനാൽ നടപ്പിലാക്കുവാൻ കഴിഞ്ഞില്ല.

(ബി) 2012-13-ൽ 2.5 കോടി രൂപയും 2013-14-ൽ 36 കോടി രൂപയും ലാപ്സായിപ്പോയിട്ടുണ്ട്.

**തിരുവണ്ടൂരിലെ ഹൈടെക് കാലിത്തീറ്റ ഫാക്ടറി**

177 (3013) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടിയിൽ തിരുവണ്ടൂരിൽ പ്രവർത്തനം ആരംഭിച്ച ഹൈടെക് കാലിത്തീറ്റ ഫാക്ടറിയിലേയ്ക്ക് ഏതെല്ലാം തസ്തികകളിൽ നിയമനം നടത്തുന്നതിനാണ് സർക്കാർ ഓൺലൈൻ അപേക്ഷ ക്ഷണിച്ചത്; വിശദമാക്കാമോ;

(ബി) അപേക്ഷ ക്ഷണിച്ചിട്ടുള്ള വിവിധ തസ്തികകളിൽ ഇതുവരെ ഓൺലൈനായി ലഭിച്ചിട്ടുള്ള അപേക്ഷകൾ എത്ര; തസ്തിക തിരിച്ച് അപേക്ഷകരുടെ പേര്, വിലാസം എന്നിവ വ്യക്തമാക്കി പട്ടിക ലഭ്യമാക്കാമോ;

(സി) ഓൺലൈൻ ആയി സ്വീകരിച്ച അപേക്ഷകളിൽ ഇതുവരെ എത്ര പേരെ നിയമിച്ചു; ഏത് തസ്തികകളിൽ; നിയമനം ലഭിച്ചവരുടെ പേര്, വിലാസം എന്നിവ വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ തിരുവണ്ടൂർ കാലിത്തീറ്റ ഫാക്ടറിയിൽ മൊത്തത്തിൽ എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ട്; ഏതെല്ലാം തസ്തികകളിൽ; നിയമിച്ചവരുടെ പേര് വിവരം, ഓരോരുത്തർക്കും നിശ്ചയിച്ചിട്ടുള്ള ശമ്പളം എത്ര എന്നുകൂടി വ്യക്തമാക്കി പട്ടിക ലഭ്യമാക്കാമോ?

## ഉത്തരം

(എ) കൊയിലാണ്ടിയിൽ തിരുവണ്ടൂരിൽ പ്രവർത്തനം ആരംഭിച്ച ഹൈടെക് കാലിത്തീറ്റ ഫാക്ടറിയിലേയ്ക്ക് പത്രപ്പരസ്യം മുഖേനയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും താഴെപ്പറയുന്ന തസ്തികകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്:

1. ഡെപ്യൂട്ടി മാനേജർ (പേഴ്സണൽ &അഡ്മിനിസ്ട്രേഷൻ)
2. അസിസ്റ്റന്റ് മാനേജർ (ഫിനാൻസ് & അക്കൗണ്ട്സ്)
3. ഓഫീസർ (പ്രൊഡക്ഷൻ & മെയിന്റനൻസ്)
4. ഓഫീസർ (സിവിൽ)
5. ജൂനിയർ ഓഫീസർ (ഫിനാൻസ് & അക്കൗണ്ട്സ്)
6. ജൂനിയർ ഓഫീസർ (മെറ്റീരിയൽസ്)
7. ഓഫീസർ (മെയിന്റനൻസ്).

(ബി) പ്രസ്തുത അപേക്ഷകൾ തപാൽ മുഖേനയാണ് സ്വീകരിച്ചിട്ടുള്ളത്. ഇവയുടെ സൂക്ഷ്മ പരിശോധന നടന്നുവരുന്നതേയുള്ളൂ.

(സി) മേൽപ്പറഞ്ഞ തസ്തികകളിൽ ഇതുവരെയും നിയമനങ്ങൾ നടത്തിയിട്ടില്ല.

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 6 മാസകാലയളവിലേയ്ക്ക് ടെക്നീഷ്യൻ വിഭാഗത്തിലും വർക്കർ താൽക്കാലികാടിസ്ഥാനത്തിലുമായി 17 പേരെ നിയമിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കേരള വെറ്ററിനറി സർവ്വകലാശാല നേരിടുന്ന പ്രതിസന്ധി

178 (3014) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വെറ്ററിനറി സർവ്വകലാശാല നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

സർവ്വകലാശാലാ ആസ്ഥാന കാര്യാലയം നിർമ്മാണവുമായി ബന്ധപ്പെട്ട് വിവിധ കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്നതിനാൽ അത് പരിഹരിച്ച് തരുവാനും കൂടാതെ വയനാട് വൈത്തിരി താലൂക്കിൽ സർവ്വകലാശാലാ ആസ്ഥാനകാര്യാലയ നിർമ്മാണത്തിനായി സർക്കാർ അനുവദിച്ച തുക ഈ സാമ്പത്തിക വർഷംതന്നെ വിനിയോഗിക്കുന്നതിനും വേണ്ടിയുള്ള നടപടികൾ എടുത്തുവരുന്നു. സർവ്വകലാശാല നിലവിൽ വന്നപ്പോൾ ആസ്ഥാന കാര്യാലയ പ്രവർത്തനത്തിന് ആവശ്യമായ 110 അനദ്ധ്യാപക തസ്തികകൾ അനുവദിക്കുന്നതിനുള്ള നടപടി എടുത്തുവരുന്നു.

കേരള കാർഷിക സർവ്വകലാശാലയുടെ വിഭജനത്തെ തുടർന്ന് പുതുതായി രൂപീകൃതമായ കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവ്വകലാശാല യിലേയ്ക്ക് ഓപ്ഷൻ മുഖാന്തിരം നിയമനം നേടിയ കാർഷിക സർവ്വകലാശാലയിൽ ജോലി ചെയ്തിരുന്ന തൊഴിലാളികളുടെയും ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പ്രോവിഡന്റ് ഫണ്ട് കുടിശ്ശികയും കാർഷിക സർവ്വകലാശാലയിൽ ജോലി ചെയ്തിരുന്ന കാലയളവിൽ ലഭിക്കേണ്ട കുടിശ്ശിക തുകകളും കൂടി ആകെ 35,15,29,717 (മുപ്പത്തിയഞ്ച് കോടി പതിനഞ്ച് ലക്ഷത്തി ഇരുപത്തിയൊൻപതിനായിരത്തി എഴുന്നൂറ്റി പതിനേഴ് രൂപ) ലഭിക്കാനുള്ളതിൽ സർക്കാർ ഉത്തരവ് (ആർറ്റി.) 1547/15/എ.ഡി. തീയതി 15-9-2015 പ്രകാരം 7,32,13,279 രൂപ (ഏഴ് കോടി മുപ്പത്തിരണ്ട് ലക്ഷത്തി പതിമൂവ്വായിരത്തി ഇരുന്നൂറ്റി എഴുപത്തിയൊൻപത്) പദ്ധതി ഇതര വിഹിതത്തിലെ ഭാവി ഗഡുക്കളിൽനിന്ന് തിരികെ പിടിക്കുമെന്ന നിബന്ധനയിൽ അനുവദിച്ചിട്ടുണ്ട്.

## വെറ്ററിനറി സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രം

179 (3015) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ കയ്യൂർ ചീമേനിയിൽ വെറ്ററിനറി സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത കേന്ദ്രം ആരംഭിക്കാൻ അനുയോജ്യമായ സ്ഥലം സൗജന്യമായി നൽകാൻ തയ്യാറുള്ള ടി പഞ്ചായത്തിൽ ഉടൻ കേന്ദ്രം ആരംഭിക്കാൻ കഴിയുമോ; വിശദമാക്കുമോ?

ഉത്തരം

(എ) & (ബി) പ്രസ്തുത പ്രദേശത്ത് ഇതിനായി സർവ്വകലാശാലയ്ക്ക് അനുയോജ്യമായ സ്ഥലം ലഭ്യമാകുന്നമുറയ്ക്കും ഇതിനാവശ്യമായ ഫണ്ടിന്റെ ലഭ്യതയും കണക്കിലെടുത്ത് മാത്രമേ ടി കേന്ദ്രം ആരംഭിക്കുന്ന കാര്യത്തിൽ തീരുമാനം എടുക്കാൻ കഴിയുകയുള്ളൂ.

## ഇ-മിസ്റ്റ് പദ്ധതി

180 (3016) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേഷനറി വകുപ്പിൽ ഇ-മിസ്റ്റ് (ഇലക്ട്രോണിക്സ് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്ററം) പദ്ധതി നടപ്പിലാക്കുമെന്ന് പ്രഖ്യാപനം നടത്തിയിരുന്നോ ; എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിച്ചോ ; വിശദമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്റ്റേഷനറി വകുപ്പിന്റെ ആധുനികവൽകരണത്തിനായി ആകെ അനുവദിച്ചതും നാളിതുവരെയായി ചെലവഴിക്കാതെ ട്രഷറിയിൽ ബാക്കി നിൽക്കുന്നതുമായ തുകകൾ എത്രയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) പ്രഖ്യാപനം നടത്തിയിട്ടില്ല. സ്റ്റേഷനറി വകുപ്പിൽ സ്റ്റോക്ക് മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിനായി രൂപീകരിച്ച ഒരു സിസ്റ്റമാണ് ഇത്. ഈ സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിലൂടെ സ്റ്റേഷനറി സാധനങ്ങളുടെ സംഭരണവും വിതരണവും കുറ്റമറ്റതാക്കുക എന്നതാണ് ലക്ഷ്യം. ഇത് 90 ശതമാനവും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. ചെലവഴിക്കാത്ത തുകകൾ അതാത് വർഷം തന്നെ സറണ്ടർ ചെയ്തിട്ടുണ്ട്.

## സർക്കാർ പ്രസ്സുകളുടെ ആധുനികവൽക്കരണം

181 (3017) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ പ്രസ്സുകളുടെ ആധുനികവത്കരണത്തിനായി അനുവദിച്ച തുക എത്ര കോടിയാണ്; ആധുനികവത്കരണ നടപടികൾ പൂർത്തീകരിച്ചോ; വിശദമാക്കാമോ;

(ബി) കഴിഞ്ഞ നാലുവർഷത്തെ ബഡ്ജറ്റിൽ ആധുനികവൽക്കരണത്തിനായി നീക്കിവച്ച തുകയിൽ ചെലവഴിക്കാതെ ബാക്കി നിൽക്കുന്ന തുകയുടെ കണക്ക് ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സർക്കാർ പ്രസ്സുകൾക്ക് പുതിയ കെട്ടിടം നിർമ്മിച്ചു നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ)

| വർഷം | തുക (രൂപ) |
|---|---|
| 2011-12 | 4,00,00,000 |
| 2012-13 | 5,87,00,000 |
| 2013-14 | 5,50,00,000 |
| 2014-15 | 5,75,00,000 |
| 2015-16 | 4,50,00,000 |
| ആകെ | 25,62,00,000 |

ആധുനികവൽക്കരണ നടപടികൾ പൂർത്തീകരിച്ചിട്ടില്ല.

(ബി) ബഡ്ജറ്റിൽ ചെലവഴിക്കാത്ത തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | തുക (രൂപ) |
|---|---|
| 2011-12 | 1,35,12,910 |
| 2012-13 | 5,25,87,302 |
| 2013-14 | 5,01,90,343 |
| 2014-15 | 3,37,41,980 |

(സി) കോഴിക്കോട്, വാഴൂർ എന്നിവിടങ്ങളിലെ ഗവൺമെന്റ് പ്രസ്സുകളോട് ചേർന്ന് രണ്ട് വേയ്സ്റ്റ് പേപ്പർ ഗോഡൗണുകളും വയനാട് ഗവൺമെന്റ് പ്രസ്സിനോടനുബന്ധിച്ച് സ്റ്റാഫ് ക്വാർട്ടേഴ്സും പണി പൂർത്തിയാക്കിയിട്ടുണ്ട്.

## ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് നേടിയിട്ടുള്ള പഞ്ചായത്തുകൾ

182 (3019) <u>ശ്രീ. ജെയിംസ് മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര പഞ്ചായത്തുകൾ ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് നേടിയിട്ടുണ്ട്; ഇത് ആകെയുള്ള പഞ്ചായത്തുകളുടെ എത്ര ശതമാനം വരും;

(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം എല്ലാ പഞ്ചായത്തുകൾക്കും ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് നേടാൻ ഉതകുന്ന തരത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത്;

(സി) അത് ഫലപ്രാപ്തിയിൽ എത്തിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) 88 ഗ്രാമപഞ്ചായത്തുകൾ. 9.35%

(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ കരസ്ഥമാക്കുന്നതിനായുള്ള തുടർപ്രവർത്തനങ്ങൾ നടത്തുന്നതിന് 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി) ഗ്രാമപഞ്ചായത്തുകളുടെ സേവന ഗുണനിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി 88 ഗ്രാമപഞ്ചായത്തുകൾക്ക് ഐ.എസ്.ഒ. അംഗീകാരം നൽകിയിട്ടുണ്ട്. 350 ഗ്രാമപഞ്ചായത്തുകൾക്ക് ഐ.എസ്.ഒ. അംഗീകാരം നേടുന്നതിനുള്ള പദ്ധതി ആരംഭിച്ചുകഴിഞ്ഞു. അടുത്ത സാമ്പത്തിക വർഷത്തോടെ സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകൾക്കും ഐ.എസ്.ഒ. അംഗീകാരം നേടുന്നതിനുള്ള പദ്ധതി നടപ്പിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**ആസ്തി വികസന ഫണ്ട്**

183 (3021) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ട് വിനിയോഗിച്ചുള്ള ജോലികളിൽ 2015-2016 കാലയളവിൽ സെക്രട്ടറിയേറ്റിലെ തദ്ദേശ സ്വയംഭരണ വകുപ്പ് ഡി.സി.-സെക്ഷനു കളിൽ എത്തിയിട്ടുള്ള ഫയലുകളുടെ വിവരങ്ങൾ, തപാലിൽ നിന്നും ഫയൽ സെക്ഷനിലെത്തിയ തീയതി, ഫയൽ സമർപ്പിച്ച തീയതി, ധനകാര്യ വകുപ്പിലേയ്ക്ക് അയച്ച തീയതി, ഭരണാനുമതി നൽകിയ തീയതി തുടങ്ങിയ വിവരങ്ങൾ വ്യക്തമാക്കി നൽകാമോ;

(ബി) പല ഫയലുകളും മുൻഗണനാ ക്രമം തെറ്റിച്ചും പക്ഷപാതപരമായും താമസിപ്പിച്ചും പ്രസ്തുത സെക്ഷനിൽ നിന്നും അയ്ക്കുന്നുവെന്ന ആരോപണം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മറ്റു പല വകുപ്പുകളിലും ആസ്തി വികസനവുമായി ബന്ധപ്പെട്ട വിഷയം ജില്ല തിരിച്ച് മൂന്ന് സീറ്റുകളിലായാണ് കൈകാര്യം ചെയ്യുന്നത്. എന്നാൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ ഡിസി3 സീറ്റിലാണ് കേരളത്തിലെമ്പാടുമുള്ള കോർപ്പറേഷൻ/ മുനിസിപ്പാലിറ്റികളുടെ ആസ്തി വികസനവുമായി ബന്ധപ്പെട്ട റോഡ് വർക്കുകളുടെ ഫയൽ കൈകാര്യം ചെയ്യുന്നത്. ഇതിന് പുറമേ ടെണ്ടർ അധിക നിരക്കുമായി ബന്ധപ്പെട്ട ഫയലുകളും മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളുമായി ബന്ധപ്പെട്ട കോടതി കേസ്സുകളും കേരളത്തിലെ ക്ഷേമ പെൻഷനുമായി ബന്ധപ്പെട്ട പെറ്റീഷനുകളും ഇതുമായി ബന്ധപ്പെട്ട ഫയലുകളും ഹർജികൾ സംബന്ധിച്ച സമിതിയുടെ ഫയലുകളും മിസലേനിയസ് ഫയലുകളും കൈകാര്യം ചെയ്യുന്നത് ഡി.സി.3 സീറ്റിലാണ്. അസിസ്റ്റന്റുമാർ മാറിമാറിവന്നതു നിമിത്തവും ഫയലുകൾ പെന്റിംഗ് വന്നിട്ടുണ്ടെന്നും അസംബ്ലിയുടെ ഈ സെഷനിൽ ഈ സീറ്റിൽനിന്നും 19 ചോദ്യങ്ങൾക്ക് മറുപടി നൽകേണ്ടതുള്ളതിനാലും അമിത ജോലിഭാരം ഉള്ളതിനാലും ഈ ചോദ്യം സംബന്ധിച്ച് വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) ഇല്ല.

**മുൻ പഞ്ചായത്ത് മെമ്പർമാർക്കുള്ള പെൻഷൻ**

184 (3022) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ പഞ്ചായത്ത് മെമ്പർമാർക്ക് പെൻഷൻ നൽകാനുള്ള നിർദ്ദേശത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) മുൻ പഞ്ചായത്ത് മെമ്പർമാർക്ക് പെൻഷൻ നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കാര്യക്ഷമമാക്കുന്നതിന് പദ്ധതി**

185 (3023) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും നാളിതുവരെയായി സ്വീകരിച്ചിട്ടുള്ള കർമ്മപദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ പൂർണതോതിൽ ശക്തിപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും നാളിതുവരെയായി സ്വീകരിച്ചിട്ടുള്ള കർമ്മപദ്ധതികൾ ചുവടെ ചേർക്കുന്നു:

1. ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ 864 അസിസ്റ്റന്റ് സെക്രട്ടറി തസ്തികയും 990 ക്ലറിക്കൽ തസ്തികയും സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്.

2. ദീർഘകാലാടിസ്ഥാനത്തിലുള്ള പ്രോജക്ടുകൾക്ക് ഊന്നൽ നൽകുന്നതിന്റെ ഭാഗമായി ഓരോ തദ്ദേശഭരണ സ്ഥാപനവും 5 വർഷത്തേയ്ക്ക് ഏറ്റെടുക്കാവുന്ന പ്രോജക്ടുകളും രണ്ടു വർഷത്തേയ്ക്കുള്ള പദ്ധതികളും തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

3. ആരോഗ്യം, ശുചിത്വം, സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണം തുടങ്ങിയ മേഖലയിൽ വാർഡുതലത്തിൽ മുൻതൂക്കം നൽകി പ്രവൃത്തികൾ നടന്നുവരുന്നു. ആരോഗ്യ-ശുചിത്വമേഖലയിൽ വാർഡുതല ശുചിത്വ സമിതിയും സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണത്തിനായി വാർഡുതല ജാഗ്രതാസമിതികളും നിലവിൽ വന്നു.

4. ഗ്രാമസഭകളുടെ ശക്തമായ സംഘാടനത്തിനായി പ്രവർത്തനം ത്വരിതഗതിയിൽ നടന്നുവരുന്നു. നാളിതുവരെ 60 ശതമാനത്തോളം വാർഡുകളിൽ ഗ്രാമകേന്ദ്രം സ്ഥാപിച്ചുകഴിഞ്ഞു.

5. ഗ്രാമസഭയുടെ/വാർഡുസഭയുടെ ഘടകങ്ങൾ എന്ന നിലയ്ക്ക് ഗ്രാമ/വാർഡ് സഭകളെ ശക്തിപ്പെടുത്തുന്നതിന് വാർഡ്തോറും അയൽസഭകൾ രൂപീകരിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും അതനുസരിച്ച് 80 ശതമാനത്തോളം വാർഡുകളിൽ അയൽസഭകൾ രൂപീകരിക്കുകയുമുണ്ടായി. നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങളെ സംബന്ധിച്ചും അവയുടെ മുൻഗണനയെക്കുറിച്ചും നിർദ്ദേശങ്ങൾ തയ്യാറാക്കി വർക്കിംഗ് ഗ്രൂപ്പുകൾ മുഖേന ഗ്രാമസഭകൾക്ക് സമർപ്പിക്കുക, വികസന പ്രവർത്തനങ്ങൾക്ക്

ആവശ്യമായ വിഭവസമാഹരണത്തിന് സഹായിക്കുക, കുടുംബ, വ്യക്തിഗത ഗുണഭോക്തൃ പ്രോജക്ടുകളിൽ അർഹരായ ഗുണഭോക്താക്കളുടെ അർഹത പരിശോധിച്ച് മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിന് സഹായിക്കുക, പൊതു ആസ്തികൾ സംരക്ഷിക്കുക, സാമൂഹ്യതിൻമകൾക്കെതിരെ പ്രചാരണം സംഘടിപ്പിക്കുക, അയൽസഭാ പ്രദേശത്തെ ശുചിത്വപരിപാലന പ്രവർത്തനങ്ങളെക്കുറിച്ച് കുടുംബാംഗങ്ങളെ ബോധവാൻമാരാക്കി ശുചിത്വപാലനം ഉറപ്പാക്കുക, വാർഡുപ്രദേശത്ത് നടക്കുന്ന അനധികൃത നിർമ്മാണങ്ങൾ, വയൽ-തണ്ണീർത്തടങ്ങൾ നികത്തൽ, കുന്നുകൾ ഇടിച്ച് നിരപ്പാക്കൽ, അനധികൃത ഖനനം, മലിനീകരണം, പരിസ്ഥിതി ആഘാത പ്രവർത്തനങ്ങൾ, സ്ത്രീകൾക്കും കുട്ടികൾക്കും മുതിർന്ന പൗരന്മാർക്കും ഭിന്നശേഷിയുള്ളവർക്കുമെതിരെയുള്ള അതിക്രമങ്ങൾ എന്നിവ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുക, അവ തടയുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, പാർശ്വവൽക്കരിക്കപ്പെടുന്നവരോ പ്രയാസമനുഭവിക്കുന്നവരോ ആയ കുടുംബങ്ങളെ കണ്ടെത്തി അവരെ മുഖ്യധാരയിലേക്ക് ഉയർത്താനാവശ്യമായ നടപടികൾ സ്വീകരിക്കുക തുടങ്ങിയവയാണ് അയൽസഭകളുടെ പ്രവർത്തന ലക്ഷ്യങ്ങൾ.

6. ഗ്രാമപഞ്ചായത്തുകളിൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായിക്കഴിഞ്ഞു. സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലെയും അക്കൗണ്ടിംഗ് സംവിധാനം സാംഖ്യ സോഫ്റ്റ്‌വെയറിലൂടെയാണ് പ്രവർത്തിക്കുന്നത്. പദ്ധതി രൂപീകരണം, അംഗീകാരം തുടങ്ങിയ പദ്ധതി പ്രവർത്തനങ്ങളെല്ലാം സുലേഖ സോഫ്റ്റ്‌വെയർവഴി ഓൺലൈനായി നടത്തുന്നു. ജനന-മരണ-വിവാഹ രജിസ്ട്രേഷനുകൾ സേവന (സിവിൽ രജിസ്ട്രേഷൻ) എന്ന സോഫ്റ്റ്‌വെയറിലൂടെയും സാമൂഹ്യ സുരക്ഷാ പെൻഷനുകൾ സേവന (പെൻഷൻ) എന്ന സോഫ്റ്റ്‌വെയറിലൂടെയും ചെയ്തുവരുന്നു. ജനന-മരണ-വിവാഹ സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ലഭ്യമാണ്. അങ്ങനെ ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കാമെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ജനന-മരണ-വിവാഹ രജിസ്ട്രേഷനുകളുടെ മുൻകാല രേഖകളുടെ കമ്പ്യൂട്ടർവൽക്കരണം പൂർത്തീകരിച്ചിട്ടുണ്ട്. വസ്തുനികുതിയുമായി ബന്ധപ്പെട്ട സഞ്ചയ എന്ന സോഫ്റ്റ്‌വെയർ സ്ഥാപിച്ച് നികുതി നിർണ്ണയ രജിസ്റ്ററുകൾ കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്.

7. ഗ്രാമപഞ്ചായത്തുകളിലെ ജനങ്ങൾക്ക് അനുയോജ്യമായ രീതിയിൽ 2011-ൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്.

8. വികസന ഫണ്ടിൽ മേഖലയനുസരിച്ചുള്ള നിയന്ത്രണങ്ങൾ ഒഴിവാക്കി ഗ്രാമപഞ്ചായത്തുകൾക്ക് അവയുടെ ആവശ്യങ്ങൾ നിർവ്വഹിക്കുന്ന രീതിയിൽ പദ്ധതി പ്രവർത്തനങ്ങൾ നടത്താൻ പ്രാപ്തമാക്കിയിട്ടുണ്ട്.

9. ഭക്ഷ്യവിള വിസ്തൃതി വർദ്ധിപ്പിക്കുക, ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക, ഉല്പാദനം വർദ്ധിപ്പിക്കുക എന്നിവയ്ക്ക് പദ്ധതി നിർവ്വഹണത്തിന് വർഷത്തിൽ 12 മാസവും ലഭിക്കത്തക്ക രീതിയിൽ പദ്ധതി അംഗീകാര നടപടികൾ വേഗത്തിലാക്കും.

10. ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പരിശീലനം നൽകി ഭരണ നിർവ്വഹണത്തിന് പ്രാപ്തരാക്കിയിട്ടുണ്ട്.

11. ഗ്രാമപഞ്ചായത്തുകളുടെ മേൽനോട്ടത്തിൽ വനിതാ ജാഗ്രതാ സമിതികൾ പ്രവർത്തിക്കുന്നുണ്ട്. 779 ഗ്രാമപഞ്ചായത്തുകളിൽ വാർഡുതല സമിതിയും 706 ഗ്രാമപഞ്ചായത്തുകളിൽ പഞ്ചായത്തുതല സഹായ സമിതിയും 605 ഗ്രാമപഞ്ചായത്തുകളിൽ നിയമസഹായ സമിതിയും പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത പ്രവർത്തനങ്ങൾ എല്ലാ വാർഡുകളിലേയ്ക്കും വ്യാപിപ്പിക്കുന്ന പ്രവർത്തനം നടന്നുവരുന്നു.

12. ഗ്രാമപഞ്ചായത്തുകളിലെ ഫ്രണ്ട് ഓഫീസ്, കമ്പ്യൂട്ടർവൽക്കരണം തുടങ്ങിയ നടപടികളിലൂടെ ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾ അഴിമതിരഹിതവും സുതാര്യവുമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

13. സാമൂഹ്യസുരക്ഷാ പെൻഷനുകൾ ഡി.ബി.റ്റി. സമ്പ്രദായത്തിലൂടെ നടപ്പിലാക്കിയതുവഴി പെൻഷനുകൾ അതാത് മാസം ഗുണഭോക്താക്കൾക്ക് ലഭിക്കുന്നതിനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്.

14. ഗ്രാമപഞ്ചായത്തുകളുടെ സേവന ഗുണനിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി 88 ഗ്രാമപഞ്ചായത്തുകൾ ഐ.എസ്.ഒ. അംഗീകാരം നേടിയിട്ടുണ്ട്. 350 ഗ്രാമപഞ്ചായത്തുകൾ ഐ.എസ്.ഒ. അംഗീകാരം നേടുന്നതിനുള്ള പദ്ധതി ആരംഭിച്ചുകഴിഞ്ഞു. അടുത്ത സാമ്പത്തിക വർഷത്തോടെ സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകളും ഐ.എസ്.ഒ. അംഗീകാരം നേടുന്നതിനുള്ള പദ്ധതി സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(ബി)

1. പദ്ധതി നിർവ്വഹണത്തിന് വർഷത്തിൽ 12 മാസവും ലഭിക്കത്തക്ക രീതിയിൽ പദ്ധതി അംഗീകാര നടപടികൾ വേഗത്തിലാക്കും.

2. ഗ്രാമസഭായോഗങ്ങൾ കാര്യക്ഷമമാക്കി ജനപങ്കാളിത്തം വർദ്ധിപ്പിക്കും.

3. ജനപ്രതിനിധികൾക്ക് പരിശീലനം നൽകി ഭരണ നിർവ്വഹണത്തിന് പ്രാപ്തരാക്കുന്നതിനുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തും.

4. കൂടാതെ മേൽവിവരിച്ച കർമ്മപദ്ധതികൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**വിതരണം ചെയ്ത ഭൂമിക്ക് പട്ടയം**

186 (3024) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതർക്കായി ഗ്രാമപഞ്ചായത്തുകൾ മുഖേന വിതരണം ചെയ്ത ഭൂമിക്ക് പട്ടയം ലഭിക്കാതെ ഗുണഭോക്താക്കൾ പ്രയാസം അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) വിതരണം ചെയ്ത ഭൂമിയുടെ ഉടമയായി നിശ്ചയിച്ചിരിക്കുന്നത് ആരെയെന്ന് പറയാമോ; ഇവരിൽ നിന്ന് ഭൂനികുതി റവന്യൂ അധികാരികൾ വാങ്ങുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) ഗ്രാമപഞ്ചായത്തും റവന്യൂ വകുപ്പും ഭൂനികുതി കാര്യത്തിലും പട്ടയക്കാര്യത്തിലും സ്വീകരിക്കുന്ന നിലപാട് കാരണം ഗുണഭോക്താക്കൾക്കുണ്ടാകുന്ന ബുദ്ധിമുട്ട്പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) പട്ടയം അനുവദിക്കുന്നതിന് ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; ഇവർക്ക് പട്ടയം അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) സ.ഉ. (എംഎസ്.) നമ്പർ 362/2013/തസ്വഭവ. തീയതി 16-11-2013 ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖാപ്രകാരം ഗ്രാമ പഞ്ചായത്തുകൾ വിലയ്ക്ക് വാങ്ങുന്ന സ്ഥലം ഭൂരഹിതർക്ക് വീടുവയ്ക്കുന്നതിനായി ഗുണഭോക്താവിന്റെ പേരിൽ പതിച്ചുനൽകാവുന്നതാണ്. ഇതുസംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

**വൈക്കം നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളിലെ പദ്ധതിച്ചെലവ്**

187 (3025) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളിൽ 2015-16 സാമ്പത്തിക വർഷത്തെ പദ്ധതികളിൽ എത്ര ശതമാനം തുക ഇതുവരെ ചെലവഴിച്ചു എന്നും പ്രസ്തുത നിയോജക മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലെയും പദ്ധതിച്ചെലവ് സംബന്ധിച്ച ശതമാന കണക്കും വിശദമാക്കുമോ;

(ബി) വൈക്കം നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി മാറ്റിവച്ച വിഹിതത്തിൽ എത്ര ശതമാനം തുക വീതം ഓരോ പഞ്ചായത്തിലും ഇതുവരെ ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)

| ഗ്രാമപഞ്ചായത്തിന്റെ പേര് | 15-2-2016 വരെയുള്ള ചെലവ് തുക (ലക്ഷത്തിൽ) | ചെലവ് ശതമാനം |
|---|---|---|
| വെള്ളൂർ | 117.31 | 46.64 |
| ഉദയനാപുരം | 174.33 | 44.87 |
| വെച്ചൂർ | 104.97 | 43.81 |
| തലയാഴം | 114.75 | 42.99 |
| ടിവിപുരം | 90.98 | 46.34 |
| ചെമ്പ് | 100.76 | 36.14 |
| മറവൻതുരുത്ത് | 142.62 | 60.66 |
| തലയോലപ്പറമ്പ് | 98.07 | 41.63 |
| കല്ലറ | 68.76 | 46.26 |

(ബി)

| ഗ്രാമപഞ്ചായത്തിന്റെ പേര് | 15-2-2016 വരെയുള്ള ചെലവ് ശതമാനം | |
|---|---|---|
| | എസ്.സി.പി. | റ്റി.എസ്.പി. |
| വെള്ളൂർ | 38.56 | ഇല്ല |
| ഉദയനാപുരം | 36.4 | ഇല്ല |
| വെച്ചൂർ | 20.39 | ഇല്ല |
| തലയാഴം | 35.26 | ഇല്ല |
| ടിവിപുരം | 19.78 | 3.81 |
| ചെമ്പ് | 9.44 | 1.48 |
| മറവൻതുരുത്ത് | 46.62 | 13.64 |
| തലയോലപ്പറമ്പ് | 24.04 | 25.84 |
| കല്ലറ | 19.6 | ഇല്ല |

**ആധുനിക ശ്മശാനങ്ങളുടെ നിർമ്മാണം**

188 (3026) ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. വർക്കല കഹാർ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ പഞ്ചായത്തിലും ആധുനികരീതിയിലുള്ള ശ്മശാനങ്ങളുടെ നിർമ്മാണത്തിന് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഗ്രാമപഞ്ചായത്തുകളിൽ ആധുനിക ശ്മശാനങ്ങൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവ നവീകരിക്കുന്നതിനും സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ ധനസഹായം അനുവദിക്കുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

(ബി) താമസിക്കുന്ന വീടിന്റെ അടുക്കളയിലും വീട്ടിനുള്ളിലും മൃതദേഹങ്ങൾ കുഴിച്ചിടുന്ന സ്ഥിതിവിശേഷം ഒഴിവാക്കുന്നതിനും ബഹു. സുപ്രീംകോടതി വിധിയിൽ നിർദ്ദേശിച്ചപ്രകാരം മൃതശരീരങ്ങൾക്ക് മാന്യമായ സംസ്കാരം ലഭിക്കണമെങ്കിൽ നിർബന്ധമായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഒരു പൊതുശ്മശാനം സ്ഥാപിക്കേണ്ടതുണ്ട്. കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ശ്മശാനം സ്ഥാപിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

(സി) ശ്മശാന നിർമ്മാണം/നവീകരണം പദ്ധതി നടപ്പിലാക്കുന്നതിന് ഓരോ സാമ്പത്തിക വർഷവും ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം അനുവദിക്കുന്നുണ്ട്. 12-ാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്തു കളിലും ശ്മശാനങ്ങൾ സ്ഥാപിക്കുന്നത് ഉറപ്പുവരുത്തുന്നതിലേയ്ക്ക് പ്രോത്സാഹനം എന്ന നിലയിൽ സർക്കാർ പദ്ധതി ധനസഹായം നൽകിവരുന്നു. ഇതിലേയ്ക്കുള്ള ധനസഹായത്തിന് ഗ്രാമപഞ്ചായത്തുകളിൽനിന്നും അപേക്ഷകൾ സ്വീകരിച്ച് ജനസംഖ്യ, ജനസാന്ദ്രത, സ്ഥലലഭ്യത, അധിക തുക ചെലവഴിക്കുന്നതിനുള്ള ഫണ്ടിന്റെ ലഭ്യത എന്നീ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണന നിശ്ചയിച്ച് അർഹരായ ഗ്രാമപഞ്ചായത്തുകളുടെ പട്ടിക തയ്യാറാക്കി ധനസഹായം അനുവദിച്ചുവരുന്നു. 2015-16 വർഷം ഗ്രാമപഞ്ചായത്തുകൾക്ക് ശ്മശാന നിർമ്മാണത്തിനായി 20 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിന് 1000 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## ജില്ലാപഞ്ചായത്തുകളിലെ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർക്ക് വാഹനം

189 (3027) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ പഞ്ചായത്തുകളിലെ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർക്ക് വാഹനം അനുവദിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ജില്ലാ പഞ്ചായത്തുകളിലെ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാർക്ക് വാഹനം അനുവദിച്ചിട്ടുണ്ട് എന്നതു സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) ഇല്ലെങ്കിൽ ജില്ലാ പഞ്ചായത്തുകളിലെ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർക്ക് വാഹനം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

### ഉത്തരം

(എ) ജില്ലാ പഞ്ചായത്തുകളിലെ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർക്ക് വാഹനം അനുവദിച്ചിട്ടില്ല.

(ബി) പരിഗണനയിലില്ല.

## ഞീഴൂർ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിന് പഞ്ചായത്ത് വക സ്ഥലം വിട്ടുനൽകൽ

190 (3028) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഞീഴൂർ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിന് ഞീഴൂർ പഞ്ചായത്ത് വക സ്ഥലം വിട്ടു നൽകുന്നതു സംബന്ധിച്ച് ഇപ്പോൾ തദ്ദേശ സ്വയംഭരണ വകുപ്പിൽ നിലവിലുള്ള 242414/ആർ. സി.4/2015 എൽ.എസ്.ജി. ഡി. നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

ഞീഴൂർ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജിന് ഞീഴൂർ പഞ്ചായത്ത് വക സ്ഥലം വിട്ടുനൽകുന്നത് സംബന്ധിച്ച വിഷയത്തിന്മേലുള്ള തുടർനടപടികൾ തദ്ദേശ സ്വയംഭരണ (ആർ.സി.) വകുപ്പിലെ 89/ആർ.സി.4/2016 നമ്പർ ഫയലിൽ സ്വീകരിച്ചുവരികയാണ്. വിട്ടു നൽകാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ ബി.ടി.ആർ. ഉൾപ്പെടുത്തിക്കൊണ്ട് പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശ സഹിതം വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ പഞ്ചായത്ത് ഡയറക്ടർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം, ഞീഴൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവരോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## മൈക്രോ സംരംഭങ്ങൾ

191 (3029) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തൊട്ടാകെ കുടുംബശ്രീ മിഷന് കീഴിൽ എത്ര മൈക്രോ സംരംഭങ്ങളാണുള്ളത്; അവ വ്യക്തിഗത സംരംഭം, ഗ്രൂപ്പ് സംരംഭം എന്നിങ്ങനെ തരംതിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം പ്രസ്തുത സംരംഭങ്ങൾക്കായി ബഡ്ജറ്റിൽ എന്തു തുക വകയിരുത്തിയിരുന്നു; ഇനം തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) മേല്പറഞ്ഞ സൂക്ഷ്മസംരംഭങ്ങൾക്കായി ഗവൺമെന്റ് എന്തെല്ലാം സാമ്പത്തികേതര സഹായങ്ങളാണു നല്കിവരുന്നത്;

(ഡി) കുടുംബശ്രീ മിഷൻ എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത യൂണിറ്റുകൾക്ക് നല്കിവരുന്നത്;വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തൊട്ടാകെ 32000 മൈക്രോ സംരംഭങ്ങൾ കുടുംബശ്രീ മിഷന് കീഴിലുണ്ട്. ഇതിൽ കുടുംബശ്രീ മിഷൻ സബ്സിഡി നൽകി പ്രവർത്തിക്കുന്ന 15175 ഗ്രൂപ്പ് സംരംഭങ്ങളും 4209 വ്യക്തിഗത സംരംഭങ്ങളുമാണുള്ളത്. ബാക്കി സംരംഭങ്ങൾ അയൽക്കൂട്ടങ്ങളുടെ ആന്തരിക വായ്പയിൽനിന്നോ ലിങ്കേജ് ലോൺ വഴിയോ ഇതര സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്തിൽനിന്നോ മൂലധനം കണ്ടെത്തി ആരംഭിച്ച സംരംഭങ്ങളാണ്.

(ബി) 2015-16 സാമ്പത്തിക വർഷത്തിൽ കുടുംബശ്രീ സംരംഭങ്ങൾക്കായി 1.27 കോടി രൂപ വകയിരുത്തിയിരുന്നു. ഇനംതിരിച്ചുള്ള കണക്ക് സംബന്ധിച്ച് വിവരം ശേഖരിച്ചുവരുന്നു.

(സി) കുടുംബശ്രീ സംരംഭങ്ങൾക്ക് സർക്കാർ മുൻഗണന നൽകുന്നുണ്ട്. സർക്കാരിന്റെ ഡേറ്റാ എൻട്രി വർക്കുകൾ കുടുംബശ്രീ ഐ.റ്റി. യൂണിറ്റുകളെയും സർക്കാർ ഓഫീസുകളിലെ കാന്റീൻ പ്രവർത്തനങ്ങൾക്ക് കുടുംബശ്രീ കാന്റീൻ യൂണിറ്റുകൾക്കും മുൻഗണന നൽകുന്നുണ്ട്.

(ഡി) കുടുംബശ്രീ മിഷൻ പ്രസ്തുത യൂണിറ്റുകൾക്ക് പരിശീലനം, ബാങ്കിൽ നിന്നും വായ്പ ലഭ്യമാക്കുന്നതിനാവശ്യമായ സഹായം, വിപണനത്തിനാവശ്യമായ സഹായം, സബ്സിഡിയും ഇതര സാമ്പത്തിക സഹായവും നൽകിവരുന്നു.

## ചേർത്തല മണ്ഡലം ആസ്തി വികസന ഫണ്ട് വിനിയോഗിച്ചുള്ള റോഡ് പുനരുദ്ധാരണം

192 (3030) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പുവഴി നടപ്പിലാക്കുന്നതും മണ്ഡലം ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നഗരസഭാ പ്രദേശങ്ങളിലെ റോഡുകൾ പുനരുദ്ധരിക്കുന്നതിനായി നൽകിയിട്ടുള്ളതുമായ നിർദ്ദേശങ്ങളിൽ ഭരണാനുമതി ലഭിക്കുന്നതിന് കാല താമസം നേരിടുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ, ഇത് എന്തുകൊണ്ടാണെന്ന് പറയാമോ;

(ബി) 2015-2016 കാലയളവിലെ മണ്ഡലം ആസ്തി വികസന ഫണ്ട് വിനിയോഗിച്ചുള്ള റോഡ് വർക്കുകളിൽ ചേർത്തല നഗരസഭാ പ്രദേശത്തെ എത്ര റോഡുകളുടെ ഭരണാനുമതി ഉത്തരവുകൾക്കുള്ള ഫയലുകളാണ് സെക്രട്ടറിയേറ്റിലെ തദ്ദേശ സ്വയംഭരണ വകുപ്പ് ഡി.സി-സെക്ഷനിൽ എത്തിയിട്ടുള്ളത് എന്ന് പറയാമോ, ഈ ഫയലുകൾ സെക്ഷനിൽ എത്തിയത് എന്നാണെന്നും ധനകാര്യ

വകുപ്പിലേയ്ക്ക് അയച്ചത് എന്നാണെന്നും തിരികെ തദ്ദേശ സ്വയംഭരണ വകുപ്പ് ഡി.സി-സെക്ഷനിൽ എത്തിയിട്ടുള്ളത് എന്നാണെന്നും ഭരണാനുമതി ഉത്തരവ് ഇറക്കിയത് എന്നാണെന്നും വ്യക്തമാക്കുമോ, ഭരണാനുമതി ഉത്തരവ് ഇനിയും നൽകാത്തവയുടെ കാര്യത്തിൽ എന്തുകൊണ്ടാണ് കാലതാമസം വരുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മറ്റ് പല വകുപ്പുകളിലും ആസ്തി വികസനവുമായി ബന്ധപ്പെട്ട വിഷയം ജില്ല തിരിച്ച് മൂന്ന് സീറ്റുകളിലായാണ് കൈകാര്യം ചെയ്യുന്നത്. എന്നാൽ തദ്ദേശ സ്വയംഭരണ വകുപ്പിൽ ഡി.സി3 സീറ്റിലാണ് കേരളത്തിൽ എമ്പാടുമുള്ള കോർപ്പറേഷൻ/മുനിസിപ്പാലിറ്റികളുടെ ആസ്തി വികസനവുമായി ബന്ധപ്പെട്ട റോഡ് വർക്കുകളുടെ ഫയൽ കൈകാര്യം ചെയ്യുന്നത്. ഇതിനുപുറമേ ടെണ്ടർ അധിക നിരക്കുമായി ബന്ധപ്പെട്ട ഫയലുകളും മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളുമായി ബന്ധപ്പെട്ട കോടതി കേസ്സുകളും കേരളത്തിലെ ക്ഷേമ പെൻഷനുമായി ബന്ധപ്പെട്ട പെറ്റീഷനുകളും ഇതുമായി ബന്ധപ്പെട്ട ഫയലുകളും ഹർജികൾ സംബന്ധിച്ച സമിതിയുടെ ഫയലുകളും മിസലേനിയസ് ഫയലുകളും കൈകാര്യം ചെയ്യുന്നത് ഡിസി3 സീറ്റിലാണ്. അസിസ്റ്റന്റുകൾ മാറിമാറി വന്നതുനിമിത്തവും ഫയലുകൾ പെന്റിംഗ് വന്നിട്ടുണ്ടെന്നും അസംബ്ലിയുടെ ഈ സെഷനിൽ ഈ സീറ്റിൽനിന്നും 19 ചോദ്യങ്ങൾക്ക് മറുപടി നൽകേണ്ടതുള്ളതിനാലും അമിത ജോലിഭാരം ഉള്ളതിനാലും ഈ ചോദ്യം സംബന്ധിച്ച് വിവരം ശേഖരിച്ച് നൽകുന്നതാണ്.

**പഞ്ചായത്ത് പദ്ധതി വിഹിത ചെലവ്**

193 (3031) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് വകുപ്പിന് 2015-16-ൽ പദ്ധതി വിഹിതമായി എത്ര രൂപയാണ് നീക്കി വച്ചിരുന്നത്;

(ബി) ഇതിൽ എത്ര തുകയാണ് 2016 ജനുവരി 31 വരെ ചെലവിട്ടതെന്നും ചെലവിന്റെ ശതമാനം എത്രയാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 2015-16-ൽ പഞ്ചായത്ത് വകുപ്പിന് 21 കോടി രൂപയാണ് പദ്ധതി വിഹിതമായി നീക്കിവച്ചിരുന്നത്.

(ബി) 2016 ജനുവരി 31 വരെ പഞ്ചായത്ത് വകുപ്പ് 1.76% തുക ചെലവഴിച്ചിട്ടുണ്ട്.

## കുടിവെള്ളം വിതരണം ചെയ്യുന്നതിന് അനുവദിച്ചിരുന്ന വൈദ്യുതി നിരക്കും ഭവന പദ്ധതിയും

194 (3032) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിലെ ഗുണഭോക്തൃ സമിതികൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതിനായി അനുവദിച്ചിരുന്ന വൈദ്യുതി നിരക്ക് എത്രയായിരുന്നു; ഇപ്പോൾ അത് എത്രയായി വർദ്ധിപ്പിച്ചു എന്ന് വ്യക്തമാക്കാമോ; വൈദ്യുതി നിരക്ക് ഉയർത്തിയത് കുടിവെള്ള വിതരണ പദ്ധതിയുടെ നിലനില്പിനുതന്നെ ദോഷകരമാകുന്ന സാഹചര്യത്തിൽ തുക കുറയ്ക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് പറയാമോ;

(ബി) പഞ്ചായത്ത് ഫണ്ടിൽ നേരത്തെ എത്ര ശതമാനം തുകയായിരുന്നു ഉദ്പ്പാദന മേഖലയ്ക്കും സേവന മേഖലയ്ക്കും വകയിരുത്തിയിരുന്നത്; ഈ മേഖല കൾക്ക് ഫണ്ട് വകയിരുത്തുന്നതിന് നിലവിൽ തടസ്സമുണ്ടോ; വിശദമാക്കുമോ;

(സി) ഭവന പദ്ധതിയിൽ വാർഡൊന്നിന് ഒരു വീട് വീതം എന്ന തത്വം ഇപ്പോൾ പാലിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഈ നിയമം മാറ്റാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ; വീടില്ലാത്തവർക്ക് ഈ മാറ്റംമൂലമുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ്ജ് അവസാനമായി പരിഷ്കരിച്ചത് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 14-8-2014-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്. ടി ഉത്തരവ് 16-8-2014-ന് പ്രാബല്യത്തിൽവന്നു. 16-8-2014 വരെ എസ്.സി., എസ്.ടി. കോളനി കളിലെ കുടിവെള്ള വിതരണ പദ്ധതികൾ ഉൾപ്പെടെ ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്തു നടത്തുന്ന എല്ലാ കുടിവെള്ള പദ്ധതികളെയും എൽ.ടി.1 ഗാർഹിക താരിഫ് കാറ്റഗറിയിൽ ഉൾപ്പെടുത്തിയാണ് ബില്ലുചെയ്തു വന്നിരുന്നത്. എന്നാൽ 16-8-2014 മുതൽ പ്രാബല്യത്തിൽ വന്ന പരിഷ്കരണത്തിലൂടെ ഇവയെ എൽ.ടി.VI E താരിഫ് കാറ്റഗറിയിൽ ഉൾപ്പെടുത്തിയാണ് ബില്ല് ചെയ്തുവരുന്നത്. താരിഫ് കാറ്റഗറിയിൽ ഉണ്ടായമാറ്റംമൂലം വൈദ്യുതി ചാർജ്ജിലുണ്ടായ വ്യത്യാസം അനുബന്ധമായി ചേർത്തിരിക്കുന്നു.

എന്നാൽ 16-8-2014 മുതൽ പ്രാബല്യത്തിൽ വന്ന താരിഫ് പരിഷ്കരണ ഉത്തരവുപ്രകാരം ചെറുകിട കുടിവെള്ള പദ്ധതികൾ മുമ്പ് ഉൾപ്പെടുത്തിയിരുന്ന (16-8-2014-ന് മുമ്പ്) LT-1 താരിഫ് കാറ്റഗറിയുടെ താഴെത്തട്ടിലുള്ള സ്ലാബ് നിരക്കുകൾ താഴെപ്പറയുംപ്രകാരമാണ്:

| പ്രതിമാസ ഉപഭോഗം | നിരക്ക് (നിരക്ക് LT-1) (രൂപ/യൂണിറ്റ്) | |
|---|---|---|
| 0-50 | 2.8 | |
| 51-100 | 3.2 | ടെലിസ്കോപ്പിക് |
| 101-150 | 4.2 | |

കുടിവെള്ള പദ്ധതികൾ മുമ്പ് (16-8-2014-ന് മുമ്പ്) ഉൾപ്പെട്ടിരുന്ന താരിഫ് കാറ്റഗറിയുടെ (LT-1) ഇപ്പോഴത്തെ നിരക്കുമായി താരതമ്യപ്പെടുത്തുമ്പോൾ വർദ്ധനവ് ഉണ്ടായതായി കണക്കാക്കാൻ കഴിയില്ല. ആയതിനാൽ ചെറുകിട കുടിവെള്ള പദ്ധതികളുടെ നിലവിലുള്ള നിരക്ക്, പദ്ധതികളുടെ നിലനിൽപ്പിനുതന്നെ ദോഷകരമാണെന്ന സാഹചര്യം ഉള്ളതായി കരുതുന്നില്ല.

(ബി) 11-ാം പഞ്ചവത്സര പദ്ധതിയുടെ അവസാന കാലഘട്ടത്തിൽ ഉത്പാദന മേഖലയ്ക്ക് വകയിരുത്തേണ്ട കുറഞ്ഞതുക 30 ശതമാനമായിരുന്നു. സേവനമേഖലയ്ക്ക് പ്രത്യേകം നിഷ്കർഷിച്ചിരുന്നില്ല.

12-ാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗരേഖയിൽ ഉത്പാദന മേഖലയ്ക്ക് മുൻഗണന നൽകണമെന്ന് പ്രത്യേകം നിഷ്കർഷിച്ചിരുന്നു. 12-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് പശ്ചാത്തലമേഖലയ്ക്ക് മാത്രം ഉയർന്ന പരിധി നിശ്ചയിക്കുകയും ബാക്കി രണ്ട് മേഖലകളിലെ ചെലവ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്വാതന്ത്ര്യത്തിന് വിടുകയും ചെയ്തു. ഇതിന്റെ ഫലമായി താല്പര്യമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉല്പാദന മേഖലയിൽ ആവശ്യാനുസരണം തുക ചെലവഴിക്കാൻ കഴിയും.

(സി) മുൻ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ 125-ാം ജന്മവാർഷികം പ്രമാണിച്ച് 2015-16 വാർഷിക പദ്ധതിയിൽ എല്ലാ വാർഡുകളിലും ഏറ്റവും അർഹരായ ഒരു കുടുംബത്തെ കണ്ടെത്തി അവർക്ക് ജവഹർലാൽ നെഹ്റു ജയന്തി ഭവന നിർമ്മാണ ധനസഹായമായി 2,00,000 (രണ്ട് ലക്ഷം രൂപ മാത്രം) വീതം നൽകേണ്ടതാണെന്നും ആയതിന് ആവശ്യമായ തുക എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അവരുടെ പ്ലാൻ ഫണ്ടിൽ നീക്കിവയ്ക്കേണ്ടതാണെന്നും ആയതിലേയ്ക്കായി നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം ഭവന നിർമ്മാണത്തിനായി വാർഡ്തലത്തിൽ തയ്യാറാക്കുന്ന ഗുണഭോക്തൃ ലിസ്റ്റിലെ സീനിയോറിറ്റിക്രമം പാലിക്കേണ്ടതാണെന്നും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## കൊയിലാണ്ടി മണ്ഡലത്തിലെ ചേമഞ്ചേരി പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക

195 (3033) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ ചേമഞ്ചേരി പഞ്ചായത്തിൽ നിലവിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ ജീവനക്കാരില്ലാത്ത സ്ഥിതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇത് കാരണം പല പദ്ധതികളുടേയും നടപടികൾ നീങ്ങാത്ത സ്ഥിതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; അടിയന്തരമായി പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറെ നിയമിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അത്തോളി ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർക്ക് പ്രസ്തുത പഞ്ചായത്തിന്റെ അഡീഷണൽ ചാർജ് നൽകിയിട്ടുണ്ട്. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നാൽ മാത്രമേ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ നികത്താൻ കഴിയൂ. അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് പട്ടിക നിലവിലില്ലാത്തതിനാൽ 30,000 രൂപ പ്രതിമാസം ഓണറേറിയം നൽകി അസിസ്റ്റന്റ് എഞ്ചിനീയർമാരെ നിയമിക്കാൻ 25-7-2015-ലെ സർക്കാർ ഉത്തരവ് നമ്പർ 2282/2015/തസ്വഭവ. പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ആയതിനാൽ ടി സ്ഥാപനങ്ങൾക്കുതന്നെ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഒഴിവുകൾ താൽക്കാലികമായി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതും പദ്ധതി നടപടികൾ പൂർത്തിയാക്കാവുന്നതുമാണ്.

## അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ഓണറേറിയം

196 (3034) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും വർദ്ധിപ്പിച്ച ഓണറേറിയം എന്നു മുതലാണ് വിതരണം ചെയ്യുന്നത് ;

(ബി) അംഗൻവാടി വർക്കർമാരുടെ ചുമതലകൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(സി) ഓണറേറിയം വർദ്ധനവിനോടൊപ്പം അംഗൻവാടി വർക്കർമാർക്ക് അധിക ചുമതലകൾ നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) 2016 ഏപ്രിൽ മുതൽ പ്രാബല്യത്തിൽ അങ്കണവാടി വർക്കർമാരുടെ ഓണറേറിയം 10,000 രൂപയായും ഹെൽപ്പർമാരുടേത് 7,000 രൂപയായും വർദ്ധിപ്പിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി) അങ്കണവാടി വർക്കർമാരുടെ ജോലി സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ നിലവിലുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി * ചേർത്തിരിക്കുന്നു.

(സി) വേതന വർദ്ധനവിനോടൊപ്പം അധിക ചുമതല നൽകിയിട്ടില്ല.

**തൊഴിലുറപ്പ് പദ്ധതി**

197 (3035) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> :
<u>ശ്രീ. പി. കെ. ഗുരുദാസൻ</u> :
<u>ശ്രീ. സി. കെ സദാശിവൻ</u> :
<u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയിലെ വേതന വിതരണത്തിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; എങ്കിൽ ആയത് വിശദമാക്കാമോ;

(ബി) പുതിയ രീതിയിലുള്ള വേതന വിതരണപ്രകാരം പ്രസ്തുത മേഖലയിൽ ഉടലെടുത്ത പ്രശ്നങ്ങൾ സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ;

(സി) എന്തെല്ലാം പ്രശ്നങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ടതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 1-1-2016 മുതൽ നാഷണൽ ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സംവിധാനം മുഖേന കേന്ദ്ര സർക്കാർ നേരിട്ട് തൊഴിലാളികളുടെ അക്കൗണ്ടിലേയ്ക്ക് വേതനം ലഭ്യമാക്കുന്ന രീതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) നടത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഇതുപ്രകാരം ഫണ്ട് ട്രാൻസ്ഫർ ഓർഡറുകൾക്കനുസൃതമായി തുക ലഭ്യമാക്കേണ്ടത് കേന്ദ്ര സർക്കാരാണ്. ചില ജില്ലകളിൽ പോസ്റ്റാഫീസിൽ അക്കൗണ്ടുള്ള തൊഴിലാളികൾക്കുള്ള വേതനം നാഷണൽ ഇ-എഫ്.എം.എസ്. മുഖേന യഥാസമയം ബന്ധപ്പെട്ടവരുടെ അക്കൗണ്ടിൽ ലഭ്യമായിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) നാഷണൽ ഇ-എഫ്.എം.എസ്. മുഖേനയുള്ള കൂലി വിതരണവുമായി ബന്ധപ്പെട്ട സാങ്കേതികപ്രശ്നങ്ങൾ ഉടൻതന്നെ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽ പ്പെടുത്തി പരിഹരിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇക്കാര്യം ദിവസേന മോണിറ്റർ ചെയ്യുന്നതിന് ഒരു കൺസൾട്ടന്റിനെ തൊഴിലുറപ്പ് പദ്ധതിയുടെ സംസ്ഥാന മിഷനിൽ നിയമിച്ചിട്ടുണ്ട്.

## സമ്പൂർണ്ണ ശുചിത്വ സംസ്ഥാനം

198 (3036) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'സമ്പൂർണ്ണ ശുചിത്വ സംസ്ഥാനം' എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഗ്രാമപഞ്ചായത്തുകളിൽ ഖരമാലിന്യ സംസ്കരണം നടത്തുന്നതിനായി എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) അതിനായി എത്ര തുക അനുവദിച്ചു; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സമ്പൂർണ്ണ ശുചിത്വ സംസ്ഥാനം എന്ന ലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ എല്ലാ കുടുംബങ്ങൾക്കും ശുചിത്വ സൗകര്യം ലഭ്യമാക്കി തുറസ്സായ സ്ഥലത്ത് മലവിസർജ്ജനം ഒഴിവാക്കുന്നതിനുവേണ്ടി ഗാർഹിക കക്കൂസുകളും പൊതുശുചിത്വ സമുച്ചയങ്ങളും, എല്ലാ സർക്കാർ സ്കൂളുകളിലും സർക്കാർ അംഗനവാടികളിലും ടോയ്‌ലറ്റ് സൗകര്യം, മാലിന്യ സംസ്കരണത്തിനുള്ള പൊതുസംവിധാനങ്ങളും ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങളും ആരോഗ്യപരിസ്ഥിതി സംരക്ഷണത്തിന് അനുകൂലമായ ശീലവൽക്കരണത്തിനു വേണ്ടിയുള്ള വിവരവിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നിർവഹിക്കപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പ്രവർത്തനത്തിന് വേണ്ടുന്ന ധനം സംസ്ഥാന പ്ലാൻ ഫണ്ടിന്റെ ഭാഗമായും കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയും വകയിരുത്തി അനുവദിച്ചുവരുന്നു.

(ബി)

1. പുതിയ പൊതു ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾക്ക് പ്രോത്സാഹനം
2. നിലവിലുള്ള പ്ലാന്റുകളുടെ അറ്റകുറ്റപ്പണിക്ക് സഹായം
3. വികേന്ദ്രീകൃതമായി ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ (ഗാർഹിക/ സ്ഥാപന/സാമൂഹിക തലങ്ങളിൽ) സംസ്കരിക്കുന്നതിന് പ്രോത്സാഹനവും സഹായവും
4. അജൈവ മാലിന്യം തരംതിരിച്ച് പുനഃചംക്രമണത്തിനായി നൽകുന്ന പ്രവർത്തനത്തിന്റെ ഭാഗമായി അവ ശേഖരിച്ച് താൽക്കാലികമായി സൂക്ഷിക്കുന്നതിനുള്ള മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സ്ഥാപിക്കുവാൻ സഹായം.

(സി) 920 ഗ്രാമപഞ്ചായത്തുകളിൽ മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി സംസ്ഥാന പ്ലാൻ ഫണ്ടിൽനിന്നും 2735.59 ലക്ഷം രൂപയും കേന്ദ്ര സർക്കാർ ഫണ്ടായ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ)-ൽനിന്നും 839.94 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

**കരാറുകാരുടെ കുടിശ്ശിക**

199 (3037) <u>ശ്രീ. കെ. വി. വിജയദാസ്</u> :
<u>ശ്രീ. കെ. കെ. നാരായണൻ</u> :
<u>ശ്രീ. ബി. സത്യൻ</u> :
<u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കരാറുകാർക്ക് നൽകേണ്ട തുകയിൽ കുടിശ്ശികയുണ്ടോ ; വിശദാംശങ്ങൾ നൽകാമോ;

(ബി) തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ ബില്ലിംഗ് സിസ്റ്റം നിലവിൽ വന്നതിനുശേഷം ചെറിയ ബില്ലുകൾ പോലും ട്രഷറികളിൽ നിന്നും മാറാൻ കഴിയാതായിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) കുടിശ്ശിക തീർക്കണമെന്നാവശ്യപ്പെട്ട് കരാറുകാർ നടത്തുന്ന പ്രക്ഷോഭം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കരാറുകാരുടെ പ്രക്ഷോഭങ്ങൾ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പണിയെ എത്രത്തോളം ബാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ)-(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

## പഞ്ചായത്ത് ഓഫീസുകളുടെ നിർമ്മാണത്തിന് ധനസഹായം

200 (3038) <u>ശ്രീ. സാജു പോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്ത് ഓഫീസുകളുടെ അടിസ്ഥാന സൗകര്യക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വന്തമായി കെട്ടിടമില്ലാത്ത എത്ര പഞ്ചായത്ത് ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ;

(സി) പഞ്ചായത്ത് ഓഫീസുകളുടെ നിർമ്മാണത്തിന് ധനസഹായം അനുവദിക്കുമോ;

(ഡി) എല്ലാ പഞ്ചായത്തിലും മിനി സിവിൽ സ്റ്റേഷൻ പണിത് മറ്റ് വകുപ്പുകൾക്ക് ഓഫീസ് സൗകര്യം ഒരുക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ആകെ 3 എണ്ണം

**കോഴിക്കോട് - 2 എണ്ണം**

കാക്കൂർ, തിരുവമ്പാടി ഗ്രാമപഞ്ചായത്തുകൾ

**മലപ്പുറം - 1 എണ്ണം**

<u>മേലാറ്റൂർ ഗ്രാമപഞ്ചായത്ത്</u>

(സി) 2014-15 വർഷത്തിൽ രാജീവ്ഗാന്ധി പഞ്ചായത്ത് സശാക്തീകരൺ അഭിയാൻ പദ്ധതിയിലുൾപ്പെടുത്തി തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് കെട്ടിട നിർമ്മാണത്തിനായി പതിനഞ്ച് ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

## സർക്കാർ ജീവനക്കാരന്റെ തിരോധാനം

201 (3039) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ അവനവൻചേരി കൊച്ചു മഠത്തിൽ ജി. ആനന്ദവല്ലിയുടെ മകനും മീനച്ചൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുമായിരുന്ന ജി. രത്തന്റെ 6-6-1996-ലെ തിരോധാനവുമായി ബന്ധപ്പെട്ട് വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ടോ;എങ്കിൽ റിപ്പോർട്ട് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് വകുപ്പിന് പോലീസ് ഡിപ്പാർട്ട്മെന്റ് സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) സർവ്വീസിലിരിക്കെ കാണാതായ രത്തനെ സർവ്വീസിൽനിന്നും പിരിച്ചുവിട്ടിട്ടുണ്ടോ; എങ്കിൽ എന്തടിസ്ഥാനത്തിലാണ് നടപടിയെന്നും ഏത് മാനദണ്ഡത്തിന്റെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണ് പിരിച്ച് വിട്ടതെന്നും വിശദമാക്കാമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) രത്തന്റെ കുടുംബത്തിന് ലഭിക്കേണ്ട ആനുകൂല്യങ്ങൾ വകുപ്പിൽ നിന്നും നൽകിയിട്ടുണ്ടോ; ഏതെല്ലാം തരത്തിലുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഇ) ആനുകൂല്യത്തിന് അർഹതയില്ലെന്ന് പിരിച്ചുവിട്ട ഉത്തരവിൽ പറഞ്ഞിട്ടുണ്ടോ;എങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ;

(എഫ്) ഇതുമായി ബന്ധപ്പെട്ട് രത്തന്റെ മാതാവ് 14-1-2016-ൽ പഞ്ചായത്ത് വകുപ്പ് ഡയറക്ടർക്ക് നൽകിയ അപേക്ഷയിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് ഫയൽ നമ്പർ സഹിതം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രീ. ജി. രത്തന്റെ അനധികൃത ഹാജരില്ലായ്മയെത്തുടർന്ന് 1960-ലെ കെ.സി.എസ്. (സി.സി.എ.) ചട്ടപ്രകാരം അച്ചടക്കനടപടി സ്വീകരിക്കുകയും ടി ചട്ടപ്രകാരം വകുപ്പുതല അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ഉള്ളടക്കം ചെയ്യുന്നു (അനുബന്ധം 1)*.

(ബി) പോലീസ് വകുപ്പിൽനിന്നും റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(സി) ശ്രീ. ജി. രത്തനെ സർവ്വീസിൽനിന്നും പിരിച്ചുവിട്ടിട്ടുണ്ട്. ശ്രീ. ജി. രത്തൻ 7-6-1996 മുതൽ അനധികൃതമായി ഓഫീസിൽ ഹാജരാകാത്തതിനെത്തുടർന്ന് ടിയാനെതിരെ 1960-ലെ കെ.സി.എസ്.(സി.സി.എ.) ചട്ടപ്രകാരം ആരംഭിച്ച അച്ചടക്ക നടപടിയുടെ ഭാഗമായിട്ടാണ് സർവ്വീസിൽനിന്നും പിരിച്ചുവിട്ടത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു. (അനുബന്ധം 2)*

(ഡി) സർവ്വീസിൽനിന്നും നീക്കം ചെയ്യപ്പെട്ട വ്യക്തിക്ക് നിലവിലുള്ള ചട്ടമനുസരിച്ച് യാതൊരുവിധ സർവ്വീസ് ആനുകൂല്യങ്ങൾക്കും അർഹതയില്ല.

(ഇ) ആനുകൂല്യത്തിന് അർഹതയില്ലെന്ന് പിരിച്ചുവിട്ട ഉത്തരവിൽ പറഞ്ഞിട്ടില്ല. സർവ്വീസിൽനിന്നും പിരിച്ചുവിടപ്പെട്ട ജീവനക്കാർക്ക് ആനുകൂല്യങ്ങൾക്ക് അർഹതയില്ലെന്ന് കെ.എസ്.ആർ.ൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(എഫ്) ശ്രീ. ജി. രത്തനെ പിരിച്ചുവിട്ട നടപടി റദ്ദാക്കി ആയത് man missing case ആയി പരിഗണിച്ച് 1997 മുതലുള്ള ഫാമിലി പെൻഷൻ, ഗ്രാറ്റുവിറ്റി, പ്രോവിഡന്റ് ഫണ്ട് മുതലായ സർവ്വീസ്/പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ച് നൽകണമെന്ന് ശ്രീമതി ജി. ആനന്ദവല്ലി 14-1-2016-ൽ പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ശ്രീ. ജി. രത്തനെ സർവ്വീസിൽ നിന്നും നീക്കം ചെയ്തതിനാൽ ഫാമിലി പെൻഷൻ, ഗ്രാറ്റുവിറ്റി മുതലായ പെൻഷൻ ആനുകൂല്യങ്ങൾക്ക് അർഹതയില്ല. ശ്രീ. രത്തന്റെ പി.എഫ്. അക്കൗണ്ട് ക്ലോസ് ചെയ്ത് തുക അനുവദിച്ചിട്ടുണ്ടോയെന്നറിയാൻ കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. (പഞ്ചായത്ത് ഡയറക്ടറുടെ ഫയൽ നമ്പർ ഡി5-2383/2016).

**പദ്ധതിപ്പണം കൈമാറുന്നതിനുള്ള മാനദണ്ഡം**

202 (3040) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ കമ്മീഷൻ പദ്ധതിപ്പണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്നതിന് മുന്നോട്ട് വച്ച മാനദണ്ഡം എന്തായിരുന്നു;

(ബി) ഇതിന് അനുസൃതമായിട്ടാണോ ഫണ്ട് കൈമാറ്റം നടത്തിയിട്ടുള്ളത് എന്നറിയിക്കാമോ?

ഉത്തരം

(എ) കേന്ദ്ര ധനകാര്യ കമ്മീഷൻ പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ചിട്ടുള്ള ബേസിക് ഗ്രാന്റ് 4-ാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശകളുടെ അടിസ്ഥാനത്തിലാണ് വിതരണം ചെയ്തുവരുന്നത്. എന്നാൽ, പെർഫോമൻസ് ഗ്രാന്റ് കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്തിട്ടുള്ള താഴെപ്പറയുന്ന രണ്ട് വ്യവസ്ഥകളോടുകൂടി ഗ്രാമപഞ്ചായത്തുകൾക്ക് വിതരണം ചെയ്യുന്നു:

1. പണം വിതരണം ചെയ്യുന്ന വർഷത്തിനു മുൻപുള്ള രണ്ട് വർഷത്തിനകമുള്ള ഒരു വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പൂർത്തിയാക്കിയിരിക്കണം.

2. തനത് വരുമാനം മുൻവർഷത്തെക്കാൾ കൂടുതലായിരിക്കണം. മുനിസിപ്പാലിറ്റികൾക്ക് മേൽപ്പറഞ്ഞ വ്യവസ്ഥകൾ കൂടാതെ സർവ്വീസ് ലെവലിന്റെ ബഞ്ച് മാർക്ക് നിശ്ചയിച്ച് പ്രസിദ്ധീകരിക്കുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയും വേണമെന്ന് നിഷ്കർഷിക്കുന്നുണ്ട്.

(ബി) ഇതിന് അനുസൃതമായിട്ടാണ് ബേസിക് ഗ്രാന്റ് കൈമാറ്റം നടത്തിയിട്ടുള്ളത്. എന്നാൽ പെർഫോമൻസ് ഗ്രാന്റ് കൈമാറ്റം ചെയ്യേണ്ടത് 2016-17 സാമ്പത്തിക വർഷം മുതലാണ്.

## പ്രസന്നൻസ് ഇക്കോ ബയോ സിസ്റ്റം

203 (3041) ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രസന്നൻസ് ഇക്കോ ബയോ സിസ്റ്റം നടപ്പിലാക്കുന്നതിന് 3-10-2013-ൽ കൂടിയ വകുപ്പ് തല സെക്രട്ടറി തല മീറ്റിംഗ് പ്രകാരം ശുചിത്വമിഷനിൽ ഹാജരാക്കിയിട്ടുള്ള സ്ഥാപനങ്ങളുടെ പൂർണ്ണ വിവരവും, ഓരോ പ്ലാന്റും ഏതു വർഷം മുതൽ പ്രവർത്തിച്ചുവരുന്നു എന്ന വിവരവും വിശദമാക്കാമോ;

(ബി) കൊച്ചിൻ സാങ്കേതിക യൂണിവേഴ്സിറ്റിയിൽ പ്രസ്തുത ബയോ സിസ്റ്റം വിജയകരമായി പ്രവർത്തിച്ചുവരുന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) എങ്കിൽ ആയത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

### ഉത്തരം

(എ) 9-4-2015-ൽ ശ്രീ. പ്രസന്നകുമാർ ടിയാന്റെ ഇക്കോ ബയോ സിസ്റ്റം സ്ഥാപിക്കപ്പെട്ടതായി അവകാശപ്പെട്ട് ലഭ്യമാക്കിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| നമ്പർ | സ്ഥാപനം | സ്ഥാപിച്ച വർഷം |
|---|---|---|
| 1 | ഒ.ബി.സി. പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ഫോർ ബോയ്സ്, CUSAT Campus | 2010-2011 |
| 2 | ഡോ. അംബേദ്കർ എം.ആർ.എസ്.സി.ബി.എസ്.ഇ. സ്കൂൾ, പാലോട് | 2009-2010 |
| 3 | ഷഹൻഷാ, സീനിയർ അസിസ്റ്റന്റ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം | 2006 |
| 4 | പി.ആർ. ശ്രീകുമാർ, അഡീഷണൽ സെക്രട്ടറി, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം | 2008 |
| 5 | ആശ, ഗവൺമെന്റ് ടീച്ചർ, 'കുറിഞ്ഞി', ആലുംതറ, കരമന. പി. ഒ. | 2006 |

മേൽ പ്ലാന്റുകൾ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടോ എന്ന വിവരം ലഭ്യമല്ല.

(ബി) കൊച്ചിൻ സാങ്കേതിക സർവ്വകലാശാലയിലെ പോസ്റ്റ് മെട്രിക് ഹോസ്റ്റലിൽ ടി സംവിധാനം സ്ഥാപിച്ചിട്ടുള്ളതായി ശ്രീ. പ്രസന്നകുമാർ അറിയിച്ചിട്ടുണ്ട്.

(സി) ശുചിത്വമിഷൻ പുതിയ ടെക്നോളജികൾക്കുള്ള അംഗീകാരം നൽകുന്നതിലേയ്ക്കായി 2015-ൽ അപേക്ഷ ക്ഷണിച്ചതിന്റെയടിസ്ഥാനത്തിൽ ശ്രീ. പ്രസന്നകുമാറിന്റെ ഇക്കോ ബയോ സിസ്റ്റവും സാങ്കേതിക പരിശോധനയ്ക്കായി പരിഗണിച്ചിരുന്നു. ആയതിന്റെ ലഭ്യമാക്കിയ രേഖകളും ടെക്നിക്കൽ പ്രസന്റേഷനും സാങ്കേതിക സമിതി വിലയിരുത്തുകയും ടി സിസ്റ്റത്തിന്റെ പരിശോധനയ്ക്കായി വേണ്ട സാങ്കേതികവിവരങ്ങൾ, ഡാറ്റ, അന്തിമമായി പുറംതള്ളപ്പെടുന്ന ദ്രവവസ്തുവിന്റെ ക്വാളിറ്റി പരിശോധനാ വിവരങ്ങൾ തുടങ്ങിയവ ലഭ്യമാക്കപ്പെട്ടിട്ടില്ലാത്തതിനാൽ ടി പ്രൊപ്പോസൽ ഈ ഘട്ടത്തിൽ പരിഗണിക്കേണ്ടതില്ലായെന്ന് നിശ്ചയിച്ചിട്ടുണ്ട്.

**പഞ്ചായത്തുകൾ കക്ഷികളായ കേസ്സുകൾ**

204 (3042) <u>ശ്രീ. എൻ .എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകൾ കക്ഷികളായ ധാരാളം കേസ്സുകൾ കോടതികളിൽ പരിഗണനയിലിരിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ ഒരു സിറ്റിംഗിന് വക്കീൽ ഫീസായി മുൻസിഫ് കോടതിയിൽ 1,500 രൂപയും ഹൈക്കോടതിയിൽ 3,000 രൂപയും മാത്രം നൽകുന്നതിനാലാണ് ഇപ്രകാരം കേസുകൾ കെട്ടിക്കിടക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പഞ്ചായത്ത് ഡയറക്ടറുടെ പ്രത്യേക അനുമതിയോടുകൂടി തുക കൂട്ടി നല്കി കേസ്സുകൾ നടത്തുന്നത് മൂലമുള്ള ബുദ്ധിമുട്ടുകളും കാലതാമസവും പരിഗണിച്ച് സിറ്റിംഗ് ഫീസിന്റെ പരിധി ഉയർത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി 12-8-2015-ലെ യോഗത്തിൽ നിലവിലുള്ള കേസ്സുകൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വക്കീൽ ഫീസായി 3,000 രൂപവരെ അനുവദിക്കുന്ന വിഷയം ചർച്ച ചെയ്യുകയും ആയത് 15,000 രൂപ വരെ വർദ്ധിപ്പിക്കുന്നതിനും വകുപ്പദ്ധ്യക്ഷൻമാരുടെ അനുമതിയോടുകൂടി 50,000 രൂപ വരെ ചെലവഴിക്കാൻ അനുമതി നൽകുന്നതിനും അതിനുമുകളിലുള്ള തുകയ്ക്ക് സർക്കാരിന്റെ അനുമതി തേടേണ്ടതുണ്ടെന്നും തീരുമാനിച്ചിരുന്നു. പ്രസ്തുത തീരുമാനമനുസരിച്ച് 18-2-2016-ൽ ജി. ഒ. (എംഎസ്.) നമ്പർ 36/16/തസ്വഭവ. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**പഞ്ചായത്തുകളിലെ പാർട്ട്ടൈം സ്വീപ്പർമാർക്ക് സ്ഥലംമാറ്റം**

205 (3044) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകളുമായി കൂട്ടിച്ചേർക്കപ്പെട്ട പഞ്ചായത്തുകളിൽ ജോലി ചെയ്തു വന്ന പാർട്ട്ടൈം സ്വീപ്പർമാർക്ക് മറ്റ് പഞ്ചായത്തുകളിലേയ്ക്ക് സ്ഥലംമാറ്റം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) നഗരസഭകളുമായി കൂട്ടിച്ചേർക്കപ്പെട്ട പഞ്ചായത്തുകളിൽ ജോലി ചെയ്തുവന്ന പാർട്ട് ടൈം സ്വീപ്പർമാർക്ക് മറ്റ് പഞ്ചായത്തുകളിലേയ്ക്ക് സ്ഥലംമാറ്റം നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടില്ല.

**പഞ്ചായത്തുകളിൽ പുതിയ തസ്തിക സൃഷ്ടിക്കൽ**

206 (3046) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച പഞ്ചായത്തുകളിൽ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എത്ര തസ്തികകളാണ് പുതിയതായി സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുന്നത്; പ്രസ്തുത പഞ്ചായത്തുകളിൽ റീ ഡിപ്ലോയ്മെന്റ് നടപടികൾ നടത്തിയിട്ടുണ്ടോ; മുനിസിപ്പാലിറ്റികൾ ആയ പഞ്ചായത്തുകളിലെ ജീവനക്കാരുടെ സേവനം ഏത് നിലയിൽ മാറ്റം വരുത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

സംസ്ഥാനത്ത് 1-11-2015 പ്രാബല്യത്തിൽ പുതുതായി ഗ്രാമപഞ്ചായത്തുകൾ രൂപീകരിച്ചിട്ടില്ല. മുനിസിപ്പാലിറ്റികളായ ഗ്രാമപഞ്ചായത്തുകളിലേയ്ക്കും കോർപ്പറേഷനു കളോട് കൂട്ടിച്ചേർത്ത ഗ്രാമപഞ്ചായത്തുകളിലേയ്ക്കും ജീവനക്കാരെ നഗരകാര്യ വകുപ്പിൽ താൽക്കാലിക സംവിധാനം ഏർപ്പെടുത്തുന്നത് വരെ അതാത് മുനിസിപ്പാലിറ്റികൾ/കോർപ്പറേഷനുകളിൽ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥ യിൽ നിലനിറുത്തി ഉത്തരവായിട്ടുണ്ട്.

## കുടുംബശ്രീയ്ക്ക് അനുവദിച്ച തുക

207 (3047) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-07 മുതൽ 2010-11 വരെയുള്ള വർഷങ്ങളിൽ കുടുംബശ്രീയ്ക്ക് അനുവദിച്ച നൽകിയ തുകയുടെ ഓരോ വർഷത്തേയും കണക്കുകൾ ലഭ്യമാക്കുമോ;

(ബി) 2011-12 മുതൽ 2015-16 വരെയുള്ള വർഷങ്ങളിൽ കുടുംബശ്രീയ്ക്ക് ഓരോ വർഷവും അനുവദിച്ചുനൽകിയ തുക എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാരെ പഞ്ചായത്തുകളിൽ നിലനിർത്തുന്നത്

208 (3048) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകൾ നഗരസഭകളാക്കി ഉയർത്തിയതിന്റെ ഭാഗമായും പുതുതായി രൂപീകരിച്ച കോർപ്പറേഷനുകളിൽ കൂട്ടിച്ചേർത്തതിന്റെ ഭാഗമായും ഇല്ലാതായ ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാർ നിലവിൽ എവിടെയാണ് ജോലി ചെയ്യുന്നതെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത ജീവനക്കാരെ പഞ്ചായത്തുകളിലേക്ക് മാറ്റി നിയമിക്കുന്നതിന് വേണ്ടി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഗ്രാമപഞ്ചായത്തുകൾ നഗരസഭകളാക്കി ഉയർത്തിയതിന്റെ ഭാഗമായും പുതുതായി രൂപീകരിച്ച കോർപ്പറേഷനുകളിൽ കൂട്ടിച്ചേർത്തതിന്റെ ഭാഗമായും ഇല്ലാതായ ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാരിൽ കൊല്ലം, കണ്ണൂർ എന്നീ മുനിസിപ്പൽ കോർപ്പറേഷനുകളോട് കൂട്ടിച്ചേർക്കപ്പെടുന്ന 6 ഗ്രാമപഞ്ചായത്തുകളെ ബന്ധപ്പെട്ട കോർപ്പറേഷന്റെ സോണൽ ഓഫീസുകളായി നിലനിറുത്തുകയും പ്രസ്തുത ഗ്രാമപഞ്ചായത്തുകളിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരെ താൽക്കാലിക സംവിധാനം എന്ന നിലയിൽ അവർ നിലവിൽ സേവനമനുഷ്ഠിക്കുന്ന ഗ്രാമപഞ്ചായത്ത് കാര്യാലയം നഗരസഭാ സോണൽ ഓഫീസായി പരിവർത്തനം ചെയ്യുമ്പോൾ പ്രസ്തുത സോണൽ ഓഫീസിന്റെ അധിക പൂർണ്ണ ചുമതല അതാത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത ഗ്രാമപഞ്ചായത്തുകളിലെ അസിസ്റ്റന്റ് സെക്രട്ടറി, ജൂനിയർ സൂപ്രണ്ട് തുടങ്ങി താഴോട്ടുള്ള മുഴുവൻ

ഉദ്യോഗസ്ഥരും നഗരകാര്യ വകുപ്പിൽനിന്നും പകരം സംവിധാനം ഏർപ്പെടുത്തുന്നതുവരെ അതാത് സോണൽ ഓഫീസുകളിൽ തന്നെ തൽക്കാലം വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ തുടരാവുന്നതാണ് എന്ന് ഉത്തരവായിട്ടുണ്ട്. 27 മുനിസിപ്പാലിറ്റികളായി മാറുന്ന 31 ഗ്രാമപഞ്ചായത്തുകളിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരെ അതാത് മുനിസിപ്പാലിറ്റികളിലെ മുനിസിപ്പൽ സെക്രട്ടറിമാരുടെ അധിക പൂർണ്ണ ചുമതല നൽകി ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഗ്രാമപഞ്ചായത്തുകളിലെ അസിസ്റ്റന്റ് സെക്രട്ടറി/ജൂനിയർ സൂപ്രണ്ട് തുടങ്ങി താഴോട്ടുള്ള മുഴുവൻ ഉദ്യോഗസ്ഥരേയും നഗരകാര്യ വകുപ്പിൽ നിന്നും പകരം സംവിധാനം ഏർപ്പെടുത്തുന്നത് വരെ അതാത് മുനിസിപ്പാലിറ്റികളിൽ തന്നെ തൽക്കാലം വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിലനിറുത്തിയും ഉത്തരവായിട്ടുണ്ട്.

(ബി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

**ക്ഷേമപെൻഷനുകളുടെ ട്രാൻസ്ഫർ ചെയ്യൽ**

209 (3049) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു തദ്ദേശഭരണ സ്ഥാപനത്തിന്റെ കീഴിൽനിന്നും മറ്റൊരു തദ്ദേശസ്ഥാപനത്തിന്റെ കീഴിലേക്ക് താമസം മാറുന്നവരുടെ ക്ഷേമപെൻഷൻ പുതിയ തദ്ദേശ സ്ഥാപനത്തിലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകുന്നതിനുള്ള സൗകര്യം നിലവിലുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശം നൽകാമോ ;

(ബി) ഇപ്രകാരം ക്ഷേമപെൻഷനുകൾ ട്രാൻസ്ഫർ ചെയ്തു നൽകാൻ കഴിയാത്തതിനാൽ ലഭിച്ചുകൊണ്ടിരുന്ന ക്ഷേമപെൻഷൻ നഷ്ടപ്പെടുന്ന സാഹചര്യം ഉള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) പുതിയ വാസസ്ഥലത്തെ വിലാസത്തിൽ റേഷൻകാർഡും തിരിച്ചറിയൽ രേഖകളും ലഭിക്കും വരെ പുതുതായി ക്ഷേമപെൻഷന് അപേക്ഷിക്കാൻ സാധിക്കാത്ത സാഹചര്യം പരിഗണിച്ച് ക്ഷേമപെൻഷൻ ട്രാൻസ്ഫർ ചെയ്തു നൽകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ക്ഷേമപെൻഷനുകൾ ട്രാൻസ്ഫർ ചെയ്യുന്നതിനുള്ള സൗകര്യം നിലവിലില്ല.

(ബി) താമസം മാറുന്ന തദ്ദേശഭരണ സ്ഥാപനത്തിൽ ആവശ്യമായ രേഖകൾ സഹിതം അപേക്ഷ നൽകാവുന്നതാണ്. അർഹതയുള്ളപക്ഷം പെൻഷൻ ലഭിക്കുന്നതിന് തടസ്സമില്ലാത്തതിനാൽ പെൻഷൻ നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകില്ല.

(സി) ഗുണഭോക്താവിന്റെ അർഹത പുതിയ താമസസ്ഥലത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ബോദ്ധ്യപ്പെട്ട് പെൻഷൻ അനുവദിക്കേണ്ടതുള്ളതിനാൽ ട്രാൻസ്ഫർ ചെയ്യുന്നത് പ്രായോഗികമല്ല.

## ഗ്രാമപഞ്ചായത്തോഫീസുകളിൽ ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ കരാർ കാലാവധി

210 (3050) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തോഫീസുകളിൽ താത്കാലികമായി നിയമിച്ചിട്ടുള്ള ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ കരാർ കാലാവധി എന്നു വരെയുണ്ട്; പ്രസ്തുത തസ്തികയിലേയ്ക്കുള്ള നിയമനത്തിന് അടിസ്ഥാന യോഗ്യത എന്താണ്; ഇവർക്ക് ഇപ്പോൾ നല്കുന്ന മാസവേതനം എത്ര രൂപയാണെന്ന് അറിയിക്കുമോ;

(ബി) കാലാവധി കഴിയുമ്പോൾ കരാർ പുതുക്കി ഇവരെ നിലനിർത്തുമോ; ഇത്തരത്തിൽ നില നിർത്തിയാൽ ഇവരുടെ സേവന വേതന നിരക്കുകൾ വർദ്ധിപ്പിക്കുമോ; എങ്കിൽ എത്ര ശതമാനം വർദ്ധനവ് വരുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) താത്കാലികമായി നിയമിച്ചിട്ടുള്ള ടെക്നിക്കൽ അസിസ്റ്റന്റുമാരെ സ്ഥിരപ്പെടുത്തുകയാണെങ്കിൽ എന്തൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാവും സ്ഥിരപ്പെടുത്തുക എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഗ്രാമപഞ്ചായത്തോഫീസുകളിൽ താത്കാലികമായി നിയമിച്ചിട്ടുള്ള ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ കരാർ കാലാവധി 31-3-2016 വരെയുണ്ട്. പ്രസ്തുത തസ്തികയിലേയ്ക്കുള്ള അടിസ്ഥാന യോഗ്യത ചുവടെ ചേർക്കുന്നു:

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്/ഐ.എച്ച്.ആർ.ഡി./കേരള സർക്കാർ നൽകുന്ന കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്/കമ്പ്യൂട്ടർ ഹാർഡ് വെയർ മെയിന്റനൻസ്/ ഇൻഫർമേഷൻ ടെക്നോളജി ത്രിവത്സര ഡിപ്ലോമ

അല്ലെങ്കിൽ

ഏതെങ്കിലും ബിരുദം നേടിയശേഷം ഏതെങ്കിലും സർവ്വകലാശാല/ടെക്നിക്കൽ എഡ്യൂക്കേഷൻ കൺട്രോളർ/ഐ.എച്ച്.ആർ.ഡി./എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജിയിൽ നിന്നുള്ള 3 സെമസ്റ്ററിൽ കുറയാത്ത മുഴുവൻ സമയ പി.ജി.ഡി.സി.എ./പി.ഡി.എസ്.ഇ.

അല്ലെങ്കിൽ

കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ ബിരുദം (ബി.സി.എ.)

അല്ലെങ്കിൽ

ഭാരത് സർക്കാരിന്റെ ഡി.ഒ.ഇ.എ.സി.സി.യിൽ നിന്നുള്ള എ/ബി ലെവൽ സർട്ടിഫിക്കറ്റ്

അല്ലെങ്കിൽ

ബി-ടെക്/ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ് അല്ലെങ്കിൽ ഇലക്ട്രോണിക് ഡാറ്റാ പ്രോസസിംഗിലും കമ്പ്യൂട്ടർ ആപ്ലിക്കേഷനിലുമുള്ള ബിരുദം

അല്ലെങ്കിൽ

60 ശതമാനത്തിൽ കൂടുതൽ മാർക്കോടുകൂടിയ ബിരുദത്തോടൊപ്പം എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി നടത്തുന്ന ഒരു വർഷ പി.ജി.ഡി.സി.എ./പി.ഡി.എസ്.ഇ. കോഴ്സ്

അല്ലെങ്കിൽ

ഐ.എച്ച്.ആർ.ഡി/സി.-ഡിറ്റ് നടത്തുന്ന ഒരു വർഷത്തെ പി.ജി.ഡി.സി.എ./ പി.ഡി.എസ്.ഇ. കോഴ്സ്

ടെക്നിക്കൽ അസിസ്റ്റന്റുമാർക്ക് നൽകുന്ന പ്രതിമാസ വേതനം 13,500 രൂപയാണ്.

(ബി) 10-2-2016-ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 27-ാം നമ്പർ തീരുമാനപ്രകാരം തദ്ദേശസ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി (31-3-2017 വരെ) ദീർഘിപ്പിച്ച് നൽകുന്നതിന് അനുമതി നൽകുന്ന കാര്യം തീരുമാനിച്ചിട്ടുണ്ട്.

ഇവരുടെ സേവന വേതന നിരക്കുകൾ വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

(സി) ടെക്നിക്കൽ അസിസ്റ്റന്റുമാരെ സ്ഥിരപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

**മുക്കം മുസ്ലീം ഓർഫനേജിന് ലഭിച്ച വിദേശ ധനസഹായം**

211 (3051) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1964-ലെ ഗ്രാന്റ് ഇൻ എയ്ഡ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതെന്നും എന്നാൽ മുക്കം മുസ്ലീം ഓർഫനേജ് വിദേശ ധനസഹായം ചെലവഴിക്കുന്നത് സംബന്ധിച്ച് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരാമർശം ഉണ്ടായിട്ടുണ്ടോ; ഗ്രാന്റ്-ഇൻ-എയ്ഡ് ചട്ടത്തിൽ ഭേദഗതി വരുത്തി സ്ഥാപനത്തിന് ഗ്രാന്റ് നൽകുവാനുള്ള അർഹത സംബന്ധിച്ച് വ്യക്തത വരുത്തണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് സർക്കാരിന് ശിപാർശ നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ശിപാർശയിന്മേൽ എന്തു നടപടി സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്, മുക്കം മുസ്ലീം ഓർഫനേജിന് വിദേശ ധനസഹായം ലഭിച്ചതു സംബന്ധിച്ചും ഗ്രാന്റ് അനുവദിക്കുന്നതു സംബന്ധിച്ചും ഗ്രാന്റ് അർഹത സംബന്ധിച്ച് വ്യക്തത വരുത്തണമെന്ന് ആവശ്യപ്പെട്ടും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് സർക്കാരിന് ശിപാർശ നൽകിയിട്ടുണ്ട്.

മേൽ ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്.

**രോഗികൾക്ക് സൗജന്യ ഭക്ഷണം**

212 (3052) <u>ശ്രീ. ബെന്നി ബെഹനാൻ</u> :
<u>ശ്രീ. സി. പി. മുഹമ്മദ്</u> :
<u>ശ്രീ. എം. പി. വിൻസെന്റ്</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആശുപത്രികളിൽ രോഗികളുടെ കൂട്ടിരിപ്പുകാർക്ക് സൗജന്യമായി ഭക്ഷണം നൽകാൻ കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിലെ രോഗികൾക്കും കൂട്ടിരുപ്പുകാർക്കും സൗജന്യമായി ഉച്ചഭക്ഷണം നൽകുന്ന "വിശപ്പുരഹിത നഗരം പദ്ധതി" കേരള സാമൂഹ്യ സുരക്ഷാ മിഷൻ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

(ബി) അപ്രതീക്ഷിത സന്ദർഭങ്ങളിൽ നഗരങ്ങളിലുള്ള ആശുപത്രികളിൽ എത്തിച്ചേരുന്ന രോഗികളും അവരുടെ കൂട്ടിരുപ്പുകാരും പലപ്പോഴും സാമ്പത്തിക പരാധീനതകളാൽ ഭക്ഷണം കഴിക്കാതെ വിശന്നിരിക്കുന്നത് ശ്രദ്ധയിൽ പ്പെടുകയുണ്ടായിട്ടുണ്ട്. ഇവർക്ക് ഒരു നേരത്തെ ഭക്ഷണം സൗജന്യമായി നൽകുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

(സി) വിശപ്പുരഹിതനഗരം പദ്ധതി കോഴിക്കോട് നഗരത്തിൽ 26-1-2009 മുതലും മലപ്പുറം നഗരത്തിൽ 23-11-2012 മുതലും കൊല്ലം നഗരത്തിൽ 1-1-2013 മുതലും തിരുവനന്തപുരം നഗരത്തിൽ 30-4-2013 മുതലും നടപ്പാക്കിവരുന്നു. കോഴിക്കോട് 2500 പേർക്കും മലപ്പുറത്ത് 500 പേർക്കും കൊല്ലത്ത് 1000 പേർക്കും തിരുവനന്തപുരത്ത് 2000 പേർക്കും നൽകുന്നതുൾപ്പെടെ ആകെ 6000 പേർക്ക് പ്രതിദിനം ഭക്ഷണം നൽകി വരുന്നു.

തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിലെ വിശപ്പുരഹിതനഗരം പദ്ധതി പ്രകാരം ഭക്ഷണ വിതരണം ചെയ്യുന്നതിന് ടെണ്ടർ നടപടികളിലൂടെ ഏജൻസികളെ കണ്ടെത്തി നിയോഗിച്ചിട്ടുണ്ട്. മലപ്പുറം, കൊല്ലം നഗരങ്ങളിൽ ഭക്ഷണം വിതരണം ചെയ്യുന്നതിനുള്ള ഏജൻസികളെ കണ്ടെത്തിയിരിക്കുന്നത് ബന്ധപ്പെട്ട കോർപ്പറേഷൻ/മുനിസിപ്പാലിറ്റികളാണ്. തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ പദ്ധതി നടത്തിപ്പിന്റെ ചെലവ് കേരള സാമൂഹ്യ സുരക്ഷാ മിഷനും കൊല്ലം, മലപ്പുറം നഗരങ്ങളിൽ പദ്ധതി ചെലവിന്റെ 50% കേരള സാമൂഹ്യ സുരക്ഷാ മിഷനും 50% ബന്ധപ്പെട്ട മുനിസിപ്പാലിറ്റി/കോർപ്പറേഷനും വഹിച്ചുവരുന്നു.

പ്രവർത്തനം സംബന്ധിച്ച് ബന്ധപ്പെട്ട മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അധികൃതരുമായും ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടുമായും അവലോകനയോഗങ്ങൾ നടത്തുന്നുണ്ട്. ഭക്ഷണത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടുമാർ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അർഹതയുള്ള എല്ലാപേർക്കും ഭക്ഷണം ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിന് അതാതു ജില്ലകളിലെ കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ വയോമിത്രം, ക്യാൻസർ സുരക്ഷ/താലോലം കൗൺസിലർമാർ എന്നിവരെയും നിയോഗിച്ചിട്ടുണ്ട്.

## വയോജന സൗഹൃദ ഗ്രാമപഞ്ചായത്തുകൾ

213 (3053) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ജില്ലയിലെ ഒരു ഗ്രാമപഞ്ചായത്തിനെ വയോജന സൗഹൃദമാക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കുകയുണ്ടായോ;

(ബി) ഓരോ ജില്ലയിലും പദ്ധതിക്കായി തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകൾ ഏതെല്ലാമാണ്;

(സി) പദ്ധതിയുമായി ബന്ധപ്പെട്ട് ലക്ഷ്യമാക്കുന്ന സേവനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മുതിർന്ന പൗരൻമാർക്കായുള്ള നയം അംഗീകരിക്കുകയും 'വയോസൗഹൃദ പഞ്ചായത്തുകൾ' എന്ന പദ്ധതിക്ക് പൈലറ്റ് അടിസ്ഥാനത്തിൽ തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്. അപ്രകാരം 2014-15 സാമ്പത്തിക വർഷം സംസ്ഥാനത്തെ മൂന്ന് പഞ്ചായത്തുകളെ വയോസൗഹൃദ പഞ്ചായത്തുകളാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിലെ മാണിക്കൽ പഞ്ചായത്തും പാലക്കാട് ജില്ലയിലെ പെരുവെമ്പ്, കരിമ്പ പഞ്ചായത്തുകളുമാണ് വയോജന സൗഹൃദ പഞ്ചായത്തുകൾ എന്ന പദ്ധതിയിൽ തെരഞ്ഞെടുത്തിട്ടുള്ളത്.

(സി) ആരോഗ്യ-സാമൂഹ്യ-സാമ്പത്തിക-വൈകാരിക പ്രശ്നങ്ങളെ വിലയിരുത്തി പരിഹാര നടപടികൾ സ്വീകരിക്കുക, പൊതു സമൂഹത്തിന് വയോജന പരിരക്ഷയെക്കുറിച്ച് അവബോധം സൃഷ്ടിക്കുക, പൊതു സംവിധാനങ്ങൾ വയോസൗഹൃദമാക്കുക, മുതിർന്ന പൗരൻമാർക്ക് പദ്ധതികൾ ആസൂത്രണം ചെയ്യാനും നടപ്പിലാക്കാനും തദ്ദേശസ്വംയഭരണ സ്ഥാപനങ്ങളുടെ ശേഷി വർദ്ധിപ്പിക്കുക തുടങ്ങിയവയാണ് പ്രധാനമായും പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

## വൃദ്ധജനങ്ങളുടെ പുനരധിവാസം

214 (3054) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ മൂടാടി പഞ്ചായത്തിൽ വൃദ്ധ ജനങ്ങളുടെ പുനരധിവാസത്തിനായി ഒരു സാമൂഹ്യ കേന്ദ്രം ആരംഭിക്കുന്നത് സംബന്ധിച്ച് നൽകിയ 1478/വി.ഐ.പി./എം.(പി. ആൻറ് എസ്.ഡബ്ല്യൂ.) നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ വിശദമാക്കാമോ;

(ബി) ജില്ലാ സാമൂഹ്യനീതി ഓഫീസിൽ ഈ വിഷയത്തിൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ വിശദമാക്കാമോ;

(സി) ഈ ഫയൽ ഇപ്പോൾ ഏത് ഓഫീസിലാണ് നടപടി പൂർത്തിയാകാതെ സൂക്ഷിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) ഫയലിൽ തീരുമാനമാകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കൊയിലാണ്ടി മണ്ഡലത്തിൽ മൂടാടി പഞ്ചായത്തിൽ വൃദ്ധജനങ്ങളുടെ പുനരധിവാസത്തിനായി ഒരു സാമൂഹ്യകേന്ദ്രം ആരംഭിക്കുന്നതിനായി ലഭിച്ച നിവേദനം തുടർനടപടികൾ സ്വീകരിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് കൈമാറുകയും ഡയറ്കടർ അത് ലാന്റ് ട്രാൻസ്ഫർ നടപടി സ്വീകരിക്കുന്നതിനായി കോഴിക്കോട് ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് നൽകുകയും ചെയ്തു. ടി ഓഫീസർ സ്ഥലം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതാണ് എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ലാന്റ് ട്രാൻസ്ഫർ നടപടികൾ സ്വീകരിക്കുന്നതിന് കോഴിക്കോട് ജില്ലാ സാമൂഹ്യ നീതി ഓഫീസറോട് നിർദ്ദേശിച്ചിരുന്നു. അതിൻ പ്രകാരം കോഴിക്കോട് ജില്ലാ സാമൂഹ്യ നീതി ഓഫീസർ സ്ഥലം വകുപ്പിന് കൈമാറ്റം ചെയ്ത് ലഭിക്കുന്നതിനായുള്ള അപേക്ഷ ജില്ലാ കളക്ടർക്ക് നൽകുന്നതിനായി സ്ഥലത്തിന്റെ സ്കെച്ചും പ്ലാനും ലഭ്യമാക്കുവാൻ വില്ലേജ് ഓഫീസർക്ക് അപേക്ഷിച്ചപ്പോൾ ടി സ്ഥലം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതാണെന്ന് അറിയിക്കുകയും പ്രസ്തുത വിവരം ജില്ലാ സാമൂഹ്യനീതി ഓഫീസർ ഡയറക്ടറെ അറിയിക്കുകയും ചെയ്തു.

(സി&ഡി) സാമൂഹികനീതി വകുപ്പിൽ പരിശോധിച്ച് വന്നിരുന്ന 16765/സി2/2012/സാനീവ എന്ന ഫയൽ ഭൂമി ലഭ്യമാക്കുന്നത് സംബന്ധിച്ച കാര്യത്തിൽ റവന്യൂ വകുപ്പിന്റെ അഭിപ്രായത്തിനായി 16-12-2015-ൽ നൽകിയിരിക്കുകയാണ്.

**വൃക്ക രോഗികൾക്ക് പെൻഷൻ**

215 (3055) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൃക്കരോഗം ബാധിച്ച് ഡയാലിസിസ് ചികിത്സ നടത്തി വരുന്ന രോഗികൾക്ക് പെൻഷൻ നൽകുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പെൻഷൻ ലഭിയ്ക്കുന്നതിനുള്ള അപേക്ഷ ആർക്കാണ് സമർപ്പിക്കേണ്ടത് ; പ്രസ്തുത അപേക്ഷാ ഫാറത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത പെൻഷൻ ലഭിക്കുന്നതിന് വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഡയാലിസിസ് ചികിത്സ വളരെ ചെലവേറിയതിനാൽ സർവ്വീസ് പെൻഷൻ ലഭിക്കുന്നവർക്കും പ്രസ്തുത ക്ഷേമ പെൻഷൻ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ധനസഹായം നൽകുന്നുണ്ട്. ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന രോഗികൾക്ക് പ്രതിമാസം 1,100 രൂപ ധനസാഹയം അനുവദിച്ച് വരുന്നു.

(ബി) നിശ്ചിത അപേക്ഷ ഫാറം പൂരിപ്പിച്ച് ആവശ്യമായ രേഖകൾ ഉൾപ്പെടെ ബന്ധപ്പെട്ട ശിശുവികസന പദ്ധതി ആഫീസർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷയിൻമേൽ ശിശുവികസന പദ്ധതി ആഫീസർ അന്വേഷണം നടത്തി ശിപാർശ ചെയ്ത് അപേക്ഷ സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകണം. അപേക്ഷാ ഫാറത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

(സി & ഡി) ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന രോഗികൾക്കാണ് ധനസഹായം അനുവദിക്കുന്നത്. 27-4-2012-ലെ സ.ഉ. (കൈ.) 112/2012/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം ഡയാലിസിസിന് വിധേയരാകുന്നവരുള്ള കുടുംബങ്ങളെ ബി.പി.എൽ വിഭാഗത്തിൽ ഉൾപ്പെടുത്തുവാൻ ഉത്തരവായിട്ടുണ്ട്. ആയതിനാൽ നിലവിൽ സർവ്വീസ് പെൻഷൻ ലഭിക്കുന്ന എ.പി.എൽ. വിഭാഗക്കാരെ ബി.പി.എൽ. കുടുംബങ്ങളിൽ ഉൾപ്പെടുത്തുന്നപക്ഷം അവർക്കും ഈ പദ്ധതി ധനസഹായം അനുവദിക്കുന്നതാണ്.

## വയോജന പ്രക്ഷോഭങ്ങൾ

216 (3056) ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. സി. കെ സദാശിവൻ :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വയോജനങ്ങൾ നേരിടുന്ന വിവിധ പ്രശ്നങ്ങളെ അടിസ്ഥാനമാക്കി അവർ നടത്തുന്ന പ്രക്ഷോഭങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കാമോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുതിർന്ന പൗരൻമാർക്ക് അർഹമായ പരിഗണനയും ബഹുമാനവും പ്രദാനം ചെയ്യാനും അവരുടെ ആരോഗ്യവും സാമൂഹിക സുരക്ഷയും ഉറപ്പാക്കാനുമായി മുതിർന്ന പൗരൻമാർക്കുവേണ്ടിയുള്ള സംസ്ഥാന നയം 2013 അംഗീകരിച്ച് നടപ്പിലാക്കുവാൻ ആരംഭിച്ചിട്ടുണ്ട്. മെയിന്റനൻസ് ട്രൈബ്യൂണൽ, അപ്പലേറ്റ് ട്രൈബ്യൂണൽ എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക, ഓൾഡ് ഏജ് പെൻഷൻ കാലതാമസമില്ലാതെ വിതരണം നൽകുക, സ്ഥാപന സ്ഥാപനേതര സേവനങ്ങളുടെ ഗുണമേൻമ മെച്ചപ്പെടുത്തുക, വയോമിത്രം, വയോഅമൃതം തുടങ്ങിയ പദ്ധതികൾ നടപ്പാക്കുക തുടങ്ങിയവ സംയോജിതമായി നടപ്പിലാക്കാനും സംസ്ഥാന-ജില്ലാതല അവലോകനങ്ങൾ കാര്യക്ഷമമാക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## റാന്നി ഐ.സി.ഡി.എസ്. പ്രോജക്ടിൻ കീഴിലെ അംഗൻവാടി ടീച്ചറുടെ പരാതി

217 (3057) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി ഐ.സി.ഡി.എസ്. പ്രോജക്ടിൻ കീഴിലെ 90-ാം നമ്പർ അംഗൻവാടിയിലെ ടീച്ചറായ ശ്രീമതി ജോളി കെ ജോസിനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയോ മാറ്റി നിർത്തുകയോ ചെയ്തിട്ടുണ്ടോ; എന്നു മുതലാണ് ഇങ്ങനെ മാറ്റി നിർത്തിയത്; ആരുടെ ഉത്തരവ് പ്രകാരം;

(ബി) ഇവർക്കെതിരെ ആരെങ്കിലും പരാതി നൽകിയിരുന്നോ; ആരൊക്കെയാണ് പരാതി നൽകിയിരുന്നത്;

(സി) ഇതു സംബന്ധിച്ച് അന്വേഷിക്കുന്നതിന് ആരെയാണ് ചുമതല പ്പെടുത്തിയിരുന്നത്;

(ഡി) പരാതിയിൽ പേര് പറഞ്ഞിരിക്കുന്നവരിൽ പലരും തങ്ങൾ ഇതേക്കുറിച്ച് അറിഞ്ഞിട്ടില്ലെന്നും ഒപ്പിട്ടിട്ടില്ലെന്നും അന്വേഷണ ഉദ്യോഗസ്ഥരെ അറിയിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കാമോ;

(ഇ) അംഗൻവാടിയിലെ രജിസ്റ്ററുകൾ കൃത്യമാണെന്നും, വർക്കർ എന്ന നിലയിൽ കൃത്യമായി പ്രവർത്തിക്കുകയും ചെയ്യുന്നുയെന്ന് കണ്ടെത്തിയിട്ടും, ടിയാളെ സസ്പെന്റ് ചെയ്യാനിടയായ സാഹചര്യം എന്തെന്ന് വ്യക്തമാക്കാമോ;

(എഫ്) ടീച്ചറെ അന്യായമായി സസ്പെന്റ് ചെയ്തതിനെക്കുറിച്ച് സമഗ്രാന്വേഷണം നടത്തി വ്യാജപരാതി നൽകിയ ആളുകൾക്കെതിരെയും, ഈ വ്യാജപരാതിയുടെ പേരിൽ അംഗൻവാടി ടീച്ചറെ സസ്പെന്റ് ചെയ്ത ഉദ്യോഗസ്ഥർക്കെതിരെയും എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ജി) ഇതു സംബന്ധിച്ച അംഗൻവാടി ടീച്ചർ ജില്ലാ സാമൂഹ്യനീതി ആഫീസർക്ക്നൽകിയ പരാതിയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) റാന്നി ഐ.സി.ഡി.എസ്. പ്രോജക്ടിൻ കീഴിലെ 90-ാം നമ്പർ അംഗൻവാടിയിലെ വർക്കറായ ശ്രീമതി ജോളി കെ. ജോസിനെ ജോലിയിൽ നിന്നും റാന്നി ശിശു വികസന പദ്ധതി ഓഫീസറുടെ 15-1-2016-ലെ ICDS/R/A2/919/15 നമ്പർ ഉത്തരവ് പ്രകാരമാണ് മാറ്റി നിർത്തിയത്.

(ബി) 56 പേർ ശ്രീമതി ജോളി കെ. ജോസിനെതിരെ പരാതി നൽകിയിരുന്നു.

(സി) റാന്നി ശിശു വികസന പദ്ധതി ഓഫീസർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ എന്നിവർ ഈ വിഷയത്തിൽ നേരിട്ട് അന്വേഷണം നടത്തി പ്രോഗ്രാം ഓഫീസർക്ക് റിപ്പോർട്ട് നൽകിയിരുന്നു.

(ഡി) വർക്കർ അപ്രകാരം അവകാശപ്പെട്ടിരുന്നതായി റിപ്പോർട്ടിൽ പറയുന്നു. റിപ്പോർട്ടിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

(ഇ) അങ്കണവാടി പ്രവർത്തനത്തിൽ ശ്രീമതി ജോളി കെ. ജോസിന്റെ പ്രവർത്തനങ്ങൾ തൃപ്തികരമാണെങ്കിലും പൊതുജനങ്ങളോടുള്ള പെരുമാറ്റം, സമീപനം, ഇടപെടൽ എന്നിവ തികച്ചും മോശമെന്ന രീതിയിലാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(എഫ്) ശിശു വികസന പദ്ധതി ഓഫീസർ, ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെയും അന്വേഷണത്തിലും പരാതിക്കാരിൽ ചിലരുമായി നടത്തിയ കൂടിക്കാഴ്ചയിലും പരാതി നിലനിൽക്കുന്നതായി വ്യക്തമാകുന്നു. ഈ സാഹചര്യത്തിൽ അന്വേഷണ ഉദ്യോഗസ്ഥർക്കെതിരെ നടപടി ആവശ്യമായി കാണുന്നില്ല.

(ജി) ശ്രീമതി ജോളി കെ. ജോസ് ഇതുസംബന്ധിച്ച് ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് നേരിട്ട് പരാതി നൽകിയിട്ടില്ല.

## മാതൃകാ അംഗൻവാടി

218 (3058) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാതൃകാ അംഗൻവാടികളുടെ നിർമ്മാണത്തിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്

(ബി) മാതൃകാ അങ്കണവാടികളിൽ 3 തലമുറകൾക്കുള്ള സേവനങ്ങളാണ് നൽകുന്നത്. 0-6 പ്രായപരിധിയിലുള്ള കുട്ടികൾക്കായി പ്രീ സ്കൂൾ വിദ്യാഭ്യാസം, ആരോഗ്യ പരിരക്ഷ, വളർച്ചാ നിരീക്ഷണം, പ്രതിരോധ കുത്തിവയ്പ്, പോഷകാഹാര വിതരണം എന്നിവ നൽകുന്നു. സ്ത്രീകൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാര പ്രായക്കാരായ പെൺകുട്ടികൾ എന്നിവർക്ക് അനുപൂരക പോഷകാഹാരം നൽകുന്നു. കൂടാതെ വിവിധ പരിശീലന പരിപാടികൾ, ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവയും സംഘടിപ്പിക്കുന്നു. വയോജനങ്ങൾക്ക് പകൽവീട് സൗകര്യം മാതൃകാ അങ്കണവാടികൾ ഒരുക്കുന്നു.

(സി) ഒരു നിയോജകമണ്ഡലത്തിൽ ഒന്നു വീതമാണ് മാതൃകാ അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നത്. ടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് 10 സെന്റ് ഭൂമി ആവശ്യമാണ്. 23.75 ലക്ഷം രൂപയാണ് ഒരു അങ്കണവാടി കെട്ടിടത്തിന്റെ നിർമ്മാണ ചെലവ്. ആയതിനോടൊപ്പം 15% വരെ അധികരിക്കുന്ന തുകയും വിനിയോഗിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനം തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ മുഖേന നടപ്പിലാക്കി വരുന്നു.

നിലവിൽ നിർമ്മാണം പൂർത്തീകരിച്ച മാതൃകാ അങ്കണവാടികളിൽ ആവശ്യമായ ഫർണിച്ചറുകൾ, പുസ്തകങ്ങൾ, കമ്പ്യൂട്ടർ, ടെലിവിഷൻ എന്നീ സാധന സാമഗ്രികൾ വാങ്ങുന്നതിനും ടി അങ്കണവാടികളിലെ ഉദ്യോഗസ്ഥർക്ക് ടി പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ സംബന്ധിച്ച് ട്രെയിനിംഗ് നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**മാതൃകാ അംഗൻവാടികൾ**

219 (3059) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ നിയമസഭാ നിയോജകമണ്ഡലത്തിലും ഓരോ മാതൃകാ അംഗൻവാടി സ്ഥാപിക്കുമെന്ന 2012-13-ലെ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ; എത്ര നിയോജകമണ്ഡലങ്ങളിൽ ഇവ സ്ഥാപിക്കപ്പെട്ടു;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി എത്ര തുക ഓരോ വർഷത്തെയും ബഡ്ജറ്റിൽ നീക്കിവച്ചിരുന്നു; അതിൽ എത്ര തുക ചെലവഴിക്കപ്പെട്ടു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നടപ്പിലാക്കിയിട്ടുണ്ട്. ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ള 115 നിയോജകമണ്ഡലങ്ങളിൽ 51 നിയോജകമണ്ഡലങ്ങളിലെ മാതൃകാ അങ്കണവാടി കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്നവയുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

(ബി) ഒരു നിയോജകമണ്ഡലത്തിൽ ഒരു മാതൃകാ അങ്കണവാടി വീതം സ്ഥാപിക്കുന്നതിനായി 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2235-02-102-69 (പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 100 കോടി രൂപയിൽ നിന്നും കേന്ദ്ര സർക്കാർ സപ്ലിമെന്ററി ന്യൂട്രിഷൻ പ്രോഗ്രാമിന് 50% കേന്ദ്രസഹായമായി അനുവദിച്ച് സാമൂഹ്യനീതി ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ഉള്ള ട്രഷറി സേവിംഗ്സ് ബാങ്കിൽ 5452.49 ലക്ഷം രൂപ നിക്ഷേപിച്ചിട്ടുണ്ട്. ആയതിൽ ഒരു മാതൃകാ അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് അടങ്കൽ തുകയായ 23.75 ലക്ഷം രൂപയിൽ 17 ലക്ഷം രൂപ സാമൂഹ്യനീതി ഡയറക്ടറുടെ TSB അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുകയിൽ നിന്നും ബാക്കി 6.75 ലക്ഷം രൂപ ബന്ധപ്പെട്ട എം.എൽ.എ.യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നുമാണ് കണ്ടെത്തേണ്ടത്. മാതൃകാ അങ്കണവാടി കെട്ടിട നിർമ്മാണത്തിന് നാളിതുവരെയായി 15,92,44,079 രൂപ ചെലവഴിച്ചിട്ടുണ്ട്.

**വികലാംഗ സംവരണ നിയമനത്തിനായുള്ള തസ്തികകൾ**

220 (3060) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്റ്റ് പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തസ്തികകൾ പുതുതായി വികലാംഗ സംവരണ നിയമനത്തിനായി കണ്ടെത്തിയിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ നിയമനം നടത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു.*

(ബി) നിയമനം നടത്തിവരികയാണ്.

**സാമൂഹ്യ സുരക്ഷാ മിഷൻ ദിനാഘോഷ പരിപാടി**

221 (3061) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ മിഷൻ സംസ്ഥാനതല ദിനാഘോഷ പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള ഫണ്ടിന്റെ സ്രോതസ്സ് വ്യക്തമാക്കാമോ;

(ബി) ആശ്വാസകിരണം പദ്ധതിയിൽപ്പെട്ട ധനസഹായ വിതരണത്തിൽ കുടിശ്ശിക നിലനിൽക്കുന്ന സാഹചര്യത്തിൽ സാമൂഹ്യ സുരക്ഷാമിഷൻ ദിനാഘോഷ പരിപാടി ആർഭാടമായി സംഘടിപ്പിച്ചത് സംബന്ധിച്ച് ആക്ഷേപം ഉയർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കേരള സാമൂഹ്യ സുരക്ഷാ മിഷൻ സംസ്ഥാനതല ദിനാഘോഷ പരിപാടികൾ സംഘടിപ്പിച്ചിട്ടില്ല.

(ബി) ബാധകമല്ല.

**സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം**

222 (3062) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്യുന്നതിന് സർക്കാരിന് വ്യക്തമായ നയപരിപാടിയുണ്ടോ;

(ബി) പ്രസ്തുത പെൻഷൻ പോസ്റ്റ് ഓഫീസ് വഴിയാണോ ബാങ്ക് വഴിയാണോ വിതരണം ചെയ്യുന്നത്;

(സി) ഇതിനായി ബന്ധപ്പെട്ട പോസ്റ്റ് ഓഫീസുകൾക്ക്/ബാങ്കുകൾക്ക് ആവശ്യത്തിന് തുക അനുവദിക്കാറുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) പ്രസ്തുത പെൻഷൻ വിതരണത്തിലെ അവ്യക്തതമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പ്രസ്തുത ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾഎന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്യുന്നതിന് സർക്കാരിന് വ്യക്തമായ നയപരിപാടിയുണ്ട്. ഡയറക്ട് ബെനഫിറ്റ് ട്രാൻസ്ഫർ മുഖേനയാണ് ക്ഷേമപെൻഷനുകൾ വിതരണം ചെയ്യുന്നത്.

(ബി) ഡയറക്ട് ബെനഫിറ്റ് ട്രാൻസ്ഫർ മുഖേന ഗുണഭോക്താവിന്റെ താൽപ്പര്യ പ്രകാരം ബാങ്ക്, പോസ്റ്റോഫീസ് ഇവയിലെ ഏതെങ്കിലും ഒരു സ്ഥാപനത്തിന്റെ അക്കൗണ്ട് മുഖേനയും തീരെ അവശരായ ഗുണഭോക്താക്കൾക്ക് ഇലക്ട്രോണിക് മണി ഓർഡർ മുഖേനയുമാണ് പെൻഷൻ വിതരണം ചെയ്യുന്നത്.

(സി) അർഹരായ മുഴുവൻ ഗുണഭോക്താക്കൾക്കും വിതരണം ചെയ്യുന്നതിനാവശ്യമായ തുക ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കൈമാറുന്നുണ്ട്.

(ഡി) പെൻഷൻ വിതരണം സംബന്ധിച്ച് അവ്യക്തതകൾ നിലവിലില്ല. പോസ്റ്റോഫീസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് വിതരണ മാർഗ്ഗമായി തെരഞ്ഞെടുത്തിട്ടുള്ള ഗുണഭോക്താക്കൾക്ക് തുക യഥാസമയം ലഭിക്കാതെ വന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) പോസ്റ്റോഫീസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് വിതരണ മാർഗ്ഗമായി തെരഞ്ഞെടുത്തിട്ടുള്ള ഗുണഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറുന്നതിനും അതുവഴി കൃത്യമായി തുക ലഭിക്കുന്നതിനും അവസരം നൽകിയിട്ടുണ്ട്. കൂടാതെ പോസ്റ്റോഫീസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് മുഖേന വിതരണം ചെയ്യുന്നതിനായി തുക കൈപ്പറ്റുന്നതിന് പോസ്റ്റൽ വകുപ്പ് തയ്യാറാകാത്തതിനാൽ 2015 സെപ്റ്റംബർ മുതൽ ഡിസംബർ വരെയുള്ള പെൻഷൻ ചെക്ക് മുഖേന വിതരണം ചെയ്തിട്ടുണ്ട്.

**നിർഭയ കേന്ദ്രങ്ങൾ**

223 (3063) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിക്രമങ്ങൾക്കിരയായ സ്ത്രീകളെയും കുട്ടികളെയും പുനരധിവസി പ്പിക്കുന്നതിനായി സംസ്ഥാനത്താകെ എത്ര നിർഭയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്; എവിടെയെല്ലാമാണ്; ഓരോ നിർഭയ കേന്ദ്രത്തിലും എത്രപേരെ പുനരധിവസിപ്പിച്ചിട്ടുണ്ട്;

(ബി) നിർഭയ കേന്ദ്രങ്ങളിൽ നിന്നും അന്തേവാസികൾക്ക് ലഭ്യമാക്കുന്ന സേവനങ്ങളെന്തെല്ലാമാണ്; വിശദമാക്കുമോ ;

(സി) നിർഭയ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾക്കായി 2015-2016-ൽ എന്തു തുക വകയിരുത്തി; എത്രതുക അനുവദിച്ചു; എത്ര തുക ചെലവഴിച്ചു?

ഉത്തരം

(എ) സംസ്ഥാനത്താകെ 11 നിർഭയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവിൽ താഴെ പറയും പ്രകാരം സ്ത്രീകളെ/കുട്ടികളെ നിലവിൽ പുനരധിവസിപ്പിച്ചിട്ടുണ്ട്:

| | | |
|---|---|---|
| 1 | തിരുവനന്തപുരം പൂജപ്പുര മെയിൻ | 27 |
| 2 | തിരുവനന്തപുരം പൂജപ്പുര അനക്സ് | 42 |
| 3 | തിരുവനന്തപുരം വെഞ്ഞാറമൂട് | 34 |
| 4 | എറണാകുളം | 19 |
| 5 | ഇടുക്കി | 29 |
| 6 | മലപ്പുറം | 27 |
| 7 | പാലക്കാട് | 19 |
| 8 | വയനാട് | 36 |
| 9 | തൃശ്ശൂർ | 8 |
| 10 | കോഴിക്കോട് | 14 |
| 11 | കാസർഗോഡ് | 29 |

(ബി) നിർഭയ കേന്ദ്രങ്ങളിൽ നിന്നും അന്തേവാസികൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ താഴെപ്പറയുന്നവയാണ്:

| | |
|---|---|
| സംരക്ഷണം | താമസം, ഭക്ഷണം, വസ്ത്രം, നിയമസംരക്ഷണം, ചികിത്സ, വിദ്യാഭ്യാസം, നിയമകൗൺസിലിംഗ് |
| പുനരധിവാസത്തിനുള്ള പ്രവർത്തനങ്ങൾ | തൊഴിൽ പരിശീലനം, മാനസികാരോഗ്യം വീണ്ടെടുക്കുന്നതിനുള്ള പരിപാടികൾ |

(സി) 2015-16-ൽ നിർഭയ പദ്ധതികളുടെ നടത്തിപ്പിനായി ആകെ 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ നിർഭയ ഷെൽട്ടർ ഹോമുകളുടെ പ്രവർത്തനത്തിനായി 250.29 ലക്ഷം രൂപ അനുവദിച്ചു. ഇതിൽ നിന്നും 162.36 ലക്ഷം രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്.

## അനാഥരായ വൃദ്ധജനങ്ങളുടെ സംരക്ഷണം

224 (3064) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനാഥരായ വൃദ്ധരെ സംരക്ഷിക്കുന്ന എത്ര കേന്ദ്രങ്ങൾ സർക്കാർ ഉടമസ്ഥതയിലുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വിശദമാക്കാമോ;

(ബി) അലഞ്ഞുതിരിയുന്നവരും രോഗികളുമായ വൃദ്ധരെ കണ്ടെത്താനും അവരെ ഏറ്റെടുക്കാനും എന്തെല്ലാം മാർഗ്ഗമാണ് സ്വീകരിച്ചിരിക്കുന്നത്;

(സി) ഇത്തരത്തിൽ വൃദ്ധർക്ക് ആശ്രയമൊരുക്കുമ്പോൾ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) അനാഥരായ വൃദ്ധരെ സംരക്ഷിക്കുന്നതിന് 16 വൃദ്ധസദനങ്ങൾ സർക്കാർ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്നു. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) അലഞ്ഞു തിരിയുന്നവരും രോഗികളുമായ വൃദ്ധരെ കണ്ടെത്തി അവരെ ഏറ്റെടുക്കുന്നത് പൊതു സമൂഹത്തിന്റേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും സഹകരണത്തോടെയാണ്. ഇതിനുപുറമേ വൃദ്ധസദനങ്ങളിൽ ഗുണഭോക്താവിന് നേരിട്ടെത്തി പ്രവേശനത്തിന് അപേക്ഷ സമർപ്പിക്കാം. അനാഥനും രോഗിയുമായ വൃദ്ധരേയും താത്ക്കാലിക സംരക്ഷണം നൽകുന്നതിനായി വൃദ്ധസദനത്തിലെത്തി ക്കാവുന്നതാണ്. സർക്കാർ ഉടമസ്ഥതയിലുള്ള 16 ഗവൺമെന്റ് വൃദ്ധസദനങ്ങളിലും സന്നദ്ധ സംഘടനകൾ നടത്തുന്ന ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള 566 വൃദ്ധസദനങ്ങളിലും നിരാലംബരായ വൃദ്ധർക്ക് പ്രവേശനം നൽകുന്നുണ്ട്.

(സി) സാമൂഹ്യനീതി വകുപ്പിൻകീഴിലുള്ള എല്ലാ ക്ഷേമ സ്ഥാപനങ്ങൾക്കുമായി സ.ഉ. (സാധാ.) നമ്പർ 198 (3036) 501/2014/സാനീവ. തീയതി 8-8-2014 പ്രകാരം ഒരു മാനേജ്മെന്റ് മാന്വൽ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത മാന്വൽ അനുസരിച്ചാണ് സ്ഥാപനത്തിലെ പ്രവേശനവും തുടർനടപടികളും നടത്തിപ്പും. കൂടാതെ വൃദ്ധസദന ങ്ങൾക്കുമാത്രമായി ഉള്ള Kerala Maintenance and Welfare of Parents and Senior Citizen Rules 2009 പ്രകാരമുള്ള പ്രവേശന മാനദണ്ഡങ്ങൾ (അനുബന്ധം 2)* ആയി നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ബാലനീതി സ്ഥാപനങ്ങളിൽ കുറ്റകൃത്യങ്ങളിൽപ്പെട്ട് എത്തുന്ന കുട്ടികൾ

225 (3065) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബാലനീതി സ്ഥാപനങ്ങളിൽ കുറ്റകൃത്യങ്ങളിൽപ്പെട്ട് എത്തുന്ന കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2011-2015 കാലയളവിൽ സ്ഥാപനങ്ങളിൽ എത്തപ്പെട്ട കുട്ടികളുടെ ജില്ലതിരിച്ച എണ്ണം പറയാമോ;

(സി) കുട്ടിക്കുറ്റവാളികൾ ഉണ്ടാകാനിടയാക്കുന്ന സാഹചര്യങ്ങളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിലെ ശുപാർശകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; ഇല്ലെങ്കിൽ പഠനം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) ആവർത്തിച്ച് കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന കുട്ടികളുടെ കുറ്റവാസന ഇല്ലാതാക്കുന്നതിലേയ്ക്കായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഇ) ലൈംഗിക അതിക്രമങ്ങൾക്ക് വിധേയമാക്കപ്പെട്ട് സ്ഥാപനങ്ങളിൽ എത്തപ്പെടുന്ന പെൺകുട്ടികളെ മറ്റ് കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട മുതിർന്നവർക്കൊപ്പം പാർപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(എഫ്) ബാലനീതി നിയമം അനുശാസിക്കുന്ന ശ്രദ്ധയും പരിചരണവും ഇത്തരം കുട്ടികൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ജി) ബാല നീതി നിയമത്തിന്റെ പരിരക്ഷ ഉറപ്പുവരുത്തുന്നതിലേക്കായി എല്ലാ ജില്ലകളിലും പെൺകുട്ടികൾക്കായി പ്രത്യേക സ്ഥാപനങ്ങൾ ആരംഭിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കാൻ കഴിയാതെ പോയത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) ഉണ്ട്. കുട്ടിക്കുറ്റവാളികളെക്കുറിച്ച് എറണാകുളം ഹ്യൂമൻ റൈറ്റ്സ് ലോ നെറ്റ്‌വർക്ക് കേരള, എന്ന സംഘടന സാമൂഹ്യനീതി വകുപ്പുമായി ചേർന്ന് ഒരു പഠനം നടത്തുകയുണ്ടായി. പ്രസ്തുത പഠന റിപ്പോർട്ടിലെ പ്രധാനപ്പെട്ട ശിപാർശകൾ ചുവടെ ചേർക്കുന്നു:

1. നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്കായി പ്രൊഫഷണൽ കൗൺസിലിംഗും തുടർ നടപടിയും ആവശ്യമാണ്.

2. ആഫ്റ്റർ കെയർ പ്രോഗ്രാം ശക്തിപ്പെടുത്തണം

3. ഡിസ്ട്രിക്ട് ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ്, മാനേജ്മെന്റ് കമ്മിറ്റി, പ്രൊബേഷൻ ഓഫീസർമാർ, ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ, ജുവനൈൽ ജസ്റ്റിസ് ബോർഡ് എന്നിവരുടെ കൃത്യമായ യോഗങ്ങൾ കൂടി കുട്ടികളുടെ പുരോഗതി സംബന്ധിച്ച വിലയിരുത്തൽ നടത്തണം.

4. കുട്ടികൾക്കുള്ള വൊക്കേഷണൽ ട്രെയിനിംഗ് ശക്തിപ്പെടുത്തണം.

5. ജെ.ജെ. ഹോമുകളിൽ വന്ന് പോകുന്ന കുട്ടികൾക്ക് ഗവൺമെന്റ് ജോലിയിൽ റിസർവേഷൻ ഏർപ്പെടുത്തണം.

(ഡി) ഉണ്ട്. കേരളത്തിൽ ആവർത്തിച്ച് കുറ്റകൃത്യങ്ങൾ ഏർപ്പെടുന്ന കുട്ടികളുടെ കുറ്റവാസന ഇല്ലാതാക്കുന്നതിലേയ്ക്കായി ബാംഗ്ലൂർ നിംഹാൻസുമായി ചേർന്ന് പ്രാദേശിക തലത്തിൽ 'സൈക്കോ സോഷ്യൽ കെയർ ഫോർ ചിൽഡ്രൻ ഇൻ കോൺഫ്ലിക്റ്റ് വിത്ത് ലോ' എന്ന പ്രോഗ്രാം സംഘടിപ്പിക്കുന്നു. ഈ പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

1. പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യം കമ്മ്യൂണിറ്റിയെ സംവേദനക്ഷമമാക്കുകയെന്നതാണ്.

2. കുറ്റവാളികളായ കുട്ടികൾക്ക് അവരുടെ കുടുംബങ്ങളിൽ വച്ചുതന്നെ സോഷ്യൽ വർക്കറുടെയും വിവിധ സ്റ്റേക്ക്ഹോൾഡറുകളുടെയും നേതൃത്വത്തിൽ സൈക്കോ സോഷ്യൽ ഇന്റർവെൻഷൻ നടത്തുക.

3. കുറ്റവാളികളായിട്ടുള്ള കുട്ടികളുടെ കുടുംബങ്ങൾ, സമൂഹം എന്നിവയെ കുട്ടികളെ കൈകാര്യം ചെയ്യേണ്ട രീതികളെക്കുറിച്ച് ബോധവൽക്കരിക്കുക.

4. സമൂഹത്തിന്റേയും കുടുംബങ്ങളുടേയും സഹായത്തോടെ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന കുട്ടികളെ സമൂഹത്തിൽ റീ-ഇന്റഗ്രേറ്റ് ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാനലക്ഷ്യം.

(ഇ) ഉണ്ട്. എല്ലാ ജില്ലകളിലും പെൺകുട്ടികൾക്കുള്ള ചിൽഡ്രൻസ് ഹോമുകൾ നിലവിലില്ല. ആയതിനാൽ പെൺകുട്ടികൾക്കുള്ള ചിൽഡ്രൻസ് ഹോമുകൾ ഇല്ലാത്ത ജില്ലകളിൽ ലൈംഗിക അതിക്രമങ്ങൾക്ക് വിധേയമാക്കപ്പെട്ട പെൺകുട്ടികളെ ഗവൺമെന്റ് മഹിളാ മന്ദിരങ്ങളിലാണ് പാർപ്പിച്ചുകൊണ്ടിരുന്നത്. ഇത്തരം കുട്ടികളെ പെൺകുട്ടികൾക്കായുള്ള ചിൽഡ്രൻസ് ഹോമുകളിൽ മാറ്റിപാർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) ഉണ്ട്. ലൈംഗിക അതിക്രമങ്ങൾക്ക് വിധേയമാക്കപ്പെട്ടിട്ടുള്ള കുട്ടികൾക്ക് സ്ഥാപന സംരക്ഷണം ഉറപ്പാക്കുകയും അവരുടെ പഠനചെലവ് ഉൾപ്പെടെയുള്ള ചെലവുകൾ ഐ.സി.പി.എസ്. പദ്ധതിയിൽനിന്നും വഹിച്ച് വരുകയും ചെയ്യുന്നു.

(ജി) ബാലനീതി നിയമത്തിന്റെ പരിരക്ഷ ഉറപ്പ് വരുത്തുന്നതിലേയ്ക്കായി ജില്ലകളിൽ പെൺകുട്ടികൾക്കായി പ്രത്യേക സ്ഥാപനങ്ങൾ ആരംഭിച്ചുവരുന്നു. കേരളത്തിൽ എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ മാത്രമാണ് പെൺകുട്ടികൾക്കായുള്ള സ്ഥാപനങ്ങൾ ഉണ്ടായിരുന്നത്. പുതിയതായി കൊല്ലം ജില്ലയിൽ രണ്ട് സ്ഥാപനങ്ങൾ (മയ്യനാട് ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിലും ക്യൂ.എസ്.എസ്.എസിന്റെ ആഭിമുഖ്യത്തിലും) ആരംഭിച്ചിട്ടുണ്ട്. കണ്ണൂർ, തൃശ്ശൂർ എന്നീ ജില്ലകളിൽ പെൺകുട്ടികൾക്കായുള്ള ഓരോ സ്ഥാപനങ്ങളും ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ആലപ്പുഴ മായിത്തറയിൽ പ്രവർത്തിക്കുന്ന ചിൽടൻസ് ഹോം 18 വയസ്സ് വരെ പ്രായമുള്ള പെൺകുട്ടികൾക്കുള്ള ചിൽഡ്രൻസ് ഹോം ആക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ജുവനൈൽ ഹോം**

226 (T* 3066) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജുവനൈൽ ഹോമുകളിൽ എത്ര പേരെ പാർപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും കണക്കുകൾ പ്രത്യേകം നൽകാമോ?

ഉത്തരം

സംസ്ഥാനത്ത് ജുവനൈൽ ഹോമുകളിൽ പാർപ്പിച്ചിട്ടുള്ള ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും കണക്കുകൾ അനുബന്ധമായി* ചേർക്കുന്നു.

* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിട്ടുണ്ട്.
* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതിയിലെ കണ്ണൂർ ജില്ലയിലെ അംഗൻവാടി കെട്ടിടങ്ങൾ

227 (3067) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിൽ എത്ര അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട് എന്നറിയിക്കാമോ;

(ബി) ആയതിൽ ഉൾപ്പെടുത്തി കല്ല്യാശ്ശേരി മണ്ഡലത്തിൽ നിർമ്മിക്കുന്ന അംഗൻവാടികളുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ 21 അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ ഏഴാം ഗ്രാമപഞ്ചായത്തിലെ അംഗനവാടി സെന്റർ നമ്പർ 38, 48 അംഗനവാടികളുടെ കെട്ടിട നിർമ്മാണം പൂർത്തീകരിക്കുകയും കല്ല്യാശ്ശേരി പഞ്ചായത്തിലെ 46-ാം നമ്പർ അംഗനവാടിയുടെ ടെണ്ടർ നടപടകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

## സ്ത്രീധന നിരോധന നിയമം

228 (3068) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 1961-ലെ സ്ത്രീധന നിരോധന നിയമം നിലവിലുണ്ടെങ്കിലും സ്ത്രീധനം വാങ്ങലും കൊടുക്കലും വർദ്ധിച്ചുവരുന്നതിനാൽ കുടുംബകലഹം, വിവാഹമോചനം, സ്ത്രീധനപീഡന മരണം എന്നിവ വർദ്ധിച്ച് വരുന്നതായ ആക്ഷേപം സാമൂഹ്യനീതി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സർക്കാർ കാലയളവിൽ ഇത്തരം എത്ര കേസ്സുകളും മരണവും സാമൂഹ്യനീതി വകുപ്പിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ 1985-ലെ കേന്ദ്ര നിയമഭേദഗതി ഏതെല്ലാമെന്നും ആയത് സംസ്ഥാനത്ത് നടപ്പാക്കാനും സ്ത്രീധനം കൊടുക്കുന്നതും വാങ്ങുന്നതും തടയുവാനും സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ;

(സി) വധൂവരൻമാർക്ക് വിവാഹത്തിന് ലഭിക്കുന്ന സമ്മാനപ്പട്ടിക നിശ്ചിതഫോറത്തിൽ സാമൂഹ്യനീതി വകുപ്പിന് ലഭ്യമായതിനുശേഷം മാത്രം വിവാഹസർട്ടിഫിക്കറ്റ് നൽകുക എന്നത് നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത മാനദണ്ഡ പ്രകാരം ഈ സർക്കാർ എത്ര വിവാഹസർട്ടിഫിക്കറ്റ് വധൂവരൻമാർക്ക് നാളിതുവരെ നൽകി എന്ന് വ്യക്തമാക്കുമോ;

(ഡി) വിവാഹമോചന കേസ്സുകളിൽ ഏറ്റവും വലിയ തർക്കം നടക്കുന്നത് വിവാഹവേളയിൽ കൈമാറുന്ന സമ്മാനങ്ങളെക്കുറിച്ചായതിനാൽ വിവാഹ സർട്ടിഫിക്കറ്റിന് അപേക്ഷിക്കുമ്പോൾ സമ്മാനങ്ങളുടെ പട്ടിക നിർബന്ധമാണ് എന്നതിന് പ്രചരണ പരിപാടികൾ നടത്തുന്നുണ്ടോ; എങ്കിൽ എപ്രകാരമുള്ള പ്രചരണ പരിപാടികളാണ് നടപ്പിലാക്കുന്നത്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) സ്ത്രീധനം വാങ്ങുന്നതും കൊടുക്കുന്നതുമായി ബന്ധപ്പെട്ട് കുടുംബകലഹം, വിവാഹമോചനം, സ്ത്രീധന പീഡന മരണം എന്നിവ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ത്രീധന നിരോധന നിയമത്തിൻ കീഴിൽ 174 കേസുകൾ മേഖലാ സ്ത്രീധന നിരോധന ഓഫീസർമാർ മുമ്പാകെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്ത്രീധനത്തിന്റെ പേരിൽ മരണം സംഭവിച്ചത് സംബന്ധിച്ച് റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ബി) 1961-ലെ സ്ത്രീധന നിരോധന നിയമ പ്രകാരം സ്ത്രീധനം വാങ്ങുന്നതും വാങ്ങാൻ പ്രേരിപ്പിക്കുന്നതും ശിക്ഷാർഹമായ കുറ്റകൃത്യമാണ്. എന്നാൽ വധുവിന് വിവാഹസമയത്ത് ആവശ്യപ്പെടാതെ നൽകുന്ന സമ്മാനങ്ങളും വരന് വിവാഹ സമയത്ത് ആവശ്യപ്പെടാതെ നൽകുന്ന സമ്മാനങ്ങളും അവ ഈ ആവശ്യത്തിലേയ്ക്കായി ഉണ്ടാക്കിയ ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന പ്രകാരം വ്യക്തമായി ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുകയാണെങ്കിൽ കുറ്റകൃത്യമായി മാറുന്നില്ലായെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. വധുവിന് വേണ്ടിയോ വധുവിന് വേണ്ടി മറ്റാരെങ്കിലും നൽകുന്ന ആചാരപരമായ സമ്മാനങ്ങളോ അവരുടെ സാമ്പത്തിക ശേഷിക്ക് അതീതമായിരിക്കരുതെന്നും നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇത്തരത്തിൽ ലഭിക്കുന്ന സമ്മാനങ്ങളുടെ പട്ടിക തയ്യാറാക്കി വധുവും വരനും ഒപ്പുവച്ച് പകർപ്പ് ഇരുവരും സൂക്ഷിക്കണമെന്ന് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സ്ത്രീധനം കൊടുക്കുന്നതും വാങ്ങുന്നതും തടയുന്നതിനായി ബോധവൽക്കരണ സെമിനാറുകളും സ്കൂൾ/കോളേജ് തലങ്ങളിൽ ക്ലാസ്സുകളും നടത്തിവരുന്നു.

ചട്ടങ്ങൾ അനുബന്ധമായി* നൽകിയിട്ടുണ്ട്.

(സി) ഇല്ല. നിലവിൽ വിവാഹ സർട്ടിഫിക്കറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് നൽകിവരുന്നത്.

(ഡി) നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും സ്ത്രീധനം വാങ്ങുന്നതിനെ, വാങ്ങാൻ പ്രേരിപ്പിക്കുന്നതിനെ തടയുന്നതിനുമായി പ്രചരണ പരിപാടികളും ബോധവൽക്കരണവും നടത്തുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**അങ്കണവാടി ജീവനക്കാർ**

229 (3069) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് അങ്കണവാടി വർക്കേഴ്സ് ആന്റ് ഹെൽപ്പേഴ്സ് അസ്സോസിയേഷൻ നടത്തുന്ന പ്രക്ഷോഭങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അങ്കണവാടി ജീവനക്കാർക്ക് അംഗപരിമിത സർവ്വേ നടത്തിയതിന്റെ ഇൻസെന്റീവ് അനുവദിച്ചിട്ടുണ്ടോ;ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ;

(സി) അങ്കണവാടി ജീവനക്കാർക്ക് ക്ഷേമനിധി പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് രൂപീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്

(ബി) ഡേറ്റാ എൻട്രി പൂർത്തീകരിച്ചതിനുശേഷം ലഭിക്കുന്ന കമ്പ്യൂട്ടർ ജനറേറ്റഡ് കണക്കുകൾ പ്രകാരമാണ് എന്യൂമറേറ്റർമാർക്ക് പ്രതിഫല തുക നിശ്ചയിക്കുന്നത്. ഇതിനുവേണ്ടിയുള്ള പ്രവർത്തനം നടന്നു വരുന്നു.

(സി) നിലവിലുണ്ട്.

**അങ്കണവാടി ജീവനക്കാരുടെ ആവശ്യങ്ങൾ**

230 (3070) ഡോ. കെ. ടി. ജലീൽ :
ശ്രീമതി പി. അയിഷാ പോറ്റി
ശ്രീമതി കെ. എസ്. സലീഖ :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടി ജീവനക്കാർ നടത്തി വരുന്ന പ്രക്ഷോഭങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എന്തെല്ലാം ആവശ്യങ്ങളാണ് ജീവനക്കാർ ഉന്നയിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ആവശ്യങ്ങളെ സംബന്ധിച്ച് നിലപാട് വ്യക്തമാക്കാമോ;

(സി) അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ചുള്ള ഉത്തരവ് വൈകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

പ്രധാന ആവശ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. അങ്കണവാടി ജീവനക്കാരുടെ ഹോണറേറിയം വർദ്ധിപ്പിക്കുക.

2. അങ്കണവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുക.

3. അങ്കണവാടിജീവനക്കാർക്ക് ESI, PF എന്നിവ ഏർപ്പെടുത്തുക.

(ബി) ആവശ്യങ്ങൾ പരിശോധിച്ചുവരുന്നു.

(സി) അങ്കണവാടി ജീവനക്കാരുടെ ഹോണറേറിയം 2016 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വർക്കർമാർക്ക് 10,000 രൂപയായും ഹെൽപ്പർമാർക്ക് 7,000 രൂപയായും വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## ദരിദ്രരുടെ ഭവന പദ്ധതി

231 (3071) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദരിദ്രരുടെ ഭവന പദ്ധതിപ്രകാരം എത്ര തുകയുടെ സഹായ പദ്ധതികളാണ് ഈ വർഷം സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര കോടി രൂപ ചെലവാക്കിയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഗ്രാമവികസന വകുപ്പ് മുഖാന്തരം നടത്തുന്ന ഐ.എ.വൈ. പദ്ധതി പ്രകാരം നടപ്പുസാമ്പത്തിക വർഷത്തിൽ 59060 ഗുണഭോക്താക്കൾക്കായി 1504.105 കോടി രൂപയുടെ ധനസഹായം നൽകുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) 31-1-2016 വരെ 387.18 കോടി രൂപ അധിക സംസ്ഥാന വിഹിതം ഉൾപ്പെടെ ഈ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്.

## ശിശുസൗഹൃദ അംഗനവാടികൾ

232 (3072) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിൽ ഉൾപ്പെടുത്തി ശിശുസൗഹൃദ അംഗനവാടികൾ നിർമ്മിക്കുന്നതിനുള്ള കേന്ദ്ര പദ്ധതിയിൽ എത്ര പഞ്ചായത്തുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്;

(ബി) എല്ലാ പഞ്ചായത്തുകളിലും ഇത്തരം അംഗൻവാടികൾ നിർമ്മിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണ്;

(സി) ഈ പദ്ധതിയ്ക്കാവശ്യമായ അധിക തുക വകയിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പദ്ധതി വിജയത്തിനാവശ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-ഡി) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ശിശുസൗഹൃദ അംഗനവാടികൾ നിർമ്മിക്കുന്നതിന് സാമൂഹിക നീതി വകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടില്ല. എന്നാൽ തദ്ദേശ സ്വയംഭരണ വകുപ്പ് ഇതര വകുപ്പുകളുമായി സമന്വയിച്ച് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തുകളിൽ അംഗനവാടി കേന്ദ്രങ്ങളുടെ നിർമ്മാണത്തിനുള്ള സാധ്യത പരിശോധിച്ചുവരുന്നു.

**കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി**

233 (3073) <u>ശ്രീ. ഷാഫി പറമ്പിൽ</u> :
<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> :
<u>ശ്രീ. ബെന്നി ബെഹനാൻ</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യക്ഷേമ വകുപ്പ് കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി നടപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട് ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) സംസ്ഥാനത്തെ ജൻമനാ ബധിരരും മൂകരുമായ കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി നടത്തി രണ്ട് വർഷം നീണ്ടുനിൽക്കുന്ന ആഡിറ്ററി വെർബൽ ഹാബിലിറ്റേഷനിലൂടെ കുട്ടികളുടെ ശ്രവണശേഷിയും സംസാരശേഷിയും വീണ്ടെടുക്കുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം

1. 0-3 വയസ്സുവരെയുള്ള കുട്ടികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ രംഗത്തെ വിദഗ്ദ്ധരടങ്ങിയ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റിയുടെ പരിശോധനയിൽ സർജറി ചെയ്താൽ ഗുണകരമാകുമെന്ന് വിലയിരുത്തുന്ന പരമാവധി 5 വയസ്സുവരെയുള്ള കുട്ടികൾക്കും പദ്ധതി ആനുകൂല്യം അനുവദിക്കുന്നു.

2. കുടുംബത്തിന്റെ വാർഷിക വരുമാനം 2 ലക്ഷം രൂപ വരെ മാത്രമേ പാടുള്ളൂ.

3. കേരളത്തിലുള്ള കുട്ടികളായിരിക്കണം.

4. ശ്രുതിതരംഗം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളിലെ വിദഗ്ദ്ധർ കുട്ടികളെ കോക്ലിയർ ഇംപ്ലാന്റേഷന് ശിപാർശ ചെയ്തവരായിരിക്കണം. കുട്ടിക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയയുടെ വിജയത്തെ ബാധിക്കുന്ന വൈദ്യശാസ്ത്രപരമായ മറ്റു പോരായ്മകൾ ഉണ്ടാകുവാൻ പാടുള്ളതല്ല.

5. കുട്ടിയുടെ രക്ഷിതാക്കൾ ഓപ്പറേഷന് ശേഷമുള്ള പരിചരണത്തിനും സ്പീച്ച് തെറാപ്പിക്കുമുള്ള പരിശീലനപരിപാടികളിൽ പങ്കെടുക്കാനും രണ്ട് വർഷം നീണ്ടുനിൽക്കുന്ന തുടർ ചികിത്സയായ ആഡിയോ വെർബൽ ഹാബിലിറ്റേഷൻ നൽകാനും സന്നദ്ധതയുള്ളവരായിരിക്കണം.

പദ്ധതി ആനുകൂല്യത്തിനർഹതയുള്ള അപേക്ഷകൾ ലഭിച്ചാലുടൻ പരിശോധനയ്ക്കും തെരഞ്ഞെടുക്കുന്നതിനുമായി സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റി മുൻപാകെ സമർപ്പിക്കുകയും പ്രസ്തുത കമ്മിറ്റി തെരഞ്ഞെടുക്കുന്ന കുട്ടികൾക്ക് ശ്രുതിതരംഗം പദ്ധതിയുടെ ആനുകൂല്യം എംപാനൽ ചെയ്യപ്പെട്ട ആശുപത്രികളിലൂടെ ലഭ്യമാക്കുകയും ചെയ്യുന്നു.

ടി പദ്ധതിയുടെ നടത്തിപ്പിനും അവലോകനത്തിനുമായി സർക്കാർ തലത്തിൽ സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയും എംപവേർഡ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

## മുതിർന്ന പൗരന്മാരുടെയും മാതാപിതാക്കളുടെയും സംരക്ഷണ-ക്ഷേമ നിയമം

234 (3074) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായി നിലവിൽവന്ന മുതിർന്ന പൗരന്മാരുടെയും മാതാപിതാക്കളുടെയും സംരക്ഷണ-ക്ഷേമ നിയമം നടപ്പാക്കുന്നതിൽ സംസ്ഥാനം പരാജയപ്പെടുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉദ്യോഗസ്ഥരായ മക്കളാൽ ഉപേക്ഷിക്കപ്പെട്ട് വൃദ്ധസദനങ്ങളിൽ അഭയം തേടുന്ന മാതാപിതാക്കളുടെ ശവദാഹംപോലും ഏറ്റെടുക്കാൻ മടികാണിക്കുന്ന വ്യക്തികളെ സംബന്ധിച്ച വാർത്തകളും റിപ്പോർട്ടുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത നിയമ പ്രകാരം കഴിഞ്ഞ ആറുമാസത്തിനുള്ളിൽ ഇത്തരം എത്ര കേസുകളിൽ നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഡി) നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് പ്രത്യേക പരിഗണന നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമ പ്രകാരം സാമൂഹികനീതി വകുപ്പിൽ നിന്ന് നേരിട്ട് നടപടികൾ സ്വീകരിച്ചിട്ടില്ല. പരാതികൾ ലഭ്യമാകുന്ന കേസുകളിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ മെയിന്റനൻസ് ഓഫീസർമാരായ ജില്ലാ സാമൂഹികനീതി ഓഫീസർമാർക്ക് നിർദ്ദേശം നൽകാറുണ്ട്.

(ഡി) നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം വ്യാപകമായ ബോധവൽക്കരണ പരിപാടികളും വയോജന ദിനത്തോടനുബന്ധിച്ച് ക്ലാസ്സുകളും സംഘടിപ്പിക്കാറുണ്ട്. കൂടാതെ കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി 'തണലേകിയവർക്ക് തണലാകാം' തുടങ്ങിയ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. എഫ്.എം. റേഡിയോ വഴിയും നിയമത്തെക്കുറിച്ച് പരസ്യപരിപാടികൾ നൽകുന്നുണ്ട്. നിയമം നടപ്പിലാക്കുന്നതിലുള്ള പോരായ്മകളെപ്പറ്റി പഠനം നടത്തുകയും പോരായ്മകൾ ദൂരീകരിക്കുവാൻ നടപടികൾ സ്വീകരിച്ചുവരികയുമാണ്.

**അംഗൻവാടി ജീവനക്കാർക്ക് പെൻഷൻ**

235 (3075) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിച്ച് പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ നല്കുന്നതിനും ആരോഗ്യ സുരക്ഷാ പദ്ധതികൾ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) 30-4-2015-ന് റിട്ടയർ ചെയ്ത ചാലക്കുട്ടി അഡീഷണൽ പ്രോജക്ട് 1 ഐ.സി.ഡി.എസിലെ 5 അംഗൻവാടി വർക്കർമാർക്കും 3 ഹെൽപ്പർമാർക്കും ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭിയ്ക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇവർക്കുള്ള ക്ഷേമനിധി ആനുകൂല്യങ്ങൾ അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ചാലക്കുടി അഡീഷണൽ ഐ.സി.ഡി.എസ് പ്രോജക്ടിൽ നിന്ന് വിരമിച്ച 5 അംഗനവാടി വർക്കർമാരിൽ നിന്നും 3 അംഗനവാടി ഹെൽപ്പർമാരിൽ നിന്നും ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായുള്ള അപേക്ഷകൾ സാമൂഹ്യനീതി ഡയറക്ടറേറ്റിൽ ലഭിച്ചിട്ടുണ്ട്. ഇതിൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പെൻഷനും ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിനുള്ള നടപടി എടുത്തുവരുന്നു.

**കേരളത്തിലെ ട്രാൻസ്ജെന്റർ വിഭാഗങ്ങൾ**

236 (3076) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ട്രാൻസ്ജെന്റർ വിഭാഗത്തിൽപ്പെട്ടവരുടെ സാമൂഹിക സാമ്പത്തിക സാഹചര്യം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ ട്രാൻസ് ജെന്റർ വിഭാഗത്തിന്റെ സാമൂഹ്യ സാമ്പത്തിക സ്ഥിതി മനസ്സിലാക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി 2014-15-ൽ ട്രാൻസ് ജെന്റർ സർവ്വേ നടത്തിയിരുന്നു. ടി സർവ്വേയിൽ ചുവടെപ്പറയുന്ന വിവരങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

| | | |
|---|---|---|
| 1 | വിദ്യാഭ്യാസം | ഇവരിൽ 45 % പേർ പത്താം ക്ലാസ് വരെയും 24% പേർ ഒൻപതാം ക്ലാസ് വരെയും 10% ഡിഗ്രി വരെയും 2% പേർ പോസ്റ്റ് ഗ്രാജ്വേറ്റ് വരെയും വിദ്യാഭ്യാസമുള്ളവരാണ്. |
| 2 | തൊഴിൽ | 46% പേർ താൽക്കാലിക തൊഴിലിലും 16% പേർ സ്വയംതൊഴിലും 11% പേർ റെഗുലർ ജോബ് ഉള്ളവരും 4% പേർ പാർട്ട് ടൈം ജോബ് ചെയ്യുന്നവരുമാണ്. 3% പേർ വിദ്യാർത്ഥികളാണ് |
| 3 | ഭാഷ | കേരളത്തിൽ 44% പേർ മലയാളവും 24% പേർ തമിഴും 10% പേർ ഹിന്ദിയും 22% പേർ ഇംഗ്ലീഷും സംസാര ഭാഷയായി ഉപയോഗിക്കുന്നു. |
| 4 | കുടുംബജീവിതം | 38% പേർ നിയമപരമായി വിവാഹിതരാണ് |
| 5 | താമസം | 92% പേർ സ്വന്തം സ്ഥലത്ത് താമസിക്കുന്നു. 51% പേർ തങ്ങളുടെ sexuality കുടുംബങ്ങളിൽ നിന്നും രഹസ്യമായി സൂക്ഷിക്കുന്നു. 43% പേർ കുടുംബ ഭവനത്തിലും 39% പേർ സ്വന്തം ഭവനത്തിലും 11% പേർ വാടക ഭവനത്തിലും താമസിക്കുന്നു. |
| 6 | പ്രായവിവരണം | 46% പേർ 30 വയസ്സുവരെ പ്രായമുള്ളവരും 53% പേർ 30 നും 50 നും മദ്ധ്യേ പ്രായമുള്ളവരും 1% ആളുകൾ 50 വയസ്സ് കഴിഞ്ഞിട്ടുള്ളവരുമാണ്. |
| 7 | മതം | 65% പേർ ഹിന്ദുക്കളും 16% പേർ ക്രിസ്ത്യാനികളും 18% പേർ മുസ്ലീം വിഭാഗവും 1% ആളുകൾ മറ്റുള്ളവരുമാണ്. |
| 8 | ജാതി | 44% പേർ ഒ.ബി.സി.യും 27% പേർ പട്ടികജാതിയും 5% പേർ പട്ടികവർഗ്ഗവും 24% പേർ മറ്റുള്ളവരുമാണ്. |
| 9 | എഴുത്തും വായനയും | 93% പേർക്ക് എഴുതാനും വായിക്കാനുമറിയാം. 7% പേർ എഴുത്തും വായനയും അറിയാത്തവരാണ്. |

**ബാലപീഡനങ്ങൾ**

237 (3077) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാലഭിക്ഷാടനം, ബാലവിവാഹം എന്നിവ ഇപ്പോഴും നടക്കുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം സാമൂഹിക പ്രശ്നങ്ങൾ ഉന്മൂലനം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ബാലപീഡനങ്ങൾ വർദ്ധിച്ചുവരുന്നതായുള്ള കണക്കുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) സ്കൂളുകളിലും വീടുകളിലും ഇതര സ്ഥലങ്ങളിലും കുട്ടികൾക്ക് നേരെയുണ്ടാകുന്ന പീഡനങ്ങൾ തടയുന്നതിന് ആവശ്യമായ ബോധവത്കരണ പരിപാടികൾ സാമൂഹിക നീതി വകുപ്പ് സംഘടിപ്പിക്കുന്നുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് ശൈശവ വിവാഹ നിരോധന നിയമം-2006 നിലവിലുണ്ട്. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് Kerala Prohibition of Child Marriage Rule-2008 പ്രാബല്യത്തിൽ വന്നിട്ടുണ്ട്. 2008-ലെ ശൈശവ വിവാഹ നിരോധന ചട്ട പ്രകാരം സാമൂഹ്യനീതി ഡയറക്ടറെ മുഖ്യ ശൈശവ വിവാഹ നിരോധന ഓഫീസറായും ശിശു വികസന പദ്ധതി ഓഫീസർമാരെ ശൈശവ വിവാഹ നിരോധന ഓഫീസർമാരായും ജില്ലാ കളക്ടർമാരെ ജില്ലാതല നോഡൽ ഓഫീസർമാരായും ചുമതലപ്പെടുത്തിയിട്ടുണ്ട്.

ശൈശവ വിവാഹ നിരോധന ഓഫീസർമാർ എന്ന നിലയിൽ ശിശു വികസന പദ്ധതി ഓഫീസർമാർ അംഗൻവാടി പ്രവർത്തകർ മുഖാന്തരം ശൈശവ വിവാഹത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചും ശൈശവ വിവാഹ നിരോധന നിയമത്തെ സംബന്ധിച്ചും ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുന്നുണ്ട്. ശൈശവ വിവാഹം ശ്രദ്ധയിൽപ്പെട്ടാൽ അംഗൻവാടി പ്രവർത്തകർ ഉടനടി ശിശുവികസന പദ്ധതി ഓഫീസർമാരെ വിവരം അറിയിക്കുകയും ശിശു വികസന പദ്ധതി ഓഫീസർമാർ ബാല വിവാഹത്തിനെതിരെ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ശിശുസംരക്ഷണ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. ബാലഭിക്ഷാടനം, ബാലവിവാഹം എന്നിവ ശ്രദ്ധയിൽപ്പെട്ടാൽ അതിനെതിരെ ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർമാർ മുഖാന്തരം നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) ഉണ്ട്. ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റുകൾ, ചൈൽഡ് ലൈൻ എന്നിവ മുഖാന്തരം കുട്ടികൾക്കെതിരെയുള്ള ശാരീരിക ലൈംഗികാതിക്രമങ്ങൾ തടയാൻ ഔട്ട് റീച്ച് പരിപാടികൾ, കൗൺസിലിംഗ്, സ്കൂൾ/കമ്മ്യൂണിറ്റി/പഞ്ചായത്ത്/ ജില്ലാതല ബോധവൽക്കരണ പരിപാടികൾ എന്നിവ സംയോജിത ശിശുസംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. Protection of Children from Sexual Offences (POCSO) Act 2012-നെ സംബന്ധിച്ച ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. കുട്ടികൾക്കെതിരെയുള്ള പീഡനങ്ങൾ തടയുന്നതിനായി ബാലസുരക്ഷ എന്ന പേരിൽ വിശദമായ പ്രിവൻഷൻ പ്രോട്ടോകോൾ (Prevention Protocol) സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനുപുറമേ എല്ലാവിധ പീഡനങ്ങൾക്കുമെതിരെ കുട്ടികളെ ബോധവൽക്കരിക്കുന്നതിനും അവരിൽ ബാലാവകാശങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനുമായി കുട്ടികളുമായുള്ള സംവാദം പരിപാടികൾ വിവിധ ജില്ലകളിൽ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ മുഖേന സംഘടിപ്പിക്കാറുണ്ട്. കമ്മീഷന്റെ പ്രവർത്തനാരംഭ ദിനമായ ജൂൺ 3-ന് സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും അസംബ്ലി വിളിച്ചുചേർത്ത് കുട്ടികളെ പീഡനത്തിനെതിരെ ബോധവൽക്കരിക്കുന്ന പ്രതിജ്ഞയെടുക്കുന്ന ചടങ്ങ് സംഘടിപ്പിക്കുന്നതിനുപുറമേ മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി ബാലാവകാശങ്ങൾ സംബന്ധിച്ച് കുട്ടികൾക്കായി ഒരു കൈപുസ്തകം തയ്യാറാക്കി സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ 7, 8 ക്ലാസ്സുകളിലെ കുട്ടികൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

## നടപ്പാക്കാൻ സാധിക്കാത്ത ക്ഷേമപദ്ധതികൾ

238 (3078) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സാമൂഹ്യനീതി വകുപ്പ് പ്രഖ്യാപിച്ചിട്ടുള്ള വിവിധ ക്ഷേമ പദ്ധതികളിൽ ഏതൊക്കെ പദ്ധതികൾ നടപ്പാക്കാൻ സാധിക്കാതെ പോയിട്ടുണ്ട് ; വിശദാംശം നൽകുമോ;

(ബി) ഇപ്രകാരം പദ്ധതികൾ പൂർണ്ണമായി നടപ്പാക്കാൻ കഴിയാതെ പോയ സാഹചര്യം വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**അംഗൻവാടികൾ**

239 (3079) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത എത്ര അംഗൻവാടികൾ ഉണ്ടെന്നും അവ ഏതൊക്കെയാണെന്നും അറിയിക്കുമോ;

(ബി) സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം നിർമ്മിക്കാത്ത അംഗൻവാടികൾ പ്രസ്തുത നിയോജകമണ്ഡലത്തിൽ നിലവിലുണ്ടോ; വിശദമാക്കാമോ ;

(സി) എങ്കിൽ പ്രസ്തുത അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?

ഉത്തരം

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത 21 അംഗൻവാടികൾ ഉണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പ്രോജക്ട് | പഞ്ചായത്ത് | അംഗൻവാടി സെന്റർ നമ്പർ |
|---|---|---|---|
| 1 | പയ്യന്നൂർ | കരിവെള്ളൂർ-പെരളം | 20 |
| 2 | പയ്യന്നൂർ | രാമന്തളി | 22,43,27,28, 36,41,44,46 |
| 3 | പയ്യന്നൂർ | പയ്യന്നൂർ മുനിസിപ്പാലിറ്റി | 108, 107, 120, 125, 133 |
| 4 | പയ്യന്നൂർ അഡീഷണൽ | ചെറുപുഴ | 18, 19 |
| 5 | പയ്യന്നൂർ അഡീഷണൽ | എരമം-കറ്റൂർ | 104, 105, 107, 109 |
| 6 | പയ്യന്നൂർ അഡീഷണൽ | കാങ്കോൽ | 134 |

(ബി) ഉണ്ട്. സ്വന്തമായി സ്ഥലമുള്ള പയ്യന്നൂർ അഡീഷണൽ പ്രോജക്ടിലെ 7 അംഗനവാടികൾക്ക് കെട്ടിടം നിർമ്മിക്കുവാൻ പഞ്ചായത്ത്/മുനിസിപ്പാലിറ്റി മുഖേന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പഞ്ചായത്ത് | അംഗന വാടി സെന്റർ നമ്പർ | റിമാർക്ക്സ് |
|---|---|---|---|
| 1 | ചെറുപുഴ | 19, 18 | നിർമ്മാണം പൂർത്തിയാകാറായി |
| 2 | എരമം-കുറ്റൂർ | 104 | MLA Fund വകയിരുത്തിയിട്ടുണ്ട് |
| 3 | എരമം-കുറ്റൂർ | 105, 107 | സ്ഥലം ലഭ്യമായിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിന് പ്രോജക്ട് വച്ചിട്ടുണ്ട് |
| 4 | എരമം-കുറ്റൂർ | 109 | അംഗനവാടി കെട്ടിട നിർമ്മാണത്തിന് കിട്ടിയ സ്ഥലം അനുയോജ്യമല്ല |
| 5 | കാങ്കോൽ | 134 | പുറമ്പോക്ക് ഭൂമി വിട്ടുകിട്ടുന്നതിന് കളക്ടർക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട് |

(സി) സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം നിർമ്മിക്കുവാൻ നടപടികൾ സ്വീകരിക്കാത്ത അംഗനവാടികൾ ഒന്നും തന്നെയില്ല.

**യാചകപുനരധിവാസം**

240 (3080) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :

ശ്രീ. കെ. എൻ. എ. ഖാദർ :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ :

ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം യാചകരെ അവരുടെ തൊഴിലിൽനിന്നും മോചിപ്പിക്കുന്നതിനും പുനരധിവാസം ആവശ്യമുള്ളവർക്ക് അതേർപ്പെടുത്തുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) യാചക പുനരധിവാസ കേന്ദ്രങ്ങളിലെ അപര്യാപ്തതകളെക്കുറിച്ചും അന്തേവാസികളുടെ ക്ഷേമം സംബന്ധിച്ചും സാമൂഹ്യനീതി വകുപ്പ് എന്തെങ്കിലും പരിശോധനകൾ നടത്തുകയോ നടപടികൾ സ്വീകരിയ്ക്കുകയോ ചെയ്യാറുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഇപ്രകാരം പാർശ്വവത്ക്കരിക്കപ്പെട്ടവരുടെ ക്ഷേമത്തിന് കൂടുതൽ പ്രാധാന്യം നല്കി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം യാചകരെ മോചിപ്പിക്കുന്നതിനും അവരുടെ പുനരധിവാസത്തിനും സ്വീകരിച്ച നടപടികൾ താഴെകൊടുക്കുന്നു:

1. യാചകരെ പുനരധിവസിപ്പിക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ ഉൾപ്പെടുത്തികൊണ്ട് സംസ്ഥാനത്തിന് ഒരു ഏകീകൃത യാചക നിരോധന നിയമം രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. സംസ്ഥാനത്ത് 10-ഓളം യാചക പുനരധിവാസ കേന്ദ്രങ്ങളിലൂടെ 700-ഓളം അന്തേവാസികളെ സംരക്ഷിച്ചുവരുന്നു.

3. ഇത്തരം സ്ഥാപനങ്ങളിലെ അന്തേവാസികളുടെ മെയിന്റനൻസ് ചാർജ്ജ് 250 രൂപയിൽ നിന്ന് പടിപടിയായി വർദ്ധിപ്പിച്ച് ഒരു അന്തേവാസിക്ക് പ്രതിമാസം 1,000 രൂപയായി നൽകി വരുന്നു.

(ബി) അംഗീകാരമുള്ള യാചക പുനരധിവാസ കേന്ദ്രങ്ങൾ വകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥൻമാർ പരിശോധന നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്.

(സി) യാചക നിരോധന ബിൽ നടപ്പിലാക്കുന്നതോടുകൂടി കൂടുതൽ പ്രാധാന്യം നൽകി പുനരധിവാസ പദ്ധതികൾ നടപ്പിലാക്കാൻ കഴിയുന്നതാണ്.

**കുട്ടനാട്ടിൽ നടപ്പാക്കിയ വികസനപ്രവർത്തനങ്ങൾ**

241 (3081) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യനീതി വകുപ്പ് മുഖേന കുട്ടനാട്ടിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) സ്നേഹപൂർവ്വം പദ്ധതി കുട്ടനാട്ടിലെ എത്ര വിദ്യാർത്ഥികൾക്ക് പ്രയോജനകരമായി എന്നത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ?

ഉത്തരം

(എ) വികസനപ്രവർത്തനങ്ങളുടെ വിവരം അനുബന്ധമായി* ചേർക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) സ്നേഹപൂർവ്വം പദ്ധതി പ്രവർത്തനം 2012 നവംബറിലാണ് ആരംഭിച്ചത്. പ്രസ്തുത വർഷം കുട്ടനാട് ഉൾപ്പെടുന്ന ആലപ്പുഴ ജില്ലയിൽ നിന്നും പദ്ധതി ധനസഹായം ആർക്കും അനുവദിച്ചിട്ടില്ല. 2013-14 വർഷത്തിൽ അപേക്ഷകൾ നേരിട്ട് സ്വീകരിക്കുകയായിരുന്നു. പ്രസ്തുത വർഷത്തിൽ മണ്ഡലം തിരിച്ചുള്ള കണക്ക് സൂക്ഷിച്ചിട്ടില്ല. എന്നാൽ കുട്ടനാട് മണ്ഡലം ഉൾപ്പെടുന്ന ആലപ്പുഴ ജില്ലയിൽ നിന്നും 2013-14 വർഷത്തിൽ 1242 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. 2014-15 വർഷം മുതൽ സ്നേഹപൂർവ്വം പദ്ധതി അപേക്ഷകൾ ഓൺലൈൻ ആയാണ് സ്വീകരിക്കുന്നത്. പ്രസ്തുത വർഷത്തിൽ കുട്ടനാട് നിയോജകമണ്ഡലത്തിൽ നിന്നും ഓൺലൈൻ ആയി വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി അപേക്ഷ സമർപ്പിച്ച 354 വിദ്യാർത്ഥികൾക്ക് തുക അവരുടെ അക്കൗണ്ടിലേയ്ക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്.

## വികലാംഗർക്ക് സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമനം

242 (3082) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികലാംഗർക്ക് സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളിൽ നിയമനം നൽകാൻ കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

### ഉത്തരം

(എ-സി) ഇല്ല. എന്നാൽ 18-5-2013-ലെ സ.ഉ. (പി) 40/13/സാ.നീ.വ. നമ്പർ ഉത്തരവ് പ്രകാരം 16-8-1999 നമ്പർ 31-12-2003-നുമിടയിൽ 179 ദിവസം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക സേവനമനുഷ്ഠിച്ചവരുമായ അംഗപരിമിതർക്ക് സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നടത്തി വരുന്നു. കൂടാതെ 24-8-2015-ലെ സ.ഉ. (പി) 51/15/സാ.നീ.വ. നമ്പർ ഉത്തരവ് പ്രകാരം 1-8-1994-നും 31-12-1996-നും മധ്യേ കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 179 ദിവസം താൽക്കാലിക സേവനം അനുഷ്ഠിച്ച അംഗപരിമിതർക്ക് നിയമനം നൽകാൻ ഉത്തരവായിട്ടുണ്ട്.

**ഭിന്നശേഷിക്കാർക്ക് സെൻസസ്**

243 (3083) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭിന്നശേഷിക്കാരുടെ സെൻസസ് തയ്യാറാക്കിയിട്ടുണ്ടോ; എത്ര ഭിന്നശേഷിക്കാർ സംസ്ഥാനത്ത് ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി എന്തെല്ലാം പരിപാടികൾ നടപ്പിലാക്കി വരുന്നു; വിശദമാക്കാമോ ;

(സി) ഭിന്നശേഷിക്കാരായ യുവതികളുടെ വിവാഹത്തിന് ധനസഹായം ലഭ്യമാക്കുന്നുണ്ടോ; ഇല്ലെങ്കിൽ ധനസഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ഭിന്നശേഷിക്കാരുടെ സെൻസസ് നടന്നുവരുന്നു. ഫീൽഡ് പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് സെൻസസ് റിപ്പോർട്ട് തയ്യാറാക്കുന്ന ഘട്ടത്തിലാണ്. അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(ബി) ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. അംഗപരിമിതരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി

2. അന്ധ അഭിഭാഷകർക്ക് റീഡേഴ്സ് അലവൻസ്, നിയമപുസ്തകം, സ്യൂട്ട് എന്നിവ വാങ്ങുന്നതിന് ഒറ്റത്തവണ എക്സ്ഗ്രേഷ്യ അനുവദിക്കുന്ന പദ്ധതി

3. കാഴ്ചവൈകല്യമുള്ള അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിചരിക്കുന്നതിന് പരമാവധി രണ്ട് വർഷത്തേയ്ക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതി

4. Persons with Disabilities രജിസ്ട്രേഷനുള്ള മാനസികരോഗം ബാധിച്ചവരെ പുനരധിവസിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുന്ന പദ്ധതി

5. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വികലാംഗരായ രോഗികൾക്ക് ചികിത്സാ ധനസഹായം നൽകുന്നതിനുള്ള വികലാംഗ ദുരിതാശ്വാസ നിധി എന്ന പദ്ധതി

6. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വികലാംഗരായ അച്ഛനമ്മമാരുടെ പെൺമക്കൾക്കും വികലാംഗരായ പെൺകുട്ടികൾക്കും വിവാഹ ധനസഹായമായി 10,000 രൂപ നൽകുന്ന പദ്ധതി

7. കാഴ്ചവൈകല്യമുള്ളവർക്ക് daisy player, Talking calculator, Brailli kit, Mobility White cane, Magnifying glass എന്നീ സഹായ ഉപകരണങ്ങൾ നൽകുന്ന പദ്ധതി

(സി) ഉണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഭിന്നശേഷിക്കാരായ യുവതികളുടെ വിവാഹത്തിന് ധനസഹായമായി 10,000 രൂപ നൽകുന്ന പദ്ധതി ജില്ലാ സാമൂഹ്യനീതി ഓഫീസ് മുഖേന നടപ്പിലാക്കിവരുന്നു.

**മിശ്രവിവാഹിതർക്കുള്ള ധനസഹായം**

244 (3084) <u>ശ്രീ. കെ. അജിത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിൻ കീഴിൽ ഏതെല്ലാം വിഭാഗങ്ങൾക്കാണ് ധനസഹായവും സംരക്ഷണവും നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സാമൂഹ്യനീതി വകുപ്പുവഴി മിശ്രവിവാഹിതർക്ക് ധനസഹായം അനുവദിയ്ക്കുന്നതിനുള്ള നടപടികൾ എന്തൊക്കെയെന്നും എത്ര രൂപവീതമാണ് ഈയിനത്തിൽ ധനസഹായമായി നൽകുന്നതെന്നും വ്യക്തമാക്കുമോ;

(സി) സാമൂഹ്യനീതി വകുപ്പിനുകീഴിൽ ഓരോ വിഭാഗത്തിനും അനുവദിക്കുന്ന ധനസഹായം എത്ര വീതമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം ഒഴികെയുള്ള വിഭാഗങ്ങളിൽപ്പെട്ട മിശ്രവിവാഹിതർക്കാണ് സാമൂഹ്യനീതി വകുപ്പ് മുഖാന്തരം ധനസഹായം നൽകുന്നത്.

(ബി) വാർഷിക വരുമാനം 50,000 രൂപയ്ക്ക് താഴെയുള്ള മിശ്രവിവാഹിതർക്ക് ഒറ്റത്തവണ ധനസഹായമായി 30,000 രൂപ അനുവദിക്കുന്നു. മിശ്രവിവാഹം കഴിഞ്ഞ് ഒരു വർഷം പൂർത്തിയാക്കിയതിനുശേഷം, തുടർന്നുള്ള 2 വർഷത്തിനുള്ളിൽ ധനസഹായത്തിനുള്ള അപേക്ഷ ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് നൽകേണ്ടതാണ്. അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെടാത്ത മിശ്രവിവാഹിതർക്ക് 30,000 രൂപ ധനസഹായമായി നൽകുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സാമൂഹ്യസുരക്ഷാപെൻഷനുകൾ

245 (3085) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതൊക്കെ സാമൂഹ്യസുരക്ഷാപെൻഷനുകളാണ് തുടർന്നും നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പെൻഷനുകളിൽ ഏതൊക്കെയാണ് ഇതുവരെയായി പ്രതിമാസ വർദ്ധനവായി ഉണ്ടായിട്ടുള്ളത്;

(സി) ഇതിൽ നാളിതുവരെ എത്ര രൂപയുടെ കുടിശ്ശിക ഉണ്ടായിട്ടുണ്ടെന്ന് ഓരോ പെൻഷനും തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നൽകി വന്നിരുന്ന ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ, 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ എന്നിവ തുടർന്നു നൽകി വരുന്നുണ്ട്.

(ബി) മേൽപ്പറഞ്ഞ എല്ലാ ക്ഷേമപെൻഷനുകളിലും പ്രതിമാസം പെൻഷൻ തുകയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ പട്ടികയിൽ കാണിക്കുന്നു:

| ക്രമ നമ്പർ | പെൻഷൻ ഇനം | ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് മുൻപ് നൽകിയിരുന്ന പെൻഷൻ തുക | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നിലവിൽ നൽകുന്ന പെൻഷൻ തുക |
|---|---|---|---|
| 1 | ALP | 300 | 600 |
| 2 | IGNDPS<80 | 300 | 800 |
| | IGNDPS>80 | 300 | 1100 |
| 3 | IGNOAP<80 | 300 | 600 |
| | IGNOAP>80 | 300 | 1200 |
| 4 | IGNWP | 300 | 800 |
| 5 | UMWP | 300 | 800 |

(സി) കുടിശ്ശിക സംബന്ധിച്ച വിവരം

| ക്രമ നമ്പർ | പെൻഷൻ ഇനം | കുടിശ്ശിക തുക |
|---|---|---|
| 1 | വാർദ്ധക്യകാല പെൻഷൻ | 3,66,09,21,915 |
| 2 | വികലാംഗ പെൻഷൻ | 1,66,69,68,167 |
| 3 | വിധവാ പെൻഷൻ | 5,53,19,82,532 |
| 4 | കർഷകത്തൊഴിലാളി പെൻഷൻ | 2,75,83,46,352 |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 35,88,57,856 |

## കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ടിന്റെ രണ്ടാം ഘട്ടം

246 (3086) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ടിന്റെ രണ്ടാം ഘട്ടം നടപ്പാക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ടിന്റെ രണ്ടാം ഘട്ടം നടപ്പാക്കാൻ കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടില്ല

(ബി&സി) ബാധകമല്ല.

## പരിശീലന പഠന പരിപാടികൾ

247 (3087) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി തെരഞ്ഞെടുക്കപ്പെട്ട ത്രിതല പഞ്ചായത്ത് അംഗങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർവ്വഹിക്കേണ്ട ചുമതലകളെക്കുറിച്ചും വിവിധ പദ്ധതികളെക്കുറിച്ചും സേവനങ്ങളെക്കുറിച്ചും ബോധവൽക്കരണം നടത്തുന്നതിന് നടപ്പിലാക്കുന്ന പരിശീലന പഠന പരിപാടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം ഏജൻസികൾ മുഖേനയാണ് ഇത്തരം പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പുതിയ ഭരണസമിതികൾ തെരഞ്ഞെടുക്കപ്പെട്ടശേഷം എത്ര പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവെന്നും ഇനി എത്രയെണ്ണം സംഘടിപ്പിക്കാനുണ്ടെന്നും എത്ര സമയ പരിധിക്കുള്ളിൽ ഇവ പൂർത്തിയാകുമെന്നും അറിയിക്കുമോ?

<u>ഉത്തരം</u>

(എ) പുതുതായി തെരഞ്ഞെടുക്കപ്പെട്ട ത്രിതല പഞ്ചായത്ത് അംഗങ്ങൾക്കും മുനിസിപ്പൽ കൗൺസിലർമാർക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നിർവ്വഹിക്കേണ്ട ചുമതലകളെക്കുറിച്ചും വിവിധ പദ്ധതികളെക്കുറിച്ചും സേവനങ്ങളെക്കുറിച്ചും ബോധവൽക്കരണം നടത്തുന്നതിന് ബ്ലോക്ക് അടിസ്ഥാനത്തിൽ ഒന്നാം ഘട്ട ഏകദിന പരിശീലനം നടത്തിയിട്ടുണ്ട്. രണ്ടാം ഘട്ടമായി പദ്ധതി രൂപീകരണം, നിർവ്വഹണം തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം എല്ലാ ജനപ്രതിനിധികൾക്കും ജില്ലാതലത്തിൽ നടത്തുകയുണ്ടായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ യോഗനടപടികൾ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കുന്നതിനുള്ള 'സകർമ്മ' സോഫ്റ്റ്‌വെയറിലുള്ള പരിശീലനം പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്ക് ഏകദിനമായി നൽകിയിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾക്കും അക്കൗണ്ടന്റുമാർക്കുമായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാ വിഷയങ്ങൾ സംബന്ധിച്ച് പരിശീലനം മേഖലാടിസ്ഥാനത്തിൽ നടത്തിവരുന്നു.

(ബി) കിലയുടെ നേതൃത്വത്തിൽ ആണ് ഇത്തരം പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നത്.

(സി) പുതിയ ഭരണസമിതികൾ തെരഞ്ഞെടുക്കപ്പെട്ട ശേഷം മേൽപ്പറഞ്ഞ രീതിയിൽ മൂന്ന് പരിശീലന പരിപാടികൾ പൂർത്തീകരിക്കുകയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അടിസ്ഥാനമാക്കിയുള്ള പരിശീലന പരിപാടികൾ ആരംഭിക്കുകയും ചെയ്തു. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തലത്തിലും, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തലത്തിലും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി തലത്തിലും പരിശീലന പരിപാടികൾ തുടർന്ന് സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. ഇപ്പോൾ നടത്തുന്ന ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തലത്തിലുള്ള പരിശീലനം 2016 മാർച്ച് രണ്ടാം വാരത്തോടുകൂടി അവസാനിക്കുന്നതാണ്.

(2831, 2883, 2889, 2891, 2901, 2919, 2963, 2989, 2998 , 3018, 3020, 3043, 3045 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭ്യമല്ല.)

ചോദ്യോത്തരങ്ങൾ കഴിഞ്ഞു.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.